# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 24, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

389/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...88

**II അടിയന്തരപ്രമേയം**

പ്രവാസി വ്യവസായിയുടെ ആത്മഹത്യ

(അവതരണാനുമതി നിഷേധിച്ചു.) ...420

**III വ്യക്തിപരമായ വിശദീകരണം**

അവാസ്തവ പ്രസ്താവന

ശ്രീ. ജെയിംസ് മാത്യു ...438

**IV ശ്രദ്ധ ക്ഷണിക്കൽ**

ഇടതുകര ലിങ്ക് കനാൽ പ്രവൃത്തി

ശ്രീ. ബി. ഡി. ദേവസ്സി ...438

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചിട്ടില്ല)

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കേരള പൊതുവ്യയ പുനഃപരിശോധന കമ്മിറ്റിയുടെ

നാലാമത് റിപ്പോർട്ട് ...441

**VI. ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...442

**അനുബന്ധം I&II**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 24, തിങ്കൾ*


| വാല്യം 176] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 13 |
|---|---|---|


നിയമസഭ 2019 ജൂൺ മാസം 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*361)

*361-ാം നമ്പർ ചോദ്യവുമായി *364-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ് നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങളും ഉത്തരങ്ങളും വ്യത്യസ്തമാണ്. അതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

### ഇ.എസ്.ഐ. ചികിത്സാ പദ്ധതി

1(*361) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ചികിത്സാ പദ്ധതിക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കളിൽ നിലവിലുള്ള നിയന്ത്രണം മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് പരിഹരിച്ച് കിട്ടുന്നതിന് നാളിതുവരെ സർക്കാർ നടത്തിയ ശ്രമങ്ങൾ ഫലപ്രദമാകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എല്ലാ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും പ്രസ്തുത പദ്ധതി പ്രകാരമുള്ള ചികിത്സാനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ & ബി) ആവശ്യപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിന് 2011 ജനുവരി മുതൽ ഇ.എസ്.ഐ. കോർപ്പറേഷൻ കൊണ്ടുവന്ന മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.

1. പുതുതായി അംഗത്വമെടുക്കുന്ന തൊഴിലാളിക്ക് അംഗത്വമെടുത്ത തീയതി മുതൽ 3 മാസത്തിൽ കുറയാത്ത സേവനവും 39 ദിവസത്തിൽ കുറയാത്ത ഇ.എസ്.ഐ. വിഹിതവും അടച്ചിരിക്കേണ്ടതാണ്.
2. തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കാൻ തൊഴിലാളിക്ക് 6 മാസത്തിൽ കുറയാത്ത സേവനവും 78 ദിവസത്തിൽ കുറയാത്ത ഇ.എസ്.ഐ. വിഹിതം അടച്ചിരിക്കുകയും വേണം.
3. 2011-നുമുമ്പ് അംഗത്വമെടുത്തവർക്ക് മെഡിക്കൽ ബെനഫിറ്റിന് അർഹത ഉണ്ടെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത ലഭിക്കും.

പ്രസ്തുത വ്യവസ്ഥകൾ ഇ.എസ്.ഐ. കോർപ്പറേഷൻ 2016-ൽ പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയത് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത നേടാൻ പ്രധാനമായും താഴെപ്പറയുന്ന യോഗ്യതകൾ വേണമായിരുന്നു.

1. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഇ.എസ്.ഐ. ഗുണഭോക്താവ് തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ്.
2. രോഗം ആരംഭിക്കുന്നതിനുമുമ്പായി നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും മേൽപ്പറഞ്ഞ നാല് അംശദായ കാലയളവിൽ ഏതെങ്കിലും രണ്ടെണ്ണത്തിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം.

തൊഴിലാളികൾക്ക് ദ്രോഹകരമാകുന്ന തരത്തിൽ 2016-ൽ ഏർപ്പെടുത്തിയ ഭേദഗതികൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ച് തൊഴിലും എക്സൈസും വകുപ്പുമന്ത്രി കത്തയയ്ക്കുകയും നേരിട്ട് സന്ദർശിച്ച് നിവേദനം നൽകുകയും ചെയ്തിരുന്നു. തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് കേന്ദ്ര സർക്കാരിന്റെ 15-4-2019-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിനുള്ള അർഹതാ മാനദണ്ഡമായി ഒരു പുതിയ റെഗുലേഷൻ (96C) പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. അതുപ്രകാരം,

1. ഇ.എസ്.ഐ. സംരക്ഷിത തൊഴിലാളിക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കണമെങ്കിൽ ഇ.എസ്.ഐ. പോർട്ടലിൽ രജിസ്റ്റർ ചെയ്ത് 6 മാസം പൂർത്തിയാക്കുകയും ആ കോൺട്രിബ്യൂഷൻ കാലയളവിൽ 78 ദിവസത്തെ വിഹിതം അടച്ചിരിക്കുകയും വേണം.

2. തൊഴിലാളിയുടെ ആശ്രിതർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കണമെങ്കിൽ തൊഴിലാളി രജിസ്റ്റർ ചെയ്ത് ഒരു വർഷ കാലയളവ് പൂർത്തിയാക്കുകയും ആ കാലയളവിൽ വരുന്ന 2 കോൺട്രിബ്യൂഷൻ കാലയളവിൽ ഓരോന്നിലും 78 ദിവസത്തിൽ കുറയാത്ത വിഹിതം അടച്ചിരിക്കുകയും വേണം.

എന്നാൽ ഈ ചികിത്സാ സൗകര്യം അടുത്ത ബെനഫിറ്റ് കാലയളവ് മുതൽ മാത്രമാണ് ലഭ്യമാകുക. പുതിയ നിബന്ധനകൾ തൊഴിലാളികൾക്ക് ഗുണകരമല്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലുകൾക്കനുസൃതമായ തരത്തിൽ കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കേണ്ടതുണ്ട്.

(സി) ഇക്കാര്യത്തിൽ ഇ.എസ്.ഐ. കോർപ്പറേഷനാണ് നടപടി സ്വീകരിക്കേണ്ടത്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ ആശുപത്രികളുമായി ഇ.എസ്.ഐ. കോർപ്പറേഷൻ പ്രത്യേക മാനദണ്ഡങ്ങൾ പ്രകാരമാണ് കരാറിൽ ഏർപ്പെടുന്നത്. പ്രസ്തുത എംപാനൽഡ് ആശുപത്രികൾ മുഖേന ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാനുകൂല്യം ലഭിക്കുന്നുണ്ട്. നിലവിൽ 48 ആശുപത്രികളെയും 3 ലബോറട്ടറികളെയും ഇ.എസ്.ഐ. കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, കേരളത്തിലെ എല്ലാ ജില്ലകളിലും ഇ.എസ്.ഐ. ഡിസ്പെൻസറികളും ആശുപത്രികളും പ്രവർത്തിക്കുന്നുണ്ടോ; കാസർഗോഡ് ഒരു ഇ.എസ്.ഐ. ഡിസ്പെൻസറിയുണ്ട്. അതിന്റെ സ്ഥിതി വളരെ ശോചനീയമാണ്. കേരളത്തിലെ എല്ലാ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും സ്ഥിതി ഇതാണോ; ഇ.എസ്.ഐ. പദ്ധതിയുടെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള തീരുമാനപ്രകാരം കൊല്ലം ജില്ലയിൽ തുടക്കം കുറിച്ച ആദ്യ സംരംഭത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; ഇ.എസ്.ഐ. കോർപ്പറേഷന് ലഭിക്കുന്ന വിഹിതം 6.5 ശതമാനം ആണെന്നാണ് മനസ്സിലാക്കുന്നത്. അതിൽ 4.75 ശതമാനം തൊഴിലുടമയും 1.75 ശതമാനം തൊഴിലാളിയുമാണ് നൽകുന്നത്.

മി. സ്പീക്കർ: അങ്ങ് ഇങ്ങനെ ചോദ്യശരങ്ങൾ തൊടുത്തുവിടാതെ ഒരു ഉപചോദ്യം ചോദിക്കുക. അങ്ങേയ്ക്ക് പിന്നീട് ഒരു ഉപചോദ്യംകൂടി ചോദിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിഹിതം നിർണ്ണയിച്ചതിന്റെ മാനദണ്ഡം എന്താണ്; അതിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം നിരവധി ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിൽ ഒരു പ്രധാനപ്പെട്ട ചോദ്യത്തിന് ഉത്തരം പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇ.എസ്.ഐ. ആശുപത്രികൾ എല്ലാ ജില്ലകളിലുമില്ല. കേരളത്തിൽ 9 ഇ.എസ്.ഐ. ആശുപത്രികളാണുള്ളത്. കൂടാതെ 3 എണ്ണം ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തുന്ന ആശുപത്രികളാണ്. ഡിസ്പെൻസറികൾ 143 എണ്ണമാണ്. ഇപ്പോൾ 145 ആയി വർദ്ധിച്ചിട്ടുണ്ട്. 18 പുതിയ ഡിസ്പെൻസറികൾ സ്ഥാപിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ നേരത്തെ അനുവാദം നൽകുകയും ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ തസ്തികകളും അനുവദിച്ചിട്ടുണ്ട്. പക്ഷേ, ഇങ്ങനെ പുതുതായി അനുവദിച്ചതിൽ രണ്ടെണ്ണത്തിനുമാത്രമേ ഇ.എസ്.ഐ. കോർപ്പറേഷൻ ആദ്യം അനുവാദം നൽകിയിട്ടുള്ളൂ. ഇപ്പോൾ നാലെണ്ണംകൂടി അനുവാദം നൽകിയവയിൽ ഉൾപ്പെടുന്നുണ്ട്. ബാക്കിയുള്ളവയ്ക്ക് അനുവാദം ലഭിക്കേണ്ടതുണ്ട്. സമീപ കാലത്ത് ഇ.എസ്.ഐ. കോർപ്പറേഷൻ വഴി ഗവൺമെന്റ് തീരുമാനപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ ചില പ്രശ്നങ്ങളുണ്ട്. അത് തൊഴിലാളി താൽപ്പര്യങ്ങൾക്കെതിരാണ്. ഇപ്പോൾ വിഹിതമായി ഇ.എസ്.ഐ. കോർപ്പറേഷനിൽ നിക്ഷേപമായി വരുന്നത് തൊഴിലുടമാവിഹിതം 4.75 ശതമാനവും തൊഴിലാളി വിഹിതം 1.75 ശതമാനവുമാണ്. അതുപ്രകാരം 6.50 ശതമാനമാണ് ഇപ്പോൾ ഇ.എസ്.ഐ.-യിൽ നിന്നും വിഹിതമായി ലഭിക്കുന്നത്. 18-9-2018-ൽ ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ 176-ാമത് ബോർഡ് യോഗം വിഹിതത്തിൽ കുറവ് നിർദ്ദേശിക്കുകയുണ്ടായി. തൊഴിലുടമ വിഹിതം 4 ശതമാനം, തൊഴിലാളി വിഹിതം ഒരു ശതമാനം. അങ്ങനെ ആകെ 5 ശതമാനം. 6.50 ശതമാനത്തിൽനിന്നും 5 ശതമാനമായി കുറയ്ക്കുകയെന്ന നിലപാടാണ് ആദ്യഘട്ടത്തിൽ അവർ സ്വീകരിച്ചത്. എന്നാൽ ഇപ്പോൾ കേന്ദ്ര തൊഴിൽ മന്ത്രാലയം 13-6-2019-ൽ തൊഴിലുടമ വിഹിതം 3.25 ശതമാനവും തൊഴിലാളി വിഹിതം 0.75 ശതമാനവുമായി കുറയ്ക്കുന്നതിന് തീരുമാനമെടുത്തു. അങ്ങനെ ഇപ്പോൾ 6.50 ശതമാനം വിഹിതം ലഭ്യമാക്കുന്നതിൽനിന്നും 4 ശതമാനമായി കുറയ്ക്കാനാണ് തൊഴിൽ മന്ത്രാലയം തീരുമാനമെടുത്തിട്ടുള്ളത്. ഇ.എസ്.ഐ. കോർപ്പറേഷന് സംസ്ഥാനത്തുനിന്ന് 1-4-2018 മുതൽ 31-3-2019 വരെ ലഭിച്ച വരുമാനം 803.62 കോടി രൂപയാണ്. തൊഴിലുടമ വിഹിതത്തിൽ 1.5 ശതമാനം കുറവ് വരുത്തിക്കഴിഞ്ഞാൽ 185.45 കോടി രൂപ നമുക്ക് ഡെപ്പോസിറ്റിൽ കുറയും.

തൊഴിലാളി വിഹിതം ഒരു ശതമാനം കുറച്ചാൽ 123.63 കോടി രൂപ കുറയും. ഇത് ദീർഘകാലാടിസ്ഥാനത്തിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിന് അങ്ങേയറ്റം പ്രതികൂലമാണ്. ഈ പ്രശ്നം പുനഃപരിശോധിക്കുന്നതിനുവേണ്ടി കേരളത്തിലെ തൊഴിൽ വകുപ്പ് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. കേന്ദ്ര മന്ത്രാലയമാണ് ഇക്കാര്യത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചില ആളുകൾ ചോദ്യം പ്രസംഗമായി മാറ്റുമ്പോൾ ചെയർ ഒന്നും പറയാറില്ല. എന്നെപ്പോലുള്ള ചില ആളുകൾ ചോദിക്കുമ്പോൾ മാത്രം നീരസം പ്രകടിപ്പിക്കുന്നതിൽ എനിക്ക് വളരെയധികം വിഷമമുണ്ട്.

മി. സ്പീക്കർ: എനിക്ക് അങ്ങയോട് ഒരു നീരസവുമില്ല. ഒരു ചോദ്യം ചോദിക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: പലപ്പോഴും അങ്ങയുടെ ഭാഗത്തുനിന്നുമുള്ള നിലപാടാണത്. ഇങ്ങനെ പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. ഇ.എസ്.ഐ. രജിസ്ട്രേഷനിൽ 6 ബെനിഫിറ്റുകളാണ് ലഭിക്കുന്നത്. 6 എണ്ണവും ഞാനിവിടെ പറയുന്നില്ല. അതിൽ ഒരു ബെനിഫിറ്റ് അൺ-എംപ്ലോയ്മെന്റ് അലവൻസാണ്. അതിന്റെ വ്യാഖ്യാനം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുതരുമോ; ഡൽഹി ഗവൺമെന്റ് ഇ.എസ്.ഐ. കോർപ്പറേഷന് കോടിക്കണക്കിന് രൂപ കൊടുക്കാനുണ്ട്. നമ്മുടെ സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷന് എന്തെങ്കിലും വിഹിതം കൊടുക്കാനുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇ.എസ്.ഐ. കോർപ്പറേഷനുള്ള വിഹിതം നേരിട്ട് കോർപ്പറേഷനിലാണ് പോകുന്നത്. തൊഴിലാളികളും തൊഴിലുടമകളും കേന്ദ്രത്തിന് നേരിട്ടാണ് വിഹിതം അടയ്ക്കേണ്ടത്. 7:1 എന്നാണ് ഇ.എസ്.ഐ. കോർപ്പറേഷന്റെ ചെലവ് നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. 8-ൽ 7 ഭാഗം ഇ.എസ്.ഐ. കോർപ്പറേഷൻ തരണം. ഒരു ഭാഗമാണ് സംസ്ഥാന ഗവൺമെന്റിന്റേത്. സംസ്ഥാന ഗവൺമെന്റ് വിഹിതം കൊടുക്കുന്നുണ്ടെന്ന് മാത്രമല്ല, ഇ.എസ്.ഐ.-യുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഓരോ വർഷവും കൂടുതൽ തുക നൽകിവരുന്നുമുണ്ട്. നേരത്തെ ചോദിച്ച ചോദ്യത്തിൽ ഒരു കാര്യംകൂടി ഞാൻ വ്യക്തമാക്കുകയാണ്. എല്ലാ ജില്ലകളിലും ആശുപത്രികളില്ലെങ്കിലും ഡിസ്പെൻസറികളുണ്ട്. തൊഴിലാളികൾക്ക് പരമാവധി ചികിത്സാ സൗകര്യം ലഭ്യമാക്കുന്നുണ്ട്. ഡിസ്പെൻസറിയിൽ ഡോക്ടറുടെ സാന്നിദ്ധ്യമുണ്ട്. തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല, പക്ഷേ ചോദ്യം നമ്പർ 361-ലും 364-ലും എന്റെ ചോദ്യം ഉൾപ്പെടുന്നുണ്ട്, രണ്ടിലും ഒരേ ചോദ്യങ്ങളാണുള്ളത്. അതായത്, ഒന്ന് ചികിത്സാ പദ്ധതിയെക്കുറിച്ചും

മറ്റൊന്ന് ചികിത്സാ സൗകര്യങ്ങളെക്കുറിച്ചുമാണ്. രണ്ടിന്റെയും ഉപചോദ്യങ്ങൾ ഏകദേശം ഒന്നുതന്നെയാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് കിട്ടിയ അഡ്വൈസ് എന്താണെന്ന് എനിക്കറിയില്ല.

മി. സ്പീക്കർ: പദ്ധതിയെന്നു പറയുന്നത് സ്കീമാണ്. ചോദ്യം നമ്പർ 364-ൽ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ആവശ്യപ്പെട്ട ഉപചോദ്യത്തിന് അവസരം നൽകാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇ.എസ്.ഐ. ആശുപത്രികളുടെ സൗകര്യക്കുറവുമൂലം പല രോഗികളെയും മറ്റ് സ്വകാര്യ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയാണ് പതിവ്. അതൊഴിവാക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ 15-6-2018-ൽ 6 കിടക്കകളും രണ്ട് വെന്റിലേറ്റർ സൗകര്യങ്ങളുമുള്ള High Dependency Unit (H.D.U) സ്ഥാപിക്കാൻ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എത്ര എച്ച്.ഡി. യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇനി എത്ര ബാക്കിയുണ്ട്, അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇ.എസ്.ഐ. ആശുപത്രി സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ഇ.എസ്.ഐ. കോർപ്പറേഷൻ സ്വീകരിച്ചുവരുന്ന നിലപാടിൽ മാറ്റം വരുത്തേണ്ടതുണ്ട്. അങ്ങനെ വന്നെങ്കിൽ മാത്രമേ ആവശ്യാനുസരണം കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാനും ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡമനുസരിച്ചുള്ള കിടക്കകളുടെ അടിസ്ഥാനത്തിൽ ആശുപത്രി തുടങ്ങാനും സാധിക്കുകയുള്ളൂ. മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രിയില്ല. അവിടെ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇരുപത്തയ്യായിരത്തോളം തൊഴിലാളികൾ അവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഷ്വേർഡ് ആളുകളുടെ എണ്ണം ഇരുപത്തയ്യായിരമായാണ് കണക്കാക്കിയിട്ടുള്ളത്. ഇരുപതിനായിരം പേരുണ്ടെങ്കിൽ അവിടെ ആശുപത്രി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും. ഇ.എസ്.ഐ. കോർപ്പറേഷനിൽ ആവശ്യമായ വിവരങ്ങൾ നൽകി കേന്ദ്ര മന്ത്രാലയത്തോട് ആവശ്യപ്പെട്ട് ആശുപത്രി സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ ശ്രമങ്ങളും സംസ്ഥാന ഗവൺമെന്റ് നടത്തിവരികയാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി ചില കേന്ദ്രങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുമെന്ന്, 5-5-2017-ൽ ശ്രീ. ടി. വി. ഇബ്രാഹിമിന്റെ ചോദ്യത്തിനുള്ള മറുപടിയായി അങ്ങുതന്നെ പറഞ്ഞിട്ടുള്ളതാണ്. അതിൽ, ഒരു സ്ഥലം മണ്ണാർകാടാണ്. ഇതിനുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്നാശ്യപ്പെട്ടുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ

ആഫീസിൽനിന്നും ഒരു കത്തും ലഭിച്ചിരുന്നു. ഞാൻ ഒരാളെ സമീപിക്കുകയും ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ഉദ്യോഗസ്ഥർ വരികയും ഇന്നയിന്ന സൗകര്യങ്ങളോടു കൂടിയ ഒരു കെട്ടിടം വേണമെന്ന് പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. പക്ഷേ കെട്ടിടത്തിന്റെ പണി പൂർത്തിയായപ്പോൾ അതിന്റെ ഉടമസ്ഥൻ എന്നാണ് അതിന്റെ പ്രവർത്തനം തുടങ്ങുന്നതെന്ന് എന്നോട് ചോദിച്ചുകൊണ്ടിരിക്കുകയാണ്. അതിന് എനിക്കൊരു മറുപടി കൊടുക്കാൻ കഴിയുന്നില്ല. ഒരു ഡിസ്പെൻസറിക്ക് എന്തെല്ലാം ഫെസിലിറ്റീസാണ് വേണ്ടതെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ ഉദ്യോഗസ്ഥർ വന്ന് പരിശോധിച്ച് പറഞ്ഞതുപോലെ, അവർ പറഞ്ഞ മാതൃകയിൽത്തന്നെ കെട്ടിടത്തിന്റെ പണി തീർത്തിരിക്കുകയാണ്. എന്നാൽ ഇതുവരെ അത് ഏറ്റെടുക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. മണ്ണാർകാട് ഇ.എസ്.ഐ. ആശുപത്രി എന്ന് പ്രവർത്തനം തുടങ്ങുമെന്ന് അങ്ങേയ്ക്ക് വ്യക്തമാക്കാമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കേന്ദ്ര ഗവൺമെന്റ് ഇ.എസ്.ഐ. കോർപ്പറേഷന് പതിനെട്ട് ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയത്. ആ പതിനെട്ട് ഡിസ്പെൻസറികളും തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മണ്ണാർകാട് ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതും അതിന്റെ ഭാഗമായി സ്ഥലങ്ങൾ കണ്ടെത്താൻ ശ്രമിച്ചതും. അതിനാവശ്യമായ തസ്തികകളും അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. ഇനി ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിക്കണം. ഇതുവരേയും അനുമതി ലഭിക്കാത്ത ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ ലിസ്റ്റ് ഞാൻ വായിക്കാം. പാലക്കാട് ജില്ലയിൽ ആലത്തൂർ, മണ്ണാർകാട്, കുറ്റനാട്. പത്തനംതിട്ട ജില്ലയിൽ റാന്നി, കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി, താമരശ്ശേരി. എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം, ഇടുക്കി ജില്ലയിൽ കുമളി, പീരുമേട്. തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട്, മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴ. ഇത്രയും ഡിസ്പെൻസറികൾ തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് അങ്ങ് ചൂണ്ടിക്കാണിച്ച മണ്ണാർകാട് ഡിസ്പെൻസറി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം മഞ്ഞളാംകുഴി അലി പറഞ്ഞ എച്ച്.ഡി.യു.-വും അനുവദിച്ചിട്ടില്ല.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, മലപ്പുറം ജില്ലയിൽ ഇതുവരെയും ഇ.എസ്.ഐ. ആശുപത്രി തുടങ്ങിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ആസ്ഥാനമായി ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കണമെന്നത് പത്തിരുപത് വർഷം മുമ്പുള്ള ഒരു പ്രൊപ്പോസലാണ്.

കെ.ഇ.എൽ., സ്പിന്നിംഗ് മിൽ, ആയുർവ്വേദ കോളേജ്, ആര്യ വൈദ്യശാല, അൺ എയ്ഡഡ് സ്ഥാപനങ്ങൾ തുടങ്ങി ധാരാളം സ്ഥാപനങ്ങൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. മാത്രവുമല്ല, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലംതന്നെ ഇതിനുവേണ്ടി ലഭ്യമാക്കാൻ കഴിയും. കെട്ടിടം ആവശ്യമാണെങ്കിൽ അതും എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ചുകൊടുക്കാൻ കഴിയും. മലപ്പുറം ജില്ലയിൽ തുടങ്ങാൻ പോകുന്ന ഇ.എസ്.ഐ. ആശുപത്രി തിരൂരങ്ങാടി മണ്ഡലത്തിലെ, എടരിക്കോട് ആസ്ഥാനമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇ.എസ്.ഐ. കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്നത്. അതിന് സ്റ്റേറ്റ് ഗവൺമെന്റിന് ഒരെതിർപ്പുമില്ല. ഈ കാര്യം സ്റ്റേറ്റ് ഗവൺമെന്റ് മാത്രം വിചാരിച്ചാൽ നടക്കുന്നതല്ല, ഇ.എസ്.ഐ. കോർപ്പറേഷന്റെകൂടി അംഗീകാരം ലഭിക്കേണ്ടതുണ്ട്. മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രിയുടെ കുറവുള്ളതുകൊണ്ട് ആ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ എല്ലാ ശ്രമവും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അതിന് കേന്ദ്രത്തിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിക്കഴിഞ്ഞു. ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡമനുസരിച്ച് പുതിയ ഡിസ്പെൻസറികൾ സ്ഥാപിക്കേണ്ടിവന്നാൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അങ്ങ് വായിച്ച ലിസ്റ്റിനകത്ത് കുമളി, പീരുമേട് അടക്കമുള്ള പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സാസൗകര്യം നൽകുകയെന്നത് മാനേജ്മെന്റിന്റെ ഉത്തരവാദിത്വമാണ്. ഇ.എസ്.ഐ. പദ്ധതി നടപ്പിലാകുമ്പോൾ തോട്ടം തൊഴിലാളികൾകൂടി അതിന്റെ ഒരു ഷെയർ വഹിക്കേണ്ടതായി വരുമോ; ഏത് തരത്തിലാണ് ഇ.എസ്.ഐ. പദ്ധതി പ്ലാന്റേഷൻ മേഖലയിൽ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇ.എസ്.ഐ.-യിൽ അംഗമാകുന്ന തൊഴിലാളികൾക്കെല്ലാം ഒരേ മാനദണ്ഡമാണുള്ളത്; അതിനനുസരിച്ചാണ് പ്രവർത്തിക്കുന്നത്. മുക്കം, ഇടുക്കി ജില്ലയിലെ കട്ടപ്പന എന്നിവിടങ്ങളിൽ പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സുൽത്താൻബത്തേരി, കൽപ്പറ്റ, ഇടുക്കി ജില്ലയിലെ കണ്ണൻ ദേവൻ ഹിൽസ്, മൂന്നാർ, മാന്നാങ്കണ്ടം, അടിമാലി തുടങ്ങിയ ഇടങ്ങളിൽ ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുന്നതിന് അംഗീകാരം കിട്ടിക്കഴിഞ്ഞു. ഗവണ്മെന്റ് അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തോട്ടം തൊഴിലാളികൾക്ക് പരമാവധി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. പ്ലാന്റേഷൻ വ്യവസായത്തിലെ പ്രശ്നങ്ങൾ പരിശോധിച്ച സമയത്ത്

ഇ.എസ്.ഐ. ചികിത്സാ സൗകര്യം പ്ലാന്റേഷൻ തൊഴിലാളികൾക്കും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടിന് വിധേയമായിട്ടുള്ള ആനുകൂല്യങ്ങളാണ് ഇപ്പോൾ തൊഴിലാളികൾക്ക് ലഭിച്ചുവരുന്നത്. ഇത് ഇ.എസ്.ഐ-ലേയ്ക്ക് മാറ്റുന്നതിന് ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേരളത്തിലെ ഏറ്റവും പഴക്കംചെന്ന ഇ.എസ്.ഐ. ആശുപത്രിയാണ് ഉദ്യോഗ്മണ്ഡലിലെ ഇ.എസ്.ഐ. ആശുപത്രി. നൂറ് കിടക്കകളുള്ള ആശുപത്രി ഒരുപക്ഷേ കേരളത്തിൽ വളരെ ചുരുക്കമായിരിക്കും. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് 50 വർഷത്തോളമായി. കെട്ടിടങ്ങളെല്ലാം വളരെ ജീർണ്ണാവസ്ഥയിലാണ്. അവിടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെ കുറിച്ചും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കുന്നതിനെക്കുറിച്ചും കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ചിട്ടുണ്ടോ; അതിന് ഏതെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുന്നതിന് ചില മാനദണ്ഡങ്ങൾ നിലനിൽക്കുന്നുണ്ട്. അതിനനുസരിച്ചുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ഉദ്യോഗ്മണ്ഡലിലെ ഇ.എസ്.ഐ ആശുപത്രി ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതാണ്; സ്റ്റേറ്റ് സർവ്വീസിലുള്ളതല്ല. എങ്കിലും സംസ്ഥാന ഗവൺമെന്റ് തീർച്ചയായും ഇക്കാര്യത്തിൽ ഇടപെടുന്നതാണ്. പരമാവധി ചികിത്സാസൗകര്യങ്ങൾ ഇപ്പോൾത്തന്നെ അവിടെ ലഭ്യമാണ്. കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളുണ്ടെങ്കിൽ അക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, തൊഴിലാളി-തൊഴിലുടമ വിഹിതം വെട്ടിക്കുറയ്ക്കാനുള്ള നിർദ്ദേശം ഇ.എസ്.ഐ.-യെ ദോഷകരമായി ബാധിക്കുന്നതാണ്. അത് ശക്തമായി എതിർക്കപ്പെടേണ്ടതാണ്. സംസ്ഥാനത്ത് ഒരു കാലഘട്ടത്തിൽ ചില പ്രത്യേക മേഖലയിലുള്ളവർക്ക് മാത്രമേ ഇ.എസ്.ഐ.-യിൽ അംഗമാകാൻ കഴിയുമായിരുന്നുള്ളൂ. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ മുഴുവനും ഇ.എസ്.ഐ.-യുടെ പരിധിയിൽ ഉൾപ്പെടുത്തിയത് പതിനായിരക്കണക്കിന് വരുന്ന തൊഴിലാളികൾക്ക് സഹായകരമായ, അഭിനന്ദനീയമായ കാര്യമാണ്. ഗ്രാമപ്രദേശങ്ങളിൽ റൂറൽ ഡിസ്പെൻസറികൾ ധാരാളമുണ്ട്. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികളാണുണ്ടാകേണ്ടത്. കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകൾക്ക് ഏക ആശ്രയമായ തോട്ടട സ്പെഷ്യാലിറ്റി ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്താനുള്ള നടപടി ഏതുവരെയായി; അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുമ്പോൾ എല്ലാ ബാദ്ധ്യതയും വഹിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. എന്നാൽ അതിന് സഹായകരമായ നിലപാട് കോർപ്പറേഷൻ സ്വീകരിച്ചില്ല. ഗവൺമെന്റിന് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങണമെന്നുള്ള അഭിപ്രായമുണ്ടെങ്കിൽ തുടങ്ങാമെന്ന നിലയിൽ കോർപ്പറേഷനിൽനിന്ന് കത്ത് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 7:1 എന്ന അനുപാതത്തിൽ തോട്ടടയിൽ ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുന്നതിനുള്ള തീരുമാനം സർക്കാർ എടുത്തു കഴിഞ്ഞിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള തോട്ടട ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താൻ കഴിയും. തത്വത്തിൽ ഗവൺമെന്റ് അതംഗീകരിച്ചുകഴിഞ്ഞു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശ്രീ. ഇന്നസെന്റ് ലോക്സഭയിൽ കൈ പൊക്കിയതുപോലെയല്ല ഞങ്ങൾ കൈ പൊക്കുന്നത്. ചോദ്യം ചോദിക്കാനുള്ള അവസരം നമുക്ക് കിട്ടാറില്ല.

മി. സ്പീക്കർ: എന്താണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തോന്നുന്നതു പോലെ ആളുകളെ വിളിക്കുകയല്ല ചെയ്യുന്നത്. ഭരണപക്ഷം, പ്രതിപക്ഷം, അതുകഴിഞ്ഞ് വ്യത്യസ്ത പാർട്ടികൾ എന്നിങ്ങനെ എല്ലാ പരിഗണനയും നോക്കി താഴെനിന്ന് കിട്ടുന്ന വിവരത്തിനനുസരിച്ചാണ് വിളിക്കുന്നത്. ഉൾവിളിപോലെ നിങ്ങളെ വിളിക്കുന്നതല്ല. ഇങ്ങനെ സഭയിൽ പറയുന്നത് ശരിയല്ല. ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ. ഉൾപ്പെടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഓരോരുത്തരും ചോദിച്ച ഉപചോദ്യങ്ങൾ എത്രയാണെന്നുള്ളതിന്റെ കണക്ക് ഇവിടെയുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കുഴപ്പമില്ല. ഞാൻ അംഗീകരിച്ചു. വ്യക്തിപരമായ ഒരു ഫീലിംഗ് തോന്നി പറഞ്ഞുവെന്നേയുള്ളൂ. ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വായിച്ച നീണ്ട ലിസ്റ്റിൽ എന്റെ മണ്ഡലമായ കൊണ്ടോട്ടിയുമുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൊണ്ടോട്ടിയിൽ വന്ന് കെട്ടിടങ്ങളും മറ്റും കണ്ട് തൃപ്തിയായി പോയതാണ്. പക്ഷേ ഇപ്പോൾ വന്ന ലിസ്റ്റിൽ അവസാനമായാണ് കൊണ്ടോട്ടി വായിച്ചത്. കൊണ്ടോട്ടിയിൽ ധാരാളം തൊഴിലാളികൾ ഉള്ളതാണ്. എന്തു മാനദണ്ഡപ്രകാരമാണ് തൊഴിൽമന്ത്രാലയം ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനു വേണ്ടി പ്രൊപ്പോസ് ചെയ്യുന്നതെന്നറിഞ്ഞാൽ നന്നായിരുന്നു.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, തൊഴിലാളികളുടെ എണ്ണത്തിന്റെ പ്രശ്നം ഞാൻ നേരത്തെ പറഞ്ഞതാണ്. മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിലാണ് ഡിസ്പെൻസറി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവിടെ ആശുപത്രി സ്ഥാപിക്കണമെങ്കിൽ സ്വന്തമായി സ്ഥലം വേണം; ഇൻഷ്വർ ചെയ്ത തൊഴിലാളികൾ ചുരുങ്ങിയത് 2000 പേരെങ്കിലും ഉണ്ടായിരിക്കണമെന്നതാണ് ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം. ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഡിസ്പെൻസറികൾ അനുവദിക്കുന്നത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ അവസാനകാലത്ത് കൊരട്ടി ഇ.എസ്.ഐ. വക സ്ഥലത്ത് ഡിസ്പെൻസറി കെട്ടിടം പണിയാൻ നടപടിക്രമങ്ങൾ പാലിക്കാതെ തറക്കല്ലിട്ടിരുന്നു. കഴിഞ്ഞ ആറ് വർഷമായി ആ കല്ല് പുല്ലുപിടിച്ച് കിടക്കുകയാണ്. അതിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വലുതും ചെറുതുമായ ധാരാളം വ്യവസായ സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളുമുള്ള പ്രദേശമാണിത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഈ ഡിസ്പെൻസറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം പരിശോധിക്കാം.

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ജമാ അത്തിന്റെ അനുഭാവംകൊണ്ട് മാത്രമാണ് അവിടത്തെ ഇ.എസ്.ഐ. ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളുമില്ല. വടവാതൂർ കഴിഞ്ഞാൽപ്പിന്നെ കാഞ്ഞിരപ്പള്ളിയിൽ മാത്രമാണ് ഒരു ഇ.എസ്.ഐ. ഡിസ്പെൻസറിയുള്ളത്. 30-35 കിലോമീറ്റർ ദൂരത്തിലാണ് പൂഞ്ഞാർ നിയോജകമണ്ഡലം ഉൾപ്പെടുന്ന തോട്ടം തൊഴിലാളി മേഖലയിലെ മുണ്ടക്കയം, എരുമേലി തുടങ്ങിയ പ്രദേശങ്ങൾ. അവിടെ ഇപ്പോൾ എൻറോൾമെന്റ് വളരെ കുറവാണ്. നമ്മൾ വിഭാവനം ചെയ്തപ്പോൾ ഉണ്ടായിരുന്ന തലത്തിലേയ്ക്ക് ഇപ്പോഴും എൻറോൾമെന്റ് നടക്കുന്നില്ല. തൊഴിൽവകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണോ എന്നറിയില്ല. അക്കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സംസ്ഥാനത്തുടനീളം ഇ.എസ്.ഐ.-യുടെ പരിധി പ്രാവർത്തികമാക്കിയതിനെ തുടർന്ന് കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങൾക്കുള്ളിൽ ഏകദേശം നാല് ലക്ഷത്തോളം തൊഴിലാളികൾ പുതുതായി ഇ.എസ്.ഐ.-യിൽ ചേർന്നിട്ടുണ്ട്. ഇപ്പോൾ 11 ലക്ഷത്തോളം അംഗങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ കിട്ടുന്നതിന് അർഹത നേടിയിട്ടുണ്ട്. അങ്ങിവിടെ ചൂണ്ടിക്കാണിച്ച പ്രശ്നം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇ.എസ്.ഐ. കോർപ്പറേഷൻ സർവ്വേ ചെയ്ത് നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുക. അംഗങ്ങൾ ഉന്നയിക്കുന്നതുപോലുള്ള നിരവധി പ്രശ്നങ്ങൾ ഇ.എസ്.ഐ.-യുമായി ബന്ധപ്പെട്ടുണ്ട്. അത്തരം പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുന്നതിനുവേണ്ടിയുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേക ഡ്രൈവ് നടത്തി ഇ.എസ്.ഐ.-യിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ഗവൺമെന്റ് രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്.

## ഗ്രീൻ ഇൻഡ്യ മിഷൻ

2(*362) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യവനം ഉൾപ്പെടെയുള്ള വനമേഖലകളിൽ ജൈവവൈവിധ്യ സംരക്ഷണത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കുമോ;

(ബി) വനാശ്രിത സമൂഹങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം വനശോഷണം ഒഴിവാക്കുന്നതിന് ഗ്രീൻ ഇൻഡ്യ മിഷൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വന്യജീവി സംയോജിത വികസന പരിപാടികളായ പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ തുടങ്ങിയവ വന്യജീവികളുടെ ആവാസ വ്യവസ്ഥ പരിപാലനത്തിനും നിരന്തരമുണ്ടാകുന്ന വന്യജീവി ആക്രമണങ്ങൾ ഇല്ലാതാക്കുന്നതിനും എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് അറിയിക്കാമോ ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) അഗസ്ത്യവനം ഉൾപ്പെടുന്ന നെയ്യാർ വന്യജീവി സങ്കേതം അടക്കമുള്ള സംരക്ഷിത വനമേഖലകളുടെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും വന്യജീവികളുടെ ആവാസവ്യവസ്ഥ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പരിപാലനത്തിനായി "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)”

2. കടുവകളുടെയും അവയുടെ ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി "പ്രോജക്ട് ടൈഗർ”

3. ബയോസ്ഫിയർ റിസർവ്വിനുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെയും വനാതിർത്തിയിലുള്ള വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ് എന്നീ പദ്ധതികൾ

4. കേരളത്തിലെ 4 എലിഫന്റ് റിസർവ്വുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി "പ്രോജക്ട് എലിഫന്റ്”

കൂടാതെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി (CBD) പദ്ധതിയിൽ ഉൾപ്പെടുത്തി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക കർമ്മ പരിപാടികൾ, കാട്ടുതീ സംരക്ഷണ പദ്ധതികൾ, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടികൾ, കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം, അധിനിവേശ സസ്യങ്ങളുടെ നീക്കം ചെയ്യൽ എന്നിവ നടപ്പിലാക്കി വരുന്നു.

(ബി) കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി- അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക, കാവുകളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും, പ്രകൃതി സൗഹൃദ പദ്ധതികൾ, പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തിനായുള്ള പ്രവർത്തനങ്ങൾ, ജൈവവൈവിധ്യം, ജലം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമഗ്രമായ ഹരിതവത്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കി വരുന്നത്.

(സി) കടുവകളുടെ സംരക്ഷണത്തിനായി 1973-ൽ ആരംഭിച്ച 'പ്രോജക്ട് ടൈഗർ', കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി 1992-ൽ ആരംഭിച്ച 'പ്രോജക്ട് എലിഫന്റ്', ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)'-പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ എന്നീ പദ്ധതികളിലൂടെ മൃഗവേട്ട തടയുന്നതിനുള്ള പരിപാടികൾ, ആവാസ വ്യവസ്ഥയുടെയും ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനം, കടുവകളുടെയും ആനകളുടെയും കണക്കെടുപ്പ്, മണ്ണ്-ജല സംരക്ഷണം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ ആനകളുടെയും കടുവകളുടെയും ആവാസ വ്യവസ്ഥകളുടെ പരിപാലനവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ പ്രസ്തുത പദ്ധതികളിൽ (കേന്ദ്ര വിഹിതം ഉൾപ്പെടെ) അനുവദിച്ച തുക ചുവടെ ചേർക്കുന്നു :

| പദ്ധതി | അനുവദിച്ചതുക (ലക്ഷത്തിൽ) |
|---|---|
| ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ | 521.32 |
| പ്രോജക്ട് ടൈഗർ- പറമ്പിക്കുളം | 550.21 |
| പ്രോജക്ട് ടൈഗർ- പെരിയാർ | 695.50 |
| പ്രോജക്ട് എലിഫന്റ് | 695.84 |

പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. പ്രോജക്ട് എലിഫന്റ്, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹാബിറ്റാറ്റ് (IDWH)- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട് സൈഡ് പ്രൊട്ടക്ടഡ് ഏരിയ എന്നീ പദ്ധതികളിലൂടെ വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. കൂടാതെ വന്യജീവി ആക്രമണങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നു.
2. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)-പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്-ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ പദ്ധതിയിലൂടെ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ ശാക്തീകരണം
3. കൊട്ടിയൂർ-പേരിയ ആനത്താരകൾ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രോജക്ട് എലിഫന്റ് സ്കീമിൽ 600 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 295 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 29.592 ഹെക്ടർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

4. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ വയനാട് വന്യജീവി സങ്കേതത്തിൽ നടന്നുവരുന്നു. നാളിതുവരെ 339 കുടുംബങ്ങളെ വനത്തിനകത്തുനിന്നും മാറ്റി പാർപ്പിച്ചിട്ടുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി കേരളത്തിൽ എന്നുമുതലാണ് ആരംഭിച്ചത്; ഇവിടെപ്പറയുന്ന ആശയങ്ങൾക്കനുസരിച്ച് കേരളത്തിൽ എത്ര പദ്ധതികൾ നടപ്പിലാക്കി; അതിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജു: സർ, ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കുമ്പോൾ പദ്ധതിവിഹിതമായി കേന്ദ്രം 60 ശതമാനം നൽകും. ഒന്നാം വർഷ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി 15.24 കോടി രൂപ ലഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് വനമേഖലയെ സജ്ജമാക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. ഇതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള എട്ട് മിഷനുകളിൽ ഒന്നാണ് ഗ്രീൻ ഇന്ത്യ മിഷൻ. ശോഷിച്ച വനങ്ങളുടെ പുനരുദ്ധാരണം, കണ്ടൽ വനങ്ങളുടെ സംരക്ഷണം, നഗരമേഖലയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, കാർഷികഭൂമി, വഴിയോരങ്ങൾ എന്നിവിടങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, വനമേഖലയിലും പുറത്തുമുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം എന്നിവയാണ് ഗ്രീൻ ഇന്ത്യാ മിഷന്റെ പ്രധാന പരിപാടികൾ. വനസംരക്ഷണ സമിതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേനയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിലെ പ്രധാന പരിപാടികളായ കണ്ടൽക്കാട് സംരക്ഷണം, വന മേഖലയിലെ വൃക്ഷവൽക്കരണം, സാമൂഹ്യ വനവൽക്കരണം, വനത്തിനു പുറത്തുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ്: സർ, നമ്മുടെ നാട്ടിൻപുറങ്ങളിൽ കാവുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ജൈവവൈവിദ്ധ്യത്തിന്റെ നിലവറകളാണ് കാവുകൾ. നാശോന്മുഖമായ കാവുകളെ വീണ്ടെടുക്കാനും സ്വകാര്യ ഭൂമികളിലുൾപ്പെടെ പുതിയതായി കാവുകൾ വച്ചുപിടിപ്പിക്കാനും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഗ്രീൻ ഇന്ത്യ മിഷന്റെ കീഴിൽ പദ്ധതികൾക്ക് രൂപം നൽകാനും കഴിയുമോ?

ശ്രീ. കെ. രാജു: സർ, സോഷ്യൽ ഫോറസ്ടി പ്രവർത്തനത്തിന്റെ ഭാഗമായിട്ടുള്ള നടപടികളിൽ വരുന്നതാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച കാര്യങ്ങൾ. കാവുകൾ സംരക്ഷിക്കുക, കാവുകളോട് ചേർന്നുള്ള കുളങ്ങൾ സംരക്ഷിക്കുക എന്നീ പ്രവൃത്തികൾ ഗ്രീൻ ഇന്ത്യാ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. ഒരോ ജില്ലയിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് മുൻഗണന നിശ്ചയിച്ചുകൊണ്ട് ഏറ്റെടുത്ത പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കുളങ്ങൾ നന്നാക്കുന്നതിനും അതിലെ ചെളി വാരിക്കളയുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ അതിനനുസൃതമായിട്ടുള്ള പ്രോജക്ടുകൾ തയ്യാറാക്കണം. വനത്തിനുള്ളിലെ ആനകൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന കിടങ്ങുകൾ, വനത്തിനുള്ളിലെ ജലസംരക്ഷണത്തിനുവേണ്ടിയുള്ള തടാകങ്ങൾ ഇവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കാവുന്ന പദ്ധതികളാണ്. പാലക്കാട് ജില്ലയിൽ ആനക്കിടങ്ങ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. ഡി. കെ. മുരളി: സർ, ജൈവ വൈവിദ്ധ്യത്തിന് വനമേഖലയിൽതന്നെ ഭീഷണിയാണ് ജലറാഞ്ചി എന്നറിയപ്പെടുന്ന അക്കേഷ്യാ സ്പീഷീസിൽപ്പെടുന്ന മരങ്ങൾ. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് മേഖലയിൽപ്പോലും ഇത്തരത്തിലുള്ള അക്കേഷ്യാ പ്ലാന്റേഷനുകളുണ്ട്. ഈ സർക്കാർ എടുത്ത ചില നിലപാടുകളുടെ ഭാഗമായി റീപ്ലാന്റ് ചെയ്യുന്ന സ്ഥലങ്ങളിൽ അക്കേഷ്യ ഒഴിവാക്കി മറ്റു മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ ഭാഗങ്ങളിലെല്ലാം അക്കേഷ്യ അടിക്കാടുകളായി വളർന്നുവരികയാണ്. ഇത് ജൈവസമ്പത്തിന് ഭീഷണിയുമാണ്. അടിയന്തരമായി അവ നീക്കം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ഇനി മുതൽ വിദേശ വൃക്ഷങ്ങൾ എന്നറിയപ്പെടുന്ന അക്കേഷ്യ, യൂക്കാലി, മാഞ്ചിയം തുടങ്ങിയവയുടെ തൈകൾ വച്ചുപിടിപ്പിക്കേണ്ടതില്ലെന്നുള്ള പൊതു സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് നാഷണൽ ഹൈവേയുടെ വശങ്ങളിൽ ഇപ്പോൾ അക്കേഷ്യയോ യൂക്കാലിപ്റ്റസോ വച്ചുപിടിപ്പിക്കാത്തത്. ഫോറസ്റ്റിനുള്ളിലും അത്തരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നില്ല. ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിൽ കുറേ ഭൂമിയുണ്ട്. അവിടെ ഇതിന്റെ പ്ലാന്റേഷൻ നിലനിൽക്കുന്നുണ്ട്. 2025-ഓടുകൂടി മാത്രമേ ഇത്തരം മരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന നടപടികളിലേയ്ക്ക് പൂർണ്ണമായും എത്തിച്ചേരാൻ നമുക്ക് കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് മരങ്ങൾ വെട്ടിയ സ്ഥലത്ത് വീണ്ടും ഇവ അടിക്കാടുകളായി വളർന്നുവരുന്നുവെന്നാണ്. അക്കേഷ്യ, യൂക്കാലി തുടങ്ങിയ

മരങ്ങൾ നീക്കം ചെയ്ത സ്ഥലത്ത് വീണ്ടും അടിക്കാടായി വളർന്നുവരുന്നുണ്ടെങ്കിൽ അവ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്; അതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. എം. രാജഗോപാലൻ: സർ, കാലാവസ്ഥാ വ്യതിയാനം, വനനശീകരണം തുടങ്ങി പരിസ്ഥിതി സന്തുലനം തകർക്കുന്ന പ്രതിഭാസങ്ങൾ ഇന്ന് ശക്തിയാർജ്ജിക്കുകയാണ്. ലോകത്ത് 92% ജനങ്ങളും ഇന്ന് മലിനവായുവാണ് ശ്വസിക്കുന്നത്. അതായത് പത്തിൽ ഒൻപതുപേർക്കും ശുദ്ധവായു ലഭിക്കുന്നില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. നമ്മുടെ പരിസ്ഥിതി ദിനാചരണം കേവലം ഒരു ദിവസത്തെ ആചരണമായി ചുരുങ്ങിപ്പോകുകയാണ്. അത് നിരന്തരമായ ബോധവൽക്കരണ പ്രക്രിയയായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതോടൊപ്പം കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ പടിഞ്ഞാറൻ അതിർത്തി പങ്കിടുന്ന കവ്വായിക്കായലും ചെറുദ്വീപുകളും ഉൾപ്പെട്ട ആവാസ വ്യവസ്ഥ സംരക്ഷിക്കാനും ഇവിടത്തെ ജൈവവൈവിദ്ധ്യങ്ങൾക്ക് കോട്ടം തട്ടാത്ത വിധത്തിൽ പരിസ്ഥിതിക്ക് അനുയോജ്യമാംവിധം സംരക്ഷണം ഏർപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കുമോ; ഈ ദ്വീപസമൂഹങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഇടയിലക്കാട് ദ്വീപുൾപ്പെടെയുള്ള പ്രദേശങ്ങൾ റാംസർ സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി നേരത്തെ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, ജൂൺ 5 പരിസ്ഥിതി ദിനമായി ലോകമെമ്പാടും ആചരിക്കുകയാണ്. കേരളത്തിൽ വനം വകുപ്പിന്റേയും പരിസ്ഥിതി വകുപ്പിന്റേയും ബയോഡൈവേഴ്സിറ്റി ബോർഡിന്റേയും സംയുക്തമായ ഒരു ആചരണ പരിപാടിയാണിത്. ബോധവൽക്കരണത്തിന്റെ ഭാഗമായാണ് പരിസ്ഥിതിദിനം ആചരിക്കുന്നത്. ഒരു ദിവസംകൊണ്ട് ആചരിച്ചു നിർത്തുകയെന്നുള്ളതല്ല മറിച്ച് വനം വകുപ്പിൽ നിന്ന് വൃക്ഷത്തൈകൾ, ഫല വൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ തുടങ്ങിയവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുമുണ്ട്. ഒരു വർഷം പ്രായമുള്ള വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് ഇപ്പോൾ വനം വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി നമുക്ക് വൃക്ഷാവരണം വർദ്ധിപ്പിക്കാൻ കഴിയും. വായു മലിനീകരണത്തിനുള്ള പ്രതിവിധി മരം തന്നെയാണ്. ഇക്കാര്യത്തിൽ ഇന്ത്യയിലെ അഞ്ചു സംസ്ഥാനങ്ങളെടുത്താൽ അതിൽ മൂന്നാമത്തെ സംസ്ഥാനം കേരളമാണ്. ഭൂ വിസ്തൃതി കുറവാണെങ്കിലും വൃക്ഷാവരണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നമ്മൾ മുമ്പിലാണ്. സന്നദ്ധ സംഘടനകൾ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും കൂട്ടായി പരിശ്രമിച്ചാൽ പ്രധാനപ്പെട്ട എല്ലാ പട്ടണങ്ങളും വൃക്ഷാവരണത്തിന്റെ കീഴിലാക്കാൻ കഴിയും. അദ്ദേഹം പറഞ്ഞ പ്രോജക്ടുമായി ബന്ധപ്പെട്ട പരിശോധന നടത്തി വിശദാംശം അദ്ദേഹത്തെ അറിയിക്കുന്നതാണ്.

ശ്രീ. ഒ. ആർ. കേളു: സർ, ഗ്രീൻ ഇന്ത്യ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ് ടൈഗർ പ്രോജക്ട്. വയനാട് ജില്ലയെ ഒരു ടൈഗർ പ്രോജക്റ്റാക്കി മാറ്റുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്. 20 കിലോമീറ്ററാണ് കടുവയുടെ ആവാസ പരിധി. ആ പരിധിക്കുള്ളിൽ ഒരു കടുവ മറ്റൊരു കടുവയെ ജീവിക്കാൻ അനുവദിക്കുകയില്ല. കടുവകളുടെ എണ്ണം വർദ്ധിച്ചുകഴിഞ്ഞാൽ മറ്റ് പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലേയ്ക്കുകൂടി അവ പ്രവേശിക്കാൻ ശ്രമിക്കും. അങ്ങനെ വരുമ്പോഴാണ് ആക്രമണങ്ങൾ ഉണ്ടാകുന്നത്. കടുവകളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചേ മതിയാകൂ. വനത്തിന്റെ വിസ്തൃതി എത്രത്തോളം വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഒരു നിബിഡവനം നമുക്കുണ്ടാക്കാൻ സാധിക്കും. കടുവകളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചാൽ അത്തരം പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, കേരളത്തെപ്പോലെ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുക എന്നത് അസാധ്യവും അപ്രായോഗികവുമാണ്. കേരളത്തിന്റെ മൊത്തം ഭൂ വിസ്തൃതിയിൽ 29.1 ശതമാനം വനമാണ്. വനത്തിന് വെളിയിൽ വനവൽക്കരണം, സാമൂഹ്യ വനവൽക്കരണം; വനാവരണത്തിനാവശ്യമുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയവയാണ് പ്രായോഗികം. നിലവിലുള്ള വനം സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് ബാധ്യസ്ഥമാണ്. ചില മേഖലകളിൽ വനത്തിന് ശോഷണമുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. പല കാരണങ്ങളാലാണ് വനശോഷണമുണ്ടായിട്ടുള്ളത്. വനം കയ്യേറി നശിപ്പിച്ചത് കൊണ്ടല്ല, thick forest അല്ലാതായി മാറിയ സ്ഥിതിയുണ്ട്. പറമ്പിക്കുളം കടുവാ റിസർവോയറിൽത്തന്നെ എൺപതും എൺപത്തിയഞ്ചും വർഷം പഴക്കമുള്ള തേക്ക് പ്ലാന്റേഷൻ ഉണ്ട്. അവിടെ അടിക്കാടുകളില്ല. അത് വന്യജീവികളേയും പൊതു ആവാസ വ്യവസ്ഥയേയും ദോഷകരമായി ബാധിക്കുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുസംബന്ധിച്ച് പഠിക്കുന്നതിന് വനംവകുപ്പ് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇതുപോലെ ശോഷണം വന്ന വനഭാഗങ്ങൾ മെച്ചപ്പെട്ട സ്വാഭാവിക വനമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ/ അഭിപ്രായങ്ങൾ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിനയച്ച് അനുമതി വാങ്ങി നടപ്പിലാക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ ചോദ്യത്തിലെ 'സി'-പിരിവിന് അങ്ങ് ഉത്തരം പറഞ്ഞു; വന്യജീവി സംരക്ഷണം നടക്കുമ്പോഴും വനാതിർത്തി പങ്കിടുന്ന മണ്ഡലങ്ങളിലെ ഗുരുതരമായ വിഷയമാണ് വന്യജീവി ശല്യം. കഴിഞ്ഞ

ദിവസം എന്റെ മണ്ഡലത്തിലെ ചന്ദനക്കാംപാറയിൽ പത്ത്-പന്ത്രണ്ട് ആനക്കൂട്ടങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ വന്ന് നിൽക്കുകയാണ്. ഉദ്യോസ്ഥന്മാരൊക്കെ വന്ന് ഓടിക്കാൻ ശ്രമിച്ചിട്ടും ആനകൾ പോകുന്നില്ല. ജനങ്ങളാകെ ഭയപ്പാടിലാണ്. ഇവിടെ ചർച്ച ചെയ്തതുകൊണ്ട് കാര്യമില്ല, പോസിറ്റീവായിട്ടുള്ള നടപടികളിലേയ്ക്ക് പോകണം. കഴിഞ്ഞ ദിവസത്തെ ഡിമാന്റ് ചർച്ചയിൽ ഉത്തരം പറഞ്ഞതുപോലെ ഇനിയും മിസ്സിംഗ്ലിങ്ക് ഉണ്ട്. വന്യജീവി പ്രതിരോധത്തിന് മതിലില്ലാത്ത പ്രദേശങ്ങൾക്ക് മുൻഗണന കൊടുത്ത് അടിയന്തരമായി മതിൽ നിർമ്മിക്കുവാൻ തയ്യാറാകണം. ജനങ്ങളാകെ ഭയാശങ്കയിലാണ്. അതീവ ഗൗരവമായ ഈ വിഷയത്തിൽ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, നിരന്തരമായി സഭയ്ക്കകത്തും പുറത്തും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് അങ്ങ് വീണ്ടും ഉന്നയിച്ചിരിക്കുന്നത്. വന്യജീവിയും മനുഷ്യനും തമ്മിലുള്ള സംഘർഷം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. അത് കണക്കിലെടുത്തു കൊണ്ടുതന്നെ ഗവൺമെന്റ് പരമാവധി വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

മി. സ്പീക്കർ: ഇതേവിഷയം പരമാവധി സമയമെടുത്ത് നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്.

ശ്രീ. കെ. രാജു: സർ, അങ്ങയുടെ ജില്ലയായ കണ്ണൂരിൽ 9.5 കി.മീ. ദൂരത്തിൽ ആനമതിൽ നിർമ്മിച്ചു കഴിഞ്ഞു. ആന പ്രതിരോധമതിൽ നിർമ്മിക്കുന്നതിനായി ഇതുവരെ 1.25 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇനിയും രണ്ട്-രണ്ടര കിലോമീറ്റർകൂടി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആയിക്കഴിഞ്ഞു. ബാക്കിയുള്ള സാധ്യമായ മേഖലകളിൽ സോളാർ ഫെൻസിംഗ്, ആനക്കിടങ്ങുകൾ എന്നിവ നിർമ്മിക്കാമെന്നല്ലാതെ തെക്കേയറ്റം മുതൽ വടക്കേയറ്റംവരെ വനാതിർത്തിയിൽ ആന പ്രതിരോധ മതിൽ തീർക്കുക എന്നത് അപ്രായോഗികമാണ്. അതുമാത്രമല്ല, അങ്ങനെ മതിൽ തീർത്തുവച്ചാൽ ആന ഏതെങ്കിലും രീതിയിൽ അത് തകർത്ത് പുറത്തുവരും. വനത്തിനകത്ത് മാത്രമല്ല, വനാതിർത്തിയോടുചേർന്നും അരുവികളുണ്ട്. ആനകളും ആനക്കൂട്ടങ്ങളും ഈ അരുവികളിൽനിന്നും വെള്ളം കുടിക്കാൻ വനത്തിന് പുറത്തു വരും. അവിടെയൊക്കെ ആനത്താരകളുമുണ്ട്. ഇവയെല്ലാം അടച്ചുവച്ചാൽ വലിയ പ്രത്യാഘാതം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി 100 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. അതിൽ 25 കോടി രൂപയുടെ വർക്കുകൾക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി തുക അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് പ്രതിരോധ മതിലുകൾ നിർമ്മിക്കുന്നതിനും മറ്റും ഉപയോഗിക്കുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കൃഷിനാശം സംഭവിക്കുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം ലഭിക്കുന്നത്. നഷ്ട

പരിഹാരത്തുക ഇപ്പോൾ ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ മനുഷ്യന് നേരെയുണ്ടാകുന്ന വന്യജീവി ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടാൽ നൽകിയിരുന്ന 5 ലക്ഷം രൂപ ഈ ഗവൺമെന്റ് 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു എന്നുമാത്രമല്ല ആക്രമണത്തിന് വിധേയമായി മരണപ്പെടുന്ന ആളിന്റെ വീട്ടിൽ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അവകാശികൾ ആരെന്ന് തീരുമാനിക്കുന്നതിനുമുമ്പുതന്നെ 5 ലക്ഷം രൂപ എത്തിച്ചുകൊടുക്കുകയും ബാക്കി അഞ്ച് ലക്ഷം രൂപ അവകാശ സർട്ടിഫിക്കറ്റ് സമർപ്പിച്ചതിനുശേഷം നൽകുകയും ചെയ്യുന്നുണ്ട്. വന്യജീവികളുടെ ആക്രമണത്തിന് വിധേയരാകുന്ന കർഷകർക്കും ജനങ്ങൾക്കും വേണ്ടി അനുകൂലമായ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്.

## പട്ടികവർഗ്ഗ വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ പുരോഗതി

3 (*363) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ പുരോഗതിക്കായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഇതിലൂടെ ഈ വിഭാഗത്തിന് സാമൂഹ്യപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വർഷങ്ങളായി ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും പല രംഗത്തും ഇവർ സമൂഹത്തിലെ മറ്റുള്ളവരോടൊപ്പം പുരോഗതി കൈവരിക്കാത്തത് ഇവർക്കായി നടപ്പിലാക്കുന്ന പദ്ധതികളിൽ ഉണ്ടായിട്ടുള്ള വീഴ്ചമൂലമല്ലേ എന്ന് അറിയിക്കുമോ; എങ്കിൽ നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ആവശ്യമായ തിരുത്തൽ നടപടികൾ കൈക്കൊള്ളുമോ;

(സി) പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സൗകര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി രൂപീകൃതമായ ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനം വിശദമാക്കുമോ; പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ലാന്റ് ബാങ്ക് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) കേരളത്തിൽ കാടർ, കുറുമ്പർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കൊറഗർ എന്നീ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട അഞ്ച് സമുദായങ്ങളാണ് പ്രത്യേക ദുർബല വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നത്. ഇതിന് പുറമെ അടിയൻ, പണിയൻ, മലപണ്ടാരം, ഹിൽപ്പുലയ, അരനാടൻ തുടങ്ങിയ സമുദായങ്ങളും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളാണ്.

പ്രത്യേക ദുർബല വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 13-ാം ധനകാര്യ കമ്മീഷൻ 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് 148 കോടി രൂപ അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ആരോഗ്യം, മണ്ണ് സംരക്ഷണം, പ്രാഥമിക വിദ്യാഭ്യാസം, പോഷകാഹാരം, കുടിവെള്ളം തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കിയത്. സുസ്ഥിര വികസനമായിരുന്നു പ്രസ്തുത പദ്ധതികൊണ്ടുദ്ദേശിച്ചിരുന്നത്. എന്നാൽ ഈ പദ്ധതിയിൽ 141.03 കോടി രൂപ ചെലവഴിച്ചുവെങ്കിലും ഉദ്ദേശലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്ന ഈ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്ക് ഊന്നൽ നൽകിയിട്ടുള്ള പദ്ധതികളുടെ അഭാവം ഒരു പ്രശ്നമായിരുന്നു. ഇതെല്ലാം കണക്കിലെടുത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രത്യേക ദുർബല വിഭാഗങ്ങളുടേത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ പരിശോധിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- വിദ്യാഭ്യാസ മേഖലയിൽ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കി.

- ഗോത്രഭാഷ അറിയാവുന്ന ഇവരുടെ ഇടയിലുള്ള അഭ്യസ്തവിദ്യരായ ബി.എഡ്./ടി.ടി.സി കഴിഞ്ഞവരെ മെന്റർ ടീച്ചർമാരായി ഗോത്ര ബന്ധു പദ്ധതി പ്രകാരം നിയമിക്കുകയുണ്ടായി.

- ഇതിനുപുറമെ പ്രത്യേക ദുർബല വിഭാഗങ്ങൾക്ക് പോലീസ്, എക്സൈസ് എന്നീ വകുപ്പുകളിൽ പ്രത്യേക നിയമനം നൽകുകയും ചെയ്തു.

- ഗോത്രജീവിക പദ്ധതിയുടെ ഭാഗമായി തൊഴിൽ നൈപുണ്യ പരിശീലനം നൽകുകയും നിർമ്മാണ മേഖലയിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു. വകുപ്പിന്റെ മിക്ക നിർമ്മാണ പ്രവൃത്തികളും ഈ സംഘങ്ങളാണ് നടപ്പിലാക്കിവരുന്നത്.

- ഭക്ഷ്യ സഹായ പദ്ധതി എല്ലാ ദുർബല വിഭാഗങ്ങൾക്കും എത്തിക്കാനായി കഴിഞ്ഞു.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പ്രത്യേക ദുർബല വിഭാഗമായ കൊറഗർക്കുവേണ്ടി മാത്രമായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചു.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുന്നതിന് പ്രത്യേക ഡ്രൈവ് നടത്തുകയും നിലവിലുള്ള ഒട്ടുമിക്ക സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴി നൽകിവരുകയും ചെയ്യുന്നു.

- വകുപ്പുതലത്തിൽ പ്രമോട്ടർമാരിലൂടെ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഡിജിറ്റൽ സർവ്വെ ആരംഭിക്കുകയും ഇപ്പോൾ അവസാന ഘട്ടത്തിലുമാണ്. ഇതിനായി എല്ലാ പ്രമോട്ടർമാർക്കും ഐപാഡ് നൽകിയും ആവശ്യമായ പരിശീലനം നൽകിയുമാണ് സർവ്വെ നടത്തി വരുന്നത്. ഈ സർവ്വെയിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക ദുർബ്ബല വിഭാഗത്തിൽപ്പെട്ട കാടർ, കുറുമ്പർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കൊറഗർ എന്നീ അഞ്ച് വിഭാഗങ്ങൾക്കും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന അടിയൻ, പണിയൻ, അരനാടൻ, മലപ്പണ്ടാരം, ഹിൽപ്പുലയ എന്നീ വിഭാഗങ്ങൾക്കും വേണ്ടി 2019-20 വർഷം മുതൽ പ്രത്യേക മൈക്രോ പ്ലാനുകൾ തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കാനായി ഉദ്ദേശിക്കുന്നു. ഇതിനായി ബഡ്ജറ്റിൽ അടിയ, പണിയ, പ്രത്യേക ദുർബല വിഭാഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്.

- വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ രണ്ട് കോളനികൾ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ, ആരോഗ്യ, ഭവന, നൈപുണ്യ വികസന പദ്ധതികളിലെല്ലാംതന്നെ പ്രത്യേക ദുർബല വിഭാഗങ്ങൾക്ക് ആവശ്യമായ പരിഗണന നൽകിവരുന്നു. പദ്ധതി നിർവ്വഹണത്തിലൂടെ ഈ വിഭാഗങ്ങളുടെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രത്യേക ദുർബ്ബല വിഭാഗത്തിന് 13-ാം ധനകാര്യ കമ്മീഷൻ 2010-11-ൽ അനുവദിച്ച 148 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കിയത് 2012-2016-ലെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മകൾ പരിഹരിച്ചാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഇപ്പോൾ പദ്ധതികൾ നടപ്പിലാക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗത്തിലെ ദുർബ്ബല വിഭാഗങ്ങളുടെ പുരോഗതിക്കായി നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതികളും അവരുടെ ആവശ്യങ്ങൾ പരിഗണിച്ച് ആസൂത്രണം ചെയ്ത് പൂർണ്ണമായും പ്രയോജനപ്രദമാകുന്ന വിധത്തിലാണ് നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസം, ഭവനം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതി പ്രവർത്തനങ്ങളിലും കൂടുതൽ സുതാര്യതയും കാര്യക്ഷമതയും കൈവരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഐ.ടി. സാങ്കേതിക വിദ്യയുടെ സഹായം കൂടുതലായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. യഥാർത്ഥ പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പട്ടികവർഗ്ഗ പ്രദേശത്തെ വികസന ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതും വികസന പദ്ധതികൾ നിർദ്ദേശിക്കുന്നതും ഊരുകൂട്ട തീരുമാനപ്രകാരമാണ്.

പദ്ധതി നിർവ്വഹണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തുന്ന തിനായി ധനകാര്യവകുപ്പ് ഓരോ വർഷവും പ്രധാനപ്പെട്ട പദ്ധതികൾ പഠനത്തിന് വിധേയമാക്കി വരുന്നു. ധനകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്മേൽ തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും രൂപീകരിക്കുന്നതിനായി വിളിച്ച് ചേർക്കുന്ന സമിതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രഗത്ഭരും ഊരുമൂപ്പന്മാരും ഉദ്യോഗസ്ഥരും ഓരോ പദ്ധതിയും വിലയിരുത്തുകയും ഇതിൽ ചൂണ്ടിക്കാണിക്കുന്ന പോരായ്മ പരിഹരിച്ച് പദ്ധതി രൂപീകരിക്കുകയും നിർവ്വഹണം നടത്തുകയുമാണ് ചെയ്തുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുന്നതിന് പ്രത്യേക ഡ്രൈവ് നടത്തുകയും നിലവിലുള്ള ഒട്ടുമിക്ക സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് നിലവിലുള്ളത്. നിലവിലുള്ള സ്ഥാപനങ്ങളിൽ 13092 കുട്ടികൾ താമസിച്ച് പഠനം നടത്തുന്നുണ്ട്.

പ്രീമെട്രിക് ഹോസ്റ്റലുകളിൽ 6670 അന്തേവാസികളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 34 അന്തേവാസികളും നിലവിൽ താമസിച്ച് വിവിധ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നു. പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ ഉയർത്തുന്നതിന് നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ, കിണർ നിർമ്മാണം എന്നിവയും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് സി.സി.ടി.വി., മിനിമാസ്റ്റ് എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അടുക്കളകളിൽ സ്റ്റീമർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 2017-18 വർഷം 90 ഹോസ്റ്റലുകളിലും 2018-19 വർഷം 108 ഹോസ്റ്റലുകളിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് പരമാവധി ഒരേക്കർ ഭൂമി വീതം നൽകുക എന്ന ലക്ഷ്യം നിറവേറ്റുവാൻവേണ്ടി 2001-ൽ രൂപീകരിച്ചതാണ് സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷൻ. ഭൂരഹിതർക്ക് ഭൂമി നൽകി പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, വനാവകാശ നിയമപ്രകാരം വ്യക്തിഗത, സാമൂഹിക, വികസന അവകാശങ്ങൾ നൽകുക, നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് ടി.ആർ.ഡി.എം. പ്രവർത്തിച്ചുവരുന്നത്.

സംസ്ഥാനത്ത് നാളിതുവരെയായി 9781 പേർക്ക് റവന്യൂ ഭൂമി, പ്രോജക്ട് ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവയിൽ ഉൾപ്പെടെ 11378 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ വനാവകാശ നിയമപ്രകാരം 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 972 കുടുംബങ്ങൾക്ക് 400.74 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 430 പേർക്ക് 163.73 ഏക്കർ ഭൂമി വിതരണം നടത്തി. വനാവകാശ നിയമപ്രകാരം 880 പേർക്ക് 1493 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകി. കൂടാതെ 1593 കുടുംബങ്ങൾക്ക് 1326.46 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തു. (ആകെ 2903 പേർക്ക് 2983 ഏക്കർ ഭൂമി നൽകി).

സംസ്ഥാനത്ത് ഭൂരഹിതരായി അവശേഷിക്കുന്ന 10943 കുടുംബങ്ങൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്നതാണ് ടി.ആർ.ഡി.എം.ന്റെ ലക്ഷ്യം. ഇതിലേയ്ക്കായി നിക്ഷിപ്ത വനഭൂമി, വനാവകാശ നിയമപ്രകാരമുള്ള ഭൂമി, ലാൻഡ് ബാങ്ക് പദ്ധതി എന്നിവയിലൂടെ സമയബന്ധിതമായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉത്തരം പറഞ്ഞ് അവസാനിപ്പിച്ചതിൽ നിന്നുതന്നെ ഞാൻ ചോദിക്കാം. ദുർബല വിഭാഗങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയം അവരുടെ വീടിന്റെ നിർമ്മാണമാണ്. കഴിഞ്ഞ മൂന്ന് വർഷമായി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ മാത്രമല്ല, പട്ടികജാതി വിഭാഗക്കാരുടെയും ഒരു വീടുപോലും നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ എത്രയോ വർഷങ്ങളായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയിൽ വകുപ്പ് നിശ്ചയിക്കുന്ന വീടുകളും ഗവൺമെന്റ് നിശ്ചയിക്കുന്ന വീടുകളും വളരെ കൃത്യമായി നിർമ്മിച്ചുവരികയാണ്. പത്തോ ഇരുപതോ ശതമാനം മാത്രമേ അടുത്ത വർഷത്തേയ്ക്ക് പോകുന്നുള്ളൂ. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയശേഷം കഴിഞ്ഞ മൂന്ന് വർഷമായി ഒരു വീടുപോലും നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. വളരെ പരിതാപകരമായ സ്ഥിതിയാണിത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ കുറേ വീടുകളുടെ നമ്പർ പറയാറുണ്ട്. ആ നമ്പർ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയാകാതെ നിന്നിരുന്ന വീടുകൾ പൂർത്തിയാക്കിയതാണ്. ഞങ്ങൾക്കറിയേണ്ടത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നാണ്; ഞങ്ങളുടെ അഭിപ്രായം വീടുകൾ വകുപ്പുതന്നെ നിർമ്മിക്കണമെന്നാണ്. ലൈഫ് പദ്ധതിയിൽ വീടുകളുടെ എണ്ണം കൂട്ടാനാണെങ്കിൽ അത് ലൈഫ് പദ്ധതിയുടെ കൂടെ പറഞ്ഞോളൂ. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ഒരു വീടുപോലും നിർമ്മിച്ചുനൽകാൻ കഴിയാത്ത ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ച കാര്യങ്ങൾ വസ്തുതാപരമായി ശരിയല്ല. ഞാൻ കൃത്യമായിട്ടുള്ള കണക്ക് പറയാം. എല്ലാ ആഴ്ചയും ക്യാബിനറ്റ് കഴിഞ്ഞാൽ ഞാൻ റിവ്യൂ ചെയ്യാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽ നിന്നും കിട്ടുന്ന കണക്ക് എന്റെ കയ്യിലുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്പിൽ ഓവർ ആയി 13,360 വീടുകളാണുണ്ടായിരുന്നത്. സ്പിൽ ഓവർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പഴയ ഗവൺമെന്റിന്റേത് എന്നാണ്. അതിനേക്കാൾ മുമ്പേ ഉണ്ടായിരുന്ന ഗവൺമെന്റിന്റേതും ഉണ്ടായിരുന്നു. അതിൽ 9,269 വീടുകളാണ് ഇപ്പോൾ പൂർത്തിയായത്. സ്പിൽ ഓവറിൽ 7,091 വീടുകൾ ഇപ്പോഴും ബാക്കിയാണ്. അതിന്റെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ രണ്ട് വർഷം ഞങ്ങൾ ലൈഫ് പദ്ധതിയിൽ പണി കൊടുത്തിട്ടേയില്ല, ഡിപ്പാർട്ടുമെന്റ് തന്നെയാണ് ചെയ്തത്.

2016-17, 2017-18 വർഷങ്ങളിൽ 23,801 വീടുകളാണ് അനുവദിച്ചത്. അതിൽ 16,845 വീടുകൾ പൂർത്തിയായി; 6,956 വീടുകളാണ് ബാക്കിയുള്ളത്. ഞാൻ ഇപ്പോൾ പറയുന്നത് പട്ടികജാതി വിഭാഗത്തിന് അനുവദിച്ച വീടുകളെ സംബന്ധിച്ചാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിൽ സ്പിൽ ഓവറായി 22,648 വീടുകളാണുണ്ടായിരുന്നത്. അതിൽ 19,985 വീടുകൾ പൂർത്തിയായി; 2,663 വീടുകളാണ് ബാക്കിയുള്ളത്. ഇത് സ്പിൽ ഓവറിന്റെ കണക്കാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ ആദ്യത്തെ രണ്ട് വർഷം പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി 7,617 വീടുകൾ അനുവദിച്ചു. അതിൽ 398 വീടുകൾ പൂർത്തിയായി; ബാക്കിയുള്ളത് 7,219 വീടുകളാണ്. ഇപ്പോൾ അവ ലൈഫ് പദ്ധതിയിലേയ്ക്ക് കൊടുത്തുകഴിഞ്ഞു. ലൈഫ് പദ്ധതിയിൽ സ്പിൽ ഓവറിൽ 53,000 വീടുകളാണുണ്ടായിരുന്നത്. അതിൽ 50,000 വീടുകളും ഇപ്പോൾ പൂർത്തീകരിച്ചു. പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ മാത്രമല്ല, മൊത്തത്തിലുള്ള കണക്കാണ് ഞാൻ പറയുന്നത്. ..... (ബഹളം) .....

<u>മി. സ്പീക്കർ</u>: പ്ലീസ്.....അദ്ദേഹം പറയട്ടെ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നിങ്ങൾക്ക് വിവരാവകാശം വഴി ചോദിച്ചാൽ ലൈഫ് പദ്ധതിയുടെ ഡീറ്റെയിൽസ് കിട്ടും. .....(ബഹളം) ..... സർ, ഞാൻ പറയട്ടെ.

<u>മി. സ്പീക്കർ</u>: അങ്ങ് പറയൂ....

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, സ്പിൽ ഓവറായി ഉണ്ടായിരുന്ന 53,000 വീടുകളിൽ 50,000 വീടുകൾ ലൈഫ് പദ്ധതിയിൽ പൂർത്തീകരിച്ചു. .........(ബഹളം) ......

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.....ഇല്ല. ഇല്ല. അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ പറഞ്ഞിട്ടില്ല..........(ബഹളം)...... നിയമസഭയേക്കാളും വലുതാണെന്ന് പറഞ്ഞിട്ടില്ല....

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, എന്താണിത്? മറുപടി പറയാൻ സമ്മതിക്കില്ലേ?

<u>മി. സ്പീക്കർ</u>: അദ്ദേഹം മറുപടി പറയട്ടെ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റേതുമായി ബന്ധപ്പെട്ട മറുപടി ഞാൻ പറഞ്ഞു.....(ബഹളം)...... ഇനി ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് പറയാൻ പോകുന്നത്. അത് പറയാനുള്ള അവകാശം എനിക്കില്ലേ? അതിൽ 53,000 വീടുകൾ...............(ബഹളം) ......

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞ് കഴിഞ്ഞതിനുശേഷം ചോദിച്ചോളൂ.

ശ്രീ. എ. കെ. ബാലൻ: സർ, 53,000 വീടുകളാണ് അവർ ലൈഫ് പദ്ധതിയിൽ സ്പിൽ ഓവറായി എടുത്തത്. അതിൽ 50,000 വീടുകളുടെ പണി പൂർത്തീകരിച്ചു. രണ്ടാം സ്റ്റേജിൽ അവർ എടുത്തത് 1,38,000 വീടുകളാണ്. സ്ഥലം ഉണ്ടായിരുന്നിട്ടും വീടില്ലാത്ത ആൾക്കാരെ ഉൾപ്പെടുത്തിയുള്ളതാണിത്. ആ പണി ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. മൂന്നാം സ്റ്റേജിൽ സ്ഥലവും വീടുമില്ലാത്ത 2,50,000 ആൾക്കാരുടെ വീടുകളാണ് എടുത്തത്. ആ നടപടി ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞു. ഇത് മൂന്നും സിൻക്രണൈസ് ചെയ്തുപോകുകയാണ്. ഇതാണ് ലൈഫ് പദ്ധതിയുടെ കാര്യം. നേരത്തെ ഞാൻ പറഞ്ഞത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റേതാണ്. അതിൽ ഒരു വീടിന്റെ വ്യത്യാസമുണ്ടെങ്കിൽ ഇവർ പറയുന്നത് ഞാൻ അംഗീകരിക്കാം. കാരണം, ഞാൻ ഇത് കൃത്യമായി റിവ്യൂ നടത്തുന്നതിനാൽ എനിക്കറിവുള്ളതാണ്; ഓരോ ആഴ്ചയുമുള്ള കണക്ക് എനിക്കറിയില്ലേ; എല്ലാ ജില്ലാ ഓഫീസർമാരോടും ഓരോ ആഴ്ചയും ചോദിക്കുന്നതല്ലേ; എനിക്കറിയില്ലേ? അതുകൊണ്ട് കളവ് പറയേണ്ട ഒരാവശ്യവുമില്ല. ഇത് കണക്കാണ്; കണക്ക് തെറ്റില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, പാർലമെന്റിൽ ശ്രീ. നരേന്ദ്ര മോദി സ്വീകരിക്കുന്ന സമീപനം ശ്രീ. എ. കെ. ബാലൻ നിയമസഭയിൽ സ്വീകരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയോട് എന്തുചോദിച്ചാലും നിങ്ങൾ വിവരാവകാശത്തിലൂടെ ചോദിച്ചോളൂ എന്ന് പറയും. പാർലമെന്റ് മെമ്പർമാരുടെ ഏറ്റവും വലിയ ആക്ഷേപം ഇതാണ്. ഈ സഭയ്ക്കാണ് പരമാധികാരം. ദയവായി ആ വാചകം അങ്ങ് ഡിലീറ്റ് ചെയ്യണം. ഡിലീറ്റ് ചെയ്താലും ബഹുമാനപ്പെട്ട മന്ത്രി അത് പിൻവലിക്കണം. ഈ സഭയ്ക്കാണ് പരാമാധികാരം.

മി. സ്പീക്കർ: ചോദ്യത്തിന് അദ്ദേഹം ഉത്തരം പറഞ്ഞില്ലേ? സഭയിൽ ഉയർന്ന ചോദ്യത്തിന് അദ്ദേഹം ഉത്തരം നൽകി ........(ബഹളം) ...... ചോദ്യത്തിന് അദ്ദേഹം ഉത്തരം നൽകി .... സപ്ലിമെന്ററായി നിങ്ങൾക്ക് വേണമെങ്കിൽ അതുകൂടി ശേഖരിക്കാമെന്ന് പറഞ്ഞു. അതാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലെ ആദ്യത്തെ വാചകം വസ്തുതാപരമായി ശരിയാണെന്നാണ് ഞാൻ പറഞ്ഞത്. ഉത്തരത്തിലെ പട്ടികവർഗ്ഗ വകുപ്പിന് ഈ ഗവൺമെന്റ് വന്നതിനുശേഷം ലൈഫ് പദ്ധതിയിൽപ്പെടുത്താതെ ആദ്യ രണ്ട് വർഷക്കാലം ഏഴായിരത്തിലധികം വീടുകൾ പണിയാൻ ഉണ്ടായിട്ടും മുന്നൂറിലധികം വീടുകൾ മാത്രമാണ് പണിതത്. മൂന്നാമത്തെ വർഷം ലൈഫ് പദ്ധതിയിലേയ്ക്ക് കൊടുത്തു. ഒന്നും പണിതില്ല. അതായത് മൂന്ന് വർഷക്കാലം കൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആകെ പണിത വീടുകൾ മുന്നൂറാണ്. അത് പരിശോധിക്കപ്പെടേണ്ട കാര്യം തന്നെയാണ്.

എന്റെ രണ്ടാമത്തെ ചോദ്യം, നേരത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ എല്ലാ സ്ഥലത്തും അവരുടെ ഫീസ് കൊടുക്കുന്നതുപോലെ സെൽഫ് ഫിനാൻസിംഗ് ആർട്സ് ആന്റ് സയൻസ് കോളേജിൽക്കൂടി അവർക്ക് കൊടുത്തിരുന്നു. പിന്നീട് അത് നിർത്തലാക്കി. ഇപ്പോൾ കുട്ടികളുടെ മാർക്ക് വളരെയധികം വർദ്ധിച്ചു. അതുകൊണ്ട് റെഗുലർ കോളേജുകളിൽ കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നില്ല. ഇന്നലെ എന്നെ ഒരു കുട്ടി വിളിച്ചു, എൺപത് ശതമാനം മാർക്കുണ്ടായിട്ടും ഒരു പട്ടികജാതി വിദ്യാർത്ഥിക്ക് എറണാകുളം ജില്ലയിലെ ഒരു കോളേജിൽപോലും അഡ്മിഷൻ കിട്ടിയിട്ടില്ല. സ്വാഭാവികമായും അവർ സെൽഫ് ഫിനാൻസിംഗ് കോളേജിൽ പോകും. അങ്ങനെ റെഗുലർ കോളേജിൽ അഡ്മിഷൻ കിട്ടാതെ സെൽഫ് ഫിനാൻസിംഗ് കോളേജിൽ പോകുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അവരുടെ ഫീസ് കൊടുക്കാൻ വേണ്ടിയിട്ടുള്ള ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, നേരത്തെയുള്ള ചോദ്യത്തിലെ വീടിന്റെ കാര്യം കൂടി പറഞ്ഞിട്ട് ഞാൻ ഇതിലേയ്ക്ക് കടക്കാം. സ്പിൽ ഓവറിൽ 22,648 വീടുകളാണ് പട്ടികവർഗ്ഗത്തിലുണ്ടായിരുന്നത്. ഇത് പഴയതാണ്. അതിൽ 19,985 വീടുകളുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. പുതിയ വീടുകളുടെ പണി ആദ്യത്തെ വർഷം കഴിയില്ല, ഒരു കാലഘട്ടത്തിലും കഴിയില്ല. ഏറ്റവുമധികം സ്പിൽ ഓവർ വീടുകളും അനുവദിച്ച വീടുകളും പൂർത്തീകരിച്ച കാലഘട്ടം എൽ.ഡി.എഫിന്റേതാണ്.

ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് കറക്ടാണ്. എയ്ഡഡ്, ഗവൺമെന്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇപ്പോൾ ഒരു ബുദ്ധിമുട്ടുമില്ല. അവർക്ക് കൃത്യമായി, ടൈം ബൗണ്ടായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നു. ഹോസ്റ്റൽ സൗകര്യങ്ങൾ യുനിസെഫ് മാതൃകയിലാണ്. ഏതെങ്കിലും ഒരു ഹോസ്റ്റലിൽ പോയിക്കഴിഞ്ഞാൽ ഒരു കുട്ടിക്കും ഒരാക്ഷേപവും ഉണ്ടാകില്ല. എന്നാൽ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ഫീസുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരമൊരു ആക്ഷേപം വന്നിട്ടുണ്ട്.

മി. സ്പീക്കർ: എയ്ഡഡ് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലും.....

ശ്രീ. എ. കെ. ബാലൻ: സർ, അതിൽ ഒരു പ്രശ്നവുമില്ല. സെൽഫ് ഫിനാൻസിംഗ് കോളേജിന്റേതാണ് പ്രശ്നം. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും ഫീസുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പ്രശ്നം നമ്മുടെ മുമ്പിൽ വരുന്നു. പല സ്ഥലത്തും എൻറോൾമെന്റ് ഉണ്ടാവില്ല. മാനേജ്മെന്റ് ഒരു എൻറോൾമെന്റ് ഉണ്ടാക്കും. എന്നിട്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പേരിൽ ഫീസ് വാങ്ങുകയും ചെയ്യും. ഇങ്ങനെയുള്ള

മാനിപ്പുലേഷൻസ് ചില സ്ഥലങ്ങളിൽ ഉള്ളതുകൊണ്ട് പ്രശ്നമുണ്ടായിട്ടുണ്ട്. എന്നാലും ശ്രീ. വി. ഡി. സതീശൻ പറഞ്ഞ, അർഹതപ്പെട്ട, മെറിറ്റിൽ വന്ന സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഗവണ്മെന്റ് പരമാവധി ശ്രമിക്കും. സാമ്പത്തികമായിട്ടുള്ള ഒരു ക്രൈസിസ് ശ്രീ. വി. ഡി. സതീശനും അറിയാമല്ലോ? നമുക്ക് നിർലോഭം സാമ്പത്തികസഹായം കൊടുക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം വന്നിട്ടുണ്ട്. എന്നാലും ഇത് പരിശോധിക്കുന്നതായിരിക്കും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇന്ന് ചോദ്യം ചോദിച്ചപ്പോൾ, വിദ്യാഭ്യാസ മേഖലയിൽ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിന് വിദ്യാഭ്യാസ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 'സാമൂഹ്യ പഠന മുറി' പദ്ധതി നടപ്പിലാക്കി എന്ന് ഉത്തരത്തിൽ പറയുന്നുണ്ട്. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നല്ലൊരു ശതമാനം കുട്ടികളും തോൽവിമൂലം പഠനം നിർത്തിപ്പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ വീണ്ടും പരീക്ഷ എഴുതി വിജയിപ്പിക്കുവാൻ സർക്കാർ സഹായത്തോടുകൂടി എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, സ്വാശ്രയ, അൺ-എയ്ഡഡ് കോളേജുകളിൽ രണ്ടര ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഇപ്പോൾ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. അത് കേന്ദ്രത്തിൽ നിന്ന് റീ-ഇംബേഴ്സ് ചെയ്ത് കിട്ടുകയും ചെയ്യും. രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള കാര്യമാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. തോൽക്കുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിനാവശ്യമായ പാക്കേജ് ഇപ്പോഴുണ്ട്. അതിലൊരു ബുദ്ധിമുട്ടുമില്ല. ഒരു വർഷത്തേയ്ക്ക് അവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാകും. ഇപ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം നമുക്കൊന്നും ഊഹിക്കാൻപോലും പറ്റാത്ത രൂപത്തിൽ വർദ്ധിക്കുകയാണ്. എം. ആർ. എസ്.-കളിലെ നിലവാരമെന്ന് പറയുന്നത് നൂറ് ശതമാനം പാസ്സാണ്. അതുപോലെതന്നെ 20 എം. ആർ. എസ്.-കൾക്ക് പുറമേ പട്ടികവർഗ്ഗ മേഖലയിൽ 9 പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളും 105 പ്രീ മെട്രിക് സ്ഥാപനങ്ങളുമുണ്ട്. ഈ സ്ഥാപനങ്ങളിലൊക്കെ പഠിക്കുന്ന കുട്ടികൾക്ക് ഹോസ്റ്റലുകളിൽ ഇപ്പോൾ ഞങ്ങൾ പ്രത്യേക സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. തോറ്റതിനുശേഷം തുടർന്നും പഠിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഒരു വർഷം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഇന്ന് യൂണിവേഴ്സിറ്റികളാണ് കുട്ടികൾക്ക് ഫസ്റ്റ് അലോട്ട്മെന്റ് കൊടുക്കുന്നത്. എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും സ്വാശ്രയ കോളേജുകളിലും കുട്ടികൾക്ക് അലോട്ട്മെന്റ് കൊടുക്കുന്നുണ്ട്. മറ്റ് കൃത്രിമങ്ങളൊന്നുമില്ലാതെ, യൂണിവേഴ്സിറ്റികൾ അനുവദിക്കുന്ന സീറ്റുകളിൽ

പ്രവേശനം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കെങ്കിലും ഫീസ് കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. സുപ്രീംകോടതി പറഞ്ഞ വനാവകാശനിയമം വച്ച് ഭൂമി കൊടുക്കുന്ന കാര്യത്തിൽ നമുക്ക് ഇതുവരെ ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. മലപ്പുറത്ത് കേന്ദ്രസംഘം വന്ന് 203 ഹെക്ടർ വനഭൂമി ആദിവാസികൾക്ക് പതിച്ച്, വേർതിരിച്ച് കൊടുത്തതാണ്. പക്ഷേ വനം വകുപ്പ് അത് റവന്യൂ വകുപ്പിന് കൊടുക്കാത്തതിനാൽ ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ കഴിയുന്നില്ല. ഇത്തരം സാങ്കേതിക തടസ്സങ്ങളാൽ പാവപ്പെട്ട ആദിവാസികൾക്ക് ലഭിക്കേണ്ട വനഭൂമി അവർക്ക് കിട്ടാത്ത സാഹചര്യമുണ്ട്. അത് എത്രയും പെട്ടെന്ന് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, രണ്ടര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ സ്വാശ്രയ-അൺ-എയ്ഡഡ് മേഖലയിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്. കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ളവർക്ക് മുൻപും ആനുകൂല്യം കൊടുത്തിട്ടില്ല; മുൻ ഗവൺമെന്റും കൊടുത്തിട്ടില്ല. അക്കാര്യം പരിശോധിക്കാമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്.

കേന്ദ്ര വനാവകാശനിയമം ഫലപ്രദമായി നടപ്പിലാക്കിയിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. 33000 അപേക്ഷകളിൽ 25000 അപേക്ഷകൾ തീർപ്പാക്കി RoR കൊടുത്തുകഴിഞ്ഞു. RoR-ന് എന്തെങ്കിലും പോരായ്മകളുണ്ടോയെന്ന് നമുക്ക് പിന്നീട് പരിശോധിക്കാം. 11600 ആദിവാസികൾക്കാണ് ഇനി ഭൂമി കൊടുക്കാനുള്ളത്. കേന്ദ്ര വനാവകാശ നിയമപ്രകാരം കുറച്ചു ഭൂമികൂടി കൊടുക്കാൻ സാധിക്കും. അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചതുപോലെ കേന്ദ്രം നമുക്ക് അനുവദിച്ച വനഭൂമി പരിപൂർണ്ണമായും ആദിവാസികൾക്ക് കൊടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം താമസയോഗ്യമായ 6000 ഏക്കർ ഭൂമി കൊടുക്കുന്നതോടൊപ്പം 2000-ത്തോളം ഏക്കർ ഭൂമി കൂടി വിലയ്ക്ക് വാങ്ങാം. അങ്ങനെ ഒരു വർഷംകൊണ്ട് ശാശ്വതമായി ആദിവാസികളുടെ ഭൂപ്രശ്നം കേരളത്തിൽ പരിഹരിച്ചിരിക്കും. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു.

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ..... പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട ചോദ്യമായതുകൊണ്ട് നമ്മൾ മൂന്ന് മിനിറ്റ് അധികം എടുത്തു. ക്ഷമിക്കണം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇ.എസ്.ഐ. ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ

4 (*364) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും തൊഴിലാളികൾക്ക് ലഭിക്കുന്ന സേവനങ്ങൾ അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികൾക്ക് കൂടുതൽ സാമ്പത്തികസഹായം നൽകാനും കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്താനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഓരോ ഇ.എസ്.ഐ. ആശുപത്രികളിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ. ആശുപത്രികളിൽ ടോക്കൺ സിസ്റ്റം സ്ഥാപിച്ചു. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് 7 ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ആശുപത്രികളിൽ അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഫെറോക്ക് ഇ.എസ്.ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻവഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്ന് വിതരണം ചെയ്യുന്നു. കൂടാതെ സ്പെഷ്യൽ ഇന്റന്റ് വഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി വിതരണം ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്ത് ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനുവേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ. ആശുപത്രികളിൽ 'ഫുള്ളി ഓട്ടോമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ' സ്ഥാപിച്ചു. പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകളും പവർ ലോൺട്രി സംവിധാനവും സ്ഥാപിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു. എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ഹെൽപ് ഡെസ്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചയ്ക്കുശേഷവും ലബോറട്ടറി സൗകര്യം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

2019-20 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ 9 ആശുപത്രികളിലും ഐ.സി.യു. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 5 ബെഡ് ഡയാലിസിസ് യൂണിറ്റ്, ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ കീമോതെറാപ്പി

യൂണിറ്റ്, 8 ആശുപത്രികളിൽ സി.സി.ടി.വി. എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. കൂടാതെ ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം ഇ.എസ്.ഐ. ഗുണഭോക്താക്കളുടെ ചികിത്സയ്ക്കായി 77.05 കോടി രൂപയും പ്ലാൻ ഫണ്ടായി 2.01 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 10.17 കോടി രൂപയുടെ പ്രൊപ്പോസലിന് പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ മുഖേന ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിനത്തിൽ 2.50 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിലുണ്ടാകുന്ന അടിയന്തര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ 30-4-2019-ലെ 54.V.37.11.10 Constn. കത്ത് പ്രകാരം ഓരോ ആശുപത്രിക്കും Imprest Money ആയി 50000 (അമ്പതിനായിരം) രൂപാ വീതം അനുവദിച്ചിട്ടുണ്ട്.

## ഇതര സംസ്ഥാന പാലിന്റെ ഗുണനിലവാരം

5 (*365) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിതരണത്തിനായി കൊണ്ടുവരുന്ന പാലിൽ കൊഴുപ്പ്, രുചി എന്നിവ ലഭിക്കുന്നതിനായി ആന്റിബയോട്ടിക്കുകളും മറ്റ് ചില രാസപദാർത്ഥങ്ങളും ചേർക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിശോധിക്കുന്നതിനുള്ള ചെക്ക് പോസ്റ്റുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കുമോ; കൂടുതൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇത്തരത്തിൽ പാലിൽ മായം കലർത്തുന്നവരെ നിയന്ത്രിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ജനുവരി മുതൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനയ്ക്കായി ശേഖരിച്ച 283 സാമ്പിളുകൾ ശ്രീലക്ഷ്മി, കൊല്ലം എന്ന ബ്രാൻഡ് പാലിൽ മാത്രം Maltodextrin എന്ന രാസപദാർത്ഥത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക് പോസ്റ്റ് പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധന ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഓണം തുടങ്ങിയ ആഘോഷവേളകളിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം. റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷ വേളകളിലും ശബരിമല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

2018 ജനുവരി മുതൽ പരിശോധനയ്ക്കായി ശേഖരിച്ച 283 സാമ്പിളുകളിൽ 7 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതിനാൽ ഇവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടിയും ശ്രീലക്ഷ്മി, കൊല്ലം എന്ന ബ്രാൻഡ് പാലിൽ ലാബ് പരിശോധനയിൽ Maltodextrin എന്ന രാസപദാർത്ഥത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ പ്രോസിക്യൂഷൻ നടപടിയും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## വനമേഖലയുടെ വിസ്തീർണ്ണം

6 (*366) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണം വർദ്ധിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ അറിയിക്കുമോ; വനാവരണ വർദ്ധനവ് വരുത്തിയ സംസ്ഥാനങ്ങളുടെ ഇടയിൽ കേരളം എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ;

(ബി) വനസംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉൾവനപ്രദേശങ്ങളിൽ ഇന്റീരിയർ പ്രൊട്ടക്ഷൻ ക്യാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധരേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നുണ്ടോ; ഇതിനായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ വനമേഖലയുടെ വിസ്തീർണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ല. വനവിസ്തൃതി എന്നത് റിസർവ് വനത്തിന്റെയും നിക്ഷിപ്ത വനത്തിന്റെയും പരിസ്ഥിതി ദുർബല പ്രദേശത്തിന്റെയും പ്രൊപ്പോസ്ഡ് റിസർവ്വിന്റെയും ആകെ തുകയാണ്. ഇത് വർദ്ധിച്ചിട്ടില്ല. ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് ഫോറസ്റ്റ് 2017-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 'ഫോറസ്റ്റ് കവർ'-ന് (വന ആവരണം) 1043 ച.കി.മീ. വർദ്ധനവുണ്ടായിട്ടുണ്ട്. വനത്തിന് വെളിയിലുള്ള പ്ലാന്റേഷനുകളുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവാണ് വനാവരണത്തിൽ വർദ്ധനവുണ്ടാകാൻ പ്രധാന കാരണം. പ്രസ്തുത റിപ്പോർട്ട് പ്രകാരം വനാവരണം വർദ്ധിപ്പിക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്.

(ബി) വന സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉൾവനങ്ങളിൽ ഇന്റീരിയർ പ്രൊട്ടക്ഷൻ ക്യാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018-19-ൽ സ്ഥാപിച്ചിട്ടുണ്ട്.

**കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ**

7 (*367) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കന്നുകാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) മൊത്തം കാലിസമ്പത്തിന്റെ എത്രശതമാനമാണ് സങ്കരയിനം എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനാവശ്യമായ മാംസം, പാൽ എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുവാനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. ഇന്ററസ്റ്റ് സബ് -വെൻഷൻ സ്കീം:

   മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ബാങ്ക് ലോണുകളുടെ പലിശയ്ക്ക് പരമാവധി 5000 രൂപ വരെ സബ്സിഡി നൽകി ക്ഷീരമേഖലയെ പ്രോൽസാഹിപ്പിക്കുന്നു.

2. ഗോവർദ്ധിനി- കന്നുകുട്ടി പരിപാലന പദ്ധതി :

   സംസ്ഥാനത്ത് പ്രതിവർഷം ശരാശരി 4 ലക്ഷത്തോളം കന്നുകുട്ടികൾ ജനിക്കുന്നതായാണ് കണക്കാക്കുന്നത്. ഇതിൽ 2 ലക്ഷത്തോളം പശുക്കുട്ടികളാണ്. ഇപ്രകാരം ജനിക്കുന്ന മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം ലഭിക്കുന്നില്ല. ഇതിനാൽ പശുക്കുട്ടികളെ ദത്തെടുത്ത് മൃഗ സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന -ഗോവർദ്ധിനി പദ്ധതികളുടെ കീഴിൽ കൊണ്ടുവരുന്ന കന്നുകുട്ടിയുടെ വളർച്ച ലക്ഷ്യമാക്കി ശാസ്ത്രീയമായ തീറ്റയുടെ ആവശ്യകത കണക്കാക്കി സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും ശാസ്ത്രീയ പരിപാലനവും ഉറപ്പാക്കുന്നു. ഒരു പശുകുട്ടിക്ക് 12,500 രൂപ സബ്സിഡി നൽകുന്നു.

3. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി) :

സംസ്ഥാനത്ത് ലഭ്യമായ കന്നുകാലി പദ്ധതികളിൽവച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ ഉരുക്കൾക്കും ക്ഷീരകർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

4. വെറ്ററിനറി സേവനം :

രാത്രികാല സേവനങ്ങൾ, കർഷകരുടെ വീട്ടുപടിക്കൽ അടിയന്തര മൃഗചികിത്സാ സേവനം എന്നിവ നൽകിവരുന്നു.

5. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി

6. മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ :

അതാത് മേഖലാടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പ്രോജക്ടുകൾ മൃഗ സംരക്ഷണ വകുപ്പിന്റെ സഹായമായി ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. 2019-20-ൽ 20 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കും.

7. ഊർജ്ജിത കന്നുകാലി വികസന പദ്ധതി :

കൃത്രിമ ബീജധാനം നടത്തി മെച്ചപ്പെട്ട കന്നുകുട്ടികളെ ഉൽപ്പാദിപ്പിക്കുന്നു. കൃത്രിമ ബീജധാനത്തിനുവേണ്ടി എല്ലാ വർഷവും 630 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. രോഗപ്രതിരോധ പദ്ധതികൾ :

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് (ADCP) ആണ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വർഷംതോറും രണ്ട് തവണ വീതം സംഘടിപ്പിക്കുന്ന ഭവന സന്ദർശനം വഴി സംസ്ഥാനത്ത് മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന ഗോരക്ഷാ പദ്ധതിയാണ് ഇതിൽ പ്രധാനം. കൂടാതെ ആട് വസന്ത, കോഴി-താറാവ് രോഗങ്ങൾ എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പുകളും എ.ഡി.സി.പി. സംഘടിപ്പിക്കുന്നു. കന്നുകാലി രോഗനിയന്ത്രണ പദ്ധതിയുടെ ആസ്ഥാന മന്ദിരം തിരുവനന്തപുരം ജില്ലയിലെ കുടപ്പനകുന്നിൽ പ്രവർത്തനമാരംഭിച്ചു.

9. <u>കർഷകർക്ക് നഷ്ടപരിഹാരം</u> :

വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങി മരണം, വൈദ്യുതാഘാതം, സൂര്യതാപം, മറ്റ് അപകടങ്ങൾ, പ്രകൃതി ദുരന്തം, ആന്ത്രാക്സ്, പേവിഷബാധ, ആട് വസന്ത, താറാവ് വസന്ത, പക്ഷിപ്പനി തുടങ്ങിയവമൂലം ഉരുക്കൾ/ കോഴി-താറാവ് എന്നിവ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിയ്ക്കുള്ള വിഹിതം 40 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു. മറ്റ് സ്രോതസ്സുകളിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കാത്തതും ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതുമായ കർഷകർക്ക് പദ്ധതി വലിയ ഒരു ആശ്വാസമാണ്.

(ബി) മൊത്തം കാലിസമ്പത്തിന്റെ 94 ശതമാനവും സങ്കരയിനത്തിലുള്ളതാണ്.

(സി) മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ പാൽ, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുവാനായിട്ടുള്ളതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ മൃഗചികിത്സാ സേവനം, പ്രജനന പ്രവർത്തനങ്ങൾ, കന്നുകാലി, ആട്, പന്നി, കോഴി, താറാവ് വികസന പദ്ധതികൾ, കർഷക പരിശീലന പരിപാടികൾ, സംരംഭകത്വ വികസന പദ്ധതി, മൃഗസമ്പത്ത് വർദ്ധിപ്പിക്കൽ പദ്ധതി എന്നിവയെല്ലാം മേൽ പ്രവർത്തനം ത്വരിതപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ളതാണ്.

2018-19-ൽ വ്യാവസായികാടിസ്ഥാനത്തിൽ 20 ആടുകളടങ്ങുന്ന 140 ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു. 1 യൂണിറ്റിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി. 2019-20-ലും പ്രസ്തുത പദ്ധതി തുടരും. 5 പെണ്ണാടും 1 മുട്ടനാടും നൽകുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് 25000 രൂപ ധനസഹായം ലഭിക്കും. ഒരു യൂണിറ്റിന് 10000 രൂപ ധനസഹായം നൽകി. ഓണാട്ടുകര മേഖല വരുന്ന കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19-ൽ കൊല്ലം ജില്ലയിൽ 440 യൂണിറ്റുകളും ആലപ്പുഴ ജില്ലയിൽ 555 യൂണിറ്റുകളും നടപ്പിലാക്കി. കഴിഞ്ഞ വർഷം 995 യൂണിറ്റുകൾ സ്ഥാപിച്ചു. 2019-20 സാമ്പത്തിക വർഷവും പദ്ധതി തുടരും. കോഴിയിറച്ചിയുടെ ആഭ്യന്തര ഉൽപ്പാദനത്തിലും വിപണനത്തിലും വില നിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ എന്നിവയുടെ സംയുക്ത സംരംഭമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "കേരള ചിക്കൻ" പദ്ധതി. കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തുന്ന കോഴികൾ വിപണന പ്രായമെത്തുമ്പോൾ ശരീര തൂക്കത്തിന് കിലോഗ്രാമിന് 85 രൂപ നിരക്കിൽ കെപ്കോ മുഖേന വാങ്ങി വിപണനം നടത്തുവാനാണ് നിലവിൽ ധാരണയായിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ വീതം ആകെ 20 യൂണിറ്റ് പൈലറ്റ് പ്രോജക്ടായി നിലവിൽ നടപ്പിലാക്കിവരുന്നു, ഘട്ടം ഘട്ടമായി വരുന്ന 4 വർഷംകൊണ്ട് മൊത്തം 5000 യൂണിറ്റുകൾ സംസ്ഥാനമൊട്ടാകെ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളുടെ സംരക്ഷണം

8 (*368) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലാരംഭത്തിൽത്തന്നെ കടലാക്രമണം ശക്തമായ സാഹചര്യത്തിൽ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) കിഫ്ബി വഴി പുലിമുട്ട് നിർമ്മാണത്തിനുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ; പദ്ധതിയുടെ നിർവ്വഹണ ചുമതല നൽകിയിരിക്കുന്ന കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പണി ആരംഭിച്ചിട്ടുണ്ടോ;

(സി) കടൽത്തീരത്തെ മാറ്റങ്ങൾ മനസിലാക്കി ഉചിതമായ തീരസംരക്ഷണമാർഗം അവലംബിക്കുന്നതിനുവേണ്ട പഠനം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുള്ള ജൂൺ-ജൂലൈ മാസങ്ങളിൽ തീരദേശവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി ഹ്രസ്വ കാലാടിസ്ഥാനത്തിലും ദീർഘ കാലാടിസ്ഥാനത്തിലും തീരസംരക്ഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാറുണ്ട്. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള കരിങ്കൽഭിത്തി നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കി വരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകൾ മണൽ നിറച്ച് അടിയന്തരമായി കടൽ തീരത്തെ സംരക്ഷിച്ചുവരുന്നു. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധനത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി. ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം യുദ്ധകാലാടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് എല്ലാ ഓഫീസർമാർക്കുംവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കടലാക്രമണം നേരിടുവാനായി അടിയന്തരമായി താൽക്കാലിക പ്രതിരോധ പ്രവർത്തനങ്ങൾക്കു വേണ്ടി 22.5 കോടി രൂപ 15-6-2019-ന് അനുവദിച്ചിട്ടുണ്ട്.

(ബി) കിഫ്ബി വഴി ആലപ്പുഴയിലെ വട്ടച്ചാൽ, പതിയാങ്കര, കാട്ടൂർ, ആറാട്ടുപുഴ, അമ്പലപ്പുഴ എന്നിവിടങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിനായി 184.01 കോടി രൂപയുടെ 5 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകി ഉടൻ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടിയെടുത്തുവരുന്നു.

(സി) വിവിധ തീരപ്രദേശങ്ങളിലെ തീരദേശ വ്യതിയാനം 'Littoral Drift' (കരയ്ക്ക് സമാന്തരമായുള്ള മണലിന്റെ തെക്കോട്ടും വടക്കോട്ടുമുള്ള സഞ്ചാരം) പുലിമുട്ടുകളുടെ സാധ്യത എന്നിവയെക്കുറിച്ചുള്ള മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി നടത്തുന്നതിനോടൊപ്പം റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി തീരശോഷണത്തെ പ്പറ്റിയുള്ള ഒരു പഠനത്തിന് പൂനെയിലുള്ള കേന്ദ്ര ഏജൻസിയായ 'CWPRS'-നെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി മാത്തമാറ്റിക്കൽ മോഡൽ പഠനത്തിന്റെ കരട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തീരശോഷണത്തെപ്പറ്റിയുള്ള പഠനം പുരോഗമിച്ചുവരുന്നു.

## പ്ലാന്റേഷൻ പോളിസി രൂപീകരണം

9 (*369) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവൽകൃത വ്യവസായ വാണിജ്യനയങ്ങളുടെ പരിണിതഫലമായി പ്ലാന്റേഷൻ മേഖലയൊന്നാകെ പ്രശ്നം നേരിടുന്ന സാഹചര്യത്തിൽ മേഖലയിലെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ താല്പര്യം പരിഗണിച്ച് പ്ലാന്റേഷൻ മേഖലക്ക് പിന്തുണ നൽകുന്നതിന് അനുയോജ്യമായ തരത്തിൽ പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കെല്ലാം വീടും ഭൂമിയും നൽകുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) വിവിധ സ്ഥലങ്ങളിൽ പൂട്ടിക്കിടക്കുന്നതോ പ്രവർത്തനം മന്ദീഭവിച്ചതോ ആയ തോട്ടങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണത്തിന് നടത്തിവരുന്ന പ്രവർ ത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉദ്ദേശിക്കുന്നു.

(ബി) തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള മുഖേന സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കായി 'Own Your Own Housing' സ്കീം പ്രകാരം വീട് വച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ആദ്യ പ്രോജക്ടിന്റെ നിർമ്മാണം ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർവാലിയിൽ പുരോഗമിച്ചുവരുന്നു. കൂടാതെ സ്വന്തമായി സ്ഥലവും വീടുമില്ലാത്ത തോട്ടം തൊഴിലാളികൾക്കായി സർക്കാർ അല്ലെങ്കിൽ ഇതര ഏജൻസികൾ നൽകുന്ന ഭൂമിയിൽ 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ടുമെന്റ് കോംപ്ലക്സുകൾ നിർമ്മിക്കുവാനും ഉദ്ദേശിക്കുന്നു.

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നു. പ്ലാന്റേഷൻ ക്രൈസിസ് റിലീഫ് മെഡിക്കൽ ടീം മുഖേന വിവിധ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചികിത്സാ ധനസഹായങ്ങൾ നൽകുകയും ചെയ്യുന്നു. സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ഓണക്കിറ്റും എക്സ്ഗ്രേഷ്യ ധനസഹായവും നൽകിവരുന്നു.

**ജലനിധി രണ്ടാംഘട്ട പദ്ധതി**

10 (*370) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി ഗ്രാമീണ ശുദ്ധജലവിതരണ, ശുചിത്വ മേഖലകളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ജലനിധി രണ്ടാംഘട്ടത്തിൽ എത്ര പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി അറിയിക്കാമോ; നിലവിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) ജലനിധി ഒന്നാംഘട്ട പദ്ധതികളിൽ മൂന്നിലൊന്ന് ഉപയോഗ യോഗ്യമല്ലാതായത് പുനരുദ്ധരിക്കാനും നവീകരിക്കാനും പദ്ധതിയുണ്ടോ;

(ഡി) വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വിതരണ ശൃംഖലകൾ കെ.ആർ.ഡബ്ല്യു.എസ്.എ.-ക്ക് കൈമാറാറുണ്ടോ; എങ്കിൽ ഇത് ഉപഭോക്താക്കൾ അധിക നിരക്ക് നൽകുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) 1. കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി ഗ്രാമീണ മേഖലകളിലെ കുടിവെള്ള ശുചിത്വ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഗുണഭോക്താക്കളുടെയും ഗ്രാമപഞ്ചായത്തുകളുടെയും പങ്കാളിത്തത്തോടുകൂടി ലോകബാങ്ക് സഹായത്തോടെ 115 ഗ്രാമ പഞ്ചായത്തുകളിൽ 2012-2019 കാലയളവിൽ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിവരുന്നു.

2. പദ്ധതികളിലെ ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ജലനിധി പഞ്ചായത്തുകളിൽ ജലസുരക്ഷാ രൂപരേഖ (water security plan) തയ്യാറാക്കിയിട്ടുണ്ട്.

3. ചെറിയ കുടിവെള്ള പദ്ധതികൾക്ക് പുറമേ കേരള ജല അതോറിറ്റിയുടെ വലിയ പദ്ധതികളിൽ നിന്നും കുടിവെള്ളം മൊത്തമായി വാങ്ങി, പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതിയുടെ ഉത്തരവാദിത്വത്തിൽ ജലവിതരണം നടത്തുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. ഒന്നിലധികം പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനായുള്ള ജല അതോറിറ്റിയുടെ ബൃഹത് പദ്ധതികൾ ഏറ്റെടുത്ത് നവീകരിച്ച് ജലവിതരണം നടത്തുന്ന പ്രവർത്തനങ്ങളും ജലനിധിയിലൂടെ നടപ്പിലാക്കുന്നു.

5. കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾതന്നെ നേരിട്ട് നടത്തുന്നതിനാവശ്യമായ പരിശീലന പരിപാടികളും KRWSA നൽകിവരുന്നു.

(ബി) ജലനിധി രണ്ടാംഘട്ടത്തിൽ 2176 പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. രണ്ടാം ഘട്ട പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി 28-6-2019 ആണ്. നിലവിൽ 2146 പദ്ധതികൾ 31-5-2019 വരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ജലനിധി ഒന്നാംഘട്ട പദ്ധതികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 2018-19-ൽ 10 കോടി രൂപയും 2019-2020 കാലയളവിൽ 55 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(ഡി) ഇല്ല. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വിതരണ ശൃംഖലകൾ ജലനിധി, പഞ്ചായത്തുകളുടെ ആവശ്യമനുസരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറാറുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് നിലവിൽ കിലോലിറ്ററിന് 6 രൂപ നിരക്കിലാണ് കേരള വാട്ടർ അതോറിറ്റി ജലം നൽകുന്നത്. ജലനിധി പദ്ധതിയുടെ തുടർ നടത്തിപ്പ് ചെലവുകൾ കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കൾ നൽകേണ്ടുന്ന വെള്ളക്കരം നിശ്ചയിക്കുന്നത് അതാതു ഗുണഭോക്തൃ സമിതികളാണ്.

**നവകേരള സൃഷ്ടിയും നവോത്ഥാനവും**

11 (*371) ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജാതീയ ഉച്ചനീചത്വങ്ങൾ ഉള്ളതായി കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) നമുക്ക് ജാതിയില്ലാവിളംബരം, വിവേകാനന്ദസ്പർശം, രക്തസാക്ഷ്യം 2018 എന്നീ പദ്ധതികൾ കൊണ്ട് ജാതീയ ഉച്ചനീചത്വങ്ങൾ കുറയ്ക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) പന്തിഭോജനത്തിന്റെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി ജാതി സംബന്ധമായ ഉച്ചനീചത്വങ്ങൾ പൂർണമായും ഒഴിവാക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) നവകേരളസൃഷ്ടിക്കും നവോത്ഥാനത്തിനുമായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ഇ) സംസ്ഥാന പുനഃസൃഷ്ടിക്ക് ശേഷവും കേരളം ഇരുണ്ട യുഗത്തിലാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ നവകേരളസൃഷ്ടിയും നവോത്ഥാനവും ഇനിയും നടപ്പിലാക്കേണ്ടതിന്റെ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ജാതീയമായ ഉച്ചനീചത്വങ്ങൾ വലിയ തോതിൽ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അത്തരം വിവേചനങ്ങൾക്കെതിരെ സമൂഹത്തിൽ നിരന്തരവും തുടർച്ചയുള്ളതുമായ ഇടപെടലുകൾ ആവശ്യമാണ്. ജാതി-വർണ്ണ-വർഗ്ഗ ഭിന്നതകൾ സൃഷ്ടിക്കാൻ ബോധപൂർവ്വം പരിശ്രമിക്കുന്ന ചില കുത്സിത ശ്രമങ്ങൾ നമ്മുടെ ഇടയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ കേരളീയ സമൂഹം പുലർത്തിവരുന്ന നിതാന്ത ജാഗ്രതമൂലം കേരളത്തിൽ ജാതീയവും സാമുദായികവുമായ സംഘർഷങ്ങളോ ഭിന്നതകളോ സംബന്ധിച്ച് റിപ്പോർട്ടുകളില്ല.

(ബി) നമുക്ക് ജാതിയില്ലാവിളംബരം, വിവേകാനന്ദ സ്പർശം, രക്തസാക്ഷ്യം 2018 എന്നീ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മാനവികത, മതനിരപേക്ഷത, സാഹോദര്യം, സമത്വബോധം, വിവേചനത്തിനെതിരായ മനോഭാവം ഇത്യാദി നവോത്ഥാന മൂല്യങ്ങൾ പ്രചരിപ്പിക്കുകയാണ് ലക്ഷ്യമിട്ടത്. രാജ്യത്തെ മതേതര മൂല്യങ്ങൾ തകർച്ചയെ നേരിടുകയും പ്രത്യേക മത വിഭാഗങ്ങൾ കേന്ദ്രീകരിച്ച് രാഷ്ട്രീയാധികാരം നിലനിർത്താൻ ചില ശക്തികൾ പരിശ്രമിക്കുകയും ചെയ്യുന്ന ഈ കാലത്ത് മതേതര മൂല്യങ്ങൾ ചർച്ച ചെയ്യപ്പെടാനുള്ള ശ്രമമെന്ന നിലയിലാണ് നമുക്ക് ജാതിയില്ലാവിളംബരം, വിവേകാനന്ദ സ്പർശം, രക്തസാക്ഷ്യം 2018 തുടങ്ങിയ പരിപാടികളെയെല്ലാം സർക്കാർ കണ്ടത്. ചരിത്രത്തെ ഓർമ്മിപ്പിക്കാനുള്ള പരിപാടിയായിട്ടാണ് ഇവ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. നല്ല രീതിയിലുള്ള ചർച്ചയും സംവാദങ്ങളും പ്രസ്തുത പരിപാടികളിലൂടെ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ പരിഷ്കർത്താവായ ശ്രീനാരായണഗുരുദേവന്റേയും സ്വാമി വിവേകാനന്ദന്റെയും മഹാത്മാ ഗാന്ധിയുടേയും ദീപ്ത സ്മരണ പുതുക്കുക വഴി അവരുടെ ആശയലോകത്തിന്റെ വെളിച്ചം സമൂഹത്തിനു മുൻപിൽ വീണ്ടും എത്തിക്കുവാൻ കഴിഞ്ഞു. സമത്വം, സമഭാവന, സാഹോദര്യം ജനാധിപത്യം തുടങ്ങിയ ഉന്നത മൂല്യങ്ങൾ പ്രചരിപ്പിക്കുക വഴി ജാതീയമായ ഉച്ചനീചത്വ ചിന്തകളെ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഇന്ന് വ്യത്യസ്ത ജാതി-മത വിഭാഗങ്ങളിൽപ്പെട്ടവർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിൽ ഒരു പ്രശ്നവും കേരളത്തിൽ നിലവിലില്ല. സാമൂഹ്യ പരിഷ്കർത്താവായ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ 100 വർഷങ്ങൾക്കുമുമ്പ് നടന്ന പന്തിഭോജനം ജാതി വ്യവസ്ഥയുടെ ഭാഗമായ അയിത്താചരണം തുടങ്ങിയ സാമൂഹ്യ ദുരാചാരങ്ങളെ ഉച്ചാടനം ചെയ്യാൻ സഹായിച്ചിരുന്നു. കേരളത്തിന്റെ പുരോഗമന നവോത്ഥാന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് പന്തിഭോജനം. പന്തിഭോജനത്തിന്റെ 100-ാം വാർഷികാചരണംവഴി തൊട്ടുകൂടായ്മ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരായും സമത്വം, സാഹോദര്യം, സമഭാവന തുടങ്ങിയ ഉന്നത മൂല്യങ്ങൾ സംബന്ധിച്ചും ആശയ പ്രചാരണം നടത്തുവാൻ സാധിച്ചു. ഇത്തരം പ്രവർത്തനങ്ങളുടെ പ്രസക്തി സമൂഹത്തിൽ ചർച്ച ചെയ്യപ്പെടാനും ഈ പരിപാടി സഹായകമായി.

(ഡി) സമീപകാലത്ത് കേരളത്തെ ഗ്രസിച്ച പ്രളത്തിനുശേഷമാണ് നവകേരള പുനഃസൃഷ്ടി എന്ന ആശയം സർക്കാർ മുന്നോട്ടുവച്ചത്. കേരളത്തിന്റെ സമഗ്രമായ ഒരു പുനഃസൃഷ്ടിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. കേവലം റോഡുകളുടെയോ ഭവനങ്ങളുടെയോ ആരോഗ്യരംഗത്തെയോ പുനഃസൃഷ്ടി മാത്രമല്ല ഉദ്ദേശിക്കുന്നതെന്നും ആധുനിക കാലത്തേയ്ക്ക് നമ്മുടെ നാടിനെയും ജനങ്ങളെയും സജ്ജരാക്കാനുള്ള പ്രവർത്തനത്തിന് എല്ലാ തലങ്ങളിലും ഒരു പുനഃസൃഷ്ടി ആവശ്യമായിട്ടുണ്ടെന്നുമാണ് സർക്കാർ കരുതുന്നത്.

(ഇ&എഫ്) ജാതീയമായ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും അടിച്ചമർത്തലുകളും നിറഞ്ഞ ഒരു കാലം കേരളത്തിനുണ്ടായിരുന്നു. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച ആ സമൂഹത്തെ സാമൂഹിക നവോത്ഥാന പ്രക്രിയയിലൂടെയാണ് നാം ആധുനിക കേരളമായി പരിവർത്തനം ചെയ്തെടുത്തത്. നവോത്ഥാന നായകർ, പുരോഗമന രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങൾ, വിദ്യാഭ്യാസ ഉന്നതി, ഗ്രന്ഥശാലാസംഘം പോലുള്ള പ്രസ്ഥാനങ്ങൾ, എഴുത്തുകാരും മറ്റ് കലാസാംസ്കാരിക പ്രവർത്തകരും തുടങ്ങി ഒട്ടേറെ ധാരകളിലായാണ് അത്തരമൊരു നവോത്ഥാന പ്രക്രിയ നടന്നത്.

കേരളം ആർജ്ജിച്ച ഭൗതിക പുരോഗതി കേരളാ മോഡൽ എന്ന നിലയിൽ ലോകവ്യാപകമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈ പുരോഗതി മറ്റിതര സംസ്ഥാനങ്ങൾക്ക് അവകാശപ്പെടാൻ കഴിയാതെ വന്നത് അവിടെ ഇപ്പോഴും നിലവിലുള്ള ജന്മിവാഴ്ചയും, ജാതി-വർഗ്ഗ ഉച്ചനീചത്വങ്ങളും കാരണമാണ്. രാജ്യത്ത് ജാതി-മത ചിന്തകൾ ഉയർത്തി ജനങ്ങളെ വിഭജിച്ചും വിശ്വാസങ്ങളെ ദുരുപയോഗപ്പെടുത്തിയും രാഷ്ട്രീയാധികാരം കയ്യാളാമെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥയാണ് നിലവിലുള്ളത്. അത്തരമൊരു കാലത്തേയ്ക്ക് നമ്മെ തിരിച്ചുകൊണ്ടു പോകാതെ നാം നേടിയ പുരോഗതി നിലനിർത്തുവാൻ ഫലപ്രദമായ ക്യാമ്പയിനുകൾ ഏറ്റെടുക്കേണ്ടതുണ്ട്.

**അരുവിക്കര പ്ലാന്റിൽ നിന്നും കുപ്പിവെള്ളം**

12 (*372) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ അരുവിക്കര പ്ലാന്റിൽ നിന്നും കുപ്പിവെള്ളം നിർമ്മിക്കുന്നതിന് ബി.ഐ.എസ്., എഫ്.എസ്.എസ്.എ.ഐ. തുടങ്ങിയ ഏജൻസികളുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) കുപ്പിവെള്ളത്തിന് ഏറ്റവും കൂടുതൽ ആവശ്യമുള്ള വേനൽക്കാലത്തു തന്നെ കുപ്പിവെള്ളം പുറത്തിറക്കാൻ വാട്ടർ അതോറിറ്റിക്ക് സാധിക്കാത്തത് എന്തുകൊണ്ടായിരുന്നു;

(സി) സംസ്ഥാനത്തു വിറ്റഴിക്കുന്ന കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുവാൻ സർക്കാരിന് സാധിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഇല്ല. വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബി.ഐ.എസ്-ന്റെ ഇൻസ്പെക്ഷൻ 22-5-2019-ന് പൂർത്തിയായിട്ടുണ്ട്. ബി.ഐ.എസ്-ന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ FSSAI-യുടെ അംഗീകാരം ലഭിക്കുകയുള്ളൂ.

(ബി) കുപ്പിവെള്ള ഫാക്ടറിയിൽ ഉപയോഗപ്പെടുത്തുന്ന യന്ത്രോപകരണങ്ങൾ ഭൂരിഭാഗവും വിദേശ നിർമ്മിതമായതിനാൽ അവിടെ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ പ്രസ്തുത യന്ത്രങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. ഇൻസ്റ്റലേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി. BIS സർട്ടിഫിക്കേഷനായി ജനവരിയിൽ തന്നെ രേഖകൾ സമർപ്പിച്ചുവെങ്കിലും സർട്ടിഫിക്കേഷനുവേണ്ടി ചെയ്യേണ്ട അനുബന്ധ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടായി. ഇലക്ഷൻ പ്രഖ്യാപനത്തെത്തുടർന്ന് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ BIS സർട്ടിഫിക്കേഷൻ, ടെണ്ടർ നടപടി എന്നിവ നിർദ്ദിഷ്ട സമയത്ത് സ്വീകരിക്കുവാൻ സാധിച്ചില്ല. ഇതുകാരണം മാർച്ചിൽ ഉദ്ദേശിച്ചിരുന്ന BIS ഇൻസ്പെക്ഷൻ മേയ് 22-നാണ് സാധ്യമായത്. FSSAI സർട്ടിഫിക്കേഷൻ ലഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും BIS സർട്ടിഫിക്കേഷൻ ഉണ്ടെങ്കിൽ മാത്രമേ ഇത് ലഭ്യമാകുകയുള്ളൂ. BIS FSSAI എന്നിവരുടെ അനുമതി ലഭിച്ചതിനുശേഷം ഉടൻതന്നെ കുപ്പിവെള്ളം വിപണിയിൽ എത്തിക്കുവാൻ കഴിയുന്നതാണ്.

(സി) കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനും ന്യായവിലയ്ക്ക് കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുമായി കേരള എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട്-1986-ന്റെ സെക്ഷൻ 2 പ്രകാരം കുപ്പിവെള്ളം അവശ്യവസ്തുവായി പ്രഖ്യാപിച്ച് സ.ഉ. (അച്ചടി)14/2019/ഭപൊവിവ. തീയതി 14-6-2019 പ്രകാരം ഉത്തരവായിട്ടുണ്ട്. വിപണിയിൽ കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിന് ഒരു ലിറ്റർ ബോട്ടിലിന് 11 രൂപ നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്.

## നദികളുടെ സമഗ്ര സംരക്ഷണവും പരിപാലനവും

13 (*373) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് പമ്പാ നദിയുടെ തീരം ദുർബലാവസ്ഥയിലായത് കണക്കിലെടുത്ത് നദിയുടെ സംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി രണ്ടാം ഘട്ടം പമ്പാ ആക്ഷൻ പ്ലാൻ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) നദികളുടെ സമഗ്ര സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് സംസ്ഥാന നദീതട പരിപാലന അതോറിറ്റി രൂപീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) നിലനിൽപ്പ് ഭീഷണി നേരിടുന്ന നിളാനദിയുടെ സംരക്ഷണത്തിനും വേമ്പനാട്ട കായലിനെ ഇല്ലാതാക്കാൻ പോന്ന പമ്പ-അച്ചൻ കോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കില്ലെന്ന് ഉറപ്പുവരുത്തുന്നതിനും നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) 27-11-2018-ന് ചേർന്ന യോഗ തീരുമാനപ്രകാരം രണ്ടാംഘട്ട പമ്പാ ആക്ഷൻ പ്ലാൻ സംബന്ധിച്ച വിശദമായ ആക്ഷൻ പ്ലാൻ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ പ്രോജക്ട് 2-ന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ പ്രാരംഭ സർവ്വെ പ്രവർത്തനത്തിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടിയെടുത്തു വരുന്നു. കൂടാതെ ശബരിമല തീർത്ഥാടനത്തിനുമുമ്പായി തീർത്ഥാടനകാലം സുഗമമാക്കുന്നതിനുവേണ്ട പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള അടിയന്തര നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ നദികളുടെ സമഗ്രവും സംയോജിതവുമായ വികസനവും സംരക്ഷണവും സാധ്യമാക്കുന്നതിനായി 'സംസ്ഥാന നദീതട അതോറിറ്റി' രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. " സംസ്ഥാന നദീതട സംരക്ഷണ പരിപാലന അതോറിറ്റി-" നിയമത്തിന്റെ കരട് രൂപം തയ്യാറാക്കുന്നതിനായി കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. ഇതിന്റെ കരട് നിയമം 31-8-2019-നകം സർക്കാരിന് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) നിളാ നദി (ഭാരതപ്പുഴ)-യുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ പഞ്ചായത്ത് 'മംഗലംപുഴ'-യുടെ സംരക്ഷണ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഉപദൗത്യമായ "ജലസമൃദ്ധി" യുടെ ഭാഗമായി ഭാരതപ്പുഴ നദീതടത്തിലെ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ നീർത്തടപ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയമായ മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കേണ്ടതുണ്ട്. NHP-ന്റെ കീഴിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന നദികളായ മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി. വളപ്പട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായി ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി കൺസൾട്ടൻസി (Consultency) നൽകുന്ന കാര്യം പരിഗണനയിലുണ്ട്.

ദേശീയ ജലവികസന ഏജൻസി (NWDA) നദീ സംയോജന പദ്ധതിക്കായി തയ്യാറാക്കിയ Peninsular Component-ൽ 16-ാമത്തെ ഇനമായി ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിക്കെതിരെ കേരളം ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. വേമ്പനാട് കായലിൽ പതിക്കുന്ന 5 നദികളെക്കുറിച്ച് (പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, മണിമല, മൂവാറ്റുപുഴ) സമഗ്രമായി പഠനം നടത്തി സമർപ്പിച്ച CWRDM-ന്റെ റിപ്പോർട്ടിലും IIT ഡൽഹി നടത്തിയ പഠന റിപ്പോർട്ടിലും പമ്പ, അച്ചൻകോവിൽ നദികളിൽ അധിക ജലമില്ലെന്നും ഇവ സംസ്ഥാന നദികളാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിമൂലമുണ്ടാകുന്ന Ecological Impact-നെപ്പറ്റിയും റിപ്പോർട്ടുകളിൽ വിശദീകരിച്ചിട്ടുണ്ട്.

പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീ സംയോജന പദ്ധതിയെ പൂർണ്ണമായും എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട് ഈ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയ NWDA-യുടെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, ഗവേണിംഗ് ബോഡി, വാർഷിക ജനറൽ ബോഡി മീറ്റിംഗുകൾ "Special Committee on interlinking of rivers" -ന്റെ എല്ലാ യോഗങ്ങളിലും പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പമ്പയും, അച്ചൻ കോവിലാറും സംസ്ഥാന നദികളാണെന്നും ആയതിനാൽ ഈ നദികളുടെ ജലത്തിൻമേലുള്ള പൂർണ്ണ അവകാശവും അധികാരവും സംസ്ഥാനത്തിനാണെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ മദ്ധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാവുകയും കുടിവെള്ളക്ഷാമം നേരിടുകയും കുട്ടനാട്ടിലെ കൃഷിനാശത്തിന് വഴി തെളിയിക്കുകയും ചെയ്യുമെന്ന പഠന റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ കണക്കിലെടുത്തുകൊണ്ട് കേരള നിയമസഭ പ്രസ്തുത പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് പതിനൊന്നാം നിയമസഭയുടെ ആറാം സമ്മേളനത്തിൽ 6-8-2003-ൽ പ്രമേയം പാസ്സാക്കുകയുണ്ടായി.

NWDA-യുടെ 30-ാമത് വാർഷിക ജനറൽ മീറ്റിംഗിൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി (WR,RD&GR) കേരളവുമായി ബന്ധപ്പെട്ട നദീസംയോജന പദ്ധതിയുടെ ഡി.പി.ആർ. കേരളത്തിന്റെ സമ്മതമില്ലാതെ തയ്യാറാക്കുകയില്ലെന്ന് ഉറപ്പുതരികയും ചെയ്തിട്ടുണ്ട്. ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിലും ഇതേ ഉറപ്പ് ലഭ്യമായിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുവാനുള്ള ഏതൊരു ശ്രമവും തടയുവാൻ വേണ്ട സാധ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചുവരുന്നുണ്ട്.

### വൻകിട ജലസേചന പദ്ധതിയുടെ പൂർത്തീകരണം

14 (*374) ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് പതിറ്റാണ്ടു കഴിഞ്ഞിട്ടും പൂർത്തീകരിക്കാനാകാത്ത മൂവാറ്റുപുഴ വാലി, കാരാപ്പുഴ, ബാണാസുര സാഗർ, ഇടമലയാർ എന്നീ വൻകിട ജലസേചന പദ്ധതികൾ സത്വരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അനിശ്ചിതമായി നീളുന്ന ഈ പദ്ധതികൾ അവലോകനം ചെയ്ത് പൂർത്തീകരണത്തിനോ പുനഃസംഘടനക്കോ വേണ്ട സമയപരിധി നിശ്ചയിക്കാൻ രൂപീകരിച്ച പഠനസമിതിയുടെ റിപ്പോർട്ടിലെ വിശദാംശം അറിയിക്കാമോ;

(സി) കാവേരി നദീതട ട്രിബ്യൂണൽ അവാർഡ് പ്രകാരം ലഭിക്കുന്ന ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള കാരാപ്പുഴ പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും അത് എപ്പോൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നെന്നും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കാവേരി നദീതട ട്രിബ്യൂണൽ അവാർഡ് പ്രകാരം 2.80 TMC ജലമാണ് കാരാപ്പുഴ പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് നിയമിച്ച സാങ്കേതിക കമ്മിറ്റിയുടെ നിർദ്ദേശത്തിന് അനുസൃതമായി ചെയ്യേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തിയ ആദ്യഘട്ടം 31-5-2021-ന് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജലനിധി ഒന്നാം ഘട്ട പദ്ധതി

15 (*375) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാം ഘട്ട പദ്ധതി പ്രകാരം എത്ര കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടായിരുന്നു എന്ന് അറിയിക്കാമോ;

(ബി) ഇത്തരം പദ്ധതികളുടെ സുസ്ഥിരത നിലനിർത്തുന്നതിനായി പൊതുജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ഗുണഭോക്തൃ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സി. ആന്റ് എ. ജി. നടത്തിയ ജലനിധി ഒന്നാം ഘട്ട പദ്ധതിയുടെ പെർഫോമൻസ് അസസ്സ്മെന്റ് പ്രകാരം പൂർത്തിയാക്കിയ ചില കുടിവെള്ള പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണങ്ങൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) 3710 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവുമാണ് ഗുണഭോക്തൃ സമിതികളുടെ പ്രധാന പ്രവർത്തന മേഖല. ഗുണഭോക്തൃ സമിതികൾക്ക് ഇതിനാവശ്യമായ പരിശീലനം ജലനിധിയിലൂടെ നൽകി വരുന്നു.

(സി&ഡി) ഉണ്ട്. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ശിപാർശ അനുസരിച്ച് പൊതുജന സമൂഹങ്ങളുടെ മേൽനോട്ടത്തിലും പരിപാലനത്തിലുമുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ ജലനിധി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1. ഗുണഭോക്തൃ സമിതികളുടെ സഹായത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുക
2. പദ്ധതി പരിപാലനത്തിന് പൊതുവായ മാർഗ്ഗരേഖ നൽകുക.

3. കുടിവെള്ള പദ്ധതികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാങ്കേതിക സാമൂഹിക മേഖലകളിൽ മികവുള്ള സഹായ സംഘടനകളെ ചുമതലപ്പെടുത്തുക.

4. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യോഗ്യരായ പ്രൊഫഷണലുകളെ/സ്ഥാപനങ്ങളെ നിയോഗിക്കുന്നതിന് അധികാരമുള്ള സംസ്ഥാനതല Grievance Redressal Monitoring (GRM)സെൽ രൂപീകരിക്കുക.

5. പദ്ധതി ഉപകരണങ്ങൾ മാറ്റുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും 25,000 രൂപയ്ക്കുമേൽ വരുന്ന ചെലവുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ തുക വകയിരുത്താൻ തീരുമാനിക്കുകയും അതനുസരിച്ച് 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2215-01-102-80 (P) എന്ന ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രളയക്കെടുതിമൂലം ജലനിധി ഒന്നാം ഘട്ടത്തിലെ നിരവധി ശുദ്ധജല വിതരണ പദ്ധതികൾ പൂർണ്ണമായോ ഭാഗികമായോ തകർന്നതിനാൽ അവ പുനഃസ്ഥാപിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ നേരത്തെയുണ്ടായിരുന്ന 10 കോടി രൂപയിൽ നിന്നും 5 കോടി രൂപ വകമാറ്റി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സി.ആന്റ് എ.ജി. റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനരഹിതമായ ജലനിധി ഒന്നാം ഘട്ടത്തിലെ 210 പദ്ധതികൾ നടപ്പ് സാമ്പത്തിക വർഷംതന്നെ പുനരുദ്ധരിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ സുസ്ഥിര പദ്ധതിക്കായി 55 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്

16 (*376) ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ തേടുന്നവർക്കും നിലവിൽ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവർക്കും നൈപുണ്യ വികസനത്തിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്കിൽ ഡെവലപ്മെന്റ് മിഷൻ രൂപീകരിച്ചിട്ടുണ്ടോ; തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവർക്കും ആഗോള തൊഴിൽ കമ്പോളത്തിൽ അവസരം പ്രാപ്യമാക്കുന്നതിന് അനുയോജ്യമായ രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാമിന്റെ വിശദാംശം നൽകാമോ;

(ഡി) വ്യവസായം ഉൾപ്പെടെയുള്ള ആധുനിക തൊഴിൽ കമ്പോളത്തിൽ സ്ത്രീകൾക്കും പിന്നാക്കം നിൽക്കുന്ന വിവിധ ജനവിഭാഗങ്ങൾക്കും അർഹമായ അവസരം ലഭ്യമാക്കാൻ പ്രത്യേക പരിപാടിയുണ്ടോ; വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ നൈപുണ്യ വികസനത്തിനായി പ്രത്യേക പദ്ധതികളൊന്നും കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് വഴി നടപ്പിലാക്കുന്നില്ല. എന്നാൽ KASE നടപ്പിലാക്കി വരുന്ന പരിശീലന പദ്ധതികളും നൽകിവരുന്ന സൗകര്യങ്ങളും എല്ലാ മേഖലകളിലും തൊഴിലെടുക്കുന്നവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. തൊഴിലന്വേഷകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ആഗോളതലത്തിലെ അവസരങ്ങൾ ഉപയോഗ പ്പെടുത്തിനുമായി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി (സ്റ്റേറ്റ് സ്കിൽസ് ഡെവലപ്മെന്റ് മിഷൻ) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവയ്ക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനെ ഒരു സ്കിൽ സെക്രട്ടേറിയേറ്റായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE മുഖേന നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

   (i) നഴ്സിംഗ് മേഖലയിലെ നൈപുണ്യ വികസനത്തിനായി നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)

   (ii) സെക്യൂരിറ്റി മേഖലയിലെ നൈപുണ്യ വികസനത്തിനായി സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS).

   (iii) ഓയിൽ ആന്റ് റിഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR).

(iv) അദ്ധ്യാപകരുടെ നൈപുണ്യ വികസനത്തിനായി സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് (CRETT)

(v) വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി (SWAT)

2. നിർമ്മാണ മേഖലയിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനം മുഖേന മാനേജീരിയൽ ലെവൽ, ടെക്നിക്കൽ ലെവൽ, സൂപ്പർവൈസറി ലെവൽ എന്നീ മൂന്ന് കാറ്റഗറികളിലായി പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

3. ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കുന്നതിന് പ്രാപ്തരാക്കാൻ കൗശൽ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4. ഉദ്യോഗാർത്ഥികൾക്ക് ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്നതിന് അപ്രകാരമുള്ള പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് KASE അക്രെഡിറ്റേഷൻ നൽകുന്നുണ്ട്.

5. ഡിസൈൻ മേഖലയിലെ ഉപരി വിദ്യാഭ്യാസത്തിനും പരിശീലനത്തിനും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ KASE എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ മുഖേന നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ KASE മുഖേന കേന്ദ്ര നൈപുണ്യ വികസനത്തിനായി പ്രധാനമന്ത്രി കൗശൽ വികാസ് യോജനയും (PMKVY) നടപ്പിലാക്കിവരുന്നു. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ദ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന സംവിധാനമായ സ്കിൽ രജിസ്ട്രിയും KASE മുഖേന പ്രവർത്തനസജ്ജമായി വരുന്നു.

കൂടാതെ വൈവിധ്യവും തൊഴിൽ സാധ്യതയേറിയതുമായ മേഖലകളിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിച്ചുകൊണ്ട് കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പൊതു സ്വകാര്യ പങ്കാളികൾക്ക് തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും അംഗീകൃത നൈപുണ്യ പരിശീലന കോഴ്സുകൾ നടത്തുന്നതിനുമായി ശിപാർശകൾ സമർപ്പിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിയിരിക്കുന്ന ഏകജാലക സംവിധാനമാണ് ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയ്മെന്റ് പ്രോഗ്രാം (iSTEP) iSTEP-ലൂടെ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ മാനദണ്ഡങ്ങൾക്ക് അനുസൃതമാണോയെന്ന് വിശകലനം ചെയ്ത് സാധ്യതകൾ വിലയിരുത്തി പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിന് KASE അനുമതി നൽകി വരുന്നുണ്ട്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി അതാത് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് മികവിന്റെ കേന്ദ്രങ്ങളിലൂടെയും അക്രെഡിറ്റഡ് കോഴ്സുകളിലൂടെയും ആയുർവ്വേദ, നഴ്സിംഗ്, ഓയിൽ ആൻഡ് റിഗ് തുടങ്ങിയ മേഖലകളിൽ പരിശീലന പദ്ധതികൾ നടപ്പാക്കിവരുന്നു. ഡ്രൈവിംഗ്, ജെറിയാട്രിക് കെയർ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക നൈപുണ്യ പരിശീലന പദ്ധതി കുടുംബശ്രീയുമായി സഹകരിച്ചും നടപ്പാക്കിവരുന്നു.

## വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി

17 (*377) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമിയിൽ കയ്യേറ്റങ്ങൾ ഇപ്പോഴും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കയ്യേറ്റം കണ്ടെത്തുന്ന സ്ഥലങ്ങളിൽ ആയത് ഉടൻ ഒഴിപ്പിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്;

(സി) കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്ത വനഭൂമി വീണ്ടും കയ്യേറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇത്തരം മേഖലകളിൽ എന്ത് മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) വനം, റവന്യൂ വകുപ്പുകൾ തമ്മിൽ തർക്കമുള്ള സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തി അതിർത്തി പുനർനിർണ്ണയിച്ച് ജണ്ട കെട്ടി വനഭൂമി സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ.രാജു):

(എ) വനഭൂമിയിൽ കയ്യേറ്റങ്ങൾ ഇപ്പോഴും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 1-4-2017-ന് ശേഷം 119.7669 ഹെക്ടർ വനഭൂമി കയ്യേറിയിട്ടുള്ളതും ആയതിൽ 111.7229 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും 8.044 ഹെക്ടർ കയ്യേറ്റം ഇനിയും ഒഴിപ്പിക്കുവാൻ അവശേഷിക്കുന്നതുമാണ്. 1-4-2017-നുശേഷം വനഭൂമി കയ്യേറിയതിന്റെയും ഒഴിപ്പിച്ചതിന്റെയും ഇനി ഒഴിപ്പിക്കാനുള്ള വനഭൂമിയുടെയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | കയ്യേറിയ വനഭൂമി (ഹെക്ടർ) | കയ്യേറ്റം ഒഴിപ്പിച്ചവ (ഹെക്ടറിൽ) | ഒഴിപ്പിക്കേണ്ട വനഭൂമി (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കൊല്ലം | 0.322 | 0.322 | 0 |
| 2 | തൃശ്ശൂർ | 1.3279 | 1.3279 | 0 |
| 3 | ഇടുക്കി | 3.04 | 0 | 3.04 |
| 4 | പാലക്കാട് | 41.998 | 41.998 | 0 |
| 5 | കോഴിക്കോട് | 5.004 | 0 | 5.004 |
| 6 | വയനാട് | 68.0750 | 68.0750 | 0 |
| | ആകെ | 119.7669 | 111.7229 | 8.044 |

ടി 08.044 ഹെക്ടറിലെയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കയ്യേറ്റം കണ്ടെത്തുന്ന സ്ഥലങ്ങളിൽ ആയത് ഉടൻ ഒഴിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായിട്ടുണ്ടാകുന്ന കയ്യേറ്റ ശ്രമങ്ങളെയെല്ലാം അപ്പപ്പോൾതന്നെ തടയുകയും ഒഴിപ്പിക്കുകയും ചെയ്തുവരുന്നു. ഇപ്രകാരമുള്ള പുതിയ കയ്യേറ്റങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുമ്പോൾ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് സഹായവും റവന്യൂ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും അഭ്യർത്ഥിക്കാറുണ്ട്.

1-1-1977-നുശേഷമുള്ള കയ്യേറ്റങ്ങളായി വനം-റവന്യൂ സംയുക്ത പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ. (എംഎസ്.) നമ്പർ 69/2002/വനം തീയതി 8-11-2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ രണ്ട് പ്രവശ്യം യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. അതുപോലെതന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാരായ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ. (എംഎസ്.) നമ്പർ 15/03/ വനം തീയതി 6-3-2003 പ്രകാരവും കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പടി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗംകൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കയ്യേറ്റക്കാരിൽനിന്നും ഒഴിപ്പിച്ചെടുത്ത വനഭൂമി വീണ്ടും കയ്യേറുന്ന സാഹചര്യം ചിലയിടങ്ങളിൽ ഉണ്ടായിട്ടുണ്ട്. കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ വനം വകുപ്പ് നിതാന്ത ജാഗ്രത പുലർത്തിവരുന്നു. അതിന്റെ ഭാഗമായി കയ്യേറ്റം ഒഴിപ്പിച്ച വനഭൂമി സർവ്വേ നടത്തി അളന്നു തിരിച്ച് അതിർത്തികളിൽ സ്ഥിരം ജണ്ടകൾ സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു. കൂടാതെ കയ്യേറ്റം ഒഴിപ്പിക്കുന്നതോടൊപ്പം തന്നെ കയ്യേറ്റക്കാർക്കെതിരെ നിയമനടപടികളും സ്വീകരിച്ചു വരുന്നതുമൂലം ഒഴിപ്പിച്ചെടുക്കുന്ന വനഭൂമി വീണ്ടും കയ്യേറുന്നത് അപൂർവ്വമായി മാത്രമേ സംഭവിക്കുന്നുള്ളൂ.

(ഡി) വനം, റവന്യൂ വകുപ്പുകൾ തമ്മിൽ തർക്കമുള്ള സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തി അതിർത്തി പുനർനിർണ്ണയിച്ച് ജണ്ട കെട്ടി വനഭൂമി സംരക്ഷിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. വനം, റവന്യൂ വകുപ്പുകൾ തമ്മിൽ തർക്കമുള്ള പ്രദേശങ്ങളിലെ വിഷയങ്ങൾ സ.ഉ (കൈ) നമ്പർ 69/2002/ വനം, തീയതി 8-11-2002 പ്രകാരം രൂപീകരിക്കപ്പെട്ട ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും സ.ഉ (കൈ) നമ്പർ 15/03/വനം, തീയതി 6-3-2003 പ്രകാരം രൂപീകരിക്കപ്പെട്ട സർക്കിൾ കൺസർവേറ്റർമാർ ചെയർമാന്മാരായുള്ള 5 സർക്കിൾ ലെവൽ കമ്മിറ്റികളും പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

1-1-1977-നു മുമ്പുള്ള കയ്യേറ്റങ്ങൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി വനം-റവന്യൂ സംയുക്ത പരിശോധന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ 7 ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ സംയുക്ത പരിശോധന പൂർത്തിയാക്കേണ്ടതുണ്ട്.

## ക്ഷീര വികസന പ്രവർത്തനങ്ങൾ

18 (*378) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള പാലും പാലുൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് പാലിന് ന്യായവില ലഭ്യമാക്കുന്നതിനും മിൽമ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗുണമേന്മയുള്ള കാലിത്തീറ്റ ന്യായവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾക്ക് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ആധുനീകരണത്തിനും നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ഡി) വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരവികസനപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഒരു സഹകരണ സ്ഥാപനമെന്ന നിലയിൽ കേരള സഹകരണ ആക്ടിനും ചട്ടങ്ങൾക്കും വിധേയമായാണ് മിൽമ പ്രവർത്തിക്കുന്നത്. സ്റ്റേറ്റ് ഫെഡറേഷന്റെയും റീജിയണൽ യൂണിയനുകളുടെയും ഭരണസമിതിയിൽ സർക്കാർ പ്രതിനിധികളുണ്ട്. അതുകൊണ്ടുതന്നെ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം ഗുണനിലവാരമുള്ള പാലും പാലുൽപ്പനങ്ങളും ലഭ്യമാക്കുന്നതിനും പാലിന് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും മിൽമ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നുണ്ട്. ഇതുസംബന്ധിച്ചുള്ള പരാതി ഉണ്ടാകുന്ന അവസരത്തിൽ ആയത് പരിശോധിക്കുകയും കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിച്ച് കാര്യക്ഷമത ഉറപ്പാക്കി മുന്നോട്ട് പോകുകയും ചെയ്യുന്നുണ്ട്. പാൽ വില വർദ്ധിപ്പിക്കുന്ന സന്ദർഭത്തിൽ അതിൽ ഭൂരിഭാഗവും കർഷകർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. പാലിന് ഏറ്റവും ഉയർന്ന സംഭരണവില നൽകുന്ന സംസ്ഥാനമാണ് കേരളം. കർശനമായ ഗുണനിലവാര നിയന്ത്രണങ്ങൾക്ക് ശേഷമാണ് മിൽമയും സഹകരണ സംഘങ്ങളും പാൽ സംഭരിക്കുന്നത്. സംഭരിക്കുന്ന പാൽ വിവിധ സംസ്കരണ പ്രക്രിയകളിലൂടെ പാലും പാലുല്പന്നങ്ങളുമായി വിപണിയിലെത്തിക്കുന്നതും കർശന ഗുണനിലവാര നിയന്ത്രണങ്ങൾക്ക് ശേഷമാണ്. മിൽമയുടെ എല്ലാ ഡയറികളും ISO സർട്ടിഫിക്കേഷൻ ഉള്ളവയാണ്.

(ബി) കാലിത്തീറ്റ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ തിരുവനന്തപുരത്ത് NABL അക്രെഡിറ്റേഷനോടുകൂടി ലാബ് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കാലിത്തീറ്റയിൽ അടങ്ങിയിരിക്കുന്ന ജലാംശത്തിന്റെ അളവ്, നാരിന്റെ അംശം, മാംസ്യം, മൊത്തം ദഹ്യപോഷകങ്ങൾ, കൊഴുപ്പിന്റെ അളവ്, യൂറിയ, അഫ്ലോടോക്സിൻ, കാത്സ്യം, ഫോസ്ഫറസ് എന്നീ ഘടകങ്ങൾ പരിശോധിക്കുന്നതിനുള്ള സൗകര്യം ഉണ്ട്.

ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി പ്രധാനമായും ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. ക്ഷീരസംഘങ്ങളുടെ ആട്ടോമേഷൻ
2. ക്ഷീരസംഘങ്ങൾക്ക് FSSA, ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള സഹായം.
3. ക്ഷീരസംഘങ്ങളുടെ ഭരണം, അക്കൗണ്ടിംഗ്, പാൽ സംഭരണം, വിപണനം എന്നിവയ്ക്കുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം.
4. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണം, സംസ്കരണം, ചില്ലിംഗ് പ്ലാന്റ് നിർമ്മാണം, ശീതീകരണ മുറി, കാറ്റിൽ ഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം
5. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്, സൗരോർജ്ജ പ്ലാന്റ്, മഴവെള്ള സംഭരണി, സോളാർ വാട്ടർ ഹീറ്റർ പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം.
6. ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം
7. പാൽ സംഭരണമുറി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം.

ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ത്രൈമാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ യജ്ഞ പരിപാടി സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന്റെ ഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും അമ്ലത 0.14-ൽ നിലനിറുത്തുന്നതിനും ബാക്ടീരിയൽ ലോഡ് കുറയ്ക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതിന്റെ ഫലമായി ഗുണമേന്മ കൂടിയ പാലിന് കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ശുദ്ധമായ പാൽ ലഭിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. സംഘത്തിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തി കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നതിനായി സംഘങ്ങളിൽ എ.എം.സി.യൂണിറ്റ് സ്ഥാപിച്ചും പൂർണ്ണതോതിൽ ആട്ടോമേഷൻ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണത്തിനും പ്രവർത്തനം നിലച്ച ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണത്തിനും സഹായം നൽകുന്നുണ്ട്. മിൽമയുടെ മിൽക്ക് റൂട്ടില്ലാത്ത ക്ഷീരസംഘങ്ങളിൽ നിന്നും പാൽ ബി.എം.സി.കളിൽ എത്തിക്കുന്ന തിനുള്ള മിൽക്ക് ട്രാൻസ്പോർട്ടേഷൻ സഹായവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷീരസംഘങ്ങൾ മുഖേന വിപണനം നടത്തുന്ന വിവിധയിനം കാലിത്തീറ്റ സാമ്പിളുകൾ സ്റ്റേറ്റ് ഡയറി ലാബ് മുഖേന പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി നിയമ നിർമ്മാണം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധന കർശനമാക്കുന്ന തിനുള്ള കരട് നിയമം തയ്യാറാക്കി ആയതിന്മേലുള്ള ചർച്ചകൾ ബന്ധപ്പെട്ട ഏജൻസികളുമായി നടന്നു വരികയാണ്.

കാലിത്തീറ്റ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാ നങ്ങളിൽ നിന്നാണ് സംഭരിക്കുന്നത്. ഇത് കാലിത്തീറ്റയുടെ വില വർദ്ധനവിന് ഇടയാക്കുന്നുണ്ട്. കാലിത്തീറ്റയുടെ വില അസംസ്കൃത വസ്തുക്കൾക്ക് ഉണ്ടാകുന്ന വില വർദ്ധനവിനനുസരിച്ചാണ് പുതുക്കി നിശ്ചയിക്കുന്നത്. പൊതുമേഖലാ സ്ഥാപനത്തിന്റെ കാലിത്തീറ്റ വില വിലനിർണ്ണയ സമിതിയാണ് നിശ്ചയിക്കുന്നത്. കർഷകർക്ക് അധികഭാരം പരമാവധി ഒഴിവാക്കത്തക്ക രീതിയിലാണ് വില നിർണ്ണയ സമിതി വില പുതുക്കി നിശ്ചയിക്കുന്നത്.

കാലിത്തീറ്റ വില വർദ്ധനവിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുന്ന തിനായി 'ക്ഷീരവികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ഭൂരിപക്ഷം പഞ്ചായത്തുകളിലും ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതിയും ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്നു.

മിൽമയുടെ മലബാർ യൂണിയൻ 2018 ആഗസ്റ്റ് മുതൽ 2019 മേയ് 15 വരെ കാലിത്തീറ്റ സബ്സിഡിയായി 8.1 കോടി രൂപ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ 2019 ഏപ്രിൽ വരെ വിതരണം ചെയ്ത കാലിത്തീറ്റ ചാക്കൊന്നിന് 100 രൂപ വീതം കാലിത്തീറ്റ സബ്സിഡിയായി നൽകി. ഫെഡറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 7 കോടി രൂപ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുകയുണ്ടായി.

(സി) ക്ഷീരസംഘങ്ങൾക്ക് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ആധുനീകരണത്തിനും ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കി ക്ഷീര കർഷകർക്ക് മെച്ചപ്പെട്ട വിലയും ഗുണനിലവാരമുള്ള സർവ്വീസും ലഭ്യമാക്കുന്നതിനും 2019-20 വർഷം 1550 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ക്ഷീരസംഘങ്ങളിലെ ജീവനക്കാരെ സഹായിക്കുന്നതിനായി മാനേജീരിയൽ സബ്സിഡിയും നൽകുന്നുണ്ട്. മെച്ചപ്പെട്ട ക്ഷീരസംഘങ്ങളുടെ പ്രവർത്തനവും സർവ്വീസും മറ്റ് സംഘങ്ങൾക്ക് മാതൃകയാക്കുന്നതിന് മികച്ച ക്ഷീര സംഘങ്ങൾക്ക് ഡോ. വർഗ്ഗീസ് കുര്യൻ അവാർഡും നൽകുന്നുണ്ട്. ഇതിനുപുറമേ മിൽമയുടെ മേഖലാ യൂണിയനുകൾ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ആധുനീകരണത്തിനുമായി വിവിധ പദ്ധതികൾ പ്രാവർത്തികമാക്കിവരുന്നു.

(ഡി) വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരവികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീര വികസന പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി 5 പശു, 10 പശു, 5 കിടാരി, 10 കിടാരി എന്നിവ അടങ്ങിയ ഡയറി യൂണിറ്റുകൾക്ക് സഹായം നൽകുന്നുണ്ട്. ഇതിനായി യഥാക്രമം 1,77,000 രൂപ, 3,66,000 രൂപ, 98,800 രൂപ, 1,96,400 രൂപ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി മുഖേന ചാഫ് കട്ടർ, മിൽക്കിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിനും ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുമുള്ള സഹായവും നൽകുന്നു.

വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരവികസന പ്രവർത്തനങ്ങൾക്കായി തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിന് വനിത/പുരുഷ സ്വയം സഹായ സംഘങ്ങൾക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനും സഹായം നൽകുന്നുണ്ട്.

പശു വളർത്തൽ, പാലുൽപ്പന്ന നിർമ്മാണം, തീറ്റപ്പുൽകൃഷി എന്നീ വിഷയങ്ങളിൽ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ വച്ച് പുതുതായി ഈ മേഖലയിലേയ്ക്ക് കടന്നു വരുന്ന കർഷകർക്ക് സംരംഭകത്വ പരിശീലന പരിപാടിയും നടത്തിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് പുരുഷ സ്വയം സഹായ സംഘങ്ങൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ഗ്രൂപ്പ് അടിസ്ഥാനത്തിൽ കറവപ്പശുക്കളെ വളർത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

## ശുദ്ധജല വിതരണം കാര്യക്ഷമമാക്കാൻ നടപടി

19 (*379) ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന്റെയും ശുദ്ധീകരണത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്താൻ പ്രത്യേക നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) കേരളത്തിലെ ഭൂരിഭാഗം നഗരസഭകളിലും കോർപ്പറേഷനുകളിലും മലിനജല സംസ്കരണത്തിനായി ശാസ്ത്രീയ സംവിധാനമില്ലാത്തത് കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിൽ വിഘാതം സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ശുദ്ധജല വിതരണം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന്റെയും ശുദ്ധീകരണത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്താൻ പ്രത്യേക നയം രൂപീകരിച്ചിട്ടില്ല. നിലവിൽ കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്താൻ സി.പി.എച്ച്.ഇ.ഇ.ഒ മാനദണ്ഡമനുസരിച്ചുള്ള ജല ശുദ്ധീകരണ ശാലകൾ സ്ഥാപിച്ചും ക്ലോറിനേഷൻ നടത്തിയും ബി.ഐ.എസ്. നിലവാരമുള്ള ശുദ്ധജലവിതരണം ഉറപ്പുവരുത്താൻ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. സ്രോതസ്സുകളിൽ നിന്നും ജലം ശേഖരിക്കുന്നതു മുതൽ പൊതുജനത്തിന് ലഭ്യമാകുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്രോതസ്സിനു സമീപം സാദ്ധ്യമായ സ്ഥലങ്ങളിൽ വേലികൾ നിർമ്മിച്ചും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സിലെ മലിനീകരണം തടയുവാൻ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ സ്രോതസ്സുകളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണ്ണും കാലാകാലങ്ങളിൽ നീക്കം ചെയ്യാറുണ്ട്. സ്രോതസ്സുകളിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതുവരെയുള്ള ഘട്ടങ്ങളിൽ വിവിധതലങ്ങളിൽ കൃത്യമായ ഇടവേളകളിൽ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം

ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. വിതരണ ശൃംഖല ഒട്ടാകെയും അണുവിമുക്തമായ ജലമാണുള്ളത് എന്നത് ഉറപ്പുവരുത്താനായി ആർ.സി. (റെസിഡ്യുവൽ ക്ലോറിൻ) ടെസ്റ്റുകളും നടത്തി വരുന്നു.

ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിച്ചിരിക്കുന്ന ഐ.എസ്. 10500 പ്രകാരമുള്ള ഗുണനിലവാര സൂചികകളിലാണ് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാര ഘടകങ്ങൾ എന്ന് ഉറപ്പുവരുത്തിയാണ് ജലവിതരണം നടത്തുന്നത്. ഇതുവഴി ശരിയായ രീതിയിൽ ശുദ്ധീകരിച്ച ശുദ്ധവും സുരക്ഷിതവുമായ ജലമാണ് ഉപഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നത്. പ്രളയാനന്തര അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയത്തിന്റെ അനുഭവം കൂടി കണക്കിലെടുത്ത് ദുരന്ത പ്രതിരോധശേഷിയുള്ളതും കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുവാൻ പ്രാപ്തമായതും ശുദ്ധജല വിതരണ രംഗത്തും ശുചിത്വമേഖലയിലും സേവനത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും സാമ്പത്തിക സുസ്ഥിരതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ പോന്നതുമായ ഒരു വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ പോളിസി തയ്യാറാക്കുന്നതിലേയ്ക്കായി ഒരു സംസ്ഥാനതല കമ്മിറ്റി ജി.ഒ (ആർ.ടി) നമ്പർ 303/2009/ഡബ്ല്യു. ആർ.ഡി. നമ്പരായുള്ള 30-4-2019-ലെ സർക്കാർ ഉത്തരവ് (അനുബന്ധം 1)* പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 2019 ഡിസംബർ 31-നകം കമ്മിറ്റി അവരുടെ ശിപാർശകൾ സമർപ്പിക്കുവാനാണ് ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത്.

കൂടാതെ 2008-ൽ, ജലനയം (അനുബന്ധം 2) രൂപീകരിച്ചിട്ടുണ്ട്.* ഇതിന്റെ അടിസ്ഥാന കാഴ്ചപ്പാടനുസരിച്ച് ജലലഭ്യത ഒരു മനുഷ്യാവകാശമാണ്. കുടിവെള്ളത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജലവിനിയോഗത്തിന്റെ കാര്യത്തിൽ നിലവിലെ അനവധാനതകൾ തിരുത്തുന്നതിനുംവേണ്ടിയുള്ള ബോധവൽക്കരണം ജലനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാത്രമല്ല വെള്ളത്തിന്റെ നിയന്ത്രിത ഉപയോഗവും സംരക്ഷണത്തിന്റെ ഉത്തരവാദിത്തവും ഓരോ പൗരനിലും നിക്ഷിപ്തമാണ്. നിലവിലുള്ള ജലവിതരണ പദ്ധതികളുടെ പ്രയോജനക്ഷമത പരമാവധി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും സുരക്ഷിതത്വത്തിനും ജലനയം ഊന്നൽ നൽകിയിട്ടുണ്ട്.

നേരത്തെ 70 എൽ.പി.സി.ഡി 40 എൽ.പി.സി.ഡി. (Litre per Capita per day) എന്ന രീതിയിലും IS 10500-2000 ഗുണനിലവാരത്തിലും നഗരഗ്രാമീണ മേഖലയിൽ ലഭ്യമായിരുന്ന കുടിവെള്ളം ഇപ്പോൾ 150/100 എൽ.പി.സി.ഡി. എന്ന രീതിയിൽ IS 10500/2012 ഗുണനിലവാരത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മലിനജല സംസ്കരണത്തിനായി ശാസ്ത്രീയ സംവിധാനം ഇല്ലാത്തത് സ്രോതസ്സിന്റെ ഗുണനിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സ്രോതസ്സിലെ ജലം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമായി അതിനനുസൃതമായ രീതിയിൽ ശുദ്ധീകരണ പ്രക്രിയകളും രാസ പദാർത്ഥങ്ങളുടെ തോതും നിശ്ചയിക്കുകവഴി കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കുന്നുണ്ട്.

കേരളത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും മലിനജല സംസ്കരണത്തിന് മതിയായ ശാസ്ത്രീയ സംവിധാനമില്ലാത്തത് പൈപ്പ് മുഖേന (കേരള വാട്ടർ അതോറിറ്റി) അല്ലാത്ത കുടിവെള്ളത്തിന്റെ ഗുണനിലവാരത്തെ ഒരു പരിധിവരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾക്ക് പുറമേ മലിനജല സംസ്കരണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ കേരളത്തിലെ മൂന്ന് കോർപ്പറേഷനുകളിൽ (തിരുവനന്തപുരം, കൊച്ചി, കൊല്ലം) താഴെപ്പറയുന്ന പ്രവൃത്തികൾ കേരള ജല അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ 5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള 19.16 കോടി രൂപയുടെ പ്രവൃത്തിക്ക് കരാർ നൽകിക്കഴിഞ്ഞു. കൂടാതെ അമൃത് പദ്ധതിയിൽ കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴയിൽ 12 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി 30 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിയും കൊച്ചി കോർപ്പറേഷനിലെ എളംകുളത്ത് 5 MLD സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി 13.7 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിയും കേരള ജല അതോറിറ്റി ടെണ്ടർ ചെയ്തത് സൂക്ഷ്മ പരിശോധന നടത്തിവരുന്നു. (അനുബന്ധം-3)*

പ്രളയാനന്തര പുനർ നിർമ്മാണത്തോടനുബന്ധിച്ച് കേരള വാട്ടർ അതോറിറ്റി റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട 25.832 കോടി രൂപയുടെ പദ്ധതികളുടെ പ്ലാൻ ആർ.കെ.ഐ.ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ സാനിട്ടേഷൻ വിഭാഗത്തിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 1875 കോടി രൂപയുടെ 9 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ സ്വീവേജ് പദ്ധതിയുടെ വിപുലീകരണത്തിനും കോഴിക്കോട് സ്വീവറേജ് പദ്ധതിയുടെ ഭാഗമായ കമ്മീഷനിംഗിനും ആലപ്പുഴ ജില്ലയിൽ മൂന്ന് ഡീസെൻട്രലൈസ്ഡ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ലഭ്യമാക്കുന്നതിനുമായി 1765 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽനിന്നും പുറത്തേയ്ക്കൊഴുകുന്ന ജലം പുനരുപയോഗിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ 5 പ്ലാന്റുകൾക്കായി 110 കോടി രൂപയുടെ പദ്ധതിയും കേരള വാട്ടർ അതോറിറ്റി RKI (Rebuild Kerala Initiative) സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സംഭരണ ശൃംഖല വിപുലപ്പെടുത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംസ്ഥാനത്ത് ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി., എൻ.എച്ച്., തദ്ദേശസ്വയംഭരണം, റവന്യൂ, കെ.എസ്.ഇ.ബി. തുടങ്ങിയവയെ ഏകോപിപ്പിച്ചുകൊണ്ട് കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറും സ്ഥലം എം.എൽ.എ. ചെയർമാനുമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഉപദേശക സമിതി യോഗം ഗവൺമെന്റ് ഉത്തരവ് സ.ഉ. (എംഎസ്.) നമ്പർ 07/2011/ജ.വി.വ. തീയതി 27-10-2011 ഉത്തരവ് (അനുബന്ധം 4)* ആയി ചേർക്കുന്ന പ്രകാരം നടത്തുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്.

ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള യൂട്ടിലിറ്റി കമ്മിറ്റി മുഖാന്തരം ജില്ലാതലത്തിൽ ജില്ലാ വികസന സമിതി മുഖേനയും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡല സമിതികൾ മുഖേനയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ശുദ്ധജല വിതരണം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇറിഗേഷൻ വകുപ്പിന്റെ കീഴിലെ തടയണകളുള്ള കുടിവെള്ള സ്രോതസ്സുകളിൽ വേനൽക്കാലങ്ങളിൽ ആവശ്യത്തിന് ജലം സംഭരിക്കുന്നതിന് പ്രസ്തുത വകുപ്പുമായി യോജിച്ച് ജല അതോറിറ്റി നടപടികൾ സ്വീകരിക്കാറുണ്ട്.

കൂടാതെ ഇറിഗേഷൻ വകുപ്പിന്റെയും കെ.എസ്.ഇ.ബി.യുടെയും അണക്കെട്ടുകൾ വരൾച്ച സമയങ്ങളിൽ ആവശ്യാനുസരണം തുറന്നുവിട്ട് ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന അവസരങ്ങളിൽ ടാങ്കർ ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കി റവന്യൂ വകുപ്പുമായി ചേർന്ന് ശുദ്ധജല വിതരണം കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കാറുണ്ട്.

ജലനിധിയും കേരള വാട്ടർ അതോറിറ്റിയും സഹകരിച്ച് കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ജലനിധിയുടെ ആദ്യ ഘട്ടത്തിൽ രണ്ട് പഞ്ചായത്തുകൾ ഉൾപ്പെട്ട ചവറ പന്മന ശുദ്ധജല വിതരണ പദ്ധതിയും രണ്ടാം ഘട്ടത്തിൽ 26 പഞ്ചായത്തുകൾക്ക് പ്രയോജനം കിട്ടുന്ന 17 പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനമായും ജല അതോറിറ്റിയുടെ ശുദ്ധീകരണശാലകളിൽ നിന്നും ബൾക്കായി കുടിവെള്ളം ലഭ്യമാക്കി ഗുണഭോക്തൃ സമിതികൾ വഴി വിതരണം നടത്തുന്ന രീതിയാണ് പൊതുവെ ഇത്തരം പദ്ധതികളിൽ സ്വീകരിച്ചിട്ടുള്ളത്. ജല ശുദ്ധീകരണശാലകളടക്കം പദ്ധതിയുടെ പൊതു ഘടകങ്ങൾ ജലനിധിയുടെ ചെലവിൽ ജല അതോറിറ്റി പൂർത്തിയാക്കുകയും വിതരണ ശൃംഖല ജലനിധി ഗുണഭോക്തൃ സമിതികൾ മുഖേന നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. പദ്ധതി നിർവ്വഹണത്തിനുശേഷം നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികളാണ് നടത്തുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ

20 (*380) ശ്രീ. കെ. ബാബു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗങ്ങളിലും പട്ടികജാതികളിലും പെട്ടവരുടെ ഇടയിൽ ദാരിദ്ര്യത്തിന്റെ തോത് വളരെ കൂടുതലായതിനാൽ ഇവരുടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ആരോഗ്യപരിപാലനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രാക്തനഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവരുടെയും പട്ടികജാതികളിലെ ദുർബലസമുദായങ്ങളിൽപ്പെട്ടവരുടെയും ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) ചികിത്സക്കും വിവാഹത്തിനും വരുമാന സമ്പാദകൻ മരിച്ചാൽ ആശ്വാസമേകുന്നതിനായും സഹായധനം നൽകി വരുന്നുണ്ടോ; ഇത്തരം സഹായങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ-പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ സുസ്ഥിരമായ ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കാൻ സ്വന്തമായി തൊഴിൽ ലഭ്യമാക്കുകയും കൃഷി തുടങ്ങി മറ്റ് മാർഗ്ഗങ്ങളിലൂടെ വരുമാനം ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. പി.എസ്.സി., ബാങ്ക്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷകൾക്കുള്ള പരിശീലനവും നൈപുണ്യ വികസന പരിശീലനം, തൊഴിലുറപ്പ് പദ്ധതിയിൽ അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കേരള ട്രൈബൽ പ്ലസ് പദ്ധതി, റിവോൾവിംഗ് ഫണ്ട് പദ്ധതി, മില്ലറ്റ് വില്ലേജ് പദ്ധതി, കാർഷിക ഉദ്യമം പദ്ധതി, അട്ടപ്പാടി അപ്പാരൽ പാർക്ക്, ഗോത്ര ജീവിക പദ്ധതി, ഗോത്രരശ്മി പദ്ധതി എന്നിവയാണ് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന

വകുപ്പിന് കീഴിൽ അലോപ്പതി ഒ.പി. ക്ലിനിക്കുകൾ ആയുർവ്വേദ ആശുപത്രികൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ സഹായം നൽകുന്ന പദ്ധതി, ജനനി-ജന്മരക്ഷാ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവയും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി വകുപ്പിൽ നിന്നും സ്വയം തൊഴിൽ വായ്പാ പദ്ധതി എസ്.സി.എ ടു എസ്.സി.പി. പദ്ധതികൾ പ്രകാരം കന്നുകുട്ടി പരിപാലനം, ആട് വളർത്തൽ, കൃഷി തുടങ്ങിയ വരുമാനദായകമായ പദ്ധതികൾ കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്നിവയും ആരോഗ്യ പരിപാലനത്തിനായി ചികിത്സാ ധനസഹായ പദ്ധതി, ഹോമിയോ ഹെൽത്ത് സെന്ററുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വിവിധ സ്വയം തൊഴിൽ വായ്പകളും നൽകി വരുന്നുണ്ട്.

(ബി) പട്ടികവർഗ്ഗക്കാർക്കായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും പ്രാക്തനഗോത്ര വർഗ്ഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളാണ്. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗപ്പെടുത്തി പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2011-12 വർഷം ആരംഭിച്ച പ്രസ്തുത പദ്ധതി 2015-16-ൽ പൂർത്തിയാകുകയും ചെയ്തു. ഭവനനിർമ്മാണം, ഭവന റിപ്പയർ, കോളനി വൈദ്യുതീകരണത്തിന് വൈദ്യുതലൈൻ നീട്ടൽ, പങ്കാളിത്ത വന പരിപാലനത്തിന് ബോധവൽക്കരണവും പരിശീലനവും, പ്രീപ്രൈമറി, പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് പെരിപ്പതറ്റിക് കേന്ദ്രങ്ങളുടെ നിർമ്മാണവും നടത്തിപ്പും, കടാശ്വാസ പദ്ധതി, ശുദ്ധജല വിതരണവും ശുചീകരണ സംവിധാനവും, ജലപരിപാലനം, അടിസ്ഥാന സൗകര്യ വികസനങ്ങൾ, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉൾപ്പെടെയുള്ള ആരോഗ്യ സൗകര്യങ്ങൾ, പ്രത്യേക അങ്കണവാടികൾ, ഭക്ഷണ സഹായ പദ്ധതികൾ തുടങ്ങിയവ അതീവ ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള പദ്ധതികളാണ്.

പട്ടികജാതിയിലെ ദുർബ്ബല വിഭാഗക്കാരുടെ ഉന്നമനത്തിനായി ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നു. കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 5 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപയും ടോയ്‌ലെറ്റ് നിർമ്മാണത്തിന് 40,000 രൂപയും കുറഞ്ഞത് 25 സെന്റ് കൃഷി ഭൂമി വാങ്ങുന്നതിന്

10 ലക്ഷം രൂപയും വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 3 ലക്ഷം രൂപയും വീടിന്റെ അറ്റകുറ്റപ്പണികൾക്ക് 1.5 ലക്ഷം രൂപയും ടി പദ്ധതിപ്രകാരം ധനസഹായം നൽകുന്നു. കൂടാതെ തൊഴിൽ പരിശീലനം/സ്വയംതൊഴിൽ സംരംഭത്തിന് പ്രോജക്ട് റിപ്പോർട്ട് പ്രകാരം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ശിപാർശ ചെയ്യുന്ന തുക അനുവദിക്കുന്നു.

(സി) പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകട മരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് 50,000 രൂപ നൽകിവരുന്നു. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 1,00,000 രൂപയും അനാഥരായ പെൺകുട്ടികൾക്ക് 1,50,000 രൂപയുമാണ് വിവാഹ ധനസഹായമായി നൽകി വരുന്നത്.

പട്ടികജാതി വികസന വകുപ്പിൽ കാലതാമസം കൂടാതെ ചികിത്സാ ധനസഹായം നൽകുന്നതിലേയ്ക്കായി ചികിത്സാ ധനസഹായ പദ്ധതി ടി-ഗ്രാന്റ്സ് എന്ന പേരിൽ ഓൺലൈൻ സംവിധാനം മുഖേന നവീകരിച്ചിട്ടുണ്ട്. വിവാഹ ധനസഹായമായി 75,000 രൂപയും ഏകവരുമാന ദായകന്റെ മരണത്തെത്തുടർന്ന് കുടുംബത്തിന് 2 ലക്ഷം രൂപയും ധനസഹായം അനുവദിച്ചുവരുന്നു.

**പാഴായിപ്പോകുന്ന ശുദ്ധജലം**

21 (*381) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി വിതരണത്തിനായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ എത്രശതമാനം പാഴായിപ്പോകുന്നതായിട്ടാണ് കണക്കാക്കിയിരിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) പ്രധാന ലൈനുകളിലും ഉപലൈനുകളിലും ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കാലപ്പഴക്കം ഉള്ള പഴയ ലൈനുകൾ മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>):

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45 ശതമാനം വരുമാന രഹിത ജലമായാണ് കണക്കാക്കുന്നത്. ആകെ ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണശൃംഖലവഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാനരഹിത ജലമായി കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത്- പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തതുമായ നഷ്ടവും (വാണിജ്യ നഷ്ടം) ആകെയുള്ള വരുമാന രഹിത ജലത്തിൽ 20-25 ശതമാനം മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത്. ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയുമാണ്.

(ബി) പ്രധാന ലൈനുകളിലും ഉപലൈനുകളിലും ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവൈലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തര സാഹചര്യങ്ങളിൽ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ട് മൈക്രോഫോൺ) ഉപയോഗിച്ച് ചോർച്ച കണ്ടെത്തുന്നു. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ കണ്ടെത്തുവാനായി ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള മെഷർമെന്റുകളും അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ കണ്ടെത്തുന്നു.

(സി) പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ചും എ.സി. പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി വിഹിതത്തിൽ നിന്നും എല്ലാ വർഷവും ഓപ്റ്റിമൈസേഷൻ വിഭാഗത്തിൽ ഇത്തരം വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്,

കണ്ണൂർ എന്നീ ഒൻപത് നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ പ്രവൃത്തികളിൽ 146.05 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജല ചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

3. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ പതിനൊന്നും സർക്കിൾ ഓഫീസുകളുടെ പരിധിയിൽ നടപ്പിലാക്കാനായി 433.33 കോടി രൂപയ്ക്ക് സർക്കാരിൽനിന്നും തത്വത്തിൽ അനുമതി ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ പത്ത് സർക്കിളുകളിലെ പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയുമാണ്. ബാക്കിയുള്ള കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

4. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ഏകദേശം 2400 കോടി രൂപയുടെ എ.ഡി.ബി. സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 24x7 ജലവിതരണ പദ്ധതിയുടെ ഭാഗമായി ശുദ്ധീകരിച്ച ജലത്തിന്റെ നഷ്ടം (നോൺ റവന്യൂ വാട്ടർ) ഇരുപത് ശതമാനമായി കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ വിഭാവനം ചെയ്തുവരുന്നു. ഈ പദ്ധതിയിൽ തിരുവനന്തപുരം നഗരസഭയിലെ പദ്ധതിക്ക് ഏകദേശം 1400 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## ഐ.ടി.ഐ. കൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് നടപടി

22 (*382) <u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളുടെ തൊഴിൽ നൈപുണ്യം, ആഗോള തൊഴിൽ കമ്പോളത്തിന്റെ ആവശ്യകതയ്ക്കും നൂതന പ്രവണതകൾക്കും അനുസൃതമായി വികസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ഐ.ടി.ഐ.കളെ മികവേറിയ സ്ഥാപനങ്ങളാക്കിത്തീർക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ;

(ബി) ഏതെല്ലാം ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. അംഗീകാരം നേടിയെടുക്കാനായിട്ടുണ്ട്; വിവിധ ഐ.ടി.ഐ.കളിൽ എല്ലാ ട്രേഡുകൾക്കും ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എൻ.സി.വി.റ്റി. അഫിലിയേഷൻ നേടാനായിട്ടുണ്ടോ;

(സി) പരിശീലന കോഴ്സുകളുടെ നിരന്തര നവീകരണത്തിനും പരിശീലകരുടെ ശേഷിവികസനത്തിനും ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോഗത്തിന് പരിപാടിയുണ്ടോ;

(ഡി) പരിശീലനാർത്ഥികളുടെ സംരംഭകത്വ വികസനത്തിനായി പ്രത്യേക പരിപാടിയുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളെ മികവേറിയ സ്ഥാപനങ്ങളാക്കി തീർക്കുന്നതിന് താഴെപ്പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്

12 സർക്കാർ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ 10 ഐ.ടി.ഐ.കൾ കിഫ്ബിയുടെ ധനസഹായത്തോടയും രണ്ടെണ്ണം വകുപ്പുതല ഫണ്ടുപയോഗിച്ചുമാണ് നടപ്പിലാക്കുന്നത്.

2. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഉയർന്ന നിലവാരവും ലക്ഷ്യമിട്ട് 34 സർക്കാർ ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് (വനിത) ഐ.ടി.ഐ.യിൽ അക്കാഡമിക മികവിനായുള്ള പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ. 29993-2017 സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

3. ഇൻഡസ്ട്രികളുമായുള്ള സഹകരണം

ഐ.ടി.ഐ.കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതികവിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ വ്യവസായ സ്ഥാപനങ്ങളുമായി ഐ.ടി.ഐ.കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

4. <u>കാലഹരണപ്പെട്ട ട്രേഡുകളുടെ റീവാമ്പിംഗ്</u>

ഐ.ടി.ഐ. കളിൽ നിലവിലുള്ളതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ റീവാമ്പ് ചെയ്ത് തൊഴിൽ സാധ്യതയുള്ളതും നൂതനവുമായ പുതിയ ട്രേഡുകൾ കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്നുണ്ട്.

5. <u>പ്ലേസ്മെന്റ് സെൽ</u>

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐ.കളിൽ പ്രവർത്തിച്ചുവരുന്നു.

6. <u>സംരംഭകത്വ വികസന ക്ലബ്ബ്</u>

വ്യവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.-കളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുക എന്നതാണ് ഈ ക്ലബ്ബുകൾ മുഖേന ലക്ഷ്യമിടുന്നത്.

7. <u>ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം</u>

സർക്കാർ ഐ.ടി.ഐ.കളിൽ പഠന മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ ഉന്നത പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

8. <u>ജോബ് ഫെയർ</u>

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽലഭ്യത ഉറപ്പാക്കുന്നതിനായി ജില്ലാ തലത്തിലും മേഖലാ തലത്തിലും ജോബ് ഫെയൽ സംഘടിപ്പിക്കുന്നുണ്ട്.

(ബി) കണ്ണൂർ, കോഴിക്കോട്, കൽപ്പറ്റ, ചെന്നീർക്കര, ചാലക്കുടി (വനിത), കളമശ്ശേരി, ആറ്റിങ്ങൽ, കഴക്കൂട്ടം (വനിത), അരിക്കോട്, ചെങ്ങന്നൂർ, ധനുവച്ചപുരം, ചന്ദനത്തോട്, കൊല്ലം (വനിത), പള്ളിക്കത്തോട്, കട്ടപ്പന, ചാലക്കുടി, കണ്ണൂർ (വനിത), കാസർഗോഡ്, മാള, ഏറ്റുമാനൂർ, മലമ്പുഴ, കളമശ്ശേരി (വനിത), കോഴിക്കോട് (വനിത), ആര്യനാട്, ചാത്തന്നൂർ, മലയിൻകീഴ്, പള്ളിപ്പാട്, അട്ടപ്പാടി, കയ്യൂർ, കൊയിലാണ്ടി, നിലമ്പൂർ, കുഴൽമന്ദം, മാടായി എന്നീ 34 സർക്കാർ ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്.

നിലവിൽ എൻ.സി.വി.ടി. അഫിലിയേഷൻ നേടുന്നതിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അക്രഡിറ്റേഷൻ നിർബന്ധമല്ല. സംസ്ഥാനത്ത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 99 സർക്കാർ ഐ.ടി.ഐ.-കളിൽ

കാസർഗോഡ് സർക്കാർ ഐ.ടി.ഐ.-യിലെ 3 ട്രേഡുകൾ ഒഴികെ മറ്റെല്ലാ ട്രേഡുകളുടെയും യൂണിറ്റുകൾക്ക് എൻ.സി.വി.ടി. അഫിലിയേഷൻ നേടിയെടുക്കാനായിട്ടുണ്ട്.

(സി) ഉണ്ട്. പരിശീലന കോഴ്സുകളുടെ നിരന്തര നവീകരണത്തിന്റെ ഭാഗമായി കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ ഐ.ടി.ഐ.കളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പരിശീലകരുടെ ശേഷി വികസനത്തിനും ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിനുമായി വകുപ്പിലെ പരിശീലകരെ ആധുനിക സാങ്കേതിക വിദ്യകളിൽ കൂടുതൽ പ്രാവീണ്യമുള്ളവരാക്കുന്നതിനായി കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പരിശീലനാർത്ഥികളുടെ സംരംഭകത്വ വികസനത്തിനായി വ്യവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.കളിലും സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുക എന്നതാണ് ഈ ക്ലബ്ബുകൾ മുഖേന ലക്ഷ്യമിടുന്നത്. പ്രസ്തുത ക്ലബ്ബുകൾ മുഖേന ചെറുകിട വ്യവസായങ്ങളുടെ പ്രസക്തി, ഊർജ്ജസംരക്ഷണം, സാമ്പത്തിക സാക്ഷരത, വൈദ്യുതി സുരക്ഷാ ബോധവൽക്കരണം, വിവിധ സർക്കാർ വായ്പാ പദ്ധതികൾ, മോട്ടിവേഷൻ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരുടെ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ വിവിധ ഐ.ടി.ഐ.കളിൽ കുട നിർമ്മാണം, എൽ.ഇ.ഡി. ട്യൂബ് നിർമ്മാണം, സോളാർ സിസ്റ്റം മെയിന്റനൻസ്, കൈത്തറി എന്നീ ചെറുകിട വ്യവസായങ്ങളിൽ പരിശീലനവും നൽകിവരുന്നു.

## സാമൂഹിക പഠനമുറി പദ്ധതി

23 (*383) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഊരുകളിൽ സാമൂഹിക പഠനമുറി എന്ന പേരിൽ പൊതുപഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) സാമൂഹിക പഠനമുറി പ്രവർത്തനം ഏതെല്ലാം ജില്ലകളിൽ ആണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സാമൂഹിക പഠനമുറികൾ എത്ര കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഇത് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഒരു പഠന കേന്ദ്രത്തിൽ ചുരുങ്ങിയത് 30 കുട്ടികൾക്കെങ്കിലും പ്രയോജന പ്പെടുംവിധം ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് ഒരുമിച്ചിരുന്ന് പഠിക്കാൻ സൗകര്യപ്പെടുംവിധം സാമൂഹ്യ പഠനമുറി എന്ന പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. ഈ കേന്ദ്രത്തിൽ അഭ്യസ്തവിദ്യരായ ആ വിഭാഗത്തിൽപ്പെട്ട ഒരു ട്യൂട്ടറെ 1500 രൂപ ഓണറേറിയം നൽകി നിയമിക്കുന്നുണ്ട്.

(ബി) സാമൂഹിക പഠനമുറി പദ്ധതി ആരംഭിച്ചിട്ടുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

(സി) ആകെ 500 സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 100 സാമൂഹ്യ പഠനമുറികൾ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 100 സാമൂഹ്യ പഠനമുറികൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 150 സാമൂഹ്യ പഠനമുറികൾ രണ്ടാംഘട്ടമെന്ന നിലയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. നിലവിൽ കെട്ടിട സൗകര്യമുള്ള കമ്മ്യൂണിറ്റി ഹാളുകൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 25 സാമൂഹ്യ പഠനമുറികളുടെ സിവിൽവർക്കും ഇലക്ട്രിക്കൽ വർക്കും പൂർത്തീകരിച്ച് കമ്പ്യൂട്ടർ ഒഴികെയുള്ള അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 125 കമ്മ്യൂണിറ്റി ഹാളുകളിലും/കെട്ടിടങ്ങളിലും നവീകരണ പ്രവൃത്തി നടന്നുവരുന്നു.

**വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി**

24 (*384) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനും അവരുടെ സാമൂഹികനിലവാരവും കഴിവുകളും മെച്ചപ്പെടുത്തുന്നതിനുമായി വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇവരുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇൻഷ്വറൻസ് കാലാവധി അവസാനിക്കുമ്പോൾ ഒരു പെൺകുട്ടിയ്ക്ക് ലഭിക്കുന്ന തുക എത്രയെന്നും അറിയിക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരം 2018-19 സാമ്പത്തികവർഷം എത്ര പേർക്ക് പ്രയോജനം ലഭിച്ചു എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആദ്യഗഡു 39,000 രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്ത കാലയളവിലാണ്. ഇതിനായി നിർബന്ധിത പ്രതിരോധ വാക്സിനുകൾ എടുത്തിരിക്കണം. ഇത് കുട്ടിയുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നു. തുടർന്ന് രണ്ടാം ഗഡു 36,000 രൂപ അഞ്ച് വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതുമായ കുട്ടികൾക്ക് നൽകുന്നു. മൂന്നാം ഗഡു 33,000 രൂപ 10 വയസ്സ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതുമായ കുട്ടികൾക്കും നാലാം ഗഡു 30,000 രൂപ 15 വയസ്സ് പൂർത്തിയായതും 10-ാം തരം പാസ്സായതുമായ കുട്ടികളുടെ പേരിൽ എൽ.ഐ.സി. ഓഫ് ഇന്ത്യയിൽ നിക്ഷേപിക്കുന്നു. പദ്ധതി പ്രകാരം പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപയോ അതിൽ കൂടുതലോ ഇൻഷ്വറൻസ് ആനുകൂല്യമായി ലഭിക്കുന്നതാണ്.

കൂടാതെ 9,10,11,12 ക്ലാസ്സുകളിൽ കുട്ടിക്ക് പ്രതിവർഷം 1,200 രൂപ പ്രകാരം സ്കോളർഷിപ്പും നൽകുന്നു. പെൺകുട്ടികളുടെ ആരോഗ്യ സംരക്ഷണവും വിദ്യാഭ്യാസ പുരോഗതിയും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുന്നതിനും പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സ്കൂൾതലത്തിലുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാകും.

(സി) പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയായിരിക്കണം.
2. മാതാപിതാക്കളുടെ വാർഷിക വരുമാനം 1,00,000 രൂപയിൽ കുറവായിരിക്കണം.
3. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ടി പദ്ധതിയിൽ അംഗമാക്കാവുന്നത്.

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപയോ അതിൽ കൂടുതലോ ഇൻഷ്വറൻസ് ആനുകൂല്യമായി ലഭിക്കുന്നു.

(ഡി) 2017-18-ൽ 2555 പേരുടെ ഒന്നാംഗഡു പ്രീമിയവും 2018-19 സാമ്പത്തിക വർഷത്തെ അപേക്ഷകളിൽ ഇതുവരെ 270 പേരുടെ ഒന്നാം ഗഡു പ്രീമിയവും എൽ.ഐ.സി.ക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഓൺലൈൻ വെരിഫിക്കേഷൻ നടന്നുവരുന്നു.

## ഭൂഗർഭജല നിരപ്പ് കുറയുന്നതിനുള്ള കാരണം

25 (*385) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എൺപത് ശതമാനം ജനങ്ങളും ശുദ്ധജലത്തിനായി ആശ്രയിക്കുന്ന ഭൂഗർഭജലത്തിന്റെ നിരപ്പ് ആറുമീറ്റർ വരെ താഴുന്നു എന്ന ഭൂജല വകുപ്പിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പെരുകുന്ന അനധികൃത മണ്ണെടുപ്പും നെൽവയലും തണ്ണീർത്തടങ്ങളും നികത്തുന്നതുമാണ് ഭൂഗർഭജലവിതാനം താഴുന്നതിന് കാരണമാകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തുണ്ടായ പ്രളയം കേരളത്തിലെ ഭൂഗർഭജല നിരപ്പ് കുറയാൻ കാരണമായിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. നെൽവയലുകളും തണ്ണീർത്തടങ്ങളും കുന്നുകളും ഉപരിതല ജലവിതാനവും ഭൂജലവിതാനവും നിലനിർത്തുന്നതിൽ പ്രധാനപങ്കാണ് വഹിക്കുന്നത്. നഗരവൽക്കരണവും ജീവിതശൈലിയിൽ വന്ന മാറ്റങ്ങളും ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റവും മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളും ചേർന്ന് നെൽവയലുകളുടെയും കുന്നുകളുടെയും തണ്ണീർത്തടങ്ങളുടെയും വിസ്തൃതിയിലും സ്വഭാവത്തിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇത് ഭൂജലവിതാനം താഴുന്നതിനുള്ള ഒരു കാര്യമായി വിലയിരുത്തിയിട്ടുണ്ട്.

വെട്ടുകല്ല് (ലാറ്ററൈറ്റ്) പ്രദേശങ്ങളും കുന്നുകളും തണ്ണീർത്തടങ്ങളും ഭൂജലം സംഭരിക്കപ്പെടുന്ന പ്രദേശങ്ങളാണ് (ജലഭൃതങ്ങൾ). നഗരവൽക്കരണത്തിന്റെ ഭാഗമായി ഭൂപ്രദേശങ്ങളുടെ ഘടന മാറ്റുന്നത് ഭൂജല സംപോഷണ മേഖലകളുടെ വിസ്തൃതി കുറയുന്നതിന് കാരണമാകുന്നു. അശാസ്ത്രീയമായ ഭൂ വികസന രീതികൾകൊണ്ടും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടാകുന്ന അന്തരീക്ഷോഷ്മാവിലെ വർദ്ധനവും മഴദിനങ്ങളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും വേനൽക്കാലത്ത് ഉപരിതല

ജലദൗർലഭ്യംമൂലം കൂടുതലായി ഭൂജലത്തെ ആശ്രയിക്കേണ്ടിവരുന്നതും ഭൂജലവിതാനത്തിൽ കുറവ് സംഭവിക്കുന്നതിന് കാരണമാകുന്നു. കൂടാതെ 2018-ലെ വർഷകാലത്ത് ചുരുങ്ങിയ സമയത്തിൽ കൂടുതൽ മഴ ലഭിച്ചതുമൂലം ഭൂജല സംപോഷണ മേഖലകളായ മണൽതിട്ടകളും മേൽമണ്ണും ഒഴുകിപ്പോയതും ഭൂജല സംപോഷണം നടക്കാതിരിക്കാൻ കാരണമായിട്ടുണ്ട്.

(സി) പ്രളയാനന്തരം കേരളത്തിലെ ഭൂജല സ്ഥിതിയെക്കുറിച്ച് വകുപ്പ് തലത്തിൽ ഒരു പഠനം നടത്തുകയുണ്ടായി. ആയതിൻപ്രകാരം സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം സെപ്റ്റംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽനിന്നും സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 75 ശതമാനം കിണറുകളിലും ജലവിതാനം കുറഞ്ഞതായി കാണപ്പെട്ടിട്ടുണ്ട്. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽ കിണറുകളിലും (ബോർ വെൽ) 72 ശതമാനം കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.

**പട്ടികജാതിക്കാർക്കുള്ള ഭവന പദ്ധതികൾ**

26 (*386) ശ്രീമതി യു. പ്രതിഭ :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതനപദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ വിവിധ കാരണങ്ങളാൽ പണി പൂർത്തിയാക്കാൻ സാധിക്കാതിരുന്നതുമായ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പട്ടികജാതിക്കാരുടെ ഭവനനിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചുവടെ പറയുന്ന പദ്ധതികൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

1. വാൽസല്യനിധി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടംബങ്ങളിലെ 1-4-2017 മുതൽ ജനിച്ച പെൺകുട്ടികൾക്കായി സംസ്ഥാന സർക്കാർ വാത്സല്യനിധി പദ്ധതി നടപ്പാക്കുന്നു. പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം വകുപ്പ് 1,38,000 രൂപ 4 ഇൻസ്റ്റാൾമെന്റുകളായി പെൺകുട്ടിയുടെ പേരിൽ LIC-യിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ 3,00,000 രൂപയോ അതിൽ കൂടുതലോ (Assured amount) നൽകുന്നു. രക്ഷിതാക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്. 9 മുതൽ 12 ക്ലാസ്സുവരെ സ്റ്റൈപൻഡ് ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്.

2. വർക്കിംഗ് വിമൺസ് ഹോസ്റ്റൽ

പട്ടികജാതി വിഭാഗത്തിലെ വനിതാ ജീവനക്കാർക്ക് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലും മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ ആരംഭിക്കുന്ന പദ്ധതിക്ക് തുടക്കമിട്ടു. അതിന്റെ ഭാഗമായി തിരുവനന്തപുരത്ത് പേരൂർക്കടയിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആസ്ഥാനത്ത് വർക്കിംഗ് വിമൺസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് 5.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം KEL-ന്റെ നേതൃത്വത്തിൽ 70 ശതമാനം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. അംബേദ്കർ ഗ്രാമം പദ്ധതി

ഓരോ നിയോജകമണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും

വികസന പ്രവർത്തനങ്ങൾ ആവശ്യമായുള്ളതുമായ 2 കോളനികളെ വീതം തെരഞ്ഞെടുത്ത് ഓരോ കോളനിയിലും 1,00,00,000 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംസ്ഥാനത്തുനിന്നും 373 കോളനികളെ തെരഞ്ഞെടുക്കുകയും 165 കോളനികളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. <u>നഴ്സിംഗ് അപ്രന്റിസ്ഷിപ്പ് സ്കീം</u>

ജനറൽ/ബി.എസ്.സി. നഴ്സിംഗ് പാസ്സായ സംസ്ഥാനത്തെ പട്ടികജാതി യുവതി യുവാക്കളെ താലൂക്ക് ആശുപത്രികളിൽ ഒരാൾ വീതവും ജില്ലാ ജനറൽ ആശുപത്രികളിൽ 3 പേർ വീതവും മൊത്തം 134 പേർക്ക് കരാർ അടിസ്ഥാനത്തിൽ നഴ്സായി നിയമനം നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രതിമാസം 15,000 രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് ഓണറേറിയം അനുവദിക്കുകയും ചെയ്തു.

5. <u>പഠനമുറി പദ്ധതി</u>

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം 120 ചതുരശ്ര അടി വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് 2,00,000 രൂപ ധനസഹായം 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി നൽകുന്നു. പദ്ധതിയുടെ വരുമാന പരിധി 1,00,000 രൂപയാണ്. പദ്ധതി പ്രകാരം 800 ചതുരശ്ര അടി വലിപ്പമുള്ള വീടുകളെയാണ് പഠനമുറി നിർമ്മാണ ധനസഹായത്തിനായി പരിഗണിക്കുന്നത്. പദ്ധതിപ്രകാരം നിലവിലുള്ള വീടിനോടൊപ്പം 120 ചതുരശ്ര അടി വലിപ്പത്തിൽ മുറി നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിലും ജനലും പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാരയും സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റും ഫാനും സ്ഥാപിക്കുന്നതിനുമാണ് ധനസഹായം നൽകുന്നത്.

ടി പദ്ധതി പ്രകാരം 2017-18 വർഷം 6623 പഠനമുറികളും 2018-19 വർഷം 5000 പഠനമുറികളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 2017-18 വർഷം അനുവദിച്ചതിൽ 4680 പഠനമുറികളും 2018-19 വർഷം അനുവദിച്ചതിൽ 495 പഠനമുറികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2017-18 വർഷം 56,53,11,250 രൂപയും 2018-19 വർഷം 1,20,50,10,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും പുതുതായി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2016-17 വർഷം അനുവദിച്ച വീടുകളിൽ 11181 വീടുകളും 2017-18 വർഷം അനുവദിച്ച വീടുകളിൽ 5664 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

ഇതുനുപുറമേ 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന 245 പട്ടികജാതി കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2018-19 വർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമാണ് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നത്. 7467 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിച്ചു.

(സി) വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 2007-08 മുതൽ 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന കുടുംബങ്ങൾക്ക് സ്പിൽ ഓവറായി നിലവിലെ ധനസഹായ തുകയ്ക്ക് ആനുപാതികമായ നിരക്കിൽ തുക നൽകി വരുന്നു. ഇതിനുപുറമേ 2007-08 മുതൽ 2013-14 വർഷംവരെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ രണ്ട് ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായ ഗഡുക്കൾ കൈപ്പറ്റി നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നവർക്ക് നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്നതിനായി ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു തുക അധിക ധനസഹായമായി നൽകിവരുന്നു.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരം 2007-08 മുതൽ 2015-16 വരെയുള്ള സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണ ത്തിനായി വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകുന്നുണ്ട്. ടി പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവും കൈപ്പറ്റിയ തുക മൂന്ന് ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായി കണക്കാക്കി പ്രസ്തുത ശതമാനം 4 ലക്ഷം രൂപയിൽ നിന്ന് കുറവ് ചെയ്ത് ബാക്കി തുക നൽകുന്നു. ആയതുപ്രകാരം ലൈഫ് മിഷൻ സ്പിൽ ഓവർ വീടുകളുടെ പട്ടികയിൽ ഉൾപ്പെട്ട 4072 വീടുകളിൽ 3718 വീടുകൾ പൂർത്തീക രിച്ചിട്ടുണ്ട്.

(ഡി) വകുപ്പ് നടപ്പാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ നടത്തിപ്പിനായുള്ള 2225-01-283-89 ഭവനരഹിതർക്ക് ഭവനം (പി) എന്ന ശീർഷകത്തിൽ നടപ്പുവർഷം 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്ന തിനായി ലൈഫ് മിഷന് 400 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

27 (*387) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന കുടിവെള്ളക്ഷാമം കാര്യക്ഷമമായി പരിഹരിക്കുന്നതിന്റെ ഭാഗമായി കിണർ റീ-ചാർജ്ജ്, മഴവെള്ളകൊയ്ത്ത് തുടങ്ങിയ പരിപാടികൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യക്തിഗതകുടുംബങ്ങൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മലയോര തീരദേശ മേഖലകളിൽ കുടിവെള്ളത്തിന് ഏറെ ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) പട്ടികജാതി,പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്തുണ്ടാകുന്ന കുടിവെള്ളക്ഷാമം കാര്യക്ഷമമായി പരിഹരിക്കുന്നതിനായി കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ കീഴിലുള്ള മഴകേന്ദ്രം (Rain Centre) വഴി മഴവെള്ള സംഭരണത്തിനും ഭൂജല പരിപോഷണത്തിനുമായി കിണർ റീചാർജ്ജിംഗും മഴവെള്ളക്കൊയ്ത്തും നടത്തി വരുന്നു. നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ ആറു ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ചുള്ള കിണർ റീചാർജ്ജിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തുകളിലെ 8500 കുടുംബങ്ങളിലെ തുറന്ന കിണറുകൾക്കാണ് കിണർ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. മഴക്കൊയ്ത്ത് പദ്ധതിയുടെ ഭാഗമായി ഏഴ് ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ 1000 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സഹായകരമായ സംഭരണികൾ ഗുണഭോക്തൃ വിഹിതം സമാഹരിച്ചുകൊണ്ട് നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഘട്ടം ഘട്ടമായി സംസ്ഥാനമൊട്ടാകെ ഈ പദ്ധതി വ്യാപകമാക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു.

കുടിവെള്ള സ്രോതസ്സുകളിൽ മഴയുടെ തോതനുസരിച്ച് ജല ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കുന്നതിനായി ശാശ്വതവും പാരിസ്ഥിതിക സൗഹൃദവുമായ രീതികളായ ചെക്കുഡാമുകളുടേയും റെഗുലേറ്ററികളുടേയും നിർമ്മാണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, ലഘു ലേഖകൾ, കൈപ്പുസ്തകം എന്നിവ വഴിയുള്ള ബോധവൽക്കരണ പരിപാടികൾ, മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം സാധ്യമായ സ്ഥലങ്ങളിലെല്ലാം സംഭരിച്ച് ഉപയോഗിക്കുവാനുള്ള സംവിധാനങ്ങൾ എന്നിവ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) നീർത്തട ഘടകം പദ്ധതിയിലൂടെ 83 പ്രോജക്ടുകളിലായി 4.25 ലക്ഷം ഹെക്ടർ പ്രദേശത്ത് വിവിധ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ ജല സുഭിക്ഷ-സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഉണ്ട്. വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ചു നൽകുന്ന ജലനിധി പദ്ധതിയുടെ ഭാഗമായ മഴകേന്ദ്രം (Rain Centre) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം ഇതിനോടകം സംസ്ഥാനത്തെ 34 ഗ്രാമപഞ്ചായത്തു കളിലെ 7100 കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികളാണ് ഓരോ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളുടെയും പുരയിടത്തിൽ നിർമ്മിച്ചു നൽകിയിരിക്കുന്നത്. അത്തരം കുടുംബങ്ങൾക്ക് മഴക്കാലത്ത് സംഭരണിയിൽ ശേഖരിക്കുന്ന മഴവെള്ളം യഥേഷ്ടം ഉപയോഗിക്കുവാൻ സാധിക്കുന്നു. കൂടാതെ സംഭരിച്ചു വയ്ക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ കുടിവെള്ളക്ഷാമത്തിന് പരിഹാരവുമാകുന്നു.

(സി) മലയോര മേഖലയിലും തീരദേശ മേഖലയിലും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതികൾ കേരളാ വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിവരുന്നു. ഈ പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കേന്ദ്ര സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയുള്ള പദ്ധതികൾ, നബാർഡ്, കിഫ്ബി, അമൃത്, മറ്റ് സാമ്പത്തിക ഏജൻസികൾ, ഗ്രാമപഞ്ചായത്ത്, എസ്.സി., എസ്.ടി. വികസന വകുപ്പുകൾ, തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേനയുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

തീരദേശ മേഖലകളിലെ കുടിവെള്ള പദ്ധതിക്കുവേണ്ടി Kerala State Coastal Area Development Corporation (KSCADC) വഴി 108 പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 97 പദ്ധതികൾ പൂർത്തീകരിക്കുകയും 6 പദ്ധതികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയും ചെയ്തു. 5 പദ്ധതികൾ നടന്നുവരുന്നു. മലയോര മേഖലയിലും തീരദേശ മേഖലയിലും കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഇപ്പോൾ ചെറുതും വലുതുമായ 196-ഓളം പദ്ധതികൾ നടന്നുവരുന്നു.

ജലനിധി വഴി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം-ഭൂജലപരിപോഷണം പദ്ധതിയുടെ ആനുകൂല്യത്തിനായി ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുമ്പോൾ മലയോര/തീരദേശ ഗ്രാമപഞ്ചായത്തുകൾക്കും കുടിവെള്ള പദ്ധതികളുടെ കവറേജ് ഏറ്റവും കുറവുള്ള ഗ്രാമപഞ്ചായത്തുകൾക്കും മുൻഗണന നൽകാറുണ്ട്.

(ഡി) നിലവിൽ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽക്കൂടി പ്രസ്തുത പദ്ധതി പ്രദേശങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കുന്നുണ്ട്. ഇതിലുൾപ്പെടാത്ത പട്ടികജാതി കോളനികളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി എസ്.സി., എസ്.ടി. ഡിപ്പാർട്ടുമെന്റ്, മറ്റു ഡിപ്പോസിറ്റുകൾ മുഖേന 92-ഓളം പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. ഇവയിൽ ചില പദ്ധതികളിൽ നൂതന സാങ്കേതിക വിദ്യകളായ ആട്ടോമേഷൻ, സോളാർ പമ്പുകൾ എന്നിവ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്ക് മാത്രമായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ജലനിധി വഴി നടപ്പു സാമ്പത്തിക വർഷം രണ്ട് കോളനികളിൽ പരീക്ഷണാടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണി നിർമ്മിച്ചു നൽകാൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിജയ പരാജയങ്ങൾ കണക്കിലെടുത്ത് തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ കോളനികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും. ജലനിധി രണ്ടാം ഘട്ടത്തിൽ പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആവശ്യാധിഷ്ഠിതമായി ജലനിധി പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വയനാട്ടിലും ഇടുക്കിയിലുമുള്ള 19 ജലനിധി പഞ്ചായത്തുകളിൽ ട്രൈബൽ ഡെവലപ്മെന്റ് പദ്ധതികളും നടപ്പിലാക്കി വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മൃഗങ്ങളിലൂടെ നിപ വൈറസ് പടരുന്നത് തടയാൻ മുൻകരുതൽ

28 (*388) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വവ്വാലുകളാണ് നിപ വൈറസിന്റെ പ്രധാന വാഹകർ എന്നത് കണക്കിലെടുത്ത് പക്ഷികളിലൂടെയും മൃഗങ്ങളിലൂടെയും വൈറസ് ബാധ പടരുന്നത് തടയാൻ മൃഗസംരക്ഷണവകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ വ്യക്തമാക്കുമോ;

(ബി) വളർത്തുമൃഗങ്ങളെ പരിപാലിക്കുന്നവർക്ക് നിപ രോഗബാധ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഫാമുകളിൽ രോഗനിരീക്ഷണം, അണുനശീകരണം എന്നിവ സംബന്ധിച്ച് കൂടുതൽ ജാഗ്രത പുലർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ഡി) രോഗം ബാധിച്ച കന്നുകാലികളെ ചെക്ക്പോസ്റ്റുകൾ മുഖേന സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നില്ല എന്നുറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പന്നികളിൽക്കൂടി നിപ വൈറസ് പടരുന്നുവെന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പന്നി ഫാമുകളിൽ ആവശ്യമായ സുരക്ഷാനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഈ വിഷയത്തിൽ കൃത്യമായ മുൻകരുതലുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. വവ്വാലുകളിൽ നിന്നും മനുഷ്യരിലേക്കും പന്നികളിലേക്കുമാണ് ഈ രോഗം പകരുന്നതായി കണ്ടുവന്നിട്ടുള്ളത്. പന്നി വളർത്തൽ നടത്തുന്ന ഫാമുകളിലെ കർഷകർക്ക് ഈ രോഗത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചും രോഗവ്യാപനം തടയുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡോക്ടർമാർ മുഖാന്തിരം പന്നിവളർത്തൽ നടക്കുന്ന സ്ഥലങ്ങളിൽ കൃത്യമായ നിരീക്ഷണം നടത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പഴംതീനി വവ്വാലുകളുടെ സ്രവങ്ങളും വിസർജ്ജ്യവസ്തുക്കളും ശേഖരിച്ച് വിദഗ്ദ്ധ പരിശോധന നടത്തുന്നതിലേക്കായി NIV പൂനെ, NISHAD ഭോപ്പാൽ എന്നിവിടങ്ങളിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കൊച്ചി കേന്ദ്രീകരിച്ച് വവ്വാലുകളെ പിടികൂടി സാമ്പിൾ മേൽപ്പറഞ്ഞ ലാബുകളിൽ എത്തിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി.

(ബി) പന്നികളിലൊഴിച്ച് മറ്റ് വളർത്തുമൃഗങ്ങളിൽ ഈ രോഗം കണ്ടു വരുന്നതായി ഒരു റിപ്പോർട്ടും നിലവിലില്ല. എന്നിരുന്നാൽ തന്നെയും ഈ രോഗത്തെക്കുറിച്ചും വ്യാപനം തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വെറ്ററിനറി സർജന്മാർ മുഖേന ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നു.

(സി) ഫാമുകളിൽ രോഗനിരീക്ഷണം നടത്തുന്നതിനും അണുനശീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖാന്തരം നൽകിയിട്ടുണ്ട്.

(ഡി) കന്നുകാലികളിൽ ഈ രോഗം വന്നതായി റിപ്പോർട്ടില്ല. എന്നിരുന്നാലും സംശയാസ്പദമായ രോഗലക്ഷണങ്ങളുള്ള കന്നുകാലികളുടെ സാമ്പിളുകൾ ശേഖരിക്കാൻ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കന്നുകാലികളുടെയും മറ്റും എണ്ണം വളരെ വർദ്ധിച്ചതിനാലും വിവിധ രോഗങ്ങളുള്ള കന്നുകാലികളെ കേരളത്തിലേക്ക് കടത്തുന്നതായുള്ള സംശയം നിലനിൽക്കുന്നതിനാലും ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ജാഗ്രത പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പന്നികളിൽക്കൂടി നിപ വൈറസ് പകരുന്നുവെന്നത് സ്ഥിരീകരിച്ചിട്ടില്ല. ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ലാബിലെ റിസൾട്ട് നെഗറ്റീവായിരുന്നു.

## തോട്ടം തൊഴിലാളികളുടെ ഉന്നമനം

29 (*389) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തോട്ടം തൊഴിലാളികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ മുഖേന വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സ്വന്തമായി വീട് ഇല്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം ഉടമകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി 29-6-2018-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കി വന്നിരുന്ന സീനിയറേജ് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ പ്ലാന്റേഷൻ ടാക്സ്, അഗ്രിക്കൾചർ ടാക്സ്, ലയങ്ങളുടെ കെട്ടിട നികുതി എന്നിവ ഒഴിവാക്കി ഉത്തരവാകുകയും സർക്കാരിന്റെ വിവിധ വകുപ്പുകൾ ഇക്കാര്യങ്ങളിൽ തുടർനടപടി സ്വീകരിച്ചുവരികയുമാണ്. തോട്ടം മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്ലാന്റേഷൻ പോളിസിയുടെ കരട് തയ്യാറാക്കി വരുന്നു.

കൂടാതെ തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതി മുഖേന ഭവനരഹിതരും സ്വന്തമായി ഭൂമിയുള്ളതുമായ തോട്ടം തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകളും സ്വന്തമായി ഭൂമിയില്ലാത്ത തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സും നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ആയതിന്റെ നടത്തിപ്പിന് ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭവനം ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കി വരുന്ന 'Own your own Housing പദ്ധതിയുടെ ആദ്യ പ്രോജക്ടിന്റെ നിർമ്മാണം ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർ വാലിയിൽ പുരോഗമിച്ചുവരുന്നു. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഓണക്കിറ്റുകളും ഓണം എക്സ്ഗ്രേഷ്യ ധനസഹായമായി 2000 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൊൻമുടി എസ്റ്റേറ്റ്, പീരുമേട് താലൂക്കിലെ എം.എം.ജെ. പ്ലാന്റേഷൻസ്, വയനാട് ജില്ലയിലെ ചെമ്പ്ര എസ്റ്റേറ്റ് എന്നീ തോട്ടം ഉടമകൾ ഉപാധികളോടെ സ്ഥലം വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിന് ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

(ഡി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ പുരോഗമിച്ചുവരുന്നു. വേതന പരിഷ്കരണത്തിന് മുന്നോടിയായി തൊഴിലാളികൾക്ക് പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസമായി അനുവദിക്കാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം തീരുമാനിക്കുകയുണ്ടായി. 2019 ഫെബ്രുവരി മാസം മുതൽ ഈ തീരുമാനപ്രകാരമുള്ള ഇടക്കാലാശ്വാസം തൊഴിലാളികൾക്ക് ലഭിച്ചുവരുന്നു.

## പുതിയ പ്ലാന്റേഷൻ പോളിസി

30 (*390) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തനരഹിതമോ ഉപേക്ഷിക്കപ്പെട്ടതോ ആയ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) പുതിയ പ്ലാന്റേഷൻ പോളിസിയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്ലാന്റേഷൻ നികുതി, കാർഷികാദായ നികുതി, ലയങ്ങളുടെ കെട്ടിട നികുതി തുടങ്ങിയവ ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) തോട്ടങ്ങളുടെ പാട്ടം പുതുക്കിനൽകുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉപേക്ഷിക്കപ്പെട്ടതോ ദീർഘകാലമായി പ്രവർത്തന രഹിതമായതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ 23-10-2018-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പ്ലാന്റേഷൻ പോളിസിയുടെ കരട് തയ്യാറാക്കി വരുന്നു.

(ഡി) പ്ലാന്റേഷൻ നികുതി, കാർഷികാദായ നികുതി, ലയങ്ങളുടെ കെട്ടിട നികുതി എന്നിവ ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്നു.

(ഇ) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ-നിയമം വകുപ്പുകളുടെ പരിഗണനയിലാണ്.

## (i) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ

1 (4026) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എസ്.സി. എസ്.ടി. വിഭാഗങ്ങൾക്കുള്ള കേന്ദ്രഫണ്ടായി എത്ര തുകയാണ് ഓരോ വർഷവും സംസ്ഥാനത്തിന് ലഭിച്ചത്; ഇതിൽ എത്ര തുക ഓരോ വർഷവും ചെലവഴിച്ചു; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ലഭിച്ച കേന്ദ്ര ധനസഹായ തുകയുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 7290 | 7290 |
| 2017-18 | 10426 | 9973 |
| 2018-19 | 1147 | 733 |
| 2019-20 | 120 | 120 |

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പട്ടികവർഗ്ഗ വിഭാഗത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 5422.07 | 5422.07 |
| 2017-18 | 4750.58 | 4357.06 |
| 2018-19 | 3789.85 | 3955.64 |

## എസ്.സി. എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ വിദ്യാഭ്യാസം

2 (4027) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് വിദേശരാജ്യങ്ങളിൽ പഠിക്കുവാൻ വേണ്ടി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിരിക്കുന്നത് വിശദമാക്കാമോ;

(സി) ഇവർക്ക് വിദേശരാജ്യങ്ങളിൽ പഠിക്കാൻ കേന്ദ്രസർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 25 ശതമാനം വർദ്ധിപ്പിച്ചു. (സ.ഉ. (പി) 4/16/പജപവവിവ. തീയതി 23-7-2016)

2. ലാപ്ടോപ്പ് ധനസഹായ പദ്ധതിയിൽ പുതിയതായി Polytechnic, Bsc Computer Science, MBBS, BAMS, BHMS, BVSc & AH, MBA, B. Arch, MSc Electronics, MPhil, Phd കോഴ്സുകളെക്കൂടി ഉൾപ്പെടുത്തി.

3. Btech വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുവാൻ Remedial coaching നൽകുന്ന പദ്ധതി നടപ്പിലാക്കി. ടി പദ്ധതി IHRD യുടെ നിയന്ത്രണത്തിലുള്ള Model Finishing School വഴി 2017-18 മുതൽ നടപ്പിലാക്കിവരുന്നു.

4. നൃത്ത/സംഗീത വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കി.

5. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ വരുന്ന ചെലവ് കണ്ടെത്തുന്നതിനായി 2000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

6. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി.

7. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരും ഹോസ്റ്റൽ അന്തേവാസികളുമായവർക്ക് നൽകുന്ന താമസ ഭക്ഷണ ചെലവ് 3500 രൂപയിൽ നിന്നും 4500 രൂപയായി വർദ്ധിപ്പിച്ചു.

8. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഉയർച്ചയ്ക്കായി പഠന മുറി പണിയുന്നതിന് 2,00,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേക്കായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. ഗോത്രബന്ധു പദ്ധതി
2. സാമൂഹ്യപഠന മുറി
3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി.
4. ലാപ്ടോപ്പ് വിതരണം
5. സമഗ്ര-സാക്ഷരതാ പദ്ധതി.
6. വിദേശ പഠനത്തിനുള്ള ധനസഹായം
7. നൈപുണ്യ വികസന പദ്ധതികൾ
8. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമമാണവും
9. ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും.

(ബി) സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ ഉപരിപഠനം (ബിരുദാന്തര പഠനം) നടത്തുന്നതിന് 4-10-2017-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 81/2017/ പജപവവിവ. പ്രകാരം വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അടങ്ങിയ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വിദേശ പഠനത്തിനായി കേന്ദ്ര സർക്കാർ നാഷണൽ ഓവർസീസ് സ്കോളർഷിപ്പ് സ്കീം ഫോർ എസ്.ടി. സ്റ്റുഡന്റ്സ് ഫോർ സ്റ്റഡിയിംഗ് എബ്രോഡ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിദേശ പഠനത്തിന് കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ socialjusticenic.in എന്ന വെബ്സൈറ്റിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## മലപ്പുറം മണ്ഡലത്തിൽ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

3 (4028) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോന്നിലും എത്ര കുട്ടികൾ വീതം താമസിക്കുന്നുവെന്ന് അറിയിക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓരോ ഹോസ്റ്റലിലും ആവശ്യമായ ജീവനക്കാർ ഉണ്ടോയെന്നും എതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ എന്നുമുള്ള വിശദാംശം നൽകുമോ;

(സി) മലപ്പുറം മണ്ഡലത്തിൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലില്ല എങ്കിൽ ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് പ്രസ്തുത ഹോസ്റ്റലുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൻ കീഴിൽ മലപ്പുറം ജില്ലയിൽ നിലവിൽ അഞ്ച് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു. സ്ഥാപനം, ആകെ വിദ്യാർത്ഥികൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | പ്രീ-മെട്രിക് ഹോസ്റ്റൽ (ആൺ) തച്ചിങ്ങനാടം, പെരിന്തൽമണ്ണ | 17 |
| 2 | പ്രീ-മെട്രിക് ഹോസ്റ്റൽ (പെൺ) മുക്കുതല, പെരുമ്പടപ്പ് | 30 |
| 3 | പ്രീ-മെട്രിക് ഹോസ്റ്റൽ (ആൺ) പരപ്പനങ്ങാടി, തിരൂരങ്ങാടി | 20 |
| 4 | പ്രീ-മെട്രിക് ഹോസ്റ്റൽ (പെൺ) വണ്ടൂർ | 19 |
| 5 | പ്രീ-മെട്രിക് ഹോസ്റ്റൽ (പെൺ) മഞ്ചേരി | 30 |

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലില്ല. നിലവിലുള്ള 10 പ്രീ മെട്രിക് ഹോസ്റ്റലുകളിലും താമസിക്കുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഹോസ്റ്റലിന്റെ പേര് | സ്ഥലം | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | PMH (Girls) നിലമ്പൂർ | പാടിക്കുന്ന് | 52 |
| 2 | PMH (Girls) പോത്തുകല്ല് | ഞെട്ടിക്കുളം | 58 |
| 3 | PMH (Girls) ചുങ്കത്തറ | മണിമൂളി | 63 |
| 4 | PMH (Girls) മണിമൂളി | മണിമൂളി | 63 |
| 5 | PMH (Boys) നിലമ്പൂർ | ഞെട്ടിക്കുളം | 21 |
| 6 | PMH (Boys) എടക്കര | പാലേമാട് | 27 |
| 7 | PMH (Boys) ചുങ്കത്തറ | ചുരുളി | 20 |
| 8 | PMH (Boys) മമ്പാട് | മമ്പാട് | 55 |
| 9 | PMH (Boys) ഓടക്കയം | ഓടക്കയം | 21 |
| 10 | PMH (Boys) പൂക്കോട്ടും പാടം | പൂക്കോട്ടുപാടം | 52 |

(ബി) പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രീ-മെട്രിക് ഹോസ്റ്റൽ, വണ്ടൂർ-വാർഡൻ, കുക്ക് തസ്തികയിൽ ഓരോ ഒഴിവുണ്ട്. പ്രീ-മെട്രിക് ഹോസ്റ്റൽ, മുക്കുതല-വാർഡൻ തസ്തികയിൽ ഒരൊഴിവുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രീമെട്രിക് ബോയ്സ് ഹോസ്റ്റൽ മമ്പാട്, നിലമ്പൂർ, ഗേൾസ് ഹോസ്റ്റൽ മണിമൂളി എന്നീ ഹോസ്റ്റലുകളിൽ വാർഡന്മാരുടെ തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്. ടി ഹോസ്റ്റലുകളിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ച വാർഡൻമാർ ജോലിയിൽ പ്രവേശിക്കാത്തതിനെ തുടർന്നാണ് ടി ഒഴിവുകൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത ഒഴിവും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുക്കുമാരുടെ തസ്തികയിൽ 14 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ദിവസവേതന അടിസ്ഥാനത്തിലോ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകി നിയമനം നടത്തുന്നതാണ്.

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ നിലവിൽ അഞ്ച് പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ ആവശ്യകതയുണ്ടോയെന്ന് പരിശോധിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മലപ്പുറം മണ്ഡലത്തിൽ പ്രീ-മെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലില്ല. ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ ആവശ്യകതയുണ്ടോ എന്ന് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## കായംകുളം മണ്ഡലത്തിൽ ചികിത്സാ ധനസഹായം

4 (4029) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പുവഴി എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും, അത് എത്ര രൂപയാണെന്നും, മുതുകുളം, മാവേലിക്കര, ഭരണിക്കാവ് ബ്ലോക്ക് പട്ടികജാതി ഓഫീസ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പുവഴി 912 പേർക്ക് 1,75,75,000 രൂപ (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ബ്ലോക്ക് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മാവേലിക്കര | 89 | 1857000 |
| 2 | ഭരണിക്കാവ് | 168 | 2890500 |
| 3 | മുതുകുളം | 655 | 12827500 |
| | ആകെ | 912 | 17575000 |

## പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിന് അംഗീകാരം

5 (4030) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിലെ അദ്ധ്യാപകനിയമനം പി.എസ്.സി. മുഖാന്തരം ആയിരുന്നോ ; അല്ലെങ്കിൽ എന്തു കൊണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജിൽ താല്ക്കാലികനിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ; ഏതൊക്കെ തസ്തികയിൽ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കോളേജിലെ അദ്ധ്യാപകേതര ജീവനക്കാരായി താല്ക്കാലികാടി സ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നു; ഓരോ വിഭാഗത്തിലും എത്ര പേർ വീതം; ഇവരുടെ നിയമനം എപ്രകാരമായിരുന്നു; വിശദമാക്കുമോ;

(ഇ) താല്ക്കാലിക ജീവനക്കാരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്ര; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് മെഡിക്കൽ കോളേജ് പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള സൊസൈറ്റി ഫോർ ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസിന് കീഴിൽ 2015-ലാണ് പ്രവർത്തനം ആരംഭിച്ചത്. ഇവിടത്തെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി നിയമാവലികൾ പാലിച്ച് പത്രങ്ങളിൽ പരസ്യം നൽകി സുതാര്യമായ രീതിയിൽ യോഗ്യരായ ഫാക്കൽറ്റികളെ നിയമിക്കുകയായിരുന്നു.

(സി) ഉണ്ട്. ടി കോളേജിലെ അദ്ധ്യാപക ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്തികൊണ്ട് 3-6-2019-ൽ സ.ഉ. (കൈ) നമ്പർ 33/2019/പജപവവിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ)

| | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| അദ്ധ്യാപകർ | 4 | -- |
| അനദ്ധ്യാപകർ | 126 | 3 |

## ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാവുകളുടെ സംരക്ഷണത്തിന് ധനസഹായം

6 (4031) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കാവുകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും ധനസഹായം ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാട്ടുകറ്റി പഞ്ചായത്തിലെ കാതിക്കുടം അന്നപൂർണ്ണേശ്വരി ഗുരുമുത്തപ്പൻ ഭഗവതിക്കാവിന്റെ സംരക്ഷണത്തിനായി ധനസഹായം ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ടി പ്രവൃത്തിയുടെ അപേക്ഷയും എസ്റ്റിമേറ്റും മറ്റു രേഖകളും നിശ്ചയിച്ച മാതൃകയിൽ അല്ലാത്തതിനാൽ പ്രസ്തുത അപേക്ഷ നിശ്ചിത മാതൃകയിൽ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട കാവിന്റെ ഭരണ സമിതിക്ക് നൽകാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വായ്പകൾ

7 (4032) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ പത്തുവർഷമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എത്ര തുകയുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട് എന്ന് വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കഴിഞ്ഞ 10 വർഷക്കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ എഴുതിത്തള്ളപ്പെട്ട വായ്പാ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗക്കാരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| വർഷം | ഗുണഭോക്താക്കൾ | അനുവദിച്ച തുക |
|---|---|---|
| 2015-16 | 806 | 28790813 |
| 2016-17 | 1353 | 34575612 |
| 2017-18 | 1029 | 26852630 |
| 2018-19 | 87 | 1515099 |
| ആകെ | 3275 | 91734154 |

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച തുക**

8 (4033) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി എത്ര തുകയാണ് ഓരോ വർഷവും വകയിരുത്തിയിരുന്നത്; ഇതിൽ എത്ര തുക ഓരോ വർഷവും ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പട്ടികജാതി വിഭാഗവുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു :

കോടിയിൽ

| | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | | |
| വകുപ്പ് മുഖേന | 1315.5 | 1116.19 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 406.92 | 331.44 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1038.9 | 709.41 |
| 2017-18 | | |
| വകുപ്പ് മുഖേന | 1427.6 | 1274.4 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 446.5 | 287.84 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1172.05 | 929.96 |
| 2018-19 | | |
| വകുപ്പ് മുഖേന (റിവൈസ്ഡ്) | 1194.86 | 1115.92 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 317.48 | 259.53 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1289.26 | 1057.69 |
| 2019-20 | | |
| വകുപ്പ് മുഖേന | 1649 | 36.4 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 343.33 | 85.57 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1353.84 | 77.32 |

പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു :

| വകുപ്പ് | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| പട്ടികവർഗ്ഗ വികസന വകുപ്പ് | 2016-17 | 54448.12 | 51957.42 |
| | 2017-18 | 58363.49 | 51798.25 |
| | 2018-19 | 52208.15 | 52208.15 |
| | 2019-20 | 67570.32 | 4192.52 (31-5-2019) |
| പൊതുമരാമത്ത് വകുപ്പ് | 2016-17 | 4890.37 | 1632.75 |
| | 2017-18 | 4799.76 | 1388.25 |
| | 2018-19 | 4400 | 1365.59 |
| | 2019-20 | 2450 | |
| ഗ്രാമ വികസന വകുപ്പ് | 2016-17 | 6535.9 | 3652.77 |
| | 2017-18 | 7599.2 | 1290.5 |
| | 2018-19 | 5280 | 652.56 |
| | 2019-20 | 6161 | |
| എൻ.ആർ.എൽ.എം. | 2016-17 | 637 | 332.85 |
| | 2017-18 | 637 | 430 |
| | 2018-19 | 3347 | 900 |
| | 2019-20 | | |

| (1) | (2) | (3) | (4) |
|---|---|---|---|
| കിർത്താഡ്സ് | 2016-17 | 235.01 | 199.24 |
| | 2017-18 | 290 | 188.4 |
| | 2018-19 | 380 | 156.84 |
| | 2019-20 | 1332.68 | |
| തദ്ദേശസ്വയംഭരണ വകുപ്പ് | 2016-17 | 15600 | 10974 |
| | 2017-18 | 17602.11 | 13595.62 |
| | 2018-19 | 19360 | 15129 |
| | 2019-20 | 20299 | |

**പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷന്റെ സബ് സെന്ററുകൾ**

9 (4034) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷന്റെ സബ് സെന്ററുകൾ സംസ്ഥാനത്ത് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതിൽ ഏതെല്ലാം സബ് സെന്ററുകളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മാവേലിക്കരയിൽ പ്രസ്തുത സബ് സെന്ററുകൾ അനുവദിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) മാവേലിക്കരയിൽ അനുവദിച്ച സബ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ;

(ഇ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷന്റെ സബ് സെന്ററുകൾ മാവേലിക്കരയിൽ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിലെ കിളിമാനൂരിലും മലപ്പുറം ജില്ലയിലെ വണ്ടൂരിലുമാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സബ്സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.

(സി-ഇ) മാവേലിക്കരയിൽ കോർപ്പറേഷന് നിലവിൽ സബ് സെന്ററില്ല. സബ്സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല.

**പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തിയ പുതിയ വിഭാഗങ്ങൾ**

10 (4035) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം പുതുതായി ഏതെങ്കിലും വിഭാഗത്തെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗങ്ങളെയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുള്ളുവൻ, പള്ളുവൻ സമുദായത്തെയും മുമ്പ് കൊച്ചി മലബാർ മേഖലയിൽ തണ്ടാൻ എന്നറിയപ്പെട്ടിരുന്ന ഈഴവ, തീയ്യ വിഭാഗത്തിൽപ്പെട്ടവർ ഒഴികെയുള്ള തണ്ടാൻ വിഭാഗത്തിൽപ്പെട്ടവരെയും മുമ്പ് ടി മേഖലയിൽ തച്ചൻ എന്നറിയപ്പെട്ടിരുന്ന കാർപ്പെന്റർ വിഭാഗത്തിൽപ്പെട്ടവർ ഒഴികെയുള്ള തച്ചർ വിഭാഗത്തിൽപ്പെട്ടവരെയും 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഒന്നാം ഭാഗം ഷെഡ്യൂൾ ലിസ്റ്റ് 1-ൽ (പട്ടികജാതി ലിസ്റ്റ്) ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

**പട്ടികജാതി, ആദിവാസി കുടുംബങ്ങൾക്ക് ആനുകൂല്യങ്ങളും സഹായങ്ങളും**

11 (4036) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസന്നമായ കാലവർഷത്തിൽ ജൂൺ-ജൂലൈ മാസങ്ങളിൽ സാദ്ധ്യതയുള്ള രൂക്ഷമായ മഴയും വെള്ളപ്പൊക്കവും സംസ്ഥാനത്തെ പട്ടികജാതി, ആദിവാസി കുടുംബങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിൽപ്പെട്ട കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളും നൽകുന്നതിനായാണ് ആലോചിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) കാലവർഷക്കെടുതിയിൽപ്പെടുവാൻ സാധ്യതയുള്ള എത്ര എസ്.സി, എസ്.റ്റി. കുടുംബങ്ങൾ പാലക്കാട് ജില്ലയിൽ ഉണ്ടാവുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ; അത്തരം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രത്യേക നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാലവർഷം ആരംഭിക്കുന്ന ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ ഭക്ഷ്യസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി അരി, ചെറുപയർ, കടല തുടങ്ങി അവശ്യം വേണ്ടുന്ന ധാന്യങ്ങളും തേയില, ശർക്കര മുതലായവയും സ്ഥിരമായി പട്ടികവർഗ്ഗ മേഖലയിൽ വിതരണം ചെയ്യുന്നുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിൽ ഉണ്ടാകുന്ന കാലവർഷക്കെടുതിമൂലം അടിയന്തര സാഹചര്യം ഉണ്ടാകുന്നപക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കാലവർഷക്കെടുതി ഉണ്ടായാൽ അതിന്റെ രൂക്ഷത കണക്കിലെടുത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ശിശുമരണങ്ങൾ**

12(4037) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എസ്.സി., എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട എത്ര ശിശുമരണങ്ങൾ സംഭവിച്ചു എന്ന് വർഷം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട എത്ര സ്ത്രീകളാണ് ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രവസവത്തോടുനബന്ധിച്ച് മരിച്ചത് എന്ന് വർഷം തിരിച്ച് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പിറവം മണ്ഡലത്തിലെ പട്ടികവിഭാഗങ്ങൾക്കുള്ള പദ്ധതികൾ**

13(4038) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗവകുപ്പിന്റെ 2018-19 സാമ്പത്തികവർഷത്തിലെ പ്ലാൻ ഫണ്ടിൽനിന്നും പിറവം മണ്ഡലത്തിൽ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പിറവം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം കുരുമല പട്ടികജാതി കോളനിയിലെ റോഡ് റീടാറിംഗിനായി 25 ലക്ഷം രൂപയുടെയും കലയറ്റിക്കര പട്ടികജാതി കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണത്തിനായി 24.45 ലക്ഷം രൂപയുടെയും ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ കുരുമല പട്ടികജാതി കോളനി പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടില്ല. കലയറ്റിക്കര പട്ടികജാതി കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും പിറവം മണ്ഡലത്തിനായി അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 86 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു.
2. പിറവം മണ്ഡലത്തിലെ എടക്കാട്ടുവയൽ പഞ്ചായത്തിൽ ഭവന നിർമ്മാണം.
3. ടോയ്‌ലറ്റ് നിർമ്മാണം.
4. കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക തീർക്കൽ

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :

1. വൈദ്യുതി കുടിശ്ശിക തീർത്ത് കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.
2. ടോയ്‌ലറ്റ് നിർമ്മാണം പുരോഗമിക്കുന്നു.
3. 2018-19 വർഷം ഭവന നിർമ്മാണത്തിനായി തുക അനുവദിച്ച 6 കുടുംബങ്ങളിൽ ഒരു കുടുംബത്തിന് ഒന്നാം ഘട്ടം പൂർത്തിയാക്കി. മറ്റൊരു കുടുംബത്തിന് രണ്ടാം ഘട്ടവും നാല് കുടുംബങ്ങൾക്ക് മൂന്നാം ഘട്ടവും പൂർത്തീകരിച്ചിട്ടുണ്ട്.

## ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, സ്കോളർഷിപ്പ് എന്നിവ ബാങ്ക് അക്കൗണ്ട് വഴി വിതരണം

14(4039) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, സ്കോളർഷിപ്പ് എന്നിവ നൽകിവരുന്ന രീതിയിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ വിശദമാക്കാമോ;

(ബി) ഇവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി നേരിട്ട് നൽകുന്നതിന് പകരം കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നത് കുട്ടികൾക്ക് പ്രയാസം സൃഷ്ടിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ ബാങ്ക് അക്കൗണ്ട് വഴി ഇവ നൽകാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ;

(സി) ഇക്കാര്യങ്ങളിൽ സർക്കാർ വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ സംസ്ഥാന സർക്കാർ നൽകി വരുന്ന പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണം നടപ്പ് വർഷം മുതൽ ഇ-ഗ്രാന്റ്സ് 3.0 സോഫ്റ്റ്‌വെയർ മുഖേന ഡി.ബി.ടി.(ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) ആയാണ് നൽകിവരുന്നത്.

(ബി&സി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യ വിതരണത്തിൽ എന്തെങ്കിലും പ്രയാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയി നൽകണമെന്നുള്ളതാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയം. അത്തരത്തിൽ ഓൺലൈൻ ആയി ആനുകൂല്യം വിതരണം ചെയ്യുമ്പോൾ 100% സുതാര്യത ഉറപ്പുവരുത്തുന്നു എന്നത് കൂടാതെ കൂടുതൽ വേഗത്തിലും കാര്യക്ഷമവുമായി നേരിട്ട് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന ഓൺലൈൻ സംവിധാനമായ ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയറിൽ ഉണ്ടായ ചില സാങ്കേതിക പ്രശ്നങ്ങൾമൂലം ചില വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് യഥാസമയം തുക ക്രെഡിറ്റ് ചെയ്യപ്പെടാത്ത സ്ഥിതി ആദ്യഘട്ടത്തിലുണ്ടായിരുന്നു. നിലവിൽ ഇത്തരം പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്.

## മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

15(4040) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് മഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പാക്കാൻ കഴിയാതെ ഫണ്ട് ലാപ്സ് ആയത് എന്നറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; ആയതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണ്; ഫയൽ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മഞ്ചേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) മഞ്ചേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുടെ ഫണ്ടുകളൊന്നും ലാപ്സായിട്ടില്ല.

(സി) പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നു.

## പാറശ്ശാല മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

16(4041) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും ഡി.പി.ആർ തയാറാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് വഴി സ്ഥിരം പദ്ധതികൾക്കു പുറമേ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| പദ്ധതി | വിശദവിവരം |
|---|---|
| 2016-17 കോർപ്പസ് ഫണ്ട് | |
| മലഞ്ചുറ്റ് ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി (പാറശ്ശാല ഗ്രാമപഞ്ചായത്ത്) | പൂർത്തീകരിച്ചു |
| പറത്തി കോളനി കുടിവെള്ള പദ്ധതി (അമ്പൂരി ഗ്രാമപഞ്ചായത്ത്) | പൂർത്തീകരിച്ചു |
| കല്ലുവിള മുകൾ പുല്ലുച്ചകോണം കുടിവെള്ള പദ്ധതി (ആര്യങ്കോട് ഗ്രാമപഞ്ചായത്ത്) | പൂർത്തീകരിച്ചു |
| ചൂഴൈകോണം കുടിവെള്ള പദ്ധതി (ആര്യൻകോട് ഗ്രാമ പഞ്ചായത്ത്) | പൂർത്തീകരിച്ചു |
| ഇടഞ്ഞി കുടിവെള്ള പദ്ധതി (പെരുങ്കടവിള ഗ്രാമ പഞ്ചായത്ത്) | പൂർത്തീകരിച്ചു |
| 2018-19 കോർപ്പസ് ഫണ്ട് | |
| കുരുവിയോട്ടുകോണം കോളനി കുടിവെള്ള പദ്ധതി (ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്) | തുക വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |
| വട്ടപ്പറമ്പ് തലക്കോണം കോളനി കുടിവെള്ള പദ്ധതി (ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്) | |

| 2016-17 അംബേദ്കർ ഗ്രാമവികസന പദ്ധതി | |
|---|---|
| പുല്ലച്ചക്കോണം കോളനി (പെരുങ്കടവിള ഗ്രാമപഞ്ചായത്ത്) | 50% പ്രവൃത്തി പൂർത്തീകരിച്ചു. |
| വേങ്കവിള കുട്ടത്തിവിള തുക്കോട്ടുകോണം കോളനി (പെരുങ്കടവിള ഗ്രാമപഞ്ചായത്ത്) | 80% പ്രവൃത്തി പൂർത്തീകരിച്ചു. |

പാറശ്ശാല നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. കള്ളിക്കാട് പഞ്ചായത്തിലെ വ്ളാവെട്ടി പട്ടികവർഗ്ഗ സങ്കേതത്തിലെ വ്ളാവെട്ടി കരണ്ടമൻചിറ റോഡ് കോൺക്രീറ്റ്.
2. കള്ളിക്കാട് പഞ്ചായത്തിലെ വ്ളാവെട്ടി കിന്റർഗാർട്ടൻ കെട്ടിടത്തിന്റെ മെയിന്റെനൻസ് ജോലി, അടിസ്ഥാന സൗകര്യ വികസനം.
3. കള്ളിക്കാട് പഞ്ചായത്തിലെ വ്ളാവെട്ടി തെക്കുംകര റോഡ് ടാറിംഗ്
4. വ്ളാവെട്ടി താഴെ കോൺറോഡ് പൂർത്തീകരണം.
5. വ്ളാവെട്ടി താഴെ കോണിൽ അമ്പലനട റോഡ് പൂർത്തീകരണം.

(ബി) പാറശ്ശാല നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പു വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും ഡി.പി.ആർ. തയ്യാറാക്കിയതുമായ പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| പദ്ധതി | കോളനി | എസ്റ്റിമേറ്റ് |
|---|---|---|
| കോർപ്പസ് ഫണ്ട് | കണ്ണംകോട് കോളനി കുടിവെള്ള പദ്ധതി (പാറശ്ശാല ഗ്രാമ പഞ്ചായത്ത്) | 3,25,000 |

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിൽ അമ്പൂരി ഗ്രാമ പഞ്ചായത്തിൽപ്പെട്ട തെന്മല കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നത് അമ്പൂരി ഗ്രാമപഞ്ചായത്ത് മുഖേനയാണ്.

## പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

17(4042) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് എന്തൊക്കെ വിദ്യാഭ്യാസാനുകൂല്യമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലെ മെറിറ്റ് സീറ്റിലും പഠിക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ട്യൂഷൻഫീസ്, സ്പെഷ്യൽഫീസ്, ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിനുള്ള ചെലവ് (ABLC) പോക്കറ്റ്മണി എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനുപുറമെ മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവിനുള്ള ധനസഹായം, ലാപ്ടോപ് ധനസഹായ പദ്ധതി, സ്റ്റെതസ്കോപ്പ് ധനസഹായ പദ്ധതി, ബുക്ക് ബാങ്ക്, പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിന് പ്രത്യേക പ്രോത്സാഹന ധനസഹായം, വിദേശത്തെ ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപ ധനസഹായം മുതലായ ആനുകൂല്യങ്ങളും നൽകിവരുന്നു.

(ബി) സ്വകാര്യ സ്വാശ്രയ കോളേജുകളിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ്, സ്പെഷ്യൽഫീസ്, ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിനുള്ള ചെലവ് (ABLC) എന്നിവ നൽകുന്നു.

## പട്ടികജാതി വകുപ്പ് കളമശ്ശേരിയിൽ നടപ്പിലാക്കിയ പദ്ധതികൾ

18(4043) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 മുതൽ 2019 വരെ പട്ടികജാതി വകുപ്പ് കളമശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതി പ്രകാരവും എത്ര ഗുണഭോക്താക്കൾക്ക് വീതം സഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 2016 മുതൽ 2019 വരെ പട്ടികജാതി വകുപ്പ് കളമശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഡ്രൈവർമാരുള്ള ഓൺലൈൻ ടാക്സി സർവ്വീസ്

19(4044) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഡ്രൈവർമാരുള്ള ഓൺലൈൻ ടാക്സി സർവ്വീസ് ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പദ്ധതി പ്രാവർത്തികമാക്കുകയെന്ന് അറിയിക്കാമോ;

(സി) ഇതിനായി എന്ത് തുകയാണ് അനുവദിക്കുന്നതെന്നും പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ എപ്രകാരമാണ് തെരഞ്ഞെടുക്കുകയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഡ്രൈവർമാർക്കുള്ള ഓൺലൈൻ ടാക്സി സർവ്വീസ് ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചു വരുന്നു.

(ബി) തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ 5 ജില്ലകളിലാണ് പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്.

(സി&ഡി) പദ്ധതി നടത്തിപ്പിന്റെ മാനദണ്ഡങ്ങളും, വിശദാംശങ്ങളും അന്തിമമായി നിശ്ചയിച്ചിട്ടില്ല. ഇക്കാര്യം പരിഗണനയിലിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ആറന്മുളയിലെ പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ**

20(4045) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖേന ആറന്മുള മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രളായനന്തര പുനരധിവാസ, നവകേരള നിർമ്മാണപ്രവർത്തനങ്ങൾ എന്തെല്ലമാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പഠനമുറി പദ്ധതി പ്രകാരം ആറന്മുളയിലെ എത്ര വീടുകളിൽ പഠനമുറികൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വികസന വകുപ്പ്</u>

ആറന്മുള മണ്ഡലത്തിൽ പ്രളയാനന്തര അടിയന്തര ധനസഹായമായി 1616 പേർക്ക് 5000 രൂപ വീതം ആകെ 80,80,000 രൂപ അനുവദിച്ചു നൽകി. പ്രളയാനന്തരം ഭൂമി നഷ്ടപ്പെട്ട ഒരു വ്യക്തിക്ക് ഭൂമി വാങ്ങുന്നതിനായി 3.45 ലക്ഷം രൂപ നൽകി. പ്രളയാനന്തരം ആറന്മുള മണ്ഡലത്തിൽ 10 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ആറന്മുള മണ്ഡലത്തിലെ ആറന്മുള പഞ്ചായത്തിലെ പേരങ്ങാട്ട് മെഴ്ക്കുന്ന് കോളനി, മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ പന്നിവേലിച്ചിറ പട്ടികജാതി കോളനി എന്നിവ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. പേരങ്ങാട്ട് മെഴ്ക്കുന്ന് പട്ടികജാതി കോളനിക്ക് 82,16,794 രൂപയുടെ എസ്റ്റിമേറ്റും പന്നിവേലിച്ചിറ പട്ടികജാതി കോളനിക്ക് 76,20,788 രൂപയുടെ എസ്റ്റിമേറ്റും അംഗീകരിച്ച് ഉത്തരവാകുകയും പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആറന്മുള പഞ്ചായത്തിലെ എഴിക്കാട് പട്ടികജാതി കോളനി അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ (2016-17) ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ കോളനിയിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ നഴ്സറി സ്കൂളിന് 25,00,000 രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പത്തനംതിട്ട ജില്ലയിൽ ആറന്മുള മണ്ഡലത്തിൽ കാലവർഷക്കെടുതിയുടെ ദുരിതം, നേരിട്ട 20 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10,000 രൂപ വീതം ആകെ 2,00,000 രൂപ അടിയന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ വീട് നഷ്ടപ്പെട്ട 2 ഗുണഭോക്താക്കൾക്ക് പുതിയ ഭവന നിർമ്മാണത്തിനായി 4,40,100 രൂപയും ഭവനം ഭാഗികമായി നഷ്ടപ്പെട്ട 5 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി 1,80,000 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ആറന്മുള മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് പഠനമുറി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം;

| | | | |
|---|---|---|---|
| 1. | കുളനട | – | 21 |
| 2. | മെഴുവേലി | - | 18 |
| 3. | ആറന്മുള | - | 19 |
| 4. | ഇരവിപേരൂർ | - | 27 |
| 5. | തോട്ടപ്പുഴശ്ശേരി | - | 9 |
| 6. | കോയിപ്രം | - | 9 |
| 7. | ചെന്നീർക്കര | - | 15 |
| 8. | നാരങ്ങാനം | - | 16 |
| 9. | പത്തനംതിട്ട മുനിസിപ്പാലിറ്റി | - | 19 |
| 10. | കോഴഞ്ചേരി | - | 8 |
| 11. | ഓമല്ലൂർ | - | 14 |
| 12. | ഇലന്തൂർ | - | 9 |
| 13. | മല്ലപ്പുഴശ്ശേരി | - | 9 |

ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസ് മുഖേന പഠനമുറി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം;

| | | | |
|---|---|---|---|
| 1. | കോയിപ്രം | - | 5 |
| 2 . | കോഴഞ്ചേരി | - | 6 |
| 3. | ഇരവിപേരൂർ | - | 2 |
| 4. | തുമ്പമൺ | - | 1 |
| 5. | ഓമല്ലൂർ | - | 1 |
| 6. | മെഴുവേലി | - | 1 |
| 7. | കുളനട | - | 1 |

**പട്ടികവർഗ്ഗക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

21(4046) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള കൃഷി ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കി ഈ വിഭാഗക്കാരുടെ വരുമാനം വർദ്ധിപ്പക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പ്രദേശത്തിന്റെയും കാർഷിക പാരിസ്ഥിതിക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണോ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) വിവിധ വകുപ്പുകളുടെ സഹകരണവും വിദഗ്ധരുടെ ഉപദേശവും പ്രസ്തുത പദ്ധതി നടത്തിപ്പിൽ ഉപയാഗപ്പെടുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ കുടുംബങ്ങളിൽ ഒരാൾക്ക് തൊഴിൽ നൽകുക എന്നത് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപിത ലക്ഷ്യമാണ്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി പട്ടിക വർഗ്ഗക്കാരുടേയും പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും നിയന്ത്രണത്തിലുള്ള കൃഷി ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് 'പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായ കാർഷിക ഉദ്യമം' എന്ന പുതിയ പദ്ധതി 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടേയും പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷിഭൂമി നിലവിലുണ്ട്. പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ പ്രദേശത്ത് കൃഷിയും, അനുബന്ധ പ്രവർത്തനങ്ങളും അവർക്കിടയിൽ പ്രാവർത്തികമാക്കിക്കൊണ്ട് സുസ്ഥിരമായ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ കണ്ണൂർ ജില്ലയിൽ ആറളം ട്രൈബൽ റിഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ ഏരിയ, വയനാട് ജില്ലയിൽ സുഗന്ധഗിരി, ചീങ്ങേരി പ്രദേശങ്ങളും പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അട്ടപ്പാടി മേഖലയിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'മില്ലറ്റ് വില്ലേജ്' പദ്ധതി ഉൾപ്പെടാത്ത പ്രദേശങ്ങളിൽ കാർഷിക വികസനത്തിനായി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കിവരുന്നു. കൂടാതെ ഇടുക്കി ജില്ലയിൽ കാർഷിക പ്രവർത്തനങ്ങൾ 'ഗോത്രരശ്മി' എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലും കാർഷിക പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

(സി) പ്രദേശിക മുൻഗണനയുടെയും ഓരോ സങ്കേതത്തിനും അനുയോജ്യമായ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ തീരുമാനിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും കാർഷിക പാരിസ്ഥിതിക ഘടകങ്ങൾ, സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വിദഗ്ദ്ധരുടെ സഹായത്തോടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ വകുപ്പ് വികസിപ്പിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ഇതുവഴി സാധിക്കും.

(ഡി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ സഹകരണത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. വകുപ്പ് തയ്യാറാക്കുന്ന കരട് പ്രോജക്ട് ജില്ലാ കളക്ടർമാർ, വിവിധ വകുപ്പുകളെയും ഏജൻസികളെയും (കൃഷി വകുപ്പ്, മൃഗസംരക്ഷണം, ക്ഷീരവകുപ്പ്, ഫിഷറീസ്, ചെറുകിട ജലസേചനം, വനം, മറ്റു സർക്കാർ ഇതര ഏജൻസികൾ) ഉൾപ്പെടുത്തി സർവ്വകലാശാലകളിലെയും റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷനിലെയും വിദഗ്ദ്ധരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ച് അവരുടെ ഉപദേശവും കൂടി ഉൾപ്പെടുത്തിയാണ് അന്തിമ പ്രോജക്ട് തയ്യാറാക്കുന്നത്.

## പ്രകൃതിക്ഷോഭത്തിനിരയായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സഹായങ്ങൾ

22(4047) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിനിരയായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനു പുറമേ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കുന്ന രീതി വിശദമാക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭത്തിൽപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 5,000 രൂപ വീതം ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും പുനഃനിർമ്മാണം ആവശ്യമുള്ളതുമായ 90 കോളനികളിൽ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് പുനഃനിർമ്മാണം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. ടി കോളനികളിലെ ഭവനം, ടോയ്‌ലറ്റ് എന്നിവയുടെ പുനരുദ്ധാരണം, കിണർ/ പൊതുകിണർ, റോഡ്, ഫുട്പാത്ത് എന്നിവയുടെ പുനഃനിർമ്മാണം, ഡ്രെയിനേജ്, കനാൽ റിപ്പയർ എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടത്തുന്നത്.

പ്രകൃതി ക്ഷോഭത്തിൽ വീട്, ഭൂമി എന്നിവ നഷ്ടപ്പെട്ട പട്ടികജാതി വിഭാഗത്തിന് പ്രസ്തുത ഭൂമിയിൽ വാസയോഗ്യമായ വീട് നിർമ്മിക്കുവാൻ കഴിയില്ലെന്ന തഹസീൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വാസയോഗ്യമായ ഭവനം നിർമ്മിക്കാൻ ഭൂമി വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ഒരു കുടുംബത്തിനും വയനാട് ജില്ലയിലെ ആറ് കുടുംബങ്ങൾക്കുമായി 2018-19-ലെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്രകാരം ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ദുരിതാശ്വാസ ധനസഹായം :

പ്രളയത്തിൽപ്പെട്ട് ദുരതമനുഭവിച്ച 83872 കുടുംബങ്ങൾക്ക് 41,93,60,000 രൂപ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ വഴി വിതരണം ചെയ്തു.

കോളനികളുടെ പുനഃനിർമ്മാണം :

പ്രളയക്കെടുതി നേരിട്ടതിൽ പുനഃനിർമ്മാണം ആവശ്യമായിട്ടുള്ളതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ 90 കോളനികളെ ഓരോ ജില്ലയിൽനിന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും ടി കോളനികളുടെ നിർമ്മാണ ചുമതല അതത് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതുമാണ്. ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കി ജില്ലാ ഓഫീസറുമായി കരാർ ഒപ്പു വയ്ക്കുകയും എസ്റ്റിമേറ്റിന്റെ 50% തുക ഏജൻസിക്ക് അഡ്വാൻസ് അനുവദിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഏജൻസി കോളനികളിൽ പുനഃനിർമ്മാണം നടത്തി വരുന്നു.

പ്രളയാനന്തര പുനരധിവാസത്തിന് സ്ഥലം വാങ്ങുവാൻ ധനസഹായം:

പ്രളയത്തിൽ വാസസ്ഥലം നഷ്ടപ്പെടുകയോ സ്ഥലം നിർമ്മാണ യോഗ്യമല്ലാതാകുകയോ ചെയ്ത കേസുകളിൽ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുവാൻ ധനസഹായം അനുവദിക്കുന്നു. ഭൂമി വാസയോഗ്യമല്ലെന്ന് തഹസിൽദാരുടെ സാക്ഷ്യപത്രം ആവശ്യമാണ്.

## ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി

23(4048) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഭവനരഹിതർക്കായി നടപ്പിലാക്കിവരുന്ന ലൈഫ് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിലെ മുഴുവൻ ഭവനരഹിതരെയും ഉൾപ്പെടുത്തുന്നതിൽ നിരവധി പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വിഭാഗത്തിലെ മുഴുവൻ ഭവനരഹിതരെയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദാംശം അറിയിക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിലെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ പോയവർക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മുഴുവൻ പട്ടികജാതി ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനാവശ്യമായ ഇളവുകൾ ലൈഫ് പദ്ധതിയിൽ ഏർപ്പെടുത്തുമോ; വിശദവിവരം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) റേഷൻ കാർഡില്ലാത്തതും കൈവശാവകാശത്തിലുള്ള പ്രശ്നങ്ങളുംമൂലം ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുണ്ടെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഭവനരഹിത കുടുംബങ്ങളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അർഹരായ എല്ലാ ഭവനരഹിത പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ സുരക്ഷിതവുമായ ഭവനം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**സൗജന്യ ലാപ്ടോപ് പദ്ധതി**

24(4049) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതി പ്രകാരം കളമശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; ഏതെങ്കിലും അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) പദ്ധതി സംബന്ധിച്ച് കാര്യമായ അവബോധമില്ലാത്തതിനാലാണ് അർഹതപ്പെട്ട പല വിദ്യാർത്ഥികളും ഇതിനായി അപേക്ഷിക്കുന്നതിന് വിട്ടുപോയതെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ പദ്ധതി സംബന്ധിച്ച് ആവശ്യമായ പ്രചാരണം നൽകി ഈ വിഭാഗത്തിലെ കുട്ടികൾക്ക് ഇതിനെക്കുറിച്ച് അവബോധമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ലാപ്ടോപ് ധനസഹായ പദ്ധതി സ്ഥാപന മേധാവികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. അർഹരായ വിദ്യാർത്ഥികളുടെ പട്ടിക സ്ഥാപന മേധാവി ലഭ്യമാക്കുമ്പോൾ ആയത് പരിശോധിച്ച് തുക അനുവദിച്ച് നൽകുകയാണ് പട്ടികജാതി വികസന വകുപ്പ് ചെയ്തുവരുന്നത്. കളമശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 7 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 30 പട്ടികജാതി വിദ്യാർത്ഥികൾക്ക് 2018-19 വർഷം ലാപ്ടോപ്പ് ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ള അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം നൽകാത്ത സാഹചര്യം നിലവിലില്ല.

(ബി&സി) ഇല്ല. ലാപ്ടോപ്പ് ധനസഹായ പദ്ധതിയെക്കുറിച്ച് ജില്ലയിലെ പ്രചാരമുള്ള പ്രമുഖ ദിനപത്രങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും പ്രചാരം നൽകാറുണ്ട്. കൂടാതെ എസ്.സി. പ്രൊമോട്ടർമാർ മുഖേനയും ആവശ്യമായ പ്രചാരം നൽകി വരുന്നു. കൂടാതെ യഥാസമയം അർഹരായ വിദ്യാർത്ഥികളുടെ പട്ടിക ലഭ്യമാക്കുന്നതിന് സ്ഥാപന മേധാവിക്ക് നിർദ്ദേശം നൽകുന്നുമുണ്ട്.

**താനൂർ മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ**

25(4050) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ താനൂർ നിയോജകമണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇനംതിരിച്ചുള്ള വിശദാംശം അറിയിക്കുമോ;

(ബി) താനൂരിൽ അനുവദിച്ചതിൽ നിലവിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ നടപ്പിലാക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) താനൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എണ്ണം | തുക |
|---|---|---|---|
| 1. | ഭൂരഹിത പുനരധിവാസം | 33 | 13275000 |
| 2. | മിശ്രവിവാഹ ധനസഹായം | 3 | 175000 |
| 3. | വിദേശ ധനസഹായം | 6 | 550000 |
| 4. | ചികിത്സാ ധനസഹായം | 232 | 3144000 |
| 5. | ടോയ്‌ലെറ്റ് ഗ്രാന്റ് | 41 | 537500 |
| 6. | ദുർബ്ബല വിഭാഗ പുനരധിവാസം | 5 | 1125000 |
| 7. | വിവാഹ ധനസഹായം | 39 | 2425000 |
| 8. | ലംപ്സംഗ്രാന്റ് | 75 സ്കൂൾ | 2178421 |
| 9. | അയ്യൻകാളി സ്കോളർഷിപ്പ് | 3 | 27000 |
| 10. | പ്രൈമറി വിദ്യാഭ്യാസ സഹായം | 1401 | 2802000 |
| 11. | പാരലൽ കോളജ് ധനസഹായം | 1 | 6765 |
| 12. | ഭവന നിർമ്മാണം | - | 26030000 |
| 13. | പഠനമുറി | 32 | 5580000 |
| 14. | റിപ്പയർ | 1 | 75000 |
| 15. | വെള്ളപ്പൊക്ക ദുരിതാശ്വാസം | 183 | 915000 |
| 16. | സ്വയംതൊഴിൽ പദ്ധതി | 1 | 3333 |
| 17. | സ്പെഷ്യൽ ഇൻസന്റീവ് | 172 | 430000 |

(ബി) 2018-19 കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നിറമരുതൂർ ഗ്രാമ പഞ്ചായത്തിലെ തറയിൽ കുളങ്ങര റോഡ് നിർമ്മാണത്തിന് 10,50,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഭാഗം പൂർത്തീകരിച്ചാൽ മാത്രമേ ടി പദ്ധതി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂരപ്പുഴ, കോരങ്ങത്ത് എന്നീ പട്ടികജാതി കോളനികളിലെ പദ്ധതികൾ 25% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പുരോഗതിയിലാണ്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

## ചേലക്കര മണ്ഡലത്തിൽ വാത്സല്യനിധി പദ്ധതി

26(4051) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2018-19 വർഷം വാത്സല്യനിധി പദ്ധതിയിലേയ്ക്ക് ചേലക്കര നിയോജക മണ്ഡലത്തിലെ എത്ര കുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്?

<u>ഉത്തരം</u>

51 കുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്

## കായംകുളം മണ്ഡലത്തിലെ വാത്സല്യനിധി പദ്ധതി

27(4052) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം നിയോജകമണ്ഡലത്തിൽ 1-4-2017-ന് ശേഷം ജനിച്ച കുട്ടികളെ വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള വിവരശേഖരണം നടത്തിയോ; എങ്കിൽ മണ്ഡലത്തിൽ നിന്നുള്ള എത്ര കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. 78 കുട്ടികളെ വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ

28(4053) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം, ഭരണിക്കാവ്, പത്തിയൂർ, ദേവികുളങ്ങര, കണ്ടല്ലൂർ, ചെട്ടികുളങ്ങര പഞ്ചായത്തുകളിലും കായംകുളം നഗരസഭാ പ്രദേശത്തും ഉള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയെന്നും ഓരോ കോളനികളിലും ഉള്ള കുടുംബങ്ങളുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം, ഭരണിക്കാവ്, പത്തിയൂർ, ദേവികുളങ്ങര, കണ്ടല്ലൂർ, ചെട്ടികുളങ്ങര പഞ്ചായത്തുകളിലും കായംകുളം നഗരസഭാ പ്രദേശത്തും ഉള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത്/ബ്ലോക്ക് | പട്ടികവർഗ്ഗ കുടുംബങ്ങൾ |
|---|---|---|
| 1 | കൃഷ്ണപുരം | 21 |
| 2 | ഭരണിക്കാവ് | 11 |
| 3 | പത്തിയൂർ | 39 |
| 4 | ദേവികുളങ്ങര | 5 |
| 5 | കണ്ടല്ലൂർ | 6 |
| 6 | ചെട്ടികുളങ്ങര | 26 |
| 7 | കായംകുളം | 10 |
| ആകെ | | 118 |

പട്ടികജാതി കോളനികളുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാലക്കാട് ജില്ലയിൽ അനുവദിച്ച പഠനമുറികൾ

29(4054) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ എത്ര പഠനമുറികൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ എത്ര കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പഠനമുറി പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ 2017-18 വർഷം 815 പേർക്കും 2018-19 വർഷം 558 പേർക്കും ചേർത്ത് 1373 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 480 പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിൽ 128 കുടുംബങ്ങൾക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

30(4055) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് അൻപത് പട്ടികജാതി കുടുംബങ്ങൾ വേണമെന്ന നിബന്ധന ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പട്ടികജാതി കുടുംബങ്ങളുടെ എണ്ണം എല്ലാ കോളനികളിലും അൻപത് തികയാത്ത സാഹചര്യത്തിൽ വിവിധ കോളനികളിലെ കുടുംബങ്ങളെ കൂട്ടിചേർത്ത് ഈ പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുമോ;

(ഡി) ചേർത്തല മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുത്ത ചേർത്തല തെക്ക് പഞ്ചായത്തിലെ തൈക്കൽ ഭാഗത്ത് പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന മേഖലയിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതിനേക്കാൾ ചെലവേറുമെന്ന കാരണത്താൽ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം ഇതിൽ നിന്നും പിന്മാറി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടത്തെ പദ്ധതി നടപ്പിലാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും, നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. ടി നിബന്ധനകൊണ്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി നടപ്പു സാമ്പത്തികവർഷം മുതൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളുടെ എണ്ണം തികയ്ക്കുവാനായി വിവിധ കോളനികളിലെ കുടുംബങ്ങളെ കൂട്ടിച്ചേർത്ത് പദ്ധതി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചേർത്തല മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുത്ത ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ അംബേദ്കർ കോളനിയിൽ ഗതാഗത സൗകര്യം ഇല്ലാത്തതിനാലും ഒറ്റപ്പെട്ട വീടുകൾ ആയതിനാലും ചതുപ്പ് പ്രദേശം ആയതിനാലും അനുവദനീയമായ നിരക്കിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതല്ലെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. അടിയന്തരമായി മോണിട്ടറിംഗ് സമിതി യോഗം കൂടി ഈ പ്രശ്നം പരിശോധിച്ച് ടി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുവാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിന് അനുവദിച്ച ഭവനങ്ങൾ**

31(4056) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം പൂർത്തീകരിക്കാതിരുന്ന പട്ടികജാതി വിഭാഗത്തിന് അനുവദിച്ച ഭവനങ്ങളിൽ എത്ര എണ്ണം പൂർത്തീകരിച്ചു എന്നും ബാക്കി എത്രയെണ്ണമുണ്ടെന്നും അറിയിക്കുമോ;

(ബി) ഇതിലേക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്തവ നിലവിലുണ്ടെങ്കിൽ അവ എന്നത്തേയ്ക്കു പൂർത്തീകരിക്കും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2007-08 മുതൽ 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ സ്പിൽ ഓവറായി അവശേഷിച്ച 16360 വീടുകളിൽ 9269 വീടുകൾ ഈ സർക്കാർ പൂർത്തിയാക്കി. ഈ സർക്കാർ വന്നശേഷം 2016-17 വർഷം അനുവദിച്ച 14906 വീടുകളിൽ 11181 വീടുകളും 2017-18 വർഷം അനുവദിച്ച 8895 വീടുകളിൽ 5664 വീടുകളും 2018-19 വർഷം പ്രളയത്തിൽ തകർന്ന വീടുകൾ പുനർ നിർമ്മിക്കുന്നതിനായി അനുവദിച്ച 245 വീടുകളിൽ 4 എണ്ണവും ചേർത്ത് 26118 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് സ്പിൽ ഓവറായ പൂർത്തിയാകാത്ത വീടുകളിൽ 7091 വീടുകൾ ബാക്കിയുണ്ട്. ഈ സർക്കാർ അനുവദിച്ച വീടുകളിൽ 6956 വീടുകൾ ഇനിയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

(ബി) വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി 2016-17 വർഷം 8416.84 ലക്ഷം രൂപയും 2017-18 വർഷം 25348.96 ലക്ഷം രൂപയും 2018-19 വർഷം 24928.55 ലക്ഷം രൂപയും ചേർത്ത് 58694.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പൂർത്തീകരിക്കുവാൻ ബാക്കിയുള്ള വീടുകൾ നടപ്പു സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

## മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി

32(4057) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മാവേലിക്കര നിയോജക മണ്ഡലത്തിൽനിന്നും അയിക്കമത്തുവിള, ഐ.കെ.എസ്. എന്നീ കോളനികളെ തെരഞ്ഞെടുത്തിരുന്നു.

അയിക്കമത്തുവിള കോളനിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

(a) റോഡ് നിർമ്മാണം

(b) സംരക്ഷണ ഭിത്തി

(c) ഭവന പുനരുദ്ധാരണം

ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി കരാർ ഒപ്പുവച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഐ.കെ.എസ്. കോളനിയിൽ ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏജൻസികളും ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത അദാലത്ത് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പദ്ധതി വിഹിതത്തിൽ കുറവ്

33(4058) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കഴിഞ്ഞ വർഷം അനുവദിച്ച പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയത് അവർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ നടത്തിപ്പിനെ ദോഷകരമായി ബാധിച്ചിട്ടില്ലേ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് പദ്ധതി വിഹിതത്തിൽ എത്ര ശതമാനമാണ് കുറവ് വരുത്തിയത്; ഇതുമൂലം ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നതിലാണ് പ്രതിബന്ധം ഉണ്ടായത്;

(സി) അധികതുക ആവശ്യമുള്ള പദ്ധതികൾക്ക് റീ അപ്രോപ്രിയേഷൻ മുഖേന തുക വകയിരുത്തുന്നതിന് സാധിച്ചിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന് അർഹമായ തുക ലഭിക്കാത്ത സാഹചര്യത്തിൽ, പദ്ധതികളിൽ കുറവ് വരുത്തേണ്ട സാഹചര്യമുണ്ടാകുമ്പോൾ സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ പദ്ധതി തുകയിൽ കുറവ് വരുത്താതിരിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബാധിച്ചിട്ടില്ല.

(ബി) 2018-19 സാമ്പത്തിക വർഷം പദ്ധതിയിൽ പൊതുവെ 20% കുറവ് വരുത്തിയത് പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും പദ്ധതികൾക്കും ബാധകമായിരുന്നു. എന്നാൽ പ്രധാനപ്പെട്ട എല്ലാ പദ്ധതികൾക്കും ആവശ്യമായ തുക റീ അപ്രോപ്രിയേഷനിലൂടെ അധികം വകയിരുത്തിയതിനാൽ പ്രതിബന്ധങ്ങളൊന്നുമുണ്ടായില്ല. ആരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം എന്നീ മേഖലകളിൽ അനുവദിച്ച തുകയിൽ യാതൊരു കുറവും വരുത്തിയിട്ടില്ല.

(സി) സാധിച്ചിരുന്നു.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വിഹിതം ലഭ്യമാകുമെന്ന പ്രതീക്ഷയിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക സംസ്ഥാന സർക്കാർ ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുകയിൽ ഓരോ വർഷവും സംസ്ഥാനത്തിന് അർഹമായ തുക ലഭിക്കാത്ത സാഹചര്യത്തിലും പദ്ധതി തുകയിൽ വർദ്ധനവ് വരുത്തുന്നുണ്ട്. കമ്മിറ്റഡ് ലയബിലിറ്റി വ്യവസ്ഥമൂലം അർഹമായ തുകപോലും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നില്ല.

## പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള അധികചെലവ്

34(4059) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തികവർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തിക്ക് വീട് പണിയുന്നതിനായി എത്ര ലക്ഷം രൂപയാണ് വകയിരുത്തി യിരിക്കുന്നത്; ഇത് പര്യാപ്തമാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ;

(ബി) നഗരപ്രദേശങ്ങളിൽ നിന്നും വിട്ടുമാറി ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള അധികച്ചെലവ് (നിർമ്മാണ സാമഗ്രികൾ വീട് നിർമ്മിക്കുന്ന സ്ഥലത്ത് എത്തിക്കുന്നതിനുള്ള ചെലവ്) കണക്കിലെടുത്ത് ഇവർക്ക് കൂടുതൽ തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. 2018-19 വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരം വിവിധ വകുപ്പുകൾ നൽകി വന്നിരുന്ന ഭവന നിർമ്മാണ ധനസഹായ തുകകൾ ഏകീകരിച്ച് 4 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

2018-19 വർഷം മുതൽ പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിക്കുന്നത് ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തിയാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾക്ക് യൂണിറ്റ് നിരക്ക് 6 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്കു പുറത്ത് താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് 4 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. അതീവ ദുർഘട പ്രദേശങ്ങളിൽ 20% വരെ അധികമായി നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് (നഗര പ്രദേശങ്ങൾ ഉൾപ്പെടെ) താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകൾക്ക് യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയാണ്. ഒരു ഗുണഭോക്താവ് നഗരപ്രദേശത്തു നിന്നും മാറി വിദൂര സ്ഥിത സങ്കേതങ്ങളിലാണോ ദുർഘടപ്രദേശങ്ങളിലാണോ താമസിക്കുന്നത് എന്ന് സംശയം ഉണ്ടാകുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാവുന്നതും അതിൻ പ്രകാരം ധനസഹായം അനുവദിക്കുന്നതുമാണ്. ഇക്കാര്യത്തിൽ നിർമ്മാണ സാമഗ്രികൾ നിർമ്മാണ സ്ഥലത്ത് എത്തിക്കുന്നതിനുള്ള അധിക ചെലവ് കണക്കിലെടുത്ത് അപ്രകാരം അതീവ ദുർഘട പ്രദേശങ്ങളിൽ 20% വരെ അധികമായി അനുവദിച്ചുവരുന്നു.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ

35(4060) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടിനോടുചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് നിലമ്പൂർ നിയോജക മണ്ഡലത്തിലെ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ മാനദണ്ഡം പുനർനിശ്ചയിച്ച് കൂടുതൽ കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തയ്യാറാവുമോ; വിശദമാക്കാമോ;

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിലെ കോരൻകുന്ന് പട്ടികജാതി കോളനിയെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം നിലമ്പൂർ നിയോജക മണ്ഡലത്തിൽ 33 പേർക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | - 12 |
| നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | - 21 |
| ആകെ | - 33 |

(ബി) 1-3-2019-ൽ സ.ഉ.(സാധാ)നമ്പർ 233/2019/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം മുപ്പതിലധികം പട്ടികജാതി കുടുംബങ്ങളുള്ള പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ ആയത് പ്രകാരം കോളനികളെ തെരഞ്ഞെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ടി കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ജില്ലാ പട്ടിക വികസന ഓഫീസറുടെ ശിപാർശ പരിശോധിച്ചു വരുന്നു.

**പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന വികസനപദ്ധതികൾ**

36(4061) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പദ്ധതിയുടെ പേര്, ഓരോന്നിനും അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അനുവദിച്ച തുകയിൽ എത്ര ശതമാനം ഇതിനകം വിനിയോഗിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതികൾ ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകും;പദ്ധതി പൂർത്തിയാക്കുന്നതോടെ കൈവരിക്കാവുന്ന പ്രധാന നേട്ടങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കുറ്റ്യാടി മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. താഴെ പറയുന്ന 2 കോളനികളെ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

   (എ) മീനത്തുകര പട്ടികജാതി കോളനി, മണിയൂർ ഗ്രാമപഞ്ചായത്ത്

   (ബി) അംബേദ്കർ കോളനി വെള്ളൂർക്കര, തിരുവള്ളൂർ പഞ്ചായത്ത്

2. പ്രളയത്തിൽ നാശം സംഭവിച്ച മണിയൂർ ഗ്രാമപഞ്ചായത്തിലെ മങ്കര എസ്.സി. കോളനിയുടെ പുനർ നിർമ്മാണ പ്രവർത്തനത്തിനായി 10,50,961 രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

ഓരോ പദ്ധതിക്കും അനുവദിച്ച തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി&ഡി) മീനത്തുകര പട്ടികജാതി കോളനി വികസനം-റോഡ് പ്രവൃത്തി പൂർത്തിയായി. വീട് അറ്റകുറ്റ പ്രവൃത്തി, ടോയ്‌ലറ്റ്, സംരക്ഷണഭിത്തി, പശുത്തൊഴുത്ത് എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഏകദേശം 40% പ്രവൃത്തികൾ പൂർത്തീകരിച്ചു. അംബേദ്കർ വെള്ളൂർക്കര എസ്.സി. കോളനി വികസനം-വീട് അറ്റകുറ്റ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. സംരക്ഷണ ഭിത്തി, ഫുട്പാത്ത്, റോഡ് വർക്ക് പുരോഗമിക്കുന്നു. ഏകദേശം 42% പ്രവൃത്തികൾ പൂർത്തിയായി. പ്രളയംമൂലം നാശം സംഭവിച്ച മങ്കര എസ്.സി. കോളനി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

37(4062) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം, സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷന്റെ പദ്ധതികൾ സംപൂർണ്ണമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗവകുപ്പ് വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- നിലവിലുണ്ടായിരുന്ന പദ്ധതികളിൽ കൃഷിഭൂമി വായ്പാ പദ്ധതി, മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ, വിവാഹ വായ്പാ പദ്ധതി, വാഹന വായ്പാ പദ്ധതി തുടങ്ങിയവയുടെ പദ്ധതി തുകയിൽ ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തിക്കൊണ്ട് ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്.
- നവീന പദ്ധതികളായ സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി, പ്രവാസി പുനരധിവാസ വായ്പ, ഭവന വായ്പ, ഭവന പുനരുദ്ധാരണ വായ്പ, വനിതാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ-ഗ്രൂപ്പ്) തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- ജാമ്യവ്യവസ്ഥകളിൽ ഇളവു വരുത്തിയതും സ്വയംതൊഴിൽ വായ്പാ പദ്ധതികളിൽ അപേക്ഷകന്റെ പ്രായപരിധി 50 വയസ്സിൽനിന്നും 55 വയസ്സാക്കി ഉയർത്തിയതും കൂടുതൽ ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിനിടയാക്കി.
- കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച 'ഒപ്പം' എന്ന പരിപാടി വഴിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പദ്ധതികളെക്കുറിച്ചുള്ള പ്രചരണം വർദ്ധിപ്പിച്ചു.

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

38(4063) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത അടിസ്ഥാനസൗകര്യവികസന പ്രവർത്തികൾ ചെയ്യുന്ന ചേലക്കര നിയോജക മണ്ഡലത്തിലെ കൊണ്ടാഴി പഞ്ചായത്തിലെ തേക്കിൻകാട് കോളനി, തിരുവില്വാമല പഞ്ചായത്തിലെ ചോഴിയാംകോട് കോളനി എന്നീ പട്ടികജാതി കോളനികളിലെ വികസന പ്രവർത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ഈ കോളനികളിൽ നടക്കുന്ന വികസനപ്രവർത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോളനികളിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ഇപ്രകാരമാണ്.

<u>തേക്കിൻകാട് എസ്.സി. കോളനി</u>

1. ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം, കുടിവെള്ള വിതരണ പദ്ധതി & ഫിൽട്രേഷൻ യൂണിറ്റ്-വാട്ടർടാങ്ക് നിർമ്മാണത്തിനുള്ള സ്ഥല പരിമിതിമൂലം പ്രവൃത്തി ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. അങ്കണവാടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി -75% പൂർത്തീകരിച്ചു.

3. റീട്ടെയിനിംഗ് വാൾ - 70% പൂർത്തീകരിച്ചു.

4. കോൺക്രീറ്റ് റോഡ് - 75% പൂർത്തീകരിച്ചു.

ചോഴിയാംകോട് എസ്.സി.കോളനി

1. കുടിവെള്ള വിതരണ പൈപ്പ് ലൈൻ പ്രവൃത്തികൾ 30% പൂർത്തീകരിക്കുകയും വാട്ടർടാങ്ക് നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

2. സ്ഥലപരിമിതിയുള്ളതിനാൽ കമ്മ്യൂണിറ്റി ഹാൾ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

3. കുടിവെള്ള വിതരണത്തിന്റെ പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം കോൺക്രീറ്റ് റോഡ് & സംരക്ഷണ ഭിത്തി നിർമ്മാണം ആരംഭിക്കുന്നതാണ്.

4. സോളാർ മിനി മാസ്റ്റ് ലൈറ്റ് - പൂർത്തീകരിച്ചു.

(ബി) തേക്കിൻകാട് കോളനിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വാട്ടർടാങ്ക് നിർമ്മാണത്തിനുള്ള സ്ഥലം ലഭിച്ചതിനുശേഷം മാത്രമേ പദ്ധതി ആരംഭിക്കാനാകുകയുള്ളൂ. ശേഷിക്കുന്ന പ്രവൃത്തികൾ താമസംവിനാ പൂർത്തീകരിക്കുന്നതാണ്. ചോഴിയാംകോട് കോളനിയിലെ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായാൽ ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

**പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹസഹായ പദ്ധതി**

39(4064) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കളമശ്ശേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പെൺകുട്ടികൾക്ക് വിവാഹ സഹായപദ്ധതി പ്രകാരം തുക അനുവദിച്ചു; ഓരോരുത്തർക്കും എത്ര തുക വീതം സഹായം നൽകി;

(ബി) അർഹതപ്പെട്ട ഏതെങ്കിലും അപേക്ഷകർക്ക് ധനസഹായ വിതരണം നടത്താൻ ബാക്കിയുണ്ടോ; എങ്കിൽ അടിയന്തരമായി സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കളമശ്ശേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 262 പെൺകുട്ടികൾക്ക് വിവാഹ ധനസഹായ പദ്ധതി പ്രകാരം തുക അനുവദിച്ചു. 2016-17 വർഷം 66 ഗുണഭോക്താക്കൾക്ക് 50,000 രൂപ നിരക്കിലും 196 ഗുണഭോക്താക്കൾക്ക് പുതുക്കിയ തുകയായ 75,000 രൂപ നിരക്കിലും അനുവദിച്ചിട്ടുണ്ട്.

(ബി) അർഹതയുള്ള അപേക്ഷകർക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ തുക വിതരണം ചെയ്തുവരുന്നു.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി

40(4065) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി പഠനമുറി നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര പഠനമുറികൾ നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; എത്രയെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്?

ഉത്തരം

കണ്ണൂർ ജില്ലയിൽ വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം 2017-18 വർഷം 185 പഠനമുറികളും 2018-19 വർഷം 130 പഠന മുറികളും ചേർത്ത് 315 പഠനമുറികൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2017-18 വർഷം അനുവദിച്ചതിൽ 149 പഠനമുറികളും 2018-19 വർഷം അനുവദിച്ചതിൽ 6 പഠനമുറികളും ചേർത്ത് 155 പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പാർപ്പിടപ്രശ്നം

41(4066) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഇടയിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്;

(ബി) 2018-19 സാമ്പത്തികവർഷം മുതൽ വകുപ്പ് നേരിട്ട് ഇടപെടാതെ ലൈഫ് മിഷൻ പദ്ധതിവഴി ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകുവാൻ സ്വീകരിച്ച നടപടി സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് അർഹതപ്പെട്ട അനുപാതത്തിൽ വീട് ലഭിക്കുന്നതിന് തടസ്സമായിട്ടുണ്ടോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിന് വകുപ്പിന്റെ കീഴിൽ പ്രത്യേക ഫണ്ട് അനുവദിച്ച് നേരത്തേ നടപ്പിലാക്കിയിരുന്ന രീതിയിൽ ഇവർക്കായുള്ള ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനം എടുക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ വന്നശേഷം 23801 വീടുകൾ പട്ടികജാതി വികസന വകുപ്പ് അനുവദിച്ചു. 9-2-2018-ലെ സ.ഉ.(കൈ)നമ്പർ 15/2018/പജപവവിവ. പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ ധനസഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. 6130 വീടുകൾ 2018-19-ൽ ലൈഫ് മിഷൻ അനുവദിച്ചു. ഇതിലേയ്ക്കുള്ള വകുപ്പിന്റെ വിഹിതമായ 61.30 കോടി രൂപ ലൈഫ് മിഷന് നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നമ്പർ 15/2019/ പജപവവിവ. പ്രകാരം നിർമ്മാണം പൂർത്തീകരിക്കാത്ത 5000 ഗുണഭോക്താക്കളുടെ ഭവനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി 1,50,000 രൂപയും 19-6-2019-ലെ സ.ഉ.(സാധാ)നമ്പർ 536/2019/ പജപവവിവ. പ്രകാരം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഭവന പുനരുദ്ധാരണത്തിന് 1,50,000 രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രവുമല്ല, 2007-08 മുതൽ 2017-18 വരെ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങൾക്ക് നിലവിലെ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായ തുകയും അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു, കല്യാൺ യോജന പദ്ധതികൾ 2016-17 വർഷം മുതൽ ആവിഷ്കരിച്ചിട്ടുണ്ട്. സർവ്വെയിലൂടെ കണ്ടെത്തിയ അർഹരായ 6025 ഗുണഭോക്താക്കൾക്ക് 2018-19 മുതൽ ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു.

(ബി) റേഷൻ കാർഡ് ഇല്ലാത്തതും കൈവശാവകാശത്തിലുള്ള പ്രശ്നങ്ങളുംമൂലം ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുണ്ടെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ഭവനങ്ങൾ**

42(4067) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി ഭവനങ്ങൾ നിർമ്മിക്കുന്നതിനും ഭൂമി വാങ്ങുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ലൈഫ് പദ്ധതി മുഖേന എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) അർഹരായ എല്ലാ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്കും സ്വന്തമായി ഒരു വീട് എന്ന സ്വപ്നം എന്നത്തേക്ക് യാഥാർത്ഥ്യമാക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് 65948.8 ലക്ഷം രൂപയും ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് 86789.92 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) 2016-17, 2017-18, 2018-19 വർഷങ്ങളിൽ ലൈഫ് മിഷൻ പദ്ധതിക്കായി വകുപ്പ് മുഖേന തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2018-19 വർഷം ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ വീടിനായി 61.30 കോടി രൂപ വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ ശീർഷകത്തിൽ (2225-01-283-89(P)) നിന്നും അനുവദിച്ചു നൽകിയിരുന്നു. 2019-20 വർഷം ലൈഫ് മിഷന് വേണ്ടി ടി ശീർഷകത്തിൽ 400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഈ സർക്കാരിന്റെ കാലയളയിൽ ലൈഫ് മിഷൻ മുഖേന വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നതിന് ലക്ഷ്യമിടുന്നു.

## പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾക്കായി അനുവദിച്ച തുക

43(4068) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കഴിഞ്ഞ പത്തുവർഷമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾക്കായി എത്ര തുക അനുവദിച്ചു; വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോ വർഷവും എത്ര തുകയാണ് ചെലവഴിച്ചിരിക്കുന്നത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ കഴിഞ്ഞ പത്തുവർഷമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾക്കായി അനുവദിച്ചതും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ ചെലവഴിച്ചതുമായ തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം

44(4069) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായ പദ്ധതി പ്രകാരം വകുപ്പിൽ നിന്നും ഒരു വ്യക്തിക്ക് നിലവിൽ 75,000 രൂപ നിരക്കിൽ നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നെടിയിരുപ്പ് ഗവ.വെൽഫെയർ യു.പി. സ്കൂൾ കെട്ടിടനിർമ്മാണം

45(4070) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് ഗവ. വെൽഫയർ യു.പി. സ്കൂളിൽ കെട്ടിടനിർമ്മാണത്തിന് പട്ടികജാതി വികസനവകുപ്പ് ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നടപടിക്രമം വിശദമാക്കാമോ; ഈ പദ്ധതി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഈ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് ഗവ.വെൽഫെയർ യു.പി.സ്കൂൾ കെട്ടിട നിർമ്മാണത്തിന് 1,91,00,000 രൂപ അനുവദിച്ച് 3-5-2018-ലെ സ.ഉ. (സാധാ)നമ്പർ 568/18/പജപവവിവ പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സിഡ്കോ ആണെന്നതിനാൽ നിർമ്മാണം സിഡ്കോയെ തന്നെ ഏൽപിക്കുവാൻ സിഡ്കോ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ Competitive bidding മുഖേന നിർവ്വഹണ ഏജൻസിയെ തെരെഞ്ഞെടുക്കാൻ സർക്കാർ നിർദ്ദേശിക്കുകയും അതിൻപ്രകാരം മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

46(4071) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവർത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത എത്ര പ്രവർത്തികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കരിക്കകത്ത് കോളിനിയിലെ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) നെടുമൺ മരുതൂർ, സി.ആർ.പി.എഫ്. പള്ളിപ്പുറം(ശ്രീപാദം), അപ്പോളോ എന്നീ മൂന്ന് കോളനികളിലെ യഥാക്രമം 4, 2, 4 വീതം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടില്ലാത്തത്. ശ്രീപാദം കോളനിയിൽ നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന വാട്ടർടാങ്ക് സ്ഥാപിക്കൽ, അപ്പോളോ കോളനിയിലെ മിനി കോൺഫറൻസ് ഹാളിന്റെ സബ് സെന്റർ നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ല. ശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതിനുപുറമേ നിർമ്മാണ പുരോഗതി വിലയിരുത്താൻ ഉദ്യോഗസ്ഥതലത്തിൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ഭൂരഹിതർക്ക് ഭൂമി പദ്ധതി, ഭവന നിർമ്മാണ പദ്ധതി

47(4072) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് ഭവനനിർമ്മാണപദ്ധതി, ഭൂരഹിതർക്ക് ഭൂമി പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെയായിട്ടുള്ള പദ്ധതിയുടെ പ്രവർത്തനപുരോഗതിയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വകുപ്പ് നടപ്പാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ 5 സെന്റിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ മൂന്ന് സെന്റിന് 4,50,000 രൂപയും കോർപ്പറേഷൻ പരിധിയിൽ മൂന്ന് സെന്റിന് 6,00,000 രൂപയും നൽകി വരുന്നു. വരുമാന പരിധി 50,000 രൂപയാണ്. ഈ സർക്കാർ വന്നശേഷം 23801 വീടുകൾ പുതുതായി അനുവദിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9-2-2018-ലെ സ.ഉ.(കൈ)നമ്പർ 15/2018/പജപവവിവ. പ്രകാരം ഭവന നിർമ്മണ ധനസഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. 2018-19 മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 61.30 കോടി രൂപ ലൈഫ് മിഷന് ഇക്കഴിഞ്ഞ സാമ്പത്തികവർഷം കൈമാറിയിട്ടുണ്ട്. 14-6-2019-ലെ സ.ഉ.(സാധാ)നമ്പർ 483/2019/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 1,50,000 രൂപ പ്രത്യേക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മാത്രവുമല്ല, മുൻകാലങ്ങളിൽ അനുവദിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഭവനങ്ങളുടെ പൂർത്തീകരണത്തിനായി നിലവിലെ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായ തുകയും അനുവദിക്കുന്നുണ്ട്.

2016-17 സാമ്പത്തിക വർഷം മുതൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്യാൺ യോജന എന്നീ പദ്ധതികൾ മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം നൽകിവരുന്നു. കുടുംബശ്രീ മുഖേന ഭവന രഹിതരായ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുകയും അർഹരായ 6025 ഗുണഭോക്താക്കൾക്കും 2018-19 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭൂരഹിതരായ ഗുണഭോക്താക്കളുടെ ക്ഷേമം ലക്ഷ്യമാക്കി 2018-ൽ ലാന്റ് ബാങ്ക് പദ്ധതിയും വനാവകാശം ലഭിക്കുന്നതിനായി ജില്ലാതല കമ്മിറ്റി (DLC) പാസ്സാക്കിയ അപേക്ഷകളിന്മേൽ വനാവകാശ രേഖയും അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന-ഭൂരഹിത പദ്ധതിയുടെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പദ്ധ്യക്ഷൻമാരുടെയും അദ്ധ്യക്ഷതയിൽ അവലോകനം ചെയ്തുവരുന്നു. അനുവദിക്കുന്ന പദ്ധതികൾ യാതൊരു പ്രതിബന്ധവുമില്ലാതെ ഫല പ്രാപ്തിയിലെത്തുന്നതിനാവശ്യമായ ആസൂത്രണമാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രധാൻമന്ത്രി ആദർശ് ഗ്രാമം പദ്ധതി

48(4073) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന വില്ലേജുകളുടെ സമഗ്ര വികസനത്തിനായി പ്രധാൻമന്ത്രി ആദർശ് ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത വില്ലേജുകളുടെ എന്തെല്ലാം വികസനമാണ് പി.എം.എ.ജി. വൈ.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രസഹായത്തിന് ആനുപാതികമായ സംസ്ഥാനസഹായം പ്രസ്തുത പദ്ധതിക്കായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രധാൻമന്ത്രി ആദർശ് ഗ്രാമം പദ്ധതി പ്രകാരം ഇടുക്കിയിലെ കണ്ണൻ ദേവൻ ഹിൽസ് (KDH) വില്ലേജ് കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജുകളിലെ കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പുറമേ ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള ലഭ്യത, വൈദ്യുതി ലഭ്യത, ഗതാഗത സൗകര്യങ്ങൾ, അടിസ്ഥാന ആവശ്യങ്ങൾ എന്നിവയാണ് പി.എം.എ.ജി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

(സി) നിലവിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ സമന്വയത്തിലൂടെയാണ് പരിപാടി നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ വിടവുകൾ നികത്തുന്നതിന് 20 ലക്ഷം രൂപ അനുവദിക്കും.

(ഡി) കേന്ദ്ര പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്ത് ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്. വില്ലേജ് മാത്രമേ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളൂ. ടി പദ്ധതിയുടെ ഏകോപനത്തിനായി ജില്ലാതല കൺവെർജൻസ് കമ്മിറ്റിയും മൂന്നാർ, ദേവികുളം പഞ്ചായത്തുതല കൺവെർജൻസ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

## പട്ടികജാതിക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

49(4074) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന എത്രപേർക്ക് പട്ടികജാതിക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഈ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല നിയമസഭ മണ്ഡലത്തിൽ ഉൾപ്പെടുന്ന 1994 പേർക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ ധനസഹായം നല്കിയിട്ടുണ്ട്.

(ബി) 2,32,98,600 രൂപ (രണ്ട് കോടി മുപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരത്തി അറുനൂറ് രൂപ മാത്രം) ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

## ആദിവാസി ജനവിഭാഗത്തിന്റെ കൈവശഭൂമി തിരികെ ലഭിക്കുന്നതിന് നടപടി

50(4075) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ പഞ്ചായത്തിലെ ചെന്നിനായ്ക്കൾ കുടി സെറ്റിൽമെന്റിൽ സ്ഥിരതാമസക്കാരായ ആദിവാസി ജനവിഭാഗത്തിന്റെ കൈവശഭൂമി പാട്ടവ്യവസ്ഥയിൽ കൃഷി ചെയ്യുന്നതിനായി മറ്റ് വിഭാഗത്തിൽപ്പെട്ടവർ കൈക്കലാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നഷ്ടപ്പെട്ട ഭൂമി ആദിവാസികൾക്ക് തിരികെ കിട്ടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) അയ്യപ്പൻ കോവിൽ പഞ്ചായത്തിലെ ചെന്നിനായ്ക്ക കുടിയിൽ 9 ഊരാളി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂമി പാട്ടത്തിന് കൊടുത്തതായി അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്. നിലവിൽ ടിയാളുകൾക്ക് കൈവശ ഭൂമിയുടെ പട്ടയം നൽകാത്തതും അവകാശം സംബന്ധിച്ച മറ്റ് രേഖകൾ ഇല്ലാത്തതും തുടർനടപടിക്ക് തടസ്സമാകുന്നുണ്ട്.

(ബി) ഒരാൾ മാത്രമാണ് ഇതു സംബന്ധിച്ച പരാതി ലഭ്യമാക്കിയിട്ടുള്ളത്. പരാതി ലഭ്യമാക്കിയ വ്യക്തിയുടെ അപേക്ഷ തുടർനടപടിക്കായി കട്ടപ്പന ഡി.വൈ.എസ്.പി.ക്ക് കൈമാറിയിട്ടുണ്ട്.

**ആദിവാസി ശിശുമരണനിരക്ക്**

51(4076) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആദിവാസി സമൂഹത്തിലെ ശിശുമരണനിരക്ക് സംസ്ഥാന ശരാശരിയിലും മുകളിലാവാനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെടുന്ന ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു ശിശുക്കളുടെ മരണത്തിനുള്ള കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്.

- ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ സർക്കാരിന്റെ മറ്റ് ഏജൻസികൾ എന്നിവ മുഖേനയാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

- സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി

- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി

- ആയുർവേദ ഡിസ്പെൻസറികൾ, അലോപ്പതി ഒ.പി.ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.

- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി

- വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം

- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി

- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി

- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ലഭ്യമാണ്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ലഭ്യമാണ്.

- പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്ക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരക രോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്

- കേരളത്തിൽ ശിശു മരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അട്ടപ്പാടിയിലെ ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി ശിശുമരണനിരക്ക് 2013-ലെ 31-ൽ നിന്നും 2018-ൽ 13 ആയി കുറഞ്ഞിട്ടുണ്ട്.

## നാദാപുരം മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

52(4077) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗകോളനിയിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഇനി എന്തെല്ലാം പ്രവൃത്തികൾ ചെയ്തു തീർക്കുവാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വാണിമേൽ പഞ്ചായത്തിലെ അടുപ്പിൽ വാളാംതോട് ക്ലസ്റ്റർ, കെട്ടിൽ-മലയങ്ങാട് കുടിൽപ്പാറ, ക്ലസ്റ്റർ എന്നീ കോളനികളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി 15-6-2019-ന് ലഭ്യമാക്കിയിട്ടുണ്ട്. ടി കോളനികളുടെ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. ടി പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ

53(4078) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നാക്കം നിൽക്കുന്ന പ്രസ്തുത സമൂഹത്തിന് ആശ്വാസമായി അവരുടെ വായ്പകൾ എഴുതിത്തള്ളാൻ മുൻസർക്കാർ തീരുമാനമെടുത്തിരുന്നോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ എഴുതിത്തള്ളാൻ എടുത്ത തീരുമാനം റദ്ദാക്കിയിട്ടുണ്ടോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ എഴുതിത്തള്ളാനായി പട്ടികജാതി പട്ടികവർഗ കോർപ്പറേഷന് മുൻ സർക്കാർ അനുവദിച്ച തുക പ്രസ്തുത കോർപറേഷൻ പൂർണമായും വിനിയോഗിച്ചിട്ടില്ല എന്നത് വസ്തുതയല്ലേ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും, പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും, പലിശയും, പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതു വരെയുള്ള കുടിശ്ശിക തുക പലിശയും, പിഴപ്പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കുന്നതിന് മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയും നിലവിലുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ കടബാദ്ധ്യതകൾ ഇളവു ചെയ്തു കൊടുക്കുവാനുള്ള ഉത്തരവ് ആദ്യം പുറപ്പെടുവിച്ചത് മുൻ LDF സർക്കാരാണ്. 12-11-2009-ലെ 100/2009/SCSTDD ഉത്തരവ് പ്രകാരം 25,000 രൂപയായിരുന്നു ആദ്യം ഇളവ് നൽകിയത്. 2011-2016-ലെ സർക്കാർ കാലത്ത് രണ്ടുതവണയായി ഈ കടാശ്വാസ പദ്ധതിയിലെ തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

(സി) ഇല്ല

(ഡി) പട്ടികജാതി വിഭാഗക്കാർക്കുള്ള വായ്പാ കുടിശ്ശിക എഴുതി തള്ളൽ പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് അനുവദിച്ച നൽകിയ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടികൾ ഇപ്പോഴും നടന്നുവരികയാണ്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിനുള്ള വാർഷികവരുമാന പരിധി

54(4079) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുടുംബത്തിന്റെ വാർഷികവരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വാർഷികവരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) വാർഷികവരുമാന പരിധി എടുത്തു കളയുകയോ കാലോചിതമായി വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിശ്ചയിച്ചിട്ടുണ്ട്

(ബി) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.

(സി) വാർഷികവരുമാന പരിധി കാലോചിതമായി വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണം

55(4080) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഓരോ വർഷവും എത്ര തുക വീതം വകയിരുത്തിയെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര തുക ഓരോ വർഷവും ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ചികിത്സാ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പിൽ നടപ്പിലാക്കി വരുന്നു. ചികിത്സാ ധനസഹായത്തിന് പ്രത്യേകമായി ഒരു ശീർഷകം "ആരോഗ്യ സുരക്ഷാ പദ്ധതി" എന്ന പേരിൽ നിലവിൽ വന്നത് 2018-19 സാമ്പത്തിക വർഷത്തിലാണ്. അതിനു മുൻപ് കോർപ്പസ് ഫണ്ടിലെ ഒരു ഘടകം എന്ന നിലയിലാണ് ചികിത്സാ ധനസഹായം അനുവദിച്ചുവന്നത്. കഴിഞ്ഞ 10 വർഷങ്ങളിൽ 2009-10 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ വകയിരുത്തിയിരുന്ന ആകെ തുകയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചു വന്നതിനാൽ ചികിത്സാ ധനസഹായത്തിനായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല.

2018-19 സാമ്പത്തിക വർഷം "ആരോഗ്യ സുരക്ഷാ പദ്ധതി" പ്രകാരം 46.50 കോടി രൂപ വകയിരുത്തിയിരുന്നു.

<u>പട്ടികജാതി വികസന വകുപ്പ്</u>

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2009-10 | 6,29,68,800 |
| 2010-11 | 6,51,25,868 |
| 2011-12 | 6,15,36,970 |
| 2012-13 | 10,46,76,469 |
| 2013-14 | 17,99,12,265 |
| 2014-15 | 27,06,88,783 |
| 2015-16 | 40,32,58,294 |
| 2016-17 | 45,99,28,104 |
| 2017-18 | 36,60,41,700 |
| 2018-19 | 29,70,11,140 |

പട്ടികവർഗ്ഗ വികസന വകുപ്പ്

കഴിഞ്ഞ 10 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2009-10 | 86.64 ലക്ഷം | 85.31 ലക്ഷം |
| 2010-11 | 132.9 ലക്ഷം | 127.12 ലക്ഷം |
| 2011-12 | 182.5 ലക്ഷം | 181.51 ലക്ഷം |
| 2012-13 | 227 ലക്ഷം | 221.15 ലക്ഷം |
| 2013-14 | 1237.7 ലക്ഷം | 1173.12 ലക്ഷം |
| 2014-15 | 1127.7 ലക്ഷം | 1082.23 ലക്ഷം |
| 2015-16 | 2092.7 ലക്ഷം | 2069.86 ലക്ഷം |
| 2016-17 | 2657.7 ലക്ഷം | 2607.9 ലക്ഷം |
| 2017-18 | 3959.88 ലക്ഷം | 3959.88 ലക്ഷം |
| 2018-19 | 4288.7 ലക്ഷം | 4241.35 ലക്ഷം |

## മാനന്തവാടി മണ്ഡലത്തിലെ വീടുകളുടെ നിർമ്മാണം

56(4081) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗവികസന വകുപ്പിന്റെ സഹായത്താൽ മാനന്തവാടി മണ്ഡലത്തിൽ എത്ര വീടുകളാണ് നിർമ്മിക്കുന്നത്; അറിയിക്കുമോ;

(ബി) ഇത്തരം വീടുകളുടെ കണക്ക് പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇവയുടെ നിർമ്മാണപുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധുകല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മാനന്തവാടി മണ്ഡലത്തിൽ 2610 വീടുകളാണ് നിർമ്മിക്കുന്നത്. ആയതിൽ 102 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 929 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് നാളിതുവരെ 828 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും വീടുകളുടെ നിർമ്മാണ പുരോഗതിയും അനുബന്ധം 1, 2 ആയി ചേർക്കുന്നു.*

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണം

57(4082) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം പൂർത്തീകരിക്കാതിരുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ;

(ബി) എത്ര ഭവനങ്ങളുടെ നിർമ്മാണം ഇതിലൂടെ പൂർത്തീകരിക്കാനായെന്നും ഇനി എത്ര ബാക്കിയുണ്ടെന്നും അറിയിക്കുമോ;

(സി) പൂർത്തീകരിക്കാത്തവ ഉണ്ടെങ്കിൽ അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂർത്തീകരിക്കാതിരുന്ന വീടുകൾ പൂർത്തീകരിക്കുന്നതിനു ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 198.22 കോടി |
| 2017-18 | 142.68 കോടി |
| 2018-19 | 130.81 കോടി |
| 2019-2020(സാമ്പത്തിക വർഷം നാളിതുവരെ) | 13.585 കോടി |
| ആകെ | 485.295 കോടി രൂപ |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധുകല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം അനുവദിച്ചതിൽ 287 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12183 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണച്ചെലവ് അനുവദിച്ച് പൂർത്തീകരിച്ചു വരുന്നു. ആയതു പ്രകാരം 10267 വീടുകൾ നാളിതു വരെ പൂർത്തീകരിച്ചു. അത്തരത്തിൽ 15519 വീടുകൾ പൂർത്തീകരിച്ചു.

(സി) 2016-17 സാമ്പത്തിക വർഷം വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 6709 വീടുകൾ അനുവദിച്ചതിൽ 6422 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുവാനുണ്ട്. കൂടാതെ 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതും ലൈഫ്മിഷൻ പദ്ധതിയിലുൾപ്പെടുത്തിയതുമായ 12183 വീടുകളിൽ 1916 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പണി പുരോഗമിച്ചു വരുന്നു.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണം**

58(4083) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വീട് നിർമ്മിക്കുന്നതിനും സ്ഥലം വാങ്ങുന്നതിനുമായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇതിലേയ്ക്കായി ലൈഫ് മിഷൻ പദ്ധതിയിൽ എത്ര തുക വകയിരുത്തി എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്കായി വീട് നിർമ്മിക്കുന്നതിനായി 485.295 കോടി രൂപയും, ഭൂമി വാങ്ങി നൽകുന്നതിനായി 30.22 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) 2017-18, 2018-19 സാമ്പത്തിക വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽ യഥാക്രമം 153.40 കോടി രൂപയും, 143.90 കോടി രൂപയും വകയിരുത്തിയിരുന്നു. ലൈഫ് മിഷൻ പദ്ധതിക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. മേൽ തുകയിൽ നിന്നും ലൈഫ് മിഷൻ പദ്ധതിക്കായി 117.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ലൈഫ് മിഷൻ പദ്ധതി പ്രകാരം പുതിയ വീടുകളുടെ നിർമ്മാണത്തിനായി 102 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) വിവിധ ഘട്ടങ്ങളായി പണി പുരോഗമിച്ചു വരുന്ന ഭവനങ്ങളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

## പെരിന്തൽമണ്ണയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം

59(4084) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഭവന രഹിതരാവുകയോ നാശനഷ്ടങ്ങൾ നേരിടുകയോ ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉള്ളതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇത്തരത്തിൽ നാശനഷ്ടമുണ്ടായവർക്ക് പ്രത്യേകമായി എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവർക്ക് അർഹതപ്പെട്ട സഹായം നേടിയെടുക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനിയും സഹായം ലഭിക്കാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ നിലവിലുണ്ട്; അർഹതപ്പെട്ട എല്ലാവർക്കും ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് ഇടപെടലുകൾ നടത്തുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രളയത്തെത്തുടർന്ന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലുള്ള 83 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) നാശനഷ്ടം സംഭവിച്ച 83 കുടുംബങ്ങൾക്ക് വകുപ്പിൽ നിന്നും 5,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

60(4085) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ 9 ഗ്രാമപഞ്ചായത്തുകളിലായി എത്ര പട്ടികജാതി കോളനികളുണ്ട്; ഈ കോളനികളിലെ കുടുംബങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് സ്വന്തമായി വാസയോഗ്യമായ വീടില്ലെന്നും അവരുടെ പേരുവിവരവും വ്യക്തമാക്കാമോ ;

(സി) സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർ എത്രയെന്നും അവരുടെ പേര് വിവരവും വ്യക്തമാക്കാമോ ;

(ഡി) വീടില്ലാത്തവർക്ക് വീടുവെച്ചു നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) 407 കോളനികളാണ് ചേലക്കര മണ്ഡലത്തിന് കീഴിലുള്ളത്.

| പഞ്ചായത്ത് | കോളനികളുടെ എണ്ണം | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| പാഞ്ഞാൾ | 41 | 533 |

| (1) | (2) | (3) |
|---|---|---|
| കൊണ്ടാഴി | 43 | 1027 |
| വള്ളത്തോൾ നഗർ | 29 | 357 |
| തിരുവില്വാമല | 72 | 903 |
| പഴയന്നൂർ | 72 | 912 |
| ചേലക്കര | 72 | 933 |
| ദേശമംഗലം | 28 | 568 |
| മുള്ളൂർക്കര | 19 | 396 |
| വരവൂർ | 31 | 731 |

(ബി&സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മ പദ്ധതിയിൽ പ്രഖ്യാപിച്ച ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാരായ ഗുണഭോക്താക്കളിൽ ഭൂമി ഉള്ളവർക്ക് പുതിയ ഭവന നിർമ്മാണത്തിനും, ഭൂരഹിതർക്ക് ഭവന സമുച്ചയമോ, ഹൗസിംഗ് ക്ലസ്റ്ററുകളോ നിർമ്മിക്കുന്നതിനും നടപ്പുവർഷം 400 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**പ്രളയത്തിൽ പട്ടികജാതി കോളനികൾക്ക്**
**സംഭവിച്ച നാശനഷ്ടം**

61(4086) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികൾക്ക് പ്രളയത്തിൽ സംഭവിച്ച നാശനഷ്ടം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത കോളനികൾക്ക് പുതുജീവൻ നൽകുവാൻ കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും ധനസഹായം പ്രത്യേകമായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രളയത്തിൽ നാശം സംഭവിച്ചിട്ടുള്ളതും പുനഃനിർമ്മാണം ആവശ്യമുള്ളതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ 90 കോളനികളെ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് പുനഃനിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ബി) ഇല്ല.

**ഗോത്രവിഭാഗത്തിൽ നിന്നും യോഗ്യതയുള്ള വോളണ്ടിയർമാർ**

62(4087) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 16-ൽ അധികം വരുന്ന ആദിവാസി കോളനികളിൽ നിന്നായി സമീപപ്രദേശങ്ങളിലുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾ കൂടുതലും ഗോത്രഭാഷ കൈകാര്യം ചെയ്യുന്നവരായതിനാൽ അധ്യയനത്തിന് ഭാഷ ബുദ്ധിമുട്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന ഇത്തരം കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഗോത്രഭാഷ കൈകാര്യം ചെയ്യുന്നതിന് ഗോത്രവിഭാഗത്തിൽ നിന്നും യോഗ്യതയുള്ള വോളണ്ടിയർമാരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വോളണ്ടിയർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിഗണനയിലില്ല. ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ദേശീയവനാവകാശ നിയമം**

63(4088) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയവനാവകാശ നിയമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ;

(ബി) ഇല്ലെങ്കിൽ ടി നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം വിമുഖത കാണിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിയമമനുസരിച്ച് വനത്തിനകത്ത് ആദിവാസികൾക്ക് സ്വയം നിർമ്മാണാവകാശമുണ്ടോ;

(ഡി) ടി നിയമം പൂർണ്ണമായും നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആശങ്കകൾ ഉണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) വനാവകാശ നിയമപ്രകാരം ആകെ ലഭിച്ച 43129 അപേക്ഷകളിൽ 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശം നൽകിയിട്ടുണ്ട്. 11147 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. പെന്റിംഗിലായ 5857 അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം സുപ്രീം കോടതി ഉത്തരവിനെത്തുടർന്ന് അകാരണമായോ രേഖാമൂലമുള്ള നോട്ടീസ് നൽകാതെയോ നിരസിച്ച അപേക്ഷകൾ ഉണ്ടെങ്കിൽ ആയവ സ്വയമേവ പരിശോധിക്കുന്നതിന് നിരസിക്കുന്ന അപേക്ഷകർക്ക് രേഖാമൂലമുള്ള നോട്ടീസ് നൽകുവാനും അവരിൽനിന്നും അപ്പീൽ സ്വീകരിക്കുവാനുമുള്ള നടപടിയും നടന്നുവരികയാണ്. അകാരണമായി വനാവകാശ നിയമപ്രകാരമുള്ള ഒരപേക്ഷയും നിരസിക്കാതിരിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ടി നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം വിമുഖത കാണിക്കുന്നില്ല. വനാവകാശനിയമം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) വനാവകാശ നിയമപ്രകാരമുള്ള വ്യക്തിഗതാവകാശം സിദ്ധിച്ച ഭൂമിയിൽ ആദിവാസികൾക്ക് നിർമ്മാണാവകാശമുണ്ട്.

(ഡി) വനാവകാശ നിയമപ്രകാരം അർഹരായ എല്ലാ പേർക്കും കൈവശാവകാശരേഖ നൽകണമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. എന്നാൽ വനാവകാശ നിയമപ്രകാരം നൽകിയ അപേക്ഷ നിരസിച്ചതിനു ശേഷവും അപേക്ഷകർ വനഭൂമി കയ്യേറി താമസിക്കുന്നുണ്ടെങ്കിൽ അവരെ ഒഴിപ്പിക്കുന്നതിന് സുപ്രീം കോടതി ഉത്തരവാകുകയും കോടതി തന്നെ നിലവിൽ ടി ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ നിരസിച്ചതെന്ന് പരിശോധിക്കുവാനും സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

## ലക്ഷ്യ സ്കോളർഷിപ്പ്

64(4089) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സിവിൽ സർവ്വീസ് പരീക്ഷയുടെ പരിശീലനം നൽകുന്നതിന് പട്ടികജാതി വകുപ്പ് ലക്ഷ്യ സ്കോളർഷിപ്പ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എപ്രകാരമാണ് ഇതിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത്, ഇതിനുള്ള അർഹതാമാനദണ്ഡം എന്താണ്;

(സി) ഒരു വർഷം എത്ര പേർക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; എന്തൊക്കെ ആനുകൂല്യങ്ങളാണ് സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് നൽകുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് കേരള സിവിൽ സർവ്വീസസ് അക്കാഡമി മുഖേന പരിശീലനം നല്കുന്നതിനുള്ള ഒരു പദ്ധതി കഴിഞ്ഞ വർഷം ആരംഭിച്ചിരുന്നു. ഇതിനു പുറമെ, പഠിതാക്കൾക്ക് കേരളത്തിലെ മറ്റ് കോച്ചിംഗ് സെന്ററുകളിൽ സിവിൽ സർവ്വീസ് പരീക്ഷയുടെ പരിശീലനം നല്കുന്നതിന് 2019-20 വർഷത്തിൽ 'ലക്ഷ്യ സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇത് സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

65(4090) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആദിവാസി മേഖലകളിലെ സ്കൂളുകളിൽ നിന്നുമുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആദിവാസി മേഖലയിലെ സ്കൂളുകളിൽ നിന്നുമുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഗോത്രബന്ധു, സാമൂഹ്യ പഠനമുറി എന്നീ പദ്ധതികൾ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായും കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ പ്രൊമോട്ടർമാർവഴി വകുപ്പ് വ്യാപകമായ ബോധവല്ക്കരണം നടത്തി വരുന്നു. വിദൂര സ്ഥലങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനായുള്ള വാഹന സൗകര്യത്തിനായി 'ഗോത്രസാരഥി' പദ്ധതി നടത്തി വരുന്നു. മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകി വരുന്നു. വയനാട്, അട്ടപ്പാടി എന്നിവിടങ്ങളിൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് സാമൂഹ്യ പഠനമുറി.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്താകെ 100 സാമൂഹ്യ പഠനമുറികൾ നടപ്പിലാക്കിയിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൽ സാമൂഹ്യപഠനമുറി പദ്ധതി വലിയ നേട്ടമുണ്ടാക്കുന്നതായി വിലയിരുത്തുന്നു. സ്കൂളിൽ ഹാജർ വർദ്ധിപ്പിച്ച് നിലനിർത്തുന്നതിനും പദ്ധതി ഉപകരിക്കുന്നുണ്ട്. സ്കൂളിൽ പഠിപ്പിച്ച പാഠഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാർ മുഖേന പരിഹരിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്.

## സ്വയംഭരണ കോളേജുകളിലെ സെൽഫ് ഫിനാൻസ് കോഴ്സുകളിൽ ഫീസിളവ്

66(4091) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളിലെ സെൽഫ് ഫിനാൻസ് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഫീസിളവ് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഈ വിദ്യാർത്ഥികൾക്ക് ഫീസിളവ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ എയ്ഡഡ് മേഖലയിലെ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വാശ്രയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പ് വ്യവസ്ഥകൾപ്രകാരം വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്.

## പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂൾ

67(4092) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോത്ത് അനുവദിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഈ അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ക്ലാസ്സ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ക്ലാസ്സ് ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടകനിരക്കിൽ കെട്ടിടം ലഭ്യമായാൽ കുറച്ചു വൈകുമെങ്കിലും 5-ാം ക്ലാസ്സിൽ ഈ അദ്ധ്യയന വർഷം പ്രവേശനം നടത്താവുന്നതാണ്. അദ്ധ്യയനം ആരംഭിച്ചശേഷം കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വാഴാനിയിലെ കാക്കനിക്കാട് ട്രൈബൽ സ്കൂൾ

68(4093) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഴാനിയിലെ കാക്കനിക്കാട് ഗവ. ട്രൈബൽ സ്കൂൾ നവീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനം നടത്തിയത് ഏത് ഏജൻസിയാണെന്നും ഇതിലേയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(സി) മറ്റ് സർക്കാർ ട്രൈബൽ സ്കൂളുകളിലും ഇത്തരം നവീകരണപ്രവർത്തനം നടത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം

69(4094) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താംക്ലാസിൽ നൂറ് ശതമാനം വിജയം നേടിയെടുക്കാൻ പ്രാപ്തമായ വിധം പട്ടികജാതി-പട്ടികവർഗ്ഗവികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ നവീകരിക്കാൻ ഈ സർക്കാർ ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന വിദ്യാഭ്യാസസഹായ പദ്ധതികളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പട്ടികജാതികളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വ്യക്തിത്വവികസനത്തിന് പരിശീലനപരിപാടി സംഘടിപ്പിക്കുന്നുണ്ടോയെന്നും പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പട്ടികജാതിക്ഷേമ വകുപ്പിന് കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിന് സ്ഥിരം അംഗീകാരം നേടിയെടുക്കാനായി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മികച്ച വിജയം നേടുന്നതിനുവേണ്ടി പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസ്. കളിൽ താഴെ കാണുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഡയറ്റിലെ അദ്ധ്യാപക സംഘം ഓരോ സ്കൂളിലും പ്രത്യേകം പരിശീലനം നൽകി
2. ക്ലാസ് റൂമുകൾ ഹൈടെക് ആക്കി
3. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കി
4. എല്ലാ വിഷയങ്ങൾക്കും പ്രത്യേക കോച്ചിംഗ് നൽകുന്ന "ശ്രദ്ധ" എന്ന പദ്ധതി നടപ്പിലാക്കി
5. വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി 50 കുട്ടികൾക്ക് 1 എന്ന അനുപാതത്തിൽ മേട്രൻ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചു.
6. വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കുന്നതിനും അവർക്ക് പ്രചോദനം നൽകുന്നതിനുമായി കൗൺസിലർമാരെ നിയമിച്ചു.
7. ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി ഉപയോഗിച്ച് മാതൃകാ ചോദ്യപേപ്പർ പരിചയപ്പെടുത്തുന്നതിനും മോട്ടിവേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും അദ്ധ്യാപകർ കൂടുതൽ ശ്രദ്ധ ചെലുത്തി.
8. കാസർഗോഡ് ജില്ലയിലെ വെള്ളച്ചാൽ എം.ആർ.എസ്.-ൽ സ്കൂൾ പി.ടി.എ. യുടെ നേതൃത്വത്തിൽ 'ചുവട് വെപ്പ്' എന്ന പേരിൽ പ്രത്യേക പഠന പരിപാടി സംഘടിപ്പിച്ചു.
9. ഇവ കൂടാതെ എം.ആർ.എസ്. കളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസ്.-കളിൽ 10-ാം ക്ലാസ്സിൽ 100% വിജയം നേടുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. <u>സ്പോക്കൺ ഇംഗ്ലീഷ് പഠന പദ്ധതി</u>

   വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ നിലവാരം ലഭ്യമാകുന്നതിനും അവരുടെ ഇംഗ്ലീഷ്ഭാഷാ നൈപുണ്യം വികസിപ്പിക്കുന്നതിനും വേണ്ടി 5 മുതൽ +2 ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അധ്യന വർഷം 200 മണിക്കൂർ സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം നൽകുന്ന പദ്ധതി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.

2. പ്രത്യേക പരിശീലന പരിപാടി

5-ാം ക്ലാസ്സിൽ പ്രവേശന പരീക്ഷ മുഖേന നേരിട്ട് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠന സാഹചര്യവുമായി ഒത്തിണങ്ങി പഠനം നടത്തുന്നതിനും അടിസ്ഥാന വിവരങ്ങൾ കൂടുതൽ ആധികാരികമായി മനസ്സിലാക്കുന്നതിനും പാഠ്യ വിഷയങ്ങളിലുള്ള നൈപുണ്യം ലഭ്യമാക്കുന്നതിനുംവേണ്ടി ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്ന പരിപാടി നടപ്പിലാക്കിവരുന്നു.

3. യോഗ പരിശീലനം

വിദ്യാർത്ഥികൾക്ക് മാനസികവും ആരോഗ്യവുമായ ഉന്മേഷം ലഭിക്കുന്നതിനും മാനസിക പിരിമുറുക്കം, വിഷാദം തുടങ്ങിയവയിൽനിന്നും സന്തോഷകരമായ മാനസികാവസ്ഥ ഓരോ വിദ്യാർത്ഥികളിലും സൃഷ്ടിക്കുന്നതിനും ആരോഗ്യകരമായ പഠന സാഹചര്യം ഒരുക്കുന്നതിനും വേണ്ടി ഓരോ എം.ആർ.എസ്.-ലേയും പഠനക്രമമനുസരിച്ച് യോഗ പരിശീലനം നൽകി വരുന്നു.

4. സഹവാസ ക്യാമ്പ്

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആശ്രമം/ഏകലവ്യ/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി., +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനും അവർക്ക് വ്യക്തിത്വ വികസനം ലഭ്യമാകുന്നതിനും സമൂഹമധ്യത്തിൽ അവരെ ഉത്തമ പൗരന്മാരാക്കി വാർത്തെടുക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധത, ദേശസ്നേഹം, പരസ്പര വിശ്വാസം, ബഹുമാനം, അച്ചടക്കബോധം, വ്യക്തിശുചിത്വം എന്നീ നല്ല ഗുണഗണങ്ങൾ അവരിൽ വളർത്തിയെടുക്കുന്നതും ലക്ഷ്യമിട്ടുകൊണ്ടാണ് വകുപ്പ് ഇത്തരം സഹവാസ ക്യാമ്പുകൾ വർഷംതോറും സംഘടിപ്പിച്ചു വരുന്നത്.

5. സ്റ്റുഡന്റ് കൗൺസിലേഴ്സ്

വിദ്യാർത്ഥികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നീ കാര്യങ്ങൾക്ക് മുൻഗണന നൽകി കൗൺസിലിംഗ് നൽകുന്നതിന് കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 49 വ്യക്തികളെ

18,000 രൂപ ഓണറേറിയവും 2,000 രൂപ യാത്രാ ബത്തയും നൽകി സ്റ്റുഡന്റ് കൗൺസിലർമാരായി വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/പോസ്റ്റ് മെട്രിക്/പ്രീമെട്രിക് ഹോസ്റ്റലുകളിൽ നിയമിച്ചു വരുന്നു.

6. ശാസ്ത്രബോധിനി

വിദ്യാർത്ഥികൾക്ക് ശാസ്ത്ര വിഷയങ്ങളിലുള്ള താത്പര്യം വളർത്തുന്നതിനും ശാസ്ത്ര-സാങ്കേതിക മേഖലകളിൽ കൂടുതൽ അറിവ് നേടുന്നതിനും ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനുമായി വിവിധ സെമിനാറുകൾ, ശാസ്ത്ര ബോധ ക്ലാസ്സുകൾ, ക്വിസ് പോഗ്രാം, സയൻസ് ഫെയർ, പ്രോജക്ട് അവതരണം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്.

7. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

പെൺകുട്ടികൾ പഠിക്കുന്ന 13 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സ്കൂൾ ഹോസ്റ്റലുകളിൽ വിദ്യാർത്ഥിനികളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കും ശാരീരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആരോഗ്യപ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കി കുട്ടികൾക്ക് കൂടുതൽ ഫലപ്രദമായ ബോധവൽക്കരണം നൽകുന്നതിനും അതുവഴി ആരോഗ്യം നിറഞ്ഞ ഒരു അന്തരീക്ഷം ഹോസ്റ്റലുകളിൽ വളർത്തിയെടുക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

8. സ്മാർട്ട് ക്ലാസ്സ് റൂം

ആധുനിക പഠനരീതിയുടെ ഭാഗമായി പഠനക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിച്ചിട്ടുണ്ട്.

9. കമ്പ്യൂട്ടർ ലാബ്

ഒരേ സമയം 40 കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ക്ലാസ്സുകൾ നിലവിലുള്ള സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി പ്രത്യേക കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്.

10. സയൻസ് ലാബ്

സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

11. ലാംഗ്വേജ് ലാബ്

വിദ്യാർത്ഥികളുടെ ഗ്രഹണ ശക്തിയും ഉച്ചാരണവും മെച്ചപ്പെടുത്തുന്നതിനായി വിവിധ ഭാഷകളിലുള്ള നൈപുണ്യം വികസിപ്പിക്കുന്നതിനുമായും ലാംഗ്വേജ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

12. സ്കൂൾ റേഡിയോ

വിദ്യാർത്ഥികളുടെ കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്പ് ചെയ്യുന്നതിനും ആത്മവിശ്വാസം, വ്യക്തിത്വം, ആശയ വിനിമയം എന്നിവ വളർത്തിയെടുക്കുന്നതിനും വിജ്ഞാനപ്രദമായ രീതിയിൽ അദ്ധ്യയനം നടത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 16 എം.ആർ.എസ്.കളിൽ സ്കൂൾ റേഡിയോ സ്ഥാപിച്ചിട്ടുണ്ട്.

13. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ

വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ വൈകാരിക മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പ് വരുത്തുന്നതിനും മോട്ടിവേഷൻ നൽകുന്നതിനും ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ എന്ന പദ്ധതി വനിതാ ശിശു വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.

14. എം.ആർ.എസ്സ്.-കളിൽ MCRT-യുടെ സേവനം

എം.ആർ.എസ്സ്-ലെ വിദ്യാർത്ഥികളെ സ്കൂൾ സമയം കഴിഞ്ഞ് പഠനത്തിൽ സഹായിക്കുന്നതിനായി MCRT-യെ നിയമിച്ചിട്ടുണ്ട്. സ്കൂൾ സമയം കഴിഞ്ഞുള്ള സമയങ്ങളിലും അവധി ദിവസങ്ങളിലും അന്തേവാസികളുടെ പഠനകാര്യങ്ങളിൽ സഹായിക്കുക, ടി വിദ്യാർത്ഥികൾ അച്ചടക്കത്തോടും ചിട്ടയോടും കൂടി ആയിരിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുക എന്നിവ MCRT-മാരുടെ ചുമതലയാണ്.

15. ഡിജിറ്റൽ ലൈബ്രറി

ലൈബ്രറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ ലൈബ്രേറിയൻമാരെ നിയമിക്കുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്സ്.-കളിലെ ലൈബ്രറികൾ ഡിജിറ്റൽ രൂപത്തിലാക്കി മാറ്റുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 6 എം.ആർ.എസ്സ്-കളിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിൽ നിരക്ക് വർദ്ധന വരുത്തിയിട്ടുണ്ട്. സ.ഉ.(കൈ)നമ്പർ 43/2016/പജപവവിവ. തീയതി 25-6-2016 പ്രകാരം വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ 25% വർദ്ധനവ് വരുത്തി. അത് 50% ആക്കി ഉയർത്തുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. എം.ആർ.എസ്. വിദ്യാർത്ഥികളുടെ അലക്ക് കൂലി 5 മുതൽ 10 വരെ ക്ലാസ്സുകൾക്ക് 90 രൂപയിൽ നിന്നും 135 രൂപയായും +1, +2 തലങ്ങളിൽ 100 രൂപയിൽ നിന്നും 150 രൂപയായും വർദ്ധിപ്പിച്ചു.

ഈ സർക്കാർ അധികാരമേറ്റശേഷം 23-7-2016-ലെ സർക്കാർ ഉത്തരവ് നമ്പർ (പി)04/2016/പജപവവിവ. പ്രകാരം പ്രീമെട്രിക് പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തിവരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ്, പോക്കറ്റ്മണി തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ചിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള യഥാർത്ഥ ബോർഡിംഗ് & ലോഡ്ജിംഗ് ചെലവ്(ABLC) പ്രതിമാസം 3,500 രൂപയിൽ നിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചു.

(സി) പട്ടികജാതി ഉദ്യോഗാർത്ഥികളുടെ വ്യക്തിത്വ വികസനത്തിന് പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതിക്കാർക്ക് വിദേശത്ത് Oil&Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/Fitter, Industrial Electrical കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽ സാധ്യതയുള്ള NEP/FNEP/IELTS പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു.

(ഡി) പാലക്കാട് ഗവ. മെഡിക്കൽ കോളേജിന് 2019-20-ൽ സ്ഥിരം അംഗീകാരം ലഭിക്കുന്നതിനും പുതിയ ബാച്ചിനുമുള്ള പ്രവേശനത്തിനും വേണ്ടിയുള്ള അപേക്ഷ 17-10-2018-ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചു. തുടർന്ന് 2019 ഏപ്രിൽ മാസത്തിൽ എം.സി.ഐ. കോളേജ് ഏർപ്പെടുത്തിയിരിക്കുന്ന ഭൗതിക സൗകര്യങ്ങൾ പരിശോധിക്കുകയും അവയിലെ ചില പോരായ്മകൾ ചൂണ്ടിക്കാണിക്കുകയുമുണ്ടായി. ചൂണ്ടിക്കാണിച്ച പോരായ്മകളിൽ മിക്കവാറും പരിഹരിക്കുകയും ബാക്കി വരുന്നത് വിദ്യാർത്ഥികളുടെ അഡ്മിഷന് മുമ്പായി പരിഹരിച്ചു കൊള്ളാമെന്നും കാണിച്ചുകൊണ്ട് എം.സി.ഐ.യ്ക്ക് 2019 മേയ് 6-ന് നൽകിയ മറുപടിയിന്മേൽ എം.സി.ഐ. 20-5-2019-ൽ തുടർ പരിശോധന നടത്തുകയും അതനുസരിച്ചുള്ള ഒരു റിപ്പോർട്ട് എം.സി.ഐ. ഇൻസ്പെക്ടർമാർ എം.സി.ഐ.യ്ക്ക് സമർപ്പിക്കുകയും ചെയ്തു.

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കോളേജ് ഡയറക്ടറും കോളേജിൽ ഏർപ്പെടുത്തിയിട്ടുള്ള ഭൗതിക സൗകര്യങ്ങളുടെ കാര്യങ്ങൾ 21-5-2019-ന് എം.സി.ഐ. അധികാരികളുടെ മുമ്പാകെ നേരിട്ട് ഹാജരായി ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 29-5-2019-ൽ എം.സി.ഐ. കോളേജിന് സ്ഥിരാംഗീകാരത്തിനും 2019-20 വർഷത്തിൽ 100 വിദ്യാർത്ഥികളുടെ അഡ്മിഷൻ നടത്തുന്നതിനും വേണ്ട അംഗീകാരം നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി.

## ഐ. ടി.ഐ.കളുടെ നവീകരണം

70(4095) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ ഉമ്പർനാട് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും ഐ.ടി.ഐ.-യ്ക്കായി പുതിയ കെട്ടിടം നിർമ്മിച്ച് ആധുനികവ ത്കരിക്കുന്നതിനും എസ്.സി./എസ്.റ്റി. വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ കീഴിലുള്ള ഐ.ടി.ഐ.കൾ നവീകരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചി ട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മാവേലിക്കര ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി PWD- കെട്ടിടവിഭാഗം തയ്യാറാക്കിയ 2 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള ഭരണാനുമതി സ.ഉ. (സാധാ.)നമ്പർ 12/2019/ പജപവവിവ., തീയതി 9-1-2019 പ്രകാരം ഉത്തരവാകുകയും പ്രവൃത്തി ചെയ്യുന്നതിനുള്ള തുകയായ 2 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റാൻ അനുമതി ലഭിച്ചത് പ്രകാരം ആയത് പൊളിച്ചുമാറ്റുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ PWD സ്വീകരിച്ച് വരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ 44 ഐ.ടി.ഐ.-കൾ പ്രവർത്തിച്ചു വരുന്നു. ഇവിടെ ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് മെക്കാനിക്, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡി/സിവിൽ, കാർപെന്റർ, പ്ലംബർ, സർവ്വെയർ, പെയിന്റർ ജനറൽ, വെൽഡർ, സീവിംഗ് ടെക്നോളജി, ഡ്രൈവർ കം മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു. ടി ഐ.ടി.ഐ.കളിൽ 3 എണ്ണം (ളുണേരി, വരവൂർ, ബേള) 2010-ൽ പ്രവർത്തനം ആരംഭിച്ചതും മറ്റുള്ളവ 1992 മുതൽ പ്രവർത്തിച്ചു വരുന്നതുമാണ്.

ആദ്യകാലത്ത് ആരംഭിച്ച ഐ.ടി.ഐ.-കളിൽ 7 എണ്ണം (മര്യാപുരം, ഓച്ചിറ, പന്തളം, ഐക്കാട്, എസ്.പി.കോളനി കുറിച്ചി, മംഗലം, എങ്കക്കാട്) ഈ സർക്കാർ വന്നശേഷം താമസ സൗകര്യത്തോടുകൂടിയുള്ള എം.ആർ.ഐ.ടി.ഐ.-കൾ ആക്കി മാറ്റിയിട്ടുണ്ട്. ഇവിടങ്ങളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുകയും വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഐ.ടി.ഐ.-കളിലെ നിലവാരമുയർത്തുന്നതിനായി Upgradation of Govt. ITI's through PPP എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 4 ഐ.ടി.ഐ.-കളിൽ ഈ സർക്കാർ, നിലവിലുള്ള കോഴ്സുകൾക്കു പുറമേ എലത്തൂർ (ഡി/സിവിൽ, വെൽഡർ)മംഗലം (സർവ്വേയർ) മര്യാപുരം (സർവ്വേയർ), പന്തളം (എം.എം.വി, ഇലക്ട്രീഷ്യൻ) എന്നീ പുതിയ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. ഇതു കൂടാതെ വർക്കല ഐ.ടി.ഐ.-യിൽ ഡി/സിവിൽ ട്രേഡും വി.ആർ. പുരം ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ ട്രേഡും ഈ സർക്കാർ പുതുതായി ആരംഭിച്ചു.

പുതുതായി ആരംഭിച്ച ഐ.ടി.ഐ. ഉൾപ്പെടെ പുതുതായി തുടങ്ങിയ മുഴുവൻ കോഴ്സുകൾക്കും NCVT അംഗീകാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ.-കളിൽ ആവശ്യമായ പുതിയ കെട്ടിട നിർമ്മാണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പഠനോപകരണ സംഭരണം തുടങ്ങിയവയുള്ള നടപടികൾ സ്വീകരിക്കുകയും കോഴ്സുകൾക്കെല്ലാം NCVT അംഗീകാരം ലഭ്യമാക്കുകയും ചെയ്തു.

ഇതിനു പുറമേ വകുപ്പിന്റെ ഐ.ടി.ഐ.-കളുടെ നവീകരണം ലക്ഷ്യം വച്ചുകൊണ്ട് നിലവിൽ ഏകവത്സര കോഴ്സുകളായ കാർപെന്റർ, പ്ലംബർ എന്നീ ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐ.ടി.ഐ.-കളിൽ പ്രസ്തുത കോഴ്സുകളുടെ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നിലവിൽ കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഉള്ള ഐ.ടി.ഐ.-കളിൽ പുത്തൻ തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനും പുതിയ ബാച്ചുകളും പുതിയ കോഴ്സുകളും ആരംഭിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. വകുപ്പിന്റെ ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിന്റെ ഭാഗമായി മിക്കവാറുമുള്ള എല്ലാ ഐ.ടി.ഐ.-കളിലും കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പുതിയ സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ എല്ലാ ഐ.ടി.ഐ.-കളിലും ട്രെയിനികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. ഓരോ വർഷവും ജോബ് ഫെയറിലൂടെ നിരവധി പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുകയും ചെയ്തുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 2 ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുട്ടമല ഐ.ടി.ഐ.-ഉം ഇടുക്കി ജില്ലയിലെ നാടുകാണി ഐ.ടി.ഐ.-ഉം കുട്ടമല ഐ.ടി.ഐ.-യ്ക്ക് എം.പി.ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഇടുക്കി ജില്ലയിലെ നാടുകാണി ഐ.ടി.ഐ.-യുടെ അക്കാഡമിക് ബ്ലോക്ക് കെട്ടിട നിർമ്മാണ പ്രവൃത്തിയും (അടങ്കൽ തുക 4.03 കോടിരൂപ) ഹോസ്റ്റൽ കെട്ടിട നിർമ്മാണ പ്രവൃത്തിയും (അടങ്കൽ തുക 3.42 കോടി രൂപ) ആരംഭിച്ചു കഴിഞ്ഞു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 2 ഐ.ടി.ഐ.-കളും സർക്കാർ ഉത്തരവിൻ പ്രകാരം വ്യവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സർക്കാർ സർവ്വീസിൽ കുറഞ്ഞുവരുന്ന തൊഴിലവസരങ്ങൾ

71(4096) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരികയും സ്വകാര്യമേഖലയിൽ അവസരങ്ങൾ കേന്ദ്രീകരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(ബി) സംവരണവിഭാഗങ്ങളുടെ ഭാവിസാദ്ധ്യതകളെ ഇത് തകിടം മറിക്കുന്നതായി വിലയിരുത്തുന്നുണ്ടോ;

(സി) ഇത് മറികടക്കുന്നതിനായി സർക്കാർ എയ്ഡഡ് മേഖലയിലും സ്വകാര്യമേഖലയിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ സംവരണം ഉറപ്പാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും ആലോചനയുണ്ടോ; എങ്കിൽ അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

### ഉത്തരം

(എ) സർക്കാർ സർവ്വീസിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർന്ന സാഹചര്യത്തിൽ അവർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഈ വിഷയം കോടതിയുടെ പരിഗണനയിലുള്ളതാണ്.

## കിർത്താഡ്സിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലെ നിയമനം

72(4097) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിർത്താഡ്സിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ കോൺട്രാക്ട് നിയമനം പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിയമനം പുതുക്കി നൽകുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) യോഗ്യരായവർക്ക് നിയമനം പുതുക്കി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കിർത്താഡ്സ് വകുപ്പിലെ വിജിലൻസ് വിഭാഗത്തിൽ റിസർച്ച് അസിസ്റ്റന്റുമാരുടെ കോൺട്രാക്ട് നിയമനം പുതുക്കി നൽകിക്കൊണ്ട് 15-6-2019- ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 489/2019/പജപവവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്. റിസർച്ച് അസിസ്റ്റന്റ്മാരുടെ കോൺട്രാക്ട് നിയമനം പുതുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള മറ്റ് അപേക്ഷകളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

(ബി) റിസർച്ച് അസിസ്റ്റന്റ്മാരുടെ കോൺട്രാക്ട് നിയമനം പുതുക്കുന്നതിന് യഥാസമയം പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും നിയമനം പുതുക്കി നൽകിയിട്ടുമുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള താമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗവിഭാഗക്കാരുടെ പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ

73(4098) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികവർഗ്ഗക്കാരായ തൊഴിൽരഹിതർ പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ യഥാസമയം ചെയ്യാത്തതുമൂലം അവരുടെ തൊഴിലവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗക്കാരുടെ വൺ ടൈം രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിലന്വേഷണങ്ങൾ നടത്തുന്നതിനും പി.എസ്.സി. വൺടൈം രജിസ്ട്രേഷൻ നടത്തുന്നതിനും പ്രയോജനപ്രദമാകത്തക്കവിധം ഓൺലൈൻ സഹായ കേന്ദ്രങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും പ്രവർത്തിച്ചുവരുന്നു. പി.എസ്.സി. വിജ്ഞാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേനയും ട്രൈബൽ പ്രൊമോട്ടർമാർ മുഖേനയും എല്ലാ കോളനികളിലെയും മുഴുവൻ ഉദ്യോഗാർത്ഥികളെ അറിയിക്കുകയും ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്തുവരുന്നു.

## എസ്.സി.പി./ടി.എസ്.പി. ഫണ്ട്

74(4099) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷമായി അനുവദിച്ച എസ്.സി.പി./ടി.എസ്.പി. ഫണ്ടിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ ഓരോ വർഷവും എത്ര തുകയാണ് ചെലവഴിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗക്കാർക്കായി ടി.എസ്.പി. ഫണ്ട് ചെലവഴിക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പും കൂടാതെ പൊതുമരാമത്ത്, റൂറൽ ഡെവലപ്മെന്റ്, കുടുംബശ്രീ, കിർത്താഡ്സ് മുതലായ വകുപ്പുകളുമായി സംയോജിച്ചാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ 10 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ ടി.എസ്.പി. ഫണ്ടിന്റെ വിഹിതവും ചെലവഴിച്ച തുകയും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു : 2009-10 മുതൽ 2018-19 വരെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ ബഡ്ജറ്റ് വിഹിതവും ചെലവഴിച്ച തുകയും സംബന്ധിച്ച് (രൂപ ലക്ഷം)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| 2009-10 | 11254.07 | 10724.95 | 95.30 |
| 2010-11 | 10819.26 | 9511.67 | 87.91 |
| 2011-12 | 16263.02 | 15316.76 | 94.18 |
| 2012-13 | 19650.76 | 19500.21 | 99.23 |
| 2013-14 | 29980.1 | 29092.21 | 97.04 |
| 2014-15 | 46449.2 | 40922.4 | 88.10 |
| 2015-16 | 42626.79 | 38117.51 | 89.42 |
| 2016-17 | 54448.12 | 51957.42 | 95.43 |
| 2017-18 | 58113.06 | 51798.25 | 89.13 |
| 2018-19 (20% കുറവ് വരുത്തിയശേഷം) | 52208.12 | 52208.12 | 100 |

## ആലത്തൂർ നിയോജകമണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

75 (4100) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തികവർഷം എസ്.സി. കോർപ്പസ് ഫണ്ട് വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത മറ്റ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം എസ്.സി. കോർപ്പസ് ഫണ്ട് വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. വടക്കേപറമ്പ് കുടിവെള്ള പദ്ധതി
2. കേരള പറമ്പ് കോളനി കുടിവെള്ള പദ്ധതി
3. ചെങ്കൽപൊറ്റ കോളനി കുടിവെള്ള പദ്ധതി
4. കോരഞ്ചിറ തൊഴുത്തുമ്പാറ കുടിവെള്ള പദ്ധതി
5. ചിറ്റചെങ്ങാനി എസ്.സി. കോളനി കുടിവെള്ള വാട്ടർ ടാങ്ക് നിർമ്മാണം
6. കുന്നിയോട് കുടിവെള്ള പദ്ധതി
7. വലിയാട്ടുകുന്ന് റോഡ് ഫോർമേഷൻ
8. പുളക്കുന്ന് റോഡ് & സൈഡ് പ്രൊട്ടക്ഷൻ

(ബി) പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കോർപ്പസ് ഫണ്ട്**

76(4101) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

| പദ്ധതി | വിശദവിവരം |
|---|---|
| (1) | (2) |
| 2016-17 | |
| കല്ലിൻകര കോളനി കുടിവെള്ള പദ്ധതി (അണ്ടൂർക്കോണം പഞ്ചായത്ത്) | പൂർത്തീകരിച്ചു |
| വേടര്കോണം കോളനി കുടിവെള്ള പദ്ധതി (നെടുമങ്ങാട് മുനിസിപ്പാലിറ്റി) | പൂർത്തീകരിച്ചു |
| മൂത്താംകോണം കോളനി കുടിവെള്ള പദ്ധതി (നെടുമങ്ങാട് മുനിസിപ്പാലിറ്റി) | പൂർത്തീകരിച്ചു |
| പറമ്പുവാരം കോളനി കുടിവെള്ള പദ്ധതി (നെടുമങ്ങാട് മുനിസിപ്പാലിറ്റി) | പൂർത്തീകരിച്ചു |
| കരിങ്ങൽ കോളനി കുടിവെള്ള പദ്ധതി (നെടുമങ്ങാട് മുനിസിപ്പാലിറ്റി) | പൂർത്തീകരിച്ചു |
| പരിയാരം കോളനി കുടിവെള്ള പദ്ധതി (നെടുമങ്ങാട് മുനിസിപ്പാലിറ്റി) | പൂർത്തീകരിച്ചു |
| ശ്രീപാദം കോളനി കുടിവെള്ള പദ്ധതി (അണ്ടൂർക്കോണം പഞ്ചായത്ത്) | പൂർത്തീകരിച്ചു |
| 2018-19 | |
| പൂവത്തൂർ വേടര്കോണം കൈതംകുഴി കോളനി കുടിവെള്ള പദ്ധതി (നെടുമങ്ങാട് മുനിസിപ്പാലിറ്റി) | തുക വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് |

| (1) | (2) |
|---|---|
| കരിങ്ങയിൽ കോളനി കുടിവെള്ള പദ്ധതി<br>(നെടുമങ്ങാട് മുനിസിപ്പാലിറ്റി) | " |
| കാരമൂട് നമ്പാട് കോളനി കുടിവെള്ള പദ്ധതി<br>(കരകുളം, അരുവിക്കര) | " |
| ചാമവിള കോളനി കുടിവെള്ള പദ്ധതി<br>(നെടുമങ്ങാട് മുനിസിപ്പാലിറ്റി) | " |
| മുത്താംകോണം കോളനി കുടിവെള്ള പദ്ധതി<br>(നെടുമങ്ങാട് മുനിസിപ്പാലിറ്റി) | " |
| പരിയാരം കുന്നിൻമുകൾ കോളനി കുടിവെള്ള പദ്ധതി<br>(നെടുമങ്ങാട് മുനിസിപ്പാലിറ്റി) | " |
| പാണോട് എൽ.പി.എസ്. റോഡ് എടവേലി കോളനി കുടിവെള്ള പദ്ധതി<br>(നെടുമങ്ങാട് മുനിസിപ്പാലിറ്റി) | " |
| പരിയാരം വടക്കകര റോഡ് കോളനി കുടിവെള്ള പദ്ധതി<br>(നെടുമങ്ങാട് മുനിസിപ്പാലിറ്റി) | " |
| കല്ലുവരമ്പ് കോളനി കുടിവെള്ള പദ്ധതി<br>(നെടുമങ്ങാട് മുനിസിപ്പാലിറ്റി) | " |
| കലിയോട്ടുമുഗൾ കോളനി കുടിവെള്ള പദ്ധതി<br>(നെടുമങ്ങാട് മുനിസിപ്പാലിറ്റി) | " |

## പട്ടികജാതി കോർപ്പസ് ഫണ്ടുകൾ

77(4102) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് ഓരോ ജില്ലയിലും കോർപ്പസ് ഫണ്ടുകൾ അനുവദിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് എന്നറിയിക്കാമോ;

(ബി) 2018-19 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) കോർപ്പസ് ഫണ്ടുകൾ വിനിയോഗിച്ച് ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകാൻ കഴിയുക എന്നറിയിക്കുമോ?

### ഉത്തരം

(എ) പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമാണ് പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ട്. പട്ടികജാതി ജനസംഖ്യയുടെ അനുപാതത്തിൽ ജില്ലകൾക്ക് അനുവദിക്കുന്ന ഫണ്ടിൽനിന്ന് പരമാവധി ഇരുപത്തിയഞ്ച് ലക്ഷം രൂപവരെയുള്ള പദ്ധതികൾക്കുള്ള അനുമതി ജില്ലാതലത്തിൽ നൽകാവുന്നതാണ്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) 1. കുടിവെള്ള വിതരണം

2. ഗതാഗത സൗകര്യവികസനം

3. വൈദ്യുതി വിതരണം

4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം) സംസ്കാരം /കായികം തുടങ്ങിയ ഉതകുന്ന പ്രോജക്ടുകൾ DIET-ന്റെ സഹായത്തോടുകൂടി തയ്യാറാക്കി ജില്ലാസമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.

6. വിജ്ഞാനവാടികളുടെ ആവർത്തന ചെലവുകൾ

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ**

78(4103) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് ഇവ ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതികളുടെ നാളിതുവരെയുള്ള പ്രവർത്തനപുരോഗതിയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുവരുന്നു. ജില്ലകൾക്ക് അനുവദിച്ചുവരുന്ന ടി 1/3 കോർപ്പസ് ഫണ്ടിൽനിന്നും കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുത വിതരണം, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം/സംസ്കാരം/കായികം തുടങ്ങിയ) ഉതകുന്ന പ്രോജക്ടുകൾ

DIET-ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ചുള്ള നിർവ്വഹണം, നിലവിലെ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) നടപ്പാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ എന്തെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരുകയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾക്കും ടി തുക വിനിയോഗിച്ചുവരുന്നു. കൂടാതെ ഇരുപത്തിയഞ്ച് ലക്ഷത്തിനുമുകളിൽ എസ്റ്റിമേറ്റ് നൽകുന്ന വിവിധ കുടിവെള്ള പദ്ധതികൾ, റോഡുകൾ, പാലങ്ങൾ, ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് വരുന്ന മറ്റ് പദ്ധതികൾ, ശ്മശാനങ്ങളുടെ നവീകരണം എന്നിവയും ഡയറക്ടറേറ്റ് തലത്തിൽ നടത്തിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫണ്ടിൽ നിന്നും സ്വയം പര്യാപ്തഗ്രാമം പദ്ധതിയിലേയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | തുക |
|---|---|
| 2016-17 | 25,78,63,891 |
| 2017-18 | 11,04,77,156 |
| 2018-19 | 5,42,71,025 |
| 2019-20 | 30,92,200 |

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുള്ളത് കോർപ്പസ് ഫണ്ടിൽനിന്നാണ്. 2016-17-ൽ 45,99,28,104 രൂപയും 2017-18-ൽ 36,60,41,700 രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പ്രളയക്കെടുതിയിൽപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായ ഇനത്തിൽ കോർപ്പസ് ഫണ്ടിൽനിന്നും 26,25,25,000 രൂപ അനുവദിച്ചു. പൂൾഡ് ഫണ്ടിനത്തിൽ 2016-17-ൽ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഹോമിയോ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 29 ഹോമിയോ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി 3,28,97,000 രൂപയും കാലിത്തൊഴുത്ത് നിർമ്മാണം/പുനരുദ്ധാരണം എന്ന പദ്ധതിയിലേയ്ക്കായി 1,09,31,250 രൂപ ക്ഷീര വികസന വകുപ്പ് ഡയറക്ടർക്കും അനുവദിച്ചിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് ഇവ ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരവും ആയതിന്റെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) 1/3 കോർപ്പസ് ഫണ്ടിനത്തിൽ ജില്ലകൾക്ക് അനുവദിച്ച തുകയുടെ വിശദവിരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 1/3 കോർപ്പസ് ഫണ്ട് മുൻ വർഷങ്ങളിൽ ജില്ലകൾക്ക് അനുവദിച്ചതിൽ ഇനിയും പദ്ധതി പൂർത്തീകരണം നടത്തിയിട്ടില്ലാത്തവയ്ക്കായി സ്പിൽ ഓവർ ഇനത്തിലും ജില്ലകളിൽ 2019-20 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പുതിയ പദ്ധതികളിലേയ്ക്കും പെൻഡിംഗ് ബിൽ ഇനത്തിലും ആകെ നാൽപ്പത് കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കോർപ്പസ് ഫണ്ട് മുഖാന്തരം നടപ്പിലാക്കുന്ന സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം 114 കോളനികൾ തെരഞ്ഞെടുത്തതിൽ 112 കോളനികളിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിൽ 82 കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുപ്പത് കോളനികളിലെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. 2013-14 സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 102 കോളനികളിൽ 70 കോളനികളിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മുപ്പത്തിരണ്ട് കോളനികളിലെ നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

(സി) എല്ലാ മാസവും ഡയറക്ടറേറ്റ് തലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ അവലോകന യോഗം വിളിക്കുകയും വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും വരുന്നു. പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമെ സംസ്ഥാന തലത്തിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നു.

പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിലും വിലയിരുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആദിവാസി യുവതീയുവാക്കളുടെ സർക്കാർ സേവനം

79(4104) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി യുവതീയുവാക്കളിൽ എത്രപേർ സർക്കാർ സേവനം നടത്തി വരുന്നു;

(ബി) ആയത് അവരുടെ ജനസംഖ്യയുടെ എത്ര ശതമാനം; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## കോതമംഗലത്തെ ആദിവാസി ഉരുകളിൽ ക്യാമ്പയിൻ നടത്തുന്നതിനുള്ള നടപടികൾ

80(4105) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാറിൽ അധികം ആദിവാസി ഊരുകളുള്ള കോതമംഗലം നിയോജകമണ്ഡലത്തിലെ ആദിവാസി വിഭാഗക്കാർക്ക് ജനനസർട്ടിഫിക്കറ്റ്, ആധാർകാർഡ്, റേഷൻകാർഡ് തുടങ്ങിയ പ്രധാനപ്പെട്ട പല രേഖകളും വിവിധകാരണങ്ങളാൽ യഥാസമയം വാങ്ങിക്കുവാൻ കഴിയാത്തതുമൂലം പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി മണ്ഡലത്തിലെ ആദിവാസി ഊരുകളിൽ ക്യാമ്പയിൻ നടത്തി മേൽസൂചിപ്പിച്ച തരത്തിലുള്ള പ്രധാനപ്പെട്ട രേഖകൾ അവർക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേതമംഗലം നിയോജകമണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽപ്പെട്ട കോളനികളിലെ പട്ടികവർഗ്ഗക്കാർക്ക് ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ ലഭ്യമാക്കുന്നതിനായി ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ചേർന്ന് 2018 വർഷം ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. ടി ക്യാമ്പുകളിൽ പങ്കാളിത്തം കുറവായിരു

ന്നതിനാൽ ടി രേഖകൾ പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിരുന്നില്ല. ശേഷിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ബന്ധപ്പെട്ട വകുപ്പുകളുമായിച്ചേർന്ന് കുട്ടമ്പുഴ ട്രൈബൽ ഷെൽട്ടറിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ജനന സർട്ടിഫിക്കറ്റ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

81(4106) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടുവെന്നും ഇതിൽ എത്രപേർക്ക് വീടുകൾ വച്ചുനൽകാൻ സാധിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പ്

സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ 2733 വീടുകൾ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായി മാറിയെന്ന് കണക്കാക്കിയിട്ടുണ്ട്. ആയതിൽ വീട് വയ്ക്കാൻ സന്നദ്ധരായി യഥാസമയം അപേക്ഷയും മറ്റ് രേഖകളും ലഭ്യമാക്കിയ 245 പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ഭവന നിർമ്മാണത്തിന് നാല് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 165 പേർക്ക് 1-ാം ഗഡുവും 76 പേർക്ക് രണ്ടാം ഗഡുവും 12 പേർക്ക് മൂന്നാം ഗഡുവും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ നാലുപേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. ബാക്കി വീടുകൾ 'റീബിൽഡ് കേരളയിൽ' ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| ജില്ല | പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകളുടെ എണ്ണം | വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 75 | 2 |

| (1) | (2) | (3) |
|---|---|---|
| കൊല്ലം | 5 | 0 |
| പത്തനംതിട്ട | 234 | 31 |
| ആലപ്പുഴ | 166 | 45 |
| കോട്ടയം | 331 | 0 |
| ഇടുക്കി | 65 | 17 |
| എറണാകുളം | 373 | 130 |
| തൃശ്ശൂർ | 971 | 5 |
| പാലക്കാട് | 265 | 2 |
| മലപ്പുറം | 98 | 2 |
| കോഴിക്കോട് | 12 | 0 |
| വയനാട് | 131 | 12 |
| കണ്ണൂർ | 6 | 1 |
| കാസർഗോഡ് | 2 | 0 |
| ആകെ | 2733 | 245 |

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട 639 കുടുംബങ്ങളുടെ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുണ്ട്. ആയതിൽ 151 കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇവയിൽ 4 വീടുകൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ 29 കുടുംബങ്ങൾക്ക് മറ്റ് വകുപ്പുമുഖേനയും ധനസഹായം ലഭ്യമായിട്ടുണ്ട്. ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന കുടുംബങ്ങൾക്കുള്ള ധനസഹായം റീ-ബിൽഡ് കേരളയിൽപ്പെടുത്തി അനുവദി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കൊടകര കുംഭാര കോളനിയിലെ വികസന പ്രവർത്തനങ്ങൾ

82(4107) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള ഫണ്ട് ഉപയോഗിച്ച്, കുംഭാര കോളനികളുടെ നവീകരണപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൊടകര കുംഭാര കോളനിയിൽ അനുവദിച്ച ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വികസനപ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കമ്മ്യൂണിറ്റി ഹാൾ, ഇൻഡസ്ട്രിയൽ ബിൽഡിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക്, കുടിവെള്ള പദ്ധതി, നടപ്പാത, റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തന ങ്ങളാണ് കുംഭാര കോളനികളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൊടകര കുംഭാര കോളനിയിൽ അനുവദിച്ച ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ.

(ബി) ഒരു കോടി രൂപ ചെലവിൽ കുംഭാര കോളനി നവീകരണം മൂന്ന് വർക്കുകളായാണ് നടത്തുന്നത്. രണ്ടെണ്ണത്തിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. ഒരു വർക്കിന് ഉടൻതന്നെ സാങ്കേതികാനുമതി ലഭിക്കുന്നതാണ്. കൊടകര ഉൾപ്പെടെ അഞ്ച് കോളനികളുടെ നവീകരണത്തിനായി എസ്.ഡി.ജി.-യിൽ അഞ്ച് കോടി രൂപ അനുവദിക്കുവാൻ ധനാഭ്യർത്ഥന നടത്തിയിട്ടുണ്ട്.

## പിന്നാക്ക ജാതിക്കാരുടെ ഉന്നമനത്തിന് പദ്ധതികൾ

83(4108) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സജി ചെറിയാൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്ക ജാതികളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പിന്നാക്ക ജാതികളിൽ പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിൽ പ്പെട്ടവർക്ക് തൊഴിൽ പരിശീലനത്തിനും വിദ്യാഭ്യാസത്തിനുമായി ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ടോ;

(സി) പിന്നാക്ക ജാതിക്കാരുടെ സാമ്പത്തിക ഉന്നതിക്കായി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കോർപ്പറേഷന്റെ പ്രവർത്തന മികവിന് അവാർഡ് ലഭിക്കുക യുണ്ടായോ; അറിയിക്കുമോ;

(ഡി) പ്രസ്തുത വിഭാഗക്കാരുടെ സ്വയംതൊഴിൽ പദ്ധതി പ്രകാരം എത്ര പേർക്ക് വായ്പ ലഭിക്കുകയുണ്ടായി എന്നും ഭവനരഹിതർക്ക് ഭവനനിർമ്മാണ വായ്പ നൽകി വരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) പിന്നാക്ക ജാതിയിൽ പിന്നാക്കം നിൽക്കുന്നവരെ പ്രത്യേകം പട്ടികപ്പെടുത്തിയിട്ടില്ല. പിന്നാക്ക വിഭാഗത്തിന് പൊതുവായാണ് പദ്ധതികൾ നടപ്പാക്കുന്നത്. അതിൽ തൊഴിൽ പരിശീലനത്തിനും വിദ്യാഭ്യാസത്തിനുമായി ധനസഹായം നൽകുന്നുണ്ട്. വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) പിന്നാക്ക ജാതികളിൽപ്പെട്ടവരുടെ സാമ്പത്തിക ഉന്നമനത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ അനുബന്ധം-III ആയി ചേർക്കുന്നു.* ഇതിനുപുറമെ ഗുണഭോക്താക്കൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനും പ്രചരണത്തിനും വേണ്ടി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുകയും ഇതര സർക്കാർ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന സംസ്ഥാന ദേശീയതല വിപണന മേളകളിൽ ഗുണഭോക്താക്കളെ പങ്കെടുപ്പിക്കുകയും ചെയ്തുവരുന്നു. പ്രവർത്തന മികവിന്റെ അംഗീകാരമായി നിരവധി അവാർഡുകൾ ദേശീയ ഏജൻസികളിൽനിന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. 2001-2002-ലെ NBCFDC-യുടെ ഏറ്റവും നല്ല സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
2. 2002-2003-ലെ NBCFDC-യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
3. 2002-2003-ലെ NMDFC-യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
4. 2004-2005-ലെ NBCFDC-യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
5. 2005-2006-ലെ NBCFDC-യുടെ ഏറ്റവും നല്ല സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
6. 2006-2007-ലെ NBCFDC-യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
7. 2007-2008-ലെ NBCFDC-യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
8. 2008-2009-ലെ NBCFDC-യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
9. 2010-2011-ലെ NBCFDC-യുടെ ഏറ്റവും നല്ല സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
10. 2011-2012-ലെ NBCFDC-യുടെ ഏറ്റവും നല്ല സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
11. 2012-2013-ലെ NBCFDC-യുടെ ഏറ്റവും നല്ല മൂന്നാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
12. 2009-2014 കാലയളവിലെ NMDFC-യുടെ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി.
13. NMDFC-യുടെ 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും മികച്ച സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസികൾക്കുള്ള രജത ജൂബിലി പുരസ്കാരം (2016-17)

14. കേരളത്തിലെ ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി വൈവിദ്ധ്യമാർന്ന വായ്പാ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നതിന് "Most Responsible Social Brand in Kerala" എന്ന Future Kerala Brands അവാർഡ് ലഭിച്ചു.

(ഡി) നാളിതുവരെയുള്ള കണക്കുകൾ പ്രകാരം 161737 പേർക്ക് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്. ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവന രഹിതർക്കുവേണ്ടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 'എന്റെ വീട്' എന്ന ഭവന നിർമ്മാണ വായ്പ നടപ്പിലാക്കിവരുന്നു. ടി പദ്ധതിപ്രകാരം പത്ത് ലക്ഷം രൂപ വരെ (7.5-8 ശതമാനം പലിശ നിരക്കിൽ) വായ്പ ലഭ്യമാണ്.

**ഒ.ഇ.സി. വിഭാഗക്കാർക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

84(4109) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി. വിഭാഗക്കാർക്ക് നല്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് തലങ്ങളിൽ ധനസഹായം നല്കുന്നത് പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും വിനിയോഗിച്ചാണോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് ധനസഹായം നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഡി) പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ള സമർത്ഥരായ പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നല്കുന്ന പദ്ധതിയുടെ വിവരങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളിൽ കൂടുതൽ പിന്നോക്കമെന്ന് പരിഗണിക്കപ്പെട്ടിട്ടുള്ള മറ്റർഹ സമുദായങ്ങൾക്ക് (OEC) പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് സാധാരണ ഗതിയിൽ ലഭ്യമായ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ച് വരുന്നുണ്ട്. 2-7-2009-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/പ.ജ.പ.വ.വി.വ. എന്ന ഉത്തരവിൽ ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒ.ഇ.സി. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് തലങ്ങളിൽ ധനസഹായം നൽകുന്നത് പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും വിനിയോഗിച്ചാണ്.

(സി) പ്രീമെട്രിക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ല. എന്നാൽ ഒ.ഇ.സി. ആനുകൂല്യങ്ങൾക്ക് അർഹതപ്പെടുത്തിയ 30 ഒ.ബി.സി. സമുദായങ്ങളിൽപ്പെട്ടവർക്ക് പ്രതിവർഷം 6 ലക്ഷം രൂപയുടെ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സമർത്ഥരായ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലില്ല.

**ആംഗ്ലോ ഇന്ത്യൻ സംവരണം**

85(4110) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന് വിവിധ മേഖലകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സംവരണത്തെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2010 മുതൽ മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള വിവിധ കോഴ്സുകൾക്ക് ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട എത്ര കുട്ടികൾക്ക് സംവരണാടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്രൊഫഷണൽ ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും ലാറ്റിൻ കാത്തലിക് വിഭാഗത്തോടൊപ്പം ചേർത്ത് ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് 3% സംവരണം അനുവദിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ്/ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികകളിലും ലാറ്റിൻ കാത്തലിക് വിഭാഗത്തോടൊപ്പം ചേർത്ത് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് 4% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

**ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ നിയമനങ്ങൾ**

86(4111) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിലവിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; നിലവിലുള്ള ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്ക് നിയമനം നടത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ തസ്തികകളിലേക്കുള്ള നിയമനങ്ങൾ ഡെപ്യൂട്ടേഷൻ മുഖേനയാണോ അല്ലെങ്കിൽ സ്ഥിര നിയമനമാണോയെന്നും, ഇവിടത്തെ ജീവനക്കാരുടെ ശമ്പളം ആരാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്ക് നിയമ പരിജ്ഞാനം ആവശ്യമുള്ള വിവിധ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗസ്ഥരെ നിരവധി തവണ ആവശ്യപ്പെട്ടിട്ടും നിയമവകുപ്പിൽനിന്നും ആരും പോകാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) സംസ്ഥാനത്തെ നഗരസഭകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; ഇത് സംബന്ധിച്ച് തദ്ദേശ സ്വയഭരണ സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ ആകെ 247 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള ചട്ടപ്രകാരം വിവിധ വകുപ്പുകളിലെ നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്കുള്ള നിയമനം നടത്തിവരുന്നത്. നിയമ വകുപ്പിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്ക് നിയമനം നടത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) 48 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. എട്ട് ഒഴിവുകളും 2019 വർഷത്തേയ്ക്കുള്ള എട്ട് പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളില്ല.

(സി) ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ തസ്തികകളിലേയ്ക്കുള്ള നിയമനം ഡെപ്യൂട്ടേഷൻ മുഖേനയാണ് നടത്തുന്നത്. ഇവിടുത്തെ ജീവനക്കാരുടെ ശമ്പളം കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയാണ് നൽകുന്നത്.

(ഡി) കേരള ലീഗൽ സർവ്വീസസ് അതോറിറ്റി ചട്ടങ്ങൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്ക് നിയമനം നടത്തിവരുന്നത്. ലീഗൽ സർവ്വീസസ് അതോറിറ്റിയിൽനിന്നും ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് നിയമവകുപ്പിലെ യോഗ്യരായ ഉദ്യോഗസ്ഥരിൽനിന്നും സന്നദ്ധത ആരായാറുള്ളതും സന്നദ്ധത അറിയിക്കുന്ന ഉദ്യോഗസ്ഥരെ തുടർനടപടിക്കുശേഷം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകാറുള്ളതുമാണ്. ഇപ്രകാരം സന്നദ്ധത അറിയിക്കുന്ന യോഗ്യരായ ഉദ്യോഗസ്ഥരെ നിയോഗിക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു. നേരിട്ടുള്ള നിയമനമല്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയില്ല.

(എഫ്) നിയമവകുപ്പിൽ ഇപ്രകാരമൊരു പ്രൊപ്പോസൽ നിലവിലില്ല. ഇതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ സെക്രട്ടറി നിയമവകുപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

## എ.എഫ്.എഫ്.കെ.-യ്ക്ക് സ്ഥിരം വേദി

87(4112) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ എഫ്.എഫ്.കെ.-യുടെ സ്ഥിരം വേദിക്കായി ഒരു കോംപ്ലക്സ് തലസ്ഥാന നഗരിയിൽ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ എന്തായെന്ന് വിശദമാക്കാമോ; ഇതിനായി തെരഞ്ഞെടുത്ത സ്ഥലം ഏതാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അന്താരാഷ്ട്ര ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നതിനുള്ള സ്ഥിരം വേദി നിർമ്മിക്കുന്നതിനായി തലസ്ഥാന നഗരിയിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

## ഒ.എൻ.വി. കുറുപ്പിന്റെ പ്രതിമ

88(4113) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജ്ഞാനപീഠം ജേതാവ് അന്തരിച്ച ഒ.എൻ.വി. കുറുപ്പിന്റെ പ്രതിമ തലസ്ഥാനത്ത് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം എന്തായെന്ന് വിശദമാക്കാമോ;

(ബി) സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ഏതെന്ന് വ്യക്തമാക്കാമോ; തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഒ.എൻ.വി. കുറുപ്പിന്റെ സ്മരണാർത്ഥം തലസ്ഥാനത്ത് അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ഒന്നുംതന്നെ സർക്കാർ സ്വീകരിച്ചുവരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ സ്മരണാർത്ഥം ഒരു സാംസ്കാരിക സമുച്ചയം അഞ്ച് കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതാണെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന് വേണ്ടിയുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**അവശ കലാകാരൻമാർക്ക് പെൻഷൻ**

89(4114) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ കലാകാരന്മാർക്ക് പെൻഷൻ നൽകി വരുന്നുണ്ടോ; ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് പെൻഷൻ നൽകുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എത്ര അവശ കലാകാരന്മാർക്ക് പെൻഷൻ നൽകിയെന്നും അവരുടെ പേരുവിവരവും ലഭ്യമാക്കുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയെന്നും പെൻഷൻ നൽകുന്നതിന് ശിപാർശ ചെയ്യുന്ന ഏജൻസികൾ / സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസ ധനസഹായം നൽകുന്ന കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി പ്രകാരം സാഹിത്യകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻ കലകൾ, മേള പ്രമാണിമാർ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

<u>കേരളീയ ക്ഷേത്ര കലകളിൽ ചുവടെ ചേർക്കുന്നവ ഉൾപ്പെടുന്നു.</u>

1. <u>വാദ്യകലകൾ:</u>

   മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുങ്കുഴൽ, നാദസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്

2. <u>ക്ലാസിക്കൽ കലകൾ:</u>

   പാഠകം, പാടവം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ് നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം

3. ക്ഷേത്ര ശില്പകല:

തടി, കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ

4. ചിത്രകല:

ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ), കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ

5. നാടൻ കലാരൂപങ്ങൾ:

തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽകളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആവാമിക്കളി, ചിമ്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രാൽപാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗ്ഗംകളി

6. ആദിവാസി കലകൾ:

പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി, രൂപങ്ങൾ (ഗദ്ദിക, പൂജഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ, കംബകളി എന്നീ ഗോത്രകലകൾ)

(ബി) ഓരോ മാസത്തിലും മരണപ്പെട്ടവരെ ഒഴിവാക്കുകയും ബാങ്ക് അക്കൗണ്ട് ക്ലോസ്ഡ് എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടവരെയും ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെയും വരുമാനം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എന്ന് സാക്ഷ്യപ്പെടുത്തപ്പെട്ടവരെയും അതാത് മാസങ്ങളിൽ മാറ്റി നിർത്തുകയും ടി കാരണങ്ങളാൽ മാറ്റിനിർത്തപ്പെട്ടവർ വകുപ്പിൽനിന്നും ആവശ്യപ്പെടുന്നതനുസരിച്ച് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് കുടിശ്ശിക സഹിതം വീണ്ടും ഉൾപ്പെടുത്തുകയും കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം പുതിയതായി പെൻഷൻ അനുവദിക്കുന്നവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനാൽ പെൻഷൻ അനുവദിക്കുന്നവരുടെ എണ്ണത്തിൽ ഓരോ മാസവും വ്യത്യാസം വരാറുണ്ട്. 2019 മാർച്ച് മാസത്തിൽ 2822 പേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കളുടെ പേര് വിവരവും പെൻഷൻ അനുവദിച്ചുകൊണ്ട് വിവിധ കാലയളവുകളിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകളും സി.ഡി.-യിൽ ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അപേക്ഷകന്റെ കലാവിഭാഗം അനുസരിച്ച് കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി എന്നീ അഞ്ച് അക്കാദമികൾ മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടാതെ അപേക്ഷകന് നേരിട്ടും സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## കേരള ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ അവാർഡ്

90(4115) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലളിതകലാ അക്കാദമിയുടെ ഈ വർഷത്തെ കാർട്ടൂൺ അവാർഡ് നേടിയ കാർട്ടൂൺ മതപ്രതീകങ്ങളെ അവഹേളിക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അവാർഡ് നിർണ്ണയത്തിൽ സർക്കാർ ഇടപെടൽ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

## ലളിതകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ

91(4116) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ലളിതകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) 2018-19-ലെ കാർട്ടൂൺ പുരസ്കാരം നേടിയ കാർട്ടൂണും അതിന്റെ രചയിതാവ് ക്രൈസ്തവസഭയെ അവഹേളിക്കുന്ന എന്ന് ആക്ഷേപമുള്ള രീതിയിൽ ഉള്ള കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ ;

(സി) 2018-19-ലെ അവാർഡ് നിർണ്ണയകമ്മിറ്റിയിലെ മെമ്പർമാർ ആരെല്ലാമായിരുന്നു ; ഏതൊക്കെ മേഖലയിൽ നിന്നുള്ളവരെയാണ് തെരഞ്ഞെടുത്തത് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ദൃശ്യകലയെ പ്രോത്സാഹിപ്പിക്കുക, ചിത്ര-ശില്പകലാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പഠന ഗവേഷണ സൗകര്യങ്ങൾ ഒരുക്കുക, സംസ്ഥാനത്തെ കലാകാരന്മാരുടെയും കലാസ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ചിത്രകല, ശില്പകല, കാർട്ടൂൺ, ഫോട്ടോഗ്രാഫി കലാകാരന്മാർക്ക് പ്രോത്സാഹനം നൽകുന്നതിനായി ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക, ചിത്ര-ശില്പ കലാരംഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, ഈ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ആർട്ട് ഗ്യാലറികൾ ആരംഭിക്കൽ, കലാകാരന്മാർക്ക് ഉതകുംവിധം ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രഗത്ഭരായ കലാകാരന്മാർക്കും കലാകാരികൾക്കും അവരുടെ പ്രാഗത്ഭ്യത്തിനൊത്ത് അവാർഡുകളും അംഗീകാരങ്ങളും നൽകുക, പാരമ്പര്യ ദൃശ്യകലാരൂപങ്ങളുടെ പ്രോത്സാഹനം, കുട്ടികൾക്കായി കലാ പരിശീലന പരിപാടികൾ ഒരുക്കുക, അടിയന്തര ഘട്ടങ്ങളിൽ ആർട്ടിസ്റ്റുകൾക്ക് സഹായം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് കേരള ലളിതകലാ അക്കാദമി നടത്തിവരുന്നത്.

(ബി) കേരള ലളിതകലാ അക്കാദമി ഈ വർഷത്തെ കാർട്ടൂൺ പുരസ്കാരം പ്രഖ്യാപിച്ചതുമായി ബന്ധപ്പെട്ട് ചില വിവാദങ്ങൾ ഉയർന്നുവരികയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ വിഷയം സബ്മിഷനായി നിയമസഭയിൽ ഉന്നയിക്കുകയും കെ.സി.ബി.സി. മുതലായ സംഘടനകൾ ആക്ഷേപം ഉന്നയിക്കുകയും ചെയ്തിരുന്നു. ഒരു മതവിഭാഗത്തിന്റെ മതചിഹ്നങ്ങളെ മോശമായി ചിത്രീകരിക്കുന്ന ഒന്നാണ് അവാർഡിന് അർഹമായ 'വിശ്വാസം രക്ഷതി' എന്ന കാർട്ടൂൺ എന്നതായിരുന്നു വിമർശനങ്ങളുടെ പ്രസക്ത ഭാഗം. സർക്കാർ ഈ വിഷയം പരിശോധിച്ചതിൽ ഇത്തരമൊരു ആക്ഷേപത്തിൽ കഴമ്പുണ്ടെന്ന് കാണുകയും കാർട്ടൂണിന് പുരസ്കാരം നൽകിയ നടപടി പുനഃപരിശോധിക്കണമെന്ന് ലളിതകലാ അക്കാദമിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) 2018-19-ലെ അവാർഡ് നിർണ്ണയ കമ്മിറ്റിയിലെ ജൂറിമാർ ശ്രീ. പി. വി. കൃഷ്ണൻ, ശ്രീ. സുകുമാർ, ശ്രീ. മധു ഓമല്ലൂർ എന്നിവരാണ്. കാർട്ടൂണിംഗ്, കാരിക്കേച്ചർ എന്നീ മേഖലകളിൽനിന്നുള്ളവരെയാണ് അവാർഡ് നിർണ്ണയ കമ്മിറ്റിയിലെ മെമ്പർമാരായി കേരള ലളിതകലാ അക്കാദമി പരിഗണിച്ചത്.

## ജസ്റ്റിസ് ഹേമ കമ്മീഷൻ

92(4117) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര രംഗത്തെ വനിതകളുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മീഷന്റെ ഓഫീസ് നടത്തിപ്പിനായി ഏതൊക്കെ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ നിന്നാണ് തുക ചെലവഴിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ഓഫീസ് ആവശ്യത്തിനായി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; എത്ര വാഹനങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത വാഹനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നൽകിയ റിമാർക്സിന്റെ പകർപ്പ് നൽകാമോ; ധനകാര്യ വകുപ്പ് വാഹനം വാങ്ങിക്കുവാൻ അനുമതി നൽകിയിരുന്നോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചലച്ചിത്ര രംഗത്തെ വനിതകളുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പദ്ധതിയേതര ശീർഷകമായ 2205-00-102-66-ൽ നിന്നുമാണ് വഹിക്കുന്നത്.

(ബി) പ്രസ്തുത കമ്മീഷന്റെ ഓഫീസ് ആവശ്യത്തിനായി സർക്കാരിൽനിന്നും വാഹനം അനുവദിച്ചു നൽകിയിട്ടില്ല.

(സി) സമിതിയുടെ ആവശ്യത്തിന് വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നൽകിയ റിമാർക്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സാംസ്കാരിക വകുപ്പിന്റെ പുതിയ പുരസ്കാരങ്ങൾ

93(4118) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സാംസ്കാരിക വകുപ്പ് ഏതെങ്കിലും മേഖലകളിൽ പുതിയ പുരസ്കാരങ്ങൾ നൽകിത്തുടങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഇല്ല. എന്നാൽ സാംസ്കാരിക വകുപ്പ് നിലവിൽ നൽകിവരുന്ന താഴെപ്പറയുന്ന പുരസ്കാരങ്ങളുടെ തുക ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പുരസ്കാരത്തിന്റെ പേര് | മുമ്പുള്ള തുക | വർദ്ധിപ്പിച്ച തുക |
|---|---|---|---|
| 1 | എഴുത്തച്ഛൻ പുരസ്കാരം | 1,50,000 | 5,00,000 |
| 2 | ജെ.സി.ഡാനിയേൽ പുരസ്കാരം | 1,00,000 | 5,00,000 |
| 3 | രാജാരവിവർമ്മ പുരസ്കാരം | 1,50,000 | 3,00,000 |
| 4 | ചെമ്പൈ പുരസ്കാരം | 10,000 | 15,000 |

**പുരസ്കാരങ്ങൾക്കുള്ള തുക**

94(4119) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന വിവിധ മേഖലകളിലെ പുരസ്കാരങ്ങൾക്കുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പുരസ്കാരത്തിന്റെ പേര്, മുമ്പുള്ള തുക, വർദ്ധിപ്പിച്ച തുക എന്നീ ക്രമത്തിൽ പട്ടികയാക്കി വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പുരസ്കാരത്തിന്റെ പേര് | മുമ്പുള്ള തുക (രൂപ) | വർദ്ധിപ്പിച്ച തുക (രൂപ) |
|---|---|---|---|
| 1 | എഴുത്തച്ഛൻ പുരസ്കാരം | 1,50,000 | 5,00,000 |
| 2 | ജെ.സി.ഡാനിയേൽ പുരസ്കാരം | 1,00,000 | 5,00,000 |
| 3 | രാജാരവിവർമ്മ പുരസ്കാരം | 1,50,000 | 3,00,000 |
| 4 | ചെമ്പൈ പുരസ്കാരം | 10,000 | 15,000 |

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്

95(4120) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ, കോളേജ് ലൈബ്രറികൾക്ക് ഗ്രന്ഥശാലാസംഘം മുഖേന ഗ്രാന്റ് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രന്ഥശാലാസംഘം വഴി വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് ലഭിക്കാൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സ്കൂൾ, കോളേജ് ലൈബ്രറികൾ വിപുലീകരിക്കാൻ സാംസ്കാരിക വകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) വായന പ്രോത്സാഹിപ്പിക്കാൻവേണ്ടി സാംസ്കാരികവകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഗ്രന്ഥശാലാ സംഘംവഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുവാൻ കേരളാ പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ടിലോ/റൂൾസിലോ വ്യവസ്ഥയില്ലാത്തതിനാൽ പ്രസ്തുത ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് അനുവദിക്കുന്നില്ല.

(സി) ഇല്ല. വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലാണ് അവ പ്രവർത്തിച്ചുവരുന്നത്.

(ഡി) കുട്ടികളിലെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാരിലെ സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തരം വിവിധ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ കുട്ടികളുടെ മാസികയായ 'തളിര് ' ഉൾപ്പെടെ വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും 'തളിര്' വരിക്കാർക്കായി 'തളിര് വായനാ മത്സരം' എന്ന പേരിൽ മത്സരവും 'അക്ഷരയാത്ര ' എന്ന പേരിൽ വിവിധ ജില്ലകളിലെ സ്കൂളുകളിൽ വായനാ മത്സരവും കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കാറുണ്ട്.

കൂടാതെ സർവ്വകലാശാല-കോളേജ് വിദ്യാർത്ഥികൾ/മറ്റ് യുവജന വിഭാഗങ്ങൾ, സമൂഹത്തിൽ പ്രാന്തവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, തൊഴിലാളികൾ, കർഷകർ, കുടുംബശ്രീ മേഖലയിലും / മറ്റ് തൊഴിൽ മേഖലകളിലും പണിയെടുക്കുന്ന സ്ത്രീകൾ എന്നിവരുടെ വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കാറുമുണ്ട്.

## ആറന്മുള വാസ്തുവിദ്യാ ഗുരുകുലം

96(4121) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുളയിലെ വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനങ്ങളിൽ ഈ സർക്കാരിന്റെ കാലത്തുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ;

(ബി) വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റേതല്ലാത്ത ഏതെങ്കിലും ഏജൻസികളുമായോ സ്ഥാപനങ്ങളുമായോ സഹകരണം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) നിലവിൽ അങ്ങനെയുള്ള സർക്കാരിതര ഏജൻസികൾ, സ്ഥാപനങ്ങൾ, സൊസൈറ്റികൾ ഇവയുമായി സഹകരണമോ യോജിച്ചുള്ള പ്രവർത്തനമോ ഉണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആറന്മുളയിലെ വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനങ്ങളിൽ ഈ സർക്കാരിന്റെ കാലത്തുണ്ടായ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു :

- ചോർന്നൊലിച്ച് നാശോന്മുഖമായി കിടന്ന ഗുരുകുലം ആസ്ഥാന മന്ദിരം അറ്റകുറ്റപ്പണികൾ നടത്തി മോടിപിടിപ്പിച്ച് വിനോദ സഞ്ചാര വികസനം, വിപണനം, പൊതുജനാവബോധം എന്നീ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് മ്യൂറൽ ആർട്ട് ഗ്യാലറി, പാരമ്പര്യ വാസ്തുവിദ്യാ ഗ്യാലറി എന്നിവ സജ്ജീകരിച്ചു.
- വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ആസ്ഥാന മന്ദിരത്തോടനുബന്ധിച്ച് പരമ്പരാഗത ശൈലിയിൽ പഞ്ചകർമ്മാള പണിശാലകൾ, ചുവർചിത്ര രചനാശാല, ആറന്മുളക്കണ്ണാടി നിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.

- സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, നഗരങ്ങൾ എന്നിവിടങ്ങളിൽ വാസ്തുവിദ്യാ ഗുരുകുലത്തിന്റെ സ്റ്റാളുകൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
- പാരമ്പര്യ വാസ്തു ശാസ്ത്രം, ശാസ്ത്രീയ സംരക്ഷണം, ചുമർ ചിത്രരചന, ദ്രാവിഡ ഭാഷകൾ, പുരാലിഖിത പഠനം (എപ്പിഗ്രാഫി) എന്നിവയിൽ ചുവടെ ചേർക്കുന്ന പുതിയ കോഴ്സുകൾ ആരംഭിച്ചു.

    1. വെക്കേഷൻ മ്യുറൽ കോഴ്സ് - നിറച്ചാർത്ത്
    2. വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല കോഴ്സ് - വാസ്തുശാസ്ത്ര കോഴ്സ്
    3. ഡിപ്ലോമ ഇൻ ഇന്ത്യൻ എപ്പിഗ്രാഫി
    4. എപ്പിഗ്രാഫിയിൽ നാലുമാസ സർട്ടിഫിക്കറ്റ് കോഴ്സ്
    5. ദ്വിവത്സര മ്യൂറൽ പെയിന്റിംഗ് ഡിപ്ലോമ കോഴ്സ്
    6. മ്യൂറൽ പെയിന്റിംഗ് - പെൺകുട്ടികൾക്കും വീട്ടമ്മമാർക്കുമുള്ള നാലുമാസ ഹ്രസ്വകാല കോഴ്സ്
    7. ത്രിവത്സ ദാരുശില്പ കോഴ്സ്

- പാരമ്പര്യ വാസ്തുവിദ്യ, ചുമർചിത്രങ്ങൾ എന്നിവ സംബന്ധിച്ച് സംസ്കൃതത്തിലുള്ള ആധികാരിക ഗ്രന്ഥങ്ങൾ മലയാളത്തിലേയ്ക്കും ഇംഗ്ലീഷിലേയ്ക്കും വിവർത്തനം ചെയ്യുന്നതിന് നടപടികൾ കൈക്കൊണ്ടു.
- വാസ്തുവിദ്യാ ഗുരുകുലത്തിൽനിന്നും വിവിധ കോഴ്സുകൾ പൂർത്തിയായവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.
- പാരമ്പര്യ വാസ്തുശാസ്ത്രം, ചുമർചിത്രരചന അനുബന്ധ വിഷയങ്ങൾ, പാരമ്പര്യ കൈത്തൊഴിലുകൾ എന്നിവ സംബന്ധിച്ച് പഠന ഗവേഷണങ്ങൾക്കുള്ള അന്തർദേശീയ നിലവാരത്തിലുള്ള ഒരു ഡീംഡ് യൂണിവേഴ്സിറ്റിയായി വാസ്തുവിദ്യാ ഗുരുകുലത്തെ വികസിപ്പിക്കുന്നതിനുള്ള ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടി സമഗ്രമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
- വാസ്തുവിദ്യാ ഗുരുകുലത്തിലെ സേവനങ്ങൾക്കും കോഴ്സുകൾക്കും ഫീസ് ഒടുക്കുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.
- സമ്പൂർണ്ണമായി ഹരിത ചട്ടം പാലിക്കുന്ന ഓഫീസാക്കി.

- ആറന്മുളയിൽ പാരമ്പര്യ വാസ്തുശാസ്ത്ര മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.
- വിവിധ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് ഡി.പി.ആർ. തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള അക്രെഡിറ്റഡ് ഏജൻസിയായി വാസ്തുവിദ്യാ ഗുരുകുലത്തിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- വാസ്തുവിദ്യാ ഗുരുകുലത്തിന് സംസ്ഥാനത്താകമാനം വിവിധ സ്ഥലങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ സ്ഥലങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഒരു ലെയ്സൺ ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി & സി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വിരാട് വിശ്വകർമ്മ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹകരണത്തോടുകൂടി അവരുടെ കെട്ടിടങ്ങൾ നിശ്ചിതകാലത്തേയ്ക്ക് വാടകയില്ലാതെ ലഭ്യമാക്കി വാസ്തുവിദ്യാ ഗുരുകുലത്തിന്റെ നിർദ്ദിഷ്ട കാസർഗോഡ് സബ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കലാരത്നം കെ.എം. ധർമ്മന് ചികിത്സാ സഹായം

97(4122) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടൻ, സംവിധായകൻ, സംഘാടകൻ എന്നീ നിലകളിൽ 70 വർഷത്തിലേറെയായി നാടകരംഗത്ത് സമഗ്ര സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന കലാരത്നം കെ. എം. ധർമ്മന് ചികിത്സാ സഹായം അനുവദിച്ച് കിട്ടുന്നതിനായി 15-3-2019-ന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ;

(ബി) ഇദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് ചികിത്സാസഹായം അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ & ബി) കേരളത്തിന്റെ നാടക രംഗത്ത് നടൻ, സംവിധായകൻ, സംഘാടകൻ എന്നീ നിലകളിൽ സമഗ്ര സംഭാവനകൾ നൽകിയ ശ്രീ. കെ. എം. ധർമ്മന് അടിയന്തര ചികിത്സാ ധനസഹായം നൽകണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. ജോൺ

ഫെർണാണ്ടസ് എം.എൽ.എ. മുഖേന സാംസ്കാരിക വകുപ്പുമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ അശരണരും രോഗ ബാധിതരുമായ കലാകാരന്മാർക്ക് അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിന് പദ്ധതിയുടെ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന രേഖകൾ സഹിതം പരിശോധിച്ച് സമർപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ സമർപ്പിക്കുവാൻ ശ്രീ. കെ.എം. ധർമ്മന് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. രേഖകൾ സർക്കാരിൽ ലഭ്യമായാലുടൻ അടിയന്തര ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**എറണാകുളം കലാഭവന് ധനസഹായം**

98(4123) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലാരംഗത്ത് നൽകിയിട്ടുള്ള സമഗ്രസംഭാവനകൾ കണക്കിലെടുത്ത് എറണാകുളം കലാഭവന്റെ പ്രവർത്തനത്തിന് ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന കലാഭവൻ എന്ന സ്ഥാപനത്തിന് ആവർത്തന ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള അപേക്ഷയിന്മേൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു.

**കരിവെള്ളാൻ കൊലുമ്പൻ സ്മാരക പുനരുദ്ധാരണം**

99(4124) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ആർച്ച്ഡാം പരിസരത്ത് നടന്നുവരുന്ന ,ഊരാളി സമുദായാംഗം കരിവെള്ളാൻ കൊലുമ്പൻ എന്നയാളുടെ സ്മാരകത്തിന്റെ പുനരുദ്ധാരണവും ശിൽപനിർമ്മാണവും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ ;

(സി) സ്മാരകത്തിന്റെ പുനരുദ്ധാരണവും ശിൽപനിർമ്മാണവും അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇടുക്കി ആർച്ച് ഡാം ജംഗ്ഷനിൽ (പൈനാവിൽ) സ്ഥിതിചെയ്യുന്ന ചെമ്പൻ കൊലുമ്പൻ സ്മാരകത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പുരാവസ്തുവകുപ്പ് മുഖാന്തരം നടന്നുവരുന്നു. ചെമ്പൻ കൊലുമ്പന്റെ പൂർണ്ണകായ പ്രതിമ മണ്ഡപം നിർമ്മിച്ച് സ്ഥാപിച്ചുകഴിഞ്ഞു. അദ്ദേഹത്തിന്റെ ശവകുടീരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവർത്തികളുടെ 80% പൂർത്തിയാക്കാൻ കഴിഞ്ഞു. എത്രയും പെട്ടെന്ന് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അമച്വർ നാടകങ്ങൾക്ക് ധനസഹായം**

100(4125) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്നതിന് കേരള സംഗീത നാടക അക്കാദമി 2017-18-ലെ ബഡ്ജറ്റ് പ്രൊപ്പോസലായി സമർപ്പിച്ച 50 ലക്ഷം രൂപയുടെ പദ്ധതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് അനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി സംഗീത നാടക അക്കാദമി മുഖാന്തരം നടപ്പിലാക്കുന്നതിനായി 7-6-2019-ലെ സ.ഉ.(സാധാ) നമ്പർ 229/2019/സാം.കാ.വ. ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## മലയാള സിനിമയുടെ സമഗ്രവികസനം

101(4126) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമയുടെ സമഗ്രവികസനം ലക്ഷ്യമാക്കി മാറ്റങ്ങളും പരിഷ്കാരങ്ങളും ശിപാർശ ചെയ്ത അടൂർ ഗോപാലകൃഷ്ണൻ റിപ്പോർട്ട് പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങി എല്ലാ മേഖലകളേയും ഉൾക്കൊള്ളിച്ചുകൊണ്ട് സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1958-ലെ സിനിമാ റഗുലേറ്ററി ആക്ടും 1988-ലെ സിനിമാ റെഗുലേഷൻ റൂൾസും പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2018-ലെ സ.ഉ.(സാധാ.) നമ്പർ 30/2018/സാം.കാ.വ., 25-5-2018-ലെ സ.ഉ.(സാധാ.) നമ്പർ 363/2018/ സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

കൂടാതെ സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിന്റെ ഭാഗമായി നിലവിൽ ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള സിനിമാട്ടോഗ്രാഫ് ആക്ട്, സിനിമാ റഗുലേഷൻ ആക്ട് എന്നിവ സാംസ്കാരിക വകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## ചലച്ചിത്രരംഗത്തെ വനിതകളുടെ പ്രശ്നങ്ങൾ

102(4127) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്രരംഗത്തെ വനിതകളുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കമ്മീഷൻ നാളിതുവരെ എത്ര സിറ്റിംഗുകൾ ഏതൊക്കെ സ്ഥലങ്ങളിൽ നടത്തിയെന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ചലച്ചിത്ര രംഗത്തെ വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ 1-7-2017-ലെ സ.ഉ.(കൈ.) നമ്പർ 16/2017/സാ.കാ.വ. പ്രകാരം സർക്കാർ നിയമിച്ചിട്ടുണ്ട്.

(ബി) ടേംസ് ഓഫ് റഫറൻസ് ഉൾപ്പെടുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തിരുവനന്തപുരത്തുവച്ച് 32-ഉം കൊച്ചിയിൽവച്ച് 57-ഉം ഉൾപ്പെടെ നാളിതുവരെ കമ്മിറ്റി 89 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

## വനംവകുപ്പ് വക എസ്റ്റേറ്റുകൾ

103(4128) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാട്ടക്കരാറിലൂടെ പ്രവർത്തിക്കുന്ന വനം വകുപ്പ് വക എസ്റ്റേറ്റുകൾ എത്രയെണ്ണമുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഈ എസ്റ്റേറ്റുകളിൽ പാട്ടക്കരാർ ലംഘനം നടത്തിയ എത്ര എസ്റ്റേറ്റുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത എസ്റ്റേറ്റുകൾ തിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പാട്ടക്കരാറിലൂടെ പ്രവർത്തിക്കുന്ന വനത്തിലുള്ള എസ്റ്റേറ്റുകൾ 46 എണ്ണമുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 44 എസ്റ്റേറ്റുകൾ പാട്ടക്കരാർ ലംഘനം നടത്തിയവയാണ്. നെന്മാറ ഡിവിഷനു കീഴിലെ 41 എസ്റ്റേറ്റുകളും വാഴച്ചാൽ ഡിവിഷനു കീഴിലെ പെമ്പാറ എസ്റ്റേറ്റും ചാലക്കുടി ഡിവിഷന് കീഴിലെ ഹാരിസൺ മലയാളം ലിമിറ്റഡും കൊച്ചിൻ മലബാർ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് ലിമിറ്റഡും പാട്ടക്കരാർ ലംഘനം നടത്തിയവയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നെന്മാറ ഡിവിഷന് കീഴിലെ പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകളിൽ 20 എണ്ണത്തിന്റെ പാട്ടം റദ്ദ് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടി 20 എസ്റ്റേറ്റുകൾ കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും കേസുകളിൽ സ്റ്റേ ഉള്ളതും ആകയാൽ ടി എസ്റ്റേറ്റുകൾ തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ബാക്കിയുള്ളവരുടെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. വാഴച്ചാൽ, ചാലക്കുടി ഡിവിഷനുകളുടെ കീഴിൽ വരുന്ന എസ്റ്റേറ്റുകൾക്കെതിരെ സ്വീകരിച്ച നടപടി വിവരം ചുവടെ ചേർക്കുന്നു.

1. <u>പെരുമ്പാറ എസ്റ്റേറ്റ്:</u>

   പെരുമ്പാറ എസ്റ്റേറ്റിന്റെ പാട്ടക്കരാർ ലംഘനത്തെത്തുടർന്ന് പാട്ടത്തിന് നൽകിയ 86.94 ഏക്കർ സ്ഥലത്തിന്റെ പാട്ടക്കരാർ റദ്ദ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) നമ്പർ 93/2016/വനം തീയതി 29-2-2016 പ്രകാരം ടി ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിന് ഉത്തരവാകുകയുണ്ടായി. ആയതിനെതിരെ എസ്റ്റേറ്റ് കൈവശക്കാർ ഹൈക്കോടതിയിൽ WP(C) 8688/16 നമ്പറായി കേസ് ഫയൽ ചെയ്യുകയും ടി കേസിൽ IA 214/16 നമ്പറായി സർക്കാർ ഫയൽ ചെയ്ത അപ്പീലിന്മേലുള്ള കോടതിവിധി പ്രകാരം എസ്റ്റേറ്റിൽ പുനഃപ്രവേശിക്കുന്നതിന് കൈവശക്കാർക്ക് അനുമതി നൽകുകയും 24-5-2016-ന് എസ്റ്റേറ്റിൽ കൈവശക്കാർ പുനഃപ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

2. <u>ഹാരിസൺ മലയാളം ലിമിറ്റഡ്</u>:-

   ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള 6063.19 ഏക്കർ പാട്ട ഭൂമിയിലെ 4896.65 ഏക്കർ ഭൂമി കമ്പനി മറുപാട്ടത്തിന് നൽകി പാട്ടക്കരാർ ലംഘനം നടത്തിയതിനാൽ ടി ഭൂമി G.O.(Rt.) No.12/09/F&WLD തീയതി 7-2-2009 പ്രകാരം സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിന് ഉത്തരവാകുകയുണ്ടായി. ഈ ഉത്തരവിനെതിരെ ഹാരിസൺ മലയാളം ലിമിറ്റഡ് WP(C) 5074/09 നമ്പറായി കേസ് ഫയൽ ചെയ്യുകയും ടി കേസിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 20-2-2009-ലെ വിധി പ്രകാരം പാട്ടഭൂമി തിരിച്ചെടുക്കുന്ന നടപടി സ്റ്റേ ചെയ്യുകയും ഹർജിക്കാരന് സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്ന് ഉത്തരവാകുകയുമുണ്ടായി. ആയതിനെതിരെ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഇരിങ്ങാലക്കുട സബ് കോടതിയിൽ ഒ.എസ്.141/09 ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. കൊച്ചിൻ മലബാർ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് ലിമിറ്റഡ്:

കൊച്ചിൻ മലബാർ കമ്പനിക്ക് പാട്ടത്തിന് നൽകിയ വനഭൂമി ജുങ്ക്ടോളി ടീ ആന്റ് ഇൻഡസ്ട്രീസ് എന്ന കമ്പനിയുമായി ഏകീകരിച്ച് പേരിൽ മാറ്റംവരുത്തുകയും ടി പാട്ടക്കരാർ ലംഘനത്തിനെതിരെ കമ്പനിയുടെ പാട്ടക്കരാർ റദ്ദ്ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ഡി) മേൽ എസ്റ്റേറ്റുകൾ ഒന്നുംതന്നെ മുകളിൽ പറഞ്ഞ കാരണങ്ങളാൽ തിരിച്ചെടുത്തിട്ടില്ല.

## മലയോര ഹൈവേയുമായി ബന്ധപ്പെട്ട വനം വകുപ്പ് സർവ്വെ

104(4129) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയോര ഹൈവേയുമായി ബന്ധപ്പെട്ട വനം വകുപ്പ് സർവ്വെ നടപടിക്രമം ഏത് വരെയായെന്ന് വിശദമാക്കാമോ; സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

വനഭൂമിയിലൂടെ 17 റീച്ചുകളിലായി 161.47 കി.മീ. ദൂരം വരുന്ന നിർദ്ദിഷ്ട മലയോര ഹൈവേയിൽ എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിലെ 9 റീച്ചുകൾ വനം, പൊതുമരാമത്ത് വകുപ്പ് സംയുക്ത പരിശോധന നടപടികൾ പൂർത്തിയാക്കി 11 ഓൺ ലൈൻ അപേക്ഷകൾ ലഭിച്ചിട്ടുള്ളതും തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്. സർവ്വേ നടപടികൾ പൊതുമരാമത്ത് വകുപ്പാണ് ചെയ്യുന്നത്. ഇത് വേഗത്തിലാക്കുന്നതിനുള്ള സഹകരണം പൊതുമരാമത്ത് വകുപ്പിന് വനം വകുപ്പിൽനിന്ന് നൽകുന്നതാണ്.

## വനവിഭവങ്ങളുടെ ശേഖരണവും സംസ്കരണവും

105(4130) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ സസ്യങ്ങളുടെയും മറ്റ് തടി ഇതര വന ഉല്പന്നങ്ങളുടെയും സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തടി ഇതര ഉല്പന്നങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും അവയുടെ വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) വനാശ്രിത സമൂഹത്തിന്റെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടെ വനവിഭവങ്ങളുടെ ശേഖരണവും സംസ്കരണവും ശാസ്ത്രീയമായി നടത്തുന്നത് സംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് അവർക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനുമായി ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെ വിവിധ പദ്ധതികൾ വനംവകുപ്പ് നടത്തിവരുന്നുണ്ട്. വനാവകാശ നിയമപ്രകാരം കാട്ടിൽനിന്നും തടിയും ഇതര വനവിഭവങ്ങളും ശേഖരിക്കുന്നത് ആദിവാസികളുടെ അവകാശമാണ്. എന്നാൽ ആദിവാസികൾ ഇത്തരം വിഭവങ്ങൾ ശേഖരിക്കുന്നത് തങ്ങളുടെ തനത് അറിവിലൂടെയാണ്. ശാസ്ത്രീയമായി വനവിഭവങ്ങൾ ശേഖരിക്കുന്നത് അവയുടെ നിലനിൽപ്പും സ്ഥിരലഭ്യതയും ഉറപ്പുവരുത്തുമെന്നതിനാൽ ആദിവാസികൾക്ക് ശാസ്ത്രീയ വനവിഭവ ശേഖരണത്തിൽ വിവിധ സ്ഥാപനങ്ങളിലൂടെ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഏകദേശം 500 ആദിവാസികൾക്ക് വനവിഭവ ശേഖരണത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ പട്ടികവർഗ്ഗ സൊസൈറ്റികളിലൂടെയും വനശ്രീ വഴി മൂല്യവർദ്ധനവു വരുത്തിയും വിപണനം ചെയ്തുവരുന്നു. വനവിഭവ സംഭരണത്തിനും മൂല്യവർദ്ധനവിനും ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെ ഗോഡൗണുകളും മൂല്യവർദ്ധനവിനായുള്ള സാധനസാമഗ്രികളും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിൻ കീഴിൽ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ (TRIFED)-യുടെ ധനസഹായത്തോടെ താങ്ങുവില നൽകി തേൻ ശേഖരിക്കുന്നതിനും അതിന്റെ സംഭരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്ര സർക്കാർ ഒരു പദ്ധതി അംഗീകരിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. തുക ലഭ്യമായാൽ അത് ഈ വർഷംതന്നെ നടപ്പാക്കാനാകും.

(ബി) ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മൂല്യവർദ്ധനവ് നടത്തുന്നതിനുമായി വനസംരക്ഷണ സമിതി അംഗങ്ങൾക്ക് വനം സർക്കിൾ തലത്തിൽ കീ സ്റ്റോൺ ഫൗണ്ടേഷൻ, ഔഷധി മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പരിശീലനം നൽകുന്നുണ്ട്. ഏകദേശം

500-ഓളം വനസംരക്ഷണ സമിതി അംഗങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ദേശീയ ഔഷധസസ്യ ബോർഡിന്റെ പദ്ധതികളിലൂടെ സംഭരണത്തിനും മൂല്യവർദ്ധനവിനുമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ (TRIFED)-യുടെ ധനസഹായത്തോടെയുള്ള ഒരു പദ്ധതിയിലൂടെ തേൻ സംഭരിക്കുന്നതിനും അവയുടെ വിപണനത്തിനുമുള്ള ഒരു പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. TRIFED വഴി വനശ്രീ ഉൽപ്പന്നങ്ങളും തിരിച്ചും വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. കൂടാതെ വനശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിപണനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മൂല്യവർദ്ധനവ് നടത്തുന്നതിനുമായി വനസംരക്ഷണ സമിതി അംഗങ്ങൾക്ക് വനം സർക്കിൾ തലത്തിൽ കീ സ്റ്റോൺ ഫൗണ്ടേഷൻ, ഔഷധി മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പരിശീലനം നൽകുന്നുണ്ട്. ഏകദേശം 500-ഓളം വനസംരക്ഷണ സമിതി അംഗങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊരു തുടർ പരിപാടിയാണ്.

## പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ ഉണ്ടായ കുറവ്

106(4131) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ചതുരശ്ര കിലോമീറ്റർ കുറവാണ് ഉണ്ടായതെന്ന് അറിയിക്കുമോ;

(ബി) പ്രളയംമൂലം ജീവഹാനി സംഭവിച്ച ജീവജാലങ്ങളുടെ കണക്ക് ലഭ്യമാക്കുമോ;

(സി) പ്രളയംമൂലം നഷ്ടമായ ആകെ മരങ്ങളുടെ എണ്ണം എത്രയാണ്; എത്ര രൂപയുടെ നഷ്ടമാണ് ഇതുമൂലം സംഭവിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടില്ല.

(ബി) പ്രളയംമൂലം ജീവഹാനി സംഭവിച്ച ജീവജാലങ്ങളുടെ കണക്ക് സർക്കിൾ തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സർക്കിൾ | ജീവജാലങ്ങളുടെ എണ്ണം |
|---|---|---|
| 1 | സതേൺ സർക്കിൾ കൊല്ലം | കാട്ടുപോത്ത് - 1 |
| 2 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | പിടിയാന കുട്ടി - 1<br>ആന - 3 |
| 3 | നോർതേൺ സർക്കിൾ, കണ്ണൂർ | ആനക്കുട്ടി - 1<br>കാട്ടുപോത്ത് - 1 |
| 4 | ഫീൽഡ് ഡയറക്ടർ, കോട്ടയം | കടുവ-2, മ്ലാവ് -1, കാട്ടു പോത്ത് -1, കാട്ടുപന്നി - 4, മുള്ളൻപന്നി-1, രാജവെമ്പാല -1, പെൺമയിൽ -1 |

(സി) പ്രളയംമൂലം പല വന പ്രദേശങ്ങളിലും മരങ്ങൾ കടപുഴകി നിലം പൊത്തിയതുകൂടാതെ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും മരങ്ങൾ കടപുഴകി വീണ് മണ്ണിനടിയിലായിട്ടുള്ളതിനാൽ നഷ്ടപ്പെട്ട മരങ്ങളുടെ വ്യക്തവും കൃത്യവുമായ എണ്ണം എത്രയാണെന്ന് കണ്ടെത്തുക പ്രായോഗികമല്ല. പ്രളയംമൂലം മരങ്ങൾ നഷ്ടപ്പെട്ടതിന്റെ വ്യക്തവും കൃത്യവുമായ കണക്കെടുക്കൽ പ്രായോഗികമല്ലാത്തതിനാൽ നഷ്ടപ്പെട്ട മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ മരങ്ങൾ നഷ്ടപ്പെട്ടതിലൂടെയുള്ള കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രളയവുമായി ബന്ധപ്പെട്ട് തടിക്ഷണങ്ങളും വൃക്ഷത്തൈകളും നഴ്സറി ബഡ്ഡുകളും നഷ്ടപ്പെട്ട വകയിൽ ഉദ്ദേശം 15,37,000 (പതിനഞ്ചു ലക്ഷത്തി മുപ്പത്തി ഏഴായിരം രൂപ മാത്രം) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

വനം വകുപ്പിന്റെ കീഴിലുള്ള വിവിധ സർക്കിളുകളിൽ പ്രളയംമൂലം ഉണ്ടായിട്ടുള്ളതും കണക്കെടുക്കാൻ സാധിച്ചിട്ടുള്ളതുമായ കടപുഴകിവീണ മരങ്ങൾ, ഭീഷണിമൂലം മുറിച്ചുമാറ്റിയ മരങ്ങൾ എന്നിവയുടെ സംക്ഷിപ്തവിവരണം സർക്കിൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരളത്തിന്റെ വനവിസ്തൃതി

107(4132) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരക്ഷിത വനമേഖലയുടെ വിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2016-17-ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 1-4-2018-ൽ കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി 11524.411 ചതുരശ്ര കിലോമീറ്ററാണ്. ആയതിന്റെ റവന്യൂ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. വനം ഡിവിഷൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഡിവിഷൻ | വിസ്തൃതി (ച.കി.മീ.) |
|---|---|---|
| | സതേൺ സർക്കിൾ, കൊല്ലം | |
| 1 | തിരുവനന്തപുരം | 374.850 |
| 2 | തെന്മല | 148.943 |
| 3 | അച്ചൻകോവിൽ | 285.847 |
| 4 | റാന്നി | 911.112 |
| 5 | പുനലൂർ | 275.546 |
| 6 | കോന്നി | 334.586 |
| | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | |
| 7 | കോതമംഗലം | 317.027 |

| | | |
|---|---|---|
| 8 | മൂന്നാർ | 770.228 |
| 9 | മറയൂർ | 64.192 |
| 10 | മാങ്കുളം | 90.060 |
| 11 | കോട്ടയം | 662.893 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | | |
| 12 | വാഴച്ചാൽ | 353.414 |
| 13 | ചാലക്കുടി | 279.749 |
| 14 | മലയാറ്റൂർ | 616.428 |
| 15 | തൃശ്ശൂർ | 212.048 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | | |
| 16 | മണ്ണാർക്കാട് | 429.630 |
| 17 | നിലമ്പൂർ നോർത്ത് | 439.946 |
| 18 | നിലമ്പൂർ സൗത്ത് | 327.965 |
| 19 | പാലക്കാട് | 263.405 |
| 20 | നെന്മാറ | 357.197 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | | |
| 21 | കോഴിക്കോട് | 309.058 |
| 22 | വയനാട് നോർത്ത് | 224.100 |

| | | |
|---|---|---|
| 23 | വയനാട് സൗത്ത് | 294.939 |
| 24 | കണ്ണൂർ | 158.562 |
| 25 | കാസർഗോഡ് | 122.909 |
| വൈൽഡ് ലൈഫ് സർക്കിൾ, അഗസ്ത്യാവനം ബയോളജിക്കൽ പാർക്ക് | | |
| 26 | തിരുവനന്തപുരം (വൈൽഡ് ലൈഫ്) | 211.980 |
| 27 | ശെന്തരുണി | 171.000 |
| പ്രോജക്ട് ടൈഗർ, കോട്ടയം | | |
| 28 | പെരിയാർ ഈസ്റ്റ് | 707.000 |
| 29 | പെരിയാർ വെസ്റ്റ് | 216.000 |
| 30 | മൂന്നാർ (വൈൽഡ് ലൈഫ്) | 241.007 |
| 31 | ഇടുക്കി (വൈൽഡ് ലൈഫ്) | 130.524 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | | |
| 32 | പറമ്പിക്കുളം | 334.671 |
| 33 | വയനാട് വൈൽഡ് ലൈഫ് | 344.495 |
| 34 | സൈലന്റ് വാലി | 237.491 |
| 35 | പീച്ചി | 213.487 |
| 36 | ആറളം | 85.380 |
| മറ്റുള്ളവ | | |

| | | |
|---|---|---|
| 37 | ടിമ്പർ സെയിൽസ്, കോഴിക്കോട് | 0.202 |
| 38 | ടിമ്പർ സെയിൽസ്, പെരുമ്പാവൂർ | 0.315 |
| 39 | എൻ.എസ്.സി., കാലടി | 6.201 |
| 40 | മംഗളവനം, എറണാകുളം | 0.027 |
| | ആകെ | 11524.411 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവി സങ്കേതങ്ങളും നാഷണൽ പാർക്കുകളും ഉൾക്കൊള്ളുന്ന സംരക്ഷിത മേഖലയിൽ വർദ്ധനവുണ്ടായിട്ടില്ല. എന്നാൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 319.504 ഹെക്ടർ സ്ഥലം സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

## വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ

108(4133) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനവിസ്തൃതിയിൽ ക്രമാനുഗതമായ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വനവിസ്തൃതിയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) വനവത്കരണ പ്രവർത്തനങ്ങൾക്കായി കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് കൂടുതൽ കൃത്രിമ വനങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 25-10-1980-ൽ കേന്ദ്ര വന (സംരക്ഷണ) നിയമം നിലവിൽവന്നു. ആയതിനെ തുടർന്ന് സംസ്ഥാനത്തെ വനവിസ്തൃതിയിൽ ക്രമാനുഗതമായ കുറവ് വന്നിട്ടില്ല.

(ബി) ജനസാന്ദ്രത ഏറ്റവും കൂടുതലായ കേരളത്തിൽ വനഭൂമിയുടെ അനുപാതം വർദ്ധിപ്പിക്കുന്നത് പ്രായോഗികമല്ല. ആകയാൽ, വനേതര ഭൂമികളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വന വിസ്തൃതിയുടെ അനുപാതം വർദ്ധിപ്പിക്കുന്നതിനായി വനം വകുപ്പിലെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, തദ്ദേശ സ്ഥാപനങ്ങൾ, വിവിധ പരിസ്ഥിതി-സാമൂഹ്യ സംഘടനകൾ, മാധ്യമ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികളെല്ലാംതന്നെ ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോള താപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികളെല്ലാംതന്നെ ഫലപ്രദവും തൻമൂലം വൃക്ഷ സമ്പത്ത് വർദ്ധിപ്പിക്കാനിട യായിട്ടുമുണ്ട്. 2005-ൽ KFRI, പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനായുള്ള തടിയുടെ 74.90% വനേതര ഭൂമിയിൽനിന്നുമാണ് ലഭ്യമാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 ച.കി.മീ. വർദ്ധനവുണ്ടായി എന്ന് ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അവയെല്ലാം ചൂണ്ടിക്കാണി ക്കുന്നത് വനംവകുപ്പിന്റെ മേൽപരിപാടികളുടെ പുരോഗതിയാണ്. മേൽപ്പറഞ്ഞ പദ്ധതികളെല്ലാംതന്നെ വരും വർഷങ്ങളിലും നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ജനപങ്കാളിത്തത്തോടുകൂടി Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരദേശ പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും ഉല്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കണ്ടൽ കാടുകളുടെ സംരക്ഷണത്തിനായി കണ്ടൽ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 392 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ഇതുകൂടാതെ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രകാരവും വനവൽക്കരണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. പ്രക്ഷീണ വനങ്ങളുടെ ഗുണമേന്മ ഉയർത്തുക, ഉറസ്സായ സ്ഥലങ്ങളിൽ വനാവരണം വർദ്ധിപ്പിക്കുക, നഗര ഉപനഗരങ്ങളിൽ ഹരിതാവരണം വർദ്ധിപ്പിക്കുക, കാർഷിക വനവൽക്കരണം ത്വരിതപ്പെടുത്തുക, സാമൂഹ്യ വനവൽക്കരണം, തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനം എന്നിവയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ ഇന്ധനങ്ങൾക്കും മറ്റ് ആവശ്യ ങ്ങൾക്കുമായുള്ള വനാശ്രിതത്വം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആദിവാസികൾ ഉൾപ്പെടെ 46000 വനാശ്രിത കുടുംബങ്ങൾക്ക് സോളാർ അടുപ്പുകൾ, സോളാർ വിളക്കുകൾ, എൽ.പി.ജി. കണക്ഷനുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകുന്നുണ്ട്. അഞ്ചു വർഷത്തേയ്ക്ക് 333 കോടി രൂപ അടങ്കൽ തുകയുള്ള ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി സംസ്ഥാനത്തിനായി 2015-16-ൽ കേന്ദ്ര സർക്കാർ അംഗീകരിച്ചു. ഇതിൽ 2016-17 വർഷത്തെ വിഹിതമായി സംസ്ഥാന വിഹിതമായ 609.88 ലക്ഷം രൂപ ഉൾപ്പെടെ 914.82 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2017-18 വർഷത്തിലേക്കായി 5049.12 ലക്ഷം രൂപയും 2018-19 വർഷത്തിലേക്കായി 5134.15 ലക്ഷം രൂപയും ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചിൽ 2013-ൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 20.8 ഹെക്ടർ സ്ഥലത്തും കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചിൽ 2012-ൽ മുറിച്ചുമാറ്റിയ 5.70 ഹെക്ടർ സ്ഥലത്തും വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമാക്കിയിട്ടുണ്ട്.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിതകേരളം പദ്ധതിയിലൂടെ ഈ വർഷം 64 ലക്ഷം വൃക്ഷത്തൈകൾ സംസ്ഥാനത്തുടനീളം വിതരണം നടത്തി യിട്ടുണ്ട്. കൂടാതെ ഈ വർഷം ഒരു കൊല്ലം പ്രായമായ 3.28 ലക്ഷം തദ്ദേശീയ വൃക്ഷത്തൈകളും വനംവകുപ്പ് ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ തൈകൾ വനം വകുപ്പ് നേരിട്ടും ഇതര വകുപ്പുകൾ/സ്ഥാപനങ്ങളുമായി സഹകരിച്ചും ഹരിത കേരള മിഷന്റെ പച്ചത്തുരുത്ത് പദ്ധതി മുഖേനയും നട്ടുപിടിപ്പിച്ചുവരികയാണ്. ഇപ്രകാരം നട്ടുവളർത്തുന്ന ഒരു വർഷം പ്രായമായതും കാഴ്ചയിലും വളർച്ചയിലും അതിജീവനത്തിലും ഏറെ മുന്നിലുള്ളതുമായ ടി തദ്ദേശീയ തൈകൾ നട്ടുവളർത്തുന്ന സ്ഥലങ്ങൾ കാലക്രമേണ സ്വാഭാവിക വനമായി രൂപാന്തരം പ്രാപിക്കുന്നതാണ്.

പച്ചത്തുരുത്ത്- സംസ്ഥാന വനംവകുപ്പും ഹരിത കേരള മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് പച്ചത്തുരുത്ത്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള അനുയോജ്യമായ ഭൂമി ഉപയോഗപ്പെടുത്തി ജൈവ വൈവിധ്യത്തിന് അനുയോജ്യമായ വൃക്ഷങ്ങൾ വളർത്തി ഉണ്ടാക്കുന്ന ചെറുവനങ്ങളാണ് പച്ചത്തുരുത്തുകൾ. ഇപ്രകാരം ചെറു വനങ്ങൾ സംസ്ഥാനത്താകമാനം സൃഷ്ടിക്കുകയും തന്മൂലം പരിസ്ഥിതി ആഘാതം ഒരു പരിധിവരെയെങ്കിലും ചെറുക്കുകയും ചെയ്യുക എന്നതാണ് പച്ചത്തുരുത്ത് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ ജില്ലകളിലും പച്ചത്തുരുത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാർ സ.ഉ.(സാധാ)നമ്പർ 256/2019/ ആ.സാ.വ. തീയതി 3-6-2019 പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 190000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് പച്ചത്തുരുത്ത് (കൃത്രിമ വനം) പദ്ധതി നടപ്പിലാക്കാനാണ് ഹരിത കേരള മിഷൻ തുടക്കം കുറിച്ചിരിക്കുന്നത്.

## വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ

109(4134) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) വനഭൂമി കയ്യേറി അനധികൃതമായി താമസിക്കുന്ന കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനഭൂമി കൈയേറിയതിന് ആർക്കെതിരെയെല്ലാം കേസെടുത്തിട്ടുണ്ട്; വിശദാംശം നൽകാമോ?

### ഉത്തരം

(എ) 1-4-2017-ന് ശേഷം 119.7669 ഹെക്ടർ വനഭൂമി കയ്യേറിയിട്ടുള്ളതും ആയതിൽ 111.7229 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും 8.044 ഹെക്ടർ കയ്യേറ്റം ഇനിയും ഒഴിപ്പിക്കുവാൻ അവശേഷിക്കുന്നതുമാണ്. 1-4-2017-ന് ശേഷം വനഭൂമി കയ്യേറിയതിന്റെയും ഒഴിപ്പിച്ചതിന്റെയും ഇനി ഒഴിപ്പിക്കാനുള്ള വനഭൂമിയുടെയും ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | കയ്യേറിയ വനഭൂമി (ഹെക്ടർ) | കയ്യേറ്റം ഒഴിപ്പിച്ചവ (ഹെക്ടറിൽ) | ഒഴിപ്പിക്കേണ്ട വനഭൂമി |
|---|---|---|---|---|
| 1 | കൊല്ലം | 0.322 | 0.322 | 0 |
| 2 | തൃശ്ശൂർ | 1.3279 | 1.3279 | 0 |
| 3 | ഇടുക്കി | 3.04 | 0 | 3.04 |
| 4 | പാലക്കാട് | 41.998 | 41.998 | 0 |
| 5 | കോഴിക്കോട് | 5.004 | 0 | 5.004 |
| 6 | വയനാട് | 68.0750 | 68.0750 | 0 |
| | ആകെ | 119.7669 | 111.7229 | 8.044 |

ടി 8.044 ഹെക്ടറിലെയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1977 ജനുവരി 1-ന് 31-3-2017 വരെ കയ്യേറിയ 11917.8952 ഹെക്ടർ വനഭൂമിയിൽ 4628.5575 ഹെക്ടർ ഒഴിപ്പിച്ചിട്ടുള്ളതും ഒഴിപ്പിക്കുവാനുള്ളതായി 7289.3377 ഹെക്ടറിന്റെയും ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, പുതുതായുള്ള കൈയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും വനാതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ / കയ്യാലകൾ നിർമ്മിച്ചും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനാതിർത്തി സംരക്ഷിക്കാനുള്ള നടപടികൾ സ്വകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ.(എംഎസ്.) നമ്പർ 69/2002/ വനം തീയതി 8-11-2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേർന്ന് കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെതന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാരായ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ(എംഎസ്.) 15/03/വനം തീയതി 6-3-2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പടി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 15.533 കിലോമീറ്ററോളം വനാതിർത്തി 31-3-2019 വരെ ജണ്ടകെട്ടി വേർതിരിച്ചിട്ടുണ്ട്. 1-4-2019-ൽ ജണ്ട കെട്ടി തിരിക്കുവാനായി ഉദ്ദേശം 1313 കി.മീ. അവശേഷിക്കുന്നുണ്ട്. 2016-17 മുതൽ ജണ്ട നിർമ്മാമത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17-ൽ 12500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി) 2017-18-ൽ 14416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി) 2018-19-ൽ 14618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. അവശേഷിക്കുന്ന 1313 കി.മീറ്റർ വനാതിർത്തിക്കുള്ളിൽ ജണ്ടകളുടെ നിർമ്മാണം അടുത്ത 2-3 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വനം-റവന്യൂ ഭൂമി അതിരുകൾ വേർതിരിച്ച് രേഖപ്പെടുത്തുന്ന ശ്രമകരമായ ജോലി സർവ്വേ വകുപ്പിന്റെ സഹായത്താലാണ് നിർവ്വഹിച്ചു വന്നിരുന്നത്. ഇതിന് വലിയ കാലതാമസം നേരിടുന്നതായി അനുഭവപ്പെട്ടതിനാൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വെ വകുപ്പിന്റെ കീഴിൽ സർവ്വെ പരിശീലനം നൽകുന്നതിന് സർക്കാർ ഉത്തരവാകുകയുണ്ടായി. ഇതിൻപ്രകാരം 2016-17 മുതൽ 30 പേരടങ്ങുന്ന 7 ബാച്ചുകളിലായി 210 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഓഫീസർമാർ സർവ്വെ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. എട്ടാമത്തെ ബാച്ചിലുള്ള മുപ്പത് ഉദ്യോഗസ്ഥരുടെ സർവ്വേ ട്രെയിനിംഗ് ഇപ്പോൾ നടന്നുവരുന്നു. ഇതിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗസ്ഥരെ വനംവകുപ്പ് സർവ്വെ ജോലികൾക്കായി നിയോഗിച്ചു വരുന്നു. 4-4-2016-ലെ ജി.ഒ. (പി) നമ്പർ 290/16/ആർ.ഡി. പ്രകാരം കേരള സർവ്വെ & ബൗണ്ടറിസ് റൂൾസ്-1964, റൂൾ - 101 ഷെഡ്യൂളിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കുന്നതിലേയ്ക്കായി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വെ സ്കെച്ചുകളും അനുബന്ധ രേഖകളും വനംവകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് മിനി സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമായ എല്ലാ രേഖകളും ജില്ലാടിസ്ഥാനത്തിൽ ക്രമീകരിച്ച് പ്രത്യേകം അറകളിൽ സൂക്ഷിച്ചിട്ടുണ്ട്. ടി രേഖകളെല്ലാംതന്നെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ജില്ലാ സർവ്വെ സൂപ്രണ്ടുമാരുടെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള വനം വകുപ്പുമായി ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കി ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ അടക്കം സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും ഡിജിറ്റൈസ് ചെയ്യും കേന്ദ്രീകൃത സംവിധാനത്തിലും സൂക്ഷിക്കുന്നതിലൂടെ ഭാവിയിൽ വനം കയ്യേറ്റങ്ങൾ ഫലപ്രദമായി തടയുന്നതിനും നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാവുന്നതുമായ വനം കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും വേഗത്തിൽ തീർപ്പാക്കുന്നതിനും വളരെയധികം സഹായകമാകുന്നതാണ്.

(ബി) വനഭൂമി കൈയ്യേറി അനധികൃതമായി താമസിക്കുന്ന കുടുംബങ്ങളുടെ ആളുകളുടെ കണക്ക് ഡിവിഷൻ തലത്തിൽ ശേഖരിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ വെവ്വേറെ കണക്കുകൾ ലഭ്യമല്ല. ഡിവിഷൻ തലത്തിൽ ശേഖരിച്ചിട്ടുള്ള കുടുംബങ്ങളുടെ/ ആളുകളുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനഭൂമി കൈയ്യേറിയതിന്റെ പേരിൽ കേസ്സെടുത്തിട്ടുള്ള വ്യക്തികളുടെ / സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സാമൂഹ്യവനവത്കരണ പദ്ധതികൾ

110(4135) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 2016-2019 കാലയളവിൽ പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ച ബഡ്ജറ്റ് വിഹിതം, ഓരോ വർഷവും ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത പദ്ധതികളുടെ നാളിതുവരെയുള്ള പ്രവർത്തനപുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പദ്ധതികളുടെ പ്രവർത്തനപുരോഗതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ വിഭാഗം വനത്തിനു പുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിലേയ്ക്കായി ഹരിതകേരളം, സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ലോകപരിസ്ഥിതി ദിനമായ ജൂൺ 5-നോടനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങളിലും വനത്തിനുപുറത്തുള്ള പൊതു സ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളംതൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനും കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസ്സുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ; സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള സഹായം, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിത സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനം വന്യജീവ് സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ചുവരുന്നു.

(ബി) 2016-19 കാലയളവിൽ പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ച ബജറ്റ് വിഹിതം, ഓരോ വർഷവും ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | പദ്ധതി വിഹിതം (ലക്ഷത്തിൽ) | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2016-2017 | 1400.00 | 1396.78 |
| 2017-2018 | 1400.00 | 1398.91 |
| 2018-2019 | 1115.00 | 1103.27 |
| 2019-2020 2019 ഏപ്രിൽ മുതൽ 2019 മേയ് 31 വരെ) | 1400.00 | 427.23 |
| ആകെ | 5315.10 | 4326.19 |

(സി) സാമൂഹ്യ വനവൽക്കരണ വിഭാഗം വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ജൈവ വൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ് ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് സോഷ്യൽ ഫോറസ്ട്രി വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹിക വനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ വനം വകുപ്പ് വിവിധ പദ്ധതികൾ മുഖേന വിതരണം ചെയ്യുന്ന വൃക്ഷത്തൈകളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്. 2005-ൽ KFRI പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനായുള്ള തടിയുടെ 74.90% വനേതര ഭൂമിയിൽനിന്നുമാണ് ലഭ്യമാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെല്ലാംതന്നെ ഫലപ്രദവും തൻമൂലം വൃക്ഷസമ്പത്ത് വർദ്ധിക്കാനിട യായിട്ടുമുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm. വർദ്ധനവ് ഉണ്ടായിയെന്ന് ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ വിവിധ വൃക്ഷവൽക്കരണ പരിപാടികളുടെ വിജയമാണ്.

(ഡി) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വനം വകുപ്പ് മറ്റ് വിവിധ വകുപ്പുകളേയും ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾതലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജ്തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണ ത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ടെന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

**വനസംരക്ഷണ പദ്ധതികൾ**

111(4136) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടെയുള്ള വനമേഖലകളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടെയുള്ള വനവേഖലകളെ സംരക്ഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സംസ്ഥാന പദ്ധതികൾ:

- വനസംരക്ഷണം (വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും)
- നശിച്ചുപോയ വനത്തിനു പകരം വനം വച്ചുപിടിപ്പിക്കലും ഔഷധസസ്യ പരിപാലനവും
- ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വന ഉല്പന്നങ്ങളുടെ വികസനം
- തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ (ഘനമരത്തോട്ടങ്ങളുടെ)
- അടിസ്ഥാന സൗകര്യ വികസനം, റോഡുകളും കെട്ടിടങ്ങളും
- ജൈവ വൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും പരിസ്ഥിതി വികസന പരിപാടി
- പരിസ്ഥിതി വിനോദ സഞ്ചാരം (ഇക്കോ ടൂറിസം)
- മാനവശേഷി വികസനം
- വിഭവ ആസൂത്രണവും ഗവേഷണവും
- വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവരസാങ്കേതിക സംവിധാനവും
- സാമൂഹിക വനവൽക്കരണവും കാർഷിക വനവല്ക്കരണവും വിജ്ഞാന വ്യാപന പ്രവൃത്തികളും
- ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട്
- മനുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ
- തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും

കേന്ദ്രസഹായ പദ്ധതികൾ:-

- വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പരിപാലനം
- സംയോജിത വനസംരക്ഷണ പദ്ധതി
- പ്രോജക്ട് എലിഫന്റ്
- പ്രോജക്ട് ടൈഗർ
- നീലഗിരി ബയോസ്ഫിയർ റിസർവ്
- അഗസ്ത്യമല ബയോസ്ഫിയർ റിസർവ്
- വയനാട് വന്യമൃഗസംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതി
- നീർത്തട ഭൂമി സംരക്ഷണ പദ്ധതി
- ദേശീയ വനവല്ക്കരണ പദ്ധതി - ഗ്രീൻ ഇന്ത്യാ മിഷൻ

മറ്റു പദ്ധതികൾ:-

- ദേശീയ ഔഷധ സസ്യ ബോർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി

(ബി) സംസ്ഥാനത്തെ പതിനഞ്ച് വന്യജീവി സങ്കേതങ്ങളുടെയും ആറ് ദേശീയോദ്യാനങ്ങളുടെയും ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ കടുവകളുടെ സംരക്ഷണത്തിനായി പ്രോജക്ട് ടൈഗർ, കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും വനാശ്രിത സമൂഹത്തിന്റെ വികസനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ് (ABR), നീലഗിരി ബയോസ്ഫിയർ റിസർവ് (NBR), കാലാവസ്ഥാ വ്യതിയാനങ്ങളിലെ പ്രശ്നങ്ങൾ ലഘൂകരിച്ച് പരിസ്ഥിതി സംരക്ഷണ ത്തിനായി ഗ്രീൻ ഇന്ത്യ മിഷൻ, കാട്ടുതീ നിയന്ത്രണം പ്രധാന ലക്ഷ്യമായിട്ടുള്ള സംയോജിത വനസംരക്ഷണ പദ്ധതി, കണ്ടൽക്കാടുകളുടെയും പവിഴപ്പുറ്റുകളുടെയും സംരക്ഷണത്തിനായുള്ള നീർത്തട ഭൂമി സംരക്ഷണ പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. പ്രോജക്ട് ടൈഗർ ഒഴികെ മറ്റ് പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റെക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60%-ഉം, റെക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50%-ഉം ആണ് കേന്ദ്രവിഹിതം.

## പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ

112(4137) ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) വൃക്ഷത്തൈകൾ ആവശ്യമായ തോതിൽ ഉൽപ്പാദിപ്പിക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ കഴിഞ്ഞിട്ടില്ല എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) മൂന്ന് കോടി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുവാൻ അമ്പത് കോടി രൂപ വകയിരുത്തേണ്ട സ്ഥാനത്ത് പതിനാല് കോടി രൂപ മാത്രമേ വകുപ്പിന് ലഭ്യമാക്കുവാൻ സാധിച്ചിട്ടുള്ളൂ എന്നതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ലോകപരിസ്ഥിതി ദിനമായ ജൂൺ 5-നോടനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം പാതയോരങ്ങളിലും വനത്തിനുപുറത്തുള്ള പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ, സെമിനാർ എന്നിവ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കുമായി സംഘടിപ്പിക്കാറുണ്ട്. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേഷണം നടത്താറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന തൈകളിൽ തദ്ദേശീയ ഫല വൃക്ഷത്തൈകൾക്ക് മുൻഗണന നൽകി അവയുടെ ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി തൈകൾ ഉത്പാദിപ്പിച്ച് സോഷ്യൽ ഫോറസ്ട്രി വിഭാഗം വിതരണം ചെയ്തുവരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ തൈ ഉത്പാദനത്തിനായി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് അനുവദിച്ചിരുന്നത് 14 കോടി രൂപയാണ്. എന്നാൽ പ്രളയത്തെ തുടർന്ന് പദ്ധതി വിഹിതത്തിൽ 20% കുറവ് സർക്കാർ വരുത്തിയതുമൂലം ടി സാമ്പത്തിക വർഷത്തെ ചെലവുകൾ (4.67 കോടി രൂപ) 2019-20 സാമ്പത്തിക വർഷത്തിൽ തൈ ഉത്പാദനത്തിന് അനുവദിച്ച 14 കോടി രൂപയിൽനിന്നും നൽകേണ്ട സാഹചര്യമാണുണ്ടായിട്ടുള്ളത്. തന്മൂലം 2019-20 സാമ്പത്തിക വർഷത്തിൽ തൈ ഉത്പാദനത്തിനായി 9.33 കോടി രൂപ മാത്രമേ ലഭ്യമാവുകയുള്ളൂ. തൈ ഉത്പാദനത്തിനായി അധിക അലോട്ട്മെന്റ് ലഭിക്കാത്തപക്ഷം ഈ വർഷം ഗണ്യമായ കുറവ് വരുന്നതാണ്.

(സി) വിലയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട തുകയിൽനിന്നാണ് തൈ ഉത്പാദനം നടത്തുന്നത്. മൂന്ന് കോടി വൃക്ഷത്തൈകൾ നടുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിക്കാതെ വന്നത് ഫണ്ടിന്റെ അപര്യാപ്തതമൂലമാണ്. സെഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് 14 കോടി രൂപ മാത്രമേ തൈ ഉത്പാദിപ്പിക്കുവാൻ അനുവദിച്ചിരുന്നുള്ളൂ. ഈ തുക ഉപയോഗിച്ച് 66.12 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

## കണ്ടൽക്കാട് സംരക്ഷണം

113(4138) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടൽക്കാട് സംരക്ഷണത്തിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കണ്ടൽക്കാട് സംരക്ഷിക്കുന്നതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ പുതിയ കണ്ടൽ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ നിലവിലെ കണ്ടൽക്കാടിന്റെ വിസ്തൃതി എത്രയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4,000 രൂപ എന്ന നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി)

485/16 തീയതി 24-12-2016 പ്രകാരം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്രസഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽതൈകളും തീരദേശ പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉൽപ്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻ കുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി കണ്ടൽ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് ഈ പദ്ധതിയിൽ 392 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നതിനായി പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 237/92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റ് ആയും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും "പ്രോപ്പോസ്ഡ്" റിസർവ് ഫോറസ്റ്റ് ആയും 1961-ലെ കേരള വനസംരക്ഷണ നിയമപ്രകാരം പ്രഖ്യാപിക്കുകയും അവ സംരക്ഷിച്ച പരിപാലിച്ച് നിർത്തുകയും ചെയ്തുവരുന്നു. നിലവിലുള്ള നിയമ നടപടിക്രമങ്ങൾക്ക് അനുസൃതമായി കണ്ടൽക്കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(ബി) പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട്പുഴയിൽ കുരിക്കാട് ഭാഗത്ത് കണ്ടൽ ഉരുത്ത് നിർമ്മിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 1200 കണ്ടൽ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ മണലൂർ പഞ്ചായത്തിൽ കനോലി കനാലിൽ പാലാഴി ഭാഗത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 3400 കണ്ടൽ തൈകൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി പ്രാബല്യത്തിലാണ്.

(സി) പാവറട്ടി പഞ്ചായത്തിന്റെ കീഴിൽ 11.3281 ഹെക്ടറും മുല്ലശ്ശേരി പഞ്ചായത്തിന്റെ കീഴിൽ 7.01 ഹെക്ടറും കണ്ടൽ കാടുകൾ ഉണ്ട്.

### സാമൂഹ്യവനവൽക്കരണ പദ്ധതി സംബന്ധിച്ച പഠനം

114(4139) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനം മനുഷ്യരാശിക്ക് ഭീഷണിയായ സാഹചര്യത്തിൽ ഇതിനെ ചെറുക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സാമൂഹ്യവനവൽക്കരണ പദ്ധതികളിലൂടെ കോടിക്കണക്കിന് വൃക്ഷത്തൈകൾ വർഷം തോറും വിതരണം ചെയ്യുന്നുവെങ്കിലും അതിന്റെ പ്രയോജനം എത്രമാത്രം ഉണ്ടെന്ന കാര്യത്തിൽ എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമൂഹ്യ വനവൽക്കരണരംഗത്ത് ശരിയായ പഠനം നടത്തുന്നതിനും തദനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനും നട്ട തൈകളുടെ പരിപാലത്തിനും തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിലാളികളുടെ സേവനം ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) അന്തരീക്ഷത്തിലുണ്ടാകുന്ന കാർബൺ അതിപ്രസരം കുറയ്ക്കുന്നതിനായുള്ള അവബോധം സൃഷ്ടിക്കുന്നതിൽ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആഗോളതാപനം മനുഷ്യരാശിക്ക് ഭീഷണിയായ സാഹചര്യത്തിൽ ഇതിനെ ചെറുക്കുന്നതിനായി സാമൂഹ്യ വനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഹരിതകേരളം പദ്ധതി മുഖേന 2009-10 മുതൽ 2018-19 വരെ 712.04 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം പാതയോരങ്ങളിലും വനത്തിനുപുറത്തുള്ള പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ ഭൂമികളിൽ വനവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനും കാവ്, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചുപോരുന്ന വ്യക്തി/സംഘടനകൾക്കുമുള്ള പ്രോത്സാഹന ധനസഹായം, വനവൽക്കരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/സംഘടനകൾക്കും ജില്ലാടിസ്ഥാനത്തിൽ എല്ലാ വർഷവും നൽകുന്ന വനമിത്ര പുരസ്കാരം, വനവൽക്കരണത്തിന്റെ

പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണം, ലഘുലേഖകൾ, ബോർഡുകൾ സ്ഥാപിക്കൽ, നീർത്തട ശുചീകരണ പ്രവർത്തനങ്ങൾ, ഫോറസ്ട്രി ക്ലബ്ബുകൾക്ക് ധനസഹായം നൽകൽ, വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിത സമിതി രൂപീകരണം, നഗര വനവത്കരണത്തിന്റെ ഭാഗമായി അർബൻ ഫോറസ്ട്രി എന്നിവയും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വനത്തെക്കുറിച്ചും ആഗോള താപനത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളാണ്.

(ബി) സാമൂഹ്യ വനവൽക്കരണ വിഭാഗം ഹരിതകേരളം പദ്ധതി മുഖേന 2009-10 മുതൽ 2018-19 വരെ 712.04 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വനം വകുപ്പ് മറ്റ് വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്.

2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ടെന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm. വർദ്ധനവുണ്ടായി എന്ന് ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇത് ചൂണ്ടിക്കാണിക്കുന്നത് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ വിവിധ വൃക്ഷവൽക്കരണ പരിപാടികളുടെ പുരോഗതിയാണ്.

(സി) സോഷ്യൽ ഫോറസ്ട്രി വിഭാഗം നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെല്ലാംതന്നെ ഫലപ്രദവും തൻമൂലം വൃക്ഷ സമ്പത്ത് വർദ്ധിക്കാനിടയായിട്ടുമുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm. വർദ്ധനവുണ്ടായി എന്ന് ഫോറസ്റ്റ് സർവ്വെ ഓഫാ ഇൻഡ്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇത് ചൂണ്ടിക്കാണിക്കുന്നത് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ വിവിധ വൃക്ഷവൽക്കരണ പരിപാടികളുടെ വിജയമാണ്. ഈ പദ്ധതികളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല.

(ഡി) തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം ഉപയോഗിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) അന്തരീക്ഷത്തിലുണ്ടാകുന്ന കാർബൺ അതിപ്രസരം കുറയ്ക്കുന്നതിനായുള്ള അവബോധം സൃഷ്ടിക്കുന്നതിനായി വനം വകുപ്പ് വിവിധ രീതിയിലുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. സ്കൂളുകളിലും കോളേജുകളിലും ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോറസ്ട്രി ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള വിശേഷ ദിനങ്ങളിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ചർച്ചാ ക്ലാസ്സുകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ വനം വകുപ്പ് നേച്ചർ ക്യാമ്പുകൾ, എക്സിബിഷനുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും നടത്തിവരുന്നു. കുട്ടികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കാൻ ഇത്തരം പരിപാടികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വനം വകുപ്പ് പ്രസിദ്ധീകരിക്കുന്ന മാസികയായ അരണ്യം മുഖേനയും വൃക്ഷവത്കരണത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സോഷ്യൽ ഫോറസ്ട്രി വിഭാഗം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ നടുന്നതിന് സൗജന്യമായി വിതരണം ചെയ്തുവരുന്നു. പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് കുളങ്ങൾ, ജലാശയങ്ങൾ, നദീതീരങ്ങൾ, പൊതുസ്ഥലങ്ങൾ, ബീച്ചുകൾ എന്നിവയുടെ ശുചീകരണം, പരിസ്ഥിതി ബോധവൽക്കരണ റാലികൾ, പ്രകൃതി പഠന ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു.

**സാമൂഹ്യവനൽക്കരണത്തെക്കുറിച്ച് ബോധവൽക്കരണം**

115(4140) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂളുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സാമൂഹ്യവനവൽക്കരണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

സാമൂഹ്യ വനവൽക്കരണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. വനവൽക്കരണത്തെയും പരിസ്ഥിതി സംരക്ഷണത്തെയും സംബന്ധിച്ച് അവബോധം നൽകുന്നതിനായി പരിസ്ഥിതി പഠന ക്ലാസ്സുകൾ, നേച്ചർ ക്യാമ്പുകൾ, സെമിനാറുകൾ, ശില്പശാലകൾ, സ്കൂൾ കോമ്പൗണ്ട്, ഹോസ്പിറ്റൽ കോമ്പൗണ്ട് തുടങ്ങിയ പൊതുസ്ഥലങ്ങളിൽ ശുചീകരണം, പൊതുകുളങ്ങൾ വൃത്തിയാക്കൽ, റാലികൾ എന്നിവയും സംഘടിപ്പിച്ച

വരുന്നുണ്ട്. എസ്.പി.സി. എൻ.എസ്.എസ്., എൻ.സി.സി. അംഗങ്ങൾക്ക് പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. എല്ലാ വർഷവും വന്യജീവി വാരാഘോഷത്തിൽ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംബന്ധമായ മത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകിവരുന്നു. കൂടാതെ സ്കൂളുകളിൽ ഫോറസ്റ്റ് ക്ലബ്ബുകൾ രൂപീകരിച്ച് വനസംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

കുടുംബശ്രീ യൂണിറ്റുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗം പരിപാടികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സാമൂഹ്യ വനവൽക്കരണ വിഭാഗം പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന വൃക്ഷത്തൈ വിതരണം, വൃക്ഷത്തൈ നടീൽ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം തന്നെ കുടുംബശ്രീ അംഗങ്ങളെയും പങ്കെടുപ്പിക്കാറുണ്ട്.

## വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം

116(4141) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിയേതര വരുമാനമാർഗ്ഗങ്ങളിൽ ഒരു പ്രധാന സ്രോതസ്സായി വനങ്ങൾ എപ്രകാരമെല്ലാമാണ് ഉപയോഗപ്പെടുന്നതെന്ന് വിശദമാക്കാമോ;

(ബി) തടിയിൽ നിന്നും വർഷം തോറും ലഭിക്കുന്ന വരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) വനവിഭവങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങൾ ഏതെല്ലാമാണ്;

(ഡി) വനസംരക്ഷണ, വികസന, പരിപാലന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) കേരളത്തിലെ വനങ്ങളിലുള്ള പ്ലാന്റേഷനുകളിൽനിന്നും ലഭിക്കുന്ന തടിയുടെ വിൽപ്പനയിലൂടെയും മുള, ഈറ്റ എന്നിവയുടെ വിൽപ്പനയിലൂടെയും നികുതിയേതര വരുമാനം ലഭിക്കുന്നുണ്ട്. കേരളത്തിലെ വനങ്ങൾ വിവിധങ്ങളായ ചെറുകിട വന വിഭവങ്ങളുടെ ഒരു കലവറയാണ്. എന്നാൽ ഇതിൽനിന്നും സർക്കാരിന് വരുമാനം

ലഭിക്കുന്നില്ല. വനാവകാശ നിയമ പ്രകാരം കാട്ടിൽനിന്നും തടി ഇതര വനവിഭവങ്ങൾ ശേഖരിക്കുന്നത് ആദിവാസികളുടെ അവകാശമാണ്. ഏകദേശം 140 -ലേറെ ഇനം തടിയേതര വനവിഭവങ്ങൾ വനത്തിൽനിന്നും ആദിവാസികൾ ശേഖരിച്ചുവരുന്നു. ആദിവാസികൾ വനത്തിൽനിന്നും ശേഖരിക്കുന്ന തടിയേതര ചെറുകിട വനവിഭവങ്ങൾ പട്ടികവർഗ്ഗ സൊസൈറ്റികൾവഴിയും വനശ്രീ ഇക്കോഷോപ്പുകൾ വഴി മൂല്യവർദ്ധനവ് വരുത്തിയും വിൽപ്പന നടത്തിവരുന്നു. ഇത്തരത്തിൽ വിൽപ്പന നടത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ നല്ലൊരു ശതമാനം അവരുടെതന്നെ ഉന്നമനത്തിനായി ചെലവഴിക്കുന്നു. കൂടാതെ സാധാരണ ജനങ്ങൾക്ക് വനത്തെ അടുത്തറിയുന്നതും പ്രകൃതി സംരക്ഷണത്തെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതും ലക്ഷ്യംവച്ചുകൊണ്ട് നടപ്പാക്കുന്ന പങ്കാളിത്ത ഇക്കോ ടൂറിസം പദ്ധതി വഴിയും ആദിവാസികൾക്ക് തൊഴിലും വരുമാന വർദ്ധനവുമുണ്ടാകുന്നു.

(ബി) ഉണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തടി വിൽപ്പനയിലൂടെ ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു :

2015-16 - 24089.66 ലക്ഷം രൂപ

2016-17 - 25332.89 ലക്ഷം രൂപ

2017-18 - 21992.92 ലക്ഷം രൂപ

(സി) കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിലുള്ള പട്ടികവർഗ്ഗ സർവ്വീസ് സൊസൈറ്റികളാണ് കേരളത്തിൽ പ്രധാനമായും ചെറുകിട വനവിഭവ വിപണനത്തിലും ശേഖരണത്തിലും യഥാക്രമം പ്രവർത്തിച്ചുവരുന്നത്. കൂടാതെ ഔഷധി എന്ന സ്ഥാപനവും ഔഷധ സസ്യങ്ങളും ചെറുകിട വനവിഭവങ്ങളും അവരുടെ ഉൽപ്പന്നങ്ങളുടെ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചുവരുന്നു.

(ഡി) ഉണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെയും ടി സർക്കാർ ഏജൻസികളിലൂടെയും ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വനപരിപാലന തത്ത്വത്തിന നുസൃതമായി കേരളത്തിൽ നടപ്പാക്കിവരുന്ന ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനപരിപാലന പരിപാടി, ദേശീയ ഔഷധസസ്യ ബോർഡിന്റെയും ദേശീയ ബാംബു മിഷന്റെയും വിവിധ പദ്ധതികൾ നടപ്പാക്കിയതിലൂടെ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ ദിനങ്ങളും അതുവഴി അവരുടെ വരുമാന വർദ്ധനവിനും ജീവിത നിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

## വനം വകുപ്പിന്റെ തടസ്സവാദംമൂലം ഇടുക്കിയിൽ ആദിവാസികൾക്കുള്ള ബുദ്ധിമുട്ട്

117(4142) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കണ്ണംപടി, കിഴകാനം, മേമാരി പ്രദേശങ്ങളിലും വള്ളക്കടവ് ഗ്രാമപഞ്ചായത്തിലുള്ള വഞ്ചിവയൽ പട്ടികവർഗ്ഗ സെറ്റിൽമെന്റ്, അറക്കുളം ഗ്രാമപഞ്ചായത്തിലെ മേമുട്ടം പട്ടികവർഗ്ഗ സെറ്റിൽമെന്റ് എന്നിവിടങ്ങളിലും വനാവകാശ രേഖ ലഭ്യമായിട്ടുള്ള ആദിവാസികളുടെ കൈവശ ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വകുപ്പ് തടസ്സം സൃഷ്ടിക്കുന്നുവെന്നത് വസ്തുതയാണോ;

(ബി) ഇതുമൂലം പ്രസ്തുത സ്ഥലങ്ങളിലേക്കുള്ള റോഡ് നിർമ്മാണത്തിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ, സ്കൂൾ കുട്ടികൾക്കും, രോഗികൾക്കും കാൽനടയായി കിലോമീറ്ററോളം സഞ്ചരിക്കേണ്ട അവസ്ഥ സംജാതമായിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിൽപ്പെട്ടതും ഉപ്പുതറ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള കണ്ണമ്പടി, കീഴകാനം, മേമാരി പ്രദേശങ്ങളിലും പെരിയാർ ഈസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള വഞ്ചിവയൽ പട്ടികവർഗ്ഗ സെറ്റിൽമെന്റിലും അറക്കുളം ഗ്രാമപഞ്ചായത്തിലെ മേമുട്ടം പട്ടികവർഗ്ഗ സെറ്റിൽമെന്റ് എന്നിവിടങ്ങളിലും വനാവകാശരേഖ ലഭ്യമായിട്ടുള്ള ആദിവാസികളുടെ കൈവശഭൂമിയിൽ വികസന പ്രവർത്തനം നടത്തുന്നതിന് വനം വകുപ്പ് തടസ്സം സൃഷ്ടിക്കുന്നില്ല.

(ബി) കണ്ണംപടി, കീഴകാരം, മേമാരി പ്രദേശങ്ങളിലെ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വനാവകാശ നിയമപ്രകാരം അപേക്ഷ ലഭിച്ചതിന് അനുമതി നല്കിയിട്ടുണ്ട്. ഇനിയും ഇത്തരം അപേക്ഷ ലഭിച്ചാൽ നിലവിലുള്ള നിയമ പ്രകാരം മേൽ നടപടി കൈക്കൊള്ളുന്നതാണ്.

(സി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പിൽനിന്നും യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാറില്ല. വികസനാവശ്യങ്ങൾക്ക് അത് നടപ്പാക്കുന്ന വകുപ്പ് മുഖേന വനാവകാശ നിയമപ്രകാരം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം നടപടി സ്വീകരിച്ചു വരുന്നു.

## റോഡ് വികസനത്തിന് മരം മുറിക്കാൻ വനം വകുപ്പിന്റെ അനുമതി

118 (T*4143) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഉൾപ്പെട്ടുവരുന്ന കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ദേവികുളം ഡിവിഷന് കീഴിൽ വരുന്ന ഭാഗങ്ങളിലെ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മരം മുറിക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്നും ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അനുമതി 31-11-2018 തീയതിയിലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) നൽകിയിട്ടുള്ളതാണ്. കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മൂന്നാർ-ബോഡിമെട്ട് ഭാഗത്തുനിന്നും മുറിച്ചുനീക്കേണ്ട 1649 വിവിധയിനം മരങ്ങളുടെ ലിസ്റ്റും സീനിയറേജ് നിരക്കിൽ കണക്കാക്കിയ തുകയും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ 19-1-2019-ലെ സി3-6785/17 കത്ത് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടി മരങ്ങൾ "e-auction" നടത്തി മുറിച്ച് മാറ്റുന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിക്കുകയും മരവില അടയ്ക്കേണ്ട ബാധ്യതയിൽനിന്ന് പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കുകയും ചെയ്തിട്ടുള്ളതാണ്. മാത്രവുമല്ല റോഡ് നിർമ്മാണത്തിന് അടിയന്തരമായി മുറിക്കേണ്ട മരങ്ങൾക്ക് അനുമതി നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. ലോട്ട് 4-ൽ (തോണ്ടിമല-പൂപ്പാറ) ഉൾപ്പെട്ട 105 മരങ്ങൾ റോഡ് നിർമ്മാണത്തിനായി അടിയന്തരമായി മുറിച്ചു നീക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചുപ്രകാരം ആവശ്യമുള്ള 36 മരങ്ങൾ മുറിച്ചു നീക്കുകയും ചെയ്തു. അനുവാദം നൽകിയിട്ടും മുറിക്കാതെ അവശേഷിച്ച ലോട്ട് 4-ലെ ബാക്കി മരങ്ങൾ ഉൾപ്പെടെയുള്ള മൊത്തം വൃക്ഷങ്ങളെ 13 ലോട്ടുകളാക്കി 13-3-2019-ൽ ഇ-ഓക്ഷൻ വഴി വിൽപ്പന നടത്തുന്നതിന് ദിനപത്രങ്ങൾ, ഇ-ഗസറ്റ് എന്നിവയിൽ പരസ്യപ്പെടുത്തിയെങ്കിലും 13-3-2019-ലെ ഇ-ഓക്ഷനിൽ ആരും പങ്കെടുത്തില്ല. തുടർന്ന് 20-3-2019-ൽ പുനർലേലം നടത്തിയെങ്കിലും ടി ലേലത്തിലും ആരും പങ്കെടുത്തില്ല. തുടർന്ന് 21-3-2019-ന് അടുത്ത ലേലത്തീയതി 27-3-2019 ആയി നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പ്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ടി ലേലം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും പുനർലേലത്തിൽ ആളുകളെ പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും കത്തയയ്ക്കുകയുണ്ടായി. പക്ഷേ 27-3-2019 തീയതിയിലെ പുനർലേലത്തിലും ആരും പങ്കെടുക്കുകയുണ്ടായില്ല. ഇപ്പോൾ 16-7-2019-ൽ 'ഇ-ലേലം' നടത്തുന്നതിന് ദിനപത്രങ്ങൾ, ഇ-ഗസറ്റ് എന്നിവയിൽ പരസ്യം നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. ആയത് അവലോകനം നടത്തി ആവശ്യമായ തുടർനടപടികൾ യഥാസമയം സ്വീകരിക്കുന്നതാണ്.

## ശബരി കുപ്പിവെള്ള പദ്ധതിക്കായി നൽകിയ സ്ഥലം

119(4144) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം പുന്നലയിൽ ശബരി കുപ്പിവെള്ള പദ്ധതിക്കായി വനം വകുപ്പ് എത്ര സ്ഥലമാണ് വനം വികസന കോർപ്പറേഷന് പാട്ടത്തിന് നൽകിയതെന്ന് അറിയിക്കാമോ;

(ബി) വനം വികസന കോർപ്പറേഷൻ പ്രസ്തുത പദ്ധതിക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതി ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിജലം കുപ്പിവെള്ള പദ്ധതിക്കായി ഭൂമിയൊന്നും വനം വകുപ്പ് കേരള വനവികസന കോർപ്പറേഷന് പാട്ടത്തിന് നൽകിയിട്ടില്ല. എന്നാൽ നേരത്തെ ടി സ്ഥാപനത്തിന് പ്ലാന്റേഷൻ ആവശ്യത്തിനായി നൽകിയ പാട്ടഭൂമിയിൽപ്പെട്ടതും 2004-05 ഫെയിൽഡ് ക്ലോണൽ യൂക്കാലിപ്റ്റസ് പ്ലാന്റേഷനിലെ മരങ്ങളില്ലാത്ത 0.20 ഹെക്ടർ ഭൂമിയിലാണ് ടി പദ്ധതി സ്ഥിതിചെയ്യുന്നത്.

(ബി) പ്രസ്തുത പദ്ധതിക്കായി വനം വികസന കോർപ്പറേഷൻ 2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിലായി 57,53,898 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ടി പദ്ധതി വനം വികസന കോർപ്പറേഷന്റെ പാട്ടഭൂമിയായ റിസർവ് വനത്തിനുള്ളിലായതിനാലും വനേതര പ്രവർത്തനമായതിനാലും ആയത് നിർത്തി വയ്ക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്.

## വൈക്കം നിയോജകമണ്ഡലത്തിലെ കാവും കുളവും സംരക്ഷിക്കൽ പദ്ധതി

120(4145) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിൽ കാവും കുളവും സംരക്ഷിക്കൽ പദ്ധതി പ്രകാരം എത്ര കാവുകൾക്കും കുളങ്ങൾക്കും ധനസഹായം നൽകി എന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡലത്തിലെ കാവുകൾക്ക് നൽകിയ ധനസഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | കാവ് | ഉടമസ്ഥന്റെ പേര് | നൽകിയ തുക |
|---|---|---|---|
| 2016-17 | തിരുനെല്ലിക്കാവ് | ചന്ദ്രമോഹൻ കെ. എൻ., വൈക്കം | 20,000 |
| | ശ്രീ. ഭഗവതി ധർമ്മ ശാസ്താ ക്ഷേത്രക്കാവ് | കെ.റ്റി. ഉണ്ണികൃഷ്ണൻ, മാനേജർ, കാരിക്കോട് പി.ഒ., കോട്ടയം | 20,000 |
| 2017-18 | പെരുമ്പക്കാട്ട് കാവ് | പ്രസാദ് പി. ജി., പെരുമ്പക്കാട് കൊതവറ പി.ഒ., വൈക്കം | 15,000 |
| | ചിരട്ടപ്പറമ്പിൽ സർപ്പക്കാവ് | കെ. വിശ്വംബരൻ, വട്ടാനത്ത്, അംബികാ മാർക്കറ്റ് | 15,000 |
| | വെൺമേലിക്കാവ് | വി.എം. ദേവിദാസൻ, വെൺമേലിൽ വീട്, മുത്തേടത്തുകാവ്, വൈക്കം | 15,000 |

(ബി) ജി.ഒ.(ആർ.റ്റി) 485/16 തീയതി 24-12-2016 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ടി ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും പരമാവധി അഞ്ച് കാവുകൾ ഓരോ വർഷവും തെരഞ്ഞെടുക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ വർഷംതോറും അപേക്ഷകൾ ക്ഷണിക്കുകയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ചെയർപേഴ്സണായ ഒമ്പത് അംഗ സംസ്ഥാനതല വിദഗ്ദ്ധ കമ്മിറ്റിയുടെ തീരുമാനപ്രകാരം അർഹമായ കാവുകൾ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നു. 2016-17 വർഷത്തിൽ കാവ് സംരക്ഷണത്തിനായി 14,81,250 രൂപയും 2017-18-ൽ 8,78,350 രൂപയും 2018-19-ൽ 6,01,800 രൂപയും സംസ്ഥാനത്ത് ആകെ വിതരണം ചെയ്തിട്ടുണ്ട്.

## നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന ഭൂമി

121 (4146) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന ഭൂമി റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി റിസർവ് വനമായി പ്രഖ്യാപിക്കുന്നതിന് 16-9-2014 തീയതിയിൽ നൽകിയ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രൊപ്പോസലിൽ 0.0660 ഹെക്ടർ ഭൂമി ഒഴിവാക്കിയാണോ വിജ്ഞാപനത്തിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സി.എൻ.ജി. റോഡിനോട് ചേർന്ന് ഫോറസ്റ്റ് കോംപ്ലക്സിന്റെ മുൻവശത്ത് രണ്ട് മീറ്റർ വീതിയിൽ ഭൂമി ഒഴിവാക്കിയാണോ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ?

### ഉത്തരം

(എ) ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന ഭൂമി കേരള വനനിയമം 1961 സെക്ഷൻ (4) പ്രകാരം റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ 18-12-2014 തീയതിയിലെ പ്രൊ(10)40147/14 നമ്പർ കത്ത് പ്രകാരമാണ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്-ന്റെ ഓഫീസിൽനിന്നും ലഭ്യമാക്കിയിട്ടുള്ളത്. ആകെ വിസ്തീർണ്ണമായ 3.3860 ഹെക്ടറിൽ നിന്ന് 0.1640 ഹെക്ടർ ഒഴിവാക്കി 3.222 ഹെക്ടർ ഭൂമിക്കാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

(സി) സി.എൻ.ജി. റോഡിനോട് ചേർന്ന് 2 മീറ്റർ ഭൂമി ഒഴിവാക്കിയാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

## പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ റോഡുകൾക്ക് വനംവകുപ്പിന്റെ അനുമതി

122 (4147) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് 17-ലെ കുമ്പളക്കോട്-മൊട്ടച്ചിക്കുന്ന് റോഡ് 120 മീറ്റർ കോൺക്രീറ്റിംഗ്, വാർഡ് 16-ലെ നീലിക്കുളം റോഡ് 410 മീറ്റർ കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾക്ക് തൃശ്ശൂർ ഡി.എഫ്.ഒ.-യിൽ നിന്നും അനുമതി കിട്ടുന്നതിനായി പഴയന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ തീർപ്പ് കല്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കല്പിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) അപേക്ഷകളിൽ ഉടനെ തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് 17-ലെ കുമ്പളക്കോട്-മൊട്ടച്ചിക്കുന്ന് റോഡ് കോൺക്രീറ്റ്, നീലിക്കുളം റോഡ് എന്നീ പ്രവൃത്തികൾക്കായി പഴയന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ അപേക്ഷയിൽ തീർപ്പ് കൽപ്പിച്ചിട്ടില്ല.

(ബി) അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് മുമ്പായി വനാതിർത്തി, സർവ്വേ നടത്തി തിട്ടപ്പെടുത്തേണ്ടതുണ്ട്. സർവ്വേ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർവ്വേ പൂർത്തിയാക്കി അപേക്ഷകളിന്മേൽ ഉടനെ തീർപ്പ് കൽപ്പിക്കുന്നതാണ്.

## വയനാട് കേന്ദ്രമായി കടുവാ സംരക്ഷണകേന്ദ്രം

123 (4148) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് കേന്ദ്രമായി കടുവ സംരക്ഷണകേന്ദ്രം സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ചതുരശ്ര കിലോമീറ്റർ ഭൂമി കടുവ സങ്കേതമായി പ്രഖ്യാപിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 344.53 ച.കി.മീ. വിസ്തൃതിയുള്ള വയനാട് വന്യജീവി സങ്കേതം 2012-ൽ കടുവാ സങ്കേതമാക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. എങ്കിലും സർക്കാർ പ്രദേശവാസികളുടെ അഭ്യർത്ഥന മാനിച്ച് ഈ ആവശ്യം പരിഗണിച്ചിരുന്നില്ല. 2014-ലെ ദേശീയ കടുവാ കണക്കെടുപ്പിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ വയനാട് മേഖലയിലെ കടുവാ സംരക്ഷണത്തിന്റെ പ്രാധാന്യം മുൻനിർത്തി 25-5-2019-ൽ ദേശീയ കടുവാ സംരക്ഷണ അതോറിറ്റി, പ്രസ്തുത മേഖല കടുവാ സങ്കേതമായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിലവിൽ, ഈ വിഷയത്തിൽ വനം വകുപ്പോ, സർക്കാരോ തീരുമാനം എടുത്തിട്ടില്ല.

(ബി) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## വന്യമൃഗാക്രമണം കാരണം കർഷക ജനത അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

124 (4149) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗാക്രമണം കാരണം കർഷക ജനത അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ ലഘൂകരിക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ;

(ബി) ഈ വിഷയത്തെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി സർക്കാർ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഇതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കർഷകരെ രക്ഷിക്കുന്നതിനും കൃഷിനാശം തടയുന്നതിനും ആയതിനു വേണ്ടത്ര നഷ്ടപരിഹാരം നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ കൈക്കൊണ്ടുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു.

സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2. വനത്തിനുപുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) നിലവിൽ കേരളത്തിൽ വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചു വരുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുവാൻ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ (PTCF) പങ്കാളിത്തത്തോടെയാണ് പ്രസ്തുത പഠനം നടത്തുന്നത്. നിലവിൽ അവലംബിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതും ജീവനക്കാർക്ക് അടിയന്തര സാഹചര്യത്തെ നേരിടാൻ പരിശീലനവും, മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കൽ എന്നിവ പ്രസ്തുത പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 18.88 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. പഠനം നടത്തി വിവര ശേഖരണം നടന്നുവരുന്നു.

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും കൃഷിനാശം തടയുന്നതിനും ഉത്തരം (എ)-ൽ വിവരിച്ച കാര്യങ്ങൾ നടപ്പാക്കി വരുന്നു. കൂടാതെ, കാലതാമസം ഒഴിവാക്കാനായി ഇ-ഡിസ്ട്രിക്ട് എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നത്.

## വന്യമൃഗങ്ങളുടെ ആക്രമണം

125 (4150) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 മാർച്ച് 31 വരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട് എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിൽ ആക്രമണത്തിൽപ്പെട്ട് എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; ഇവരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള സഹായങ്ങൾ ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(സി) വനമേഖലയോടുകൂടിയ പ്രദേശങ്ങളിലെ മനുഷ്യരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 മാർച്ച് 31 വരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട് 360 പേർക്ക് (വന്യജീവി ആക്രമണത്തിൽപ്പെട്ട് 80 പേരും, പാമ്പുകടിയേറ്റ് 280 പേരും) ജീവഹാനി സംഭവിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട് ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് ആകെ 610.615 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിൽ ആക്രമണത്തിൽപ്പെട്ട് 3 പേർക്ക് (വന്യജീവി ആക്രമണത്തിൽപ്പെട്ട് ഒരാളും, പാമ്പുകടിയേറ്റ് 2 പേരും) ജീവഹാനി സംഭവിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് ആകെ 6 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) വനമേഖലയോട്ടുകൂടിയ പ്രദേശങ്ങളിലെ മനുഷ്യരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് രക്ഷിക്കുന്നതിന് വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.
2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.
3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

## വന്യമൃഗങ്ങളുടെ ആക്രമണത്തിനുള്ള നഷ്ടപരിഹാരം

126 (4151) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളത്?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/18/വനം പ്രകാരം നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും (5 ലക്ഷം രൂപ അനന്തരാവകാശികൾക്ക് മരിച്ചയാളുടെ ബന്ധുവാണെന്ന് തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ആദ്യഗഡുവായും, ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകുന്നു.) വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

## വന്യമൃഗാക്രമണംമൂലമുള്ള ദുരിതത്തെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ

127 (4152) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗാക്രമണംമൂലം കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും വിദഗ്ദ്ധ കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ രൂപീകരിക്കുന്ന കമ്മീഷനിൽ ജനപ്രതിനിധികളെയും കർഷക നേതാക്കളെയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ കേരളത്തിൽ വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചു വരുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുവാൻ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ (PTCF) പങ്കാളിത്തത്തോടെയാണ് പ്രസ്തുത പഠനം നടത്തുന്നത്. നിലവിൽ അവലംബിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതും ജീവനക്കാർക്ക് അടിയന്തര സാഹചര്യത്തെ നേരിടാൻ പരിശീലനവും മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കൽ എന്നിവയും പ്രസ്തുത പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 18.88 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. പഠനം നടത്തി വിവരശേഖരണം നടന്നുവരുന്നു. എന്നാൽ ഇത്തരം കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

## വന്യമൃഗാക്രമണത്തിൽ നിന്നും ജനങ്ങൾക്കും കർഷകർക്കും സംരക്ഷണം

128 (4153) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗാക്രമണത്തിൽ കർഷകർക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള നഷ്ടം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) വന്യമൃഗശല്യംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് കർഷകർക്ക് ഏതു വിധേനയാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) കർഷകർക്ക് തൃപ്തികരമായ രീതിയിലുള്ള നഷ്ടപരിഹാരം നല്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗാക്രമണത്തിൽ കർഷകർക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ള നഷ്ടം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ഇനം | എണ്ണം | നഷ്ടപരിഹാരം ലക്ഷത്തിൽ |
|---|---|---|
| വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവർ (പാമ്പുകടി ഒഴികെ) | 83 | 367.61 |
| വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണം | 290 | 265.00 |
| വന്യജീവി ആക്രമണംമൂലം പരിക്ക് പറ്റിയവർ | 2569 | 580.819 |
| വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചത് | 19400 (8672.251 ഹെക്ടർ) | 1282.67 |

(ബി) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/2018/വനം പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരം നൽകുന്നുണ്ട്.

(സി) കർഷകർക്ക് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നത് 8-1-2015-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്) നമ്പർ 2/15/വനം പ്രകാരമാണ്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നു. കാലതാമസം ഒഴിവാക്കാൻ ഇ-ഡിസ്ട്രിക്ട് മുഖാന്തരം ഓൺലൈനായിട്ടാണ് ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്.

## വന്യമൃഗാക്രമണത്തിൽ നിന്നുള്ള സംരക്ഷണം

129 (4154) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗാക്രമണത്തിൽ നിന്നും ജനങ്ങളേയും കർഷകരേയും കൃഷിയേയും സംരക്ഷിക്കാൻ എന്തെല്ലാം നിയമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വന്യമൃഗാക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചതിന്റെ വിശദാംശങ്ങളും ആയതിന്റെ ഭാഗമായി ഉണ്ടായ നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ വന്യമൃഗാക്രമണത്തിൽ നിന്നും ജനങ്ങളെയും കർഷകരെയും കൃഷിയെയും സംരക്ഷിക്കാൻ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് വന്യമൃഗാക്രമണത്തിൽ കൃഷിനാശം സംഭവിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| അപേക്ഷകളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടർ) ഏകദേശം | നഷ്ടപരിഹാരം (ലക്ഷത്തിൽ) |
|---|---|---|
| 19400 | 8672.251 | 1282.67 |

## വന്യമൃഗാക്രമണങ്ങളിൽപ്പെട്ടവർക്ക് സഹായം

130 (4155) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗാക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കായി സഹായപദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് അവശരായി മാറുന്നവർക്ക് എന്തെങ്കിലും സഹായപദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷി നശിക്കുന്ന കർഷകർക്ക് ആശ്വാസമായി സർക്കാർ സഹായങ്ങൾ എന്തെങ്കിലും നല്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/2018/വനം പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(ബി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും, പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്.

(സി) നൽകുന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷി നശിക്കുന്നവർക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നു.

**മാംസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം**

131 (4156) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാംസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ലെഗ് ബാൻഡിങ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ സംവിധാനം ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെ പിന്തുണയോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഇറച്ചിക്കോഴികളുടെ തീറ്റയും രക്തവും മാംസവും പരിശോധനയ്ക്ക് വിധേയമാക്കുമോ; ഇതിനുവേണ്ടി കോഡ് ഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ഇറച്ചിക്കോഴികളുടെ തീറ്റയും മാംസവും മൃഗസംരക്ഷണ വകുപ്പിനു കീഴിൽ എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന NABL Accreditation ഉള്ള എസ്.എൽ.എം.എ.പി.-ൽ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. ഇതിനു വേണ്ടി കോഡ് ഘടിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**കന്നുകാലി വർഗോദ്ധാരണത്തിന് നടത്തിവരുന്ന പദ്ധതികൾ**

132 (4157) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി വർഗോദ്ധാരണത്തിന് മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മൊത്തം കാലിസമ്പത്തിന്റെ എത്ര ശതമാനമാണ് സങ്കരയിനം ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) 2018-19 കാലയളവിൽ പാലിന്റെ പ്രതിശീർഷ ലഭ്യത എത്രയാണ്;

(ഡി) ഇറച്ചി-പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പുസാമ്പത്തിക വർഷം കൃത്രിമ ബീജാധാനം വഴി ഉല്പാദനക്ഷമത കൂടിയ പശുക്കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി 640 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

- 2008-ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും 2018-ൽ പുതിയ കന്നുകാലി പ്രജനന നയം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കന്നുകാലി പ്രജനന നയത്തിനനുസൃതമായി പ്രജനന പരിപാടികൾ നടന്നുവരുന്നു.

- സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ 2939 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി. ബോർഡ് എത്തിക്കുന്നു.
- 2016-17 ആയപ്പോഴേയ്ക്കും സംസ്ഥാനത്തിനകത്തെ സങ്കരവർഗ്ഗ പശുക്കളുടെ പ്രതിദിന ശരാശരി പാലുല്പ്പാദനം 10.25 ലിറ്ററായി ഉയർന്നു കഴിഞ്ഞു. ഇത് തുടർന്നും വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾകൂടി ബോർഡ് നടപ്പിലാക്കുന്നു.

1. വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള "സന്തതി പരിശോധനാ പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ, എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും, ഇവിടെ നിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉല്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.
2. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.
3. വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും, നാല് വിത്തുകാളകളെ ഡെൻമാർക്കിൽനിന്നും മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്ത്, അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തു വരുന്നു.
4. കാനഡയിൽ നിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച് ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) മൊത്തം കന്നുകാലി സമ്പത്തിന്റെ 94%-വും സങ്കരയിനത്തിലുള്ളതാണ്.

(സി) 2018-19-ലെ Major Livestock Products (MLP) ആയ പാലിന്റെ ഉല്പാദന കണക്കുകൾ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് ലഭിച്ചിട്ടില്ല. 2017-18-ലെ പാലിന്റെ പ്രതിശീർഷ ലഭ്യത 192gm/day ആണ്.

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വേണ്ടിയുള്ളതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ മൃഗചികിത്സാ സേവനം, പ്രജനന പ്രവർത്തനങ്ങൾ, കന്നുകാലി, ആട്, പന്നി, കോഴി, താറാവ് വികസന പദ്ധതികൾ, കർഷക പരിശീലന പദ്ധതി, മൃഗസമ്പത്ത് വർദ്ധിപ്പിക്കൽ പദ്ധതി എന്നിവയെല്ലാം മേൽ പ്രവർത്തനം ത്വരിതപ്പെടുത്തുന്നത് ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇറച്ചിയുടെ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുള്ള പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

ആട് വളർത്തൽ പദ്ധതി

5 പെണ്ണാടും 1 മുട്ടനാടും നൽകുന്ന പദ്ധതി-ഒരു ഗുണഭോക്താവിന് 25000, രൂപ ധനസഹായം ലഭിക്കും. 2019-2020-ൽ 1298 യൂണിറ്റുകൾ സ്ഥാപിക്കും.

വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ യൂണിറ്റുകൾ - 191.5 ലക്ഷം രൂപ

2018-19-ൽ വ്യാവസായികാടിസ്ഥാനത്തിൽ 20 ആടുകളടങ്ങുന്ന 140 ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു. ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി. 2019-20-ലും പ്രസ്തുത പദ്ധതി തുടരും.

മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി - 88.5 ലക്ഷം രൂപ

ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം നൽകി. ഓണാട്ടുകര മേഖല വരുന്ന കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19-ൽ കൊല്ലം ജില്ലയിൽ 440 യൂണിറ്റും ആലപ്പുഴ ജില്ലയിൽ 555 യൂണിറ്റുകളും നടപ്പിലാക്കി. കഴിഞ്ഞ വർഷം 995 യൂണിറ്റുകൾ സ്ഥാപിച്ചു. 2019-20 സാമ്പത്തിക വർഷവും ഇത് തുടരും.

സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കർഷകർക്കൊരു കൈത്താങ്ങ്

കേരള സർക്കാർ സംസ്ഥാനമൊട്ടാകെയുള്ള കന്നുകാലികൾക്കും ക്ഷീര കർഷകർക്കും മൃഗസംരക്ഷണ വകുപ്പ് മുഖേന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിലൂടെ പരിരക്ഷ ഉറപ്പാക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി മൂന്നാം വർഷത്തിൽ എത്തി നിൽക്കുന്നു. തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പിലാക്കുന്നതുമൂലം ടി പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെ ഇടയിൽ സ്വീകാര്യത വളരെയേറെ കൂടുകയും ചെയ്തു.

**കന്നുകാലികളുടെ കുറവ് പരിഹരിക്കാൻ പദ്ധതി**

133 (4158) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി പ്രജനനത്തിന് വൻപദ്ധതികൾ ആവിഷ്കരിച്ചിട്ടും ഇവയുടെ എണ്ണത്തിൽ പ്രതിവർഷം വലിയ കുറവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) പശുക്കളുടെ എണ്ണം ക്രമാതീതമായി കുറയുന്നത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) കന്നുകാലികളുടെ കുറവ് പരിഹരിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്തെ പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിന് ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുമ്പോഴും പശുക്കളുടെ എണ്ണത്തിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൃത്യമായ പ്രജനന നയം പ്രാവർത്തികമാക്കുക വഴി പ്രതിശീർഷ പാലുല്പ്പാദനം വർദ്ധിച്ചുവരുന്നുണ്ട്. 2007-ലെ കന്നുകാലി സെൻസസ് പ്രകാരം കേരളത്തിൽ ആകെ 17,40,120 കന്നുകാലികൾ ഉണ്ടായിരുന്നു. എന്നാൽ 2012-ലെ കന്നുകാലി സെൻസസ് പ്രകാരം 13,28,630 കന്നുകാലികളാണ് കേരളത്തിലുള്ളത്. 23.65% കന്നുകാലികളുടെ കുറവാണ് 2007-ലെ സെൻസസിനെ അപേക്ഷിച്ച് 2012-ൽ വന്നിട്ടുള്ളത്. ജനസംഖ്യാ വർദ്ധനവും നഗരവത്കരണത്തിന്റെ തോതിൽ വന്ന വർദ്ധനയും കാരണം സംസ്ഥാനത്തിനകത്ത് സ്ഥല ലഭ്യത കുറയുകയും കന്നുകാലികളെ

വളർത്തുന്ന കർഷകരുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. സ്ഥല പരിമിതിമൂലം തീറ്റപ്പുൽകൃഷി ചെയ്യുന്നത് കുറയുകയും നെൽകൃഷി കുറഞ്ഞതുമൂലം കന്നുകാലികളുടെ തീറ്റയുടെ പ്രധാനഘടകമായിരുന്ന വൈയ്ക്കോലിന്റെ ലഭ്യതക്കുറവും വർദ്ധിച്ച വിലയും കാലിത്തീറ്റയിലെ വിലയിലുണ്ടാകുന്ന അടിക്കടിയുള്ള വിലവർദ്ധനവും പാലുത്പാദനച്ചെലവ് വർദ്ധിക്കുവാനിടയാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമൂഹ്യസാമ്പത്തിക രംഗങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാന ങ്ങളുമെല്ലാം ഒരു പരിധിവരെ കന്നുകാലികളുടെ എണ്ണം കുറയുന്നതിന് കാരണ മായിട്ടുണ്ട്.

(ബി) സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് കൃത്യമായ പ്രജനന നയം നടപ്പിലാക്കുകവഴിയും ശാസ്ത്രീയമായ പരിപാലന രീതികൾ വഴിയും ഉയർന്ന പാലുല്പ്പാദനക്ഷമതയുള്ള പശുക്കളുടെ പ്രതിശീർഷ ഉൽപ്പാദനം വർദ്ധിച്ചുവരുന്ന തിനാൽ പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എണ്ണത്തിലെ കുറവുമൂലം ഉണ്ടാകുന്ന തടസ്സം ഗൗരവതരമല്ല.

(സി) സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള അനിമൽ റിസോഴ്സ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ കീഴിൽ കർഷകർ എടുത്തിട്ടുള്ള ലോണുകളുടെ പലിശയിനത്തിൽ സബ്സിഡി നൽകുന്ന പദ്ധതിയിൽ 2018-19-ൽ 6291 കർഷകർക്ക് സഹായമായി ആകെ 300 ലക്ഷം രൂപ നൽകി. 2019-20-ൽ പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി കർഷകർക്ക് ബാങ്ക് ലോൺ വഴി പുതിയ പശുക്കളെ വാങ്ങുന്നതിനും ഈ മേഖലയിൽ തുടരുവാനും കൂടാതെ കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനും പ്രചോദനമായിട്ടുണ്ട്. ഇത് കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാലുല്പ്പാദനം കൂട്ടുന്നതിനും സഹായകരമാകും. കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികളിലൂടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണവളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു. 2019-20-ൽ ഇതിനായി 6000 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ബാധിത ജില്ലകളിൽ കിടാരി വളർത്തൽ പദ്ധതി - 281 ലക്ഷം രൂപ

2019-20-ൽ പുതുതായി ഈ പദ്ധതി നടപ്പിലാക്കും. 2018-ലെ വെള്ളപ്പൊക്കം തീവ്രമായി ബാധിച്ച ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ 7 ജില്ലകളിൽ ഗുണഭോക്താവ് ഒന്നിന് 25,000 രൂപ ധനസഹായത്തോടെ 1 കിടാരിയും 6 മാസ കാലയളവിലേയ്ക്കുള്ള തീറ്റയും സബ്സിഡി നിരക്കിൽ നൽകും.

<u>മാതൃകാ മൃഗസംരക്ഷണ ഗ്രാമം</u>

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി മാതൃകാ മൃഗസംരക്ഷണ ഗ്രാമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അതാത് മേഖലാടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പ്രോജക്ടുകൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ സഹായമായി ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. 2019-20-ൽ 20 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കും.

<u>സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കർഷകർക്കൊരു കൈത്താങ്ങ്</u>

കേരള സർക്കാർ സംസ്ഥാനമൊട്ടാകെയുള്ള കന്നുകാലികൾക്കും ക്ഷീരകർഷകർക്കും മൃഗസംരക്ഷണ വകുപ്പ് മുഖേന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി യിലൂടെ പരിരക്ഷ ഉറപ്പാക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി മൂന്നാം വർഷത്തിൽ എത്തി നിൽക്കുന്നു. തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പിലാക്കുന്നതുമൂലം ടി പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെ ഇടയിൽ സ്വീകാര്യത വളരെയേറെ കൂട്ടുകയും ചെയ്തു.

കന്നുകാലികളുടെ കുറവ് പരിഹരിക്കുവാൻ കെ.എൽ.ഡി. ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

<u>ഇറക്കുമതി ചെയ്ത ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളുടെ വിതരണം</u>

പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജ മാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽനിന്നും ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

<u>നാടൻ പശുക്കൾക്കായി പുതിയ ഭ്രൂണമാറ്റ പദ്ധതി</u>

നാടൻ ജനുസ്സുകളായ വെച്ചൂർ, സാഹിവാൾ ഇനത്തിൽപ്പെട്ട പശുക്കളിൽ ഭ്രൂണമാറ്റ സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ കുട്ടികളെ ഉൽപ്പാദിപ്പിക്കു ന്നതിനുള്ള കേന്ദ്രപദ്ധതി കെ.എൽ.ഡി. ബോർഡ് ആരംഭിച്ചുകഴിഞ്ഞു. രണ്ട് കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപയാണ് പദ്ധതി നിർവ്വഹണത്തിനായി കേന്ദ്രസർക്കാർ ബോർഡിന് നൽകിയത്. ബോർഡിന്റെ മാട്ടുപ്പെട്ടി, കുളത്തുപ്പുഴ ഫാമുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സൗജന്യ കന്നുകുട്ടി ഇൻഷ്വറൻസ്, കാലിത്തീറ്റ സബ്സിഡി പദ്ധതി

പ്രസ്തുത പദ്ധതി എം.ആർ.സി.എം.പി.യു. മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കി വരുന്നു. ദേശീയ ക്ഷീര പദ്ധതിയിൽ ജനിക്കുന്ന മെച്ചപ്പെട്ട പശുക്കുട്ടികൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷയും, കാലിത്തീറ്റ സബ്സിഡിയും നൽകി. 7000 പശുക്കുട്ടികൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു കഴിഞ്ഞു. പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്.

## കന്നുകാലികൾക്ക് ഇൻഷ്വറൻസ്

134 (4159) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പ് കന്നുകാലികൾക്കായി നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കന്നുകാലികളെ വിവിധ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കന്നുകാലികളുടെ മരണം, ഉൽപ്പാദന ശേഷി, പ്രത്യുല്പാദന ശേഷി എന്നിവ നഷ്ടപ്പെടുന്നതുമൂലം കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളാണ് (നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ) എൻ.എൽ.എം. (കേന്ദ്രാവിഷ്കൃത പദ്ധതി), ഗോസമൃദ്ധി (സംസ്ഥാനാവിഷ്കൃത പദ്ധതി) എന്നിവ. മൃഗസംരക്ഷണ വകുപ്പ് നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഇൻഷ്വറൻസ് പദ്ധതികളാണ് കേരള സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തുന്ന ഗോസമൃദ്ധി 2019-20, കേന്ദ്ര സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നടത്തുന്ന എൻ.എൽ.എം. 2018-19 എന്നിവ. കേരള സർക്കാരിന്റെ ഗോസമൃദ്ധി 2019-20 പദ്ധതിക്കായി 5 കോടി രൂപയും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന എൻ.എൽ.എം. 2018-19 പദ്ധതിക്കായി 66.67 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഈ പദ്ധതികളിലൂടെ പശുക്കളേയും, എരുമകളെയും, ഗർഭമുള്ള കിടാരികളെയും അതോടൊപ്പം ഉരുക്കളുടെ ഉടമകളായ കർഷകരേയും ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. 1 വർഷം, 3 വർഷം എന്നീ കാലയളവുകളിലേക്കുള്ള ഇൻഷ്വറൻസ്

പരിരക്ഷ കർഷകർക്ക് അവരുടെ ആവശ്യാനുസരണം തെരഞ്ഞെടുക്കാവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. താല്പര്യപത്രം ക്ഷണിച്ച് കുറവ് നിരക്ക് ക്വോട്ട് ചെയ്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 2017-18 മുതൽ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി സുതാര്യവും, കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം നടക്കുന്നതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ പ്രീമിയം നിരക്കുകൾ മുൻ വർഷങ്ങളേക്കാൾ വളരെയേറെ കുറഞ്ഞിട്ടുണ്ട്. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി, ഉരുക്കളുടെ ഇൻഷ്വറൻസിന് 2019-20 സാമ്പത്തിക വർഷത്തേക്ക് ഒരു വർഷ ഇൻഷ്വറൻസ് പരിരക്ഷക്ക് 2.15%, മൂന്ന് വർഷ ഇൻഷ്വറൻസ് പരിരക്ഷക്ക് 5.419% എന്ന നിരക്കുകളാണ് quote ചെയ്തിരിക്കുന്നത്. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50%വും, എസ്.സി./എസ്.ടി. വിഭാഗത്തിന് 70%-വും സർക്കാർ സബ്സിഡി നൽകിവരുന്നു.

ഉരുക്കളുടെ മരണം, ഉല്പാദന പ്രത്യുല്പാദന ക്ഷമതാ നഷ്ടം എന്നിവയ്ക്ക് പരമാവധി 65,000 രൂപ വരെയും ഉരുവിന്റെ ഉടമയായ കർഷകന് അപകടമരണം, ഭാഗികമോ പൂർണ്ണമോ ആയ അംഗവൈകല്യം എന്നിവ സംഭവിച്ചാൽ 2 ലക്ഷം രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുവാനും സാധിക്കുന്നു. ഇതിനായി ഉരുവിന്റെ ഉടമക്ക് ഇൻഷ്വറൻസിനായി ഒരു വർഷത്തേക്ക് 22 രൂപയും, മൂന്നു വർഷത്തേക്ക് 58 രൂപയും നൽകിയാൽ മതിയാകും. പദ്ധതി നിർവ്വഹണം കേന്ദ്രീകൃതമായി സംസ്ഥാനതലത്തിൽ നടത്തുവാനും ക്ലെയിമുകൾ ജില്ലാതലത്തിൽ തീർപ്പാക്കുവാനുമാണ് നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കർഷകർക്ക് പോളിസി, ക്ലെയിം എന്നിവ ലഭ്യമാക്കുന്ന പ്രക്രിയ പൂർണ്ണമായും ഓൺലൈനായി ചെയ്യുവാനും ലക്ഷ്യമിടുന്നു. ആയതുവഴി കർഷകർക്ക് ക്ലെയിമുകൾ സമയബന്ധിതമായി ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുവാനും സാധിക്കും. നടപ്പുസാമ്പത്തിക വർഷം ഗോസമൃദ്ധി, എൻ.എൽ.എം. പദ്ധതികൾ പ്രകാരം 42000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുന്നു.

(ബി)

| സ്കീമിന്റെ പേര് | ഇൻഷ്വർ ചെയ്ത ഉരുക്കളുടെ എണ്ണം (18-6-2019 നിലവച്ചുള്ളത്) | റിമാർക്സ് |
|---|---|---|
| (1) | (2) | (3) |
| എൻ.എൽ.എം. 2016-17 | 22149 | കേന്ദ്ര ഫണ്ട് |

| (1) | (2) | (3) |
|---|---|---|
| ഗോസമൃദ്ധി 2017-18 | 62352 | സംസ്ഥാന ഫണ്ട് |
| എൻ.എൽ.എം. പ്ലസ് 2017-18 | 7596 | കേന്ദ്ര ഫണ്ട് |
| ഗോസമൃദ്ധി പ്ലസ് 2018-19 | 32507 | സംസ്ഥാന ഫണ്ട് |
| ആകെ | 124604 | |

## പശുക്കുട്ടികൾക്ക് ശാസ്ത്രീയ പരിചരണം

135 (4160) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കന്നുകുട്ടികളുടെ വളർച്ച ലക്ഷ്യമിട്ട് തീറ്റയുടെ ആവശ്യകത ശാസ്ത്രീയമായി കണക്കാക്കി സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി പദ്ധതികളിലൂടെ പശുക്കുട്ടികൾക്കും ക്ഷീരകർഷകർക്കും ലഭ്യമാകുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പശുക്കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്ത് ജനിക്കുന്ന കന്നുകാലികൾക്ക് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി മുഖേന വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ബി) ഉണ്ട്. നിലവിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാം (CAP), ഗോവർദ്ധിനി, സ്പെഷ്യൽ ഗോവർദ്ധിനി എന്നീ പദ്ധതികൾ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ വിതരണം നടത്തുന്നുണ്ട്.

(സി) പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തതയും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. 25% സംസ്ഥാന വിഹിതവും, 25% തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും, 50% ഗുണഭോക്തൃ വിഹിതവുമാണ് കന്നുകുട്ടി പരിപാലന പദ്ധതിയായ CAP-ൽ ഉള്ളത്. 50% സംസ്ഥാന വിഹിതവും 50% ഗുണഭോക്തൃ വിഹിതവുമാണ് ഗോവർദ്ധിനി പദ്ധതിയിലുള്ളത്. 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടികളെയും എരുമക്കുട്ടികളെയും തെരഞ്ഞെടുത്ത് 30 മാസം പ്രായമാകുന്നത് വരെ പകുതി വിലയ്ക്ക് തീറ്റ നൽകുകയും 32 മാസം പ്രായം വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും യഥാസമയം വിരമരുന്ന്, ധാതുലവണ മിശ്രിതം എന്നിവ നൽകി ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ക്ഷീരകർഷകർക്ക് ശാസ്ത്രീയ മൃഗപരിപാലനം സംബന്ധിച്ച് പരിശീലനവും നൽകുന്നു.

(ഡി) ഉണ്ട്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയിലേയ്ക്ക് കന്നുകുട്ടികളെ വരിചേർക്കുമ്പോൾ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ പകുതി തുക സബ്സിഡിയായി നൽകി 32 മാസം പ്രായമാകുന്നതുവരെയുള്ള കാലയളവിലേക്ക് ഇൻഷ്വർ ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷം ഇൻഷ്വർ ചെയ്യുന്ന ഒരു കന്നുകുട്ടിക്ക് 600 രൂപ ഇൻഷ്വറൻസ് പ്രീമിയം തുകയായി നിശ്ചയിച്ച് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം നടപ്പുവർഷം യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

**കാലിത്തീറ്റയ്ക്കായി കൃഷിചെയ്യപ്പെടുന്ന തീറ്റപ്പുല്ലിനങ്ങൾ**

136 (4161) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയ്ക്കായി ഉപയോഗിക്കുന്ന തീറ്റപ്പുല്ല് ഇനങ്ങൾ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കൃഷി ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ എന്നറിയിക്കാമോ;

(ബി) തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിന് കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ ഭാഗമായിട്ടുള്ള ഫോഡർ കൾട്ടിവേഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി 132.9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞത് 1 ഹെക്ടർ എങ്കിലും ഭൂമിയുള്ള ക്ഷീരകർഷകർക്ക് പുൽകൃഷി തുടങ്ങുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിൽ പത്തനംതിട്ട, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെയുള്ള 10 ജില്ലകളിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ഫണ്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് തുടങ്ങിയിട്ടുണ്ട്. ബാക്കി ജില്ലകൾക്ക് ഫണ്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ നിലവിൽ 141.354 ഏക്കർ സ്ഥലത്ത് ഫാമിലെ മൃഗങ്ങളുടെ ആവശ്യത്തിലേക്കായി തീറ്റപ്പുൽകൃഷി നടത്തി വരുന്നു. ഫാമുകളിൽ നിന്ന് ഗുണമേന്മയേറിയ പുല്ലിനങ്ങളുടെ കടകൾ കടയൊന്നിന് 50 പൈസ നിരക്കിൽ കർഷകർക്ക് ആവശ്യാനുസരണം വിതരണം നടത്തിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ മറ്റാവശ്യ ങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് തീറ്റപ്പുൽ ലഭ്യത കുറയ്ക്കാനിടയാക്കും.

(ബി) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് പരിശീലന കേന്ദ്രങ്ങളിൽ പശുവളർത്തൽ, ആടുവളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകുമ്പോൾ തീറ്റപ്പുൽകൃഷി സംബന്ധിച്ച ക്ലാസുകൾ നൽകാറുണ്ട്.

## നാടൻ കോഴികളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

137 (4162) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർമോൺ കുത്തിവച്ച് വളർത്തുന്ന ബ്രോയിലർ കോഴികൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) നല്ലയിനം നാടൻ കോഴികളുടെ ഉൽപ്പാദനം കർഷകർക്കിടയിൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഗ്രാമപ്രിയ, ഗ്രാമലക്ഷ്മി ഇനങ്ങളിൽപ്പെട്ട കോഴികളെ മൃഗസംരക്ഷണ വകുപ്പിന്റെ ഏതെല്ലാം ഫാമുകൾ വഴി വിതരണം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) കൂടുതൽ ഇടങ്ങളിൽ ഇത്തരം കോഴികളുടെ വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഹോർമോൺ കുത്തിവച്ച് ബ്രോയിലർ കോഴികളെ വളർത്തുന്ന രീതി നിലവിലില്ല.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ നാടൻ കോഴികളെ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. തലശ്ശേരി, കടക്കനാത്ത്, നേക്കഡ്നെക്ക്, അസീൽ എന്നീ ഇനങ്ങളിലുള്ള നാടൻ കോഴികളെ വകുപ്പിന്റെ ഫാമുകളിൽ വളർത്തുന്നുണ്ട്.

(സി) ഗ്രാമപ്രിയ, ഗ്രാമലക്ഷ്മി ഇനത്തിൽപ്പെട്ട കോഴികളെ മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ വളർത്തുന്നില്ല. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴികളെയാണ് മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽ പ്രധാനമായും വളർത്തുന്നത്. കൂടാതെ നാടൻ കോഴികൾ, വൈറ്റ് സിൽക്കി, ബ്ലാക്ക് പോളീഷ്-കാപ്, വൈറ്റ് പോളീഷ്-കാപ്, അതുല്യ, ആർ.ഐ.ആർ.ബി.വി 380, കാവേരി, സെബ് റൈറ്റ് പോളീഷ്-കാപ്, കൊച്ചിൻ ബാന്റം, ഇറ്റാലിയൻ ബാന്റം, ഇൻബ്രോ എന്നീ ഇനം കോഴികളെയും മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽ വളർത്തി കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

ഗ്രാമശ്രീ കോഴികൾ തവിട്ട്, കറുപ്പ്, വെളുപ്പ് നിറങ്ങളിലുള്ളതും അതിന്റെ മുട്ട നാടൻ കോഴിയുടെ മുട്ടയോട് സാദൃശ്യമുള്ളതും തവിട്ടുനിറമുള്ള തോടോടുകൂടിയതും മഞ്ഞക്കരു കടും മഞ്ഞ നിറത്തിലുള്ളതുമായതിനാൽ കേരളത്തിലെ കർഷകർ പ്രാധാന്യം നൽകുന്നത് ഗ്രാമശ്രീയ്ക്ക് ആയതിനാലാണ് അവയെ വകുപ്പിന്റെ ഫാമുകളിൽ പ്രധാനമായും വളർത്തുന്നത്. അതിനു പുറമെ ഡ്യുവൽ പർപ്പസ് ബ്രീഡായതിനാൽ ഇറച്ചിക്കും ഉത്തമമാണ്. തീറ്റ പരിവർത്തന ക്ഷമത കൂടുതലായതിനാൽ കുറച്ചു തീറ്റ നൽകിയാൽ മതിയാകും. വീട്ടുവളപ്പിലെ കോഴിവളർത്തലിന് ഏറ്റവും അനുയോജ്യം ഗ്രാമശ്രീ കോഴികളാണ്.

ഗ്രാമലക്ഷ്മി കോഴികൾ വെളുപ്പിൽ കറുത്തപുള്ളികളുള്ളവയും അതിന്റെ മുട്ട ഇളം തവിട്ടുനിറമുള്ള തോടോടുകൂടിയതും മഞ്ഞക്കരു ഇളം മഞ്ഞ നിറത്തിലുള്ളതുമായതിനാൽ കർഷകരുടെ സ്വീകാര്യത കുറവാണെന്നു ബോധ്യപ്പെട്ടതിനാലാണ് ഗ്രാമലക്ഷ്മി കോഴികളെ വകുപ്പിന്റെ ഫാമുകളിൽ വളർത്താത്തത്. ഗ്രാമപ്രിയ കോഴികൾ താരതമ്യേന വലിപ്പം കൂടുതലുള്ളതും തവിട്ടുനിറത്തിലുള്ളതുമാണ്. തീറ്റ പരിവർത്തന ക്ഷമത കുറവായതിനാൽ കൂടുതൽ തീറ്റ നൽകേണ്ടിവരും. ആയതിനാലാണ് ഗ്രാമപ്രിയ കോഴികളെ വകുപ്പിന്റെ ഫാമുകളിൽ വളർത്താത്തത്.

(ഡി) ഇത്തരം കോഴികളുടെ ആവശ്യകത ലഭിക്കുകയാണെങ്കിൽ അവയെ വളർത്തി വില്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## മലപ്പുറം ജില്ലയിലെ കോഴിവളർത്തൽ കേന്ദ്രങ്ങൾ

138 (4163) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ എത്ര പ്രാദേശിക കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ കൂടുതൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സങ്കരയിനം കോഴികളെ വളർത്തുന്നതിന് കർഷകർക്ക് പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ഒരു പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. (ജില്ലാ കോഴിവളർത്തൽ കേന്ദ്രം, ആതവനാട്)

(ബി) മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുവാൻ സാധിക്കും.

(സി) ആതവനാട് ഫാമിൽനിന്നും വിരിയിക്കുന്ന മുട്ട വകുപ്പിലെയും ജില്ലാ പഞ്ചായത്തിലെയും ഹാച്ചറികൾക്ക് വിതരണം ചെയ്തുവരുന്നു. 2018-19 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ 94 തെരഞ്ഞെടുത്ത സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ് വരെയുള്ള 50 വിദ്യാർത്ഥികൾക്ക് 2 മാസം പ്രായമുള്ള 5 കോഴികളെ വീതം സൗജന്യമായി വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷവും ഇതേ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വകുപ്പിന്റെ മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി മുട്ടക്കോഴി വളർത്തലിനും, വ്യാവസായികാടിസ്ഥാനത്തിലുള്ള കോഴിവളർത്തലിനും പരിശീലനം നൽകി വരുന്നുണ്ട്.

## സംസ്ഥാനത്തെ കോഴി ഇറച്ചി ഉൽപാദനം

139 (4164) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴികർഷകരെയും ഉപഭോക്താക്കളെയും ഇതരസംസ്ഥാന ലോബികൾ ചൂഷണം ചെയ്യുന്നതും കോഴി ഇറച്ചി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ദൈനംദിനം അവശ്യം വരുന്ന കോഴി ഇറച്ചി എത്രയാണ്; ഇതിൽ സംസ്ഥാന ഉത്പാദനം എത്ര; മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന അളവ് എത്ര; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള കോഴി കർഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഒരു ഉപതൊഴിൽ എന്ന നിലയിൽ കേരളത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയിരുന്ന കോഴി വളർത്തൽ രംഗം ക്രമേണ ശോഷിച്ച് പോയതിന് പ്രധാന കാരണം അന്യസംസ്ഥാനങ്ങളിൽ നിന്നും കോഴി വളർത്തൽ കുത്തക മുതലാളിമാരുടെ കടന്നു കയറ്റമാണ്. കേരളത്തിൽ ഇറച്ചിക്കോഴികളുടെ ലഭ്യത കൂടുതലായിരിക്കുന്ന സന്ദർഭങ്ങളിൽ അന്യസംസ്ഥാന മുതലാളിമാർ വളരെയധികം വില കുറച്ച് അവിടെ നിന്നും കോഴികളെ കൊണ്ടുവന്ന് വിൽക്കുകയും കേരളത്തിലെ ആഭ്യന്തര ഉല്പാദനം കുറഞ്ഞിരിക്കുന്ന സമയത്ത് വില വൻതോതിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവണതയാണ് അന്യസംസ്ഥാന ലോബികൾ സൃഷ്ടിക്കുന്നത്. ഇതിനെത്തുടർന്ന് കേരളത്തിലെ കർഷകർ കോഴിവളർത്തൽ ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു.

(ബി) കോഴിയിറച്ചിയുടെ ഉല്പാദനത്തിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിഞ്ഞാൽ ഈ സാഹചര്യം ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഈ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാനും വ്യാപിപ്പിക്കാനും മൃഗസംരക്ഷണ വകുപ്പും, സർക്കാർ സംരംഭമായ കെപ്കോയും കുടുംബശ്രീയും എം.പി.ഐ.യും നടപടികൾ സ്വീകരിച്ചുവരുന്നു.

കുടുംബശ്രീ

സർക്കാർ കുടുംബശ്രീയുമായി സഹകരിച്ച് കേരള ചിക്കൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കഠിനംകുളത്ത് പാരന്റ് സ്റ്റോക്ക് ഫാം തുടങ്ങി. കോഴിക്കുഞ്ഞുങ്ങളും തീറ്റയും കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി 2-2.5 മാസമാകുമ്പോൾ തിരിച്ചെടുത്ത് ഇറച്ചിയാക്കി കുടുംബശ്രീ കേരള ചിക്കൻ എന്ന പേരിൽ വിൽക്കുന്നു.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.)

കുടുംബശ്രീയും എം.പി.ഐ.യുമായി ഉണ്ടാക്കിയ ധാരണപ്രകാരം കോട്ടയം/എറണാകുളം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകളിൽനിന്നും കിലോയ്ക്ക് 85 രൂപ വില പ്രകാരം കോഴികളെ വാങ്ങുന്നതാണ്. അതിനുപുറമെ എം.പി.ഐ.യ്ക്ക് സ്വന്തമായുള്ള കോഴി ഫാമിൽ ഒരു ബാച്ചിൽ 7500 കോഴികളെ വളർത്തുന്നു. ദിനംപ്രതി 1500 കോഴികളെ സംസ്കരിച്ച് വിതരണം ചെയ്ത് വരുന്നു.

കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെപ്കോ)

ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കുവാൻ കെപ്കോയുടെ ബ്രോയിലർ ബ്രീഡിംഗ് ഫാമിന്റെയും ഹാച്ചറിയുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി.) കർഷകർക്ക് പരമാവധി സഹായം നൽകുന്നു. കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും പ്രതിവർഷം 15 ലക്ഷം മുതൽ 18 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊല്ലം ജില്ലയിലെ കൊട്ടിയത്തും തൃശ്ശൂർ ജില്ലയിലെ മാളയിലും കോഴി പ്രജനന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന കോഴികളെ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. അതിനുപുറമെ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കായി രണ്ട് പദ്ധതികൾകൂടി കെപ്കോ നടപ്പിലാക്കുന്നു.

1. കോൺട്രാക്ട് ഫാമിംഗ്

   ഇറച്ചിക്കോഴി വളർത്തലിൽ താത്പര്യമുള്ള കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അവർ വളർത്തിയെടുക്കുന്ന കോഴികൾക്ക് 45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോയ്ക്ക് 82 രൂപ നിരക്കിൽ തിരിച്ചെടുത്ത് പ്രോസസ് ചെയ്ത് കോഴിയിറച്ചി തയ്യാറാക്കുന്നു. തീറ്റ, മരുന്ന്, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയുടെ ചെലവ് കർഷകർ വഹിക്കണം. ഇറച്ചിക്കോഴികളെ വിറ്റഴിക്കാനുള്ള പ്രയാസം കർഷകനുണ്ടാകുന്നില്ല.

2. മൃഗസംരക്ഷണ – കെപ്കോ കുടുംബശ്രീ കോഴിവളർത്തൽ പദ്ധതി

കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വളർത്തിയെടുത്ത്, 40-45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോക്ക് 85 രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസസ് ചെയ്യുന്നു. 1000 ഇറച്ചിക്കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

<u>മൃഗസംരക്ഷണ വകുപ്പ്</u>

മൃഗസംരക്ഷണ വകുപ്പിന്റെ ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആകെ 12000 കോഴികളെ വളർത്തുന്നതിനുള്ള ഷെഡിന്റെ പണി 90% പൂർത്തിയായി പ്രവർത്തനം തുടങ്ങുമ്പോൾ ഓരോ ആഴ്ചയിലും 40000 ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ കേരളത്തിലുടനീളം കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. ഇതിന് പുറമെ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറ്റച്ചൽ ജേഴ്സി ഫാമിൽ ഹാച്ചറിയുടെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മലപ്പുറം എടവണ്ണ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

ഇത്തരം നടപടികളിലൂടെ ആവശ്യമായ ഇറച്ചിക്കോഴികളെ നമുക്കുതന്നെ ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ ലക്ഷ്യം നേടിയാൽ ഇറച്ചിക്കോഴികൾക്ക് വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും.

(സി) സംസ്ഥാനത്ത് ദൈനംദിന ആവശ്യം വരുന്ന കോഴിയിറച്ചി 517 മെട്രിക് ടൺ ആണ്. സംസ്ഥാനത്ത് ദൈനംദിനം 499 മെട്രിക് ടൺ കോഴിയിറച്ചി ഉത്പാദിപ്പിക്കുന്നുണ്ട്. ഇതിൽ സംസ്ഥാനത്തെ കോഴികളിൽനിന്നും 152 മെട്രിക് ടണ്ണും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന കോഴികളിൽ നിന്നും 347 മെട്രിക് ടണ്ണും ഉത്പാദിപ്പിക്കുന്നുണ്ട്.

(ഡി) 2012-ലെ സെൻസസ് പ്രകാരം കേരളത്തിലെ കോഴിക്കർഷകരുടെ എണ്ണം ഏകദേശം 190095 ആണ്. ഇത് കൂടാതെ കെപ്കോയുടെ കണക്കുപ്രകാരം കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോഴികർഷകരുടെ ഫാമുകളുടെ എണ്ണം 63 ആണ്. (ഇന്റഗ്രേഷൻ - 12, കോൺട്രാക്ട് ഫാമിംഗ് - 18, കുടുംബശ്രീ - 33)

## കോഴിവളർത്തൽ യൂണിറ്റുകൾ

140 (4165) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോഴിവളർത്തൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നത് കാർഷിക യൂണിറ്റ് ആയാണോ വ്യാവസായിക യൂണിറ്റ് ആയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ചെറുകിട കോഴിവളർത്തൽ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നുവെന്നും പ്രസ്തുത യൂണിറ്റുകളിൽ എത്ര പേർക്ക് തൊഴിൽ ലഭിയ്ക്കുന്നുവെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കോഴിവളർത്തൽ യൂണിറ്റുകളിൽ ഭൂരിഭാഗവും കാർഷിക യൂണിറ്റുകളായിട്ടാണ് പ്രവർത്തിക്കുന്നത്. വ്യാവസായിക യൂണിറ്റുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 142097 ചെറുകിട കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർച്ചിച്ചുവരുന്നുണ്ട്. ചെറുകിട കോഴിവളർത്തൽ കേന്ദ്രങ്ങളിൽ തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം നിലവിൽ ലഭ്യമല്ല.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ

141 (4166) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങൾ സംസ്കരിക്കുവാനുള്ള പുതിയ പ്ലാന്റ് തുടങ്ങുവാൻ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ തീരുമാനിച്ചിട്ടുണ്ടോ; അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) കശാപ്പിനായുള്ള മൃഗങ്ങളെ സ്വന്തമായിത്തന്നെ വളർത്തിയെടുക്കുന്നതിന് കമ്പനി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വൈവിധ്യവൽക്കരണം, പ്രവർത്തന വികേന്ദ്രീകരണം എന്നിവയിലൂടെ കമ്പനി ഇതിനകം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ; എങ്കിൽ കമ്പനിയുടെ പ്രവർത്തനം കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുവാനായി ശ്രമങ്ങൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ ഒരു ചെറിയ ശതമാനം ഇറച്ചി മാത്രമേ എം.പി.ഐ. സംസ്കരിച്ച് വിതരണം നടത്തുന്നുള്ളൂ. 35 ഇനം ഇറച്ചി ഉൽപ്പന്നങ്ങൾ കമ്പനി വിപണിയിൽ ഇറക്കുന്നു. പഴയ ഫാക്ടറിയുടെ ഉൽപ്പാദന ശേഷി ദിനംപ്രതി കേവലം 1 മെട്രിക് ടൺ ആണ്. ഇത് പരിഹരിക്കാൻ ഒരു അത്യാധുനിക മാംസ സംസ്കരണ ഫാക്ടറി പണി പൂർത്തിയായി ട്രയൽ റൺ കഴിഞ്ഞ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്താൻ തയ്യാറായിട്ടുണ്ട്. ഇതിൽ ദിനംപ്രതി ഒരു ഷിഫ്റ്റിൽ 400 മൃഗങ്ങളെ കശാപ്പുചെയ്ത് 25 മെട്രിക് ടൺ ഇറച്ചി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. മൃഗങ്ങളെ വാങ്ങാൻ അവശ്യം വേണ്ട പ്രവർത്തന മൂലധനം ലഭ്യമായാൽ രണ്ട് ഷിഫ്റ്റുവഴി ദിവസവും 50 മെട്രിക് ടൺ ഇറച്ചി ഉൽപ്പാദിപ്പിക്കാനാവും.

(ബി) മൂല്യവർദ്ധിത മാംസ ഉൽപ്പന്നങ്ങൾ (സോസേജ്, കട്‌ലറ്റ്, കബാബ്, നഗട്ട്സ്, പച്ചക്കറികളും പഴവർഗ്ഗങ്ങളും, പാൽ, വെണ്ണ ഇവ മിശ്രിതമാക്കിയുള്ള ഉൽപ്പന്നങ്ങൾ) റെഡി ടു ഈറ്റ് കണ്ടീഷനിൽ സംസ്കരിച്ച് നൽകാൻ "വാല്യു ആഡഡ് പ്രോസസ്ഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി" എന്ന ഒരു പദ്ധതി കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിലെ വിളക്കുപാറയിൽ പഞ്ചായത്ത് അനുവദിച്ച് നൽകിയിട്ടുള്ള ഒരു ഏക്കർ സ്ഥലത്ത് സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി നബാർഡ്, ആർ.ഐ.ഡി.എഫ്. വായ്പയായി 1150 ലക്ഷം രൂപയും സർക്കാർ വിഹിതമായി 200 ലക്ഷം രൂപയും ചേർത്ത് ആകെ 1350 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. പദ്ധതി 2020-മേയ് മാസത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ആയതിലേയ്ക്കായി ഇ-ടെൻഡർ തീർപ്പാക്കി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ലാൻഡ് ഡെവലപ്പ്മെന്റ്, സോയിൽ സർവ്വേ, റോഡ് സൗകര്യം ഇവ പൂർത്തിയായി. ഫാക്ടറി പണി തുടങ്ങാൻ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ടൗൺപ്ലാനിംഗ് അതോറിറ്റി, ഫയർ & റെസ്ക്യൂ ഇവരുടെ അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്ലാന്റ് & മെഷിനറി ലഭ്യമാക്കാനുള്ള മുൻകൂട്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കമ്പനിയ്ക്ക് സ്വന്തമായി ചാലക്കുടിയിലുള്ള 16 ഏക്കർ സ്ഥലത്ത് കാള/പോത്ത് കിടാരികളെ വളർത്താൻ 19.50 ലക്ഷം രൂപ ചെലവിൽ ഒരു കന്നുകാലി വളർത്തൽ കേന്ദ്രം തുങ്ങാനുള്ള പ്രോജക്ട് സർക്കാർ ശിപാർശയോടെ നബാർഡിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. നബാർഡ് 1100 ലക്ഷം സംസ്ഥാന സർക്കാർ ഗ്രാന്റ് 600 ലക്ഷം, എം.പി.ഐ. ഷെയർ 250 ലക്ഷം എന്നിങ്ങനെയാണ് പ്രസ്തുത പദ്ധതിയുടെ മുതൽ മുടക്ക്. ഒരു തുടർ പദ്ധതിയായ ഇതിൽ രണ്ടു ബാച്ചുകളിലായി 30000 കിടാരികളെ വളർത്തുന്നതിനുള്ള സൗകര്യ മാണുള്ളത്. എന്നാൽ കമ്പനിയുടെ ആവശ്യത്തിന് ഇതു തികയുകയില്ലാത്തതിനാൽ ബൈബാക്ക് സിസ്റ്റത്തിൽ സബ്സിഡി നൽകി കർഷകർക്ക് കിടാരികളെ വളർത്താൻ കൊടുത്ത് തിരിച്ചെടുക്കുന്ന ഒരു പദ്ധതി മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ വിഭാവനം ചെയ്തിട്ടുണ്ട്. ചാലക്കുടി പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആദ്യഗഡു സംസ്ഥാന വിഹിതമായി 150 ലക്ഷവും നബാർഡ് വായ്പയായി 550 ലക്ഷവും വകകൊള്ളിച്ചിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിച്ചാൽ ഈ വർഷം തന്നെ ഇതു നടപ്പിലാക്കുവാൻ സാധിക്കും.

(ഡി) ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കാനുള്ള സർക്കാരിന്റെ നയം സ്വീകരിച്ച് ഇന്ത്യയിലെതന്നെ ഏറ്റവും മെച്ചമായ ഇറ്റാലിയൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ഒരു അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് എം.പി.ഐ.യിൽ സ്ഥാപിച്ചിട്ടുണ്ട്. അറവു മാലിന്യങ്ങൾ പൂർണ്ണമായും ഇവിടെ സംസ്കരിക്കുന്നു. ദിനംപ്രതി 12 മെട്രിക് ടൺ മാലിന്യങ്ങൾ ഇവിടെ സംസ്കരിച്ച് ഏതാണ്ട് 6 മെട്രിക് ടണ്ണോളം മൂല്യവർദ്ധിത ഉല്പന്നങ്ങളും എല്ലുപൊടി, ബ്ലഡ് മീൽ, ടാലോ എന്നീ ഉപഉൽപ്പന്നങ്ങളും ഉണ്ടാക്കാൻ സാധിക്കും. മൃഗങ്ങളുടെ പിത്താശയം, വാൽവുകൾ, പെരിക്കാർഡിയം എന്നിവ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് മനുഷ്യഹൃദയ ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കാൻ വാണിജ്യ അടിസ്ഥാനത്തിൽ നൽകിവരുന്നു.

വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് നിലവിലുള്ള കോഴി സംസ്കരണ പ്ലാന്റിന് ഒരു റെൻഡറിംഗ് പ്ലാന്റ്, ഒരു അത്യാധുനിക പിഗ് ഷെഡ്, ഭക്ഷ്യസുരക്ഷയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള അവയർനെസ് പ്രോഗ്രാം സ്കൂൾ/കോളേജ് തലത്തിൽ സംഘടിപ്പിക്കൽ, ആദിവാസി സമൂഹത്തിന് തൊഴിൽ സാദ്ധ്യത മുന്നിൽക്കണ്ട് അവരുടെ ഊരുകൾ കേന്ദ്രീകരിച്ച് നിർദ്ദേശിക്കുന്ന പ്രദേശത്ത് കന്നുകാലി കിടാരികളെ വളർത്തി തിരിച്ചെടുക്കൽ പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മീറ്റ് ഷോപ്പ് നടത്താൻ 3 ലക്ഷം രൂപവരെ നൽകി നടപ്പാക്കൽ ഇവയും എം.പി.ഐ. ഏറ്റെടുത്ത് നടത്തുന്നു. പ്രവർത്തന വികേന്ദ്രീകരണത്തിനായി മാർക്കറ്റിംഗ് സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 3 റീജിയണുകളായി തിരിച്ച് പ്രൊഫഷണലുകളെ മാർക്കറ്റിംഗ് പ്രവർത്തനത്തിന് വിന്യസിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എം.പി.ഐ.-യുടെ മീറ്റ് ഷോപ്പുകൾ തുറക്കാൻ നടപടിയായിട്ടുണ്ട്. ഈ വർഷം കൊണ്ട് ഡീലർ നിയമനം 1000-ൽ എത്തിക്കുന്നതാണ്.

## കോഴിക്കോട് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

142 (4167) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര പുതിയ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്തു; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട് എന്ന് അറിയിക്കുമോ;

(സി) വിമുക്ത ഭടൻമാർക്ക് വേണ്ടി നീക്കിവച്ചതിൽ ഇനിയും നിയമനം നടത്താനുള്ള എത്ര ഒഴിവുകൾ ഉണ്ടെന്ന് പറയാമോ;

(ഡി) വിമുക്ത ഭടൻമാരുടെ അഭാവത്തിൽ പൊതു റാങ്ക് ലിസ്റ്റിൽ നിന്ന് പ്രസ്തുത ഒഴിവുകൾ നികത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 9-5-2017-ന നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 26 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 12 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പുകളിലെ രേഖകൾ പ്രകാരം 3 ഒഴിവുകളാണുള്ളത്.

(ഡി) വിമുക്തഭടൻമാരുടെ അഭാവത്തിൽ പൊതു റാങ്ക്ലിസ്റ്റിൽ നിന്നും നിലവിലെ വ്യവസ്ഥ പ്രകാരം നികത്താൻ കഴിയുകയില്ല.

## നാദാപുരം മണ്ഡലത്തിലെ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ

143 (4168) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിൽ എന്ന് അറിയിക്കുമോ;

(ബി) ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നാദാപുരം മണ്ഡലത്തിൽ നിലവിൽ വെറ്ററിനറി സർജൻ തസ്തികയിൽ ഒഴിവുകൾ ഇല്ല. ആയതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത മണ്ഡലത്തിലെ കാവിലുംപാറ പഞ്ചായത്തിൽ ഒരു സീനിയർ വെറ്ററിനറി സർജന്റെ ഒഴിവുണ്ട്. പ്രസ്തുത ഒഴിവ് സ്ഥാനകയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാറശാല മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനം**

144 (4169) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര മൃഗാശുപത്രികൾ ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ ആകെ എത്ര മൃഗാശുപത്രികൾ ഉണ്ട്; ഏതൊക്കെ ആശുപത്രികളിൽ രാത്രികാല ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ മൃഗാശുപത്രികളിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല മണ്ഡലത്തിലെ മൃഗാശുപത്രികളെല്ലാംതന്നെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 10 വെറ്ററിനറി ഡിസ്പെൻസറിയും ഒരു വെറ്ററിനറി പോളീക്ലിനിക്കും ഉൾപ്പെടെ ആകെ 11 മൃഗാശുപത്രികൾ പാറശ്ശാല മണ്ഡലത്തിലുണ്ട്. പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള വെറ്ററിനറി ഡിസ്പെൻസറിയിൽ രാത്രികാല ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പാറശ്ശാല വെറ്ററിനറി പോളീക്ലിനിക്കിൽ കിണർ നിർമ്മിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കള്ളിക്കാട് മൃഗാശുപത്രിക്ക മുകളിൽ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്.

## വയനാട്ടിൽ പ്രളയത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർ

145 (4170) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട വയനാട് ജില്ലയിലെ എത്ര പേർക്ക് നാളിതുവരെ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാനന്തവാടി മണ്ഡലത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ട പരിഹാരമായി ധനസഹായം ലഭിച്ച വ്യക്തികളുടെ വിശദാംശങ്ങൾ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ;

(സി) നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നത് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 894 പേർക്ക്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പൂർത്തിയായിട്ടുണ്ട്. ആകെ 97,96,800 രൂപയുടെ നഷ്ടപരിഹാരത്തുക 31-3-2019-ന് മുൻപായി വിതരണം ചെയ്തു.

## ചാലക്കുടി, കൊരട്ടി എന്നിവിടങ്ങളിലെ മൃഗാശുപത്രികൾ

146 (4171) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റൽ പോളിക്ലിനിക് ആയി ഉയർത്തി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്റ്റാഫിനെ നിയമിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) കാലപ്പഴക്കംമൂലം ജീർണ്ണിച്ച കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ചാലക്കുടി, കൊരട്ടി എന്നിവിടങ്ങളിലെ മൃഗാശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി മൃഗാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകി അനുമതി ലഭ്യമാക്കുന്നതിനും തുക അനുവദിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റൽ ഉൾപ്പെടെ സംസ്ഥാനത്തെ 24 വെറ്ററിനറി ഹോസ്പിറ്റലുകൾ പോളീക്ലീനിക്കുകളാക്കി ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിക്കുകയും നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഇക്കാര്യം തൽക്കാലം പരിഗണനയിലില്ലെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു. കൊരട്ടി വെറ്ററിനറി ഹോസ്പിറ്റൽ മേൽ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല.

**പെരിന്തൽമണ്ണ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**

147 (4172) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പു മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഓരോ പദ്ധതിയ്ക്കുമായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) 2019-20 വർഷത്തിൽ എന്തെല്ലാം പദ്ധതികൾ, ഏതെല്ലാം പഞ്ചായത്തുകളിൽ/ മുനിസിപാലിറ്റികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 1. രാത്രികാല മൃഗചികിത്സാ സേവന പദ്ധതി.

2. ആട്ടുവളർത്തൽ പദ്ധതി.

3. സ്കൂൾ കുട്ടികൾക്കുള്ള അടുക്കളമുറ്റത്തെ കോഴിവളത്തൽ പദ്ധതി.

4. ജൈവമാലിന്യം വളമാക്കി മാറ്റൽ.

5. നഗരപ്രദേശങ്ങളിൽ കോഴിയും കൂടും.

6. ഇൻഫെർട്ടിലിറ്റി ക്യാമ്പ്.

7. കറവയന്ത്രം ധനസഹായം.

8. ബ്ലോക്ക് ലെവൽ ട്രെയിനിംഗ് പ്രോഗ്രാം.

9. പട്ടികജാതി കുടുംബങ്ങൾക്ക് ആട്ടുവളർത്തൽ സഹായം.

10. പട്ടികജാതി കുടുംബങ്ങൾക്കുള്ള കോഴിവളർത്തൽ പദ്ധതി.

(ബി) അനുബന്ധമായി* ചേർക്കുന്നു.

(സി) 1. രാത്രികാല മൃഗചികിത്സാ സേവന പദ്ധതി-പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി.

2. ആട്ടുവളർത്തൽ പദ്ധതി - ആലിപ്പറമ്പ്, ഏലംകുളം, കോഡൂർ, കുറുവ, താഴേക്കോട്.

3. സ്കൂൾ കുട്ടികൾക്കായുള്ള അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതി-ആലപ്പറമ്പ്, അങ്ങാടിപ്പുറം, എടപ്പറ്റ, ഏലംകുളം, കോഡൂർ, കുറുവ, പെരിന്തൽമണ്ണ, പുലാമന്തോൾ, പുഴക്കാട്ടിരി, താഴേക്കോട്.

4. നഗരപ്രദേശങ്ങളിൽ കോഴിയും കൂട്ടും - പെരിന്തൽമണ്ണ

5. ജൈവമാലിന്യം വളമാക്കി മാറ്റൽ - അങ്ങാടിപ്പുറം, എടപ്പാൾ, കോഡൂർ.

## ക്ഷീരവികസന വകുപ്പിലെ തസ്തിക പുനർവിന്യാസം

148 (4173) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിന്നും ക്ഷീരവികസന വകുപ്പിൻെറ ഏതെങ്കിലും തസ്തികകൾ ജില്ലയ്ക്ക് പുറത്ത് വിന്യസിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ യൂണിറ്റുകളിൽ നിന്ന് ഏതൊക്കെ തസ്തികകളാണ് ഇങ്ങനെ വിന്യസിക്കുന്നത്; ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

## ക്ഷീരവികസന പദ്ധതികൾ

149 (4174) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസനത്തിന് എന്തൊക്കെ പദ്ധതികൾ സർക്കാർ നടത്തി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ക്ഷീരകർഷകർക്കായി പുതുതായി ആരംഭിക്കാൻ ഉദേശിക്കുന്ന പദ്ധതികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(സി) നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ക്ഷീരവികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) മുൻപ് മണ്ഡലത്തിൽ നടപ്പിലാക്കിയിരുന്നതും എന്നാൽ കഴിഞ്ഞ വർഷം നിർത്തലാക്കിയതുമായ ഡയറി സോൺ പദ്ധതി ഈ വർഷം പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) ഏതൊക്കെ ബ്ലോക്കുകളിൽ ഡയറി സോൺ പദ്ധതി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷീരവികസനത്തിന് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി.
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ.
3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം.
4. ഹീഫർ പാർക്ക്.
5. ക്ഷീരഗ്രാമം
6. ക്ഷീരസംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ.
7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
8. ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ.
9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി.
10. ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

(ബി) പ്രളയബാധിത പ്രദേശങ്ങളിൽ പശുക്കളെ പാർപ്പിക്കുന്നതിനുള്ള എലിവേറ്റഡ് കാറ്റിൽ ഷെഡ്, പ്രളയ ദുരിതാശ്വാസ പദ്ധതിപ്രകാരം നഷ്ടം സംഭവിച്ച വാണിജ്യ ഡയറി യൂണിറ്റുകൾക്ക് പ്രത്യേക പാക്കേജ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ എന്നിവയാണ് പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

(സി) ക്ഷീരവികസന വകുപ്പ് നാദാപുരം മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും
2. തീറ്റപ്പുൽകൃഷി വികസന പദ്ധതി
3. മിൽക്ക് ഷെഡ് വികസന പദ്ധതി.
4. ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം
5. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി
6. ഇൻവെസ്റ്റ്മെന്റ് ഇൻ ഡയറി കോ-ഓപ്പറേറ്റീവ്സ് പദ്ധതി
7. കാറ്റിൽ ഫീഡിംഗ് സബ്സിഡി പദ്ധതി

(ഡി) പ്രളയ ദുരിതാശ്വാസത്തിനായി 2018-19, 2019-20 വർഷങ്ങളിൽ 22 കോടി രൂപയുടെ പ്രത്യേക പദ്ധതി നടപ്പിലാക്കേണ്ടതിനാൽ ഡയറി സോൺ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കില്ല.

(ഇ) നിലവിൽ ജില്ലയിലെ ഒരു ബ്ലോക്കിലും ഡയറി സോൺ പദ്ധതി നടപ്പിലാക്കുന്നില്ല. 2018-19-ൽ ഒരു ബ്ലോക്കിലും ഡയറി സോൺ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**ക്ഷീരവികസന വകുപ്പിന്റെ പുനഃസംഘടന**

150 (4175) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ പുനഃസംഘടന ആലോചനയിലുണ്ടോ എന്നറിയിക്കാമോ;

(ബി) മലബാർ മേഖലയിലെ ക്ഷീരവികസന യൂണിറ്റുകളിൽ ഉദ്യോഗസ്ഥരുടെ കുറവ് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉദ്യോഗസ്ഥക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാലുൽപ്പാദനത്തിനനുസരിച്ച് ക്ഷീരവികസന യൂണിറ്റുകളിലെ ഉദ്യോഗസ്ഥ സംവിധാനം പുനഃസംഘടിപ്പിച്ച് പാലുൽപ്പാദനം കുറഞ്ഞ യൂണിറ്റുകളിൽ നിന്ന് ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുനഃസംഘടന ആലോചനയിലുണ്ട്.

(ബി) മലബാർ മേഖലയിൽ ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരവികസന ഓഫീസർമാരുടെയും ഡയറി ഫാം ഇൻസ്പെക്ടർമാരുടെയും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതുമൂലമാണ് നിയമനം യഥാസമയം നടത്തുന്നതിന് തടസ്സമായിട്ടുള്ളത്. ഡയറി ഫാം ഇൻസ്പെക്ടർമാരുടെ റാങ്ക് പട്ടിക താമസിയാതെ പ്രസിദ്ധീകരിക്കുമെന്ന് അറിയുന്നു. ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന് എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമം നടത്തിവരുന്നുണ്ട്.

(സി) പുനർ വിന്യസിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു.

## പാൽ ഗുണനിലവാര പരിശോധനാ ചെക്ക്പോസ്റ്റുകളും ലബോറട്ടറികളും

151 (4176) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഗുണനിലവാര പരിശോധനയ്ക്കായി എത്ര ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനത്തിൽ പോരായ്മയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം ക്രിയാത്മകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാൽ പരിശോധനാ ലബോറട്ടറികളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ കുറവ് സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ;

(ഡി) പാൽ പരിശോധനാ ലബോറട്ടറികളുടെ മേൽനോട്ടത്തിനും കൃത്യമായ നടത്തിപ്പിനുമായി ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നത് പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) പാൽ ഗുണനിലവാര പരിശോധനയ്ക്കായി നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സാമ്പിളുകൾ നിയമപരമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ക്ഷീരവികസന വകുപ്പിന് നിലവിൽ അധികാരമില്ല. ഇതുമൂലം പാൽ പരിശോധനയിൽ ഗുണനിലവാരത്തിൽ കുറവോ മറ്റു മായപദാർത്ഥങ്ങൾ കലർത്തിയിട്ടുള്ളതോ ആയി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള മിൽക്ക് സാമ്പിളുകളെ സംബന്ധിച്ച വിവരങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുക മാത്രമാണ് ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം. ഈ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ജീവനക്കാരുടെ കൂടുതൽ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പാൽ സാമ്പിളുകൾ പരിശോധിച്ച് ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ക്ഷീരവികസന വകുപ്പിനുകൂടി അധികാരം നൽകുന്നത് സംബന്ധിച്ച് നിയമവശങ്ങൾ പരിശോധിച്ചുവരുന്നു.

(സി) നടത്തിയിട്ടുണ്ട്. ടെക്നീഷ്യന്മാരുടെ കുറവ് പരിഹരിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ടെക്നീഷ്യന്മാരെയും മറ്റ് ജീവനക്കാരെയും നിയമിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ഡി) സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത് ക്വാളിറ്റി കൺട്രോൾ ഓഫീസർമാരാണ്. ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

### മിൽമയുടെ പാൽ സംഭരണം

152 (4177) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ കേരളത്തിലെ ശരാശരി പാൽ സംഭരണം എത്രയാണെന്നും ഓരോ മേഖലയുടെയും സംഭരണമെത്രയാണെന്നും വിശദമാക്കുമോ;

(ബി) മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്ന് പാലും പാൽ ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നുണ്ടോ എന്നറിയിക്കാമോ ;

(സി) പാലിന്റെ സംഭരണ വിലയിൽ കാലാനുസൃതമായി മാറ്റം വരുത്തുന്നതിനും കൂടുതൽ കർഷകരെ ക്ഷീരോത്പാദന മേഖലയിലേക്ക് ആകർഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മിൽമ ഇപ്പോൾ പ്രതിദിനം 13.34 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. എറണാകുളം മേഖല യൂണിയന്റെ ആഭ്യന്തര പാൽ സംഭരണം നിലവിൽ 3.21 ലക്ഷം ലിറ്ററും തിരുവനന്തപുരം മേഖല യൂണിയന്റെ പ്രതിദിന ശരാശരി പാൽ സംഭരണം 3.27 ലക്ഷം ലിറ്ററും മലബാർ മേഖല യൂണിയന്റെ പാൽ സംഭരണം 6.86 ലക്ഷം ലിറ്ററുമാണ്.

(ബി) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ അളവിൽ മിൽമ പാൽ കൊണ്ടുവരുന്നുണ്ട്. കൂടാതെ വിൽപ്പനയ്ക്കുള്ള പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി പാൽപ്പൊടി മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നുണ്ട്. ഇതോടൊപ്പം ആവശ്യകതയ്ക്കനുസരിച്ച് ചില ഉൽപ്പന്നങ്ങളും കൊണ്ടു വരുന്നുണ്ട്.

(സി) നടപടി സ്വീകരിക്കും. പാൽ വില നിശ്ചയിക്കുന്നതിന് നിലവിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം കർഷകരുടെ സഹകരണ സ്ഥാപനമായ മിൽമയ്ക്കാണ് അധികാരം നൽകിയിരിക്കുന്നത്. പാൽവില വർദ്ധനവ് ഉപഭോക്താക്കളിൽ അധികഭാരം ഉണ്ടാകാതിരിക്കണമെന്നാണ് സർക്കാർ നിലപാട്. ക്ഷീരകർഷകർക്ക് പ്രാഥമിക ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന്റെ കൊഴുപ്പും കൊഴുപ്പിതര ഖരപദാർത്ഥങ്ങളും അടിസ്ഥാനമാക്കി കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ പാൽവില ചാർട്ട് പ്രകാരമുള്ള വിലയാണ് നൽകി വരുന്നത്. പാലിന്റെ സംഭരണ വില അയൽ സംസ്ഥാനങ്ങളിൽ കുറഞ്ഞിരിക്കുന്ന അവസ്ഥയിൽ സംഭരണ വില പരിധിവിട്ട് ഉയർത്താൻ മിൽമയ്ക്ക് ബുദ്ധിമുട്ടുണ്ട്. എങ്കിലും ഉല്പാദന ചെലവിനനുസരിച്ച് പരമാവധി വില നൽകി വരുന്നുണ്ട്. എല്ലാ <u>പത്തു</u> ദിവസം കൂടുമ്പോഴും പാൽവില കൃത്യമായി ക്ഷീര സംഘങ്ങൾക്ക് കൈമാറുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനംമൂലമുണ്ടാകുന്ന അധിക വരുമാനം പ്രോത്സാഹന വിലയായും കാലിത്തീറ്റ സബ്സിഡിയായും അതത് സമയങ്ങളിൽ ക്ഷീരസംഘങ്ങൾക്ക് കൈമാറുകയും ചെയ്തുവരുന്നു. അതോടൊപ്പം മിൽമ വിൽക്കുന്ന ഓരോ ലിറ്റർ പാലിൽനിന്നും 31 പൈസ വീതം ക്ഷീരകർഷക ക്ഷേമനിധിയിൽ (പെൻഷൻ ഫണ്ടിലേക്ക്) നിക്ഷേപിച്ചുവരുന്നു.

കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽകൃഷി, ഡയറി യൂണിറ്റ് സ്ഥാപിക്കൽ, ഡയറി യൂണിറ്റുകളുടെ ആധുനികവൽക്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും, ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുവാൻ കഴിയുന്നതും കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നുണ്ട്. ഇത് കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ കൂടുതൽ കർഷകരെ ക്ഷീരോല്പാദന മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**മിൽമയുടെ പുതിയ പദ്ധതികൾ**

153 (4178) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറ്റമിൻ എ, ബി എന്നിവ ചേർന്ന പാൽ പുറത്തിറക്കുവാൻ മിൽമ തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരം വൈറ്റമിൻ ചേർന്ന പാലിന് അധികവില ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) മിൽമയുടെ പാലും മറ്റ് ഉൽപ്പന്നങ്ങളും ഓൺലൈൻ വഴി ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ദിവസങ്ങളോളം കേടാകാതിരിക്കുന്ന ലോംഗ് ലൈഫ് പാൽ പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-5-2019 മുതൽ മിൽമ വൈറ്റമിൻ എ, ഡി എന്നിവ ചേർന്ന ഫോർട്ടിഫൈഡ് മിൽക്ക് കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ വിതരണം ആരംഭിച്ചു. ബാക്കി ജില്ലകളിലും പ്രസ്തുത പാലിന്റെ വിതരണം പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം വൈറ്റമിൻ എ, ഡി എന്നിവ ചേർത്ത് വിൽക്കുന്ന പാലിന് അധിക വില ഈടാക്കാതെയാണ് മിൽമ ഇപ്പോൾ വിൽപ്പന നടത്തുന്നത്.

(ബി) തിരുവനന്തപുരം മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പാൽ ഓൺലൈനായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി എ.എം.നീഡ്സ് എന്ന കമ്പനിയുമായി തിരുവനന്തപുരം മേഖലാ യൂണിയൻ കരാറിലേർപ്പെട്ട് പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) 90 ദിവസം കേടാകാതിരിക്കുന്ന ലോംഗ് ലൈഫ് പാൽ മിൽമ പുറത്തിറക്കിയിട്ടുണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠപുരത്ത് പ്രവർത്തിക്കുന്ന ഡയറിയിൽനിന്നും ഇത്തരം പാൽ വിതരണം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡയറിയിൽ പ്രവർത്തനം ആരംഭിച്ച യു.എച്ച്.റ്റി. പ്ലാന്റ് വഴി മലബാർ മേഖലാ യൂണിയന്റെ കീഴിലുള്ള മറ്റു ഡയറികളിലേക്കും സഹോദര സ്ഥാപനങ്ങളായ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയൻ എന്നിവിടങ്ങളിലേക്കും യു.എച്ച്.റ്റി. പാൽ വിൽപ്പന നടത്തുന്നുണ്ട്.

## പ്രളയ ദുരിതാശ്വാസ നിധിയിൽനിന്നും ക്ഷീരകർഷകർക്ക് ചെലവഴിച്ച തുക

154 (4179) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ എത്ര കന്നുകാലികൾക്കാണ് ജീവൻ നഷ്ടപ്പെട്ടത് എന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ പ്രളയ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര ക്ഷീരകർഷകർക്ക് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ 5163 കറവപ്പശുക്കൾ, 1228 കിടാരികൾ, 5166 കന്നുകുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്ത് ഭാഗീകമായും നശിച്ചുപോയിട്ടുണ്ട്.

(ബി) പ്രളയ ദുരിതാശ്വാസ നിധിയിൽനിന്നും ക്ഷീരവികസന വകുപ്പിന് ധനസഹായമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതി ഫണ്ട് വിനിയോഗിച്ച് 22 കോടി രൂപയുടെ ഒരു പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട 39169 കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം 21,99,47,640 രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയബാധിത പ്രദേശങ്ങളിൽ 2,68,13,400 രൂപയുടെ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ ക്ഷീരവികസന സൊസൈറ്റികൾ

155 (4180) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിൽ എത്ര ക്ഷീരവികസന സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം എന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ ക്ഷീരവികസന സൊസൈറ്റികൾ അംഗീകാരം ലഭിക്കുന്നതിന് വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരം ക്ഷീരവികസന സൊസൈറ്റികളുടെ അപേക്ഷ അംഗീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പുതുതായി ക്ഷീരവികസന സൊസൈറ്റിക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ നിലവിൽ 248 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ഷീര സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ജില്ലയിൽ 20 ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ബ്ലോക്ക് | അപേക്ഷയുടെ എണ്ണം |
|---|---|---|
| 1 | പൊന്നാനി | 2 |
| 2 | പെരുമ്പടപ്പ് | 1 |
| 3 | കുറ്റിപ്പുറം | 1 |
| 4 | കൊണ്ടോട്ടി | 2 |
| 5 | മലപ്പുറം | 3 |
| 6 | മങ്കട | 1 |
| 7 | വേങ്ങര | 5 |
| 8 | താനൂർ | 2 |
| 9 | അരിക്കോട് | 2 |
| 10 | കാളികാവ് | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് വരികയാണ്.

(ഡി) പുതുതായി ക്ഷീരസംഘങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ ചേർക്കുന്നു :

1. വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട (2 വാർഡുകളിൽ കുറയാത്ത) കുറഞ്ഞത് 25 ക്ഷീരകർഷകർ ഒപ്പിട്ട അപേക്ഷ ജില്ലയിലെ ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

2. പുതിയ ക്ഷീരസംഘ പ്രവർത്തന പരിധിയിൽ മറ്റ് ക്ഷീരസംഘങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല.

3. ക്ഷീര കർഷകരുടെ അപേക്ഷ ലഭിക്കുന്ന പക്ഷം ബന്ധപ്പെട്ട ബ്ലോക്കുതല ക്ഷീരവികസന ഓഫീസർമാർക്ക് സാധ്യതാപഠനത്തിനായി അപേക്ഷ അയച്ചുകൊടുക്കുന്നു.

4. ക്ഷീരവികസന ഓഫീസർ ക്ഷീരസംഘ രൂപീകരണ സാധ്യതാപഠനം നടത്തി ശിപാർശ സഹിതം വില്ലേജ് സർവ്വേ റിപ്പോർട്ട് (നിശ്ചിത പ്രൊഫോർമയിൽ), അതിവ്യാപനമില്ലാ സാക്ഷ്യപത്രം, പഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട പഞ്ചായത്ത് മാപ്പ് (പുതിയ ക്ഷീരസംഘ പ്രവർത്തന പരിധി അടയാളപ്പെടുത്തണം, മറ്റ് ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതും മാപ്പിൽ അടയാളപ്പെടുത്തണം.) എന്നീ അനുബന്ധ രേഖകൾ സഹിതം ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കണം.

5. ക്ഷീരവികസന ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരസംഘ രൂപീകരണ അനുമതിക്കായി ക്ഷീരവികസന ഡയറക്ടർക്ക് അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കണം.

6. അപേക്ഷയിൽ ന്യൂനതകളില്ലാത്ത പക്ഷം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ക്ഷീരസംഘ രൂപീകരണത്തിനും സംഘം രജിസ്റ്റർ ചെയ്യുന്നതിനും അനുമതി നൽകുന്നതാണ്. അപ്രകാരം അനുമതി ലഭിക്കുന്ന പക്ഷം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട നിർദ്ദിഷ്ട ക്ഷീരസംഘത്തിന് രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കാൻ നിർദ്ദേശം നൽകുന്നു.

7. നിർദ്ദിഷ്ട ക്ഷീരസംഘം രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ ജില്ലയിലെ പുതിയ ക്ഷീരസംഘം രജിസ്റ്റർ ചെയ്യുന്നതിനായുള്ള നടപടികൾ ആരംഭിക്കുന്നു.

**വർക്കല മണ്ഡലത്തിൽ ക്ഷീര ഗ്രാമം പദ്ധതി**

156 (4181) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വർക്കല മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) തൻവർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കിയിട്ടില്ല.

**പാലക്കാട് ജില്ലയിലെ ക്ഷീരഗ്രാമം പദ്ധതി**

157 (4182) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും അതുവഴി കൈവരിക്കാൻ സാധിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്കിൽപ്പെട്ട പറളി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ ക്ഷീര വികസന വകുപ്പ് മുഖേന ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം പറളി ഗ്രാമപഞ്ചായത്തിലെ 3 ക്ഷീര സംഘങ്ങളിലെ 201 ക്ഷീര കർഷകർക്ക് ഒരു കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി പ്രകാരം പറളി ഗ്രാമപഞ്ചായത്തിൽ മാത്രമായി 197 ഉരുക്കളെ കൊണ്ടുവരുന്നതിനും തന്മൂലം 15 ശതമാനത്തോളം പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## കാസർഗോഡ് നഗരസഭയിലെ ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ

158 (4183) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭയുടെ പരിധിയിൽ എത്ര ക്ഷീര കർഷകരുണ്ടെന്ന് അറിയിക്കുമോ;

(ബി) നഗരത്തിലെ ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പാൽ സംരക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നഗരത്തിൽ ക്ഷീരസഹകരണ സംഘം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ചാണകവളം സംഭരിക്കാനുള്ള സംവിധാനം കാസർഗോഡ് നഗരത്തിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2012-ലെ കാനേഷുമാരി (19-ാം കന്നുകാലി സെൻസസ്) പ്രകാരം 559 എരുമ കർഷകരടക്കം ആകെ 40555 ക്ഷീരകർഷകരാണുള്ളത്. കാസർഗോഡ് നഗരസഭയിലെ ക്ഷീരകർഷകരെ മാത്രമായി തരംതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. കാസർഗോഡ് നഗരസഭയിലെ ആകെ 261 കർഷകർ മൃഗസംരക്ഷണ വകുപ്പിന്റെ രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഉയർന്ന ജനസാന്ദ്രതയും, കൃഷിഭൂമിയുടെ ലഭ്യതക്കുറവും, ജലക്ഷാമവും ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. കൂടാതെ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഇല്ലാത്തതും ക്ഷീരകർഷകരെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും, പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷീര വികസന വകുപ്പ് മുഖാന്തരം മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം പദ്ധതി നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി, സ്ഥല പരിമിതി ഉള്ളവർക്ക് ഹൈഡ്രോപോണിക്സ് തീറ്റപ്പുൽകൃഷി, മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റിനുള്ള ധനസഹായം തുടങ്ങിയവ വകുപ്പ് മുഖാന്തരം നൽകി വരുന്നുണ്ട്.

(സി) ഒരു പരമ്പരാഗത സംഘം കാസർഗോഡ് നഗരപരിധിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും വളരെക്കാലമായി സംഘം പ്രവർത്തന രഹിതമാണ്. സംഘം ഇപ്പോൾ ലിക്വിഡേഷൻ നടപടിയിലാണ്. ഈ സംഘം പുനരുജ്ജീവിപ്പിക്കുവാൻ കർഷകർ സന്നദ്ധരായി വരികയാണെങ്കിൽ സംഘം പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ ശാസ്ത്രീയമായ മാലിന്യ സംസ്കരണ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ ഒരു യൂണിറ്റിന് 12,500 രൂപ വീതം 70 ചാണകക്കുഴി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഒരു യൂണിറ്റിന് 12,500 രൂപ വീതം 90 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിൽ കാസർഗോഡ് നഗരസഭയിൽ ചാണകവളം സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ക്ഷീരകർഷകർ അവരുടെ ഡയറി യൂണിറ്റിനോടനുബന്ധിച്ച് ചാണക സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്. ഇതിനായി വിവിധ വകുപ്പുകളുടെ ധനസഹായത്തോടെയുള്ള പദ്ധതികൾ നിലവിലുണ്ട്.

**മൃഗശാലകളിലെ മൃഗങ്ങളുടെ പരിപാലനം**

159 (4184) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിൽ കൂട്ടിലടച്ച് പാർപ്പിച്ചിരിക്കുന്ന മൃഗങ്ങളുടെ പരിപാലനത്തിലുള്ള കുറവുകൾ പരിഹരിക്കണമെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനിതകമായി ആരോഗ്യമുള്ള മൃഗങ്ങളെ വാർത്തെടുക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) കേന്ദ്ര മൃഗശാല അധികാരികൾ നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾ സംസ്ഥാനത്തെ മൃഗശാലകൾ പാലിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ കൂട്ടിലടച്ച് പാർപ്പിച്ച് പരിപാലിക്കുന്നതിനുള്ള കുറവുകൾ പരിഹരിക്കണമെന്ന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം മൃഗശാലയിൽ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരമുള്ള മാസ്റ്റർപ്ലാൻ പ്രകാരം തനത് ആവാസ വ്യവസ്ഥയിലുള്ള വിശാലമായ പരിബന്ധന ങ്ങളിലാണ് മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്നത്. തൃശ്ശൂർ മൃഗശാല പുത്തൂർ എന്ന സ്ഥലത്ത് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

(ബി) ജനിതകമായി ആരോഗ്യമുള്ള മൃഗങ്ങളെ വാർത്തെടുക്കുന്നതിന് നിലവിലുള്ള മൃഗങ്ങളുടേയും പക്ഷികളുടേയും കൂടെ വ്യത്യസ്തങ്ങളായ ജനിതക ഗുണങ്ങളുള്ള ജീവികളെ വിവിധ മൃഗശാലകളിൽ നിന്നും എത്തിച്ചിട്ടുണ്ട്. ഇവയുടെ കുഞ്ഞുങ്ങൾ ആരോഗ്യമുള്ളതാവാൻ സാധ്യതയുണ്ട്.

(സി) കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ മാനദണ്ഡങ്ങൾ പാലിച്ചുതന്നെയാണ് സംസ്ഥാനത്തെ മൃഗശാലകൾ പ്രവർത്തിക്കുന്നത്.

## മൃഗശാലകളുടെ നവീകരണം

160 (4185) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളുടെ നവീകരണത്തിനും കൂടുതൽ സന്ദർശകരെ ആകർഷിക്കു ന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) അന്താരാഷ്ട്ര മാതൃകകൾ അടിസ്ഥാനമാക്കി മൃഗശാലകൾ ആധുനിക വത്കരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; വിശദാംശം നൽകാമോ?

### ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവൃത്തികളാണ് നടത്തി വരുന്നത്. ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, ഇന്ത്യൻ കാട്ടുപോത്തുകൾക്കു വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, അക്വേറിയത്തിന്റെ നവീകരണം, സ്ത്രീ സൗഹാർദ്ദപരവും വിശ്രമ മുറിയും ചേർന്ന ടോയ്‌ലറ്റ് ആന്റ് മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മൃഗശാലാ ഓഫീസിനും സ്റ്റോറിനുമായുള്ള കെട്ടിടത്തിന്റെ നിർമ്മാണം, വിദേശപക്ഷികളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, ചിത്രശലഭ പാർക്കിന്റെ നിർമ്മാണം, ജിറാഫ്, സീബ്ര എന്നിവയെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, കടുവകളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം,

കുരങ്ങു വർഗ്ഗത്തിൽപ്പെട്ടവയെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൃഷ്ണമൃഗങ്ങളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, പന്നിമാൻ കൂടിന്റെ നവീകരണം, സിംഹക്കൂടിലെ അറ്റകുറ്റപ്പണികൾ, ഒട്ടകപ്പക്ഷി കൂടിന്റെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം, അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ആധുനിക രീതിയിലുള്ള അക്വേറിയത്തിന്റെ നിർമ്മാണം, സിംഹം, കടുവ, പുള്ളിപ്പുലി, മാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ, ഹിപ്പോപ്പൊട്ടാമസ് എന്നീ മൃഗക്കൂടുകളുടേയും നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം മൃഗശാലയിലേക്ക് രണ്ട് ജോഡി വെള്ള മയിൽ, രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൻ, ഏഷ്യാറ്റിക് ബ്ലാക്ക് കരടികൾ, ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെ ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം മൃഗശാല ആധുനികവൽക്കരിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകിയത് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ 62-ാം ടെക്നിക്കൽ കമ്മിറ്റി 24-1-2013-ാം തീയതി അംഗീകരിച്ചിട്ടുള്ളതുമാണ്.

## തിരുവനന്തപുരം മൃഗശാല മാറ്റി സ്ഥാപിക്കുന്ന നടപടി

161 (4186) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം മൃഗശാല നഗരത്തിന് പുറത്ത് കൂടുതൽ സൗകര്യത്തോടെ മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

തിരുവനന്തപുരം മൃഗശാല നഗരത്തിനു പുറത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. തിരുവനന്തപുരം മൃഗശാലയുടെ പ്രവർത്തനമികവും മറ്റ് ഘടകങ്ങളും കണക്കിലെടുത്ത് അതിനെ ഇടത്തരം വിഭാഗത്തിലുള്ള മൃഗശാലയിൽ നിന്നും ലാർജ്ജ് കാറ്റഗറി മൃഗശാലയുടെ സ്റ്റാറ്റസ്, കേന്ദ്ര മൃഗശാലാ അതോറിറ്റി ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച് നൽകിയിട്ടുണ്ട്.

## ജലമലിനീകരണം തടയുന്നതിനും നദികളെ സംരക്ഷിക്കുന്നതിനും നടപടി

162 (4187) ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. കെ. രാജൻ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല മലിനീകരണം തടയുന്നതിനും നദികളെ സംരക്ഷിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പമ്പാ നദിയിലെ മാലിന്യ നിർമ്മാർജ്ജനത്തിനും നദീ സംരക്ഷണ ത്തിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ജലസ്രോതസ്സുകളിൽ വിസർജ്ജ്യ മാലിന്യം തള്ളുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ഇതിനെതിരായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) ജലസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെയുള്ള ശിക്ഷാനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ ശിക്ഷാവ്യവസ്ഥകൾ കൂടുതൽ കർശനമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലമലിനീകരണം തടയുന്നതിന് മൂന്ന് വിധത്തിലുള്ള നടപടികളാണ് പൊതുവിൽ സ്വീകരിച്ചുവരുന്നത്. മാലിന്യം എത്താതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നിയമനടപടികളും ബോധവൽക്കരണ പ്രവർത്തനങ്ങളുമാണ് സ്വീകരിച്ചുവരുന്നത്. മാലിന്യ ലഘൂകരണം നടത്തുക എന്നത് അംഗീകരിക്കപ്പെട്ടിട്ടുള്ള മാർഗ്ഗമാണ്. ഇതോടൊപ്പം മാലിന്യം നേരിട്ട് നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങൾ/ നഗരത്തോട് ചേർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കമ്പിവേലികൾ നിർമ്മിക്കുന്ന പ്രവർത്തനം നിർവ്വഹിക്കാറുണ്ട്.

നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ഉത്തരവനുസരിച്ച് കേരളത്തിലെ 20 നദികളിലെ ജലഗുണനിലവാരം പരിശോധിച്ച് കൂടുതൽ മലിനമാണെന്ന് കണ്ടെത്തിയ പ്രദേശങ്ങളിലെ പ്രശ്നം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇതിനായി സംസ്ഥാന തലത്തിൽ "റിവർ റിജുവിനേഷൻ കമ്മിറ്റി" (ആർ.ആർ.സി)-യും

ജില്ലാതലത്തിൽ ജില്ലാ സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെയാണ് പ്രവർത്തന നടക്കുന്നത്. " സംസ്ഥാന നദീതട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്."

(ബി) പമ്പാ നദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻപ്ലാൻ. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് പമ്പാ ആക്ഷൻപ്ലാൻ ഒന്നാം ഘട്ടത്തിന് 2003-ൽ 18.5 കോടി രൂപയുടെ അംഗീകാരം നൽകി. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെയാണ് ഏൽപ്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി. ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്. പമ്പാ ആക്ഷൻപ്ലാൻ രണ്ടാം ഘട്ടത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കരട് പ്രൊപ്പോസലുകൾ പഠിച്ച് ഒരു സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടിയെടുത്തുവരുന്നു.

(സി) ജലസ്രോതസ്സുകളിൽ വിസർജ്ജ്യമാലിന്യം എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് അധികൃതർ എന്നിവർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി&ഇ) ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ ചുവടെപ്പറയുന്ന നിയമങ്ങൾ പ്രകാരം വിവിധ ഏജൻസികൾ/വകുപ്പുകൾ നടപടികൾ സ്വീകരിച്ചു വരുന്നു.

1. വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട്, 1974.
2. കേരള പഞ്ചായത്തീരാജ് നിയമം, 1994.
3. കേരള മുനിസിപ്പാലിറ്റീസ് നിയമം, 1994.
4. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2018

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ

തദ്ദേശ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചന ജലസംരക്ഷണ (ഭേദഗതി) നിയമം 2018 (Act 16 of 2018) നിലവിലുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. തസ്തിക

163 (4188) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. തസ്തികയിലേക്ക് അവസാനമായി വിജ്ഞാപനം വിളിച്ചത് എന്നാണ്; അതിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; അതിന്റെ യോഗ്യത, മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ;

(ബി) എൽ.ഡി.സി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്ത തീയതിയുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എൽ.ഡി.സി. വിജ്ഞാപനവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേസ് ഇത്ര നാളായിട്ടും തീർപ്പാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ടി കേസിന്റെ നിലവിലെ അവസ്ഥ എന്താണ്;

(ഇ) ഇങ്ങനെ കേസ് അനന്തമായി നീളുന്നത് കാരണം തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് സമാന തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കോടതിയുടെ അനുമതിക്കായി നടപടി സ്വീകരിക്കുമോ; എൽ.ഡി.സി. തസ്തികയിൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. തസ്തികയിലേക്ക് 345/12 കാറ്റഗറി നമ്പരായി 16-7-2012-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 145 ഒഴിവുകളിലേക്കാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. അതിൽ പ്രതിപാദിച്ചിരുന്ന യോഗ്യതകൾ ചുവടെ പറയും പ്രകാരമായിരുന്നു.

1. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം

2. ലാൽബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് & ടെക്നോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് അല്ലെങ്കിൽ തത്തുല്യ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നുള്ള മൂന്ന് മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി ആന്റ് ഓഫീസ് ആട്ടോമേഷൻ സർട്ടിഫിക്കറ്റ്.

എന്നാൽ 11-11-2016-ലെ സ.ഉ. (പി) നമ്പർ 27/2016/ജവിവ. പ്രകാരം (എസ്.ആർ.ഒ. നമ്പർ 690/2016) കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.ക്ലാർഡിന്റെ യോഗ്യത, ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം മാത്രമാക്കി ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) എൽ.ഡി.സി. തസ്തികയിൽ നിലവിൽ 191 ഒഴിവുകളുണ്ട്. 28-9-2011-ലെ കെ.ഡബ്ല്യൂ.എ/എച്ച്.ഒ/ഇ-10/12880/2003 നമ്പർ കത്ത് പ്രകാരം 145 ഒഴിവുകളും 12-04-2019-ലെ കെ.ഡബ്ല്യൂ.എ/എച്ച്.ഒ/ഇ 10-4932/2002 നമ്പർ കത്ത് പ്രകാരം 46 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) ഉണ്ട്. WP(C) No. 24279/2012-ന്മേലുള്ള 1-8-2014-ലെ വിധിന്യായപ്രകാരം കാറ്റഗറി നമ്പർ 345/2012 പ്രകാരമുള്ള തെരഞ്ഞെടുപ്പ് നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മരവിപ്പിച്ചിരിക്കുകയാണ്. ആയതിന്മേലുള്ള WA No. 150/2015-ൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

(ഇ&എഫ്) 11-11-2016-ലെ സ.ഉ.(പി) നമ്പർ 27/2016/ജവിവ. പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്കുള്ള യോഗ്യത ഭേദഗതി ചെയ്തതിനുശേഷമുണ്ടായ 77 ഒഴിവുകളിലേക്ക് കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലേയ്ക്കുള്ള ജൂനിയർ അസിസ്റ്റന്റ്/ അസിസ്റ്റന്റ് ഗ്രേഡ്-II റാങ്ക് പട്ടികയിൽ നിന്നും (കാറ്റഗറി നമ്പർ 489/11) പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. കൂടാതെ 12-4-2019-ൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റിപ്പോർട്ട് ചെയ്ത 46 ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച തീരുമാനം പി.എസ്.സി. കൈക്കൊള്ളുന്നതാണ്.

## ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

164 (4189) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് നടപ്പിലാക്കിയതിന് ശേഷമുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ലോകബാങ്ക് അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ഡാമുകളിൽ പ്രളയംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ പുനരുദ്ധാരണം/അറ്റകുറ്റപ്പണികൾക്കായി ആരംഭിച്ച ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP)-ന് 2012-ൽ 360 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിക്ക് 2020 ജൂൺ വരെയാണ് കാലാവധി. ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾവഴി ഉണ്ടായ പുരോഗതി ചുവടെ ചേർക്കുന്നു :

1. " ഗ്രൗട്ടിങ്" നടത്തിയ ഡാമുകളായ ചിമ്മിനി കുറ്റിയാടി, കാഞ്ഞിരപ്പുഴ, കല്ലട, മലങ്കര എന്നിവയിൽ സ്വീപേജ് വളരെയധികം കുറഞ്ഞിട്ടുണ്ട്.
2. വാളയാർ, ചുള്ളിയാർ മീങ്കര, കുറ്റിയാടി, മലങ്കര തുടങ്ങിയ earthern ഡാമുകളുടെ slope correction നടത്തി ഒറിജിനൽ ഡിസൈനിലേക്കാക്കി.
3. ഇതിനായി ഡാമിന്റെ downstream ഭാഗത്തുള്ള പുല്ല് പിടിപ്പിക്കുന്ന turfing എന്ന പ്രവൃത്തിയും upstream സൈഡിൽ കല്ലടുക്കുന്ന റിപ് റാപ് പ്രവൃത്തിയും നടത്തുകയുണ്ടായി.
4. റിസർവോയർ ഏരിയ തിരിച്ച് ബൗണ്ടറി ഫെൻസിങും നടത്തിയിട്ടുണ്ട്.
5. മെക്കാനിക്കൽ ഷട്ടറുകൾ റിപ്പയർ ചെയ്യുകയും മാറ്റി വയ്ക്കുകയും ചെയ്തത് വഴി ഇക്കഴിഞ്ഞ ആഗസ്റ്റിലെ വെള്ളപ്പൊക്കത്തിൽ ഡ്രിപ് പദ്ധതി നടപ്പിലാക്കിയ എല്ലാ ഡാമുകളുടെ ഷട്ടറുകളും വിജയകരമായി പ്രവർത്തിപ്പിക്കുവാൻ സാധിച്ചു.

(ബി) 2012-ൽ ആരംഭിച്ചു. 360 കോടി രൂപയുടെ ഭരണാനുമതിയുള്ള പദ്ധതിക്ക് 2020 ജൂൺ വരെ കാലാവധിയുണ്ട്. ഡാം റീഹാബിലിറ്റേഷൻ പ്രവൃത്തികളെല്ലാം പുരോഗമിച്ചു വരുന്നു. ഡാമുകളുടെ instrumentation surveillance, ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സ് നിർമ്മാണം, കുറ്റ്യാടി ബാക്കിങ് പ്രവൃത്തി, 6 electrical പ്രവൃത്തികൾ എന്നിവയൊക്കെ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയാണ്. ഇവയെല്ലാം പൂർത്തിയാകുന്നതോടെ അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നാളിതുവരെ DRIP പദ്ധതിക്ക് 206 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽപ്പെട്ട ഡാം സ്ട്രക്ച്ചറുകളിലൊന്നും തന്നെ പ്രളയംമൂലം നാശനഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ ചില ഡാമുകളുടെ താഴ്‌വാരത്തുള്ള ഭാഗങ്ങളിൽ നാശനഷ്ടം റിപ്പോർട്ട് ചെയതത് അനുബന്ധമായി* ചേർക്കുന്നു.

**ജലവിഭവ വകുപ്പിലെ കിഫ്ബി പദ്ധതികൾ**

165 (4190) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പും കേരള വാട്ടർ അതോറിറ്റിയും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) കിഫ്ബി ഫണ്ട് അനുവദിച്ചിട്ടും സ്ഥലമെടുപ്പ് പ്രവൃത്തികൾ നീണ്ടു പോകുന്നതുമൂലം പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണെന്ന് അറിയിക്കുമോ;

(സി) പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്കെല്ലാം കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ചു;

(ഇ) 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 36 കിഫ്ബി പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പും കേരള വാട്ടർ അതോറിറ്റിയും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ യഥാക്രമം അനുബന്ധം* (1,2,3) ആയി ചേർത്തിരിക്കുന്നു. ജലവിഭവ വകുപ്പിന്റെ പദ്ധതി വിഭാഗം 2 കീഴിൽ "Meenachil River Valley Project - Construction of Regulator cum bridge across Meenachil river at Kuttanlkadavu in Bharananganam panchayat- Rs.10.13 കോടി രൂപയുടെയും "MRVP Construction of mini dam with regulator across meenachil River at Chemplavu in Kidangoor panchayath" - Rs.9.10 കോടി രൂപയുടെയും രണ്ട് പദ്ധതികൾ ഭരണാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.

കെ.ഐ.ഐ.ഡി.സി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന 2 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

- ആലപ്പുഴ കനാലുകളുടെ നവീകരണം
- തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ അന്ധകാരത്തോട് പുനരുദ്ധാരണം കൂടാതെ ആലപ്പുഴയിൽ ഹരിപ്പാട് അമ്പലപ്പുഴ-ആറാട്ടുപുഴ എന്നിവിടങ്ങളിൽ അഞ്ചുഗ്രോയൻ ഫീൽഡുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകുകയും ആയതിന്റെ സാങ്കേതികാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് പഞ്ചായത്തിലെ കുവേരി കാട്ടാമ്പള്ളിയിൽ ആർ.സി.ബി. നിർമ്മാണത്തിന് കിഫ്ബിയുടെ അനുമതി ലഭിക്കുകയും സാങ്കേതികാനുമതി നൽകുകയുമുണ്ടായി. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലേക്കായി പതിനാറ് ആർ.സി.ബി.കൾക്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. വേണ്ടത്ര പഠനങ്ങൾ പൂർത്തിയാക്കി കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണികൾ നടപ്പിലാക്കാൻ കഴിയും.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർത്തിരിക്കുന്നു.* ആലപ്പുഴ ജില്ലയിലെ അഞ്ചു ഗ്രോയൻ ഫീൽഡുകൾ നിർമ്മിക്കുന്നതിന് അനുബന്ധമായി കടൽഭിത്തിയുടെ അടുത്ത് താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനു സ്ഥലമെട്ടുപ്പ് ആവശ്യമായേക്കാം. ഇത് ഗ്രോയൻ ഫീൽഡ് നിർമ്മാണത്തോടൊപ്പം നടപ്പിലാക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 11 സർക്കിളുകളിലായി നടപ്പിലാക്കാനായി 433.33 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത പദ്ധതികളിൽ ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) 2017-18-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 36 കിഫ്ബി പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വൻകിട ജലസേചന പദ്ധതികളെ പുനരുജ്ജീവിപ്പിക്കാൻ നടപടി**

166 (4191) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ജലസേചന പദ്ധതികളായ മൂവാറ്റുപുഴ വാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുര സാഗർ എന്നിവയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ജലസേചനത്തിനായി സ്ഥാപിച്ച പല പദ്ധതികളും യന്ത്രത്തകരാർ മൂലവും മറ്റ് പിഴവുകൾമൂലവും നാശോന്മുഖമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ അവയെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; പദ്ധതി പ്രാവർത്തികമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമല്ലാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി* ചേർക്കുന്നു.

(ബി & സി) വൻകിട ജലസേചന പദ്ധതിയിൽ യന്ത്രത്തകരാറുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 16-1-2019-ൽ ജലവിഭവ വകുപ്പ്, കൃഷി വകുപ്പ് മന്ത്രിമാരുടെ ഉന്നതതല യോഗത്തിലെ തീരുമാനപ്രകാരം ജലസേചനം, കൃഷി എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥന്മാർ സംയുക്ത പരിശോധന നടത്തി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷന് അനുയോജ്യമായ പദ്ധതി പ്രദേശങ്ങൾ കണ്ടെത്തി അടിയന്തര നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. ഇതു പ്രകാരം ഫീൽഡ് ഓഫീസർമാരുടെ പ്രാഥമിക കണ്ടെത്തൽ പ്രകാരം ലഭ്യമായ ഏകദേശം 10130 ഹെക്ടർ സ്ഥലത്ത് ടി പദ്ധതി പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമല്ലാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.മിർപ, പ്രോജക്ട് മെയിന്റനൻസ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നിളാ നദി സംരക്ഷണ പദ്ധതി**

167 (4192) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമലിനീകരണം തടയുന്നതിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) നിളാ നദീസംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നതെന്ന് വിശദീകരിക്കാമോ;

(സി) ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഒരു സ്ഥിരം തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജലസ്രോതസ്സുകളിലെ ജലമലിനീകരണം ലഘൂകരിക്കുന്നതിനും ഒഴിവാക്കുന്നതിനുമായി വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പുഴകളിലെ ജലമലിനീകരണത്തിന്റെ തോത് കുറയ്ക്കുന്നതിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നീരൊഴുക്ക് സ്ഥായിയാക്കുക എന്ന ലക്ഷ്യത്തോടെ തടയണകൾ, റെഗുലേറ്ററുകൾ നിർമ്മിച്ചുവരുന്നു. ഇതോടൊപ്പം എക്കലും മാലിന്യവും നീക്കം ചെയ്യുന്ന പ്രവൃത്തിയും നിർവ്വഹിക്കുന്നു. കുളങ്ങൾ/ചിറകൾ, തോടുകൾ എന്നിവിടങ്ങളിലെ ശുചീകരണ പ്രവർത്തനവും ഏറ്റെടുത്തിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ നിന്നാണ് കൂടുതൽ മാലിന്യം ജല സ്രോതസ്സുകളിലേക്ക് നിക്ഷേപിക്കുന്നത്. ഇത് പ്രതിരോധിക്കുന്നതിന്റെ ഭാഗമായി നഗരത്തിലും അതിനോടു ചേർന്നു വരുന്ന പ്രദേശങ്ങളിലുമുള്ള പാലങ്ങളിൽ കമ്പിവല സ്ഥാപിക്കുന്ന പ്രവൃത്തി നിർവ്വഹിക്കുന്നു. ഇതോടൊപ്പം തോടുകൾ/തടാകങ്ങൾ എന്നിവയുടെ വശങ്ങളിലും കമ്പിവേലി സ്ഥാപിക്കുന്ന പ്രവൃത്തി സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുക്കാറുണ്ട്. ഇത് മാലിന്യ നിക്ഷേപം തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമായി വിലയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെ സഹകരണത്തോടെ നടക്കുന്നുണ്ട്. ജലസ്രോതസ്സുകൾ മലിനീകരണത്തിന് കാരണമാകുംവിധം മാലിന്യം നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണ്. ഇതിനുള്ള ശിക്ഷ വർദ്ധിപ്പിച്ചുകൊണ്ടുള്ള നിയമം (കേരളജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2018) പ്രാബല്യത്തിലുണ്ട്.

(ബി) പാലക്കാട് ജില്ലാ പഞ്ചായത്ത് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 'ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി' മംഗലം പുഴ നിർവ്വഹണ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം, ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഭാരതപ്പുഴ നദീതടത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഓരോ ചെറു നീർത്തടത്തിലും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കിയിട്ടുള്ള ഈ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള കുളങ്ങളുടെ ശുചീകരണം, സംരക്ഷണ ശേഷി വർദ്ധിപ്പിക്കൽ, കുളങ്ങളിലെ ജലലഭ്യത നിലനിർത്താൻ സഹായിക്കുന്ന 'ഇന്റർ ലിങ്കിംഗ് ഓഫ് പോണ്ട്സ്' തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനടുത്ത് ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനായി മണ്ണ് പര്യവേക്ഷണപ്രവൃത്തികൾ നടത്തുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## ഉള്ളൂർ തോടിന്റെ ശുചീകരണം

168 (4193) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ആമയിഴഞ്ചാൻ തോടിന്റെ ഭാഗമായുള്ള ഉള്ളൂർ തോടിൽ വർഷങ്ങളായി ശുചീകരണം നടത്താത്തതിനാൽ എക്കലും മാലിന്യവും അടിഞ്ഞ് പല ഭാഗത്തും ഒഴുക്ക് നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ പ്രളയകാലത്ത് ഈ തോട് കരകവിഞ്ഞ് ഒഴുകി പട്ടം കുഴിവയൽ, ഗൗരീശപട്ടം ഭാഗങ്ങളിലെ വീടുകളിൽ മലിനജലം കയറി നാശനഷ്ടം വിതച്ചത് സംബന്ധിച്ച് പരാതി നൽകിയിട്ടും ഈ തോടിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(സി) മുറിഞ്ഞപാലം സീവേജ് പമ്പ് ഹൗസിൽനിന്നും സമീപത്തെ ആശുപത്രികളിൽനിന്നും മാലിന്യങ്ങൾ തള്ളുന്നത് ഈ തോടിലേക്കാണ് എന്ന സ്ഥിതിവിശേഷം പരിഗണിച്ച് എക്കലും മാലിന്യവും നീക്കം ചെയ്ത് തോടിന്റെ ആഴം കൂട്ടുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പട്ടം, കുഴിവയൽ, ഗൗരീശപട്ടം എന്നീ ഭാഗങ്ങളിലൂടെ ഒഴുകുന്ന തോടുകളിൽ പ്രളയത്തിൽ വന്നടിഞ്ഞ എക്കലും മാലിന്യങ്ങളും നീക്കുന്നതിന് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഉള്ളൂർ മുതൽ പുത്തൻപാലം വരെയുള്ള തോട് സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിന് 2019-20 ബഡ്ജറ്റിൽ 9 കോടി രൂപയുടെ എസ്റ്റിമേറ്റിൽ 1.8 കോടി രൂപ വകയിരുത്തി യിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**റിവൈവ് വെള്ളായണി പദ്ധതി**

169 (4194) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല തടാകമായ വെള്ളായണി കായൽ പായലും കുളവാഴയും നിറഞ്ഞു നിലവിൽ നാശോന്മുഖമായിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത കായൽ ശുദ്ധീകരിക്കുന്നതിന് റിവൈവ് വെള്ളായണി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി തുടർപദ്ധതിയായി നിലനിർത്തി വെള്ളായണി കായലിനെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കായലിന്റെ സംഭരണശേഷിയിലുണ്ടായിട്ടുള്ള കുറവ്, മലിനീകരണം, അനധികൃത മണൽ ഖനനം, കായലിനോട് ചേർന്നു കിടക്കുന്ന ഭൂമിയിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്നിവയാണ് കായൽനേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്ന് CWRDM റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(ബി&സി) സ്വസ്തി ഫൗണ്ടേഷൻ എന്ന ഒരു സംഘടന റിവൈവ് വെള്ളായണി എന്ന പേരിൽ കായൽ ശുചീകരിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്, ജലസേചന വകുപ്പ്, ടൂറിസം വകുപ്പ്, പരിസ്ഥിതി വകുപ്പ് തുടങ്ങിയവയുടെ സഹായത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരളയുടെ നോഡൽ ഡിപ്പാർട്ടുമെന്റ് എന്ന നിലവിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കായൽ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**വർക്കല മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

170 (4195) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിലെ കുളങ്ങൾ നവീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

1. വെട്ടൂർ പഞ്ചായത്തിലെ കോയലിമൂല കുളം - പ്രവൃത്തി പൂർത്തീകരിച്ചു.
2. ചെമ്മരുതി പഞ്ചായത്തിലെ നമ്പ്യാർക്കോണം കുളം - പ്രവൃത്തി പൂർത്തീകരിച്ചു.

3. ഇലകമൺ പഞ്ചായത്തിലെ വേങ്ങോട് കുളം - പ്രവൃത്തി പൂർത്തീകരിച്ചു.

4. ഇടവ പഞ്ചായത്തിലെ ചന്ദ്രനല്ലൂർ കുളം-പ്രവൃത്തി പൂർത്തീകരിച്ചു.

5. പള്ളിക്കൽ പഞ്ചായത്തിലെ ചാഴൂർകുളം - പ്രവൃത്തി പൂർത്തീകരിച്ചു.

6. മടവൂർ പഞ്ചായത്തിലെ കൃഷ്ണൻകുളം - പ്രവൃത്തി പൂർത്തീകരിച്ചു.

## പലകപ്പാണ്ടി കനാലിന്റെ അറ്റകുറ്റപ്പണികൾ

171 (4196) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ചുള്ളിയാർ ഡാമിലേക്കുള്ള പ്രധാന ജലസ്രോതസ്സായ പലകപ്പാണ്ടി കനാലിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ;

(ബി) പലകപ്പാണ്ടി കനാലിൽ നിലവിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പലകപ്പാണ്ടി കനാലിൽ നിലവിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ക്വട്ടേഷൻ/പൊതുലേലം, ഇ-ടെണ്ടർ മുഖേന 10-7-2018-ന് ക്ഷണിക്കുകയും ആയതിൽ ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ പുനർദർഘാസ് ക്ഷണിക്കുകയും അതിൽ രണ്ടു പേർ പങ്കെടുത്തുവെങ്കിലും ഒരാളുടെ ദർഘാസിൽ അപാകത കണ്ടെത്തിയതിനാൽ പ്രസ്തുത ടെണ്ടർ സിംഗിൾ ടെണ്ടർ ആയി പരിഗണിച്ചുകൊണ്ട് 19-10-2018-ന് പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. ആയതിൽ മൂന്ന് പേർ പങ്കെടുക്കുകയും ഏറ്റവും കൂടുതൽ ലേല തുക എഴുതിയ വ്യക്തിക്ക് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും തുകയടച്ച് എഗ്രിമെന്റ് വെയ്ക്കാൻ തയ്യാറാവാതിരുന്നതിനാൽ ടിയാന്റെ EMD സർക്കാരിലേയ്ക്ക് കണ്ടുകെട്ടി. തൊട്ടുതാഴെ ക്വാട്ട് ചെയ്ത തുകയും ആദ്യതുകയും തമ്മിൽ വലിയ അന്തരം ഉള്ളതിനാലും തുക വർദ്ധിപ്പിക്കാൻ ടിയാൻ തയ്യാറാകാതിരുന്നതിനാലും 29-4-2019-ന് മൂന്നാമതും പുനർദർഘാസ് ക്ഷണിച്ചു. മൂന്നാമത്തെ

പുനർദർഘാസിൽ മുമ്പത്തേതിനേക്കാളും കുറഞ്ഞ തുകയ്ക്കാണ് ലേലം വന്നിട്ടുള്ളത്. ആയതിനാൽ മൂന്നാമത് ക്ഷണിച്ച പുനർദർഘാസിൽ ലഭിച്ച ക്വട്ടേഷൻ സ്വീകരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം I-ന്റെ കത്ത് സർക്കാർ പരിശോധിച്ചുവരുന്നു.

## പെരുവണ്ണാമൂഴി പുഴയിൽ നിന്നുള്ള ജലവിതരണം

172 (4197) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണമൂഴി പുഴയിൽ നിന്നും വിവിധ പഞ്ചായത്തുകളിലേക്ക് കനാൽ വഴി വെള്ളം വിതരണം ചെയ്യുന്നതിന് നിലവിൽ അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(ബി) ഒരേ സമയം ഒന്നിൽ കൂടുതൽ ഭാഗങ്ങളിലേക്ക് ജലവിതരണം നടത്താൻ കഴിയുമോ; ഇത് സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിലുള്ള കനാലുകൾ നവീകരിക്കാൻ പദ്ധതി ആലോചനയിൽ ഉണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ആയക്കെട്ട് പ്രദേശങ്ങളിൽ മൂന്നാംവിള കൃഷിക്കാവശ്യമായ ജലവിതരണം നടത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ താലൂക്കുകളിൽ വരുന്ന പാടശേഖര സമിതികൾ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ യോഗം വിളിച്ച് ചേർത്ത് കാർഷിക കലണ്ടർ തയ്യാറാക്കി ജില്ലാതല പ്രൊജക്ട് അഡ്വൈസറി കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ജലവിതരണം നടത്തുന്നത്. പദ്ധതിയുടെ ഭാഗമായുള്ള വിവിധ ബ്രാഞ്ച് കനാലുകളിൽ മുൻകൂട്ടി നിശ്ചയിച്ച ക്രമപ്രകാരം ഒന്നോ ഒന്നിലധികമോ ബ്രാഞ്ച് കനാലുകളി ലായാണ് ജലവിതരണം നടത്തുന്നത്.

(ബി) ഇല്ല. ജലവിതരണം ആരംഭിച്ച് രണ്ട് മാസം ആകുമ്പോഴേക്കും കനാലുകളിൽ ചെടികൾ വളർന്ന് ഒഴുക്കിനെ കാര്യമായി ബാധിക്കുന്നതിനാൽ മെയിൻ കനാലിൽ നിന്ന് ഒരേ സമയം ഒന്നിൽ കൂടുതൽ ബ്രാഞ്ച് കനാലുകളിലേക്ക് ജലവിതരണം നടത്താൻ സാധിക്കാതെ വരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ബ്രാഞ്ച് കനാലിന്റെ അവസാന ഭാഗത്തുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും പരാതികൾ ലഭിക്കാറുണ്ട്. വരൾച്ച രൂക്ഷമാകുന്ന സമയത്ത് കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ ബ്രാഞ്ച് കനാലുകളിൽ തുടർച്ചയായി വെള്ളം ആവശ്യപ്പെടുന്ന സാഹചര്യവും നിലവിലുണ്ട്.

(സി) ഉണ്ട്. 2018-19, 2019-20 വർഷങ്ങളിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണത്തിനായി 5 കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തുകയും പ്രസ്തുത തുക ഉപയോഗപ്പെടുത്തി കനാൽ നവീകരണത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ പ്രളയംമൂലം തകരാറിലായ കനാലുകളെ പുനരുദ്ധരിക്കുന്നതിനായി SDRF-ൽ വകയിരുത്തിയ തുക ഉപയോഗപ്പെടുത്തി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയം സംബന്ധിച്ച അമിക്കസ് ക്യൂറി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ

173 (4198) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഓഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പ്രധാനപ്പെട്ട കാരണം സംസ്ഥാനത്തെ എഴുപത്തിയൊൻപതോളം ഡാമുകളുടെ പ്രവർത്തനത്തിലുണ്ടായ പോരായ്മകളാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട്, ഹൈക്കോടതി നിയമിച്ച അമിക്കസ് ക്യൂറി സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ അംഗീകരിക്കുവാൻ സാധിക്കില്ല എന്ന നിലപാടാണോ ജലവിഭവ വകുപ്പിനുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഡാമുകൾക്ക് ഫ്ലഡ് കൺട്രോൾ സോൺ, ഫ്ലഡ് കുഷ്യൻ എന്നിവ ഇല്ലാത്തത് പ്രളയത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു എന്ന അമിക്കസ് ക്യൂറിയുടെ കണ്ടെത്തൽ ഗൗരവമായി കാണുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കുറവുകൾ പരിഹരിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തുണ്ടായ പ്രളയത്തിനെത്തുടർന്ന് ഡാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) അമിക്കസ് ക്യൂറി സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അമിക്കസ് ക്യൂറി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കാൻ സാധിക്കില്ലെന്ന നിലപാടാണ് ജലസേചന വകുപ്പിനുള്ളത്. 2018 മൺസൂൺ കാലത്ത് പ്രതീക്ഷിച്ചതിൽ കൂടുതൽ മഴ സംസ്ഥാനത്ത് ലഭിച്ചിരുന്നു. ഓഗസ്റ്റ് മാസം 14, 15, 16 തീയതികളിൽ ലഭിച്ച ശക്തമായ മഴയാണ് പ്രളയത്തിന് കാരണമായത്.

(സി) ഉണ്ട്. ഇതിനായി ഫ്ലഡ് കൺട്രോൾ സോൺ, ഫ്ലഡ് കുഷ്യൻ എന്നിവ ഉൾപ്പെടുന്ന റൂൾകർവ് ജലസേചന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ആയത് കേന്ദ്ര ജലകമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ഡി) 1. ജലസേചന വകുപ്പിനു കീഴിലുള്ള 16 ഡാമുകളിൽ 12 ഡാമുകളുടെ കരട് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചു. ബാക്കിയുള്ളവയിൽ 2 ഡാമുകളുടെ EAP തയ്യാറാക്കിവരുന്നു. 6 മാസത്തിനകം മേൽ സൂചിപ്പിച്ച 16 ഡാമുകളുടെയും EAP പ്രസിദ്ധീകരിക്കാനാകും.

2. ആസ്ട്രേലിയൻ വാട്ടർ പാർട്ട്ണർഷിപ്പിന്റെയും ജപ്പാൻ വാട്ടർ ഏജൻസികളുടെയും സഹായത്താൽ KWRD, KSEBL, CWRDM എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി പമ്പ, പെരിയാർ എന്നീ റിവർ ബേസിനുകളിൽ ഇന്റഗ്രേറ്റഡ് റിസർവോയർ ഓപ്പറേഷൻസും ഏർലി ഫ്ലഡ് വാർണിംഗ് സംവിധാനവും നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. പമ്പ ബേസിനിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾക്കായി ആസ്ട്രേലിയയിൽ നിന്നും വിദഗ്ദ്ധ സംഘം സംസ്ഥാനത്ത് വരികയും സർക്കാരുമായി ചർച്ചകൾ നടത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി DRIP പദ്ധതികൾക്കായുള്ള സെൻട്രൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് ഫണ്ട് ലഭ്യമാക്കുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4. ജലസേചന വകുപ്പിന്റെ കീഴിലുള്ള 13 ഡാമുകളുടെ റൂൾകർവ് തയ്യാറാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതിൽ 7 ഡാമുകളുടെ റൂൾകർവ് തയ്യാറാക്കി കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവ തയ്യാറാക്കി അനുമതിക്കായി ഉടനെ സമർപ്പിക്കുന്നതാണ്.

5. പെരിയാർ, ചാലക്കുടി എന്നീ റിവർ ബേസിനുകളിലും കുട്ടനാട് ഭാഗത്തേയ്ക്ക് ഒഴുകുന്ന നദികളിലും നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി ഫ്ലഡ് വാർണിംഗ് സിസ്റ്റം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള നിശ്ചയിച്ചുറപ്പിച്ച സ്റ്റേഷൻ നെറ്റ്‌വർക്കിംഗ് CWC, IMD എന്നിവയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ലോക ബാങ്കിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ബിഡ് ഡോക്യുമെന്റ് തയ്യാറാക്കിവരുന്നു.

6. ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) പദ്ധതിയിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിനു കീഴിലുള്ള ഡാമുകളിൽ Instrumentation-ഉം surveillance-ഉം സ്ഥാപിക്കാനുള്ള നടപടികളും ധ്രുതഗതിയിൽ നടന്നുവരുന്നു.

## നെയ്യാർഡാമിലെ ചിൽഡ്രൻസ് പാർക്കിന്റെ നവീകരണം

174 (4199) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രമായ നെയ്യാർഡാമിലെ ചിൽഡ്രൻസ് പാർക്കിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നെയ്യാർഡാമിൽ ഇറിഗേഷൻ വകുപ്പിനുകീഴിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ആയതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നെയ്യാർഡാമിൽ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും ഡി.പി.ആർ. തയ്യാറാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ടൂറിസം വകുപ്പ് മുഖേന ജലസേചന വകുപ്പ് നെയ്യാർഡാമിൽ നടപ്പിലാക്കുന്ന "Development of Neyyar Dam as a Tourist Destination" എന്ന പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി 4.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നെയ്യാർഡാമിൽ ഇറിഗേഷൻ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) 1. 2019-20 സാമ്പത്തിക വർഷത്തിൽ നെയ്യാർഡാം ജലസേചന പദ്ധതിയുടെ മെയിന്റനൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വരുന്നു. ഇതിൽ ഡാമിലെ ഗാലറിക്കുള്ളിലെ ലൈറ്റിംഗ് സംവിധാനം, കുടിവെള്ള യൂണിറ്റുകൾ സ്ഥാപിക്കൽ, ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിക്കൽ, ഗാർഡൻ മ്യൂസിക് സിസ്റ്റം മുതലായവ ഉൾപ്പെടുന്നു.

2. ഡാം പെയിന്റിംഗും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 43,88,970 രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. ഇതിന്റെ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നുവരുന്നു.

3. നെയ്യാർഡാമിൽ ഇടതുകര മെയിൻ കനാലിന്റെ 450-ാം മീറ്ററിൽ കനാലിന് കുറുകെ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 20 ലക്ഷം രൂപയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

## കോട്ടക്കുഞ്ചെ എസ്.ഡബ്ല്യൂ.ഇ. ഡാം അറ്റകുറ്റപ്പണികൾ

175 (4200) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് നിയോജകമണ്ഡലത്തിലെ മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കോട്ടക്കുഞ്ചെ എസ്.ഡബ്ല്യൂ.ഇ.ഡാമിന് എത്രവർഷത്തെ പഴക്കമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഏക്കർ സ്ഥലത്തിന് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ എസ്.ഡബ്ല്യൂ.ഇ. ഡാമിന്റെ അറ്റകുറ്റപ്പണി നടന്നിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ;

(ഡി) ഉദ്ദിഷ്ട ഫലം ഈ ഡാം നൽകുന്നുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഇ) ഈ ഡാം പുതുക്കിപ്പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(എഫ്) ഡാം പുതുക്കിപ്പണിയുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ ഡാമിന് 50 വർഷത്തെ പഴക്കമുണ്ട്.

(ബി) 142.5 ഏക്കർ സ്ഥലത്ത് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്.

(സി) സാധാരണ നടത്തുന്ന വാർഷിക അറ്റകുറ്റപ്പണികൾക്ക് പുറമെ 2013-ൽ 1,21,456 രൂപയുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്.

(ഡി) ഈ ഡാമിന്റെ ശോചനീയാവസ്ഥമൂലം ഉദ്ദേശിച്ച ഫലം കിട്ടുന്നില്ല. അടിയന്തരമായി വലിയ തോതിലുള്ള നവീകരണ പ്രവൃത്തി ആവശ്യമാണ്.

(ഇ&എഫ്) 162 ലക്ഷം രൂപയുടെ നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ഉദ്ദേശിച്ച ഫലം ലഭ്യമാകുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നിർദ്ദേശ പ്രകാരം പ്രസ്തുത സ്ഥലത്ത് പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി 7.80 ലക്ഷം രൂപ അടങ്കലിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റും 2100 ലക്ഷം രൂപ അടങ്കലിനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കി കാസർഗോഡ് ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജ് സംബന്ധിച്ച എംപവേർഡ് കമ്മിറ്റിയാണ് പാക്കേജിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് അനുമതി നൽകുന്നത്.

## ജലവിഭവ പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ

176 (4201) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കരിങ്കുഴി വി.സി.ബി.(വെന്റഡ് ക്രോസ്സ് ബാർ) നിർമ്മാണപ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ജലവിഭവ വകുപ്പിന്റെ കീഴിൽ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികളുടെ സാങ്കേതികാനുമതിയും, ടെണ്ടർ നടപടികളും അനിശ്ചിതമായി നീണ്ടുപോകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിലെ ടി പ്രവൃത്തിക്ക് 95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ കാലയളവിനോടനുബന്ധിച്ച് തന്നെ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണ് പ്രവൃത്തിയുടെ തുടർ നടപടികൾക്ക് കാലതാമസം നേരിട്ടത്. ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ജലവിഭവ വകുപ്പിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ തുടർനടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

## കടലുണ്ടിപ്പുഴയുടെ തീരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി

177 (4202) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയംമൂലം നശിച്ച കടലുണ്ടിപ്പുഴയുടെ തീരങ്ങൾ എസ്.ഡി.ആർ.എഫ്. ഉപയോഗപ്പെടുത്തി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് മലപ്പുറം മണ്ഡലത്തിൽ നിന്നും എത്ര പ്രൊപ്പോസലുകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അതിൻപ്രകാരം ഇതുവരെ എതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും അനുവദിച്ച തുകയും വെളിപ്പെടുത്തുമോ;

(സി) പരിഗണനയിലുള്ള മറ്റു പദ്ധതികൾക്കുകൂടി എന്നത്തേക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന മൂന്ന് പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിക്കുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

1. മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 20 ചെമ്മങ്കടവ് തെക്കേത്തല റീച്ച്-1 കടലുണ്ടിപ്പുഴയുടെ വലതുകരയുടെ അടിയന്തര അറ്റകുറ്റപ്പണികൾ 19.10 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 13 കൂട്ടമണ്ണക്കടുത്ത് കടലുണ്ടിപ്പുഴയുടെ വലതുകരയുടെ അടിയന്തര അറ്റകുറ്റപ്പണികൾ - 16.9 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ എന്നിവ പുരോഗമിച്ചുവരുന്നു.

3. കോഡൂർ പഞ്ചായത്തിലെ ആനക്കടവ് കിഴക്കെത്തൊടി റോഡിന്റെ സൈഡിലായി കടലുണ്ടിപ്പുഴയുടെ ഇടതുകരയിലെ അടിയന്തര അറ്റകുറ്റപ്പണികൾ-18.00 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ എന്നിവ പുരോഗമിച്ചുവരുന്നു.

(സി) പരിഗണനയിലുള്ള മറ്റൊരു പദ്ധതിയായ മലപ്പുറം നഗരസഭയിലെ 14-ാം വാർഡിലെ ഹാപ്പിവാലി താമരക്കുഴി എന്ന ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകരയുടെ അടിയന്തര അറ്റകുറ്റപ്പണികൾ. ഈ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് SDRF-ൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## താനൂർ മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

178 (4203) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിലെ എടക്കടപ്പുറം ഉൾപ്പെടെയുള്ള തീരങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) അതിരൂക്ഷമായ കടലാക്രമണംമൂലം നിരവധി മത്സ്യത്തൊഴിലാളികളുടെ വീടുകൾ തകരുന്ന സാഹചര്യത്തിൽ അടിയന്തരമായി കടൽഭിത്തി നിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) താനൂരിന്റെ കടൽത്തീരങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിന് നിലവിലുള്ള എസ്റ്റിമേറ്റുകളുടെ വിശദവിവരവും തുകയും എത്രയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ-സി) കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി മലപ്പുറം ജില്ലയിലെ താനൂർ എടക്കടപുറം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ 15-6-2019-ന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ജിയോ ബാഗുകൾ വാങ്ങുന്നതിനും അടിയന്തരമായി കോർവാൾ നിർമ്മിക്കുന്നതിനും വേണ്ടിയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| (1) | (2) | (3) |
| 1 | എ.എസ്.ഇ. പ്രവൃത്തി - താനൂർ മുനിസിപ്പാലിറ്റിയിലെ എടക്കടപ്പുറത്ത് CESCP 1653-ന് 65 മീറ്റർ തെക്ക് നിന്ന് 195 മീറ്റർ വടക്കോട്ട് കടൽഭിത്തി നിർമ്മാണം | 127.60 ലക്ഷം |

| (1) | (2) | (4) |
|---|---|---|
| 2 | എ.എസ്.ഇ. പ്രവൃത്തി - താനൂർ മുനിസിപ്പാലിറ്റിയിലെ എടക്കടപ്പുറത്ത് CESCP 1654-ന് 22 മീറ്റർ വടക്ക് നിന്ന് 45 മീറ്റർ വടക്കോട്ട് കടൽഭിത്തി നിർമ്മാണം | 29.4 ലക്ഷം |
| 3 | എ.എസ്.ഇ. പ്രവൃത്തി - താനൂർ മുനിസിപ്പാലിറ്റിയിലെ എടക്കടപ്പുറത്ത് CESCP 1655-ന് 30 മീറ്റർ തെക്ക് നിന്ന് 120 മീറ്റർ വടക്കോട്ട് കടൽഭിത്തി നിർമ്മാണം | 78.54 ലക്ഷം |

## എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണം

179 (4204) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ രൂക്ഷമായ കടലാക്രമണം തുടരുന്ന സാഹചര്യത്തിൽ അടിയന്തരമായി കടൽ ഭിത്തി നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കടൽ ഭിത്തി നിർമ്മാണത്തിനായുള്ള പാറ ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രദേശങ്ങളിൽ നിരന്തരമായുണ്ടാകുന്ന കടലേറ്റവും കടലാക്രമണവും പരിഗണിച്ച് അതിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള ശാസ്ത്രീയ പഠനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയിലെ കടൽ ഭിത്തി നിർമ്മാണ കരാർ ഏറ്റെടുക്കുവാൻ കരാറുകാരെ കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എറിയാട്, എടവിലങ്ങ് എന്നീ പഞ്ചായത്തുകളിലെ കടൽത്തീരം സംരക്ഷിക്കുന്നതിനായി പോളിപ്രൊപ്പലീൻ ബാഗിൽ മണൽ നിറച്ചുള്ള 48 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾക്കും താൽക്കാലിക കരിങ്കൽചിറ നിർമ്മിക്കുന്നതിനായി 33.50 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്കും

സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കൂടാതെ ഈ വർഷത്തെ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തൃശ്ശൂർ ജില്ലയിൽ 3 കോടി രൂപ 15-6-2019-ന് അനുവദിച്ചിട്ടുണ്ട്.

(ബി) കടൽഭിത്തി നിർമ്മാണത്തിനുള്ള പാറക്ഷാമം പരിഹരിക്കുന്നതിന് തൃശ്ശൂർ മാടക്കത്തറയിലുള്ള പവ്വർഗ്രിഡ് കോർപ്പറേഷന്റെ പദ്ധതി പ്രദേശത്തുനിന്നും പാറ ലഭിക്കുന്നതിനുള്ള അനുമതി ജില്ലാകളക്ടർ മുഖേന നൽകിയിട്ടുണ്ട്. കൂടാതെ മണൽ ലഭ്യമായിട്ടുള്ള കടൽത്തീരങ്ങളിൽ ബദൽ മാർഗ്ഗമെന്ന നിലയിൽ ജിയോ സിന്തറ്റിക് ട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിവരുന്നു. കൂടാതെ ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗുകളിൽ മണൽ നിറച്ചുള്ള താൽക്കാലിക സംരക്ഷണ പ്രവൃത്തികളും നടത്തിവരുന്നു.

(സി) തീരപ്രദേശങ്ങളിലെ തീരദേശ വ്യതിയാനം 'Littoral Drift' (കരയ്ക്ക് സമാന്തരമായുള്ള മണലിന്റെ തെക്കോട്ടും വടക്കോട്ടുമുള്ള സഞ്ചാരം), പുലിമുട്ടുകളുടെ സാധ്യത എന്നിവയെക്കുറിച്ചുള്ള മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി നടത്തുന്നതോടൊപ്പം റിമോട്ട് സെൻസിംഗ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തീരശോഷണത്തെ പറ്റിയുള്ള ഒരു പഠനത്തിന് പൂനെയിലുള്ള കേന്ദ്ര ഏജൻസിയായ 'CWPRS'-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി മാത്തമാറ്റിക്കൽ മോഡൽ പഠനത്തിന്റെ കരട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തീരശോഷണത്തെപ്പറ്റിയുള്ള പഠനം പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന പ്രാദേശിക കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുമ്പ് IIT ചെന്നൈ, CWPRS തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പഠനങ്ങൾ നടത്താറുണ്ട്.

(ഡി) കടൽഭിത്തി നിർമ്മാണത്തിനാവശ്യമായ കല്ലിന്റെ ലഭ്യതക്കുറവും കല്ലിന്റെ നിരക്കിലെ അന്തരംമൂലവും പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ പൊതുവെ മുന്നോട്ടുവരുന്നില്ല. ഇത് പരിഹരിക്കുന്നതിനായി കടൽഭിത്തി നിർമ്മാണത്തിനുള്ള കരിങ്കല്ലിന്റെ വില മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ ഉയർത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയിൽ ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം

180 (4205) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നട്ടുവണ്ണൂർ കാവുന്തറ ആൽത്തറമുക്കിലെ ഇറിഗേഷൻ വകുപ്പിൻെറ ഭൂമിയിൽ നിർമ്മിക്കുന്ന ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമ്മാണ അനുമതിയ്ക്കായി ടി വകുപ്പിൽ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള അനുമതി അടിയന്തരമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ അപേക്ഷയിൽ സർക്കാർ ആവശ്യപ്പെട്ട പ്രകാരം ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1 ലഭ്യമാക്കിയ റിപ്പോർട്ടിൽ തുടർനടപടി സ്വീകരിച്ചു വരുന്നു.

## കാലടികുന്ന് റെഗുലേറ്റർ-കം-ബ്രിഡ്ജ്

181(4206) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; നിലവിൽ പദ്ധതിയുടെ സ്റ്റാറ്റസ്, ഫയൽ നമ്പർ സഹിതം അറിയിക്കാമോ?

ഉത്തരം

കാലടികുന്ന് റെഗുലേറ്ററിന് സർക്കാർ 25.50 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. (ഉത്തരവ് നമ്പർ ജി.ഒ. (ആർ.ടി.) നമ്പർ 943/2018/ WRD dtd 31-12-2018). കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (KIIDC) തുടർ നടപടികൾ സ്വീകരിക്കുവാൻ ചുമതലപ്പെടുത്തുകയും പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ പാലക്കാടിന്റെ കാര്യാലയത്തിൽനിന്നും ഫയൽ നമ്പർ ഡി1-849/2018 പ്രകാരം KIIDC-ൽ സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 17-6-2019-ന് KIIDC-ൽനിന്നും KIIFB-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം 24.10 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. കിഫ്ബിയിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. KIIDC ഫയൽ നമ്പർ KIIDC/302/KIIFB-RCB-TIRVPR/ 2018.

**ഊർക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് റോഡ്**

182 (4207) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഊർക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ മുകൾ ഭാഗത്തെ റോഡ് പൊട്ടിപ്പൊളിഞ്ഞ് ഗതാഗതം ദുഷ്കരമായ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത് നന്നാക്കാൻ ഫണ്ട് നീക്കി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഊർക്കടവ് പാലത്തിലൂടെ സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന കാര്യം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ബ്രിഡ്ജ് സ്ലാബിന്റെ മുകളിലും അപ്രോച്ച് റോഡിലും ടാറിംഗിൽ ചെറിയ കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. കൂടാതെ സ്ലാബിന്റെ മുകളിൽ ചില ഭാഗത്ത് കമ്പികൾ ദൃശ്യമായി തുടങ്ങിയിട്ടുണ്ട്.

(ബി&സി) ഇത് നന്നാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിക്കുവേണ്ടി 10 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മേൽപ്രവൃത്തിക്ക് മൂന്ന് തവണ ഡിവിഷൻ ഓഫീസിൽനിന്നും ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാരിൽനിന്നും പ്രതികരണം ഒന്നും ലഭിച്ചിട്ടില്ല. തുടർന്ന് പ്രവൃത്തി ക്വട്ടേഷൻ വഴി നടപ്പിലാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പദ്ധതി**

183 (4208) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഇത്തിപ്പുഴ, മുറിഞ്ഞപുഴ, പൂത്തോട്ട എന്നിവിടങ്ങളിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വൈക്കം നിയോജകമണ്ഡലത്തിലെ ഇത്തിപ്പുഴ, മുറിഞ്ഞപുഴ പൂത്തോട്ട എന്നിവിടങ്ങളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ആർ.സി.ബി.-കളുടെ പര്യവേക്ഷണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. തുടർന്ന് രൂപകൽപ്പനയും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## നട്ടാശ്ശേരി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

184(4209) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പൂവത്തുംമൂട്ടിലും വെള്ളൂപ്പറമ്പിലും മീനച്ചിലാറിനോട് ചേർന്നുള്ള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല കിണറുകളിൽ ഓരുവെള്ളം കയറാതിരിക്കുവാനായി വിഭാവനം ചെയ്തിരിക്കുന്ന നട്ടാശ്ശേരി റെഗുലേറ്റർ കം - ബ്രിഡ്ജിന്റെ നിർമ്മാണം പാതിവഴിക്കു നിലയ്ക്കാൻ ഇടയായ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാർക്ക് നൽകാനുള്ള മുഴുവൻ തുകയും നൽകിയിരുന്നോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) നട്ടാശ്ശേരി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പത്തനംതിട്ട ജില്ലയിലെ ജില്ലാ നിർമ്മിതികേന്ദ്രം മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തി ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ടതല്ല.

## പൂവാറൻതോട് കല്ലംപുല്ല് ആർ.സി.ബി. നിർമ്മാണം

185(4210) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ പൂവാറൻതോട് കല്ലംപുല്ല് ആർ.സി.ബി. നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ കല്ലംപുല്ലിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് (ആർ.സി.ബി) നിർമ്മിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ കല്ലംപുല്ലിൽ വി.സി.ബി. നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ഫീസിബിലിറ്റിയും കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കളത്തിൻകടവ് റെഗുലേറ്റർ-കം-ഫൂട്ട് ബ്രിഡ്ജ്**

186 (4211) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കളത്തിൻകടവ് റെഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് ഏജൻസി മുഖാന്തരമാണ് കിഫ്ബിയിൽ സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ മതിപ്പുചെലവ് എത്രയെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ നഗരസഭയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കളത്തിൽക്കടവ് റെഗുലേറ്റർ-കം-ഫൂട്ട് ബ്രിഡ്ജ് എന്ന പ്രവൃത്തിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി.-ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് KIIDC-ൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ക്രോഡീകരിച്ച് ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോടിന്റെ കാര്യാലയത്തിൽ പുതുക്കി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇല്ല. KIIDC മുഖാന്തരമാണ് സമർപ്പിക്കേണ്ടത്.

(സി) മതിപ്പ് ചെലവായ 50 കോടി രൂപയ്ക്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

## പെരിഞ്ചീരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

187(4212) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ പെരിഞ്ചീരിക്കടവ് റെഗുലേറ്റർ-കം- ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ ടി മണ്ഡലത്തിലെ കുടിവെള്ള ജലസേചന അനുബന്ധ മേഖലകളിൽ എന്തൊക്കെ സൗകര്യങ്ങൾ വന്നുചേരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്കായി 57 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ജലസേചന വകുപ്പ് KIIDC-ന് സമർപ്പിച്ചിരുന്നു. ഇതിന്റെ സർവ്വേ നടപടികൾ, traffic study മുതലായവ പൂർത്തിയാക്കി KIIDC എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കിഫ്ബിയുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ നടത്തി, പണി പൂർത്തിയാക്കാൻ ഉദ്ദേശം 2 വർഷം വേണ്ടി വരും.

(സി) ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് സമീപത്തുള്ള കൃഷി ഭൂമിയും വയലുകളും സംരക്ഷിക്കുക എന്നതാണ് പെരിഞ്ചേരിക്കടവ് ആർ.സി.ബി.-യുടെ മുഖ്യ ലക്ഷ്യം. പെരിഞ്ചേരിക്കടവ് ആർ.സി.ബി. നിർമ്മിക്കുകയാണെങ്കിൽ ഈ സ്ഥലത്തിന്റെ മുകൾ ഭാഗത്തായുള്ള കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് പമ്പിംഗ് സ്റ്റേഷനുകളിൽ ഉപ്പുവെള്ളം കലരാത്ത കുടിവെള്ളം ലഭ്യമാക്കി വടകര മുനിസ്സിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലേയും കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും. ഈ പദ്ധതി യാഥാർത്ഥ്യമായാൽ അനുബന്ധ മേഖലയിൽ ജലസേചന സൗകര്യം നൽകുവാൻ സാധിക്കുന്നതാണ്. 1721 ഹെക്ടർ കൃഷി സ്ഥലത്തിന് ജലസേചനത്തിനുള്ള ജലം സംഭരിക്കാൻ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.

## ജലസേചന വകുപ്പിലെ എച്ച്.ആർ.,സി.എൽ.ആർ, എസ്.എൽ.ആർ., ജീവനക്കാർ

188 (4213) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ എച്ച്.ആർ. (ഹാൻഡ് റെസിപ്റ്റ്),സി.എൽ.ആർ. (കാഷ്വൽ ലേബർ റോൾ),എസ്.എൽ.ആർ. (സീസണൽ ലേബർ റോൾ) എന്നീ പേരുകളിൽ ജോലി ചെയ്തുവരുന്ന എത്ര ജീവനക്കാരുണ്ടെന്നും ഇവർ എത്ര കാലമായി ജോലിയിലുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇവർ എന്തെല്ലാം ജോലികളാണ് ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ;

(സി) മൈനർ ഇറിഗേഷനിലെ പ്രസ്തുത തസ്തികകളിലേക്ക് പി.എസ്.സി.വഴി നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മേപ്പടി എത്ര ജീവനക്കാരെ ഇതുവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലസേചന വകുപ്പിലെ സ്ഥിരമായി വരുന്ന ജോലികൾ അല്ലാതെ അത്യാവശ്യ ജോലികൾക്കായി ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്ന ആൾക്കാർ എച്ച്.ആർ. ജോലിക്കാർ എന്നറിയപ്പെടുന്നു. മാസത്തിൽ ആവശ്യത്തിനനുസരിച്ച് കുറച്ച് ദിവസങ്ങൾ മാത്രമാണ് ഇവരെ നിയോഗിക്കുന്നത്. ഒരേ ആളുകളെ തന്നെ എല്ലാക്കാലത്തും പ്രസ്തുത ജോലികൾക്കായി നിയോഗിക്കാറില്ല. ജോലിയുടെ ആവശ്യകത അനുസരിച്ച് ലഭ്യമായ ആളുകളെയാണ് ജോലിക്കായി നിയോഗിക്കുന്നത്. ഇവർ താൽക്കാലിക ജോലികൾ ചെയ്യുന്നവരും ദിവസ വേതനം മസ്റ്റർ റോൾ പ്രകാരം കൈപ്പറ്റുന്നവരുമാണ്. സ്റ്റാഫ് ഇൻഡക്സ് പ്രകാരം 944 എസ്.എൽ.ആർ. ജീവനക്കാർ വകുപ്പിൽ നിലവിലുണ്ട്. ഇവർ വിവിധ കാലങ്ങളിലാണ് എസ്.എൽ.ആർ. ആയി സ്ഥിരപ്പെടുത്തപ്പെട്ടത്. അവിഭക്ത പൊതുമരാമത്ത് വകുപ്പ് മുതൽ തുടർന്നുവരുന്നു.

(ബി) ആവശ്യഘട്ടങ്ങളിൽ ജലസേചനത്തിനായി കനാലുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്യണം. കനാലുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുവാനും കാടുവെട്ടുവാനും മണ്ണ് നീക്കം ചെയ്യുവാനും എച്ച്.ആർ.-കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കാറുണ്ട്. എൽ.ഐ. സ്കീമുകളുമായി ബന്ധപ്പെട്ട പമ്പ് ഓപ്പറേറ്റ് ചെയ്യുന്നതും ഗാർഡൻ/ഡാം പരിസരത്തെ പരിപാലിക്കലുമാണ് എസ്.എൽ.ആർ. ജീവനക്കാരുടെ പ്രാഥമിക ജോലികൾ.

(സി) ഇല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എസ്.എൽ.ആർ. ജീവനക്കാരെ നിയമിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ഐ&എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള സ്റ്റാഫ് ഇൻഡക്സ് പ്രകാരം 944 പേരെ എസ്.എൽ.ആർ. ജീവനക്കാരായി വകുപ്പിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

**ജലസേചന വകുപ്പിലെ സംവരണം പാലിക്കാത്ത നിയമനങ്ങൾ**

189 (4214) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ വിവിധ ഓഫീസുകളിലും പ്രോജക്ടുകളിലും ജോലി നോക്കുന്ന ദിവസവേതന ജീവനക്കാരുടെയും കോൺട്രാക്ട് ജീവനക്കാരുടെയും വിവരം ലഭ്യമാക്കുമോ;

(ബി) 2016-ന് ശേഷം നിയമിതരായവരുടെ വിവരം ലഭ്യമാക്കുമോ;

(സി) നിലവിൽ ജലവിഭവവകുപ്പിൽ ജോലി നോക്കുന്ന ദിവസവേതന ജീവനക്കാരുടെയും കോൺട്രാക്ട് ജീവനക്കാരുടെയും നിയമനത്തിൽ സംവരണം പാലിച്ചില്ലെന്ന കാര്യം പരിശോധിക്കുമോ;

(ഡി) സംവരണം പാലിക്കാത്ത തസ്തികകളിലെ നിയമനങ്ങളിൽ ഉള്ള പോരായ്മകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിൻ കീഴിൽ വിവിധ ഓഫീസുകളിലും പ്രോജക്ടുകളിലും ജോലി നോക്കുന്ന 962 ദിവസ വേതനക്കാരും 55 കോൺട്രാക്ട് ജീനവക്കാരും നിലവിലുണ്ട്. ജലനിധിയിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലും കണ്ണൂർ, മലപ്പുറം, ഇടുക്കി മേഖല ഓഫീസിലും കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് കേരള & മഴകേന്ദ്രം എന്നീ ഓഫീസുകളുടെ കീഴിലുമായി 129 കരാർ ജീവനക്കാരും 7 ദിവസവേതന ജീവനക്കാരും ഒരു കാഷ്വൽ സ്വീപ്പറും നിലവിൽ ജോലി ചെയ്യുന്നുണ്ട്. കേരള ജല അതോറിറ്റിയിൽ ദിവസ വേതനക്കാരായും കരാറടിസ്ഥാനത്തിലുമായി 338 പേർ ജോലി ചെയ്യുന്നുണ്ട്. ഭൂജലവകുപ്പിൽ 373 ദിവസവേതന ജീവനക്കാരെയും 15 കരാർ ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

(ബി) ജലസേചന വകുപ്പിൽ 2016-നുശേഷം 75 പേരും ജലനിധിയിൽ 17 കരാർ ജീവനക്കാരെയും 4 ദിവസ വേതനക്കാരെയും ഒരു കാഷ്വൽ സ്വീപ്പറെയും നിയമിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയിൽ 2016-നുശേഷം ദിവസ വേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും 3582 പേരെ നിയമിച്ചിട്ടുണ്ട്. 15 കരാർ ജീവനക്കാരെ ഭൂജലവകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(സി&ഡി) പരിശോധിക്കുന്നതാണ്.

## വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പുനഃനാമകരണം

190 (4215) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരുടെ തസ്തികയുടെ പേര് ജി.ഒ. (എംഎസ്.)33/2014/ജിഎഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുനഃനാമകരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന കാര്യാലയങ്ങളിൽ കേരള വാട്ടർ അതോറിറ്റി ഉൾപ്പെടുന്നില്ലേയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ഡി) കേരളാ വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് വിഭാഗത്തിലുള്ള ജീവനക്കാരെ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം പുനഃനാമകരണം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കാമോ?

ഉത്തരം

(എ) 10-2-2014-ലെ ജി.ഒ. (എംഎസ്.) 33/2014/ജി.എ.ഡി. നമ്പർ ഉത്തരവ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പുനഃനാമകരണവുമായി ബന്ധപ്പെട്ടതാണ്.

(ബി) ഉൾപ്പെടുന്നില്ല.

(സി&ഡി) കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളെ യഥാക്രമം കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-I, കമ്പ്യൂട്ടർ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്), കമ്പ്യൂട്ടർ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) എന്നിങ്ങനെ പുനർനാമകരണം ചെയ്യണമെന്ന ആവശ്യം വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗം അംഗീകരിക്കുകയും തുടർന്ന് മാനേജിംഗ് ഡയറക്ടറുടെ 28-3-2019-ലെ നടപടിക്രമം പ്രകാരം സർക്കാർ തീരുമാനത്തിന് വിധേയമായി മാത്രമേ തുടർ നടപടികൾക്കായി പരിഗണിക്കപ്പെടുകയുള്ളൂ എന്ന വ്യവസ്ഥയിൽ ടി പുനഃനാമകരണം ഉത്തരവാകുകയും ചെയ്തു. ആയത് സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

## ഓവർസിയർ (സിവിൽ)തസ്തികയിലെ ഒഴിവുകളും നിയമനവും

191 (4216) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഓവർസിയർ (സിവിൽ) ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III തസ്തികകളിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) ഓവർസിയർ ഗ്രേഡ്-I തസ്തികയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 10-8-2018-ലെ ഉപ സി-3/149/18/ഉഭപവ. നമ്പർ കത്ത് പ്രകാരം എത്ര പ്രൊമോഷൻ റിട്ടയർമെന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഓവർസിയർ ഗ്രേഡ് II, ഗ്രേഡ് III തസ്തികകളിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്നും; നിലവിലുള്ള ഒഴിവുകൾ എത്രയെന്നും; 2020 മാർച്ച് 31 വരെ റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണെന്നും വിശദമാക്കാമോ;

(ഇ) ഓവർസിയർ (സിവിൽ) ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III റാങ്ക് ലിസ്റ്റുകളുടെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓവർസിയർ (സിവിൽ) ഗ്രേഡ് I – 556

ഓവർസിയർ ഗ്രേഡ് II - 596

ഓവർസിയർ ഗ്രേഡ് III - 846

(ബി) ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തികയിൽ നിലവിൽ 523 ജീവനക്കാർ ജോലി ചെയ്യുന്നു. നിലവിൽ 33 ഒഴിവുകളുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 10 ഒഴിവുകളിൽ അഡ്വൈസ് ലഭിച്ചു. നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. 23 ഒഴിവുകളിൽ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) <u>ഒഴിവുകൾ ചുവടെ ചേർക്കുന്നു</u> :

ഓവർസിയർ ഗ്രേഡ് I - 1 റിട്ടയർമെന്റ് ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓവർസിയർ ഗ്രേഡ് II - ഇല്ല. ഓവർസിയർ ഗ്രേഡ് III -44 റിട്ടയർമെന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) <u>ഓവർസിയർ ഗ്രേഡ് II</u>

നിലവിൽ 532 ജീവനക്കാർ ടി തസ്തികയിൽ ജോലി ചെയ്യുന്നു. നിലവിൽ 64 ഒഴിവുകളുണ്ട്. ഇതിൽ 52 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പട്ടികജാതി/പട്ടികവർഗ്ഗ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം 22 ഒഴിവുകൾ) 2020 മാർച്ച് 31 വരെ 46 വിരമിക്കൽ ഒഴിവുകളുണ്ട്.

<u>ഓവർസിയർ ഗ്രേഡ് III</u>

നിലവിൽ 771 ജീവനക്കാർ ടി തസ്തികയിൽ ജോലി ചെയ്യുന്നു. നിലവിലുള്ള 75 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 61 ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് വന്നിട്ടുണ്ട്. നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. 2020 മാർച്ച് 31 വരെ 49 വിരമിക്കൽ ഒഴിവുകളുണ്ട്.

(ഇ) ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

### ഫ്ലഡ് പ്രോൺ ഏരിയ മാപ്പിംഗ് സർവ്വേ നടപടികൾ

192 (4217) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലുണ്ടിപുഴയുടെ മലപ്പുറം പരിധിയിലുള്ള ഫ്ലഡ് പ്രോൺ ഏരിയ മാപ്പിംഗ് സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇപ്പോൾ ഏതുഘട്ടത്തിലാണെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) കടലുണ്ടി പുഴയിലെ നിലവിലെ ശുദ്ധജല പദ്ധതികളുടെ സ്ഥാനവും സംഭരണശേഷിയും സംബന്ധിച്ച പുതിയ ഡിസൈനും ഡി.പി. ആറും തയ്യാറാക്കുവാൻ സർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ യുദ്ധകാലാടി സ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കടലുണ്ടിപ്പുഴയുടെ ഫ്ലഡ് പ്രോൺ ഏരിയ മാപ്പിംഗ് സർവ്വേ നടപടികൾക്കായി ഒറുവമ്പ്രം പാലം മുതൽ കുരിയാട് പാലം വരെയുള്ള 70 കിലോമീറ്റർ ഭാഗം സർവ്വേ ചെയ്യുന്ന പ്രവൃത്തിക്ക് കരാറിലേർപ്പെട്ടെങ്കിലും കരാർ കാലാവധിക്കുള്ളിലും നീട്ടിക്കൊടുത്ത

കാലാവധിക്കുള്ളിലും കരാറുകാരൻ ഏകദേശം 30 ശതമാനത്തോളം പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചത്. അനുവദിച്ച കാലാവധിക്കുള്ളിൽ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതിനാൽ ഈ പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയ്ത് കരാർ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്വീകരിക്കുന്നതാണ്.

**പിറവം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

193 (4218) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4702-00-101-65- മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിത കേരളം, 4702-00-101-63-ഹരിത കേരളത്തിൽപ്പെടുത്തി കുളങ്ങളുടെ നവീകരണം എന്നീ പ്ലാൻ സ്കീം ശീർഷകങ്ങളിൽ പിറവം മണ്ഡലത്തിൽ നടന്നുവരുന്ന മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിയും ഉൾപ്പെടുന്ന പഞ്ചായത്ത് / മുനിസിപ്പാലിറ്റി ഏതൊക്കെയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 4702-00-101-65-മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിത കേരളം, സ്കീമിൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിനുകീഴിൽ പിറവം നിയോജക മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുംതന്നെയില്ല. 4702-00-101-63-ഹരിത കേരളം കുളങ്ങളുടെ നവീകരണം എന്ന സ്കീമിൽ ഉൾപ്പെടുന്ന 2017-18 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കരാർ വച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മൈനർ ഇറിഗേഷൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ**

194 (4219) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ ആഭിമുഖ്യത്തിൽ, മൈനർ ഇറിഗേഷൻ ക്ലാസ്-I-4702-00-101-99, മൈനർ ഇറിഗേഷൻ ക്ലാസ്-II-4702-00-101-82, ന്യൂ ലിഫ്റ്റ് ഇറിഗേഷൻ സ്കീം-4702-00-101-97 എന്നീ പ്ലാൻ സ്കീം ശീർഷകങ്ങളിൽ നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ പഞ്ചായത്തുകളിൽ/ മുനിസിപ്പാലിറ്റികളിൽ ഉൾപ്പെട്ട പ്രദേശങ്ങളിലാണ് നടപ്പിലാക്കുന്നതെന്ന വിവരം അറിയിക്കുമോ?

ഉത്തരം

(എ&ബി) പിറവം നിയോജകമണ്ഡലത്തിൽ എം.ഐ. ക്ലാസ്-1 ലും എം.ഐ. ക്ലാസ്-2 ലും ന്യൂ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലും നടന്നുവരുന്ന പദ്ധതികളൊന്നും തന്നെയില്ല.

**വേങ്ങര നിയോജകമണ്ഡലത്തിലെ മൾട്ടി ജി.പി. പദ്ധതി**

195 (4220) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ വേങ്ങര, ഊരകം, പറപ്പൂർ പഞ്ചായത്തുകളെ ഉൾപ്പെടുത്തി മൾട്ടി ജി.പി. എന്ന പദ്ധതി ജലനിധി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ ആവശ്യത്തിലേക്കായി പൊളിക്കേണ്ടിവന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിന് ജലനിധിയുടെ വിഹിതമായി കണക്കാക്കിയത് എത്ര രൂപയായിരുന്നു; ഇത് ഒടുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ (2012-2019) ഉൾപ്പെടുത്തി വേങ്ങര, ഊരകം പഞ്ചായത്തുകൾക്ക് പൂർണ്ണമായും പറപ്പൂർ പഞ്ചായത്തിൽ ഏഴ് വാർഡുകൾക്കും പ്രയോജനം കിട്ടുന്ന രീതിയിൽ മൾട്ടി ജി.പി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 4456 ലക്ഷം രൂപയാണ് മതിപ്പ് ചെലവ്. ഇതിനകം പൂർത്തീകരിച്ച ഭാഗങ്ങളിൽ ജല വിതരണം ആരംഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം അവസാന ഘട്ടത്തിലാണ്. പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏകദേശം 5980 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ റോഡ് പുനഃസ്ഥാപനത്തിനായി ജലനിധി വിഹിതമായി 265.87 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ റോഡ് പുനഃസ്ഥാപനത്തിനായി ഇതിനകം 1509.56 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതികൾ

196 (4221) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത ഓരോ പദ്ധതിയും പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) വാട്ടർ സപ്ലൈ സ്കീം ഇൻ 10 മുനിസിപ്പാലിറ്റീസ് എന്ന പദ്ധതിയിൻ കീഴിൽ തൃശ്ശൂർ കോർപ്പറേഷനിൽ നടപ്പാക്കുന്ന പദ്ധതിയുടെയും ഓഗ്മെന്റേഷൻ ഓഫ് സി.ഡബ്ല്യു.എസ്.എസ്.റ്റു. നാട്ടിക ഫർക്ക ഫേസ് 1 എന്നീ പദ്ധതിയുടെയും വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലവിതരണ പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## തിരുവല്ല റവന്യൂ ടവറിന് സമീപമുള്ള മഴമാപിനി

197 (4222) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല റവന്യൂ ടവറിന് സമീപമുള്ള മഴമാപിനി ഇപ്പോൾ പ്രവർത്തന സജ്ജമാണോയെന്നറിയിക്കാമോ;

(ബി) പ്രവർത്തനസജ്ജമാണെങ്കിൽ ഇതിൽനിന്നും ശേഖരിക്കുന്ന വിവരങ്ങൾ എവിടെ ലഭ്യമാകുമെന്നും ഇത് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) ഇത് പ്രവർത്തനസജ്ജമല്ലെങ്കിൽ പ്രവർത്തനസജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ& ബി) പ്രവർത്തനസജ്ജമല്ല.

(സി) നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന Real Time Data Acquisition System (RTDAS)-ലൂടെ ഒരു Automatic Weather Station (AWS) തിരുവല്ല Fully Climatic Station (FCS)ലേക്കുവേണ്ടി നിർദ്ദേശിച്ചിട്ടുണ്ട്. അത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

**കണ്ണൂർ പൂരക്കടവിൽ വിയർ കം ട്രാക്ടർവേ**

198 (4223) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ ഏര്യം പുഴക്ക് കുറുകെ നിർമ്മിക്കുന്ന വിയർ കം ട്രാക്ടർവേ എന്ന പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ?

<u>ഉത്തരം</u>

പ്രവൃത്തി 30 ശതമാനം പൂർത്തീകരിച്ചു. പ്രവൃത്തിയുടെ എഗ്രിമെന്റ് കാലാവധിയായ 15-5-2020-തിനകംതന്നെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ**

199 (4224) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതും, ഡി.പി.ആർ. തയ്യാറാക്കി വരുന്നതുമായ വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു*. ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭൂജലവകുപ്പിനുകീഴിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.* പാറശ്ശാല നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. പാറശ്ശാലയ്ക്കും സമീപ പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കുന്ന 2.4 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയോടുകൂടിയ വണ്ടിച്ചിറ കുടിവെള്ള പദ്ധതി

2. നെടുങ്ങോട് മിനി വാട്ടർ സപ്ലൈ സ്കീം പദ്ധതി

3. സുനാമി പുനരധിവാസ പദ്ധതി (പൊഴിയൂർ കുളത്തൂർ വില്ലേജ്)

4. ഇഞ്ചിവിള മിനി വാട്ടർ സപ്ലൈ സ്കീം എന്ന പദ്ധതി പാറശ്ശാല ടൗൺ വാർഡുകാരുടെ എതിർപ്പുകാരണം പമ്പ് ഇറക്കാനും ഇന്റർകണക്ഷൻ ചെയ്യാനും സാധിച്ചിട്ടില്ല. ബാക്കി പണികൾ പൂർത്തീകരിച്ചു.

ജലവിഭവ വകുപ്പിന്റെ പദ്ധതി വിഭാഗം 2-ൽ നിന്നുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* പാറശ്ശാല നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ഡി.പി.ആർ. തയ്യാറാക്കി വരുന്നതുമായ പദ്ധതികൾ താഴെപ്പറയുന്നു.

1. കാളിപ്പാറ പദ്ധതിയിൽ നിന്നുള്ള ജലവിഹിതം ലഭ്യമാക്കുന്നതിന് പൊൻവിള മുതൽ പാറശ്ശാല വരെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

2. കിഴക്കൻമല കുടിവെള്ള പദ്ധതി ആര്യങ്കോട്, പൊരുങ്കടവിള പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന ടി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ഇപ്പോൾ പ്രസ്തുത പദ്ധതി കിഫ്ബിയുടെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. കൊല്ലയിൽ കുടിവെള്ള പദ്ധതി

4. കൊല്ലയിൽ പഞ്ചായത്തിലേക്ക് കാളിപ്പാറ പദ്ധതിയിൽനിന്നും ശുദ്ധജലം നേരിട്ടെത്തിക്കുന്നതിനായുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്.

5. കാലപ്പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

ഭൂജല വകുപ്പിനുകീഴിൽ പാറശ്ശാല ഗ്രാമപഞ്ചായത്തിലെ മുരിയങ്കര സമുദായപ്പറ്റ് ലക്ഷംവീട് കോളനി, പുത്തൻകട മാർക്കറ്റ്, പൊള്ളൂർക്കോണം, കീഴ്ത്തോട്ടം എന്നീ പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രാകതേരി കോളനിയിലെ കുടുംബങ്ങളെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുഴൽക്കിണർ മിനിജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാറശ്ശാല സബ്ട്രഷറിയിലെ കുഴൽക്കിണർ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

200 (4225) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## മാനന്തവാടി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

201 (4226) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്നതും പരിഗണനയിൽ ഉള്ളതുമായ മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവയിൽ ഭരണാനുമതി ഉള്ളവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നടന്നുകൊണ്ടിരിക്കുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി**

202 (4227) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കുവേണ്ടി സ്ഥലം വിട്ടുനൽകിയ വകയിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനു വേണ്ടി സമർപ്പിച്ചിരുന്ന MP1/100/2017 എന്ന ഫയലിൽ ഇതുവരെ ഉണ്ടായിരിക്കുന്ന തുടർനടപടികൾ വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ടി കോടതിവിധി ഉണ്ടായിട്ടും പരിഹാരം ഉണ്ടാകാത്ത അവസ്ഥ സംജാതമായിരിക്കുന്ന സ്ഥിതിവിശേഷത്തിന് എന്ത് പരിഹാരമാണ് നിർദ്ദേശിക്കുവാനുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയലിൽ തീരുമാനമാകുന്നതിനുവേണ്ടി കോട്ടയം ഡെപ്യൂട്ടി കളക്ടർ നിയമോപദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ നൽകിയിരിക്കുന്ന 9-4-2019-ലെ കത്തിന് ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുണ്ടായിരിക്കുന്ന കാലതാമസം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കുവേണ്ടി സ്ഥലം വിട്ടുനൽകിയ വകയിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച പ്രൊപ്പോസലിൽ 14/12, 86/12, 02/12 എന്നീ LAR കേസുകളായിരുന്നു സർക്കാർ വിശദമായി പരിശോധിച്ചത്. ഇതിൽ LAR 86/12 കേസിനെക്കുറിച്ചുള്ള ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശവും കളക്ടറുടെ നടപടിക്രമവും ഇല്ലായിരുന്നു. ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2-നോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത വിഷയം സംബന്ധിച്ച് 9-4-2019-ലെ സർക്കാർ കത്തിന് ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-2 18-6-2019-ൽ മറുപടി നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് സർക്കാർ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ

203 (4228) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിക്കണക്കിന് രൂപ മുടക്കിയിട്ടും വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി, ഇടമലയാർ ജലസേചന പദ്ധതി എന്നിവയ്ക്ക് ഇതിനകം എത്ര തുകയാണ് മുടക്കിയത്; പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് ഏത് വർഷമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) വളരെയധികം പണച്ചെലവുള്ള ഇത്തരം പദ്ധതികൾ ആവിഷ്കരിക്കു മ്പോൾത്തന്നെ അവയുടെ പൂർത്തീകരണത്തിനായി ടാർഗറ്റ് നിശ്ചയിക്കുകയും അപ്രകാരം പ്രവൃത്തികൾ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനുമുള്ള എന്ത് സംവിധാനമാണ് വകുപ്പിലുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി - 988.978 കോടി രൂപ [works 788.60+(Establishment 210.276-R&R 9.898)] 1974-ൽ പദ്ധതി ആരംഭിച്ചു. ഇടമലയാർ ജലസേചന പദ്ധതി - 472.116 കോടി രൂപ (18-6-2019 വരെ)1981-ൽ പദ്ധതി ആരംഭിച്ചു.

(സി) മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി -

ഈ പദ്ധതിയുടെ 95% പണി പൂർത്തീകരിക്കുകയും പൂർത്തീകരിച്ച കനാലുകളിൽക്കൂടി വേനൽക്കാലത്ത് ജലവിതരണം നടത്തുകയും ചെയ്യുന്നു. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ കമ്മീഷനിംഗ് 2020 മാർച്ചിൽ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇടമലയാർ ജലസേചന പദ്ധതി -

ഈ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ missing link ആയ എം.സി. റോഡ് ക്രോസ്സിംഗിന്റെ പണികളും ബ്രാഞ്ച് കനാലായ കാഞ്ഞൂർ തെക്കുംഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികളും പുരോഗമിച്ചു

വരുന്നു. ലിങ്ക് കനാലിന്റെ തുടർന്നുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി പ്രൊപ്പോസൽ അംഗീകാരത്തിനായി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിരിക്കുകയാണ്.

(ഡി) പ്രസ്തുത പദ്ധതികൾക്ക് ഉന്നതതല കമ്മിറ്റികൾ രൂപീകരിക്കുകയും തടസ്സപ്പെട്ട് കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**വള്ളക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ്**

204 (4229) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വള്ളക്കടവ് പാലം നിർമ്മാണം ഇറിഗേഷൻ വകുപ്പ് പൂർത്തീകരിച്ചെങ്കിലും, അതുമായി ബന്ധപ്പെട്ട അപ്രോച്ച് റോഡ് ടാർ ചെയ്തിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ ടാറിംഗ് സംബന്ധിച്ച ഇറിഗേഷൻ വകുപ്പിൽ നിലവിലുള്ള ഫയലായ 2017/5125/ഐഎ/എംവിപിഎ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) നിരവധി വാഹനങ്ങൾ കടന്നുപോകുന്നതും, നൂറ് കണക്കിന് കാൽനടയാത്രക്കാർ ഉപയോഗിക്കുന്നതുമായ പ്രസ്തുത അപ്രോച്ച് റോഡിന്റെ ടാറിംഗ് നടപടികൾ വേഗത്തിലാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം വള്ളക്കടവ് പരീക്കണ്ണി ചെക്ക് ഡാമിന്റെയും പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ ടാറിംഗ് ഉൾപ്പെട്ടിട്ടില്ല. അപ്രോച്ച് റോഡിന്റെ ടാറിംഗ് പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് (പ്രൈസ് ഐ.ഡി. 2017/5125/ഐഎ) പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ചത് പുതുക്കിയ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി വീണ്ടും സമർപ്പിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ മടക്കി നൽകിയിട്ടുണ്ട്. ടാറിംഗ് പണികൾ ജലസേചന വകുപ്പിന്റെ മുൻഗണനാ ക്രമത്തിൽ പ്രഥമ പരിഗണന അർഹിക്കുന്നവയല്ല. ആയതിനാൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ടി പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

## മഴവെള്ള സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

205 (4230) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന കൊടുംവരൾച്ചയുടെ പശ്ചാത്തലത്തിൽ മഴവെള്ള സംഭരണത്തിന്റെയും ജലപരിപോഷണത്തിന്റെയും പ്രാധാന്യവും ആവശ്യകതയും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി ' മഴകേന്ദ്രം' എന്ന പേരിൽ മഴവെള്ള സംഭരണ പ്രചരണ പരിപാടി സംഘടിപ്പിച്ച് വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) മഴവെള്ളസംഭരണത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളിലൂടെ അവരുടെ വീടുകളിലേയ്ക്കും ജനസമൂഹത്തിലേയ്ക്കും എത്തിക്കുന്നതിനായി വിഭാവനം ചെയ്ത ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണികളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ചുവരെഴുത്തുകൾ, പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ മുഖാന്തരം മഴവെള്ള സംഭരണത്തിന്റെയും ജലപരിപോഷണത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുവാൻ നടപടി സ്വീകരിക്കാറുണ്ട്.

2. പത്രങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എന്നിവ വഴിയും ജലസംരക്ഷണത്തിന്റെയും മഴവെള്ള സംഭരണത്തിന്റെയും ആവശ്യകത ജനങ്ങളിലേക്ക് എത്തിക്കുന്നുണ്ട്.

3. ജലസമൃദ്ധി കേരളം ലക്ഷ്യമാക്കി നടപ്പാക്കുന്ന ജലം ജീവാമൃതം പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

4. ജലസംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഒരു ഹ്രസ്വചിത്രം പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മേൽനോട്ടത്തിൽ തയ്യാറായിവരുന്നു.

5. ജലത്തിന്റെ ദുരുപയോഗം തടയുന്നതിനും ജല മിതവ്യയം ശീലമാക്കുന്നതിനുംവേണ്ടി ജലമാണ് ജീവൻ എന്ന പേരിൽ ശ്രദ്ധേയമായ രീതിയിൽ ഒരു കൈപ്പുസ്തകം തയ്യാറാക്കി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ വിപുലമായ ബഹുജന വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

6. സംസ്ഥാന വ്യാപകമായി നടത്തിയ ഗ്രീൻ പ്രോട്ടോകോൾ പ്രചരണത്തിന്റെ ഭാഗമായും ജലമിതവ്യയത്തെകുറിച്ചുള്ള ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

7. സംസ്ഥാനത്ത് കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജ്ജിംഗും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഹരിത കേരളം മിഷൻ നടത്തിവരുന്നു.

8. ഭൂപ്രകൃതിക്ക് അനുസൃതമായി അനുയോജ്യമായ സാങ്കേതിക വിദ്യ അവലംബിച്ച് ഭൂജല പോഷണംവഴി പരമാവധി മഴവെള്ളം മണ്ണിലേക്കിറങ്ങാൻ വേണ്ട നടപടികളും ഹരിതകേരളം മിഷൻ സ്വീകരിച്ചുവരുന്നു.

9. ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, എൻ.ജി.ഒ.-കൾ, മറ്റ് സർക്കാർ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർക്ക് ഭൂജലത്തിന്റെ വിനിയോഗം, സംരക്ഷണം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംസ്ഥാനത്ത് വ്യാപകമായി ഭൂജല വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

10. ജലസംരക്ഷണ മാർഗ്ഗങ്ങൾ പ്രതിപാദിക്കുന്ന ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്തുംവരുന്നു.

11. മഴവെള്ള സംഭരണത്തിന്റെയും ജല പരിപോഷണത്തിന്റെയും പ്രാധാന്യവും ആവശ്യകതയും ചർച്ച ചെയ്യുന്നതിനുവേണ്ടി ജലനിധി പഞ്ചായത്തുകളിൽ ബോധവൽക്കരണം നടത്തുന്നതിനായി കുടിവെള്ള ഗുണഭോക്തൃ സമിതികൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

12. ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും ജല ദുരുപയോഗം തടയുന്നതിനും അവബോധം ഉണ്ടാക്കുന്നതിനുമായി റോഡ് ഷോകൾ, ശിൽപ്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

13. ജലനിധി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കുട്ടികളിൽ ശരിയായ ജലവിനിയോഗം സംബന്ധിച്ചും ജലദുരുപയോഗം തടയുന്നതിനും ജല പരിപോഷണ പ്രവർത്തനങ്ങൾക്കുമുള്ള ബോധവൽക്കരണത്തിനായി സ്കൂൾതലത്തിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

14. വിവിധ മാധ്യമങ്ങളിലൂടെ (റേഡിയോ, പത്രം) ജലം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു.

15. ജലസമൃദ്ധി എന്ന പേരിൽ ഒരു പ്രത്യേക പരിപാടി കമ്മ്യൂണിറ്റി റേഡിയോ വഴി ജനങ്ങളിൽ ജലസംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജല ദുരുപയോഗം തടയുന്നതിനും ജല മലിനീകരണം തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുമായി അതാത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്.

16. ലോക ജലദിനം, ലോക പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ ഈ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് സെമിനാറുകൾ, ജലനിധി പഞ്ചായത്തുതല പ്രവർത്തനങ്ങൾ എന്നിവ നടത്താറുണ്ട്.

17. മഴവെള്ളക്കൊയ്ത്ത്, കിണർ റീചാർജ് പദ്ധതി തുടങ്ങിയവയുടെ വിശദാംശങ്ങൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ പ്രവർത്തനങ്ങളിൽ ഒന്നാണ് 'മഴകേന്ദ്ര'-ത്തിലൂടെ നടപ്പിലാക്കുന്ന മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടി. മഴവെള്ള സംഭരണത്തിന്റെയും ഭൂജല പരിപോഷണ പ്രവർത്തനങ്ങളുടെയും ആവശ്യകതയെയും പ്രാധാന്യത്തെയും സംബന്ധിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങൾ കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഐ.ഇ.സി. (ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ)-യുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന സി.സി.ഡി.യു. (കമ്മ്യൂണിക്കേഷൻ ആൻഡ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ്)-ന്റെ നേതൃത്വത്തിലും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടിയുടെ സന്ദേശം വിദ്യാർത്ഥികളിലൂടെ ജനസമൂഹത്തിലെത്തിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തതാണ് ജലസൗഹൃദ വിദ്യാലയം പദ്ധതി. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനതലത്തിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകി. സ്കൂൾതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് ക്ലബ്ബുകൾ രൂപീകരിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സജ്ജമാക്കി. സ്കൂളുകളിൽ നിർമ്മിച്ചുനൽകിയ സംഭരണികളുടെ പരിപാലനം സ്കൂൾ അധികൃതരുടെയും പി.ടി.എ.-യുടെയും വിദ്യാർത്ഥി പ്രതിനിധികളുടെയും ഉത്തരവാദിത്വത്തിൽ നിർവ്വഹിച്ചു വരുന്നു.

**കിണർ റീ-ചാർജിംഗ്**

206 (4231) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂഗർഭ ജലനിരപ്പ് ഓരോവർഷവും താഴ്ന്നുപോകുന്ന സാഹചര്യത്തിൽ ജല സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് കേരളത്തിലെ എല്ലാ വീടുകളിലെയും കിണർ റീ-ചാർജിംഗ് നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഭൂജല സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി പ്ലാൻ പദ്ധതിയായ ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിലൂടെ ഭൂജല വകുപ്പ് പരിപോഷണ പദ്ധതികൾ സംസ്ഥാനത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തുറന്ന കിണർ റീചാർജ്ജ്, മേൽക്കൂര വഴി മഴവെള്ളം സംഭരിച്ച് റീ-ചാർജ്ജ് പിറ്റ് വഴിയുള്ള തുറന്ന കിണർ/ഭൂപ്രദേശത്തിന്റെ റീ-ചാർജ്ജ് തുടങ്ങിയ പ്രവർത്തനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, അംഗണവാടികൾ എന്നിവിടങ്ങളിലാണ് നടപ്പിലാക്കിവരുന്നത്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ 'മഴകേന്ദ്രം' സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പരിപാടിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെട്ട 10 ഗ്രാമപഞ്ചായത്തുകളിലെ 8500 തുറന്ന കിണറുകൾക്ക് മഴവെള്ളം സംഭരിച്ച് റീ-ചാർജിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർന്നുള്ള വർഷങ്ങളിലും കിണർ റീ-ചാർജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനും കൂടുതൽ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി കൂടുതൽ

വീടുകളിലേക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. പങ്കാളിത്താധിഷ്ഠിത മാതൃകയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന കിണർ റീ-ചാർജിംഗ് പദ്ധതി കേരളത്തിലുടനീളം വ്യാപിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനംവഴി സമീപത്തെ കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കാൻ കഴിയുന്നുണ്ട്. കൂടാതെ, ജലസേചന പദ്ധതികളുടെ കനാൽവഴി ജലം തുറന്നുവിടുന്ന ഘട്ടത്തിൽ ഭൂജലപരിപോഷണം സാധ്യമാക്കുന്നുണ്ട്.

**ഭൂഗർഭജല ചൂഷണം**

207 (4232) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച തോതിൽ ഭൂഗർഭജല ചൂഷണം നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേരളാ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ എത്ര ശതമാനം കുഴൽ കിണറുകളെ ആശ്രയിച്ചാണെന്നു വ്യക്തമാക്കുമോ; വിശദീകരിക്കുമോ;

(സി) കുടിവെള്ളത്തിനുവേണ്ടി കുഴൽ കിണറുകളെ ആശ്രയിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ കുഴൽക്കിണറുകളെ ആശ്രയിച്ച് ജില്ലകൾതോറും വിതരണം ചെയ്യുന്ന ജലത്തിന്റെ ശതമാനകണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. തിരുവനന്തപുരം | : | 2.4% |
| 2. കൊല്ലം | : | 24% |
| 3. പത്തനംതിട്ട, തിരുവല്ല | : | 3.1% |
| 4. കോട്ടയം | : | 1% |
| 5. തൃശ്ശൂർ | : | 5.8% |
| 6. മൂവാറ്റുപുഴ, ഇടുക്കി | : | 2.5% |

7. കൊച്ചി, എറണാകുളം : 0.11%

8. ആലപ്പുഴ : 30%

9. കോഴിക്കോട്, കണ്ണൂർ, പാലക്കാട്,

മലപ്പുറം, വയനാട്, കാസർഗോഡ് : 5%

(സി) കുടിവെള്ള പദ്ധതികൾക്കുള്ള സ്രോതസ്സിനുവേണ്ടി കുഴൽക്കിണറുകളെ ആശ്രയിക്കുന്നത് നിയന്ത്രിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിട്ടുള്ളതും പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ മുഖ്യജല സ്രോതസ്സായി ഉപരിതലജലം ലഭ്യമാകുന്ന സ്രോതസ്സുകളെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ സ്റ്റേറ്റ് പ്ലാൻ, നബാർഡ്, കിഫ്ബി, അമൃത് തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി സമഗ്ര കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി കുഴൽക്കിണർ പദ്ധതികളിൽനിന്നുള്ള ജലവിതരണം ഘട്ടംഘട്ടമായി കുറച്ചുവരുന്നുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ വിപുലീകരണം സാധ്യമാകുന്നതോടുകൂടിയും കുഴൽക്കിണറുകളുടെ ഉപയോഗം നിയന്ത്രിക്കുവാൻ സാധിക്കും.

സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി (പെർമിറ്റ്) നിർബന്ധമാക്കിയിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിൽ കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിന്റെ clearance അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റോടുകൂടി 10-1-2014 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്.

## അനധികൃത ജലചൂഷണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം

208 (4233) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി നടത്തിയ അനധികൃത ജലചൂഷണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിയമസഭ പാസാക്കിയ നിയമം അംഗീകാരം നൽകാതെ കേന്ദ്രം തിരിച്ചയച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) പ്രസ്തുത കമ്പനിയ്ക്ക് വീണ്ടും പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ;

(ഡി) കമ്പനിയുടെ സ്ഥലങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരിച്ചയച്ചിട്ടുണ്ട്.

(ബി) കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നുവെങ്കിലും നാളിതുവരെ ആയത് ലഭ്യമായിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി&ഡി) മറുപടി ലഭ്യമാക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ, വ്യവസായ, വിദ്യാഭ്യാസ വകുപ്പുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

**ഭൂഗർഭ ജലനിരപ്പിലെ കുറവ്**

209 (4234) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭജല നിരപ്പ് അസാധാരണമായി താഴുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളും പരിപാടി കളുമാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) ഈ പ്രദേശങ്ങളിലെ കിണറുകളിലെ ജലത്തിൽ ഓറഞ്ച് നിറത്തിലുള്ള ഓരിന്റെ ശക്തമായ സാന്നിധ്യംമൂലം നിത്യോപയോഗത്തിനുപോലും ഉപയോഗി ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, ആയതിന്റെ കാരണത്തെക്കുറിച്ചും ഇത് പരിഹരിക്കുന്നതിനെകുറിച്ചുമുള്ള ശാസ്ത്രീയ പഠനം നടത്തുവാൻ സർക്കാർ തയ്യാറാകുമോ; പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂജല വകുപ്പ് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറിലെ ജലവിതാനം 10 വർഷത്തെ ശരാശരിയുമായി താരതമ്യം ചെയ്തപ്പോൾ 0.4 മീ. താഴ്ന്നതായി വിശകലനത്തിൽനിന്നും മനസ്സിലായിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട പരാതികൾ ഭൂജല വകുപ്പിന് ലഭിച്ചിട്ടില്ല. എന്നാൽ ഇക്കാര്യം പരിശോധിച്ച് പഠനവിഷയമാക്കാവുന്നതാണ്.

**പ്രധാന നഗരങ്ങളിൽ കുടിവെള്ള വിതരണം**

210 (4235) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി.-യിൽ നിന്ന് വായ്പ സ്വീകരിച്ച് പ്രധാന നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; ഇത് സംബന്ധിച്ച വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടന സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാരിന്റെ നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ എ.ഡി.ബി.-യുടെ ധനസഹായത്തോടെ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ഇതുവരെയും വ്യവസ്ഥകളിലൊന്നും ഏർപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂരിന്റെ പഠന റിപ്പോർട്ട് സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയും ചെയ്തു.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവു മാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ്ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികളെടുത്തു.

6. അറ്റകുറ്റപ്പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

8. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഇ-പേയ്മെന്റ് സംവിധാനവും കംപ്ലെയിന്റ് റിഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി.

(സി) 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ കേരള വാട്ടർ അതോറിറ്റിക്ക് നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ 327.80 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 2019-20 സാമ്പത്തിക വർഷം ഈ തുക 356.72 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**മഴവെള്ളം കയറ്റുമതി**

211 (4236) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൺസൂൺ കാലത്ത് സുലഭമായി ലഭിക്കുന്ന മഴവെള്ളം വ്യാവസായികാടിസ്ഥാനത്തിൽ സംഭരിച്ച് വിദേശങ്ങളിലേക്കടക്കം കയറ്റുമതി ചെയ്യുന്നതിനാവശ്യമായ ഒരു പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് ഏതെങ്കിലും സംവിധാനം ഉണ്ടാക്കുമോ?

ഉത്തരം

നമുക്ക് ലഭ്യമാകുന്ന ജലം വ്യാവസായികാടിസ്ഥാനത്തിൽ സംഭരിച്ച് കയറ്റുമതി ചെയ്യുന്നത് കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ജലാവശ്യം, പാരിസ്ഥിതിക സുസ്ഥിരത, മഴയുടെ ലഭ്യതയിൽ ഉണ്ടായിട്ടുള്ള കുറവ് എന്നിവയുടെ പശ്ചാത്തലത്തിൽ വിശദമായി പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

## അംഗീകാരമില്ലാത്ത കുഴൽക്കിണറുകൾ

212 (4237) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്ത കുഴൽക്കിണറുകൾ നിർമ്മിച്ച് ജലചൂഷണം നടത്തുന്ന മാഫിയ പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗീകാരമില്ലാത്ത കുഴൽക്കിണറുകൾ നിർമ്മിച്ച് ഹോട്ടൽ, റിസോർട്ട് എന്നിവിടങ്ങളിൽ വെള്ളം വില്പന നടത്തുന്നത് തടയാൻ നടപടികൾ സ്വീകരിക്കുമോ;

(സി) നാട്ടിൻപുറങ്ങളിൽ കുടിവെള്ളലഭ്യത ഉറപ്പുവരുത്താൻ വാട്ടർ അതോറിറ്റി പരാജയപ്പെട്ടതാണ് ഈ മാഫിയകൾ തഴച്ചുവളരാൻ കാരണമാകുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംഗീകാരമില്ലാത്ത കുഴൽക്കിണറുകൾ നിർമ്മിച്ച് ജലചൂഷണം നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത പരാതികളിന്മേൽ സ്ഥലസന്ദർശനം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ജലചൂഷണം നിയന്ത്രിക്കുന്നതിനായി കേരള സംസ്ഥാന ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ട് (2002) പ്രകാരമുള്ള നിയമ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്. അമിതമായി ഭൂജലം ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടാൽ പ്രസ്തുത ഉപയോഗം നിർത്തിവയ്ക്കാനും പമ്പിംഗിന് ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികൾ പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവരം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്, വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

## ജലസേചന വകുപ്പ് WAPCOS-നെ ഏൽപ്പിക്കുന്ന പ്രവൃത്തികൾ

213 (4238) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) WAPCOS-നെ ജലസേചന വകുപ്പിന്റെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടാണ് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) WAPCOS-ന്റെ ഘടന എന്താണ്; ഇത് പൂർണ്ണമായും കേന്ദ്ര സർക്കാർ ഏജൻസിയാണോ; WAPCOS-നെ സംബന്ധിച്ച് സർക്കാർ പുറത്തിറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) WAPCOS-മായി ബന്ധപ്പെട്ട് ഭാവിയിൽ എന്തെല്ലാം തരത്തിലുള്ള വകുപ്പുതല പുനഃസംഘടനയാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ഡി) ജലസേചന വകുപ്പിൽ നടന്നുവരുന്ന ഏതെങ്കിലും പ്രവർത്തനങ്ങളിൽ WAPCOS-നെ കൺസൾട്ടൻസി ആയി പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ WAPCOS-ന് കൺസൾട്ടൻസി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ കീഴിൽ എ.സി. കനാലിന്റെ നവീകരണത്തെ കുറിച്ച് വിശദമായ പഠനവും ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ എറണാകുളം ഡിവിഷനിലെ കാക്കനാട് ഇൻഫോ പാർക്ക് വരെയുള്ള കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനായി സംസ്ഥാന സർക്കാർ M/s. WAPCOS-നെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.)-യുടെ കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ WAPCOS-ൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

1. SAKKIP- Sustainable Alternative to Kuriarkutty Karappara Irrigation Project.
2. Desilting of Kambalathara, Venkalakkayam and Kunnampidari Eries

ഭവാനി ബേസിനിലെ സ്കീമുകളുടെ പര്യവേക്ഷണം ചെയ്യുവാനും വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കാനുള്ള terms and condition അറിയിക്കുവാനും WAPCOS-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടനാട് പാക്കേജിന്റെ കീഴിൽ എ.സി. കനാലിന്റെ നവീകരണത്തെക്കുറിച്ച് വിശദമായ പഠനം നടത്തുവാനായി WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ എറണാകുളം ഡിവിഷനിലെ കാക്കനാട് ഇൻഫോ പാർക്ക് വരെയുള്ള കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനായി സംസ്ഥാന സർക്കാർ M/s. WAPCOS-നെ ചുമതലപ്പെടുത്തിയിരുന്നു.

## കിണർ റീ-ചാർജ് സംവിധാനം

214 (4239) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വാമനപുരം നിയോജകമണ്ഡല പരിധിയിൽ വരുന്ന എത്ര സർക്കാർ സ്ഥാപനങ്ങളിൽ കിണർ റീ-ചാർജ്ജ് സംവിധാനം ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ വിവരങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ 3 സ്ഥാപനങ്ങളിൽ (2018-19 സാമ്പത്തിക വർഷം) കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കി. 2019-20 സാമ്പത്തിക വർഷത്തിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കുന്നതിനായി 18 പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. എസ്.എൻ.വി.എച്ച്.എസ്. ആനാട്
2. ഗവ. യു.പി.എസ്. വാമനപുരം
3. ജവഹർ ഗവ. എൽ.പി.എസ്. തെന്നൂർ.

## വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ പോളിസി

215 (4240) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ പോളിസി തയ്യാറായിട്ടുണ്ടോ ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ;

(ബി) ജലവിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ പോളിസിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ;

(സി) 2018-ലെ പ്രളയത്തിന്റെ അനുഭവം കൂടി കണക്കിലെടുത്തുള്ള പോളിസി രൂപീകരണത്തിന് പ്രത്യേക ശ്രദ്ധ നൽകുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ജലനയം നിലവിൽ വന്നത് 2008-ൽ ആണ്. അതിനുശേഷം കേന്ദ്ര സർക്കാർ 2012-ൽ ദേശീയ ജലനയം പ്രസിദ്ധീകരിക്കുകയും ഇത് നിലവിൽ വരുത്തുന്നതിനായി National Water Frame Work Law തയ്യാറാക്കുകയും ചെയ്തു. ദേശീയതലത്തിൽ ഇത്തരമൊരു മാറ്റം വന്നതുകാരണവും 2008-നുശേഷം ജലവിഭവശേഷി ആസൂത്രണത്തിലും വിനിയോഗത്തിലും സംസ്ഥാനത്തുണ്ടായ മാറ്റം കണക്കിലെടുത്തും 2008-ലെ സംസ്ഥാന ജലനയം പരിഷ്കരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും പുതിയ ജലനയം തയ്യാറാക്കുന്നതിലേയ്ക്കായി G.O. (Rt) No.922/ 2017/WRD എന്ന 14-11-2017-ലെ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്യുകയുണ്ടായി. ഇത്തരത്തിൽ ജലനയം 2018 രൂപീകരിക്കുവാനുള്ള നടപടികൾ പുരോഗമിക്കവേയാണ് 2018-ൽ ഉണ്ടായ മഹാപ്രളയം മറ്റെല്ലാ മേഖലകളെയുമെന്നപോലെ ജലവിഭവ മേഖലയെയും സാരമായി ബാധിച്ചത്. പ്രളയാനന്തര അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയത്തിന്റെ അനുഭവം കൂടി കണക്കിലെടുത്ത് ദുരന്ത പ്രതിരോധശേഷിയുള്ളതും കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കാൻ പ്രാപ്തമായതും ശുദ്ധജല വിതരണ രംഗത്തും ശുചിത്വ മേഖലയിലും സേവനത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും സാമ്പത്തിക സുസ്ഥിരതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ പോന്നതുമായ ഒരു വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ പോളിസി തയ്യാറാക്കുന്നതിലേയ്ക്കായി ഒരു സംസ്ഥാനതല കമ്മിറ്റി G.O.(Rt)No.303/2019/WRD നമ്പരായുള്ള 30-4-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 2019, ഡിസംബർ 31-നകം കമ്മിറ്റി അവരുടെ ശിപാർശകൾ സമർപ്പിക്കുവാനാണ് ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളത്.

## വികേന്ദ്രീകൃത ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ

216 (4241) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാവർക്കും കുടിവെള്ളം എത്തിക്കുന്നതിന് വലിയ പദ്ധതികൾക്ക് മുൻഗണന നൽകുന്ന നിലവിലെ രീതിക്ക് പകരം രണ്ടോ മൂന്നോ പഞ്ചായത്തുകൾക്ക് വേണ്ടി ഒരു ചെറുകിട കുടിവെള്ള വിതരണ പദ്ധതി എന്ന രീതിയിൽ വികേന്ദ്രീകൃത പദ്ധതികൾക്ക് ഊന്നൽ നൽകുവാൻ എന്തെങ്കിലും പരിപാടികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

കേരള ജല അതോറിറ്റിയുടെ പദ്ധതികളിൽ വൻകിട പദ്ധതികൾക്ക് പുറമേ രണ്ടോ മൂന്നോ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ധാരാളം ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുമുണ്ട്. നിലവിൽ ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ച് ഫണ്ടിന്റെ അപര്യാപ്തതമൂലം വിതരണ ശൃംഖല സ്ഥാപിക്കാത്ത 128 ഓളം കുടിവെള്ള പദ്ധതികളുണ്ട്. ആയതിനാൽ ഭാഗികമായി പൂർത്തിയാക്കിയ പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക്, പുതിയ പദ്ധതികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കുന്നതാണ്. ചെറു പദ്ധതികളുടെ ആവർത്തന ചെലവ് വൻ പദ്ധതികളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ജലനിധി പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തുകളിൽ ചെറുകിട കുടിവള്ള വിതരണ പദ്ധതികളാണ് കൂടുതലും നടപ്പാക്കുന്നത്. രണ്ടോ മൂന്നോ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള (മൾട്ടി ജി.പി) പദ്ധതി ജലനിധി നടപ്പാക്കുന്നത് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്നിട്ടാണ്.

## തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം

217 (4242) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ബദൽ പദ്ധതി ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിക്ക് എത്ര തുക ആവശ്യമായി വരുമെന്നും ഇതിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ബദൽ പദ്ധതി ഒരുക്കിയിട്ടുണ്ട്. നിലവിൽ പേപ്പാറ ഡാമിൽ നിന്നുള്ള ജലം കരമന നദിവഴി അരുവിക്കര ഡാമിൽ ശേഖരിച്ച് വിവിധ ജലശുദ്ധീകരണശാലകളിൽ ശുദ്ധീകരിച്ച ജലം തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലുമെത്തിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ ശാശ്വതമായി കുടിവെള്ളക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള രണ്ടു പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. അമൃത് പദ്ധതിയിലുൾപ്പെടുത്തി അരുവിക്കരയിൽ 75 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 75 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിച്ച് നിലവിലുള്ള ജലവിതരണക്കുഴലുകൾ വഴി തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കുവാനാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി പൂർത്തിയാവുമ്പോൾ 75 എം.എൽ.ഡി. ശുദ്ധജലം കൂടി ലഭ്യമാകും.

2. തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നെയ്യാർഡാമിൽനിന്നും തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലമെത്തിക്കുന്നത് അരുവിക്കര-പേപ്പാറ ഡാമുകൾ കേന്ദ്രീകരിച്ചാണ്. കടുത്ത വേനൽക്കാലത്ത് ഈ ഡാമുകളിൽ ജലനിരപ്പ് ക്രമാതീതമായി താഴുകയും അത് ജലവിതരണത്തെ ബാധിക്കുമെന്ന അവസ്ഥയിലുമാണ്. ഇതിനൊരു പരിഹാരമെന്ന നിലവിൽ നെയ്യാർഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് അവിടെനിന്നും 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിനും 20 എം.എൽ.ഡി. ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും എത്തിക്കുകയെന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. നെയ്യാർ ഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും നിർമ്മിച്ച് ശുദ്ധീകരിച്ച ജലം 1422 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പ് ലൈൻ

സ്ഥാപിച്ച് അതിലൂടെ ഗ്രാവിറ്റിയിൽ തിരുവനന്തപുരം നഗരത്തിൽ എത്തിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ സ്ഥലം നെയ്യാർ ഡാമിനടുത്തായി ഇറിഗേഷൻ വകുപ്പ് നൽകാമെന്നും സമ്മതിച്ചിട്ടുണ്ട്. ജലശുദ്ധീകരണശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ദർഘാസിന്റെ നടപടികൾ പുരോഗമിക്കുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കലും അനുബന്ധ ഘടകങ്ങൾക്കുമുള്ള പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

(ബി) അരുവിക്കരയിലെ 75 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിന് അമൃത് പദ്ധതിയിലുൾപ്പെടുത്തി 70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നെയ്യാർ ഡാമിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് ശുദ്ധജലമെത്തിക്കുന്ന പദ്ധതി രണ്ടു ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായ നെയ്യാർഡാം മുതൽ പി.റ്റി.പി. നഗർ വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികൾക്കുമായി 206.96 കോടി രൂപ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്.

(സി) അരുവിക്കരയിലെ 75 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം 2019 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. നെയ്യാർ ഡാമിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് ശുദ്ധജലമെത്തിക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കരാർ നൽകി രണ്ടുവർഷത്തിനകം പദ്ധതി പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. രണ്ടാംഘട്ട പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തിയാക്കി, കരാർ എല്പിച്ചു രണ്ടു വർഷത്തിനകം പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

## കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

218 (4243) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) സംസ്ഥാനത്ത് കൂടുതൽ പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെ തന്നെ പ്രത്യേക ഗുണനിലവാര പരിശോധാനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോടു കൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി മൂന്നു ഡിവിഷണൽ ലബോറട്ടറികൾ, പതിനാല് ജില്ലാ ലാബുകൾ എന്നിവ ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം. ഇവിടങ്ങളിലെല്ലാം തന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽനിന്നും കൃത്യമായ ഇടവേളകളിൽ പരിശോധനാ വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. കേന്ദ്ര പദ്ധതിയായ NRDWP-യുടെ ഭാഗമായി മുപ്പത്തിമൂന്ന് ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. വാർഡ് സർവ്വേയുടെ ഭാഗമായി സംഭരിക്കുന്ന സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നു. ഇതിനെല്ലാം പുറമേ പ്രളയം, വരൾച്ച, പകർച്ചവ്യാധി വ്യാപനം തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ താത്ക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ച കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്.

(ബി) ഇത് പരിശോധിക്കാവുന്നതാണ്.

**നദികളും പുഴകളും സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ**

219 (4244) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളും പുഴകളും ഭാവി തലമുറയ്ക്കായി സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നുമുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ നദികളെയും പുഴകളെയും സംരക്ഷിക്കാൻ ജലവിഭവ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) വ്യാപകമായ കയ്യേറ്റവും മലിനീകരണവും കാരണം സംസ്ഥാനത്തെ നദികളും പുഴകളും ഗുരുതരമായ ഭീഷണി നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ വകുപ്പ്തലത്തിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ജലവിഭവ വകുപ്പിന് കീഴിലുള്ള പല പദ്ധതികളിലൂടെയും ലഭിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; ശരിയായ രീതിയിലുള്ള ശുചീകരണം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) നദികളും പുഴകളും ഭാവിതലമുറയ്ക്കായി സംരക്ഷിക്കേണ്ടത് നാമോരോരുത്തരുടെയും കടമയാണ്. നദീതടങ്ങളും പുഴകളും സംരക്ഷിക്കുന്നതിന് ബൃഹത്തായ പദ്ധതികളും വലിയ തോതിലുള്ള സാമ്പത്തിക സഹായവും ആവശ്യമാണ്. സമഗ്ര നീർത്തട പദ്ധതികൾ രൂപപ്പെടുത്തി അതിൻപ്രകാരമുള്ള മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകവഴി നദികളെ സംരക്ഷിക്കാൻ കഴിയും. ഇതിനുള്ള പ്രവർത്തനം ഹരിതകേരള മിഷന്റെ ഉപമിഷനായ "ജലസമൃദ്ധിയുടെ" ഭാഗമായി ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം നദികളുടെ സമഗ്രവികസനവും സംരക്ഷണവും ലക്ഷ്യമിട്ടിട്ടുണ്ട്. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ വിധിയനുസരിച്ച് കേരളത്തിലെ 20 പുഴകളുടെ (കൂടുതൽ മലിനീകരിക്കപ്പെട്ട പ്രദേശങ്ങൾ ഉൾപ്പെടുത്തി) സംരക്ഷണത്തിനുള്ള പദ്ധതിരേഖ തയ്യാറാക്കിവരുന്നു. ഇതിനായി സംസ്ഥാനതലത്തിൽ "നദി പുനരുജ്ജീവന സമിതിയും" ജില്ലാ സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തെയാണ് പ്രവർത്തനം നടക്കുന്നത്. 'സംസ്ഥാന നദീതട അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) കയ്യേറ്റവും മലിനീകരണവും കാരണം സംസ്ഥാനത്തെ നദികളും പുഴകളും ഭീഷണി നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് റവന്യൂ വകുപ്പിനെയും പോലീസിനെയും അറിയിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാനപങ്ങൾ, പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, വിവിധ വകുപ്പുകൾ/ ഏജൻസികൾ-ജനപ്രതിനിധികൾ എന്നിവയുടെ കൂട്ടായ ശ്രമത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ പുഴകൾ, നദികൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സാങ്കേതിക സഹായം ജലസേചന വകുപ്പ് ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കുകയും ചെയ്യുന്നു.

(സി) കേരളത്തിലെ നദീജല ഗുണനിലവാരം പരിശോധന കോഴിക്കോട് ആസ്ഥാനമായ 'ജലവിഭവ വികസന പരിപാലനകേന്ദ്രം' (CWRDM) നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മലിനീകരണത്തിന്റെ തോത് കുറയ്ക്കുക എന്നത് പ്രധാന പ്രവർത്തനമാണ്. ഇത് സാദ്ധ്യമാകണമെങ്കിൽ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തണം. ഇതിനായി തടയണകളും റെഗുലേറ്ററുകളും നിർമ്മിക്കുന്ന പ്രവൃത്തി ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ നേരിട്ട്

മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള കമ്പിവല സ്ഥാപിക്കുന്ന പ്രവർത്തനവും ഏറ്റെടുത്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ജല ശുദ്ധീകരണശാലകൾ സ്ഥാപിച്ചും ക്ലോറിനേഷൻ നടത്തിയും ബി.ഐ.എസ്. നിലവാരമുള്ള ശുദ്ധ ജലവിതരണം ഉറപ്പുവരുത്തുവാൻ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. സ്രോതസ്സിനു സമീപം സാദ്ധ്യമായ സ്ഥലങ്ങളിൽ വേലികൾ നിർമ്മിച്ചും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സിലെ മലിനീകരണം തടയുവാൻ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ സ്രോതസ്സുകളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണ്ണും കാലാകാലങ്ങളിൽ നീക്കം ചെയ്യാറുണ്ട്. സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരണം ചെയ്ത് വിതരണം ചെയ്യുന്നതുവരെയുള്ള ഘട്ടങ്ങളിൽ വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**ജലഅതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി**

220 (4245) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജല അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണോ യെന്നറിയിക്കാമോ;

(ബി) വെള്ളക്കരം വർദ്ധിപ്പിക്കാതെ തന്നെ ജല അതോറിറ്റിയെ ലാഭത്തിലെത്തിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(സി) കരാറുകാർക്ക് നിലവിൽ എത്ര കോടി കുടിശ്ശികയുണ്ട്;

(ഡി) കുടിശ്ശിക തീർക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കില്ലായെന്ന കരാറുകാരുടെ നിലപാട് വാട്ടർ അതോറിറ്റിയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) കേരള ജല അതോറിറ്റി രൂപീകരണ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും നൽകിവരുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ സഹായകമാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി

ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. 1-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവിൽനിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നതും വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് 2016-17 ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും സർക്കാർ എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് 2015-16 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പാതുകയായ 2281.57 കോടി രൂപ മൂലധനമാക്കി മാറ്റാനും അതിന്റെ 31-3-2016 വരെയുള്ള പലിശയായ 1449.85 കോടി രൂപ എഴുത്തള്ളാനുമുള്ള ജല അതോറിറ്റിയുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. 30-9-2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബി.-ക്ക് നൽകുവാനുള്ള 1326.69 കോടി രൂപ സർക്കാർതലത്തിൽ 4 വർഷമായി തീർപ്പാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുനഃക്രമീകരിച്ച് ഗഡുക്കളായി 118.28 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്ന് കുറവ് വരുത്തി ആ തുക വാട്ടർ അതോറിറ്റി മുഖേന കെ.എസ്.ഇ.ബി.-ക്ക് നൽകാനും ഉത്തരവായിട്ടുണ്ട്.

കൂടാതെ പിരിഞ്ഞുകിട്ടാത്ത കുടിശ്ശിക തുകകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനായി ഉപഭോക്താക്കൾക്ക് യഥാസമയം ബില്ലുകൾ നൽകുകയും കുടിശ്ശിക വരുന്നവർക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകി കണക്ഷൻ വിച്ഛേദിക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നത് സംബന്ധിച്ച അറിയിപ്പുകൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടി യഥാസമയം നൽകിവരുന്നു. വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2018-19 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽനിന്നും 545.38 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് 88.60 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ റിംഗ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽനിന്നുള്ള വരവ്-ചെലവ് താരതമ്യ പഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പി

ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്.

കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി ഗുണമേന്മയുള്ളവ സ്ഥാപിച്ച് ജലനഷ്ടം കുറച്ചും പുതുതായി നിർമ്മിക്കുന്ന പമ്പുഹൗസുകളിൽ ചിലതിൽ ഓട്ടോമാറ്റിക് സിസ്റ്റം സ്ഥാപിച്ചും വേതന ചെലവ് പരമാവധി കുറച്ചും വെള്ളക്കരം വർദ്ധിപ്പിക്കാതെ തന്നെ വാട്ടർ അതോറിറ്റിയുടെ നഷ്ടം പരമാവധി കുറച്ചുകൊണ്ടുവരുവാൻ പരിശ്രമിക്കുന്നു. പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ചമൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

(സി) കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയ വകയിലും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് വകയിലുമായി 472.71 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

(ഡി) കുടിശ്ശിക ലഭ്യമാക്കാത്തതിനാൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികൾ ചില മേഖലയിലെ കരാറുകാർ ഏറ്റെടുക്കാതെ വന്നിട്ടുണ്ട്. ഇതുകാരണം സമയബന്ധിതമായി പല പദ്ധതികളും പൂർത്തിയാക്കാൻ സാധിക്കാതെ വരാറുണ്ട്. കുടിശ്ശിക മറികടക്കുന്നതിന് കരാറുകാരുടെ ബിൽ തുകയ്ക്ക് അനുസൃതമായ തുക കേരള വാട്ടർ അതോറിറ്റി ബാങ്ക് ലോൺ എടുത്ത് ആവശ്യപ്പെടുന്ന കരാറുകാർക്ക് നൽകുന്നുണ്ട്. ബഡ്ജറ്റ് വിഹിതം അനുവദിക്കുന്ന മുറയ്ക്ക് ബില്ലുകളുടെ സീനിയോറിറ്റി അനുസരിച്ച് 8.8% പലിശ സഹിതം കേരള ജല അതോറിറ്റി ഈ തുക തിരിച്ചടച്ചു വരുന്നു.

## വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കി മാറ്റുമെന്ന പ്രഖ്യാപനം

221 (4246) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം വർദ്ധിപ്പിക്കാതെ അടുത്ത അഞ്ച് വർഷക്കാലത്തെ പ്രവർത്തന മികവിലൂടെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥപനമായി മാറ്റുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ;

(ബി) എങ്കിൽ ഇതുപ്രകാരം പ്രവർത്തന മികവിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് വിജയപ്രദമാണോ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) കേരളത്തിലെ പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും കണക്ഷൻ നൽകി പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ഇ) വാട്ടർ അതോറിറ്റിക്ക് നിലവിൽ ലഭിക്കുവാനുള്ള വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇതിനായി ചുവടെ പറയുന്ന കർമ്മപദ്ധതികൾ തയ്യാറാക്കി വിജയകരമായി നിർവ്വഹിച്ചുവരുന്നു.

1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.
2. ജല വിതരണശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റിസ്ഥാപിക്കുന്നതിനും ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. നഗരമേഖലയിലെ പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കുന്നതിനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകി വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) 1. പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 382.64 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കേരള ജല അതോറിറ്റിയുടെ ശുദ്ധജല വിതരണ ശൃംഖലയിലൂടെയുള്ള ചോർച്ച ഒഴിവാക്കുവാനുള്ള കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പഴകിയതും കാലാവധി കഴിഞ്ഞതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാനായി 143.45 കോടി രൂപയുടെ 16 പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റിയിലൂടെ പുരോഗമിച്ചുവരുന്നു.

3. സംസ്ഥാന ഗവൺമെന്റിന്റെ 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾക്ക് 59.57 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

(ഡി) പ്രതിവർഷം രണ്ടുലക്ഷം പുതിയ കണക്ഷൻ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി കണക്ഷൻ എടുക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി കണക്ഷൻ നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

വാട്ടർ കണക്ഷനുകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുവാനുള്ള സംവിധാനവും നടപ്പിലാക്കിവരുന്നുണ്ട്.

പ്ലംബർമാർ മുഖേനയല്ലാതെ അതോറിറ്റി വഴി നേരിട്ട് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ, എസ്.സി., എസ്.ടി., ബി.പി.എൽ എന്നീ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രോജക്റ്റുകൾ തയ്യാറാക്കുകയും അതനുസരിച്ച് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നു.

(ഇ) 1. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളിലൂടെയും തവണ വ്യവസ്ഥകൾ നൽകിയും ഉപഭോക്താക്കളിൽനിന്നും വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നു. ഇത്തരത്തിൽ 2018-19 സാമ്പത്തിക വർഷം ഉപഭോക്താക്കളിൽനിന്നും 545.38 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

2. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻതലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകുകയും ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകളും കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുനഃക്രമീകരിച്ച് നൽകി കുടിശ്ശിക തീർപ്പാക്കി വാട്ടർ അതോറിറ്റിയിൽ നൽകുകയും ആയത് കെ.എസ്.ഇ.ബി.-ക്ക് ഒടുക്കുകവഴി കുടിശ്ശിക തുക കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

4. ഉപഭോക്താക്കൾക്ക് വെള്ളക്കരം എളുപ്പത്തിൽ ഒടുക്കുന്നതിനായി ഓൺലൈനായി Quick Pay സംവിധാനം നടപ്പിലാക്കിവരുന്നു.

## പുതിയ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി

222 (4247) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലെ പൈപ്പുകളാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളതെന്നും, ഇനി എവിടെയെല്ലാമാണ് മാറ്റി സ്ഥാപിക്കുവാനുള്ളതെന്നും, ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമാ;

(സി) പ്രസ്തുത പ്രവൃത്തികൾക്കായി കിഫ്ബി പദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലുകളെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) ടി മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന മുഴുവൻ പൈപ്പുകളും മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബി ധനസഹായത്തോടുകൂടി കോതമംഗലം മുനിസിപ്പാലിറ്റിയിലെ ജവഹർ ജംഗ്ഷൻ മുതൽ മാതിരപ്പിള്ളി വരെയും അമ്പലപ്പറമ്പ് മുതൽ വലിയപാറ വരെയും ഒരു കിലോമീറ്റർ കേടായ എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതിനുപുറമേ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും പൈപ്പുകൾ മാറ്റിയിടുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ താഴെപ്പറയുന്നു.

1. നെല്ലിക്കുഴി കുടിവെള്ള പദ്ധതിയുടെ തൃക്കായിയൂർ പമ്പ്ഹൗസ് മുതൽ ടാങ്ക് വരെയുള്ള 3850 മീറ്റർ 250 എം.എം.എ.സി/160 എം.എം.പി.വി.സി. പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിവരുന്നു. (അടങ്കൽ തുക- 250 ലക്ഷം രൂപ)
2. കോതമംഗലം മുനിസിപ്പാലിറ്റി-അമ്പലപ്പറമ്പ് ടാങ്ക് മുതൽ സി.എസ്.ടി. കോൺവെന്റ് വരെയുള്ള ഒരു കിലോമീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്.
3. കോതമംഗലം മുനിസിപ്പാലിറ്റി-ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ മിനി സിവിൽ സ്റ്റേഷൻ വരെയുള്ള ഒരു കിലോമീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട് (അടങ്കൽ തുക- 50 ലക്ഷം രൂപ)
4. കോതമംഗം മുനിസിപ്പാലിറ്റി-ജവഹർ ജംഗ്ഷൻ മുതൽ സബ്സ്റ്റേഷൻ വരെയുള്ള 150 എം.എം.എ.സി. പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. (അടങ്കൽ തുക- 20 ലക്ഷം രൂപ)
5. കോതമംഗലം ടൗണിലെ കാലഹരണപ്പെട്ട 125 എം.എം./150 എം.എം.എ.സി. പൈപ്പുകൾ 7 കി.മീ. മാറ്റി സ്ഥാപിച്ചിട്ടുണ്ട്.
6. കോതമംഗലം മുനിസിപ്പാലിറ്റി- സി.എസ്.ടി. കോൺവെന്റ് മുതൽ തുലവുംപറമ്പ് വരെ 300/250 എം.എം.എ.സി. പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. (അടങ്കൽ തുക- 284.2 ലക്ഷം രൂപ)

മലയിൻകീഴ് മുതൽ നാടുകാണി വരെ 200 എം.എം.എ.സി. പൈപ്പ്-4 കി.മീ, പിണ്ടിമന കുടിവെള്ള പദ്ധതിയുടെ മാലിപ്പാറ പ്ലാന്റ് മുതൽ കാളവണ്ടി ജംഗ്ഷൻ വരെയുള്ള 3 കി.മീ. 300/250/200 എം.എം.എ.സി. പൈപ്പുകൾ എന്നിവയാണ് ഇനി മാറ്റി സ്ഥാപിക്കേണ്ട കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കോതമംഗലം മുനിസിപ്പാലിറ്റി- അമ്പലപ്പറമ്പ് ടാങ്ക് മുതൽ വലിയപാറ വരെ 300 എം.എം.എ.സി. പൈപ്പുകൾ മാറ്റി 300 എം.എം.ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, ജവഹർ ജംഗ്ഷൻ മുതൽ 300/250 എം.എം.എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവയ്ക്ക് കിഫ്ബി മുഖേന അനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള കോതമംഗലം പദ്ധതിയിലെ ജലസ്രോതസ്സിന്റെ അപര്യാപ്തതയും പദ്ധതിയുടെ കാലപ്പഴക്കവും കണക്കിലെടുക്കുമ്പോൾ കാലപ്പഴക്കം ചെന്ന മുഴുവൻ പൈപ്പുകളും മാറ്റിസ്ഥാപിക്കുന്നതിനുപകരം പുതിയ വിതരണ ശൃംഖലയോടുകൂടിയ പദ്ധതി ആവിഷ്കരിക്കുന്നതാണ് അഭികാമ്യം.

## മണലൂർ മണ്ഡലത്തിലെ ജലവിതരണ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി

223 (4248) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

മണലൂർ മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി പദ്ധതിയിൽ അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## വാട്ടർ അതോറിറ്റിയുടെ കടുത്തുരുത്തി ഡിവിഷൻ ഓഫീസ് കെട്ടിടനിർമ്മാണം

224 (4249) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കടുത്തുരുത്തി ഡിവിഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിലുണ്ടായ കാലതാമസം എന്താണെന്നും റിവൈസ്ഡ് എസ്റ്റിമേറ്റിന് എന്ന് അംഗീകാരം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റിയുടെ കട്ടുത്തുരുത്തി ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി സ്റ്റേറ്റ് പ്ലാനിൽ നിന്ന് 2014 വർഷത്തിൽ 105 ലക്ഷം രൂപയുടെയും (Phase-I) 2016-ൽ 80 ലക്ഷം രൂപയുടെയും (Phase-II) ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. Phase-I-ൽ ഉൾപ്പെട്ട ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയുടെ പ്രവൃത്തികൾ 90% പൂർത്തീകരിച്ചു. Phase-II-ൽ സെക്കന്റ് ഫ്ലോറിന്റെയും തേർഡ് ഫ്ലോറിന്റെയും നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഒന്നാംഘട്ടത്തിന്റെ ടെണ്ടർ എക്സസും പ്ലാനിൽ ഉണ്ടായിട്ടുള്ള ചില വ്യതിയാനംമൂലമുണ്ടായ അധിക തുക ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് കമ്മിറ്റി ആവശ്യപ്പെട്ട അധികവിവരവും രേഖകളും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായതിനെ തുടർന്ന് 30-5-2019-ൽ വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ ലഭ്യമായ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച് ബോർഡ് യോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ള**
**കുടിവെള്ള പദ്ധതികൾ**

225 (4250) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടേയും വിശദാംശം നൽകാമോ;

(ബി) ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ളതും നടന്നുവരുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ജലനിധി നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. <u>ലക്കിടി പേരൂർ LWSS-1</u>

ഈ പദ്ധതി 31-1-2019-ന് പൂർത്തീകരിച്ചു. നിലവിൽ 3510 കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്നു. ടാങ്കിക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള 3.00 mld ശുദ്ധീകരണശാലയിൽ നിന്ന് ജലം അവിടെത്തന്നെ സ്ഥാപിച്ചിട്ടുള്ള 6.60 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭ്രജല സംഭരണിയിൽ എത്തിച്ച് ശുദ്ധജല വിതരണം നടത്തുന്നു.

2. <u>ലക്കിടി പേരൂർ LWSS-1I</u>

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ 2000 കുടുംബങ്ങൾക്കായി കുടിവെള്ളം എത്തിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. നിലവിൽ ബൃഹത് പദ്ധതി LWSS-I -ന് വേണ്ടി സ്ഥാപിച്ച ശുദ്ധീകരണശാല ഉപയോഗിച്ച് പത്തിപ്പാല പതിനാലാംമൈലിൽ സ്ഥാപിക്കുന്ന 3.56 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയിൽ നിന്നും ജലവിതരണം നടത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രവൃത്തി രണ്ടു മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയും.

3. <u>സംഘമിത്ര SWSS</u>

സംഘമിത്ര SWSS പദ്ധതി 1-11-2016-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ 106 കുടുംബങ്ങൾക്ക് ജലവിതരണം നടത്തിവരുന്നു. 25000 ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയിൽ നിന്നാണ് ജലവിതരണം നടത്തുന്നത്.

(ബി) ലക്കിടിപേരൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 351 കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്നു. ശ്രദ്ധയിൽപ്പെടുന്ന പരാതികൾ താമസംവിനാ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ലക്കിടിപേരൂർ ഗ്രാമപഞ്ചായത്തിൽ LWSS-ൽ SLEC-I-നുകീഴിൽ വരുന്ന 6 വാർഡുകളിലെ എല്ലാ ഗുണഭോക്താക്കൾക്കും കുടിവെള്ളം എത്തിയിട്ടില്ലെന്നതും KWA-യുടെ കണക്ഷൻ നിലവിലുണ്ടായിരുന്ന ഉപഭോക്താക്കളെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്താത്തതും നിലവിലുള്ള SLEC/BG യുടെ കാലാവധി, രജിസ്ട്രേഷൻ പുതുക്കൽ, പൊതുയോഗം നടത്തൽ

എന്നിവ നടക്കുന്നില്ല തുടങ്ങിയ പ്രശ്നങ്ങൾ 2019 മാർച്ച് മാസം 7-ാം തീയതി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ അവലോകന യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തതനുസരിച്ച്

1. ലക്കിടിപേരൂർ എൽ.ഡബ്ല്യൂ.എസ്.എസ്.-ന്റെ കീഴിൽ പറയപ്പെട്ട 6 വാർഡുകളിൽ എല്ലാ കണക്ഷനുകളിലും കുടിവെള്ളമെത്തി എന്ന് ഉറപ്പാക്കി.

2. ജല അതോറിറ്റിയുടെ നിലവിലുള്ള ഉപഭോക്താക്കളിൽ ജലനിധി കണക്ഷന് അപേക്ഷിച്ചവരിൽ ജല അതോറിറ്റിയുടെ വെള്ളക്കര കുടിശ്ശി അടവാക്കുന്നമുറയ്ക്ക് പുതിയ കണക്ഷൻ നൽകുന്നു.

3. നിലവിൽ 2018-19-ലേയ്ക്കുള്ള എസ്.എൽ.ഇ.സി. രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്. പുതിയ ഭാരവാഹികളെ 20-6-2019-ൽ തെരഞ്ഞെടുത്തു. എസ്.എൽ.ഇ.സി.-1 പദ്ധതിയിൽ നേരത്തെ ചേരാത്ത ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനുള്ള തീരുമാനം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട സമിതി എടുക്കുന്നതാണ്.

മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് പുറമേ പദ്ധതിയുടെ പമ്പ്ഹൗസുകളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമംമൂലം ശുദ്ധീകരണശാലയുടെ തുടർച്ചയായുള്ള പ്രവർത്തനത്തിന് തടസ്സം നേരിടുന്നുണ്ട്. ഇക്കാര്യം കെ.എസ്.ഇ.ബി. അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## കോടതിയിൽ കെട്ടിവച്ച തുക വാട്ടർ ബില്ലിൽ നിന്നും ഒഴിവാക്കാൻ നടപടി

226 (4251) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-8-2007-ലെ കോടതി വിധിപ്രകാരം കോടതിയിൽ കെട്ടിവച്ച 9750 രൂപ റെഗുലർ വാട്ടർ ബില്ലിൽനിന്നും ഒഴിവാക്കി കിട്ടുന്നതിനായി കൊച്ചി കരുവേലിപ്പടി, CC 16/537A-യിൽ താമസിക്കുന്ന ഗ്രേസി പോളിന്റെ അപേക്ഷയിൽ കേരള വാട്ടർ അതോറിറ്റി നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത തുക ടിയാളുടെ ബില്ലിൽനിന്നും എന്നത്തേക്ക് ഒഴിവാക്കി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോടതിയിൽ കെട്ടിവച്ച 9750 രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറി ലഭിക്കാത്തതുകൊണ്ടാണ് റഗുലർ വാട്ടർ ബില്ലിൽനിന്നും ഒഴിവാക്കി നൽകുവാൻ സാധിക്കാത്തത്. ഈ തുക ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റി സ്റ്റാൻഡിംഗ് കൗൺസിൽ മുഖാന്തരവും ഉപഭോക്താവ് വഴിയും കോടതിയെ സമീപിച്ചുവെങ്കിലും തുക കൈമാറി കിട്ടിയില്ല. കോടതിയിൽനിന്നും ടി തുക ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഉപഭോക്താവിന്റെ റെഗുലർ ബില്ലിൽനിന്നും ഒഴിവാക്കി നൽകുവാൻ സാധിക്കുകയുള്ളൂ. ഉപഭോക്താവിന് ഇപ്പോൾത്തന്നെ മേൽ തുക ഒഴിവാക്കി തൻമാസ തുക അടയ്ക്കാനുള്ള സംവിധാനം ചെയ്തുവരുന്നുണ്ട്.

(ബി) കോടതിയിൽ നിന്നും പണം ലഭിക്കുന്ന മുറയ്ക്ക് ഉപഭോക്താവിന്റെ ബില്ലിൽനിന്നും ഈ തുക ഒഴിവാക്കി നൽകുന്നതാണ്.

**ആനയാംകുന്ന് വാട്ടർ ടാങ്കിന്റെ ശോചനീയാവസ്ഥ**

227 (4252) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് കീഴിലുള്ള കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ ആനയാംകുന്ന് കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് അപകടാവസ്ഥയിലും ശോചനീയാവസ്ഥയിലും ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടാവസ്ഥ മാറ്റുന്നതിന് എന്തു നടപടികളാണ് അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജീവന് ഭീഷണിയായി നിൽക്കുന്ന ഈ ടാങ്കിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ ആനയാംകുന്ന് കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് ശോചനീയാവസ്ഥയിലാണ്. പക്ഷേ അപകടാവസ്ഥയിലല്ല.

(ബി) കാരശ്ശേരി പഞ്ചായത്തിലെ ആനയാംകുന്ന് പ്രദേശത്ത് സ്ഥിതിചെയ്യുന്ന കാരശ്ശേരി ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ 1.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി ശോചനീയാവസ്ഥയിലാണെങ്കിലും അതിൽനിന്നും നിലവിൽ ജലവിതരണം നടത്തിവരുന്നുണ്ട്. കാരശ്ശേരി പഞ്ചായത്ത് ഉൾപ്പെടുന്ന മുക്കം, കൊടുവള്ളി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു

സമഗ്ര കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതി നടപ്പിൽ വരികയാണെങ്കിൽ ഈ ജലസംഭരണിയുടെ ആവശ്യം വരുന്നില്ല. അങ്ങനെയെങ്കിൽ ടി ജലസംഭരണി പൊളിച്ചുമാറ്റാവുന്നതാണ്.

(സി) ടാങ്ക് നിലവിൽ ജീവന് ഭീഷണിയായി നിലനിൽക്കുന്നില്ല. ജലവിതരണം നടത്തേണ്ടതിനാൽ ഉടൻ പൊളിച്ചുമാറ്റാതെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

## ഷൊർണ്ണൂർ സമഗ്ര കുടിവെള്ള പദ്ധതി

228 (4253) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്ഘാടനം കഴിഞ്ഞ ഷൊർണ്ണൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ മുഴുവൻ ശേഷിയും ഉപയോഗിച്ച് വാണിയംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള വിതരണശൃംഖല നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വാണിയംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള വിതരണശൃംഖല നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(ബി) വിതരണശൃംഖല സ്ഥാപിക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചു. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്.

## മൂവാറ്റുപുഴയിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റ്

229 (4254) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മണിക്കൂറിൽ 7200 ലിറ്റർ കുപ്പിവെള്ളം ഉല്പാദിപ്പിക്കാൻ ശേഷിയുള്ള ഒരു കുപ്പിവെള്ള ഫാക്ടറി അരുവിക്കരയിൽ നിർമ്മാണം പൂർത്തിയായിവരുന്നു. ഇതുവരെ ഉത്പാദനം ആരംഭിച്ചിട്ടില്ല.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിൽ ഇല്ല.

**പാലായി വളവിലെ കുടിവെള്ള പദ്ധതി**

230 (4255) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പാലായി വളവ് കേന്ദ്രീകരിച്ച് വിഭാവനം ചെയ്ത കുടിവെള്ളപദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്താക്കാമോ;

(ബി) പാലായി വളവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലായി വളവ് കേന്ദ്രീകരിച്ച് 2 കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ചെറുവത്തൂർ, പടന്ന, നിലിക്കോട്, വലിയപറമ്പ് എന്നീ പഞ്ചായത്തുകൾക്കും കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം, കാങ്കോൽ-ആലപ്പാടൻ എന്നീ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതി പ്രതിദിനം 28 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഈ പദ്ധതി കാര്യങ്കോട് പുഴ സ്രോതസ്സാക്കിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം 162 കോടി രൂപയുടെ പദ്ധതിയാണ്.

2. നീലേശ്വരം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-160 കോടി രൂപയ്ക്ക് (പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം) വിവിധ ഘടകങ്ങളായി ie; കരിയങ്കോട് നദിയിൽ വേലൂരിൽ കിണർ, കായാണിയിൽ 38 MLD ശുദ്ധീകരണ ശാല, അനുബന്ധ പൈപ്പ് ലൈനുകൾ, ജലസംഭരണികൾ കൂടാതെ ഏകദേശം

600 km. വിതരണശൃംഖലയും രണ്ടു ഭാഗങ്ങളായി വിഭാവനം ചെയ്തിട്ടുണ്ട്. രണ്ടു പദ്ധതികളുടെയും പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. പദ്ധതിയുടെ പ്രധാന പൈപ്പ് ലൈൻ ടാങ്കുകളുടെ സ്ഥലം, വിതരണശൃംഖല എന്നിവയ്ക്കുവേണ്ടി സർവ്വേ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സർവ്വേയ്ക്കുശേഷം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

നിലവിൽ ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും ഫണ്ടിന്റെ അപര്യാപ്തതമൂലം വിതരണശൃംഖല സ്ഥാപിക്കാത്തതുമായ 128 ഓളം കുടിവെള്ള പദ്ധതികൾ ഉണ്ട്. ആയതിനാൽ ഭാഗീകമായി പൂർത്തിയാക്കിയ പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് പുതിയ പദ്ധതികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കുന്നതാണ്.

(ബി) പാലായി വളവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി ഇറിഗേഷൻ വകുപ്പാണ് പൂർത്തീകരിക്കേണ്ടത്. ഇതിന്റെ നിർമ്മാണം കരാർ ഉടമ്പടി പ്രകാരമുള്ള 2020 മേയ് മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എരുമേലി സമഗ്ര കുടിവെള്ള പദ്ധതി**

231 (4256) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എരുമേലി സമഗ്ര കുടിവെള്ള പദ്ധതിയുടെ കീഴിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ: വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എരുമേലി സമഗ്ര കുടിവെള്ള പദ്ധതിയുടെ കീഴിൽ ഇതുവരെ പൂർത്തിയാക്കിയ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. എടത്തികാവിൽ 9 മീറ്റർ വ്യാസമുള്ള കിണർ.
2. 600 മി.മീ. വ്യാസമുള്ള പൈപ്പുപയോഗിച്ച് ഏകദേശം 6 Km. ദൂരത്തിൽ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചു.
3. MES കോളേജിനുസമീപം 10 MLD ശേഷിയുള്ള ശുദ്ധീകരണ ശാല സ്ഥാപിച്ചു.

4. ശുദ്ധീകരണശാലയുടെ വളപ്പിലും, കൊടിത്തോട്ടം, കനകപ്പാലം, കരിങ്കല്ലുമൂഴി, ഗോവിന്ദൻ കവല, കീരിത്തോട്, കണമല, പള്ളിക്കുന്ന്, നേർച്ചപ്പാറ എന്നിവിടങ്ങളിൽ ജലസംഭരണികൾ പൂർത്തീകരിച്ചു. (9 എണ്ണം)

5. എല്ലാ ടാങ്കുകളിലേയ്ക്കുമുള്ള പ്രധാന പൈപ്പ്ലൈനിന്റെ പണികൾ പൂർത്തീകരിച്ചു.

6. നേർച്ചപ്പാറ, കൊടിത്തോട്ടം എന്നീ ടാങ്കുകളിൽനിന്നും വിതരണ ശൃംഖല പൂർത്തീകരിച്ചു.

7. റോ വാട്ടർ പമ്പ്ഹൗസ്, ശുദ്ധീകരണശാല എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമർ, പമ്പുസെറ്റുകൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു.

8. കരിങ്കല്ലുമൂഴിയിൽ നിന്നുള്ള വിതരണശൃംഖല ഭാഗികമായി പൂർത്തീകരിച്ചു. പദ്ധതി 20-11-2017-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു.

(ബി) പ്രസ്തുത പദ്ധതി മുഖേന നിലവിൽ 590 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 40 പൊതു ടാപ്പുകളും 50 ടാപ്പുകൾ സീസൺ സമയത്തും പ്രവർത്തിക്കുന്നു. ശബരിമല സീസൺ കാലയളവിൽ ഏകദേശം 50,000 ജനങ്ങൾക്ക് ദിനംപ്രതി ശുദ്ധജലം എത്തിക്കാൻ സാധിക്കുന്നു.

(സി) പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നബാർഡിൽനിന്നും സോൺ-1 ലും 6-ലും വിതരണശൃംഖല സ്ഥാപിക്കുന്നതിലേയ്ക്കായി 12.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സോൺ-1 (എരുമേലി MES കോളേജിനു സമീപം 10 MLD ശേഷിയുള്ള ശുദ്ധീകരണശാലയോടനുബന്ധിച്ചുള്ള ഉന്നതതല ജലസംഭരണിയിൽ നിന്നുള്ള വിതരണശൃംഖല-37.6 Km.), സോൺ 6 (പള്ളിക്കുന്ന് ജലസംഭരണിയിൽനിന്നുള്ള വിതരണശൃംഖല-17.5Km.) എന്നിവിടങ്ങളിലെ വിതരണശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഡീറ്റൈൽഡ് എസ്റ്റിമേറ്റ് പരിശോധനയിലാണ്.

## മഞ്ചേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

232 (4257) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും ഭരണാനുമതി ലഭിച്ച തീയതി, സാങ്കേതികാനുമതി നൽകിയ തീയതി, ടെൻഡർ ചെയ്ത തീയതി, പ്രവൃത്തി ആരംഭിച്ച തീയതി എന്നിവ സഹിതമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സാമ്പത്തികവർഷം അടിയന്തരമായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) മഞ്ചേരി നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.* ജലനിധി വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദമായ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(സി

- സ്റ്റേറ്റ് പ്ലാൻ 2016-17-മഞ്ചേരി ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ നവീകരണം- മഞ്ചേരി മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി വാർഡ് നമ്പർ 28, 29, 30, 31 & 32.
- സ്റ്റേറ്റ് പ്ലാൻ 2017-18-മഞ്ചേരി UWSS-മഞ്ചേരി മുനിസിപ്പാലിറ്റിയിലെ വാർഡ് നമ്പർ 5 (ചേരാനി) ലേയ്ക്കുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ.
- സ്റ്റേറ്റ് പ്ലാൻ 2017-18-മഞ്ചേരി UWSS-മഞ്ചേരി സബ് ഡിവിഷൻ ഓഫീസിന്റെ പുനരുദ്ധാരണം.

എന്നീ പദ്ധതികളാണ് ഈ സാമ്പത്തികവർഷം കേരള വാട്ടർ അതോറിറ്റി അടിയന്തരമായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്.

കൂടാതെ KIIFB പൈപ്പ് റീപ്ലേസ്മെന്റിൽ ഉൾപ്പെടുത്തി UWSS മഞ്ചേരി പഴയ എ.സി. പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് 1480 ലക്ഷം രൂപയുടെ ഭരണാനുമതി 9-4-2018-ന് ലഭിച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടത് നാട്ടുകാണി-പരപ്പനങ്ങാടി State Highway-യിലൂടെയാണ്. ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി അതിനകം ആരംഭിച്ച് പല ഭാഗങ്ങളും ഭാഗികമായി പൂർത്തീകരണ ദിശയിലായിരുന്നു. അതിനാൽ പി.ഡബ്ല്യു.ഡി.-യിൽനിന്നും അനുമതി ലഭിക്കാൻ പ്രയാസം നേരിട്ടിരുന്നു. മഞ്ചേരി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ടൗൺ ഭാഗത്തെ പൈപ്പ് ലൈൻ സ്ഥാപിക്കാൻ അനുമതി നൽകാൻ പി.ഡബ്ല്യു.ഡി. തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യിൽനിന്നും റോഡ് റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് കിട്ടിയാലുടൻതന്നെ സാങ്കേതികാനുമതിക്കായി സമർപ്പിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളെല്ലാം ഈ സാമ്പത്തികവർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. KIIFB മുഖാന്തരം നടപ്പിലാക്കുന്ന കടലുണ്ടി പുഴയ്ക്ക് കുറുകെയുള്ള RCB നിർമ്മാണത്തിന് KIIFB-യിൽനിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

### കോടശ്ശേരി-അതിരപ്പിള്ളി-പരിയാരം കുടിവെള്ള പദ്ധതി

233(4258) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി ലഭിച്ച കോടശ്ശേരി-അതിരപ്പിള്ളി-പരിയാരം കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) മൂന്ന് പഞ്ചായത്തുകളിലെ കുടിവെള്ള സൗകര്യത്തിന് ഏറെ സഹായകരമാകുന്ന പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിയ്ക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണം അടിയന്തരമായി ആരംഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുൻവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച കോടശ്ശേരി-അതിരപ്പിള്ളി-പരിയാരം കുടിവെള്ള പദ്ധതിക്ക് 58.61 കോടി രൂപയുടെ ധനസഹായത്തിന് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കുറത്തിക്കാട് കുടിവെള്ള പദ്ധതി

234(4259) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കുറത്തിക്കാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള റെയിൽവേയുടെ അനുമതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, 500 എം.എം. പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്-2 എണ്ണം, ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (പ്രായിക്കര പാലത്തിനുകുറുകെയുള്ള ലൈനും കല്ലുമല റെയിൽവേ ക്രോസിംഗും, 3 ഗ്യാപ്പുകളൊഴിച്ച് ബാക്കി പണികൾ) കുറത്തിക്കാട് ഒ.എച്ച്. ടാങ്ക് (വെർട്ടിക്കൽ പൈപ്പ് കണക്ഷൻ ഒഴികെയുള്ള) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കിണർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണശാല എന്നിവ കമ്മീഷൻ ചെയ്ത് ഈ ഘടകങ്ങൾ പൊതുവായി വരുന്ന മറ്റൊരു പദ്ധതിയായ മാന്നാർ ചെന്നിത്തല കുടിവെള്ള പദ്ധതിക്ക് ജലവിതരണം നടത്തിവരുന്നു.

(ബി & സി) പ്രസ്തുത പദ്ധതിക്കുവേണ്ടി മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നടപ്പാതയിലെ ഡക്ടിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി റെയിൽവേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് റെയിൽവേ നിരസിച്ചതിനാൽ കല്ലുമല റെയിൽവേ ഓവർബ്രിഡ്ജിന് സമാന്തരമായി പൈപ്പ് സ്ഥാപിക്കുന്നതിന് പാലം നിർമ്മിക്കുന്നതിനായിട്ടുള്ള ഡിസൈനും അനുബന്ധ രേഖകളും റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ റെയിൽവേയിൽനിന്നും ഇതുവരെ അനുമതി ലഭ്യമായിട്ടില്ല. റെയിൽവേ ക്രോസിംഗിനുള്ള അനുമതി ലഭ്യമായതിനുശേഷം റെയിൽവേ മേൽപ്പാലം നിർമ്മാണവും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി ഭരണാനുമതി നൽകേണ്ടതുണ്ട്. എസ്റ്റിമേറ്റ് അനുയോജ്യമായ ഫണ്ടിംഗ് ഏജൻസിയിൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

**പുതിയ തൊഴിലവസരങ്ങൾ**

235(4260) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചെന്ന് വിശദമാക്കാമോ;

(ബി) തൊഴിൽ മേഖലയിൽ നൂതനമായ ടെക്നോളജി ഉപയോഗപ്പെടുത്തി ഏതെങ്കിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് വകുപ്പ് മുഖാന്തരം നാല് സ്വയം തൊഴിൽ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതികൾ പ്രകാരം നാളിതുവരെ ആരംഭിച്ച തൊഴിൽ സംരംഭങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

| പദ്ധതി | സ്വയം തൊഴിൽ സംരംഭങ്ങൾ |
|---|---|
| കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്) ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതി | 2180 |
| മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ്ക്ലബ്ബ് (ബാങ്കുമായി ബന്ധപ്പട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതി) | 219 |
| ശരണ്യ (അശരണരായ വനിതകൾക്കുമാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടത്തുന്ന സ്വയം തൊഴിൽ പദ്ധതി) | 10554 |
| കൈവല്യ (ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി) | 985 |
| ആകെ | 13,938 |

(ബി) ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ നേരിട്ടും ഉപസംരംഭകർ മുഖേനയും ഏകദേശം 175 ലക്ഷം ചതുരശ്ര അടി അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചുകൊണ്ട് 774 കമ്പനികളിൽനിന്നും പുതുതായുള്ള ഏകദേശം 15922 തൊഴിലവസരങ്ങൾ

ഉൾപ്പെടെ ഏകദേശം 98550 പേർക്ക് പ്രത്യക്ഷമായും ഇതിന്റെ മൂന്നിരട്ടി പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വൻകിട വിദേശ കമ്പനികളെ ആകർഷിക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ പുതുതായി അവരുടെ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഐ.ഐ.ഐ.ടി.എം. കേരള (IIITMK)-യിൽ വിവരസാങ്കേതിക രംഗത്തെ അതിനൂതന സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കി നടത്തുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളും ഗവേഷണ പദ്ധതികളും പൂർത്തീകരിച്ചവർക്ക് വിവര സാങ്കേതിക രംഗത്ത് സ്വദേശത്തും വിദേശത്തും തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 300-ൽപ്പരം പേർക്ക് ഇത്തരം തൊഴിലവസരം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഐ.ഐ.ഐ.ടി.എം. കേരളയുടെ "കേരള ബ്ലോക്ക് ചെയിൻ" അക്കാഡമി വഴി ധാരാളം പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവർത്തനമാരംഭിച്ച കൊല്ലം ജില്ലയിലെ ചവറയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ അക്കാഡമിയുടെ (IIIC) പ്രഥമ ബാച്ചിൽനിന്നും പഠനം പൂർത്തിയാക്കിയ 54 പേരിൽ 45 പേർക്കും IIIC മുഖേന തൊഴിൽ ലഭ്യമാക്കി.

**ബാലവേല നിർമ്മാർജ്ജനം**

236(4261) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ബാലവേല സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികളിന്മേൽ നടപടി എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ബാലവേലയുമായി ബന്ധപ്പെട്ട് എത്ര കുട്ടികളെ മോചിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) അപകടകരമായ തൊഴിൽ മേഖലകളിലും മറ്റും കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നത് തടയാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ബാലവേല നിർമ്മാർജ്ജനത്തിനും ബാലവേലയിൽ ഏർപ്പെടുന്നവരെ പുനരധിവസിപ്പിക്കാനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ ബാലവേല സംബന്ധിച്ച് തൊഴിൽ വകുപ്പിൽ 17 പരാതികൾ ലഭിച്ചിട്ടുണ്ട്. 10 പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ 7 പരാതികളിലെ കുട്ടികൾ 14 വയസ്സിനു മുകളിലുള്ളവരായതിനാൽ ടി പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് 'ശരണബാല്യം' പദ്ധതിയിലൂടെ ജില്ലാതലത്തിൽ അഞ്ച് പരാതികൾ ലഭിക്കുകയും ആയതിന്മേൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ ബാലവേലയുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് 27 കുട്ടികളെയും സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച 'ശരണബാല്യം' പദ്ധതിയിലൂടെ 44 കുട്ടികളെയും മോചിപ്പിച്ചിട്ടുണ്ട്.

(സി&ഡി) 18 വയസ്സിൽ താഴെയുള്ളവരെ 1948-ലെ ഫാക്ടറീസ് നിയമത്തിൽ സെക്ഷൻ 22(2) പ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു മെഷീനിലോ അതിന്റെ സമീപത്തോ വൃത്തിയാക്കൽ, ചലിച്ചുകൊണ്ടിരിക്കുന്ന യന്ത്രഭാഗങ്ങളിൽ ലൂബ്രിക്കേഷൻ നടത്തൽ, സെക്ഷൻ 23 പ്രകാരം മതിയായ പരിശീലനവും മേൽനോട്ടവും കൂടാതെ അപകടകരമായ മെഷീനുകളിൽ ജോലി ചെയ്യിക്കൽ, സെക്ഷൻ 87(ബി) പ്രകാരം അപകടകരമായ നിർമ്മാണപ്രക്രിയയിൽ ജോലി ചെയ്യിക്കൽ എന്നിവ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ചൈൽഡ് ലേബർ പ്രൊഹിബിഷൻ ആക്ട് പ്രകാരം ഫാക്ടറികളിൽ 14 വയസ്സിൽ താഴെയുള്ളവരെ ജോലി ചെയ്യിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഫാക്ടറി ഇൻസ്പെക്ടർമാർ, ഫാക്ടറി പരിശോധന സമയത്ത് ടി നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ടി നിയമലംഘനങ്ങൾ ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത ഫാക്ടറി ഉടമകൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും വരുന്നു.

വിവിധ തൊഴിൽ മേഖലകളിലും വ്യാപാര വാണിജ്യ സ്ഥാപനങ്ങളിലും ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന, തൊഴിലാളികൾക്കും തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും ബോധവത്കരണ പരിപാടികൾ, സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. സ്ഥാപനങ്ങളിലും തൊഴിൽ മേഖലകളിലും ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് പോസ്റ്റർ പതിക്കുകയും ലഘുലേഖ വിതരണം നടത്തിവരികയും ചെയ്യുന്നു. ബാലവേല നിർമ്മാർജ്ജനത്തിനായി ചൈൽഡ് ലൈൻ, ജില്ലാ ശിശു സംരക്ഷണ വകുപ്പ്, ജുവനൈൽ പോലീസ് എന്നീ വകുപ്പുകളുമായി സഹകരിച്ച് സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. ചൈൽഡ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) അമന്റ്മെന്റ് റൂൾസ് പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മിന്നൽ പരിശോധന നടത്താറുണ്ട്.

ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന പരിശോധനകൾ നടത്തുന്നുണ്ട്. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവരുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ആഗോള ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 ജില്ലകളിൽ ബാലവേല വിരുദ്ധദിനമായി ആചരിക്കുകയും സെമിനാറുകൾ, ബോധവത്കരണ ക്ലാസുകൾ തുടങ്ങി പല പ്രോഗ്രാമുകളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സ്കൂളുകളിലും മറ്റും സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ടി ക്ലാസ്സുകളിൽ അങ്കണവാടി, കുടുംബശ്രീ, ആശാ പ്രവർത്തകർ എന്നിവരെക്കൂടി വനിത ശിശു വികസന വകുപ്പിന്റെ സഹായത്തോടുകൂടി പങ്കെടുപ്പിക്കുന്നുണ്ട്. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു. വനിതാ ശിശുവികസന വകുപ്പ് രൂപീകരിച്ചിട്ടുള്ള 'ശരണബാല്യം' പദ്ധതിയുമായി ചേർന്ന് ജില്ലകളിൽ വകുപ്പ് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## തൊഴിലാളി കമ്മീഷൻ

237(4262) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് തൊഴിലാളി കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) പരിഗണനയിലില്ല.

## ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശകൾ

238(4263) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കിയതിലൂടെ തോട്ടം മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം എന്ന ശിപാർശ പ്രസ്തുത കമ്മീഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ ഇളവ് വൻകിട തോട്ടം മേഖലയിൽ ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ വൻകിടക്കാർക്ക് പ്രതിവർഷം ലഭിക്കുന്ന ലാഭം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ തോട്ടങ്ങളിൽ നിലനിന്നിരുന്ന പ്ലാന്റേഷൻ ടാക്സ്, അഗ്രികൾച്ചർ ടാക്സ് എന്നിവയും തോട്ടങ്ങളിലെ ലയങ്ങളുടെ കെട്ടിട നികുതിയും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ ഈടാക്കി വന്നിരുന്ന സീനിയറേജ് ഒഴിവാക്കികൊണ്ട് സർക്കാർ ഉത്തരവായതിലൂടെ ഈ മേഖലയിൽ റീപ്ലാന്റേഷനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടുവച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് ആയതിന്റെ നടത്തിപ്പിന് തൊഴിൽ വകുപ്പിനുകീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരളയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ പ്രോജക്ടിന്റെ നിർമ്മാണം ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർവാലിയിൽ പുരോഗമിച്ചുവരുന്നു.

(സി) പ്രത്യേകം പരിശോധിച്ചിട്ടില്ല. തോട്ടം മേഖലയിൽ പൊതുവിൽ നിലനിൽക്കുന്ന വ്യവസായ/തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടാണ് റിട്ട. ജസ്റ്റിസ് കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചതും തുടർന്ന് പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് കമ്മീഷൻ ശിപാർശകളിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും.

## ബാർബർ ഷോപ്പുകൾ, ബ്യൂട്ടി പാർലറുകൾ തുടങ്ങിയവയുടെ നിയന്ത്രണം

239(4264) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാർബർ ഷോപ്പുകൾ, ബ്യൂട്ടി പാർലറുകൾ തുടങ്ങിയവയെ നിയന്ത്രിക്കുന്നതിന് ഏതെങ്കിലും സർക്കാർ വകുപ്പിനോ/ വകുപ്പുകൾക്കോ ചുമതലയുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവർ ചെയ്യുന്ന സേവനങ്ങൾക്ക് പ്രത്യേക നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത നിരക്കുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ബ്യൂട്ടി പാർലറുകളുടെയും ബാർബർ ഷോപ്പുകളുടെയും നിരക്കുകൾ ഏകീകരിച്ച് ഷോപ്പുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ബാർബർ ഷോപ്പുകൾ, ബ്യൂട്ടി പാർലറുകൾ തുടങ്ങിയവയ്ക്ക് വിവിധ തൊഴിൽ നിയമങ്ങൾ ബാധകമാണ്. ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കുള്ള സേവന വേതന നിയമങ്ങളെല്ലാംതന്നെ ടി സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ബി) തൊഴിൽ വകുപ്പ് പ്രത്യേക നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ബാർബർ-ബ്യൂട്ടീഷൻ സ്ഥാപനങ്ങളിലെ നിരക്ക് നിയന്ത്രിക്കൽ നടപടി

240(4265) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർബർ-ബ്യൂട്ടീഷൻ സ്ഥാപനങ്ങളിൽ മുടിവെട്ടുന്നതിനുള്ള നിരക്ക് ആരാണ് തീരുമാനിക്കുന്നത് എന്നറിയിക്കുമോ;

(ബി) ബാർബർ ഷോപ്പുകളിൽ മുടിവെട്ട്, ഷേവിംഗ് എന്നീ ജോലികൾക്ക് വലിയ നിരക്കുകൾ ഈടാക്കുന്നുവെന്നും ആയത് കാലാകാലങ്ങളിൽ ഇഷ്ടാനുസരണം വർദ്ധിപ്പിക്കുന്നു എന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്യൂട്ടിഷൻമാരുടെ വിവിധ ജോലികൾക്കുള്ള നിരക്കുകൾ എങ്ങനെയാണ് തീരുമാനിക്കുന്നത് എന്നറിയിക്കുമോ;

(ഡി) ഇത്തരം ജോലികളുടെ നിരക്കുകൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരുന്നതിന് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ-സി) ബാർബർ-ബ്യൂട്ടീഷൻ സ്ഥാപനങ്ങളിൽ മുടിവെട്ടുന്നതിനുള്ള നിരക്ക് തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടില്ല. സ്ഥാപനങ്ങളിൽ തൊഴിലുടമ നിശ്ചയിക്കുന്ന നിരക്കാണ് വിവിധ ജോലികൾക്ക് ഈടാക്കിവരുന്നത്. ഇക്കാര്യത്തിൽ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## സെക്യൂരിറ്റി ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

241(4266) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന സെക്യൂരിറ്റി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച പൂർണ്ണവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സെക്യൂരിറ്റി നിയമന ഏജൻസികൾ ഉണ്ടെന്നും ഓരോ ഏജൻസിക്കു കീഴിലും എത്ര സെക്യൂരിറ്റി ജീവനക്കാരുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെക്യൂരിറ്റി ജീവനക്കാരുടെ സേവന വ്യവസ്ഥകൾ തൊഴിൽ വകുപ്പ് നിശ്ചയിച്ച് നൽകിയിട്ടില്ല. എന്നാൽ 9-5-2017-ലെ ജി.ഒ.(പി)നമ്പർ 38/2017/ തൊഴിൽ നമ്പർ (എസ്.ആർ.ഒ. നമ്പർ 256/17) വിജ്ഞാപന പ്രകാരം പ്രൈവറ്റ് സെക്യൂരിറ്റി മേഖലയിലെ മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള സെക്യൂരിറ്റി ഏജൻസികളുടെ എണ്ണവും അവയിലുള്ള സെക്യൂരിറ്റി ജീവനക്കാരുടെ ജില്ലതിരിച്ചുള്ള എണ്ണവും ഓരോ ഏജൻസിക്ക് കീഴിലും ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാരുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പട്ടാമ്പിയിൽ പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

242(4267) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ ഏഴോളം പഞ്ചായത്തുകളിലെയും ഒരു മുനിസിപ്പാലിറ്റിയിലെയും തൃത്താല മണ്ഡലത്തിലെ പകുതിയിലധികം പഞ്ചായത്തുകളിലെയും തൊഴിലന്വേഷകർ സേവനങ്ങൾക്കായി ദൂരെയുള്ള ഷൊർണ്ണൂർ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ആശ്രയിക്കേണ്ടി വരുന്നതിലെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രശ്നം പരിഗണിച്ചും പട്ടാമ്പി മണ്ഡലത്തിന്റെ വലിപ്പം പരിഗണിച്ചും ഷൊർണ്ണൂർ എംപ്ലോയ്മെൻറ്എക്സ്ചേഞ്ചിനെ വിഭജിച്ച് താലൂക്ക് ആസ്ഥാനമായ പട്ടാമ്പിയിൽ പുതിയ എപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ**

243(4268) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ഓരോ വർഷവും സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ഓരോ വർഷവും എത്ര പേർക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ഓരോ വർഷവും സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 05/16 to 12/16 | - | 271143 |
| 2017 | - | 306398 |
| 2018 | - | 314380 |
| 01/19 to 4/19 | - | 36144 |
| ആകെ | - | 928065 (ഒമ്പത് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി അറുപത്തിയഞ്ച്) |

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ഓരോ വർഷവും തൊഴിൽ ലഭിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 05/16 to 12/16 | - | 6131 |
| 2017 | - | 11640 |
| 2018 | - | 12887 |
| 01/19 to 4/19 | - | 4220 |
| ആകെ | - | 34878 |

(മുപ്പത്തിനാലായിരത്തി എണ്ണൂറ്റി എഴുപത്തിയെട്ട്)

**ധനുഷ് പദ്ധതി**

244(4269) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ കോഴിക്കോട് പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ധനുഷ് എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ കോഴിക്കോട് പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ധനുഷ് എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലുമുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനുവേണ്ടിയുള്ള സമഗ്ര പരിശീലന പരിപാടികൾ ആവിഷ്കരിക്കുക.
2. ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലെ 50% സീറ്റുകൾ കേരളത്തിലെ വിദ്യാർത്ഥികൾ നേടിയെടുക്കുക.
3. ശാസ്ത്രം, ഗണിതം, ഹ്യൂമാനിറ്റീസ്, ഭാഷ, മാനേജ്മെന്റ്, നിയമം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ ആഴമേറിയ പഠനം നടത്തുന്ന സമർത്ഥരായ വിദ്യാർത്ഥികളായി കേരളത്തിലെ വിദ്യാർത്ഥികളെ വാർത്തെടുക്കുക.

(ബി) തുടക്കമെന്ന നിലയിൽ ഈ പദ്ധതി കോഴിക്കോട് ജില്ലയിൽ (പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്ററിൽ) ആണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ വിജയത്തെ ആസ്പദമാക്കി വരും വർഷങ്ങളിൽ മറ്റു ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നത് ആലോചനയിലുണ്ട്.

## ബാർ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ സംരക്ഷണം

245(4270) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കുന്നതിന് 11-10-2014 മുതൽ മദ്യത്തിന്റെ വില്പന നികുതിയിൽ അഞ്ച് ശതമാനം പുനരധിവാസ സെസ് ഏർപ്പെടുത്തിയിരുന്നോ;

(ബി) പ്രസ്തുത സെസ്സിലൂടെ എന്ത് തുകയാണ് സമാഹരിച്ചത്; പ്രസ്തുത തുകയിൽ ബാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഇതിനകം ചെലവായ തുക എത്രയാണ്;

(സി) ശേഷിക്കുന്ന തുക എന്ത് കാര്യത്തിനാണ് വിനിയോഗിക്കുന്നത് ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഏർപ്പെടുത്തിയിരുന്നു.

(ബി) 1058.89 കോടി രൂപ സമാഹരിച്ചു. പ്രസ്തുത തുകയിൽനിന്നും 8,75,45,000 രൂപ (എട്ടുകോടി എഴുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ മാത്രം) ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന്റെ ഭാഗമായി സഹായ ധനമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) സർക്കാരിന്റെ 2014-15 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസം, സുരക്ഷ, സ്വയംതൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 30-1-2019 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 06/2019/നി.വ. പ്രകാരം 'സുരക്ഷാ സ്വയം തൊഴിൽ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേയ്ക്കുള്ള തുക ടി സെസ്സിൽനിന്നും സമാഹരിച്ച തുകയിൽ നിന്നുമാണ് വിനിയോഗിക്കുന്നത്. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾക്ക് പുനരധിവാസ സെസ്സിലൂടെ സമാഹരിച്ചതിൽനിന്നും തുക അനുവദിക്കുന്നതാണെന്നും അതുപ്രകാരം 100 കോടി രൂപയുടെ അനുമതി നൽകിയും 6-10-2016-ൽ സ.ഉ.(എംഎസ്.)നമ്പർ 94/2016/നി.വ. പുറപ്പെടുവിച്ചിട്ടുണ്ട്.

## നൈപുണ്യ പരിശീലന പദ്ധതി

246(4271) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നൈപുണി പരിശീലനപദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് പരിശീലകർക്ക് സ്റ്റൈപ്പന്റായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) നൈപുണി പദ്ധതിയിൽ പഠിതാക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; ഇവരുടെ പരിശീലനം ഏത് ഏജൻസി വഴിയാണ് നടത്തുന്നത്; ഈ പദ്ധതിയുടെ സെലക്ഷൻ രീതിയും വിശദാംശങ്ങളും വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേന്ദ്ര നൈപുണ്യ പരിശീലന പദ്ധതിയിലൂടെ നിലവിൽ 109 യുവാക്കൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ 8440 പേർക്ക് പരിശീലനം നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം പരിശീലകർക്ക് യാതൊരുവിധ സ്റ്റൈപ്പന്റും നൽകുന്നില്ല. എന്നാൽ തികച്ചും സൗജന്യമായ ഈ കോഴ്സിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 500 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതാണ്.

(സി) ഉചിതമായ പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നതിനുള്ള Expression of Interest (EoI) ക്ഷണിച്ച് ഇത്തരത്തിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ വിലയിരുത്തിയതിനുശേഷമാണ് നൈപുണ്യ പരിശീലന പദ്ധതിയിലേയ്ക്കുള്ള പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നത്. ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) മാനേജിംഗ് ഡയറക്ടർ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, വിവിധ സെക്ടർ സ്കിൽ കൗൺസിലുകൾ എന്നിവയുടെ പ്രതിനിധികൾ അംഗങ്ങളായുള്ള പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY)-യുടെ സ്റ്റേറ്റ് പ്രോജക്ട് അപ്രൂവൽ കമ്മിറ്റിയാണ് മേൽപ്പറഞ്ഞ വിലയിരുത്തലുകൾ നടത്തുന്നത്. വ്യത്യസ്തമായ ജോബ് റോളുകൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആവശ്യമായ പ്രാഥമിക യോഗ്യതകൾ പാലിച്ചുകൊണ്ട് പരിശീലന പങ്കാളികളാണ് പഠിതാക്കളെ തെരഞ്ഞെടുക്കുന്നത്.

## മിനിമം വേതനം

247(4272) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിശ്ചയിച്ച മിനിമം വേതനമായ 18,000 രൂപ സംസ്ഥാനത്തെ എല്ലാ വ്യവസായ സ്ഥാപനങ്ങളിലും തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിജപ്പെടുത്തുമെന്ന് സർക്കാർ തൊഴിൽ നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മിനിമം വേതന നിയമത്തിലെ ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ മേഖലകളിലെ വേതനം പുതുക്കി നിശ്ചയിക്കുന്ന അവസരത്തിൽ സാധ്യമായ എല്ലാ മേഖലകളിലും മിനിമം വേതനം 600 രൂപയായി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിനിമം വേതനം ലഭിക്കാത്തത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

## കേരളത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക്

248(4273) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ തൊഴിൽ വകുപ്പ് പുറത്തിറക്കിയ എംപ്ലോയ്മെന്റ് - അൺ എംപ്ലോയ്മെന്റ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ സ്ത്രീകളിലെ തൊഴിലില്ലായ്മ നിരക്ക് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ് എന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ ;

(ബി) എങ്കിൽ കൂടുതൽ സ്ത്രീകളെ ജോലികളിലേക്ക് ആകർഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ലേബർ സ്റ്റാറ്റിക്സ് തൊഴിൽ സർവ്വേ പ്രകാരം കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം 30.8% ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ദേശീയ ശരാശരിയായ 23.7%നേക്കാൾ കൂടുതലാണ്.

കേരളത്തിലേതിനേക്കാൾ സ്ത്രീ തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന സ്ഥലങ്ങൾ പലതും വടക്കുകിഴക്കൻ സംസ്ഥാനങ്ങളും ആന്ധ്ര, തെലുങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ വ്യവസായ നഗരങ്ങൾ ഉൾപ്പെടുന്ന സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമാണ്. മറ്റുള്ള സംസ്ഥാനങ്ങളിൽ കേരളത്തേക്കാളും താഴ്ന്ന നിലയിലാണ് ജോലി ചെയ്യുന്ന സ്ത്രീകളുടെ ശതമാനം.

കേരളത്തിൽ സംഘടിത മേഖലയിൽ 2018 ഡിസംബർ മാസത്തെ കണക്ക് അനുസരിച്ച് 12.37 ലക്ഷം പേർ പണിയെടുക്കുന്നതായാണ് സൂചിപ്പിക്കുന്നത്. പൊതുമേഖലയിൽ 5.59 ലക്ഷം പേരും സ്വകാര്യ മേഖലയിൽ 6.78 ലക്ഷം പേരുമാണ് തൊഴിലെടുക്കുന്നത്. പൊതുമേഖലയിൽ സ്ത്രീകളുടെ എണ്ണം 1.92 ലക്ഷം മാത്രമാണ്. അതായത് 34.34% ആണ് സ്ത്രീ പങ്കാളിത്തം. എന്നാൽ സ്വകാര്യ മേഖലയിൽ ആകെ പണിയെടുക്കുന്ന 6.78 ലക്ഷം തൊഴിലാളികളിൽ 3.4 ലക്ഷം പേർ, ഏതാണ്ട് പകുതിയിൽ കൂടുതൽ സ്ത്രീകളാണ് (50.1%). അത് പുരുഷ തൊഴിലാളികളേക്കാൾ 0.1% കൂടുതലാണ്. കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതലാണെന്നാണ് മേൽ സൂചിപ്പിച്ച കണക്കുകൾ കാണിക്കുന്നത്. മേൽ സൂചിപ്പിച്ച കണക്കുകളിൽനിന്നും കേരളത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം തീരെ കുറവാണെന്ന് കണക്കാക്കാൻ സാധിക്കുകയില്ല.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ പൊതുവെ ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവരായതിനാൽ ഇത്തരത്തിൽ ഉയർന്ന വിദ്യഭ്യാസ യോഗ്യത കൈവരിച്ചവർ അതിനനുസൃതമായ തൊഴിലിനായി ശ്രമിക്കുന്നത് തൊഴിലില്ലായ്മ നിരക്ക് വർദ്ധിപ്പിക്കുന്നതോടൊപ്പം പൊതു തൊഴിലിടങ്ങളിൽ സ്ത്രീ സാന്നിദ്ധ്യം കുറയുന്നതിനും കാരണമാകുന്നു.

(ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ സ്ത്രീകൾക്കായി വകുപ്പ് വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ത്രീകൾക്കായി {വിധവകൾ, വിവാഹമോചിതർ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, 30 വയസ്സിനുമുകളിൽ പ്രായമുള്ള വിവാഹിതരാകാത്ത സ്ത്രീകൾ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, കാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ} 2010-11 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള ശരണ്യ സ്വയം തൊഴിൽ പദ്ധതിയിലൂടെ ധാരാളം സ്ത്രീകൾ സ്വയംതൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം നേടിയിട്ടുണ്ട്. അതോടൊപ്പം മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് "കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) സ്വയം തൊഴിൽ" എന്നീ പദ്ധതികളിലൂടെ ബിരുദധാരികളായ സ്ത്രീകൾക്ക് മുൻഗണന നൽകി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

വകുപ്പ് നടത്തുന്ന പി.എസ്.സി. മത്സരപരീക്ഷാ പരിശീലന ക്ലാസ്സുകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളിൽ സ്ത്രീകൾക്ക് 50 ശതമാനത്തിനുമുകളിൽ പരിശീലനം സിദ്ധിക്കുകയും അതിലൂടെ ധാരാളം സ്ത്രീ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**കർഷക തൊഴിലാളി ക്ഷേമനിധി**

249(4274) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങളാണ് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ക്ഷേമനിധിയിൽ അംഗങ്ങളായ 60 വയസ്സ് തികഞ്ഞവർക്കുള്ള അംശദായം സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 1604339 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ അംശദായമായി ഒരു വർഷം 60 രൂപ അടയ്ക്കുന്നു. ഇവർക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ പ്രതിവർഷം 625 രൂപ നിരക്കിൽ അംശദായം (അതിവർഷാനുകൂല്യം) ബോർഡിൽ നിന്നും വിതരണം ചെയ്യുന്നു. അതിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിനായി മുൻ സർക്കാർ യാതൊരു തുകയും അനുവദിക്കാതിരുന്നതുമൂലം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഈയിനത്തിൽ 251 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 130 കോടി രൂപ ആനുകൂല്യ വിതരണത്തിനായി ക്ഷേമനിധി ബോർഡിന് അനുവദിക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷം അതിവർഷാനുകൂല്യ വിതരണത്തിനായി സ.ഉ.(സാധാ)നമ്പർ 996/17 തൊഴിൽ പ്രകാരം അനുവദിച്ച 30 കോടി രൂപയുടെ വിതരണം പൂർത്തിയാക്കുകയും 2018-19 സാമ്പത്തിക വർഷം സ.ഉ.(സാധാ)നമ്പർ 1209/18 തൊഴിൽ പ്രകാരം അനുവദിച്ച 100 കോടി രൂപയുടെ വിതരണം ബോർഡിൽ നടന്നുകൊണ്ടിരിക്കുകയുമാണ്.

## ക്ഷേമനിധി ബോർഡുകൾ

250(T*4275) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ ഉണ്ടെന്നും ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) ഓരോ ക്ഷേമനിധിബോർഡും എന്നാണ് നിലവിൽ വന്നതെന്നും നിലവിൽ വന്നശേഷം എത്ര ഗുണഭോക്താക്കൾ ഓരോ ക്ഷേമനിധി ബോർഡിലും ഉണ്ടായിരുന്നുവെന്നും 2018-19 വർഷം ഈ ഓരോ ക്ഷേമനിധി ബോർഡിലും എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നും വിശദമാക്കുമോ;

(സി) ഓരോ ക്ഷേമനിധി ബോർഡും രൂപീകൃതമായശേഷം ഇതുവരെ എത്ര രൂപ ഓരോ ബോർഡിനും ഗുണഭോക്തൃവിഹിതമായും മറ്റിനത്തിലും ലഭിച്ചു എന്ന് വിശദമാക്കുമോ;

(ഡി) ഇങ്ങനെ ലഭിച്ച തുകയിൽ എത്ര കോടി രൂപ നാളിതുവരെ ഓരോ ബോർഡും ക്ഷേമനിധിയിൽ നിന്നും ഗുണഭോക്തൃവിഹിതമായി ചെലവഴിച്ചു എന്നും വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

## തൊഴിലാളികൾക്ക് ഉത്സവബത്ത

251(4276) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ഉത്സവബത്ത നൽകാറുണ്ടോ;

(ബി) ഉത്സവബത്ത ലഭിക്കാത്തത് സംബന്ധിച്ച് കൊച്ചിയിൽ ചുമട്ടു തൊഴിലാളികൾ സമരം ചെയ്തിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിലാളികളുടെ ശരാശരി വേതനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ബോർഡുകളിലും അതതുകാലങ്ങളിൽ അർഹമായ ഉത്സവബത്ത അനുവദിക്കുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗ തൊഴിലാളികൾക്ക് ഉത്സവബത്ത നൽകുന്നില്ല.

(ബി) ഉത്സവബത്ത ലഭിക്കാത്തത് സംബന്ധിച്ച് കൊച്ചിയിൽ ചുമട്ടുതൊഴിലാളികൾ സമരം ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചുമട്ടുത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള ഉത്സവകാല വായ്പയ്ക്ക് പുറമെ അധികംതുക വായ്പയായി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം ജില്ലയിലെ ഒരു വിഭാഗം ചുമട്ടുത്തൊഴിലാളികൾ സമരം ചെയ്തിരുന്നു. മാനദണ്ഡങ്ങളിൽ ഒറ്റത്തവണ ഇളവ് അനുവദിച്ചുകൊണ്ട് ഈ സമരം ഒത്തുതീർപ്പാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിലാളികൾക്ക് ചികിത്സാ സഹായം**

252(4277) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗങ്ങളായിട്ടുള്ള എത്ര തൊഴിലാളികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ചികിത്സാ സഹായം അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (ഏപ്രിൽ 2019 വരെയുള്ളവ) ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 300182 |
| കൊല്ലം | - | 118587 |
| പത്തനംതിട്ട | - | 85205 |

| | | |
|---|---|---|
| ആലപ്പുഴ | - | 100081 |
| കോട്ടയം | - | 83698 |
| ഇടുക്കി | - | 88489 |
| എറണാകുളം | - | 141481 |
| തൃശ്ശൂർ | - | 157117 |
| പാലക്കാട് | - | 264032 |
| മലപ്പുറം | - | 195521 |
| കോഴിക്കോട് | - | 180579 |
| വയനാട് | - | 27394 |
| കണ്ണൂർ | - | 183022 |
| കാസർഗോഡ് | - | 64732 |
| ആകെ | - | 1990120 |

(ബി) ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 5111 |
| കൊല്ലം | - | 888 |
| പത്തനംതിട്ട | - | 614 |
| ആലപ്പുഴ | - | 1450 |
| കോട്ടയം | - | 641 |
| ഇടുക്കി | - | 920 |
| എറണാകുളം | - | 780 |
| തൃശ്ശൂർ | - | 1399 |
| പാലക്കാട് | - | 1928 |
| മലപ്പുറം | - | 2374 |
| കോഴിക്കോട് | - | 2515 |

| | | |
|---|---|---|
| വയനാട് | - | 360 |
| കണ്ണൂർ | - | 2189 |
| കാസർഗോഡ് | - | 332 |

(സി) ചികിത്സാ സഹായം അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 258 |
| കൊല്ലം | - | 340 |
| പത്തനംതിട്ട | - | ഇല്ല |
| ആലപ്പുഴ | - | ഇല്ല |
| കോട്ടയം | - | 21 |
| ഇടുക്കി | - | 28 |
| എറണാകുളം | - | 19 |
| തൃശ്ശൂർ | - | 168 |
| പാലക്കാട് | - | 113 |
| മലപ്പുറം | - | 152 |
| കോഴിക്കോട് | - | ഇല്ല |
| വയനാട് | - | ഇല്ല |
| കണ്ണൂർ | - | 131 |
| കാസർഗോഡ് | - | 4 |

## പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് സമാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്

253(4278) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18, 2018-19 സാമ്പത്തികവർഷങ്ങളിൽ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ്ഫണ്ട് കമ്മിറ്റിക്ക് സമാശ്വാസ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ച ഫണ്ട് എത്രയെന്നും, റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ ശിപാർശയനുസരിച്ച് പ്രസ്തുത വർഷങ്ങളിൽ സമാശ്വാസപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സമാശ്വാസപ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കഴിയാതെ വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പ്ലാന്റേഷൻസ് വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്കായി 2230-01-103-62-10 ശീർഷകത്തിൽ 1,10,00,000 രൂപ (ഒരു കോടി പത്ത് ലക്ഷം രൂപ മാത്രം) വീതം 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയതിൽനിന്നും ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം 12,32,000 രൂപ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് അനുവദിച്ചു. പ്രസ്തുത തുകയിൽനിന്നും ഓണക്കിറ്റ് വിതരണം ചെയ്ത ശേഷം അവശേഷിച്ചിരുന്ന 3,95,496 രൂപ പ്ലാന്റേഷൻസ് വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി ആനുകൂല്യം വിതരണം ചെയ്യുന്ന തിനായി വിനിയോഗിച്ചു. 2018-19 സാമ്പത്തിക വർഷം ഇടുക്കി ജില്ലയിലെ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി അനുവദിച്ച 22,01,000 രൂപയിൽ സൗജന്യ ഓണക്കിറ്റ് വിതരണത്തിനുശേഷം അവശേഷിച്ചിരുന്ന 7,23,000 രൂപ തൊഴിലാളികൾക്കായുള്ള ചികിത്സാ സഹായം, മെഡിക്കൽ ക്യാമ്പ് എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

(സി) സമാശ്വാസ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാകുന്ന ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഐ.ടി. മേഖലയിലെ ജീവനക്കാർക്ക് സേവന-വേതന സംരക്ഷണം

254(4279) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. മേഖലയിലെ പല കമ്പനികളും ജീവനക്കാരെ കുറയ്ക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രസ്തുത മേഖലയിൽ എത്ര ജീവനക്കാരാണ് പ്രവർത്തിക്കുന്നത്;

(സി) ഈ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ സേവന-വേതന സംരക്ഷണത്തിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും ശക്തമായ ഇടപെടൽ നടത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഐ.ടി. മേഖലയിലെ കമ്പനികൾ ജീവനക്കാരെ കുറയ്ക്കുന്ന സ്ഥിതിവിശേഷം നിലവിലുള്ളതായി പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 977 സ്ഥാപനങ്ങളിലായി 72973 ജീവനക്കാർ ജോലി ചെയ്യുന്നു.

(സി) കമ്പ്യൂട്ടർ സോഫ്റ്റ്വെയർ മേഖലയിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി മിനിമം വേതനം ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുസംബന്ധിച്ച് തെളിവെടുപ്പിനായി ഉപസമിതി രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

(ഡി) ടി മേഖലയിലെ ജീവനക്കാരുടെ സേവന വേതന സംരക്ഷണത്തിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. 2019-ൽ നാളിതുവരെ 23 സ്ഥാപന പരിശോധനകൾ നടത്തുകയും കണ്ടെത്തിയ തൊഴിൽ നിയമ ലംഘനങ്ങൾ പരിഹരിക്കാത്തതിനാൽ 4 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## അസംഘടിത മേഖലയിലെ നിയമ ലംഘനങ്ങൾ

255(4280) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും അത് തടയുന്നതിനും തൊഴിൽ വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണ്;

(ബി) തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമിക്കുന്നതിനും വിശ്രമ ഇടവേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യം തൊഴിലുടമ നൽകുന്നുണ്ടോ എന്ന കാര്യം പരിശോധനാ വിഷയമാക്കാറുണ്ടോ;

(സി) ഇത് ഉറപ്പാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി പ്രവർത്തിക്കുന്ന നിർമ്മാണ മേഖലയിൽ തൊഴിലാളികൾക്ക് വിവിധ നിയമപ്രകാരം ലഭിക്കേണ്ട പരിരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട തൊഴിൽ മേഖലകളിൽ മൂന്ന് വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് ആയത് പുതുക്കി നിശ്ചയിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അസംഘടിത മേഖലയിലെ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും അത് തടയുന്നതിനും തൊഴിൽ വകുപ്പിൽ അഡീഷണൽ ലേബർ കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാരും അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II)-മാരും സ്പെഷ്യൽ ഡ്രൈവ്, ജില്ലാതല സ്ക്വാഡ് പരിശോധനകൾ, സ്ഥാപന പരിശോധനകൾ എന്നിവ നടത്തിവരുന്നു. കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് കൈമാറി യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(ബി) ഉണ്ട്.

(സി) ഇരിപ്പിടം നൽകാത്തതുൾപ്പെടെയുള്ള തൊഴിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് പരിശോധനാ ഉത്തരവ്, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകി പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി പ്രവർത്തിക്കുന്ന നിർമ്മാണ മേഖലകളിൽ തൊഴിലാളികൾക്ക് ലഭിക്കേണ്ട പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന

നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾക്കായി ഓരോ ജില്ലയിലും ജില്ലാ ലേബർ ഓഫീസർ (ഇ)മാരെയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I-നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. തൊഴിൽ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പുകളാണ് സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നത്. കൂടാതെ ഇപ്രകാരം സുരക്ഷാ മാനദണ്ഡങ്ങൾ ഒരുക്കാതെ നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നടത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിലാളികൾക്ക് ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിലേയ്ക്ക് സുരക്ഷാ മാനുവലിൽ സുരക്ഷാ ആഡിറ്റിംഗിന് യോഗ്യതയുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലില്ല. ആയതിനാൽ സുരക്ഷാ ആഡിറ്റിംഗിനായി അക്രെഡിറ്റേഷൻ ബോർഡുകളുടെ അംഗീകാരം ലഭിച്ച ഏജൻസികളെ നിയോഗിക്കണമെന്ന വ്യവസ്ഥ സുരക്ഷാ മാനുവലിൽ ഉൾപ്പെടുത്തുവാനുള്ള നടപടി വകുപ്പിൽ സ്വീകരിച്ചുവരുന്നു. നിർമ്മാണ മേഖല ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസും 15,000 രൂപയുടെ ചികിത്സാ സഹായവും നൽകുന്ന ആവാസ് പദ്ധതി തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(ഇ) മിനിമം വേതന വിജ്ഞാപനങ്ങൾ 5 വർഷത്തിൽ കവിയാത്ത കാലയളവിലാണ് പുതുക്കി വരുന്നത്. കാലാവധി കഴിഞ്ഞിട്ടും മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത മേഖലകളിലെല്ലാംതന്നെ ആയത് പുതുക്കി നിശ്ചയിക്കുന്നതിനായി തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ സബ്കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി മിനിമം വേതനം നിശ്ചയിച്ച 4 മേഖലകൾ ഉൾപ്പെടെ 29 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 10 തൊഴിൽ മേഖലകളിൽ പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

## ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക

256(4281) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക, ഗ്രാറ്റുവിറ്റി തുടങ്ങിയവ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ആനുകൂല്യങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി തൊഴിലാളികൾക്ക് നൽകുന്നതിന് അടിയന്തര ഇടപെടൽ നടത്തണമെന്നുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ വിധിന്യായത്തിൽ എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) തൊഴിലാളികൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ വാങ്ങി നൽകാത്തതിന്റെ പേരിൽ കോടതിയലക്ഷ്യവിധി ഇക്കാര്യത്തിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ സാഹചര്യം ഗൗരവമായി കാണുമോ;

(സി) ഇതേ കോടതിവിധിയുടെ അടിസ്ഥാനത്തിൽ തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകൾ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി /ശമ്പളകുടിശ്ശികകൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബോണക്കാട് എസ്റ്റേറ്റിൽ താമസിക്കുന്ന തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജീർണാവസ്ഥയിലുള്ള ലയങ്ങൾ അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റ് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ?

### ഉത്തരം

(എ) പൂട്ടിക്കിടക്കുന്ന ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക വിതരണം ചെയ്തിട്ടില്ല. ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ റിട്ട് പെറ്റീഷൻ (സി) നമ്പർ 365/2006-ന്മേലുള്ള അലക്ഷ്യ ഹർജി നമ്പർ 16/2012-ൽ ഉത്തരവ് നിലവിലുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ പൂട്ടിക്കിടക്കുന്ന തേയില

തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വേതന കുടിശ്ശിക വിതരണം ചെയ്യുന്നതിനായി സർക്കാർ 2.79 കോടി രൂപ കണ്ടിജൻസി ഫണ്ടിൽനിന്നും അനുവദിച്ചിരുന്നു. ആയതിൽ 1.25 കോടി രൂപ ബോണക്കാട് മഹാവീർ പ്ലാന്റേഷനിലെ തൊഴിലാളികളുടെ ശമ്പള കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യേണ്ടതായുണ്ട്.

പേമെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം നിയമിതനാകുന്ന അതോറിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി മാത്രമേ വേതന കുടിശ്ശിക തുക തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ പേമെന്റ് ഓഫ് വേജസ് ആക്ടുപ്രകാരം അതോറിറ്റി നിലവിലില്ലാത്തതിനാൽ ഇക്കാര്യത്തിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. പേമെന്റ് ഓഫ് വേജസ് ആക്ട് 1936 പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം സംബന്ധിച്ച ക്ലെയിം കേസുകളിന്മേൽ തീർപ്പുകൾ കൽപ്പിക്കേണ്ട അധികാരം തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് നൽകുന്നതിന് ടി ആക്ടിലെ സെക്ഷൻ (15)-ൽ സംസ്ഥാന ഭേദഗതി വരുത്തുന്നതിനുള്ള കരട് ബിൽ സംബന്ധിച്ച് ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റിലെ 441 തൊഴിലാളികളിൽനിന്നും ഗ്രാറ്റുവിറ്റി ലഭ്യമാക്കാൻ നിയമപ്രകാരമുള്ള അപേക്ഷകൾ ബന്ധപ്പെട്ട അതോറിറ്റി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതും ആയത് അതോറിറ്റിയുടെ വിചാരണയുടെ വിവിധ ഘട്ടങ്ങളിൽ എത്തിയിട്ടുള്ളതുമാണ്.

(ബി) നിലവിലുണ്ട്. നിലവിലുള്ള കോടതി അലക്ഷ്യ വിധി ഗൗരവമായി കാണുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന നടന്ന ചർച്ചകളിൽ തീരുമാനമെടുക്കുവാൻ കഴിയാത്തതിനാൽ 22-11-2018-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തുകയും ചർച്ചയിലെ തീരുമാനപ്രകാരം ലയങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുവാൻ കോട്ടയം ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, ജില്ലാ ലേബർ ഓഫീസർ തിരുവനന്തപുരം എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതുപ്രകാരം ലഭ്യമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) പൂട്ടികിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തോട്ടം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജ്മെന്റിന് നിർദ്ദേശം നൽകുകയുമുണ്ടായി. ആയതനുസരിച്ച് മാനേജ്മെന്റ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## തുല്യ ജോലിക്ക് തുല്യ വേതനം

257(4282) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുല്യജോലിക്ക് തുല്യവേതനം നൽകണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിധി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെട്ട തൊഴിൽ മേഖലകളിൽ സ്ഥിരം, കാഷ്വൽ, താൽക്കാലികം, ബദൽ തുടങ്ങിയ വ്യത്യാസങ്ങളില്ലാതെ എല്ലാ വിഭാഗം തൊഴിലാളികൾക്കും തുല്യ ജോലിക്ക് തുല്യ വേതനത്തിന് അർഹതയുണ്ട്. വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ വിവിധ വിഭാഗം തൊഴിലാളികൾക്ക് തുല്യനിരക്കിൽ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിരന്തര നിരീക്ഷണം നടത്തിവരുന്നുണ്ട്.

## തെങ്ങുകയറ്റ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

258(T*4283) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെങ്ങുകയറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നൽകിയിരുന്ന ആനുകൂല്യങ്ങളിൽ നിന്നും വ്യത്യസ്തമായി പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് അർഹമായ ക്ഷേമനിധി സംഖ്യ യഥാസമയം കൊടുത്തുതീർക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാബോർഡിന് കീഴിലാണ് തെങ്ങുകയറ്റ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ബോർഡിൽ പുതുതായി നടപ്പിലാക്കിയ വായ്പാ ധനസഹായ പദ്ധതിയുടെ പ്രയോജനം അംഗങ്ങളായ തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്. ബോർഡ് പുതുതായി വർദ്ധിപ്പിച്ച നിരക്കിലുള്ള 10,000 രൂപയുടെ വിവാഹ ധനസഹായ പദ്ധതിക്കും ഇവർ അർഹരാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) തെങ്ങുകയറ്റ തൊഴിലാളികൾക്ക് അർഹമായ ക്ഷേമനിധി സംഖ്യ യഥാസമയം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡുവഴി വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശിക യായിരുന്ന 42 ലക്ഷം രൂപയടക്കം ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 4,91,40,000 (നാലു കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) കേരള മരംകയറ്റ തൊഴിലാളി ക്ഷേമ ധനസഹായ പദ്ധതിയിൽനിന്നും ഈ വിഭാഗം തൊഴിലാളികൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

## വയനാട്ടിലെ ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

259(4284) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ നിലവിലുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ തൊഴിൽ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ ;

(ബി) വയനാട്ടിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ;

(സി) വയനാട്ടിലെ തോട്ടം മേഖലയിൽ കുടുംബമായി ജീവിച്ച് ജോലിചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആവാസ് പദ്ധതിപ്രകാരം 9550 ഇതര സംസ്ഥാന തൊഴിലാളികളും കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിപ്രകാരം 7181 ഇതര സംസ്ഥാന തൊഴിലാളികളും വയനാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആവാസ് പദ്ധതിപ്രകാരം വയനാട് ജില്ലയിലെ തോട്ടം മേഖലയിൽ നാളിതുവരെ 398 തോട്ടം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എസ്റ്റേറ്റ് മാനേജ്മെന്റുകളിൽനിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 196 ഇതര സംസ്ഥാന തൊഴിലാളി കുടുംബങ്ങൾ വയനാട് തോട്ടം മേഖലയിൽ കുടുംബമായി ജീവിച്ചുവരുന്നു.

## ഇതരസംസ്ഥാന തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

260(4285) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ ഇവിടുത്തെ തൊഴിൽ സ്ഥലങ്ങളിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ (തുല്യവേതനമില്ലാത്ത അവസ്ഥ, താമസിക്കുന്ന സ്ഥലങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ പരിതാപകരമായ അവസ്ഥ, വൃത്തിഹീനമായ അന്തരീക്ഷം, മക്കൾക്ക് വിദ്യാഭ്യാസം ലഭിക്കാത്ത അവസ്ഥ) പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ കുറഞ്ഞ വേതന നിരക്കുംമൂലം നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകാത്ത അവസ്ഥയുണ്ടായിത്തീരുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യ വേതനം ലഭിക്കാൻ അർഹതയുണ്ട്. കൂലി കുറച്ച് ലഭ്യമാകുന്നതായി ഇതര സംസ്ഥാന തൊഴിലാളികളിൽനിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കൂലി പിടിച്ചുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ ജോലി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരാതിപ്പെടുന്നതിനും തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കുന്നു.

ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മാതൃകാ പാർപ്പിട സമുച്ചയമാണ് ഈ പദ്ധതിവഴി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ കുറഞ്ഞ വേതന നിരക്കുംമൂലം നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കേരളത്തിൽവച്ച് മരണപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ

261(4286) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിമാസം അൻപത് ഇതരസംസ്ഥാന തൊഴിലാളികളെങ്കിലും കേരളത്തിൽവച്ച് മരിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മരണം എങ്ങനെ സംഭവിക്കുന്നു എന്ന കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇപ്പോൾ ഇത്തരം സന്ദർഭങ്ങളിൽ സർക്കാർ അവലംബിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) ഇതരസംസ്ഥാന തൊഴിലാളികൾ ഏതൊക്കെ വഴിയാണ് സംസ്ഥാനത്തെത്തുന്നതെന്നും എന്തൊക്കെ തൊഴിലിലാണ് ഏർപ്പെടുന്നതെന്നും തൊഴിൽവകുപ്പ് പരിശോധിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) മരണം സംഭവിച്ച തൊഴിലാളി ആവാസ് രജിസ്ട്രേഷൻ കാർഡുള്ള ആളാണോ; മരണ കാരണം, ജോലിക്കിടയിൽ സംഭവിച്ചതാണോ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും മൃതശരീരം മരിച്ച ആളുടെ സ്വദേശത്ത് എത്തിക്കുന്നതിനുള്ള സഹായവും ആശ്രിതർക്ക് അർഹമായ ധനസഹായവും ലഭ്യമാക്കുന്ന നടപടികളും തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്.

(ഡി&ഇ) ഇതരസംസ്ഥാന തൊഴിലാളികൾ എപ്രകാരമാണ് സംസ്ഥാനത്തെത്തുന്നതെന്ന് പ്രത്യേകമായി പരിശോധിക്കാറില്ല. എന്നാൽ തൊഴിൽ വകുപ്പിന്റെ വിവിധ മേഖലകളിലുള്ള പരിശോധനകളിൽ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നതു സംബന്ധിച്ച് പരിശോധന നടത്താറുണ്ട്. നിർമ്മാണ മേഖല,

ഹോട്ടൽ, കാർഷിക മേഖല എന്നിവിടങ്ങളിലാണ് ഇവർ കൂടുതലായി തൊഴിലിൽ ഏർപ്പെടുന്നതായി കണ്ടുവരുന്നത്. എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും 'ആവാസ്' ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ പൂർണ്ണമായ രജിസ്ട്രേഷൻ നടത്തുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ അന്തരീക്ഷം**

262(4287) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് Sexual Harassment of Women at Workplace (Prevention Prohibition and Redressal) ആക്ട്-2013 പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് Sexual Harassment of Women at Workplace (Prevention Prohibition and Redressal) ആക്ട് 2013 പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Workplace (Prevention, Prohibition And Redressal) Act 2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും (ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും സാമൂഹ്യനീതി വകുപ്പിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽനിന്നും ഇതുസംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്. Sexual Harassment of Women at Workplace (Prevention, Prohibition And Redressal) Act 2013 പ്രകാരം തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ഇൻസ്പെക്ടേഴ്സല്ല എന്നിരുന്നാലും ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് റൂൾ 6(ബി) പ്രകാരം കംപ്ലയിൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് സ്ഥാപന പരിശോധന വേളയിൽ അന്വേഷിക്കുകയും ഇല്ലാത്ത സ്ഥാപനങ്ങളിൽ ആയത് രൂപീകരിക്കാൻ നിർദ്ദേശം

നൽകുകയും ചെയ്യാറുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ആവശ്യമായ വിശ്രമസ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ലാട്രിൻ/യൂറിനൽ സംവിധാനം, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, 50 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ താമസം, സ്ഥാപനത്തിൽനിന്നും 25 കിലോമീറ്റർ കൂടുതലുണ്ടെങ്കിൽ തൊഴിലുടമ ഹോസ്റ്റൽ സൗകര്യം നൽകുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധനാ വേളയിൽ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്. 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് തൊഴിലുടമ ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ടി നിയമഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം രണ്ട് സ്ത്രീകളുൾപ്പെടെ 5 ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായി മാത്രമെ സ്ത്രീ തൊഴിലാളികളെ ജോലിക്ക് നിയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളിന്മേൽ അവബോധം വരുത്തുന്നതിനായി ലഘുലേഖകളും വിതരണം ചെയ്യുന്നുണ്ട്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി എടുത്തിട്ടുണ്ട്. കൂടാതെ ഗ്രേഡിംഗിനുള്ള ചോദ്യാവലിയിൽ സ്ത്രീ സുരക്ഷ, യാത്രാ സൗകര്യം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## പി.ഐ. ഇട്ടിയുടെ ചികിത്സാ സഹായ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ

263(4288) <u>ശ്രീ. മാത്യു ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. പി. ഐ. ഇട്ടി എന്നയാൾ ചികിത്സാ സഹായത്തിനായി തിരുവല്ല കുറ്റപ്പുഴ ഡിസ്പെൻസറി മുഖേന ഇ.എസ്.ഐ. കൊല്ലം ആർ.ഡി.ഡി. ഓഫീസിൽ നൽകിയ അപേക്ഷയിന്മേൽ (3-7-2018 -ലെ 119/18 നമ്പർ ഫയൽ) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യക്തിയ്ക്ക് അടിയന്തരമായി ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. പി. ഐ. ഇട്ടി തന്റെ ചികിത്സാ ഇനത്തിൽ ചെലവായ 12,92,458 രൂപയുടെ റീ ഇംബേഴ്സ്മെന്റ് അപേക്ഷ തിരുവല്ല ഇ.എസ്.ഐ. ഡിസ്പെൻസറി മുഖേന കൊല്ലം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. കൊല്ലം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽനിന്ന് പ്രസ്തുത അപേക്ഷ 13-9-2018-ൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കുകയും ടി അപേക്ഷ 24-9-2018-ൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ 4,08,120 രൂപയുടെ ഇഞ്ചക്ഷന്റെ പൗച്ചുകളും ടാക്സ് ഇൻവോയ്സുകളും സമർപ്പിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത രേഖകൾ ലഭ്യമാക്കുവാൻ ശ്രീ. പി. ഐ. ഇട്ടിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട തുക അനുവദിക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിൽനിന്നും സ്വീകരിക്കുന്നതാണ്.

**തോട്ടട ഇ.എസ്.ഐ. ആശുപത്രി വികസനം**

264(4289) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ തോട്ടടയിലെ ഇ.എസ്.ഐ. ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

നിലവിൽ തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ആയത് സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്തുന്നതിന്റെ ഭാഗമായി കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി, ന്യൂറോളജി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**തൊഴിൽ മേഖലയിലെ മിനിമം വേതനം**

265(4290) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ നൽകുന്ന മിനിമം വേതനം എത്രയാണെന്ന് മേഖല തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതനം അറുന്നൂറ് രൂപയാക്കും എന്ന പ്രഖ്യാപനം തൊഴിൽ നയത്തിൽ നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത തൊഴിൽ നയത്തിനുശേഷം ഏതൊക്കെ മേഖലകളിലാണ് വേതനം പുനർനിർണ്ണയിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) എല്ലാ മേഖലകളിലും വേതനം പുനർനിർണ്ണയിച്ചിട്ടില്ലെങ്കിൽ പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള 80 തൊഴിൽ മേഖലകളിൽ ഓരോ തസ്തികയ്ക്കും ജോലിയുടെ സ്വഭാവമനുസരിച്ചുള്ള മിനിമം വേതനമാണ് നിശ്ചയിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പിന്റെ മിനിമം വേതന വിജ്ഞാപനങ്ങളെല്ലാം തന്നെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in-ൽ ലഭ്യമാണ്. (വേതന നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളുടെ ഒരു പകർപ്പ് അറിവിലേയ്ക്കായി ഉള്ളടക്കം ചെയ്യുന്നു.*)

(ബി) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ തൊഴിൽ നയത്തിന്മേൽ പ്രഖ്യാപനം ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി) തൊഴിൽ നയത്തിനുശേഷം ഹാന്റ്ലൂം, ഖാദി വ്യവസായം, ഫിഷ് പീലിംഗ്, ഹാന്റിക്രാഫ്റ്റ്, റബ്ബർ പ്രോഡക്ട്സ്, മൈനർ പോർട്ട് എന്നീ തൊഴിൽ മേഖലകളിലെ മിനിമം വേതനമാണ് പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്.

(ഡി) മിനിമം വേതന നിയമപ്രകാരം രൂപീകരിക്കുന്ന മിനിമം വേതന കമ്മിറ്റികൾ/ഉപകമ്മിറ്റികൾ വിവിധ മേഖലകളിൽ തെളിവെടുപ്പ് നടത്തി അതത് മേഖലകളിലെ തൊഴിൽ സാഹചര്യവും നിലവിലുള്ള വേതന ഘടനയും പരിശോധിച്ച് മിനിമം വേതന നിർണ്ണയത്തിനായി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് വേതനം നിശ്ചയിക്കുന്നതിനുള്ള ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നത്. ടി നിരക്കുകൾ സംബന്ധിച്ച് സർക്കാർ ഒരു പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും രണ്ടുമാസത്തെ സാവകാശം നൽകി ആക്ഷേപങ്ങൾ ക്ഷണിച്ച് അതിന്മേൽ വീണ്ടും ഹിയറിംഗ് നടത്തിയാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുന്നതിലേയ്ക്ക് വേണ്ട സ്വാഭാവികമായ സമയക്രമം വേതന പുനർ നിർണ്ണയത്തിന് അനിവാര്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം

266(4291) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കിക്കൊണ്ടു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) അതുപ്രകാരമുള്ള മിനിമം വേതനം സ്വകാര്യ ആശുപത്രികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിജ്ഞാപനം നടപ്പിലാക്കുന്നത് കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ അത് നീക്കി കിട്ടുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ;

(ഡി) സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വകാര്യ ലാബുകൾ, ഫാർമസികൾ, ഡെന്റൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം ഗൗരവമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) 23-4-2018-ലെ ജി.ഒ.(പി)33/2018/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം സ്വകാര്യ ആശുപത്രി ജീവിനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് 1-10-2017 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്ത് തൊഴിലുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും WP(C) Nos.25524/2018, 23406/2018 എന്നീ കേസുകളിലെ ഉത്തരവുകൾ പ്രകാരം പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയുമുണ്ടായി. കൂടാതെ മറ്റ് 10 റിട്ട് ഹർജികളിൽ മിനിമം വേതന ഉത്തരവ് നടപ്പിലാക്കാത്ത ആശുപത്രി ഉടമകൾക്കെതിരെ coersive steps എടുക്കാൻ പാടില്ലെന്ന തരത്തിൽ ഇടക്കാല സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ കേസുകളിലെല്ലാംതന്നെ സർക്കാർ യഥാസമയം എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതോടൊപ്പം സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വകാര്യ ലാബുകൾ, ഫാർമസികൾ, ഡെന്റൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധ

തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ 23-4-2018 തീയതിയിലെ ജി.ഒ.(പി)33/2018/ തൊഴിൽ നമ്പർ പ്രകാരം സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ആയുർവേദ, ദന്തൽ, ഹോമിയോ ആശുപത്രികൾ, സ്വകാര്യ ലാബുകൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ എന്നീ സ്ഥാപനങ്ങൾക്ക് പ്രത്യേകം മിനിമം വേതനം നിശ്ചയിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. ആയതിന്റെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്വകാര്യ ലാബുകൾ, ഫാർമസികൾ, ഡെന്റൽ, ആയുർവേദം, യുനാനി, സിദ്ധ, കാത്ത് ലാബുകൾ എന്നീ മേഖലകളെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ പ്രത്യേക മേഖലയായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ. വനിതാ ഹോസ്റ്റലിൽ വാർഡൻ തസ്തിക സൃഷ്ടിക്കാൻ നടപടി

267(T*4292) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിലെ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷമായിട്ടും വാർഡൻ തസ്തിക സൃഷ്ടിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഹോസ്റ്റലിൽ വാർഡൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വ്യാവസായിക പരിശീലന വകുപ്പിൽ വാർഡൻ തസ്തിക നിലവിലില്ല. എന്നാൽ ഐ.ടി.ഐ.-കളിലെ ഹോസ്റ്റലിന്റെ മേൽനോട്ടം വഹിക്കുന്നതിനായി അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ട് തസ്തിക നിലവിലുണ്ട്. കൽപ്പറ്റ ഐ.ടി.ഐ.-യിൽ നിലവിലുള്ള പ്രസ്തുത തസ്തികയിൽ ഒരു ജീവനക്കാരൻ സേവനം അനുഷ്ഠിക്കുന്നുണ്ട്.

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## അംഗീകൃത വ്യവസായ പാർക്കുകളിലെ ജീവനക്കാരുടെ ഇ.എസ്.ഐ., പി.എഫ്. വിഹിതം

268(4293) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകൃത വ്യവസായ പാർക്കുകളിലെ സ്ഥാപനങ്ങളിൽ 2017 മാർച്ച് 31-ന് ശേഷം ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ ഇ.എസ്.ഐ., പി.എഫ്. എന്നിവയുടെ തൊഴിലുടമ വിഹിതത്തിൽ 75 ശതമാനം മൂന്ന് വർഷത്തേക്ക് സർക്കാർ വഹിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇതിനകം എത്ര തൊഴിലുടമകൾക്ക് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കി; ഈ പദ്ധതിക്കായി സർക്കാർ എന്ത് തുകയാണ് ഇതിനകം ചെലവഴിച്ചത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) Pradhan Mantri Rojgar Protsahan Yojana (PMRPY) പദ്ധതിപ്രകാരം 1-4-2016-ന് ശേഷം ആദ്യമായി ജോലിയിൽ പ്രവേശിക്കുന്ന തൊഴിലാളികളുടെ 3 വർഷത്തേയ്ക്കുള്ള ആനുകൂല്യം ഇ.പി.എഫ്.ഒ.-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലുടമകൾക്കും 08/2016 മുതൽ ടി പദ്ധതിയുടെ നിബന്ധനകൾക്കു വിധേയമായി കേന്ദ്രസർക്കാർ വഹിക്കുന്നു.

(ബി) ഇ.പി.എഫ്. ഓർഗനൈസേഷൻ ലഭ്യമാക്കിയ വർഷം തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

| Year | No. of establishments | Amount |
|---|---|---|
| 2016-17 | 37 | 26,01,468 |
| 2017-18 | 1209 | 18,25,60,723 |
| 2018-19 | 4748 | 99,43,58,814 |
| 2019-20 (upto 05/19) | 6516 | 24,57,09,279 |

## ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

269(4294) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി സർക്കാർ ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ഐ.ടി.ഐ. കളിൽ ആധുനിക കാലഘട്ടത്തിന് യോജിച്ചതും ജോലിസാധ്യത കൂടുതലുള്ളതുമായ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചാലക്കുടി സർക്കാർ ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ശിപാർശകളൊന്നും നിലവിലില്ല.

(ബി) ഐ.ടി.ഐ.-കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ഈ സ്കീമിന് കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിക്കുന്നതനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ കോഴ്സുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ട്.

## ഐ.ടി.ഐ.-കളിൽ പ്രഭാത ഭക്ഷണം നൽകാൻ നടപടി

270(4295) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ എല്ലാ വനിതാ ഐ.ടി.ഐ.കളിലും പ്രഭാത ഭക്ഷണം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പെൺകുട്ടികൾ പഠിക്കുന്ന മിക്സഡ് ഐ.ടി.ഐ.കൾ ഉൾപ്പെടെ എല്ലാ സർക്കാർ ഐ.ടി.ഐ.-കളിലും പ്രഭാത ഭക്ഷണ പരിപാടി നടപ്പിലാക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ വനിത ഐ.ടി.ഐ.-കളിൽ പ്രഭാത ഭക്ഷണം നൽകുന്നില്ല. എന്നാൽ വനിതാ ഐ.ടി.ഐ.-കളിലും പിന്നോക്ക മേഖലയിൽ പ്രവർത്തിക്കുന്ന ആര്യനാട്, അട്ടപ്പാടി, നിലമ്പൂർ എന്നീ ഐ.ടി.ഐ.-കളിലും പോഷക സമൃദ്ധമായ ഉച്ചഭക്ഷണവും വനിത ഐ.ടി.ഐ.-കൾ ഒഴികെയുള്ള എല്ലാ ഐ.ടി.ഐ.-കളിലും പോഷകാഹാര പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ സർക്കാർ ഐ.ടി.ഐ.-കളിലും പ്രഭാത ഭക്ഷണ പരിപാടി നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പുതിയ ഐ.ടി.ഐ.കൾ**

271(4296) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എത്ര ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്; ജില്ലകൾ തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിനുള്ള എത്ര പ്രൊപ്പോസലുകൾ സർക്കാരിന്റെ പക്കലുണ്ട്; വിശദവിവരം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനായി നൽകിയിട്ടുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 17 ഐ.ടി.ഐ.-കൾ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മലമ്പുഴ ഐ.ടി.ഐ. ജീവനക്കാർക്കുള്ള ബത്ത**

272(4297) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴ ഐ.ടി.ഐ. ജീവനക്കാർക്ക് ട്രെയിനിംഗിന് പോകുന്നതിന് ലഭിക്കുന്ന ബത്തകൾ മുടങ്ങിയ സാഹചര്യമുണ്ടോ; എങ്കിൽ എന്നുമുതൽ കുടിശ്ശികയുണ്ട്;

(ബി) മേല്പറഞ്ഞ കുടിശ്ശികയുണ്ടായതിനുള്ള കാരണമെന്താണ്; ആയത് അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. 2014 നവംബർ മുതൽ 2015 ഫെബ്രുവരി വരെയുള്ള കാലയളവിൽ ട്രെയിനിംഗിൽ പങ്കെടുത്ത 8 ജീവനക്കാരുടെയും 2016 ആഗസ്റ്റ് മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ഒരു ജീവനക്കാരന്റെയും യാത്രാബത്ത കുടിശ്ശിക ആയിട്ടുണ്ട്.

(ബി) 2014 നവംബർ മുതൽ 2015 ഫെബ്രുവരി വരെയും 2016 ആഗസ്റ്റ് മുതൽ 2017 മാർച്ച് വരെയുമുള്ള കാലയളവിൽ ട്രെയിനിംഗിൽ പങ്കെടുത്ത ജീവനക്കാരുടെ ബില്ലുകൾ മാറി നൽകുന്നതിന് യഥാസമയം മേലൊപ്പുചാർത്തി ലഭ്യമായിരുന്നെങ്കിലും ടി.എ. ശീർഷകത്തിൽനിന്നും പരീക്ഷ ഉൾപ്പെടെയുള്ള ടൂർ സംബന്ധമായ ബില്ലുകൾ മുൻഗണനാക്രമത്തിൽ മാറി നൽകിയിരുന്നതിനാൽ ഫണ്ടിന്റെ അഭാവംമൂലം ട്രെയിനിംഗുമായി ബന്ധപ്പെട്ട ബില്ലുകളിലെ തുക യാത്ര നടത്തി 2 വർഷത്തിനകം മാറാൻ സാധിച്ചിരുന്നില്ല. 2 വർഷക്കാലാവധി കഴിഞ്ഞതിനാൽ ടി ബില്ലുകൾക്ക് സർക്കാരിൽനിന്നും പ്രീ-ഓഡിറ്റ് അനുമതി നൽകി തുക മാറി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെന്മാറ ഐ.ടി.ഐ.-യ്ക്ക് അനുവദിച്ച സ്ഥലം

273(4298) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ സർക്കാർ ഐ.ടി.ഐ. എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നു വിശദമാക്കുമോ ;

(ബി) ഈ ഐ.ടി.ഐ.യ്ക്ക് ഇറിഗേഷൻ വകുപ്പിൽ നിന്നും അനുവദിച്ച സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) സ്ഥലം കൈമാറി കിട്ടുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് വാടക രഹിതമായി ലഭ്യമാക്കിയ കെട്ടിടത്തിലാണ് കഴിഞ്ഞ 9 വർഷമായി നെന്മാറ ഐ.ടി.ഐ. പ്രവർത്തിച്ചുവരുന്നത്.

(ബി&സി) നെന്മാറ ഐ.ടി.ഐ.-യ്ക്കായി ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ചിറ്റൂർ താലൂക്ക്, വല്ലങ്ങി വില്ലേജ്, ബ്ലോക്ക് 56, റീസർവ്വെ നമ്പർ 497/10-ൽ ഉൾപ്പെട്ട 1.0120 ഹെക്ടർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന്

ആക്ഷേപമില്ലെന്ന് ജലസേചന വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകുന്ന വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് സ്വീകരിക്കുന്നതാണ്.

## ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ.

274(4299) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിൽ എത്ര ട്രേഡുകളാണ് ഉള്ളതെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ നിലവിലുള്ള സൗകര്യങ്ങൾ ഏതൊക്കെയാണെന്നും അവിടെ ചെയ്തുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) പുതിയ കെട്ടിടനിർമ്മാണത്തിനായി തൊഴിലും നൈപുണ്യവും വകുപ്പ് അനുവദിച്ച തുക എത്രയെന്നും ടി കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ?

### ഉത്തരം

(എ) ആരക്കുഴ ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ രണ്ട് ട്രേഡുകളാണ് നിലവിലുള്ളത്.

(ബി&സി) നിലവിൽ ആരക്കുഴ പഞ്ചായത്തുവക കെട്ടിടത്തിൽ രണ്ട് ട്രേഡുകളിലായി 84 ട്രെയിനികൾക്ക് പരിശീലനം നൽകിവരുന്നു. ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി കൈമാറി നൽകിയിട്ടുള്ള സ്ഥലത്ത് മൂന്ന് ഘട്ടമായിട്ടാണ് ഐ.ടി.ഐ.യുടെ നിർമ്മാണം നടക്കുന്നത്. ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 3.16 കോടി രൂപ അനുവദിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി 75 ലക്ഷം രൂപകൂടി ആവശ്യമായതിനാൽ ആയതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളായ ചുറ്റുമതിൽ നിർമ്മാണവും ഭൂമി നിരപ്പാക്കലും നടത്തുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പാലക്കുഴ വില്ലേജിൽ ഉൾപ്പെട്ടസ്ഥലത്ത് വഴി തർക്കവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലവിലുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിയായ രണ്ടാം നിലയുടെ ജോലികൾ നടത്തുന്നതിലേയ്ക്കായി 2.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി അടിയന്തരമായി തുടങ്ങുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

## പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണം

275(4300) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സമർപ്പിച്ചിരുന്ന 47.4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ (ഫയൽ നമ്പർ സി 3/345/18) ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി കൂടി പൂർത്തീകരിച്ചാൽ മാത്രമേ പുതിയ കെട്ടിടത്തിലേക്ക് ക്ലാസ്സ് മാറ്റാൻ കഴിയുകയുള്ളൂ എന്നതിനാൽ ഭരണാനുമതി നൽകാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പെരിങ്ങോം ഐ.ടി.ഐ. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഇതുവരെ ചെലവഴിച്ച തുകയിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാർതലത്തിൽ വ്യാവസായിക പരിശീലന വകുപ്പിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും വാങ്ങി വ്യാവസായിക പരിശീലന വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## താഴേക്കോട് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം

276(4301) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് സർക്കാർ ഐ.ടി.ഐ. യുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം നാളിതുവരെയും താഴേക്കോട് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന് താഴേക്കോട് ഗ്രാമപഞ്ചായത്തിനോട് വ്യാവസായിക പരിശീലന വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം 12-6-2019-ൽ ചേരുകയുണ്ടായി. താഴേക്കോട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ അരക്കുപറമ്പ് വില്ലേജിൽ ഒരേക്കർ ഏഴ് സെന്റ് സ്ഥലം പഞ്ചായത്ത് കണ്ടെത്തുകയും ടി സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കുന്നതിന്റെ അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് 17-5-2019-ൽ കത്തയയ്ക്കുകയും ചെയ്തതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ

277(4302) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നടത്തിയിട്ടുള്ള നിയമനങ്ങൾ വിശദമാക്കാമോ;

(ബി) താൽക്കാലിക ഒഴിവുകൾ ഉണ്ടായിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്ക് ആയത് റിപ്പോർട്ട് ചെയ്യാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നാളിതുവരെ (31-5-2019) 416 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി & സി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/ കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക്

വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവന്മാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും വകുപ്പുമേധാവികളെ അറിയിച്ചിട്ടുണ്ട്. ഒഴിവുകൾ അറിയിക്കാത്ത ഉദ്യോഗദായകർക്കെതിരെ മേൽ പരാമർശിച്ച ചട്ടങ്ങൾക്കും സർക്കുലറുകൾക്കും അനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്.

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

278(4303) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇത്തരം സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇത്തരം സെന്ററുകൾ നിലവിലില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഇവ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഇത്തരം സെന്ററുകൾ ആരംഭിയ്ക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ. ഒരു കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് കുറഞ്ഞത് 3000 ചതുരശ്ര അടി സ്ഥലം (അനുയോജ്യമായ സർക്കാർ വക കെട്ടിടം) ആവശ്യമാണ്. കരിയർ വിജ്ഞാനം ഇനിയും എത്തിച്ചേരാത്ത ഗ്രാമീണ മേഖലകളിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ടാണ് ഈ പുതിയ പദ്ധതി ആരംഭിച്ചിട്ടുള്ളത്. വിദൂര ഗ്രാമീണ മേഖലകളിലെ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ചാണ് നിലവിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) ഇത്തരം സെന്ററുകൾ നിലവിലില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഇവ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽനയം പ്രകാരം എല്ലാ ജില്ലകളിലും ഒരു കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട് ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ

പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിലും കോട്ടയം ജില്ലയിൽ വൈക്കത്തും കൊല്ലം ജില്ലയിൽ കൊട്ടാരക്കരയിലും സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പുതുതായി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇ.എസ്.ഐ. ആനുകൂല്യം**

279(4304) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിൽ ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അർഹരായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

11547 കുടുംബങ്ങൾ.

**ലഹരി ഉപയോഗ നിയന്ത്രണത്തിന് ബോധവത്കരണം**

280(4305) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ബോധവത്കരണത്തിലൂടെ മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം കുറക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(സി) മദ്യത്തിന്റെ ഉത്പാദനം കുറയ്ക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കാത്തതാണ് മദ്യ ഉപയോഗത്തിൽ വന്ന വർദ്ധനവിന് കാരണമെന്ന് കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന് കാരണമെന്തെന്നാണ് സർക്കാർ വിലയിരുത്തി യിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2016 ജൂലൈ മുതൽ 2019 ഏപ്രിൽ വരെയുള്ള 34 മാസക്കാലയളവിലെ മദ്യവിൽപ്പന മുൻ സർക്കാരിന്റെ 2013 സെപ്റ്റംബർ മുതൽ 2016 ജൂൺ വരെയുള്ള 34 മാസക്കാലയളവിലെ

മദ്യവിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം (ഐ.എം.എഫ്.എൽ.) വിൽപ്പനയിൽ 20.46 ലക്ഷം കെയ്സുകളുടെ കുറവും ബിയർ വിൽപ്പനയിൽ 3.37 ലക്ഷം കെയ്സുകളുടെ കുറവും ഉണ്ടായിട്ടുണ്ട്.

(ബി) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ബോധവത്കരണ പ്രവർത്തനങ്ങളിലൂടെയും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വ്യാപനം ചെറുക്കുന്നതിന് സർക്കാരിനായിട്ടുണ്ട്.

(സി&ഡി) ശരിയല്ല. മദ്യത്തിന്റെ ഉപഭോഗത്തിൽ കഴിഞ്ഞ 34 മാസത്തിന്റെ ഉപഭോഗവും അതിനുതൊട്ടുമുമ്പുള്ള 34 മാസത്തെ ഉപഭോഗവും താരതമ്യം ചെയ്തതിൽ ഉപഭോഗത്തിൽ വർദ്ധനവുണ്ടായതായി കാണുന്നില്ല.

## എക്സൈസ് വകുപ്പിന്റെ നവീകരണം

281(4306) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലത്തിന്റെ മാറ്റത്തിനനുസരിച്ച് എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വകുപ്പിൽ ക്രൈം-ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സോഫ്റ്റ് വെയർ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എക്സൈസ് ചെക്ക്പോസ്റ്റുകളിൽ പരിശോധന ശക്തമാക്കുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും സി.സി.ടി.വി.സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എക്സൈസ് വകുപ്പിൽ വയർലസ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(ഇ) വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1. എക്സൈസ് വകുപ്പിൽ വയർലെസ്സ് സംവിധാനം ആരംഭിച്ചു.

2. 24 സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം നടപ്പിലാക്കി.

3. എക്സൈസ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിച്ചു.

4. മേജർ ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്കരിച്ചു.

5. 14 ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചു.

6. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 141 സ്കൂട്ടറുകളും 27 ബൈക്കുകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്; ഓരോ ദിവസവും രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിവരങ്ങൾ സംസ്ഥാനതലം വരെയുള്ള എല്ലാ ഉയർന്ന ഉദ്യോഗസ്ഥർക്കും അപ്പപ്പോൾത്തന്നെ ലഭ്യമാക്കുന്നുണ്ട്. ഇതിലൂടെ കേസുകളുടെ തുടരന്വേഷണം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ യഥാസമയം നൽകുവാൻ സാധിക്കുന്നു.

(സി) കേരളത്തിലെ പ്രധാനപ്പെട്ട 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് എറണാകുളം, പാലക്കാട് ജില്ലകളിൽ എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലസ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ഡിജിറ്റൽ വയർലസ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലും മൂന്ന് സോണൽ ഓഫീസുകളിലും പതിനാല് ജില്ലാ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വിതരണം ചെയ്ത് ഇ-ഓഫീസ് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. മേജർ ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്.

**ബിവറേജസ് ജീവനക്കാരന്റെ ആശ്രിതക്ക് നിയമനം**

282(4307) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വീസിലിരിക്കെ മരണമടഞ്ഞ ബിവറേജസ് സെയിൽസ്മാൻ ആയിരുന്ന സെബാസ്റ്റ്യൻ, പാലത്തിങ്കൽ, ഉദയനാപുരം പി.ഒ, വൈക്കം എന്നയാളുടെ മകൾ ബിസ്മി സെബാസ്റ്റ്യൻ ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

അബ്കാരി വർക്കർമാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം അനുവദിച്ചു നൽകിയിട്ടുള്ള 11-8-2010-ലെ സ.ഉ.(എംഎസ്.)നമ്പർ 210/2010/ നിവ. പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പരിഷ്കരിക്കുന്ന മുറയ്ക്ക് ഇതിലെ വ്യവസ്ഥകൾക്കനുസൃതമായി കുമാരി ബിസ്മി സെബാസ്റ്റ്യന്റെ അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## ബിവറേജസ് കോർപ്പറേഷന്റെ പരിശോധന സ്ക്വാഡുകൾ

283(4308) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ എത്ര പരിശോധന സ്ക്വാഡുകൾ ഉണ്ടെന്നും അവ ഏതൊക്കെ ജില്ലയിലെന്നും വ്യക്തമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷ കാലയളവിൽ ഓരോ പരിശോധന സ്ക്വാഡും കണ്ടെത്തിയ ക്രമക്കേടുകളിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പരിശോധന സ്ക്വാഡുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2018-19 സാമ്പത്തിക വർഷക്കാലയളവിൽ വിവിധ ഇന്റേണൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനകളിൽ എഫ്.എൽ.01 ചില്ലറ വിൽപ്പനശാലകളിൽ കണ്ടെത്തിയ സ്റ്റോക്കിലും വിൽപ്പന തുകയിലും കുറവുവരുത്തുക, ഉപഭോക്താക്കളിൽനിന്നും മദ്യത്തിന് എം.ആർ.പി.-യേക്കാൾ കൂടുതൽ തുക ഈടാക്കുക, ചില പ്രത്യേക ബ്രാന്റിൽപ്പെട്ട മദ്യം പൂഴ്ത്തിവയ്ക്കുക, ചില പ്രത്യേക ബ്രാന്റിൽപ്പെട്ട മദ്യങ്ങൾ പ്രോത്സാഹിപ്പിക്കുക, കോർപ്പറേഷൻ നിശ്ചയിച്ച അളവിൽക്കൂടുതൽ മദ്യം വിൽക്കുക മുതലായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ക്രമക്കേടുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ലഹരി വിപണനം തടയാനായി പ്രത്യേക നിരീക്ഷണ സംവിധാനം

284(4309) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ബന്ധമുള്ള വിവിധ സംഘങ്ങൾ രാജ്യത്തേക്ക് മയക്കമരുന്ന് കടത്തുന്നതിന്റെ ഇടത്താവളമായി സംസ്ഥാനത്തെ ഉപയോഗിക്കാൻ നടത്തുന്ന ശ്രമം തകർക്കുന്നതിനായി കേന്ദ്ര സേനയുടെയും സംസ്ഥാന പോലീസിന്റെയും പങ്കാളിത്തത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്തുനിന്ന് പിടിച്ച മയക്കുമരുന്നുകളിൽ അധികവും ഉന്മാദ മരുന്നുകൾ (എം.ഡി.എം.എ.) എന്നറിയപ്പെടുന്ന അത്യപകടകാരികളായ ഗുളിക രൂപത്തിലുള്ള രാസസംയുക്തങ്ങൾ ആണെന്നത്, സംസ്ഥാനത്തെ ഗുരുതരമായ പ്രശ്നങ്ങളിലേക്ക് നയിക്കാനിടയുള്ളതിന്റെ സൂചകമായതിനാൽ മരുന്നുകടകളും കോളേജുകളും സ്കൂളുകളും കേന്ദ്രീകരിച്ച് പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്താമോ;

(സി) അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് ലഹരി വസ്തുക്കളുടെ വിപണനവും വിനിയോഗവും അവസാനിപ്പിക്കാനുതകുന്ന വിധത്തിൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കാനും ആധുനീകരിക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിയമവിരുദ്ധ ലഹരിപദാർത്ഥങ്ങളുടെ കടത്തൽ, വ്യാപനം, വിപണനം എന്നിവ തടയുന്നതിന് സംസ്ഥാന പോലീസിന്റെയും കേന്ദ്ര ഏജൻസികളുടെയും സഹായ സഹകരണങ്ങൾ എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും പരിസരവും ഇവിടങ്ങളിലേയ്ക്കുള്ള റോഡുകളും പാഴ്സൽ ഏജൻസികളുടെ ഓഫീസുകളും നിരന്തരം നിരീക്ഷിക്കുകയും ചെക്ക് പോസ്റ്റുകളിലും പ്രധാന പാതകളിലും വാഹന പരിശോധന ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിവിധ എൻ.ഡി.പി.എസ്. കേസുകളിലായി കഞ്ചാവ്, ഹാഷിഷ്, എം.ഡി.എം.എ., ചരസ്സ്, ഓപ്പിയം, എൽ.എസ്.ഡി. എന്നിവയ്ക്കുപുറമെ വിവിധയിനം ഗുളികകളും പിടിച്ചെടുത്തിട്ടുണ്ട്. ഈ കേസുകളിൽ എൻ.ഡി.പി.എസ്. നിയമപ്രകാരം ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അത്യപകടകാരികളായ ഗുളിക രൂപത്തിലുള്ള ലഹരി പദാർത്ഥങ്ങളുടെ വിപണനവും വ്യാപനവും തടയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്നും അല്ലാതെയും ശക്തമായ പരിശോധനകൾ നടത്തിവരുന്നു. ലഹരി മരുന്നുകൾ വിൽപ്പന നടത്തുന്നത് നിയമപ്രകാരമാണോയെന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മരുന്നുശാലകൾക്കെതിരെ നിയമപ്രകാരമുള്ള കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ സ്റ്റോറുകളിൽനിന്നും

ലഭിക്കുന്ന ചില മരുന്നുകൾ ലഹരിക്കായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട തിനാൽ ഇത്തരം മരുന്നുകൾ കുറിപ്പടികളില്ലാതെ നൽകുന്നത് തടയുവാൻ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ സഹകരണത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ട്.

ലഹരി വിമുക്ത കാമ്പസുകൾ സൃഷ്ടിക്കുന്നതിന് കോളേജുകളിലും സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ചിട്ടയായി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സ്കൂൾ കോളേജ് പരിസരങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും ലഹരിയുടെ സാന്നിദ്ധ്യം വ്യാപനം, വിപണനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധയിൽപ്പെട്ടാൽ ആയത് എക്സൈസ് കമ്മീഷണറുടെ 24 മണിക്കൂറും സജ്ജമായ വാട്സ്ആപ് നമ്പരിലേയ്ക്ക് നേരിട്ട് അറിയിക്കുന്നതിനുള്ള ആധുനിക സാങ്കേതിക സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ലഹരി വസ്തുക്കളുടെ വിപണനവും വിനിയോഗവും അവസാനിപ്പിക്കാനുതകുന്ന വിധത്തിൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെയും ആധുനീകരിക്കുന്ന തിന്റെയും ഭാഗമായി എക്സൈസ് വകുപ്പിൽ രണ്ട് ജില്ലകളിൽ ആധുനിക വയർലസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയത് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മയക്കമരുന്നുകൾ വേഗം കണ്ടെടുത്ത് കേസ്സെടുക്കു ന്നതിനായി എക്സൈസ് വകുപ്പ് എൻ.സി.ബി.-യുമായി ചേർന്ന് നർക്കോട്ടിക് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ട് റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ/ പിസ്റ്റൾ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അടിസ്ഥാന പരിശീലനം നൽകുകയും തുടർ പരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ**

285(4310) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എൻ.ഡി.പി.എസ്.ആക്ട് ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്കുകൾ വർഷം തിരിച്ച് നൽകാമോ;

(ബി) ഇതിൽ ഉൾപ്പെട്ട സ്ത്രീകളുടേയും പുരുഷന്മാരുടേയും കുട്ടികളുടേയും കണക്കുകൾ പ്രത്യേകം നൽകാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എൻ.ഡി.പി.എസ്. ആക്ട് ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2009 | - | 236 |
| 2010 | - | 238 |
| 2011 | - | 332 |
| 2012 | - | 563 |
| 2013 | - | 793 |
| 2014 | - | 970 |
| 2015 | - | 1430 |
| 2016 | - | 2985 |
| 2017 | - | 5946 |
| 2018 | - | 7573 |
| 2019 | - | 3316 |
| | | (31/05/2019 വരെ) |

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എൻ.ഡി.പി.എസ്. ആക്ട് ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ ഉൾപ്പെട്ട പുരുഷന്മാർ - 23417, സ്ത്രീകൾ - 354, കുട്ടികൾ - 356.

**മെഡിക്കൽ ഷോപ്പുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മരുന്ന് കച്ചവടം**

286(4311) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഷോപ്പുകൾ കേന്ദ്രീകരിച്ച് വൻലഹരി മരുന്ന് കച്ചവടം നടക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) മെഡിക്കൽ ഷോപ്പുകളിലൂടെ ലഹരി വസ്തുക്കൾ വിൽക്കുന്നത് പരിശോധനയ്ക്ക് വിധേയമാക്കുമോ;

(സി) മെഡിക്കൽ ഷോപ്പുകളിലെ ലഹരി വസ്തുക്കൾ പിടിച്ചെടുക്കുവാൻ എക്സൈസ് വകുപ്പിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2016 ജനുവരി മുതൽ മൊത്തവിതരണ മെഡിക്കൽ ഷോപ്പുകളിൽ നിന്നും മറ്റ് മെഡിക്കൽ ഷോപ്പുകളിൽ നിന്നും പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മെഡിക്കൽ ഷോപ്പുകളിലൂടെ ലഹരി മരുന്ന് വസ്തുക്കൾ വിൽക്കുന്നുണ്ടോ എന്നത് സംബന്ധമായി ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്.

(സി) നിലവിൽ മെഡിക്കൽ ഷോപ്പുകൾ പരിശോധിക്കുന്നതിന് എക്സൈസ് വകുപ്പിന് അധികാരമില്ല. ആയതിനാൽ ഡ്രഗ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് മെഡിക്കൽ സ്റ്റോർ പരിശോധന നടത്തിവരുന്നുണ്ട്.

(ഡി) 2016 ജനുവരി മുതൽ നാളിതുവരെ മൊത്ത വിതരണ മെഡിക്കൽ ഷോപ്പുകളിൽനിന്നോ മറ്റ് മെഡിക്കൽ ഷോപ്പുകളിൽനിന്നോ ലഹരി വസ്തുക്കളൊന്നും പിടിച്ചെടുത്തിട്ടില്ല.

**കഞ്ചാവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

287(4312) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് കഞ്ചാവ് വ്യാപാരം, കടത്ത്, സംഭരണം എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

ആകെ 7400 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുത്തിരിക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 684 |
| കൊല്ലം | 514 |
| പത്തനംതിട്ട | 296 |

| | |
|---|---|
| ആലപ്പുഴ | 804 |
| കോട്ടയം | 507 |
| ഇടുക്കി | 483 |
| എറണാകുളം | 922 |
| തൃശ്ശൂർ | 623 |
| പാലക്കാട് | 566 |
| മലപ്പുറം | 708 |
| കോഴിക്കോട് | 246 |
| വയനാട് | 402 |
| കണ്ണൂർ | 516 |
| കാസർഗോഡ് | 129 |

**മയക്കുമരുന്ന് കേസ് പ്രതികൾക്ക് വേഗത്തിൽ ജാമ്യം ലഭിക്കുന്ന അവസ്ഥ**

288(4313) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് കേസ് പ്രതികൾക്ക് വേഗത്തിൽ ജാമ്യം ലഭിക്കുന്ന വകുപ്പുകൾ നിയമത്തിൽ നിലനില്ക്കുന്നതിനാൽ ആയതിലെ പോരായ്മകൾ പരിഹരിച്ച് ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കടുത്ത ശിക്ഷ ലഭിക്കത്തക്കവിധം നിയമഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ബി) കഞ്ചാവു കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഒരു കിലോയിൽ കുറവാണ് തൊണ്ടി മുതലായി പിടിക്കുന്നതെങ്കിൽ പ്രതികൾ എളുപ്പം രക്ഷപ്പെട്ടുപോകുകയും വീണ്ടും ഇതേകുറ്റത്തിന് പിടിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകാൻ നിയമത്തിൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഇത്തരത്തിലുള്ള കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം പരിഷ്കരിക്കുവാൻ ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്തുകൾ അയയ്ക്കുകയും ഇക്കാര്യത്തിന് മുൻ കേന്ദ്രമന്ത്രി മുമ്പാകെ നേരിട്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്.

**മയക്കുമരുന്ന്-കഞ്ചാവ് കേസുകൾ**

289(4314) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത മയക്കുമരുന്ന്-കഞ്ചാവ് കേസുകൾ വർഷം തിരിച്ച് എത്രയെന്ന് വിശദമാക്കാമോ;

(ബി) മയക്കുമരുന്ന്-കഞ്ചാവ് കേസുകളിൽ അകപ്പെട്ടിരിക്കുന്ന വ്യക്തികളുടെ എണ്ണം പതിനഞ്ചു വയസ്സ് വരെയുള്ള കുട്ടികൾ, പതിനഞ്ചിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ളവർ, പ്രായപൂർത്തിയായവർ എന്നിങ്ങനെ തരം തിരിച്ച് ഓരോ വർഷത്തെയും ലഭ്യമാക്കാമോ;

(സി) ഇത്തരം കേസുകളിൽ ഉൾപ്പെട്ടിരിക്കുന്നവരിൽ സ്ത്രീകളും പുരുഷന്മാരും എത്ര വീതമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കഞ്ചാവ് കേസുകൾ വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മയക്കുമരുന്ന്-കഞ്ചാവ് കേസുകളിൽ അകപ്പെട്ടിരിക്കുന്ന വ്യക്തികളുടെ എണ്ണം 15 വരെയുള്ള കുട്ടികൾ, പതിനഞ്ചിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ളവർ, പ്രായപൂർത്തിയായവർ എന്നിങ്ങനെ വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*

(സി) പുരുഷന്മാർ - 19296

സ്ത്രീകൾ - 146

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എക്സൈസ് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകൾ

290(4315) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എക്സൈസ് ഓഫീസുകൾ ഇല്ലാത്ത ഏതെങ്കിലും താലൂക്കുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ താലൂക്കുകളിൽ എക്സൈസ് ഓഫീസ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിലെ എല്ലാ താലൂക്കുകളിലും എക്സൈസ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

## കിനാലൂരിലെ വിമുക്തി ഡി-അഡിക്ഷൻ സെന്റർ

291(4316) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയുന്നതിനും ആധുനിക രീതിയിൽ കൗൺസിലിംഗും ചികിത്സയും ലഭ്യമാക്കുന്നതിനുമായി സർക്കാർ ഡി അഡിക്ഷൻ സെന്ററായ വിമുക്തി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) വിമുക്തി ആരംഭിക്കുന്നതിനായി കിനാലൂരിൽ ഭൂമി വിട്ടുകിട്ടുന്നതിനായി വ്യവസായ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ആധുനിക രീതിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന വിമുക്തി ഡി അഡിക്ഷൻ സെന്ററിന് എത്ര ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) 20 മുതൽ 40 ഏക്കർ വരെ ഭൂമി ആവശ്യമാണ്.

**വിമുക്തി മിഷൻ പ്രവർത്തന പുരോഗതി**

292(4317) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് കീഴിൽ വിമുക്തി മിഷൻ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2016 ഒക്ടോബർ മാസം ആരംഭിച്ച വിമുക്തി പദ്ധതിയുടെ ഭാഗമായി എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി, ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റികൾ, തദ്ദേശസ്വയംഭരണ സ്ഥാപനതല കമ്മിറ്റികൾ വാർഡുതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ വിമുക്തി മിഷന്റെ പ്രവർത്തനം അവലോകനം നടത്തിവരുന്നു. ഇതോടൊപ്പം മിഷന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുവരുന്ന എക്സൈസ് വകുപ്പിന്റെ പ്രതിമാസ അവലോകന യോഗങ്ങളിലും വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

**യുവാക്കളിലെ ലഹരിമരുന്ന് ഉപയോഗം**

293(T*4318) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ ലഹരിമരുന്ന് ഉപയോഗം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് സംസ്ഥാന പോലീസ് വകുപ്പുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്,

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. ഇതുകൂടാതെ യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി അവരെ ലഹരി ഉപയോഗത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനും ഇത്തരം പ്രവണതകളിൽനിന്നും അകറ്റി നിർത്തുന്നതിനും കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി"യുടെ പ്രവർത്തനങ്ങളിലൂടെ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ "കായിക ലഹരി" എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

## എക്സൈസ് വകുപ്പിലെ വനിത ജീവനക്കാർ

294(4319) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഒഴികെ എത്ര വനിത ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഒഴികെയുള്ള തസ്തികകളിൽ എത്ര വനിതകൾക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 427 പേർ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരായി നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 258 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## മാഹി പള്ളൂരിൽനിന്നും കോഴിക്കോട് ജില്ലയിലേയ്ക്ക് വിദേശമദ്യക്കടത്ത്

295(4320) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഹി പള്ളൂരിൽനിന്നും കോഴിക്കോട് ജില്ലയിലേക്കുള്ള വിദേശമദ്യക്കടത്ത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ എത്ര മദ്യക്കടത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ മുഴുവൻ സമയ വാഹനപരിശോധന കർശനമായി നടത്തുന്നുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയുടെ മാഹിയുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ശക്തമായ പരിശോധന നടത്തുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോളിംഗ് സംഘത്തെ നിയോഗിച്ചിട്ടുമുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം നിയോജക മണ്ഡലത്തിൽ 292 മദ്യക്കടത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കോടന്നൂരിൽ ബാർ അനുവദിക്കുന്നതിനെതിരെയുള്ള സമരം**

296(4321) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ പാറളം പഞ്ചായത്തിലെ കോടന്നൂരിൽ ബാർ അനുവദിക്കുന്നതിനെതിരെ 2008 മുതൽ പൊതുജന സമരം നടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മുൻസർക്കാർ പ്രസ്തുത ബാറിന് അനുമതി നൽകുന്നതിൽ നിന്ന് പിൻമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ പ്രസ്തുത ബാറിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) നിർദ്ദിഷ്ട ബാർ വിദ്യാലയങ്ങൾക്കും ക്ഷേത്രങ്ങൾക്കും പള്ളിയ്ക്കും സമീപത്താണെന്നത് കണക്കിലെടുത്ത് അനുമതി നൽകുന്നതിൽ നിന്ന് പിന്മാറുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ഡി) എഫ്.എൽ.3 ലൈസൻസ് ലഭ്യമാകുന്നതിന്, വിദ്യാലയങ്ങളിൽനിന്നും ക്ഷേത്രങ്ങളിൽനിന്നും പള്ളിയിൽനിന്നും നിലവിലുള്ള വിദേശമദ്യ ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിശ്ചിത ദൂരപരിധി പാലിച്ചാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നതെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ചങ്ങനാശ്ശേരി എക്സൈസ് ഓഫീസ് കെട്ടിടം

297(4322) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന ചങ്ങനാശ്ശേരിയിലെ എക്സൈസ് ഓഫീസ് കെട്ടിടം പൊളിച്ച് പണിയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## കയ്പമംഗലത്ത് വിദ്യാർത്ഥികൾക്കിടയിലെ ലഹരി മാഫിയയുടെ പ്രവർത്തനം

298(4323) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്ക് ലഹരി പദാർത്ഥങ്ങൾ എത്തിക്കുന്ന ഒരു മാഫിയ കയ്പമംഗലത്തിന്റെ തീരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ പിടികൂടുവാൻ എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ലഹരിവാഹകരായ ചില വിദ്യാർത്ഥികളെ പിടികൂടിയെങ്കിലും വിദ്യാർത്ഥികൾക്ക് ഇത്തരം ലഹരി പദാർത്ഥങ്ങൾ എത്തിക്കുന്ന യഥാർത്ഥ കണ്ണികളെ കണ്ടെത്തുന്നതിനുള്ള എന്തെല്ലാം മാർഗ്ഗങ്ങളാണ് അഴീക്കോട് മുതൽ ചാമക്കാല വരെയുള്ള ഭാഗങ്ങളിൽ സ്വീകരിച്ചിരിക്കുന്നത്;

(സി) ലഹരി വിരുദ്ധ ബോധവത്കരണം നടത്തുന്നതിന് കയ്പമംഗലം നിയോജകമണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കയ്പമംഗലത്തിന്റെ തീരപ്രദേശങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നവരെയും ഉപയോഗിക്കുന്നവരെയും കണ്ടെത്തുന്നതിനായി പൊതുപ്രവർത്തകർ, കടലോര ജാഗ്രത സമിതി അംഗങ്ങൾ, സ്പോർട്സ്

ക്ലബ്ബ്, ലൈബ്രറി, സ്കൂൾ കോളേജുകളിലെ ലഹരിവിരുദ്ധ ക്ലബ്ബ് അംഗങ്ങൾ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് രഹസ്യ വിവരങ്ങൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തീരപ്രദേശങ്ങളിൽ മഫ്റ്റിയിൽ ഉദ്യോഗസ്ഥരെ നിയമിക്കുകയും നിരന്തരം പട്രോൾ ഡ്യൂട്ടി നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) കൊടുങ്ങല്ലൂർ സർക്കിൾ പരിധിയിൽവരുന്ന അഴീക്കോട് മുതൽ ചാമക്കാലവരെയുള്ള പ്രദേശങ്ങളിൽ എല്ലാ ദിവസവും കൊടുങ്ങല്ലൂർ സർക്കിൾ, റേഞ്ച് ഓഫീസുകളിൽനിന്നും മഫ്റ്റിയിൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് രഹസ്യാന്വേഷണങ്ങളും പട്രോൾ ഡ്യൂട്ടികളും നടത്തിവരുന്നതും സംശയം തോന്നുന്ന സ്ഥലങ്ങളിലും അപ്രതീക്ഷിത സമയങ്ങളിലും പ്രത്യേകിച്ച് രാത്രികാലങ്ങളിലും പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തുകയും ചെയ്യുന്നു.

(സി) കയ്പമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള സ്കൂളുകളിലെയും കോളേജുകളിലെയും ലഹരിവിരുദ്ധ ക്ലബ്ബുകൾവഴി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഓരോ എക്സൈസ് ഉദ്യോഗസ്ഥന്മാർക്കും ഓരോ സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ തീരദേശ മേഖലകളിലെ വിവിധ ഫുട്ബോൾ ടീമുകളുമായി ബന്ധപ്പെട്ട് ലഹരിക്കെതിരെ ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2019-20 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി കയ്പമംഗലം നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിമുക്തി/സ്വരക്ഷ സംബന്ധിച്ച് നൽകേണ്ട ബോധവത്കരണ പ്രവർത്തനങ്ങളിൽ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചും ടി അദ്ധ്യയന വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചും തീരുമാനിക്കുന്നതിനായി ബഹുമാനപ്പെട്ട കയ്പമംഗലം എം.എൽ.എ. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു ആലോചന സമിതി കൂടിയിട്ടുള്ളതും തീരുമാനങ്ങളെടുത്തിട്ടുള്ളതുമാണ്. ആയത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

സ്കൂൾ/കോളേജ് തലത്തിലും പഞ്ചായത്ത് തലത്തിലും ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ, ഡോക്യുമെന്ററി/സിനിമ/സ്ലൈഡ് ഷോ പ്രദർശനങ്ങൾ, ഡിബേറ്റുകൾ, ജനങ്ങൾ കൂടുന്ന സ്ഥലങ്ങളിൽ തെരുവ് നാടകങ്ങൾ, ലഹരിക്കെതിരെ ഉപന്യാസ മത്സരം, ക്വിസ് മത്സരം, വടംവലി മത്സരം, റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് ലഹരിവിരുദ്ധ കൂട്ടായ്മകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കോളനികളും കൂലിപ്പണിക്കാർ താമസിക്കുന്ന വീടുകളും തീരദേശ പ്രദേശങ്ങളും സന്ദർശിച്ച് തീരദേശ ജാഗ്രത സമിതി അംഗങ്ങളെയും തീരപ്രദേശങ്ങളിലുള്ള യുവതീയുവാക്കളെയും മദ്യത്തിന്റെയും മയക്കമരുന്നുകളുടെയും ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 a.m.

# II അടിയന്തരപ്രമേയം

## പ്രവാസി വ്യവസായിയുടെ ആത്മഹത്യ

മി. സ്പീക്കർ: കോടതിയുടെ പരിഗണനയിലുള്ള ഒരു വിഷയമാണെന്ന് മനസ്സിലാക്കിക്കൊണ്ടുവേണം സഭയിൽ പ്രതികരണങ്ങൾ ഉണ്ടാകേണ്ടതെന്ന് ഓർമ്മപ്പെടുത്തുകയാണ്. കണ്ണൂർ ആന്തൂരിലെ പ്രവാസി വ്യവസായി സാജന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസന്വേഷണം ബോധപൂർവ്വം അട്ടിമറിക്കാനും യഥാർത്ഥ കുറ്റവാളികളെ രക്ഷിക്കാനും നടത്തുന്ന ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എം. ഷാജി, കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ പരിധിയിൽ പാറയിൽ വീട്ടിൽ ലക്ഷ്മണൻ മകൻ സാജൻ പാറയിൽ ആത്മഹത്യ ചെയ്ത സംഭവം അങ്ങേയറ്റം ദുഃഖകരമാണ്. ഇക്കാര്യത്തിൽ മരണപ്പെട്ട സാജന്റെ വിധവ മുഖ്യമന്ത്രിക്ക് പരാതി അയച്ചത് 21-6-2019-നാണ്. 22-6-2019-ന് പ്രസ്തുത പരാതി മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് 5 ദിവസത്തിനകം ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് അന്നുതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിന് മുൻപുതന്നെ സർക്കാർ ഗൗരവപൂർവ്വം ഈ പ്രശ്നത്തിൽ ഇടപെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യാ വീഴ്ചവരുത്തിയെന്ന് തോന്നിയിട്ടുള്ള മുനിസിപ്പൽ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ഓവർസിയർമാർ എന്നിവരെ സസ്പെന്റ് ചെയ്തു. ഈ സംഭവത്തിൽ ചീഫ് ടൗൺ പ്ലാനർ (സി.ടി.പി) വിജിലൻസിന്റെയും നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെയും നേതൃത്വത്തിൽ രണ്ട് അന്വേഷണസംഘങ്ങളെ ബന്ധപ്പെട്ട രേഖകളും സ്ഥലവും പരിശോധിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സി.ടി.പി. വിജിലൻസ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് വീഴ്ചകളുണ്ടോയെന്നും ജോയിന്റ് ഡയറക്ടറുടെ സംഘം ഇക്കാര്യത്തിൽ ഭരണപരമായി വീഴ്ചകൾ വന്നിട്ടുണ്ടോയെന്നും പരിശോധിച്ചു വരുന്നു. അതോടൊപ്പം മരണപ്പെട്ട സാജന്റെ സഹോദരൻ ശ്രീജിത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വളപട്ടണം പോലീസ് സ്റ്റേഷനിൽ ക്രിമിനൽ നടപടിക്രമം 174 വകുപ്പനുസരിച്ച് ക്രൈം നമ്പർ 592/2019 ആയി 18-6-2019-ന് കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഗൗരവപൂർവ്വമായ ഇടപെടലാണ് നടത്തുന്നത്. ഇത്തരം ദൗർഭാഗ്യകരമായ സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം

നടത്തുന്നതിനുള്ള നടപടിയും ഉണ്ടായിട്ടുണ്ട്. കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് പോലീസ് ആസ്ഥാനത്തെ ക്രമസമാധാന ചുമതല വഹിക്കുന്ന എ.ഡി.ജി.പി.-യുടെ 23-6-2019-ലെ ഉത്തരവുപ്രകാരം ഒരന്വേഷണ സംഘത്തെ നിശ്ചയിച്ചിട്ടുണ്ട്. കണ്ണൂർ നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ വളപട്ടണം എസ്.എച്ച്.ഒ., എസ്.ഐ. എന്നിവരുൾപ്പെടുന്ന അഞ്ചംഗ പ്രത്യേക സംഘത്തെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ശരിയായ അന്വേഷണം നടത്തി വസ്തുതകൾ പുറത്തുകൊണ്ടുവരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇത് സംബന്ധിച്ച് സ്വമേധയാ പരിശോധിച്ച് മൂന്നാഴ്ചയ്ക്കകം സത്യവാങ്മൂലം സമർപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രമേയാവതാരകൻ ആരോപിക്കുന്നതുപോലെ കുറ്റവാളികളെ രക്ഷിക്കാനും അന്വേഷണം ബോധപൂർവ്വം അട്ടിമറിക്കാനുമുള്ള യാതൊരു ശ്രമവുമുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ നിഷ്പക്ഷവും സുതാര്യവുമായിട്ടുള്ള അന്വേഷണം ഉറപ്പുവരുത്തും.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഈ സർക്കാർ തുടങ്ങുന്നത് 'ഓരോ ഫയലിലും ഒരോ ജീവിതമുണ്ട്' എന്ന തലവാചകത്തോടുകൂടിയാണ്. ഓരോ ജീവിതത്തിലും ഒരു ഫയലുണ്ട് എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. പക്ഷേ ആ ഫയൽ സൂക്ഷിക്കുന്നത് ക്രൈം ഡിപ്പാർട്ടുമെന്റിലും പോലീസ് സ്റ്റേഷനിലും മോർച്ചറിയിലുമൊക്കെയാണ് എന്നതാണ് വ്യത്യാസം. പത്തനാപുരത്തെ സുഗതനും അഴീക്കോട്ടെ സാജനും ഇപ്പോഴൊരു ഫയലാണ്. സാജൻ എന്തു തെറ്റ് ചെയ്തു എന്നാണ് നമ്മൾ പരിശോധിക്കേണ്ടത്. സാജന്റെ മരണത്തോടുകൂടി ഇത്തരത്തിലുള്ള വാർത്തകൾ വ്യാപകമായ രീതിയിൽ പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹം ആകെ ചെയ്ത ഒരു തെറ്റ് രാഷ്ട്രീയ പാർട്ടിക്കാരെ വിശ്വസിച്ചു എന്നതാണ്. സി.പി.ഐ.(എം.) ഒരു കേഡർ പാർട്ടിയാണ്. ആ പാർട്ടിക്ക് ചില സിസ്റ്റങ്ങളുണ്ട്. ശ്രീ. പി. ജയരാജൻ പറയുന്നത് 'ഞങ്ങൾ ഇത് അന്വേഷിച്ചു' എന്നാണ്. അങ്ങനെ അന്വേഷിക്കേണ്ട കാര്യമൊന്നുമില്ല. ഇവിടെ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഉള്ളപ്പോൾ പാർട്ടി അന്വേഷിക്കേണ്ട കാര്യമില്ല. എന്നാലും പറയുന്നു, 'ഞങ്ങൾ അന്വേഷിച്ചു അത് കൊടുക്കണമെന്ന് പറഞ്ഞു' എന്ന്. അതിനുള്ള അധികാരം പാർട്ടിക്കാർക്ക് ആരും തന്നിട്ടില്ല. അതാണ് നമ്മുടെ പറയാത്ത, രേഖപ്പെടുത്താത്ത സിസ്റ്റം. അന്ന് അദ്ദേഹം പോയി കണ്ടത് പാർട്ടിയുടെ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജനെയാണ്. അദ്ദേഹത്തെ പോയി കണ്ടു എന്ന ഒറ്റ കാരണത്താലാണ് സ്ഥാപനത്തിന് അനുമതി ലഭ്യമാക്കാതെ, അദ്ദേഹത്തെ ആത്മഹത്യയിലേയ്ക്ക് എത്തിച്ചതെന്നാണ് പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. അദ്ദേഹം പറയുന്ന ഒരു കാര്യമുണ്ട് 'ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെ കണ്ടിരുന്നെങ്കിൽ ഇതുപോലൊരു ഗതികേട് എനിക്ക് വരുമായിരുന്നില്ല'. അദ്ദേഹം ശ്രീ. പി. ജയരാജന്റെ മകന്റെ കല്യാണത്തിന് വീട്ടിൽ പോയിരുന്നു. ഇന്നലെ ഞങ്ങളോട് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞത്, തിരിച്ചു

വന്ന് അദ്ദേഹം പറയുകയാണ്, 'അയ്യോ ഞാൻ പോയത് കഷ്ടമായിപ്പോയി , മറ്റേ ആളുകൾ എന്നെ അവിടെ കണ്ടു. ഇനി എന്റെ ഫയൽ നീങ്ങാൻ വലിയ പ്രയാസമാണ്. ഞാൻ പോകരുതായിരുന്നു' എന്ന്. ഇത് എന്തൊരു കഷ്ടമാണ്. ശ്രീ. പി. ജയരാജനോട് ലോഹ്യം കൂടിയാലും മരിക്കും, എതിർത്താലും മരിക്കും എന്ന അവസ്ഥ എന്തൊരു കഷ്ടമാണ്. നിങ്ങളുടെ പാർട്ടിക്കകത്തുള്ള മൂപ്പിള തർക്കം തീർക്കാൻ ജനങ്ങളെ വലിച്ചിഴയ്ക്കേണ്ട ആവശ്യമില്ല. നാത്തൂൻപോരും അമ്മായിയമ്മ പോരും തീർക്കാനുള്ള സ്ഥലമല്ല പഞ്ചായത്തും മുനിസിപ്പാലിറ്റിയും എന്ന് ദയവുചെയ്ത് പാർട്ടിയും ഭരിക്കുന്നവരും മനസ്സിലാക്കണം. ഭാര്യയും മക്കളും പേരക്കുട്ടികളുമൊക്കെ ഒരുമിച്ചിരുന്ന് കയ്യിട്ട് വാരുമ്പോൾ ആർക്ക് മുമ്പിലാണ് മനുഷ്യൻ ഒരു അനുമതിക്ക് വേണ്ടി കുനിയേണ്ടതെന്നും ചൊറിയേണ്ടതെന്നുമുള്ള ഒരു പ്രോട്ടോക്കോൾ ഗസറ്റ് ദയവുചെയ്ത് പുറത്തിറക്കണമെന്ന് ഞാൻ വിനീതമായി ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

നിരന്തരമായി മാനസിക പീഡനം നടത്തിയെന്ന് ഓരോ ദിവസവും വാർത്ത വരികയാണ്. 'അനുമതി കിട്ടിയാലും ഭാവിയിൽ നടത്താൻ കഴിയില്ല' എന്ന് എന്നോട് ചേട്ടൻ പറഞ്ഞു എന്നാണ് ആ സ്ത്രീ പറയുന്നത്. കാരണം ഗോവിന്ദൻ മാഷിനും ഭാര്യ ശ്യാമളയ്ക്കും സ്വാധീനമുള്ള മേഖലയാണ്. 'ഇനി അനുമതി കിട്ടിയാലും അവർ എന്നെ ഉപദ്രവിച്ചുകൊണ്ടേയിരിക്കും. ആ സ്ഥാപനത്തിനുവേണ്ടി ഞാൻ 18 കോടി രൂപ മുടക്കി, അവരത് തകർത്തുകളയും, ആക്രമിച്ചുകളയും.' 'ഇനി അവർ എന്നെ കൊന്നുകളയുമോ?' എന്ന് ചേട്ടൻ ഇടയ്ക്കിടെ ചോദിക്കുമായിരുന്നുവെന്ന് ആ സ്ത്രീ ഇന്നലെ ഞങ്ങളോട് പറഞ്ഞു. പാർട്ടിക്ക് തിരിച്ചുനൽകി കയ്യൊഴിഞ്ഞാലോ എന്ന് ഒരു വേള അയാൾ ചോദിച്ചുവത്രേ.

നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. സാജനെ എനിക്ക് നന്നായി അറിയാം. ഏറ്റവും നല്ല പ്രവാസിയെന്ന നിലയ്ക്ക് ഞാൻ അദ്ദേഹത്തിന് ഒരു അവാർഡ് കൊടുത്തിട്ടുണ്ടായിരുന്നു. അദ്ദേഹം എല്ലാവരെയും സഹായിക്കുകയും എന്നാൽ സജീവമായി സി.പി.ഐ.(എം)-നുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിരുന്ന വ്യക്തിയാണ്. ഈ തെരഞ്ഞെടുപ്പിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർക്കുവേണ്ടി വോട്ട് ചോദിച്ച് വീടുകൾ കയറിയിറങ്ങിയ ഒരു സാധു കമ്മ്യൂണിസ്റ്റുകാരനാണ്. അനുമതി കിട്ടാത്തതുകൊണ്ട് മാത്രം മരിക്കുമോയെന്ന് നിസ്സാരമായി ചിലർ ചോദിക്കുന്നുണ്ട്. ആത്മഹത്യ ചെയ്യുന്നവർ ഭീരുക്കളാണെന്നും പറയുന്നുണ്ട്. പക്ഷെ അങ്ങനെ പറയരുത്. ഓരോ ദിവസവും മാസപ്പടിയായി പാവങ്ങളുടെ കയ്യിൽനിന്ന് പിരിവ് നടത്തി, മെമ്പർഷിപ്പിന്റെ മുടക്കല്ലാതെ ജീവിതത്തിൽ ഒന്നുമല്ലാതെ ജീവിക്കുന്നവർക്ക് ഒരുപക്ഷെ അങ്ങനെ ചോദിക്കാൻ പറ്റും. പക്ഷെ, ജീവിതം മുഴുവൻ വിദേശത്തു ഹോമിച്ച് വിയർപ്പൊഴുക്കിയുണ്ടാക്കിയ പണം മുഴുവൻ തീർന്ന് അവസാനം ബാങ്കിലെ പണവും തീർന്നപ്പോൾ അയാൾ പത്തൊൻപതാമത്തെ തവണ

മുനിസിപ്പൽ ചെയർപേഴ്സണായ ശ്രീമതി പി. കെ. ശ്യാമളയുടെ അടുത്ത് പോകുകയാണ്. അപ്പോൾ അവർ പറഞ്ഞ ഒരു വാചകമുണ്ട്, 'നിങ്ങൾ മെനക്കടേണ്ട, വെറുതേ നടക്കേണ്ട, കാലിലെ ചെരുപ്പ് തേയണ്ട, ഞാൻ ഈ കസേരയിലുള്ളിടത്തോളം കാലം നിങ്ങളുടെ ഫയൽ നിങ്ങൾക്ക് ലഭ്യമാകാൻ പോകുന്നില്ല'എന്നാണ്. അങ്ങനെ അവസാനം പത്ത് കോടി രൂപയ്ക്ക് തീരേണ്ടിയിരുന്ന പ്രോജക്ടിന് 18 കോടി രൂപ ചെലവായി. സമ്പത്തെല്ലാം തീർന്ന് ഒരു രക്ഷയുമില്ലാതെ ഇരുപതാമത്തെ തവണ ഈ മനുഷ്യൻ ആ ഓഫീസ് കയറിയിറങ്ങുകയാണ്. ആ സമയത്ത് അദ്ദേഹം പറഞ്ഞു, 'ഇനി രക്ഷയില്ല, ദയവുചെയ്ത് നിങ്ങൾ ഇതൊന്ന് അനുവദിച്ചുതരണം'. അതിനുപറഞ്ഞ മറുപടി എന്താണെന്ന് നിങ്ങൾക്ക് അറിയാമോ? അവർ പറഞ്ഞത് 'അതൊരു സ്തൂപമായി നിൽക്കട്ടെ' എന്നാണ്. എന്തൊരു ധിക്കാരമാണ്. ഒരു മനുഷ്യന്റെ ജീവിതം മുഴുവൻ ഹോമിച്ച്, മുഴുവൻ പണവും ചെലവഴിച്ചുണ്ടാക്കിയ ഒരു സ്ഥാപനത്തെ എത്ര നിസ്സാരമായിട്ടാണ് 'അതവിടെ സ്തൂപമായി നിൽക്കട്ടെ' എന്ന് അധികാര കസേരയിലിരിക്കുന്ന ഒരാൾ പറയുന്നത്. ഭാര്യ പറഞ്ഞു, 'അന്ന് ചേട്ടൻ നിരാശനായിട്ടാണ് വീട്ടിൽ എത്തിയത്, 'ഞാൻ പോയി ശ്യാമളയുടെ കാലുപിടിക്കാം' എന്ന് പറഞ്ഞു. നിങ്ങൾ ഓർക്കണം, നമ്മൾ ഒരു വോട്ടിനുവേണ്ടി എത്രപേരുടെ കാല് പിടിക്കുന്നു. ആ പാവങ്ങൾ ഒരു അനുമതിക്കുവേണ്ടി; അവർ ഒരു തെറ്റും ചെയ്തിട്ടില്ല, ഒരു വയലേഷനുമില്ല. എന്നിട്ട് പറയുകയാണ് ഞാൻ പോയി ശ്യാമളയുടെ കാല് പിടിക്കാം എന്ന്. ഭാര്യ പറയുകയാണ്, "ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ഭർത്താവ് എന്നെ അധികമൊന്നും പുറത്തുവിടാറില്ല" എന്ന്. പക്ഷെ അവസാനം അദ്ദേഹം എന്നോട് പറഞ്ഞു 'നീയൊന്ന് പോയി നോക്ക്'. അന്ന് രാത്രിയിൽ അദ്ദേഹം വീണ്ടും പറഞ്ഞു 'നീ പോകണ്ട, നീ പോയി കാലുപിടിച്ചാൽ അപമാനിക്കപ്പെടുമെന്നല്ലാതെ മറ്റൊന്നും സംഭവിക്കാൻ പോകുന്നില്ല' എന്ന്. അങ്ങനെ എല്ലാതരത്തിലുള്ള ഫ്രസ്ട്രേഷനുകളുടെയും ബുദ്ധിമുട്ടുകളുടെയും ഒടുക്കത്തിലാണ് അയാൾ ആത്മഹത്യ ചെയ്യുന്നത്.

ആത്മഹത്യ ചെയ്യുന്നത് ഭീരുക്കളാണെന്നും അവർ ദുർബ്ബലരാണെന്നും നമ്മൾ പറയാറുണ്ട്. അങ്ങനെ പറയരുത്. എല്ലാവർക്കും ഇരട്ട ചങ്കുണ്ടാകണമെന്നില്ല. അത് അപൂർവ്വം ആളുകൾക്ക് മാത്രം ഉണ്ടാകുന്നതാണ്. നമ്മളെപ്പോലെ അവർക്ക് ശക്തിയുമുണ്ടാകില്ല, കരുത്തുമുണ്ടാകില്ല, അവരുടേത് ദുർബ്ബല മനസ്സായിരിക്കും. പുറംരാജ്യങ്ങളിൽപോയി കഷ്ടപ്പെട്ട് ജീവിതത്തിൽ ഒരുപാടു ദുരിതങ്ങൾ അനുഭവിച്ചവരാണ്. സ്വന്തം നാട്ടിലെ കാറ്റ് കൊണ്ടു ജീവിക്കാൻവേണ്ടി നാട്ടിലേയ്ക്ക് തിരിച്ചു വരുന്ന പാവങ്ങളാണവർ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും പഞ്ചായത്തിലുമുള്ള ഉദ്യോഗസ്ഥർ ഒരു പ്രവാസിയെ എങ്ങനെ ബുദ്ധിമുട്ടിപ്പിക്കാമെന്ന് റിസർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രവാസികളുടെ അവസാന പ്രതീക്ഷ രാഷ്ട്രീയക്കാരിലും ഭരണാധികാരികളിലുമാണ്. ആ പ്രതീക്ഷയും നഷ്ടപ്പെട്ടപ്പോഴാണ് ഈ മനുഷ്യൻ ആത്മഹത്യ ചെയ്തത്.

നാട്ടിൽ ചെറിയൊരു ദുരന്തമുണ്ടാകുമ്പോഴേയ്ക്കും സഹായമഭ്യർത്ഥിച്ചുകൊണ്ട്, ദുർമേദസ് വന്ന വയറ്റിൽ ഒരു ബെൽറ്റും കെട്ടി കോട്ടുമിട്ട് നമ്മൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകാറില്ലേ? അവിടെ ചെല്ലുമ്പോൾ വിമാനത്താവളത്തിന്റെ കവാടത്തിൽ ഒരുകൂട്ടം പൂക്കളുമായി അവർ നമ്മെ സ്വീകരിക്കാൻ കാത്തിരിക്കും. അവരുടെ പുറത്തുതട്ടും, അവരുടെകൂടെ ഭക്ഷണം കഴിക്കും, സെൽഫിയെടുക്കും. എന്തൊരു ലോഹ്യമാണ് കാണിക്കുന്നത്. അവർ വിചാരിച്ചത് നാട്ടിൽ വന്നാലും ഇതൊക്കെ തിരിച്ചുകാണിക്കുമെന്നാണ്. അങ്ങനെ വന്നതാണ് സാജനും. അങ്ങനെ വന്നിട്ടുള്ള കുറേ പ്രവാസികളാണ് ആത്മഹത്യയുടെ വക്കിൽ എത്തിനിൽക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞാൻ ചോദിക്കുന്നു, അവർ എന്ത് തെറ്റാണ് ചെയ്യുന്നത്? ഇവിടെ പാർട്ടിക്കാർക്ക് കുന്നിടിക്കാം, വയൽ നികത്താം, കണ്ടൽക്കാട് വെട്ടാം, അമ്യൂസ്മെന്റ് പാർക്കുണ്ടാക്കാം, ഇതൊന്നും തെറ്റല്ല. നിയമപരമായി ഒരു സ്ഥാപനം പോലും തുടങ്ങാൻ പ്രവാസികളെ സമ്മതിക്കുന്നില്ലെന്നു പറഞ്ഞാൽ കഷ്ടമാണ്. ഇന്നലെ ആ സ്ത്രീ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവിനോട് ഞങ്ങളുടെ മുമ്പിൽ വച്ച് പറഞ്ഞു, രാത്രി എന്നെയും മക്കളെയും കൂട്ടി അദ്ദേഹം കാറിൽ അവിടെ പോകും, ലൈറ്റ് ഇട്ടേയ്ക്കണമെന്ന് സ്ഥാപനത്തിലെ സ്റ്റാഫിനോട് പറഞ്ഞിരിക്കും. അവിടെ ചെന്ന് ആ സ്ഥാപനത്തെ കുറേനേരം നോക്കിയിരുന്ന് സന്തോഷിച്ചിട്ട് തിരിച്ചുവരുമായിരുന്നു.' എന്തൊക്കെ സ്വപ്നമായിരുന്നു അയാൾക്കുണ്ടായിരുന്നത്. അത് പറയുമ്പോൾ അവിടെ ഇരുന്ന കൊച്ചുമകന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ഉതിർന്നുവീഴുന്നുണ്ടായിരുന്നു. ആ മനുഷ്യന്റെ സ്വപ്നങ്ങളെയാണ് നമ്മൾ തല്ലിക്കെടുത്തിയത്. നാഷണൽ ഹൈവേയിലൂടെ പോകുമ്പോൾ ആ സ്ഥാപനം കാണാമെന്ന് നമുക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുമറിയാം.

വിജയൻ മാഷ് പറഞ്ഞ ഒരു കാര്യമുണ്ട്, ജനാധിപത്യം തെരഞ്ഞെടുക്കപ്പെട്ടുന്നവർക്ക് മാത്രമുള്ളതല്ല; സ്വയം തെരഞ്ഞെടുത്ത അധീശന്മാർക്കുമുള്ളതല്ല; പാവങ്ങൾക്കും ജീവിക്കണമെന്ന വിളംബരം കൂടിയാകണം ജനാധിപത്യം. പക്ഷെ പാവങ്ങൾക്ക് ജീവിക്കാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യമാണ് നമ്മൾ മനസ്സിലാക്കേണ്ടത്. സാജനും ഒരു രക്തസാക്ഷിയാണ്. ആ രക്തസാക്ഷിത്വത്തിൽ ഇവിടെയിരിക്കുന്ന 140 പേർക്കും പങ്കുണ്ടെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. സെക്രട്ടേറിയേറ്റിന്റെയും നിയമസഭയുടെയും എ.സി. മുറികളിലിരിക്കുന്ന എല്ലാവർക്കും പങ്കാളിത്തമുണ്ട്. നമ്മുടെ മുമ്പിലെ ഏറ്റവും വലിയ രക്തസാക്ഷി ഒരുപക്ഷെ സാജൻ ആയിരിക്കും. ഇപ്പോൾ ശരിയാക്കി തരാം, എല്ലാം ശരിയാക്കും എന്നൊക്കെ പറഞ്ഞ് നമ്മൾ വന്നത് ഇങ്ങോട്ടേയ്ക്കാണ്. അവർ ഇന്നലെ പറയുകയാണ് 'ഞാൻ ജീവിതത്തിൽ എടുത്ത ഏറ്റവും തെറ്റായ തീരുമാനം ആഫ്രിക്കയിൽ നിന്നും തിരിച്ചുവന്നതാണ്. ഇവിടെ വരരുതായിരുന്നു' എന്ന് സാജൻ പറഞ്ഞുവത്രേ, 'നമുക്ക് നാട്ടിൽ പോകാം, നമുക്ക് നാടിന്റെ സ്നേഹം അറിയണ്ടേ; നിന്റെ മക്കൾക്ക് നാട്ടിലെ സ്നേഹം

പഠിക്കണ്ടേ; അതുകൊണ്ട് നമുക്ക് പോകാം'. ഒരു ദിവസവും സാജൻ വീട്ടിൽ ഇരിക്കില്ലെന്ന് ഭാര്യ പറയുന്നു. രാവിലെ ക്ലബ്ബിൽ പോകും; പാർട്ടിക്കാരുടെ കൂടെ നടക്കും; നാട്ടിലൊക്കെ പോകും; ആ മനുഷ്യൻ യൂത്ത് ലീഗുകാർ പിരിക്കുന്ന റിലീഫ് ഫണ്ടിന് അങ്ങോട്ട് ചെന്ന് പണം കൊടുക്കും. മുഴുത്ത രാഷ്ട്രീയക്കാരനൊന്നുമല്ല. സി.പി.ഐ.(എം) അനുഭാവിയാണ്, സി.പി.ഐ.(എം)-ന്റെ പ്രവർത്തകനാണ്.

ആഫ്രിക്കയിലേയ്ക്ക് ഒരു യാത്ര പോകുമ്പോൾ നിങ്ങൾ നെറ്റിൽ സെർച്ച് ചെയ്തുനോക്കൂ, അതിൽ സെക്യൂരിറ്റിയെക്കുറിച്ച് പ്രത്യേകിച്ച് പറയുന്നുണ്ട്, 'നിങ്ങൾ സൂക്ഷിക്കണം, ബാഗുകൾ പുറത്ത് തൂക്കരുത്, നിങ്ങൾ വാച്ചോ ആഭരണമോ ധരിച്ച് പോകുമ്പോൾ, വാച്ചോ ആഭരണമോ ഊരിക്കൊണ്ടുപോകുകയല്ല പകരം കൈ വെട്ടിയേക്കും'. ഇതൊക്കെ നിങ്ങൾക്ക് റിവ്യൂവിൽ കാണാം. ആ ആഫ്രിക്കൻ ഉൾനാട്ടിലെ കാടന്മാരെക്കാളും അവിടത്തെ നിരക്ഷരരായ ആളുകളെക്കാളും ഭീകരരാണ് ഈ നാട്ടിലുള്ളവരെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു. അതാണ് അവരുടെ അവസാനത്തെ അനുഭവം. ഇരുണ്ട ഭൂഖണ്ഡമെന്നാണ് ആഫ്രിക്കയെക്കുറിച്ച് നമ്മൾ പറയുന്നത്. ആ ഇരുണ്ട ഭൂഖണ്ഡത്തിൽ വെളിച്ചമുണ്ടെന്നാണ് ഇന്നലെ ആ സ്ത്രീ ഞങ്ങളോട് പറഞ്ഞത്. എന്നാൽ ദൈവത്തിന്റെ സ്വന്തം നാട് ഭരിക്കുന്നത് പിശാചുക്കളാണെന്നും അവർ പറയുന്നു. ഇത് എത്രമേൽ അപമാനകരമാണെന്ന് നിങ്ങളൊന്ന് പരിശോധിച്ച് നോക്കൂ. ഇന്നലെ അവർ പറഞ്ഞ ഒരു കാര്യമുണ്ട് 'ഞാൻ ഒരു ദിവസം ശ്യാമളയെ കാണാൻ പോകും; എന്തിനാണെന്നറിയാമോ; വെറുതെ. എനിക്ക് അവരോടൊന്നും സംസാരിക്കേണ്ട. അനുമതി കിട്ടിയാലും കിട്ടിയില്ലെങ്കിലും ഞാൻ അവിടെ പോകും'. അവരുടെ മനസ്സിലെ വേദനയാണിത്.

മറ്റൊരാൾ നൈജീരിയയിൽ നിന്ന് വന്നിട്ട് പറഞ്ഞു, "നൈജീരിയയിൽ ഇതുപോലെ ഒരു സ്ഥാപനം തുടങ്ങിയാൽ അവിടത്തെ പ്രസിഡന്റ് മുഹമ്മദ് ബുഹാരി വീട്ടിൽ വന്ന് കാണുമായിരുന്നു". ഇവിടെ വീട്ടിൽ വന്ന് കാണേണ്ട; ഇവരെ അഭിനന്ദിക്കേണ്ട; ഇവർ പോയി കാലുപിടിച്ചിട്ടുപോലും അനുമതി കൊടുക്കാതിരിക്കുന്ന ഈ അന്യായത്തെ നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്. ഇത് ഇവിടെ അവസാനിക്കുന്നില്ല.

വിനോദ്, സുശീല എന്നിവർ പാപ്പിനിശ്ശേരിക്കാരാണ്; എന്റെ മണ്ഡലത്തിലുള്ളവരാണ്; സി.പി.ഐ.(എം)-ന്റെ പാർട്ടി കൗൺസിലറാണ്. നിങ്ങൾക്കുവേണ്ടി തെരഞ്ഞെടുപ്പിൽ ജയിച്ച ഒരാൾ, അയാളാണ് ഇന്നലെ പറഞ്ഞത് ഈ പറയുന്ന ശ്യാമളയുടെ അടുത്ത് ഒരു അനുമതിക്കുവേണ്ടി പോയിരുന്നു, അവർ പതിനായിരം രൂപ ചോദിച്ചു. അപ്പോൾ ഇവർ പറഞ്ഞു, 'രണ്ടുമൂന്ന് ദിവസം മുമ്പല്ലേ പതിനായിരം കൊടുത്തത്, ഞാൻ മൂവായിരം തരാം' തരില്ല എന്ന് പറഞ്ഞില്ല. അത് പാർട്ടിയിൽ ചർച്ചയാക്കിയതിന്റെ പേരിൽ മാത്രം അവരുടെ അനുമതി അവർ നിഷേധിച്ചു. ഇതെന്തൊരു സ്ത്രീയാണ്; ഇതെന്തൊരു ചെയർപേഴ്സണാണ്.

സാജന്റെ പ്രശ്നത്തിൽ നാല് ഉദ്യോഗസ്ഥരെ ബലിയാടാക്കി. ചെയർപേഴ്സണെ നിങ്ങൾ വെറുതെ വിട്ടാൽ ഇവിടത്തെ ജനങ്ങൾ നിങ്ങളെ വെറുതെ വിടാൻ പോകുന്നില്ല. എനിക്ക് 21-ാം തീയതിയിലെ പരാതി 22-ാം തീയതി കിട്ടിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ശരി, എന്നിട്ട് നാല് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുത്തു. നടപടിയെടുക്കേണ്ട ആദ്യത്തെ റെസ്പോൺസിബിൾ പേഴ്സൺ ശ്യാമളയാണ്. അവർക്കെതിരെയാണ് 306 ചുമത്തി ആത്മഹത്യാപ്രേരണയ്ക്ക് കേസ്സെടുക്കേണ്ടത്.

55 ലക്ഷം രൂപ മുടക്കിയ വിനോദ് എന്ന സഖാവും സുശീലയും; ഈ രണ്ടുപേരും രണ്ടാമത് ടെണ്ടർ വിളിച്ചപ്പോൾ വീണ്ടും ടെണ്ടർ കൊടുത്തു. നിങ്ങൾ പരിശോധിക്കണം. എങ്ങനെയെങ്കിലും രക്ഷപ്പെടട്ടെ എന്നു കരുതി രാവിലെ ശ്യാമള ടീച്ചറുടെ വീട്ടിൽപോയി അവരുടെ കാലുപിടിച്ച് പറയുന്നതുപോലെ പറഞ്ഞു; എന്നാൽ അതേ ദിവസം പത്തുമണിക്ക് എത്തുമ്പോഴേക്കും ആ സ്ഥാപനം ഉദ്യോഗസ്ഥർ വന്ന് പൂട്ടി. ഇതെന്തൊരു ക്രൂരതയാണ്.

തിരുവനന്തപുരത്ത് നഗരൂർ പഞ്ചായത്തിൽ ഒരു ഭിന്നശേഷിക്കാരൻ, പുഴുവിനെപ്പോലെ ഇഴയുന്ന ഒരാൾ, അയാൾക്ക് ആത്മഹത്യ ചെയ്യാൻ കയർ കെട്ടാൻ കഴിയില്ല, വിഷം പോയി വാങ്ങാൻ കഴിയില്ല. അയാളുടെ കടയ്ക്ക് അനുമതി നിഷേധിച്ചിരിക്കുന്നു.

നമ്മുടെ നാട്ടിലെ ഇത്തരം വ്യവസ്ഥകൾ അവസാനിപ്പിക്കേണ്ടതല്ലേ; നിയമവും വ്യവസ്ഥയുമൊക്കെ നമുക്ക് മനസ്സിലാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം, ലക്കിടിപേരൂർ എന്ന പഞ്ചായത്തിൽ സ്വന്തം ക്വാറിയിൽ ഖനനം നടത്താൻ അയാൾക്ക് സാധിക്കുന്നില്ല. നിയമത്തിന്റെ നൂലാമാലകളെല്ലാം കഴിഞ്ഞപ്പോൾ ഒരു പാർട്ടിയിലും പ്രവർത്തിക്കുകയില്ലെന്ന് അവിടത്തെ കമ്മിറ്റിക്ക് എഴുതി കൊടുക്കണം എന്നൊരു പുതിയ നിയമം വന്നു. ഇതെന്തു ക്രൂരതയാണ്. നമ്മുടെ നാട്ടിൽ എങ്ങനെയാണ് ഇവർ ഇൻവെസ്റ്റ് ചെയ്യുന്നത്.

<u>മി. സ്പീക്കർ</u>: പ്ലീസ് പ്ലീസ്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, നിരന്തരമായി ഇത്തരം വാർത്തകൾ വന്നു കൊണ്ടിരിക്കുന്നു. 'അൻപത് തവണയാണ് ആന്തൂരിലെ ഈ ചെയർപേഴ്സൺ എന്നെ നടത്തിച്ചത്' എന്ന് ശ്രീ. കെ. പി. രമേശനെന്ന ആൾ പറഞ്ഞു. 22 ലക്ഷം രൂപ താൻ കൈക്കൂലി കൊടുത്തുവെന്ന് ഹോട്ടൽ ഉടമ ഫേസ്ബുക്കിലെഴുതി. ആ ഉദ്യോഗസ്ഥനും ആ ചെയർപേഴ്സണും ഇവിടെ ജീവിച്ചിരിക്കുന്നുവെന്ന് പറയുന്നു. വലിയ കള്ളന്മാർ നമ്മുടെ നാട്ടിലെ ബാങ്കും ജ്വല്ലറിയും കുത്തിത്തുറക്കും; ചെറിയ കള്ളന്മാർ കിണ്ടിയും കോളാമ്പിയും മോഷ്ടിച്ച് രക്ഷപ്പെടും. വലിയ വലിയ പാർട്ടിക്കാർ

കോടികൾ മുക്കുമ്പോൾ ഏരിയാ കമ്മിറ്റിക്കാരും ലോക്കൽ കമ്മിറ്റിക്കാരും പഞ്ചായത്ത് പ്രസിഡന്റുമൊക്കെ കിണ്ടിയും കോളാമ്പിയും മുക്കി നാട് മുടിച്ചു കൊണ്ടിരിക്കുകയാണ്. ഇത് അവസാനിപ്പിക്കേണ്ടതുണ്ട്. അവർക്ക് അടിയന്തരമായി ലൈസൻസ് കൊടുക്കണം.

പത്തനാപുരത്ത് സുഗതന് ഇപ്പോഴും ലൈസൻസ് കൊടുത്തിട്ടില്ല. അടിയന്തരപ്രമേയം അവതരിപ്പിക്കും, ഈ ബഹളമൊക്കെ അവസാനിക്കും, നമ്മളൊക്കെ വീട്ടിൽപോകും, പാർട്ടിക്കാരും പ്രക്ഷോഭം നിർത്തും, പക്ഷെ ലൈസൻസ് കിട്ടില്ല. ഈ വിഷയത്തിൽ അടിയന്തരമായി അവർക്ക് ലൈസൻസ് കൊടുക്കണം. IPC 306 അനുസരിച്ച് ശ്രീമതി പി. കെ. ശ്യാമളയ്ക്കെതിരെ ആത്മഹത്യാപ്രേരണയ്ക്ക് കുറ്റം ചുമത്തണമെന്നും ഗൗരവമേറിയ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ ബഹുമാന്യനായ അംഗം പറഞ്ഞ കാര്യങ്ങൾക്കെല്ലാം മറുപടി പറയാൻ കുറച്ച് പ്രയാസമുണ്ട്. കാരണം ഇത് അന്വേഷണം നടക്കുന്ന ഒരു വിഷയമാണ്. അന്വേഷണം നടക്കുന്ന ഒരു കാര്യത്തെക്കുറിച്ച് ഞാൻ സംസാരിച്ചാൽ അത് അന്വേഷണത്തെ സ്വാധീനിക്കാനാണെന്ന രീതിയിൽ വാർത്ത വരും. അതുകൊണ്ട് അധികം കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ഇവിടെ സി.പി.ഐ.(എം) എന്ന പാർട്ടിയെ ആക്ഷേപിക്കാൻ സി.പി.ഐ.(എം)-ന്റെ നേതാവായ ശ്രീ. പി. ജയരാജനെ ഉപയോഗിക്കുന്നതായി കണ്ടു. അങ്ങനെ ചില ബിംബങ്ങളെ വച്ച് നേരത്തേയും ആക്ഷേപിക്കുന്നത് ഞങ്ങൾ കേട്ടിരുന്നു. അതിലൊന്നും സി.പി.ഐ.(എം) തകർന്നു പോയിട്ടില്ല. ശ്രീ. പി. ജയരാജനെ ഉപയോഗിച്ച് സി.പി.ഐ.(എം)-നെ ആക്ഷേപിക്കാമെന്നാരും കരുതേണ്ട. സ്വന്തം കൈകൊണ്ട് എഴുതാൻപോലും പറ്റാത്ത ആളാണ് അദ്ദേഹം..... (...ബഹളം...)

<u>മി. സ്പീക്കർ</u>: ഇത് ശരിയല്ല. ശ്രീ. കെ. എം. ഷാജി സംസാരിച്ചപ്പോൾ എല്ലാവരും നിശബ്ദമായി കേട്ടിരുന്നില്ലേ; ആരും മിണ്ടിയില്ലല്ലോ..(...ബഹളം...) നിങ്ങൾ നിശബ്ദരായിരിക്കൂ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നാമെല്ലാം ഇലയിലായാലും പ്ലേറ്റിലായാലും ഉള്ള ഭക്ഷണം കൈകൊണ്ട് എടുത്ത് കഴിക്കുന്നവരാണ്. എന്നാൽ സ്വന്തം കൈകൊണ്ട് ഭക്ഷണം കഴിക്കാൻ പറ്റാത്ത ആളാണ് ശ്രീ. പി. ജയരാജൻ. എന്തുകൊണ്ടാണ്? അദ്ദേഹം സി.പി.ഐ.(എം)-ന്റെ പ്രധാന പ്രവർത്തകനും നേതാവും ആയിരുന്നതുകൊണ്ട് ആർ.എസ്.എസ്.-കാരുടെ ആക്രമണത്തിന് ഇരയായി. അതിന്റെ ഫലമായിട്ടാണ് സ്വന്തം കൈകൊണ്ട് അദ്ദേഹത്തിന് ഭക്ഷണം കഴിക്കാനാകാത്തത്. ..(ബഹളം) ...... അവിടെ നിന്ന് ചോദിക്കുന്നത് കേട്ടില്ലേ? അയാൾ എത്രപേരെ കൊന്നിട്ടുണ്ടെന്നാണ് പ്രതിപക്ഷത്തുള്ളവർ ചോദിക്കുന്നത്.

എന്തൊരു അസംബന്ധമായ ചോദ്യമാണത്; എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ ചോദിക്കുന്നത്? എല്ലാ കാര്യങ്ങളും എനിക്ക് പറയണമെന്നുണ്ട്, പക്ഷെ കേസിന്റെ ഭാഗമായുള്ള കാര്യങ്ങളായതിനാൽ അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എന്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. പി. ജയരാജനെ വച്ചുകൊണ്ട് സി.പി.ഐ.(എം)-നെ ആക്രമിക്കാൻ പുറപ്പെട്ടത്? അതിന്റെ കൂടെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെന്ന ഞങ്ങളുടെ സംസ്ഥാന പാർട്ടി നേതാവിനേയും ആക്ഷേപിക്കാനാണ് പുറപ്പെട്ടത്. എന്താണ് ഇതിന്റെയൊക്കെ അർത്ഥം? നിയമസഭയിൽ പറയാനുള്ള പരിരക്ഷയുള്ളതുകൊണ്ട് എന്തും വിളിച്ചു പറയാമെന്നാണോ? ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെ അറിയാവുന്ന ഒരുപാട് ആളുകൾ അപ്പുറത്തുണ്ടല്ലോ? അദ്ദേഹം അറിയപ്പെടുന്ന ഒരു പൊതുപ്രവർത്തകനാണല്ലോ; നമ്മൾ ഓരോരുത്തരും ജീവിക്കുന്നത് എങ്ങനെയെന്ന് ഈ സമൂഹത്തിനറിയാമല്ലോ; ആർക്കെങ്കിലും ഏതെങ്കിലും തരത്തിൽ ആക്ഷേപം ഉന്നയിക്കാൻ പറ്റുന്ന ആളാണോ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ? എന്തടിസ്ഥാനത്തിലാണ് ഇത്തരമൊരു ആക്ഷേപം ഉന്നയിച്ചത്? .......( ബഹളം).......

മി. സ്പീക്കർ: എന്താണിത്, സഭയിൽ ഒരു വിഷയം ഉന്നയിച്ചാൽ, ഉന്നയിച്ച വിഷയത്തിന് മറുപടി പറയുന്നത് കേൾക്കാനുള്ള ക്ഷമ കാണിക്കണം. ...... (ബഹളം)..... ആവശ്യത്തിന് സമയമെടുത്ത് ശ്രീ. കെ. എം. ഷാജി അദ്ദേഹത്തിന് പറയാനുള്ള എല്ലാ വിമർശനങ്ങളും ഇവിടെ ഉന്നയിച്ചു. അപ്പോഴൊന്നും ആരും ബഹളം വച്ചില്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അതിന് അനുവദിക്കാതെ ഇത്തരത്തിൽ കമന്റുകൾ പറയുന്ന രീതി ഇവിടെ ഇല്ലാത്തതാണ്. ഇതാണ് പാർലമെന്ററി നടപടിക്രമമെന്ന് തെറ്റിദ്ധരിക്കരുത്. പറയാനുള്ളത് ശക്തമായി അവരവർക്ക് കിട്ടുന്ന സമയത്ത് പറയാം. ..... (ബഹളം)...... നടപടിക്രമം ഇങ്ങനെയല്ല. പ്രതിപക്ഷനേതാവ് ഇവിടെ ഇരിക്കുന്നുണ്ട്. ഇനിയും സംസാരിക്കാൻ അവസരമുണ്ടല്ലോ; ഇതിനിടയിൽ ഇങ്ങനെ കമന്റുകൾ പറയുന്നത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, നിയമസഭയുടെ പരിരക്ഷ വച്ച് മാന്യമായി ജീവിതം നയിക്കുന്ന രാഷ്ട്രീയ പ്രവർത്തകരെ ആക്ഷേപിക്കുന്ന നിലപാട് സ്വീകരിക്കരുത്. കമ്മ്യൂണിസ്റ്റുകാരോട്, പ്രത്യേകിച്ച് സി.പി.ഐ.(എം)കാരോട് വിരോധമുണ്ടാകും. ആ വിരോധത്തിന്റെ ഭാഗമായി ഇത്തരത്തിലുള്ള അധമമാർഗ്ഗം സ്വീകരിക്കരുതെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് ആദ്യം പറയാനുള്ളത്.

സാജൻ ആത്മഹത്യ ചെയ്യാനിടയായി എന്നുള്ളത് അങ്ങേയറ്റം നിർഭാഗ്യകരമായ കാര്യമാണ്. ആന്തൂരിലെ കൗൺസിൽ സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലുള്ളതായതുകൊണ്ട് ഇത് വച്ചുകൊണ്ട് സി.പി.ഐ.(എം)-നെ വേട്ടയാടിക്കളയാം എന്ന മട്ടിലല്ല പുറപ്പെടേണ്ടത്. എന്തുകൊണ്ടാണ് ഇങ്ങനെ വന്നത്; എന്താണ് അവിടത്തെ അടിസ്ഥാനപരമായ പ്രശ്നം, അതാണ് കണ്ടെത്തേണ്ടത്,

കെട്ടിടനിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് മുനിസിപ്പൽ, പഞ്ചായത്ത് രാജ് നിയമങ്ങളിൽ അധികാരങ്ങൾ മുഴുവൻ നിക്ഷിപ്തമായിരിക്കുന്നത് സെക്രട്ടറിയിലാണ്. ഇത് നമ്മുടെ നിയമത്തിലുള്ള ഒരു പ്രശ്നമാണ്. എത്രയോ കാലങ്ങളായി ഈ നിയമം നമ്മൾ നടപ്പാക്കി വരികയാണ്. (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കേൾക്കാനുള്ള ക്ഷമയില്ലേ ..... (ബഹളം)...... നിങ്ങളെന്ത് പാർലമെന്ററി ജനാധിപത്യമാണ് കാണിക്കുന്നത്. സീനിയർ അംഗങ്ങളെല്ലാം കേട്ടിരിക്കുകയാണല്ലോ; അവരാരും ബഹളമുണ്ടാക്കുന്നില്ലല്ലോ.

ശ്രീ. പിണറായി വിജയൻ: സർ, നിയമത്തെപ്പറ്റി വലിയ അവഗാഹമുള്ളവരാണ് അപ്പുറത്തിരിക്കുന്നത് എന്നാണല്ലോ പറയുന്നത്. നിയമത്തിൽ 509(6) വകുപ്പിലെ 390, 391, 395, 406, 408 എന്നീ വകുപ്പുകൾ പ്രകാരം സെക്രട്ടറി പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസിനോ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിനോ എതിരായി ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ച് 30 ദിവസത്തിനകം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 1991-ലെ 13 271(s) വകുപ്പ് പ്രകാരം രൂപീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്. ബന്ധപ്പെട്ട കൗൺസിലിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാനോ അപ്പീൽ കേൾക്കുവാനോ ഉള്ള അധികാരമില്ല. ഇതാണ് നിലവിലുള്ള സ്ഥിതി. നമ്മുടെ നിയമവ്യവസ്ഥ പ്രകാരം വന്നിട്ടുള്ളൊരു ദൗർഭാഗ്യകരമായ അവസ്ഥയാണിത്. ഇപ്പോൾ തിരുവനന്തപുരത്ത് മാത്രമാണ് നിലവിൽ ട്രൈബ്യൂണൽ പ്രവർത്തിക്കുന്നത്. ആറ് മാസം മുതൽ ഒരുവർഷം വരെ അപ്പീൽ തീർപ്പാക്കാൻ സമയമെടുക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ട്രൈബ്യൂണലുകളുടെ എണ്ണം വർദ്ധി പ്പിക്കുകയെന്നുള്ളതാണ് നമുക്ക് നിർവ്വഹിക്കാൻ കഴിയുന്നൊരു കാര്യം. തിരുവന ന്തപുരത്തിന് പുറമെ കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽക്കൂടി ട്രൈബ്യൂണലുകൾ സ്ഥാപിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കും. അപ്പീൽ തീർപ്പാക്കാൻ..... (ബഹളം).... ഇവർക്ക് അസഹിഷ്ണുതയുണ്ടാകുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നിലവിലുള്ള ഒരു പ്രശ്നത്തിന് എങ്ങനെ പരിഹാരം കാണാമെന്നാണ് ആലോചിക്കുന്നത്. ഇപ്പോൾ അപ്പീൽ കേൾക്കാൻ 6 മാസം മുതൽ ഒരു വർഷം വരെ സമയമെടുക്കുമെന്ന് നേരത്തെ സൂചിപ്പിച്ചു. അതിനുപകരം അപ്പീൽ തീർപ്പാക്കൽ കാലയളവ് ഒരു മാസത്തിനുള്ളിലാക്കണമെന്നുള്ള നടപടി സ്വീകരിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരുന്ന അപേക്ഷകളിൽ എന്തെങ്കിലും ന്യൂനതകളുണ്ടായാൽ അത് പരിഹരിക്കുവാൻ ആവശ്യപ്പെടുകയും, പരിഹരിച്ച് ചെന്നാൽ ചിലർ വീണ്ടും ന്യൂനതകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. ഈയൊരു രീതി മാറ്റേണ്ടതാണെന്ന് സർക്കാർ മനസ്സിലാക്കുന്നു.

അപേക്ഷ സമഗ്രമായി പഠിച്ച് ഒറ്റത്തവണയായി അപേക്ഷകനെയോ/അപേക്ഷകയേയോ ന്യൂനതകൾ അറിയിക്കണം. ഘട്ടംഘട്ടമായി ചോദ്യങ്ങളുന്നയിച്ച് കാലതാമസം വരുത്തുന്ന പ്രവണത തടയുവാൻ ചട്ടങ്ങൾ പുറപ്പെടുവിക്കും. കാലതാമസം ഒരു തരത്തിലുമുണ്ടാക്കാൻ പറ്റില്ല. ചൂണ്ടിക്കാണിക്കാനുള്ള ന്യൂനതകൾ എന്തെല്ലാമാണോ അത് ഒരു തവണ ചൂണ്ടിക്കാണിക്കുക. അതിന് വിശദീകരണം കിട്ടി വീണ്ടും ന്യൂനതകൾ കണ്ടെത്തുകയെന്ന നിലയിലേയ്ക്ക് പോകുവാൻ പാടില്ല.

അതുപോലെ ഇപ്പോഴുള്ള ഓൺലൈൻ സമ്പ്രദായം കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികളും സ്വീകരിക്കും. നിലവിൽ അപേക്ഷയിൽ തീരുമാനമെടുക്കുവാനുള്ള പരമാധികാരം സെക്രട്ടറിക്ക് ആയതുകൊണ്ട് സംഭവിക്കുന്നത് എന്താണ്? സാങ്കേതിക വൈദഗ്ദ്ധ്യമുള്ള എഞ്ചിനീയർമാരുണ്ട്, അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകാരം കൊടുക്കണം. സാജന്റെ കേസിൽത്തന്നെ എഞ്ചിനീയർ നൽകിയ റിപ്പോർട്ടുണ്ടെന്ന് കേൾക്കുന്നുണ്ട്. സാധാരണഗതിയിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകാരം കൊടുക്കുകയാണ് വേണ്ടത്. എന്നാൽ അതിനുപകരം ധാരാളം ക്വറിയിട്ടുവെന്നാണ് കേൾക്കുന്നത്. അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അതെന്തുകൊണ്ടാണ്? സെക്രട്ടറിയാണ് ഇതിനകത്ത് പരമാധികാരി എന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള അനുഭവങ്ങളുണ്ടാകുന്നത്. നിലവിലുള്ള ചട്ടപ്രകാരം സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥന്റെ തീരുമാനത്തെ മറികടക്കാൻ സെക്രട്ടറിക്ക് ഇപ്പോൾ തടസ്സമില്ല. കാര്യകാരണസഹിതം സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥന്റെ തീരുമാനത്തെ മറികടക്കാനുള്ള സെക്രട്ടറിയുടെ ഇപ്പോഴുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കും. സെക്രട്ടറിക്ക് ചിലപ്പോൾ മറിച്ചൊരു അഭിപ്രായമുണ്ടാകാം. അങ്ങനെയൊരു അഭിപ്രായമുണ്ടായാൽ സെക്രട്ടറി സാങ്കേതിക വിദഗ്ദ്ധനായ ഉദ്യോഗസ്ഥനെക്കൂടി വിളിച്ച് അദ്ദേഹത്തിന്റെ ഉപദേശംകൂടി ആരാഞ്ഞ് അതുമായി ബന്ധപ്പെട്ട ചർച്ചയുടെ മിനിട്ട്സ് രേഖപ്പെടുത്തി അത് സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കണം. ഭേദഗതിയോടെയോ അല്ലാതെയോ അംഗീകരിക്കാൻ ബാദ്ധ്യസ്ഥനാണെന്ന് ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. പരമാധികാരം എന്ന നിലയിലേയ്ക്ക് മാറുന്നത് പരിമിതപ്പെടുത്തുക എന്നതുതന്നെയാണുദ്ദേശം. സെക്രട്ടറിക്ക് ഇപ്പോൾ വിപുലമായ അധികാരമാണുള്ളത്. അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള എല്ലാ അധികാരവും നിയമാനുസൃതമായി സെക്രട്ടറിക്കാണ്. ഗാർഹികം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, സമ്മേളന ഹാളുകൾ, സിനിമാ തിയേറ്ററുകൾ, ഗ്യാസ് ഗോഡൗണുകൾ പോലുള്ള അപകട സാധ്യതയുള്ള കാര്യങ്ങൾ തുടങ്ങി ബഹുമുഖ ആവശ്യങ്ങളുണ്ട്. ഇതിലെ ഓരോ ആവശ്യത്തിനും ലൈസൻസ് ലഭിക്കുന്നതിന് ദൂരപരിധിയുൾപ്പെടെയുള്ള നിബന്ധനകൾ വ്യത്യസ്തമാണ്. ഇക്കാര്യങ്ങളിൽ വിപുലമായ അധികാരമാണ് പഞ്ചായത്ത് സെക്രട്ടറിക്കുള്ളത്. ഇവയിൽ ചില അധികാരങ്ങൾ പരിമിതപ്പെടുത്തേണ്ടതായിവരും; അത് പരിമിതപ്പെടുത്തു വാനാണ് ഉദ്ദേശിക്കുന്നത്. ഉദാഹരണമായി ഗാർഹികാവശ്യത്തിനായി വീട്

നിർമ്മിക്കാൻ ലൈസൻസ് എടുത്ത ഒരു ഡോക്ടർ, നിശ്ചിത വിസ്തീർണ്ണത്തിൽ മാത്രമേ വീട്ടിനുള്ളിൽ ക്ലിനിക് നടത്തുവാൻ അവകാശമുള്ളൂ. നിശ്ചിത വിസ്തീർണ്ണത്തിൽ കൂടുതലായാൽ ലൈസൻസ് റദ്ദാക്കുവാനുള്ള അധികാരം സെക്രട്ടറിക്കുണ്ട്. ഇത്തരത്തിൽ അധികാരത്തിൽ ചില നിയന്ത്രണങ്ങൾ ആവശ്യമായിവരും.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി നിയമത്തിൽ ചില ഭേദഗതികൾ വരുത്തി. അതിൽ മുനിസിപ്പൽ പഞ്ചായത്ത് കൗൺസിലുകൾക്കുള്ള പല അധികാരങ്ങളും സെക്രട്ടറിയുടെ അധികാര പരിധിയിലാണുള്ളത്. 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ 233 (6)-ാം വകുപ്പിലെ ഭേദഗതിപ്രകാരം ഫാക്ടറി, വർക്ക്ഷോപ്പ്, യന്ത്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള അനുവാദം നൽകുന്നത് സെക്രട്ടറിയാണ്. ഇതേ ലൈസൻസ് റദ്ദാക്കുവാനുള്ള അധികാരവും സെക്രട്ടറിക്കുണ്ട്. ഈ അധികാരം പരിമിതപ്പെടുത്തേണ്ടതുണ്ടെന്നാണ് കാണുന്നത്. ഈ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ശിപാർശ ചെയ്ത സാങ്കേതികമികവുള്ള ഉദ്യോഗസ്ഥന്റെ ശിപാർശപ്രകാരം മാത്രമേ സെക്രട്ടറിക്ക് ഈ അധികാരം വിനിയോഗിക്കുവാൻ കഴിയൂവെന്ന് ഭേദഗതി ചെയ്യേണ്ടിവരും. മുനിസിപ്പൽ നിയമത്തിലും ഇത്തരമൊരു ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇത്തരത്തിൽ ഒരു പരമാധികാരി എന്ന നിലയ്ക്കാണ് സെക്രട്ടറി സാജന്റെ കാര്യത്തിൽ പെരുമാറിയത്. പ്രഥമദൃഷ്ട്യാ ആന്തൂർ കൗൺസിൽ സെക്രട്ടറി വീഴ്ചവരുത്തിയെന്നാണ് സർക്കാരിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് അദ്ദേഹത്തെയും ചില ഉദ്യോഗസ്ഥന്മാരെയും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് ആര് തെറ്റ് ചെയ്താലും തെറ്റ് ചെയ്തവർക്കെതിരെ കർക്കശ നടപടിയുണ്ടാകും. അത് സി.പി.ഐ. (എം) ആണോ അല്ലയോ എന്ന പ്രശ്നമില്ല. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും ഗൗരവമായ അന്വേഷണം നടക്കുകയാണ്. ആ അന്വേഷണത്തിന്റെ ഭാഗമായി കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുവാൻ സാധിക്കും. അതിൽ തെറ്റുകാരാണെന്ന് കാണുന്നവർക്കെതിരെ കർക്കശ നടപടിയുമുണ്ടാകും. ആരും നിയമത്തിന്റെ കരങ്ങളിൽനിന്നും രക്ഷപ്പെടില്ല. സി.പി.ഐ.(എം) കാരായിപ്പോയി, അതുകൊണ്ടവരെ ക്രൂശിച്ചുകളയാമെന്ന മട്ടിൽ പ്രതിപക്ഷം പുറപ്പെടുകയാണ്. അത്തരത്തിലുള്ള ഒരു നിലപാടല്ല ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത്. തെറ്റ് ആര് ചെയ്താലും, തെറ്റ് ചെയ്തവരെ രക്ഷിക്കാതിരിക്കുക, അവർക്കെതിരെ നടപടികളെടുക്കുക എന്നതാണ് സർക്കാർ സ്വീകരിക്കുന്ന നിലപാട്. അതുകൊണ്ടുതന്നെ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആദ്യത്തെ വാചകം തന്നെ വളരെ പ്രസക്തമാണ്. എനിക്ക് മറുപടി പറയാൻ പ്രയാസമുണ്ടാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. സി.പി.ഐ.(എം) പ്രതിരോധത്തിലാണെന്ന് മാലോകർക്കെല്ലാം അറിയാം. അതുകൊണ്ടാണ് എനിക്ക് മറുപടി പറയാൻ പ്രയാസമുണ്ടെന്ന് അദ്ദേഹം പറഞ്ഞത്. പ്രയാസം മാത്രമല്ല, കുറ്റബോധം കൂടിയുണ്ടെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. ചില ബിംബങ്ങളെ ഉപയോഗിച്ച് പാർട്ടിയെ തകർക്കാൻ ശ്രമിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. അങ്ങുതന്നെ ഒരു ബിംബമായി മാറികൊണ്ടിരിക്കുന്നുവെന്നാണ് ഇപ്പോൾ ആളുകൾ പറഞ്ഞു കൊണ്ടിരിക്കുന്നത്. ബിംബങ്ങൾ ആരാണെന്ന് എല്ലാവർക്കുമറിയാം, ഞാൻ പറയേണ്ട കാര്യമില്ല. വിഗ്രഹഭഞ്ജകർ ആരാണെന്നും എല്ലാവർക്കുമറിയാം. അതിനെക്കുറിച്ചും പറയേണ്ട കാര്യമില്ല. ഈ വിഷയത്തിന്റെ യഥാർത്ഥ വശങ്ങളെ മറച്ചുവച്ചുകൊണ്ട് മറ്റൊരു വിഷയത്തിലേയ്ക്കാണ് അദ്ദേഹം പോകുന്നത്.

ശ്രീ. കെ. എം. ഷാജിയുടെ അടിയന്തര പ്രമേയാവതരണാനുമതിക്കുള്ള നോട്ടീസ് എന്താണ്? മുനിസിപ്പൽ ചെയർപേഴ്സണെതിരെ 306-ാം വകുപ്പ് അനുസരിച്ച് കേസ്സെടുക്കണം. ഐ.പി.സി. 306-ൽ എന്താണ് പറയുന്നത്? Abetment of suicide.– If any person commits suicide, whoever abets the commission of such suicide, shall be punished with imprisonment of either description for a term which may extend to ten years, and shall also be liable to fine. പത്ത് വർഷം കഠിനതടവും ഫൈനും അടയ്ക്കേണ്ട ശ്യാമള ടീച്ചറെ രക്ഷിക്കാനുള്ള നടപടിയാണ് മുഖ്യമന്ത്രിയുടെ പ്രസംഗത്തിലൂടെ കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം കേസ്സിനെ സ്വാധീനിക്കാൻ വേണ്ടിയായതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 19 മിനിട്ട് പ്രസംഗിച്ചു; അത് പരിശോധിച്ചാൽ ശ്രീമതി പി. കെ. ശ്യാമളയെ രക്ഷിക്കാൻ വേണ്ടിയിട്ടുള്ള പോയിന്റുകൾ നിരത്തിവയ്ക്കുകയാണ് ചെയ്തതെന്ന് കാണാൻ സാധിക്കും. സെക്രട്ടറിയുടെ ഭാഗത്തുള്ള കുറ്റമാണ് അങ്ങ് പറഞ്ഞത്. ചെയർപേഴ്സണിന്റെ നടപടിയെക്കുറിച്ച് ഒരു വാക്കെങ്കിലും അങ്ങേയ്ക്ക് പറയാമായിരുന്നല്ലോ? ഞാനും പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറും ശ്രീ. കെ. എം. ഷാജിയും ശ്രീ. സതീശൻ പാച്ചേനിയും കൂടി ഇന്നലെ ആ വീട്ടിൽ പോയിരുന്നു. അവിടെ ചെന്നപ്പോൾ അവർ പറഞ്ഞ കാര്യങ്ങളാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ ശ്രീ. പി. ജയരാജനെക്കുറിച്ചോ ശ്രീ. എം. വി. ഗോവിന്ദനെക്കുറിച്ചോ എന്തെങ്കിലും കുറ്റം പറഞ്ഞോ? ഭർത്താവ് നഷ്ടപ്പെട്ട ആ സ്ത്രീ പറഞ്ഞ കാര്യമാണ് ഞങ്ങൾ പറഞ്ഞത്. 'ജൂൺ 2-ാം തീയതി ശ്രീ. പി. ജയരാജന്റെ മകന്റെ വിവാഹത്തിന് സാജേട്ടൻ പങ്കെടുത്തിരുന്നു.

അതിന്റെ പേരിൽ പകപോക്കിയതായി സാജേട്ടന് സംശയമുണ്ടായിരുന്നു. ഞാൻ കല്യാണത്തിന് പോയത് അവർ അറിഞ്ഞിട്ടുണ്ട്. ശ്രീമതി പി. കെ. ശ്യാമളയുമായി അടുപ്പമുള്ള ഒരാൾ എന്നെ വിളിച്ച് ചോദിച്ചുവെന്ന് വളരെ വിഷമത്തോടെയാണ് അദ്ദേഹം പറഞ്ഞത്.' ഞങ്ങളാണോ ശ്രീ. പി. ജയരാജനെക്കുറിച്ച് കുറ്റം പറഞ്ഞത്? ഞങ്ങൾ ഒരു കുറ്റവും പറഞ്ഞില്ല. എന്താണ് സംഭവിച്ചതെന്നുള്ള കാര്യം അവർ ഞങ്ങളോട് പറയുകയാണ് ചെയ്തത്. ശ്രീമതി പി. കെ. ശ്യാമളയെക്കുറിച്ച് അവർ പറഞ്ഞത്, 'ഞാൻ ഈ കസേരയിൽ ഉള്ളിടത്തോളംകാലം കൺവെൻഷൻ സെന്ററിന് അനുമതി ലഭിക്കില്ല.' എന്ന് അവർ പറഞ്ഞു എന്നാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് നഗരസഭ അദ്ധ്യക്ഷയ്ക്കെതിരെ ഭീഷണി മുഴക്കി ഈ വിഷയത്തിൽ സി.പി.ഐ.(എം) മുൻജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ ഇടപെട്ടത് അദ്ധ്യക്ഷയ്ക്ക് ഇഷ്ടപ്പെട്ടില്ല. നിങ്ങൾ മുകളിൽ പിടിപാടുള്ളവരല്ലേ; കെട്ടിടനമ്പരും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും മുകളിൽ നിന്നുതന്നെ വാങ്ങിക്കൊള്ളൂ എന്ന വെല്ലുവിളിയാണ് മുനിസിപ്പൽ ചെയർപേഴ്സൺ നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞങ്ങളാണോ ശ്രീ. പി. ജയരാജനെക്കുറിച്ചും ശ്രീ. എം. വി. ഗോവിന്ദനെക്കുറിച്ചും കുറ്റം പറഞ്ഞത്? അദ്ദേഹത്തിന്റെ ഭാര്യയാണ് പറഞ്ഞത്. അത് തെറ്റല്ലല്ലോ? അതുമാത്രമല്ലാതെ ഞങ്ങൾ മറ്റൊന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് വിഷയം മാറ്റാൻവേണ്ടി അങ്ങ് ശ്രീ. പി. ജയരാജന്റെ ധീരകൃത്യങ്ങൾ വിശദീകരിക്കേണ്ട ഒരുകാര്യവുമില്ല. ഞങ്ങൾ അദ്ദേഹത്തെക്കുറിച്ച് ഇവിടെ ഒന്നും പറഞ്ഞില്ല. കണ്ണൂർ ജില്ലയിലെ സി.പി.ഐ.(എം)-ന്റെ അഭിപ്രായ വ്യത്യാസത്തിന്റെ യഥാർത്ഥ ചിത്രമാണ് ഇതിന് പിന്നിലുള്ളതെന്ന് അങ്ങ് മനസ്സിലാക്കണം. വിഭാഗീയതയിലൂന്നിയ പ്രശ്നമാണെന്ന് ഇന്നലെ അവിടെ ചെന്നപ്പോൾ ഞങ്ങൾക്ക് വ്യക്തമായി. ഈ സ്ഥാനത്തിരുന്നുകൊണ്ട് ചില കാര്യങ്ങൾ പറയാൻ കഴിയാത്തത് കൊണ്ട് ഞാൻ പറയുന്നില്ല.

ശ്രീ. ജെയിംസ് മാത്യുവിന്റെ പ്രസംഗം ഞാൻ കേട്ടു. ഞാനും ഒരു കുറ്റവാളി യാണെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. കെ. എം. ഷാജി പറഞ്ഞത് നൂറ് ശതമാനം ശരിയാണെന്ന് ബോധ്യപ്പെടാൻ ശ്രീ. ജെയിംസ് മാത്യുവിന്റെ പ്രസംഗം മാത്രം മതി. ബഹുമാനപ്പെട്ട കോടതി എന്തുചെയ്തു? അസാധാരണമായൊരു നടപടിയാണ് ഇവിടെയുണ്ടായത്. നിക്ഷേപകനെ ശ്വാസം മുട്ടിച്ചു; പ്രവാസിയുടെ ആത്മഹത്യ; കേസ്സെടുത്ത് ഹൈക്കോടതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർപേഴ്സണെതിരായി ഒരു വാക്കെങ്കിലും പറയുമെന്നും അവർക്ക് തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കുമെന്നും അങ്ങ് പറയുമെന്ന് ഞാൻ കരുതി. പക്ഷേ അങ്ങ് ഒരക്ഷരം പറഞ്ഞില്ല. അങ്ങ് സെക്രട്ടറിയെക്കുറിച്ചും സെക്രട്ടറിയുടെ അധികാരങ്ങളെ കുറിച്ചുമാണ് പറയുന്നത്. അതിന് മുനിസിപ്പൽ ചട്ടങ്ങൾ ഭേദഗതി ചെയ്യാം. അത് ഈ സഭയ്ക്ക് ഭേദഗതി ചെയ്യാനുള്ള അവകാശമുണ്ട്. അത് വേറെ പ്രശ്നമാണ്.

ഇന്ന് മലയാള മനോരമ റിപ്പോർട്ട് ചെയ്ത ഒരു സംഭവമുണ്ട്. എന്താണ് ഈ നാട്ടിൽ നടക്കുന്നത്? 'തെക്കുംചോഴോട് നാലാം വാർഡിൽ ഞാനോ എന്റെ കുടുംബമോ ഒരിക്കലും പാർട്ടിക്കെതിരെ തെരഞ്ഞെടുപ്പ് രംഗത്ത് മത്സരിക്കാനുണ്ടാകില്ല'. സ്വന്തം ക്വാറിയിൽ ഖനനം നടത്താൻ രാഷ്ട്രീയനേതാവായ സംരംഭകൻ സി.പി.ഐ.(എം)-ന് എഴുതിക്കൊടുക്കേണ്ടിവന്ന കരാറാണിത്. പാലക്കാട് ജില്ലയിലെ ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് മുൻപ്രസിഡന്റും നിലവിലുള്ള അഞ്ചാം വാർഡ് അംഗവും മുസ്ലീം ലീഗിന്റെ ഒറ്റപ്പാലം മണ്ഡലം ജനറൽ സെക്രട്ടറിയുമായ ശ്രീ. പി. എ. ഷൗക്കത്ത് അലി പ്രാദേശിക സി.പി.ഐ.(എം) നേതാക്കന്മാർക്ക് 10 ലോഡ് കല്ലും 100 രൂപ പത്രത്തിൽ ഒപ്പിട്ടുകൊടുത്തതുമായ വാർത്തയാണ് ഇന്ന് പുറത്തുവരുന്നത്. ഇവിടെ ആരാണ് ഭരിക്കുന്നത്; പാർട്ടി മാത്രമാണോ ഇവിടെ ഭരിക്കുന്നത്? ശ്രീ. എ. സി. മൊയ്തീൻ ഇവിടെയുണ്ട്. അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. മുനിസിപ്പൽ സെക്രട്ടറിയെയും എഞ്ചിനീയറെയുമൊക്കെ ഞങ്ങൾ സസ്പെന്റ് ചെയ്തുവെന്ന് പാർട്ടിയുടെ ജില്ലാ സെക്രട്ടറി ശ്രീ. എം. വി. ജയരാജൻ പ്രഖ്യാപിക്കുകയാണ്. ആരാണ് ശ്രീ. എം. വി. ജയരാജൻ? മൂന്നുപേരെ സസ്പെന്റ് ചെയ്തുവെന്ന് പറയാനുള്ള അധികാരം അദ്ദേഹത്തിന് എങ്ങനെ കിട്ടി? ഞങ്ങളാരും പാർട്ടിയെ അധികാരം ഏൽപ്പിച്ചിട്ടില്ലെന്നും തീരുമാനം സർക്കാർ എടുക്കുമെന്നും അപ്പോൾത്തന്നെ ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞു. അദ്ദേഹം അങ്ങനെ പറഞ്ഞതിനെ ഞാൻ അഭിനന്ദിക്കുകയാണ്. അതാണ് ഒരു മന്ത്രി ചെയ്യേണ്ടത്. ഇപ്പോഴും മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണെന്നാണ് ശ്രീ. എം. വി. ജയരാജന്റെ ധാരണ. അദ്ദേഹം ഒഴിഞ്ഞുപോയതിൽ സെക്രട്ടേറിയറ്റ് മുഴുവൻ ആഹ്ലാദംകൊള്ളുകയാണ്. ഇതൊരു കോൾഡ് ബ്ലഡഡ് മർഡറാണ്. ഇവിടെ വാസ്തവത്തിൽ ആന്തൂറിലെ പ്രവാസി സംരംഭകനായ സാജൻ പാറയിൽ ആത്മഹത്യ ചെയ്തതല്ല; അതൊരു കൊലപാതകമാണ്. ഈ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരക്ഷരം പറയാത്തതിലുള്ള വേദന ഞാൻ രേഖപ്പെടുത്തുകയാണ്. ഞങ്ങൾ ഇന്നലെ അവിടെ പോയി. രണ്ട് ചെറിയ കുഞ്ഞുങ്ങൾ, പിതാവ്, സഹോദരൻ ശ്രീജിത്ത് എന്നിവരാണുള്ളത്. അവർ ഞങ്ങളോട് കാര്യങ്ങൾ പറഞ്ഞു. നിസ്സാരമായി ചെയ്യേണ്ട ഒരു കാര്യമായിരുന്നു ഇത്. ഒരു വർഷംമുമ്പ് അദ്ദേഹം തിരുവനന്തപുരത്തുവന്ന് ഡോ. കെ. ടി. ജലീലിനെ കണ്ടതാണ്. അത് ശരിയാക്കാൻവേണ്ടി ഈ പാവപ്പെട്ട മനുഷ്യൻ ഒരു വർഷമായി ഓടിനടക്കുകയായിരുന്നു. ഇത് ധാർഷ്ട്യം മാത്രമാണ്; അല്ലാതെ യാതൊരു നിയമപ്രശ്നവും അതിലില്ല. എത്ര അനധികൃത നിർമ്മാണങ്ങളാണ് ഡോ. കെ. ടി. ജലീലിന്റെ കാലത്ത് റെഗുലറൈസ് ചെയ്തുകൊടുത്തത്. അതിനുവേണ്ടി നിയമംതന്നെ ഈ സഭ പാസ്സാക്കിയില്ലേ? ഞങ്ങളുടെ ഭരണകാലത്തും അനധികൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ റെഗുലറൈസ് ചെയ്തുകൊടുത്തിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലും റെഗുലറൈസ് ചെയ്തുകൊടുത്തിട്ടുണ്ട്. ഉൾപ്രദേശത്ത് പതിനെട്ടര കോടി രൂപയോളം

മുടക്കി പണിത കെട്ടിടം റോഡിന്റെ ഭാഗത്തുനിന്നും അഞ്ച് സെന്റിമീറ്റർ മാറ്റിയില്ലെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ഇത്രയും ബുദ്ധിമുട്ടിക്കേണ്ട കാര്യമുണ്ടായിരുന്നോ? അയാളുടെ ഒരു പ്രസംഗം വീഡിയോയിലൂടെ കണ്ണൂർ ജില്ലയിലൊട്ടാകെ പ്രചരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് കാണണം. വളരെ ആസൂത്രിതമായി സി.പി.ഐ.(എം) ചെയർപേഴ്സണിനെ രക്ഷിക്കാൻ ശ്രമിക്കുന്നു. എനിക്കവരോട് ഒരു വിരോധവുമില്ല. ഞങ്ങളാരും അവരെ കണ്ടിട്ടുപോലുമില്ല. പക്ഷെ അവരുടെ നടപടി അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ഓഡിറ്റോറിയത്തിന് അനുമതി നൽകണമെന്ന് ചെയർപേഴ്സൺ നിർദ്ദേശിച്ചിട്ടും സെക്രട്ടറി ചെവിക്കൊണ്ടില്ലെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അദ്ദേഹം പറഞ്ഞാൽ സ്വന്തം മകൻപോലും ചെവികൊടുക്കുന്നില്ല എന്നുള്ളതല്ലേ അതിനർത്ഥം. സ്വന്തം മകന്റെ കാര്യത്തിൽപ്പോലും നിയന്ത്രണമില്ലെന്ന പരിഹാസ്യമായ സ്ഥിതിയാണ് ഇന്ന് പാർട്ടിക്കുള്ളത്.

സി.പി.ഐ.(എം)-ന്റെ Ease of Doing Business-ഉം നവോത്ഥാനവുമൊക്കെ ജനങ്ങൾ കാണുന്നുണ്ട്. നിങ്ങൾ ജീർണ്ണാവസ്ഥയിൽ മുങ്ങിത്താഴുകയാണ്. സർക്കാരിനെ നിയന്ത്രിക്കുന്ന സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ആ സ്ഥാനത്ത് തുടരുന്നത് അധാർമ്മികമായ നടപടിയാണ്. ധാർമ്മികതയെക്കുറിച്ചും നവോത്ഥാനത്തെ കുറിച്ചും പുരപ്പുറത്തുകയറി പ്രസംഗിക്കുന്ന സി.പി.ഐ.(എം).-ന് അന്തസ്സുണ്ടെങ്കിൽ സെക്രട്ടറിയെ ആ സ്ഥാനത്തുനിന്നും പുറത്താക്കിയിട്ടുവേണം ഇക്കാര്യങ്ങൾ സംസാരിക്കാൻ. കേരളത്തിൽ ധാർമ്മികതയുടെ ഉടമസ്ഥാവകാശികളാണെന്ന് പറയുന്ന നിങ്ങൾ ഈ സംസ്ഥാനത്ത് ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങൾ കാണുന്നുണ്ടെന്നുള്ളത് മറന്നുപോകരുത്. സത്യം മറച്ചുവയ്ക്കുന്ന വസ്തുതയാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ തലയിൽ കെട്ടിവച്ച് ഈ വസ്തുതയിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. എന്തിനാണ് സാജൻ പാറയിലിനെ കൊന്നത്? ശ്രീ. കെ. എം. ഷാജി വസ്തുതകൾ ഇവിടെ വിശദീകരിച്ചതു കൊണ്ട് ഞാൻ പറയുന്നില്ല. നൈജീരിയയിൽ ആയിരുന്നെങ്കിൽ അവിടത്തെ പ്രസിഡന്റ് അയാളുടെ വീട്ടിൽപ്പോയി ആദരിക്കുമായിരുന്നു. നമ്മളൊക്കെ വിദേശത്ത് പോകുന്ന ആളുകളാണ്. പ്രവാസികൾ നാട്ടിൽ വന്നാൽ അവർക്ക് ഒരു സംരംഭം തുടങ്ങാൻ സഹായിക്കുമോയെന്ന് അവർ ഞങ്ങളോട് ചോദിക്കുമായിരുന്നു.

ഈ സഭയാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പാസ്സാക്കിയത്. എന്ത് ഏകജാലകമാണ് കേരളത്തിൽ നടക്കുന്നത്?

ലോകകേരള സഭയിൽ അങ്ങും ഞാനും മുഖ്യമന്ത്രിയും ഇരുന്ന് പാസ്സാക്കിയ എത്രയോ പ്രമേയങ്ങളും നടപടികളുമുണ്ട്? ഇത് ആദ്യത്തെ സംഭവമാണോ; ഇന്ന് പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. പത്തനാപുരത്ത് ശ്രീ. സുഗതന്റെ സംഭവമുണ്ടായപ്പോൾ നടപടിയുണ്ടാകുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ ശ്രീ. സുഗതന്

ഇതുവരെ പഞ്ചായത്ത് കമ്മിറ്റി ലൈസൻസ് നൽകിയിട്ടില്ല. അയാളുടെ മക്കൾ ഇന്നലെ എന്നെ വിളിച്ചു. ഞാൻ ബഹുമാനപ്പെട്ട മന്ത്രി എ. സി. മൊയ്തീനെ വിളിച്ചു. ഡോ. എം. കെ. മുനീറും ഉണ്ടായിരുന്നു. അദ്ദേഹം സ്റ്റേറ്റ് കമ്മിറ്റിയിലാണെന്ന് പറയുകയും പിന്നീട് എന്നെ തിരിച്ചുവിളിക്കുകയും ചെയ്തു. കണ്ണുനീർ മാത്രമുള്ള ആ കുടുംബത്തിന് ടെമ്പററി ലൈസൻസെങ്കിലും നൽകുകയാണ് നിങ്ങളാദ്യം ചെയ്യേണ്ടത്. നിയമപരമായ കാര്യങ്ങളുണ്ടെങ്കിൽ പിന്നീട് പരിശോധിക്കാം. അദ്ദേഹം അത് പരിശോധിക്കാമെന്ന് പറഞ്ഞു. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് 24 മണിക്കൂറിനുള്ളിൽ ആ പാവങ്ങൾക്ക് ലൈസൻസ് നൽകണമെന്നാണ്. അവർ നടപടികളുമായി മുന്നോട്ടു പോകട്ടെ. ആ പാവപ്പെട്ട മനുഷ്യർക്ക് ജീവിക്കാനുള്ള അവസരമെങ്കിലും നിങ്ങൾ കൊടുക്കണം. നിങ്ങൾ അത് കൊടുക്കാതെ പാർഥ കൺസ്ട്രക്ഷൻസ് എന്ന കൺവെൻഷൻ സെന്ററിനെ ഇല്ലാതാക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതെങ്കിലും നിങ്ങൾ ചെയ്താൽ സാജന്റെ ആത്മാവിന് നിത്യശാന്തിയുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. വലിയ തോതിലുള്ള വിഭാഗീയത പാർട്ടിയിലുണ്ടാകാം. ആ വിഭാഗീയത ഇത്തരം കാര്യങ്ങളിൽ വരുന്നത് ശരിയാണോ? വളരെ ഗൗരവമായ പ്രശ്നമായി ഇതിനെ കാണണം. ഇതൊരു പ്രവാസിയുടെ കാര്യമാണ്. പ്രവാസി ലോകത്തുനിന്നും എല്ലാവരും ഇപ്പോൾ വിളിക്കുകയാണ്. ഓരോ പഞ്ചായത്തിലും ഇതുപോലുള്ള ധാരാളം പ്രശ്നങ്ങൾ മുന്നോട്ടു വന്നുകൊണ്ടിരിക്കുകയാണ്. അതൊന്നും ഇവിടെ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. പ്രവാസി ലോകമാകെ ആശങ്കയിലാണ്. ഈ സംഭവത്തെത്തുടർന്ന് പ്രവാസികൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ആശങ്കകൾ പരിഹരിക്കാനെങ്കിലും നിങ്ങൾ ആ ചെയർപേഴ്സണെതിരെ നടപടി സ്വീകരിക്കണം. അതിനുള്ള ധാർമ്മിക ഉത്തരവാദിത്വം നിങ്ങൾ ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബൈബിളിൽ 'പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്ത് ഭവിക്കും' എന്നൊരു വാചകമുണ്ട്. പാർട്ടിക്കാരോട് ഇതാണ് ചെയ്യുന്നതെങ്കിൽ മറ്റുള്ളവർക്കുണ്ടാകുന്ന അനുഭവം എന്തായിരിക്കും? നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ വലിയതോതിൽ ജനങ്ങൾക്കുനേരെയുള്ള വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്കിഷ്ടമില്ലാത്ത ആളുകളെ നിഗ്രഹിക്കുന്നതാണ് നിങ്ങളുടെ സമീപനം.

ടി. പി. ചന്ദ്രശേഖരന്റെ കഥ എല്ലാവർക്കുമറിയാം. ജിഷ്ണു പ്രണോയിയുടെ അമ്മയ്ക്കുണ്ടായ അനുഭവമറിയാം; കീഴാറ്റൂരിൽ സുരേഷിനും സഹപ്രവർത്തകർക്കുമുണ്ടായ അനുഭവമറിയാം; തലശ്ശേരിയിലെ ശ്രീ. സി. ഒ. ടി. നസീറും കമ്മ്യൂണിസ്റ്റുകാര നായിരുന്നില്ലേ? ഞാൻ പറഞ്ഞവരൊക്കെ കമ്മ്യൂണിസ്റ്റുകാരായിരുന്നു. ഇവർക്ക് നേരിടേണ്ടിവന്ന ദുര്യോഗം കേരളം കണ്ടതാണ്. സ്വന്തം വർഗ്ഗത്തെ ദ്രോഹിക്കുന്നതിന്റെ പേരാണോ കമ്മ്യൂണിസം? അന്യന്റെ ശബ്ദം സംഗീതംപോലെ ആസ്വദിക്കണമെന്നു പറയുന്ന കമ്മ്യൂണിസം അന്യന്റെ വേദന മാത്രം ആസ്വദിക്കുന്ന നിലയിലേയ്ക്ക് ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നുവെന്നുള്ളതാണ് സത്യം.

കണ്ണൂർ നഗരസഭയിൽ അഞ്ചുവർഷം കൗൺസിലറായിരുന്ന ശ്രീ. കെ. വിനോദിനെ ഇതേ ചെയർപേഴ്സണും ഉദ്യോഗസ്ഥരും വെള്ളം കുടിപ്പിച്ച കഥ പത്രങ്ങളിലെല്ലാം വന്നതാണ്. ഗൾഫിൽനിന്ന് മടങ്ങി എത്തിയതിനുശേഷം സി.പി.ഐ.(എം) സ്ഥാനാർത്ഥിയായി നഗരസഭയിൽ മത്സരിച്ച ശ്രീ. വിനോദ് നഗരസഭാംഗമായി. 2011-ൽ അദ്ദേഹം വെള്ളിക്കീൽ ഇക്കോ ടൂറിസം പദ്ധതിയുടെ നടത്തിപ്പ് കരാറെടുത്തു. സി.പി.ഐ.(എം)-ന് ഉന്നതമായ പിടിപാടുണ്ടായിരുന്നിട്ടും നല്ല കമ്മ്യൂണിസ്റ്റുകാരനായിരുന്നിട്ടും തന്റെ സംരംഭം മുന്നോട്ടുകൊണ്ടുപോകാൻ ഈ ചെയർപേഴ്സൺ അനുവദിച്ചില്ല. അതിനെപ്പറ്റി ഇവിടെ പറഞ്ഞു. സംഭാവന ചോദിച്ച തിനെപ്പറ്റി ഞാൻ പറയുന്നില്ല.

ആന്തൂരിൽ ശുചീകരണ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് തയ്യാറായി വന്ന ഒരു വനിതാ വ്യവസായിയായ ശ്രീമതി സോഹിതയുടെ കഥ, ഫെയ്സ്ബുക്കിൽ ഇട്ടിട്ടുണ്ട്. 'കോയമ്പത്തൂരിലോ ബോംബെയിലോ പോകാതെ ആരെങ്കിലും ഇവിടെ വ്യവസായം തുടങ്ങുമോ' എന്നാണ് ആന്തൂർ ചെയർപേഴ്സൺ തന്നോട് ചോദിച്ചതെന്ന് ശ്രീമതി സോഹിത ഫെയ്സ്ബുക്കിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ശ്രീമതി സോഹിത ആന്തൂരിൽ നഗരസഭ ചെയർപേഴ്സണെതിരായി പറഞ്ഞ കാര്യമാണിത്. ശ്രീമതി പി. കെ. ശ്യാമളയുടെ അനിഷ്ടത്തിന് കാരണമെന്താണെന്നോ, 'ഓൾക്ക് അഹങ്കാര മാണെന്നാണ് ചെയർപേഴ്സൺ അതേപ്പറ്റി മറ്റൊരാളോട് പറഞ്ഞത്. എന്തായാലും വ്യവസായം ആരംഭിക്കാനെത്തിയ ശ്രീമതി സോഹിത 40 ലക്ഷം രൂപയുടെ കടക്കാരിയായി; 15 കുടുംബങ്ങളുടെ അന്നവും മുട്ടി.

കുത്തുപറമ്പിൽ ഫ്ലോർ മിൽ ആരംഭിക്കാൻ ഒരു കടമുറി എടുത്ത് മൂന്നുവർഷമായി കാത്തിരിക്കുന്ന യുവ സംരംഭകയുടെ കഥയും കഴിഞ്ഞ ദിവസം പത്രത്തിൽ വന്നു. ഇങ്ങനെ നിരവധി സംഭവങ്ങളാണ്. ആന്തൂരിൽ കുടിവെള്ളം കിട്ടാത്തതിന്റെ പേരിൽ ഒരു പാവപ്പെട്ടവൻ ഇവിടെ കുടിവെള്ളമില്ലെന്ന് ഫെയ്സ്ബുക്കിൽ പോസ്റ്റിട്ടു. പീഡനം സഹിക്ക വയ്യാതെ ആ പാവത്തിന് തന്റെ പോസ്റ്റ് പിൻവലിക്കേണ്ടിവന്നു. കുടിവെള്ളം കിട്ടാത്തതിന്റെ പേരിലാണ്; അതും ഒരു കമ്മ്യൂണിസ്റ്റുകാരനാണ്. ഇതെല്ലാം അവിടെ നടന്നുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ഒറ്റ ആൾക്കുപോലും ആ മുനിസിപ്പാലിറ്റിയിൽ പോകാനോ നോമിനേഷൻ കൊടുക്കാനോ സാധിക്കാത്ത അവസ്ഥയാണ്. ആന്തൂർ ദാസന്റെ കഥ ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു. അതുപോലുള്ള പാവപ്പെട്ട രക്തസാക്ഷികൾ ഉണ്ടാകേണ്ടിവന്ന ആ സ്ഥലത്ത്, സി.പി.ഐ.(എം)-ന്റെ സർവ്വാധിപത്യം നടക്കുന്ന സ്ഥലത്ത്, ജനാധിപത്യ അവകാശങ്ങൾ ധ്വംസിക്കുന്ന ഈ നടപടിക്കെതിരായി എന്തുകൊണ്ട് മുഖ്യമന്ത്രി നടപടി സ്വീകരിക്കുന്നില്ല? സെക്രട്ടറിയേയും ഉദ്യോഗസ്ഥരെയും മാത്രം കുറ്റപ്പെടുത്തി അങ്ങേയ്ക്ക് ഇതിൽനിന്ന് രക്ഷപ്പെടാൻ സാധ്യമല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണമുണ്ട്. ഈ കാര്യത്തിൽ 306 അനുസരിച്ച് കേസ്സെടുത്ത് നടപടി സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. .... (ബഹളം)...

(ആന്തൂർ നഗരസഭാദ്ധ്യക്ഷയ്ക്കെതിരെ കേസ്സെടുക്കണമെന്ന ആവശ്യമുന്നയിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III വ്യക്തിപരമായ വിശദീകരണം

### അവാസ്തവ പ്രസ്താവന

ശ്രീ. ജെയിംസ് മാത്യു: സർ, ഈ വിഷയത്തിൽ എന്റെ പേര് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പരാമർശിച്ചിട്ടുണ്ട്. അത് തിരുത്താൻ അനുവദിക്കണം.

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് 'ഞാനും കുറ്റവാളിയാണ് എന്ന് പ്രസംഗിച്ചുവെന്നാണ് പരാമർശിച്ചത്. ഞാൻ പറഞ്ഞത്, ഈ ആത്മഹത്യയിൽ ധാർമ്മികമായി ഞാനും പങ്കാളിയാണ് എന്നാണ്. അതാണ് ശ്രീ. കെ. എം. ഷാജിയും പറഞ്ഞത്. 140 അംഗങ്ങളും ധാർമ്മികമായി പങ്കാളികളാണ്. ധാർമ്മികമായ പങ്കാളിത്തം ഏറ്റെടുത്തത് എന്റെ നിയോജക മണ്ഡലത്തിലുണ്ടായ ഒരു സംഭവമായതുകൊണ്ടാണ്. ധാർമ്മികമായ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുവെന്നാണ് പരാമർശിച്ചത്. ഞാൻ കുറ്റവാളിയാണെന്ന് പറഞ്ഞത് രേഖയിലുണ്ടാകും എന്നുള്ളതുകൊണ്ടാണ് ഇത്രയും പറയുന്നത്. ഇതിൽ സ്വമേധയാ കേസ്സെടുത്തിരിക്കുകയാണ്. അതിൽ ഞാൻ കുറ്റവാളിയാണെന്ന് സ്വയം സമ്മതിച്ചതായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് തിരുത്താതെ പോയാൽ അത് ശരിയാകില്ല. ... (ബഹളം)..

മി. സ്പീക്കർ: പ്ലീസ്... അംഗങ്ങൾ ദയവായി സഹകരിക്കണം. (ബഹളം)..

## IV ശ്രദ്ധ ക്ഷണിക്കൽ

### ഇടതുകര ലിങ്ക് കനാൽ പ്രവൃത്തി

ശ്രീ. ബി. ഡി. ദേവസ്സി: സർ, അന്തരിച്ച എ. പി. കുര്യൻ മുൻകയ്യെടുത്തുകൊണ്ടുവന്നതാണ് ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്. മഴക്കാലത്ത് ചാലക്കുടി പുഴയിൽ അധികമായിവരുന്ന വെള്ളം വാച്ചുമരത്തുള്ള തോടിലൂടെ ഇടമലയാറിലെത്തിച്ച് ആ വെള്ളം ലിങ്ക് കനാൽ വഴി തുമ്പൂർമൂഴി ഡൈവേർഷൻ സ്കീമിലെ ഇടതുകര കനാലിലെത്തിക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. 1981-ൽ ആരംഭിച്ച ഈ പ്രോജക്ട് ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. .. (ബഹളം).. തികഞ്ഞ അനാസ്ഥയും കെടുകാര്യസ്ഥതയും നിരുത്തരവാദിത്വവുമാണ് ഇതിന്റെ പിന്നിലുണ്ടായിട്ടുള്ളത്. കേരള ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ

ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിലെ വൈദ്യുതി ഉൽപ്പാദനത്തിനുശേഷം പുറത്തേയ്ക്കുവിടുന്ന ജലം ചാലക്കുടിപ്പുഴയിലെ തുമ്പൂർമുഴി വിയറിൽനിന്നും വലതുകര ഇടതുകര കനാൽ ശൃംഖലകൾവഴി തിരിച്ചുവിട്ട് ജലവിതരണം നടത്തുന്ന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം. വലതുകര കനാലിൽനിന്നും നേരിട്ട് 6392 ഹെക്ടർ പ്രദേശത്തും ഇടതുകര കനാലിൽനിന്നും നേരിട്ട് 7750 ഹെക്ടർ പ്രദേശത്തുമുൾപ്പെടെ 14142 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. ഈ കനാലുകൾ വഴിയാണ് ചാലക്കുടി, പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, അങ്കമാലി എന്നീ അഞ്ച് നിയോജകമണ്ഡലങ്ങളിലെ ജലസേചനത്തിനും കുടിവെള്ളത്തിനും വെള്ളമെത്തിക്കുന്നത്. വലതുകര-ഇടതുകര പ്രധാന കനാലുകളും ബ്രാഞ്ച് കനാലുകളും ഡിസ്ട്രിബ്യൂട്ടറികളുംകൂടി 143.68 കിലോമീറ്റർ ദൈർഘ്യമുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ആയക്കെട്ട് ഭാഗത്തുവരുന്ന മൂന്നേക്കർ മുതൽ 35 ഏക്കർവരെ വിസ്തീർണ്ണമുള്ള 6 ചിറകളിലും മൂന്ന് കുളങ്ങളിലും വെള്ളം നിറച്ച് അതാത് പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം തമിഴ്നാട് കേരള ഷോളയാറിലേയ്ക്ക് വെള്ളം ലഭ്യമാക്കേണ്ടതുണ്ട്. കരാർ അനുസരിച്ചുള്ള ജലം തമിഴ്നാട് കേരള ഷോളയാറിലേയ്ക്ക് ഒഴുക്കിവിടുന്നതിൽ വരുന്ന കുറവ് ചാലക്കുടി നദീതടത്തിൽ വരൾച്ചയ്ക്കും താഴെ ഭാഗങ്ങളിൽ ഓരുവെള്ളം കയറുന്നതിനും കാരണമാകുന്നു. തമിഴ്നാട് കരാറനുസരിച്ച് പലപ്പോഴും വെള്ളം തരാറില്ല. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെ ജലവിതരണത്തെ ഇത് വലിയതോതിൽ ബാധിക്കുന്നു. കേരള ഷോളയാർ ഡാമിലെ വൈദ്യുതി ഉൽപ്പാദനത്തിനുശേഷം പുറത്തുവിടുന്ന വെള്ളം പെരിങ്ങൽക്കുത്തിലെ വൈദ്യുതി ഉൽപ്പാദനത്തിനുശേഷം ചാലക്കുടി പുഴയിലെ നീരൊഴുക്കായി മാറുകയാണ് ചെയ്യുന്നത്. പെരിങ്ങൽക്കുത്ത് പവർ സ്റ്റേഷനിൽ പകൽ സമയത്തേക്കാൾ കൂടുതലായി രാത്രി സമയങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് ജലം പുറത്തുവിടുന്നതിനാൽ... (ബഹളം)..

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി പുഴയിലും കനാലുകളിലും ലഭ്യമാകുന്ന വെള്ളത്തിന് വലിയ ഏറ്റക്കുറച്ചിലുണ്ടാകുന്നുണ്ട്. പ്രത്യേകിച്ചും പകൽ സമയത്ത് ജലലഭ്യത തീരെക്കുറവാണ്. കനാലിലൂടെ വാലറ്റംവരെ ജലവിതരണം സുഗമമായി നടത്തുന്നതിന് ഇതുമൂലം കഴിയുന്നില്ല. ഇത് ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്ത് രൂക്ഷമായ ജലദൗർലഭ്യവും അതുവഴി കാർഷിക മേഖലയിൽ പ്രതിസന്ധിയും സംജാതമാക്കും. ഇടമലയാർ ഇറിഗേഷൻ പദ്ധതി ഭൂതത്താൻകെട്ട് ബാരേജിന്റെ വലതുഭാഗത്തുനിന്നാരംഭിച്ച് പെരിയാർ ചാലക്കുടി ബെയ്സിന്റെ 14394 ഹെക്ടർ കൃഷിഭൂമിയിലേയ്ക്ക് ജലസേചനം നടത്തുന്ന പദ്ധതിയാണ്. .... (ബഹളം)..

മി. സ്പീക്കർ: യെസ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. ഡി. ദേവസ്സി: 32.278 കിലോമീറ്റർ മെയിൻ കനാലും 27.25 കിലോമീറ്റർ ലോ ലെവൽ കനാലും 7.52 കിലോമീറ്റർ ലിങ്ക് കനാലും കൂടിയാണ് ഈ പദ്ധതിയുടെ കനാൽ ശൃംഖല. ലിങ്ക് കനാൽ മെയിൻ കനാലിന്റെ വാലറ്റത്തു നിന്ന് ആരംഭിക്കുന്നു. ... (ബഹളം)....

മി. സ്പീക്കർ: ശ്രീ. ബി. ഡി. ദേവസ്സി, ദയവായി കൺക്ലൂഡ് ചെയ്യൂ..

ശ്രീ. ബി. ഡി. ദേവസ്സി: ആകെ ഏറ്റെടുക്കേണ്ട 5 ഹെക്ടർ ഭൂമിയുടെ വിലയും ബാക്കിവരുന്ന പണികൾക്കാവശ്യമായിവരുന്ന തുകയും ഉൾപ്പെടെ ആകെ 85 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ലിങ്ക് കനാലിൽക്കൂടിയുള്ള വെള്ളം ചാലക്കുടി ഇടതുകരയ്ക്ക് പ്രയോജനപ്പെടുത്തിക്കൊണ്ടും തുമ്പൂർമൂഴിയിൽ ബാക്കിവരുന്ന വെള്ളം വലതുകര കനാലിൽ കൊടുത്ത് ചാലക്കുടിയിലെ മുഴുവൻ ആയക്കെട്ട് പ്രദേശത്തും സുഗമമായി ജലസേചനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. തുമ്പൂർമൂഴിക്കു മുകളിൽ ചാലക്കുടി പുഴയിൽ കൂടുതൽ ജലം സംഭരിക്കുന്നതിനായി സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുകയും ഇടമലയാർ ഇറിഗേഷൻ പദ്ധതിയിലെ ലിങ്ക് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്താൽ ചാലക്കുടി ഉൾപ്പെടെയുള്ള അഞ്ച് നിയോജക മണ്ഡലങ്ങളിലെ കുടിവെള്ള ജലസേചന പദ്ധതികൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയും. ആയതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു. ... (ബഹളം)...

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിനുള്ള ഉത്തരം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.....(ബഹളം)....

(പ്രതിപക്ഷ ബഹളം കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി മേശപ്പുറത്തു വച്ചു. ശ്രീ. വി.പി. സജീന്ദ്രൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: സഭാ നടപടികൾ നടത്തിക്കൊണ്ടുപോകാൻ ദയവായി സഹകരിക്കണം. .... (ബഹളം).... സബ്മിഷനുകൾ റദ്ദ് ചെയ്തിരിക്കുന്നു. മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. സഭ അല്പനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നതിനാൽ രാവിലെ 11.02 -ന് നിർത്തിവച്ച സഭ 11.30-ന് പുനരാരംഭിച്ചു.)

---

* അനുബന്ധമായി ചേർക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുന്നില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വാക്കൗട്ട് സ്പീച്ച് നടത്തിയതിനുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെവന്ന് മുദ്രാവാക്യം വിളിക്കുകയാണുണ്ടായത്. എന്തായിരുന്നു ആവശ്യമെന്നതും എന്തിനാണ് ബഹളം വച്ചതെന്നും ചെയറിന് വ്യക്തമായിരുന്നില്ല....(ബഹളം)... വളരെ നിർഭാഗ്യകരമായ ഒരു സാഹചര്യമാണ്. ദയവായി സഹകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ വാക്കൗട്ട് പ്രസംഗത്തിൽ ആദ്യം IPC 306 ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ സംസാരിച്ചത്. ചെയർപേഴ്സണിനെ മാറ്റുകയും അവരുടെ പേരിൽ IPC 306 അനുസരിച്ച് കേസെടുക്കുകയും വേണം എന്നതാണ് ഞങ്ങളുടെ ഇപ്പോഴത്തെ ആവശ്യം. ലോകം മുഴുവൻ ശ്രദ്ധിക്കുന്ന വലിയൊരു സംഭവമല്ലേ ഇത്?

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, Cr.PC 173 പ്രകാരം unnatural death- ന് കേസെടുത്തുകഴിഞ്ഞു. അതിന്റെ ഭാഗമായിട്ടുള്ള അന്വേഷണം നടക്കുകയാണ്. ആ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് ഏത് സെക്ഷൻ വച്ച് കേസെടുക്കണമെന്ന് അന്വേഷണ ഏജൻസി തീരുമാനിക്കേണ്ടത്. പോലീസിന്റെ മുമ്പിലുള്ള അന്വേഷണ വിഷയമാണിത്. അസ്വാഭാവിക മരണത്തിന് സെക്ഷൻ 173 പ്രകാരം കേസെടുത്തുകഴിഞ്ഞു. പിന്നെ ഏത് കേസെടുക്കണമെന്നാണ് ഇവർ പറയുന്നത്. IPC 306-ലാണോ കൊലപാതകത്തിലാണോ കേസ്സെടുക്കേണ്ടതെന്നത് അന്വേഷണ ഏജൻസിയാണ് തീരുമാനിക്കേണ്ടത്.

മി. സ്പീക്കർ: ഗവൺമെന്റിന്റെ നിലപാട് മന്ത്രി അറിയിച്ചു. ഏത് സെക്ഷൻ പ്രകാരമാണ് കേസെടുക്കേണ്ടത് എന്നുള്ളതുസംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്ന പതിവില്ല. അത് സ്വാഭാവികമായിട്ടുള്ളൊരു രീതിയല്ല. ദയവായി സഹകരിക്കുക. .....(ബഹളം).......

## V മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നാലാമത് കേരള പൊതുവ്യയ പുനഃപരിശോധന കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... ദയവായി സഹകരിക്കണം. അല്ലെങ്കിൽ അടുത്ത നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങേണ്ടിവരും. .....(ബഹളം).....

# VI ധനകാര്യം

## 2019 -2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXII | നഗരവികസനം | 656,97,42,000 | 58,33,66,000 | 1313,94,83,000 | 116,67,34,000 | 1430,62,17,000 |
| XXXV | പഞ്ചായത്ത് | 203,75,40,000 | 199,03,34,000 | 407,50,80,000 | 398,06,67,000 | 805,57,47,000 |
| XXXVI | ഗ്രാമവികസനം | 1363,05,96,000 | 458,87,33,000 | 2726,11,92,000 | 917,74,67,000 | 3643,86,59,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. ....(ബഹളം)......

<u>മി. സ്പീക്കർ</u>: അന്വേഷണത്തിലിരിക്കുന്ന ഒരു കേസിന്റെ സെക്ഷൻ എന്താണെന്ന് തീരുമാനിക്കുന്നത് പ്രായോഗികമായ കാര്യമല്ല. ദയവായി സീറ്റിൽ പോകണം.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

<u>മി. സ്പീക്കർ</u>: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.37-ന് പിരിഞ്ഞു.)

## അനുബന്ധം I

**ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നൽകിയ മറുപടി**

കേരള ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിൽ നിന്ന് ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിനുശേഷം വിടുന്ന ജലം തുമ്പൂർമുഴി വിയറിൽ ശേഖരിച്ച് ജലസേചനത്തിന് ഉപയോഗിക്കുന്ന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം. പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം തമിഴ്നാട് ഷോളയാർ പദ്ധതിയിലേയ്ക്ക് 12.30 ടി.എം.സി. ജലം ലഭ്യമാക്കേണ്ടതുണ്ട്. കരാറനുസരിച്ച് ഓരോ വർഷവും സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും കേരള ഷോളയാർ ജലാശയത്തിൽ വെള്ളം നിറച്ച് നിർത്തേണ്ടതാണ്. (FRL+2663ft.) 2019-ൽ തുമ്പൂർമുഴി വിയറിൽ ലഭ്യമായ ജലം 5.94 ടി.എം.സി. ആണ്. ഇത് നമുക്ക് ഏറ്റവും കുറഞ്ഞ ആവശ്യകതയായ 12.30 ടി.എം.സി.യേക്കാൾ വളരെ കുറവാണ്. അതിനാൽ പെരിങ്ങൽക്കുത്തിൽ നിന്നും തുമ്പൂർമുഴിയിലേയ്ക്ക് ഒരേ അളവിലുള്ള ജല ലഭ്യത ഉറപ്പുവരുത്തേണ്ടത് ഈ പദ്ധതിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

### ലിങ്ക് കനാൽ

ഇടമലയാർ ഇറിഗേഷൻ പദ്ധതി-ഭൂതത്താൻകെട്ട് ബാരേജിന്റെ വലതുഭാഗത്തുനിന്ന് ആരംഭിച്ച് ചാലക്കുടി ബേസിനിലേയ്ക്ക് ജലസേചനം നടത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ്. ഈ പദ്ധതിയിലൂടെ ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ ഇടതുകര കനാലിൽക്കൂടി ജലം എത്തിക്കുകയാണെങ്കിൽ തുമ്പൂർമുഴിയിലെ വെള്ളം ഉപയോഗിച്ച് മേൽ പദ്ധതിയുടെ വലതുകര കനാലിൽക്കൂടി സുഗമമായി ജലസേചനം നടത്താവുന്നതാണ്. പ്രസ്തുത വിഷയത്തിൽ മറ്റൊരു പരിഹാരമെന്ന നിലയിൽ തുമ്പൂർമുഴിക്ക് മുകളിലായി ചാലക്കുടി പുഴയിൽ രണ്ട് സ്റ്റോറേജ് ഡാമുകളുടെ സാധ്യതാപഠനം നടത്തുകയുണ്ടായി. 7-6-2019-ൽ പ്ലാനിംഗ് ബോർഡ് നടത്തിയ യോഗത്തിൽ സ്റ്റോറേജ് ഡാമിന്റെയും ലിങ്ക് കനാലിന്റെയും സാധ്യത പുനഃപരിശോധിക്കാനും വിദഗ്ദ്ധരുടെ അഭിപ്രായംകൂടി ശേഖരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**(1) പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നൽകിയ മറുപടി**

തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കുന്ന പോലീസ് ഉദ്യോഗസ്ഥർ എ ക്ലാസ് അംഗങ്ങളായിട്ടുള്ള സഹകരണ സംഘമാണ് റ്റി. 696-ാം നമ്പർ പോലീസ് സഹകരണ സംഘം (ക്ലിപ്തം). ടി സംഘത്തിൽ നിലവിലുണ്ടായിരുന്ന ഭരണ

സമിതിയെ കേരള സഹകരണ നിയമം 33 (1) (A) (A) പ്രകാരം നീക്കം ചെയ്ത് തിരുവനന്തപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ വഞ്ചിയൂർ യൂണിറ്റ് ഇൻസ്പെക്ടറെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും ടിയാൻ 1-12-2017-ൽ ചുമതല ഏൽക്കുകയും ചെയ്തു.

26-11-2017-ൽ നടന്ന സംഘത്തിന്റെ വാർഷിക പൊതുയോഗത്തിൽ കേരള സഹകരണ നിയമം 29 പ്രകാരമുള്ള പൂർണ്ണമായ അജണ്ട ഉൾപ്പെടുത്തുകയോ വാർഷിക ബഡ്ജറ്റ് പാസ്സാക്കുകയോ 2017-18 വർഷത്തെ വരവുചെലവ് കണക്ക് അംഗീകരിക്കുകയോ സഹകരണ നിയമം വകുപ്പ് 29 (1) സി.ഇ. പ്രകാരം ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതുസംബന്ധിച്ച് സത്യപ്രസ്താവന നടത്തുകയോ ചെയ്തിട്ടില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ സംഘത്തിൽ ഭരണസ്തംഭനം നിലനിൽക്കുന്നു എന്ന് ബോധ്യപ്പെട്ടതിനാലാണ് ഭരണസമിതിയെ നീക്കം ചെയ്തത്.

പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 39007/17 നമ്പർ റിട്ട് പെറ്റീഷനെ തുടർന്നുള്ള റിട്ട് അപ്പീൽ 177/2018-ലെ വിധിന്യായ പ്രകാരം സംഘത്തിൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയിലെ വൈസ് പ്രസിഡന്റായിരുന്ന ശ്രീ. ആർ. ജി. ഹരിലാൽ കൺവീനറായും ശ്രീ. വിനു റ്റി. എസ്. നായർ, ശ്രീ. എസ്. എസ്. രതീഷ് എന്നിവരെ അംഗങ്ങളാക്കിയും മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുകയും ഈ കമ്മിറ്റി 22-3-2018-ൽ ചുമതല ഏൽക്കുകയും ചെയ്തു.

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനറും അംഗങ്ങളും യോജിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും തയ്യാറാകാതെ കൺവീനർ ഒരു ഭാഗത്തും അംഗങ്ങളായ രണ്ടുപേർ മറുഭാഗത്തുമായി നിലപാടുകൾ സ്വീകരിച്ചുവഴി സംഘത്തിൽ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു. ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 21-9-2018-ൽ അവസാനിച്ചു. ടി കമ്മിറ്റി കാലാവധി ദീർഘിപ്പിക്കുന്നതിന് തീരുമാനമെടുക്കാത്ത സാഹചര്യത്തിൽ സംഘത്തിൽ ഭരണസ്തംഭനമുണ്ടായി.

സംഘത്തിലെ ഭരണസ്തംഭനം അവസാനിപ്പിക്കണമെന്നും തെരഞ്ഞെടുപ്പ് നടത്തണമെന്നും ആവശ്യപ്പെട്ട് രണ്ട് അംഗങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 5015/19 നമ്പർ റിട്ട് പെറ്റീഷനുമേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 14-3-2019-ലെ വിധിന്യായ പ്രകാരം സംഘത്തിൽ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ ആയി അസിസ്റ്റന്റ് രജിസ്ട്രാറുടെ റാങ്കിൽ കുറയാത്ത പരിചയ സമ്പത്തും കാര്യക്ഷമതയും കഴിവുമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനും 30-6-2019-ന് മുമ്പ് ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ്

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയ ശ്രീ. പ്രഭിത്ത് എസ്.-നെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും ടിയാൻ 23-3-2019-ൽ ചുമതല ഏൽക്കുകയും ചെയ്തു.

സംഘാംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള തിരിച്ചറിയൽ കാർഡുകൾ കേരള സഹകരണ ചട്ടം 16 (എ)-ൽ നിഷ്കർഷിച്ചിട്ടുള്ള ഫാറം 'എ' മാതൃകയിൽ അല്ലെന്നും അതിനാൽ ടി കാർഡുകൾ മാറ്റി സഹകരണ ചട്ടം അനുശാസിക്കുന്ന മാതൃകയിൽ തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യണമെന്നും തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 25-5-2018-ലെ സി.എസ്. 11344/17 നമ്പർ ഉത്തരവു പ്രകാരം സംഘത്തിന് നിർദ്ദേശം നൽകുകയുണ്ടായി. ടി ഉത്തരവിനെതിരെ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും ഉത്തരവ് ശരിവച്ചിട്ടുള്ളതും ആയതിന്മേലുള്ള അപ്പീൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുമാണ് (എസ്.എൽ.പി. 8601/2019).

പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ തീരുമാനപ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ 27-6-2019-ന് സംഘത്തിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ടി തെരഞ്ഞെടുപ്പ് വിജ്ഞാപന പ്രകാരം സംഘത്തിൽ നിന്നും അംഗങ്ങൾക്കുള്ള തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള സമയപരിധി 24-6-2019 വൈകുന്നേരം 5 മണിവരെയാണ്. ഈ വിവരം ഉൾപ്പെടുന്ന തെരഞ്ഞെടുപ്പ് വിജ്ഞാപനം പത്രപരസ്യത്തിലൂടെ അംഗങ്ങളെ അറിയിച്ചിട്ടുള്ളതാണ്. തിരിച്ചറിയൽ കാർഡ് വിതരണത്തിനുള്ള അപേക്ഷകൾ 20-5-2019 മുതൽ സ്വീകരിച്ചിരുന്നു. തിരിച്ചറിയൽ കാർഡിന് അപേക്ഷ സമർപ്പിച്ച് കാർഡ് വാങ്ങുന്നതിന് സംഘത്തിൽ ഹാജരായിട്ടുള്ള എല്ലാ അംഗങ്ങൾക്കും കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

കാർഡ് വിതരണത്തിനുള്ള സമയപരിധിയായ 24-6-2019 വൈകുന്നേരം 5 മണിക്കുമുമ്പ് സംഘത്തിൽ ഹാജരാകുന്ന മുഴുവൻ അംഗങ്ങൾക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതാണ്.

(2) ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടി

2010 കാലയളവിൽ കേരള എസ്റ്റേറ്റ് വില്ലേജിലെ തോട്ടഭൂമി, ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് തുണ്ടുകളായി മുറിച്ച് വിൽക്കുന്നതായി വ്യാപകമായി പരാതി ഉയർന്നുവന്നിരുന്നു. വീട് വച്ച് താമസിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള എസ്റ്റേറ്റ് സി2 ഡിവിഷൻ തോട്ടഭൂമിയും ഇത്തരത്തിൽ മുറിച്ച് വിറ്റിട്ടുണ്ട്. 2 സെന്റ് മുതൽ 2 ഏക്കറിലധികം വിസ്തീർണ്ണമുള്ള ഭൂമി വാങ്ങിയവരും ഈ കൂട്ടത്തിലുണ്ട്. (ഏകദേശം 65 കൈവശക്കാർ)

തോട്ടഭൂമികൾ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് മുറിച്ച് വിറ്റ് തരംമാറ്റുന്നത് സംബന്ധിച്ച് പരാതികൾ ഉയർന്ന സാഹചര്യത്തിൽ ഇത്തരം ഭൂമികളുടെ ഭൂനികുതി സ്വീകരിക്കുന്നത് നിർത്തിവയ്ക്കേണ്ടിവന്നു. തോട്ടഭൂമിയിൽനിന്നും ചെറിയ കഷണങ്ങളായി ഭൂമി വാങ്ങിയ ചെറുകിട കൈവശക്കാർ ഹർജികൾ നൽകുകയും വ്യാപകമായി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 16-9-2015-ന് സർക്കാർ വിളിച്ചുചേർത്ത പ്രത്യേക യോഗത്തിലെ തീരുമാനപ്രകാരം അത്തരം ചെറുകിട കൈവശക്കാരുടെ നികുതി ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരള എസ്റ്റേറ്റ് സി2 ഡിവിഷന്റെ തോട്ടഭൂമിയുടെ മാത്രം ഭൂനികുതി സ്വീകരിക്കാത്തതിനെതിരെ തോട്ടം ഉടമകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C) 36009/2015 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും WP(C) 7711/13, 33122/14, 5510, 10320, 10640, 10962 & 11598/2015 എന്നീ കേസുകളിലെ 25-11-2015-ലെ റഫറൻസ് ഓർഡർപ്രകാരം നികുതി സ്വീകരിക്കാൻ നിർവ്വാഹമില്ലെന്ന് സ.ഉ.(സാധാ)4963/2017/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ അന്തിമവിധി വന്നതിനുശേഷം അതനുസരിച്ച് മാത്രമേ ഭൂനികുതി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കേരള എസ്റ്റേറ്റ് വില്ലേജിന്റെ ആകെ ഭൂപരിധി 9375.6480 ഏക്കറാണ്. ഇത്രയും ഭൂമിയിൽ ഭൂരിഭാഗവും തോട്ടഭൂമിയായിരുന്നു. റീസർവ്വേയ്ക്ക് മുമ്പ് തോട്ടങ്ങളായി കിടന്നിരുന്ന തോട്ടഭൂമികൾ റീസർവ്വേയ്ക്കുശേഷം അഞ്ച് ബ്ലോക്കുകളായി കിടക്കുന്നു. (ബ്ലോക്ക് നമ്പർ 132, 152, 155, 156, 157) ഇതിൽ 132, 155, 157 എന്നിവ തൊട്ടടുത്ത വില്ലേജുകളായ കാളികാവ് (ബ്ലോക്ക് നമ്പർ 132), കരുവാരക്കുണ്ട് (ബ്ലോക്ക് നമ്പർ 152, 155, 157) വില്ലേജുകളിലായി ഉൾപ്പെട്ടുവരുന്നു. റീസർവ്വേയ്ക്കുശേഷം പഴയ സർവ്വെ നമ്പരുകൾ വച്ച് തോട്ടഭൂമികൾ കണ്ടുപിടിക്കുക വളരെ ശ്രമകരമാണ്. എല്ലാ ബ്ലോക്കുകളിലും തോട്ടഭൂമികളുണ്ട്. ചിലത് മുമ്പ് തോട്ടഭൂമികൾ ആയിരുന്നു. പിന്നീട് ഉണ്ടുഭൂമികളായി മാറി. ഇതിൽനിന്ന് ഏതൊക്കെ ഭൂമികളാണ് തോട്ടഭൂമികളായിരുന്നത്/അല്ലെങ്കിൽ തോട്ടഭൂമികൾ അല്ലാത്തത് എന്ന് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3) ശ്രീ. കെ. ജെ. മാക്സി എം.എൽ.എ. ഉന്നയിച്ച സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ നൽകിയ മറുപടി

മറ്റ് സംസ്ഥാനങ്ങളിലെ സ്വകാര്യ കമ്പനികളെയാണ് സിമന്റിനായി സംസ്ഥാനത്തെ ജനങ്ങൾ ആശ്രയിക്കുന്നത്. ആയതിനാൽ കേരളത്തിലെ സിമന്റിന്റെ ആവശ്യകതയുടെ 20 ശതമാനമെങ്കിലും വിപണിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചി തുറമുഖത്ത് ബൾക്ക് സിമന്റ് ടെർമിനൽ & ലോജിസ്റ്റിക്

ഹബ്ബ് എന്ന പദ്ധതി വിഭാവന ചെയ്തത്. 6 ലക്ഷം ടൺ സിമന്റ് വിപണിയിലെത്തിക്കുവാൻ ഉദ്ദേശിക്കുന്ന, നാഷണൽ കൗൺസിൽ ഫോർ സിമന്റ് ആന്റ് ബിൽഡിംഗ് മെറ്റീരിയൽ തയ്യാറാക്കിയ, സാധ്യതാ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 160 കോടി ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതിക്ക് 21-10-2014-ൽ അനുമതി നൽകിയിരുന്നു. (സ.ഉ. (കൈ) നമ്പർ 145/14/വ്യവ). അതനുസരിച്ച് പോർട്ട് ട്രസ്റ്റിന്റെ 6.93 ഏക്കർ സ്ഥലം പാട്ടത്തിന് എടുക്കുന്നതിനായി KVAT ലോണായി മൊത്തം 48.67 കോടി രൂപ [(22-3-2016-ലെ സ.ഉ (സാധാ) 304/2016/വ്യവ. പ്രകാരം 12.08 കോടി, 24-5-2016-ലെ സ.ഉ.(സാധാ)459/2016/വ്യവ. പ്രകാരം 15 കോടി, 4-3-2017-ലെ സ.ഉ.(സാധാ)312/2017/വ്യവ. പ്രകാരം 21.59 കോടി)] സർക്കാർ അനുവദിക്കുകയും കമ്പനി 57.89 കോടി രൂപ മുടക്കുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് വിശദമായി പരിശോധിക്കുന്നതിനായി ഈ രംഗത്ത് വിദഗ്ദ്ധ ഏജൻസിയായ ഹോൾട്ടക്കിനെ (Holtec) ടെണ്ടർ വഴി കണ്ടെത്തുകയും അവർ 10 ലക്ഷം ടൺ സിമന്റ് വിപണിയിലെത്തിക്കുന്നതും ആയതിന് 275.85 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ളതുമായ ഒരു വിശദമായ റിപ്പോർട്ട് (DPR) തയ്യാറാക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

കൊച്ചിൻ പോർട്ട് ട്രസ്റ്റ് സ്ഥലത്ത് നിശ്ചയിച്ചിട്ടുള്ള സിമന്റ് ഹാൻഡ്ലിംഗ് യൂണിറ്റ് എന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആരോപണത്തെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് യൂണിറ്റ് നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിൽ പദ്ധതിയെക്കുറിച്ച് വിശദമായി പഠിക്കാതെയും പദ്ധതിയുമായി ബന്ധപ്പെട്ട വസ്തുതകൾ മറച്ചുവച്ചും 58 കോടി രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റിന് നൽകിയതായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(4) ശ്രീ. പി. കെ. ബഷീർ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ നൽകിയ മറുപടി

അരീക്കോട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ ഗ്യാലറി, ഫുട്ബോൾ ഗ്രൗണ്ട്, മറ്റനുബന്ധ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവ 2016-ൽ പൂർത്തീകരിച്ചിരുന്നു. കായിക യുവജന കാര്യാലയത്തിൻ കീഴിലുള്ള നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ കൺസൾട്ടന്റായിരുന്ന കിറ്റ്കോ (KITCO) മുഖാന്തരം സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ ഉദ്ദേശം 5.12 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന് ഗ്രാമപഞ്ചായത്ത് നൽകേണ്ട കെട്ടിടനമ്പർ നൽകാത്തത് കാരണം ഇലക്ട്രിക് കണക്ഷൻ ലഭ്യമായിട്ടില്ല. മാത്രമല്ല പ്രസ്തുത സ്റ്റേഡിയം അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയോ കായിക പരിശീലനത്തിനോ മത്സരങ്ങൾക്കോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

രണ്ടാംഘട്ട പ്രവൃത്തിയുടെ ഭാഗമായി പ്രസ്തുത സ്റ്റേഡിയത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് 25-1-2016-ൽ (ജി.ഒ (എംഎസ്.) നമ്പർ 5/16/ക.യു.വ.) 4.46 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രവൃത്തി നടപ്പിലാക്കുന്നതിനായി അക്രെഡിറ്റഡ് ഏജൻസിയായ സിൽക്ക് ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ സിൽക്ക് ലിമിറ്റഡ് പ്രസ്തുത പ്രവൃത്തിക്കായി ആദ്യം ടെണ്ടർ നടപടികൾ പൂർത്തിയാക്കിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ ആദ്യ ടെണ്ടർ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്തിരുന്നു. റീടെണ്ടർ നടപടികൾ പുരോഗമിക്കുമ്പോൾ പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു ബിഡ്ഡർ റിട്ട് ഫയൽ ചെയ്യുകയും കോടതി 'ഓൾ ഇന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ അഭിപ്രായം ആരാഞ്ഞശേഷം പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥ നിജപ്പെടുത്തണ'മെന്ന് ഉത്തരവിടുകയുണ്ടായി. സിൽക്ക് ലിമിറ്റഡ് പ്രതിപാദിച്ചിരുന്ന രണ്ട് പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥകളിൽ ഒന്ന് ഭേദഗതി വരുത്തണമെന്ന ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ അഭിപ്രായത്തിൻമേലുള്ള നിയമപരമായ അഭിപ്രായം 'നിലവിലെ ടെണ്ടർ ക്യാൻസൽ ചെയ്ത് വീണ്ടും ടെണ്ടർ ക്ഷണിക്കണ'മെന്നാണ്.

ഭരണാനുമതിയുടെ കാലാവധി മൂന്ന് വർഷം കഴിഞ്ഞതിനാലും സംസ്ഥാന സർക്കാർ എസ്റ്റിമേറ്റുകൾക്ക് ഡി.എസ്.ആർ/പ്രൈസ് സോഫ്റ്റ്‌വെയർ പ്രാവർത്തികമാക്കിയതിനാലും റീടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്.

(5) ശ്രീ. റോഷി അഗസ്റ്റിൻ എം. എൽ. എ. ഉന്നയിച്ച സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടി

അടിസ്ഥാന ദുരിതാശ്വാസത്തിൽ ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ, അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2 ലക്ഷം രൂപവരെ സഹായം ലഭ്യമാക്കുന്ന ഉജ്ജീവന സഹായ പദ്ധതി നടപ്പാക്കി. ഉജ്ജീവന സഹായ പദ്ധതിപ്രകാരം കിസാൻ ക്രെഡിറ്റ് കാർഡുള്ള പ്രളയബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4% താങ്ങ് പലിശ നൽകുന്നു. കൂടാതെ ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നോ സഹകരണ ബാങ്കുകളിൽനിന്നോ എടുക്കുന്ന വായ്പകൾക്ക് മാർജിൻ മണിയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2 ലക്ഷം രൂപവരെയുള്ള സഹായം നൽകുന്നു.

ഇടുക്കി ജില്ലയിലേതുൾപ്പെടെ സംസ്ഥാനത്തെ പ്രളയക്കെടുതിയിൽ ഉൾപ്പെട്ട എല്ലാ Micro Small Medium Enterprises (MSME) യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ

വ്യവസായ വികസന ഓഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വെ നടത്തി വിവരം ശേഖരിക്കുകയും ചെയ്തിരുന്നു. ഇടുക്കി ജില്ലയിലെ സർവ്വെ കണക്കുകൾ പ്രകാരം 170 MSME യൂണിറ്റുകൾക്കും 308 കച്ചവട സ്ഥാപനങ്ങൾക്കും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. സംരംഭങ്ങൾ പുനർനിർമ്മിക്കുന്ന തിനാണ് ഉജ്ജീവന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇടുക്കി ജില്ലയിൽ നിന്നുള്ള 27 വ്യവസായ സ്ഥാപനങ്ങൾക്ക് 104.32 ലക്ഷം രൂപയും 66 കടകൾക്ക് 193.68 ലക്ഷം രൂപയും 17-6-2019 വരെ ടി പദ്ധതി പ്രകാരം വിവിധ ബാങ്കുകൾ വഴി അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന രണ്ട് വ്യവസായ സംരംഭങ്ങളും നാല് കച്ചവട സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ആകെ 33.01 ലക്ഷം രൂപയാണ് ടി ആറ് സ്ഥാപനങ്ങൾക്കായി ബാങ്കുകൾ അനുവദിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയിലെ ബാങ്ക് പ്രതിനിധികൾ, വ്യാപാരി - വ്യവസായ പ്രതിനിധികൾ, പ്രളയബാധിത യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവരുടെ ഒന്നിലധികം താലൂക്കുതല യോഗങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഉജ്ജീവന പദ്ധതി വിശദീകരിക്കുകയും അപേക്ഷകൾ ബാങ്കുകളിലേയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് MSME മേഖലയിൽ 2019-20-ൽ നടപ്പിലാ ക്കുന്നതിന് വ്യവസായ വകുപ്പിന്റെ ബഡ്ജറ്റിൽ പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പ്രളയ പുനരുദ്ധാരണ പദ്ധതി വഴിയും പ്രസ്തുത യൂണിറ്റുകൾക്കുള്ള പലിശ ധനസഹായ പദ്ധതിയായ പ്രളയ പുനർനിർമ്മാണ പദ്ധതി വഴിയും സൂക്ഷ്മ, ചെറുകിട, ഇടത്തരം നിർമ്മാണ സേവന സംരംഭങ്ങളുടെ പൂർണ്ണമായ പുനർനിർമ്മാണത്തിന് വഴിയൊരുക്കുവാൻ സാധിക്കുന്നതാണ്.

ഇടുക്കി-ചെറുതോണി ഡാമുകളിലെ ജലനിരപ്പ് ഉയർന്നതുമായി ബന്ധപ്പെട്ട് അധികജലം തുറന്നുവിട്ടപ്പോൾ ചെറുതോണിയിലെ 28 വ്യാപാര സ്ഥാപനങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്. എന്നാൽ രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത കെട്ടിടങ്ങളിൽനിന്നും ഒലിച്ചുപോയ സ്റ്റോക്കിന്റെ നാശനഷ്ടം കണക്കാക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ ജിയോടാഗ് ചെയ്ത് സർക്കാരിന്റെ ഡാറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥാപനങ്ങൾ ബാങ്കിലേയ്ക്ക് സമർപ്പിച്ചിരിക്കുന്ന ലോൺ അപേക്ഷകൾക്ക് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ ടി സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ ഉജ്ജീവന വായ്പാപദ്ധതി വഴിയുള്ള വായ്പാ സഹായം ലഭ്യമാകുന്നതാണ്. പ്രസ്തുത വ്യാപാര സ്ഥാപനങ്ങൾ പുറമ്പോക്ക് ഭൂമിയിൽ സ്ഥിതിചെയ്തിരുന്നതാകയാൽ ടി സ്ഥലത്ത് പുനർനിർമ്മാണത്തിന് അനുമതി നൽകുവാൻ സാധിക്കില്ല. ഇടുക്കി ജില്ലാ സഹകരണ ബാങ്ക് ഈടൊന്നും കൂടാതെ 3 ലക്ഷം രൂപവരെയുള്ള ലോൺ നൽകാൻ തയ്യാറായിട്ടുണ്ട്. കേരള സർക്കാർ റീബിൽഡ് കേരള ഫോർ ഫ്ലഡ്

അഫക്റ്റഡ് യൂണിറ്റ്സ് (Re-build Kerala for flood affected units)എന്ന പേരിൽ ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീമും (Interest subvention scheme) മെഷിനറികൾ നഷ്ടപ്പെട്ട യൂണിറ്റുകൾക്കായി സബ്‌വെൻഷൻ സ്കീമും (Subvention scheme) നടപ്പിലാക്കുന്നുണ്ട്.

(6) ശ്രീ. കെ. ദാസൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നൽകിയ മറുപടി

പയ്യോളി നഗരസഭയ്ക്കായി ഒരു ശുദ്ധജല വിതരണ പദ്ധതി അടിയന്തരമായി നടപ്പിലാക്കാവുന്ന ഒരു സുസ്ഥിര ജല സ്രോതസ്സ് നഗരസഭാ പ്രദേശത്തില്ല. ആയതിനാൽ പെരുവണ്ണാമൂഴി റിസർവോയർ സ്രോതസ്സായി പയ്യോളി മുനിസിപ്പാലിറ്റിക്കും അനുബന്ധ പഞ്ചായത്തുകളിലുമായി മികച്ച രീതിയിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന് വേണ്ടി ദിനംപ്രതി 196 ദശലക്ഷം ലിറ്റർ ശേഷിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ടിനുള്ള ഡിസൈൻ, P.P.D (പ്രോജക്ട് പ്ലാനിംഗ് & ഡിസൈൻ) റീജിയണൽ ഓഫീസ് കോഴിക്കോട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നാല് ഘട്ടങ്ങളിലായി ചെയ്യാവുന്ന രീതിയിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഇതിന്റെ ഒന്നാംഘട്ടത്തിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിയും കോട്ടൂർ, നടുവണ്ണൂർ, അരിക്കുളം, കീഴരിയൂർ, തുറയൂർ, കായണ്ണ, അത്തോളി, ചേമഞ്ചേരി, ചെങ്ങോട്ട്കാവ്, ഉള്ള്യേരി എന്നീ പഞ്ചായത്തുകളും രണ്ടാം ഘട്ടത്തിൽ പയ്യോളി മുനിസിപ്പാലിറ്റിയും തിക്കോടി, മേപ്പയ്യൂർ, ചെറുവണ്ണൂർ, നൊച്ചാട് പഞ്ചായത്തുകളും മൂന്നാം ഘട്ടത്തിൽ മൂടാടി, മണിയൂർ പഞ്ചായത്തുകളും വടകര കുടിവെള്ള പദ്ധതിയുടെ ഓഗ്മെന്റേഷനും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാംഘട്ടത്തിൽ കൂരാച്ചുണ്ട്, പനങ്ങാട്, ഉണ്ണിക്കുളം, മരുതോങ്കര, കാവിലുംപാറ എന്നീ പഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുണ്ട്. 145 കിലോമീറ്ററോളം ട്രാൻസ്മിഷൻ മെയിൻ ഉൾപ്പെടുന്ന ഈ പദ്ധതിയിൽ 36 ജലസംഭരണികൾ ഉൾപ്പെടുന്നു. വിതരണശൃംഖലയുൾപ്പെട്ട നാലുഘട്ടങ്ങൾ പൂർത്തിയാക്കുവാൻ ഏകദേശം 2000 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്.

പയ്യോളി മുനിസിപ്പാലിറ്റിക്കായി ഈ പദ്ധതിയിൽ തച്ചൻകുന്ന്, ഇരിങ്ങൽ സർഗ്ഗാലയയ്ക്ക് അടുത്തുള്ള നന്തനാർക്കുന്ന് എന്നിവിടങ്ങളിൽ ജലസംഭരണി സ്ഥാപിച്ച് നഗരസഭയ്ക്ക് ആവശ്യമായ ശുദ്ധജലം വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഏതാണ്ട് പ്രതിദിനം 9.6 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് നഗരസഭയ്ക്ക് ആവശ്യമുള്ളത്.

ഈ പദ്ധതിയുടെ റൂട്ടും ജലസംഭരണിയുടെ സ്ഥാനവും നിർണ്ണയിച്ച് കഴിഞ്ഞിട്ടുണ്ട്. സ്ഥലലഭ്യതയ്ക്കനുസരിച്ച് വിതരണശൃഖലയുടെ വിശദമായ സർവ്വേ നടത്തി ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.) 2020 ഫെബ്രുവരിയോടെ സമർപ്പിക്കാൻ കഴിയും.

(7) ശ്രീ. ടി. എ. അഹമ്മദ് കബീർ എം. എൽ. എ. ഉന്നയിച്ച സബ്മിഷന് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നൽകിയ മറുപടി

റെഗുലേറ്ററുകളും തടയണകളും വഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിനും ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്നതരത്തിൽ ഷിറിയ, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റ്യാടി, കടലുണ്ടി, മൂവാറ്റുപുഴ, (ഇത്തിപ്പുഴ, മുറിഞ്ഞപുഴ, പൂത്താട്ട്) അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന മുതലായ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്ന് 600 കോടി രൂപ നിക്ഷേപിക്കുന്നതാണെന്ന് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ മങ്കട മണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ കീഴമുറി കടവു-മോദിക്കയം ഭാഗത്ത് ഇുതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് (RCB) 70 കോടി രൂപ തത്വത്തിൽ അംഗീകരിച്ചുകൊണ്ടും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതല പ്പെടുത്തിക്കൊണ്ടും ജലവിഭവ വകുപ്പ് 27-9-2017-ലെ സ.ഉ.(സാധാ.)നമ്പർ 794/2017/ജ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് 8-6-2018-ന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥ സംഘം നടത്തിയ സ്ഥലപരിശോധനയുടെ റിപ്പോർട്ട് 22-12-2018-ന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ 17-6-2019-ൽ സമർപ്പിച്ച മറുപടി കിഫ്ബിയിൽ പരിശോധിച്ചുവരുന്നു. ലഭ്യമായ മറുപടി റിപ്പോർട്ട് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം തൃപ്തികരമെങ്കിൽ പ്രസ്തുത പദ്ധതി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പി ക്കുന്നതാണ്.

(8) ശ്രീ. ഒ. ആർ. കേളു എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ നൽകിയ മറുപടി

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധുകല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 6709 വീടുകൾ അനുവദിച്ചിരുന്നു. വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. മേൽപ്പറഞ്ഞ വീടുകൾ 3.5 ലക്ഷം രൂപ ധനസഹായ നിരക്കിലാണ് അനുവദിച്ചത്. എന്നാൽ 31-3-2016-ന് മുമ്പുവരെ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനായി യഥാർത്ഥ നിർമ്മാണച്ചെലവാണ് അനുവദിച്ചിരുന്നത്.

2018-19 വർഷം മുതൽ ലൈഫ് മിഷൻ രണ്ടാംഘട്ട പദ്ധതിപ്രകാരം പുതിയ ഭവനങ്ങളുടെ നിർമ്മാണമാണ് വിഭാവന ചെയ്തിരുന്നത്. ആയത് പ്രകാരം 2018-19 വർഷം മുതൽ പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിക്കുന്നത് ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തിയാണ്. ലൈഫ് മിഷൻ പദ്ധതിപ്രകാരം അനുവദിക്കുന്ന വീടുകൾക്ക് ധനസഹായം നിശ്ചയിച്ചുകൊണ്ട് 16-3-2018-ലെ സ.ഉ.(കൈ) നമ്പർ 34/2018/ത.സ്വ.ഭ.വ. നമ്പർ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് നിരക്ക് 6 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 4 ലക്ഷം രൂപയും അനുവദിക്കുന്നതിനും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതീവ ദുർഘട പ്രദേശങ്ങളിൽ 20% വരെ അധികമായി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

2016-17, 2017-18 സാമ്പത്തികവർഷം അനുവദിച്ച വീടുകൾക്ക് ലൈഫ് മിഷൻ പദ്ധതിപ്രകാരമുള്ള പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിനായി നിശ്ചയിച്ച ധനസഹായം വർദ്ധിപ്പിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 28-12-2018-ലെ സ.ഉ.(സാധാ)നമ്പർ 1274/18 പ്രകാരം ഭവന നിർമ്മാണത്തിനുള്ള യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായും വിദൂരസ്ഥിത സങ്കേത ങ്ങളിലെ ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപയായും നിശ്ചയിച്ച് സർക്കാർ ഉത്തരവായിരുന്നു.

31-3-2016-നുമുൻപ് അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ വീടുകൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് പൂർത്തീകരിക്കുന്നതിനും 2018-19 സാമ്പത്തിക വർഷം അനുവദിക്കുന്ന വീടുകൾക്ക് യൂണിറ്റ് നിരക്ക് 6 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ

2016-17, 2017-18 സാമ്പത്തിക വർഷം അനുവദിച്ച വീടുകൾക്ക് യൂണിറ്റ് നിരക്കായ 3.5 ലക്ഷം രൂപയിൽനിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് അപര്യാപ്തമാണെന്ന അഭിപ്രായം ഉയർന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച വീടുകളുടെ ഭവന നിർമ്മാണ ധനസഹായ നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(9) ശ്രീ. ഇ. കെ. വിജയൻ ഉന്നയിച്ച സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നൽകിയ മറുപടി

കോഴിക്കോട് ജില്ലയെ വയനാട് ജില്ലയുമായി ബന്ധിപ്പിക്കുന്ന കുറ്റ്യാടി-പക്രംതളം - മാനന്തവാടി റോഡിന്റെ കുറ്റ്യാടി മുതൽ പക്രംതളം വരെയുള്ള ഭാഗം കോഴിക്കോട് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലും പക്രംതളം മുതൽ മാനന്തവാടി വരെയുള്ള ഭാഗം വയനാട് നിരത്ത് വിഭാഗത്തിന് കീഴിലുമാണ്. കോഴിക്കോട് ഡിവിഷന് കീഴിലുള്ള പ്രസ്തുത 16.37 കി.മീ. റോഡ് കെ.എസ്.ടി.പി. പ്രവൃത്തി നടത്തി മെയിന്റനൻസ് പീരീഡായ 5 വർഷം അവസാനിച്ച് 2018 നവംബറിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. നിലവിൽ ഏകദേശം 5.5 മീറ്റർ ക്യാരേജ്‌വേയും ശരാശരി റോഡ് വീതി 9 മുതൽ 10 മീറ്ററും ഹെയർപിൻ വളവുകളിൽ വീതി 10 മുതൽ 12 മീറ്ററും ബി.എം.&ബി.സി. ഉപരിതലത്തോടുകൂടിയതുമാണ്. വയനാട്ടിലേയ്ക്കുള്ള ബദൽ റോഡായി ഉപയോഗിക്കണമെങ്കിൽ 15 മീറ്റർ വീതിയിലേയ്ക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. നിലവിൽ 5.5 മീറ്ററുള്ള ക്യാരേജ്‌വേ 7 മീറ്ററായി വികസിപ്പിക്കുകയും ഡ്രെയിനേജും സംരക്ഷണ ഭിത്തിയും നിർമ്മിക്കുകയും വേണം. ഇപ്പോൾ സഞ്ചാരയോഗ്യമായ പ്രസ്തുത ഭാഗത്ത് നിലവിൽ നോൺപ്ലാനിൽ ഉൾപ്പെടുത്തി പാച്ച്‌വർക്കിനും സംരക്ഷണഭിത്തി പുതുക്കിപ്പണിയുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. പ്രസ്തുത റോഡിൽ 200 മീറ്റർ നീളത്തിൽ ഒരു സൈഡിൽ വനഭൂമി ഉണ്ടെങ്കിലും മറുഭാഗം സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയാണ്. സ്ഥലം വിട്ടുകിട്ടുന്നതിന്റെ സാധ്യത പരിശോധിച്ചതിനുശേഷം ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. വയനാട് നിരത്ത് വിഭാഗത്തിന് കീഴിലുള്ള പക്രംതളം മുതൽ മാനന്തവാടി വരെയുള്ള ഏകദേശം 10 മീറ്റർ വീതിയുള്ള 21.760 കി.മീ. ഭാഗത്തിൽ 10/240 മുതൽ 20/400 വരെ ബഡ്ജറ്റ് വർക്കായി അറേഞ്ച് ചെയ്ത് പൂർത്തീകരിച്ച് വരുന്നതും 20/400 മുതൽ 25/430 വരെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നതുമാണ്. 25/430 മുതൽ 32/000 വരെയുള്ള ഭാഗം കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(10) <u>ശ്രീ.ജോൺ ഫെർണാണ്ടസ് എം.എൽ.എ. ഉന്നയിച്ച സബ്മിഷന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ നൽകിയ മറുപടി</u>

കൊച്ചിയിലെ ബ്രോഡ് വേയിൽ 27-5-2019 തിങ്കളാഴ്ച ഉണ്ടായ തീപിടുത്തത്തെ തുടർന്ന് ബഹുമാനപ്പെട്ട കൊച്ചി മേയറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം മേയറുടെ ചേമ്പറിൽ ചേരുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

- ബ്രോഡ് വേയിൽ വഴി കയ്യേറി അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കച്ചവട സംവിധാനങ്ങളും ചമയങ്ങളും ബോർഡുകളും നീക്കം ചെയ്യുന്നതിനും പാർക്കിംഗ് നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കും.
- ഹെൽത്ത്, എഞ്ചിനീയറിംഗ്, റവന്യൂ വിഭാഗങ്ങളെ ഉൾപ്പെടുത്തി 3 സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഈ വിഷയത്തിൽ ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.
- പ്രസ്തുത സ്ക്വാഡുകളുടെ മേൽനോട്ടത്തിൽ 29-5-2019-ന് രാവിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
- ബ്രോഡ് വേ വഴി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കച്ചവടക്കാർ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ചമയങ്ങളും അനധികൃത ബോർഡുകളും നീക്കം ചെയ്യുന്നതിനും പാർക്കിംഗ് നിയന്ത്രണം ഏർപ്പെടുത്തുന്ന വിഷയത്തിലും പോലീസിന്റെ സഹായം ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

ബ്രോഡ് വെ സ്ട്രീറ്റ് ഏകദേശം 1000 കടകൾ ഉൾപ്പെടുന്ന പ്രധാനപ്പെട്ട കച്ചവട കേന്ദ്രങ്ങളിൽ ഒന്നാണ്. കൂടാതെ ധാരാളം കാൽനട യാത്രക്കാരും വാഹനങ്ങളും കടന്നുപോകുന്ന സ്ഥലം കൂടിയാണിത്. ആയതിനാൽ സ്ട്രീറ്റിനുള്ളിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി അതുവഴിയുള്ള വാഹന ഗതാഗതം ക്രമപ്പെടുത്താനാണ് സ്മാർട്ട് സിറ്റി പ്രൊപ്പോസലിൽ ലക്ഷ്യം വയ്ക്കുന്നത്.

**സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു**

1. ബ്രോഡ്വേയിൽ നിലവിലുള്ള പാർക്കിംഗ് മാറ്റി കാൽനടയാത്രക്കാർക്ക് മാത്രം ഉപയോഗിക്കാവുന്ന വിധം സംവിധാനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കച്ചവടക്കാർക്ക് അവരുടെ കച്ചവട സാധനങ്ങൾ കയറ്റിയിറക്കുന്നതിന് മാത്രം നിശ്ചിത സമയങ്ങളിൽ വാഹനങ്ങൾ അനുവദിക്കും.

2. ബ്രോഡ് വേ സ്ട്രീറ്റിനുള്ളിലെ 500 മീറ്റർ ഭാഗത്തിന്റെ പുനരുദ്ധാരണവും ഉദ്ദേശിക്കുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

- റോഡുകൾ ടൈലുകൾ പാകി സൗന്ദര്യവത്കരിക്കുക.
- ഉപഭോക്താക്കൾക്ക് വിശ്രമിക്കുന്നതിനുള്ള ഇരിപ്പിടങ്ങൾ സജ്ജീകരിക്കുക.
- ഭംഗിയുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
- കേബിളുകളും ഇലക്ട്രിക് ലൈനുകളും ഭൂമിക്ക് അടിയിലേക്ക് മാറ്റി സ്ഥാപിക്കുക.
- കാനകളടക്കമുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം.

പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കച്ചവടക്കാരുമായും മറ്റ് അധികൃതരുമായും ചർച്ച നടന്നുകൊണ്ടിരിക്കുന്നു. അന്തിമ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

# അനുബന്ധം-II

## 21-6-2019-ലെ ചോദ്യോത്തരങ്ങൾ

### പെപ്പർ ടൂറിസം പദ്ധതി

1(331) ശ്രീ. എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. വി. ജോയി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപങ്കാളിത്തത്തോടെ ആസൂത്രണം നടത്തി അതിന്റെ സദ്ഫലത്തിലൂടെ ജനങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കാനുള്ള പദ്ധതിയായ പെപ്പർ ടൂറിസത്തിന്റെ പുരോഗതിയും നേട്ടങ്ങളും അറിയിക്കാമോ;

(ബി) ഈ സർക്കാർ 2017-ൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; മിഷന് കീഴിൽ എത്ര യൂണിറ്റുകൾ രജിസ്റ്റർ ചെയ്തുവെന്നും അതുവഴി എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത് എന്നും വെളിപ്പെടുത്താമോ;

(സി) വിനോദസഞ്ചാര മേഖലയിൽ പ്രാദേശിക തൊഴിലുകളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കാനായുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ഈ മേഖലയിൽ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തി വരുന്ന ഇടപെടൽ അറിയിക്കാമോ?

#### ഉത്തരം

(എ) തദ്ദേശീയരായ ജനങ്ങൾക്ക് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പദ്ധതിയാണ് 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം'. ഈ പദ്ധതിയിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്ര ടൂറിസം വികസനത്തിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിന്റെ ഭാഗമായി ആ പ്രദേശത്ത് വിശേഷാൽ ഗ്രാമസഭ സംഘടിപ്പിക്കുന്നു. ഗ്രാമസഭയെത്തുടർന്ന് പ്രദേശത്തെ ടൂറിസം സാധ്യതകൾ രേഖപ്പെടുത്തുന്നതിനായി ടൂറിസം റിസോഴ്സ് മാപ്പിംഗ് നടത്തി ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നു. ടൂർ

പാക്കേജുകളും പ്രദേശവാസികൾക്കായി വിവിധ പരിശീലന പരിപാടികളും ഇതോടൊപ്പം സംഘടിപ്പിക്കുന്നു. ഇതിന്റെ തുടർച്ചയായി ആ പ്രദേശത്തെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നു. ഇപ്രകാരം വിവിധ തലങ്ങളിലൂടെ ടൂറിസം ആസൂത്രണം മുതൽ നിർവ്വഹണംവരെ പ്രാദേശിക പങ്കാളിത്തം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് പെപ്പർ.

കോട്ടയം ജില്ലയിലെ വൈക്കത്താണ് പെപ്പർ പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കിയത്. രണ്ടാംഘട്ടത്തിൽ മലപ്പുറം ജില്ലയിലെ പൊന്നാനി പ്രദേശം ഉൾപ്പെടെ വിവിധ ജില്ലകളിലായി എട്ട് സ്ഥലങ്ങളിൽ പെപ്പർ പദ്ധതി പുരോഗമിച്ചുവരുന്നു. മൂന്നാം ഘട്ടത്തിൽ 10 സ്ഥലങ്ങൾ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽനിന്നും നിയമവിധേയ മാർഗ്ഗങ്ങളിലൂടെ വരുമാനം ലഭ്യമാക്കുക, വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജു കളിലൂടെ നമ്മുടെ നാടിന്റെ കല, സംസ്കാരം എന്നിവ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യ മാക്കുകയും അതിലൂടെ അന്യംനിന്ന് പോകുന്ന തനത് കലാരൂപങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവ സംരക്ഷിക്കുകയും ചെയ്യുക, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾ മിഷന്റെ കീഴിൽ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി വിവിധ മേഖലകളിലായി 15515 യൂണിറ്റുകൾ ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായി 29600 ആളുകളും പരോക്ഷമായി 48990 ആളുകളും ഉൾപ്പെടെ 78590 ആളുകൾ ആർ. ടി. മിഷൻ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളായിട്ടുണ്ട്.

(സി) പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽനിന്നും നിയമ വിധേയ മാർഗ്ഗങ്ങളിലൂടെ വരുമാനം ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തത്തിന്റെ പ്രാഥമിക ലക്ഷ്യമാണ്. ഇതിനായി തദ്ദേശ വാസികൾക്ക് ടൂറിസത്തിലും അനുബന്ധ മേഖലകളിലും പരിശീലനം നൽകി യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് അവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുന്നു. കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവപച്ചക്കറി ഉല്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷൊഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവ്വീസ് യൂണിറ്റുകൾ, പരമ്പരാഗത കൈത്തൊഴിലുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് കിടക്കുന്ന ആർ.ടി. മിഷൻ യൂണിറ്റുകളുടെ നെറ്റ്‌വർക്ക് ഇതിനായി രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റേർഡ് ആർ.ടി. മിഷൻ യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിന് ആർ.ടി.

മിഷന്റെ മൂന്ന് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ പ്രവർത്തിച്ചുവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പ്രദേശിക തൊഴില വസരങ്ങൾ ഉറപ്പുവരുത്തുന്നതിന് ഈ രീതിയിൽ വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ഡി) ഉത്തരവാദിത്ത ടൂറിസം മിഷൻ പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. വേമ്പനാട് കായലിലെ മാലിന്യ നിക്ഷേപം നീക്കം ചെയ്യാൻ ടൂറിസം വകുപ്പും ഉത്തരവാദിത്ത ടൂറിസം മിഷനും ടൂറിസം സംരംഭകരും നടത്തിയ പ്രവർത്തനം പ്രശംസനീയമായിരുന്നു. ഇതിനു പുറമേ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ മാലിന്യ വിമുക്തമാക്കുവാനും ഗ്രീൻ സർട്ടിഫിക്കേഷൻ നേടിയെടുക്കുവാനുമുള്ള ചുമതല ഉത്തരവാദിത്ത ടൂറിസം മിഷനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനം കേരള ട്രാവൽ മാർട്ട് സൊസൈറ്റിയുമായി ചേർന്ന് മിഷൻ ആരംഭിച്ചിട്ടുണ്ട്. ഹരിതകേരള മിഷനും ഉത്തരവാദിത്ത ടൂറിസം മിഷനും ഇക്കാര്യത്തിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതാണ്. കുമരകം, തേക്കടി അടക്കമുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം മിഷനും അവിടത്തെ ചേംബർ ഓഫ് വേമ്പനാട് ഹോട്ടൽസ്, ടി.ഡി.പി.സി. എന്നിവരുമായി ചേർന്ന് എല്ലാ ഹോട്ടലുകളിലും റിസോർട്ടുകളിലും പ്ലാസ്റ്റിക് ബാഗുകൾ ഒഴിവാക്കുവാനും പ്ലാസ്റ്റിക് സ്ട്രോകൾ ഒഴിവാക്കുവാനും പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം ഗ്ലാസ് ബോട്ടിലുകൾ പ്രചരിപ്പിക്കുവാനും നടത്തിയ ശ്രമങ്ങൾ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ഇനി വേണ്ടത് ഡെസ്റ്റിനേഷനുകളിലെ ശാസ്ത്രീയ മാലിന്യ സംസ്കരണമാണ്. ഇതിനൊപ്പം പാരിസ്ഥിതിക ഉത്തരവാദിത്തത്തിന് പ്രാധാന്യം നൽകി ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ, എല്ലാ ജലയാനങ്ങൾക്കും അക്കൊമൊഡേഷൻ യൂണിറ്റുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടൂർ പാക്കേജുകളിൽ ഹരിത പെരുമാറ്റ ചട്ടം ഏർപ്പെടുത്തുവാനും ഉത്തരവാദിത്ത ടൂറിസം മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കേന്ദ്രപൊതുമേഖല വ്യവസായസ്ഥാപനങ്ങളുടെ സംരക്ഷണം**

2(332) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല വ്യവസായങ്ങളെ സ്വകാര്യമേഖലയ്ക്ക് കൈമാറുകയെന്ന കേന്ദ്രസർക്കാർ നയത്തിന്റെ ഫലമായി സ്വകാര്യവൽക്കരണ ഭീഷണി നേരിടുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡ് ഭെൽ ഇ.എം.എൽ., എച്ച്.എൽ.എൽ. ലൈഫ് കെയർ തുടങ്ങിയവ പൊതു മേഖലയെ പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാന നയത്തിനനുസൃതമായി ഏറ്റെടുത്ത് സംസ്ഥാന പൊതുമേഖലയിൽ നിലനിർത്തുവാൻ താൽപര്യം പ്രകടിപ്പിച്ചിരുന്നോ; ഇക്കാര്യത്തിലെ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) ഫാക്ടിന്റെ കൈവശമുള്ള നാനൂറ്റി എൺപത്തിയൊന്ന് ഏക്കർ ഭൂമി തൊള്ളായിരത്തി എൺപത്തിയെട്ട് കോടി രൂപയ്ക്ക് ഏറ്റെടുക്കുന്നതുവഴി ഫാക്ടിന്റെ പുനരുദ്ധാരണത്തിന് വഴിയൊരുക്കുന്നതിനും കിൻഫ്ര മുഖേന പ്രസ്തുത സ്ഥലത്ത് പെട്രോ കെമിക്കൽ പാർക്കും ഫാർമ പാർക്കും സ്ഥാപിച്ച് സംസ്ഥാനത്തിന്റെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനുമുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) നിർദ്ദിഷ്ട പെട്രോ കെമിക്കൽ കോംപ്ലക്സിൽ നിക്ഷേപം നടത്തുന്നതിന് യു.എ.ഇ.-യുടെ ദേശീയ എണ്ണക്കമ്പനിയായ അഡ്നോക് താൽപര്യം പ്രകടിപ്പിച്ചിരുന്നോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുന്നതിനായി തീരുമാനിച്ച കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്, ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ് എന്നീ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പൊതുമേഖലയിൽത്തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിനായുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.), എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയും പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

<u>ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ)</u>

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെയും സബ്സിഡിയറി കമ്പനിയായ കേരളത്തിൽ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനേയും (എച്ച്.എൻ.എൽ.) സ്വകാര്യവത്കരിക്കുന്നതിന് കേന്ദ്ര സർക്കാർ സമ്മതപത്രം ക്ഷണിച്ചെങ്കിലും പ്രാപ്തരായ നിക്ഷേപകരുടെ അഭാവംമൂലം നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന കേരള സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചതിനെത്തുടർന്ന് കമ്പനി കേരള സർക്കാർ ഏറ്റെടുക്കാവാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. നിലവിൽ എച്ച്.എൻ.എൽ.-ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള

തീരുമാനം നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡിയറി കമ്പനിയായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംസ്ഥാന സർക്കാർ സ്ഥാപനം നടത്തുന്നതിനുള്ള സാധ്യതകൾ പഠിച്ചുവരുന്നു.

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്

കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് ഇതിന്റെ ആസ്തിവില തീരുമാനിക്കുന്നതിനും സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത ഉന്നതതല സമിതി നിരവധി തവണ യോഗം ചേരുകയും സ്ഥാപനത്തിന്റെ 31-3-2017 വരെയുള്ള സാമ്പത്തിക/നിയമ അവലോകന റിപ്പോർട്ടിന്റെയും കേന്ദ്ര സർക്കാർ സ്ഥാപനമായ ഫെഡൊയുടെ സാങ്കേതിക വില നിർണ്ണയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇൻസ്ട്രുമെന്റേഷൻ, പാലക്കാടിന്റെ നിലവിലെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് GO.(MS) No.52/2018/I D തീയതി 20-7-2018 പുറപ്പെടുവിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ ഇൻസ്ട്രുമെന്റേഷൻ കേരളാ ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര ഘനവ്യവസായ ജോയിന്റ് സെക്രട്ടറിയും വ്യാവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കരട് ധാരാണാപത്രം ചർച്ച ചെയ്ത് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി നൽകിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കി. ഇത് പരിഹരിച്ച് ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു.

ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്

കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd)

എന്ന കമ്പനിയിലെ ഭെലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ പൊതുമേഖലയിൽതന്നെ നിലനിർത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 12-6-2017-ന് ചേർന്ന ഉന്നതതല യോഗം തത്വത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾക്കായി ചീഫ് സെക്രട്ടറി ചെയർമാനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

51 ശതമാനം ഓഹരി ഒരു രൂപയ്ക്ക് (consideration price) ഏറ്റെടുക്കണമെന്ന ഭെല്ലിന്റെ നിർദ്ദേശം കേരള സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ഭെൽ തയ്യാറാക്കിയ കരട് ധാരാണാപത്രം (Sales Agreement) സർക്കാരിന്റെ ധനവിനിയോഗ വകുപ്പുകളുടെ പരിഗണനയ്ക്ക് വിധേയമാക്കുകയും ചെയ്തു.

എന്നാൽ കരട് ധാരണാപത്രത്തിലെ ബാധ്യത സംബന്ധിച്ച വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 7-6-2019-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഭെല്ലിന്റെ ഡയറക്ടർ (E.R& D) എന്നിവരുമായി ചർച്ച ചെയ്യുകയും കേരള സർക്കാറിനും ഭെല്ലിനും സ്വീകാര്യമായ രീതിയിൽ പ്രസ്തുത വ്യവസ്ഥ പുനർക്രമീകരിച്ച് ഭെല്ലിന്റെ ഡയറക്ടർ ബോർഡിന്റെയും കേന്ദ്ര വൻകിട വ്യവസായ വകുപ്പിന്റെയും അന്തിമ അംഗീകാരത്തിനായി നൽകിയിരിക്കുകയാണ്. പ്രസ്തുത ധാരണാപത്രത്തിന്റെ അന്തിമ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ ഏറ്റെടുക്കൽ നടപടി വേഗത്തിലാകുന്നതാണ്.

<u>എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡ്</u>

നീതി ആയോഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിലെ കേന്ദ്രസർക്കാരിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്രസർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു.

(ബി) ഫാക്ട് കൊച്ചി ഡിവിഷന്റെ കൈവശമുള്ള 481 ഏക്കർ ഭൂമിയിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടെങ്കിലും ഭൂമി കൈമാറുന്നത് സംബന്ധിച്ച് കേന്ദ്ര അനുമതി ലഭിക്കാനുണ്ട്.

(സി) ഇതുസംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ല.

## അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

3(333) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വ്യവസായ സൗഹൃദ നടപടികളിലൂടെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച് നടത്തിയ വ്യവസായ സൗഹൃദ സർവ്വേയിൽ സംസ്ഥാനം രാജ്യത്ത് ആറാം സ്ഥാനം നേടിയത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള ഒരു ഉപാധിയാക്കി മാറ്റുന്നതിന് നടത്തുന്ന പ്രചരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ലൈസൻസുകളും ക്ലിയറൻസുകളും ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ നൽകുന്നതിന് രൂപീകരിച്ച കെ-സ്വിഫ്റ്റ്-ന്റെ കാര്യക്ഷമത ഉറപ്പാക്കാൻ നടപടി യെടുത്തിട്ടുണ്ടോ;

(സി) വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഭൂമി സർക്കാർ ഏറ്റെടുത്ത് പൊതു-സ്വകാര്യ വ്യവസായ പദ്ധതികൾക്ക് അനുവ ദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സംസ്ഥാനം നടത്തിയ നിയമ ഭേദഗതികൾ, പരിഷ്കാരങ്ങൾ തുടങ്ങിയവമൂലം നിക്ഷേപകരെ ആകർഷിക്കാൻ കഴിയുന്നുണ്ട്.

വ്യവസായ നിക്ഷേപകർക്കായി സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലുമായി 39 ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകൾ ഉണ്ട്. ഇതിൽ ഭൂരിഭാഗവും സംരംഭകർക്ക് വ്യവസായം നടത്തുന്നതിനായി അനുവദിച്ച് നൽകിക്കഴിഞ്ഞു. ഇവയിൽ കട്ടിപ്പാറ, വരവൂർ എന്നീ വ്യവസായ എസ്റ്റേറ്റുകളിലെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. വികസനം പൂർത്തിയാകുന്ന മുറയ്ക്ക് സംരംഭകർക്ക് അനുവദിച്ച് നൽകുന്നതായിരിക്കും. വ്യവസായ സംരംഭങ്ങൾക്കുള്ള പ്രധാന അടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, ജലസൗകര്യം എന്നിവ ഒരുക്കി

നൽകുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ഊന്നൽ നൽകുകയാണ്. ഈ വിധത്തിൽ അനുവദിക്കപ്പെടുന്ന ഭൂമി അപര്യാപ്തമായതിനാൽ കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. എറണാകുളത്തെ എടയാറിൽ ഒരു വ്യവസായ സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴക്കൽപ്പാടത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ആലപ്പുഴയിലെ പുന്നപ്രയിലും ബഹുനില സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. തിരുവനന്തപുരത്ത് വേളിയിലും പാലക്കാട് ഷൊർണ്ണൂരും തൃശ്ശൂരിൽ വരവൂരിലും ബഹുനില സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുവാൻ വേദി ഒരുക്കുന്ന തനതും നൂതനവുമായ പദ്ധതിയാണ് "വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ" എന്ന പദ്ധതി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ സ്ഥലങ്ങളിൽ വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്ന് വ്യവസായ വികസനവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കിൻഫ്രയുടെ അധീനതയിലുള്ള 24 വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് വിവിധ സംരംഭങ്ങൾ ആരംഭിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. കൂടാതെ കിൻഫ്ര ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ അധീനതയിലുള്ള പാർക്കുകളിലും നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ വിവിധ മേഖലകളിലുള്ള സംരംഭകരുടെ അഭ്യർത്ഥനകൾ പരിഗണിച്ച് വിവിധ പദ്ധതികൾ കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ മുതൽ മുടക്കാനുള്ള പദ്ധതികൾ കണ്ടെത്തി സംരംഭകരെ കൊണ്ടുവരാനും കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള അനുകൂല ഘടകങ്ങളേയും പദ്ധതികളേയും കുറിച്ച് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ റോഡ് ഷോകളും ബിസിനസ്സ് മീറ്റുകളും ഉൾപ്പെടെ ആവശ്യമായ പ്രചരണ പരിപാടികൾ നടത്തുവാനും ഉദ്ദേശിക്കുന്നു. വ്യവസായ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനും അതുവഴി വ്യവസായ വളർച്ചയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ഈ വർഷം ആയിരം ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ലൈസൻസുകളും ക്ലിയറൻസുകളും ഫാസ്റ്റ് ട്രാക്ക് അടിസ്ഥാനത്തിൽ നൽകുന്നതിന് രൂപീകരിച്ച ഓൺലൈൻ സംവിധാനമായ കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റ്-ന്റെ പ്രധാന സവിശേഷതകൾ. പ്രസ്തുത ഏകജാലക സംവിധാനം ഏതൊരു വ്യവസായിക്കും 14 വകുപ്പിലേയ്ക്ക് ഒരേ സമയം അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസരം നൽകുന്നു. ഇതു മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുക മാത്രമല്ല സുതാര്യമായും വേഗത്തിലും ക്ലിയറൻസുകളും അനുമതിയും ലഭിക്കുന്നതാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ സ്ഥലങ്ങളിൽ വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്ന് വ്യവസായ വികസനവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന ഭൂമിയിൽ ബഹുനില സമുച്ചയങ്ങൾ പണിയുന്നതിനോ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനോ ലക്ഷ്യമിടുന്നു. കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ/പാർക്കുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കറും പട്ടണ പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കറും വസ്തു ഉള്ള സ്വകാര്യ ഏജൻസികൾക്കുള്ള ഭൂമി സർക്കാർ വ്യവസായ എസ്റ്റേറ്റ് ആയി പ്രഖ്യാപിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് രണ്ട് കോടി രൂപ വരെ സഹായം നൽകുകയും ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. വ്യവസായ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് കിൻഫ്ര ഒരു ലാന്റ് ബാങ്ക് സ്ഥാപിക്കുന്ന കാര്യം വിഭാവന ചെയ്തിട്ടുണ്ട്.

## സഹകരണ മേഖലയുടെ സമഗ്രമായ വികസന നയം

4(334) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വികസന സങ്കല്പത്തിലൂന്നിയാണോ സഹകരണ നയം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ മേഖലയുടെ സമഗ്രമായ വികസനത്തിനും വർദ്ധിത വീര്യത്തോടെ മുന്നേറുന്നതിനും സഹകരണ നയത്തിൽ മുൻഗണന നൽകിയിട്ടുള്ള മേഖലകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) സഹകരണ നിയമത്തിന്റെ സമഗ്രമായ പരിഷ്കരണം ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ പ്രധാനമായും ഏതൊക്കെ മേഖലകളിലാണ് പരിഷ്കരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ മേഖലയുടെ വികസനത്തിൽ സഹകരണ ജീവനക്കാർ വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായ തുല്യതയാർന്ന സാമൂഹിക സാമ്പത്തിക വികസനം ഉറപ്പാക്കി സാമ്പത്തിക ദുർവ്യയങ്ങളില്ലാതെ ഫലപ്രദമായും കാര്യക്ഷമമായും സമൂഹത്തിന്റെ നേട്ടത്തിനായി പ്രവർത്തിക്കുവാൻ കെൽപ്പുള്ള ശക്തവും ഊർജ്ജസ്വലവുമായ സഹകരണ പ്രസ്ഥാനത്തെ കെട്ടിപ്പടുക്കുന്നതിന് ഉദ്ദേശിച്ചാണ് സഹകരണ നയം ആവിഷ്കരിച്ച് പ്രഖ്യാപിച്ചിട്ടുള്ളത്. ദാരിദ്ര്യ നിർജ്ജാർജ്ജനം, ഭക്ഷ്യ സുരക്ഷ, ലിംഗസമത്വം, മാന്യതയുള്ള തൊഴിലും സാമ്പത്തിക വളർച്ചയും കാലാവസ്ഥാ വ്യതിയായത്തിനെതിരായ പ്രതിരോധം തുടങ്ങിയ സുസ്ഥിരമായ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമായ നയമാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നത്.

(ബി) സഹകരണ മേഖലയുടെ സമഗ്രമായ വികസനത്തിനും വർദ്ധിത വീര്യത്തോടെ മുന്നേറുന്നതിനും സഹകരണ നയത്തിൽ മുൻഗണന നൽകിയിട്ടുള്ള മേഖലകൾ താഴെ പറയുന്നവയാണ്.

1. ബാങ്കിംഗ്
2. കാർഷികം
3. സേവനം
4. മാർക്കറ്റിംഗ്
5. ഉപഭോക്തൃ മേഖല
6. മൊത്തവ്യാപാരം
7. ക്ഷീരോല്പാദനം
8. മത്സ്യബന്ധനം
9. കൈത്തറി, കയർ, ചെറുകിട വ്യവസായം
10. തൊഴിൽ, സഹകരണം

11. വനിതാ മേഖല (സ്ത്രീശാക്തീകരണവും തൊഴിൽ പങ്കാളിത്തവും)
12. വിനോദസഞ്ചാര മേഖല
13. വിദ്യാഭ്യാസ മേഖല
14. പട്ടികജാതി/പട്ടികവർഗ്ഗ വികസന മേഖല
15. മൂല്യവർദ്ധനവിലൂടെ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശമാറ്റം

(സി) സഹകരണ നയത്തിൽ പ്രഖ്യാപിച്ചതുപോലെ സഹകരണ നിയമത്തിന്റെ സമഗ്രമായ പരിഷ്കരണത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചുവരുന്നു.

(ഡി) സഹകരണ മേഖലയുടെ വൈവിദ്ധ്യം അതിന്റെ പ്രായോഗികതയുടെ ഏറ്റവും വലിയ തെളിവാണ്. കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ ദാതാവായ സഹകരണ പ്രസ്ഥാനത്തിൽ ഇന്ന് 1.25 ലക്ഷത്തോളം ജീവനക്കാർ നേരിട്ട് ജോലി ചെയ്യുന്നു. എല്ലാ ജീവനക്കാരും സഹകരണ മേഖലയുടെ വികസനത്തിനായി അക്ഷീണം പരിശ്രമിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെന്നപോലെ കേരളം സഹകരണ മേഖലയിലും ലോകത്തിന് മാതൃകയാണ്. അതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നത് സഹകരണ മേഖലയിലെ ജീവനക്കാരാണ്. സഹകരണ കാർഷിക ഉല്പാദനോപാധികളുടെ വിതരണം, വിപണനം, സംഭരണം, ബാങ്കിംഗ് മേഖല, പാർപ്പിട സൗകര്യമൊരുക്കൽ എന്നിങ്ങനെ എല്ലാ തലത്തിലും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമത നിസ്സീമമാണ്. കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം, സാമൂഹിക സുരക്ഷാ പെൻഷൻ എന്നിവ സഹകരണ മേഖലയിലൂടെ പെൻഷൻകാർക്ക് സംസ്ഥാനത്താകെ നൽകുന്നത് സഹകരണ സ്ഥാപനങ്ങൾ വഴിയാണ്. സഹകരണ ജീവനക്കാരുടെ ശുഷ്കാന്തി ഇത് വിജയകരമാക്കുന്നു.

ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡ് നടത്തുന്ന ഉത്സവച്ചന്തകൾ ഫലപ്രദമായി നടത്തുന്നത് സഹകരണ സംഘങ്ങൾവഴി സഹകരണ ജീവനക്കാരാണ്. സഹകരണ സംഘങ്ങളിലൂടെ നടത്തുന്ന ജൈവകൃഷി തുടങ്ങിയ കാർഷിക പദ്ധതികൾ വിജയിപ്പിക്കുന്നതിന് സഹകരണ സംഘം ജീവനക്കാർ പ്രവർത്തിക്കുന്നു. കെയർഹോം പദ്ധതി നടപ്പിലാക്കുന്നത് സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ്. ഇക്കാര്യങ്ങൾക്ക് സഹകരണ ജീവനക്കാരുടെ പൂർണ്ണമായ സഹകരണമുണ്ട്. സഹകരണ വകുപ്പിലെ ജീവനക്കാർ സഹകരണ മേഖലയുടെ വികസനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു. സഹകരണ വകുപ്പിൽ ജനറൽ വിഭാഗം, ആഡിറ്റ് വിഭാഗം എന്നിങ്ങനെ രണ്ട് വിഭാഗത്തിലാണ് ജീവനക്കാർ സേവനമനുഷ്ഠിക്കുന്നത്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, പരിശോധന, ആഡിറ്റ്, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങി സംഘത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ കാര്യങ്ങളും വകുപ്പിലെ ഉദ്യോഗസ്ഥർ നിർവ്വഹിക്കുന്നു. ടി സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് കാര്യക്ഷമമാക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് താലൂക്ക് തലങ്ങളിൽ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളും ജില്ലാ തലങ്ങളിൽ സഹകരണ ജോയിന്റ് രജിസ്ട്രാർ ആഫീസുകളും സംസ്ഥാനതലത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസും പ്രവർത്തിക്കുന്നു. ടി. ആഫീസുകളിലെ സഹകരണ സംഘം രജിസ്ട്രാർ, അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ, സഹകരണ സംഘം ഇൻസ്പെക്ടർമാർ, ക്ലർക്കുമാർ തുടങ്ങിയ എല്ലാ ഉദ്യോഗസ്ഥരും സഹകരണ സംഘങ്ങളുടെ പുരോഗതി വിലയിരുത്തി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നു. സഹകരണ മേഖലയിൽ ബഡ്ജറ്റിലൂടെ സർക്കാർ പ്രഖ്യാപിക്കുന്ന തുക വിനിയോഗിക്കുന്ന തിനായി സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകൾ സർക്കാരിൽ സമർപ്പിച്ച് സംഘങ്ങൾക്ക് സർക്കാർ ധനസഹായം വാങ്ങി നൽകുകയും സംഘം നടത്തുന്ന ധനവിനിയോഗ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നു. 2017-18 വർഷത്തിൽ പദ്ധതി വിനിയോഗത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുന്നതിന് ജീവനക്കാർ വഹിച്ച പങ്ക് പ്രശംസനീയമാണ്. ആഡിറ്റർമാർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ സഹകരണ ആഡിറ്റ് നിർവ്വഹിക്കുന്നു. സാമ്പത്തിക ഇടപാടുകൾക്ക് പുറമെ സഹകരണ സ്ഥാപനങ്ങളുടെ ഭരണപരമായ പ്രവർത്തനംകൂടി പരിശോധിച്ചാണ് ആഡിറ്റർമാർ സഹകരണ ആഡിറ്റ് നിർവ്വഹിക്കുന്നത്. ആഡിറ്റ് വിഭാഗത്തിൽ താലൂക്ക് തലങ്ങളിൽ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളും ജില്ലാ തലങ്ങളിൽ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളും സംസ്ഥാന തലത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടറേറ്റും പ്രവർത്തിക്കുന്നു. ടി ആഫീസുകളിലെ സഹകരണ ആഡിറ്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, സഹകരണ ആഡിറ്റർമാർ എന്നിവർ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി എല്ലാ സാമ്പത്തിക വർഷത്തിലും ആഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

കൂടാതെ സർക്കാർ കെ.എസ്.ആർ.ടി.സി. പെൻഷൻ സംസ്ഥാനത്താകെ നൽകുന്നത് സഹകരണ സ്ഥാപനങ്ങൾ വഴിയാണ്. ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾ വഴി നിലവിൽ പെൻഷൻ നൽകുന്നതിനും സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ ഫലപ്രദമായ ഇടപെടൽ

നടത്തുന്നുണ്ട്. സർക്കാർ നടപ്പിലാക്കിയ സാമൂഹ്യക്ഷേമ പെൻഷൻ സഹകരണ സ്ഥാപനങ്ങളിലൂടെ നൽകുന്ന പദ്ധതി നടപ്പിലാക്കിയതുമുതൽ ആയത് കൃത്യമായി സഹകരണ സ്ഥാപനങ്ങളെക്കൊണ്ട് നൽകുന്നതിനും വകുപ്പിലെ ജീവനക്കാർ ഫലപ്രദമായി ഇടപെടുന്നുണ്ട്.

സഹകരണ മേഖലയിൽ സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പദ്ധതികളെല്ലാംതന്നെ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നതിൽ വകുപ്പ് ജീവനക്കാർ വഹിക്കുന്ന പങ്ക് പ്രാധാന്യമർഹിക്കുന്നതാണ്. മാത്രവുമല്ല, സംസ്ഥാനത്തുണ്ടായ പ്രളയത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ സഹകരണ മേഖലയിലൂടെ വീട് വച്ച് നൽകുന്ന കെയർ ഹോം പദ്ധതി 14 ജില്ലകളിലുമായി നടപ്പിലാക്കുന്നതും സഹകരണ വകുപ്പ് ജീവനക്കാരുടെ മറ്റൊരു പ്രധാന പ്രവർത്തനമാണ്. വകുപ്പ് ഉദ്യോഗസ്ഥർ തന്നെ ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നിർവ്വഹിക്കുന്നതിന് പുറമെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സ്ഥാപനങ്ങളെക്കൊണ്ട് ത്വരിതഗതിയിൽ വീട് വച്ച് നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. നാളിതുവരെ കെയർ ഹോം പദ്ധതിയിലൂടെ 1358 വീടുകൾ വച്ച് നൽകുവാൻ സർക്കാരിന് കഴിഞ്ഞതും വകുപ്പ് ജീവനക്കാരുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെയാണ്.

സർക്കാർ സേവനങ്ങൾ സഹകരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടത്തി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുകയും സംസ്ഥാന ആഫീസായ സഹകരണസംഘം രജിസ്ട്രാർ ആഫീസ് പൂർണ്ണമായി ഇ-ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ജീവനക്കാരുടെ ഭാഗത്ത് നിന്നും ഫലപ്രദമായി ഇടപെടൽ ഉണ്ടായിട്ടുണ്ട്. വകുപ്പിലെ എല്ലാ ജീവനക്കാർക്കും ഇ-ഓഫീസ് സംബന്ധമായ പരിശീലനം നൽകുകയും ജില്ലകളിലെ ആഫീസുകളിൽകൂടി ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. പ്രവർത്തനങ്ങളിൽ വകുപ്പ് ജീവനക്കാരുടെ പങ്ക് വളരെയധികം വിലപ്പെട്ടതാണ്. ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും ഫയൽ അദാലത്ത് നടത്തി 2015 വരെയുള്ള ഫയലുകൾ തീർപ്പാക്കുകയും 2018 വരെയുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് ത്വരിതഗതിയിലുള്ള ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം സംസ്ഥാനത്തെ സഹകരണ വകുപ്പ് ജീവനക്കാർ നിർവ്വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കൂടാതെ പുതിയതായി സർവ്വീസിൽ വരുന്ന ജീവനക്കാർക്കും നിലവിൽ സേവനമനുഷ്ഠിക്കുന്നവർക്കും മെച്ചപ്പെട്ട പരിശീലന പരിപാടികൾ സഹകരണ വകുപ്പിൽ നടത്തിവരുന്നുണ്ട്.

## സഹകരണ സംഘങ്ങൾ വഴി സംഭരിച്ച കയർ ഉല്പന്നങ്ങൾ

5(335) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കോർപ്പറേഷനിലും കയർഫെഡിലും സഹകരണ സംഘങ്ങൾ വഴി സംഭരിച്ച നൂറ്റിയൻപത് കോടിയിലേറെ രൂപയുടെ കയർ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഉല്പന്നങ്ങൾ യഥാസമയം വിറ്റു പോകാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കയർ കോർപ്പറേഷന് വിദേശ ഓർഡറുകൾ ലഭിക്കുന്നതിൽ കുറവ് വന്നിട്ടുണ്ടോ;

(ഡി) വിദേശ ആഭ്യന്തര വിപണികൾ നേരിട്ട് കണ്ടെത്തുന്നതിൽ കയർ കോർപ്പറേഷൻ ഉൾപ്പെടെയുള്ളവ പരാജയപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയർഫെഡ്:

കയർഫെഡിൽ കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നില്ല. കേവലം 1 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ കയർഫെഡിന്റെ സെൻട്രൽ സ്റ്റോറിലും കയർഫെഡിന്റെ 4 റീജിയണൽ ഓഫീസുകളിലുമായി ആകെ 5.5 കോടി രൂപയുടെ ഉല്പന്നങ്ങളാണ് സ്റ്റോക്ക് ചെയ്തിട്ടുള്ളത്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ:

നിലവിൽ കയർ കോർപ്പറേഷനിൽ 27 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ മാത്രമാണ് സ്റ്റോക്കിരിക്കുന്നത്.

(ബി) 2016-17 കാലയളവ് മുതൽ ഇന്നുവരെ 351.17 കോടി രൂപയുടെ കയർ ഉല്പന്നങ്ങളാണ് വിവിധ കയർ സഹകരണ സംഘങ്ങളിൽനിന്നും കയർ കോർപ്പറേഷൻ സംഭരിച്ചുവച്ചത്. ഇതിൽ വിപണനം നടത്തിയതിനുശേഷം 27 കോടി രൂപയുടെ ഉല്പന്നങ്ങൾ മാത്രമാണ് ബാക്കിയുള്ളത്. ഇവയുടെ വിപണനം നടന്നുകൊണ്ടിരിക്കുന്നു.

(സി) ഓരോ വർഷവും കയർ കോർപ്പറേഷൻ വിദേശ വിപണിയിൽ വൻ മുന്നേറ്റമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷവും മികച്ച പുരോഗതിയാണ് വിദേശ വിപണിയിൽ നേടിക്കൊണ്ടിരിക്കുന്നത്.

(ഡി) വിദേശ ആഭ്യന്തര വിപണികളിൽ കയർ കോർപ്പറേഷൻ വൻ മുന്നേറ്റമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ ധാരാളം ഓർഡറുകൾ ലഭിക്കുകയും ഇത് സമയബന്ധിതമായി വിപണനം നടത്തുകയും ചെയ്യുന്നു.

## ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി

6(336) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഖാദി വസ്ത്രങ്ങളുടെ വിറ്റുവരവിൽ 2018-ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് ഉണ്ടായതെന്ന് അറിയിക്കുമോ;

(സി) ഖാദി ഉല്പന്നങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന ഡിമാന്റ് നിലവിൽ ഇല്ലാതായതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രാബല്യത്തിലുണ്ടോ; ഉണ്ടെങ്കിൽ അത് കർശനമാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഇ) സഖാവ് എന്ന പേരിൽ പുറത്തിറക്കിയ ചുവന്ന ഷർട്ടുകളുടെ വില്പന വിജയപ്രദമായിരുന്നോ; എത്ര ഷർട്ടുകളാണ് പുറത്തിറക്കിയതെന്നും അതിന്റെ വിൽപ്പന പുരോഗതി എപ്രകാരമാണെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഖാദി മേഖല നേരിടുന്ന പ്രതിസന്ധികൾ വിശദമായി പരിശോധിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ കൈകൊണ്ട് ചർക്കയിൽ നൂൽനൂറ്റ് കൈത്തറിയിൽ നെയ്തെടുക്കുന്ന വസ്ത്രമാണ് ഖാദി വസ്ത്രം. നിലവിൽ ഖാദി ക്ഷേമനിധി ബോർഡിലെ അംഗത്വ പ്രകാരം പതിമൂന്നായിരത്തി അഞ്ഞൂറോളം തൊഴിലാളികൾ ഖാദി മേഖലയിൽ ജോലി ചെയ്തുവരുന്നു. ഖാദിയുടെ തനിമ നിലനിർത്തിക്കൊണ്ട് ഉല്പാദനം നടത്തേണ്ടതുകൊണ്ട്

വൈദ്യുതിയോ യന്ത്രങ്ങളോ ഉപയോഗിച്ച് മറ്റ് ഉല്പാദന മേഖലകളിൽ എന്നപോലെ ഉല്പാദനം അനുവദനീയമല്ല. അതുകൊണ്ടുതന്നെ ആധുനികവത്കരണം ഈ മേഖലയിൽ പരിമിതമായ തോതിൽ മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. കൂടാതെ കുറഞ്ഞ അളവിലുള്ള ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വേതനം തൊഴിലാളികൾക്ക് നൽകുവാനോ സാധ്യമാകുന്നതല്ല. ഖാദിയുടെ പേരിൽ യന്ത്രവത്കൃത ഖാദി ഉല്പന്നങ്ങൾ വളരെ കുറഞ്ഞ വിലയിൽ മാർക്കറ്റിൽ സുലഭമാണ്. ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. ഖാദി മേഖലയിൽ ഏറ്റുകുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ വിപുലീകരണവും നവീകരണവും പദ്ധതി, പ്രചാരണവും പരിശീലനവും, വില്പന കേന്ദ്രങ്ങൾ നവീകരിക്കാനുള്ള പദ്ധതികൾ, പ്രത്യേക തൊഴിൽദാന പദ്ധതികൾ, നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉല്പാദന ഇൻസെന്റീവ്, പ്രാദേശിക സർക്കാർ സഹായത്തോടെ ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ, ഗ്രാമ വ്യവസായങ്ങളുടെ ശക്തിപ്പെടുത്തൽ തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഈ സർക്കാരിന്റെ കാലത്ത് പുതിയതായി 26 ഖാദി ഉല്പാദന കേന്ദ്രങ്ങളും 4 നൂൽനൂല്പ് കേന്ദ്രങ്ങളും 3 റെഡിമെയ്ഡ് പാവുല്പാദന യൂണിറ്റുകളും ആരംഭിച്ചു. ഖാദി മേഖലയിൽ പുതിയതായി 3384 തൊഴിലവസരങ്ങൾ ലഭ്യമാക്കി. ഈ സർക്കാർ 2016-17 മുതൽ ഇതേവരെയായി ഇൻകം സപ്പോർട്ട് ഇനത്തിൽ 82.94 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉത്സവ ബത്ത ഉൾപ്പെടെയുള്ള ഇനത്തിൽ 18 കോടി രൂപയും തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2019 ജനുവരി മാസം വരെയുള്ള മിനിമം വേതനം നിലവിലുള്ള നിരക്കിൽ തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു. ഖാദി തൊഴിലാളികൾക്ക് 900 രൂപ ഉത്സവബത്ത 1500 രൂപയായും വർദ്ധിപ്പിച്ചു നൽകി. ഉല്പാദന ഇൻസെന്റീവ് 100 ശതമാനം വർദ്ധിപ്പിച്ചു. നൂല്പിന് 60 പൈസയും നെയ്ത്തിന് നൂൽ ഒരു കഴിക്ക് 1 രൂപ 80 പൈസയും നൽകി. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ മിനിമം വേതനം 2010-ന് ശേഷം ഈ സർക്കാർ പരിഷ്കരിച്ച് പ്രഖ്യാപിച്ചിരിക്കുകയാണ്. പരിഷ്കരിച്ച മിനിമം വേതനം തൊഴിലാളികൾക്ക് നൽകുന്നതിന് ഖാദി ബോർഡുമായും ഇതര ഖാദി സ്ഥാപനങ്ങളുമായും സർക്കാർ ആലോചിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്. ഏറ്റുകുടുക്ക സ്ലൈവർ പ്രോജക്ട് വിപുലീകരണത്തിന്റെ ഭാഗമായി കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റിൽ പുതിയ കാർഡിംഗ് മെഷീനും ഡ്രോയിംഗ് മെഷീനും സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിച്ചു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ പുതിയ ഖാദി ഉല്പാദന യൂണിറ്റുകൾ, പുതിയ റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയും തൊഴിലാളികൾക്ക് ആവശ്യമായ ചർക്കകളും തറികളും വിതരണം

ചെയ്തു വരികയുമാണ്. തൊഴിലാളികളുടെ ഉത്സവബത്ത 900 രൂപയിൽ നിന്നും 1500 രൂപയായി ഈ സർക്കാർ വർദ്ധിപ്പിച്ചു നൽകി. എല്ലാ തൊഴിലാളികളെയും ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവന്നു. സംസ്ഥാനത്ത് ഖാദി-സിൽക്ക് നെയ്ത്ത് പരിപോഷിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി എന്റെ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. ഖാദി മേഖലയിൽ വിപണനം വർദ്ധിപ്പിക്കുന്നതിന് തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ചേർത്തല എന്നിവിടങ്ങളിൽ പുതിയ ഖാദി ഗ്രാമ സൗഭാഗ്യകൾ ആരംഭിച്ചു. പയ്യോളി, കുമ്പിടി, ഇരിക്കൂർ, ചേർക്കള, പേരാവൂർ എന്നിവിടങ്ങളിൽ പുതിയ ഖാദി സൗഭാഗ്യ ആരംഭിച്ചു. ഇടുക്കി ജില്ലയിലെ കട്ടപ്പന, തൊടുപുഴ ഖാദി ഗ്രാമ സൗഭാഗ്യകൾ നവീകരിച്ചു.

(ബി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ കഴിഞ്ഞ മൂന്ന് വർഷ വില്പനയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. 2016-17-ൽ 5246.78 ലക്ഷം രൂപയുടെയും 2017-18-ൽ 5445.93 ലക്ഷം രൂപയുടെയും 2018-19-ൽ 5292.05 ലക്ഷം രൂപയുടെയും വില്പന നടന്നിട്ടുണ്ട്. കേരളത്തിലുണ്ടായ പ്രളയ ദുരന്തത്തിന്റെ ഭാഗമായി ഖാദി വില്പനയിൽ നേരിയ കുറവ് (2.82%) ഉണ്ടായിട്ടുണ്ട്.

(സി) ഖാദി തുണി ഉല്പന്നങ്ങൾക്ക് മറ്റ് ഉല്പന്നങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിർമ്മാണച്ചെലവ് കൂടുതലാണ്. അതിനാൽ വില്പന വിലയും കൂടുതലാണ്. മാത്രമല്ല, ഖാദിയുടെ പേരിൽ യന്ത്രവത്കൃത ഖാദി തുണി ഉല്പന്നങ്ങൾ വളരെ കുറഞ്ഞ വിലയിൽ മാർക്കറ്റിൽ ലഭ്യമാകുന്നതും പ്രധാന കാരണങ്ങളാണ്.

(ഡി) സർക്കാർ ഉത്തരവ് പ്രാബല്യത്തിലുണ്ട്. പ്രത്യേക യൂണിഫോം ചില മേഖലകളിൽ കർശനമാക്കാൻ കഴിയുന്നതുപോലെ ഖാദി/കൈത്തറി തുണി ധരിക്കൽ കർശനമാക്കാൻ കഴിയുന്നതല്ല.

(ഇ) വിജയപ്രദമാണ്. വിവിധ ഡിസൈനുകളിൽ ഇറക്കിയ ഖാദി ഷർട്ടുകളുടെ വില്പന തുടരുകയാണ്. 3100-ഓളം ഷർട്ട് നിർമ്മിച്ചതിൽ ഏകദേശം 60%-ത്തോളം ഷർട്ടുകൾ വില്പന നടത്താൻ കഴിഞ്ഞിട്ടുണ്ട്.

### ഡാമുകളിലെ ജലനിരപ്പ് നിയന്ത്രണം

7(337) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലെ ജലനിരപ്പ് നിയന്ത്രിക്കുവാൻ പുതിയ നിബന്ധനകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ പ്രളയകാലത്ത് ഡാമുകൾ മുന്നറിയിപ്പില്ലാതെ തുറന്നത് പ്രളയത്തിന്റെ തീവ്രത കൂട്ടിയെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ പുതിയ നിബന്ധന രൂപീകരിച്ചിട്ടുള്ളത്;

(സി) വിവിധ ഡാമുകളിലെ ജലവിതാനം നിയന്ത്രിക്കുന്നത് കാലാവസ്ഥ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകളുടെയും ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; ജലകമ്മീഷൻ ആയത് അംഗീകരിച്ച് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഡാമുകളുടെയും താഴ്വാരങ്ങളിലെ ജനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പാലിച്ചുകൊണ്ടാണ് വൈദ്യുതി ബോർഡ് പ്രവർത്തിച്ചുവരുന്നത്. ഈ നടപടിക്രമങ്ങൾ പുതുക്കുകയും ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ സംബന്ധിച്ച് പുതുക്കി നിശ്ചയിക്കുകയും ചെയ്തുകൊണ്ട് 1-8-2018-ൽ കെ.എസ്.ഇ.ബി.എൽ. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കെ.എസ്.ഇ.ബി.എൽ-ന്റെ പ്രധാന ജല സംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ, ഷോളയാർ എന്നിവിടങ്ങളിലെ ഡാമുകളിലെ ജലവിതാനം, നീരൊഴുക്കിന്റെ അളവുകൾ എന്നിവ കണക്കിലെടുത്തുകൊണ്ട് ഡാം ഓപ്പറേഷനുകൾ ക്രമീകരിക്കുന്നതിനുള്ള റൂൾ കർവുകൾ തയ്യാറാക്കി കേന്ദ്ര ജലകമ്മീഷന് സമർപ്പിക്കുകയും അവിടന്ന് ലഭിച്ച നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് കെ.എസ്.ഇ.ബി.എൽ. റൂൾ കർവ് പുതുക്കി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അല്ല. പ്രളയകാലത്ത് ഡാമുകൾ മുന്നറിയിപ്പില്ലാതെ തുറന്നിട്ടില്ല. റൂൾ കർവുകൾ തയ്യാറാക്കിയിട്ടുള്ളത് അധിക സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനാണ്.

(സി) കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകളും ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശങ്ങളുംകൂടി കണക്കിലെടുത്ത് കൃത്യമായ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി.എൽ. ഡാമുകളുടെ ഓപ്പറേഷനുകൾ നടത്തിവരുന്നത്.

(ഡി) ഉണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള 21 ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാനുകൾക്ക് കേന്ദ്ര ജലകമ്മീഷൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാൻ ദ്രുതകർമ്മ സേന

8(338) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിലൈനിൽ നിന്നും ഷോക്കേറ്റ് അപകടമുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഈ വർഷം എത്രപേരാണ് ഇപ്രകാരം മരണപ്പെട്ടത്; ഇവരുടെ കുടുംബങ്ങൾക്ക് സമാശ്വാസ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കാലവർഷം ശക്തിപ്പെടുന്നത് കണക്കിലെടുത്ത് വൈദ്യുതി വിതരണ മേഖലയിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ പൊതുജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തിക്കൊണ്ട് ദ്രുതകർമ്മ സേനയ്ക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വൈദ്യുതിലൈനിൽനിന്നും ഷോക്കേറ്റ് അപകടമുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് പ്രീ-മൺസൂൺ മെയിന്റനൻസ്, പൊതുജന ബോധവത്കരണം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവയടക്കമുള്ള മുൻകരുതൽ നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചിട്ടുണ്ട്. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ വൈദ്യുത സുരക്ഷാ നിർദ്ദേശങ്ങൾ പത്രശ്രവ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചുപോരുന്നു. കൂടാതെ വിവിധ ജില്ലാ ഓഫീസുകളുടെ ആഭിമുഖ്യത്തിൽ വൈദ്യുതസുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അപകട നിവാരണ കമ്മിറ്റികൾ കൂടുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് ഈ വർഷം മരണപ്പെട്ടവരുടെ എണ്ണവും ആശ്വാസ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങളും ചുവടെ ചേർത്തിരിക്കുന്നു :

| | | | |
|---|---|---|---|
| 1 | പൊട്ടിവീണ വൈദ്യുതിലൈനിൽ നിന്നും ഷോക്കേറ്റുണ്ടായ മരണം | 5 | 2,00,000 രൂപ വീതം രണ്ട് പേർക്ക് (അടിയന്തര ധനസഹായമായി 10-6-2019-ൽ അനുവദിച്ചു. മറ്റ് ആൾക്കാരുടെ രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്.) |
| 2 | അറിവില്ലായ്മ, അശ്രദ്ധ. സൂക്ഷ്മതക്കുറവ് എന്നീ കാരണങ്ങളാൽ പൊതുജനങ്ങൾക്ക് യാദൃശ്ചികമായി വൈദ്യുതി ലൈനിൽനിന്നും സംഭവിക്കുന്ന അപകടം | 1<br>12 | Nil |
| 3 | അനധികൃതമായി വൈദ്യുതി ഉപയോഗിച്ച് മീൻ പിടിക്കുമ്പോൾ ഉണ്ടായ മരണം | 3 | Nil |
| 4 | ഉപഭോക്താവിന്റെ ഉപകരണങ്ങളിൽനിന്നും സംഭവിച്ച അപകടം | 8 | Nil |
| 5 | വൈദ്യുതി പോസ്റ്റ് ഒടിഞ്ഞ് വീണുണ്ടായ അപകടം | 1 | രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്. |

വൈദ്യുതിലൈൻ പൊട്ടിവീണും വൈദ്യുതി പോസ്റ്റ് ഒടിഞ്ഞ് വീണുമുണ്ടായ അപകടങ്ങൾക്ക് ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധിച്ച് വ്യവസ്ഥകൾക്ക് വിധേയമായി പട്ടിക (1), (5)-ലെ അപകട മരണങ്ങൾക്ക് 10 ലക്ഷം രൂപയും പട്ടിക (2)-ലെ അപകട മരണങ്ങൾക്ക് 2 ലക്ഷം രൂപയും ആശ്വാസ ധനസഹായം നൽകിവരുന്നു. മേൽ പട്ടിക (3), (4)-ൽ സൂചിപ്പിച്ചിട്ടുള്ള അപകട മരണങ്ങൾക്ക് നിലവിലെ നിയമ പ്രകാരം ആശ്വാസ ധനസഹായത്തിന് അർഹതയില്ല.

വൈദ്യുതി ലൈനിൽ അറ്റകുറ്റപ്പണികൾക്കിടയിലുണ്ടായ അപകടങ്ങളിൽ മരണമടഞ്ഞ കെ.എസ്.ഇ.ബി.എൽ. സ്ഥിരം ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും എണ്ണവും അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിവരവും ചുവടെ ചേർത്തിരിക്കുന്നു :

| | എണ്ണം | നഷ്ടപരിഹാരം |
|---|---|---|
| കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സ്ഥിരം ജീവനക്കാർ | 1 | 6,30,880 രൂപ |
| കരാർ തൊഴിലാളികൾ | 5 | 5,47,240 രൂപ (ഒരാൾക്ക്) (രേഖകൾ ആവശ്യപ്പെട്ടിരിക്കുന്നു.) |
| അപ്രന്റീസ് | 1 | രേഖകൾ ആവശ്യപ്പെട്ടിരിക്കുന്നു. |

കരാർ തൊഴിലാളികളുടെയും ഒരു അപ്രന്റീസിന്റെയും അപകടമരണത്തിന് നഷ്ടപരിഹത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് അർഹമെന്ന് കണ്ടാൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രായത്തിനും ശരാശരി മാസ വരുമാനവും കണക്കിലെടുത്ത് പരമാവധി 9,14,160 രൂപ നഷ്ടപരിഹാരത്തിനും 5,000 രൂപ ശവസംസ്കാര ചെലവ് ലഭിക്കുന്നതിനും അർഹതയുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിതരണ വിഭാഗത്തിന് കീഴിൽ കാലവർഷക്കെടുതിമൂലം പൊട്ടിവീണ ലൈനുകൾ/വൃക്ഷശിഖരങ്ങൾ നീക്കം ചെയ്യുന്നതിനും പ്രതിഷ്ഠാപനങ്ങൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ പെട്ടെന്ന് പരിഹരിച്ച് വൈദ്യുതി തടസ്സങ്ങൾ താമസംവിനാ പരിഹരിക്കുന്നതിനുമായി സർക്കിൾതലത്തിൽ ദ്രുത പ്രതികരണ സേന രൂപീകരിച്ചിട്ടുണ്ട്. സെക്ഷൻ തലത്തിൽ 24 മണിക്കൂർ പ്രവർത്തനനിരതമായിരിക്കുന്ന ബ്രേക്ക് ഡൗൺ വിംഗും നിലവിലുണ്ട്. അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 എന്ന ഹോട്ട് ലൈൻ സംവിധാനവും നിലവിലുണ്ട്. ആയതിനാൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി പ്രത്യേക ദ്രുതകർമ്മസേന രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന് നടപടി

9(339) ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർ ഫാക്ടർ എന്നുള്ള സാങ്കേതിക പദം കൊണ്ട് അർത്ഥമാക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഊർജ്ജ നഷ്ടത്തിന് വിലയീടാക്കുന്നതിന് സാധ്യതയുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ നഷ്ടം ആരുടെ ബാദ്ധ്യതയാണെന്ന് വ്യക്തമാക്കുമോ; ഇത് ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിന് റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ഊർജ്ജ നഷ്ടം ഏതൊക്കെ തരത്തിൽ കുറയ്ക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പവർ ഫാക്ടർ എന്നത് ഉപയോഗയോഗ്യമായ പവറും (active power) വൈദ്യുതി ഗ്രിഡിൽനിന്നും വലിച്ചെടുക്കുന്ന ആകെ പവറും (apparent power) തമ്മിലുള്ള അനുപാതമാണ്.

$$\text{അതായത് പവർ ഫാക്ടർ} = \frac{\text{ആക്ടീവ് പവർ}}{\text{അപ്പാരന്റ് പവർ}}$$

ആക്ടീവ് പവർ എന്നത് വോൾട്ടേജിന്റെയും കറന്റിന്റെയും (alternating current) പവർ ഫാക്ടറിന്റെയും ഗുണനഫലവും അപ്പാരന്റ് പവർ എന്നത് വോൾട്ടേജിന്റെയും കറന്റിന്റെയും ഗുണനഫലവുമാണ്. ഉപഭോക്താക്കൾ കുറഞ്ഞ പവർ ഫാക്ടർ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ വൈദ്യുതി ഗ്രിഡിൽനിന്നും അധിക വൈദ്യുതി (കറന്റ്) വലിച്ചെടുക്കുന്നതുമൂലം പ്രസരണ വിതരണ നഷ്ടം ഉയരാനിടയാകും.

(ബി) താരതമ്യേന കുറഞ്ഞ പവർ ഫാക്ടർ മൂലമുണ്ടാകുന്ന ഊർജ്ജ നഷ്ടത്തിന് നിലവിൽ ചാർജ്ജുകൾ ഈടാക്കുന്നില്ല. മാത്രമല്ല, ഈ ഊർജ്ജ നഷ്ടത്തിന് വിലയീടാക്കുന്നതിന് നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആലോചിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ഒരു നിശ്ചിത പവർ ഫാക്ടറിന് താഴെയുള്ള ഉപഭോക്താക്കൾക്ക് പിഴയും അതിനുമുകളിലുള്ള ഉപഭോക്താക്കൾക്ക് എനർജി ചാർജിന്മേൽ ഇളവുകളും നൽകിവരുന്നു.

(സി) പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത ഉപഭോക്താക്കളാണ് ഊർജ്ജ നഷ്ടത്തിന് കാരണമെന്നതിനാൽ അതിന്റെ ബാധ്യത ഉപഭോക്താക്കൾക്ക് നേരിട്ടോ പരോക്ഷമായോ ഉണ്ടാകും. ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് പ്രസ്തുത ഊർജ്ജനഷ്ടത്തിന് വില ഈടാക്കുന്നതിന് ശിപാർശകളൊന്നുംതന്നെ റെഗുലേറ്ററി കമ്മീഷനു മുമ്പിൽ നൽകിയിട്ടില്ല. ആയതിനാൽ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) കപ്പാസിറ്റർ ബാങ്കുകൾ, സിംക്രണൈസ്ഡ് കണ്ടൻസറുകൾ, ഫേസ് അഡ്വാൻസറുകൾ എന്നിവ സ്ഥാപിച്ച് ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന് സാധിക്കും.

**കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട നടപടി**

10(340) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ആർ.ബി.ഐ. മുന്നോട്ടുവച്ച വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണോ ലയനനടപടികൾ പൂർത്തിയാക്കിയതെന്നറിയിക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുന്നതിന് ജില്ലാ ബാങ്കുകളുടെ പൊതുയോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന ആർ.ബി.ഐ. നിബന്ധന പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അപ്രകാരം മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനതീരുമാനം എടുക്കാത്ത ജില്ലാ സഹകരണ ബാങ്കുകളെ എപ്രകാരമാണ് സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ മുന്നോട്ട് വച്ചിരുന്ന നിബന്ധനകളിൽ ലയനത്തിന് മുമ്പ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് അപേക്ഷ സമർപ്പിച്ചു. ആർ.ബി.ഐ. നിബന്ധനകളിൽ

സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഘട്ടംഘട്ടമായി നിർത്തൽ ചെയ്യണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ നടപ്പാക്കാൻ കഴിയില്ലെന്നും ഇക്കാരണത്താൽ ഇളവ് അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് അപേക്ഷയോടൊപ്പം കത്ത് നൽകിയിട്ടുണ്ട്.

(ബി) സഹകരണ നിയമം 2019-ലെ ഭേദഗതി അനുസരിച്ച് ലയന പ്രമേയം പാസ്സാക്കുന്നതിന് കേവല ഭൂരിപക്ഷം മതിയാകും. അതുപ്രകാരം മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും ലയന പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

(സി) 2019-ലെ സഹകരണ നിയമ ഭേദഗതി അനുസരിച്ച് ലയന തീരുമാനം എടുക്കാത്ത മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ലയന തീരുമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് ചർച്ചകൾ നടന്നുവരികയാണ്.

**വികസന പദ്ധതികൾക്കുള്ള ധനസമാഹരണം**

11(341) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികസനപദ്ധതികൾ വായ്പ വഴിയും ബോണ്ടുവഴിയും ലഭ്യമാകുന്ന തുക കൊണ്ടു മാത്രമേ ഇനി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂവെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണ്;

(ബി) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ തിരികെ വരുമാനം ലഭിക്കുന്ന പദ്ധതികൾ എന്തെങ്കിലുമുണ്ടോ; വിശദമാക്കുമോ;

(സി) കിഫ്ബി വഴി ഇതിനകം മുടക്കിയ തുകയുടെ എത്ര ശതമാനം തുകയാണ് വരുമാനമുള്ള പദ്ധതികൾക്കായി വിനിയോഗിച്ചത് എന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ അത് നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ നോൺപ്ലാൻ റവന്യൂ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന വളരെ ഗൗരവമേറിയ സാമ്പത്തിക പ്രശ്നമാണ്. അതുകൊണ്ട് റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സാഹചര്യത്തിൽ

മാത്രമേ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽനിന്നും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. വരുമാനം വർദ്ധിപ്പിച്ച് മേൽ പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയും കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയവും സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ ദുർബ്ബലപ്പെടുത്തിയത് വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർക്കാർ കൈക്കൊണ്ട നടപടികളെ പൂർണ്ണ വിജയത്തിലെത്തിക്കുന്നതിൽ നിന്നും പിന്നോട്ടടിച്ചിട്ടുണ്ട്.

ഇതുകൂടാതെ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വികസനത്തിന് പ്രേരകങ്ങളാകുന്ന സ്വപ്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ധനം കണ്ടെത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികളുണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടിയാണ്. തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കടമെടുപ്പ് ഒരു പരിധിവരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽ നിന്നും കടമെടുത്ത് ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. കിഫ്ബി വഴി റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ ഉപാധികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആവശ്യമായ തുക കണ്ടെത്തുവാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ തിരികെ വരുമാനം ലഭിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നാളിതുവരെ 1765.67 കോടി രൂപ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. ആയതിൽ 395.66 കോടി രൂപ തിരികെ വരുമാനം ലഭിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. ആയത് മൊത്തം പദ്ധതികളുടെ നിർവ്വഹണത്തിനായി ചെലവഴിച്ച തുകയുടെ 22.41 ശതമാനമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വില നിയന്ത്രണത്തിൽ സഹകരണ മേഖലയുടെ പങ്ക്

12(342) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പ് എന്തെല്ലാം വിപണി ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിന് ഉപഭോക്തൃ സഹകരണ സംഘങ്ങൾ എത്രമാത്രം പങ്കുവഹിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിനായി കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, നീതിസ്റ്റോറുകൾ എന്നിവയിലൂടെ പൊതു വിപണിയിലെ വിലയേക്കാളും കുറഞ്ഞ വിലയിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു. ഉത്സവകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡി യോടുകൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചുവരുന്നു. 2018 വർഷത്തെ റംസാൻ വിപണിക്കായി 77,41,115 രൂപയും ഓണം വിപണിക്കായി 43,70,06,411 രൂപയും ക്രിസ്തുമസ് പുതുവത്സര വിപണിക്കായി 6,68,48,059 രൂപയും കൺസ്യൂമർഫെഡിന് സബ്സിഡിയായി അനുവദിച്ച് നൽകിയിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വാങ്ങി വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർഫെഡിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം

ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള സബ്സിഡി വിപണന മേളകൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു. കഴിഞ്ഞ ഓണക്കാലത്ത് 3466 വിപണികളിലൂടെയും ക്രിസ്തുമസ് പുതുവത്സരം പ്രമാണിച്ച് 460 വിപണി കളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തിയിരുന്നു. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണി വില്പന പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വില്പന നടത്തുകയും അരിവില പിടിച്ചുനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതിസ്റ്റോറുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട് ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്ന വിപണി ഇടപെടൽ സംസ്ഥാനത്തെ വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിന് സഹായകരമായിട്ടുണ്ട്.

(ബി) അവശ്യ വസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വില്പന നടത്തുന്നതിനുവേണ്ടി കൺസ്യൂമർ ഫെഡറേഷനെ നോഡൽ ഏജൻസിയായി നിയോഗിച്ചുകൊണ്ട് പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെ ഗ്രാമപ്രദേശങ്ങളിൽ നീതി സ്റ്റോറുകൾ ആരംഭിച്ചു. ഉത്സവ കാലങ്ങളായ വിഷു, ഈസ്റ്റർ, ഓണം, റംസാൻ, ക്രിസ്തുമസ് എന്നിവയോടനുബന്ധിച്ച് നൽകുന്ന സബ്സിഡി വിപണികളും ഇത്തരം നീതി സ്റ്റോറുകൾ വഴി നടത്തുന്നു. നീതി മെഡിക്കൽ സ്റ്റോറുകൾ വഴി 14%മുതൽ 60% വരെ വിലക്കുറവിൽ അവശ്യ മരുന്നുകൾ നൽകുന്നു. ഇ-ത്രിവേണികൾ ആരംഭിച്ച് ഗുണമേന്മയുള്ള സ്റ്റേഷനറി സാധനങ്ങൾ, കമ്പ്യൂട്ടർ പേപ്പറുകൾ, മറ്റ് ഉല്പന്നങ്ങൾ എന്നിവ വിലക്കുറവിൽ വില്പന നടത്തുന്നതിനും കൺസ്യൂമർഫെഡിന് കഴിഞ്ഞിട്ടുണ്ട്. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിലെ പഠനോപകരണങ്ങളുടെ അമിതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കൺസ്യൂമർഫെഡ് സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്. മികച്ച പഠനത്തിന് മെച്ചപ്പെട്ട പഠനോപകരണങ്ങൾ എന്ന ലക്ഷ്യത്തിൽ എല്ലാ പഠനോപകരണങ്ങളും ഒരു കുടക്കീഴിൽ അണിനിരത്തുന്നതിന് സ്റ്റുഡന്റ്സ് മാർക്കറ്റുകൾ മുഖേന കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 189-ഓളം ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ നല്ല രീതിയിൽ വിപണി ഇടപെടലുകൾ നടത്തിവരുന്നു.

(സി) ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഗുണനിലവാരം, വിലക്കുറവ്, വിശ്വസ്തത എന്നീ മുഖമുദ്രയോടുകൂടി പ്രവർത്തിക്കുന്ന ത്രിവേണി സ്റ്റോറുകൾ ലാഭവും നഷ്ടവും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും സഹായത്തോടുകൂടി വാടകരഹിത കെട്ടിടം കണ്ടെത്തി ആരംഭിക്കുവാൻ ആലോചിച്ച് വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മെട്രോ നഗരങ്ങളിൽ കൺസ്യൂമർഫെഡ് സ്വന്തമായി കെട്ടിടം കണ്ടെത്തി വിപുലമായ രീതിയിൽ ഇലക്ട്രോണിക് ഉല്പന്നങ്ങൾ കൂടി ഉൾപ്പെടുത്തി ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ ആലോചിച്ചുവരുന്നു.

## വിനോദസഞ്ചാരനയം ഊന്നൽ നൽകുന്ന മേഖലകൾ

13(343) ശ്രീമതി സി. കെ. ആശ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സമീപനത്തിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യമിട്ടുള്ള വിനോദസഞ്ചാരനയം ഊന്നൽ നല്കുന്ന മേഖലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു പ്രദേശത്തിന്റെ ടൂറിസം വികസനം ആ പ്രദേശത്തെ ആൾക്കാരുടെ കൂടെ അഭിപ്രായത്തോടെ ആസൂത്രണം ചെയ്യുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(സി) പെപ്പർ പദ്ധതി നടപ്പാക്കിയതിന്റെ വിവരങ്ങളും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അറിയിക്കുമോ;

(ഡി) കേരളത്തിലെ ടൂറിസം കേന്ദ്രങ്ങൾ എല്ലാവർക്കും പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, സുസ്ഥിര ടൂറിസം വികസനത്തിനായി കർമ്മപരിപാടി തയ്യാറാക്കുക, പുതിയ ടൂറിസം ഉല്പന്നങ്ങൾ അവതരിപ്പിക്കുക, കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക, ഹരിത പെരുമാറ്റച്ചട്ടം മുഖാന്തരം മാലിന്യ

നിർമ്മാർജ്ജനം കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ നിലനിർത്തി വിനോദസഞ്ചാരികളുടെ മുമ്പിൽ അവതരിപ്പിക്കുക, ആരോഗ്യരംഗം, ഇക്കോടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കുക, സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പിലാക്കുക, കേരള ടൂറിസം സംരംഭകത്വ ഫണ്ട്, ടൂറിസത്തിന് തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം, മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പഠനപദ്ധതിയുടെ ഭാഗമാക്കുക, ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കുക, ടൂറിസം വകുപ്പിൽ കാലോചിതമായ മാറ്റം നടപ്പിലാക്കുക എന്നിവ ടൂറിസം നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

(ബി) ഉണ്ട്. തദ്ദേശീയരായ ജനങ്ങൾക്ക് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പദ്ധതിയാണ് പെപ്പർ എന്ന ചുരുക്കെഴുത്തിലറിയപ്പെടുന്ന പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി ടൂറിസം പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം (PEPPER- Peoples's Participation for Participatory Tourism Planning and Empowerment Through Responsible Tourims). ഒരു പ്രദേശത്തിന്റെ സമഗ്ര ടൂറിസം വികസനത്തിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി ആ പ്രദേശത്ത് വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നു. ഗ്രാമസഭയെ തുടർന്ന് പ്രാദേശിക ടൂറിസം സാധ്യതകൾ രേഖപ്പെടുത്തുന്നതിനായി ടൂറിസം റിസോഴ്സ് മാപ്പിംഗ് നടത്തുകയും ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുകയും ചെയ്യുന്നു. ടൂർ പാക്കേജുകളും പ്രദേശവാസികൾക്കായി വിവിധ പരിശീലന പരിപാടികളും ഇതോടൊപ്പം സംഘടിപ്പിക്കുന്നു. ഇതിന്റെ തുടർച്ചയായി ആ പ്രദേശത്തെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നു. ഇപ്രകാരം വിവിധ തലങ്ങളിലൂടെ ടൂറിസം ആസൂത്രണം മുതൽ നിർവ്വഹണം വരെ പ്രാദേശിക പങ്കാളിത്തം ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് പെപ്പർ. ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന മോഡൽ ആർ ടി വില്ലേജസ്, ടൂറിസം റിസോഴ്സ് മാപ്പിംഗ് എന്നീ പദ്ധതികളും ടൂറിസം വികസനത്തിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പ് വരുത്തുന്നു.

(സി) കോട്ടയം ജില്ലയിലെ വൈക്കം പ്രദേശമാണ് പ്രാരംഭ ഘട്ടത്തിൽ ഈ പദ്ധതിക്കായി തെരഞ്ഞെടുത്തത്. പ്രാരംഭഘട്ടത്തിലെ ടൂറിസം ഗ്രാമസഭകൾ, റിസോഴ്സ് മാപ്പിംഗ് എന്നിവ നടന്നു കഴിഞ്ഞു. മലയാളം റിസോഴ്സ് ഡയറക്ടറി തയ്യാറായിട്ടുണ്ട്. ഇതിന്റെ ഇംഗ്ലീഷ് തർജ്ജമയുടെ കരട് തയ്യാറായിട്ടുണ്ട്. വിവിധ പരിശീലനങ്ങൾ പൂർത്തീകരിച്ചു. പരിശീലനം കിട്ടിയവർ യൂണിറ്റുകൾ രജിസ്റ്റർ

ചെയ്ത് ടൂറിസം മേഖലയിൽനിന്നും വരുമാനം നേടിത്തുടങ്ങി. വൈക്കത്തിന്റെ പ്രൊമോഷൻ വീഡിയോ തയ്യാറാക്കി. വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ മാർക്കറ്റ് ചെയ്തതിനാൽ ടൂറിസ്റ്റുകൾ വന്നുതുടങ്ങി. വൈക്കത്തെ പെപ്പർ പദ്ധതിയുടെ പ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തിയ ശേഷം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കി. വൈക്കം പ്രദേശത്തെ വെള്ളൂർ, തലയോലപ്പറമ്പ് എന്നീ 2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കേരളത്തിലെ വിവിധ ജില്ലകളിലായി 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും (കള്ളിക്കാട്, പെരിങ്ങമല-തിരുവനന്തപുരം ജില്ല, കാന്തല്ലൂർ-ഇടുക്കി ജില്ല, ആമ്പല്ലൂർ-എറണാകുളം ജില്ല, പുന്നയൂർക്കുളം, അതിരപ്പള്ളി-തൃശ്ശൂർ ജില്ല, കയ്യൂർ, ചീമേനി-കാസർഗോഡ് ജില്ല) പെപ്പർ പദ്ധതി ആരംഭിച്ചു. ഇതിൽ പെരിങ്ങമ്മല ഒഴികെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭ, സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റ്, പ്രാദേശിക സംരംഭകരുടെ മീറ്റ് എന്നിവ സംഘടിപ്പിച്ചു. എല്ലാ സ്ഥലങ്ങളിലെയും മലയാളം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി. അതിന്റെ ഇംഗ്ലീഷിലേയ്ക്കുള്ള തർജ്ജമ നടന്നുവരുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ പരിശീലനങ്ങൾ നടന്നുവരുന്നു. ഇതോടൊപ്പം പൊന്നാനി താലൂക്കിലെ 6 (പൊന്നാനി മുനിസിപ്പാലിറ്റി, മാറഞ്ചേരി, അലങ്കോട്, നന്നംമുക്ക്, പെരുമ്പടപ്പ്, വെളിയങ്കോട്) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും രണ്ടാംഘട്ടത്തിൽ പെപ്പർ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രൊമോഷണൽ വീഡിയോ തയ്യാറാക്കി മാർക്കറ്റ് ചെയ്തുവരുന്നു. മൂന്നാംഘട്ടമെന്ന നിലയിൽ 2019-20 സാമ്പത്തിക വർഷം നിലവിലുള്ള സ്ഥലങ്ങളിലെ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളും പുതിയതായി കുറഞ്ഞത് 10 കേന്ദ്രങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നിതിനുമായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

(ഡി) പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിനും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും പുത്തൻ സഞ്ചാരാനുഭവങ്ങൾ നൽകുന്നതിനും ടി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ടൂറിസം വകുപ്പ് നിരവധി പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം കേന്ദ്രങ്ങളിൽ കണക്ടിവിറ്റി, കഫറ്റേരിയ, ഭിന്നശേഷിക്കാർക്കായി പ്രത്യേക സൗകര്യമൊരുക്കൽ, സുരക്ഷാ സംവിധാനങ്ങൾ, ലൈറ്റ്, പാർക്കിംഗ് സൗകര്യങ്ങൾ, താമസ സൗകര്യം, ശുചീകരണ പ്രവർത്തനങ്ങൾ, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ, ബോട്ടിംഗ് സൗകര്യങ്ങൾ, ആശയ വിനിമയത്തിനായി ആധുനിക സംവിധാനങ്ങൾ എന്നിവയ്ക്കായി വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ടൂറിസം രംഗത്ത് പുത്തൻ കാൽവെയ്പ്പിനായി സജ്ജമാക്കുന്നതിനും എല്ലാ മേഖലയിലും സമഗ്രമായ മാറ്റത്തിനുമായി പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം രംഗം കൂടുതൽ

സജീവമാക്കുകയും കേരള ടൂറിസത്തെ കൂടുതൽ ആകർഷമാക്കാൻ കഴിയുകയും ചെയ്യുമെന്ന് കരുതുന്നു. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷിക്കാർക്ക് കൂടി പ്രാപ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ബാരിയർ ഫ്രീ കേരള ടൂറിസം. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2021-ഓടെ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**ടൂറിസം മേഖലയുടെ ശാക്തീകരണം**

14(344) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ ശാക്തീകരണത്തിന് ഇതര വകുപ്പുകളുമായി സഹകരിച്ച് നടപ്പുസാമ്പത്തികവർഷം പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ടൂറിസം വകുപ്പിന് മറ്റ് ഏതെല്ലാം വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുവാൻ സാധിച്ചുവെന്നും ഇതിനോടകം എന്തെല്ലാം കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞുവെന്നും അറിയിക്കുമോ;

(സി) ഈ മേഖലയിൽ നടപ്പുസാമ്പത്തികവർഷം എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ വികസന പദ്ധതികൾ ഏറെക്കുറെ എല്ലാംതന്നെ മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി മാത്രമേ നടപ്പാക്കാൻ സധിക്കുകയുള്ളൂ. വനം-വന്യജീവി വകുപ്പ്, ജലസേചന വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, പുരാവസ്തു വകുപ്പ്, ഫിഷറീസ് വകുപ്പ്, കെ.എസ്.ഇ.ബി., ദേവസ്വം ബോർഡുകൾ തുടങ്ങിയവയുമായി സഹകരിച്ചാണ് വകുപ്പിന്റെ വികസന പദ്ധതികൾ നടപ്പാക്കി വരുന്നത്. ഇതിൽ സംസ്ഥാന ഫണ്ടുപയോഗിച്ചുള്ള പദ്ധതിക്ക് പുറമെ കേന്ദ്രാവിഷ്കൃത ടൂറിസം പദ്ധതികളും ഉൾപ്പെടുന്നു. നടപ്പ് സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ കുടാലി-നായ്ക്കാലി ടൂറിസം

പദ്ധതിയും കോട്ടയം ജില്ലയിൽ വലിയമട വാട്ടർ ഫ്രണ്ട് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ സഹകരണത്തോടെ വയനാട് ജില്ലയിൽ തിരുനെല്ലി അമ്പലത്തിന്റെ പരിസരത്തുള്ള വികസന പ്രവർത്തനങ്ങൾക്കും സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ബി) നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

തിരുവനന്തപുരം

ഡാം ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് നെയ്യാർ - ജലസേചന വകുപ്പ്

മടവൂർപ്പാറ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് - പുരാവസ്തു വകുപ്പ്

പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് കോലത്തുകര-ദേവസ്വം ബോർഡ്

ടൂറിസം ഡെവലപ്മെന്റ് പ്രോജക്ട്, അണിയൂർ- ദേവസ്വം ബോർഡ്

കൺസ്ട്രക്ഷൻ ഓഫ് ഫെസിലിറ്റേഷൻ കം കൺവെൻഷൻ സെന്റർ & റിനോവേഷൻ ഓഫ് പോണ്ട് ഉദയ ആദിച്ചപുരം-ദേവസ്വം ബോർഡ്

കൊല്ലം

ഡെവലപ്മെന്റ് ഓഫ് ബ്രേക്ക് വാട്ടർ ടൂറിസം, തങ്കശ്ശേരി- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ശാസ്താംപാറ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് - തദ്ദേശസ്വയംഭരണ വകുപ്പ്

തൃശ്ശൂർ

തുമ്പൂർമൂഴി ടൂറിസം പ്രോജക്ട്, ബ്യൂട്ടിഫിക്കേഷൻ ഓഫ് പീച്ചി ഡാം ഏരിയ & ബോട്ടാണിക്കൽ ഗാർഡൻ - ഇറിഗേഷൻ വകുപ്പ്

കോഴിക്കോട്

ബീച്ച് വികസനം - തുറമുഖ വകുപ്പ്

കണ്ണൂർ

കുടാലി-നായ്ക്കാലി പദ്ധതി - തദ്ദേശസ്വയംഭരണ വകുപ്പ്

കോട്ടയം

വലിയമട വാട്ടർ ഫ്രണ്ട് പദ്ധതി - തദ്ദേശസ്വയംഭരണ വകുപ്പ്

വയനാട്

തിരുനെല്ലി അമ്പലത്തിന്റെ പരിസരത്തുള്ള വികസന പ്രവർത്തനങ്ങൾ - മലബാർ ദേവസ്വം ബോർഡ്

ആലപ്പുഴ

വേസൈഡ് അമിനിറ്റി സെന്റർ, തുറവൂർ - പി.ഡബ്ല്യു.ഡി.

കാസർഗോഡ്

ബേക്കൽ ഫോർട്ട് -കേന്ദ്ര പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ളത്.

നിലവിൽ ടൂറിസം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് മേൽ സൂചിപ്പിച്ച ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാധാരണയായി ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ മറ്റ് വകുപ്പുകളുടെ സാമ്പത്തിക സഹകരണം ഉണ്ടാകാറില്ല. എന്നാൽ ഈ പദ്ധതികളിൽ ഏറെക്കുറെ എല്ലാംതന്നെ മേൽ വിവരിച്ച വകുപ്പുകളുടെയോ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള ഭൂമിയിലാണ് നടപ്പിലാക്കിവരുന്നത്. ആയതിനുള്ള ഉപയോഗാനുമതി പ്രസ്തുത വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(സി) ഈ മേഖലയിൽ നടപ്പുസാമ്പത്തിക വർഷം 18.52 കോടി രൂപയുടെ പദ്ധതികൾക്കാണ് സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്.

## കൈത്തറി വ്യവസായ വിപുലീകരണത്തിന് പദ്ധതി

15(345) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്വാനത്തിന് തക്കതായ പ്രതിഫലം ലഭിക്കാത്തതിന്റെ പേരിൽ പുതുതലമുറയിൽപ്പെട്ടവർ കൈത്തറി നെയ്ത്ത് മേഖലയിലേയ്ക്ക് കടന്നുവരാത്ത സാഹചര്യത്തിൽ താല്പര്യമുള്ള യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള യുവ വീവ് പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണ്;

(ബി) നെയ്ത്തുകാരുടെ പുനരുദ്ധാരണത്തിനുള്ള വീട്ടിലൊരു തറി പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) വിദേശ രാജ്യങ്ങളിലും രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും കൈത്തറി ഉല്പന്നങ്ങളുടെ വിപണി കണ്ടെത്തി വ്യവസായ വിപുലീകരണത്തിന് പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി മേഖല. എന്നാൽ പല കാരണങ്ങളാൽ ഈ മേഖലയിൽ നിന്നും ധാരാളം തൊഴിലാളികൾ വിട്ടുപോകുന്നു. മാത്രമല്ല, നിലവിലെ നെയ്ത്ത് തൊഴിലാളികളിൽ ബഹുഭൂരിപക്ഷം പേരും 50 വയസ്സിന് മുകളിൽ പ്രായമുള്ള വരാണ്. ഈ സാഹചര്യത്തിലാണ് യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനായി യുവവീവ് പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. 2016-17 കാലഘട്ടം മുതൽ നടപ്പിലാക്കിയ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കൂടുതൽ നെയ്ത്തുകാരെ കണ്ടെത്തുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ടായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസ യോഗ്യതയുള്ള 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. കുടുംബശ്രീയുമായി യോജിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 20 പേർ വീതമടങ്ങിയ ഓരോ ബാച്ചിനും ആദ്യഘട്ടമായ 3 മാസത്തെ പരിശീലനത്തിന്റെ ആരംഭത്തിൽ 10 തറികൾ വീതവും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി ഒരു ലക്ഷം രൂപയും നൽകുന്നു. മാസ്റ്റർ വീവർ, അസിസ്റ്റന്റ് മാസ്റ്റർ വീവർ എന്നിവരുടെ സേവനം 3 മാസത്തേയ്ക്ക് ഓരോ ബാച്ചിനും നൽകിവരുന്നു. ആദ്യഘട്ട പരിശീലന കാലയളവിൽ ഒരു ദിവസം 200 രൂപ വീതം മാസം 25 ദിവസം എന്ന കണക്കിൽ 3 മാസത്തേയ്ക്ക് സ്റ്റൈപ്പന്റും നൽകുന്നു. 3 മാസത്തെ പരിശീലനത്തിന് ശേഷം ഓരോ ബാച്ചിനും വീണ്ടും 10 തറികൾ വീതം നൽകുന്നു.

പരിശീലനത്തിന്റെ രണ്ടാംഘട്ടമായ മൂന്ന് മാസത്തെ ഇൻക്യുബേഷൻ കാലത്തിൽ പരിശീലനം ലഭിച്ചവർ ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ ആരംഭിക്കുന്നു. ഇവർക്ക് വേതനമായി പ്രതിദിനം 125 രൂപ വീതം മാസം 25 ദിവസം എന്ന നിരക്കിൽ 3 മാസത്തേയ്ക്ക് കൂലിയോടൊപ്പം നൽകുന്നു. ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തറികളും നിർമ്മിച്ച് നൽകുന്നത് പൊതുമേഖലാ സ്ഥാപനമായ കാഡ്കോ വഴിയാണ്. ഈ പദ്ധതിയിലൂടെ ലഭിക്കുന്ന തറിയിൽ കുറഞ്ഞത് 5 വർഷമെങ്കിലും നെയ്തിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം അത്തരം തറികൾ ഏറ്റെടുത്ത് നെയ്ത്ത് തൊഴിലിൽ ഏർപ്പെടുവാൻ തയ്യാറാകുന്നവർക്ക് നൽകാം.

കഴിഞ്ഞ വർഷം കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട്, തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലായി 29 പേരടങ്ങുന്ന 15 ബാച്ചുകളിലായി 300 പേരെ പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ട പരിശീലനം എല്ലാ ബാച്ചുകളും പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ ഉല്പന്ന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിലും യുവവീവ് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കൈത്തറി നെയ്ത്ത് സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതിയുടെ കീഴിൽ 2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി പ്രകാരം നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതു പണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക (പരമാവധി 40,000 രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 72 പുതിയ തറികൾ വാങ്ങുവാൻ 28.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ മേൽപ്പറഞ്ഞ പുതിയ തറികൾ വാങ്ങി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വിദേശ രാജ്യങ്ങളിലും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും കൈത്തറി ഉല്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനായി "കൈത്തറി കയറ്റുമതി വിപണന പ്രോത്സാഹന" പദ്ധതി (വിറ്റുവരവിന്റെ 20% പരമാവധി 20 ലക്ഷം രൂപ) നിലവിലുണ്ട്. കൈത്തറി വസ്ത്രങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെടുന്നതും വിദേശ രാജ്യങ്ങളും മറ്റ് സംസ്ഥാനങ്ങളും പങ്കെടുക്കുന്നതുമായ ഇൻഡ്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, നാഷണൽ ഹാന്റ്ലൂം എക്സ്പോ ഉൾപ്പെടെയുള്ള ദേശീയ അന്തർ ദേശീയ എക്സിബിഷനുകളിൽ പങ്കെടുത്ത് ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പ്രാഥമിക കൈത്തറി സംഘങ്ങൾക്കും അപ്പെക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധനസഹായം നൽകിവരുന്നു. ഇതിനായി മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

## പരമ്പരാഗത കയർമേഖലയുടെ വികസനം

16(346) ശ്രീ. കെ. ദാസൻ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ തൊഴിലാളികളുടെ ജീവനോപാധി സംരക്ഷിക്കാനായി കയർമേഖലയിൽ നടപ്പിലാക്കി വരുന്ന ആധുനീകരണവും വൈവിധ്യവൽക്കരണത്തിലൂടെയുള്ള വിപണി വിപുലീകരണവും വിശദമാക്കാമോ;

(ബി) പൂർണമായ യന്ത്രവൽക്കരണത്തോടെ ആവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കുടുംബശ്രീ, നാളികേര ഉല്പാദക കമ്പനികൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ മുതലായവ വഴി ചകിരിയുല്പാദന മില്ലുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) ഉല്പാദന ചെലവിന് ആനുപാതികമായി കയറിന് വില ലഭ്യമാക്കുന്നതിന് ക്രയവില സ്ഥിരതാ പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരിയുടെയും കയറിന്റെയും കയറുല്പന്നങ്ങളുടെയും ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. തന്മൂലം കയർ മേഖലയിലെ തൊഴിലാളികളുടെ പ്രവൃത്തിദിനങ്ങൾ കൂടുകയും ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. 1-1-2019 മുതൽ തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽനിന്നും 350 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വിഹിതമായി ഇൻകം സപ്പോർട്ട് പദ്ധതിയിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷം 15.07 കോടി രൂപ നൽകിയിരുന്ന സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 22.64 കോടി രൂപ നൽകുന്നതിനും സാധിച്ചു. ഇത് പ്രവൃത്തിദിനങ്ങൾ വർദ്ധിച്ചു എന്നതിന്റെ തെളിവാണ്. കയർ ജിയോ ടെക്സ്റ്റൈയിൽസ് പദ്ധതി, കയർ കാർണിവൽ, കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കൽ, ബയന്റർലസ് കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി ഇവയാണ് വിപണി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ. സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ

പരിഗണന നൽകുന്നു. അന്താരാഷ്ട്ര മേളയായ "കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരുമായും ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉല്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിലും ഈ പദ്ധതി തുടരുന്നുണ്ട്.

(ബി) കയർ വ്യവസായ മേഖലയെ ആധുനിവത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനോടകം 75 ചകിരി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. കുടുംബശ്രീ, നാളികേര ഉല്പാദക കമ്പനികൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ മുതലായവയ്ക്ക് പദ്ധതി ചെലവിന്റെ 90 ശതമാനവും സ്വകാര്യ സംരംഭകർക്ക് 50 ശതമാനവും സബ്സിഡി നൽകി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു.

(സി) കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ ക്രയവില സ്ഥിരതാ പദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിജയകരമായി നടപ്പാക്കിവരുന്നു. വികേന്ദ്രീകരിക്കപ്പെട്ടുപോയ കയർ വ്യവസായ രംഗത്തെ ഏകോപിപ്പിച്ചുകൊണ്ട് കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പുവരുത്തുന്നതിനും ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും കയർ കയറ്റുമതിക്കാർക്ക് ഗുണ നിലവാരമുള്ള ഉല്പന്നങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അതോടൊപ്പം വ്യാവസായിക പ്രോത്സാഹനമായി ഇൻസന്റീവുകൾ നൽകുന്നതുമാണ് സർക്കാർ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷം ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിന് സബ്സിഡിയായി 29.42 കോടി രൂപയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് സബ്സിഡിയായി 30 കോടി രൂപയുമുൾപ്പെടെ ആകെ 59.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയ ബില്ലുകൾ

17 (347) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ വകുപ്പുകളിൽ നിന്നും സമർപ്പിച്ച കരാറുകാരുടെ ഉൾപ്പെടെയുള്ള അഞ്ച് ലക്ഷം രൂപയിൽ അധികമുള്ള ബില്ലുകൾ ട്രഷറി ക്യൂവിലേക്ക് മാറ്റിയിട്ടുണ്ടോ;

(ബി) പ്രസ്തുത ബില്ലുകൾ പാസ്സാക്കുമ്പോൾ ഏതു വർഷത്തെ വിഹിതത്തിൽ നിന്നാണ് കുറവ് വരുത്തുന്നത്;

(സി) ഈ നടപടിമൂലം വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക പാഴാകാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി സാമ്പത്തിക വർഷാവസാനം വൻതോതിൽ ബില്ലുകളും ചെക്കുകളും ട്രഷറിയിൽ സമർപ്പിക്കുന്നത് ഒരു സ്ഥിരം പ്രവണതയാണ്. ഇതിന്റെ ഫലമായി ട്രഷറികളിൽ സൃഷ്ടിക്കപ്പെടുന്ന അഭൂതപൂർവ്വമായ തിരക്ക് ബില്ലുകളുടെയും ചെക്കുകളുടെയും കൃത്യമായ പരിശോധനകളും സാമ്പത്തിക വർഷാന്ത്യത്തിനുള്ളിൽ ജോലികൾ പൂർത്തീകരിക്കുന്നതിനും വിഘാതം സൃഷ്ടിക്കാറുണ്ട്. ഇതുകൂടാതെ ട്രഷറികളുടെയും ബാങ്കുകളുടെയും സമ്പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക വർഷാവസാന ദിനം രാത്രി 12 മണിക്കുശേഷം മുൻവർഷത്തെ ട്രഷറി ഇൻസ്ട്രുമെന്റ്സ് ടി സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും പാസ്സാക്കി നൽകുവാൻ സാധിക്കാത്ത പശ്ചാത്തലം സംജാതമായിട്ടുണ്ട്. അതുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വൈകി സമർപ്പിച്ച ബില്ലുകൾ പൂർണ്ണമായി പാസ്സാക്കുവാൻ കഴിഞ്ഞിട്ടില്ല.

തിരക്ക് കണക്കിലെടുത്ത് ട്രഷറികളിൽ സാമ്പത്തിക വർഷാവസാനത്തെ ക്രയവിക്രയങ്ങൾ സുഗമമാക്കുന്നതിന് പര്യാപ്തമായ ക്രമീകരണങ്ങൾ കാലാകാലങ്ങളായി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ബില്ലുകൾ ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കുവാൻ നിഷ്കർഷിച്ച് പോരാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷവും ട്രഷറികളുടെ തിരക്ക് നിയന്ത്രിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ 23-3-2019-ലെ 27/2019/ധന. നമ്പർ സർക്കുലർ മുഖാന്തരം പുറപ്പെടുവിച്ചിരുന്നു.

30-3-2019-ന് 5 മണി വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ ടി സാമ്പത്തിക വർഷത്തിൽ പാസ്സാക്കാൻ സാധിക്കാത്തതുമായ എല്ലാ ബില്ലുകളും ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷം മാറുന്നതിന് ഡി.ഡി.ഒ. മാർ പാലിക്കേണ്ട വിശദമായ നടപടിക്രമം 10-4-2019-ലെ 31/2019/ധന. നമ്പർ സർക്കുലർ മുഖാന്തരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നടപടിക്രമം പാലിച്ച് ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ നിന്നും പാസ്സാക്കി നൽകിവരുന്നു. 2018-19 സാമ്പത്തിക വർഷം ട്രഷറി ക്യൂവിലേയ്ക്ക് 50003 ബില്ലുകൾ മാറ്റിയിരുന്നു. ഇവയിൽ 12-6-2019 വരെ 37757 ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 12246 ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലെ ways & means നിയന്ത്രണങ്ങൾക്ക് വിധേയമായി പാസ്സാക്കി നൽകുന്നതാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) അവസാനിച്ച സാഹചര്യത്തിൽ ടി സാമ്പത്തിക വർഷം പാസ്സാക്കാനാവാതെ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷത്തെ (2019-20) ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് മാത്രമേ മാറി നൽകുവാൻ സാധിക്കുകയുള്ളു.

(സി) ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുന്ന ബില്ലുകൾ അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് മാത്രമേ അനുവദിക്കാൻ കഴിയൂ. അതുകൊണ്ട് അപ്രകാരമുള്ള ബില്ലുകൾ അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുന്നത് വർഷങ്ങളായി അനുവർത്തിച്ചു പോരുന്ന നടപടിയാണ്. ആയത് ഈ വർഷവും തുടർന്നുവന്നുവെന്നേയുള്ളു.

## സ്വർണ്ണവ്യാപാര മേഖലയിൽ നിന്നുള്ള വരുമാനം

18 (348) <u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണത്തിന് ഏറ്റവും കൂടുതൽ ഉപഭോക്താക്കളുള്ള സംസ്ഥാനം എന്ന നിലയിൽ സംസ്ഥാനത്തുള്ള സ്വർണ്ണത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ;

(ബി) സ്വർണ്ണവ്യാപാര മേഖലയിൽനിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനം മൊത്തം സ്വർണ്ണവ്യാപാരത്തിന് ആനുപാതികമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; അല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത്ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന മേഖലകളിലൊന്നായ സ്വർണ്ണവ്യാപാരത്തിൽനിന്നും ആനുപാതികമായ വരുമാനം ലഭ്യമാക്കുന്നതിന് കർശനനടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(ഡി) സംസ്ഥാനത്തേക്ക് അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണത്തിന്റെ അളവ് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; അനധികൃത കടത്തുകാരിൽ നിന്നും പിടിച്ചെടുക്കുന്ന സ്വർണ്ണത്തിന്റെ കാര്യത്തിൽ സ്വീകരിക്കുന്ന അനന്തര നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്ത് സ്വർണ്ണവ്യാപാര മേഖലയിൽ നടക്കുന്ന അനഭിലഷണീയമായ പ്രവണതകൾ തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമല്ല.

(ബി) കേരളത്തിൽ നടക്കുന്ന സ്വർണ്ണ വ്യാപാരത്തിന് ആനുപാതികമായ നികുതി സംസ്ഥാനത്തിന് ലഭിക്കുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ട്. സ്വർണ്ണാഭരണ കച്ചവട രംഗത്ത് ബില്ലുകൾ നൽകാതെയുള്ള വില്പന വർദ്ധിച്ചു വരുന്നതായും എയർപോർട്ട്, റെയിൽവേ, ബസ്, മറ്റ് യാത്രാ വാഹനങ്ങൾ എന്നിവ മുഖേന അനധികൃതമായി സ്വർണ്ണം കടത്തിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണം വ്യാപാരികൾ ബില്ലുകൾ നൽകാതെ വില്പന നടത്താറുണ്ടെന്ന് സംശയിക്കുന്നു. വാറ്റ് നിയമം നിലവിലുണ്ടായിരുന്ന സമയത്ത് സംസ്ഥാനത്തെ ഏറെക്കുറെ എല്ലാ പ്രമുഖ സ്വർണ്ണാഭരണ വ്യാപാരികളും കോംപൗണ്ടിംഗ് നികുതി വ്യവസ്ഥ സ്വീകരിക്കുകയും അതിൻപ്രകാരം നികുതി ഒടുക്കുകയും ചെയ്തുവന്നിരുന്നു. ഇത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഗുണകരമായ ഒരു സമ്പ്രദായമായിരുന്നു. എന്നാൽ ജി. എസ്. ടി. സമ്പ്രദായം നിലവിൽ വന്നതോടുകൂടി ശതകോടികളുടെ വാർഷിക വിറ്റുവരവുള്ള പ്രമുഖ ജ്വലറികൾ കോംപൗണ്ടിംഗ് നികുതി വ്യവസ്ഥയിൽ നിന്ന് പുറത്തുപോവുകയും അത്തരക്കാരുടെ നികുതി ബാധ്യത തങ്ങൾ ഡിക്ലയർ ചെയ്യുന്ന വിറ്റുവരവിന് ആനുപാതികമായി കുറയുകയും ചെയ്തു.

(സി) ബിൽ നൽകാത്ത സ്വർണ്ണ വ്യാപാരികളെ സംബന്ധിച്ചുള്ള പരാതികളുടെയും ഇന്റലിജൻസ് വിഭാഗം നടത്തുന്ന രഹസ്യാന്വേഷണത്തിന്റെ ഭാഗമായി ലഭിക്കുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ബിൽ നൽകാതെ വില്പന നടത്തുന്ന വ്യാപാര സ്ഥാപനങ്ങളിൽ ചരക്ക് സേവന നികുതി നിയമ പ്രകാരം ടെസ്റ്റ് പർച്ചേസ് നടത്തുകയും ബിൽ നൽകുന്നില്ലെന്ന് കണ്ടെത്തിയാൽ പിഴ ചുമത്തുകയും ചെയ്തുവരുന്നു. ചരക്ക് സേവന നികുതി നിയമപ്രകാരം പ്രതിവർഷം 40 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് മാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിന്

നിയമപരമായ ബാധ്യതയുള്ളു. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ ക്രയവിക്രയങ്ങളെ സംബന്ധിച്ച വിവരങ്ങൾ റിട്ടേൺ മുഖേന സമർപ്പിക്കേണ്ടതാണ്. ആയത് പരിശോധന നടത്തി നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുന്നു. ബാഗുകളിലോ ചെറിയ സ്യൂട്ട്കേസുകളിലോ ഒളിപ്പിച്ച് കടത്താവുന്ന ചരക്കുകളാകയാൽ മറ്റ് ചരക്കുകളിൽ നിന്ന് വ്യത്യസ്തമായി സ്വർണ്ണാഭരണങ്ങളുടെ കള്ളക്കടത്ത് കണ്ടുപിടിക്കുക താരതമ്യേന വിഷമകരമാണ്. സ്വർണ്ണാഭരണങ്ങൾ കൊണ്ടു പോകുന്നതിന് ഇ-വേ ബിൽ ആവശ്യമില്ലാത്തതിനാൽ കണക്കിൽപ്പെടാത്ത സ്വർണ്ണാഭരണങ്ങൾ വ്യാപാരികളുടെ പക്കൽ എത്തിച്ചേരുന്നില്ലെന്ന് ഉറപ്പുവരുത്താനായി റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ട്രാൻസ്പോർട്ട് ബസ്സുകൾ എന്നിവ കേന്ദ്രീകരിച്ചും യാത്രാ വാഹനങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരം കാര്യക്ഷമമായ പരിശോധനയിലൂടെ നികുതി വെട്ടിപ്പിനുള്ള പഴുതുകൾ ഇല്ലാതാക്കാൻ ശ്രമിച്ചു വരുന്നു.

(ഡി) ഉണ്ട്. അനധികൃതമായി സ്വർണ്ണം കടത്തിക്കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സംസ്ഥാന പോലീസ് വകുപ്പ് ആയത് പിടികൂടി അളന്ന് തിട്ടപ്പെടുത്തി CrPC 102 വകുപ്പ് പ്രകാരം സ്വർണ്ണം ബന്തവസ്സിൽ എടുത്ത് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച് തുടരന്വേഷണത്തിനായി കേസ് കേന്ദ്ര എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറുകയാണ് ചെയ്തുവരുന്നത്. കൂടാതെ അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണാഭരണങ്ങൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടാൽ നിയമപ്രകാരമുള്ള നികുതിയും പിഴയും ഈടാക്കാറുണ്ട്.

(ഇ) അനധികൃത സ്വർണ്ണക്കടത്ത് പോലുള്ള കുറ്റകൃത്യം തടയുന്നതിന് സംസ്ഥാന പോലീസ് വകുപ്പ്, എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ എന്നിവ കേന്ദ്രീകരിച്ച് പട്രോളിംഗ്, വാഹന പരിശോധന എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. കൂടാതെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, ബിൽ നൽകാതെയുള്ള അനധികൃതമായ കച്ചവടം നിരുത്സാഹപ്പെടുത്തുന്നതിനായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും പത്ര ദൃശ്യമാധ്യമങ്ങളിൽ കൂടി ബോധവൽക്കരണം നൽകിവരുന്നു. വില്ക്കപ്പെടുന്ന സാധനങ്ങൾക്ക് ബിൽ നൽകുന്നതിന് വ്യാപാരികൾ നിയമപരമായി ബാധ്യസ്ഥരാണ്. വ്യാപാരികൾ വില്പന ഘട്ടത്തിൽ ബിൽ കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് തുടങ്ങിയ പരിശോധനകൾ നടത്തിവരുന്നുണ്ട്. ബിൽ നൽകാതിരിക്കുന്നതിലൂടെ കണക്കിൽപ്പെടാത്ത വില്പന കണ്ടെത്തുന്ന കേസ്സുകളിൽ നികുതി, പിഴ എന്നിവ ചുമത്തി ശിക്ഷാ നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. കൂടാതെ അനധികൃതമായി കൊണ്ടുവരുന്ന സ്വർണ്ണം കണ്ടുപിടിച്ചാൽ ആയതിന് നികുതിയും പിഴയും ഈടാക്കാറുണ്ട്.

ലീഗൽ മെട്രോളജി നിയമത്തിന്റെ പരിധിയിൽ വരുന്ന സ്വർണ്ണ വ്യാപാര മേഖലയിലെ വിഷയങ്ങളിന്മേൽ നിരന്തരമായി പരിശോധനകൾ നടത്തുന്നതിന് പുറമേ മിന്നൽ പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങളിന്മേൽ ലീഗൽ മെട്രോളജി വകുപ്പ് കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന പക്ഷം സ്വർണ്ണത്തിന്റെ ശുദ്ധത പരിശോധിക്കുന്നതിന് എറണാകുളത്ത് ലീഗൽ മെട്രോളജി ഭവനിൽ ഗോൾഡ് അസ്സേയിംഗ് & ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നു.

## കൺസ്യൂമർഫെഡിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

19 (349) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്ന തരത്തിൽ കൺസ്യൂമർ ഫെഡിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ആയിരത്തി മുന്നൂറിലധികം കോടി രൂപയുടെ ബാധ്യത ഉണ്ടായിരുന്ന സ്ഥാപനത്തെ ലാഭകരമാക്കുന്നതിന് നടത്തിയ പ്രവർത്തനം അറിയിക്കാമോ;

(സി) കൺസ്യൂമർ സംഘങ്ങളുടെ പ്രവർത്തനം പൊതുവിൽ നഷ്ടരഹിത മാക്കുന്നതിന് നടത്തുന്ന ഇടപെടൽ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) നെല്ല് സംഭരണം, സംസ്കരണം, അരിയുടെ വിപണനം തുടങ്ങിയ കാര്യങ്ങൾക്കായി പാലക്കാട് ജില്ലയിൽ രൂപീകരിച്ച സഹകരണ സംഘ കൂട്ടായ്മയുടെ പ്രവർത്തനം അറിയിക്കാമോ;

(ഇ) മൂല്യവർദ്ധനവിലൂടെ വാണിജ്യ വിളകൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്കരണ സഹകരണ സംഘങ്ങൾ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; റബ്കോ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ അവശ്യ വസ്തുക്കളുടെ വില നിലവാരം നിയന്ത്രി ക്കുന്നതിൽ പൊതുവിപണിയിൽ ശക്തമായി ഇടപെട്ടുവരുന്ന കൺസ്യൂമർഫെഡിനെ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. ജനാധിപത്യപരമായ തെരഞ്ഞെടുപ്പിലൂടെ പുതിയ ഭരണ സമിതി അധികാരമേറ്റിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. സാധനങ്ങളുടെ ഗുണനിലവാരവും വിലക്കുറവും ഉറപ്പുവരുത്തി പർച്ചേസ് നടത്തുന്നതിനായി ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കി വില്പന യോഗ്യമല്ലാതെ കെട്ടിക്കിടന്നിരുന്ന സാധനങ്ങൾ, ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയ വാഹനങ്ങൾ എന്നിവ നടപടിക്രമങ്ങൾ പാലിച്ച് പരസ്യലേലം വഴി വിറ്റഴിച്ചു. ജീവനക്കാരെ ശാസ്ത്രീയമായി തിട്ടപ്പെടുത്തി, അധികമായി നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിപ്പിച്ചു. നഷ്ടത്തിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയതായി കണ്ടെത്തിയ നന്മ സ്റ്റോറുകൾ നിർത്തലാക്കി. 2012-13 വർഷം മുതൽ 2015-16 വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിക്കുന്നതിനായി ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപംനൽകി. 2012-13, 2013-14 വർഷത്തെ ഫിനാൻഷ്യൽ ആഡിറ്റ് പൂർത്തീകരിച്ചു. 2009 മുതൽ 2014 വരെയുള്ള കാലങ്ങളിൽ ഉത്സവ വിപണികൾ സംഘടിപ്പിച്ചതിലെ സബ്സിഡി ഇനത്തിൽ സർക്കാർ കുടിശ്ശികയായി നൽകുവാനുണ്ടായിരുന്ന

ബാക്കിനിൽപ്പ് തുക ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫെഡറേഷന് നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 154.9132 കോടി രൂപ 2018-19 സാമ്പത്തിക വർഷം വരെ കൺസ്യൂമർഫെഡിന് നൽകിയിട്ടുണ്ട്.

ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികളിലൂടെ ത്രിവേണി വിഭാഗത്തിന്റെ മൊത്തം വില്പന 2015-16-ൽ 86.76 കോടി രൂപ ആയിരുന്നതിൽനിന്നും 2016-17-ൽ 105.03 കോടി രൂപയും 2017-18-ൽ 287.69 കോടി രൂപയും 2018-19-ൽ 339.65 കോടി രൂപയുമായി വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ പ്രവർത്തന ലാഭം നേടുന്നതിനും ഫെഡറേഷനെ പ്രാപ്തമാക്കിയിട്ടുണ്ട്.

(സി) കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പൊതുവിൽ നഷ്ട രഹിതമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്ന സർക്കാർ മൂലധന സഹായം 2,70,000 രൂപയിൽനിന്നും 5,00,000 രൂപയായും മാനേജീരിയൽ സബ്സിഡിയായി നൽകിവന്നിരുന്ന 30,000 രൂപ, 50,000 രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. കൺസ്യൂമർ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം ലാഭകരമാക്കുകയെന്ന ലക്ഷ്യത്തോടെ വ്യാപാര ആവശ്യത്തിലേക്ക് സ്കൂൾ സംഘങ്ങൾക്ക് ഒരു ലക്ഷം രൂപയും കോളേജ് സംഘങ്ങൾക്ക് രണ്ടുലക്ഷം രൂപയും ഗ്രാന്റ് നൽകുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നീതി സ്റ്റോറുകൾക്ക് ഓഹരി, പലിശ രഹിത വായ്പ്, സബ്സിഡി എന്നീ ഇനങ്ങളിലായി നൽകി വന്നിരുന്ന 25,000 രൂപ ഒരു ലക്ഷം വരെയായി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ കൺസ്യൂമർ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 69,88,500 രൂപ ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ നെൽ കർഷകർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി നെല്ല് സംഭരണം യഥാസമയം നടക്കാത്തതാണ്. തൻമൂലം കുറഞ്ഞവിലയ്ക്ക് ഇടനിലക്കാർക്ക് നെല്ല് വിൽക്കേണ്ടി വരുന്നതുകാരണം കർഷകർ കടക്കെണിയിലാകുന്നു. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ സഹകരണം മേഖലയിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് ആയതിന് കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോടെയുള്ള ഒരു ആധുനിക റൈസ് മിൽ സ്ഥാപിക്കുകയും സംഭരിക്കുന്ന നെല്ലും സംഭരിച്ച അരിയും സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സഹകരണ വകുപ്പും ജില്ലയിലെ സഹകാരികളും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2018 ഡിസംബർ 29-ന് "പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS)." എന്ന പേരിൽ ജില്ലയിലെ 26 പ്രാഥമിക സഹകരണ ബാങ്കുകൾ അംഗങ്ങളായ ഒരു സഹകരണ സംഘം രൂപീകരിച്ചു. ടി സംഘത്തിന്റെ അംഗീകൃത മൂലധനം 30 കോടി രൂപയാണ്. സംഘം ഓഹരി മൂലധനമായി 7 കോടി 80 ലക്ഷം രൂപ നാളിതുവരെ സമാഹരിച്ചിട്ടുണ്ട്. പ്രതിദിനം 200 മെട്രിക് ടൺ ശേഷിയുള്ള ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും ഇതിനോട് ചേർന്ന 4 ഗോഡൗണുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതിയാണ് സംഘം സമർപ്പിച്ചിട്ടുള്ളത്. 31.93 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) മൂല്യവർദ്ധനവിലൂടെ വാണിജ്യവിളകൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ മെമ്പർമാരായ കൃഷിക്കാരിൽ നിന്നും ഗുണമേന്മയുള്ള നാടൻ കൊപ്ര തെരെഞ്ഞെടുത്ത് സ്വന്തം മില്ലിൽ നിന്നും വെളിച്ചെണ്ണ ഉണ്ടാക്കി വിൽക്കുക, സംഘത്തിന്റെ വെളിച്ചെണ്ണ ഉപയോഗിച്ച് ഹെയർ ഓയിൽ നിർമ്മിച്ച് വിൽപ്പന നടത്തുക, മലഞ്ചരക്ക് സാധനങ്ങളായ കുരുമുളക്, ഏലം, റബ്ബർ എന്നിവ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് വിൽപ്പന നടത്തുക എന്നിവ സംസ്കരണ-സഹകരണ സംഘങ്ങൾ നടത്തുന്ന പ്രധാന പ്രവർത്തനങ്ങളാണ്. സ്വാഭാവിക റബ്ബറിന്റെ വില കുത്തനെ ഇടിഞ്ഞത് കേരളത്തിലെ ചെറുകിട നാമമാത്ര കർഷകരെ പ്രതിസന്ധി യിലാക്കുകയും ചെയ്ത ഘട്ടത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ കേരളത്തിൽ ആരംഭിച്ചതു വഴി റബ്ബറിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഹവായ് ചെരുപ്പുകൾ, പ്രിക്വയേർഡ്. ട്രെഡ് റബ്ബർ, റബ്ബർ കോമ്പൗണ്ട് മിക്സിംഗ് എന്നിവയും കയറും ലാറ്റക്സും ഉപയോഗിച്ച് നിർമ്മിക്കുന്ന റബ്ബറൈസ്ഡ് കയർ മാട്രസ്സ് യൂണിറ്റ് ആരംഭിക്കുകവഴി റബ്ബർ പാലിന്റെയും കയറിന്റെയും മൂല്യവർദ്ധനവിലൂടെ മെച്ചപ്പെട്ട വില ലഭ്യമാക്കാനും സാധിച്ചു. റബ്ബർ തടി ട്രീറ്റ് ചെയ്ത് ഫർണിച്ചറുണ്ടാക്കുന്ന സംരംഭം ആരംഭിച്ചതുവഴി റബ്ബർ തടിക്ക് കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാൻ തുടങ്ങി. പച്ചത്തേങ്ങയിൽ നിന്നും ആസ്ട്രേലിയൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നേരിട്ട് വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിച്ചതുവഴി പച്ചത്തേങ്ങയിൽ നിന്നും ആസ്ട്രേലിയൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നേരിട്ട് വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിച്ചതുവഴി നാളികേരത്തിൽ നിന്നും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാമെന്നും തെളിയുകയുണ്ടായി. നെൽകൃഷി നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടുക, സ്വകാര്യ കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുക, നെൽകർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുക, സംഭരിക്കുന്ന നെല്ല് ഗുണമേന്മയുള്ള അരിയാക്കി കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ സഹകരണ വിപണന സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. തേയില കർഷകരെ സഹായിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സഹകരണ ടീ ഫാക്ടറികൾ പ്രവർത്തിച്ചു വരുന്നു.

മൂല്യവർദ്ധനവിലൂടെ വാണിജ്യ വിളകൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ റബ്കോ വിവിധ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. റബ്ബർത്തടി പ്രോസസ് ചെയ്ത് മെച്ചപ്പെട്ട ഫർണിച്ചർ ഉല്പാദിപ്പിച്ചുകൊണ്ടും ലാറ്റക്സ്, കയർ തുടങ്ങിയവ ഉപയോഗിച്ച് റബ്ബറൈസ്ഡ് കയർ മെത്തകൾ നിർമ്മിച്ചുകൊണ്ടും സ്വാഭാവിക റബ്ബർ ഉപയോഗിച്ച് ചെരുപ്പ്, പ്രിക്വയേർഡ് ട്രെഡ് റബ്ബർ മുതലായവ ഉല്പാദിപ്പിച്ച് പച്ചത്തേങ്ങ ഉപയോഗിച്ചുകൊണ്ട് വെർജിൻ കോക്കനട്ട് ഓയിൽ സൗന്ദര്യ വർദ്ധക ഉല്പന്നങ്ങൾ എന്നിവ നിർമ്മിച്ചുകൊണ്ടും മൂല്യവർദ്ധനവ് നടത്തി വാണിജ്യ വിളകൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്ന പ്രവർത്തനങ്ങളിൽ റബ്കോ വിജയിച്ചിട്ടുണ്ട്.

## വ്യവസായ വികസനത്തിനുള്ള വൈദ്യുതി

20(350) ശ്രീ. എം. നൗഷാദ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായവികസനത്തിന് അനിവാര്യമായ വൈദ്യുതി ആവശ്യാനുസരണം തടസ്സരഹിതമായി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഊർജ്ജകേരളം മിഷന്റെ പ്രവർത്തനപുരോഗതി അറിയിക്കുമോ; ഭൂമി ലഭ്യത ദുഷ്കരമായതിനാൽ സ്ഥലത്തിന്റെ വിനിയോഗം വർദ്ധിപ്പിച്ച് നിലവിലുള്ള 220 കെ.വി. ടവറിൽതന്നെ പുതിയ 400 കെ.വി. ലൈനും വലിക്കുന്നരീതി പുതുതായി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഉദയ് പദ്ധതിപ്രകാരം സംസ്ഥാനം നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; ഈ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും എത്ര സഹായം ലഭ്യമായിട്ടുണ്ട്; ഉപഭോഗം കൂടുതലുള്ള ഉപയോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി നിർദ്ദേശിച്ച പ്രകാരം ഊർജ്ജക്ഷമത കൈവരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാത്തരം ഉപഭോക്താക്കൾക്കും ആവശ്യമായ വൈദ്യുതി ആവശ്യാനുസരണം തടസ്സരഹിതമായി ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കിവരുന്നു. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾക്ക് പുറമെ നിർമ്മാണത്തിലും പരിഗണനയിലുള്ളതുമായ KSEB-യുടെ സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കുന്നതാണ്.

അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ചു. ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള 'സൗര' പദ്ധതി വഴി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ പദ്ധതികളിൽനിന്നും ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉല്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ നിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവേ സോളാർ പദ്ധതികളിൽനിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഉള്ളത്. രണ്ടുഘട്ടങ്ങളിലായി 10,000 കോടി രൂപ മൂലധന വിഹിതം ആവശ്യമുള്ള പദ്ധതിയാണിത്. ഈ പദ്ധതി നടപ്പാക്കുന്നതോടെ സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ ശേഷി ഗണ്യമായി ഉയരുകയും പ്രസരണ നഷ്ടം പരാമവധി കുറയ്ക്കുകയും ചെയ്യാനാകും. ഒന്നാംഘട്ടം 2021-ൽ പൂർത്തിയാകും. പുതിയ 400 കെ.വി. ട്രാൻസ്മിഷൻ ലൈനുകൾ വലിക്കുക, പുതിയ 220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക/വലിക്കുക,, നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുക മുതലായ ജോലികൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ദ്യുതി 2021. വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾതലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. "ദ്യുതി 2021" പദ്ധതിയിൽ

വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 9936 k.m ഹൈടെൻഷൻ ലൈനുകൾ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, HT & LT അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്യുക, ഫോൾട്ട് പാസ്സ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക, ആവശ്യമായ ലൈനുകളിൽ ABC അല്ലെങ്കിൽ കവേർഡ് കണ്ടക്ടർ വലിക്കുക, മുതലായ ആധുനികവൽക്കരണങ്ങൾ ഉൾപ്പെടുന്നു. വിതരണ ശൃംഖലയിലെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരാമവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുക എന്ന ദൗത്യമാണ് ദ്യുതി 2021-ൽ ലക്ഷ്യമിടുന്നത്.

(ബി) ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

'ദ്യുതി 2021':-

കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവത്കരിക്കുകയും ചെയ്തുകൊണ്ട് വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് 2021-ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾതലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ട്രാൻസ്ഗ്രിഡ് 2.0

പ്രസരണ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ട്രാൻസ്ഗ്രിഡ് 2.0" . 400 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പുഗലൂർ-മാടക്കത്തറ 2000 MW HVDC ഇടനാഴിയുടെ അനുമതി ലഭിച്ചതിന്റെ ഭാഗമായുള്ള വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനും CEA-യുടെ planning നിലവാരമനുസരിച്ചുള്ള

പ്രസരണ ശൃംഖല സംസ്ഥാനത്ത് നിർമ്മിക്കുന്നതിനുമായാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ നിലവിലുള്ള 110 കെ. വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400/220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നു. ആകെ 10000 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 400 കെ.വി.-യുടെ 507 സർക്യൂട്ട് കി.മീ. ലൈനും 220 കെ.വി.-യുടെ 1965 സർക്യൂട്ട് കി.മീ. ലൈനും 110 കെ.വി.യുടെ 2009 സർക്യൂട്ട് കി.മീ. ലൈനും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഭൂമി ലഭ്യത ദുഷ്കരമായതിനാൽ നിലവിലുള്ള 220 കെ.വി., 110 കെ.വി. ലൈനുകളുടെ വൈദ്യുതി ഇടനാഴി ഉപയോഗിച്ച് യഥാക്രമം 400/220 കെ.വി. ലൈനുകൾ നിർമ്മിക്കുന്നതിനായി പുതിയ മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ടവറുകൾ രൂപകല്പന നടത്തിയിട്ടുണ്ട്. പ്രസ്തുത ടവറുകൾ ഉപയോഗിച്ചുള്ള നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം നിർമ്മിച്ച മാടക്കത്തറ മുതൽ മലാപറമ്പ (മലപ്പുറം) 400/220 കെ.വി. ലൈനിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഒന്നാംഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. മലപ്പുറം-മഞ്ചേരി ലൈൻ പാക്കേജിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു.

3 ലൈൻ പാക്കേജുകളുടെയും 2 സബ്സ്റ്റേഷൻ പാക്കേജുകളുടെയും പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 5 ലൈൻ പാക്കേജുകളുടെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ നൽകിക്കഴിഞ്ഞു. 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>സൗര</u>

മൂന്ന് വർഷങ്ങൾകൊണ്ട് സൗരോർജ്ജ ഉല്പാദനത്തിൽനിന്നും 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന സൗര പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉല്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽ 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പാർക്കിൽ 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവേ സോളാർ പദ്ധതികളിൽ നിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ഫിലമെന്റ് രഹിത കേരളം

ഗാർഹിക മേഖലയിൽ നിലവിലുള്ള INCANDESCENT LAMP, CFL ഇവയ്ക്കുപകരമായി 9W LED ബൾബുകളും ഫ്ലൂറസെന്റ് ട്യൂബുകൾക്ക് പകരമായി 18W/20W LED ട്യൂബുകളും ഉപയോഗിക്കുക എന്നതാണ് ഫിലമെന്റ് രഹിത പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

ഈ പദ്ധതിപ്രകാരം ഏകദേശം 7.5 കോടി എൽ.ഇ.ഡി. ബൾബുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്. ഒരു ഗാർഹിക ഉപഭോക്താവിന് ആവശ്യമുള്ളത്ര എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതാണ്. ഓരോ ഉപഭോക്താക്കൾക്കും നൽകുന്ന എൽ.ഇ.ഡി. ബൾബുകളുടെ വില ഒരു വർഷം നീണ്ടു നിൽക്കുന്ന തുല്യ ഗഡുക്കളായി കെ.എസ്.ഇ.ബി. ബിൽ വഴി തിരികെ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടത്തിൽ എൽ.ഇ.ഡി. ട്യൂബുകളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിനായി എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

ഇ-സേഫ്

'വൈദ്യുതി അപകടരഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഇ-സേഫ്"

(സി) KSEB-യും കേരള സർക്കാരും കേന്ദ്ര സർക്കാരും ഒപ്പുവച്ചിട്ടുള്ള ഉദയ് പദ്ധതിയുടെ ധാരണാപത്രം പ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ KSEB-ക്ക് ബാധ്യതയുണ്ട്.

1. പ്രസരണ വിതരണ സഞ്ചിത നഷ്ടം (AT&C Loss) 2018-19 ആകുമ്പോൾ 11 ശതമാനമായി കുറയ്ക്കുക.
2. എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും മീറ്ററുകൾ സ്ഥാപിക്കുക.
3. ഗ്രാമീണ മേഖലയിലെ 11 കെ.വി. ഫീഡറുകളുടെ ഊർജ്ജ ഓഡിറ്റുകൾ നടത്തുക.
4. ഡെൽപ് പദ്ധതി നടപ്പിലാക്കുക.
5. എല്ലാ ഫീഡറുകൾക്കും AMR മീറ്ററുകൾ സ്ഥാപിക്കുക.
6. ഊർജ്ജക്ഷമത കൈവരിക്കുന്നതിനായി BEE നിഷ്കർഷിച്ചിട്ടുള്ള പാറ്റ് സ്കീം നടപ്പിലാക്കുക.

7. DDUGJY, IPDS തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

8. 11 KV ഫീഡറുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുക.

9. പ്രതിമാസ ഉപഭോഗം 500/200 യൂണിറ്റിന് മുകളിലുള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

10 ഇ.ആർ.പി. സംവിധാനം ഏർപ്പെടുത്തുക.

ഉദയ് പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാനം എന്ന നിലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വിവര സാങ്കേതികവിദ്യാടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസനം) പദ്ധതി പ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിലുള്ള 3.2 ലക്ഷം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത ഉപഭോക്താക്കളെ തെരഞ്ഞെടുത്തത് അവരുടെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല. 6 കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട 17 ഇലക്ട്രിക്കൽ സെക്ഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ഡി) ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി പ്രധാനമായും ലക്ഷ്യമിടുന്നത് ഊർജ്ജ സംരക്ഷണവും ഊർജ്ജക്ഷമതയുമാണ്. ഇത് നിർവ്വഹിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭാഗത്തുനിന്നും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതി.

2. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിലെ എനർജി ഓഡിറ്റിംഗ്

3. കെ.എസ്.ഇ.ബി.എൽ.ന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമെന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

4. വിതരണ മേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം

5. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി

6. സബ് സ്റ്റേഷനുകളിലെ ഊർജ്ജ ഓഡിറ്റിംഗ്

7. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി എന്ന പദ്ധതി

8. തെരുവ് വിളക്കുകളുടെ ഊർജ്ജ സംരക്ഷണം

നിയുക്ത ഊർജ്ജ ഉപഭോക്താക്കൾ

കേന്ദ്ര സർക്കാർ പാസ്സാക്കിയ ഊർജ്ജ സംരക്ഷണ നിയമം 2001 (Energy Conservation Act 2001) പ്രകാരം 12 തലങ്ങളിൽപ്പെട്ട വൻകിട വ്യവസായശാലകളെ നിയുക്ത ഉപഭോക്താക്കളായി (Designated Consumers) പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം 9 വ്യവസായശാലകളാണ് കേരളത്തിലുള്ളത്.

സ്റ്റാംൻഡേർഡ് ആന്റ് സ്റ്റാർ ലേബലിംഗ് പ്രോഗ്രാം

ഊർജ്ജസംരക്ഷണ നിയമം വകുപ്പ് 14(b) (d) അനുസരിച്ച് വൈദ്യുതി ഉപകരണങ്ങളുടെ ഊർജ്ജകാര്യക്ഷമത ജനങ്ങളുടെ അറിവിലേയ്ക്കായി പ്രദർശിപ്പിക്കേണ്ടതുണ്ട്. അതിൻപ്രകാരം 10 വൈദ്യുതോപകരണങ്ങൾ സ്റ്റാർ ലേബലിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ 12 ഉപകരണങ്ങൾക്ക് സ്വമേധയാ (voluntary) സ്റ്റാർ ലേബലിംഗും നിലവിൽ വന്നിട്ടുണ്ട്. ഇത്തരം വൈദ്യുതോപകരണങ്ങളുടെ കാര്യക്ഷമത പടിപടിയായി ഉയർത്തി ഊർജ്ജം സംരക്ഷിക്കുക എന്നുള്ളതാണ് ലക്ഷ്യം.

ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് (ECBC)

വാണിജ്യ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് 100kVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യം വരുന്ന കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിയിട്ടുണ്ട്. അതനുസരിച്ച് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കോഡ് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിന്റെ ഭാഗമാക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

ഊർജ്ജസംരക്ഷണ നിധി

ഊർജ്ജസംരക്ഷണ നിയമപ്രകാരം എല്ലാ സംസ്ഥാനങ്ങളും ഊർജ്ജസംരക്ഷണ നിധി രൂപീകരിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരും ബി.ഇ.ഇ.-യും തുക നിക്ഷേപിച്ചാണ് നിധി രൂപീകരിക്കുന്നത്. കേരളത്തിൽ സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി നിലവിൽ വരികയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

ഡമോൺസ്ട്രേഷൻ പ്രോജക്ടുകൾ

ബി.ഇ.ഇ.-യുടെ സാമ്പത്തിക സഹായത്തോടെ വൈദ്യുതി വിതരണ മേഖലയിലെ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി കേരളത്തിലെ 15 ട്രാൻസ്ഫോർമറുകളുടെ ഊർജ്ജ കാര്യക്ഷമത പഠനം നടത്തുകയുണ്ടായി. ഇതിലെ ഊർജ്ജനഷ്ടം കൂടുതൽ സംഭവിക്കുന്ന 5 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

സർക്കാർ കെട്ടിടങ്ങൾ

ബി.ഇ.ഇ.-യുടെ സാമ്പത്തിക സഹായത്തോടെ സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സൗജന്യ എനർജി ഓഡിറ്റ് നടത്തുന്ന പദ്ധതി നിലവിലുണ്ട്.

ഗവൺമെന്റ് സ്കൂളുകളിലെ ഊർജ്ജ കാര്യക്ഷമത പ്രവർത്തനങ്ങൾ

സർക്കാർ സ്കൂളുകളെ ഊർജ്ജ കാര്യക്ഷമത കൂടിയ സ്കൂളുകളായി മാറ്റുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സ്കൂളുകളിൽ എനർജി ഓഡിറ്റ് നടത്തിവരുന്നു.
- സ്കൂളുകളിൽ നിലവിലുള്ള ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങൾ സ്ഥാപിക്കുക.
- പുനരുല്പാദന ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ

മാതൃകാ ഊർജ്ജ കാര്യക്ഷമത ഗ്രാമ പഞ്ചായത്ത് പദ്ധതി

ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജ കാര്യക്ഷമതാ ഗ്രാമ പഞ്ചായത്ത് പദ്ധതി നിലവിലുണ്ട്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുമായി സഹകരിച്ച് കേരളത്തിൽ 2 ഗ്രാമപഞ്ചായത്തുകളിൽ പെരളശ്ശേരി (കണ്ണൂർ), രാജക്കാട് (ഇടുക്കി) ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ശില്പശാലകൾ

പൊതുമേഖലാ സ്ഥാപനങ്ങൾ, നിയുക്ത ഉപഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ, സർട്ടിഫൈഡ് എനർജി ഓഡിറ്റേഴ്സ് ആന്റ് മാനേജേഴ്സ് എന്നിവർക്കായി ഊർജ്ജ സംരക്ഷണത്തെപ്പറ്റിയും ഊർജ്ജ മേഖലയിലെ നൂതന ടെക്നോളജിയെപ്പറ്റിയും ശില്പശാലകൾ നടത്തിവരുന്നു.

സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ മേഖല (Micro Small Medium Enterprises (MSME)

MSME മേഖലയിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ മേഖലകളിൽ ട്രെയിനിംഗ്, ബോധവൽക്കരണ പരിപാടികൾ, എനർജി ഓഡിറ്റ് എന്നിവ നടത്തിവരുന്നു. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം, ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി എന്നിവയുടെ സഹകരണത്തോടുകൂടി കേരളത്തിലെ ക്ഷീര മേഖലയിൽ ഊർജ്ജ കാര്യക്ഷമതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

## തൊഴിൽരഹിതർക്ക് വ്യവസായ വകുപ്പിന്റെ പദ്ധതികൾ

21 (351) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യവസായ വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; പരമാവധി എന്ത് തുകയാണ് വായ്പയായി നൽകുന്നത്;

(ബി) അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിക്കുന്നത് കണക്കിലെടുത്ത് വകുപ്പ് മുൻകൈ എടുത്ത് നടപ്പ് സാമ്പത്തികവർഷം പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) തൊഴിൽരഹിതരായ അഭ്യസ്തവിദ്യരുടെ അഭിരുചിക്ക് അനുസൃതമായി തൊഴിൽ പരിശീലനം നൽകി അവരെ കർമ്മോന്മുഖരാക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിലേയ്ക്കായി ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭിക്കുന്ന സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

I. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ വനിതാ സംരംഭകർക്കും യുവ സംരംഭകർക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20 ശതമാനം സാമ്പത്തിക സഹായം നൽകുന്നു, പരമാവധി 30 ലക്ഷം രൂപ.

II. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭകർ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

III. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

IV. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപന ങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

V. വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ അനുവദിക്കുന്ന ടേം ലോൺ അടിസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കാൻ തുടങ്ങുന്ന ഉല്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതിപ്രകാരം അർഹമായ സഹായത്തിന്റെ 50 ശതമാനം വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു.

ടി പദ്ധതി പ്രകാരം ഒരു സംരംഭകന് പരമാവധി 30 ലക്ഷം രൂപ സബ്സിഡിക്ക് അർഹതയുണ്ട്.

<u>നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി</u>

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ്‌വർക്ക് വിഭാഗത്തിൽപ്പെട്ടതുമായ വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6 ശതമാനം സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8 ശതമാനം വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരുദ്ധാരണ പദ്ധതി

എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ഒരു വിദഗ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.കളെ കണ്ടെത്തി അനുയോജ്യമായരീതിയിൽ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിന് പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി (Kerala State MSME Revival and Rehabilitation Scheme) നടപ്പിലാക്കി വരുന്നു.

കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

കരകൗശല മേഖലയിലെ ആർട്ടിസാൻമാർക്ക് സ്ഥിരമൂലധനത്തിന്റെ 40 ശതമാനം, പരമാവധി 2 ലക്ഷം രൂപയും വനിതകൾ/യുവാക്കൾ/ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് 50 ശതമാനം, പരാമവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്.

കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം നടപ്പിലാക്കിവരുന്നു. ഈ പദ്ധതി മുഖേന ജില്ലാ വ്യവസായ കേന്ദ്രം ഗുണഭോക്താക്കളെ കണ്ടെത്തി DLTFC (District Level Task Force Committee) മുമ്പാകെ സമർപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികളും സംരംഭകന് ആവശ്യമായ സഹായങ്ങളും ചെയ്തുകൊടുക്കുന്നതാണ്.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 100 യുവ സംരംഭകർക്ക് 20 കോടി രൂപ മൂലധനസഹായം അനുവദിക്കുകയുണ്ടായി. വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5 ശതമാനം പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം നിരവധി സംരംഭകത്വ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി പുതിയ സംരംഭകരേയും ചെറുകിട വ്യവസായികളേയും ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും സംരംഭകത്വ വികസന പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ഇൻവെസ്റ്റേഴ്സ് മീറ്റ്, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു. കൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി. യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിലായി സ്റ്റാർട്ടപ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തിവരുന്നു.

**കായികോപകരണങ്ങളുടെ നിർമ്മാണകേന്ദ്രം**

22(352) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കമ്പനികളുടെ കായികോൽപ്പന്നങ്ങളും ഉപകരണങ്ങളും കായികപ്രേമികളെ പരിചയപ്പെടുത്തുന്നതിനായി രാജ്യാന്തര എക്സ്പോ സംഘടിപ്പിച്ചിരുന്നോ;

(ബി) ഇത് കായികരംഗത്ത് പ്രവർത്തിക്കുന്നവർക്ക് എത്രമാത്രം പ്രയോജനകരമായിരുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ആധുനിക കായികോപകരണങ്ങളുടെ നിർമ്മാണകേന്ദ്രം മലബാർ മേഖലയിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) കായിക രംഗത്തെ അത്യാധുനിക സാങ്കേതികവിദ്യകളും സങ്കേതങ്ങളും കായിക പ്രേമികളെ പരിചയപ്പെടുത്തുന്നതിനായി 2019 മാർച്ച് 7, 8, 9 തീയതികളിൽ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ

വച്ച് കേരള സ്പോർട്ടക്സ് 2019 എന്ന പേരിൽ അന്താരാഷ്ട്ര സ്പോർട്സ് എക്സ്പോ നടത്തിയിരുന്നു. കായികക്ഷമത, ശാരീരികക്ഷമത, വിനോദം എന്നീ മേഖലകളിൽ ഉപയോഗപ്പെടുത്താവുന്ന ആയിരത്തിൽപ്പരം ഉല്പന്നങ്ങളുടെ പ്രദർശനമാണ് എക്സ്പോയിൽ നടന്നത്. പ്രാരംഭഘട്ടമെന്ന നിലയിൽ ഉൽപ്പന്നങ്ങളുടെ പ്രദർശനം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 44 പ്രമുഖ കായികോപകരണ നിർമ്മാതാക്കൾ/വിതരണക്കാർ ടി എക്സ്പോയിൽ പങ്കെടുക്കുകയുണ്ടായി. പ്രദർശനത്തിന്റെ ഭാഗമായി കായിക മേഖലയിലൂന്നിയ കായിക അടിസ്ഥാന സൗകര്യങ്ങൾ, ആധുനിക രീതിയിലുള്ള കായിക പരിശീലനം, കായിക മേഖലയിലെ കോർപ്പറേറ്റ് ഫണ്ട് സ്വരൂപിക്കൽ, സ്പോർട്സ് മാർക്കറ്റിംഗ് എന്നീ വിഷയങ്ങളിൽ ഈ രംഗത്തെ പ്രഗത്ഭരായ വ്യക്തികളെ ഉൾപ്പെടുത്തി കോൺഫറൻസുകൾ സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് അമച്വർ ബോക്സിംഗ് അസോസിയേഷന്റെ ഫൈറ്റ് നൈറ്റ്, കേരള കളരിപ്പയറ്റ് അസോസിയേഷന്റെ കളരിപ്പയറ്റ്, തിരുവനന്തപുരം ബോഡി ബിൽഡിംഗ് അസോസിയേഷന്റെ മിസ്റ്റർ സ്പോർട്സ്, കേരള കരാട്ടെ അസോസിയേഷന്റെ കരാട്ടെ, കേരള ബാസ്കറ്റ് ബോൾ അസോസിയേഷന്റെ സൂപ്പർ ഫിനിഷ്, സ്കൂബ ഡൈവിംഗ്, അണ്ടർ വാട്ടർ ഗെയിംസ് എന്നിവയുടെ അവതരണവും സ്പോർട്സ് എക്സ്പോയോടനുബന്ധിച്ച് നടത്തിയിരുന്നു. മൂന്ന് ദിവസങ്ങളിലുമായി പ്രദർശനം കാണുന്നതിനും കോൺഫറൻസുകളിൽ പങ്കെടുക്കുന്നതിനും ഒട്ടേറെ പേർ എത്തുകയും എക്സിബിഷന്റെ തുടർന്നുള്ള പതിപ്പുകൾ കൂടുതൽ വിപുലമായി സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. പ്രസ്തുത എക്സ്പോയിൽ വില്പന കൂടി സംഘടിപ്പിക്കുകയാണെങ്കിൽ അന്തർദേശീയ നിലവാരത്തിലുള്ള കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഉപകാരപ്പെടുന്നതാണ്. തുടർ വർഷങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിൽ വിപുലമായി സ്പോർട്സ് എക്സ്പോ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## റവന്യൂ വർദ്ധനവിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ

23 (353) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഇടിവുണ്ടാക്കിയതും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളുടെ ആഘാതവും ജി.എസ്.ഡി.പി.-യുടെ വളർച്ചാത്തോത് കുറവാകുന്നതിനിടയാക്കിയിട്ടുള്ള സാഹചര്യം സംസ്ഥാനത്തെ ധനദൃഢീകരണ പ്രക്രിയയെയും പദ്ധതി പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കാതിരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കടമെടുപ്പ് പരിധി ഉയർത്തണമെന്ന സംസ്ഥാനാവശ്യത്തോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിക്കാത്ത സാഹചര്യത്തിൽ മൂലധന ചെലവ് ഗണ്യമായി ഉയർത്തുന്നതിനായി ചെയ്തു വരുന്ന പ്രവർത്തനങ്ങളും അക്കാര്യത്തിൽ കിഫ്ബിയുടെ പങ്കും വിശദമാക്കാമോ;

(സി) തനത് നികുതി-നികുതിയേതര റവന്യൂ വർദ്ധനവിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്തുടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയം, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധന ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനഃസൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധനനയത്തിൽ ഒരു അടിസ്ഥാന തിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബഡ്ജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തങ്ങളിൽ ഊന്നിനിന്നുകൊണ്ടും ധനദൃഢീകരണം സാദ്ധ്യമാക്കുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പലമടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ

വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

8. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 എപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എക്കാലവും സാമൂഹിക മേഖലയ്ക്ക് വളരെയധികം ഊന്നൽ നൽകിയിട്ടുള്ള ഒരു സംസ്ഥാനമായിരുന്നു കേരളം. ഇതിന്റെ ഫലമായാണ് ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഒട്ടുമിക്ക സാമൂഹിക വികസന സൂചികകളിലും പല വികസിത രാഷ്ട്രങ്ങളോടും കിടപിടിക്കുന്ന വളർച്ച കൈവരിക്കുവാൻ കേരളത്തിനായത്. എന്നാൽ

ഈ സൂചിപ്പിച്ച വളർച്ച അടിസ്ഥാന സൗകര്യ വികസനങ്ങളിൽ കൈവരിക്കുവാൻ കേരളത്തിന് കഴിഞ്ഞിരുന്നില്ലെന്ന് മാത്രമല്ല കാലാകാലങ്ങളിൽ ഈ അന്തരം വർദ്ധിച്ചുവന്നിരുന്നു. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന ഈ വിടവ് നികത്തുന്നതിന് ആവശ്യമായ ധനം കണ്ടെത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികളുണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് പോലെയുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടിയാണ്. ഇതിനെല്ലാം പുറമെ കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളുടെയും ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങളുടെയും ഫലമായി സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്ന സാഹചര്യമാണ് നിലവിൽ സംസ്ഥാനത്തുള്ളത്.

സാമ്പത്തിക മാന്ദ്യത്തിനുള്ള പ്രതിവിധി എന്ന നിലയിലാണ് 2016-17 ബജറ്റ് പ്രസംഗത്തിലെ മാന്ദ്യവിരുദ്ധ പാക്കേജിൽ കിഫ്ബിയിലൂടെയുള്ള ധനസമാഹരണം പ്രഖ്യാപിച്ചത്. ഇത്തരം സാഹചര്യത്തിൽ കിഫ്ബി പോലെയുള്ള സംവിധാനങ്ങളിലൂടെ മാത്രമേ ഒരു മാന്ദ്യവിരുദ്ധ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കൂ എന്ന തിരിച്ചറിവിൽ നിന്നായിരുന്നു ഈ തീരുമാനം. അമ്പത്തിനാലായിരം കോടി രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ പ്രഖ്യാപിച്ചിരിക്കുന്നത്. സംസ്ഥാന ബഡ്ജറ്റിനതീതമായി പണം കണ്ടെത്തി അടിസ്ഥാന ആവശ്യങ്ങൾക്കായി ചെലവഴിച്ച് നാടിന്റെ വികസനത്തിൽ വൻ കുതിച്ചുചാട്ടമുണ്ടാക്കുക എന്നതാണ് കിഫ്ബിയുടെ പിന്നിലെ ആശയം.

ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിന് കിഫ്ബിക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിക്കേണ്ടിവരും. ഈ പദ്ധതികളെല്ലാം തന്നെ കേരള സംസ്ഥാനത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണെന്നിരിക്കെ ഇപ്പോൾ വായ്പ എടുത്ത് നടപ്പിലാക്കിയില്ലെങ്കിൽ പത്തോ, പതിനഞ്ചോ വർഷങ്ങൾക്കുശേഷം നടപ്പിലാക്കുമ്പോൾ ഇതിന്റെ പതിൻമടങ്ങ് ചെലവ് വരുമെന്ന വസ്തുത തിരിച്ചറിയേണ്ടതായുണ്ട്. അത് ഇന്ന് എടുക്കുന്ന വായ്പയുടെ തിരിച്ചടവിന്റെ ചെലവിനേക്കാൾ വളരെ കൂടുതലായിരിക്കുമെന്നത് നിസ്സംശയമാണ്.

കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ KIIF ആക്ടിൽ മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോളിനുള്ള സെസ്സിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഓരോ വർഷവും കിഫ്ബിക്ക് കൈമാറണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുവാൻ ഈ വരുമാനം മതിയാകും. KIIF ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിലേ കിഫ്ബിയുടെ കടമെടുപ്പും തിരിച്ചടവും ഉണ്ടാവുകയുള്ളൂ. അതിനാൽ അധികമായ ഒരു ബാദ്ധ്യതയും വരാൻ

പോകുന്നില്ല. കൂടാതെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കാനും സാമ്പത്തിക വളർച്ച കൈവരിക്കുവാനും കേരളത്തിന് സാധിക്കുന്നതാണ്.

(സി) തനത് നികുതി-നികുതിയേതര റവന്യൂ വർദ്ധനവിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(i) സർക്കാർ വകുപ്പുകൾ/പൊതുമേഖല ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ നൽകുന്ന എല്ലാ സേവനങ്ങൾക്കുമുള്ള ചാർജ്ജുകൾ 5% വർദ്ധിപ്പിച്ചു.

(ii) സംസ്ഥാനത്തിന് അകത്തുള്ള സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിന് ഒരു ശതമാനവും അഞ്ചാം പട്ടികയിൽ വരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും സെസ്സ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(iii) ചരക്ക് സേവന നികുതിയിലുള്ള ചോർച്ച തടയുന്നതിനായി വാർഷിക റിട്ടേൺ പരിശോധന, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം ഉപയോഗിച്ചുള്ള തൽസമയ ഇ-വേ ബിൽ പരിശോധന അടക്കമുള്ള ഭരണപരമായ നടപടികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(iv) വാറ്റ് ആനംസ്റ്റി, റവന്യൂ റിക്കവറി നടപടികളോടൊപ്പം ഊർജ്ജിതമായി നടപ്പിലാക്കുവാൻ തിരുമാനിച്ചിട്ടുണ്ട്.

(v) നികുതി കുടിശ്ശികകൾക്കായി സമഗ്ര ആനംസ്റ്റി പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(vi) ബിയർ, വൈൻ ഉൾപ്പെടെയുള്ള എല്ലാത്തരം മദ്യങ്ങളുടെയും ആദ്യ വില്പനയിലെ നികുതി 2% വർദ്ധിപ്പിച്ചു.

(vii) 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച മോട്ടോർ വാഹന നികുതി കുടിശ്ശിക അടയ്ക്കുവാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷവും തുടരും.

(viii) പുതിയതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാറുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചു.

(ix) രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതാണ്.

(x) ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധന വരുത്തുവാൻ നടപ്പ് ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുണ്ട്.

(xi) താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ആഡംബര നികുതി നിരക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുതുക്കുന്നതാണ്.

(xii) പാട്ടക്കുടിശ്ശികയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(xiii) ലോട്ടറി ഉൾപ്പെടയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

**ട്രഷറി ഇടപാടുകൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ**

24(354) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ട്രഷറി വകുപ്പിൽ നടപ്പിലാക്കുന്ന വികസന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സംവിധാനത്തിന്റെ ഭാഗമായി ട്രഷറി ഇടപാടുകാർക്ക് ലഭ്യമാകുന്ന മൂല്യവർദ്ധിതസേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ട്രഷറി വകുപ്പ് നേരിട്ട് എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി ചില സാങ്കേതിക കാരണങ്ങളാൽ ഫലപ്രാപ്തിയിൽ എത്താത്ത സാഹചര്യത്തിൽ ഇടപാടുകാർക്ക് ബാങ്കുകളുടെ കോ-ബ്രാൻഡഡ് കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ട്രഷറി ഇടപാടുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ തത്സമയം ഇടപാടുകാരെ അറിയിക്കുന്നതിനായി തെരഞ്ഞെടുത്ത സേവനങ്ങൾക്ക് എസ്.എം.എസ്. നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവൽകരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ നടപ്പിലാക്കിയ പദ്ധതിയാണ് സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS). വിവര സാങ്കേതികവിദ്യയുടെ

എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുക, മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക തുടങ്ങിയവയാണ് IFMS-ന്റെ ഉദ്ദേശ്യം. ആധുനിക കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിൽ ഇ-ഗവേർണൻസ് പദ്ധതിയുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള മഹത്തായ കാൽവയ്പ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. IFMS സംവിധാനത്തിൽ വളരെ പ്രധാനമായ താഴെപ്പറയുന്ന ഘടകങ്ങളാണുള്ളത്.

(i) Revenue Management- e-treasury

ലോകത്ത് എവിടെനിന്നും സർക്കാരിലേയ്ക്ക് 24 മണിക്കൂറും കറൻസി രഹിത ഇടപാടുകൾക്കുള്ള സൗകര്യം.

(ii) Budget Management

(iii) Expenditure Management

സംസ്ഥാനത്ത് എല്ലായിടത്തും സമാനമായ രീതിയിൽ ധനവിനിയോഗം നടപ്പിലാക്കുന്നതിനായി കേന്ദ്രീകൃത ട്രഷറി മാനേജ്മെന്റ് സംവിധാനം Core TIS-ലൂടെ സാധ്യമാകുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ e-kuber പോർട്ടലുമായി ബന്ധിപ്പിച്ച് പണം ഇടപാടുകാരുടെ അക്കൗണ്ടിൽ എത്തിക്കുന്നു.

(iv) SPARK

സംസ്ഥാനത്തെ മുഴുവൻ ജീവനക്കാരുടെയും സർവ്വീസ് സംബന്ധമായ എല്ലാ വിവരങ്ങളും വെബ് അധിഷ്ഠിത സെൻട്രൽ ഡേറ്റാ ബേസായ സ്പാർക്കിൽ ലഭ്യമാണ്. ജീവനക്കാരുടെ എച്ച്. ആർ. സംബന്ധമായ എല്ലാ ബില്ലുകളും സ്പാർക്കിലൂടെ ഓൺലൈനായി സമർപ്പിക്കുന്നു.

(v) Bill Information Management System (BIMS)

സർക്കാർ വകുപ്പിലെ എച്ച്. ആർ. ഇതര എല്ലാ ബില്ലുകളും BIMS-ലൂടെ ഓൺലൈനായി സമർപ്പിക്കുന്നു.

(vi) Budget Allocation and Monitoring System (BAMS)

വിവിധ വകുപ്പുകൾക്കുള്ള ബഡ്ജറ്റ് അലോട്ടുമെന്റുകൾ ഓൺലൈനായി വിതരണം ചെയ്യുവാൻ സാധിക്കുന്നു.

(vii) കേന്ദ്രീകൃത പെൻഷൻ നിർവ്വഹണ സംവിധാനം (PIMS)

സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന എല്ലാ പെൻഷൻകാരെയും കേന്ദ്രീകൃത പെൻഷൻ സംവിധാനത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. ഓൺലൈൻ മസ്റ്ററിംഗിനുള്ള സൗകര്യം (Jeevan Praman) നിലവിൽ വന്നു.

(viii) ട്രഷറി കോർ ബാങ്കിംഗ് സംവിധാനം

ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നതോടുകൂടി ഏത് ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിനും പണം നിക്ഷേപി ക്കുന്നതിനും സാധിക്കുന്നുണ്ട്. വിവിധ യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യം ഉടൻ നിലവിൽ വരുന്നതാണ്. ഏത് അക്കൗണ്ടിലേയ്ക്കും പണം ഇലക്ട്രോണിക്കായി കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ട്.

(ix) അക്കൗണ്ട്സ് മാനേജ്മെന്റ് (IAMS)

കമ്പ്യൂട്ടർവത്കൃത സംവിധാനത്തിലൂടെ വരവുചെലവ് കണക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കാൻ കഴിയുന്നു. അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ ട്രഷറിയും അക്കൗണ്ടന്റ് ജനറലുമായി ഓൺലൈനായി കൈമാറ്റം ചെയ്യാൻ കഴിയുന്നു.

(x) Ways and Means Management (WAMS)

ഫലപ്രദമായ ലിക്വിഡിറ്റി മാനേജ്മെന്റിനായി ഓൺലൈൻ സംവിധാനമായ WAMS-മുഖേന സാധിക്കുന്നു.

<u>മറ്റ് സൗകര്യങ്ങൾ</u>

സർക്കാർ സേവനങ്ങൾക്കായി ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെയും ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും പണമടയ്ക്കുന്നരീതി നിലവിൽ വന്നുകഴിഞ്ഞു. ഫെഡറൽ ബാങ്കുമായി സഹകരിച്ച് ബാങ്കുകളുടെ നെറ്റ്വർക്ക് ഉൾപ്പെടുത്തി ബാങ്കുകളുടെ എ.റ്റി.എം.-കളിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള എ.റ്റി.എം. കാർഡ് ഏർപ്പെടുത്തി റ്റി.എസ്.ബി. ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ധന മാനേജ്മെന്റ് കൂടുതൽ ഫലപ്രദമാക്കു ന്നതിന് ഓൺലൈൻ പേയ്മെന്റുകൾ നടക്കുന്ന സമയത്തുതന്നെ അവയുടെ വിവരങ്ങൾ സർക്കാരിന് അപ്പപ്പോൾത്തന്നെ അറിയാൻ കഴിയുന്നു.

തൽസമയ മോണിറ്ററിംഗും ഇപ്പോൾ സാധ്യമാകുന്നുണ്ട്. കൂടാതെ ട്രഷറി അക്കൗണ്ട്സ് തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനുമുള്ള IAMS മുദ്ര പ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വില്പനയും മാനേജ് ചെയ്യുന്ന തിനുള്ള CRA; ഇ-കുബേർ സംവിധാനവുമായുള്ള സംയോജനം-ഇടപാടുകാർക്ക് തുക അക്കൗണ്ടുകളിൽ നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന സംവിധാനം

ഇ-പോസ് മെഷീനുകൾ- സർക്കാർ സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് എന്നിവ വഴി നേരിട്ട് സർക്കാർ അക്കൗണ്ടുകളിലേയ്ക്ക് എത്തിക്കുന്നരീതി എന്നീ സംവിധാനങ്ങളും നിലവിൽ സാധ്യമാണ്.

സെൻട്രൽ സർവ്വർ അപ്ഗ്രഡേഷൻ

IFMS പോലൊരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിനായി ദിനംപ്രതി വർദ്ധിച്ചുവരുന്ന ഡേറ്റായുടെ വലിപ്പവും ഇടപാടുകളിലെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കണക്കിലെടുത്ത് ട്രഷറി വകുപ്പ് ഒരു ദ്വിമുഖ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിക്കുകയും അടിയന്തര ആവശ്യകത മുൻനിർത്തി ട്രഷറി സെൻട്രൽ സെർവറിന്റെ ഡേറ്റാ സ്റ്റോറേജായ SAN (Storage Area Network)-ന്റെ കപ്പാസിറ്റി 50 TB ആയി ഉയർത്തുകയും ചെയ്തു. SAN കപ്പാസിറ്റി കൂടുന്നതോടെ സെർവറിന്റെ കാര്യക്ഷമത ഉയരുന്നതാണ്.

ട്രഷറിവൈഡ് ഏര്യ നെറ്റ്വർക്ക്

ട്രഷറി പ്രവർത്തനങ്ങൾക്കുള്ള ഇന്റർനെറ്റ് നെറ്റ്വർക്ക് 2mpbs വേഗതയിലുള്ള ബി.എസ്.എൻ.എൽ.-ന്റെ ലീസ്ഡ് ലൈൻ കണക്റ്റിവിറ്റിയാണ്. സെൻട്രൽ സെർവർ ആർക്കിടെക്ചറിൽ പ്രവർത്തിക്കുന്ന ട്രഷറികളിൽ തടസ്സമില്ലാത്ത ഇന്റർനെറ്റ് കണക്റ്റിവിറ്റി അത്യന്താപേക്ഷിതമാണ്. അതിനാൽ തടസ്സമില്ലാതെ കണക്റ്റിവിറ്റി ഉറപ്പുവരുത്തുന്നതിന് വ്യത്യസ്തമായ സേവന ദാതാവിൽനിന്ന് ഒരു സെക്കണ്ടറി കണക്റ്റിവിറ്റി അനിവാര്യമാണ്. സർക്കാർ ഈ ആവശ്യം പരിഗണിച്ച് Railtel-ന്റെ കണക്റ്റിവിറ്റി ട്രഷറി വകുപ്പിന് ലഭ്യമാക്കു ന്നതിനുള്ള 50.22 ലക്ഷം രൂപയുടെ പ്രോജക്ട് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറികളിൽ Railtel കണക്റ്റിവിറ്റി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

ട്രഷറി വകുപ്പിന്റെ പ്രൈമറി നെറ്റ്വർക്ക് കണക്റ്റിവിറ്റിയായ ബി.എസ്. എൻ.എൽ.-ന്റെ നെറ്റ്വർക്കിന്റെ വേഗത 2 mpbs മാത്രമായിരുന്നു. മാറിയ സാഹചര്യത്തിൽ ട്രഷറികളുടെ വേഗതയേറിയ പ്രവർത്തനത്തിന് ഇത് അപര്യാപ്തമാണ്. ഇത് 10 mpbs ആയി 2018-ൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) (a) <u>ഇന്റർനെറ്റ് ബാങ്കിംഗ്</u>

വ്യക്തിഗത ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ഇപ്പോൾ നെറ്റ്ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന നടപടി പൂർത്തിയായിക്കഴിഞ്ഞു. സുരക്ഷ മുൻനിർത്തി ഈ സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെയും ട്രഷറി വകുപ്പിലെയും ട്രഷറി അക്കൗണ്ട് ഉടമകളായ ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഒരു നിശ്ചിതകാലം ഈ ഇടപാടുകൾ നിരീക്ഷിച്ച ശേഷവും ആവശ്യമായ മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയായ ശേഷവും ഈ സൗകര്യം എല്ലാ ട്രഷറി ഇടപാടുകാർക്കും ലഭ്യമാക്കുന്നതാണ്. ഇന്റർനെറ്റ് ബാങ്കിംഗ് പൂർണ്ണതോതിൽ ലഭ്യമാക്കുന്നതോടുകൂടി ഇടപാടുകാർക്ക് ഈ സൗകര്യം ഉപയോഗിച്ച് ട്രഷറി അക്കൗണ്ട് മുഖേന അവരുടെ ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നിങ്ങനെയുള്ള യൂട്ടിലിറ്റി പേയ്മെന്റുകളും നടത്താവുന്നതാണ്. ഇതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

(b) <u>മൊബൈൽ ആപ്ലിക്കേഷൻ</u>

ട്രഷറി അക്കൗണ്ടുടമകൾക്ക് 'Kerala-TSB' എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് 'Kerala-Pension' എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് Google Playstore-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെനിന്നും ഇടപാടുകാർക്ക് ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ട്രഷറി അക്കൗണ്ടുടമകൾക്ക് ഈ ആപ്ലിക്കേഷൻ മുഖേന അക്കൗണ്ട് ബാലൻസ്, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ കാണാവുന്നതാണ്. പെൻഷൻകാർക്ക് പെൻഷൻ ക്രെഡിറ്റ്, പെൻഷൻ റിവിഷൻ, ഡി.എ. റിവിഷൻ, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നീ വിവരങ്ങൾ ഈ ആപ്ലിക്കേഷനിൽ ലഭ്യമാകും. സ്പാർക്ക് ഓൺ മൊബൈൽ എന്ന പുതിയ ഒരു മൊബൈൽ ആപ്ലിക്കേഷനും പുറത്തിറക്കിയിട്ടുണ്ട്. ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങളും ലീവ്, ശമ്പള വിവരങ്ങൾ എന്നിവയും പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(c) ഇ-റ്റി.എസ്.ബി.

സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി വകുപ്പ് ഇ-റ്റി.എസ്.ബി. അഥവാ എംപ്ലോയ്സ് റ്റി.എസ്.ബി. എന്ന പുതിയ ക്ലാസ് ഓഫ് അക്കൗണ്ട് തുടങ്ങി സർക്കാർ ജീവനക്കാരുടെ

ശമ്പള വിതരണം പൂർണ്ണമായും ഈ അക്കൗണ്ട് മുഖേന നിർവ്വഹിക്കാനാണ് ലക്ഷ്യമിടുന്നത്. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം ഉപയോഗിച്ച് ഇ-റ്റി.എസ്.ബി. യിൽ നിന്നുള്ള പിൻവലിക്കൽ ജീവനക്കാരന് ക്രമീകരിക്കാവുന്നതാണ്. അങ്ങനെ ഇ-റ്റി.എസ്.ബി.യിൽ നിശ്ചിത കാലത്തിൽക്കൂടുതൽ സൂക്ഷിക്കുന്ന തുകയ്ക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിനേക്കാൾ കൂടിയ നിരക്കിൽ സർക്കാർ പലിശ നൽകുന്ന കാര്യം പരിശോധനയിലാണ്. ഈ ക്രമീകരണം ആകർഷകമായതിനാൽ മാസത്തിലെ തുടക്ക ദിവസങ്ങളിൽ ഉണ്ടാകുന്ന അസാധാരണമായ ക്യാഷ് ഔട്ട് ഫ്ലോ മാനേജ് ചെയ്യുന്നതിൽ നിലവിൽ സർക്കാർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണാനാകുന്നതാണ്.

(d) ISO 27001 Certification

ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് എന്നിവയ്ക്ക് സജ്ജമായ വളരെ ഉയർന്ന നിരക്കിൽ ഡിജിറ്റൽ മോഡിൽ പേയ്മെന്റും ഫണ്ട് ട്രാൻസ്ഫറും നിർവ്വഹിക്കുന്ന ഒരു സ്ഥാപനമാണ് സംസ്ഥാന ട്രഷറി വകുപ്പ്. ഇത്രയുംകാലം സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ ഭാഗമായുള്ള സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിലും അത് നടപ്പിലാക്കുന്നതിലും പൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയായിരുന്ന വകുപ്പും പ്രൊഫഷണൽ സപ്പോർട്ട് നൽകുന്ന എൻ.ഐ.സി.-യും. അതുകൊണ്ടുതന്നെ സൈബർ സെക്യൂരിറ്റി ഭീഷണിയെക്കുറിച്ച് ഗൗരവമായ വിലയിരുത്തൽ നടത്തുന്നതിനോ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സംവിധാനം കെട്ടിപ്പടുക്കുന്നതിനോ വകുപ്പിന് ശ്രദ്ധ കേന്ദ്രീകരിക്കാനായില്ല. എന്നാൽ മാറിയ സാഹചര്യത്തിൽ ഇത്തരം കാര്യങ്ങളെ ഗൗരവത്തോടെ സമീപിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. ധനകാര്യ ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ISO 27001 Standard പ്രകാരമുള്ള ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സംവിധാനമാണ് നിലവിൽ സ്വീകാര്യമായത്. അതിനായി വകുപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഇപ്രകാരം ഒരു ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സംവിധാനം ലഭ്യമാക്കുന്നതിനും വകുപ്പിന് ISO 27001 Certification നേടിത്തരുന്നതിനും M/s Ernst and Young LLP New Delhi-യെ തെരഞ്ഞെടുക്കുകയും ട്രഷറി ഡയറക്ടർ ഓഫീസിന് സമീപത്തായിത്തന്നെ ഒരു ഓഫീസ്

സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ഇത് സംബന്ധിച്ച വിശദമായ അവബോധം എല്ലാ ട്രഷറി ജീവനക്കാർക്കും നൽകുന്നതിനുള്ള പരിശീലന പരിപാടി എല്ലാ ജില്ലാ ട്രഷറികളിലും നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞു. ഈ കൺസൾട്ടന്റ് വകുപ്പിന് ISO 27001 Standard പ്രകാരമുള്ള ഒരു ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സംവിധാനം ലഭ്യമാക്കാൻ സഹായിക്കുന്നതും അതിന്റെ സർട്ടിഫിക്കറ്റ് നേടിത്തരുന്നതുമായിരിക്കും.

(e) GeM-മായുള്ള സംയോജനം

സർക്കാർ വകുപ്പുകളുടെ പർച്ചേസുകൾ കേന്ദ്ര സർക്കാർ ഇ-കൊമേഴ്സ് പോർട്ടലായ GeM മുഖേന നിർവ്വഹിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളുടെ ആവശ്യകതയില്ലാതെ ട്രഷറി മുഖേന തന്നെ GeM-ന് പേയ്മെന്റ് നൽകി സർക്കാർ വകുപ്പുകളുടെ പർച്ചേസ് സാധ്യമാക്കുന്നതിന് GeM പോർട്ടലും സംസ്ഥാന ട്രഷറിയും തമ്മിലുള്ള സംയോജനം ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. ഇതിലൂടെ പർച്ചേസ് തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് അഡ്വാൻസ് ആയി നിക്ഷേപിക്കാതെ തന്നെ വകുപ്പുകൾക്ക് അവരുടെ പർച്ചേസ് നിർവ്വഹിക്കാവുന്നതാണ്.

(f) ട്രഷറി അക്കൗണ്ട് ഉടമകൾക്ക് പാസ്സ് ബുക്ക് പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള സംവിധാനം എല്ലാ ട്രഷറികളിലും ഏർപ്പെടുത്തി യിട്ടുണ്ട്. അതുപോലെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ഈ രണ്ടാവശ്യങ്ങൾക്കുമായി ഉചിതമായ ആധുനിക പ്രിന്ററുകൾ ട്രഷറികൾക്ക് വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(g) പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ

ട്രഷറി സംവിധാനം പൂർണ്ണമായും പേപ്പർ രഹിതമാകുന്നതിന് സജ്ജമാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽ നിലവിൽ ഡിജിറ്റൽ സംവിധാന ത്തോടൊപ്പം സമാന്തരമായി നിലനിർത്തുന്ന ഫിസിക്കൽ പേപ്പർ സംവിധാനം പൂർണ്ണമായും ഒഴിവാക്കാനാകുന്നതാണ്. പെൻഷൻകാരുടെ പെൻഷൻ പേയ്മെന്റ് ഓർഡറുകൾ ഡിജിറ്റലായി e-PPO ആയാണ് അക്കൗണ്ടന്റ് ജനറൽ ഇപ്പോൾ ഇഷ്യൂ ചെയ്യുന്നത്. നിലവിൽ ആറ് ലക്ഷത്തിലധികം പെൻഷൻ റിക്കോർഡുകൾ ട്രഷറിയിൽ കൈകാര്യം ചെയ്യുന്നു. ഈ റിക്കോർഡുകൾ കാലപ്പഴക്കത്താൽ നശിച്ച

പോകുന്നതിനുള്ള സാധ്യതയും ഇത് സൂക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ടും വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ പെൻഷൻ റിക്കോർഡുകളുടെ പൂർണ്ണമായ ഡിജിറ്റൈസേഷൻ ഐ.എഫ്.എം.എസ്.-ന്റെ വിജയകരമായ പ്രവർത്തനത്തിന് അനിവാര്യമാണ്. അതിനാൽ ഈ ആറ് ലക്ഷത്തിലധികം പെൻഷൻ റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ട്രഷറി സിസ്റ്റത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഉടമകൾക്ക് ട്രഷറി വകുപ്പ് നേരിട്ട് എ.റ്റി.എം സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പരിശ്രമം സാങ്കേതിക കാരണങ്ങളാൽ ഫലപ്രാപ്തിയിലെത്താത്ത സാഹചര്യത്തിൽ ബാങ്കുകൾ മുഖേന ട്രഷറി അക്കൗണ്ടുടമകൾക്ക് ബാങ്കിന്റെ Co-branded കാർഡുകൾ ഇഷ്യൂ ചെയ്യുന്നതിനുള്ള സാധ്യതയാണ് വകുപ്പ് പരിശോധിച്ചത്. ഇത് സാധ്യമാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഫെഡറൽ ബാങ്ക് സർക്കാരിന് സമർപ്പിച്ചിരുന്നു. ഇത് പരിഗണിച്ച് ഫെഡറൽ ബാങ്കുമായി ചർച്ച ചെയ്യുകയും ഫെഡറൽ ബാങ്ക് ട്രഷറി ഇടപാടുകാർക്ക് അവരുടെ Co-branded കാർഡ് ഇഷ്യൂ ചെയ്യാമെന്ന് സമ്മതിക്കുകയും ആ നിർദ്ദേശം സർക്കാർ തത്വത്തിൽ അംഗീകരിച്ച് ട്രഷറി വകുപ്പും ഫെഡറൽ ബാങ്കും ഒരു Memorandum of Understanding ഒപ്പുവച്ച് അത് റിസർവ് ബാങ്കിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഈ പ്രൊപ്പോസലിന് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ട്രഷറി ഇടപാടുകാർക്ക് ഫെഡറൽ ബാങ്കിന്റെ Co-branded കാർഡുകൾ ഇഷ്യൂ ചെയ്യാൻ സാധിക്കുന്നതാണ്. ഇതോടൊപ്പം നാഷണൽ പേയ്മെന്റ് കോർപ്പറേഷന്റെ സേവനം പ്രയോജനപ്പെടുത്തി ട്രഷറി ഏജൻസി ബാങ്കുകൾ മുഖേന ട്രഷറി അക്കൗണ്ട് ഉടമകൾക്കും എ.റ്റി.എം കാർഡുകൾ നൽകാനാവുമോ എന്നതും പരിശോധിക്കുന്നതാണ്.

(ഡി) ട്രഷറി ഇടപാടുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ തൽസമയം ഇടപാടുകാരെ അറിയിക്കുന്നതിനായി തെരഞ്ഞെടുത്ത സേവനങ്ങൾക്ക് എസ്.എം.എസ്. നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻകാരുടെ പെൻഷൻ വരവ് വയ്ക്കുന്ന വിവരം, സേവിംഗ്സ് ബാങ്കിൽനിന്നും പണം പിൻവലിക്കുന്ന വിവരം എന്നിവ എസ്.എം.എസ്. മുഖേന അറിയിക്കുന്നതിനായുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.-നെ ചുമതലപ്പെടുത്തുകയും ചെയ്തുകഴിഞ്ഞു. ട്രഷറി സിസ്റ്റവും ബി.എസ്.എൻ.എൽ. എസ്.എം.എസ്. ഗേറ്റ്‌വേയുമായുള്ള ടെക്നിക്കൽ ഇന്റഗ്രേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ തുടങ്ങുകയും എത്രയും പെട്ടെന്ന് തന്നെ ഈ സേവനം ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

## ഭക്ഷ്യസംസ്കരണ മൂല്യവർദ്ധിതോല്പന്ന നിർമ്മാണ പദ്ധതികൾ

25(355) ശ്രീ. കെ. ബാബു :

ശ്രീ. എം. സ്വരാജ് :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസംസ്കരണ മൂല്യവർദ്ധിതോല്പന്ന നിർമ്മാണരംഗത്തെ വൻ പദ്ധതിയായ കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള പാലക്കാട് മെഗാ ഫുഡ് പാർക്ക് പ്രവർത്തനസജ്ജമായിട്ടുണ്ടോ;

(ബി) കാർഷികോല്പന്നങ്ങൾ ഏറെക്കാലം സൂക്ഷിച്ചുവയ്ക്കാൻ കഴിയാത്തതിനാൽ വിളവെടുപ്പുകാലത്ത് ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്ന കർഷകർക്ക് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(സി) അരി മൂല്യവർദ്ധിതോല്പന്നമാക്കി മാറ്റി നെൽ കർഷകരെ സംരക്ഷിക്കുവാൻ ഉദ്ദേശിച്ചുള്ള ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) വയനാട്ടിലെ കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്ക് പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കിൻഫ്ര സ്ഥാപിച്ച പാലക്കാട് മെഗാഫുഡ് പാർക്ക് പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രസ്തുത പാർക്കിൽ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ആരംഭി ക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതി, നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ആവശ്യമായ ജലം, പ്ലോട്ടുകൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. വ്യവസായം ആരംഭിക്കുന്നതിനുള്ള ഏകജാലക സംവിധാനവും പ്രസ്തുത പാർക്കിൽ സജ്ജമാണ്. അലോട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്.

(ബി) കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള പാലക്കാട് മെഗാഫുഡ് പാർക്കിൽ കാർഷിക ഭക്ഷ്യ സംസ്കരണ ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ ശീതീകരിച്ച സംഭരണ കേന്ദ്രം, പായ്ക്ക് ഹൗസ്, റൈപ്പനിംഗ് ചേമ്പർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇതുവഴി കാർഷിക ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

(സി) കാർഷിക മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി നെൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ KITCO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വയനാട് ജില്ലയിലെ കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്കിന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്. പദ്ധതി സ്ഥാപിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ mByom എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

26(356) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാരമ്പര്യേതര ഊർജ്ജോല്പാദന പദ്ധതികൾ, അവയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച് എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പുരപ്പുറ സൗരോർജ്ജ പദ്ധതി ഈ സർക്കാരിന്റെ കാലത്ത് വിപുലീകരിച്ചിട്ടുണ്ടോ; ലക്ഷക്കണക്കിന് ആളുകൾ പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടും അത് സംബന്ധിച്ച തീരുമാനം വൈകുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുന്നത്; ഇതിന് ആവശ്യമായ സോളാർ പാനലും മറ്റ് ഉപകരണങ്ങളും എപ്രകാരം വാങ്ങുവാനാണ് ഉദ്ദേശിക്കുന്നത്; അതിനായി ഓപ്പൺ ടെൻഡർ വിളിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാധ്യത എത്രത്തോളമുണ്ടെന്ന് അനെർട്ട് പഠനം നടത്തിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് കേരളത്തിൽ സോളാർ-6110 മെഗാവാട്ട്, ചെറുകിട ജലവൈദ്യുതി-704 മെഗാവാട്ട്, ജൈവ വൈദ്യുതി- 1044 മെഗാവാട്ട്, മാലിന്യത്തിൽ നിന്നുള്ള വൈദ്യുതി- 36 മെഗാവാട്ട് (Waste to Energy), കാറ്റാടി വൈദ്യുതി-837 മെഗാവാട്ട് എന്നിവയ്ക്ക് സാധ്യതയുണ്ട്. സ്ഥാപിച്ച പദ്ധതികളെപ്പറ്റി ശാസ്ത്രീയമായി അവലോകനം നടത്തിയിട്ടില്ല. സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും ഊർജ്ജ വകുപ്പ് സെക്രട്ടറി ചെയർമാനായ ടെക്നിക്കൽ കമ്മിറ്റിയും ഉണ്ട്. ഇവ കാലാകാലങ്ങളിൽ ഇത്തരം പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി 'സൗര' എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡും അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിലൂടെ 1000 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും 500 മെഗാവാട്ട്, സ്വകാര്യ ഉല്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്- ഹൈവേ സോളാർ പദ്ധതികളിൽനിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സ്വകാര്യ സംരംഭകർക്കായി ബൂട്ട് അടിസ്ഥാനത്തിൽ 47.4 മെഗാവാട്ട് ശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുതി പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ബൂട്ട് പീരീഡായ 30 വർഷം കഴിഞ്ഞ് ഈ പദ്ധതികൾ സർക്കാരിലേയ്ക്ക് തിരികെ ഏല്പിക്കുന്നതാണ്.

(സി) കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള സൗര പദ്ധതിവഴിയാണ് 1000 മെഗാവാട്ട് സൗരനിലയങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽനിന്നും 2021-2022 ഓടുകൂടി ഉത്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 2,78,258 ഉപഭോക്താക്കൾ പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്ത മുഴുവൻ ഉപഭോക്താക്കളെയും നേരിൽ സന്ദർശിച്ച് രജിസ്ട്രേഷൻ സമയത്ത് രേഖപ്പെടുത്തിയ വിവരങ്ങളിൽ പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് ഉത്പാദന നിലയം സ്ഥാപിക്കുന്നതിന് സാങ്കേതിക സാദ്ധ്യത ഉറപ്പുവരുത്തുന്ന ടെക്നിക്കൽ സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുവരെ

2,59,000 ഉപഭോക്താക്കളുടെ വീട്/സ്ഥാപനങ്ങൾ എന്നിവ പരിശോധിച്ച് ടെക്നിക്കൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ സർവ്വേ ജോലികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുകയാണ്.

(ഡി) എഞ്ചിനീയറിംഗ്, പ്രൊക്യൂർമെന്റ്, കൺസ്ട്രക്ഷൻ (EPC), ലെവലൈസ്ഡ് താരിഫ് മാർഗ്ഗങ്ങളിലൂടെ കരാർ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രധാനപ്പെട്ട കമ്പനികൾ ഈ ടെണ്ടറിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC Limited വഴിയാണ് സൗരയുടെ ഇ-ടെണ്ടർ നടപടിക്രമങ്ങൾ ചെയ്യാൻ നിലവിൽ ഉദ്ദേശിക്കുന്നത്. ഓപ്പൺ ടെണ്ടർ (ഇ-ടെണ്ടർ) ജൂലൈ, ആഗസ്റ്റ് മാസങ്ങളോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് പദ്ധതി

27(357) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സർവ്വേ നടത്തിയിരുന്നോ; അവരുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കൈത്തറി മേഖലയെ വൈവിദ്ധ്യവൽക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഈ മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും നടപ്പിലാക്കിയതുമൂലം തൊഴിലാളികളെ ഈ രംഗത്തേക്ക് കൂടുതൽ ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ഇ) സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതുമൂലം ഈ മേഖലയിൽ ഉണ്ടായ ഉണർവ് എന്താണ് എന്ന് വെളിപ്പെടുത്താമോ;

(എഫ്) പ്രളയം ഈ മേഖലയിൽ ഉണ്ടാക്കിയ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ജീവിതം തിരിച്ചു പിടിക്കുന്നതിനും സർക്കാർതലത്തിൽനടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്.

(ബി) 2013-14 വർഷത്തിൽ കൈത്തറി മേഖലയെക്കുറിച്ച് ഒരു സർവ്വേ നടത്തുവാനായി സർക്കാർ ഉത്തരവാകുകയും സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ് (സി.എം.ഡി)-നെ ഇതിനായി നിയോഗിക്കുകയും ചെയ്തിരുന്നു. 2017-ൽ സി.എം.ഡി. സമർപ്പിച്ച കരട് റിപ്പോർട്ട് സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും റിപ്പോർട്ടിൽ സ്വകാര്യ മേഖലയെ സംബന്ധിച്ച വിവരങ്ങൾകൂടി ഉൾപ്പെടുത്തി പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. അന്തിമ റിപ്പോർട്ടിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച് ആസൂത്രണ ബോർഡ് സി.എം.ഡി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സി.എം.ഡി. സമർപ്പിച്ച ഭേദഗതി വരുത്തിയ റിപ്പോർട്ട് 23-4-2018-ൽ കൂടിയ സംസ്ഥാനതല നിരീക്ഷണ കമ്മിറ്റി പരിഗണിക്കുകയും ആസൂത്രണ ബോർഡ് നിർദ്ദേശിച്ച കാര്യങ്ങൾ റിപ്പോർട്ടിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് അഭിപ്രായം നൽകുന്നതിന് ആസൂത്രണ ബോർഡിനോട് ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനത്തെ മുഴുവൻ കൈത്തറി മേഖലയുമായും ബന്ധപ്പെട്ടിരുന്നുവെങ്കിലും 552 സ്വകാര്യ നെയ്ത്തുകാരുടെ വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളുവെന്നും സ്വകാര്യ നെയ്ത്തുസംരംഭകൾ വിവരങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സം നിൽക്കുന്നതായും 23-4-2018-ൽ നടന്ന സംസ്ഥാനതല നിരീക്ഷണ കമ്മിറ്റിയെ സി.എം.ഡി. അറിയിച്ചു. ഭേദഗതി വരുത്തിയ അന്തിമ റിപ്പോർട്ട് സി.എം.ഡി. സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ വൈവിദ്ധ്യവൽക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഒരു ദിവസം നിശ്ചിത അളവിൽ അധിക ജോലി ചെയ്യുന്ന കൈത്തറി തൊഴിലാളികൾക്ക് നൽകിവരുന്ന പ്രോത്സാഹന പദ്ധതിയാണ് ഉല്പാദന പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം). സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ പ്രതിദിനം തുണി നെയ്യുന്നവർക്ക് ഓരോ അധിക മീറ്ററിനും ഇരട്ടിവേതനം ലഭിക്കുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഒരു തൊഴിലാളിക്ക് പ്രതിവാരം 1,000 രൂപ വരെ അധിക വരുമാനമായി ലഭിക്കുന്നു. ഒരു ദിവസം 75 രൂപയ്ക്കും 150 രൂപയ്ക്കും ഇടയിൽ വരുമാനം ലഭിക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ദിവസവേതനം 150 രൂപയായി വർദ്ധിപ്പിച്ച് നൽകുന്ന പദ്ധതിയാണ് ഇൻകം സപ്പോർട്ട് സ്കീം.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും നടപ്പിലാക്കിയതുമൂലം കൂടുതൽ തൊഴിലാളികളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തൊഴിലില്ലാത്ത യുവജനങ്ങളെ കൈത്തറിമേഖലയിൽ ആകർഷിക്കുന്നതിന് 'യുവവീവ്' പദ്ധതിയും നെയ്ത്തറിയാവുന്നവരും എന്നാൽ തറികൾ സ്വന്തമായി ഇല്ലാത്തവരുമായ നെയത്തുകാർക്ക് വീട്ടിൽ നെയ്യുന്നതിന് 'വീട്ടിലൊരു തറി' പദ്ധതിയും ഹാന്റക്സ് മുഖേന കൈത്തറി സുരക്ഷാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ഇ) പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി മേഖലയുടെ വികസനത്തിനുമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് "സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി". സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ 5000-ലധികം നെയ്ത്ത് തൊഴിലാളികളും അത്രത്തോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. കൈത്തറി മേഖലയിൽ പണിയെടുക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് കുറഞ്ഞ വേതനം ലഭ്യമായിക്കൊണ്ടിരുന്ന സാഹചര്യത്തിൽ ടി പദ്ധതിയിൽ അംഗമായിട്ടുള്ള നെയ്ത്തുകാർക്ക് മെച്ചപ്പെട്ട വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നുണ്ട്.

2017-18 അദ്ധ്യയനവർഷം സംസ്ഥാനത്തെ 1 മുതൽ 5 വരെയുള്ള 2689 സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കായി 2 ജോടി യൂണിഫോമിനായുള്ള കൈത്തറി തുണി വിതരണം ചെയ്തു. 2018-19 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ 3578 സർക്കാർ സ്കൂളുകളിൽ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി യൂണിഫോം തുണി വിതരണം ചെയ്തിട്ടുണ്ട്. 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും 2 ജോടി വീതം യൂണിഫോം നൽകുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിലേയ്ക്കാവശ്യമായ 42.80 ലക്ഷം മീറ്റർ തുണിയുടെ ഉല്പാദനലക്ഷ്യം കൈവരിക്കുകയും അവ സ്കൂളുകളിൽ വിതരണം ചെയ്തുവരികയുമാണ്.

സംസ്ഥാനത്ത് പൂട്ടിക്കിടന്നിരുന്ന 15 കൈത്തറി സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്ന് പ്രവർത്തിപ്പിക്കുവാനും സാധിച്ചു. പദ്ധതിയുടെ ഭാഗമായി ആരംഭഘട്ടത്തിൽ തറി റിപ്പയറിംഗിനും മറ്റ് ചെലവുകൾക്കുമായി ഓരോ തറിക്കും 4,000 രൂപ വീതം നൽകിയിരുന്നു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 100 കോടിയോളം രൂപ നെയ്ത്ത് തൊഴിലാളികൾക്ക് കൂലിയിനത്തിൽ നൽകിയിട്ടുണ്ട്. നെയ്ത്ത് തൊഴിലാളികൾക്ക് പ്രോത്സാഹനമെന്ന

രീതിയിൽ പ്രസ്തുത പദ്ധതിയിൽ ഓരോ ജില്ലയിലും കൂടുതൽ തുണി നെയ്യുന്ന നെയ്ത്ത് തൊഴിലാളികളുടെ സഹകരണ സംഘങ്ങളെ ആദരിക്കുകയും ക്യാഷ് ആവാർഡ് നൽകുകയും ചെയ്യുന്നു. കൂടാതെ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ദിവസം നിശ്ചയിക്കപ്പെട്ട അളവിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ ഒരാഴ്ചയിൽ പരമാവധി 1,000 രൂപ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും നെയ്ത്ത് തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ്.

(എഫ്) എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് 9 കൈത്തറി സംഘങ്ങളും ഒരു യാൺ ബാങ്കും പ്രളയത്തിൽ അകപ്പെട്ടു. പ്രളയത്തിന്റെ നാശനഷ്ടം വിലയിരുത്തുന്നതിനായി വ്യവസായ വകുപ്പ് പ്രതിനിധികൾ ഈ പ്രദേശം സന്ദർശിച്ച് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുകയും എം.എൽ.എ.-മാർ, ജില്ലാ ഭരണകൂടം, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ, കൈത്തറി സംഘങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചന നടത്തുകയുമുണ്ടായി. ഇതിനെ തുടർന്ന് ചേർന്ന 2 യോഗങ്ങളിലുമായി ഈ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. സർക്കാർ പദ്ധതിയിലും സി.എസ്.ആർ. ഫണ്ടിലൂടെയും ലഭിക്കുന്ന ധനസഹായത്തോടെ ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്ന തീരുമാനം കൈക്കൊള്ളുകയും ഇതിലേയ്ക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയക്കെടുതിയിൽ 2.84 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉപയോഗയോഗ്യമായ തറിയും തറി ഉപകരണങ്ങളും റിപ്പെയർ ചെയ്തും പുതിയ തറികൾ അനുവദിച്ചും 255 തറികൾ പ്രവർത്തനക്ഷമമാക്കുകയും തൊഴിലാളികൾക്ക് പൂർണ്ണമായും ജോലി നൽകുകയും ചെയ്തു. ഈ പ്രദേശത്ത് നെയ്ത്തിന് മുന്നൊരുക്കം നടത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി 2.35 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും 2019-20 സാമ്പത്തിക വർഷം ഇതിലേയ്ക്കായി സർക്കാർ വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൊച്ചിൻ ഷിപ്-യാർഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ സർക്കാരിതര സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ധനസഹായങ്ങൾ പ്രളയക്കെടുതിയിൽ അകപ്പെട്ട ചേന്ദമംഗലം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ലഭിച്ചിട്ടുണ്ട്. ഇവരുടെ നിർലോഭമായ സഹായങ്ങളെ തുടർന്ന് കേടുപാടുകൾ പറ്റിയ എല്ലാ തറികളും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ചേന്ദമംഗലം കൈത്തറി മേഖലയെ പൂർണ്ണമായും പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## കയർ വ്യവസായ മേഖലയിലെ യന്ത്രവൽക്കരണം

28(358) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. നൗഷാദ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായമേഖലയിൽ ഉല്പാദനക്ഷമതയും കയറിന്റെ ഗുണമേന്മയും വർദ്ധിപ്പിച്ച് ആഭ്യന്തര, വിദേശ വിപണനം ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കയർ വ്യവസായത്തിന്റെ ഏതെല്ലാം മേഖലകളിലാണ് യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുള്ളത്;

(സി) കയർ ഉൽപ്പന്നങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) നെതർലൻഡിലെ വാഗിനിംഗൻ (Wageningen) സർവ്വകലാശാലയുമായി കയർ കോമ്പോസിറ്റ്സ് സാങ്കേതിക വിദ്യ കൈമാറുന്നതിനുള്ള ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയായ കയർ "രണ്ടാം പുനഃസംഘടന"-യുടെ ഭാഗമായി ചകിരി ഉല്പാദന മേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്കരണം നടപ്പിലാക്കിവരുന്നു. കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കാനാണ് രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നത്. കയർ വ്യവസായ മേഖലയെ യന്ത്രവൽക്കണത്തിലൂടെ ആധുനികവത്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൽഫലമായി കൂലി ഉയർത്താൻ സഹായിക്കുകയും ചെയ്യു. ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി സംഭരിച്ച് വിപണനം നടത്തുന്നതിനായി പ്രൈസ് ഫ്ളക്ച്യുവേഷൻ സ്കീം നടപ്പിലാക്കിവരുന്നു. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉല്പാദനത്തെ ആധുനികവത്കരിക്കുന്നതിന് പരിപൂർണ്ണമായ യന്ത്രവത്കരണം, ഉൽപ്പന്ന മേഖലയിൽ വൈവിദ്ധ്യവത്കരണം എന്നിവയാണ് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ. കയർ, കയർ ഉല്പന്നങ്ങൾ എന്നിവയുടെ ആഭ്യന്തര, വിദേശ വിപണനം ഊർജ്ജിതപ്പെടുത്തുന്നതിനായി കേരള കയർ മാർക്കറ്റിംഗ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ടി കമ്പനി പ്രവർത്തന ക്ഷമമാകുന്നതോടെ വിപണിയിൽ സജീവ ഇടപെടൽ ഉണ്ടാകുന്നതിന് സാധിക്കും.

(ബി) പരമ്പരാഗത രീതിയിൽ ചകിരി ഉല്പാദനത്തിൽ ഏർപ്പെട്ടിരുന്ന കയർ സഹകരണ സംഘങ്ങളിൽ ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയും ടി സംഘങ്ങൾ ചകിരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർപിരി മേഖലയിൽ പരമ്പരാഗത റാട്ടുകൾക്ക് പകരം ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളെ ആധുനികവത്ക്കരിച്ച് ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

(സി) കയർ ഉല്പന്ന വൈവിദ്ധ്യവത്കരണത്തിൽ യന്ത്രവൽക്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ-കമ്പോസിറ്റ് ബോർഡ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിവങ്ങനെയുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എൻ.സി.ആർ.എം.ഐ കയർ അക്വസ്റ്റിക്സ് പാനലുകളുടെ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ചകിരിച്ചോറിൽനിന്നും കുറഞ്ഞ കാലയളവിൽ ജൈവവളം നിർമ്മിക്കുന്ന സാങ്കേതികവിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് തൃശ്ശൂർ, വൈക്കം എന്നീ പ്രോജക്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) തൊണ്ടുമായി ബന്ധപ്പെട്ട നൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ വിദ്യാഭ്യാസ സഹകരണം ലക്ഷ്യമാക്കി നെതർലാന്റിലെ വാഗിനിംഗൻ (Wageningen) സർവ്വകലാശാലയും എൻ.സി.ആർ.എം.ഐ.-യുമായി ഗവേഷണ പ്രവർത്തനങ്ങൾ സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

## ടെക്നോളജി ഇന്നവേഷൻ സോൺ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

29(359) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവത്വത്തിന്റെ സാങ്കേതിക മികവിനെ നാടിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുത്തുന്നതിന് ഏതൊക്കെ തരത്തിലുള്ള സംവിധാനങ്ങളും പരിപാടികളുമാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) യുവാക്കളിലും വിദ്യാർത്ഥികളിലുമുള്ള സംരംഭകത്വ കഴിവുകൾ തിരിച്ചറിയുന്നതിനും വികസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ യുവബിരുദധാരികളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിന് ടെക്നോളജി ഇന്നവേഷൻ സോൺ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും യുവസംരംഭകർക്കും അന്താരാഷ്ട്ര സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റവുമായി സഹകരിക്കുന്നതിനുള്ള അവസരം ഒരുക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) യുവാക്കളുടെ സാങ്കേതിക മികവിനെ സംരംഭമാക്കി മാറ്റി തൊഴിലുകൾ സൃഷ്ടിക്കുന്നതിനും അതിലൂടെ നാടിന്റെ സാമ്പത്തിക വളർച്ചയും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളാണ് കേരള സ്റ്റാർട്ടപ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതിയും ടെക്നോളജി ഇന്നവേഷൻ സോൺ പദ്ധതിയും കേരള സ്റ്റാർട്ടപ് മിഷൻ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം യുവ സംരഭകത്വ വികസന പദ്ധതിക്കായി 70 കോടി രൂപയും ടെക്നോളജി ഇന്നവേഷൻ സോൺ പദ്ധതിക്കായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഘടകങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(സി) കളമശ്ശേരിയിൽ 13.2 ഏക്കർ സ്ഥലത്ത് ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയാകുമ്പോൾ പൂർണ്ണതോതിലുള്ള ഒരു ഇന്നവേഷൻ ഹബ്ബ് ലഭ്യമാകും. ഇതിനോടകം നിർമ്മാണം പൂർത്തിയാക്കിയ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ് കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. IIITMK-യും കേന്ദ്ര സർക്കാരും സംയുക്തമായി ആരംഭിച്ച ഇലക്ട്രോണിക് ഇങ്കുബേറ്ററായ മേക്കർ വില്ലേജ്, കേരള സ്റ്റാർട്ടപ് മിഷനും രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയും സംയുക്തമായി ആരംഭിച്ച ബയോ ടെക്നോളജി ഇങ്കുബേറ്ററായ ബയോനെസ്റ്റ്, കേരള സ്റ്റാർട്ടപ് മിഷന്റെ ഇങ്കുബേറ്റർ, ഫാബ് ലാബ് തുടങ്ങിയവ നിലവിൽ ടെക്നോളജി ഇന്നവേഷൻ സോണിൽ പ്രവർത്തിച്ചുവരുന്നു. യുവാക്കൾ ഉൾപ്പെടെയുള്ള സ്റ്റാർട്ടപ് സംരംഭകർക്ക് മികച്ച കമ്പനികളായി മാറുന്നതിനുള്ള എല്ലാ ഘടകങ്ങളും ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സ്റ്റാർട്ടപ് ആവാസ വ്യവസ്ഥകളെ സംബന്ധിച്ച വിജ്ഞാനം ലഭിക്കുന്നതിനും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി അന്തർദേശീയ വിനിമയ പദ്ധതി എന്ന ഘടകം യുവ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. FICCI, NASSCOM, IAMAI എന്നീ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന അന്തർദേശീയ സ്റ്റാർട്ടപ് സന്ദർശന പരിപാടികളിൽ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളെ ഉൾപ്പെടുത്തുന്നതിനുള്ള ചെലവ് വഹിച്ച് ഇത്തരം സന്ദർശനങ്ങളെ പ്രോത്സാഹിപ്പിച്ചുവരുന്നു. കൂടാതെ വിപണനവുമായി ബന്ധപ്പെട്ട് സ്റ്റാർട്ടപ്പുകൾ നടത്തുന്ന അന്തർദേശീയ യാത്രകൾക്ക് ധനസഹായവും നൽകിവരുന്നു. ഇതുകൂടാതെ വനിതാ സ്റ്റാർട്ടപ് സ്ഥാപകർക്ക് അന്താരാഷ്ട്ര ബിസിനസ്സ് മീറ്റുകളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ടിക്കറ്റിന്റെ ചെലവും നൽകുന്നുണ്ട്.

**വാർഷിക പദ്ധതി വിനിയോഗത്തിലെ പുരോഗതി**

30(360) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കിയതിൽനിന്ന് വ്യത്യസ്തമായി സംസ്ഥാനത്തെ സാമ്പത്തിക വിഭവത്തിന്റെ കാര്യക്ഷമവും യുക്തിസഹവും ഫലപ്രദവുമായ വിനിയോഗത്തിന് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പഞ്ചവത്സര, വാർഷിക പദ്ധതികളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2018-19 വാർഷിക പദ്ധതിക്കായി നീക്കിവച്ചിരുന്ന തുകയും അതിന്റെ വിനിയോഗത്തിൽ കൈവരിക്കാനായ പുരോഗതി സംബന്ധിച്ച വിവരവും നൽകാമോ;

(സി) പ്രളയം പ്രതിസന്ധി സൃഷ്ടിച്ച സാഹചര്യത്തിലും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും പഞ്ചവൽസര പദ്ധതികൾ അവസാനിപ്പിക്കുകയും ചെയ്തുവെങ്കിലും കേരള സർക്കാർ ആസൂത്രണ പ്രക്രിയയുമായി മുന്നോട്ട് പോവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി

പതിമൂന്നാം പദ്ധതിക്ക് തുടക്കം കുറിക്കുകയും (2017-2022) വാർഷിക പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. 2017-18 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ 26500 കോടി രൂപയും 2018-19 വാർഷിക പദ്ധതിയുടെ അടങ്കൽ 29150 കോടി രൂപയുമായിരുന്നു. 2019-20 വാർഷിക പദ്ധതിയുടെ അടങ്കൽ 30610 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേസ് സാങ്കേതികവിദ്യയിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. ജില്ലാതലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച ദിവസങ്ങളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വികസന സമിതി കൂടുകയും എം.പി.-മാരും എം.എൽ.എ.-മാരും ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(ബി) 2018-19 വാർഷിക പദ്ധതിക്കായി 29150 കോടി രൂപ വകയിരുത്തിയിരുന്നതിൽ 22248.54 കോടി രൂപ വിവിധ വകുപ്പുകൾ ചെലവഴിച്ചിട്ടുണ്ട്.

(സി) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പദ്ധതികളുടെ മുൻഗണനാ പുനഃക്രമീകരണം നടത്തുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19-ലെ പദ്ധതിയടങ്കലിൽ 20 ശതമാനം കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നിരുന്നാലും ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. 2018-19 വാർഷിക പദ്ധതിയിൽ 76.32 ശതമാനം വിവിധ വകുപ്പുകൾ ചെലവഴിച്ചിട്ടുണ്ട്.

## അമിത പലിശ ഈടാക്കുന്നത് തടയുന്നതിന് പുതിയ നിയമനിർമ്മാണം

31(3759) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മണി ലെന്റേഴ്സ് നിയമപ്രകാരം പണം കടം കൊടുക്കൽ ബിസിനസ് നടത്തുന്നവർ അമിത പലിശ ഈടാക്കുന്നതും ബ്ലേഡ് മാഫിയ സംസ്ഥാനത്ത് വീണ്ടും പിടിമുറുക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് മാസം/ഒരു വർഷം പരമാവധി എത്ര ശതമാനം പലിശ ഈടാക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതിൽ കൂടുതൽ പലിശ ഈടാക്കിയതിന്റെ പേരിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നോ; എങ്കിൽ ആയതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അമിത പലിശ ഈടാക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമല്ലെങ്കിൽ ആയതിലേക്ക് പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) കേരള മണി ലെന്റേഴ്സ് നിയമം, 1958 പ്രകാരം ലൈസൻസ് എടുത്ത് ബിസിനസ്സ് നടത്തുന്നവരെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടില്ല. അനധികൃത പണമിടപാടുകാരെക്കുറിച്ചുള്ള പരാതികൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാർക്കും പോലീസ് അധികാരികൾക്കും കൈമാറാറുണ്ട്.

(ബി) കേരള മണി ലെന്റേഴ്സ് നിയമം, 1958 വകുപ്പ് 7 അനുസരിച്ച് വാണിജ്യ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശനിരക്കിൽനിന്നും 2% വരെ കൂടുതലായി വാങ്ങാവുന്നതാണ്.

(സി) നിയമപ്രകാരമുള്ള ലൈസൻസ് ഉള്ള മണി ലെന്റേഴ്സിനെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) അമിത പലിശ ഈടാക്കുന്നത് തടയുന്നതിന് കേരള പലിശ ഈടാക്കൽ നിരോധന നിയമം 2012 നിലവിലുണ്ട്. ഇക്കാര്യത്തിൽ പുതിയ നിയമ നിർമ്മാണം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## കേരള സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണം

32(3760) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III-ലെ കാലികപ്രസക്തി നഷ്ടപ്പെട്ട ചട്ടങ്ങൾ ഒഴിവാക്കുന്നതിനും ആവശ്യമായവ കൂട്ടിച്ചേർക്കുന്നതിനുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആരൊക്കെയാണ് സമിതി അംഗങ്ങൾ എന്നും സമിതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയെത്തി എന്നുമുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുന്നുവെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ. ഭാഗം III സമഗ്രമായി പരിഷ്കരിച്ച് സമിതി സർക്കാരിന് എന്നേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III-ലെ കാലിക പ്രസക്തി നഷ്ടപ്പെട്ട ചട്ടങ്ങൾ ഒഴിവാക്കിയും ആവശ്യമായവ കൂട്ടിച്ചേർത്തുകൊണ്ടും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III സമഗ്രമായി പരിഷ്കരിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു കൊണ്ട് സർക്കാർ 8-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 5506/2017/ ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ധനകാര്യവകുപ്പ് പെൻഷൻ വിഭാഗം അഡീഷണൽ സെക്രട്ടറി ശ്രീമതി രാജശ്രീ.കെ.-യെ കൺവീനറായും ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി റ്റിസ്സി.എസ്. നെൽസൺ, സെക്ഷൻ ഓഫീസർ ശ്രീ. അനിൽകുമാർ. ആർ. എന്നിവരും അസിസ്റ്റന്റുമാരായ ശ്രീമതി അനുപമ. എസ്., ശ്രീ. ജയേഷ്. എ.ജി. എന്നിവർ അംഗങ്ങളുമായാണ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ഭരണസൗകര്യത്തിന്റെ ഭാഗമായുള്ള സ്ഥലം മാറ്റത്തെത്തുടർന്ന് ശ്രീമതി അനുപമ. എസ്.-ന് സമിതിയുടെ പ്രവർത്തനങ്ങളിൽ തുടരാനാകാത്ത സാഹചര്യത്തിൽ അവർക്ക് പകരം ശ്രീമതി പൂർണ്ണിമ. ജി. കെ.-യെ കമ്മിറ്റിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. കമ്മിറ്റിയുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

(സി) സമിതിയിലെ ഉദ്യോഗസ്ഥരെല്ലാംതന്നെ നിലവിൽ ധനകാര്യ വകുപ്പിലെ വിവിധ തസ്തികകളിൽ സെക്ഷനുകളിൽ സേവനമനുഷ്ഠിക്കുന്നവരാണ്. ഔദ്യോഗിക ചുമതലകൾക്കുപുറമെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭംഗം വരാത്ത തരത്തിലാണ് കമ്മിറ്റി ചേരുന്നത്. അതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം വരുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ കമ്മിറ്റിക്ക് സർക്കാർ അനുവദിച്ചുനൽകിയിരിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് മുന്നിൽ സമർപ്പിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

**ആയുഷ്മാൻ ഭാരത് പദ്ധതി**

33(3761) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യസുരക്ഷ പദ്ധതിയായ ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയില്ല എന്ന ആരോപണം ശരിയാണോ;

(ബി) കേന്ദ്ര സർക്കാരിന്റെ സാമൂഹിക സാമ്പത്തിക സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്കാണ് ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം ചികിൽസ ആനുകൂല്യം ലഭിക്കുക;

(സി) സംസ്ഥാനത്തിൻെറ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ലഭിക്കുന്നതിനുവേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശരിയല്ല. ആരോഗ്യ സുരക്ഷാ പദ്ധതിയായ ആയുഷ്മാൻ ഭാരത് പദ്ധതി കേരളത്തിൽ ഏപ്രിൽ ഒന്ന് 2019 മുതൽ ഇൻഷ്വറൻസ് രീതിയിൽ നടപ്പിലാക്കിയിരിക്കുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ സാമൂഹിക സാമ്പത്തിക സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ 18,58,098 (പതിനെട്ടു ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി തൊണ്ണൂറ്റി എട്ട്) കുടുംബങ്ങൾ പദ്ധതി ആനുകൂല്യത്തിന് അർഹരാണ്.

(സി) ആർ.എസ്.ബി.വൈ.-ക്ക് പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് 2011 (SECC)-ൽ ദുർബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള

18.58 ലക്ഷം കുടുംബങ്ങൾക്കു മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമായിരുന്നുള്ളൂ. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽമൂലം ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെക്കൂടി AB-PMJAY പദ്ധതിയിൽ ഉൾപ്പെടുത്തി. അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽപ്പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു. സംസ്ഥാന സർക്കാർ ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ആർ.എസ്.ബി.വൈ./ചിസ്, ചിസ് പ്ലസ്, എസ് ചിസ് പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിരുന്ന ജനങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിനുമായി ഈ പദ്ധതികൾ സംയോജിപ്പിച്ച് നിലവിലുള്ള 40.96 കുടുംബങ്ങളെയും ഉൾക്കൊള്ളിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വിഭാവനം ചെയ്യുകയും ഏപ്രിൽ ഒന്ന് 2019 മുതൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയും ചെയ്യുന്നു. കേരളത്തിൽ ആർ.എസ്.ബി.വൈ./ ചിസ് പദ്ധതിയുടെ ആനുകൂല്യം ടി പദ്ധതിയുടെ അവസാന വർഷമായ 2018-19-ൽ 40.96 ലക്ഷം കുടുംബങ്ങൾക്ക് ലഭിച്ചിരുന്നു. ഇതിൽ 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷുറൻസ് സേവന ദാതാവിന് അടയ്ക്കേണ്ട പ്രീമിയം തുകയുടെ 60% കേന്ദ്ര സർക്കാർ നൽകിവന്നിരുന്നു. ഇതിൽ 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സേവന ദാതാവിന് അടയ്ക്കേണ്ട പ്രീമിയം തുകയുടെ 60% കേന്ദ്രസർക്കാർ നൽകിവന്നിരുന്നു (2015 വരെ കേന്ദ്ര വിഹിതം 75%-വും സംസ്ഥാന വിഹിതം 25%-വും ആയിരുന്നു). ബാക്കിവരുന്ന ആർ.എസ്.ബി.വൈ.-യുടെ 40%-വും ചിസ് പദ്ധതിയിൽ (19.39 ലക്ഷം കുടുംബങ്ങൾ) ഉള്ളവർക്ക് മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാരാണ് നൽകിവന്നിരുന്നത്. ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ ചികിത്സയും കൂടാതെ സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (SCHIS) പ്രകാരം പദ്ധതിയിൽ അംഗമായിട്ടുള്ള അറുപത് വയസ്സിനു മുകളിലുള്ള ഓരോ കുടുംബത്തിനും 30,000 രൂപയുടെ അധിക ചികിത്സയുമാണ് നൽകിയിരുന്നത്. ഈ രണ്ട് പദ്ധതികൾക്കുംകൂടി 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകിവന്നത് 750 രൂപ ആയിരുന്നു. (കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആർ.എസ്.ബി.വൈ.-യുടെ പ്രീമിയമായ 750 രൂപയും എസ് ചിസ് പദ്ധതിയുടെ പ്രീമിയമായ 500 രൂപയും ചേർത്ത് 1250 രൂപയുടെ 60% ആയ 750 രൂപ). സൗജന്യ ചികിത്സാ പരിധി 5,00,000 രൂപ ആയി ഉയർത്തിയപ്പോൾ കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ട പ്രീമിയം 1052 രൂപയായി കുറച്ചു. ഇതിന്റെ 60% ആയ 63.12 രൂപ മാത്രമാണ് 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രീമിയം വിഹിതമായി നൽകുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 21.57 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയമായ 1671 രൂപയിൽ കേന്ദ്ര വിഹിതമായി 631.20 രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ബാക്കിയുള്ള 1040 രൂപ ആയുഷ്മാൻ ഭാരത് പദ്ധതിയിലുള്ള ഓരോ കുടുംബത്തിനും സംസ്ഥാന സർക്കാർ പ്രീമിയം നൽകേണ്ടതുണ്ട്. അതായത് ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാകുമ്പോൾ ഇതിന്റെ 62% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടിവരുന്നത്. കൂടാതെ ചിസ് പദ്ധതി പ്രാകാരമുള്ള 19.39 ലക്ഷം കുടുംബങ്ങൾക്കും 100% പ്രീമിയം (1671 രൂപ) സംസ്ഥാന സർക്കാർ നൽകണം.

| SCHEME | FAMILIES | FUND | SHARE |
|---|---|---|---|
| KASP/AYUSHMAN BHARAT STATE SHARE | 2157472 + 19389889 | 5,48,33,90,004.60 | 80.11 |
| KASP/AYUSHMAN BHARAT CENTRAL SHARE | 2157472 | 1,36,17,96,32640 | 19.89 |
| TOTAL | | 6,84,51,86,331.00 | 100 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽനിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ പദ്ധതി തുകയുടെ 80.11% വഹിക്കുകയും കേന്ദ്ര സർക്കാർ 19.89%-വുമാണ് പദ്ധതി വിഹിതം നൽകുന്നത്. സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി സംസ്ഥാനത്തെ ചിസ്, ചിസ് പ്ലസ്, എസ് ചിസ് പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നവർക്കും തടസ്സമില്ലാത്ത സൗജന്യ ആരോഗ്യ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ അംഗത്വ രജിസ്ട്രേഷൻ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കേന്ദ്രീകരിച്ചും അടിയന്തര ചികിത്സ ആവശ്യമായവർക്ക് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൽ, താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ചും രജിസ്ട്രേഷൻ കൗണ്ടർ പ്രവർത്തന സജ്ജമാണ്. ഇതുവരെയായി ഏകദേശം ഇരുപത് ലക്ഷം അംഗങ്ങളെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഈ പദ്ധതി നടപ്പായതിലൂടെ ഇതിനോടകം 1.5 ലക്ഷത്തോളം വ്യക്തികൾ ചികിത്സ തേടി. ആയതിലൂടെ 85 കോടി രൂപയുടെ സൗജന്യ ചികിത്സ വിവിധ ആശുപത്രികളിലൂടെ നൽകി.

## സംസ്ഥാനത്ത് നികുതി റിട്ടേൺ സമർപ്പിക്കാത്തവർ

34(3762) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോഗ ആഡംബര വസ്തുക്കൾക്ക് നികുതി കുറയ്ക്കുവാനുള്ള നീക്കത്തെ കേരളം എതിർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പെട്രോൾ/ഡീസൽ ജി.എസ്.ടി. യിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ജി.എസ്.ടി റിട്ടേൺ സമർപ്പിക്കാത്ത എത്ര പേർ ഉണ്ട്; ഇവർക്കെതിരെ എന്തെങ്കിലും നടപടി ജി.എസ്.ടി. വകുപ്പ് എടുത്തിട്ടുണ്ടോ;

(സി) ഇക്കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ 28% നികുതിയിലുള്ള എത്ര വസ്തുക്കളെ 18% നികുതിയിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; ഇതിൽ സംസ്ഥാനം ആവശ്യപ്പെട്ടത് ഏതെല്ലാം;

(ഡി) ജി.എസ്.ടി. സമർപ്പിക്കുന്നതിലെ കൃത്യതക്കുറവ് സംബന്ധിച്ച് സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ ലഭിച്ച പ്രധാന പരാതികൾ എന്തെല്ലാം; വിശദമാക്കുമോ; ഇത് ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് നികുതി നഷ്ടമുണ്ടാകാത്ത രീതിയിലാണ് വാറ്റ് കാലത്തെ നികുതി നിരക്ക് പരിഗണിച്ച് റവന്യൂ ന്യൂട്രൽ തയ്യാറാക്കിയിരിക്കുന്നത്. നികുതി നിരക്ക് കുറയ്ക്കുന്നത് സംസ്ഥാനത്തിന്റെ വരുമാനത്തെ സാരമായി ബാധിക്കും. സംസ്ഥാനത്തിന് കോമ്പൻസേഷൻ ലഭിക്കുന്നത് അഞ്ച് കൊല്ലത്തേക്ക് മാത്രമാണ്. ആയതിനാൽ നികുതി നിരക്ക് പുനർനിർണ്ണയിക്കുമ്പോൾ ഈ ഘടകംകൂടി പരിഗണിക്കണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. പെട്രോൾ/ഡീസൽ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടില്ല.

(ബി) നിലവിലെ കണക്കനുസരിച്ച് 76,745 നികുതിദായകർ ഏതെങ്കിലുമൊരു മാസത്തെയെങ്കിലും റിട്ടേൺ ഫയൽ ചെയ്യാത്തവരായിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്യാത്ത നികുതിദായകർക്ക് നിയമാനുസൃതം ജി.എസ്.ടി.ആർ 3A നോട്ടീസുകൾ അയച്ചിട്ടുണ്ട്.

(സി) 19-3-2019-ൽ നടന്ന 34-ാം ജി.എസ്.ടി. കൗൺസിലിൽ 28% നികുതിയുള്ളവയെ ഒന്നിനെയും 18% നികുതിയിലേക്ക് മാറ്റിയിട്ടില്ല.

(ഡി) ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കുവാൻ കാലതാമസം നേരിടുമ്പോൾ റിട്ടേൺ ഫയൽ ചെയ്യുന്ന സമയത്ത് ഒടുക്കേണ്ടിവരുന്ന പിഴ, പലിശ എന്നിവ ഒഴിവാക്കാൻ വേണ്ടിയുള്ള പരാതികളോടൊപ്പം ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങളെക്കുറിച്ചുള്ള പരാതികളാണ് പ്രധാനമായും ലഭിച്ചിട്ടുള്ളത്. ഇത് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ അവതരിപ്പിക്കുകയും റിട്ടേൺ ഫയലിംഗിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഒടുക്കേണ്ടിവരുന്ന പിഴ ചില ഘട്ടങ്ങളിൽ ഒഴിവാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ വകുപ്പിന് തീർപ്പാക്കാൻ കഴിയുന്നവ നേരിട്ടും അല്ലാത്തവ ജി.എസ്.ടി.എൻ. മുഖേനയും ഉടനടി തീർപ്പാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രളയാനന്തര പുനരധിവാസത്തിന് ലോകബാങ്ക് വായ്പ

35(3763) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രളയാനന്തര പുനരധിവാസവുമായി ബന്ധപ്പെട്ട് ലോകബാങ്ക് വായ്പയ്ക്ക് അപേക്ഷ നൽകിയിരുന്നോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ സംസ്ഥാനത്തിന്റെ അപേക്ഷ പരിഗണിച്ച് ലോകബാങ്ക് പ്രളയാനന്തര പുനരധിവാസത്തിനായി എത്ര രൂപയാണ് വായ്പ അനുവദിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത തുകയുടെ തിരിച്ചടവ് കാലാവധി, പലിശ, തിരിച്ചടവ് തുക എന്നിവ എത്രയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയായിരുന്നു ; ഇപ്പോൾ അത് എത്ര രൂപയാണ് ; വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ മാർഗങ്ങളിലൂടെ എത്ര തുക വായ്പയായി എടുത്തു ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ - സി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം (1541.14 കോടി) ഉൾപ്പെടെ) വികസന നയവായ്പ (DPL) അനുവദിക്കുന്നതിനുള്ള സന്നദ്ധത ലോക ബാങ്ക് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ ആദ്യ ഗഡുവായി 1750 കോടി രൂപ അനുവദിക്കുന്നതിനുള്ള അന്തിമഘട്ട ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. ലോക

ബാങ്കിൽനിന്ന് വായ്പയെടുക്കുന്നത് സംബന്ധിച്ചുള്ള കരട് കരാറിന്റെ ചർച്ച പൂർത്തിയായതേയുള്ളൂ. ഇത് സംബന്ധിച്ച് ലോക ബാങ്കുമായി അന്തിമ കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് മാത്രമേ തിരിച്ചടവ് കാലാവധി, പലിശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്ക് പ്രകാരം 2015-16-ൽ സംസ്ഥാനത്തിന്റെ പൊതുകടം 109730.97 കോടി രൂപയും താല്കാലിക കണക്കുകൾ പ്രകാരം 2018-19 -ലെ പൊതുകടം 157558.88 കോടി രൂപയുമാണ്.

(ഇ) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 1-4-2016 മുതൽ 31-3-2019 വരെ 75395.57 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിംഗ്സ് (NSSF) എന്നിവയിൽനിന്നും എടുത്തിട്ടുള്ള വായ്പയാണ്.

## അക്രഡിറ്റഡ് ഏജൻസികൾക്കുള്ള എഗ്രിമെന്റ്

36(3764) <u>ശ്രീ. ടി. എ.അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള അക്രഡിറ്റഡ് ഏജൻസികൾക്കുള്ള എഗ്രിമെന്റ് പുതുക്കി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിവിധ അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ധനവകുപ്പിന്റെ കീഴിലുള്ള 42 അക്രഡിറ്റഡ് ഏജൻസികൾക്ക് 26-7-2018 തീയതിയിലെ സ.ഉ.(പി) നമ്പർ 116/2018/ധന. ഉത്തരവ് പ്രകാരം 24-7-2019 വരെ അക്രഡിറ്റേഷന്റെ കാലാവധി പുതുക്കി നൽകിയിട്ടുണ്ട്.

(ബി) 25-7-2017 തീയതിയിലെ സ.ഉ.(പി) നമ്പർ 95/2017/ധന., 18-9-2017 തീയതിയിലെ സ.ഉ.(പി) നമ്പർ 122/2017/ധന., 9-11-2017 തീയതിയിലെ സ.ഉ.(പി) നമ്പർ 142/2017/ധന., 28-2-2018 തീയതിയിലെ സ.ഉ.(പി) നമ്പർ 29/2018/ധന., 29-3-2018 തീയതിയിലെ സ.ഉ.(പി) നമ്പർ 52/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരം അംഗീകാരം നൽകിയ അക്രഡിറ്റഡ് ഏജൻസികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ചെങ്ങന്നൂർ ജില്ലാ ആശുപത്രി വികസനത്തിന് കിഫ്ബി ഫണ്ട്**

37(3765) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടന കാലത്ത് വളരെയധികം പ്രാധാന്യമുള്ള ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വാപ്കോസ് സമർപ്പിച്ച എസ്റ്റിമേറ്റിന് ഹെൽത്ത് & ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ 15-5-2019 തീയതിയിലെ 1120/19 നമ്പർ ഉത്തരവ് പ്രകാരം നൽകിയ 97,71,90,200 രൂപയുടെ ഭരണാനുമതി ഉള്ളതിനാൽ കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്ക് ശിപാർശ ചെയ്തിരുന്നോ;

(ബി) പ്രസ്തുത തുക കിഫ്ബിയിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിവരിക്കാമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കായി WAPCOS-നെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിയോഗിച്ചുകൊണ്ട് 97,71,90,200 രൂപയുടെ കിഫ്ബി ധനസഹായത്തിനായി 15-5-2019 തീയതിയിൽ ബന്ധപ്പെട്ട ഭരണവകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ വിശദമായ പദ്ധതി റിപ്പോർട്ടൊന്നുംതന്നെ ഇതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണ ഏജൻസിയായ WAPCOS പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിശദമായ അവലോകനത്തിനുശേഷം കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ജനറൽ ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക**

38(3766) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ധനകാര്യവകുപ്പ് അനുമതി നൽകിയ തുക പൂർണ്ണമായും നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) 2018-19 വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 852 കോടി രൂപ ലാപ്സായതിൽ ധനകാര്യവകുപ്പിന്റെ ഭാഗത്തുണ്ടായ വീഴ്ച പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തുക ഏത് വിഹിതത്തിൽനിന്നും നൽകാനാണ് ധനകാര്യവകുപ്പ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രാദേശിക സർക്കാരുകൾ 27-3-2019 വരെ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ മാറി നൽകുന്നതിന് 23-3-2019 തീയതിയിലെ 27/2019/ധന. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അതിനുശേഷം സമർപ്പിച്ച ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾക്കൊള്ളിക്കുവാനും നിർദ്ദേശം നൽകി. ഇത് സാമ്പത്തിക വർഷത്തിന്റെ അവസാനം ട്രഷറിയിൽ ഉണ്ടാകുന്ന തിരക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ സാധാരണ നടപടിക്രമം മാത്രമാണ്.

(ബി&സി) 21-3-2015-ലെ സ.ഉ. (അച്ചടി) നമ്പർ 119/2015/ധന. നമ്പർ ഉത്തരവ്പ്രകാരം മാർച്ച് 31-നകം ചെലവഴിക്കാൻ കഴിയാത്ത തുക, ട്രഷറി ഡയറക്ടർ ലഭ്യമാക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ തുടർന്ന് വരുന്ന വർഷത്തേയ്ക്കുള്ള രണ്ടാമത് ഗഡു അലോട്ട്മെന്റിനോടൊപ്പം അധിക ധനാനുമതി/ഉപധനാഭ്യർത്ഥന വഴി അനുവദിക്കുവാൻ നിലവിൽ ഉത്തരവുണ്ട്. പ്രാദേശിക സർക്കാരുകൾ ബിൽ ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാറി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല. 2018-19 -ൽ മാറാൻ കഴിയാതിരുന്നത് ട്രഷറിയിൽ ക്യൂ-വിൽ ഉൾപ്പെട്ട ബില്ലുകൾ 2019-20 സാമ്പത്തിക വർഷത്തെ വിഹിതത്തിൽനിന്നും മാറി നൽകുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്.

## സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം

39(3767) ശ്രീ. എം.ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കിഫ്ബിയിലൂടെയും മസാലബോണ്ടിലൂടെയും മറ്റ് നികുതി ഇതര വരുമാനത്തിലൂടെയും സാമ്പത്തികവളർച്ച കൈവരിക്കാൻ കഴിഞ്ഞതായി കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) സാമ്പത്തിക വളർച്ച മുൻസർക്കാരിന്റെ കാലത്തേതിൽനിന്നും ഉയർന്നതാണെങ്കിൽ നിലവിലെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും നികുതി ഭരണത്തിലെ അനാസ്ഥയുംമൂലം സാമ്പത്തികരംഗം അങ്ങേയറ്റം കുത്തഴിഞ്ഞ ഒരു ഘട്ടത്തിലാണ് ഈ സർക്കാർ അധികാരമേറ്റത്. അതോടൊപ്പം മുൻസർക്കാർ കൈമാറിയ ശമ്പള/പെൻഷൻ പരിഷ്കരണ കുടിശ്ശിക, സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക അടക്കമുള്ള ബാദ്ധ്യതകൾ ഏറ്റെടുത്ത് നൽകേണ്ട സാഹചര്യവുമുണ്ടായിരുന്നു. നികുതി പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നടത്തിയ ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഒരു ഭംഗവും കൂടാതെ നടത്തുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതേസമയം നോട്ട് നിരോധനമടക്കമുള്ള കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും അപ്രതീക്ഷിതമായി സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും പ്രതീക്ഷിച്ച സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിൽനിന്നും സംസ്ഥാനത്തെ പിന്നോട്ടടിച്ചുവെന്നത് വസ്തുതയാണ്.

(ബി) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വികസനത്തിന് പ്രേരകങ്ങളാകുന്ന സ്വപ്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ധനം കണ്ടെത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികളുണ്ട്. കേന്ദ്രസർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടിയാണ്. ബജറ്റിനതീതമായി പണം കണ്ടെത്തു കയെന്നതാണ് ഇതിനുള്ള ഒരു പോംവഴി. ആ ദിശയിലേയ്ക്കുള്ള ചുവടുവയ്പാണ് കിഫ്ബി. അഞ്ച് വർഷംകൊണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ കേരളത്തിന്റെ പശ്ചാത്തല മേഖലയിലും തത്ഫലമായി സമ്പദ് വ്യവസ്ഥയിലും ഉണ്ടാക്കിയേക്കാവുന്ന ഉണർവ്വ് വരുംവർഷങ്ങളിൽ അനുഭവവേദ്യമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാന സാമ്പത്തിക സ്ഥിതിയെക്കുറിച്ചൊരു ധനവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിലുള്ളതായി സർക്കാർ കരുതുന്നില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കോഴിക്കോട് നടന്ന തട്ടിപ്പ്

40(3768) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കോഴിക്കോട് നടന്ന തട്ടിപ്പിനെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ തട്ടിപ്പ് നടന്നുവെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഇക്കാര്യത്തിൽ ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) തട്ടിപ്പ് നടത്തിയ തുക തിരികെ ഈടാക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിലുള്ള തട്ടിപ്പുകൾ തടയുന്നതിന് എന്തൊക്കെ മുൻ കരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയായിട്ടില്ല. കോഴിക്കോട് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച പ്രാഥമിക പരിശോധനാ റിപ്പോർട്ടിന്മേൽ വിശദമായ തുടരന്വേഷണം നടന്നുവരുന്നു. അന്തിമ റിപ്പോർട്ട് തയ്യാറായിട്ടില്ല.

(ബി&സി) ബാധകമല്ല.

## പുനർനിർമ്മാണത്തിനായി സർക്കാർ എടുക്കുന്ന വായ്പ

41(3769) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് വായ്പ എടുക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇപ്രകാരം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുക; വിശദവിവരം നൽകുമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ എത്ര വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW -യിൽ നിന്ന് 1458 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വായ്പ എന്നിവ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ ലോകബാങ്കിൽനിന്ന് വികസനനയ വായ്പയ്ക്കായി 1750 കോടി രൂപ ഈ വർഷം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, HUDCO, NIDA, RIDF തുടങ്ങിയ ഏജൻസികളിൽനിന്നും വായ്പ സ്വരൂപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. നിർവ്വഹണ യോഗ്യമായ പദ്ധതികൾ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാനാകുന്ന ഏജൻസികൾവഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. പ്രധാനമായും ദീർഘകാല പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. അതതു വകുപ്പുകളുടെ നേതൃത്വത്തിലാണ് പദ്ധതി തയ്യാറാക്കലും നിർവ്വഹണവും നടക്കുന്നത്. പദ്ധതികൾക്ക് അന്തിമ രൂപമാകുന്ന മുറയ്ക്കേ അവയുടെ പൂർത്തീകരണ കാലയളവ് വ്യക്തമാകുകയുള്ളൂ.

**വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക**

42(3770) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2018 മുതൽ 31-3-2019 വരെ സംസ്ഥാനത്തെ മൊത്തം ചെലവ് എത്ര; വിവിധ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ ട്രഷറികളിൽനിന്നും ഈ കാലയളവിൽ എത്ര തുക സർക്കാർ ജീവനക്കാർക്ക് ശമ്പളയിനത്തിലും, മറ്റ് ആനുകൂല്യങ്ങളായിട്ടും നൽകുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാലയളവിൽ സംസ്ഥാന സർക്കാർ പെൻഷൻകാർക്ക് എത്ര തുക പെൻഷൻ ആയി നൽകി; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാന സർവ്വീസിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി എത്ര തുക ചെലവഴിച്ചു ; വിശദമാക്കാമോ;

(ഇ) ഈ കാലയളവിൽ സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകാമോ?

ഉത്തരം

(എ) 2018-2019 സാമ്പത്തിക വർഷം അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾപ്രകാരം ധനാഭ്യർത്ഥന തിരിച്ചുള്ള ചെലവിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സർക്കാർ ജീവനക്കാർക്കുള്ള ശമ്പള ഇനത്തിൽ 2018-2019 സാമ്പത്തിക വർഷം 31509.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി & ഡി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പെൻഷൻ ഇനത്തിൽ ആകെ 19011.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1800.37 കോടി രൂപ ഡി.സി.ആർ.ജി.-ക്കും 2895.93 കോടി രൂപ പെൻഷൻ കമ്മ്യൂട്ടേഷനുമാണ്.

(ഇ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2018-2019 സാമ്പത്തിക വർഷം വിവിധ വികസന പ്രവർത്തനങ്ങൾക്കായി 64315.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**സേവന നികുതി**

43(3771) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ ഫീസും ആശുപത്രി സേവനങ്ങളുടെ നിരക്കും ഉയർത്തുന്നത് സാധാരണക്കാരെ തീർത്തും പ്രതികൂലമായി ബാധിക്കുമോഎന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയ സെസ്സും സേവനനികുതി വർദ്ധനവും ജനജീവിതം ദുഃസ്സഹമാക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) എല്ലാ സേവന നിരക്കുകളിലും സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാത്തവിധം നാമമാത്രമായ വർദ്ധനവാണ് 2019-ൽ വരുത്തിയിട്ടുള്ളത്. ആരോഗ്യ/വിദ്യാഭ്യാസ വകുപ്പുകൾക്കും 2019-ലെ 5% നിരക്ക് വർദ്ധനവ് ബാധകമാണെങ്കിലും ആരോഗ്യ വകുപ്പിൽ നാളിതുവരെ നിരക്ക് വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മാത്രമാണ് വിദ്യാർത്ഥികളിൽനിന്നും നേരിട്ട് ഈടാക്കുന്ന ഫീസുകളെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഒഴിവാക്കിക്കൊണ്ടുള്ള വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. നാല് പതിറ്റാണ്ട് മുമ്പ് നിശ്ചയിച്ച നിരക്കുകളാണ് നിലവിൽ ആരോഗ്യവകുപ്പിൽ പ്രാബല്യത്തിലുള്ളത്. സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭൂരിപക്ഷം ജനവിഭാഗവും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ വരുമെന്നതിനാൽ സാധാരണക്കാരെ നിരക്ക് വർദ്ധന പ്രതികൂലമായി ബാധിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല.

(ബി) ചരക്കുസേവന നികുതി നിലവിൽ വന്നപ്പോൾ ഭൂരിപക്ഷം ചരക്കുകൾക്കും നികുതിഭാരം കുറയുകയാണുണ്ടായത്. പിന്നീട് 28% നിരക്കിൽ നികുതി ചുമത്തിയിരുന്ന പല സാധനങ്ങൾക്കും ചരക്കുസേവന നികുതി കുറയ്ക്കുകയുണ്ടായി. ഡീമോണിറ്റൈസേഷൻ, ജി.എസ്.ടി., പ്രളയം എന്നിവ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ കാര്യമായി ബാധിച്ചു. നിലവിൽ ചരക്ക്/സേവനങ്ങളുടെ മൂല്യത്തിൽ അന്തിമ വിതരണ ഘട്ടത്തിൽ മാത്രമാണ് 1% സെസ്സ് ചുമത്തുന്നത്. അതിനാൽ കാര്യമായ വിലക്കയറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. മാത്രമല്ല സെസ്സ് നടപ്പിലാക്കുമ്പോൾ സാധാരണക്കാർക്ക് വിലക്കയറ്റം ബാധിക്കാതിരിക്കാൻ 5% മാത്രം ചരക്കുസേവന നിരക്ക് ബാധകമായ എല്ലാ നിത്യോപയോഗ സാധനങ്ങളെയും സെസ്സ് പിരിക്കേണ്ട ഉൽപ്പന്നങ്ങളുടെ വിഭാഗത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോംപൗണ്ടിംഗ് പദ്ധതി സ്വീകരിച്ച ചെറുകിട വ്യാപാരികളെ സെസ്സ് പിരിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സെസ്സ് രണ്ടു വർഷ കാലയളവിലേയ്ക്ക് മാത്രമാണ് ഈടാക്കുന്നത്. ഇതുവഴിയുള്ള അധിക വരുമാനം പൂർണ്ണമായും കേരളത്തിന്റെ പുനർനിർമ്മാണത്തിനു വേണ്ടി വിനിയോഗിക്കേണ്ടതാണ്. ആയതിനാൽ സെസ്സ് ചുമത്തുന്നത് ജനജീവിതം ദുസ്സഹമാക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല.

## റവന്യൂ കമ്മി കുറയ്ക്കാൻ നടപടി

44(3772) <u>പ്രൊഫ. കെ. യു. അരുണൻ</u> :

<u>ശ്രീ. എ. എൻ. ഷംസീർ</u> :

<u>ശ്രീ. പി. കെ. ശശി</u> :

<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷാവസാനത്തോടെ റവന്യൂ കമ്മി ജി.എസ്.ഡി.പി.യുടെ ഒരു ശതമാനമായും ധനകമ്മി മൂന്ന് ശതമാനമായും കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന ധനമാനേജ്മെന്റ് നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ നടപടികളുടെ ഫലമായുണ്ടായ സാമ്പത്തിക ആഘാതങ്ങളും ജി.എസ്.ടി. നടപ്പാക്കിയതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥയും സംസ്ഥാനത്തെ കാർഷിക, വ്യാപാര, വാണിജ്യ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ആയത് സംസ്ഥാനത്തെ തനതു നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യത്നത്തിന് എത്രമാത്രം പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ റവന്യൂ ചെലവിൽ ഇരുപത്തിയേഴ് ശതമാനത്തോളം വർദ്ധനയുണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നതിനാൽ വികസന - വികസനേതര റവന്യൂ ചെലവു നിയന്ത്രിക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുക ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളും ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും നമ്മുടെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ.-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു. നികുതി ചെക്ക് പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സ്ഥിതിയും സംജാതമായി. ഇപ്പോൾ ഇത് ഒരു പരിധിവരെ തടയാൻ കഴിയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തി ഇത് കുറയ്ക്കാൻ നടത്തുന്ന ശ്രമം ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തിയിട്ടില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടക്കം ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കു. മറ്റ് ചെലവ് ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.

## ഖജനാവിൽനിന്ന് പലിശ ഇനത്തിൽ നൽകിയ തുക

45(3773) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖജനാവിൽ നിന്ന് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പലിശ ഇനത്തിൽ നൽകിയ ആകെ തുക എത്രയാണെന്നും ഇതിൽ മൂലധനനിക്ഷേപത്തിന്മേൽ നൽകിയ തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.യുടേയും കടത്തിന്റെയും അനുപാതം എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മൂലധന നിക്ഷേപത്തിന്മേൽ ഉൾപ്പെടെ പലിശ ഇനത്തിൽ 2017-2018 സാമ്പത്തിക വർഷം ചെലവഴിച്ച തുക 15119.93 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2018-2019 സാമ്പത്തിക വർഷം ഈയിനത്തിൽ 14541.49 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2017-2018 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യുടെയും കടത്തിന്റെയും അനുപാതം 30.69 ശതമാനമായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2018-2019 സാമ്പത്തിക വർഷത്തെ ഈ ഇനത്തിലുള്ള അനുപാതം 30.03 ശതമാനമാണ്.

## ബഡ്ജറ്റിതര ധനസമാഹരണ മാർഗ്ഗങ്ങൾ

46(3774) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ സാമ്പത്തിക ആവശ്യങ്ങൾ നിവേറ്റുന്നതിനായി എന്തെല്ലാം ബഡ്ജറ്റിതര ധനസമാഹരണ മാർഗ്ഗങ്ങളാണ് സർക്കാർ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റിതര മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തുമ്പോൾ അവയുടെ തിരിച്ചടവ് ഏതൊക്കെ രീതിയിലൂടെയാകുമെന്ന് വ്യക്തമാക്കുമോ;

(സി) നീതി ആയോഗിൻെറ ആവിർഭാവത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും സംസ്ഥാനത്തിന് ധനസഹായം നല്കുന്ന രീതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) കേന്ദ്ര പദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## ഉത്തരം

(എ & ബി) അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിനാവശ്യമായ ധനം കണ്ടെത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ കേരളത്തിന് ധാരാളം പരിമിതികളുണ്ട്. കേന്ദ്രസർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടിയാകുന്നു. ഈ പശ്ചാത്തലത്തിൽ കിഫ്ബി വഴി റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആവശ്യമായ തുക കണ്ടെത്തുവാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ KIIF ആക്ടിൽ മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോളിനുള്ള സെസ്സിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഓരോ വർഷവും നിർബന്ധമായി കിഫ്ബിക്ക് കൈമാറണമെന്ന് സർക്കാരിനോട് അനുശാസിക്കുന്നു. കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുവാൻ ഈ വരുമാനം മതിയാകുന്നതാണ്.

(സി) കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനുശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയാണുണ്ടായത്. ഇതിൽ ആറെണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും ഇരുപതെണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും രണ്ടെണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.

### കോർ ഓഫ് ദ കോർ ഗണം

ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ്രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.

### കോർ ഗണം:

ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് അറുപത് ശതമാനം കേന്ദ്രവിഹിതവും നാൽപ്പതു ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു.

ഓപ്ഷണൽ ഗണം:

ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

(ഡി) കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികളുടെ സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനുംവേണ്ടി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ സെൻട്രൽ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് (സി.പി.എം.യു.) പ്രവർത്തിച്ചുവരുന്നു. ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പോർട്ടലായ പ്ലാൻ സ്പേസ് വഴി ലഭ്യമാക്കുന്നതിനുള്ള നടപടികളും കേന്ദ്രസർക്കാരിൽനിന്നും കേന്ദ്ര ഫണ്ട് റിലീസ് ചെയ്യുന്ന മുറയ്ക്ക് പ്ലാൻ സ്പേസ് പോർട്ടലിൽ ലഭ്യമാക്കുന്നതിന് പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (PFMS) പ്ലാൻ സ്പേസ് പോർട്ടലുമായി ലിങ്ക് ചെയ്യുന്നതിനായുള്ള നടപടികളും ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ് സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ സംസ്ഥാനത്തെ വിവിധ വകുപ്പുകളുമായും ബന്ധപ്പെട്ട വിവിധ കേന്ദ്ര മന്ത്രാലയങ്ങളുമായും ഏകോപിച്ച് പ്രവർത്തിച്ച് സമയബന്ധിതമായി കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിന് സഹായകരമാകുംവിധം റസിഡന്റ് കമ്മീഷണർക്ക് ഒരു റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം തയ്യാറാക്കുന്നതിനായുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ് നിരന്തരം ബന്ധപ്പെടുകയും ആവശ്യമെങ്കിൽ കൂടിയാലോചനാ യോഗങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന റിലീസ് വിവരങ്ങൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനവും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിതലത്തിലുള്ള യോഗങ്ങളിലും ചീഫ് സെക്രട്ടറിതലത്തിലുള്ള യോഗങ്ങളിലും കേന്ദ്രസഹായം നേടിയെടുക്കുന്നതിനാവശ്യമായ നടപടികളുടെയും വിനിയോഗത്തിന്റെയും പുരോഗതി അവലോകനം ചെയ്യാറുമുണ്ട്. കൂടാതെ, വകുപ്പുമന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും യഥാസമയം പദ്ധതി അവലോകനം നടത്തുകയും അതതു വകുപ്പിന്റെ പുരോഗതി വീക്ഷിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്താറുമുണ്ട്.

## സംസ്ഥാനവരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ

47(3775) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 സാമ്പത്തികവർഷത്തിൽ വിവിധ ഹെഡുകൾ വഴി സംസ്ഥാനത്തിന്റെ മൊത്തം വരുമാനം എത്ര ആയിരുന്നു; ഹെഡ് വൈസ് വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രതീക്ഷിച്ചിരുന്ന വരവ് ലഭ്യമാക്കുവാൻ കഴിഞ്ഞോ; അതോ അധികം സമാഹരിക്കുവാൻ കഴിഞ്ഞോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഏതു മേഖലയിൽ നിന്നുമുള്ള വരുമാനത്തിലാണ് കുറവുണ്ടായത്; പ്രതീക്ഷിക്കുന്ന വരുമാനം എത്ര; കുറവെത്ര; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2018-19 വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ 2019-20 സാമ്പത്തികവർഷത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2018-2019 സാമ്പത്തിക വർഷത്തിൽ വിവിധ ഹെഡ്ഡുകൾ വഴിയുള്ള സംസ്ഥാനത്തെ റവന്യൂ വരുമാനത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) 2018-2019 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചതും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ലഭ്യമായതുമായ റവന്യൂ വരുമാനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

| ഇനം | പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചത് (തുക കോടിയിൽ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ലഭ്യമായത് (തുക കോടിയിൽ) |
|---|---|---|
| റവന്യൂ വരുമാനം | 100006.58 | 91387.70 |
| (എ) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 53110.58 | 50654.08 |
| (ബി) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 12991.97 | 10511.22 |
| (സി) കേന്ദ്ര നികുതി വിഹിതം | 19932.27 | 19028.63 |
| (ഡി) കേന്ദ്ര ധനസഹായം | 13971.76 | 11193.77 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി അന്തർ സംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽനിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നീ ആക്ടുകൾ പ്രകാരമുള്ള അസസ്സ്മെന്റുകളിൽ വന്നിട്ടുള്ള നികുതി കുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെ കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. അന്യ സംസ്ഥാനത്ത് രജിസ്റ്റർചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ചരക്കുസേവന നികുതി**

48(3776) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്കുസേവന നികുതി ഈടാക്കുന്ന ചില കച്ചവട സ്ഥാപനങ്ങൾ പ്രസ്തുത തുക സർക്കാരിലേക്ക് ഒടുക്കാതെ ക്രമക്കേട് നടത്തുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ കാണിക്കാതെ ബില്ലിൽ ഒൻപത് ശതമാനം ജി.എസ്.ടി. തുക ഈടാക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ കാണിക്കാതെ ബില്ലിൽ നികുതി ഈടാക്കുന്നത് ജി.എസ്.ടി. നിയമം വകുപ്പ് 122(1) പ്രകാരം കുറ്റകരമാണ്. ജി.എസ്.ടി. നികുതി നിരക്കുകളിൽ 9% എന്നൊരു നിരക്കില്ല. 9% എസ്.ജി.എസ്.ടി., 9% സി.ജി.എസ്.ടി. എന്നിങ്ങനെ ആകെ 18% ആണ് ഈ സ്ലാബിൽ നികുതിയായി ഈടാക്കേണ്ടുന്നത്. 9% നിരക്കിൽ നികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം വ്യാപാരിക്കെതിരെ ജി.എസ്.ടി. നിയമപ്രകാരം പിഴ ഈടാക്കൽ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരത്തിലുള്ള കേസ്സുകൾ പരാതികളുടെ അടിസ്ഥാനത്തിലോ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗത്തിന്റെ അന്വേഷണത്തിന്റെ ഭാഗമായോ കണ്ടെത്തിയാൽ ടി വകുപ്പ് പ്രകാരം പിഴ ചുമത്താറുണ്ട്.

**സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക്**

49(3777) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി-മാർച്ച് ക്വാർട്ടറിൽ ഇന്ത്യയുടെ ജി.ഡി.പി. വളർച്ച 5.8 ശതമാനമാണെന്നും 5 വർഷത്തെ ഏറ്റവും താഴ്ന്ന വളർച്ചാനിരക്കായ 6 ശതമാനമാണ് കഴിഞ്ഞ വർഷത്തേതെന്നും ആശങ്കാജനകമാണെന്ന് കരുതുന്നുണ്ടോ;

(ബി) 2017-18-ൽ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കായ 6 ശതമാനം രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാരത സർക്കാരിന്റെ മേല്പറഞ്ഞ നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാന സർക്കാരിന്റെ ഈ മേഖലയിലുള്ള നേട്ടം അല്ലെങ്കിൽ കോട്ടം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇന്ത്യയുടെ ജി.ഡി.പി. വളർച്ചാ നിരക്ക് കുറഞ്ഞുവരുന്നത് അഭികാമ്യമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരളത്തിന്റെ ജി.എസ്.ഡി.പി. വളർച്ചാ നിരക്ക് നടപ്പ് വിലയിൽ 2016-17-ൽ 9.67 ശതമാനവും 2017-18-ൽ 11.42 ശതമാനവും ആയിരുന്നു. സ്ഥിര വിലയിൽ (2011-12 അടിസ്ഥാന വർഷം) ഇത് 2016-17-ൽ 6.22 ശതമാനവും 2017-18-ൽ 7.18 ശതമാനവും ആയിരുന്നു. 2018-19 സാമ്പത്തിക വർഷത്തെ 2019 ജനുവരി-മാർച്ച് ക്വാർട്ടറിലെ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി. വിവരങ്ങൾ ലഭ്യമായിട്ടില്ല.

ഭാരത സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ 2015-16-ലെ അഞ്ചാം തൊഴിൽ, തൊഴിലില്ലായ്മ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനമായിരുന്നു. ഈ റിപ്പോർട്ട് അനുസരിച്ച് ഭാരതത്തിലെ തൊഴിലില്ലായ്മ നിരക്ക് അഞ്ച് ശതമാനമായിരുന്നു. ഭാരത സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം 2019 മേയ് മാസത്തിൽ പുറത്തിറക്കിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 2017-18-ൽ 11.4 ശതമാനമായി കുറഞ്ഞിട്ടുണ്ട്. (ഈ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് ആറ് ശതമാനമാണ്)

## മസാല ബോണ്ടിന്റെ ക്ലിയറിംഗ് ഹൗസ് ഏജന്റുമാർ

50(3778) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടിന്റെ ക്ലിയറിംഗ് ഹൗസ് ഏജന്റുമാർ ആരെല്ലാമെന്നും അവരുടെ ഫീസ് എത്രയെന്നും വിശദമാക്കുമോ;

(ബി) എച്ച്.എസ്.ബി.സി. മസാല ബോണ്ടുമായി ബന്ധപ്പെട്ട ഏതെല്ലാം ജോലികളാണ് ഏറ്റെടുത്തിരിക്കുന്നത്;

(സി) എച്ച്.എസ്.ബി.സി.-യെ തെരഞ്ഞെടുക്കുവാനുള്ള കാരണം വിശദമാക്കുമോ;

(ഡി) ഇവരെ കൂടാതെ വേറെ ഏതെങ്കിലും ബാങ്ക് ഈ ജോലി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) യുറോക്ലിയർ, ക്ലിയർസ്ട്രീം എന്നീ ക്ലിയറിംഗ് ഹൗസുകളാണ് കിഫ്ബിയുടെ മസാലബോണ്ടിൽ ആ മേഖലയിൽ പ്രവർത്തിച്ചത്. കിഫ്ബിയുടെ മസാല ബോണ്ടിന്റെ ട്രസ്റ്റി, പ്രിൻസിപ്പൽ പേയിംഗ് ഏജന്റ്, രജിസ്ട്രാർ, ട്രാൻസ്ഫർ ഏജന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച എച്ച്.എസ്.ബി.സി.-യാണ് ടി സ്ഥാപനങ്ങളെ ഏർപ്പെടുത്തിയത്. ക്ലിയറിംഗ് ഹൗസുകളുമായുള്ള ഇടപാടുകളും എച്ച്.എസ്.ബി.സി. മുഖേനയാണ് നടത്തിയത്. കിഫ്ബിയുടെ മസാല ബോണ്ടിന്റെ ട്രസ്റ്റിയെ കണ്ടെത്തിയത് പ്രസ്തുത മേഖലയിൽ പ്രമുഖരായ ബാങ്കുകൾക്കിടയിൽ നടത്തിയ ഒരു ബിഡ്ഡ് നടപടിക്രമത്തിലൂടെയായിരുന്നു. എച്ച്.എസ്.ബി.സി.-യെ കൂടാതെ സിറ്റി ബാങ്ക്, ഡോയ്ഷ് ബാങ്ക്, ബാങ്ക് ഓഫ് ന്യൂയോർക്ക് മെലോൺ എന്നിവരും ബിഡ്ഡുകൾ സമർപ്പിച്ചിരുന്നു. തുടർന്ന് ഏറ്റവും കുറഞ്ഞ തുകയ്ക്ക് ബിഡ്ഡ് സമർപ്പിച്ച എച്ച്.എസ്.ബി.സി.-യെ തെരഞ്ഞെടുക്കുകയായിരുന്നു. പ്രസ്തുത സർവ്വീസുകളിലേയ്ക്കായി നാളിതുവരെ 7500 യു.എസ്. ഡോളർ എച്ച്.എസ്.ബി.സി.-ക്ക് നൽകിയിട്ടുണ്ട്.

## കിഫ്ബി പദ്ധതികൾ

51(3779) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികളാണ് പൂർത്തിയാക്കിയതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 44 ഡയാലിസിസ് സെന്ററുകളിൽ 38 എണ്ണം പൂർത്തിയായിട്ടുണ്ട്. കാത്ത് ലാബ് & സി.സി.യു. എന്നിവയിൽ ആറ് എണ്ണം പൂർത്തിയായിട്ടുണ്ട്. വനം വകുപ്പിന് കീഴിലുള്ള സോളാർ ഫെൻസിംഗ് പദ്ധതി എട്ട് സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാം ഘട്ടവും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ പതിനാല് ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി തൊണ്ണൂറ്റിയെട്ട് ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. രണ്ട് കുടിവെള്ള പദ്ധതികൾ പൂർണ്ണമായും നാല് കുടിവെള്ള പദ്ധതികളുടെ വിവിധ ഘടകങ്ങളും പൂർത്തിയായിട്ടുണ്ട്. പൂർത്തിയായ പദ്ധതികളുടെ/ ഘടകങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കിഫ്ബി പദ്ധതികൾക്കായി ബോണ്ടുകൾ മുഖേനയുള്ള ധനസമാഹരണം

52(3780) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണത്തിനുള്ള മസാല ബോണ്ടിനു പുറമെ മറ്റെന്തല്ലാം ബോണ്ടുകൾ പുറത്തിറക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഓരോ ബോണ്ട് വഴിയും എത്ര രൂപവീതം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ബോണ്ടുകൾ വഴി ഏതെല്ലാം രീതിയിലാണ് ധനസമാഹരണം ലക്ഷ്യമിടുന്നത്; ഓരോ ബോണ്ടിന്റെയും പ്രത്യേകതകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) രൂപയിലല്ലാതെ നിക്ഷേപിക്കുന്നതിനും വ്യക്തികളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നതിനും ഇത്തരം ബോണ്ടുകൾ വഴി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ - സി) മസാല ബോണ്ടിന് പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട് വഴി ധനസമാഹരണത്തിനും ബോർഡ് തീരുമാനം കൈക്കൊണ്ടിരുന്നു. എന്നാൽ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുവഴിയുള്ള ധനസമാഹരണത്തിനുള്ള ഏജൻസികളെ നിശ്ചയിക്കാൻ ക്ഷണിച്ച ദർഘാസ്പ്രകാരം ആദായകരമായ നിരക്ക് ലഭ്യമാകാതിരുന്നതിനാൽ ആ ശ്രമം തല്ക്കാലം മാറ്റി വയ്ക്കുകയായിരുന്നു. സമയാസമയങ്ങളിൽ ഉചിതമായ മാർഗ്ഗങ്ങളിലൂടെ ആസ്തി-ബാദ്ധ്യത വിശകലനത്തിനെ അടിസ്ഥാനപ്പെടുത്തിയുള്ള ധനസമാഹരണമാണ് കിഫ്ബി നടത്തിവരുന്നത്. നിലവിലെ ആവശ്യത്തിനുതകുന്ന തുക കിഫ്ബി ഫണ്ടിൽ ലഭ്യമാണ്. ഭാവിയിലെ ആവശ്യം മുൻനിർത്തി കിഫ് ആക്ട് അനുശാസിക്കുന്ന വിവിധ ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്.

**കിഫ്ബിയുടെ ബാധ്യതകൾ എറ്റെടുക്കൽ**

53(3781) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കിഫ്ബിയെ ഒരു സ്വതന്ത്രാധികാര സ്ഥാപനമായി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഭരണഘടനയുടെ അനുച്ഛേദം 293(1) കിഫ്ബിക്ക് ബാധകമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കിഫ്ബിമൂലം ഉണ്ടാകുന്ന ബാധ്യത സർക്കാർ ഏറ്റെടുക്കുന്നത് നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കിഫ്ബി മസാല ബോണ്ടുമായി ബന്ധപ്പെട്ട് നിയമവകുപ്പ് ലഭ്യമാക്കിയ ഉപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) കേരള നിയമസഭ അംഗീകരിച്ച കിഫ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമാണ് കിഫ്ബി. ഭരണഘടനയുടെ അനുച്ഛേദം 293(1) അനുശാസിക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

Article 293(1) in The Constitution of India 1949

(1) Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed.

സംസ്ഥാന സർക്കാരുകൾ കടം വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങളാണ് അനുച്ഛേദം 293(1)-ൽ പ്രതിപാദിക്കുന്നത്. കിഫ്ബി പോലെയുള്ള സ്ഥാപനങ്ങൾക്ക് ഇത് ബാധകമല്ല.

(സി)കിഫ്ബിയുടെ കടമെടുപ്പുമായി ബന്ധപ്പെട്ട തിരിച്ചടവിന് കിഫ് ആക്ടിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. അതിൻപ്രകാരമുള്ള ധനാഗമ മാർഗ്ഗങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കരുതുന്നില്ല.

(ഡി) കിഫ്ബി മസാല ബോണ്ടുമായി ബന്ധപ്പെട്ട് നിയമവകുപ്പ് ലഭ്യമാക്കിയ ഉപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പദ്ധതികൾക്കായി ചെലവഴിച്ച തുക**

54(3782) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആവിഷ്കരിച്ച ആർദ്രം മിഷൻ, ലൈഫ് പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം എന്നിവയ്ക്കായി 2019 ജൂൺ 1 വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കിഫ്ബി മുഖേന പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം അനുവദിച്ചുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി പദ്ധതികൾ

55(3783) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി വഴി എത്ര പദ്ധതികൾക്ക് തുക അനുവദിച്ചു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി വഴി ഫണ്ട് അനുവദിച്ചത്; വിശദാംശം നൽകാമോ; ഓരോ പ്രവൃത്തിയുടെയും കാലികസ്ഥിതി വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി വഴി അംഗീകരിച്ച പദ്ധതികളുടെ തുകയും വിശദാംശവും ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കിഫ്ബി വഴി അംഗീകരിച്ച ഏഴ് പദ്ധതികളിൽ മൂന്ന് പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. നാല് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ തുകയും വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കിഫ്ബിവഴി കൊച്ചി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

56(3784) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ കൊച്ചി മണ്ഡലത്തിൽ കിഫ്ബി വഴി ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര കോടി രൂപ വീതം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു; ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) അവശേഷിക്കുന്ന കിഫ്ബി പ്രവൃത്തികൾക്ക് എന്നത്തേക്ക് ഭരണാനുമതി ലഭിച്ച് പ്രവർത്തനം തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ കൊച്ചി മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുവാൻ പ്രഖ്യാപിച്ചതും അവയിൽ കിഫ്ബി അംഗീകാരം നൽകിയതുമായ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അവശേഷിക്കുന്ന കിഫ്ബി പദ്ധതികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ഭരണാനുമതി ലഭ്യമായശേഷം ചുമതലപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അവലോകന പ്രക്രിയ പൂർത്തിയാക്കി കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ ജനറൽബോഡി യോഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. ഇത്തരത്തിൽ കിഫ്ബി അംഗീകരിച്ച പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിക്കാണ്.

## മഴുവഞ്ചേരി-ചൂണ്ടൽ റോഡിന്റെ പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബിയുടെ അംഗീകാരം

57(3785) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ പരിഗണനയ്ക്കായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തൃശ്ശൂർ - കുറ്റിപ്പുറം റോഡ് എന്ന പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 10-7-2017-ലെ സ.ഉ.(സാധാ.) നം. 942/2017/പൊ.മ.വ. ഉത്തരവ് പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടോ മറ്റ് വിശദാംശങ്ങളോ നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മറ്റുവിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അനുയോജ്യമായ നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ

58(3786) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏറ്റവും പുരോഗതി കൈവരിച്ച പ്രവൃത്തി എതാണെന്ന് വിശദമാക്കാമോ;

(സി) ജില്ലയിൽ കിഫ്ബി പ്രവൃത്തിയിൽ അനുവദിച്ച റോഡു പ്രവൃത്തികൾക്ക് കിലോമീറ്ററിന് ശരാശരി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തെക്കിൽ-ആലറ്റി റോഡിന് (പി.ഡബ്ല്യൂ.ഡി-004-122) ഇത്തരത്തിൽ തുക അനുവദിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഈ പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ വന്നിട്ടുള്ള അപാകത പരിഹരിച്ച് ജില്ലയിൽ നല്ല പുരോഗതിയിൽ നീങ്ങുന്ന ഈ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിലേക്കായി തയ്യാറാക്കി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന് എത്രയും വേഗം കിഫ്ബി അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിൽ ആരംഭിച്ച പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിക്കാണ് പദ്ധതികളുടെ നിർവ്വഹണ ചുമതല. എല്ലാ പദ്ധതികളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലഭ്യമായ വിവരമനുസരിച്ച് ഇതിൽ മലയോര ഹൈവേയുടെ ഭാഗമായ നന്ദാരപ്പടവ്-ചേവർ റോഡിന്റെ നിർമ്മാണ പ്രവർത്തനമാണ് ഏറ്റവും പുരോഗതിയുള്ളത്.

(സി) കിഫ്ബി പ്രവൃത്തിയിൽ അനുവദിച്ച റോഡ് പ്രവൃത്തികൾക്ക് ശരാശരി 3-4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ കിഫ്ബി ധനാനുമതി നൽകിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തെക്കിൽ-ആലറ്റി റോഡിന്റെ പ്രവൃത്തി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി അംഗീകരിച്ച് 71.86 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ പ്രവൃത്തി പുരോഗമിക്കുന്ന ഘട്ടത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ 78.13 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി. ഇത് നിലവിൽ കിഫ്ബി പരിശോധിച്ചുവരുന്നു. കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം അപാകതകൾ ഇല്ലാത്ത പക്ഷം പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പദ്ധതി നിർദ്ദേശം എത്രയും വേഗം അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ മഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ**

59(3787) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഒമ്പത് പ്രവൃത്തികൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും ധനാനുമതിയും നൽകിയിട്ടുണ്ട്. ഇവയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയ മഞ്ചേരി-ഒലിപ്പുഴ റോഡ് പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 20-8-2016-ലെ സ.ഉ. (സാധാ.) നമ്പർ 1192/2016/PWD ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിനെ പദ്ധതി നിർവ്വഹണ ഏജൻസിയായി (എസ്.പി.വി.) ചുമതലപ്പെടുത്തിക്കൊണ്ട് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കായി കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിശോധനയ്ക്കുശേഷം 14-2-2018-ൽ ചേർന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരിഗണിച്ച് 85.61 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയാണ്. പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്.

**ഇരിങ്ങാലക്കുട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

60(3788) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇരിങ്ങാലക്കുട മണ്ഡലത്തിൽ കിഫ്ബി മുഖേന പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും പ്രവർത്തനാനുമതി ലഭിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

ഇരിങ്ങാലക്കുട മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും ധനാനുമതി നൽകിയിട്ടുള്ളതുമായ പദ്ധതികൾ ഇവയാണ്.

1. നടവരമ്പ് മോഡൽ ഹൈസ്കൂൾ വികസന പദ്ധതി
2. ട്രാൻസ്ഗ്രിഡ് 2.0 നോർത്ത് സൗത്ത് ഇന്റർ ലിങ്ക് പാക്കേജ്
3. കല്ലേറ്റുംകര സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം
4. ചാത്തൻ മാസ്റ്റർ റോഡ് നവീകരണം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആസ്തിവികസന പദ്ധതിയുടെ കുടിശ്ശിക**

61(3789) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് കീഴിലായി ഭാഗികമായും പൂർണ്ണമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ പാർട്ട് ബിൽ / ഫൈനൽ ബിൽ അനുവദിക്കാത്ത ഗുരുതരമായ സ്ഥിതി വിശേഷം നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവൃത്തികൾക്ക് ഭാഗികമായോ മുഴുവനായോ കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക എത്രയാണ് നിലവിൽ ഉള്ളതെന്ന് അറിയിക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**ടെണ്ടർ സേവിംഗ് തുകയുടെ വിനിയോഗം**

62(3790) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന പദ്ധതിയുടെ ഭാഗമായി ടെൻഡർ സേവിംഗ്സ് ഇനത്തിൽ എത്ര തുക സർക്കാരിന്റെ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ലഭ്യമാകുന്ന ടെൻഡർ സേവിംഗ്സ് തുക ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ടതും എസ്റ്റിമേറ്റ് തുകയിൽനിന്ന് അധികമായി ചെലവ് വരുന്നതുമായ പദ്ധതികൾക്ക് ചെലവഴിക്കുവാൻ അനുമതി നൽകുമോ?

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷ ത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതി യിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്.

**ടെണ്ടർ സേവിംഗ് നടപടികളിലെ വ്യക്തതയ്ക്ക് നടപടി**

63(3792) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലായി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിൽ ഓരോ വർഷവും എത്ര തുകയാണ് ടെണ്ടർ സേവിംഗ്സ് ആയി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് നടപടിക്രമങ്ങളിലെ അവ്യക്തത കാരണം ആയത് മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കുവാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ്യക്തത പരിഹരിച്ച് ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടിക്രമത്തിൽ വ്യക്തത വരുത്തുമോ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ - സി) നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

**അങ്കമാലി നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക**

64(3793) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2016-2017, 2017-2018, 2018-2019 എന്നീ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് എത്രയെന്നുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ലഭിക്കുന്ന ടെണ്ടർ സേവിംഗ്സ് തുക സംയുക്തമായി (2016-17 മുതൽ 2018-19 വരെ) ഒറ്റ പദ്ധതിയ്ക്കായി നൽകുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ ടെണ്ടർ സേവിംഗ്സ് തുക എപ്രകാരം നൽകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ - സി) 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒന്നിലധികം സാമ്പത്തിക വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് പരിഗണിക്കുന്നതിന് നിർദ്ദേശമില്ല. ഒരു സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷം പ്രയോജന പ്പെടുത്താവുന്നതാണ്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാ കളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

**പ്രവൃത്തികൾക്ക് അനുവദിച്ച തുക**

65(3794) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ ആസ്തി വികസനഫണ്ട് ഉപയോഗിച്ചുള്ള ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രവൃത്തികളിൽ അനുവദിച്ച തുകയേക്കാൾ കുറഞ്ഞ തുകയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര തുക ബാലൻസ് ആയി നീക്കിയിരിപ്പുണ്ട്; ആയതിന്റെ വർഷം തിരിച്ചുള്ള കണക്കും പ്രവൃത്തികളുടെ വിശദാംശവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) മറുപടി (എ)-യുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ബാക്കി ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കുവാൻ നിർവ്വാഹമില്ല.

**ആസ്തിവികസന പദ്ധതിയിൽ തഴക്കര ഓപ്പൺ എയർ ഓഡിറ്റോറിയം**

66(3796) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച മാവേലിക്കര നിയമസഭാമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

തഴക്കര ഗ്രാമപഞ്ചായത്തിലെ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം എന്ന പ്രവൃത്തിക്ക് രണ്ട് ഘട്ടങ്ങളായി ഭരണാനുമതിയും സാങ്കേതികാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്.

**മാനന്തവാടി നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

67(3797) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) മേൽ പദ്ധതികളിൽ ഭരണാനുമതി ലഭിക്കാൻ ശേഷിക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ അത് ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾക്ക് ഭരണാനുമതി വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മാനന്തവാടി നിയോജമകണ്ഡലത്തിലെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ച എട്ട് പ്രവൃത്തികളിൽ ആറ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 1. പനമരം പരിമ്പുമ്മൽ സ്റ്റേഡിയം നിർമ്മാണം - 50,00,000 രൂപ

2. തേറ്റമല ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണം- 25,00,000 രൂപ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല.

(സി) 1. തേറ്റമല ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. പനമരം കരിമ്പുമ്മൽ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വാണിജ്യപരമായ ആവശ്യം ഉൾപ്പെട്ടിട്ടുള്ളതിനാൽ 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. ഉത്തരവിലെ മാർഗ്ഗരേഖകൾ പ്രകാരം അനുമതി നൽകിയിട്ടില്ല.

**മിനിമാസ്റ്റ് ലൈറ്റുകൾ**

68(3798) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മിനിമാസ്റ്റ് ലൈറ്റുകൾ നിർമ്മിക്കുന്നതിനായുള്ള ധനകാര്യ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്നാൽ ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ മിനിമാസ്റ്റ് എന്നതിന് പകരം ഹൈമാസ്റ്റ് എന്ന് രേഖപ്പെടുത്തിയത് തിരുത്തലിനായി വീണ്ടും ധനകാര്യ വകുപ്പിന് ലഭിച്ചിരുന്നോ; വിശദമാക്കാമോ;

(സി) ഭരണാനുമതി ആവശ്യപ്പെട്ട് നൽകിയ പ്രൊപ്പോസലും തിരുത്തലുമായി ബന്ധപ്പെട്ട് നൽകിയ പ്രൊപ്പോസലിലും സ്പെസിഫിക്കേഷനിലോ എസ്റ്റിമേറ്റ് തുകയിലോ വ്യത്യാസം വന്നതായി ധനകാര്യ വകുപ്പ് കണ്ടെത്തിയിരുന്നോ; വിശദമാക്കാമോ;

(ഡി) ഉത്തരവിലെ തിരുത്തലിനായി അയച്ച ഭരണ വകുപ്പിന്റെ ഫയൽ നിരസിക്കാൻ ഉണ്ടായ കാരണം വിശദമാക്കാമോ;

(ഇ) ആദ്യം നൽകിയ ഒറിജിനൽ പ്രൊപ്പോസലിലും എസ്റ്റിമേറ്റിലും വ്യത്യാസമില്ലാതെ വന്ന സാഹചര്യത്തിലും പ്രവൃത്തി പൂർത്തീകരിച്ച സാഹചര്യത്തിലും ഹൈമാസ്റ്റ് എന്നത് തിരുത്തി മിനിമാസ്റ്റ് എന്ന് മാറ്റുവാൻ ധനകാര്യ വകുപ്പ് തടസ്സമായി ചൂണ്ടിക്കാട്ടിയ ചട്ടങ്ങളും കാരണങ്ങളും വിശദമാക്കാമോ; എങ്കിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച പ്രസ്തുത പദ്ധതിയുടെ ബില്ല് കരാറുകാരന് മാറി നൽകുവാൻ ഇനി സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മിനിമാസ്റ്റ് ലൈറ്റുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടില്ല. എന്നാൽ എം.എൽ.എ.-യുടെ ശിപാർശപ്രകാരം ഹൈമാസ്റ്റ് ലൈറ്റ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭരണ വകുപ്പ് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ മിനിമാസ്റ്റ് എന്നതിനു പകരം ഹൈമാസ്റ്റ് എന്ന് രേഖപ്പെടുത്തിയത് തിരുത്തലിനായി വീണ്ടും ധനകാര്യ വകുപ്പിന് ലഭിച്ചിരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കി 17-5-2019-ന് ഫയൽ ഭരണ വകുപ്പിന് മടക്കിനൽകി.

(സി) ഇല്ല.

(ഡി) എം.എൽ.എ. ഹൈമാസ്റ്റ് ലൈറ്റ് നിർമ്മാണത്തിനാണ് ശിപാർശ ചെയ്തിരുന്നത്. ആയതിനാലാണ് തിരുത്തലിനായി അയച്ച ഭരണ വകുപ്പ് ഫയൽ നിരസിച്ചത്.

(ഇ) എം.എൽ.എ. ശിപാർശ ചെയ്തപ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനാണ് നിർദ്ദേശിച്ചത്. മഞ്ചേരി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 24-10-2017-ലെ സ.ഉ.(സാധാ.) 3369/2017/തസ്വഭവ. പുറപ്പെടുവിച്ച ഉത്തരവ് റദ്ദ്ചെയ്ത് എസ്റ്റിമേറ്റ് തുക പ്രകാരവും സ്പെസിഫിക്കേഷൻ പ്രകാരവും നിർമ്മിച്ച മിനിമാസ്റ്റ് ലൈറ്റിന്റെ തുക നൽകുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുന്നതിനും ടി തുക അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിനും ഭരണവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓടനിർമ്മാണ പദ്ധതി

69(3799) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കുമ്പോൾ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഓച്ചിറ ഗ്രാമപഞ്ചായത്തിൽ ആലക്കോട് സ്കൂളിനുസമീപം ഓട നിർമ്മിക്കുന്ന പദ്ധതിക്ക് (2017-18) ഉപഭോക്തൃവകുപ്പ് പൊതുമരാമത്ത് വകുപ്പിന് ഡപ്പോസിറ്റ് ചെയ്തിട്ടുണ്ടോ ; എത്രയുംവേഗം ഡപ്പോസിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 4-8-2018-ലെ സ.ഉ.(സാധാ.) നമ്പർ 119/2018/ധന. ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുമതി നൽകിയതും PWD മുഖേന നടപ്പാക്കുന്നതുമായ പ്രവൃത്തികളുടെ ബിൽ മാറി നൽകുന്നത് Special LoC സംവിധാനം വഴി ആയിരിക്കുമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ടി സംവിധാനം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് LAC ADS ശീർഷകങ്ങളിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ ചീഫ് കൺട്രോളിംഗ് ഓഫീസർമാരായി BAMS മുഖാന്തരം അലോട്ട്മെന്റ് നൽകുന്നതിന് 14-5-2019 -ലെ സ.ഉ.(പി) നമ്പർ 58/19/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

## ജനപ്രതിനിധികൾക്ക് ടെണ്ടർ സേവിംഗ്സ് തുകയുടെ വിവരം നൽകുന്ന നടപടി

70(3800) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് ആയി എത്ര രൂപ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾക്ക് സമയബന്ധിതമായി വിവരങ്ങൾ നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിവരങ്ങൾ സമയബന്ധിതമായി നൽകാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഡി) ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) നിയോജകമണ്ഡല ആസ്തി വികസനനിധി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ (ഖണ്ഡിക 2.7 മുതൽ 2.10 വരെ).

**ആലത്തൂർ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതികൾ**

71(3801) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 സാമ്പത്തികവർഷം ആലത്തൂർ നിയോജകമണ്ഡലം ആസ്തി വികസനപദ്ധതിയുടെ ഭാഗമായി നൽകിയ 5 കോടി രൂപയുടെ വികസന പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതികളുടെ പുരോഗതി, നിർവ്വഹണ ഏജൻസി വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ബില്ലുകൾ മാറി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) 2018-19 സാമ്പത്തിക വർഷം ആലത്തൂർ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ ഭാഗമായി നൽകിയ അഞ്ച് കോടി രൂപയുടെ വികസന പദ്ധതികളുടെ നിലവിലെ പുരോഗതി, നിർവ്വഹണ ഏജൻസി മുതലായവ വകുപ്പുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2018-19 സാമ്പത്തികവർഷം ആലത്തൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ കണ്ണാടിപ്പാടം റോഡ് എന്ന പ്രവൃത്തി (10,00,000) പൂർത്തീകരിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടില്ല. ബിൽ തയ്യാറാക്കിവരുന്നു.

## സർവ്വേ വകുപ്പിൽ പുതിയ സർവ്വേയർമാരുടെ നിയമനം

72(3802) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ വകുപ്പിൽ പുതിയ സർവ്വേയർമാരെ നിയമിക്കുന്നത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പുതിയ സർവ്വേയർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ പെൻഡിംഗ് ഫയൽ നിലവിൽ ഉണ്ടോ;

(സി) റീ-സർവ്വേ സ്വകാര്യവൽക്കരിക്കുന്നതിന് ധനകാര്യ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എത്ര സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർവ്വേ വകുപ്പിൽ പുതിയ സർവ്വേയർമാരെ നിയമിക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നത് ധനകാര്യവകുപ്പല്ല.

(ബി&സി) ഇല്ല.

## മലപ്പുറം സർക്കാർ വനിതാ കോളേജിലെ തസ്തികകൾ

73(3803) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സർക്കാർ വനിത കോളേജിലെ അധ്യാപക അനധ്യാപക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ധനകാര്യവകുപ്പിൽ നിലവിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഓഫീസ് സൂപ്രണ്ട് ഉൾപ്പെടെ ഒരു തസ്തികപോലും ഇതുവരെ സൃഷ്ടിക്കാത്ത സാഹചര്യത്തിൽ ആവശ്യമായ അദ്ധ്യാപക അനധ്യാപക തസ്തികകൾക്ക് ധനകാര്യ വകുപ്പ് അനുമതി നൽകുമോ?

<u>ഉത്തരം</u>

(എ - സി) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ വിവിധ വിഷയങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ എന്നിവ സൃഷ്ടിക്കണമെന്നുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരിശോധിക്കുകയും താഴെ പറയുംപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

<u>അദ്ധ്യാപക തസ്തിക</u>

| | | |
|---|---|---|
| ഇംഗ്ലീഷ് | - | 4 |
| കെമിസ്ട്രി | - | 3 |
| ബോട്ടണി | - | 3 |
| ഇസ്ലാമിക് ഹിസ്റ്ററി | - | 2 |
| പ്രിൻസിപ്പൽ | - | 1 |

<u>അനദ്ധ്യാപക തസ്തിക</u>

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് | - | 1 |
| എൽ.ഡി. ക്ലാർക്ക് | - | 1 |

നിലവിൽ ടി കോളേജിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

**ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

74(3804) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ വ്യവസ്ഥകളിൽ ജീവനക്കാരുടെ ആശ്രിതരായ മക്കൾക്ക് 25 വയസ്സുവരെ മാത്രമേ ഇൻഷ്വറൻസ് ലഭിക്കുകയുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥ മാറ്റി ആശ്രിതരായ മക്കൾ വിവാഹിതരാകുന്നതുവരെ എന്നാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇരുപത്തിയഞ്ച് വയസ് പൂർത്തീകരിക്കുന്നതുവരെയോ അല്ലെങ്കിൽ വിവാഹം കഴിയുന്നതുവരെയോ അല്ലെങ്കിൽ ജോലി ലഭിക്കുന്നതുവരെയോ ഇവയിലേതാണോ ആദ്യം അതുവരെയുള്ള കുട്ടികളെ ജീവനക്കാരുടെ ആശ്രിതരുടെ ഗണത്തിൽ ഉൾപ്പെടുത്താമെന്നാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ശാരീരിക മാനസിക വൈകല്യം ബാധിച്ച മക്കൾക്ക് പ്രായപരിധി ബാധകമല്ല.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ്**

75(3805) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ്, കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി-കേരള (ചിയാക്)യെ ഏല്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അവരുടെ ആവശ്യം പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

രേഖാമൂലം ആവശ്യപ്പെട്ടിരുന്നില്ല.

**മെഡിസെപ് പദ്ധതി**

76(3806) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് സ്കീം എപ്രകാരമായിരുന്നു എന്ന് വിശദമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ എത്ര തുകയാണ് ചെലവഴിച്ചത്;

(സി) റിലയൻസ് കമ്പനി വഴി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതിയിൽ ഒരു വർഷം സർക്കാർ എത്ര തുകയാണ് പ്രസ്തുത കമ്പനിക്ക് ജീവനക്കാരിൽ നിന്നും ഈടാക്കി നൽകേണ്ടത്?

ഉത്തരം

(എ) നിലവിൽ സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു :

സർക്കാർ ആശുപത്രികളിലെ ചികിത്സാ ചെലവുകളിൽ ജില്ലാ മെഡിക്കൽ ഓഫീസർ/ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്നറിയിക്കുന്ന മുഴുവൻ തുകയും അതത് ഭരണ വകുപ്പുതന്നെ പ്രതിപൂരണം ചെയ്തു നൽകിവരുന്നു. സർക്കാർ അംഗീകൃത പ്രൈവറ്റ് ആശുപത്രികളിലെ ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്യുന്നതിന് ഭരണവകുപ്പ് ധനവകുപ്പിന്റെ അനുമതിക്കായി ഫയൽ ലഭ്യമാക്കുകയും ഡി.എം.ഒ./ഡി.എച്ച്.എസ്. അനുവദനീയമെന്നറിയിക്കുന്ന തുകയുടെ 80% പ്രതിപൂരണം ചെയ്തു നൽകാൻ ധനവകുപ്പ് അനുമതി നൽകി വരികയും ചെയ്യുന്നു.

(ബി) വകുപ്പുതല കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ ചെലവഴിച്ച തുക (കോടിയിൽ) ചുവടെ ചേർക്കുന്നു :

I. 2016-17 - Rs.43.35

ii. 2017-18 - Rs.47.40

iii. 2018-19 വർഷത്തെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.

(സി) പദ്ധതിയിലെ ഓരോ അംഗത്തിൽനിന്നും Rs.3000 രൂപ നിരക്കിലാണ് വാർഷിക പ്രീമിയം ഈടാക്കുന്നത്.

**മെഡിസെപ് പദ്ധതിയുടെ നടത്തിപ്പ്**

77(3807) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ മെഡിസെപ് പദ്ധതിയുടെ നടത്തിപ്പ് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറിയിട്ടുണ്ടോ;

(ബി) റിലയൻസ് ക്യാപിറ്റലിന്റെ ഉടമസ്ഥതയിലുള്ള സബ്സിഡിയറി സ്ഥാപനമാണോ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി എന്ന് വ്യക്തമാക്കുമോ ;

(സി) റിലയൻസ് ക്യാപിറ്റൽ വൻ കടത്തിലാണെന്നും, അതിന്റെ ഭാഗമായി സബ്സിഡിയറി കമ്പിനിയായ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ഹീറോ മോട്ടോർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം ഏറ്റെടുക്കുവാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഏറ്റെടുക്കൽ മെഡിസെപ് പദ്ധതിയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 27-4-2019-ലെ 49/2019/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് പദ്ധതി നടത്തിപ്പിനായി അനുമതി നൽകിയിട്ടുണ്ട്.

(ബി) അതെ. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ 100% ഓഹരികളും റിലയൻസ് ക്യാപ്പിറ്റലിന്റെ ഉടമസ്ഥതയിലാണ്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നിർദ്ദേശം**

78(3808) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരുമായി എത്ര പേരാണ് 2019 മേയ് 31-ന് സർവ്വീസിൽ നിന്നും വിരമിച്ചത് എന്നറിയിക്കാമോ;

(ബി) ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് എത്ര കോടി രൂപ വേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ;

(സി) വിരമിക്കൽ ആനുകൂല്യങ്ങൾ ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പെൻഷൻ ആനുകൂല്യം ഈ സമയപരിധിക്കുള്ളിൽത്തന്നെ നൽകുന്നതിന് സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരുമായി 6191 പേരാണ് 2019 മേയ് 31-ന് സർവ്വീസിൽനിന്നും വിരമിച്ചത്.

(ബി & സി) വിരമിക്കൽ ആനുകൂല്യങ്ങൾ ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് 4-5-2019-ലെ സ.ഉ.(അച്ചടി) നമ്പർ 55/2019/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചവർക്ക് ആയത് കൃത്യമായി വിതരണം ചെയ്തുവരുന്നുമുണ്ട്. വിരമിച്ച ജീവനക്കാർ പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ നൽകുമ്പോൾ മാത്രമാണ് ആയതിലേക്ക് എത്ര തുക വേണമെന്നുള്ളത് തിട്ടപ്പെടുത്തുന്നത്. ആയതിനാൽ 2019 മേയ് 31-ന് സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ആകെ എത്ര തുക വേണ്ടിവരുമെന്നുള്ള കണക്ക് മുൻകൂട്ടി തിട്ടപ്പെടുത്തിയിട്ടില്ല.

## പങ്കാളിത്ത പെൻഷൻ പുനഃപരിശോധന

79 (3809) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്തപെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്. ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) (ചെയർമാൻ), ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്. (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നീ അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ആറ് മാസത്തെ കാലാവധിയിലാണ് സമിതി രൂപീകരിച്ചത്. 6-5-2019-ലെ സ.ഉ.(പി). നമ്പർ 56/2019/ധന. ഉത്തരവ് പ്രകാരം സമിതിയുടെ കാലാവധി ആറ് മാസത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

## സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർച്ചാനുമതി

80(3810) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേയർമാരുടെ നിലവിലുള്ള തസ്തികകൾക്ക് തുടർച്ചാനുമതി ആവശ്യപ്പെട്ടുകൊണ്ട് സർവ്വേ ഡയറക്ടർ നൽകിയ പ്രൊപ്പോസലിൽ ധനകാര്യവകുപ്പ് (ഫയൽ നമ്പർ Exp/A1/235/2016) അനുമതി നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) റീസർവ്വേ ഉൾപ്പെടെയുള്ള ജോലികൾ ചെയ്യുന്ന സർവ്വേയർമാരുടെ തസ്തികയ്ക്ക് തുടർച്ചാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സർവ്വേ & ലാന്റ് റിക്കോർഡ്സ് വകുപ്പിലെ തുടർച്ചാനുമതിയിൽ പ്രവർത്തിക്കുന്ന 2999 തസ്തികകളിൽ 2057 തസ്തികകൾക്ക് 31-8-2019 വരെ തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ബാക്കി 942 (2999-2057) തസ്തികകൾക്ക് 31-8-2018-ന് ശേഷം

തുടർച്ചാനുമതി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച 942 തസ്തികകൾ റവന്യൂ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തസ്തികകൾ ആയതിനാൽ ടി തസ്തികകൾ ആവശ്യമായവ ബന്ധപ്പെട്ട റവന്യൂ ആഫീസുകളിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് തുടർച്ചാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

## വിദ്യാഭ്യാസ വായ്പ

81(3811) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കാൻ പ്രഖ്യാപിച്ച പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതിമൂലം സർക്കാരിന് എത്ര കോടി രൂപയുടെ ബാധ്യതയുണ്ടായി; വ്യക്തമാക്കുമോ;

(സി) ഈ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബവാർഷിക വരുമാന പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/2017/ധന., 12-7-2017- ലെ സ.ഉ.(പി) നമ്പർ 89/2017/ധന., 30-10-2017- ലെ സ.ഉ.(പി) നമ്പർ 135/2017/ധന., 7-6-2018- ലെ സ.ഉ.(പി) നമ്പർ 85/2018/ ധന., 21-3-2019- ലെ സ.ഉ.(പി) നമ്പർ 34/2019/ധന. എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20-11-2017 തീയതിയിലെ 81/2017/ധന. സർക്കുലർപ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ഇതുവരെ 156.73 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബവാർഷിക വരുമാന പരിധി വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഇ-ലെഡ്ജർ/ഇ-ലാംസിൽ പോസ്റ്റ് ചെയ്ത തുക**

82(3812) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു സാമ്പത്തികവർഷത്തേക്ക് അനുവദിച്ച തുകയിൽ ഇ-ലെഡ്ജർ / ഇ-ലാംസിലേയ്ക്ക് പോസ്റ്റ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുകകൾ ഇ-ലാംസിൽ മാറ്റുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) 2017-2018 കാലയളവിൽ നാദാപുരം കോളേജിന്റെ രണ്ടാം നിലയുടെ നിർമ്മാണ ഫണ്ട് ഇ-ലാംസിൽ പോസ്റ്റ് ചെയ്തത് സംബന്ധിച്ച 581/18 നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(സി) പ്രിൻസിപ്പാളിന്റെ പി.എസ്.ടി.എസ്.ബി. അക്കൗണ്ടിൽ തുക നൽകാൻ ഉന്നതവിദ്യാഭാസ വകുപ്പ് ഉത്തരവായിട്ടും തുക നൽകാൻ വെയ്സ് ആൻറ് മീൻസ് വിസമ്മതിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 23-1-2015-ലെ GO(P) 48/2015/ധന. ഉത്തരവിലെ ഖണ്ഡിക 3-ലെ കാറ്റഗറി 3 പ്രകാരം നടപടിക്രമങ്ങളിലെ കാലതാമസംമൂലം ഒരു സാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്നും തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടുത്ത സാമ്പത്തികവർഷം സെപ്റ്റംബർ 30-നകം വിജയകരമായി വിനിയോഗിക്കുമെന്നുറപ്പുള്ള ടി തുകയാണ് ഇ-ലാംസിലേക്ക് /ഇ-ലെഡ്ജറിലേക്ക് മാറ്റുന്നത്.

(ബി) 22-1-2018-ലെ സ.ഉ.(സാധാ) നമ്പർ 170/18/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നാദാപുരം സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം നിലയുടെ നിർമ്മാണ പ്രവൃത്തിക്കായി 165 ലക്ഷം രൂപ 2202-03-103-68(01)-CQIP എന്ന ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിന് ഉത്തരവായിരുന്നു. ടി തുക e-LAMS-ൽ നിക്ഷേപിക്കുന്നതിനുള്ള ഭരണ വകുപ്പിന്റെ ആവശ്യപ്രകാരം

162/2018 പ്രകാരം e-Lams-ൽ രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ, e-Lams-ൽ പോസ്റ്റുചെയ്ത തുക റിലീസ് ചെയ്യുന്നതിനുപകരം മേൽ സൂചിപ്പിച്ച പ്രവൃത്തിക്കായി 165 ലക്ഷം രൂപ അധിക ധനാനുമതി മുഖേന അനുവദിക്കുന്നതിന് ഭരണ വകുപ്പ് ശിപാർശ സമർപ്പിക്കുകയും ടി ശിപാർശയിന്മേൽ 2018-19 സാമ്പത്തിക വർഷം 4202-01-203-75 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ ലഭ്യമായിരുന്ന 3.50 കോടി രൂപയിൽനിന്നും ചെലവഴിക്കുന്നതിന് ഭരണ വകുപ്പിനെ അറിയിച്ചു. എന്നാൽ വിവിധ ആവശ്യങ്ങൾക്കായി ടി ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ നാദാപുരം സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം നിലയുടെ നിർമ്മാണ പ്രവൃത്തിക്കാവശ്യമായ 165 ലക്ഷം രൂപ ടി ശീർഷകത്തിൽനിന്നും കണ്ടെത്താൻ കഴിയില്ല എന്ന് ഭരണ വകുപ്പ് അറിയിച്ചതിനെത്തുടർന്ന് 12-11-2018 -ലെ സ.ഉ.(സാധാ) നമ്പർ 9355/18/ധന. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ പൊതുമരാമത്ത് വകുപ്പുമുഖേനയല്ലാതെ മറ്റ് ഏജൻസികൾ മുഖാന്തരം നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ചെലവ് വകയിരുത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ നിയന്ത്രണത്തിൽ 4202-01-203 University and Higher Education-73 works asigned to other agencies എന്ന ശീർഷകം ആരംഭിക്കുകയും 12-11-2018-ലെ സ.ഉ.(സാധാ) നമ്പർ 9357/18/ധന. നമ്പർ സർക്കാർ ഉത്തരവുപ്രകാരം നാദാപുരം സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം നിലയുടെ നിർമ്മാണ പ്രവൃത്തിക്കാവശ്യമായ 165 ലക്ഷം രൂപ അധിക തുകയായി അനുവദിക്കുകയും ചെയ്തു.

(സി) നാദാപുരം ഗവ. കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ 165 ലക്ഷം രൂപ 4202-01-203-73 PV എന്ന ശീർഷകത്തിൽനിന്നും പിൻവലിച്ച് കോളേജ് പ്രിൻസിപ്പാളിന്റെ പേരിലുള്ള PSTSB അക്കൗണ്ടിലേക്ക് മാറി നൽകുവാനാണ് 581/2019 നമ്പർ ഡോക്കറ്റ് ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ധനകാര്യ (W&M) വകുപ്പിന് ലഭ്യമാക്കിയത്. എന്നാൽ 16-6-2018-ലെ സർക്കുലാർ 53/2018/ധന. ഖണ്ഡിക 6 പ്രകാരം വകുപ്പുതല ഉദ്യോഗസ്ഥർ പദ്ധതി വിനിയോഗത്തിനായി PSTSB അക്കൗണ്ടിലേക്ക് തുക മാറി നിക്ഷേപിക്കാൻ പാടില്ലെന്നും അലോട്ട്മെന്റ് സിസ്റ്റം മുഖേന സഞ്ചിത നിധിയിൽനിന്നും നേരിട്ട് ഗുണഭോക്താവിന് തുക നൽകണമെന്നും നിർദ്ദേശിച്ചിട്ടുള്ളതിന്റെ വെളിച്ചത്തിൽ തുക മാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡി.ഡി.ഒ.-യ്ക്ക് നിർദ്ദേശം നൽകുകയാണുണ്ടായത്. അല്ലാതെ മേൽ നിർമ്മാണ പ്രവർത്തനത്തിന്റെ തുക മാറി നല്കാനാവില്ലെന്ന നിലപാട് ധനകാര്യ (വേയ്സ്& മീൻസ്) വകുപ്പ് സ്വീകരിച്ചിട്ടില്ല.

## പെർഫോമൻസ് ബഡ്ജറ്റ്

83(3813) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പെർഫോമൻസ് ബഡ്ജറ്റ് തയ്യാറാക്കുവാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളുടെ പെർഫോമൻസ് ബഡ്ജറ്റാണ് തയ്യാറാക്കുന്നത്;

(ബി) പ്രസ്തുത ബഡ്ജറ്റിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് അറിയിക്കുമോ;

(സി) ഇതു കൊണ്ട് വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 23-5-2019-ലെ സർക്കുലർ നമ്പർ 52/2019/ധന. പ്രകാരം കാർഷിക വികസന/ കർഷകക്ഷേമം, വനം വന്യജീവി, ജലവിഭവം എന്നീ വകുപ്പുകളിൽ 2018-19 -ലെ പെർഫോമൻസ് ബഡ്ജറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) മുൻ സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതിയും ധനവിനിയോഗത്തിന്റെ കാര്യക്ഷമതയും പരിശോധിച്ച് ഉറപ്പുവരുത്തുക എന്നതാണ് പെർഫോമൻസ് ബഡ്ജറ്റിംഗ് കൊണ്ടുദ്ദേശിക്കുന്നത്.

(സി) പെർഫോമൻസ് ബഡ്ജറ്റിംഗ് സമയത്ത് നടത്തുന്ന പരിശോധനകളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കുന്നത്/ പ്രാവർത്തികമാക്കുന്നതുവഴി അതതു വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

84(3814) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നൽകിവരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ /ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ നൽകിവരുന്ന ക്ഷേമ പെൻഷനുകൾക്ക് കേന്ദ്ര സർക്കാരിൻെറ സഹായം ലഭിക്കുന്നുണ്ടോ; കേന്ദ്ര സഹായം ലഭിക്കുന്നവ ഏതെല്ലാമാണ് ;

(സി) ഓരോ ക്ഷേമ പെൻഷനിലും സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്രസർക്കാർ വിഹിതവും എത്ര വീതമാണ്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നിലവിൽ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ
3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ
4. കർഷക തൊഴിലാളി പെൻഷൻ
5. 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ

ക്ഷേമനിധി ബോർഡ് പെൻഷൻ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് നൽകിവരുന്ന മൂന്ന് സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് മാത്രം കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ കേന്ദ്രവിഹിതം ലഭിക്കുന്ന പെൻഷനുകൾ ചുവടെ ചേർക്കുന്നു.

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ
3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ

(സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.* ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുമാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ.

**വിധവ പെൻഷൻ**

85(3815) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവരെ വിധവകളായി കണക്കാക്കാനാവില്ലെന്നും അവർക്ക് നൽകിവരുന്ന വിധവ പെൻഷൻ നിർത്തലാക്കണമെന്നും സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുവാനും അവരുടെ ജീവിതസാഹചര്യം കണക്കിലെടുത്ത് വിധവ പെൻഷൻ പുനഃസ്ഥാപിക്കുവാനും സത്വര നടപടികൾ സ്വീകരിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിൽ പതിമൂന്ന് ലക്ഷത്തിൽപ്പരം പേർ വിധവാ പെൻഷൻ വാങ്ങിയിരുന്നു. ഇത്തരത്തിൽ വിധവാ പെൻഷൻ വാങ്ങുന്നവരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം സർക്കാരിൽ ലഭിക്കുകയുണ്ടായി. വിവാഹമോചനത്തിനായി കേസ് നടക്കുന്ന സാഹചര്യത്തിലും ഭർത്താവുമായി അകന്ന് കഴിയുന്നവർക്കും വിധവാ പെൻഷൻ അനുവദിക്കുന്ന പ്രവണത പ്രാദേശിക സർക്കാരുകളിൽ കണ്ടുവരുന്നു. ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നത് തടയേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യവുമാണ്. അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കപ്പെടുന്നുള്ളൂവെന്ന് ഉറപ്പാക്കുന്നതിലേക്ക് ഇക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഒരു പരിപത്രം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ നിലവിൽ പെൻഷൻ അനുവദിച്ച് വിതരണം ചെയ്ത് വരുന്നവരുടെ പെൻഷൻ നിർത്തലാക്കുന്നതിലേക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**സാമൂഹ്യക്ഷേമ പെൻഷനുകൾ**

86(3816) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിവരുന്ന ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ക്ഷേമ പെൻഷനുകൾ ഏകീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം അറുനൂറ് രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആദ്യം ആയിരം രൂപയായും തുടർന്ന് അത് ആയിരത്തി ഒരുനൂറ് രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാ വർഷവും വർദ്ധിപ്പിക്കുന്നതാണെന്ന സർക്കാർ നയത്തിന്റെ ഭാഗമായി ആയിരത്തി ഒരുനൂറ് രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 2019 ഏപ്രിൽ മുതൽ നൂറ് രൂപ വർദ്ധിപ്പിച്ച് ആയിരത്തി ഇരുനൂറ് രൂപയായി ഉയർത്തിയിട്ടുണ്ട്. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ 1-4-2017 മുതൽ ആയിരത്തി ഒരുനൂറ് രൂപയായും 1-4-2019 മുതൽ ആയിരത്തി ഇരുനൂറ് രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. തനത് ഫണ്ടുപയോഗിച്ച് ഇതിനേക്കാൾ ഉയർന്ന നിരക്കിൽ പെൻഷൻ നൽകി വരുന്ന സ്വയം പര്യാപ്ത ക്ഷേമനിധി ബോർഡുകൾക്ക് ഉയർന്ന നിരക്കിൽ പെൻഷൻ നൽകുന്നതിനും അനുവാദം നൽകിയിട്ടുണ്ട്.

(ബി) ക്ഷേമ പെൻഷനുകൾ ഏകീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## സാമൂഹ്യസുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ

87(3617) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിനായി 6-7-2018-ലെ സ.ഉ.(എം.എസ്) 241/2018/ധന. തീയതി സ.ഉ.(എം.എസ്) 278/2013/ധന. തീയതി 3-8-2018, സ.ഉ.(എം.എസ്) 93/2019/ധന. തീയതി 21-2-2019 എന്നിവ പ്രകാരം പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു :

1. 1000 സി.സി.-യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള നാലോ അതിൽ കൂടുതലോ ചക്രങ്ങൾ ഉള്ള വാഹനങ്ങൾ (അംബാസിഡർ കാർ ഒഴികെ) സ്വന്തമായിട്ടുള്ള വർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കുകയില്ല.

2. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വിരമിക്കുകയും ടി സ്ഥാപനങ്ങളിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുകയും ചെയ്യുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

3. നിലവിൽ തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വാങ്ങുന്ന പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ.

4. 2000 രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിലും 2000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്.

5. വികലാംഗനായ ഒരു വ്യക്തിക്ക് രണ്ട് പെൻഷന് (ഒരു ക്ഷേമനിധി ബോർഡ് പെൻഷനും വികലാംഗ പെൻഷനും/ വികലാംഗ പെൻഷനും മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷനും) അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിൽ ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി അനുവദിച്ച തുക

88(3818) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുക എത്ര പേർക്കായി വിതരണം ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 16925.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് 4465061 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം അറുനൂറ് രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആദ്യം ആയിരം രൂപയായും തുടർന്ന് അത് ആയിരത്തി ഒരുനൂറ് രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാ വർഷവും വർദ്ധിപ്പിക്കുന്നതാണെന്ന സർക്കാർ നയത്തിന്റെ ഭാഗമായി ആയിരത്തി ഒരുനൂറ് രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 2019 ഏപ്രിൽ മുതൽ നൂറ് രൂപ വർദ്ധിപ്പിച്ച് ആയിരത്തി ഇരുനൂറ് രൂപയായി ഉയർത്തിയിട്ടുണ്ട്.

## വാർഷിക പദ്ധതികളുടെ നടത്തിപ്പ്

89(3819) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാർഷിക പദ്ധതികളുടെ നടത്തിപ്പ് മെല്ലെപോക്കിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി ചെലവിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(സി) വകുപ്പുകൾ അനുമതി നൽകിയ പദ്ധതികൾക്ക് പോലും സമയത്ത് പണം അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്ന് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; നിസാര കാര്യങ്ങൾ പറഞ്ഞ് ഇത്തരം ഫയലുകളിൽ ധനകാര്യ വകുപ്പ് തീരുമാനം നീട്ടികൊണ്ട് പോകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതി നടത്തിപ്പ് സമയബന്ധിതമായി നടത്തുന്നതിന് വേണ്ട നടപടികൾ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉറപ്പ് വരുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പദ്ധതി ചെലവിന്റെ പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെടുന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി എല്ലാ ത്രൈമാസങ്ങളിലും യോഗം കൂടാറുണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേയ്സ് സാങ്കേതിക വിദ്യയിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. കൂടാതെ ജില്ലാതലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച ദിവസങ്ങളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വികസന സമിതി കൂടുകയും എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(സി) വകുപ്പുകൾ അനുമതി നൽകിയ പദ്ധതികൾക്ക് പണം അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല. എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പദ്ധതികളുടെ മുൻഗണന പുനഃക്രമീകരണം നടത്തുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19-ലെ പദ്ധതിയടങ്കലിൽ 20% കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, വിഭവ മാനേജ്മെന്റിനുവേണ്ടി ചില ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സാധാരണ നടപടിയാണ്.

(ഡി) 'സി' പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## പ്രവാസി ചിട്ടി

90(3820) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ചിട്ടിയിലെ ഇടപാടുകാർ ചിട്ടി പിടിച്ച് ചിട്ടിപ്പണം സ്ഥിര നിക്ഷേപം ആയി നിക്ഷേപിക്കുമ്പോൾ ആ പണം കിഫ്ബിയിൽ ബോണ്ട് ആകുമെന്നും ഇടപാടുകാർക്ക് അവർക്ക് ഇഷ്ടമുള്ള പ്രോജക്റ്റ് തെരഞ്ഞെടുക്കാനുള്ള അവസരമുണ്ടെന്നും പരസ്യം ചെയ്ത് ആരംഭിച്ച പ്രവാസി ചിട്ടിയിലൂടെ നാളിതുവരെ എത്ര രൂപ സ്ഥിരനിക്ഷേപമായി ലഭിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ഇപ്രകാരം പ്രവാസി ചിട്ടി പണം സ്ഥിരനിക്ഷേപമാക്കിയ വകയിൽ എത്ര രൂപ കിഫ്ബി ബോണ്ട് ആക്കിയിട്ടുണ്ട്;

(സി) ഈ പണം ഏതെല്ലാം പ്രോജക്ടിന് ഫണ്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 17.88 കോടി രൂപയുടെ ചിട്ടി പണമാണ് സ്ഥിര നിക്ഷേപമാക്കി മാറ്റിയിട്ടുള്ളത്. ഇതിൽ CSDT-യും, ചിട്ടി സംഖ്യ FD ആക്കി മാറ്റിയതും ഉൾപ്പെടും.

(ബി&സി) പ്രവാസി ചിട്ടി പണം സ്ഥിര നിക്ഷേപമാക്കിയ വകയിൽ തുകയൊന്നും കിഫ്ബി ബോണ്ടുകളിൽ ഇതുവരെ നിക്ഷേപിച്ചിട്ടില്ല. എന്നാൽ പ്രവാസി ചിട്ടി പദ്ധതിയിലെ ഓരോ ചിട്ടിയിലും ആദ്യവരിയായി അടയ്ക്കുന്ന സെക്യൂരിറ്റി തുക കെ.എസ്.എഫ്.ഇ. കിഫ്ബിയുടെ ബോണ്ടിൽ നിക്ഷേപിച്ചതുവഴി നാളിതുവരെ 9.508 കോടി രൂപ കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്. അഞ്ച് വർഷമാണ് ഈ ബോണ്ടുകളുടെ കാലാവധി. കിഫ്ബി നിലവിൽ പ്രോജക്ട് അടിസ്ഥാനത്തിലല്ല ബോണ്ടുകൾ പുറപ്പെടുവിക്കുന്നത്.

## ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അന്വേഷണം

91(3881) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ യു.പി.സ്കൂളിൽ ഫർണീച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ ബി വിഭാഗം നടത്തിയ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; അന്വേഷണത്തിന്റെ ഫയൽ നമ്പരും തീയതിയും അറിയിക്കാമോ;

(ബി) ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നടത്തിയ അന്വേഷണത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അന്വേഷണത്തിന്റെ ഭാഗമായി ഇനി പൂർത്തീകരിക്കേണ്ട നടപടി ക്രമങ്ങൾ ഏന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര ലക്ഷം രൂപയുടെ ഫർണിച്ചർ ആണ് പൊഴിയൂർ യു.പി.സ്കൂളിൽ വാങ്ങിയത്; അന്വേഷണ സംഘം പരിശോധന നടത്തുമ്പോൾ ഏതൊക്കെ ഫർണിച്ചർ ആണ് വിതരണം നടത്തിയത്; ഫർണിച്ചറിന്റെ പേരും എണ്ണവും തുകയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര പൊഴിയൂർ യു.പി. സ്കൂളിൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന (എൻ.റ്റി.-ബി) വിഭാഗം 1728/FIW-B2/2018/ Fin. തീയതി 5-10-2018 നമ്പർ ഫയൽ പ്രകാരം അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**ജി.എസ്.ടി.-യ്ക്കു മുമ്പുണ്ടായിരുന്ന നികുതിയിലെ കുടിശ്ശിക**

92(3822) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി.-ക്കു മുമ്പുണ്ടായിരുന്ന വിവിധ നികുതികളിൽ (പൊതു വിൽപ്പന നികുതി, വാറ്റ്, കേന്ദ്ര വാണിജ്യ നികുതി, ആഡംബര നികുതി) എത്ര തുക കുടിശ്ശിക ഉണ്ട്; വ്യക്തമാക്കുമോ;

(ബി) അവയിൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ടത് എത്ര തുകയാണ്;

(സി) കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനസ്റ്റി പദ്ധതി) പ്രകാരം നാളിതുവരെയായി എത്ര തുക ലഭിച്ചിട്ടുണ്ട്;

(ഡി) ഇനിയും എത്ര തുകയാണ് ലഭിക്കാൻ ബാക്കിയുള്ളത്; എങ്കിൽ ആയത് പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച മാർഗങ്ങൾ / നടപടികൾ എന്തെല്ലാം ആണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ജി.എസ്.ടി.-ക്ക് മുമ്പുണ്ടായിരുന്ന വിവിധ നികുതികളിൽ (പൊതു വില്പന നികുതി, വാറ്റ്, കേന്ദ്ര വാണിജ്യ നികുതി, ആഡംബര നികുതി) 13305.86 കോടി രൂപ കുടിശ്ശികയുണ്ട്. അവയിൽ കോടതി വ്യവഹാരങ്ങളിലെ 3555.14 കോടി രൂപയും ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനസ്റ്റി പദ്ധതി) പ്രകാരം നാളിതുവരെയായി (18-6-2019 വരെ) 11.31 കോടി രൂപ കുടിശ്ശിക ലഭിച്ചിട്ടുണ്ട്.

(ഡി) 18-6-2019 വരെ 10792 അപേക്ഷകൾ ലഭിച്ചതിൽ 110.77 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും പലിശ, പെനാൽറ്റി എന്നിവയും ഇതുവരെ ലഭിച്ച തുകയും കിഴിച്ച് 53.84 കോടി രൂപ ലഭിക്കുവാനുണ്ട്. 30-9-2019 വരെ അപേക്ഷ സമർപ്പിക്കുവാൻ കാലാവധി ഉള്ളതുകൊണ്ട് ഇനിയും അപേക്ഷകൾ ലഭിക്കുന്നതാണ്. നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനായി കുടിശ്ശികക്കാരെ നേരിൽക്കണ്ട് കുടിശ്ശിക വിവരം അറിയിച്ച് ആംനസ്റ്റി പദ്ധതിയിൽ ചേരുന്നതിനുള്ള

ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ ജില്ലാതലത്തിൽ ആംനസ്റ്റി അദാലത്തുകൾ നടത്തി കൂടുതൽ അപേക്ഷകൾ ലഭ്യമാക്കുന്നതിനുള്ള തീവ്ര ശ്രമവും നടത്തിവരുന്നു. പത്ര മാധ്യമ പരസ്യങ്ങളും നൽകി വരികയാണ്. അപ്പലേറ്റ് അധികാരിക്ക് മുമ്പിൽ തീർപ്പാക്കാനുള്ള കേസുകൾ എത്രയും വേഗം തീർപ്പാക്കാനുള്ള നിർദ്ദേശം നൽകി അവയുടെ പുരോഗതി അവലോകനം ചെയ്തുവരുന്നു.

## ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി സാമ്പത്തിക നഷ്ടം

93(3823) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) പല ഉൽപ്പന്നങ്ങളുടെയും നികുതി കുറഞ്ഞെങ്കിലും വിലക്കുറവ് അനുഭവപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പാക്കിയതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) വരുമാനനഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ പ്രതീക്ഷിച്ച 22% വർദ്ധനവ് ഉണ്ടായിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ 14% നികുതി വളർച്ചയാണ് ഉണ്ടായിട്ടുള്ളത്.

(ബി) ഉണ്ട്. പല ഉൽപ്പന്നങ്ങളുടെയും നികുതി കുറഞ്ഞെങ്കിലും വിലക്കുറവ് അനുഭവപ്പെടുന്നില്ലെന്ന പരാതി വലിയ തോതിൽ പൊതുജനങ്ങളിൽനിന്നും ലഭിച്ചിട്ടില്ലെങ്കിലും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഈ വിഷയത്തിൽ സംസ്ഥാനമൊട്ടാകെ സർവ്വേ നടത്തുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 365-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദവിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് കമ്മിറ്റിക്ക് കൈമാറുകയുമുണ്ടായി. പ്രസ്തുത കേസുകളിൽ 25 എണ്ണം വിശദമായ അന്വേഷണത്തിനുശേഷം തീർപ്പ് കല്പിക്കുകയും ആന്റി പ്രോഫിറ്റീയറിംഗ് നിയമപ്രകാരം ഉപഭോക്താക്കൾക്ക് ജി.എസ്.ടി.-യുടെ ആനുകൂല്യം കൈമാറാത്ത മൂന്ന് കച്ചവട ക്കാർക്കെതിരെ ഏകദേശം 14 ലക്ഷം രൂപ പലിശ സഹിതം അടയ്ക്കുവാൻ നിർദ്ദേശം നൽകിയിരിക്കുകയുമാണ്. ബാക്കിയുള്ള കേസുകൾ അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

## റവന്യൂ വരുമാനത്തിലെ കുറവ്

94(3824) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം പ്രതീക്ഷിച്ചതിലും കുറവായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി. ഇനത്തിൽ പ്രതീക്ഷിച്ച വരുമാനവും ലഭിച്ച വരുമാനവും വ്യക്തമാക്കുമോ;

(സി) റവന്യൂ വരുമാനം കുറഞ്ഞ സാഹചര്യത്തിൽ 2019-20-ലെ റവന്യൂ വരുമാനത്തിന്റെ ടാർഗറ്റ് പുതുക്കി നിശ്ചയിക്കേണ്ട സാഹചര്യമുണ്ടോ;

(ഡി) എങ്കിൽ എത്രയായി പുതുക്കി നിശ്ചയിക്കുന്നതിനാണ് തീരുമാനി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-2019 സാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച റവന്യൂ വരുമാനം 100006.58 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം റവന്യൂ വരുമാനം 91387.69 കോടി രൂപയാണ്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി. ഇനത്തിൽ പ്രതീക്ഷിച്ച നികുതി വരുമാനം 22821.60 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ലഭിച്ചത് 21014.71 കോടി രൂപയാണ്.

(സി) 2019-2020-ലെ റവന്യൂ വരുമാനത്തിന്റെ ടാർഗറ്റ് പുതുക്കി നിശ്ചയിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

## പ്രളയത്തിൽ നശിച്ച സാധനങ്ങൾക്ക് ചുമത്തിയ ജി.എസ്.ടി. തിരിച്ചുനൽകുന്നതിന് നടപടി

95(3825) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് ചാലക്കുടിയിലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറി ഭക്ഷ്യധാന്യങ്ങൾ അടക്കമുള്ള കോടിക്കണക്കിന് രൂപ വിലമതിക്കുന്ന സാധനസാമഗ്രികൾ നശിച്ചുപോയതിനാൽ വ്യാപാരികൾക്ക് പ്രസ്തുത സാധന ങ്ങൾക്ക് ചുമത്തിയ ജി.എസ്.ടി. തിരിച്ച് നൽകുന്നതിനായി പത്ത് ലക്ഷം രൂപയുടെ ബാങ്ക് വായ്പകൾ പുതുതായി അനുവദിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേരള സംസ്ഥാന ജി.എസ്.ടി. നിയമത്തിലെ 17-ാം വകുപ്പിലെ ഉപവകുപ്പ് 5(എച്ച്) പ്രകാരം വിൽപ്പനയ്ക്കായി വാങ്ങിയ ചരക്കുകളുടെ ഇൻപുട്ട് നികുതി ഏതെങ്കിലും നികുതി ബാധ്യതയിലേക്ക് വരവ് വച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക റിവേഴ്സ് ടാക്സായി തിരികെ ഒടുക്കേണ്ടതാണ്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യാപാര സ്ഥാപനങ്ങൾക്ക് ഉജ്ജീവന സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2019 മാർച്ച് 31 വരെ വ്യവസ്ഥകൾക്ക് വിധേയമായി ബാങ്കിൽനിന്ന് വായ്പ ലഭിക്കുന്നതാണ്.

## കഴിഞ്ഞ സാമ്പത്തികവർഷം പാസാക്കാതെ മാറ്റിവച്ച ബില്ലുകളും ചെക്കുകളും

96(3826) ശ്രീ. കെ. എൻ. എ. ഖാദർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പാസാക്കാതെ മാറ്റിവച്ച ബില്ലുകളും ചെക്കുകളും ഈ വർഷം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അഞ്ചു ലക്ഷം രൂപയിൽ അധികരിച്ച എല്ലാ ബില്ലുകളും സാമ്പത്തിക വർഷാവസാനത്തെ പ്രതിസന്ധി കാരണം ട്രഷറി ക്യൂവിലേക്ക് മാറ്റിയത് ഈ സാമ്പത്തിക വർഷം കൊടുക്കുന്നതിനായി വകുപ്പുകൾക്ക് ആനുപാതികമായി കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; ഇതിനായി കൊണ്ടുവന്ന ഇ-ലെഡ്ജർ സംവിധാനം ഉപയോഗിക്കുന്നുണ്ടോ;

(സി) ഇപ്രകാരം അധിക തുക വകയിരുത്താത്തപക്ഷം വകുപ്പുകളുടെ ഈ വർഷത്തെ വിഹിതത്തിൽ നിന്ന് മേൽപ്പറഞ്ഞ തുക കുറവാകുകയില്ലേ; ഇത് വികസന പ്രവർത്തനങ്ങളെ ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വൈകി സമർപ്പിച്ച ബില്ലുകളും ചെക്കുകളും ആ സാമ്പത്തിക വർഷംതന്നെ പൂർണ്ണമായും മാറി നൽകാൻ കഴിയാത്ത സാഹചര്യം സംജാതമായിരുന്നു. പ്രസ്തുത ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷം മാറി നൽകുന്നതിലേക്കായി ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുകയും അപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകളും ചെക്കുകളും നടപ്പ് സാമ്പത്തിക വർഷം മാറി നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ 10-4-2019-ലെ സർക്കുലർ നമ്പർ 31/2019/ ധന. മുഖേന പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) തിരക്ക് കണക്കിലെടുത്ത് ട്രഷറികളിൽ സാമ്പത്തിക വർഷാവസാനത്തെ ക്രയ-വിക്രയങ്ങൾ സുഗമമാക്കുന്നതിന് പര്യാപ്തമായ ക്രമീകരണങ്ങൾ കാലാകാലങ്ങളായി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ബില്ലുകൾ ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കുവാൻ നിഷ്കർഷിച്ച് പോരാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷവും ട്രഷറികളുടെ തിരക്ക് നിയന്ത്രിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ 23-3-2019-ലെ 27/2019/ധന. നമ്പർ സർക്കുലർ മുഖാന്തരം പുറപ്പെടുവിച്ചിരുന്നു.

നിശ്ചിത സമയപരിധിക്കുശേഷം വൈകി (30-3-2019-ന് 5.00 മണിവരെ) ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ ടി സാമ്പത്തിക വർഷത്തിൽ പാസ്സാക്കാൻ സാധിക്കാത്തതുമായ എല്ലാ ബില്ലുകളും ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷം മാറുന്നതിന് ഡി.ഡി.ഒ.-മാർ പാലിക്കേണ്ട വിശദമായ നടപടിക്രമം 10-4-2019-ലെ 31/2019/ധന. നമ്പർ സർക്കുലറിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നടപടിക്രമം പാലിച്ച് ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷം ട്രഷറിയിൽനിന്നും പാസ്സാക്കി നൽകിവരുന്നുണ്ട്. ഇ-ലെഡ്ജർ സംവിധാനം ട്രഷറി ക്യൂവിലുള്ള ബില്ലുകൾ ക്ലിയർ ചെയ്യുന്നതുമായി ബന്ധപ്പെട്ടതല്ല.

(സി) ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുന്ന ബില്ലുകൾ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നുമാത്രമേ അനുവദിക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അപ്രകാരമുള്ള ബില്ലുകൾ അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുന്നത് വർഷങ്ങളായി അനുവർത്തിച്ചു പോരുന്ന നടപടിയാണ്. ആയത് ഈ വർഷവും തുടർന്നുവന്നുവെന്നേയുള്ളൂ.

### വർക്കല സബ്ട്രഷറിക്ക് പുതിയ കെട്ടിടം

97(3827) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ്ട്രഷറിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം പണി എത്രനാൾ കൊണ്ട് പൂർത്തിയാക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കല സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള DPR സമർപ്പിക്കുന്നതിന് ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR

ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതിക കമ്മിറ്റിയുടെ അനുമതിയ്ക്ക് വിധേയമായി സാങ്കേതികാനുമതിയും പുറപ്പെടുവിച്ച് സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് കരാറുകാരനെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെടേണ്ടതുണ്ട്. പ്രസ്തുത കരാറിൽ തീരുമാനിക്കപ്പെടുന്ന നിർമ്മാണ കാലാവധി പ്രകാരം വർക്കല സബ്ട്രഷറിയുടെ പുതിയ കെട്ടിടം പണി പൂർത്തിയാക്കുന്നതാണ്.

**പയ്യന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം**

98(3828) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ സബ്ട്രഷറി കെട്ടിടം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പയ്യന്നൂർ സബ്ട്രഷറിക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് 24-5-2018-ലെ സ.ഉ.(സാധാ) നമ്പർ 4469/2018/ധന. 12-7-2018-ലെ സ.ഉ.(സാധാ) നമ്പർ 5944/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരം 2,53,21,980 രൂപയുടെ ഭരണാനുമതിയും 31-1-2019-ലെ സ.ഉ.(സാധാ) നമ്പർ 757/2019/ധന. ഉത്തരവ് പ്രകാരം 1,82,70,000 രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്തുനിന്നും മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. മരങ്ങൾ മുറിച്ചുമാറ്റിയാലുടൻതന്നെ പയ്യന്നൂർ സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**ട്രഷറി ഡയറക്ടറുടെ സർക്കുലർ**

99(3829) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരിനൊപ്പം ബാങ്ക് എന്ന് ചേർത്താൽ നിക്ഷേപത്തിന് നികുതിയിളവ് നൽകരുതെന്ന് ട്രഷറി ഡയറക്ടർ സംസ്ഥാനത്തെ ട്രഷറികൾക്ക് നിർദ്ദേശം നൽകിയ കാര്യം പരിശോധിക്കുമോ;

(ബി) സഹകരണസംഘങ്ങളുടെ ട്രഷറി നിക്ഷേപങ്ങൾക്ക് നികുതി ഈടാക്കുന്നത് നിയമവിരുദ്ധവും ആദായനികുതി നിയമത്തിലെ 194 എ വകുപ്പിന്റെ ലംഘനവുമാണെന്ന ഹൈക്കോടതിയുടെ ഉത്തരവ് പരിശോധിക്കുമോ;

(സി) സംഘങ്ങളുടെ ട്രഷറിയിലെ നിക്ഷേപങ്ങൾക്ക് നികുതി പിടിക്കില്ലെന്ന ധനകാര്യ സെക്രട്ടറിയുടെ നിർദ്ദേശത്തിന് വിപരീതമായ ട്രഷറി ഡയറക്ടറുടെ സർക്കുലർ റദ്ദ് ചെയ്യുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി കൂടാതെ പല സഹകരണ സൊസൈറ്റികളും അവരുടെ പേരിനൊപ്പം Service Co-operative Bank, Co-operative Rural Bank, Town Service Co-operative Bank എന്നിങ്ങനെ പേര് ചേർത്ത് ആദായ നികുതി നിയമത്തിലെ Rule 194-A(3)(III)(a) പ്രകാരമുള്ള നികുതി ഇളവ് നേടുന്നതായി ആദായ നികുതി കമ്മീഷണർ 2-11-2018-ലെ F.No.CR.35/CIT/(TDS)/CHN 2018-19 കത്തിൻ പ്രകാരം ട്രഷറി ഡയറക്ടറെ അറിയിച്ചിട്ടുള്ളതിനാൽ, ബാങ്കിംഗ് ബിസിനസ് നടത്താൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയില്ലാത്തതും പ്രതിവർഷം ആദായനികുതി വകുപ്പിൽനിന്നും ലഭ്യമാക്കുന്ന Income Tax Act 197 അനുസരിച്ചുള്ള Non Deduction സർട്ടിഫിക്കറ്റ് നൽകാത്തതുമായ സഹകരണ സൊസൈറ്റികളുടെ നിക്ഷേപ പരിശയ്ക്കുള്ള ആദായ നികുതി നിയമാനുസൃതമായി കുറവ് വരുത്താതിരുന്നാൽ, Deductor എന്ന നിലയിൽ ട്രഷറി ഓഫീസർമാർക്ക് ആദായനികുതി വകുപ്പിൽനിന്നും നിക്ഷേപ പലിശയ്ക്കുള്ള ആദായ നികുതിക്ക് സമാനമായ പിഴത്തുക അടയ്ക്കേണ്ടി വരുമെന്നുള്ളതിനാലാണ് ആദായ നികുതി നിയമത്തിലെ Rule 194-A പ്രകാരം ആദായ നികുതി ഈടാക്കാൻ 5-2-2018-ലെ 58/2018 നമ്പർ സർക്കുലർ പ്രകാരം ട്രഷറി ഡയറക്ടർ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) ആദായ നികുതി നിയമത്തിലെ Rule 194-A പ്രകാരം സഹകരണ സൊസൈറ്റികളുടെ നിക്ഷേപ പലിശയ്ക്കുള്ള ആദായനികുതി സ്രോതസ്സിൽനിന്ന് കുറവ് വരുത്തുന്നതിനെതിരെ നിലവിൽ ഹൈക്കോടതി ഉത്തരവ് ഉള്ളതായി അറിവില്ല. എന്നാൽ, സഹകരണ സൊസൈറ്റികൾക്ക് ആദായനികുതി നിയമത്തിലെ Rule 80(P) പ്രകാരമുള്ള ആനുകൂല്യം ലഭിക്കുമെന്ന ഉത്തരവ് നിലവിലുണ്ട്. ഈ സൊസൈറ്റികൾ റിട്ടേൺ സമർപ്പിക്കുമ്പോൾ മാത്രമാണ് Rule 80(P)യുടെ ആനുകൂല്യം ലഭ്യമാകുന്നത്. നിലവിൽ റ്റി.ഡി.എസ്. കുറവ് ചെയ്യുന്നതിനെതിരെ പല സഹകരണ സൊസൈറ്റികളും കേരള ഹൈക്കോടതിയിൽ നിന്നും താൽക്കാലിക സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുണ്ട്. ഈ ഉത്തരവ് നേടിയിട്ടുള്ള സൊസൈറ്റികളിൽ നിന്നും ട്രഷറികളിൽ റ്റി.ഡി.എസ്. കുറവ് ചെയ്യുന്നത് ഒഴിവാക്കിയിട്ടുണ്ട്.

(സി) അത്തരമൊരു ഔദ്യോഗിക നിർദ്ദേശമൊന്നും ധനകാര്യ സെക്രട്ടറി പുറപ്പെടുവിച്ചിട്ടില്ല.

## എഴുത്ത് ലോട്ടറിയുടെ അനധികൃത വില്പന

100 (3830) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി വിൽപന സുതാര്യവും ജനകീയ സ്വഭാവത്തോടും കൂടി മുന്നോട്ട് പോകുന്നതിനിടയിൽ സമാന്തരമായി എഴുത്ത് ലോട്ടറിയുടെ അനധികൃത വില്പന വലിയ തോതിൽ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഴുത്ത് ലോട്ടറിയുടെ പ്രലോഭനങ്ങളിൽ വീഴുന്നവരെ ബോധവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ;

(സി) ഇത്തരം ലോട്ടറിയുടെ ചൂതാട്ടം തടയുന്നതിനും ഒത്താശ ചെയ്യുന്ന നിയമപാലകർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഴുത്ത് ലോട്ടറികൾക്കും മറ്റ് അനധികൃത ലോട്ടറികളുടെ നടത്തിപ്പ് സംബന്ധിച്ചും ലഭിക്കുന്ന വിവരം ഓഫീസുകളിൽ അറിയിക്കാനും ഇത്തരം പ്രവൃത്തികളിൽനിന്ന് അകന്നു നിൽക്കാനും അഭ്യർത്ഥിച്ചു കൊണ്ടുള്ള സന്ദേശങ്ങൾ സംസ്ഥാന ഭാഗ്യക്കുറി വില്പനക്കാർക്കും ഏജന്റുമാർക്കും ഭാഗ്യക്കുറിയുടെ ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്നു.

(സി) ചൂതാട്ടം തടയുന്നതിന് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചൂതാട്ടത്തിന് ഒത്താശ ചെയ്യുന്ന, നിയമപാലകർ ഉൾപ്പെടെയുള്ള, ഉദ്യോഗസ്ഥർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ലോട്ടറിസമ്മാനം ലഭിക്കുവാൻ സമ്മാനർഹർ നേരിടുന്ന പ്രശ്നങ്ങൾ

101(3831) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി സമ്മാനം ലഭിക്കുവാൻ സമ്മാനർഹർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുമോ;

(ബി) ലോട്ടറിയുടെ അറുപത് ശതമാനവും എടുക്കുന്നത് ഇതര സംസ്ഥാന തൊഴിലാളികളാണെന്നിരിക്കെ സമ്മാനത്തുക ലഭിക്കുവാൻ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുമോ; സമ്മാനത്തുക ലഭിക്കുവാൻ നോട്ടറി രേഖപ്പെടുത്തലുകളും

സർക്കാരിന്റെ ഉദ്യോഗസ്ഥ ഉപസമിതിയുടെ അംഗീകാരവും വേണമെന്നത് ഇതര സംസ്ഥാന തൊഴിലാളികളെ പലപ്പോഴും പ്രതികൂലമായി ബാധിക്കുന്നതിനാൽ അവർ ടിക്കറ്റുകൾ ഏജന്റുമാർക്ക് മറിച്ചു വിൽക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ഇത്തരത്തിലുള്ള പ്രശ്നം പരിശോധിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ലോട്ടറി നറുക്കെടുപ്പ് കഴിഞ്ഞാൽ സമ്മാനാർഹമായ ടിക്കറ്റിന്റെ മറുപുറത്ത് സമ്മാനാർഹൻ പേരും ഒപ്പും വിലാസവും രേഖപ്പെടുത്തി ലോട്ടറി റൂൾ 9(3) പ്രകാരം നേരിട്ടോ ദേശസാൽകൃത/സഹകരണ ഷെഡ്യൂൾഡ് ബാങ്ക് മുഖേനയോ തപാലിലോ സമ്മാനടിക്കറ്റ് ജില്ലാ ഓഫീസ്/ഡയറക്ടറേറ്റിൽ 30 ദിവസത്തിനുള്ളിൽ ഹാജരാക്കേണ്ടതാണ്. 1,00,000 രൂപ വരെയുള്ള സമ്മാനത്തുക ജില്ലാ ഓഫീസുകളിൽ നിന്നും വാങ്ങാവുന്നതാണ്. സമ്മാനാർഹമായ ടിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി, പാൻകാർഡ് കോപ്പി, തിരിച്ചറിയൽ രേഖ, സ്റ്റാമ്പ് രസീത്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോ എന്നിവ സമ്മാനാർഹൻ അസൽ ടിക്കറ്റിനോടൊപ്പം ഹാജരാക്കണം. കൂടാതെ റൂൾ 9(3) f പ്രകാരം സമ്മാനാർഹൻ അന്യസംസ്ഥാനക്കാരനാണെങ്കിൽ മേൽപ്പറഞ്ഞ രേഖകളെല്ലാം നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തണം. ഇത്തരത്തിൽ ചട്ടപ്രകാരമുള്ള രേഖകൾ സഹിതം സമർപ്പിക്കുന്ന ടിക്കറ്റുകൾക്ക് 30 ദിവസത്തിനകംതന്നെ സമ്മാനം വിതരണം ചെയ്യുന്നുണ്ട്. മാത്രവുമല്ല സേവനാവകാശ നിയമ പ്രകാരം മതിയായ രേഖകളോടെ ഹാജരാക്കുന്ന സമ്മാന ടിക്കറ്റുകൾ ടിക്കറ്റ് ഓഫീസിൽ ലഭിച്ച് 30 ദിവസത്തിനകം സമ്മാനവിതരണം നടത്തണമെന്ന വ്യവസ്ഥയും നിലവിലുണ്ട്.

(ബി) ലോട്ടറി റൂൾ 9(3) f പ്രകാരമാണ് അന്യസംസ്ഥാനക്കാർക്ക് സമ്മാനം ലഭിച്ചാൽ സമ്മാന ടിക്കറ്റിനോടൊപ്പം സമർപ്പിക്കുന്ന രേഖകൾ നോട്ടറി അറ്റസ്റ്റ് ചെയ്യണമെന്ന് വ്യവസ്ഥയുള്ളത്. കേരള ലോട്ടറിയുടെ വിപണനം പൂർണ്ണമായും കേരളത്തിൽ മാത്രമായ സാഹചര്യത്തിലും സമ്മാന ടിക്കറ്റ് മണി ലോണ്ടറിംഗ് പോലുള്ള നിയമവിരുദ്ധ പ്രവൃത്തികൾക്ക് വിധേയമാകുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും അത് ഇല്ലാതാക്കുന്നതിനാണ് നോട്ടറി അറ്റസ്റ്റേഷനും വകുപ്പിലെതന്നെ ഉയർന്ന ഉദ്യോഗസ്ഥരുടെ 'മോണിറ്ററിംഗ് കമ്മിറ്റി' ക്ലെയിം പരിശോധനയും നടത്തുന്നത്. കേരളത്തിൽ അനേകം അന്യസംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിലായി തൊഴിൽ ചെയ്യുന്നുണ്ട്. അവർക്ക് ലോട്ടറി സമ്മാനം ലഭിക്കുന്നുമുണ്ട്. എന്നാൽ അവർ ഹാജരാക്കുന്ന സമ്മാന ടിക്കറ്റിലെ അഡ്രസ്സ്

അവരുടെ സംസ്ഥാനത്തിലേതായിരിക്കും. കേരളത്തിൽ അവർക്ക് നിയമാനുസൃത തിരിച്ചറിയൽ രേഖ ഇല്ലാത്തതിനാൽ ഇത്തരം ക്ലെയിമുകൾ അന്യസംസ്ഥാന ക്ലെയിമായി പരിഗണിച്ച് ലോട്ടറി റൂൾ 9(3) f പ്രകാരം നടപടി കൈക്കൊള്ളുന്നതിനാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമ്മാനം നൽകാൻ കാലതാമസം നേരിടുന്നുണ്ട്.

(സി) അന്യസംസ്ഥാനക്കാരുടെ കേരളത്തിലെ തൊഴിലിനായുള്ള താമസം മുൻനിർത്തി അവർക്ക് സമ്മാനം ലഭിച്ച കഴിഞ്ഞാൽ വേഗത്തിൽ സമ്മാനം നൽകുന്ന തരത്തിൽ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനുള്ള ശിപാർശകൾ ലോട്ടറിയുടെ പുതിയ നിയമത്തിനുള്ള കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുന്നു.

## ലോട്ടറി സഹകരണ സംഘങ്ങളുടെ ബിനാമികളിലൂടെയുള്ള ടിക്കറ്റ് വിൽപ്പന

102(3832) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവിന്റെ മറവിൽ ദിവസേന പതിനായിരക്കണക്കിന് ലോട്ടറി ടിക്കറ്റുകൾ ലോട്ടറി സഹകരണ സംഘങ്ങൾ ബിനാമികൾ വഴി മറിച്ച് വിൽക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം സാധാരണക്കാരായ ലോട്ടറി വില്പനക്കാർക്ക് ജില്ലാ ലോട്ടറി ഓഫീസുകളിൽ നിന്ന് ആവശ്യത്തിന് ടിക്കറ്റ് ലഭിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(സി) ലോട്ടറി സഹകരണ സംഘങ്ങളുടെ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കി അവരുടെ പ്രവർത്തനം നിരീക്ഷിച്ച ശേഷം മാത്രം അവർക്ക് ടിക്കറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇത്തരത്തിലൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അടിസ്ഥാന സ്ലാബുകളിൽ ടിക്കറ്റെടുക്കുന്ന ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ഭാഗ്യക്കുറി ചട്ടങ്ങൾക്ക് വിധേയമായാണ് സഹകരണ സ്ഥാപനങ്ങൾക്ക് ഏജൻസി അനുവദിച്ചിട്ടുള്ളത്.

## കാരുണ്യ ചികിത്സാസഹായ പദ്ധതി

103 (3833) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കാരുണ്യ ചികിത്സാസഹായ പദ്ധതി പ്രകാരം എത്ര കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ റീ ഇംബേഴ്സ്മെന്റായി എത്ര തുക ഇനിയും നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 963,03,30,217 രൂപ ചികിത്സാ സഹായ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ചികിത്സാധനസഹായ റീ-ഇംബേഴ്സ്മെന്റ് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ ചികിത്സാ രേഖകളും ബില്ലുകളും പരിശോധിച്ച് അർഹമായ തുക മാത്രമാണ് അനുവദിക്കുന്നത്. ആയതിനാൽ തുക വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ നൽകേണ്ട തുകയുടെ കണക്ക് വ്യക്തമാകുകയുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ലഭിച്ച 180 റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ തുക വിതരണം നടത്താനുണ്ട്.

## ലൂക്കീമിയ ചികിത്സയ്ക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും തുക

104(3834) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ തൈക്കാട് വില്ലേജിൽ ബ്രഹ്മക്കുളം നെടിയേടത്ത് വീട്ടിൽ ശ്രീമതി പ്രസീത തന്റെ ലുക്കീമിയ ചികിത്സയ്ക്ക് ചെലവായ തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിവരം അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീമതി പ്രസീതയുടെ അപേക്ഷ 3-6-2019-ന് ലഭിച്ചിട്ടുണ്ട്. ടി അപേക്ഷയിൽ ശ്രീമതി പ്രസീതയുടെ ചികിത്സ സംബന്ധിച്ച ഡിസ്ചാർജ് സമ്മറിയുടെ പകർപ്പ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടിയാളുടെ ചികിത്സ കാരുണ്യ ബെനവലന്റ് ഫണ്ടിൽ അക്രഡിറ്റേഷൻ ഇല്ലാത്ത സ്വകാര്യ ആശുപത്രിയിൽ ആയതിനാൽ ചികിത്സാരേഖ ലഭിക്കുന്ന മുറയ്ക്ക് അടുത്ത സംസ്ഥാനതല സമിതിയിൽ വച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഓഡിറ്റ് കമ്മീഷന്റെ രൂപീകരണം**

105(3835) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റ് കമ്മീഷൻ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എവിടെ വരെയെത്തിയെന്ന് വിശദമാക്കാമോ;

(ബി) എന്നുമുതൽ ഓഡിറ്റ് കമ്മീഷനായി മാറാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഓഡിറ്റ് കമ്മീഷന് രൂപം നൽകുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന് മുഖ്യമായ പങ്കുള്ളതിനാൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചുവരുന്നു.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

106(3836) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ ചെറുകിട വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് കെ.എഫ്.സി. നൽകുന്ന സംഭാവനകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) പ്രളയകാലത്ത് വമ്പിച്ച നഷ്ടം നേരിട്ട വ്യവസായികൾക്ക് കെ.എഫ്.സി. എന്തെങ്കിലും ഇളവുകളോ ആനുകൂല്യങ്ങളോ പ്രഖ്യാപിച്ചിരുന്നോ; അത് സംബന്ധിച്ച വിശദാംശം നൽകുമോ?

## ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2018-19) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അതിന്റെ എല്ലാ പ്രവർത്തന മേഖലയിലും മികവ് പുലർത്തിയിട്ടുണ്ട്. 2017-18 കാലയളവിൽ 723.93 കോടി രൂപ വായ്പ അനുവദിച്ച സ്ഥാനത്ത് 1644.95 കോടി രൂപ വായ്പയായി അനുവദിച്ചു. ഇതുപോലെതന്നെ 600.23 കോടി രൂപ വായ്പ വിതരണം ചെയ്ത സ്ഥാനത്ത് 815.79 കോടിയായും മൊത്ത വരുമാനം 376.88 കോടി രൂപ ആയിരുന്നത് 428.26 കോടിയായും അറ്റലാഭം 8.3 കോടി രൂപയായിരുന്നത് 17.70 കോടി രൂപയായും വർദ്ധിച്ചു. കൂടാതെ അറ്റ നിഷ്ക്രിയ ആസ്തി 2.03 ശതമാനത്തിൽനിന്നും 1.82 ശതമാനമായി കുറയ്ക്കാനും കഴിഞ്ഞു.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നാളിതുവരെ അറുപതിനായിരത്തിലധികം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 885 യൂണിറ്റുകൾക്കായി 1644.95 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

(സി) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നുമായി വിവിധ ആവശ്യങ്ങൾക്ക് വായ്പയെടുത്തതും പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനായി പ്രളയ പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദീകരണം ചുവടെ ചേർക്കുന്നു :

1. റീബിൽഡ് സ്കീം - 10% പലിശ നിരക്കിൽ സംരംഭങ്ങളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുകയുടെ 90% അഡീഷണൽ വായ്പയായി നൽകുന്ന പദ്ധതി ആവിഷ്കരിച്ചു. പ്രോസസിംഗ് ഫീ ഒഴിയാക്കിയിട്ടുള്ളതുമാകുന്നു.

2. കോൺട്രാക്ടേഴ്സിനുവേണ്ടിയുള്ള 'വികാസ്' സ്കീം - ഗവൺമെന്റ് വർക്കുകൾ, റോഡ്, ബ്രിഡ്ജ്, കെട്ടിടങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും കോൺട്രാക്ടേഴ്സിന് 20 കോടി രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് Line of credit facility യും നൽകിവരുന്നു.

3. ബിൽ ഡിസ്കൗണ്ടിംഗ് സ്കീം ആവിഷ്കരിച്ചു.

4. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നുമായി വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്തവരുടെ എല്ലാ സ്റ്റാൻഡേർഡ് അക്കൗണ്ടിലെയും തിരിച്ചടവിൽ താമസം നേരിട്ട ദിവസങ്ങളിലെ പിഴപലിശ 1-8-2018 മുതൽ 30-11-2018 വരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

5. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് റിബേറ്റിനുള്ള സാവകാശം 5-ാം തീയതിയിൽ നിന്നും 15-ാം തീയതിവരെ നീക്കി നൽകിയിട്ടുണ്ട്.

6. മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് മോറട്ടോറിയം, പലിശ ഫണ്ടിംഗ്, കാലാവധി നീട്ടകൊടുക്കൽ എന്നിവയും നൽകിയിട്ടുണ്ട്.

7. എല്ലാ റവന്യൂ റിക്കവറി നടപടികളും 30-11-2018 വരെ നിർത്തിവച്ചിട്ടുണ്ടായിരുന്നു.

**പ്രവാസി ചിട്ടി**

107(3837) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പ്രവാസിചിട്ടിയുടെ സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യുവാൻ ആവശ്യമായ മൊബൈൽ ഒ.ടി.പി. ഗൾഫ് രാജ്യങ്ങളിലും യൂറോപ്പിലും എത്തിക്കുന്നതിന് ഏത് കമ്പനിയുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര രൂപയുടെ കരാറാണ് നൽകിയിരിക്കുന്നതെന്നും ഇതിന് ടെണ്ടർ വിളിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ; ഇല്ലെങ്കിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് ഈ കമ്പനി / കമ്പനികളെ തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഇ. ഇക്കാര്യത്തിൽ ആരുമായും പ്രത്യേക കരാറിൽ ഏർപ്പെട്ടിട്ടില്ല.

**പ്രവാസി ചിട്ടി-കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും തമ്മിലുള്ള ജോയിന്റ് വെഞ്ചർ**

108(3838) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും തമ്മിലുള്ള ജോയിന്റ് വെഞ്ചർ ആയിട്ടാണോ പ്രവാസി ചിട്ടി പ്രവർത്തിക്കുന്നത്; എങ്കിൽ ഈ രണ്ട് സ്ഥാപനങ്ങളും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പ്രവാസിച്ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് കിഫ്ബിയും, കെ.എസ്.എഫ്.ഇ.-യും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് ജോയിന്റ് വെഞ്ചർ ആയി പ്രവർത്തിക്കുന്നു എന്ന് പറയുന്നത്;

(ബി) പ്രവാസിച്ചിട്ടി തുടങ്ങിയതുമുതൽ ഇന്നേവരെ ഓൺലൈൻ ആയി ചിട്ടി അടയ്ക്കാൻ കോർ സോഫ്റ്റ്‌വെയർ വഴിയും മൊബൈൽ ആപ്പ് വഴിയും ശ്രമിച്ചവർ ആകെ എത്ര പേർ; ഇതിൽ എത്ര പേർക്ക് തുക അടയ്ക്കാൻ കഴിഞ്ഞു. എത്രപേർ പരാജയപ്പെട്ടു; ഏറ്റവും കൂടുതൽ പേർ പരാജയപ്പെടുന്നത് ഏതു സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോഴാണ്; കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രവാസി ചിട്ടിക്ക് ഉപയോഗിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ തികഞ്ഞ പരാജയമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുവഴി ചിട്ടിപ്പണം അടയ്ക്കാൻ ശ്രമിക്കുന്നവരിൽ 50%-ത്തിനു മുകളിൽ പരാജയപ്പെടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത് ; ഇതിനായി എത്ര രൂപയാണ് ചെലവാക്കിയത്; ഏതു കമ്പനിയാണ് ഇതിന്റെ ടെണ്ടർ ഏറ്റെടുത്തത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രവാസിച്ചിട്ടിയുടെ ലോഗോയിൽ എന്തുകൊണ്ടാണ് കെ.എസ്.എഫ്.ഇ.-യുടെ പുതിയ ലോഗോയും കളർ കോഡും ഉപയോഗിക്കാത്തത്; ഇങ്ങനെ ഉപയോഗി ക്കാത്തതുമൂലം പ്രവാസിച്ചിട്ടിയുടെ നടത്തിപ്പ് കിഫ്ബി ആണ് എന്ന ധാരണ ജനങ്ങളുടെ ഇടയിൽ ഉള്ളത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ; അതിനാൽ പ്രവാസിച്ചിട്ടിയുടെ ലോഗോയിൽ കെ.എസ്.എഫ്.ഇ.-യുടെ ലോഗോയും കളർ കോഡും കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പ്രവാസിച്ചിട്ടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇന്നേവരെ എത്ര കോടി രൂപ ചെലവായി; ഏതൊക്കെ ഇനങ്ങളിൽ ആർക്കൊക്കെ എത്ര രൂപ നൽകി ; വിശദാംശം ലഭ്യമാക്കുമോ; ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇൻ ട്രസ്റ്റ് (സി.എസ്.ഡി.ടി.) ഇനത്തിൽ പ്രവാസി ചിട്ടിയിൽ ഇടപാടുകാർ നിക്ഷേപിക്കുന്ന തുക കിഫ്ബിയിൽ നിക്ഷേപിക്കുമ്പോൾ കെ.എസ്.എഫ്.ഇ. ക്ക് കിഫ്ബി 7.5% പലിശയേ നൽകുന്നുള്ളൂ എന്ന വസ്തുത ശരിയാണോ; കെ.എസ്.എഫ്.ഇ. ഇടപാടുകാർക്ക് 8% പലിശ നൽകേണ്ടിവരുന്നതുമൂലം കെ.എസ്.എഫ്.ഇ.-യ്ക്ക് നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നഷ്ടം കെ.എസ്.എഫ്.ഇ.-യ്ക്ക് സർക്കാർ നൽകുമോ; ഇല്ലെങ്കിൽ ഇത്തരം ബോണ്ടുകൾക്ക് 8% പലിശ കിഫ്ബിയെ കൊണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിലെ സാഹചര്യത്തിൽ പ്രവാസിച്ചിട്ടിയിൽ ഒരു ലക്ഷം രൂപ സലയുള്ള 25 മാസത്തെ ചിട്ടിയുടെ നടത്തിപ്പിന് കെ.എസ്.എഫ്.ഇ.-ക്ക് ശരാശരി എത്ര രൂപ ചെലവാകും; ഈ ചിട്ടി വട്ടമെത്തുമ്പോൾ ശരാശരി എത്ര രൂപ ലാഭം കിട്ടും; പ്രവാസിച്ചിട്ടിയിൽ ഇടപാടുകാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷയുടെ നടത്തിപ്പ് ആർക്കൊക്കെയാണ്; ഇതിന്റെ ഇൻഷ്വറൻസ് നടത്തിപ്പ് കെ.എസ്.എഫ്.ഇ.-ക്ക് സ്വന്തമായി ചെയ്തു കൂടെ; ആയതിന് നിലവിൽ എന്തെങ്കിലും നിയമതടസം ഉണ്ടോ; ഇല്ലെങ്കിൽ ഈ ഫണ്ട് കെ.എസ്.എഫ്.ഇ. കൈകാര്യം ചെയ്യുന്നതിനു വേണ്ടുന്ന നടപടി സ്വീകരിക്കുമോ;

(ജി) പ്രവാസിച്ചിട്ടിയുടെ പൂർണമായ നടത്തിപ്പ് ചുമതല ആർക്കാണ്; പ്രവാസിച്ചിട്ടിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നത് കിഫ്ബി ആണോ കെ.എസ്.എഫ്.ഇ. മാനേജ്മെന്റ് ആണോ; ഇതിൽ ആരൊക്കെയാണ് അംഗങ്ങൾ ആയിട്ടുള്ളത്; കിഫ്ബിയെ പ്രതിനിധീകരിച്ച് ആരാണ് മീറ്റിംഗുകളിൽ പങ്കെടുക്കുന്നത്; കിഫ്ബിയിലെയോ കെ.എസ്.എഫ്.ഇ. യിലേയോ, സർക്കാരിലേയോ, സീ-ഡിറ്റ്- ലെയോ ഉദ്യോഗസ്ഥരെ കൂടാതെ വേറെ ആരെങ്കിലും മീറ്റിംഗുകളിൽ പങ്കെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ്; ഓരോരുത്തരുടേയും ചുമതലകൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും തമ്മിലുള്ള ജോയിന്റ് വെഞ്ചർ ആയിട്ടല്ല പ്രവാസി ചിട്ടി പ്രവർത്തിക്കുന്നത്. പൂർണ്ണമായും കെ.എസ്.എഫ്.ഇ.-യുടെ ഉടമസ്ഥതയിലുള്ള ഒരു സംരംഭമാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി. ഇതിൽ നിന്നും ലഭിക്കുന്ന ഫണ്ട് കിഫ്ബി വഴി കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗിക്കുക എന്നതിന്റെ ഭാഗമായി കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കിഫ്ബിയുടെയും കെ.എസ്.എഫ്.ഇ.യുടെയും ബോർഡുകൾ തീരുമാനിച്ച പ്രകാരം പ്രവാസി ചിട്ടിയുടെ സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആദ്യ ഘട്ടത്തിലെ മീഡിയ & മാർക്കറ്റിംഗിനുള്ള ചെലവുകൾ കിഫ്ബി വഹിച്ചിട്ടുണ്ട്.

(ബി) ചിട്ടിയുടെ ആദ്യതവണ അടയ്ക്കുന്നതിന് ശ്രമിച്ചത് 7198 പേരാണ്. അതിൽ 4130 പേർ കോർ ആപ്ലിക്കേഷൻ വഴിയും 1541 പേർ മൊബൈൽ ആപ്പ് വഴിയും അടച്ചു കഴിഞ്ഞു. കോർ ആപ്ലിക്കേഷൻ വഴി തവണ സംഖ്യ അടക്കാൻ ശ്രമിച്ച് പരാജയപ്പെട്ടാൽ അവർ മൊബൈൽ ആപ്പ് വഴി തവണസംഖ്യ അടച്ച് പേമെന്റ് പ്രക്രിയ പൂർത്തീകരിക്കുന്നു. ഇത് ചിലപ്പോൾ തിരിച്ചും സംഭവിക്കുന്നു. ആയതിനാൽ ഏതാണ് മെച്ചമെന്ന് നിർവ്വചിക്കുക സാധ്യമല്ല.

(സി) മൊബൈൽ ആപ്ലിക്കേഷൻ തികഞ്ഞ പരാജയമാണെന്ന വാദം ശരിയല്ല. എന്നാൽ ആരംഭഘട്ടത്തിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. അത് പരിഹരിച്ച് മൊബൈൽ ആപ്ലിക്കേഷൻ ഇപ്പോൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. മറ്റു പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അപ്പോൾത്തന്നെ പരിഹരിക്കുന്നുണ്ട്. പ്രവാസിച്ചിട്ടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ ചെയ്യുന്നതിന് സി-ഡിറ്റുമായി ഉണ്ടാക്കിയിട്ടുള്ള കരാറിൽ മൊബൈൽ ആപ്ലിക്കേഷനും ഉൾപ്പെട്ടിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് 4.82 ലക്ഷം രൂപ കെ.എസ്.എഫ്.ഇ. ചെലവഴിച്ചിട്ടുണ്ട്.

(ഡി) KSFE-യുടെ നിലവിലെ ലോഗോ രൂപകൽപ്പന ചെയ്യുന്നതിന് മുന്നേ ആണ് പ്രവാസി ചിട്ടിയുടെ ഡിസൈൻ തീരുമാനിക്കപ്പെട്ടത്. എന്നാൽ ഇപ്പോൾ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി സംബന്ധിച്ച പരസ്യങ്ങളിൽ കമ്പനിയുടെ പുതിയ ലോഗോ പ്രദർശിപ്പിക്കുന്നുണ്ട്.

(ഇ) പ്രവാസി ചിട്ടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ.-യിൽ നിന്നും ഇന്നേവരെ 10.34 കോടി രൂപയാണ് ചെലവായത്. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| എ. പരസ്യം, ഹാൾ വാടക, സൽക്കാരം, യാത്ര (സി-ഡിറ്റ് മുഖേനെ) | : | 5.05 കോടി രൂപ |
| ബി. വിദേശയാത്ര നടത്തിയവർക്ക് | | |
| ഡി. എ. നൽകിയ വകയിൽ | : | 0.02 കോടി രൂപ |
| സി. സ്റ്റാഫ് കോസ്റ്റ് (സി-ഡിറ്റ് മുഖേന) | : | 0.82 കോടി രൂപ |
| ഒറൈസിസ് | : | 0.19 കോടി രൂപ |
| | | 1.01 കോടി രൂപ |
| ഡി. സോഫ്റ്റ്‌വെയർ (സി-ഡിറ്റ് മുഖേന) | : | 2.81 കോടി രൂപ |
| ഇ. ഓഫീസ് ഫർണിഷിംഗ് | | |
| (സി-ഡിറ്റ് മുഖേനെ) | : | 0.74 കോടി രൂപ |
| എഫ്. പരസ്യം (എൻ.ടി.വി.) | : | 0.43 കോടി രൂപ |
| ആന്റ് ഫിനിറ്റി - | | 0.03 കോടി രൂപ |
| | | 0.46 കോടി രൂപ |
| ജി. ഹാർഡ്‌വെയർ (സി-ഡിറ്റ് മുഖേനെ) | : | 0.16 കോടി രൂപ |
| എച്ച്. യൂറോപ്യൻ ലോഞ്ച് | : | 0.09 കോടി രൂപ |
| ആകെ | | 10.34 കോടി രൂപ |

ചിട്ടിപ്പണം ചിട്ടിയുടെ ഭാവി ബാധ്യതയ്ക്കു വേണ്ടി CSDT ആക്കി മാറ്റുമ്പോൾ മാത്രമേ 8% വരെ പലിശ നൽകുന്നുള്ളൂ. എന്നാൽ ചിട്ടി സംഖ്യയിൽനിന്നും മാറ്റുന്ന അല്ലാതുള്ള FD കൾക്ക് 8% പലിശ നൽകുന്നില്ല. മേൽപ്പറഞ്ഞ പ്രകാരം CSDT സംഖ്യ കിഫ്ബിയിൽ നിക്ഷേപിക്കുന്നത് വഴിയുണ്ടാകുന്ന 0.5% പലിശ നഷ്ടം സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്ക് നൽകുന്നില്ല. ഇത് കെ.എസ്.എഫ്.ഇ.യുടെ ഫോർമാൻ കമ്മീഷനിൽ നിന്ന് വഹിക്കുകയാണ്.

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ നിന്ന് ചെലവായ തുക ചുവടെ ചേർക്കുന്നു :

| ഇനം | തുക |
|---|---|
| മീഡിയ & മാർക്കറ്റിംഗ് | 8,64,94,621 |
| സാങ്കേതിക സഹായം | 8,42,39,641 |
| ആകെ | 17,07,34,262 |

കെ.എസ്.എഫ്.ഇ. കിഫ്ബിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ബോണ്ടുകൾക്ക് ആ സമയത്ത് ട്രഷറിയിൽ നിലനിൽക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ നിരക്കും (നിലവിൽ 7.5%), ഡെപ്പോസിറ്റ് ബോണ്ടുകൾക്ക് ട്രഷറിയിൽ നിലനിൽക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ നിരക്ക് +0.10% എന്ന പലിശനിരക്കുമാണ് നൽകുന്നത്.

(എഫ്) ഏത് ചിട്ടിയിലും ചിട്ടി തുകയുടെ 5 ശതമാനം ഫോർമാൻ കമ്മീഷൻ ആയി KSFE ക്ക് ലഭിക്കുന്നുണ്ട്. ഇവിടെയും അത് ലഭിക്കുന്നുണ്ട്. ഒരു ചിട്ടി രജിസ്റ്റർ ചെയ്യുന്നതിന് ചിട്ടി തുകയുടെ 5% വരുന്ന തുകയ്ക്കുള്ള മുദ്രപ്പത്ര ചെലവും 500 രൂപയ്ക്കുള്ള അധിക മുദ്രപ്പത്രവും മിനിറ്റ്സ് ഒന്നിന് 10 രൂപയും ബാലൻസ്ഷീറ്റിന് വാർഷികമായി 1000 രൂപയും സാധാരണയായി ചെലവ് വരും. ഈ ചിട്ടി വട്ടമെത്തുമ്പോൾ ഫോർമാൻ കമ്മീഷൻ എന്ന നിലയിൽ 1,00,000 x 5% = 5000 x25 മാസം = 1,25,000 രൂപ ലഭിക്കുന്നതാണ്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനും സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റുമാണ്.

(ജി) പ്രവാസി ചിട്ടിയുടെ നടത്തിപ്പ് KSFE തന്നെ ആണ് നിർവ്വഹിക്കുന്നത്. സോഫ്റ്റ്‌വെയർ റിവ്യൂവുമായി ബന്ധപ്പെട്ട് KSFE-യുടെ NRI ബിസിനസ് സെന്ററിലെയും കിഫ്ബിയിലെയും സോഫ്റ്റ്‌വെയർ ഡെവലപ്പർമാരുടേയും സംയുക്ത യോഗം കൂടാറുണ്ട്.

## പ്രവാസിചിട്ടി രജിസ്ട്രേഷൻ വിവരങ്ങൾ

109(3839) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസിചിട്ടിയിൽ ചേരുന്ന ഇടപാടുകാർ നൽകുന്ന വിവരം നോർക്കയ്ക്ക് കൈമാറും എന്ന് രജിസ്ട്രേഷൻ സമയത്ത് പറയുന്നതിനാൽ ഈ സ്വകാര്യ വിവരങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നോർക്കയ്ക്ക് അല്ലാതെ മറ്റേതെങ്കിലും സ്വകാര്യ/പൊതുമേഖല കമ്പനികൾക്ക് പ്രവാസികൾ നൽകുന്ന സ്വകാര്യവിവരങ്ങളിന്മേൽ ആക്സസ് ഉണ്ടോ; ഉണ്ടെങ്കിൽ അത് ഏതൊക്കെ സ്ഥാപനങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവാസി ചിട്ടി രജിസ്ട്രേഷൻ സമയത്ത് നോർക്ക ID ഉള്ളവരുടെ വിവരം നോർക്കയ്ക്ക് കൈമാറുന്നില്ല. നോർക്ക ID ഇല്ലാത്തവർക്ക് അവരുടെ സമ്മതത്തോടെ ID ലഭ്യമാക്കുന്നതിനുവേണ്ടി സുരക്ഷിതമായി നോർക്കയ്ക്ക് ഒരു secured API (Application Programme Interface) വഴി വിവരം നൽകുന്നുണ്ട്.

(ബി) ഇല്ല.

**ജി.ഐ.എസ്. പോളിസികൾ**

110 (3840) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ എത്ര ജി.ഐ.എസ്.പോളിസികൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ എത്ര പോളിസികളുടെ പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശമ്പള വിതരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിലെ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയതും പഴയ രജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി ചെയ്തത് പ്രകാരവും ആകെ 4,07,000 ജി.ഐ.എസ്. പോളിസികൾ നിലവിലുള്ളതായി കണക്കാക്കുന്നു. ഡി.ഡി.ഒ.-മാരുടെയും ജീവനക്കാരുടെയും സഹായത്തോടെ നടത്തുന്ന വിവരശേഖരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വ്യക്തമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ.

(ബി) ഇവയിൽ 2,37,820 പോളിസികളുടെ പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശമ്പള വിതരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ചിട്ടുണ്ട്.

(സി) ഇൻഷ്വറൻസ് വകുപ്പിന്റെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്ന മുറയ്ക്ക് വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനാകും.

## എസ്.എൽ.ഐ. പോളിസികൾ

111(3841) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ എത്ര എസ്.എൽ.ഐ. പോളിസികൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ എത്ര പോളിസികളുടെ പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശമ്പളവിതരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഈ വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ രജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി നടത്തിയതിൽ നിന്നും 9 ലക്ഷത്തോളം എസ്.എൽ.ഐ. പോളിസികൾ ഉള്ളതായി കണക്കാക്കുന്നു. ശമ്പളവിതരണ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും സഹായത്തോടു കൂടിയുള്ള വിവരശേഖരണം പൂർത്തിയാകുന്നതോടുകൂടി വ്യക്തമായ കണക്ക് ലഭ്യമാകുന്നതാണ്.

(ബി) മേൽപ്പറഞ്ഞ പോളിസികളിൽ ശമ്പള വിതരണ ഉദ്യോഗസ്ഥർ മുഖേന പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശേഖരിച്ച പോളിസികളുടെ എണ്ണം 4,32,000 ആണ്.

(സി) ശമ്പള വിതരണ ഉദ്യോഗസ്ഥർ മുഖേന എസ്.എൽ.ഐ. പോളിസികളുടെ പ്രീമിയം ഒടുക്കൽ വിവരങ്ങൾ ശേഖരിക്കുന്നത് 1-5-2018 മുതൽ നിർത്തിവച്ചി രിക്കുകയാണ്. വകുപ്പിന്റെ നിലവിലുള്ള സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നതാണ്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്)

112 (T3842) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്) ഈ വർഷം ജൂൺ ഒന്ന് മുതൽ നടപ്പിലാക്കാതെ വന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുമായി ഇത് സംബന്ധിച്ച് കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഒപ്പുവച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് ആശുപത്രികളെ എംപാനൽ ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) ഇൻഷ്വറൻസ് പദ്ധതി പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തുക മാത്രമേ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ഈടാക്കുകയുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിലാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ജൂൺ ഒന്ന് മുതൽ നടപ്പിലാക്കാതെ വന്നത്. കരാർ ഒപ്പിടുന്നതിനുള്ള നടപടിക്രമങ്ങൾ അതിദ്രുതം പുരോഗമിക്കുന്നു.

(ബി) കരാർ ഒപ്പു വച്ചിട്ടില്ല.

(സി) ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വററാണ്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) ഇൻഷ്വററും ആശുപത്രികളും തമ്മിലുള്ള കരാറിൽ പ്രസ്തുത വിഷയം പ്രതിപാദിക്കുന്നതാണ്.

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ വർദ്ധിച്ച ജോലിഭാരം

113 (3843) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷുറൻസ് വകുപ്പിലെ വർദ്ധിതമായ ജോലിഭാരം കാരണം ക്ലെയിമുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വകുപ്പിന് സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ പരിഹരിക്കുന്നതിലേക്കായി ഏതെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) ഈ പ്രൊപ്പോസലുകൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനും വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും പര്യാപ്തമായ തരത്തിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി - ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇൻഷ്വറൻസ് വകുപ്പിന് സ്വന്തമായി ആസ്ഥാന മന്ദിരം

114 (3844) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് സ്വന്തമായി ഒരു ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിലേക്കായി നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് സ്വന്തമായി ഒരു ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഒരു സ്ഥലം കണ്ടെത്തുവാൻ സർക്കാർ വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

## മുദ്രപ്പത്ര ക്ഷാമം പരിഹരിക്കുന്നതിന് നടപടി

115(3845) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമ്പത് രൂപ, നൂറ് രൂപ തുകകളുടെ മുദ്രപത്രങ്ങൾക്ക് കടുത്ത ക്ഷാമം അനുഭവപ്പെടുന്നത് സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിലാക്കിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിൽ അമ്പത് രൂപ, നൂറ് രൂപ തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല. വിതരണത്തിനാവശ്യമായ ചെറിയ മൂല്യങ്ങളിലുൾപ്പെടെ എല്ലാ ഇനം മുദ്രപ്പത്രങ്ങളുടെയും മതിയായ സ്റ്റോക്ക് നിലവിൽ സംസ്ഥാനത്തെ ട്രഷറികളിൽ നീക്കിയിരിപ്പുണ്ട്. സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടാനിടയുള്ള സാഹചര്യങ്ങളിൽ പുനർമൂല്യ

നിർണ്ണയം ചെയ്ത മുദ്രപ്പത്രങ്ങൾ സബ് ട്രഷറികളും/സ്റ്റാമ്പ് വെണ്ടർമാരും മുഖാന്തരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും, ചെറിയ മൂല്യത്തിലുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് വിതരണത്തിനായി സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

## കയർ മേഖലയിൽ ക്രയവില സ്ഥിരതാ പദ്ധതി

116 (3846) ശ്രീ. കെ. ദാസൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ആർ. രാജേഷ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കി നവീനമായ ഉല്പന്നങ്ങൾ സൃഷ്ടിച്ച് കയർ വ്യവസായത്തെ വിപുലീകരിക്കാൻ നടപടികൾ സ്വീകരിക്കുമ്പോൾ തന്നെ ഈ മേഖലയിൽ പണിയെടുക്കുന്ന പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന കയറും കയർ ഉല്പന്നങ്ങളും മെച്ചപ്പെട്ട വില നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി ഈ സർക്കാർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിനകൂലിയുടെ ഒരു ഭാഗം സർക്കാർ വിഹിതമായി നൽകുന്നതിന് വരുമാനം ഉറപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 'കയർ രണ്ടാം പുനഃസംഘടന'യുടെ ഭാഗമായി ചകിരിയുടേയും കയറിന്റെയും കയറുല്പന്നങ്ങളുടെയും ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. തന്മൂലം കയർ മേഖലയിലെ തൊഴിലാളികളുടെ പ്രവൃത്തിദിനങ്ങൾ കൂടുകയും ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. 1-1-2019 മുതൽ തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽനിന്നും 350 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ

സർക്കാർ വിഹിതമായി ഇൻകം സപ്പോർട്ട് പദ്ധതിയിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷം 15.07 കോടി രൂപ നൽകിയിരുന്ന സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 22.64 കോടി രൂപ നൽകുന്നതിനും സാധിച്ചു.

കയർ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്ന പദ്ധതികളാണ് പ്രധാനമായും കയർ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇലക്ട്രോണിക് റാട്ടുകളുടെ ആവിർഭാവ ത്തോടുകൂടി സംഘങ്ങളിൽ സ്ഥല ലഭ്യത ഇല്ലാത്ത സാഹചര്യങ്ങളിൽ പ്രസ്തുത റാട്ടുകൾ അംഗങ്ങൾക്ക് അവരവരുടെ വാസസ്ഥലങ്ങളിൽ സജ്ജീകരിക്കുന്നതിനും തൊഴിലിൽ ഏർപ്പെടുന്നതിനും സാധിക്കുന്നതാണ്. കയർതൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

<u>പി.എം.ഐ. (പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ്)</u>

പി.എം.ഐ. പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റി-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ. പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.

<u>മാനേജീരിയൽ സബ്സിഡിയും ഗ്രാറ്റുവിറ്റിയും</u>

സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 2,51,90,500 രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 1-4-2006 മുതൽ 31-7-2018 വരെയുള്ള കാലയളവിൽ സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്കും തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ ആകെ 4,53,89,516 രൂപ അനുവദിക്കുകയുണ്ടായി.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബഡ്ജറ്റിൽ 84,12,00,000 രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി. മുഖേന 10 കോടി രൂപയും അധിക ധനാനുമതി വഴി ലഭിച്ചിട്ടുള്ള 18,17,06,000 രൂപയും കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന 2018 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ 600 രൂപയിൽ നിന്നും 1100 രൂപയായി പെൻഷൻ തുക വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക 1000 രൂപയിൽ നിന്നും 15,000 രൂപയായി വർദ്ധിപ്പിച്ചു. 41,400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരികയും ചെയ്യുന്നു.

(ബി) കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ ക്രയ വിലസ്ഥിരതാ പദ്ധതി കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. വികേന്ദ്രീകരിക്കപ്പെട്ടുപോയ കയർ വ്യവസായരംഗത്തെ ഏകോപിപ്പിക്കുന്നതിനും കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും തൊഴിലും ഉറപ്പുവരുത്തുന്നതിനും ചെറുകിട കയർ ഉൽപ്പന്ന നിർമ്മാതാക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്കുള്ള ന്യായവില ലഭ്യമാക്കുന്നതിനും കയർ കയറ്റുമതിക്കാർക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അതോടൊപ്പം വ്യാവസായിക പ്രോത്സാഹനമായി ഇൻസെന്റീവുകൾ നൽകുന്നതിനും സർക്കാർ ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷം ക്രയ വിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിന് സബ്സിഡിയായി 29.42 കോടിയും കയർ കോർപ്പറേഷന് സബ്സിഡിയായി 30 കോടി രൂപയുമുൾപ്പെടെ ആകെ 59.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളെ മുൻനിർത്തി വരുമാനം ഉറപ്പാക്കൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 350 രൂപയുടെ ഒരു ഭാഗം,

പരമാവധി 110 രൂപ, സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. പ്രതിദിന കൂലി 300 രൂപയിൽനിന്ന് 350 രൂപയായി 1-1-2019 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. ഈ ലക്ഷ്യത്തോടെയാണ് അന്താരാഷ്ട്ര കയർ മേളയായ "കയർ കേരള 2017" -ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ടത്. കേരളത്തിലെ കയർ മേഖലയെ സംബന്ധിച്ച് കയർപിരി രംഗത്തെയും ഉത്പന്ന രംഗത്തെയും തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന തൊഴിലവസരങ്ങൾക്ക് പുറമെയാണ് ഈ പദ്ധതി നടപ്പിലാക്കലിലൂടെ വർദ്ധിച്ച തൊഴിൽദിനങ്ങൾ സാധ്യമായത്.

കയർഫെഡിൽ സ്റ്റോക്കുണ്ടായിരുന്ന മുഴുവൻ കയറും വിറ്റഴിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല വാങ്ങലിന്റെയും വിൽപ്പനയുടെയും കാര്യത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാനും കഴിഞ്ഞു. ഇത് കയർ മേഖലയിൽ തൊഴിൽദിനങ്ങൾ വർദ്ധിച്ച എന്നതിന്റെ തെളിവാണ്. നിലവിലെ സാഹചര്യത്തിൽ കയർഫെഡിൽ കയർ കെട്ടിക്കിടക്കുന്നില്ല. കൂടാതെ സംഘങ്ങളിൽനിന്നും കയർ സംഭരിക്കുമ്പോൾ തന്നെ കയറിന്റെ വില നൽകാനും സാധിക്കുന്നു. 1-1-2019 മുതൽ കയർ തൊഴിലാളികളുടെ അംഗീകൃത വേതനം 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരമുള്ള തുക വിതരണത്തിലെ വർദ്ധനവും തൊഴിൽ ദിനങ്ങളിലെ വർദ്ധനവിന്റെ തെളിവാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികളുടെ തൊഴിൽദിനങ്ങളും കൂലിയും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും യാഥാർത്ഥ്യമാകുന്നത് കയർ രണ്ടാം പുനഃസംഘടന പൂർത്തിയാകുന്നതോടെ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

## കയർമേഖലയിലെ തൊഴിലാളികളുടെ ഉന്നമനം

117(3847) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർവ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

കയർതൊഴിലാളികളുടെ ഉന്നമനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

പി.എം.ഐ. (പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ്)

പി.എം.ഐ. പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റി-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ. പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.

മാനേജീരിയൽ സബ്സിഡിയും ഗ്രാറ്റുവിറ്റിയും

സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 2,51,90,500 രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 1-4-2006 മുതൽ 31-7-2018 വരെയുള്ള കാലയളവിൽ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്കും തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ ആകെ 4,53,89,516 രൂപ അനുവദിക്കുകയുണ്ടായി.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബഡ്ജറ്റിൽ 84,12,00,000 രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി. മുഖേന 10 കോടി രൂപയും അധിക ധനാനുമതി നൽകുക വഴി 18,17,06,000 രൂപയും കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന 2018 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി നൽകി.

കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പെൻഷൻ തുക 600 രൂപയിൽ നിന്നും 1100 രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക 1000 രൂപയിൽ നിന്നും 15,000 രൂപയായി വർദ്ധിപ്പിച്ചു. 41,400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരികയും ചെയ്യുന്നു.

## വ്യവസായ ഇടനാഴി

118(3848) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ഇടനാഴി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട രൂപരേഖ തയ്യാറാക്കി നൽകാൻ ഏത് വിദഗ്ദ്ധ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ച രൂപരേഖക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമർപ്പിച്ച രൂപരേഖയിൽ എന്തെല്ലാം മാറ്റങ്ങളാണ് കേന്ദ്രം നിർദ്ദേശിച്ചത്; വിശദമാക്കാമോ?

### ഉത്തരം

(എ-സി) കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് (എൻ.ഐ.സി.ഡി.ഐ.ടി.) പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. കെ.എസ്.ഐ.ഡി.സി. തയ്യാറാക്കിയ പദ്ധതി രൂപരേഖ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് സമർപ്പിക്കുകയും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി വിദഗ്ദ്ധോപദേശക ഏജൻസിയായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേർസിനെ (Price water house Coopers Pvt Ltd.) കെ.എസ്.ഐ.ഡി.സി. മുഖേന നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി ആയത് നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് സമർപ്പിച്ചിട്ടുണ്ട്. നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന്റെ അടുത്ത യോഗത്തിൽ കേരളത്തിന്റെ ആവശ്യം പരിഗണിച്ച് അനുകൂല തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വ്യവസായ അടിസ്ഥാന സൗകര്യ വികസനം

119(3849) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിന് ബൃഹത് പദ്ധതികൾ കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഇക്കാര്യത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; എത്ര കോടി രൂപയാണ് ഈ മേഖലയിൽ മുടക്കുന്നത്;

(സി) ഇക്കാര്യത്തിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ആരുവഴിയാണ് ഭൂമി ഏറ്റെടുക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതിന് ആവശ്യമായ പണം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ഇ) ഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ പദ്ധതികൾക്കായി ലഭ്യമാക്കുമോ; എങ്കിൽ ഏതൊക്കെ വ്യവസായങ്ങൾക്കാണ് മുൻഗണന നൽകുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിന് ബൃഹത് പദ്ധതികളായി നിലവിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, പി.പി.പി. മാതൃകയിലുള്ള വ്യവസായ വികസനം, സ്വകാര്യ പാർക്കുകൾക്കുള്ള അനുമതി, വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ നിലവിലുണ്ട്. കിൻഫ്രയുടെ അധീനതയിലുള്ള 24 വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് വിവിധ സംരംഭങ്ങൾ ആരംഭിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. കൂടാതെ ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി പുതിയ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്തിരിക്കുന്ന രണ്ട് പദ്ധതികളാണ് എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കും, തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കും. ഇതുകൂടാതെ സംസ്ഥാനത്ത് വ്യവസായ അടിസ്ഥാന സൗകര്യത്തിനായി കൊച്ചി മുതൽ ബാംഗ്ലൂർവരെ ഒരു വ്യവസായ ഇടനാഴിയായി പ്രഖ്യാപിക്കുന്നതിനും കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഹൈടെക് ഇടനാഴിയാക്കുന്നതിനും കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി-ഡി) വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, കാസർഗോഡ് ജില്ലയിലെ അനന്തപുരം, മടിക്കൈ, കണ്ണൂർ ജില്ലയിലെ ആന്തൂർ, എറണാകുളം ജില്ലയിലെ ആലുവ തുടങ്ങിയ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രസ്തുത തുക വകയിരുത്തിയിട്ടുണ്ട്. ബഹുനില വ്യവസായ സമുച്ചയം എന്ന പദ്ധതിക്കായി 29.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴക്കൽപ്പാടത്ത് രണ്ടാം ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരത്ത് കൊച്ചുവേളിയിലും, പാലക്കാട് ഷൊർണ്ണൂരിലും, ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പി.പി.പി. മാതൃകയിലുള്ള വ്യവസായ വികസനത്തിന് 10.5 കോടി രൂപയും വിവിധോദ്ദേശ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾക്ക് ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് എറണാകുളം ജില്ലയിലെ ആമ്പല്ലൂരിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഏകദേശം 510 കോടി രൂപയാണ് ഇതിന് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 117 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിനായി സ്ഥലം ഏറ്റെടുക്കുന്നതിനും ആവശ്യമായ തുക മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്സ് (എം.ഐ.ഡി.പി.)യിൽനിന്നും മറ്റ് സ്വകാര്യ നിക്ഷേപകരിൽ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ഐ.ഡി.സി. വഴി നടപ്പിലാക്കുന്ന ലൈഫ് സയൻസ് പാർക്ക് ഒന്നാം ഘട്ടത്തിനായി 75 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ഏകദേശം 259 കോടി രൂപ മുതൽമുടക്കി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക കിഫ്ബി വഴി കണ്ടെത്താനാണുദ്ദേശിക്കുന്നത്. വ്യവസായ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് കിൻഫ്ര ഒരു ലാന്റ് ബാങ്ക് സ്ഥാപിക്കുന്ന കാര്യം വിഭാവനം ചെയ്തിട്ടുണ്ട്.

(ഇ) ലഭ്യമാക്കും. പരിസ്ഥിതിയ്ക്ക് ഇണങ്ങുന്നതും, മലിനീകരണം കുറഞ്ഞതും കൂടുതൽ തൊഴിലവസരങ്ങളുള്ളതും നിക്ഷേപ സാധ്യതയുള്ളതുമായ വ്യവസായങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

## വൻകിട-ചെറുകിട വ്യവസായ മേഖലയിലെ പ്രതിസന്ധി

120(3850) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, സാങ്കേതികവിദ്യയുടെ അഭാവം, ഇറക്കുമതി ചെയ്യുന്ന സമാന ഉൽപന്നങ്ങളിൽ നിന്നുള്ള മത്സരം എന്നിവ സംസ്ഥാനത്തെ വൻകിട ചെറുകിട വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്ത് വിപണിയിലെ മത്സരങ്ങൾ നേരിടുന്നതിനായി പൊതുമേഖലയിലെ വൻകിട-ചെറുകിട സ്ഥാപനങ്ങൾക്ക് സാമ്പത്തികവും മറ്റുതരത്തിലുള്ളതായ സഹായവും നല്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വൻകിട-ചെറുകിട വ്യവസായമേഖലയുടെ തകർച്ച ഈ മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ബാധിച്ചിട്ടുണ്ട്. അന്യരാജ്യങ്ങളിൽ നിന്നുള്ള ഗുണമേന്മ കുറഞ്ഞ ഉൽപ്പന്നങ്ങൾ വിലകുറച്ച് വിപണയിൽ ലഭിക്കുന്നത് തദ്ദേശീയമായി ചെറുകിട മേഖലയിലെ ഉൽപ്പന്നങ്ങളെ ബാധിച്ചിട്ടുണ്ട്. ഉൽപ്പാദന സൗകര്യങ്ങളുടെയും നൂതന സാങ്കേതിക വിദ്യകളുടെയും അഭാവം സംസ്ഥാനത്തെ ചെറുകിട വൻകിട വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണവും വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. MSME ഉൽപ്പന്നങ്ങളുടെ പ്രദർശന വില്പന മേളകൾ എല്ലാ ജില്ലകളിലും കൂടാതെ തെരഞ്ഞെടുത്ത മേഖലകളിൽ സംസ്ഥാന അടിസ്ഥാനത്തിലും നടത്തിവരുന്നുണ്ട്. മാത്രമല്ല വിപണി സഹായത്തിനായി വാണിജ്യമിഷനും രൂപം നൽകിയിട്ടുണ്ട്. വിപണിയിലെ മത്സരങ്ങൾ നേരിടുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് K-Bip വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി. കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, റിസർച്ച് & ഡെവലപ്മെന്റ്, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുക, സാങ്കേതിക പരിശീലനങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. പദ്ധതി തുകയുടെ 70% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായും 10% കൺസോർഷ്യം വകയായിട്ടുമാണ് ടി പദ്ധതി പ്രകാരം വകയിരുത്തപ്പെട്ടിട്ടുള്ളത്. നിലവിൽ 11 ക്ലസ്റ്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. 3 ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ എം.എസ്.എം.ഇ. പൊതു മേഖല, പരമ്പരാഗത മേഖല, കുടുംബശ്രീ തുടങ്ങി വിവിധ മേഖലകളിലെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, സംസ്ഥാന തലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നതാണ്.

കേരളത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ദേശീയ അന്തർദേശീയ തലത്തിലുള്ള വ്യവസായ പ്രദർശനങ്ങളിലും, മേളകളിലും പങ്കെടുക്കുവാനുള്ള അവസരങ്ങൾ നൽകി വരുന്നു. അതുവഴി ദേശീയ അന്തർദേശീയ തലത്തിലുള്ള മികച്ച ഉൽപ്പന്നങ്ങളും ഉൽപ്പാദന രീതികളും മനസ്സിലാക്കുവാനും ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും മത്സരക്ഷമതയും ഉയർത്തുവാനും സാധിക്കുന്നു. വ്യവസായ മേഖലാടിസ്ഥാനത്തിൽ നടത്തിവരുന്ന സാങ്കേതിക പരിജ്ഞാന ക്ലിനിക്കുകൾ, ടെക്നോളജി മാനേജ്മെന്റ് വികസന പരിപാടികൾ, വണ്ടേഴ്സ് മീറ്റുകൾ എന്നിവ വഴി നൂതന സാങ്കേതിക വിദ്യകളും വിപണിയുടെ ആവശ്യകതയും മനസ്സിലാക്കാനും അതിലൂടെ ഉൽപ്പാദനത്തിലും വിപണനത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കാനും കഴിയുന്നു.

കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട മേഖലയിലെ (SME) സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി സജ്ജമാക്കുന്നതിലേക്കായി വെബ് പോർട്ടൽ K-Bip വഴി രൂപീകരിച്ചിട്ടുണ്ട്. www.keralasme.org & www.keralasme.com എന്നീ domain name-ൽ ആരംഭിച്ച വെബ് പോർട്ടലിൽ സംരംഭകരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത വെബ്

പോർട്ടലിനെക്കുറിച്ച് സംരംഭകരെ ബോധവാന്മാരാക്കാനായി ജില്ലാതലങ്ങളിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംരംഭകർക്ക് ആഗോള വിപണി ലഭ്യമാക്കുന്നതോടൊപ്പം ഉൽപ്പന്നങ്ങൾക്ക് ലോകോത്തര നിലവാരവും ഗുണമേന്മയും ഉണ്ടാകും.

(സി) വ്യവസായ മേഖലയുടെ ഉന്നമനത്തിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മാർജിൻ മണി അനുവദിക്കാൻ നടപടി**

121(3851) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് വകുപ്പിൽ നിന്ന് ലഭിക്കേണ്ട മാർജിൻ മണി അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാർജിൻ മണി അനുവദിക്കുന്നതിനായി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലു ള്ളതെന്ന് വിശദമാക്കാമോ;

(സി) വ്യവസായ സംരംഭകർക്ക് പ്രളയം മൂലമുണ്ടായ കഷ്ടനഷ്ടങ്ങൾ പരിഗണിച്ച് മാർജിൻ മണി അനുവദിക്കുന്നത് ഉൾപ്പെടെയുള്ള ആശ്വാസ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വ്യവസായ വകുപ്പുവഴി സംരംഭകർക്ക് മാർജിൻ മണി അനുവദിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല.

(സി) മാർജിൻ മണി അനുവദിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ പ്രളയവുമായി ബന്ധപ്പെട്ട് സംരംഭങ്ങളുടെ പുനഃസ്ഥാപനത്തിനായുള്ള ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ദുരന്ത നിവാരണ വകുപ്പിന്റെ 17-12-2018-ലെ സ.ഉ. (കൈ) 27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്ക് അവയുടെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെട്ട ത്താവുന്നതാണ്. ഈ പദ്ധതി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയല്ല.

അപേക്ഷകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ നൽകിവരുന്നു. ഈ പദ്ധതി പ്രകാരം പുനഃനിർമ്മാണത്തിനായുള്ള ബാങ്ക് വായ്പയുടെ 25% പരമാവധി 2 ലക്ഷം രൂപ ദുരന്ത നിവാരണ വകുപ്പ് മാർജിൻ മണി ഗ്രാന്റായി ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിക്കുന്നതിന് ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം ചുവടെ വിവരിക്കുന്ന രണ്ട് പുതിയ പദ്ധതികൾ 2019-20 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി) (വിഹിതം : 1000.00 ലക്ഷം രൂപ)
- പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി) (വിഹിതം : 600.00 ലക്ഷം രൂപ)

## ബാംബൂ കോർപ്പറേഷന്റെ നവീകരണം

122(3852) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാസ്ഥാപനമായ ബാംബൂ കോർപ്പറേഷന്റെ നവീകരണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മുൻപാകെ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാർ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് വിനിയോഗിക്കുന്നത് ഏത് ഏജൻസി വഴിയാണ്;

(ഡി) സംസ്ഥാന ബാംബൂ മിഷന് ഇക്കാര്യത്തിലുള്ള പങ്ക് എന്താണ്; വിശദീകരിക്കുമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ബാംബൂ മിഷൻ (NBM) കേരളത്തിന് 2018-19-ൽ അനുവദിച്ച പദ്ധതികളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ബാംബൂ കോർപ്പറേഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) നാഷണൽ ബാംബൂ മിഷൻ അംഗീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

(തുക ലക്ഷത്തിൽ)

| പദ്ധതികളുടെ വിശദവിവരം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| (1) | (2) | (3) |
| 1. 588 ഹെക്ടർ സർക്കാർ പഞ്ചായത്ത്/ തരിശു ഭൂമി ഉൾപ്പെടെയുള്ള കമ്മ്യൂണിറ്റി ലാന്റ് എന്നിവിടങ്ങളിൽ ഉയർന്ന സാന്ദ്രത യുള്ള മുളന്തോട്ടം നിർമ്മാണത്തിന് NBM അനുവദിച്ചത് 294.00 ലക്ഷം രൂപ | 176.40 | 117.60 |
| 2. മൂന്ന് മുള സംസ്കരണ യൂണിറ്റ് സ്ഥാപിക്കു ന്നതിന് NBM അനുവദിച്ചത് 30 ലക്ഷം രൂപ | 18.00 | 12.00 |
| 3. രണ്ട് ലൈവ്‌ലിഹുഡ് ബിസിനസ് ഇൻകു ബേറ്റേഴ്സിന് NBM അനുവദിച്ച തുക 200 ലക്ഷം രൂപ | 120.00 | 80.00 |
| 4. പതിനഞ്ച് മൂല്യവർദ്ധിത മുള ഉൽപ്പന്ന ങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റിന് NBM അനുവദിച്ച തുക 225.00 ലക്ഷം രൂപ | 135.00 | 90.00 |
| 5. മുള മാലിന്യ പ്രാഥമിക സംസ്കരണ യൂണിറ്റ് (1 എണ്ണം) NBM അനുവദിച്ച തുക 12.50 ലക്ഷം രൂപ | 7.50 | 5.00 |
| 6. ഒരു ഫർണിച്ചർ നിർമ്മാണ യൂണിറ്റിന് NBM അനുവദിച്ച തുക 12.50 ലക്ഷം രൂപ | 7.50 | 5.00 |

| (1) | (2) | (3) |
|---|---|---|
| 7. മുള കൊണ്ടുള്ള സാമ്പ്രാണിതിരി നിർമ്മാണ യൂണിറ്റ് (1 എണ്ണം) NBM അനുവദി ച്ച തുക 12.50 ലക്ഷം രൂപ | 7.50 | 5.00 |
| 8. കോമൺ ഫെസിലിറ്റി സെന്ററിന് (1 എണ്ണം) NBM അനുവദിച്ച തുക 12.50 ലക്ഷം രൂപ | 7.50 | 5.00 |
| 9. മുള കൊറുഗേറ്റഡ് ഷീറ്റ് നിർമ്മാണ യൂണിറ്റിന് (1 എണ്ണം) NBM അനുവദിച്ച തുക 60 ലക്ഷം രൂപ | 36.00 | 24.00 |
| 10. മുള ഡിപ്പോയും ഗോഡൗണും സ്ഥാപിക്കുന്നതിന് (1 എണ്ണം) NBM അനുവദിച്ച തുക 50 ലക്ഷം രൂപ | 30.00 | 20.00 |
| 11. അഞ്ച് മുള ബസാറിന് NBM അനുവദിച്ച തുക 75 ലക്ഷം രൂപ | 45.00 | 30.00 |
| ആകെ 984.00 | 590.40 | 393.60 |

യഥാർത്ഥത്തിൽ സമർപ്പിക്കപ്പെട്ട പദ്ധതി പ്രകാരം ആകെ പദ്ധതിച്ചെലവ് 2541 ലക്ഷം രൂപയാണ്. മേൽ സൂചിപ്പിച്ച 984 ലക്ഷം രൂപയ്ക്കു പുറമേ 1263 ലക്ഷം രൂപ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ വിഹിതമായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമാണ്. അത് കൂടാതെ ഒന്നാമത്തെ ഇനത്തിൽ സൂചിപ്പിച്ച 294 ലക്ഷം രൂപയുടെ വിനിയോഗത്തിനുശേഷം മറ്റൊരു 294 ലക്ഷം രൂപകൂടി ഇതേ ഘടകത്തിനായി കേന്ദ്രത്തിൽനിന്നും ലഭിക്കാനുമുണ്ട്.

(സി) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസലുകളിൽ അംഗീകരിച്ച മേൽ പദ്ധതികളുടെ മൊത്തം തുകയായ 984 ലക്ഷം രൂപയിൽ കേന്ദ്ര വിഹിതം 590.4 ലക്ഷം രൂപയും സംസ്ഥാന വിഹിതം 393.6 ലക്ഷം രൂപയുമാണ്. മേൽപ്പറഞ്ഞ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും സംസ്ഥാന ബാംബൂമിഷന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. തുക

ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന ബാംബൂ മിഷൻ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾക്ക് നാഷണൽ ബാംബൂ മിഷന്റേയും സൂക്ഷ്മ-ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കൈമാറുന്നതാണ്. പദ്ധതികൾ നടപ്പിലാക്കുന്ന ബാംബൂകോർപ്പറേഷൻ വഴിയാണ് തുക വിനിയോഗിക്കുന്നത്.

(ഡി) കേരളത്തിൽ നാഷണൽ ബാംബൂ മിഷന്റെ നിർദ്ദേശ പ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ബാംബൂ മിഷനെ ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ നാഷണൽ ബാംബൂ മിഷൻ കേരളയുടെ ഡയറക്ടറായും ചുമതലപ്പെടുത്തുകയും ചെയ്തു. സംസ്ഥാനത്ത് നാഷണൽ ബാംബൂ മിഷന്റെ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുള അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട ഏജൻസികൾക്കാവശ്യമായ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി യോഗങ്ങൾ കൂടുകയും ഇതിൻപ്രകാരം വിവിധ ഏജൻസികളിൽനിന്നും ലഭിച്ച പ്രൊപ്പോസലുകൾ സംസ്ഥാന ബാംബൂ മിഷൻ ക്രോഡീകരിച്ച് സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ ശിപാർശയോടെയാണ് നാഷണൽ ബാംബൂ മിഷന് അംഗീകാരത്തിനായി സമർപ്പിക്കുക. അംഗീകാരം ലഭിച്ച പദ്ധതികൾ ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായ കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന ബാംബൂ കോർപ്പറേഷനാണ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത്. ഈ പദ്ധതികളുടെ തുക വിനിയോഗവും പുരോഗമന വിവരങ്ങളും കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേനയാണ് നാഷണൽ ബാംബൂ മിഷനിൽ സമർപ്പിക്കുന്നത്.

## പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ

123(3853) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കാണ് ഇപ്പോൾ മുൻഗണന നൽകിവരുന്നത്. എങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ ഹാർഡ്‌വെയർ മിഷന്റെ ഭാഗമായി ലാപ്ടോപ്പുകളും സെർവറുകളും ഉല്പാദിപ്പിക്കുന്ന ഇലക്ട്രോണിക് വ്യവസായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള കമ്പനി കെൽട്രോണിന്റെയും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെയും പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാനത്ത് പ്രധാന ഭക്ഷ്യോല്പന്നമായ അരിയുടെ ഉപയോഗം കണക്കിലെടുത്തുകൊണ്ട് വ്യവസായ വകുപ്പിന്റെയും കൃഷിവകുപ്പിന്റെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും സഹകരണത്തോടെ കേരളത്തിലെ പ്രധാന നെല്ലുല്പാദന കേന്ദ്രങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ റൈസ് മില്ലുകൾ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

## സംസ്ഥാന ബാംബൂ മിഷൻ

124 (3854) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ബാംബൂ മിഷന്റെ ചുവട് പിടിച്ചുള്ള സംസ്ഥാന ബാംബൂ മിഷന്റെ ഘടന എന്തെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ബാംബൂ മിഷനിൽ നിലവിലുള്ള ഡയറക്ടർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനമായ ബാംബൂ കോർപ്പറേഷൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംബൂ രംഗത്ത് വൈദഗ്ധ്യം തെളിയിച്ച സംഘടനാപ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി സംസ്ഥാന ബാംബൂ മിഷൻ പുനസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ബാംബു മിഷന്റെ ചുവട് പിടിച്ചുള്ള സംസ്ഥാന ബാംബു മിഷന്റെ ഘടന താഴെ പറയും പ്രകാരമാണ്. കേന്ദ്ര അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ നാഷണൽ ബാംബു മിഷൻ ഗൈഡ് ലൈനും (മാർഗ്ഗ നിർദ്ദേശങ്ങൾ) കേന്ദ്ര സർക്കാർ കത്ത് നമ്പർ DO-15-01/2017-CC തീയതി 7-5-2018 പ്രകാരവും സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് രൂപം നൽകുന്നതിനായി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. ഇതിൻപ്രകാരം സംസ്ഥാന സർക്കാരിന്റെ G.O.(Rt) No.871/2018/ID തീയതി 7-7-2018 പ്രകാരം താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| ചീഫ് സെക്രട്ടറി | ചെയർമാൻ |
| പ്രിൻസിപ്പൽ സെക്രട്ടറി, അഗ്രികൾച്ചർ | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, എൺവയോൺമെന്റ് & ഫോറസ്റ്റ് | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായം | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, സയൻസ് & ടെക്നോളജി | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, റൂറൽ ഡെവലപ്മെന്റ് | മെമ്പർ |
| പ്രിൻസിപ്പൽ സെക്രട്ടറി, എസ്.സി./എസ്.ടി. ഡെവലപ്മെന്റ് | മെമ്പർ |
| കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിൽ നിന്നുള്ള പ്രതിനിധി | മെമ്പർ |
| 2 വിദഗ്ധർ (പ്രൊഡക്ഷൻ, പ്രോസസ്സിംഗ്, ഡിസൈനിംഗ് & പ്രോഡക്ട് ഡെവലപ്പ്മെന്റ്, ഇൻഡസ്ട്രിയൽ പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ്)<br>1. ശ്രീ. സുശാന്ത് സി. എസ്., ഹെഡ്, സെന്റർ ഫോർ ബാംബു ഇനിഷ്യേറ്റീവ്സ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID), ആർ & ഡി കാംപസ്, ബാഗ്ലൂർ<br>2. ഡോ. ഇ. എം. മുരളീധരൻ, കോർഡിനേറ്റർ, ബാംബു ടെക്നിക്കൽ സപ്പോർട്ട്, ഗ്രൂപ്പ് സൗത്ത് സോൺ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) പീച്ചി, തൃശ്ശൂർ | മെമ്പേഴ്സ് |
| സംസ്ഥാന മിഷൻ ഡയറക്ടർ (വ്യവസായ വാണിജ്യ ഡയറക്ടർ) | മെമ്പർ സെക്രട്ടറി |

സംസ്ഥാന ചീഫ് സെക്രട്ടറി ചെയർമാനായ ഈ കമ്മിറ്റിയാണ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ അവലോകനം ചെയ്ത് കേന്ദ്ര അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ

ബാംബു മിഷന് അംഗീകാരത്തിനായി ശിപാർശ ചെയ്യുന്നത്. അംഗീകാരം ലഭിച്ച പദ്ധതികൾ ബാംബു ഡെവലപ്പ്മെന്റ് ഏജൻസിയായ കേരള സംസ്ഥാന ബാംബു മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയുടെ ഉന്നമനത്തിനായും ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദ്ധരുടേയും സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമന പാതയിലേക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബു മിഷൻ പ്രവർത്തിച്ചുവരുന്നു.

11-11-2002-ലെ G.O.(MS)No.130/2003/ID പ്രകാരം സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ വകുപ്പുമന്ത്രി ചെയർമാനായി കേരള സംസ്ഥാന ബാംബു മിഷൻ 2003-ൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേരള വ്യവസായ വാണിജ്യ ഡയറക്ടറാണ് നാഷണൽ ബാംബു മിഷൻ കേരളയുടെ ഡയറക്ടർ. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ അടിസ്ഥാന സൗകര്യങ്ങളും ഉദ്യോഗസ്ഥരേയും ഉപയോഗപ്പെടുത്തിയാണ് സംസ്ഥാന ബാംബു മിഷൻ പ്രവർത്തിക്കുന്നത്.

(ബി) 2016-ൽ സർക്കാർ ഉത്തരവ് G.O.(Rt)No.872/2016/ID തീയതി 5-9-2016 പ്രകാരം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചെയർമാനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കേരള സംസ്ഥാന ബാംബു മിഷൻ പുനഃസംഘടിപ്പിച്ചു. സംസ്ഥാന ബാംബു മിഷനിൽ ഡയറക്ടർമാർ നിലവിലില്ല. അംഗങ്ങൾ മാത്രമാണുള്ളത്.

| നമ്പർ | പേരും പദവിയും | |
|---|---|---|
| 1 | ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി | ചെയർമാൻ |
| 2 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി (വ്യവസായം) | വൈസ് ചെയർമാൻ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി (ഫോറസ്റ്റ് & വൈൽഡ് ലൈഫ്) | മെമ്പർ |
| 4 | പ്രിൻസിപ്പൽ സെക്രട്ടറി (എൽ.എസ്.ജി.ഡി) | മെമ്പർ |
| 5 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി (റൂറൽ ഡെവലപ്മെന്റ്) | മെമ്പർ |
| 6 | ഡയറക്ടർ (വ്യവസായ വാണിജ്യ വകുപ്പ്) | മെമ്പർ |

| | | |
|---|---|---|
| 7 | പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് | മെമ്പർ |
| 8 | ഡയറക്ടർ (അഗ്രിക്കൾച്ചർ) | മെമ്പർ |
| 9 | ഡയറക്ടർ (കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) | മെമ്പർ |
| 10 | ശ്രീമതി രുഗ്മിണി സുബ്രമണ്യൻ, പ്രസിഡന്റ്, പുത്താടി ഗ്രാമപഞ്ചായത്ത്, വയനാട് | മെമ്പർ |
| 11 | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ | മെമ്പർ |
| 12 | ശ്രീ. റ്റി. ശിവരാജൻ, ഉറവ്, വയനാട് | മെമ്പർ |
| 13 | ഡയറക്ടർ, ജെ.എൻ.റ്റി.ബി.ജി.ആർ.ഐ., തിരുവനന്തപുരം | മെമ്പർ |
| 14 | ഡയറക്ടർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസി, (KASE), തിരുവനന്തപുരം | മെമ്പർ |
| 15 | ജനറൽ മാനേജർ, കെ-ബിപ്പ് | മെമ്പർ കൺവീനർ |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ൽ സംസ്ഥാന ബാംബൂ മിഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംബൂ രംഗത്ത് വൈദഗ്ധ്യം തെളിയിച്ച സംഘടനാ പ്രതിനിധികൾ തുടങ്ങിവരെ ഉൾപ്പെടുത്തിയാണ് സർക്കാർ ഉത്തരവ് G.O(Rt)No.872/2016/ID തീയതി 5-9-2016 പ്രകാരം കേരള സംസ്ഥാന ബാംബൂ മിഷൻ രൂപീകരിച്ചിട്ടുള്ളത്.

**കേന്ദ്ര സംസ്ഥാന പൊതുമേഖലാ സംയുക്ത സംരംഭങ്ങൾ**

125(3855) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംയുക്ത സംരംഭങ്ങൾ ലക്ഷ്യമിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ;

(സി) ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനും എച്ച്.എൽ.എൽ.ലൈഫ് കെയറുമായി ചേർന്ന് സംയുക്ത സംരംഭം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിജയപ്രദമാണോ; വിശദമാക്കുമോ;

(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സർക്കാർ ഏറ്റെടുത്തശേഷം ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ സംയുക്ത സംരംഭത്തിനും സഹകരണത്തിനും സാധ്യത തേടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2011-ൽ കെ.എം.എം.എൽ. ഉം വി.എസ്.എസ്.സി.യും ഡി.ആർ.ഡി.ഒ. യും സംയുക്തമായി ചേർന്ന് 500MT ഉൽപാദന ശേഷിയുള്ള ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുണ്ട്. കേരള സർക്കാരിനും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കും (SAIL) തുല്യപങ്കാളിത്തമുള്ള സംയുക്ത സംരംഭമാണ് SAIL-SCL Kerala Ltd. (SSKL). കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 65 കോടിയോളം രൂപ മുതൽ മുടക്കി 2015-ൽ സ്റ്റീൽ റോളിംഗ് മിൽ പ്രവർത്തനമാരംഭിച്ചെങ്കിലും നിലവിലുള്ള സ്റ്റീൽ മെൽറ്റിംഗ് യൂണിറ്റിന്റെ പ്രവർത്തനം ലാഭകരമല്ലെന്ന കാരണത്താൽ സ്റ്റീൽ റോളിംഗ് മിൽ മാത്രം പ്രവർത്തിപ്പിച്ചു. വളരെ കുറഞ്ഞ ഉൽപ്പാദനക്ഷമത മാത്രമുണ്ടായിരുന്ന സ്റ്റീൽ റോളിംഗ് മില്ലും 2016 ഡിസംബർ മുതൽ പ്രവർത്തനം നിർത്തി, കമ്പനി പൂർണ്ണമായും പ്രവർത്തനരഹിതമായി. സെയിലിൽ നിന്നും ബില്ലെറ്റ് ലഭ്യമാക്കിയായിരുന്ന സ്റ്റീൽ റോളിംഗ് മിൽ പ്രവർത്തിച്ചിരുന്നതെങ്കിലും ബില്ലെറ്റ് കൊണ്ടുവരുന്നതിനുള്ള ഭീമമായ ട്രാൻസ്പോർട്ടേഷൻ ചെലവുകൾമൂലം സ്റ്റീൽ റോളിംഗ് മില്ലും പ്രവർത്തിക്കുവാൻ സാധിക്കാതായി.

സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായിവരുന്ന കമ്പിയുടെ 30% SSKL നിർമ്മിക്കുന്ന കമ്പിതന്നെ വാങ്ങണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിരുന്ന വിഷയം പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായംകൂടി പരിശോധിച്ചതിനു ശേഷം തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി വ്യവസായ വകുപ്പ് പരിശോധിച്ചു വരുന്നു.

ട്രാൻസ്ഫോമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് 23-6-2007-ൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ് സംയുക്ത സംരംഭം നിലവിൽ വന്നത്. ഈ കരാർ അനുസരിച്ചുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ 'ടെൽക്കി'ൽ (TELK) നടന്നിട്ടില്ല. എന്നാൽ ടെക്നോളജി പാർട്ട്ണറെ കണ്ടെത്തുവാനും അതുവഴി ആധുനികവൽക്കരണ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 2016-17 മുതൽ കമ്പനി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിലെ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്-കേരളാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമാണ്. കമ്പനിയിലെ ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 12-6-2017-ന് ചേർന്ന ഉന്നതതല യോഗം തത്വത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾക്കായി ചീഫ് സെക്രട്ടറി ചെയർമാനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ആരംഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് ഇതിന്റെ ആസ്തിവില തീരുമാനിക്കുന്നതിനും സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉന്നതതല സമിതി നിരവധി തവണ യോഗം ചേരുകയും സ്ഥാപനത്തിന്റെ 31-3-2017 വരെയുള്ള സാമ്പത്തിക/നിയമ അവലോകന റിപ്പോർട്ടിന്റെയും കേന്ദ്ര സർക്കാർ സ്ഥാപനമായ ഫെഡൊയുടെ സാങ്കേതിക വില നിർണ്ണയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇൻസ്ട്രുമെന്റേഷൻ, പാലക്കാടിന്റെ നിലവിലെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് G.O.(MS) No. 52/2018/ID തീയതി 20-7-2018 പുറപ്പെടുവിക്കുകയും ചെയ്തു. ഇൻസ്ട്രുമെന്റേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വൻകിട വ്യവസായങ്ങളുടെ കേന്ദ്ര ജോയിന്റ് സെക്രട്ടറിയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേന്ദ്ര/കേരള സർക്കാരുകളുടെ നിർദ്ദേശങ്ങളുംകൂടി പരിഗണിച്ച് തയ്യാറാക്കിയ കരട് ധാരണാപത്രം കേന്ദ്ര സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

എന്നാൽ കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കി. ഇത് പരിഹരിച്ച് ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു.

(ഇ) അനുയോജ്യമായ മേഖലകളിൽ കേന്ദ്ര പൊതുമേഖലാസ്ഥാപന ങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് പരിശോധിക്കാവുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത**

126(3856) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൊതുമേഖല സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് അനുവദിച്ച് നൽകി യിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം നിലവിൽ എന്തെങ്കിലും സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; അതിൽ നിന്നും സ്ഥാപനത്തെ സംരക്ഷിക്കുന്നതിന് എന്ത് ക്രിയാത്മകമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് നേരിട്ട് എല്ലാ മാസവും അവലോകനം നടത്തിവരുന്നുണ്ട്. ഇതിന്റെ തുടർച്ചയായി സെക്ടർ തിരിച്ചും എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും നടത്തുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. റിയാബ് മുഖേന മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടി ക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിന് സഹായകമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള ഇടപെടലുകളിലൂടെ വിറ്റുവരവിൽ വർദ്ധനവുണ്ടാക്കുന്നതിനും ലാഭം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തന ലാഭം ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളുടെ കാര്യക്ഷമത കൂട്ടുന്നതിന്റെ ഭാഗമായി നൂതന ഉൽപ്പാദന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ഉൽപ്പാദന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽനിന്ന് കൂടുതൽ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. 2019-20-ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തി അനുവദിച്ചിട്ടുണ്ട്.

(ഡി) ട്രാവൻകൂർ ടൈറ്റാനിയം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. എന്നിരുന്നാലും മലിനീകരണ നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട യന്ത്ര സാമഗ്രികൾ ഇറക്കുമതി ചെയ്യുതിനുള്ള 17.32 കോടി രൂപയുടെ ചുങ്കവും അതിന്മേലുള്ള പലിശയും ഒരു ബാധ്യതയായി നിൽക്കുന്നുണ്ട്. ഇതിനെതിരെ കേന്ദ്ര ഗവൺമെന്റിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ

127(3857) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽനിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് നേരിട്ട് എല്ലാ മാസവും അവലോകനം നടത്തിവരുന്നുണ്ട്. ഇതിന്റെ തുടർച്ചയായി സെക്ടർ തിരിച്ചും എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിതന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. റിയാബ് മുഖേന മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന

മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിന് സഹായകമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിലുള്ള ഇടപെടലുകളിലൂടെ വിറ്റുവരവിൽ വർദ്ധനവുണ്ടാക്കുന്നതിനും ലാഭം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തനലാഭം ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളുടെ കാര്യക്ഷമത കൂട്ടുന്നതിന്റെ ഭാഗമായി നൂതന ഉൽപ്പാദന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ഉൽപ്പാദന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ കൂടുതൽ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. 2019-20-ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തി അനുവദിച്ചിട്ടുണ്ട്.

## വെഹിക്കിൾ ട്രാക്കിംഗ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോൺ പദ്ധതി

128(3858) ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സർക്കാർ വകുപ്പുകളിലാണ് കെൽട്രോണിന്റെ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഉപയോഗിച്ചുവരുന്നത്;

(ബി) വാഹനങ്ങളിലെ ട്രാക്കിംഗ് സംവിധാനങ്ങളുടെ വർദ്ധിച്ചുവരുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തി വെഹിക്കിൾ ട്രാക്കിംഗ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോൺ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെൽട്രോണിന്റെ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഉപയോഗിക്കുന്ന സർക്കാർ വകുപ്പുകൾ ചുവടെ ചേർക്കുന്നു:

1. ആഭ്യന്തര വകുപ്പ് (കേരള പോലീസ്)
2. ഫിഷറീസ് വകുപ്പ്
3. വിനോദ സഞ്ചാര വകുപ്പ്
4. ആരോഗ്യ വകുപ്പ് (കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്)
5. പെരിയാർ ടൈഗർ റിസർവ് ഫോറസ്റ്റ്

(ബി) വാഹനങ്ങളിലെ ട്രാക്കിംഗ് സംവിധാനങ്ങളുടെ വർദ്ധിപ്പുവരുന്ന സാദ്ധ്യതകൾ മനസ്സിലാക്കി വെഹിക്കിൾ ട്രാക്കിംഗ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോൺ തയ്യാറെടുക്കുകയാണ്. നിലവിലെ സാഹചര്യത്തിന് ആവശ്യമായ സാങ്കേതികവിദ്യ തെരഞ്ഞെടുത്ത് ഉപകരണം രൂപകൽപ്പന ചെയ്യുന്ന ഘട്ടത്തിലാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് പൈലറ്റ് പ്രൊഡക്ഷനും തുടർന്ന് ഉപകരണ നിർമ്മാണവും സാദ്ധ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് ആപ്ലിക്കേഷനു വേണ്ടി കേരള സംസ്ഥാനത്തിന്റെ മുഴുവൻ ഡിജിറ്റൽ മാപ്പും കെൽട്രോൺ വികസിപ്പിച്ചിട്ടുണ്ട്.

**കെൽട്രോൺ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക**

129 (3859) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്ന കെൽട്രോൺ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിന്റെ കുടിശ്ശിക ക്യാഷ് ആയി നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2018 ഒക്ടോബർ മുതൽ പന്ത്രണ്ട് മാസങ്ങളിലായി നൽകി വരുന്ന കുടിശ്ശിക തുകയിൽ പതിനഞ്ച് ശതമാനം പിടിച്ചതിനുശേഷമാണോ ജീവനക്കാർക്ക് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത്തരത്തിൽ പതിനഞ്ച് ശതമാനം കുടിശ്ശിക തുകയിൽ നിന്നും പിടിച്ച് വയ്ക്കുന്നതിന് എന്തെങ്കിലും സർക്കാർ നിർദ്ദേശങ്ങളോ ഉത്തരവോ നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിൽ പതിനഞ്ച് ശതമാനം അരിയർ തുകയിൽ നിന്നും പിടിച്ച് വയ്ക്കുന്നത് എന്ത് ആവശ്യത്തിലേക്ക് ചെലവഴിക്കാൻ ആണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) അതെ. 28-10-2017-ലെ G.O.(MS)No.105/17/ID നമ്പർ ശമ്പളപരിഷ്കരണ ഉത്തരവിൻ പ്രകാരം കമ്പനിയുടെ സാമ്പത്തിക സ്ഥിതിയും ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനവും കണക്കിലെടുത്ത് അരിയർ തുക നൽകുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. അതനുസരിച്ച് കമ്പനിയുടെ സാമ്പത്തിക സ്ഥിതിയും ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനവും കണക്കിലെടുത്താണ് കെൽട്രോണിൽ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക തുക നൽകിവരുന്നത്.

(ഡി) അരിയർ തുകയുടെ 85% നൽകുന്നതിനുള്ള സാമ്പത്തിക സ്ഥിതിയാണ് കമ്പനിയിൽ നിലവിലുള്ളത്.

## ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്

130 (3860) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ (എച്ച്.എൻ.എൽ.) പ്രവർത്തനം കഴിഞ്ഞ ജനുവരി മുതൽ പൂർണ്ണമായും നിലച്ച സാഹചര്യമുണ്ടോ ;

(ബി) കേന്ദ്രസർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനാണോ (എച്ച്.പി.സി.) എച്ച്.എൻ.എൽ. ന്റെ ഉടമസ്ഥത എന്ന് അറിയിക്കുമോ;

(സി) പ്രവർത്തനഫണ്ടായി ഇരുനൂറുകോടി രൂപ ആവശ്യപ്പെട്ട് മാനേജ്മെന്റ് സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്നും അത് സർക്കാർ നൽകുകയുണ്ടായോ എന്നും അറിയിക്കാമോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) മുപ്പത്തിയേഴ് വർഷമായി പ്രവർത്തിച്ചുവരുന്നതും ഒട്ടേറെ സ്ഥിരം തൊഴിലാളികളും കരാർ തൊഴിലാളികളും ട്രെയിനികളും ജോലി ചെയ്യുന്നതുമായ പ്രസ്തുത സ്ഥാപനം പ്രവർത്തന സജ്ജമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം കമ്പനിയുടെ ഉല്പാദനം തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യമാണുള്ളത്.

(ബി) കോട്ടയം ജില്ലയിൽ പ്രവർത്തിച്ചു വരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ 100% ഓഹരികൾ കേന്ദ്രസർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ഉടമസ്ഥതയിലാണ്.

(സി&ഡി) HNL-ന്റെ ആസ്തി ബുക്ക് വാല്യു നിരക്കിൽ സംസ്ഥാനം സ്വമേധയാ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് 27-10-2018-ൽ ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുള്ളതാണ്. എച്ച്.എൻ.എൽ.-ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിന് നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ തീരുമാനം എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡിയറി കമ്പനിയായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംസ്ഥാന സർക്കാർ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. പ്രവർത്തന ഫണ്ടായി ഇരുന്നൂറു കോടി രൂപ ആവശ്യപ്പെട്ട് കമ്പനി സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടുണ്ടായിരുന്നുവെങ്കിലും നിലവിൽ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ ലിക്വിഡേഷൻ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ വസ്തുവകകൾ ഈട് വയ്ക്കുന്നതിന് അനുമതി നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ നിയോഗിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററിൽ നിന്നും ലഭ്യമാക്കുവാൻ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് മാനേജ്മെന്റിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി നൂതനപദ്ധതികൾ

131(3861) <u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഉൾപ്പടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദനസംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണനസാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം തുടങ്ങിയവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇപ്രകാരമുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും സ്വകാര്യവത്കരിക്കുന്ന നയം കേന്ദ്രസർക്കാർ പിന്തുടരുമ്പോൾ അവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തി കൂടുതൽ ലാഭത്തിലാക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമേഖലാ സ്ഥാപനങ്ങൾ വിപണിയിൽനിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് നേരിട്ട് വിലയിരുത്തുന്നുണ്ട്. കൂടാതെ സെക്ടർ തിരിച്ചും എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർതലത്തിൽ നടത്തുകയും ചെയ്യുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. ഇത്തരം അവലോകനത്തിന്റെ ഫലമായി പല പ്രശ്നങ്ങൾക്കും സമയോചിതമായി പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അനുകരണീയ മാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാനും കഴിഞ്ഞിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിന് സഹായകമായിട്ടുണ്ട്.

സ്ഥാപനങ്ങളുടെ കാര്യക്ഷമത കൂട്ടുന്നതിന്റെ ഭാഗമായി നൂതന ഉൽപ്പാദന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ഉൽപ്പാദന സൗകര്യങ്ങൾ വിപുലീകരി ക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽനിന്ന് കൂടുതൽ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം

പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടി രൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. 2019-20-ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടി രൂപ വകയിരുത്തി അനുവദിച്ചിട്ടുണ്ട്.

പ്രധാനമായും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിലവിലുള്ള പ്ലാന്റിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലപ്പഴക്കം ചെന്ന വളരെ നിർണ്ണായകമായ മെഷിനറികൾ മാറ്റിവയ്ക്കുന്നതിനുള്ള പദ്ധതിയും മലബാർ സിമന്റ്സ് ലിമിറ്റഡിൽ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കെ.എസ്.ഡി.പി.യിൽ നോൺ ബീറ്റാലാക്ടം മരുന്നുകളുടെയും ഓഫ്താൽമിക് മരുന്നുകളുടെയും ആശുപത്രികളിൽ ഉപയോഗിക്കുന്ന അനുബന്ധ സാധനങ്ങൾ എന്നിവയുടെയും നിർമ്മാണത്തിനുള്ള പദ്ധതി, ടി.സി.സി.-യിൽ കാസ്റ്റിക് സോഡ ഉൽപാദനശേഷി ഉയർത്തുവാനുള്ള പദ്ധതി എന്നിവ സമയ ബന്ധിതമായി നടപ്പിലാക്കി വരുന്നു.

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിൽ വിവിധ യൂണിറ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി, ട്രാക്കോ കേബിൾ കമ്പനിയുടെ ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് സ്മാർട്ട് എനർജി മീറ്ററുകൾ, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിൽ കപ്പാസിറ്റർ നിർമ്മാണത്തിന്റെ വിപുലീകരണ പദ്ധതികൾ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിലെ ഇലക്ട്രിക് ത്രീവീലറുകൾ നിർമ്മിക്കുന്ന പദ്ധതിയും ISRO യിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി കമ്പനിയുടെ നിലവിലുള്ള മെഷീൻ ഷോപ്പിന്റെ നവീകരണ പദ്ധതി, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലുള്ള പ്ലാന്റ് നവീകരിക്കുന്നതിനുള്ള പദ്ധതി, ആട്ടോകാസ്റ്റ് ലിമിറ്റഡിൽ റെയിൽവേ ബോഗി ഫ്രെയിം കാസ്റ്റിംഗിന് വേണ്ടിയുള്ള പദ്ധതി, കേരള സിറാമിക്സ് ലിമിറ്റഡ് ഖനനത്തിനാവശ്യമായ സ്ഥലം വാങ്ങുന്നതിനും, യന്ത്രസാമഗ്രികളുടെ നവീകരണത്തിനുമായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണ പദ്ധതികൾ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ മുതലായവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സഹകരണ മേഖലയിലുള്ള ടെക്സ്റ്റൈൽ മില്ലുകളിൽ NCDC സഹായത്തോടെ നവീകരണ പദ്ധതികൾ പുരോഗമിക്കുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കോമളപുരം, ഹൈടെക് വീവിംഗ് മിൽസ് എന്നി യൂണിറ്റുകളുടെ വിപുലീകരണ പദ്ധതികൾ പുരോഗമിക്കുന്നു. ഉദുമ യൂണിറ്റിൽ വാണിജ്യ അടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ അവലോകനം ഡയറക്ടർ ബോർഡ്തലത്തിലും നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുന്നതിനായി തീരുമാനിച്ചതും കേരളത്തിൽ പ്രവർത്തിച്ചുവരുന്നതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ് എന്നീ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനായുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ), എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയും കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള വിവിധ സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്.

## വ്യാവസായിക വളർച്ചാനിരക്കിൽ ഉണ്ടായിട്ടുള്ള മാറ്റം

132(3862) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചാനിരക്കിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉൽപാദന മേഖലയിലെ തകർച്ച സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ എത്രമാത്രം ബാധിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ഏതെല്ലാം വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഏതെല്ലാം മേഖലയിലാണ് വൻതോതിലുള്ള വ്യാവസായിക നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം 21-ാം സ്ഥാനത്താണ്. ഈ സാഹചര്യത്തിൽ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുവാൻ സർക്കാർ തീരുമാനിക്കുകയും 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നടപ്പിലാക്കുകയും അനുമതികൾ വേഗത്തിലും സുതാര്യമായും നൽകുന്നതിന് K-Swift എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. കേരളത്തെ കൂടുതൽ നിക്ഷേപക സൗഹൃദമാക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 6.81% ആയിരുന്ന വ്യവസായ വളർച്ചാ നിരക്ക് 2017-18-ൽ 9.57% ആയി ഉയർന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉൽപ്പാദന മേഖലയിൽ തകർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി. മുഖാന്തരം മലബാർ ഇസ്പാറ്റ് ലിമിറ്റഡ് (നിക്ഷേപം 34.25 കോടി രൂപ), സൺപവർ സിമന്റ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് (നിക്ഷേപം 24.68 കോടി രൂപ) എന്നീ വൻകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സ്റ്റീൽ (ഏകദേശം 50 കോടി രൂപ), സിമന്റ് (ഏകദേശം 25 കോടി രൂപ), ആരോഗ്യ പരിപാലനം (ഏകദേശം 60 കോടി രൂപ) എന്നീ മേഖലകളിലാണ് കെ.എസ്.ഐ.ഡി.സി. മുഖാന്തരം നിക്ഷേപം വന്നിട്ടുള്ളത്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മാനേജ്മെന്റ് ഇൻഫർമേഷൻ പ്രകാരമുള്ള കണക്കനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-5-2019 വരെ 45093 MSME യൂണിറ്റുകൾ ആരംഭിക്കുകയും ഇതിലൂടെ 4085.40 കോടി രൂപയുടെ നിക്ഷേപവും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സൂക്ഷമ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണം

133(3863) ശ്രീ. സജി ചെറിയാൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനായി പ്രളയ പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്ക് കുറഞ്ഞ പലിശയിൽ ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും അവരുടെ ഉല്പന്നങ്ങളുടെ പ്രദർശനത്തിനും വില്പനയ്ക്കുമായി സ്ഥിരം പ്രദർശന വിപണന സമുച്ചയം നിർമ്മിക്കുന്നതിനും പദ്ധതിയുണ്ടോ;

(ഡി) പ്രസ്തുത സംരംഭക മേഖലയിലെ ഉല്പന്നങ്ങൾ ദേശീയ, അന്തർദേശീയ തലത്തിലുള്ള മേളകളിൽ പ്രദർശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 29-5-2019-ലെ സ.ഉ.(സാധാ) 436/2019/വ്യവ. ഉത്തരവ് പ്രകാരം പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പ്രളയ പുനരുദ്ധാരണ പദ്ധതി (വിഹിതം 1000 ലക്ഷം രൂപ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 29-5-2019-ലെ സ.ഉ.(സാധാ) 435/2019/വ്യവ. ഉത്തരവ് പ്രകാരം പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്ക് പലിശ സബ്സിഡി നൽകുന്ന പ്രളയ പുനർനിർമ്മാണ പദ്ധതി (വിഹിതം 600 ലക്ഷം രൂപ) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിവഴി ബാങ്കുകളിൽനിന്നും 8 ശതമാനം പലിശയിളവിൽ ടേം ലോൺ/പ്രവർത്തന മൂലധന വായ്പ വർഷാടിസ്ഥാന ക്രമത്തിൽ പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായധനമായി ലഭ്യമാക്കും. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതിവർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും യൂണിറ്റുകളുടെ പ്രവർത്തനവും/ലാഭക്ഷമതയും കണക്കാക്കി സഹായം 3 വർഷം വരെ വർദ്ധിപ്പി ക്കാവുന്നതുമാണ്. ഈ സഹായം ബാങ്കുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഗ്രാന്റിന്റെ രൂപത്തിൽ വ്യവസായ വകുപ്പിന്റെ വ്യക്തമായ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ

സൂക്ഷ്മ ചെറുകിട ഇടത്തരം നിർമ്മാണ സംരംഭങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രളയബാധിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) പുനർജനി എന്ന പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് വിവിധ ആവശ്യങ്ങൾക്ക് വായ്പയെടുത്തതും പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതുമായ ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനായി താഴെ പറയുന്ന പ്രളയ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- റീബിൽഡ് സ്കീം-10% പലിശ നിരക്കിൽ സംരംഭങ്ങളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുകയുടെ 90% അധികവായ്പയായി നൽകുന്ന പദ്ധതി.

- കോൺട്രാക്ടേഴ്സിന് വേണ്ടിയുള്ള 'വികാസ്' സ്കീം - ഗവൺമെന്റ് വർക്കുകൾ റോഡ്, ബ്രിഡ്ജ്, കെട്ടിടങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും കോൺട്രാക്ടേഴ്സിന് 20 കോടി രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച Line of credit facility യും നൽകിവരുന്നു.

- ബിൽ ഡിസ്കൗണ്ടിംഗ് സ്കീം

- പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നുമായി വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്തവരുടെ എല്ലാ സ്റ്റാൻഡേർഡ് അക്കൗണ്ടിലെയും തിരിച്ചടവിൽ താമസം നേരിട്ട ദിവസങ്ങളിലെ പിഴപലിശ 1-8-2018 മുതൽ 30-11-2018 വരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

- കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് റിബേറ്റിനുള്ള സാവകാശം 5-ാം തീയതിയിൽ നിന്നും 15-ാം തീയതി വരെ നീട്ടി നൽകിയിട്ടുണ്ട്.

- മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് മോറട്ടോറിയം, പലിശ ഫണ്ടിംഗ്, കാലാവധി നീട്ടിക്കൊടുക്കൽ എന്നിവയും നൽകിയിട്ടുണ്ട്.

- എല്ലാ റവന്യൂ റിക്കവറി നടപടികളും 30-11-2018 വരെ നിർത്തി വച്ചിട്ടുണ്ടായിരുന്നു.

(സി) സൂക്ഷ്മ ചെറുകിട ഇടത്തരം ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സ്ഥിരം പ്രദർശന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലേക്കായുള്ള പദ്ധതി 2019-20 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) കേരളത്തിലെ എം.എസ്.എം.ഇ., പൊതുമേഖല, പരമ്പരാഗത മേഖല കുടുംബശ്രീ തുടങ്ങിയ വിവിധ മേഖലകളിലെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, സംസ്ഥാന തലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായി കൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നതാണ്. കേരളത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ദേശീയ/ അന്തർദേശീയ തലത്തിലുള്ള വ്യവസായ പ്രദർശനങ്ങളിലും മേളകളിലും പങ്കെടുക്കുവാനുള്ള അവസരങ്ങൾ നൽകി വരുന്നു. കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട മേഖലയിലെ (SME) സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി സജ്ജമാക്കുന്നതിലേക്കായി വെബ് പോർട്ടൽ കെബിപ്പ് (Kerala Bureau of Industrial Promotion)വഴി രൂപീകരിച്ചിട്ടുണ്ട്.

## ചെറുകിട വ്യവസായ മേഖലയിൽ വനിത സംരംഭകർ

134(3864) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയിൽ വനിത സംരംഭകരെ ആകർഷിക്കുന്ന വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) വനിത സംരംഭകർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചെറുകിട വ്യവസായ മേഖലയിൽ വനിത സംരംഭകരെ ആകർഷി ക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

- വ്യവസായ വകുപ്പ് മുഖേന നൽകിവരുന്ന സംരംഭകത്വ സഹായ പദ്ധതിപ്രകാരം ഉല്പാദന സംരംഭങ്ങൾക്ക്, സ്ഥിര മൂലധന നിക്ഷേ പത്തിന്റെ 15% സബ്സിഡി ജനറൽ വിഭാഗത്തിലുള്ള സംരംഭങ്ങൾക്ക് നൽകുമ്പോൾ വനിതാസംരംഭങ്ങൾക്ക് 20% സബ്സിഡി നൽകി വരുന്നു.
- വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശയിൽ 25 ലക്ഷം രൂപ വരെ ആറു വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്.

- ചെറുകിട വ്യവസായ മേഖലയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് തൊഴിലവസരം ഉയർത്താനായി 20-5-2019-ലെ ജി.ഒ. (സാധാ) നമ്പർ 98/2019/ഐടിഡി. ഉത്തരവ് പ്രകാരം പ്രീ ഇൻകുബേഷൻ, വിപണനം, ഉല്പന്ന വികസനം എന്നീ മേഖലകളിൽ പദ്ധതി ആവിഷ്കരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം) മുഖേന നടപ്പിലാക്കി വരുന്നു.

(ബി) വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിശീലന പരിപാടികളിൽ വനിതാ സംരംഭകരും പങ്കെടുക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി. വഴി വനിതാ സംരംഭകർക്ക് പ്രത്യേക പരിശീലന പരിപാടികൾ ജില്ലാ അടിസ്ഥാനത്തിൽ നടത്തി വരുന്നു.

## പ്രവർത്തനം നിലച്ച ചെറുകിട വ്യവസായ സംരംഭങ്ങൾ

135(3865) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏകദേശം എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) മലപ്പുറം ജില്ലയിൽ മാത്രം ഏകദേശം എത്ര സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഭക്ഷ്യവസ്തുക്കളുമായും ജനറൽ എഞ്ചിനീയറിംഗ് മേഖലയുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നിരവധി സംരംഭങ്ങൾ പ്രസ്തുത ജില്ലയിൽ പൂട്ടിപ്പോയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണമെന്നാണ് വകുപ്പ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തൊട്ടാകെ 426-ഉം മലപ്പുറം ജില്ലയിൽ 41-ഉം ചെറുകിട വ്യവസായ സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഉണ്ട്. ജില്ലയിൽ ഭക്ഷ്യ സംസ്കരണ മേഖലയിലും ജനറൽ എഞ്ചിനീയറിംഗ് മേഖലയിലുമാണ് കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത്.

ആയതിനാൽത്തന്നെ മത്സരക്ഷമത അല്ലാത്തവ വൻകിട സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുമായി മത്സരിച്ച് വിപണിയിൽ പിടിച്ചുനിൽക്കാൻ സാധിക്കാതെ പൂട്ടിപ്പോകുന്നു. അനാരോഗ്യകരമായ വിപണി മത്സരം, നോട്ട് നിരോധനം, ഒരേ പ്രദേശത്ത് നിലനിൽക്കാനാകുന്നതിലും കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതും എഞ്ചിനീയറിംഗ് രംഗത്ത് പോർട്ടബിൾ വെൽഡിംഗ് മെഷീനും മറ്റുപകരണങ്ങളും ഉപയോഗിച്ച് കൂടുതൽ പേർ വിപണി പിടിച്ച് സ്ഥാപന രൂപത്തിലല്ലാതെ ജോലികൾ ഏറ്റെടുക്കുന്നതും ഇത്തരം സ്ഥാപനങ്ങൾ പൂട്ടിപ്പോകുന്നതിന് കാരണ മാകുന്നുണ്ട്.

(ഡി) കേരളാ സ്ട്രസ്ഡ് എം.എസ്.എം.ഇ. റിവൈവൽ ആന്റ് റീഹാബിലിറ്റേഷൻ (Kerala Stressed MSME's Revival and Rehabilitation) പദ്ധതിയിലൂടെ നഷ്ടത്തിലായി പൂട്ടിപ്പോകുന്നതും പൂട്ടൽ ഭീഷണി നേരിടുന്നതുമായ വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

### പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

136(3866) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ തകർച്ച തുടരുന്നത് കാരണം പ്രസ്തുത മേഖലയെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിന് ആളുകളുടെ ജീവിതം കടുത്ത പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഖാദി സഹകരണ സംഘങ്ങളെയും മറ്റ് ഖാദി സ്ഥാപനങ്ങളെയും പുനരുദ്ധരിക്കാൻ സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക

സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500 ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇരുമ്പു പണിയിലും മരപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്ക് നൂതന സാങ്കേതികവിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുസേവന കേന്ദ്രങ്ങൾ കാഡ്കോ സ്ഥാപിച്ചു വരുന്നു. കൂടാതെ കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്കായി NBCFDC മുഖേന കാഡ്കോ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നുണ്ട്. 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നു.

ഈ സർക്കാർ അധികാരത്തിലെത്തിയ കാലത്ത് തകർച്ച നേരിട്ടിരുന്ന കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് ' മിനിമം വേജസ് പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചു. പനമ്പ് നെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്തു കേന്ദ്രങ്ങൾ' വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി മുണ്ടങ്ങാമറ്റം, തോട്ടകം, മഴുവന്നൂർ എന്നിവിടങ്ങളിൽ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു.

കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടേയും സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തി അവരെ പുരോഗമന പാതയിലേക്ക് നയിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ പ്രവർത്തിച്ചുവരുന്നു. കേരള ഖാദിഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ്

പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം പദ്ധതി' എന്നിവയും നടപ്പിലാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി'. ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഏകദേശം 5000 ലധികം നെയ്ത്ത് തൊഴിലാളികളും അത്രത്തോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന'. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദന മേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്കരണം നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക്ടറികൾ എല്ലാംതന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം കാപ്പെക്സ് ഫാക്ടറികൾ എല്ലാം 2016 ഓണത്തിന് മുൻപ് പ്രവർത്തനം ആരംഭിക്കുകയും ഇപ്പോഴും പ്രവർത്തിച്ചു വരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ബി) ഇല്ല. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(സി) ഉണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

## വ്യവസായ പാർക്കുകളും ബഹുനില വ്യവസായ എസ്റ്റേറ്റുകളും

137(3867) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ ലഭ്യത വളരെ കുറവായ സാഹചര്യത്തിൽ ഒരു വ്യവസായ പ്രദേശത്ത് കൂടുതൽ വ്യവസായങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് ഭൂമി സർക്കാർ ഏറ്റെടുത്ത് വ്യവസായ പാർക്കുകൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഓരോ ബഹുനില വ്യവസായ എസ്റ്റേറ്റിന്റെയും 20 ശതമാനം വിഹിതം സ്ത്രീ സംരംഭകർക്കായി നീക്കി വെച്ചിട്ടുണ്ടോ;

(സി) ബഹുനില എസ്റ്റേറ്റ് പദ്ധതി നടത്തിപ്പിനായി ഈ സാമ്പത്തികവർഷം എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ ഭൂമി ലഭ്യത വളരെ കുറവായതിനാൽ നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) 29.79 കോടി രൂപ.

**നാളികേര വികസന പാർക്ക്**

138(3868) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര വികസന പാർക്കിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഏത് വർഷമാണ് ഭൂമി ഏറ്റെടുത്തതെന്നും ഭൂമി വാങ്ങുന്നതിനായി എത്ര രൂപയാണ് ചെലവ് വന്നതെന്നും അറിയിക്കുമോ;

(സി) ഏറ്റെടുത്ത സ്ഥലം പാർക്കിനായി വികസിപ്പിച്ചെടുക്കാൻ നാൽപ്പത്തി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായോ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) ഭൂമി ഇപ്പോൾ കെ.എസ്.ഐ.ഡി.സി. യുടെ കൈവശമാണോ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ നാളികേര ഉൽപാദനം, വിപണനം, സംസ്കരണം എന്നിവ മെച്ചപ്പെടുത്താൻ പ്രസ്തുത പാർക്കിനെ ഏതുവിധേന ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര വികസന പാർക്കിനായി 2012-ൽ 115 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ആയതിനായി 14.60 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) ടി പദ്ധതിക്കായി 42 കോടി രൂപയുടെ ഭരണാനുമതി 2014-ൽ നൽകിയിട്ടുണ്ട്.

(ഡി) പദ്ധതിക്ക് ഭരണാനുമതി നൽകിയെങ്കിലും സ്ഥലം ഉടമകൾ ഭൂമിക്ക് അധിക വില നൽകണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചതിനാൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യങ്ങൾക്ക് തീരുമാനം ഉണ്ടായതിനുശേഷം മാത്രമേ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂ.

(ഇ) പ്രസ്തുത ഭൂമി ഇപ്പോൾ കെ.എസ്.ഐ.ഡി.സി.-യുടെ കൈവശമാണുള്ളത്.

(എഫ്) നാളികേര കർഷകർക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുക എന്നതാണ് നാളികേര വികസന പാർക്കിന്റെ ലക്ഷ്യം. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റോഡ് മുതലായവയും നിക്ഷേപകർക്ക് ആവശ്യമായ ഭൂമി/കെട്ടിടം എന്നിവയും പാർക്കിൽ സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്**

139(3869) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക്സ് രംഗത്ത് വിപ്ലവാത്മകമായ പുരോഗതിയുള്ള ഈ കാലഘട്ടത്തിൽ, ഈ രംഗത്ത് സംസ്ഥാനം നടത്തുന്ന ഇടപെടലുകൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ;

(ബി) എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(സി) ഹാർഡ് വെയർ പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ നിർമ്മാണപുരോഗതിയും അറിയിക്കുമോ;

(ഡി) ഹാർഡ് വെയർ പാർക്കിനുള്ള സാമ്പത്തിക നിക്ഷേപം ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പാർക്ക് സംസ്ഥാനത്തിന് ഏതൊക്കെ തരത്തിൽ ഗുണകരമാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. കൂടാതെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെയും 2017-ലെ ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യാ നയത്തിന്റെയും തുടർനടപടികളായി ഇലക്ട്രോണിക്സ് & ഹാർഡ്‌വെയർ മേഖലയിൽ ജോലി നോക്കുന്ന ധാരാളം ഏജൻസികളെ ഏകോപിപ്പിക്കുന്നതിനു വേണ്ടിയും വിവിധങ്ങളായ തന്ത്രപ്രധാന പദ്ധതികളും നിക്ഷേപ നിർദ്ദേശങ്ങൾക്ക് ബന്ധപ്പെടുന്നതിനായി ഒരു ഏകകേന്ദ്രം സൃഷ്ടിക്കുന്നതിനുവേണ്ടിയും ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ മിഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇന്റലും, യു.എസ്.ടി ഗ്ലോബലുമായി ചേർന്ന് കേരള സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ്ടോപ്പ് സെർവർ നിർമ്മാണ യൂണിറ്റ് കേരളത്തിൽ തുടങ്ങുവാനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നു. വൈദ്യുതി വാഹനങ്ങളുടെ നിർമ്മാണവും പ്രവർത്തിപ്പിക്കലും സംബന്ധിച്ച് നയങ്ങൾ രൂപീകരിക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനും ഇ-മൊബിലിറ്റിക്ക് വേണ്ടി ഒരു സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ഹാർഡ്‌വെയർ മിഷൻ അതിന്റെ സെക്രട്ടേറിയറ്റായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ബി&സി) ഇലക്ട്രോണിക് രംഗത്ത് കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ 117 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. നാളിതുവരെ 12 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 11 ആധാരത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ഹാർഡ്‌വെയർ പാർക്കിനുള്ള സാമ്പത്തിക നിക്ഷേപം, മെഗാ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ടിൽനിന്നും സ്വകാര്യ നിക്ഷേപകരിൽ നിന്നുമായി കണ്ടെത്താൻ ഉദ്ദേശിക്കുന്നു.

(ഇ) പ്രസ്തുത പാർക്ക് കേരളത്തിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൂറുകണക്കിന് തൊഴിലവസരങ്ങൾ, ഇലക്ട്രോണിക് ഹാർഡ്‌വെയർ മാനുഫാക്ചറിംഗ്, ചിപ്പ് നിർമ്മാണം, പ്രോഗ്രാമിംഗ്, ടെസ്റ്റിംഗ്, റിസർച്ച് മേഖലകളിൽ ചലനം സൃഷ്ടിക്കുവാൻ സഹായിക്കും. മാത്രമല്ല, ഇലക്ട്രോണിക് രംഗത്ത് കയറ്റുമതി കൂട്ടുന്നതിനും വിദേശനാണ്യ നിക്ഷേപം കൂട്ടുന്നതിനും പ്രസ്തുത പാർക്ക് വഴിയൊരുക്കും.

## കൊരട്ടി കിൻഫ്ര പാർക്കിന്റെ വികസന പ്രവർത്തനങ്ങൾ

140(3870) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്ര പാർക്കിന്റെ വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും നിലവിൽ ഇവിടെ പ്രവർത്തിക്കുന്ന കെയർ കേരളം ആയുർവ്വേദ കൺസോർഷ്യത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സർക്കാർ ഏറ്റെടുക്കുന്നതടക്കമുള്ള നടപടികൾക്കും മുൻകൈയെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി കിൻഫ്ര പാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ട് 68400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അലോട്ട്മെന്റ് നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) 'കെയർ കേരള' ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം എടുത്തിട്ടില്ല.

## കിൻഫ്രയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകൾ

141(3871) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ കീഴിൽ പുതുതായി വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) നിലവിൽ കിൻഫ്രയുടെ എത്ര വ്യവസായ പാർക്കുകൾ ഉണ്ട്;

(സി) സ്റ്റാർട്ട് അപ്പ് പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ പുതിയ വ്യവസായ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) താഴെപ്പറയുന്ന വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം

5. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം

6. സ്പൈസസ് പാർക്ക്, ഇടുക്കി

(ബി) നിലവിൽ 24 വ്യവസായ പാർക്കുകളുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ സ്റ്റാർട്ട് അപ്പ് പദ്ധതിയിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ആളൂർ വ്യവസായ പാർക്ക് ആരംഭിക്കുന്ന നടപടി

142(3872) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ആളൂർ പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

ഇരിങ്ങാലക്കുട മണ്ഡലത്തിലെ ആളൂർ പഞ്ചായത്തിൽ വ്യവസായ പാർക്കിനായി കണ്ടെത്തിയ സ്ഥലം വ്യവസായ ആവശ്യത്തിന് അനുയോജ്യമല്ലാത്തതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

## സിയാൽ മാതൃകയിൽ കോട്ടയത്ത് ടയർ കമ്പനി

143(3873) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിയാൽ മാതൃകയിൽ കോട്ടയത്ത് ടയർ കമ്പനി സ്ഥാപിക്കും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കമ്പനിക്കായി സ്ഥലം കണ്ടെത്തുവാനുള്ള നടപടി ആരംഭിച്ചുവോ; എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്;

(സി) ടയർ മേഖലയിൽ കടുത്ത മത്സരമായതിനാൽ, ഗുണനിലവാരവും സാങ്കേതിക മികവും ഉറപ്പാക്കുന്ന കമ്പനി സ്ഥാപിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ തീരുമാനങ്ങൾക്ക് അനുസൃതമായി മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി കെ.എസ്.ഐ.ഡി.സി. 7-6-2019-ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിയാൽ മാതൃകയിലാണ് പ്രസ്തുത കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും തയ്യാറാക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത കമ്പനിക്കായി കോട്ടയം ജില്ലയിൽ പദ്ധതിക്ക് അനുയോജ്യമായ 200 ഏക്കർ ഭൂമി കണ്ടെത്തിക്കഴിഞ്ഞു.

## അങ്കമാലി മണ്ഡലത്തിലെ വ്യാപാരി വ്യവസായികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം

144 (3874) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ അങ്കമാലി മണ്ഡലത്തിലെ വ്യാപാരി വ്യവസായികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രളയ സമയത്ത് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റിയോ; ഇത് അനുസരിച്ച് വ്യാപാരി വ്യവസായികൾക്ക് നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ബാങ്കുകളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ബിസിനസ്സ് നടത്തുന്ന ഇവരുടെ വായ്പ കുടിശ്ശികയും പലിശയും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ അങ്കമാലി മണ്ഡലത്തിലെ വ്യാപാരി വ്യവസായികൾക്ക് ഏകദേശം 3400 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി&സി) 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച വ്യാപാരമേഖല ഉൾപ്പെടെ എല്ലാ മേഖലയുടെയും പുനർനിർമ്മാണത്തിനായി 17-12-2018-ലെ സ.ഉ.(കൈ) നമ്പർ 27/2018/DMD പ്രകാരം ഉജ്ജീവന സഹായ പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക പുനർനിർമ്മാണ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം അങ്കമാലി മണ്ഡലത്തിലും മഹാപ്രളയത്തിൽ നഷ്ടം സംഭവിച്ച വ്യാപാരി-വ്യവസായികൾക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി

അവരുടെ വ്യാപാര പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. വ്യാപാരി ക്ഷേമനിധി ബോർഡും വ്യാപാരി വ്യവസായി സംഘടനകളും സംയുക്തമായി നഷ്ടം വിലയിരുത്തുകയും സംസ്ഥാനത്ത് പ്രളയ ദുരിതമനുഭവിക്കുന്നവരും വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്തവരുമായ 11030 വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരും പ്രളയ ദുരിതമനുഭവിക്കുന്നവരുമായ 1130 പേർക്ക് ക്ഷേമനിധിയിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രളയദുരിതമുണ്ടായ പഞ്ചായത്തുകളിലെ വ്യാപാരികൾക്ക് 30,000 രൂപ വീതം ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന ഉജ്ജീവന സഹായ പദ്ധതി പ്രകാരം ഇതിന് വ്യവസ്ഥയില്ല.

**ആലത്തൂർ മണ്ഡലത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ**

145(3875) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ മണ്ഡലത്തിൽ പുതുതായി എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം മേഖലയിലാണ് അവ ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ ചുവടെ പറയുന്ന മേഖലകളിലായി പുതുതായി 334 ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | മേഖല | യൂണിറ്റുകൾ |
|---|---|---|
| (1) | (2) | (3) |
| 1 | ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ് | 67 |
| 2 | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 4 |

| (1) | (2) | (3) |
|---|---|---|
| 3 | ജനറൽ എഞ്ചിനീയറിംഗ് | 85 |
| 4 | ഐ.ടി.& ഐ.ടി.ഇ.എസ്. | 11 |
| 5 | സിമെന്റ് പ്രോഡക്ട്സ് | 19 |
| 6 | റബ്ബർ പ്രോഡക്ടസ് | 2 |
| 7 | പേപ്പർ പ്രോഡക്ടസ് | 2 |
| 8 | ബിൽഡിംഗ് മെറ്റീരിയൽസ് | 10 |
| 9 | സേവന മേഖല | 53 |
| 10 | വുഡ് പ്രോഡക്ട്സ് | 9 |
| 11 | ഫുഡ് & അഗ്രോ ബേസ്ഡ് പ്രോഡക്ട്സ് | 63 |
| 12 | റക്സിൻ/ലെതർ പ്രോഡക്ട്സ് | 9 |
| ആകെ | | 334 |

**കുന്നത്തറ ടെക്സ്റ്റൈൽസ്**

146(3876) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റൈൽസ് ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എല്ലാ അനുബന്ധ സൗകര്യങ്ങളും ഉള്ള കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി കോടതി ലിക്വിഡേഷനിലൂടെ തുച്ഛമായ വിലയ്ക്ക് നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ മേഖലയിലെ ഏതെങ്കിലും സ്ഥാപനങ്ങളോ സഹകരണ മേഖലയിലെ ഏതെങ്കിലും സ്ഥാപനങ്ങളോ ആവശ്യപ്പെടുന്ന പക്ഷം ഈ ഭൂമി ഏറ്റെടുത്ത് നൽകാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ഒഫീഷ്യൽ ലിക്വിഡേറ്ററെ ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഒഫീഷ്യൽ ലിക്വിഡേറ്ററുടെ എസ്റ്റിമേറ്റ് പ്രകാരം കമ്പനിയുടെ ആസ്തി 9,11,64,217 രൂപ മാത്രമാണ്. ഇതിനേക്കാൾ കൂടുതലാണ് നിലവിലെ ബാധ്യത കണക്കാക്കിയിട്ടുള്ളത്. പിന്നീട് കമ്പനിയുടെ ആസ്തി 12.80 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിരുന്നു. 11.65 ഏക്കർ മാത്രം വരുന്ന കമ്പനി ഭൂമി ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് പര്യാപ്തമല്ലെന്ന് കിൻഫ്ര അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ട് പോകുന്നതിനാണ് സർക്കാർ തീരുമാനമെന്നും ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. കമ്പനിയുമായി ബന്ധപ്പെട്ട കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. വ്യക്തമായ പദ്ധതിരേഖകൾ സമർപ്പിച്ചാൽ കോടതിയുടെ അനുവാദത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ചീമേനിയിലെ വ്യവസായ പാർക്ക്**

147(3877) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ ബജറ്റിൽ പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിലെ ചീമേനിയിലെ വ്യവസായ പാർക്ക് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക 2019-20-ലെ ബജറ്റിൽ പ്രഖ്യാപിച്ചതിനാൽ വ്യവസായ പാർക്ക് ഈ വർഷം തന്നെ പ്രവർത്തന സജ്ജമാക്കുമോ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ചീമേനിയിലെ ഐ.ടി. വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ചേളാരിയിൽ സിൽക്ക്-ന്റെ ഉടമസ്ഥതയിൽ സ്ഥലം**

148(3878) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിൽക്കിന്റെ ഉടമസ്ഥതയിൽ തിരൂരങ്ങാടി താലൂക്കിലെ ചേളാരിയിൽ സ്ഥലമുണ്ടോ;

(ബി) ഈ സ്ഥലത്തിന്റെ സർവേ നമ്പർ, റീ സർവേ നമ്പർ, ബ്ലോക്ക് നമ്പർ എന്നിവ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥലത്ത് എന്തെങ്കിലും പദ്ധതി ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വേ നമ്പർ BL.4.88/11

റീ സർവ്വേ നമ്പർ 380/1

ബ്ലോക്ക് നമ്പർ 4

(സി) ഉണ്ട്. സ്റ്റീൽ ഫാബ്രിക്കേഷന് ആവശ്യമായ പൗഡർ കോട്ടിംഗ് യൂണിറ്റ് പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ആശ്രിത നിയമനം**

149(3879) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് 25-1-2016-ൽ ഇറക്കിയ ജി.ഒ. (എംഎസ്) 13/16/ഐഡി നമ്പർ ഉത്തരവുപ്രകാരം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും അറ്റൻഡർ തസ്തികയുടെ എണ്ണം കുറയ്ക്കുകയും ചെയ്തതിനാൽ വിദ്യാഭ്യാസയോഗ്യത എസ്.എസ്.എൽ.സി. മാത്രമുള്ളതും ആശ്രിതനിയമനം പ്രതീക്ഷിക്കുന്നതുമായ അപേക്ഷകർക്ക് നിയമനം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 25-1-2016-ലെ സ.ഉ.(കൈ) 13/2016/വ്യവ. നമ്പർ ഉത്തരവ് പ്രകാരം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിരുന്നു. ആയത് പ്രകാരം തൊഴിലാളികളുടെ എണ്ണം 376 ആയി നിജപ്പെടുത്തിയിരുന്നു. ഈ ഉത്തരവിൽ കമ്പനിയിലെ അറ്റൻഡർ തസ്തികയുടെ എണ്ണം 10 ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പത്ത് അറ്റൻഡർമാർ കമ്പനിയിലുണ്ട്. ആയതിനാൽ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. മാത്രമുള്ളതും ആശ്രിത നിയമനം പ്രതീക്ഷിക്കുന്നതുമായ അപേക്ഷകർക്ക് നിയമനം നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

28-7-2016-ലെ സർക്കുലർ നമ്പർ D1/132/2016/IND പ്രകാരം വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ആശ്രിത നിയമനത്തിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനത്തിൽ ഒരു തുറന്ന തസ്തിക ഒഴിവുണ്ടെങ്കിൽ മാത്രമേ തുടർ നടപടിക്കായി സമർപ്പിക്കാൻ പാടുള്ളൂവെന്നും ഒരു നിയമനവും സൂപ്പർന്യൂമറി തസ്തികയിൽ സൃഷ്ടിച്ച് നടത്തുവാൻ പാടുള്ളതല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നിരുന്നാലും ടി.സി.സി.എൽ.-ൽ ജോലിയിലിരിക്കെ മരണപ്പെട്ട 11 പേരുടെ ആശ്രിതർക്ക് ആശ്രിത നിയമന പ്രകാരം ജോലി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## പിറവം നിയോജകമണ്ഡലത്തിലെ വ്യാപാരികൾക്ക് പ്രളയാനന്തര ധനസഹായം

150(3880) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തെ തുടർന്ന് പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം, മണീട് എന്നീ പഞ്ചായത്തുകളിലെയും പിറവം മുനിസിപ്പാലിറ്റിയിലെയും എത്ര വ്യാപാരികൾക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടുവെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ജീവനോപാധികൾ/കച്ചവട സാമഗ്രികൾ നഷ്ടപ്പെട്ട എത്ര പേർക്ക് നഷ്ടപരിഹാരം നല്കിയെന്നും എത്രപേർക്ക് കച്ചവടം പുനഃസ്ഥാപിക്കാൻ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ വഴി സാമ്പത്തിക സഹായം നല്കിയെന്നുമുള്ള വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ അറിയിക്കുമോ?

ഉത്തരം

(എ) പ്രളയത്തെ തുടർന്ന് പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം ഗ്രാമപഞ്ചായത്തിൽ 123 വ്യാപാരികൾക്കും പിറവം മുനിസിപ്പാലിറ്റിയിൽ 45 വ്യാപാരികൾക്കും ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടുണ്ട്. മണീട് ഗ്രാമപഞ്ചായത്തിൽ വ്യാപാരികൾക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടില്ല.

(ബി) രാമമംഗലം ഗ്രാമപഞ്ചായത്തിൽ പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ട 30 വ്യാപാരികൾക്ക് വായ്പയ്ക്ക് ശിപാർശ ചെയ്യുകയും മൂന്നുപേർക്ക് വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പിറവം മുനിസിപ്പാലിറ്റിയിൽ ഇപ്രകാരം 23 വ്യാപാരികൾക്ക് വായ്പയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

## പുഴയോരത്തെ ഭൂമി അനധികൃതമായി കുഴിക്കുന്നതിനെതിരെ നടപടി

151(3881) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയോരത്തെ ഭൂമിയിൽ മത്സ്യകൃഷിക്കായി കുളം കുഴിക്കാൻ അനുമതി വാങ്ങിയ ശേഷം കുഴിച്ചെടുക്കുന്ന മണ്ണ് സ്വകാര്യ ലോബിക്ക് വൻ തുകക്ക് വിൽപ്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൽ നിന്ന് ലഭിക്കുന്ന പാസുകളിലെ പഴുതാണ് മണ്ണ് ലോബി ദുരുപയോഗം ചെയ്ത് പണം സമ്പാദിക്കുന്നതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) അനുവദിച്ചതിന്റെ മൂന്നിരട്ടിയിലധികം മണ്ണ് കുഴിച്ചെടുത്ത് പുഴയോരത്തെ അക്ഷരാർത്ഥത്തിൽ കുളമാക്കുന്ന ഈ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും വിരാമമിടാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യകൃഷിക്കായി കുളം കുഴിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്നും അനുമതി നൽകാറില്ല. അനുമതി പ്രകാരം കുളം കുഴിക്കുന്നതിന്റെ ഭാഗമായി നീക്കം ചെയ്യപ്പെടുന്ന മണ്ണ് വിൽപ്പനയ്ക്കായി പുറത്ത് കൊണ്ടുപോകുന്നതിന് റോയൽറ്റി ഈടാക്കി മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിക്കാറുണ്ട്. എന്നാൽ ഇത്തരം പാസുകൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനധികൃത ഖനനം ശ്രദ്ധയിൽപ്പെട്ടാൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൈത്തറി തൊഴിലാളികൾക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ്

152(3882) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി തൊഴിലാളികൾക്ക് ഉൽപ്പാദന പ്രചോദനമെന്ന നിലയിൽ ലഭിക്കേണ്ട പ്രൊഡക്ഷൻ ഇൻസെന്റീവ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. ഉൽപ്പാദന പ്രചോദന പദ്ധതി (പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി) പ്രകാരം 2018-19-ൽ 2491 കൈത്തറി നെയ്ത്ത് അനുബന്ധ തൊഴിലാളികൾക്കായി 5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2019-20-ൽ ഈ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## വയനാട് ഗാർമെന്റ്സിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

153(3883) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഗാർമെന്റ്സിലെ ജീവനക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ള്യു.പി.(സി)10961/18 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹാന്റക്സിന് കീഴിൽ വയനാട് ഗാർമെന്റ്സ് യൂണിറ്റ് വൻ നഷ്ടത്തിലായതിനെത്തുടർന്ന് അടച്ചുപൂട്ടിയ അവസരത്തിൽ ടി യൂണിറ്റിൽ പ്രവർത്തിച്ചിരുന്ന ടെയിലർമാർ, ഹെൽപ്പർമാർ എന്നിവരെ തൊഴിൽ നഷ്ടപ്പെടാതിരിക്കുന്നതിന് അവരുടെ അഭ്യർത്ഥന മാനിച്ച് കോഴിക്കോട് ജില്ലയിലെ വിവിധ ഹാന്റക്സ് വിൽപ്പനശാലകളിൽ താൽക്കാലികമായി സഹായികളായി നിയമിച്ചിരുന്നതാണ്. സർക്കാർ ഈ തസ്തികകളോ നിയമനങ്ങളോ അംഗീകരിച്ചിട്ടില്ല. മാത്രമല്ല, ഹാന്റക്സിലെ സെയിൽസ്മാൻമാരുടെ തസ്തികയ്ക്ക് നിശ്ചയിച്ച അടിസ്ഥാന യോഗ്യതയും ഇവരിൽ ഭൂരിഭാഗം പേർക്കുമില്ല. എന്നിരുന്നാലും കോടതിവിധി പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ഹാന്റക്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്പിന്നിംഗ് മില്ലുകളിലെ മാനേജിംഗ് ഡയറക്ടർ നിയമനം

154(3884) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ 2016 ഒക്ടോബർ 15-ന് ശേഷം എം.ഡി. തസ്തികയിൽ സ്ഥിരം, താത്കാലികം, അധിക ചുമതല എന്നീ വ്യവസ്ഥകളിൽ നിയമിക്കപ്പെട്ടവരുടെ പേരും വിദ്യാഭ്യാസ യോഗ്യതയും എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സ്പിന്നിംഗ് മില്ലുകളിൽ 2016 ഒക്ടോബർ 15-ന് ശേഷം എം.ഡി. തസ്തികയിൽ നിയമിക്കപ്പെട്ട ആരെയെല്ലാം ഇതുവരെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റിപ്പുറം മാൽകോ ടെക്സ്, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയിലെ എം.ഡി. ചുമതല വഹിക്കുന്നവർക്കെതിരെ നിലവിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഓരോ പരാതിയിലും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 1. ശ്രീ. അരുൾശെൽവൻ, മാനേജിംഗ് ഡയറക്ടർ (അധികചുമതല), കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ (3-3-2017 മുതൽ 5-3-2019 വരെ) വിദ്യാഭ്യാസ യോഗ്യത-എം. ടെക് (ടെക്സ്റ്റൈൽ ടെക്നോളജി) PGTTM (Netherland Fellowship) നിലവിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടർ ചുമതല കൊല്ലം വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അധിക ചുമതലയായി നൽകിയിട്ടുണ്ട്.

2. ശ്രീ. പി. എസ്. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ (അധിക ചുമതല), തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ (6-4-2018 മുതൽ)

വിദ്യാഭ്യാസ യോഗ്യത-ബി.സി.എ., ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി, എം.ബി.എ.

3. ശ്രീ. സി. ആർ. രമേഷ്, മാനേജിംഗ് ഡയറക്ടർ (അധിക ചുമതല), മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് (6-4-2018 മുതൽ) വിദ്യാഭ്യാസ യോഗ്യത-ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി

4. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടർ ചുമതല കോട്ടയം വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അധിക ചുമതലയായി നൽകിയിട്ടുണ്ട്.

5. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി കൈത്തറി ഡയറക്ടർ ശ്രീ. കെ. സുധീറിനെ നിയമിച്ചിട്ടുണ്ട് (അധിക ചുമതല).

വിദ്യാഭ്യാസ യോഗ്യത - ബി.ടെക്

(ബി) സ്പിന്നിംഗ് മില്ലുകളിൽ 2016 ഒക്ടോബർ 15-നുശേഷം മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെട്ടവരിൽ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറായി അധിക ചുമതല വഹിച്ചിരുന്നതുമായ ശ്രീ. അരുൾ ശെൽവനെയും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. എം. ഗണേഷിനെയും തൽസ്ഥാനത്തുനിന്നും നീക്കം ചെയ്തിട്ടുണ്ട്.

(സി) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന ശ്രീ. പി. എസ്. ശ്രീകുമാറിനെതിരെ 4 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 2 പരാതികളിന്മേൽ കൈത്തറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചുവരികയും ഒരു പരാതി കൈത്തറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാസ്തവ വിരുദ്ധമാണെന്ന് കണ്ടെത്തുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു പരാതിയിന്മേൽ കൈത്തറി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെയും മാൽകോ ടെക്സിന്റെയും മാനേജിംഗ് ഡയറക്ടറുടെ അധികചുമതല വഹിക്കുന്ന ശ്രീ. സി. ആർ. രമേഷിനെതിരെ 2 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയവ കൈത്തറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാസ്തവ വിരുദ്ധമാണെന്ന് കണ്ടെത്തുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**ഖാദി വ്യവസായത്തിന് പുത്തനുണർവ് നൽകാൻ നടപടി**

155(3885) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കണക്കനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം ഖാദി ഉല്പന്നങ്ങളുടെ വിറ്റുവരവ് എത്രയായിരുന്നുവെന്നും മുൻവർഷത്തെ അപേക്ഷിച്ച് വർധനവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഖാദിവസ്ത്രങ്ങൾ ആഴ്ചയി ലൊരിക്കൽ ധരിക്കണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; അത് എത്രമാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഖാദി ഉൽപന്നങ്ങൾക്ക് നൽകിയിരുന്ന റിബേറ്റിൽ കുറവ് വരുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത വ്യവസായത്തിന് പുത്തനുണർവ് നൽകാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ 2017-18 വർഷത്തിലെ ഖാദി വസ്ത്രങ്ങളുടെ വിറ്റ് വരവ് 5176.53 ലക്ഷം രൂപയും 2018-19-ൽ വിൽപ്പന 5033.91 ലക്ഷം രൂപയുമാണ്. വർദ്ധനവുണ്ടായിട്ടില്ല.

(ബി) സർക്കാർ ഉത്തരവ് പ്രാബല്യത്തിലുണ്ട്. പ്രത്യേക യൂണിഫോം ചില മേഖലകളിൽ കർശനമാക്കാൻ കഴിയുന്നതുപോലെ ഖാദി/കൈത്തറി തുണി ധരിക്കൽ കർശനമാക്കാൻ കഴിയുന്നതല്ല.

(സി) റിബേറ്റ് നിരക്കിൽ കുറവ് വരുത്തിയിട്ടില്ല. ഖാദി ഉൽപ്പന്നങ്ങൾക്ക് നൽകിയിരുന്ന റിബേറ്റ് സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖാദി ഉൽപ്പന്നങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഖാദി മേഖലയുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ സംരക്ഷണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.8 രൂപയും), ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം

മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയാണ്. ഖാദി തൊഴിലാളികൾക്ക് 2016-17 മുതൽ ഇതേവരെയായി ഇൻകം സപ്പോർട്ട് ഇനത്തിൽ 82.94 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉത്സവബത്ത ഇനത്തിൽ 18 കോടി രൂപയും അനുവദിച്ച് നൽകുകയുണ്ടായി. കൂടാതെ ഖാദി തൊഴിലാളികളുടെ മിനിമം കൂലി 2010-നുശേഷം വീണ്ടും പരിഷ്കരിച്ച് പ്രഖ്യാപിക്കുകയും അവ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25 ശതമാനം മുതൽ 40 ശതമാനം വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു.

## കായികതാരങ്ങൾക്ക് സ്കൂൾ, കോളേജ് കാലഘട്ടം കഴിഞ്ഞാൽ തുടർ പരിശീലനം

156(3886) ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ, കോളേജ് ദേശീയ കായികമേളകളിൽ മെഡലുകൾ നേടുന്ന കായികതാരങ്ങൾക്ക് സ്കൂൾ, കോളേജ് കാലഘട്ടം കഴിഞ്ഞാൽ തുടർപരിശീലനം നടത്തുന്നതിനും മികച്ച അത്‌ലറ്റുകളായി മാറുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കി നൽകിയിട്ടുള്ളത്;

(ബി) സ്കൂൾ, കോളേജ് തലങ്ങളിൽ ദേശീയ അന്തർദേശീയ അംഗീകാരം നേടിയ കായികതാരങ്ങൾ ജീവിത പ്രാരാബ്ധങ്ങൾ കാരണം പലപ്പോഴും കായിക രംഗം തന്നെ ഉപേക്ഷിച്ച് പോകുന്ന തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം കായികതാരങ്ങളെ കായികരംഗത്ത് നില നിർത്തുന്നതിനും സംസ്ഥാനത്തിന് മുതൽക്കൂട്ടാകുന്ന മികച്ച അത്‌ലറ്റുകളായി മാറ്റിയെടുക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ കാലഘട്ടം കഴിയുന്ന കായിക താരങ്ങൾക്ക് കേള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടത്തുന്ന കോളേജ് സ്പോർട്സ് ഹോസ്റ്റൽ സെലക്ഷനിൽ പങ്കെടുത്ത് യോഗ്യതയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കോളേജ്/ജില്ലാ സ്പോർട്സ് അക്കാഡമികളിൽ പ്രവേശനം നേടുകയും മികച്ച പരിശീലകരുടെ കീഴിൽ പരിശീലനം നേടാവുന്നതാണ്.

ബിരുദത്തിനുശേഷം ദേശീയ മത്സരങ്ങളിൽ പ്രാഗത്ഭ്യം നേടിയ കായിക താരങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പി.ജി.-ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് അക്കാഡമികളിൽ പ്രവേശനം നൽകുന്നു. ഇതുകൂടാതെ ദേശീയ അന്തർദേശീയ നിലവാരമുള്ള കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള എലൈറ്റ് സ്പോർട്സ് അക്കാഡമികളിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രവേശനം നേടി മികച്ച പരിശീലകരുടെ കീഴിൽ പരിശീലനം നേടാവുന്നതാണ്. കോളേജ് കാലഘട്ടം കഴിഞ്ഞ് അന്തർദേശീയ മത്സരത്തിൽ പോകുന്ന കായിക താരങ്ങൾക്ക് ബന്ധപ്പെട്ട അസോസിയേഷൻ വഴി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ആകെ ചെലവിന്റെ 50 ശതമാനം സാമ്പത്തിക സഹായവും കിറ്റ് അലവൻസും സ്പോർട്സ് കൗൺസിലിൽനിന്നും നൽകിവരുന്നു.

(ബി&സി) മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിനും മികച്ച പരിശീലനം നൽകുന്നതിനും വിവിധ പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മികച്ച കായിക താരങ്ങളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിദ്യാർത്ഥികൾക്കായി കായിക പദ്ധതികൾ**

157(3887) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാവിയിലെ കായികനേട്ടം ലക്ഷ്യംവച്ച് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടു കൂടി കായികപരിശീലനം നൽകുന്നതിന് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കായികലോകത്തിന് ഒട്ടേറെ നേട്ടങ്ങൾ ലക്ഷ്യംവച്ച് വിദ്യാർത്ഥികൾക്കായി കൂടുതൽ സമഗ്രവും ലോകനിലവാരത്തിലുള്ളതുമായ കായിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സ്കൂൾമേളകളിൽ കായികമികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള പരിശീലനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഭാവിയിലെ കായികനേട്ടം ലക്ഷ്യംവച്ച് കായിക പരിശീലനം നൽകുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽത്തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

2. ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

3. സ്പ്ലാഷ്

12 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പ് നടത്തിവരുന്നുണ്ട്.

4. <u>എയ്സ്</u>

വളരെ ചെറിയ പ്രായത്തിൽത്തന്നെ കേരളത്തിലെ എല്ലാ മേഖലകളിൽ നിന്നുമുള്ള മിടുക്കരായ ടെന്നീസ് കളിക്കാരെ കണ്ടെത്തി ഉന്നത നിലവാരത്തിലുള്ള പരിശീലനം നൽകി അവരെ ലോകോത്തര ടെന്നീസ് താരങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിയാണ് എയ്സ്.

5. <u>കളിത്തട്ട്</u>

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്.

കായിക നേട്ടം ലക്ഷ്യംവച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലാ സ്പോർട്സ് അക്കാഡമി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിവിധ കായികയിനങ്ങളിൽ പ്രാഗത്ഭ്യമുള്ള പരിശീലകരുടെ കീഴിൽ കുട്ടികൾക്ക് കായിക പരിശീലനം നൽകിവരുന്നുണ്ട്. 2018 വർഷം മുതൽ സ്കൂൾ ഗെയിംസിൽ പുതുതായി ഉൾപ്പെടുത്തിയ 18 ഇനം ഗെയിമുകളിൽ ഓരോ ഗെയിമിനും ഒരു ജില്ലയിൽനിന്നും മൂന്ന് കായിക അദ്ധ്യാപകർക്ക് വീതം പരിശീലനം നൽകിവരുന്നുണ്ട്. പ്രീമിയർ ലീഗും ബ്രിട്ടീഷ് കൗൺസിലുമായി ചേർന്ന് സംസ്ഥാനത്ത് സ്കൂളുകളിലെ കായിക അദ്ധ്യാപകർക്ക് ഫുട്ബോളിൽ ആധുനിക രീതിയിലുള്ള പരിശീലനം നൽകുന്ന 'പ്രീമിയർ സ്കിൽസ്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) രാജ്യാന്തര നിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ എലൈറ്റ് സ്കീമും ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'. ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്. മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ എന്നീ കായിക ഇനങ്ങളിൽ ചുവടെ പറയുന്ന എലൈറ്റ്

ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം എൽ.എൻ.സി.പി.ഇ.-യിൽ അത്‌ലറ്റിക്സ് പരിശീലന കേന്ദ്രം, തൃശ്ശൂർ ജില്ലയിൽ തൃപ്രയാർ വോളീബോൾ അക്കാഡമി, കണ്ണൂർ ജില്ലയിൽ ബാസ്കറ്റ് ബോൾ അക്കാഡമി എന്നിവയാണവ.

തിരുവനന്തപുരത്തെ വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് കേന്ദ്രീകരിച്ച് രാജ്യാന്തര നിലവാരമുള്ള ഷൂട്ടിംഗ് അക്കാഡമി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നാഷണൽ റൈഫിൾ അസോസിയേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വയനാട് പ്രവർത്തിക്കുന്ന ആർച്ചറി അക്കാഡമി വിപുലീകരിച്ച് ആദിവാസി മേഖലയിലുൾപ്പെടെയുള്ള കായികതാരങ്ങളെ ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള പ്രകടനങ്ങൾക്കായി പ്രാപ്തരാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു.

**കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം**

158(3888) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കായിക രംഗത്ത് കഴിവ് തെളിയിച്ചിട്ടുള്ള താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടം നേടിയ കേരള താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014

വർഷങ്ങളിലെ 249 ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി.കെ. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ.ബി.-ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിമയനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡ്നർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ഒരു ക്ലാർക്ക് നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

## സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

159(3889) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം സാധ്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നീന്തൽ പരിശീലനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ ഇരട്ടക്കുളത്തിൽ നീന്തൽക്കുളം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) ഇതിനായി സ്പോർട്സ് കൗൺസിൽ രൂപരേഖ തയ്യാറാക്കുകയും മുൻ കൗൺസിൽ പ്രസിഡന്റും ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിക്കുകയും ചെയ്തതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 12 വയസ്സ് മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി,

തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പ് നടത്തിവരുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികളിലെ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകിവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വിളപ്പിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ വിളപ്പിൽ പഞ്ചായത്തിലെ നൂലിയോട് വാർഡിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിനുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് 2013-ൽ സമർപ്പിക്കുകയുമുണ്ടായി. എന്നാൽ 35-ാം നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് മുൻഗണന നൽകി പ്രവർത്തിച്ചുവന്ന പ്രസ്തുത കാലയളവിൽ നീന്തൽക്കുളം നിർമ്മിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**കിക്കോഫ് പദ്ധതി**

160(3890) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് സ്കൂൾ തലത്തിൽ കിക്കോഫ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഒന്നാംഘട്ടത്തിൽ ഏതെല്ലാം ജില്ലകളെ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്;

(സി) പ്രസ്തുത ജില്ലകളിലെ ഏതെല്ലാം സ്കൂളുകൾ പദ്ധതിയിൽ ഉൾപ്പെടുന്നു എന്നും പദ്ധതി വഴി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലുമായി 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) കിക്കോഫ് പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട 20 സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. ഫുട്ബോൾ പരിശീലന പദ്ധതിക്കായി സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കു പുറമെ ടി സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് Zig Zag, 2 Vs 2, Speed Test എന്നീ ഇനങ്ങൾ ഉൾപ്പെടുന്ന ടെസ്റ്റ് നടത്തി 50 കുട്ടികളെ തെരഞ്ഞെടുക്കുകയും അവർക്ക് 4 ദിവസത്തെ പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് വീണ്ടും മത്സരം നടത്തി അതിൽ മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് മികച്ച പരിശീലനത്തിനുവേണ്ടി സൗകര്യമൊരുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട 25 കുട്ടികൾക്ക് ഓരോ ആഴ്ചയിലും രണ്ടുദിവസം ഒന്നര മണിക്കൂർ വീതം പരിശീലനം നൽകും. അതിനുശേഷം സ്കൂൾ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഈ കുട്ടികൾക്കായി മത്സരം സംഘടിപ്പിക്കും. മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് ദേശീയ-അന്തർദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും.

## നീന്തൽ പരിശീലന കേന്ദ്രങ്ങളുടെ അപര്യാപ്തത

161(3891) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ, ദേശീയ ജലകായിക മത്സരങ്ങളിൽ കേരളത്തിന് അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മേഖലയിൽ വേണ്ടത്ര പരിശീലന കേന്ദ്രങ്ങൾ ഒരുക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ലായെന്നത് പ്രത്യേകമായി പരിശോധിക്കുമോ;

(ബി) നിലവിലുള്ള അന്താരാഷ്ട്ര നീന്തൽക്കുളങ്ങളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; അവ ഏതെല്ലാമാണെന്നും അവയുടെ നടത്തിപ്പ് ചുമതലകൾ ആർക്കെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) നീന്തൽക്കുളങ്ങൾ നിർമ്മിക്കുന്നതിലെ ശാസ്ത്രീയ മാനദണ്ഡങ്ങൾ, നീന്തൽക്കുളങ്ങൾ പരിപാലിക്കുന്നതിനുള്ള നിബന്ധനകൾ, പരിശീലന രീതികൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ആലപ്പുഴയിലെ രാജാകേശവദാസ് അന്താരാഷ്ട്ര നീന്തൽക്കുളത്തിലെ പരിശീലനം നിലച്ചത് എന്നുമുതലാണ്; അതിന്റെ കാരണം എന്താണ്; ഇപ്പോൾ നടക്കുന്ന അറ്റകുറ്റപ്പണികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിന് കീഴിൽ പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളത്തിനുപുറമെ രാജാ കേശവദാസ് സ്വിമ്മിംഗ് പൂൾ, ആലപ്പുഴ, തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്, നന്ദിയോട് സ്വിമ്മിംഗ് പൂൾ, തിരുവനന്തപുരം എന്നിവയും കായിക യുവജന കാര്യാലയത്തിന്റെ നിയന്ത്രണത്തിൽ വെള്ളയമ്പലം സ്വിമ്മിംഗ് പൂളും നിലവിൽ പ്രവർത്തിച്ചുവരുന്നു.

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽക്കുളങ്ങൾ നിർമ്മിക്കുന്നത് FINA (Federation Internationale de Natation) നിർദ്ദേശിച്ചിട്ടുള്ള അളവുകളും മാനദണ്ഡവും പ്രകാരമാണ്. നീന്തൽക്കുളങ്ങൾ പരിപാലിക്കുന്നതിനും പരിശീലന രീതികൾക്കും FINA-യുടെ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. അപ്രകാരമാണ് ഇവ പരിപാലിച്ച് വരുന്നത്. ശാസ്ത്രീയ മാനദണ്ഡങ്ങൾ പരമാവധി നിലനിർത്തിയാണ് നിലവിലുണ്ടായിരുന്ന നീന്തൽ കുളങ്ങൾ നവീകരിച്ചത്. നീന്തൽക്കുളങ്ങളുടെ ഭാഗമായ ഫിൽട്രേഷൻ പ്ലാന്റുകൾ പരിപാലിക്കുന്നതിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്/ടെണ്ടർ മുഖേന ഏർപ്പാടാക്കിയിട്ടുള്ള വ്യവസ്ഥാപിതമായ മാർഗ്ഗം നിലവിലുണ്ട്. എല്ലാ ശാസ്ത്രീയ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് നീന്തൽക്കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്. നീന്തൽക്കുളങ്ങൾ പരിപാലിക്കുന്നതിനുള്ള നിബന്ധനകളും പലിശീലന രീതികൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു :

1. നീന്തൽ പരിശീലനം നൽകുന്നതിന് മുന്നോടിയായി ജലാശയം ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2. പരിശീലനത്തിനായി ലൈഫ് ഗാർഡ് കം ട്രെയിനർമാരെ നിർബന്ധമായും നിയോഗിക്കേണ്ടതാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നീന്തൽ പരിശീലനം നടക്കുന്ന കുളങ്ങൾക്കും ടാങ്കുകൾക്കും മറ്റ് ജലാശയങ്ങൾക്കും സമീപം ആഴം, വീതി, നീളം, ജലാശയത്തിന്റെ സ്വഭാവം എന്നിവ വ്യക്തമാക്കുന്ന സൂചന ബോർഡുകൾ, വേണ്ടത്ര വഴിവിളക്കുകൾ, സംരക്ഷണഭിത്തി എന്നിവ സ്ഥാപിക്കേണ്ടതാണ്. ആസ്ത്മ, ഹൃദ്രോഗം, രക്തസമ്മർദ്ദം, ചുഴലി തുടങ്ങിയ

രോഗികൾക്ക് നീന്തൽക്കുളത്തിൽ ഇറങ്ങുന്നതിനായി ഡോക്ടറുടെ അനുവാദമുണ്ടെന്ന് പരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്. പകർച്ചവ്യാധികൾ, മുറിവുകൾ എന്നിവയുള്ള രോഗികളെ ഒരു കാരണവശാലും നീന്തൽക്കുളത്തിൽ പ്രവേശിപ്പിക്കാതിരിക്കാനുള്ള ഉത്തരവാദിത്വം ചുമതലയുള്ള പരിശീലകർക്കായിരിക്കും.

4. നീന്തൽ പരിശീലന കേന്ദ്രങ്ങളിൽ ജീവൻരക്ഷാ ഉപകരണങ്ങൾ ഉണ്ടെന്നും പരിശീലനാർത്ഥികളുടെ ലൈഫ് ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നും നോഡൽ ഏജൻസി ഉറപ്പുവരുത്തേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ നീന്തൽക്കുളങ്ങൾ ഗ്രേഡ് ചെയ്യേണ്ടതും വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. 50 മീറ്റർ നീളമുള്ള നീന്തൽക്കുളത്തിൽ ഒരേ സമയം 3 ട്രെയിനർ/ലൈഫ് ഗാർഡുമാർ, 25 മീറ്റർ നീളമുള്ളതിൽ 2 ട്രെയിനർ/ലൈഫ് ഗാർഡുമാർ എന്നിവരെ പരിശീലന സമയത്തുടനീളം നിയോഗിക്കേണ്ടതാണ്.

5. പെൺകുട്ടികൾക്കും സ്ത്രീകൾക്കും പരിശീലന സമയത്ത് നിർബന്ധമായും യോഗ്യരായ വനിതാ പരിശീലകരുടെ സേവനം ലഭ്യമാക്കണം.

6. ലൈഫ് ഗാർഡുമാർക്ക് മെഗാഫോൺ, വിസിൽ സൗകര്യം തുടങ്ങിയവ ഏർപ്പെടുത്തേണ്ടതാണ്.

7. കായിക ആവശ്യത്തിന് ഉപയോഗിക്കുന്ന സ്റ്റാൻഡേർഡ് സ്വിമ്മിംഗ് പൂളുകളിൽ വെള്ളത്തിന്റെ ശുദ്ധി നിലനിർത്തുന്നതിന് തൊഴിൽ പരിചയമുള്ള പ്ലാന്റ് ഓപ്പറേറ്ററുടെ സേവനം ലഭ്യമാക്കണം. വെള്ളത്തിന്റെ പി.എച്ച് മൂല്യം ക്ലോറിന്റെ അളവ് എന്നിവ ദിവസവും 3 പ്രാവശ്യം നിർണ്ണയിച്ച് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം.

8. 1 മുതൽ 1.5 മീറ്റർ വരെ ആഴമുള്ളയിടത്തേ നീന്തൽ പരിശീലനം നടത്താവൂ.

9. പാദരക്ഷകളോ മറ്റ് സാമഗ്രികളോ നീന്തൽക്കുളത്തിനരികിൽ സൂക്ഷിക്കാനനുവദിക്കരുത്.

10. 6 മണിക്ക് ശേഷം പരിശീലനം നടക്കുന്ന നീന്തൽക്കുളത്തിന്റെ എല്ലാ ഭാഗത്തും വേണ്ടത്ര വെളിച്ചമുണ്ടെങ്കിലേ നീന്തൽ അനുവദിക്കാവൂ. തുടർച്ചയായി വെളിച്ചം നിലനിർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

11. എണ്ണ, മറ്റു ലേപനങ്ങൾ, സോപ്പ് തുടങ്ങിയവ ഉപയോഗിച്ച് നീന്തൽക്കുളത്തിൽ നീന്തുവാൻ ആരെയും അനുവദിക്കരുത്. ശുദ്ധജലത്തിൽ കുളിച്ചതിനു ശേഷം മാത്രമേ വെള്ളത്തിൽ നീന്താനനുവദിക്കാവൂ.

12. ശരിയായ രീതിയിലുള്ള നീന്തൽ വസ്ത്രങ്ങൾ ധരിച്ചുമാത്രമേ നീന്തൽക്കുളത്തിൽ പ്രവേശിപ്പിക്കാവൂ.

13. പരിശീലനം നടക്കുന്ന എല്ലാ നീന്തൽക്കുളങ്ങളിലേയ്ക്കും ആംബുലൻസ് എത്തിച്ചേരുന്നതിനുള്ള റോഡ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

14. അഞ്ചു വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് മാത്രമേ നീന്തൽ പരിശീലനം നൽകേണ്ടതുള്ളൂ.

15. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജലാശയങ്ങളിലെ പരിശീലന കേന്ദ്രങ്ങളിൽ നിയോഗിക്കുന്ന ലൈഫ് ഗാർഡുകളുടെ യോഗ്യത ഉറപ്പുവരുത്തേണ്ടതാണ്.

(ഡി) 2003 അവസാനത്തോടുകൂടി നീന്തൽകുളത്തിൽ ഒരാളുടെ മരണം സംഭവിക്കുകയും തുടർന്ന് പരിപാലനത്തിലെ അപര്യാപ്തതമൂലം 2005 മുതൽ നീന്തൽകുളത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലയ്ക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ രാജാകേശവദാസ് നീന്തൽകുളത്തിന്റെ നിലവിൽ നടക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ നീന്തൽകുളവുമായി ബന്ധപ്പെട്ട സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി നടപടികൾ പുരോഗമിച്ചുവരുന്നു. പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് നീന്തൽകുളത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 3 മാസത്തിനകം പൂർത്തീകരിക്കുന്നതാണ്.

## കിഫ്ബി മുഖാന്തരം ഭരണാനുമതി ലഭിച്ച സ്റ്റേഡിയങ്ങൾ

162(3892) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബി മുഖാന്തരം എത്ര സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള 14 ജില്ലാ സ്റ്റേഡിയങ്ങൾക്കും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 42 പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

## പയ്യന്നൂരിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം

163(3893) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം എന്നിവയ്ക്ക് 10 കോടി രൂപ വീതം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. എസ്.പി.വി. ആയ കിറ്റ്കോ കിഫ്ബിയിൽ സമർപ്പിക്കുകയും രണ്ട് പ്രവൃത്തികൾക്കുമായി 13.101 കോടി രൂപയുടെ (യഥാക്രമം 6.216 കോടി രൂപയുടെയും 6.885 കോടി രൂപയുടെയും) കിഫ്ബി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാങ്കേതികാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിലെ തുക കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടിയ സാഹചര്യത്തിൽ കിഫ്ബിയുടെ പുതുക്കിയ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതാണ്.

## ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

164(3894) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും 10 കോടി രൂപ വകയിരുത്തിയിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എം.ഒ.യു. തയ്യാറാക്കിയിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത സ്റ്റേഡിയത്തിന് ആവശ്യമായി വരുന്ന സ്ഥലം പോളി ടെക്നിക്കിന്റെയും പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെയും ആയതിനാൽ ഇവർ തമ്മിൽ എം.ഒ.യു. ഒപ്പുവയ്ക്കണമെന്നത് പരിഗണിച്ച് അതിനുള്ള നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കായിക യുവജനകാര്യ വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്തരാഷ്ട്ര സ്പോർട്സ് കോംപ്ലക്സിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.

(ബി) ഉണ്ട്.

(സി) ഭേദഗതി വരുത്തി അംഗീകരിച്ച ധാരണാ പത്രത്തിന്റെ കരട് സംയുക്തമായി ഒപ്പിട്ട് കായിക യുവജനകാര്യാലയത്തിൽ സമർപ്പിക്കണമെന്ന് പിണ്ടിമന ഗ്രാമപഞ്ചായത്തിനും ചേലാട് പോളിടെക്നിക്കിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ധാരണാപത്രം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

### ആലപ്പാട്, കുലശേഖരപുരം ഗ്രാമപഞ്ചായത്തുകളിലെ സ്റ്റേഡിയങ്ങൾ

165(3895) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ചെറിയഴീക്കൽ ഫുട്ബോൾ ഗ്രൗണ്ട് ആധുനിക സൗകര്യങ്ങളോടുകൂടിയ ഫുട്ബോൾ സ്റ്റേഡിയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) കുലശേഖരപുരം ഗ്രാമപഞ്ചായത്തിന്റെ കളിസ്ഥലം ഇൻഡോർ സ്റ്റേഡിയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### വെള്ളൂർ ഗ്രാമപഞ്ചായത്തിൽ കളിസ്ഥലവും സ്റ്റേഡിയവും

166(3896) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈക്കം മണ്ഡലത്തിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വെള്ളൂർ-തട്ടേൽ-ഇറുമ്പയം സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ കായികയുവജനകാര്യ വകുപ്പിനുകീഴിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്.

## തേഞ്ഞിപ്പലം, മൂന്നിയൂർ എന്നിവിടങ്ങളിൽ സ്റ്റേഡിയം

167(3897) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം, മൂന്നിയൂർ സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനങ്ങളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളുടെ പരിശീലനം

168(3898) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ സേവനം ഇതിനകം ഏതെല്ലാം മേഖലകളിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഫോഴ്സ് അംഗങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; ദുരന്ത മേഖലയിൽ പ്രവർത്തിക്കുന്നതിന് ഫോഴ്സ് അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പരിശീലനത്തിനായി ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019 ജൂൺ 5-ലെ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ പരിസ്ഥിതി പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിച്ചു. പ്രകൃതി ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ ആവശ്യമായ രക്ഷാ പ്രവർത്തനങ്ങൾ നടത്തുവാനുതകുന്ന വിധം യൂത്ത് ആക്ഷൻ ഫോഴ്സിന് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ഓൺലൈനായി ഇതുവരെ 1,15,862 പേർ വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1000 പേർക്കും രണ്ടാം ഘട്ടത്തിൽ 278 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഫോഴ്സ് അംഗങ്ങൾക്ക് ഫയർ & റസ്ക്യൂ, കരാട്ടേ, ട്രക്കിംഗ്, മൗണ്ടനേയറിംഗ്, ദുരന്തനിവാരണം, പ്രാഥമിക ശുശ്രൂഷ എന്നീ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി.

(സി) വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പരിശീലനത്തിനായി ഇതിനകം 78,15,288 രൂപ ചെലവഴിച്ചിട്ടുണ്ട്.

**യുവജനക്ഷേമ ബോർഡ്**

169(3899) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡ് പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) യുവജനക്ഷേമ ബോർഡിന്റെ ജില്ലാ ഓഫീസുകളുടെ മേൽവിലാസം ലഭ്യമാക്കാമോ;

(സി) നിലവിലെ യുവജനക്ഷേമ ബോർഡ് മെമ്പർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളോത്സവത്തിൽ യുവജനങ്ങളുടെയും യൂത്ത് ക്ലബ്ബുകളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന യൂത്ത് ക്ലബ്ബുകൾക്ക് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല സംസ്ഥാനതലങ്ങളിൽ അവാർഡ് നൽകുന്നുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാക്ലബ്ബുകൾ മുഖേന ഒട്ടനവധി പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. വൺനെസ് ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്, യൂത്ത് കേരള എക്സ്പ്രസ് എന്നിവയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ.

(ബി)

| ജില്ല | അഡ്രസ്സ് |
|---|---|
| തിരുവനന്തപുരം | ജില്ലാ യുവജനകേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, പട്ടം. |
| കൊല്ലം | ജില്ലാ യുവജനകേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, തേവള്ളി |
| പത്തനംതിട്ട | ജില്ലാ യുവജനകേന്ദ്രം, അഞ്ചാം നില, റവന്യൂ ടവർ, അടൂർ പി.ഒ. |
| ആലപ്പുഴ | ജില്ലാ യുവജന കേന്ദ്രം, എ.ഡി.സി. ഓഫീസ്, കളക്ടറേറ്റ് |
| കോട്ടയം | ജില്ലാ യുവജനകേന്ദ്രം, ചിറത്താലത്ത് ബിൽഡിംഗ്, രണ്ടാം നില, കോട്ടയം |
| ഇടുക്കി | ജില്ലാ യുവജനകേന്ദ്രം, പുളിമൂട്ടിൽ ഷോപ്പിംഗ് ആർക്കേഡ്, രണ്ടാം നില, മൂവാറ്റുപുഴ റോഡ്, തൊടുപുഴ |
| എറണാകുളം | ജില്ലാ യുവജനകേന്ദ്രം, സിവിൽ സ്റ്റേഷൻ, ഗ്രൗണ്ട് ഫ്ലോർ, കാക്കനാട് പി.ഒ. |
| തൃശ്ശൂർ | ജില്ലാ യുവജനകേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, അയ്യന്തോൾ പി.ഒ. |
| പാലക്കാട് | ജില്ലാ യുവജനകേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, പാലക്കാട് |
| മലപ്പുറം | ജില്ലാ യുവജനകേന്ദ്രം, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ടൗൺ ഹിൽ പി.ഒ. |
| കോഴിക്കോട് | ജില്ലാ യുവജനകേന്ദ്രം, സിവിൽ സ്റ്റേഷൻ, ആറാം നില, ബി ബ്ലോക്ക് |

| | |
|---|---|
| വയനാട് | ജില്ലാ യുവജനകേന്ദ്രം, ചക്കാലയ്ക്കൽ അപ്പാർട്ട്മെന്റ്, ഹരിതഗിരി റോഡ്, കൽപ്പറ്റ |
| കണ്ണൂർ | ജില്ലാ യുവജനകേന്ദ്രം, താലൂക്ക് ഓഫീസ് കോമ്പൗണ്ട്, സബ് ജയിലിനുസമീപം |
| കാസർഗോഡ് | ജില്ലാ യുവജനകേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ പി.ഒ. |

(സി) ഔദ്യോഗിക അംഗങ്ങൾ

| | | |
|---|---|---|
| 1 | മിനിസ്റ്റർ ഇൻ ചാർജ്ജ് ഓഫ് യൂത്ത് അഫയേഴ്സ് | ചെയർമാൻ |
| 2 | സെക്രട്ടറി ഇൻ ചാർജ്ജ് ഓഫ് യൂത്ത് അഫയേഴ്സ് | മെമ്പർ |
| 3 | സെക്രട്ടറി/അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | മെമ്പർ |
| 4 | ഡയറക്ടർ ഓഫ് സ്പോർട്സ് & യൂത്ത് അഫയേഴ്സ് | മെമ്പർ |
| 5 | ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ | മെമ്പർ |
| 6 | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | മെമ്പർ |
| 7 | ഡയറക്ടർ ഓഫ് കൊളേജിയറ്റ് എഡ്യൂക്കേഷൻ | മെമ്പർ |
| 8 | ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് | മെമ്പർ |
| 9 | മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് | മെമ്പർ |
| 10 | ജോയിന്റ് സെക്രട്ടറി, സ്പോർട്സ് & യൂത്ത് അഫയേഴ്സ് | മെമ്പർ |
| 11 | ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് | മെമ്പർ |

<u>അനൗദ്യോഗിക അംഗങ്ങൾ</u>

| | | |
|---|---|---|
| 1 | ശ്രീ. പി. ബിജു | വൈസ് ചെയർമാൻ |
| 2 | ശ്രീ. ഷെരീഫ് പാലൊളി | മെമ്പർ |
| 3 | ശ്രീമതി വി. പി. റജീന | മെമ്പർ |
| 4 | ശ്രീ. മഹേഷ് കക്കത്ത് | മെമ്പർ |
| 5 | ശ്രീ. ബിജു കെ. | മെമ്പർ |
| 6 | ശ്രീ. അഫ്സൽ കുഞ്ഞുമോൻ | മെമ്പർ |
| 7 | ശ്രീ. സന്തോഷ് കാല | മെമ്പർ |
| 8 | ശ്രീ. സതീഷ് എസ്. | മെമ്പർ |
| 9 | ശ്രീ. പ്രവീൺ എസ്.ജി. | മെമ്പർ |
| 10 | അഡ്വ. മനു സി. പുളിക്കൽ | മെമ്പർ |
| 11 | ശ്രീ. സി. ആർ. മഹേഷ് | മെമ്പർ |

**യുവജനക്ഷേമ ബോർഡിന്റെ സാഹസിക കായിക വിനോദപരിപാടികൾ**

170(3900) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയ്ക്ക് ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടികൾക്കായി വകയിരുത്തിയിരുന്ന തുക എത്രയാണെന്നും അതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടികൾക്കായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

2016-17

| ക്രമ നമ്പർ | പദ്ധതി | ചെലവ് (രൂപയിൽ) |
|---|---|---|
| 1 | കേരളോത്സവം | 4,18,55,412 |
| 2 | ദേശീയ യുവജനദിനാചരണം | 1,47,531 |
| 3 | നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള | 37,31,569 |
| 4 | യുവസാഹിത്യ ക്യാമ്പ് | 10,44,016 |
| 5 | യുവ മാധ്യമ ക്യാമ്പ് | 14,84,537 |
| 6 | വനിതാ ശില്പശാല | 18,94,553 |
| 7 | യൂത്ത് അവാർഡ് | 13,07,680 |

2017-18

| ക്രമ നമ്പർ | പദ്ധതി | ചെലവ് (രൂപയിൽ) |
|---|---|---|
| 1 | കേരളോത്സവം | 6,25,00,000 |
| 2 | യുവക്ലബ്ബ് | 18,38,000 |

| | | |
|---|---|---|
| 3 | സംരംഭകത്വ വികസന ശിൽപ്പശാല | 20,56,000 |
| 4 | യൂത്ത് ക്ലബ്ബ് ശാക്തീകരണം | 9,11,000 |
| 5 | സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം | 19,00,000 |
| 6 | യുവസാഹിത്യ ക്യാമ്പ് | 11,00,000 |
| 7 | യുവ ക്യാമ്പ് | 8,40,000 |
| 8 | കായിക വികസന പദ്ധതി | 5,30,000 |
| 9 | പി.എസ്.സി. പരിശീലന പദ്ധതി | 27,40,000 |
| 10 | ഷോർട്ട് ഫിലിം ഫെസ്റ്റിവൽ | 25,00,000 |
| 11 | യൂത്ത് കേരള എക്സ്പ്രസ്സ് | 2,12,000 |
| 12 | മറ്റ് പാരിസ്ഥിതിക പ്രവർത്തനങ്ങൾ | 5,91,000 |
| 13 | യോഗ പരിശീലനം | 1,00,000 |
| 14 | മഴക്കാല ആരോഗ്യ ബോധവൽക്കരണം | 20,000 |
| 15 | നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള രണ്ടാം എഡിഷൻ | 41,81,000 |
| 16 | യുവജന ദിനം | 2,35,000 |
| 17 | യുവത മാസിക | 18,98,000 |
| 18 | ലഹരി വിരുദ്ധ കലാപരിപാടി | 4,43,000 |
| 19 | അഡ്വഞ്ചർ പ്രോഗ്രാമുകൾ | 92,910 |

2018-19

| ക്രമ നമ്പർ | പദ്ധതി | ചെലവ് (രൂപയിൽ) |
|---|---|---|
| 1 | ആർട്ട് ഡി ടൂർ | 64,15,450 |
| 2 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ | 7,14,876 |
| 3 | ഫിഫ വേൾഡ് കപ്പ് 2018-ബിഗ് സ്ക്രീൻ പ്രദർശനം | 54,37,292 |
| 4 | പരിസ്ഥിതിദിനവും മറ്റ് ദിനാചരണങ്ങളും | 15,64,020 |
| 5 | ജോബ് ഫെസ്റ്റ് | 6,15,600 |
| 6 | യൂത്ത് കേരള എക്സ്പ്രസ്സ് | 30,87,106 |
| 7 | പെൺപയറ്റ് | 1,72,500 |
| 8 | സാഹസിക ഫോട്ടോഗ്രാഫി അവാർഡ് | 36,697 |
| 9 | സാംസ്കാരിക സായാഹ്നം | 9,01,524 |
| 10 | ജില്ലാതല മാധ്യമ സെമിനാർ | 3,50,000 |
| 11 | മണിനാദം | 25,04,331 |
| 12 | ഫോക് ഫെസ്റ്റ് | 39,63,901 |
| 13 | ഇന്റർ നാഷണൽ മ്യൂസിക് ഡാൻസ് ഫെസ്റ്റിവൽ | 48,93,674 |
| 14 | ദേശീയ യുവജനദിനാഘോഷം | 7,34,087 |
| 15 | കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് | 92,86,917 |
| 16 | യുവ ക്ലബ്ബുകൾ | 10,04,571 |
| 17 | യുവതാ മാസിക | 8,30,205 |

(ബി) ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളത്തെ ദേശീയ സാഹസിക അക്കാഡമിയെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി അതിന്റെ മാനേജ്മെന്റ് കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും കേരളത്തിലെ സാഹസിക മേഖലയിൽ തൽപ്പരരായ യുവാക്കൾക്ക് തൊഴിൽ സാധ്യതകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ ദേശീയതലത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. അതിന്റെ ഭാഗമായി ദേവികുളത്തെ നാഷണൽ അഡ്വഞ്ചർ അക്കാഡമി പുനർനിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം സാഹസിക അക്കാഡമിയുടെ പ്രവർത്തനത്തിനായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതിക്കായി 16,92,000 രൂപ വകയിരുത്തിയിരുന്നു. മുഴപ്പിലങ്ങാട് അഡ്വഞ്ചർ അക്കാഡമിയുടെ നേതൃത്വത്തിൽ ആറളം, റാണിപുരം എന്നിവിടങ്ങളിൽ അഡ്വഞ്ചർ പ്രോഗ്രാം സംഘടിപ്പിച്ചു. 2018-19 സാമ്പത്തിക വർഷം അഡ്വഞ്ചർ പ്രോഗ്രാമിനായി തുക വകയിരുത്തിയിരുന്നില്ല. ദേവികുളം അഡ്വഞ്ചർ അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ 2017-18 വർഷത്തെ സാഹസിക ഫോട്ടോഗ്രാഫി അവാർഡ് ടി സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷം ദേവികുളം അഡ്വഞ്ചർ അക്കാഡമിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 330 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**യുവജനങ്ങളെ മാനവികതയിലേക്ക് നയിക്കുന്നതിന് പ്രോജക്ടുകൾ**

171(3901) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനങ്ങളെ ഇടുങ്ങിയ ജാതി-മത-വർഗ്ഗീയ ചിന്താഗതിയിൽ തളച്ചിടാതെ മുഖ്യധാര തലത്തിൽ രാഷ്ട്രീയ വികസന ചിന്തയിലേക്കും മാനവികതയിലേക്കും നയിക്കുന്നതിന് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

സ്വാതന്ത്ര്യത്തിന്റെ നാനാർത്ഥത്തെക്കുറിച്ച് വിപുലമായ ചർച്ചകൾക്ക് വഴി തുറക്കുക, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സമൂഹത്തിൽ വളർന്നുവരുന്ന അസഹിഷ്ണുതയ്ക്കെതിരെയും ജാതി-മത-വർഗ്ഗീയ ചിന്താഗതികൾക്കെതിരെയും അവബോധം സൃഷ്ടിക്കുക തുടങ്ങിയ സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് 2018 മേയ് 4 മുതൽ 14 വരെ തിരുവനന്തപുരത്ത്

നിന്ന് ആരംഭിച്ച് കാസർഗോഡ് വരെ 'ആർട്ട് ഡി ടൂർ' എന്ന പേരിൽ സാംസ്കാരിക സന്ദേശ ജാഥ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും യാഥാസ്ഥികത്വത്തിനും കുടിലതകൾക്കുമെതിരെ യുവതലമുറയെ സജ്ജമാക്കുക, നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ നവോത്ഥാന ജാഥകൾ, സാംസ്കാരിക കൂട്ടായ്മകൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12-ന് യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ജില്ലകളിൽ സാംസ്കാരിക സദസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി.

## അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡിൽ അന്വേഷണം

172(3902) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡിൽ ഏതെങ്കിലും തരത്തിലുള്ള വകുപ്പുതല അന്വേഷണം നടന്നിട്ടുണ്ടോ;

(ബി) ഈ പരിപാടിയുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡിൽ ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകൾ ഉണ്ടോ;

(സി) വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും തരത്തിൽ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതായി യുവജനക്ഷേമ ബോർഡിന് ബോധ്യപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടില്ല.

(ബി) ഈ പരിപാടിയുമായി ബന്ധപ്പെട്ട് സംസ്ഥാന വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി&ഡി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുമായി സഹകരിച്ച് നടത്തിയ അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് ക്രമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി സർക്കാരിൽ ലഭിച്ച പരാതിയിന്മേൽ നടത്തിയ വിജിലൻസിന്റെ

പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിനും ട്രൈബൽഫെസ്റ്റ് നടത്തിയതിൽ പ്രതിഫലം നൽകിയ ഇനത്തിൽ ചെലവാക്കിയ പണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വയനാട് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുന്നതിനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം അന്വേഷണച്ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. വിനോദൻ പൃഥിയിൽ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ, വയനാട്
2. ശ്രീ. ശങ്കർ എം.എസ്., ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ, പാലക്കാട്.

**സംസ്ഥാന യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ**

173(3903) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന യുവജന കമ്മീഷൻ യുവാക്കളുടെയും യുവതികളുടെയും ഏതൊക്കെ വിഷയങ്ങളിൽ ഇടപെട്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിനെ അടിസ്ഥാനമാക്കി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മീഷനിൽ എത്ര മെമ്പർമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്മീഷൻ എത്ര ജില്ലകളിൽ ഏതൊക്കെ വിഷയങ്ങളിൽ ഹിയറിംഗുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന യുവജനകമ്മീഷൻ യുവാക്കളുടെയും യുവതികളുടെയും നിരവധി വിഷയങ്ങളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു :

1. സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി ചൂഷണം
2. വിവിധ കോഴ്സുകളിൽ പ്രവേശനവും സുഗമമായ അധ്യയനം ഉറപ്പാക്കുന്നത്.

3. തൊഴിലിടങ്ങളിലെ ചൂഷണം.
4. വിദ്യാർത്ഥികളുടെ തുടർ പഠനം ഉറപ്പുവരുത്തുന്നത്.
5. ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കുന്നതിന് സർട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കുന്നതിനെതിരെ.
6. അനധികൃത സ്ഥലം മാറ്റം.
7. അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നത്.
8. ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ മാറ്റി നിർത്തി അന്വേഷണം നടത്തുന്നത്.
9. ട്രാൻസ്ജെൻഡർ വിഭാഗത്തിന് തുല്യ തൊഴിൽ/വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുന്നത്.
10. ശമ്പള പരിഷ്കരണം അനുവദിക്കുന്നത്.
11. ഒഴിവുകൾ കാലതാമസം കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്.
12. അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത്.
13. ജോലി വാഗ്ദാനം ചെയ്ത് സാമ്പത്തിക തട്ടിപ്പ് നടത്തുന്നവർക്കെതിരെ.
14. മദ്യം, മയക്കുമരുന്ന് വ്യാപനത്തിനെതിരെ.
15. അർഹമായ സാമ്പത്തിക സഹായം/കുടുംബ പെൻഷൻ അനുവദിക്കുന്നത്.
16. ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടാത്ത വിധം റാങ്ക് പട്ടികകൾ ക്രമീകരിക്കുന്നത്.
17. തടഞ്ഞുവച്ചിരിക്കുന്ന സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും അനുവദിക്കുന്നത്.
18. നിയമനങ്ങൾ ചട്ടപ്രകാരം നടത്തുന്നത്.
19. വാഹന അപകടങ്ങൾ കുറയ്ക്കുന്നത്.
20. ഇടമലക്കുടിയിലെയും മറ്റ് ആദിവാസി ഊരുകളിലെയും യുവാക്കളുടെ ശാക്തീകരണം.
21. മണി ചെയിൻ തട്ടിപ്പുകൾക്കെതിരെ.

(ബി) കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.എ.ടി. ആശുപത്രിയിൽവെച്ച് ചികിത്സാപിഴവുമൂലം മരണപ്പെട്ട രുദ്ര എന്ന കുട്ടിയുടെ മാതാവായ ശ്രീമതി രമ്യ സുരേഷിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2,00,000 (രണ്ട് ലക്ഷം രൂപ മാത്രം) 11-1-2018-ലെ ജി.ഒ. (ആർ.ടി.)നമ്പർ 153/2018/ആർ.ഡി. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) കമ്മീഷനിൽ 13 മെമ്പർമാരും ഒരു ചെയർപേഴ്സണുമാണുള്ളത്.

(ഡി) കമ്മീഷൻ മുമ്പാകെ ലഭിച്ച പരാതികളുടെയും കമ്മീഷൻ സ്വമേധയാ എടുത്ത കേസുകളുടെയും അടിസ്ഥാനത്തിൽ മേൽ എ പിരിവ് ചോദ്യത്തിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളിലും കമ്മീഷൻ ഹിയറിംഗുകൾ നടത്തിയിട്ടുണ്ട്.

## പ്രസരണ വിതരണശൃംഖലകൾ നവീകരിച്ച് വൈദ്യുതി നഷ്ടം കുറയ്ക്കാൻ സ്വീകരിച്ച നടപടി

174(3904) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വൈദ്യുതി ഉല്പാദനത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടം അറിയിക്കാമോ; അടുത്ത 2 വർഷത്തിനുള്ളിൽ 300 മെഗാവാട്ടെങ്കിലും വർദ്ധിപ്പിക്കുകയെന്ന പ്രഖ്യാപിതലക്ഷ്യം നേടാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പ്രസരണ വിതരണശൃംഖലകൾ നവീകരിച്ച് വൈദ്യുതി നഷ്ടം കുറയ്ക്കാൻ സ്വീകരിച്ച നടപടി ഫലം കണ്ടിട്ടുണ്ടോ; വിതരണശൃംഖല ശാക്തീകരിക്കുന്നതിനുള്ള ദ്യുതിയുടെ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം വൈദ്യുതോൽപ്പാദന മേഖലയിൽ സ്വകാര്യ സംരംഭകരുടേതുൾപ്പെടെ 166.24 മെഗാവാട്ടിന്റെ ശേഷി വർദ്ധന ഉണ്ടായിട്ടുണ്ട്. നിർമ്മാണം നടന്നുവരുന്ന 10 ജലവൈദ്യുത പദ്ധതികൾ

പൂർത്തിയാകുന്നതോടെ 201 മെഗാവാട്ടിന്റെ വർദ്ധന പ്രതീക്ഷിക്കുന്നു. ഇത് കൂടാതെ അടുത്ത രണ്ടുവർഷത്തിനുള്ളിൽ 1000 മെഗാവാട്ട് ശേഷി വർദ്ധന സൗരോർജ്ജ നിലയങ്ങൾ വഴി ലക്ഷ്യമിട്ടിട്ടുള്ള സൗര പദ്ധതി ഊർജ്ജ കേരള മിഷനിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ വഴി 500 മെഗാവാട്ട് ലക്ഷ്യമിടുന്നു. സ്വകാര്യ ഉൽപ്പാദകരിൽ നിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതി വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്-ഹൈവേ സോളാർ പദ്ധതികളിൽനിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് ഉൽപ്പാദനം ലക്ഷ്യമിട്ടിരിക്കുന്നത്. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽനിന്നും ലക്ഷ്യമിട്ട് താൽപ്പര്യമുള്ള ഉപഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൻപ്രകാരം 2,78,258 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർവ്വേ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേക്ക് ഇന്ത്യയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും വാങ്ങുവാൻ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് സോളാർ പാർക്കിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ട് പദ്ധതിക്ക് THDCL-മായി വൈദ്യുത കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കായംകുളത്ത് എൻ.ടി.പി.സി.-ക്ക് കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് എൻ.ടി.പി.സി-യുടെ കൈവശമുള്ള കായൽപ്പരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി കെ.എസ്.ഇ.ബി.എൽ. ഉം എൻ.ടി.പി.സി. ഉം തമ്മിൽ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.എച്ച്.പി.സി. മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള വയനാട് ജില്ലയിലെ ബാണാസുരസാഗർ റിസർവോയർ, ഇടുക്കി ജില്ലയിലെ ചെങ്കുളം, കല്ലാർകുട്ടി, ഇടുക്കി, ആനയിറങ്കൽ, പൊന്മുടി, കുണ്ടള എന്നീ ജലസംഭരണികളിലും ഫ്ലോട്ടിംഗ് സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിന് എസ്.ഇ.സി.ഐ., എൻ.ടി.പി.സി. എന്നിവയുമായി ധാരണയായിട്ടുണ്ട്.

ഇതുകൂടാതെ സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി 6.385 മെഗാവാട്ട്, കെ.എസ്.ഇ.ബി.എൽ.-ന്റെ മറ്റ് സോളാർ പദ്ധതികൾ 11.10 മെഗാവാട്ട് തുടങ്ങിയവയും പുരോഗമിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതി വഴി 12.5 മെഗാവാട്ട് അധിക വൈദ്യുതി ഉൽപ്പാദനശേഷി കൈവരിച്ചിട്ടുണ്ട്. 8MW-ന്റെ പാതംകയം ജലവൈദ്യുത പദ്ധതിയും 4.5 മെഗാവാട്ടിന്റെ

കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ടവും ഇതിൽ ഉൾപ്പെടുന്നു. ഇതുകൂടാതെ ഗ്രിഡ് ബന്ധിതമല്ലാത്ത 4 kw-ന്റെ ഈച്ചാംപെട്ടി പൈകോ ജലവൈദ്യുത പദ്ധതിയും ഒരു കിലോവാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള 25 പൈകോ ജലവൈദ്യുത പദ്ധതികളും കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട ജലവൈദ്യുത പദ്ധതികളിൽ അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഭൂതത്താൻകെട്ട് (24 MW), പെരിങ്ങൽകുത്ത് (24 MW), അപ്പർ കല്ലാർ (2 MW), ചാത്തൻകോട്ടുനട II (6 MW), തോട്ടിയാർ (40 MW), പഴശ്ശിസാഗർ (7.5 MW), പെരുവണ്ണാംമൂഴി (6 MW) എന്നീ ജലവൈദ്യുത പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ ജലവൈദ്യുത പദ്ധതികളിൽ നിന്നും 109.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ബൂട്ട് അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച 8MW ആനക്കാംപോയിൽ (കോഴിക്കോട് ജില്ല) പദ്ധതി ഈ വർഷം അവസാനം കമ്മീഷൻ ചെയ്യാവുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4.5 MW-ന്റെ അരിപ്പാറ പദ്ധതി (കോഴിക്കോട് ജില്ല) യുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2020 മധ്യത്തോടുകൂടി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്ന പ്രസരണ മേഖലയിലെയും വിതരണ മേഖലയിലെയും പദ്ധതികൾ വഴി പ്രസരണ-വിതരണ നഷ്ടം മുൻവർഷങ്ങളിലേക്കാളും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിലെ പ്രസരണ വിതരണ നഷ്ടം 14.37 ശതമാനം ആയിരുന്നത് 2017-18 ആയപ്പോഴേക്കും 13.07 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ നഷ്ടം കണക്കാക്കി വരുന്നു. പ്രസരണ വിതരണ ശൃംഖലകളുടെ നവീകരണത്തിനായി ഊർജ്ജകേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021 തുടങ്ങിയ പദ്ധതികൾ പൂർത്തിയാകുന്നതോടെ പ്രസരണ വിതരണ നഷ്ടം ഇപ്പോഴുള്ളതിനെക്കാളും കുറയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്തുകൊണ്ട് വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോക നിലവാരത്തിലേക്ക് ഉയർത്തുകയാണ് 2021 ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷക്കാലയളവിൽ വിഭാവന

ചെയ്തിട്ടുള്ളത്. ദ്യുതി 2021 എന്ന വിതരണ ശൃംഖല നവീകരണ പദ്ധതിയിൽ നാളിതുവരെ 158.935 km HT OH ലൈനുകൾ പുതുതായി നിർമ്മിക്കുകയും ലോഡ് സെന്ററുകളിൽ 204 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 120.195 KM HT ലൈൻ റീകണ്ടക്റ്റിംഗ് വർക്കുകൾ 1144 km LT ലൈൻ റീകണ്ടക്റ്റിംഗ് വർക്കുകൾ, 276.93 km LT ലൈൻ കൺവെർഷൻ വർക്കുകൾ, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 3.37 km 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എ.ബി.സി.) സ്ഥാപിക്കുക തുടങ്ങിയവ ഉൾപ്പെടെ ഏകദേശം 85.74 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**കെ.എസ്.ഇ.ബി.-യുടെ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ**

175(3905) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിൽ എവിടെയൊക്കെയാണ് ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇവ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകി കെ.എസ്.ഇ.ബി.-യുടെ വരുമാനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെ പട്ടിക ചുവടെ നൽകുന്നു.

1. ആലപ്പുഴ
2. അമ്പലപ്പാറ, തൃശ്ശൂർ
3. അരിക്കോട്, മലപ്പുറം
4. ചിത്തിരപുരം, ഇടുക്കി
5. ഗുരുവായൂർ, തൃശ്ശൂർ
6. ഇടമലയാർ, എറണാകുളം
7. കക്കാട് (സീതത്തോട്), പത്തനംതിട്ട
8. കക്കാട് (അനക്സ്), പത്തനംതിട്ട
9. കക്കയം, കോഴിക്കോട്

10. കളമശ്ശേരി, എറണാകുളം
11. കലൂർ, എറണാകുളം
12. കല്ലാർകുട്ടി, ഇടുക്കി
13. കണ്ണാർകുഴി, അതിരപ്പിള്ളി, തൃശ്ശൂർ
14. കരിമണൽ, ഇടുക്കി
15. കൊച്ചുപമ്പ (ഗവി), പത്തനംതിട്ട
16. കോഴിക്കോട്
17. കുറുമശ്ശേരി, എറണാകുളം
18. മാടക്കത്തറ, തൃശ്ശൂർ
19. മൂലമറ്റം സർക്യൂട്ട് ഹൗസ്, ഇടുക്കി
20. മൂലമറ്റം ഐ.സി.ബി. ഇടുക്കി
21. മുണ്ടയാട്, കണ്ണൂർ
22. മൂന്നാർ ഐ.സി.ബി. ഇടുക്കി
23. മൂന്നാർ ഹൗസ്, ഇടുക്കി
24. മൂഴിയാർ ഹൗസ്
25. മൈലാട്ടി, കാസർഗോഡ്
26. പടിഞ്ഞാറേത്തറ (തരിയോട്) വയനാട്
27. പാലക്കാട്
28. പാമ്പള, ഇടുക്കി
29. പരുത്തിപ്പാറ, തിരുവനന്തപുരം
30. പത്തനംതിട്ട
31. പത്തനംതിട്ട, അനെക്സ്
32. പൊരിങ്ങൽകുത്ത്, തൃശ്ശൂർ
33. പീരുമേട്, ഇടുക്കി

34. പൂവത്തുരുത്ത്, കോട്ടയം

35. ശബരിമല

36. ഷോളയാർ

37. തെന്മല, കൊല്ലം

38. തൃശ്ശൂർ

39. വടകര, കോഴിക്കോട്

40. വാഴത്തോപ്പ്, ഇടുക്കി

41. വെള്ളത്തുവൽ, ഇടുക്കി

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വരുന്ന കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർക്ക് മുൻഗണനാടിസ്ഥാനത്തിൽ നിശ്ചിത വാടകയ്ക്ക് നൽകാറുണ്ട്. കൂടാതെ അവ ഒഴിഞ്ഞുകിടക്കുന്ന പക്ഷം വിനോദ സഞ്ചാരികൾക്കും ബോർഡ് നിശ്ചയിച്ചിട്ടുള്ള വാടകയ്ക്ക് നൽകുവാനും വ്യവസ്ഥയുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ൽ പെൻഷൻ ഫണ്ട്

176(3906) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 1-4-2013-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് എൻ.പി.എസ്. എന്ന കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായമാണോ നിലനിൽക്കുന്നത്;

(ബി) പ്രസ്തുത ജീവനക്കാരിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ എന്ന നിലയിൽ എത്ര കോടി രൂപ പിരിച്ചെടുത്തു;

(സി) കെ.എസ്.ഇ.ബി.-യിൽ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുവാൻ മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 1-4-2013-നുശേഷം ബോർഡ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ നാഷണൽ പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) 30-4-2019 വരെ 46,79,48,535 രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.

(സി) കെ.എസ്.ഇ.ബി.എൽ.-ൽ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യാൻ മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ആസ്തി ബാധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഇറക്കിയ ഗസറ്റ് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം കെ.എസ്.ഇ.ബി.എൽ.-ലെ ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി ഇന്ത്യൻ ട്രസ്റ്റ് ആക്ട് 1882 പ്രകാരം 12-2-2015-ൽ ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുകയും അതുമുഖേന 1-1-2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുമുണ്ടായി.

## പഴയ തടി ഇലക്ട്രിക് പോസ്റ്റുകൾ

177(3907) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. പഴയ തടി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി പുതിയത് സ്ഥാപിക്കുമ്പോൾ തടി ഇലക്ട്രിക് പോസ്റ്റുകൾ എന്താണ് ചെയ്യാറുള്ളത് എന്ന് വ്യക്തമാക്കാമോ; ഇവ ലേലം ചെയ്തു വിൽക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ എവിടെയെങ്കിലും തടിയിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി.എൽ. മാറ്റുന്ന പഴയ തടി ഇലക്ട്രിക് പോസ്റ്റുകൾ സ്ക്രാപ്പ് ഡിസ്പോസൽ കമ്മിറ്റിയുടെ അനുമതിയോടെ ലേലം ചെയ്ത് വിൽക്കുകയാണ് ചെയ്യുന്നത്. ചില തടി പോസ്റ്റുകൾ മുറിച്ച് ചതുപ്പ്/പാടം എന്നിവിടങ്ങളിൽ സ്റ്റേ ഉറപ്പിക്കാനും ഉപയോഗിക്കാറുണ്ട്.

(ബി) ചില സ്ഥലങ്ങളിൽ പഴയ തടി പോസ്റ്റുകൾ ഇപ്പോഴും ഉപയോഗത്തിലുണ്ട്.

## കക്കയം ഹൈഡൽ ടൂറിസം പദ്ധതി

178(3908) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ കക്കയം ഹൈഡൽ ടൂറിസം പദ്ധതി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ നവീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഹൈഡൽ ടൂറിസം വികസിപ്പിക്കുന്നതിനായി കക്കയത്ത് കെ.എസ്.ഇ.ബി.-യുടെ കൈവശം എത്ര ഏക്കർ ഭൂമി ഉണ്ട് എന്നറിയിക്കാമോ;

(സി) വനം വകുപ്പുമായി തർക്കം ഇല്ലാത്ത കക്കയത്തെ കെ.എസ്.ഇ.ബി.-യുടെ ഭൂമിയിൽ ടൂറിസം വികസനത്തിനായി ആകർഷകമായ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ തയ്യാറാവുമോ?

<u>ഉത്തരം</u>

(എ) കക്കയം ഹൈഡൽ ടൂറിസം പദ്ധതി നവീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) കക്കയത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശം വില്ലേജ് റിക്കോർഡ് പ്രകാരം ചക്കിട്ടപ്പാറ വില്ലേജിൽ 339.7944 ഹെക്ടർ ഭൂമിയും കുരാച്ചുണ്ട് വില്ലേജിൽ 80.3085 ഹെക്ടർ ഭൂമിയുമുണ്ട്.

(സി) കക്കയത്ത് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആരംഭിക്കുവാനുള്ള ചർച്ചകൾ നടന്നുവരുന്നു.

**വൈദ്യുതി ഉപഭോഗം**

179(3909) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2016 മേയ് മാസത്തിന് ശേഷം സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വൈദ്യുതിയാണ് അധികമായി വേണ്ടി വരുന്നത്?

<u>ഉത്തരം</u>

2016 മേയ് മാസത്തിനുശേഷം സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. 2016 മേയ് മാസംവരെ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കൂടിയ പ്രതിദിന ഉപഭോഗം 80.44 ദശലക്ഷം യൂണിറ്റായിരുന്നു. ഏറ്റവും കൂടിയ വൈദ്യുത ആവശ്യകത 4004 മെഗാവാട്ട് ആയിരുന്നു. എന്നാൽ 2019 ആയപ്പോഴേക്കും ഏറ്റവും കൂടിയ പ്രതിദിന ഉപഭോഗം 88.33 ദശലക്ഷം യൂണിറ്റായി ഉയർന്നിട്ടുണ്ട്. വൈദ്യുത ആവശ്യകത 4004 മെഗാവാട്ടിൽനിന്നും 4316 മെഗാവാട്ടായി ഉയർന്നിട്ടുണ്ട്. 312 മെഗാവാട്ട് വർദ്ധന വൈദ്യുതി ആവശ്യകതയിൽ വന്നിട്ടുണ്ട്.

**ഊർജ്ജ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ**

180(3910) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 മുതൽ 2018 വരെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ മേഖലയിൽ നടത്തിയത്;

(ബി) പ്രസ്തുത കാലയളവിൽ ഒരോ വർഷവും എത്ര കോടി രൂപയുടെ കേന്ദ്ര സംസ്ഥാന ഫണ്ട് പ്രസ്തുത മേഖലയിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-18 കാലഘട്ടത്തിൽ ഊർജ്ജ മേഖലയിലെ വിതരണ വിഭാഗത്തിൽ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് സമ്പൂർണ്ണ വൈദ്യുതീകരണം. 2017 മേയ് 29-ന് കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്. 2016-17, 17-18 & 18-19 കാലയളവിൽ ആകെ 11,26,920 വൈദ്യുതി കണക്ഷനുകൾ നൽകി. ടി കാലയളവിൽ 5249 കി.മീ. എച്ച് റ്റി ലൈൻ, 11480 കി. മീ. എൽ റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 6865 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു. കൂടാതെ വിതരണനഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 24.86 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും 4735 കി. മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുകയും 2557 കി.മീ. എച്ച് റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 30,934 കി.മീ. എൽ റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തു.

സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് പുത്തനുണർവ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി സംസ്ഥാന സർക്കാർ രൂപം നൽകിയ സ്വപ്നപദ്ധതിയാണ് ഊർജ്ജ കേരളാ മിഷൻ. വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമുള്ള ദ്യുതി 2021 പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന 'ട്രാൻസ്ഗ്രിഡ് 2.0' മൂന്ന് വർഷത്തിനുള്ളിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വൈദ്യുതി ഉറപ്പു വരുത്തുന്നതിനായി 'സൗര' ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ. ഇ.ഡി. ബൾബുകളും ട്യൂബുകളും വിതരണം ചെയ്യുന്ന ഫിലമെന്റ്രഹിത കേരളം, വൈദ്യുതി അപകട രഹിത കേരളം എന്ന ലക്ഷ്യമിടുന്ന ഇ-സേഫ് എന്നിവയുടെ പ്രഖ്യാപനം നടത്തുകയുണ്ടായി. ഇതിൽ ദ്യുതി 2021, ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൾ കെ.എസ്.ഇ.ബി. നേരിട്ടും ഫിലമെന്റ് രഹിത കേരളം പദ്ധതി സംസ്ഥാന സർക്കാർ സ്ഥാപനമായ ഇ.എം.സി.-യുമായി ചേർന്നും സൗര പദ്ധതി സംസ്ഥാന സർക്കാർ സ്ഥാപനമായ അനെർട്ടുമായി ചേർന്നും ഇ-സേഫ് പദ്ധതി സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി സഹകരിച്ചുമാണ് നടപ്പാക്കുന്നത്. കൂടാതെ 2016-2018 കാലയളവിൽ താഴെ പറയുന്ന ജലവൈദ്യുത നിലയങ്ങൾ കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

| തീയതി | നിലയങ്ങൾ | സ്ഥാപിതശേഷി |
|---|---|---|
| 28-2-2016 | ബാരാപോൾ | 15 മെഗാവാട്ട് |
| 8-9-2016 | വെള്ളത്തൂവൽ | 3.6 മെഗാവാട്ട് |
| 23-10-2017 | പെരുന്തേനരുവി | 6 മെഗാവാട്ട് |
| 16-7-2018 | കക്കയം | 3 മെഗാവാട്ട് |

ഈ കാലഘട്ടത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളായ പെരുവണ്ണാമൂഴി (6 മെഗാവാട്ട്), അപ്പർ കല്ലാർ (2 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്), പഴശ്ശി സാഗർ (7.5 മെഗാവാട്ട്) എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചു. കൂടാതെ 2015 മുതൽ മുടങ്ങിക്കിടന്നിരുന്ന ജലവൈദ്യുതി പദ്ധതികളായ ചാത്തൻ കോട്ടുനട II (6 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്) എന്നിവ പുനരാരംഭിക്കുവാൻ സാധിച്ചു. ഇതിനു പുറമേ വൈദ്യുതി ഭവനം, തലശ്ശേരി, സബ് ഡിവിഷൻ ഓഫീസ്, പിണറായി, റിസർച്ച് ഓർഗനൈസേഷൻ പള്ളം എന്നീ കെട്ടിടങ്ങളുടെ നിർമ്മാണവും പൂർത്തീകരിച്ചു. 4x9 മെഗാവാട്ട് പൊരിങ്ങൽക്കുത്ത് പവർഹൗസിലെ പെൻസ്റ്റോക്ക് നവീകരണം പൂർത്തിയാക്കി ഷോളയാർ പവർഹൗസിലെ യൂണിറ്റ് #3 ജനറേറ്ററിന്റെയും പെൻസ്റ്റോക്കിന്റെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തി. പൊരിങ്ങൽക്കുത്ത് പവർഹൗസിലെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ഇടുക്കി പദ്ധതിയിൽ യൂണിറ്റ് #3 ജനറേറ്ററിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തി. 2016-2018-ൽ പ്രസരണമേഖലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങളും പ്രസ്തുത കാലയളവിൽ ലഭ്യമായ കേന്ദ്ര സംസ്ഥാന ഫണ്ടിന്റെ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഈ കാലയളവിൽ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജനയിൽ 230.97 കോടി രൂപയും ഐ.പി.ഡി.എസ്.-ൽ 107.41 കോടി രൂപയും ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ 96.584 കോടി രൂപയുമാണ് കേന്ദ്ര വിഹിതമായി ലഭ്യമായത്. പദ്ധതികളുടെ പരമാവധി 75 ശതമാനം കേന്ദ്ര വിഹിതമാണ് ലഭ്യമാകുന്നത്. ശേഷിക്കുന്ന തുക കെ.എസ്.ഇ.ബി. ലിമിറ്റഡും സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. മറ്റ് മൂലധന ചെലവുകൾ കെ.എസ്.ഇ.ബി.എൽ. സ്വന്തം ഫണ്ടിൽനിന്ന് വായ്പകളിൽനിന്ന് നിർവ്വഹിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജിയിൽനിന്നും ചെറുകിട

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനായി 04/2016 മുതൽ 12/2018 വരെ 4511.25 ലക്ഷം രൂപ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിനായി 20 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി പട്ടികജാതി ക്ഷേമ വകുപ്പിൽനിന്ന് 11.58 കോടി രൂപയും പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽനിന്നും 11.78 കോടി രൂപയും എം.എൽ. എ. ADF ഫണ്ടിൽ നിന്നും 20.88 കോടി രൂപയും എം.എൽ.എ. സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽനിന്നും 9.37 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് 13.18 കോടി രൂപയും ലഭ്യമായിട്ടുണ്ട്. ഇതു കൂടാതെ എം.എൽ.എ. ADF ഫണ്ടിൽ നിന്നും പാലക്കാട് അഗ്രഹാരത്തിലെ ABC പ്രവൃത്തികൾ ഒല്ലൂർ പാത്രകണ്ടം കോളനിയുടെ വൈദ്യുതീകരണം, കുട്ടനുഴ, മറ്റത്തൂർ വല്ലച്ചിറ, നെൻമേനിക്കര ആലത്തൂർ, കുത്തുപറമ്പ് എന്നീ പഞ്ചായത്തുകളിലെ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, തോപ്പുംപടി സെക്ഷനോഫീസിന്റെ കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്കായി 2,89,10,591 രൂപ ഈ കാലയളവിൽ ലഭ്യമായിട്ടുണ്ട്.

## പറപ്പൂർ പഞ്ചായത്തിലെ രാജീവ് ഗാന്ധി ഗ്രാമത്തിലേക്ക് ലൈൻ ത്രീഫേസ്

181(3911) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേങ്ങര കെ.എസ്.ഇ.ബി.-യ്ക്ക് കീഴിൽ പറപ്പൂർ പഞ്ചായത്തിൽപ്പെട്ട രാജീവ് ഗാന്ധി ഗ്രാമത്തിലേക്ക് ത്രീഫേസ് ലൈൻ സ്ഥാപിക്കുന്നതിനായി 2017-18 വർഷത്തെ എം.എൽ.എ.ഫണ്ടിൽ നിന്നും ഒന്നരലക്ഷം രൂപ കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ത്രീഫേസ് ലൈൻ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പറപ്പൂർ പഞ്ചായത്തിൽപ്പെട്ട രാജീവ് ഗാന്ധി ഗ്രാമത്തിലേക്ക് ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽനിന്നും 1,44,311 രൂപ, 31-12-2018-ൽ കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത 450 മീറ്റർ നിലവിലുള്ള സിംഗിൾ ഫേസ് ലൈനിനെ 3 ഫേസ് ആക്കി മാറ്റുന്ന പ്രവൃത്തി 28-5-2019-ൽ പൂർത്തികരിച്ചിട്ടുണ്ട്.

## പ്രളയദുരിത ബാധിതർക്ക് വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതിന് നടപടി

182(3912) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ വീടുകൾ വെള്ളം കയറി മുങ്ങിയതിനാൽ മാറി താമസിക്കേണ്ടി വന്ന പ്രളയദുരിത ബാധിതർക്ക് പ്രസ്തുത മാസങ്ങളിലെ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇവർക്ക് വൈദ്യുതി ചാർജ് ഇനത്തിൽ നിലവിൽ എന്തെങ്കിലും സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രളയമാസങ്ങളിലെ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും ഒഴിവാക്കുന്നത് പരിഗണനയിലില്ല.

(ബി) പ്രളയബാധിത പ്രദേശങ്ങളിലെ ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് ഉപഭോക്താക്കൾക്ക് 31-1-2019 വരെ വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാവകാശം നൽകുകയുണ്ടായി. കൂടാതെ റീകണക്ഷൻ ഫീസും സർചാർജ്ജും ഒഴിവാക്കി കൊടുക്കുകയും ആവശ്യമെങ്കിൽ തവണ വ്യവസ്ഥയിൽ കറന്റ് ചാർജ്ജ് അടയ്ക്കുന്നതിനുള്ള അനുവാദവും നൽകുകയുണ്ടായി. കേടായ മീറ്ററുകളുള്ള ഉപഭോക്താക്കളുടെ ബില്ലുകൾ പുനഃപരിശോധിച്ച് ആവറേജ് തുക കണക്കാക്കുമ്പോൾ വൈദ്യുതി ലഭ്യമല്ലാതിരുന്ന ദിവസങ്ങൾക്കുള്ള ചാർജ്ജ് കുറവ് ചെയ്ത് തുകയിൽ ഇളവ് നൽകുവാനും അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും സ്പെഷ്യൽ ഓഫീസർ (റവന്യൂ)നും അനുവാദം നൽകുകയുമുണ്ടായി.

## സൗരോർജ്ജ പാർക്കുകൾ

183(3913) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ച സൗരോർജ്ജ പാർക്കുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര കോടി രൂപയാണ് മുടക്കിയിട്ടുള്ളത്?

(സി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സോളാർ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ സർക്കാർ അധീനതയിലുള്ള ഭൂമിയിൽ 200 MW ശേഷിയുള്ള സൗരോർജ്ജ പദ്ധതി സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഹോസ്ദുർഗ് താലൂക്കിലെ അമ്പലത്തറ വില്ലേജിൽ ലഭ്യമായ 250 ഏക്കർ സ്ഥലത്ത് 50 MW ശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിച്ചു. അതിൽനിന്നും 14-9-2017 മുതൽ വൈദ്യുതി ഉത്പാദിപ്പിച്ചുവരുന്നു. കൂടാതെ, ഇവിടെനിന്നും 5 MW ശേഷിയുള്ള ഒരു സൗരോർജ്ജ നിലയംകൂടി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഞ്ചേശ്വരം താലൂക്കിലെ പൈവളിഗയിൽ 250 ഏക്കർ ഭൂമി പുതുതായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് 50 MW ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന 100 MW ശേഷിയുള്ള പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) അതാത് പദ്ധതികളുടെ ചെലവ് വഹിക്കുന്നത് Developers ആണ്. അതിൽ ഉത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും കരാർ പ്രകാരം KSERC നിശ്ചയിക്കുന്ന നിരക്കിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങുന്നു. പണി പൂർത്തിയായി പ്രവർത്തിച്ചു വരുന്ന അമ്പലത്തറ 50 MW സോളാർ പാർക്കിന് KSERC അംഗീകരിച്ചതുപ്രകാരം 282.78 കോടി രൂപയാണ്. ശേഷിക്കുന്ന പദ്ധതികളുടെ ചെലവ് കരാർ നൽകി പണി പൂർത്തിയാക്കിയതിനുശേഷം മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(സി) 50 MW ശേഷിയുള്ള പൈവളിഗ സോളാർ പ്ലാന്റിനെയും 5 MW ശേഷിയുള്ള അമ്പലത്തറ സോളാർ പ്ലാന്റിനെയും പ്രവർത്തനം പൂർത്തിയാക്കി 2020 ഓടെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**അനെർട്ടിലെ ശാസ്ത്രജ്ഞന്മാരുടെ പ്രൊമോഷൻ**

184(3914) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി എത്ര ശാസ്ത്രജ്ഞൻമാർ നിലവിലുണ്ട്; അവർ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നടത്തിയ ഗവേഷണ പ്രവർത്തനങ്ങളുടെ വർഷം തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം ഈ ശാസ്ത്രജ്ഞൻമാർ നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഈ കാലയളവിൽ ഇവർ ശമ്പള ഇനത്തിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) അനെർട്ടിലെ രണ്ട് ശാസ്ത്രജ്ഞൻമാർക്ക് സയന്റിസ്റ്റ് ബി തസ്തികയിൽ നിന്നും സയന്റിസ്റ്റ് എഫ് തസ്തികയിലേയ്ക്ക് ഒരേ ദിവസം നാല് പ്രൊമോഷനുകൾ ഒരുമിച്ച് നൽകിയത് ഏത് മാനദണ്ഡപ്രകാരമാണ്; ആയത് CSIR നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരമാണോ;വ്യക്തമാക്കാമോ ;

(ഡി) മേൽപ്പറഞ്ഞ പ്രമോഷനുകൾ നടപ്പിലാക്കുന്നതിന് മുൻപും അതിനു ശേഷവും ഉള്ള ഇവരുടെ പ്രതിമാസ ശമ്പള ആനുകൂല്യങ്ങൾ, ശമ്പള കുടിശ്ശികയായി നൽകിയ തുകയുടെ വിവരം എന്നിവ വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത പ്രമോഷൻ സംബന്ധിച്ച് കോടതി കേസ്സും ഭീമമായ സാമ്പത്തിക ബാധ്യതയും ഉണ്ടായിരുന്നതിനാൽ നിയമ വകുപ്പിന്റെയും ധന വകുപ്പിന്റെയും ശിപാർശകൾ പ്രകാരമായിരുന്നോ സ്ഥാനക്കയറ്റം അനുവദിച്ചത്; അല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ടിൽ ഗവേഷണ പ്രവർത്തന ങ്ങൾക്കായി 4 ശാസ്ത്രജ്ഞൻമാർ നിലവിലുണ്ട്. അവർ കഴിഞ്ഞ അഞ്ച് വർഷത്തി നുള്ളിൽ നടത്തിയ ഗവേഷണ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

1. <u>ശ്രീ. പ്രേംകുമാർ. കെ</u>

ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ സ്ഥാപിക്കുന്ന ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിന്റെ ഡിസൈൻ നടത്തി നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നു. സൗരോർജ്ജം, കാറ്റ്, ആർദ്രത, മഴ തുടങ്ങി പത്തിൽ കൂടുതൽ സൂചികകൾ പഠന വിധേയമാക്കുവാൻ സാധിക്കുന്ന സൗരോർജ്ജ വിഭവ പഠന നിലയങ്ങൾ ഇടുക്കിയിലെ രാമക്കൽമേട്ടിലും പാലക്കാട് കുഴൽമന്ദത്തും സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിച്ചു. അനെർട്ട് കടലാസ് മുക്തമാക്കുന്നതിന്റെ ഭാഗമായി വികസിപ്പിച്ച കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് കെൽട്രോണുമായി സംയുക്തമായി സഹകരിച്ചു. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് 'buymysun' എന്ന ഇ-കോമേഴ്സ് വെബ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. എം-അനെർട്ട് എന്ന മൊബൈൽ ആപ് തയ്യാറാക്കുകയും അത് അനെർട്ട് നടപ്പാക്കുന്ന കേന്ദ്ര സർക്കാരിന്റെ MNRE പ്രോജക്ടിന്റെ സബ്സിഡി വിതരണം, മറ്റ് പേമെന്റ്, സൗജന്യ ഇൻഷ്വറൻസ് എന്നിവയും ആധാറുമായും ബന്ധിപ്പിച്ച് സോഫ്റ്റ്‌വെയർ തയ്യാറാക്കി, വിവിധ കോളേജുകളിൽ പരിശീലന പരിപാടികളിൽ പങ്കെടുക്കുകയു മുണ്ടായി. പടിഞ്ഞാറെ കല്ലടയിൽ കളിമൺ ഖനനം നടന്ന പ്രദേശത്ത് സൗര പ്ലാന്റ് സ്ഥാപിക്കാനുള്ള പ്രാഥമിക പ്രവർത്തനം നടത്തി. വിവിധ സൗര പ്രോജക്ടുകളുടെ സാങ്കേതിക സ്പെസിഫിക്കേഷൻ തയ്യാറാക്കി.

(2) ശ്രീ. പ്രമോദ്. എൻ. ഇ

2014 മുതൽ 2018 മേയ് വരെ ശൂന്യവേതന അവധിയിൽ ആയിരുന്നു. അതിനുശേഷം ഇടുക്കിയിലെ രാമക്കൽമേട്ടിൽ സോളാർ-വിൻഡ്-സ്റ്റോറേജ് ഹൈബ്രിഡ് നിലയം സ്ഥാപിക്കു വാനുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ സാങ്കേതിക വിവരങ്ങൾ തയ്യാറാക്കി. വിവിധ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട്, അനെർട്ടിന്റെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി നിർദ്ദേശിച്ച 12 പ്രോജക്ടുകൾക്ക് നേതൃത്വം നൽകുന്നു.

(3) ശ്രീമതി കമലാദേവി. വി

സൗരോർജ്ജ ഗ്രിഡ് ബന്ധിത ഇൻവെർട്ടർ ഗ്രിഡിൽ വരുത്തുന്ന ആഘാതം സംബന്ധിച്ച പഠനം നടത്തി. കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മായി ചേർന്ന് ബാറ്ററി ചാർജ്ജ് ചെയ്യാനുള്ള നൂതന സംവിധാനമായ ബിപ്സ് (BIPS) സംവിധാനം രൂപകൽപ്പന ചെയ്തു.

(4) ശ്രീ. വത്സരാജ്. പി.

അനെർട്ടിന്റെ ഡയറക്ടർ (ടെക്നിക്കൽ) സ്ഥാനത്തിരിക്കുന്നത് കൊണ്ട് ഭരണ കാര്യങ്ങളാണ് കഴിഞ്ഞ 5 വർഷ കാലയളവിൽ ചെയ്തത്.

(ബി) കഴിഞ്ഞ അഞ്ച് വർഷം ഈ ശാസ്ത്രജ്ഞൻമാർ നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾക്ക് 729.23 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഈ കാലയളവിൽ ഇവർ ശമ്പള ഇനത്തിൽ 2,70,68,034 രൂപ കൈപ്പറ്റിയിട്ടുണ്ട്.

(സി) അനെർട്ടിലെ രണ്ട് ശാസ്ത്രജ്ഞൻമാർക്ക് സയന്റിസ്റ്റ് ബി തസ്തികയിൽ നിന്നും സയന്റിസ്റ്റ് എഫ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ കൊടുത്തത് C.S.I.R പാറ്റേൺ അനുസരിച്ച് 22-2-2013-ലെ സ.ഉ.(എംഎസ്) നമ്പർ 8/2013/ഊ.വ. അനുസരിച്ചാണ്. കേരള ഹൈക്കോടതി ഇവർക്ക് പ്രൊമോഷൻ നൽകാനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് നൽകിയ ഇടക്കാല ഉത്തരവിൻപ്രകാരമാണ് (20-1-2009-ലെ WP(C) No. 27417/2006 ഉം WP(C) No. 28824/2006 ഉം ) ഈ സർക്കാർ ഉത്തരവ് പുറത്തിറക്കിയത്. CSIR പാറ്റേണിൽ ഉള്ള ഇവർക്ക് ശാസ്ത്രജ്ഞൻമാർക്കുള്ള സ്ക്രീനിംഗ് അസസ്സ്മെന്റ് പ്രോസസ്സ് അയവു വരുത്തിക്കൊണ്ടാണ് പ്രൊമോഷൻ നൽകിയത്. ഇപ്പോൾ CSIR ശമ്പള സ്കെയിലിലാണ് വേതനം നൽകിക്കൊണ്ടിരി ക്കുന്നത്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയിലുള്ള കേസിന്റെ (WP(C) No. 31359/2010) അവസാന ഉത്തരവ് (final verdict) അനുസരിച്ചായിരിക്കുമെന്ന് സർക്കാർ ഉത്തരവിലുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും ധനകാര്യ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലുമാണ് പ്രൊമോഷൻ നൽകിയത്. കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവി ക്കേണ്ടത് എന്നിരുന്നതിനാൽ നിയമവകുപ്പിന്റെ ഉപദേശം ആവശ്യമായിക്കണ്ടില്ല.

**ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

185(3915) ശ്രീ. റ്റി. വി. രാജേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ.ജോർജ് എം. തോമസ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിനും ഊർജ്ജ ദുരുപയോഗം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാര്യക്ഷമമായ ഊർജ്ജ മാനേജ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) കാര്യക്ഷമമായ ഊർജ്ജോപയോഗം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തുന്നതിന് ഊർജ്ജകിരൺ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഗാർഹികമേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ, ഊർജ്ജസംരക്ഷണ ഉപാധികൾ തുടങ്ങിയവയെപ്പറ്റി അറിവ് പകരുന്നതിനും പ്രചരിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1. തിരുവനന്തപുരം മെഡിക്കൽ കോളേജ് ജൂബിലി ഹോസ്പിറ്റൽ, തിരുവനന്തപുരം സതേൺ എയർകമാൻഡ് ഓഫീസ് കെട്ടിടം ആക്കുളം തിരുവനന്തപുരം, യൂണിവേഴ്സിറ്റി ഓഫ് കേരള കാര്യവട്ടം കാമ്പസ് തിരുവനന്തപുരം ഉൾപ്പെടെ 17 സ്ഥാപനത്തിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

2. കെ.എസ്.ഇ.ബി.എൽ-ന്റെ 211 സബ് ഡിവിഷൻ ഡി.എസ്.എം സെല്ലുകൾ വഴി ഉപഭോക്താക്കൾക്ക് നേരിട്ടും റസിഡന്റ്സ് അസോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക കലാ സംഘടനകൾ, സ്വയംഭരണസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ ഉത്സവാഘോഷ മേളകൾ മുതലായവ മുഖാന്തരവും ലഘുലേഖകളിലൂടെയും ക്ലാസുകളിലൂടെയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണം തുടർച്ചയായി നടത്തിവരുന്നു. കൂടാതെ സെക്ഷൻ ഓഫീസുകളിലെ എനർജി വോളണ്ടിയർമാർ ഉപഭോക്താക്കളുടെ ഊർജ്ജ ഉപഭോഗത്തെപ്പറ്റിയും ഊർജ്ജ സംരക്ഷണത്തെപ്പറ്റിയുമുള്ള പരാതികളും സംശയങ്ങളും വീടുകളിൽ നേരിട്ടെത്തി ദൂരീകരിക്കുകയും ചെയ്യുന്നു. ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു.

3. വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. ഇതിന്റെ ഭാഗമായി ഇപ്പോൾ അടിമാലി, രാജാക്കാട്, ഒല്ലൂർ സെക്ഷനുകളുടെ പരിധിയിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. തുടർന്ന് കണ്ണൂർ, തിരൂർ, ആലപ്പുഴ ഇലക്ട്രിക് സർക്കിളുകൾക്ക് കീഴിലുള്ള വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണ ജോലികൾ നടന്നുവരുന്നു.

4. വൈദ്യുതി വിതരണനഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ വിജയകരമായി നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവുവരെ ഒഴിവാക്കുവാനും കഴിയുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട കോന്നി ഇലക്ട്രിക് സെക്ഷനുകളിലും നടപ്പാക്കിക്കഴിഞ്ഞു. പാലക്കാട് ജില്ലയിലെ സുൽത്താൻപേട്ട സെക്ഷനിൽ എച്ച്.വി.ഡി.എസ്. നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ 2018-19-ലെ 40 ലക്ഷം രൂപയുടെ സർക്കാർ ഫണ്ട് വിനിയോഗിച്ച് തിരൂർ ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 15 കെ.വി.എ.-യുടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതിയുടെ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

5. സബ്സ്റ്റേഷന്റെ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220 KV സബ്സ്റ്റേഷന്റെ ജോലികൾ പൂർത്തീകരിച്ചു.

6. <u>എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി</u>

വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

7. സംസ്ഥാനത്ത് എം.എൽ.എ., എൽ.എ.ഡി. സ്കീം വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും കെ.എസ്.ഇ.ബി.എൽ. മുഖാന്തരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പൊതു നിരത്തുകളിലെ ബൾബുകൾ എൽ.ഇ.ഡി.-യിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായും വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഒന്നാംഘട്ട പദ്ധതിയും ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് രണ്ടാം ഘട്ടം നടപ്പിലാക്കി വരുന്നു.

8. <u>ഫിലമെന്റ് രഹിത കേരളം പദ്ധതി</u>

കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പിക്കുന്നതിനായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ച ഊർജ്ജ കേരളം മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി. കേരളത്തിലെ എല്ലാ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള എൽ.ഇ.ഡി. ബൾബുകൾ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സംഘങ്ങളുടെയും സഹായത്തോടെ ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ. ബൾബുകളും തിരിച്ചെടുത്ത് സുരക്ഷിതമായി സംസ്കരിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. സി.എഫ്.എൽ. സുരക്ഷിതമായി സംസ്കരിക്കുന്നതുവഴി വെള്ളത്തിൽ മെർക്കുറി കലരുന്നത് തടയുവാൻ സഹായിക്കും. സംസ്ഥാനത്ത് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ ദുരുപയോഗം തടയുന്നതിനും എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) നടത്തുന്ന പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

- കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമപ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം.
- വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണം ഉറപ്പു വരുത്തുന്നതിന് 100 KVA ക്ക് മുകളിൽ വൈദ്യുതി ആവശ്യം വരുന്ന കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിക്കൊണ്ടുള്ള കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നടപ്പിൽ വരുത്തുന്നതിനുള്ള പരിശീലന പരിപാടികളും മറ്റു പ്രവർത്തനങ്ങളും നടത്തിവരുന്നു.
- വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് നിർബന്ധമാക്കിയിട്ടുള്ള ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള എനർജി ഓഡിറ്റർമാരെ എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കലും ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് വിലയിരുത്തലും.
- ചെറുകിട വ്യവസായ മേഖലയിൽ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു.

കേരളത്തിലെ പൊതുജന വായനശാലകളുമായി ചേർന്ന് പ്രാദേശിക തലങ്ങളിൽ വളരെ മികച്ച രീതിയിലുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തിലെ കാർഷിക ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പമ്പ് സെറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് വിശദമായ പഠനം നടത്തി Detailed Project Report (DPR) തയ്യാറാക്കിയിട്ടുണ്ട്.

(ബി) 14 ഗ്രാമ പഞ്ചായത്തുകളിൽ മാതൃകാ ഊർജ്ജകാര്യക്ഷമതാ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കി.

- സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലും സംസ്ഥാനത്തെ 5 സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റിംഗ് പൂർത്തിയാക്കി.
- വിദ്യാലയങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനും വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനും 4800 സ്കൂളുകളിൽ സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കുകയും 550 സ്കൂളുകൾ ഊർജ്ജ കാര്യക്ഷമമാക്കുകയും ചെയ്തു.

പൊതുജന ബോധവൽക്കരണത്തിനായി സർക്കാരിതര സംഘടനകളുമായി ചേർന്ന് 140 നിയോജകമണ്ഡലങ്ങളിലായി ഊർജ്ജ കിരൺ എന്ന പേരിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

- വീട്ടമ്മമാരെ ഊർജ്ജസംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കാൻ വേണ്ടി തെരഞ്ഞെടുക്കപ്പെട്ട വനിതാ റിസോഴ്സ് പേഴ്സൺസിനെ ഉൾപ്പെടുത്തിക്കൊണ്ട് എനർജി ക്ലിനിക് കാമ്പയിൻ സംഘടിപ്പിച്ചുവരുന്നു.
- ഫിലമെന്റ് രഹിത ഗ്രാമപഞ്ചായത്ത് പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിക്കുവാൻ സാധിച്ചു.
- കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായുള്ള ഫിലമെന്റ് രഹിത കേരളം പദ്ധതി കെ.എസ്.ഇ.ബി.-യുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.
- സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ഊർജ്ജ സംരക്ഷണ അവാർഡ് നൽകിവരുന്നു.

- പൊതുജന ബോധവൽക്കരണത്തിനായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പരസ്യ പ്രചാരണ പരിപാടികൾ നടത്തിവരുന്നു.

(സി) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമാക്കാൻ സർക്കാരിതര സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് ഇ.എം.സി. ഊർജ്ജ കിരൺ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 154 എൻ.ജി.ഒ.കൾ ഭാഗമായിട്ടുണ്ട്. ഊർജ്ജകിരൺ പദ്ധതിയുടെ ഭാഗമായി 140 നിയോജകമണ്ഡലങ്ങളിലായി 420 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ ലഭ്യമായ കണക്കുകൾ പ്രകാരം 96669 ആളുകൾ പങ്കെടുത്തിട്ടുണ്ട്.

(ഡി) വീട്ടമ്മമാരെ ഊർജ്ജ സംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കാൻ വേണ്ടി തെരഞ്ഞെടുക്കപ്പെട്ട എണ്ണൂറോളം വനിതാ റിസോഴ്സ് പേഴ്സൺസിനെ ഉൾപ്പെടുത്തിക്കൊണ്ട് എനർജി ക്ലിനിക് കാമ്പയിൻ സംഘടിപ്പിച്ചുവരുന്നു.

- കേരളത്തിലെ പൊതുജന വായനശാലകളുമായി ചേർന്ന് പ്രാദേശികതലങ്ങളിൽ വളരെ മികച്ച രീതിയിലുള്ള ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- സംസ്ഥാനത്ത് ഗാർഹിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ ഊർജ്ജ സംരക്ഷണ ഉപാധികൾ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ഊർജ്ജ സംരക്ഷണ അവാർഡ് നൽകിവരുന്നു.

- പൊതുജന ബോധവൽക്കരണത്തിനായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പരസ്യ പ്രചാരണ പരിപാടികൾ നടത്തി വരുന്നു.

- ഗാർഹിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ ഊർജ്ജ സംരക്ഷണ ഉപാധികൾ തുടങ്ങിയവയെപ്പറ്റി ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നു.

## കെ.എസ്.ഇ.ബി.എൽ. സബ് സ്റ്റേഷനുകൾ

186(3916) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ വൈദ്യുതി വിതരണം നടത്തുന്ന എക്സ്ട്രാ ഹൈ ടെൻഷൻ സബ് സ്റ്റേഷനുകളുടെ എണ്ണം അവയുടെ പേരുകൾ കമ്മീഷൻ ചെയ്ത വർഷം എന്നീ വിവരങ്ങൾ ഓരോ ട്രാൻസ്മിഷൻ സർക്കിൾ തലത്തിൽ തരം തിരിച്ച് നൽകുമോ ;

(ബി) മുകളിൽപ്പറഞ്ഞ ഓരോ സബ് സ്റ്റേഷനുകളിലെയും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിർവഹിക്കുന്ന ഷിഫ്റ്റ് ഓപ്പറേറ്റർ എന്ന ജോലി വർക്ക് കോൺട്രാക്റ്റ് വ്യവസ്ഥയിൽ കരാർ ഏറ്റെടുത്ത കരാറുകാരൻ/കരാറുകാരുടെ പേര്, എത്ര ഷിഫ്റ്റ് ഡ്യൂട്ടികൾ ആണ് ഈ കരാറുകാരൻ/കരാറുകാർ നിയമിച്ച ആൾക്കാർ ചെയ്തത്, കരാറുകാരൻ/കരാറുകാർക്ക് എത്ര രൂപയാണ് കരാർ തുക നൽകിയ ഇനത്തിൽ ചെലവാക്കിയത് എന്നുള്ളതുമായ കണക്കുകളും വിവരങ്ങളും 2017 ജനവരി മുതൽ 2019 ജൂൺ വരെയുള്ള മാസങ്ങളും ഓരോ ട്രാൻസ്മിഷൻ സർക്കിളുകൾ തലത്തിൽ തരം തിരിച്ച് നൽകുമോ ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ വൈദ്യുതി വിതരണം നടത്തുന്ന 220 കെ.വി., 110 കെ.വി., 66 കെ.വി. സബ് സ്റ്റേഷനുകളിൽ ഷിഫ്റ്റ് ഡ്യൂട്ടിയിൽ ഉള്ള ഷിഫ്റ്റ് ഓപ്പറേറ്റർ, ഷിഫ്റ്റ് അസിസ്റ്റന്റ് എന്നിവർ നിർവഹിക്കേണ്ട ജോലികളും ചുമതലകളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിനു നിലവിൽ പൂർണ്ണമായും ആധുനികവല്ക്കരിച്ച ഡിജിറ്റൽ നിലവാരത്തിൽ ഉള്ളതും ഒരു നിശ്ചിത സ്ഥലത്തിരുന്ന് ഓട്ടോമാറ്റിക്കായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതും ആയ 220 കെ.വി., 110 കെ.വി., 66 കെ.വി. സബ് സ്റ്റേഷനുകൾ ഉണ്ടോ ; എങ്കിൽ അവയുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി നഷ്ടം

187(3917) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ് എത്ര; പ്രതിദിനം അവശ്യം വേണ്ടുന്ന വൈദ്യുതിയുടെ അളവ് എത്ര; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചിതസമയം പ്രകാശിപ്പിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന ടൈമറുകൾ പ്രവർത്തിക്കാത്തതുമൂലം 24 മണിക്കൂറും ലൈറ്റുകൾ കത്തുന്നതിന്റെ ഭാഗമായി പ്രതിദിനം ശരാശരി എത്ര യൂണിറ്റ് വൈദ്യുതി നഷ്ടം ഉണ്ടാകുന്നുവെന്നറിയിക്കാമോ ;

(സി) ഇത്തരത്തിൽ കെ.എസ്.ഇ.ബി.-ക്ക് പ്രതിദിനം മറ്റ് മേഖലകളിൽ നിന്നും ശരാശരി എത്ര യൂണിറ്റ് വൈദ്യുതി നഷ്ടപ്പെടുന്നു; വിശദാംശം നൽകുമോ;

(ഡി) ഇപ്രകാരം പ്രതിദിനം നഷ്ടപ്പെടുന്ന വൈദ്യുതിയുടെ അളവ് കണക്കിലെടുത്ത് പ്രതിവർഷം ശരാശരി എത്ര തുകയുടെ നഷ്ടം കെ.എസ്.ഇ.ബി.-യ്ക്ക് വരുമെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്;

(ഇ) ഇത്തരത്തിലുള്ള വൈദ്യുതി നഷ്ടം ഉണ്ടാകാതിരിക്കുവാൻ വകുപ്പ് എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14-6-2019-ലെ കണക്കുകൾ പ്രകാരം 2019 ജൂൺ മാസത്തെ സംസ്ഥാനത്തിന്റെ പ്രതിദിന ശരാശരി ഉപഭോഗം 73.2217 ദശലക്ഷം യൂണിറ്റും പ്രതിദിനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ് 15.2869 ദശലക്ഷം യൂണിറ്റുമാണ്.

(ബി-ഇ) നിലവിൽ KSEBL-ൽ സ്ട്രീറ്റ് ലൈറ്റ് കണക്ഷനുകൾ രണ്ട് തരത്തിലാണുള്ളത്. മീറ്ററുകൾ ഘടിപ്പിച്ചിട്ടുള്ള കണക്ഷനുകളും മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ലാത്തവയും. മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ലാത്ത സ്ട്രീറ്റ് ലൈറ്റുകളുടെ ബില്ലിംഗ്, സ്ട്രീറ്റ് ലൈറ്റിന്റെ ഇനത്തിന്റെയും വോൾട്ടേജിന്റെയും ഉപയോഗിക്കുന്ന മണിക്കൂറിന്റെയും അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. സ്ട്രീറ്റ് ലൈറ്റുകൾ അനാവശ്യമായി കത്തികിടക്കുന്നതുമൂലമുണ്ടാകുന്ന ഊർജ്ജ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടില്ല. സപ്ലൈ കോഡ് അനുശാസിക്കുന്നത് പ്രകാരം എല്ലാ സ്ട്രീറ്റ് ലൈറ്റുകളിലും മീറ്ററുകൾ ഘടിപ്പിച്ച് കൃത്യമായി ഉപഭോഗമനുസരിച്ചുള്ള ചാർജ്ജ് ഈടാക്കുവാനും ഇപ്രകാരം ഊർജ്ജ ദുർവ്യയം നിരുത്സാഹപ്പെടുത്താനുള്ള നടപടികളാണ് ബോർഡ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ മീറ്റർ ചെയ്യപ്പെടുന്ന സ്ട്രീറ്റ് ലൈറ്റുകൾ കൺട്രോളറുകളുടെ കേടുപാടുകൾ കാരണം കത്തിക്കിടക്കുന്നത് ഒഴിവാക്കാനായി താമസംവിനാ അവ മാറ്റി സ്ഥാപിക്കുകയോ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുകയോ ഫ്യൂസുകൾ ഘടിപ്പിച്ചിട്ടുള്ള ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്ത് വൈദ്യുതിനഷ്ടം വരാതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. മറ്റു കണക്ഷനുകളിലെല്ലാം തന്നെ മീറ്റേർഡ് ആയതിനാൽ കെ.എസ്.ഇ.ബി.-ക്ക് ഊർജ്ജ ദുർവ്യയം കൊണ്ടുണ്ടാകുന്ന ധനനഷ്ടം ഉണ്ടാകുന്നില്ല. എന്നിരുന്നാലും ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിനായുള്ള ബോധവത്ക്കരണ പരിപാടികൾ KSEBL നടത്താറുണ്ട്.

## കെ.എസ്.ഇ.ബി.-യുടെ കടബാധ്യത

188(3918) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ഇ.ബി.-യുടെ ശരാശരി പ്രതിമാസ വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ 31-3-2016-ലെ കടബാധ്യത എത്രയായിരുന്നു; 31-3-2019 പ്രകാരം അത് എത്രയാണ്;

(സി) കടബാധ്യത വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്; കടബാധ്യത കുറയ്ക്കുവാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചുവെന്നും അതിലൂടെ ബോർഡിന് ലഭിച്ച അധിക വരുമാനം എത്രയായിരുന്നുവെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത അക്കൗണ്ട് പ്രകാരം പ്രതിമാസ ശരാശരി ചെലവ് 1120.8 കോടി രൂപയും പ്രതിമാസ ശരാശരി വരവ് 1055.5 കോടി രൂപയുമാണ്. 2018-19-ലെ കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല.

(ബി) ദീർഘകാല വായ്പയും ഹ്രസ്വകാല വായ്പയും ഓവർഡ്രാഫ്റ്റും ചേർത്ത് കെ.എസ്.ഇ.ബി ലിമിറ്റഡിന് 31-3-2016-ൽ 5926.49 കോടി രൂപയുടെ കടബാധ്യതയുണ്ടായിരുന്നു. 31-3-2019-ലെ കണക്കുകൾ പ്രകാരം പ്രസ്തുത കടബാധ്യത 7792.56 കോടി രൂപയാണ്.

(സി) മൂലധന ചെലവുകൾക്കെടുക്കുന്ന വായ്പയുടെ താരീഫ് അടക്കമുള്ള വരുമാനങ്ങളിൽനിന്ന് ലഭ്യമാകുന്ന തുക റവന്യൂ ചെലവുകൾക്ക് തികയാതെ വരുന്നതുമൂലമുള്ള വിടവ് നികത്തുന്നതിന് എടുക്കേണ്ടിവരുന്ന വായ്പകളും ചേർന്നാണ് കടബാദ്ധ്യത വർദ്ധിക്കുന്നത്. വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നത് റെഗുലേറ്ററി കമ്മീഷനാണ്.

(ഡി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം ഒരുപ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 17-4-2017-ൽ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് പ്രതിവർഷം 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

## ഐ.ടി.ഐ. ക്വാട്ടയിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം

189(3919) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ മാനദണ്ഡങ്ങളുടെ ഭാഗമായി കെ.എസ്.ഇ.ബി.യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ 20 ശതമാനം നിയമനം ഐ.റ്റി.ഐ. ക്വാട്ടയിൽ നിന്ന് എന്ന തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) തീരുമാനം വൈകുന്നതുകൊണ്ട് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടോ ;

(സി) എങ്കിൽ 2021-22 വർഷത്തിൽ ഡിഗ്രി ക്വാട്ടയിൽ ഉണ്ടാകുന്ന ഒഴിവുകൾ ഐ.റ്റി.ഐ.-കാർക്ക് നൽകാമെന്ന വ്യവസ്ഥയിൽ ഐ.റ്റി.ഐ. ക്വാട്ടയിൽ നിലവിലുള്ള ഒഴിവുകളിൽ താത്ക്കാലികമായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി) നമ്പർ 1/2019/ ഊ.വ. 13-2-2019-ലെ പ്രകാരം (ബോർഡ് ഓർഡർ നമ്പർ.ബി.ഒ. (എഫ്.റ്റി.ഡി) നമ്പർ. 219/2019 (എസ്റ്റാ. II/6781/2017/07-03-2019) കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ റെഗുലേഷൻ 2010-ലെ 6 & 7 ചട്ടങ്ങളിലെ നിബന്ധനകൾ പ്രാവർത്തികമാക്കുന്നതിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിലവിലെ ജീവനക്കാർക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ നിലവിൽ ഐ.റ്റി.ഐ. ക്വാട്ടയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ (ഇലക്ട്രിക്കൽ) കാര്യവുമായി ബന്ധപ്പെട്ട് തീരുമാനമൊന്നുംതന്നെ ഇപ്പോൾ എടുക്കേണ്ടതില്ല. എന്നാൽ ഈ ഉത്തരവിനെതിരെ നിലവിൽ കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിലെ (wp 6410/2019) ഇടക്കാല ഉത്തരവനുസരിച്ച് സ്റ്റേ നിലനിൽക്കുകയാണ്. ഹൈക്കോടതിയുടെ തീരുമാനത്തിന് വിധേയമായി ഐ.റ്റി.ഐ. ക്വാട്ടയിലെ നിയമനം സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്. ഒരു ക്വാട്ടയിലെ ഒഴിവുകളിൽ മറ്റൊരു ക്വാട്ടയിൽ ഉൾപ്പെട്ടവരെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

## സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഓൺലൈൻ സേവനങ്ങൾ

190(3920) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഏതെല്ലാം പേമെന്റുകൾ ഓൺലൈനായി അടയ്ക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ ;

(ബി) വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) വൈദ്യുതി തകരാറുകൾ, തടസ്സങ്ങൾ തുടങ്ങിയവ ബോർഡിനെ അറിയിക്കുന്നതിന് മൊബൈൽ ആപ്പ് നിലവിലുണ്ടോ; വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബോർഡിലെ ഉപഭോക്താക്കളുടെ പ്രതിമാസ ദ്വൈമാസ ഇലക്ട്രിസിറ്റി ബില്ലുകളുടെ പേമെന്റുകളെല്ലാം ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഉപഭോക്താക്കളുടെ വാർഷിക എ.സി.ഡി. (അഡിഷണൽ ക്യാഷ് ഡെപ്പോസിറ്റ്) ബില്ലുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പുതിയ സർവ്വീസ് കണക്ഷനുവേണ്ട അപേക്ഷാ ഫീസ്, പോസ്റ്റ് ആവശ്യമില്ലാത്ത ക്യാഷ് ഡെപ്പോസിറ്റ്, എസ്റ്റിമേറ്റ് തുക എന്നീ പേയ്മെന്റുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

(ബി) പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോ-ടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനൊടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷന് വേണ്ടിയുള്ള ചെലവും ഓൺലൈനിൽ തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും അപേക്ഷകന്റെ ഫോട്ടോയും മറ്റ് രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റ് സർവ്വീസ് കണക്ഷന് വേണ്ടിയുള്ള ചെലവും സ്ഥല പരിശോധനയ്ക്ക് ശേഷം ഇ-മെയിൽ വഴിയും എസ്.എം.എസ് വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി.-യുടെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയത് മുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നത് വരെയുള്ള വിവരങ്ങൾ എസ്.എം.എസ് വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വൈദ്യുതി തകരാറുകൾ, തടസ്സങ്ങൾ എന്നിവ ബോർഡിനെ അറിയിക്കുന്നതിന് പ്രത്യേക മൊബൈൽ ആപ്പ് നിലവിലില്ല.

**ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന**

191(3921) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അന്വേഷണം നടത്തിയ കെ.എസ്.ഇ.ബി.എൽ. ഓഫീസുകൾ ഏതെല്ലാം;

(ബി) പ്രസ്തുത വർഷങ്ങളിൽ ധനകാര്യ വകുപ്പിൽ നിന്നും അന്വേഷണം നടത്തിയതിന്റെ ഫലമായി ലഭിച്ച റിപ്പോർട്ടുകൾ ഏതെല്ലാം; പകർപ്പ് ലഭ്യമാക്കുമോ;

(സി) ധനകാര്യ വകുപ്പ് നടത്തിയ കണ്ടെത്തലുകൾ അടിസ്ഥാനമാക്കി ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 2010 ജനുവരി മുതൽ ധനകാര്യ വകുപ്പിൽനിന്നും ലഭിച്ച ഇത്തരത്തിലുള്ള മുഴുവൻ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം കെ.എസ്.ഇ.ബി.യുടെ ഓഫീസുകളിലൊന്നും തന്നെ പരിശോധനകൾ നടത്തിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവ്

192(3922) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയാനന്തരം സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനത്തിൽ ഏതെങ്കിലും തരത്തിലുള്ള ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ഈ വർഷം വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെയാണ് കാരണമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുത ഉപഭോഗം ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉല്പാദനത്തിനുപുറമേ കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി, സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര ഉല്പാദകരിൽനിന്നും സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ ഉല്പാദകരിൽനിന്നും ദീർഘകാല കരാറടിസ്ഥാനത്തിലും വാങ്ങിയുമായാണ് നിറവേറ്റുന്നത്. ഇതിനുപുറമേ വൈദ്യുതിയുടെ അപ്രതീക്ഷിത ലഭ്യത കുറവ് പരിഹരിക്കുവാനായി ദൈനംദിന ആവശ്യങ്ങൾക്ക് പവർ എക്സ്ചേഞ്ച് മുഖേനയും വൈദ്യുതി വാങ്ങിവരുന്നു. വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം നിറവേറ്റുന്നത് ആഭ്യന്തര നിലയങ്ങളിലെ ഉല്പാദനം ക്രമീകരിച്ചാണ്. സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിലെ വൈദ്യുതി ഉല്പാദനം (2017-18, 2018-19 വർഷങ്ങളിലെ) താഴെ ചേർക്കുന്നു :

ദശലക്ഷം യൂണിറ്റ്

| | Aug | Sep | Oct | Nov | Dec | Jan | Feb | Mar | April | May |
|---|---|---|---|---|---|---|---|---|---|---|
| 2017 | 486.06 | 626.03 | 556.24 | 421.35 | 403.69 | 376.63 | 381.30 | 667.96 | 645 | 606 |
| 2018 | 1046.80 | 800.14 | 857.27 | 542.14 | 364.77 | 356.98 | 431.29 | 610.56 | 624 | 703 |

ഇതിൽ 2018 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ പ്രളയത്തിൽ ലഭിച്ച അധിക നീരൊഴുക്ക് പാഴാക്കി കളയാതെ ആഭ്യന്തര വൈദ്യുതോല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 2018-ൽ തുലാവർഷത്തിൽ ലഭ്യമായ മഴയുടെ തോത് കുറവായതിനാൽ വരും വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് ജലം സംഭരിച്ച് നവംബർ ഫെബ്രുവരി വരെ വൈദ്യുതോല്പാദനം കുറച്ചിട്ടുണ്ട്. വേനൽക്കാലത്ത് മാർച്ച്-മേയ് മാസങ്ങളിൽ സംസ്ഥാനത്തെ ഉപഭോഗത്തിൽ വൻ വർദ്ധനയുണ്ടായപ്പോൾ ജലവൈദ്യുത നിലയങ്ങളിലെ ഉല്പാദനം വർദ്ധിപ്പിച്ച് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്താതെ തന്നെ ഉപഭോഗം നിറവേറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്. 2019-ലെ വേനൽക്കാലത്തെ സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം മുൻകാല സർവ്വകാല റെക്കൊർഡായ 80.94 ദശലക്ഷം യൂണിറ്റും 4011 മെഗാവാട്ടായും കവിഞ്ഞിരിക്കുന്നു. 23-5-2019-ൽ രേഖപ്പെടുത്തിയ 88.34 ദശലക്ഷം യൂണിറ്റാണ് റെക്കോർഡ് ഉപഭോഗം. 13-4-2019-ൽ 4316 മെഗാവാട്ടായും റെക്കോർഡ് പീക്ക് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നു.

(സി) സംസ്ഥാനത്ത് ഈ വർഷം വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

## വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിന് ഇ-പേമെന്റ് സംവിധാനം

193(3923) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിന് ഇ-പേമെന്റ് സംവിധാനം പ്രയോജനപ്പെടുത്തുന്നതിനായി ജനങ്ങളെ ബോധവത്കരിക്കാൻ ഏതെങ്കിലും തരത്തിൽ ഉള്ള പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ടോ;

(ബി) വയനാട് ജില്ലയിൽ എത്ര ശതമാനം ആളുകൾ ഇ-പേമെന്റ് സംവിധാനത്തിലൂടെ വൈദ്യുതി ബിൽ അടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ ഓൺലൈൻ സേവനങ്ങൾ നടപ്പിൽ വരുത്താൻ വകുപ്പ് ആലോചിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബിൽ തുക ഇ-പേമെന്റ് സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പോസ്റ്ററുകൾ, നോട്ടീസ്, വെബ്സൈറ്റ് പരസ്യങ്ങൾ എന്നിവയിലൂടെ പ്രചാരണം നടത്തിവരുന്നു.

(ബി) വയനാട് ജില്ലയിൽ 14.29% ആളുകൾ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ വൈദ്യുതി ബിൽ തുക അടയ്ക്കുന്നുണ്ട്.

(സി) ഇപ്പോൾ നേരിട്ടുള്ള പേമെന്റ് സംവിധാനം കൂടുതൽ ബാങ്കുകളുമായി ചേർന്ന് വിപുലീകരിക്കുന്നതിനും അനായാസമായി ഓൺലൈൻ പേമെന്റ് നടത്തുന്നതിനായി യു.പി.ഐ. (യൂണിഫൈഡ് പേമെന്റ് ഇന്റർഫേസ്) സംവിധാനം ഉൾപ്പെടുത്താനും ആലോചിക്കുന്നുണ്ട്.

## വൈദ്യുതി കുടിശ്ശിക

194(3924) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലയിലെ വൻകിട വ്യവസായ സ്ഥാപനങ്ങളും എക്സ്ട്രാ ഹൈടൻഷൻ ഉപഭോക്താക്കളും വൈദ്യുതി കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗത്തിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞ് കിട്ടേണ്ട തുക എത്രയാണ്;

(ബി) വൻ കുടിശ്ശിക പിടിച്ചെടുക്കാത്തതുമൂലം ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കുടിശ്ശിക പിരിക്കുന്നത് സംബന്ധിച്ച് കോടതിയുടെ പരിഗണനയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ പെട്ടെന്ന് തീർപ്പാക്കുന്നതിന് ആവശ്യമായ ഇടപെടൽ ബോർഡ് കൈക്കൊള്ളുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരോ വൈദ്യുതി റെഗുലേറ്ററി കമ്മീഷനോ വൈദ്യുതി കുടിശ്ശിക ഒഴിവാക്കുകയോ പലിശ ഇളവ് നൽകുകയോ ചെയ്തതിലൂടെ വൈദ്യുതി ബോർഡിന് ലഭിക്കാതെ പോയ തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൻകിട വ്യവസായ സ്ഥാപനങ്ങളും എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളും വൈദ്യുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. 30-4-2019-ലെ ക്രോഡീകരിച്ച കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ-ന് 820.83 കോടി രൂപയാണ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്.

(ബി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ ബോർഡ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കുടിശ്ശികയുമായി ബന്ധപ്പെട്ട് 219 കോടതി വ്യവഹാരങ്ങൾ നിലവിലുണ്ട്. പ്രസ്തുത കുടിശ്ശികകൾ വിവിധ കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരത്തിൽ ദീർഘകാലമായി തീർപ്പാക്കാത്ത കേസുകളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി ബോർഡിന്റെ ലീഗൽ വിഭാഗവുമായി ബന്ധപ്പെട്ട് കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. റവന്യൂ റിക്കവറി നടപടികളിൽപ്പെട്ട് കാലതാമസം നേരിടുന്ന തുകകൾ പിരിച്ചെടുക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാരുടെ റവന്യൂ റിക്കവറി മീറ്റിംഗുകളിൽ കെ.എസ്.ഇ.ബി. ഓഫീസിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ റവന്യൂ റിക്കവറി നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ സാധിക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ, അദാലത്തുകൾ എന്നിവയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാൻ ഒട്ടേറെ സഹായിക്കുന്നുണ്ട്. 41 കോടി രൂപയോളം കുടിശ്ശിക വരുത്തിയിട്ടുള്ള പൊതു മേഖലയിലും സഹകരണ മേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ബഹുമാനപ്പെട്ട വ്യവസായ വൈദ്യുതി വകുപ്പുമന്ത്രി തലത്തിൽ മീറ്റിംഗുകൾ നടത്തുകയും കുടിശ്ശിക തീർപ്പിനായുള്ള തീരുമാനം എടുക്കുവാൻ സാധിക്കുകയും ചെയ്തു. എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പ്രസ്തുത സ്ഥാപന മേധാവികളുമായി ഫോണിൽ ബന്ധപ്പെടുകയും കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക തുടങ്ങിയ കടുത്ത നടപടികൾ കൈക്കൊണ്ടും കുടിശ്ശിക പിരിച്ചെടുക്കുവാൻ ശ്രമം നടത്തിവരുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് സാധിച്ചത് എടുത്ത് പറയാൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒട്ടേറെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) വൈദ്യുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് 219 കോടതി വ്യവഹാരങ്ങൾ നിലവിലുണ്ട്. വൈദ്യുതി ബോർഡിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിലേയ്ക്കായി എറണാകുളം ലീഗൽ ലൈസൺ ഓഫീസ് പ്രവർത്തിച്ചു വരുന്നു. വൈദ്യുതി ബോർഡിന്റെ ജീവനക്കാരും വക്കീലന്മാരും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി പ്രത്യേക ശ്രദ്ധനൽകി പ്രവർത്തിക്കുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ഉപഭോക്താവിനും വൈദ്യുതി കുടിശ്ശിക ഒഴിവാക്കി നൽകിയിട്ടില്ല. എന്നാൽ കുടിശ്ശിക ഒറ്റ പ്രാവശ്യമായി അടച്ച് തീർക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക

തവണകളായി അടയ്ക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം ഇപ്പോഴും നൽകി വരുന്നുണ്ട്. കുടിശ്ശിക തുകയിന്മേലുള്ള പലിശ ഒരു ഉപഭോക്താവിനും ഒഴിവാക്കി നൽകിയിട്ടില്ല. എന്നാൽ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ (OTS) പദ്ധതി പ്രകാരം കുടിശ്ശിക തുകയിന്മേലുള്ള 18 ശതമാനം പലിശയിൽ ചില ഇളവുകൾ നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം രണ്ട് വർഷത്തിന് മുകളിലുള്ള കുടിശ്ശികയ്ക്ക് 8 ശതമാനവും അഞ്ച് വർഷത്തിന് മുകളിലുള്ള കുടിശ്ശികയ്ക്ക് 6 ശതമാനവും പലിശയാണ് ഈടാക്കുന്നത്. ഈ പദ്ധതി വർഷങ്ങളായി തുടർന്നുവരുന്നതും നൂറ് കണക്കിന് കുടിശ്ശികയുള്ള ഉപഭോക്താക്കൾ ഈ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കിയിട്ടുള്ളതുമാണ്. ഉപഭോക്താവിന് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുള്ള പദ്ധതി പ്രകാരമുള്ള ഇളവുകൾ സ്ഥിരമായി നൽകുന്നതിനാൽ ഇതിന്റെ ആകെ തുക എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസം

195(3925) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന റോഡുകൾ വീതികൂട്ടി ടാർ ചെയ്യുന്ന ഘട്ടത്തിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക മുൻകൂർ അടച്ചാലും നിലവിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) പുതിയ പോസ്റ്റുകൾ ആവശ്യാനുസരണം ലഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും കാലതാമസം നേരിടുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചില സ്ഥലങ്ങളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

(സി) മഴക്കാലക്കെടുതിയിലും പ്രളയത്തിലുമുണ്ടായ നാശനഷ്ടങ്ങളോടനുബന്ധിച്ച് ധാരാളം പ്രീ-സ്ട്രെസ്ഡ് കോൺക്രീറ്റ് പോസ്റ്റുകൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നു. അവ മാറ്റി സ്ഥാപിക്കേണ്ടിവന്നതിനാൽ ധാരാളം പോസ്റ്റുകൾ

ആവശ്യമായിവന്നു. പ്രസ്തുത ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അഡീഷണൽ ഓർഡറുകൾ നിലവിലുള്ള കരാറുകാർക്ക് നൽകുകയും കോൺക്രീറ്റ് പോസ്റ്റുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് വേണ്ടതായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പുതിയ പ്രീ-സ്ട്രെസ്ഡ് കോൺക്രീറ്റ് പോസ്റ്റുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 10 മീറ്റർ, 11 മീറ്റർ, 12 മീറ്റർ, 13 മീറ്ററിന്റെ ഫാബ്രിക്കേറ്റ് ചെയ്ത എ-പോളുകൾ ഗാൽവനൈസ് ചെയ്ത് ലഭ്യമാക്കുന്നതിന് കേരളത്തിൽ സംവിധാനമില്ല. തമിഴ്നാട്ടിലുള്ള കമ്പനിയാണ് ഗാൽവനൈസിംഗ് ജോലികൾ ചെയ്തുവരുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡ് ഫാബ്രിക്കേറ്റ് ചെയ്ത എ-പോളുകൾ ഗാൽവനൈസ് ചെയ്യാൻ കാലതാമസം നേരിടുന്നതിനാൽ എ-പോളുകൾക്ക് ക്ഷാമം നേരിടുന്നുണ്ട്. പുതിയ കരാറിലൂടെ ഗാൽവനൈസ് ചെയ്ത എ-പോളുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

196(3926) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ ഉടസ്ഥതയിലുള്ള ഷോളയാർ, പൊരിങ്ങൽകുത്ത് എന്നിവിടങ്ങളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മുറികൾ പൊതുജനങ്ങൾക്ക് വാടകയ്ക്കു നൽകുന്നതിനുള്ള ബുക്കിംഗ് സൗകര്യവും, അനുമതിയും ചാലക്കുടി ഡിവിഷണൽ ഓഫീസിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജീർണ്ണാവസ്ഥയിൽ ഉപയോഗശൂന്യമായ അവസ്ഥയിലുള്ള, പൊരിങ്ങൽ കുത്തിലെയും ഷോളയാറിലെയും ഡാമുകളോട് ചേർന്നുള്ള കെ.എസ്.ഇ.ബി.-യുടെ ക്വാർട്ടേഴ്സുകൾ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി വിനോദ സഞ്ചാരികൾക്കും പൊതുജനങ്ങൾക്കും താമസ സൗകര്യമൊരുക്കുന്നതിന് വൈദ്യുതി വകുപ്പ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കെ.എസ്.ബി.എൽ-ന്റെ കീഴിലുള്ള എല്ലാ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലും എന്നപോലെ പൊരിങ്ങൽകുത്തിലെയും ഷോളയാറിലെയും (അമ്പലപ്പാറ) ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെ ബുക്കിംഗ് തിരുവനന്തപുരം വൈദ്യുതി ഭവനത്തിലുള്ള സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)-ന്റെ ഓഫീസ് മുഖാന്തരമാണ് നടക്കുന്നത്. മന്ത്രിമാരും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും പലപ്പോഴും സന്ദർശിക്കാറുള്ളതുകൊണ്ട് നിലവിലുള്ള സംവിധാനം തുടരുന്നതാണ് അഭികാമ്യം.

(ബി) കെ.എസ്.ഇ.ബി.-യുടെ ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണികൾ നടത്തി വിനോദ സഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിന് ഹൈഡൽ ടൂറിസം സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതി ബോർഡിൽ കേന്ദ്ര അതോറിറ്റി നിശ്ചയിച്ച അധിക യോഗ്യത

197(3927) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്രവൈദ്യുതി അതോറിറ്റി നിശ്ചയിച്ച പ്രകാരമുള്ള യോഗ്യതകൾ ബാധകമാക്കുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വൈദ്യുതി മേഖലയിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി സൂപ്പർവൈസറി തസ്തികയിലുള്ളവർക്ക് കേന്ദ്ര അതോറിറ്റി നിശ്ചയിച്ച പ്രകാരമുള്ള അധിക യോഗ്യത ബാധകമാക്കുന്നില്ലെങ്കിൽ പകരം സുരക്ഷാപരിശീലനങ്ങൾ നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര വൈദ്യുതി അതോറിറ്റി നിശ്ചയിച്ച പ്രകാരമുള്ള യോഗ്യതകളും മറ്റ് മാനദണ്ഡങ്ങളും കെ.എസ്.ഇ.ബി.എൽ-ൽ നടപ്പിലാക്കുന്നത് പഠിക്കുവാൻ ബോർഡ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം)-1 കൺവീനർ ആയിട്ടുള്ള പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനുശേഷം കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 6,7 റെഗുലേഷനുകൾക്ക് അനുസൃതമായിട്ടുള്ള പുതിയ നിയമന-സ്ഥാനക്കയറ്റ പരിശീലന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശിപാർശ ബോർഡിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ഫലപ്രദമായി കെ.എസ്.ഇ.ബി.എൽ-ൽ നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തുന്നതിനായി മറ്റൊരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയും ഇതിനകം ബോർഡിന് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ-ലെ വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റി നിബന്ധനകൾ ബാധകമാക്കേണ്ടതില്ലെന്നും എന്നാൽ പുതിയ നിയമനങ്ങൾ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ പ്രകാരമായിരിക്കണമെന്നും ജി.ഒ. (അച്ചടി) നമ്പർ 1/2019/ഊ.വ. 13-2-2019 പ്രകാരം തീരുമാനിച്ചു. (ബോർഡ് ഓർഡർ നമ്പർ ബി.ഒ (എഫ്.റ്റി.ഡി നം) 219/2019/എസ്റ്റാ-II.6781/2018/07-03-2019. എന്നാൽ ടി ഉത്തരവുകൾ കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിലെ (WP (C) 6410/2019) ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നാൽ നിർദ്ദിഷ്ട യോഗ്യതയില്ലാത്ത ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുവാനുള്ള സത്വര നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചുവരികയാണ്.

(ബി) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ മാനദണ്ഡങ്ങളിൽ റെഗുലേഷൻ 6 & 7 നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ച് ട്രെയിനിംഗും പ്രൊമോഷനും പുതിയ നിയമനവും സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ ശിപാർശ പ്രകാരം ട്രെയിനിംഗ് മെറ്റീരിയൽ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെയും സംസ്ഥാന ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിന്റെയും ഉപദേശവുംകൂടി കണക്കിലെടുത്ത് നിജപ്പെടുത്തുന്നതാണ്. ഇതുകൂടാതെ സംസ്ഥാന ഗവൺമെന്റിനെ സമീപിച്ച് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ മാനദണ്ഡങ്ങൾക്ക് തത്തുല്യമായ യോഗ്യത ട്രെയിനിംഗ് മുഖാന്തരം ജീവനക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കാനും തീരുമാനിക്കുകയുണ്ടായി.

വൈദ്യുതി മേഖലയിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി സൂപ്പർവൈസറി തസ്തികയിലുള്ളവർക്ക് സ്ഥിരമായി സുരക്ഷാകാര്യങ്ങളിലുൾപ്പെടെ പരിശീലനം നൽകിവരുന്നു. കൂടാതെ കേന്ദ്ര വൈദ്യുതി അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യത യില്ലാതെ സൂപ്പർ വൈസറി തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് കേന്ദ്ര വൈദ്യുത അതോറിറ്റി നിഷ്കർഷിക്കുന്ന തരത്തിലുള്ള പരിശീലനം നൽകുവാനും അവർ ഡിഗ്രി/ഡിപ്ലോമ കരസ്ഥമാക്കുന്ന മുറയ്ക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റി അനുശാസിക്കുന്ന സർട്ടിഫിക്കേഷൻ നൽകുവാനും കെ.എസ്.ഇ.ബി.എൽ. ഉത്തരവിറക്കിയിട്ടുണ്ട്.

## അതിരപ്പിള്ളിയിലേയ്ക്ക് വൈദ്യുതിലൈൻ

198(3928) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊരിങ്ങൽകുത്തിൽ നിന്നും വാഴച്ചാൽവരെ എത്തിനിൽക്കുന്ന വൈദ്യുതിലൈൻ അതിരപ്പിള്ളിയിലേയ്ക്ക് യു.ജി. കേബിൾ മുഖേന നീട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### <u>ഉത്തരം</u>

പൊരിങ്ങൽക്കുത്തിൽ നിന്നും വാഴച്ചാൽവരെ എത്തിനിൽക്കുന്ന 11 കെ.വി. വൈദ്യുത ലൈൻ അതിരപ്പിള്ളിയിലേക്ക് നീട്ടുന്നതിന് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല. കൂടാതെ വനമേഖലയിലൂടെ 11 കെ.വി. വൈദ്യുതി ലൈൻ വലിക്കുവാൻ വനംവകുപ്പിന്റെ അനുമതിയും ആവശ്യമായിട്ടുണ്ട്. ടി മേഖലയിൽ UG കേബിൾ മുഖേന വൈദ്യുതി ലൈൻ ബന്ധിപ്പിക്കുന്നതിന് ഏകദേശം 1.5 കോടി രൂപയുടെ തുക ആവശ്യമായി വരും.

## പുതിയ വൻകിട അണക്കെട്ടുകൾ

199(3929) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൂടുതൽ വൻകിട അണക്കെട്ടുകൾ സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വൈദ്യുതി ഉല്പാദനത്തോടൊപ്പം പ്രളയനിയന്ത്രണവും പുതിയ അണക്കെട്ട് നിർമ്മാണത്തിലൂടെ ലക്ഷ്യമിടുന്നുണ്ടോ;

(സി) ഇപ്പോൾ അണക്കെട്ട് നിർമ്മിക്കുവാൻ തീരുമാനിച്ച സ്ഥലങ്ങളിൽ നേരത്തെ കേന്ദ്രം പാരിസ്ഥിതികാനുമതി നിഷേധിച്ച ഏതെങ്കിലും പ്രോജക്ട് ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാനത്ത് 2018-ൽ ഉണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജലകമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിന് സംഭരണശേഷിയുള്ള ഡാമുകളുടെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. അതനുസരിച്ച് സംസ്ഥാനത്ത് മുമ്പ് വിഭാവനം ചെയ്തിട്ടുള്ള പൂയംകുട്ടി, പൊരിങ്ങൽകുത്ത് ആർ.ബി., ട്വിൻ കല്ലാർ എന്നീ പദ്ധതികളെ സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് വിശകലനം ചെയ്തുവരുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. പൂയംകുട്ടി ജലവൈദ്യുത പദ്ധതിക്ക് പാരിസ്ഥിതികാനുമതി നിഷേധിച്ചിട്ടുണ്ട്.

## പുതിയ വൈദ്യുത പദ്ധതികൾ

200(3930) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ വൈദ്യുതപദ്ധതികൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനായി സാധ്യതാ പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളായ പശുക്കടവ് (4 MW, 10.34 Mu) ചാത്തൻകോട്ടുനട ഒന്നാംഘട്ടം (5MW, 12.06 Mu) കീരിത്തോട് (12 MW, 27.65 Mu) എന്നീ പദ്ധതികളുടെ

വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പാംബ്ല, മൂരിക്കടവ്, അരുവിക്കുഴി, ഒറ്റയ്ക്കൽ, അപ്പർ പൂഴിത്തോട് എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെയും പള്ളിവാസൽ ഓഗ്മെന്റേഷൻ പദ്ധതിയുടെയും ഇടുക്കി എക്സ്റ്റൻഷൻ പദ്ധതിയുടെയും സാധ്യതാ പഠനം നടന്നുവരുന്നു. ഇതിനുപുറമേ കേരള സംസ്ഥാനത്ത് 2018-ൽ ഉണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജല കമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിന് സംഭരണ ശേഷിയുള്ള ഡാമുകളുടെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. ആയതിനാൽ സംസ്ഥാനത്ത് മുമ്പ് വിഭാവന ചെയ്തിട്ടുള്ള പൂയംകുട്ടി, പൊരിങ്ങൽകുത്ത് ആർ.ബി., ട്വിൻ കല്ലാർ എന്നീ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സാങ്കേതികവും സാമ്പത്തികവുമായ സാധ്യത കെ.എസ്.ഇ.ബി. ലിമിറ്റഡ് വിശകലനം ചെയ്തുവരുന്നു. പരമാവധി വൈദ്യുത ഉപഭോഗമുള്ള വൈകുന്നേരങ്ങളിൽ വൈദ്യുതിയുടെ അപര്യാപ്തത പരിഗണിച്ചുകൊണ്ട് ഇടുക്കിയിലെ നിലവിലുള്ള റിസർവ്വോയർ ഉപയോഗപ്പെടുത്തി മറ്റൊരു 780 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒരു പുതിയ ഭൂഗർഭ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായി ബോർഡ് തലത്തിൽ ഒരു ടെക്നിക്കൽ കമ്പിനി രൂപീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതിയായ ഇടുക്കി എക്സ്റ്റൻഷൻ സ്കീമിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിന് 26-4-2019-ലെ ബോർഡുയോഗം തീരുമാനിക്കുകയും അനുമതിക്കായി സർക്കാരിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഊർജ്ജകേരള മിഷനിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു പദ്ധതിയായ 'സൗര' മൂന്നുവർഷം കൊണ്ട് 1000 മെഗാവാട്ട് ശേഷി വർദ്ധന ലക്ഷ്യമിടുന്നു. ഇതിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾവഴി 500 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. പദ്ധതി നടത്തിപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 47.4 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാവുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് ബൂട്ട് (Built Own Operate Transfer) അടിസ്ഥാനത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

## വൈദ്യുത പദ്ധതികൾ

201(3931) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്ത വൈദ്യുതപദ്ധതികൾ ഉണ്ടോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം മുടങ്ങിപ്പോയ പദ്ധതികൾ ഏതൊക്കെയാണ് ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കാത്തതിന്റെ കാരണം എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാരപ്പാറ-കുരിയാർകുട്ടി വിവിധോദ്ദേശ്യ പദ്ധതി, പൂയംകുട്ടി ജലവൈദ്യുത പദ്ധതി, സൈലന്റ് വാലി ജലവൈദ്യുത പദ്ധതി എന്നിവയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കുവാൻ കഴിയാത്ത ജലവൈദ്യുത പദ്ധതികൾ.

(ബി) കേന്ദ്രം-വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ കാരപ്പാറ-കുരിയാർകുട്ടി വിവിധോദ്ദേശ പദ്ധതി, പൂയംകുട്ടി ജലവൈദ്യുത പദ്ധതി, സൈലന്റ് വാലി ജലവൈദ്യുത പദ്ധതി എന്നീ പദ്ധതികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(സി) വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള കർശന നിയന്ത്രണംമൂലമാണ് പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കാത്തത്.

**ഊർജ്ജ സംരക്ഷണത്തിനായി എൽ.ഇ.ഡി. ബൾബുകൾ**

202(3932) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണത്തിനായി സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതി പ്രകാരം ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ലക്ഷം എൽ.ഇ.ഡി. ബൾബുകളാണ് ഈ പദ്ധതി പ്രകാരം നൽകുന്നതെന്നും വെളിപ്പെടുത്താമോ;

(ബി) ഇതിന് വില ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്രസഹായമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരള പദ്ധതി. കേരളത്തിലെ

എല്ലാ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുവാനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയിൽ 11-6-2019 വരെ 1061429 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായി 80 ലക്ഷം ഉപഭോക്താക്കൾക്ക് 7.5 കോടി 9 വാട്ട് ബൾബുകളും 3 കോടി 18/20 വാട്ട് ട്യൂബ് ലൈറ്റുകളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. ഉപഭോക്താക്കൾക്ക് നൽകുന്ന എൽ.ഇ.ഡി. ബൾബുകളുടെയും തിരികെ വാങ്ങുന്ന സി.എഫ്.എൽ. സാധാരണ ബൾബുകൾ എന്നിവ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള ചെലവുംകൂടി 6 തുല്യ ഗഡുക്കളായി വൈദ്യുതി ബില്ലിന്റെകൂടെ തിരിച്ചു പിടിക്കുവാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. എൽ.ഇ.ഡി.-യുടെ വില ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇല്ല.

## നെന്മാറ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

203(3933) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പുതുതായി എന്തെങ്കിലും പദ്ധതികൾ തുടങ്ങുന്നതിന് ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 'ദ്യുതി 2021' എന്ന വിതരണ ശൃംഖല നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 മുതൽ 2021-22 വരെയുള്ള നാല് വർഷ കാലയളവിൽ നെന്മാറ നിയോജകമണ്ഡലത്തിൽ 69.18 km HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ 45 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 61 km HT ലൈൻ റീകണ്ടക്ടിംഗ് വർക്കുകൾ, 2952 km LT ലൈൻ റീകണ്ടക്ടിംഗ് വർക്കുകൾ, 164 km LT ലൈൻ കൺവെർഷൻ വർക്കുകൾ, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 28 km 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) സ്ഥാപിക്കുക തുടങ്ങിയ വർക്കുകൾ ഉൾപ്പെടെ ഏകദേശം 38.90 കോടി രൂപയുടെ പദ്ധതികൾക്കുള്ള DPR തയ്യാറാക്കി വർക്കുകൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, നെന്മാറ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കൊല്ലങ്കോട് 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിൽ വൈദ്യുതി എത്തുന്നത് കഞ്ചിക്കോട് സബ്സ്റ്റേഷനിൽ നിന്നാണ്. ഇതിനുപുറമേ, 110 കെ.വി. വടക്കഞ്ചേരി സബ്സ്റ്റേഷനിൽ നിന്നുകൂടി വൈദ്യുതി എത്തിക്കുന്നതിനായി രണ്ട് പുതിയ 110 കെ.വി. ഫീഡർ ബേയും 37 കി.മീ. അനുബന്ധ ലൈനും നിർമ്മിച്ചുവരുന്നു. കൊടുവായൂർ 33 കെ.വി. സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായി പുതിയ ഒരു 33/11 കെ.വി. 5 എം.വി.എ യുടെ ട്രാൻസ്ഫോർമർ, ഐ.പി.ഡി.എസ്. സ്കീമിൽ ഉൾപ്പെടുത്തി സ്ഥാപിച്ചുവരുന്നു.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഊർജ്ജ കേരള മിഷന്റെ ഭാഗമായ സൗരപദ്ധതിയിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഫിലമെന്റ് രഹിത കേരളം പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നെന്മാറ നിയോജക മണ്ഡലത്തിൽപ്പെട്ട കൊല്ലങ്കോട് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള രണ്ട് 33/11 കെ.വി. അഞ്ച് എം.വി.എ ട്രാൻസ്ഫോർമറുകൾ മാറ്റി, 110/11 കെ.വി, 12.5 എം.വി.എ.-യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്.

## ഫിലമെന്റ് രഹിത കേരളം പദ്ധതി

204(3934) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. മുകേഷ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനായി എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.-യിലെയും ഇ.എം.സി.-യിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) എൽ.ഇ.ഡി ബൾബുകൾ വാങ്ങുന്നതിനുള്ള ദർഘാസ് രേഖകൾ തയ്യാറായി വരുന്നു. ഉപഭോക്താക്കളിൽ നിന്നും എൽ.ഇ.ഡി. ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി വൈദ്യുതി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ ആഫീസുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനായി കെ.എസ്.ഇ. ബി.എൽ-ലെ റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ് വിഭാഗം ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനും കെ.എസ്.ഇ.ബി.എൽ-ലെയും ഇ.എം.സി.യിലെയും ഉദ്യോഗസ്ഥർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനുള്ള ദർഘാസ് രേഖകളുടെ തയ്യാറാക്കലുകൾ നടന്നുവരുന്നു.

## ഫിലമെന്റ് രഹിത കേരളം പദ്ധതി

205(3935) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഇതിനകം എത്ര ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുമ്പോൾ എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ 17-6-2019 വരെ 1061429 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 17-6-2019 വരെ ലഭ്യമായ കണക്ക് പ്രകാരം 83 ലക്ഷം എൽ.ഇ.ഡി. ബൾബുകളുടെ ആവശ്യകതയാണ് ഉപഭോക്താക്കളുടെ ഭാഗത്തുനിന്ന് വന്നിട്ടുള്ളത്. ഇത് ഏകദേശം ഒരു കോടി കവിയുമെന്ന് പ്രതീക്ഷിക്കുന്നു. 40 വാട്ടിന്റെ ബൾബുകൾക്ക് പകരം 9 വാട്ട് എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ചാൽ ഒരു ദിവസം ഏകദേശം 1.24 മില്ല്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഊർജ്ജ കേരളം മിഷൻ

206(3936) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജമേഖലയെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജ കേരള മിഷൻ എന്ന സമഗ്രപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് ഊർജ്ജകേരള മിഷന്റെ പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ ലഘൂകരിച്ചും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ ഉപയോഗപ്പെടുത്തിയും ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിന്റെ ഊർജ്ജ മേഖലയെ ആഗോള നിലവാരത്തിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തിൽ കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പദ്ധതിയാണ് 'ഊർജ്ജ കേരള മിഷൻ'. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വരുന്ന മൂന്ന് വർഷങ്ങൾക്കുള്ളിൽ നടപ്പാക്കേണ്ട അഞ്ച് പദ്ധതികൾ ഉൾപ്പെടുന്നതാണ് 'ഊർജ്ജ കേരള മിഷൻ'. അനെർട്ട് (ANERT), എനർജി മാനേജ്മെന്റ് സെന്റർ (EMC), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുതലായ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കേണ്ട പദ്ധതികൾ താഴെ വിവരിക്കുന്നവയാണ്.

1. സൗര

   മൂന്ന് വർഷങ്ങൾകൊണ്ട് സൗരോർജ്ജ ഉൽപ്പാദനത്തിൽനിന്നും 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന 'സൗര' പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ്, അനെർട്ട് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ദ്യുതി

   'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖലാ നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്തുകൊണ്ട് വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് 2021-ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

3. ട്രാൻസ്ഗ്രിഡ് 2.0

   കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല (Intra-state Transmission Net work) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് 'ട്രാൻസ്ഗ്രിഡ് 2.0' പദ്ധതിയിലുള്ളത്. രണ്ട് ഘട്ടങ്ങളിലായി 10,000 കോടി രൂപ മൂലധന

വിഹിതം ആവശ്യമുള്ള പദ്ധതിയാണിത്. ഈ പദ്ധതി നടപ്പാക്കുന്നതോടെ സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖലയുടെ ശേഷി ഗണ്യമായി ഉയരുകയും പ്രസരണ നഷ്ടം പരമാവധി കുറയ്ക്കുകയും ചെയ്യാനാവും. ഒന്നാംഘട്ടം 2021-ൽ പൂർത്തിയാകും.

4. ഫിലമെന്റ് രഹിത കേരളം

സംസ്ഥാനത്തുടനീളം നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫിലമെന്റ് ലാമ്പുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുക എന്ന ബൃഹത്തായ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം കെ.എസ്.ഇ.ബി.എൽ.ഉം എനർജി മാനേജ്മെന്റ് സെന്ററും (EMC) ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്. കേരളത്തിലെ 1.25 കോടിയോളം വരുന്ന ഉപഭോക്താക്കളിൽ 80 ലക്ഷത്തോളം വരുന്ന ഗാർഹിക ഉപഭോക്താക്കളെയാണ് ആദ്യ ഘട്ടത്തിൽ ഈ പദ്ധതി ലക്ഷ്യമിടുന്നത്. അതോടൊപ്പം സ്ട്രീറ്റ് ലൈറ്റുകളും ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.യിലേയും ഇ.എം.സി.യിലേയും ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായിട്ടുള്ള ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

5. ഇ-സേഫ് കേരളം

കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് 'ഇ-സേഫ്'.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. 'ട്രാൻസ് ഗ്രിഡ് 2.0', 'ദ്യുതി 2021' എന്നിവ കെ.എസ്.ഇ.ബി. എൽ. വഴിയും, 'സൗര' പദ്ധതി കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സഹകരിച്ചും 'ഫിലമെന്റ് രഹിത കേരളം' പദ്ധതി കെ.എസ്.ഇ.ബി.എൽ.-ഉം, ഇ.എം.സി.-യും ചേർന്നും ഇ-സേഫ് പദ്ധതി കെ.എസ്.ഇ.ബി.എൽ.ഉം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്നുമാണ് നടപ്പിലാക്കുന്നത്.

(സി) ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് സൗര. മൂന്ന് വർഷങ്ങൾകൊണ്ട് സൗരോർജ്ജ ഉൽപ്പാദനത്തിൽ നിന്നും 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന സൗര എന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

(i) 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താൽപ്പര്യമുള്ള ഉപഭോക്താക്കളിൽനിന്ന് അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 200 മെഗാവാട്ട് പുരപ്പുറ ശേഷിക്ക് 2,78,258 ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളുടെ പുരപ്പുറവും മറ്റു സാങ്കേതിക വിവരങ്ങളും ശേഖരിക്കുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു. സർവ്വേയുടെ പരിശോധനയും അനുയോജ്യമായ പുരപ്പുറം തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. പദ്ധതിയുടെ ടെണ്ടർ വിളിക്കുന്നതിനായുള്ള ടെണ്ടർ പ്രമാണങ്ങൾ തയ്യാറായി കഴിഞ്ഞു. ഓൺലൈൻ ടെണ്ടർ വിളിക്കുന്നതിനുള്ള പ്ലാറ്റ്ഫോറം നൽകുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ MSTC Ltd.- മായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 2019 നവംബർ മാസത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ട ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. പുരപ്പുറ പദ്ധതിയിൽ കേരളത്തിലുടനീളം വരുന്ന ഗാർഹിക, സർക്കാർ, പൊതുമേഖല, സ്വകാര്യ കെട്ടിടങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ഉൾപ്പെടുന്നു.

(ii) കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേക്ക് വാങ്ങുവാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിരുന്നു. ഒരു ബിഡ്ഡർ മാത്രം പങ്കെടുത്തതിനാൽ ടെണ്ടർ റദ്ദു ചെയ്യുകയും റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(iii) കാസർഗോഡ് സോളാർ പാർക്കിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ട് പദ്ധതിക്ക് THDCL-മായി വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിൽ നിന്നും 250 ഏക്കർ സ്ഥലം അനുവദിച്ചു. പദ്ധതിക്കുള്ള ടെണ്ടർ 5-3-2019-ൽ ക്ഷണിച്ചിട്ടുണ്ട്.

(iv) കായംകുളത്ത് NTPC കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി കായംകുളത്ത് NTPC യുടെ കൈവശമുള്ള കായൽപരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി KSEB-യും NTPC-യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്.

(v) കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്.

(vi) KSEB-യുടെ അധീനതയിൽ ഉള്ള വയനാട് ജില്ലയിലെ ബാണാസുരസാഗർ റിസർവോയർ, ഇടുക്കി ജില്ലയിലെ ചെങ്കുളം, കല്ലാർകുട്ടി, ഇടുക്കി ആനയിറങ്ങൽ, പൊന്മുടി, കുണ്ടള എന്നീ ജലസംഭരണികളിലും ഫ്ലോട്ടിംഗ് സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ SECI, NTPC എന്നിവയുമായി ധാരണയായിട്ടുണ്ട്.

വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉൽപ്പാദിപ്പിക്കുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ കേരള മിഷൻ- സാഗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ഡി) ഊർജ്ജ കേരള മിഷന്റെ ഭാഗമായിട്ടല്ലെങ്കിലും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം അപേക്ഷാഫോറവും കൂടുതൽ ലഘൂകരിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി വിവിധ സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പുതിയ കണക്ഷന് വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുവാനുള്ള സംവിധാനം, വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ, ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന ഊർജ്ജദൂത് പദ്ധതി, വൈദ്യുതി ബിൽ സംബന്ധിച്ച

വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജസൗഹൃദ പദ്ധതി എന്നിവ ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കാൻ സഹായിച്ചു. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ സഹായിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ, മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം, വൈദ്യുതി ബിൽ തുക ബാങ്ക് അക്കൗണ്ടിൽനിന്നും നേരിട്ട് വരവ് വയ്ക്കുന്ന നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് പദ്ധതി, ജനസേവന കേന്ദ്രങ്ങൾ വഴി വൈദ്യുതി ബിൽ ഓൺലൈൻ ആയി അടയ്ക്കുവാനുള്ള സൗകര്യം എന്നിവ നടപ്പാക്കിയതുവഴി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനായി ഉപഭോക്താവ് സെക്ഷൻ ഓഫീസിൽ വരേണ്ടിയിരുന്ന സ്ഥിതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം ടോൾ ഫ്രീ ആക്കുകയും Whatsapp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട ഇ-സേഫ് പദ്ധതിയിൽ വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക, നിലവിലുള്ള ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്ക് ആധുനികവൽക്കരിച്ച് സുരക്ഷ ഉറപ്പാക്കുക, ബെയർ കണ്ടക്ടറുകൾ മാറ്റി അണ്ടർ ഗ്രൗണ്ട് കേബിളുകൾ ആക്കുക, കവേർഡ് കണ്ടക്ടറുകളും ABC കണ്ടക്ടറുകളും ഉപയോഗിച്ച് ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്ക് കൂടുതൽ സുരക്ഷിതമാക്കുക, ELCB സ്ഥാപിച്ചിട്ടില്ലാത്ത ബി.പി.എൽ. ഉപഭോക്താക്കൾക്കും SC/ST ഉപഭോക്താക്കൾക്കും ELCB സ്ഥാപിച്ചുനൽകുക എന്നീ ജോലികൾ ഉൾപ്പെടുത്തിയിരിക്കുന്നു. കെ.എസ്.ഇ.ബി.എൽ തൊഴിലാളികൾക്ക് സുരക്ഷ ഉപകരണങ്ങൾ വിതരണം ചെയ്യുക, സുരക്ഷാ പരിശീലനം നൽകുക, സുരക്ഷയെ സംബന്ധിച്ച ബോധവൽക്കരണവും പ്രചരണവും നൽകുക എന്നീ പ്രവൃത്തികൾ ഇതിന്റെ അനുബന്ധമായി വിജയകരമായി നടന്നുവരുന്നുണ്ട്.

## ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിന് പദ്ധതി

207(3937) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. കെ. ശശി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ദ്യുതി-2021 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്തുകൊണ്ട് സുരക്ഷയ്ക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ചുകൊണ്ട് ഗുണമേന്മയുള്ള, വൈദ്യുതി തടസ്സമില്ലാതെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുക എന്നതാണ് 2021-ഓടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന 'ദ്യുതി 2021' പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(ബി) 'ദ്യുതി 2021' പദ്ധതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ്. ആയതിനായി HT ലൈനുകൾ പുതുതായി നിർമ്മിക്കുകയും ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുകയും പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുകയും (റീകണ്ടക്ടിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന വൈദ്യുതി അപകടങ്ങൾക്ക് കാരണമായേക്കാവുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുകയും ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണവേലി സ്ഥാപിക്കുകയും ഇലക്ട്രിക്കൽ ലൈനുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിലവാരം ഉയർത്തി സ്റ്റാൻഡേർഡൈസേഷൻ ചെയ്യുക തുടങ്ങിയ വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ദ്യുതി 2021 പ്രവൃത്തികൾ വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വർക്കുകളും ഗുണനിലവാരം ഉറപ്പാക്കി നിർവ്വഹിക്കുക എന്നത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ഉത്തരവാദിത്തമാണ്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷക്കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഏകദേശം 85.74 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിച്ചു വരുന്നു.

## വൈദ്യുതി നിയമ ഭേദഗതി

208(3938) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാർ കൊണ്ടുവന്ന ബിൽ രാജ്യത്തെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന വിധത്തിലുള്ളതാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബില്ലിലെ ഏതൊക്കെ വ്യവസ്ഥകളോടാണ് സർക്കാരിന് വിയോജിപ്പ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ക്രോസ് സബ്സിഡി മൂന്ന് വർഷം കൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന സംസ്ഥാനത്തെ കാർഷിക, ഗാർഹിക ഉപഭോക്താക്കളെ എപ്രകാരം ബാധിക്കുമെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ബില്ലിൽ നിഷ്കർച്ചിരിക്കുന്ന വ്യവസ്ഥകൾ തൊഴിലാളികൾക്കും ദോഷകരമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടു വന്നിട്ടുള്ള നിർദ്ദേശങ്ങളിൽ ചിലത് ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങൾക്ക് നിരക്കുന്നതല്ല എന്ന അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(ബി) സർക്കാരിന് വിയോജിപ്പുള്ള പ്രധാന വ്യവസ്ഥകൾ ചുവടെ ചേർത്തിരിക്കുന്നു :

- വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിച്ച് സംസ്ഥാനത്തെ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയടക്കം വിൽപ്പന ചെയ്യുന്നതിന് സ്വകാര്യ സംരംഭകർക്ക് അവസരമൊരുക്കുക.
- ക്രോസ് സബ്സിഡി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കുക.
- ക്രോസ് സബ്സിഡിക്ക് പകരമായി ഉപഭോക്താക്കൾ മുൻകൂറായി മുഴുവൻ തുകയും അടക്കേണ്ടി വരികയും സർക്കാർ സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം.
- വൈദ്യുതിയുടെ ഊഹക്കച്ചവടത്തിനിടയാക്കുന്ന നിർദ്ദേശങ്ങൾ.

- സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളെയും ചെയർമാനെയും തെരഞ്ഞെടുക്കുവാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാക്കൽ.
- സംസ്ഥാനത്തെ വൈദ്യുതി നിരക്ക് നിർണ്ണയം കേന്ദ്ര ഗവൺമെന്റ് നയത്തിനനുസരിച്ചാക്കൽ.
- സംസ്ഥാനത്തെ സ്വകാര്യ വൈദ്യുതനിലയങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കാനുള്ള അധികാരം എന്നിവ സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിലേയ്ക്ക് മാറ്റുന്നത്.
- രാജ്യത്തെവിടെയും ആർക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിന് ലഭിക്കുംവിധമുള്ള ഭേദഗതി നിർദ്ദേശം.

(സി) ക്രോസ് സബ്സിഡി മൂന്നുവർഷംകൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന കാർഷിക ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത നിരക്ക് കുത്തനെ ഉയരുവാൻ കാരണമാകും. ഈ വിഭാഗം ഉപഭോക്താക്കൾക്ക് പ്രതിവർഷം 2000 കോടി രൂപയുടെ ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്.

(ഡി) വിതരണ മേഖലയിൽ സ്വകാര്യവൽക്കരണം വരുന്നവഴി നിലവിലുള്ള തൊഴിലാളികളെ അത് ദോഷകരമായി ബാധിച്ചേക്കാം.

## വൈദ്യുതി നിരക്ക് വർദ്ധന

209(3939) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിനു പുറത്ത് നിന്നും വാങ്ങിയ വൈദ്യുതിയുടെ നിരക്ക് എന്തായിരുന്നുവെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) 17-4-2017-ൽ സ്വമേധയാ പുറപ്പെടുവിച്ച ഉത്തരവിലൂടെ താരിഫ് പരിഷ്കരണം നടത്തിയിട്ടുണ്ട്.

(ബി) നിലവിലുള്ള സർക്കാർ അധികാരമേറ്റതിനുശേഷം പുറമെനിന്ന് വാങ്ങിയ വൈദ്യുതിയുടെ നിരക്ക് താഴെപ്പറയുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

| സാമ്പത്തിക വർഷം | പുറമെ നിന്ന് വാങ്ങിയ വൈദ്യുതിയുടെ അളവ് (ദശലക്ഷം യൂണിറ്റിന്) | നിരക്ക് (യൂണിറ്റൊന്നിന് രൂപയിൽ) |
|---|---|---|
| 2016-17 | 18871 | 3.76 |
| 2017-18 | 18392 | 3.93 |

**മഴ കുറഞ്ഞത് കാരണം വൈദ്യുതി ഉൽപാദനത്തിലുണ്ടായ കുറവ്**

210(3940) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മഴ കുറഞ്ഞത് കാരണം വൈദ്യുതി ഉത്പാദനത്തിൽ എത്ര ശതമാനം കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി പദ്ധതികളുള്ള ജലസംഭരണികളിലെ നിലവിലെ ജലനിരപ്പ് എത്രയെന്ന് വിശദമാക്കുമോ;

(സി) മഴക്കുറവുമൂലമുള്ള പ്രതിസന്ധികൾക്കിടയിലും ലോഡ്ഷെഡിംഗും, പവർ കട്ടും ഇല്ലാതെ മുന്നോട്ടുപോകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജൂൺ മാസത്തിൽ കാലവർഷം തുടങ്ങിയതിനാൽ മേയ് 2019-ലെ വർദ്ധിച്ച ശരാശരി ദൈനംദിന ഉപഭോഗമായ 82.56 ദശലക്ഷം യൂണിറ്റിൽ നിന്ന് ജൂൺ മാസത്തിൽ നാളിതുവരെ ശരാശരി ദൈനംദിന ഉപഭോഗം 73.22 ദശലക്ഷം യൂണിറ്റായി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം ആഭ്യന്തര ഉൽപ്പാദനത്തിന് പുറമേ കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ ഉൽപ്പാദകരിൽനിന്നും ദീർഘകാല കരാറുകൾ മുഖേന വൈദ്യുതി വാങ്ങിയുമാണ് നിറവേറ്റുന്നത്. ഉപഭോഗം കുറഞ്ഞതിനാൽ മേയ് 2019-ൽ ജല വൈദ്യുത നിലയങ്ങളിലെ ശരാശരി ദൈനംദിന ഉൽപ്പാദനമായ 22.67 ദശലക്ഷം യൂണിറ്റിൽ നിന്ന് ദശലക്ഷം യൂണിറ്റിൽ നിന്ന് ജൂൺ 2019-ൽ 14.372 ദശലക്ഷം യൂണിറ്റായി കുറച്ചിട്ടുണ്ട്.

(വിശദാംശം ചുവടെചേർത്തിരിക്കുന്നു.)

june 2019

| | |
|---|---|
| 1-6-2019 | 18.7745 |
| 2-6-2019 | 14.5900 |
| 3-6-2019 | 15.6811 |
| 4-6-2019 | 18.1459 |
| 5-6-2019 | 16.2593 |
| 6-6-2019 | 18.5762 |
| 7-6-2019 | 19.2116 |
| 8-6-2019 | 19.7853 |
| 9-6-2019 | 12.0188 |
| 10-6-2019 | 10.6795 |
| 11-6-2019 | 9.8704 |
| 12-6-2019 | 8.3979 |
| 13-6-2019 | 6.9082 |
| 14-6-2019 | 11.5459 |
| 15-6-2019 | 12.8319 |
| 16-6-2019 | 13.3868 |
| 17-6-2019 | 17.6622 |

(ബി) വൈദ്യുതി പദ്ധതികളുടെ ജലസംഭരണികളിൽ നിലവിൽ (14-6-2019-ലെ കണക്ക് പ്രകാരം) 518.893 ദശലക്ഷം യൂണിറ്റ് ഉൽപ്പാദിപ്പിക്കുവാനുള്ള സംഭരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*. ജൂൺ മാസം പതിനഞ്ചാം തീയതി രാവിലെ 7 മണിക്കുള്ള കണക്കനുസരിച്ച് ജലസംഭരണികളിലെ നിലവിലെ ജലനിരപ്പ് (മീറ്ററിൽ) താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| 1 | ഇടുക്കി | 703.759 |
| 2 | പമ്പ | 963.850 |
| 3 | കക്കി | 933.913 |
| 4 | ഷോളയാർ | 787.085 |
| 5 | ഇടമലയാർ | 124.710 |
| 6 | കുണ്ടള | 1741.500 |
| 7 | മാട്ടുപ്പെട്ടി | 1568.300 |
| 8 | കുറ്റ്യാടി | 744.170 |
| 9 | തരിയോട് | 754.50 |
| 10 | ആനയിറങ്കൽ | 1188.450 |
| 11 | പൊന്മുടി | 684.000 |
| 12 | നേര്യമംഗലം | 451.500 |
| 13 | പൊരിങ്ങൽ | 413.700 |
| 14 | ശെങ്കുളം (SBR) | 846.650 |
| 15 | ലോവർ പെരിയാർ | 246.800 |
| 16 | കക്കാട് | 184.750 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കഴിഞ്ഞ ജലവർഷം (ജൂൺ 2018 മുതൽ മേയ് 2019 വരെ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ ലഭിച്ച നീരൊഴുക്ക് വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ചും പുറമേ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ലഭ്യതയും കണക്കിലെടുത്ത് ക്രമീകരിച്ച് ഉൽപ്പാദനം നിയന്ത്രിച്ചതിനാൽ 2019 ജൂൺ 1-ന് സാധാരണ നിലയിൽ കരുതൽ ശേഖരമായി അവശേഷിക്കുന്ന 550 ദശലക്ഷം യൂണിറ്റിന്റെ സ്ഥാനത്ത് 652 ദശലക്ഷം യൂണിറ്റ് നീക്കിവയ്ക്കാൻ സാധിച്ചു. ഇതിനുപുറമേ 2018-ൽ ജലവൈദ്യുത നിലയങ്ങളിലെ പദ്ധതി പ്രദേശത്ത് ലഭിച്ച അധിക നീരൊഴുക്ക്മൂലമുള്ള അധിക വൈദ്യുതി ഉൽപ്പാദനം രാജസ്ഥാൻ ഊർജ്ജ വികാസ് നിഗം ലിമിറ്റഡ് (RUVNL)മായി ബാങ്കിംഗ് സംവിധാനത്തിൽ ഏർപ്പെട്ട് 2019 മേയ് മുതൽ ജൂൺ 30 വരെയുള്ള കാലയളവിൽ തിരികെ കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*. കൂടാതെ കാലവർഷത്തിൽ കൂടുതൽ നീരൊഴുക്ക് പ്രതീക്ഷിക്കുന്നതിനാൽ നിയന്ത്രണങ്ങൾ ഇല്ലാതെ വൈദ്യുതി ഉപഭോഗം നിറവേറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പേപ്പാറ, മീൻമുട്ടി ജലവൈദ്യുത പദ്ധതികൾ**

211(3941) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പേപ്പാറ, മീൻമുട്ടി ജലവൈദ്യുത പദ്ധതികളിൽ നിന്നും വൈദ്യുതോത്പാദനം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര മെഗാവാട്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വൈദ്യുത പദ്ധതികൾ ലാഭകരമാണോ; നിലവിൽ ശേഷിക്കനു സരിച്ചുള്ള വൈദ്യുതോത്പാദനം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതികളിൽ വൈദ്യുതോൽപ്പാദനം നടക്കുന്നുണ്ട്. പേപ്പാറ പദ്ധതിയിൽ 3 മെഗാവാട്ടിന്റെ ഒരു ജനറേറ്ററും ലോവർ മീൻമുട്ടി പദ്ധതിയിൽ 1.5 മെഗാവാട്ടിന്റെ 2 ജനറേറ്ററുകളും 0.5 മെഗാവാട്ടിന്റെ ഒരു ജനറേറ്ററുമാണ് (ആകെ 3.5 മെഗാവാട്ട്) സ്ഥാപിച്ചിട്ടുള്ളത്. ഡി.പി.ആർ. പ്രകാരം പേപ്പാറ പദ്ധതിയിൽനിന്നും 11.5 മില്ല്യൺ യൂണിറ്റും ലോവർ മീൻമുട്ടിയിൽനിന്നും 7.63 മില്ല്യൺ യൂണിറ്റും വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | പേപ്പാറ | ലോവർ മീൻമുട്ടി |
|---|---|---|
| 2016-17 | 3.9406 Mu | 2.520225 Mu |
| 2017-18 | 5.30004 Mu | 5.2482 Mu |
| 2018-19 | 8.28756 Mu | 6.1182 Mu |

(ബി) പ്രസ്തുത പദ്ധതികളിൽനിന്നും ശേഷിക്കനുസരിച്ചുള്ള വൈദ്യുതോൽപ്പാദനം നടക്കുന്നില്ല. പ്രധാനമായും തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള ആവശ്യകത കണക്കിലെടുത്ത് കേരളാ വാട്ടർ അതോറിറ്റി നിർമ്മിച്ചിട്ടുള്ളതാണ് പേപ്പാറ ഡാം. വാട്ടർ അതോറിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പ്രസ്തുത പദ്ധതിയിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതോൽപ്പാദനം നടത്തുന്നത്.

**വൻകിട ഉപഭോക്താക്കൾ വരുത്തിയ കുടിശ്ശിക**

212(3942) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി.ക്ക് വൻകിട ഉപഭോക്താക്കളിൽനിന്നും കുടിശ്ശികയിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

30-4-2019 വരെയുള്ള കണക്കുകൾ പ്രകാരം എച്ച്.റ്റി./ ഇ.എച്ച്.റ്റി. വിഭാഗത്തിൽ 820.84 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു :

| ക്രമ നമ്പർ | | തുക (₹) |
|---|---|---|
| 1 | സെൻട്രൽ ഡിപ്പാർട്ടുമെന്റ് | 43,95,440 |
| 2 | ക്യാപ്റ്റീവ് പവർ പ്ലാന്റ് | 58,25,09,491 |
| 3 | സെൻട്രൽ പബ്ലിക് സെക്ടർ | 55,07,65,828 |
| 4 | കോർപ്പറേറ്റീവ് സെക്ടർ | 24,51,86,009 |

| | | |
|---|---|---|
| 5 | ഇന്റർ സ്റ്റേറ്റ് | 3,57,54,525 |
| 6 | കേരള വാട്ടർ അതോറിറ്റി | 66,64,30,465 |
| 7 | ലോക്കൽ ബോഡി | 8,47,437 |
| 8 | ലൈസൻസി | 19,27,77,166 |
| 9 | മൈനർ ഇറിഗേഷൻ | 22,34,09,402 |
| 10 | പ്രൈവറ്റ് | 4,55,73,16,371 |
| 11 | സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് | 13,15,53,016 |
| 12 | സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് മെഡിക്കൽ | 2,69,19,010 |
| 13 | സ്വയംഭരണ സ്ഥാപനങ്ങൾ | 3,42,626 |
| 14 | സംസ്ഥാന പൊതുമേഖല | 99,01,68,585 |
| | | 8,20,83,75,371 |

**കോതമംഗലം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

213(3943) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടി ഏതെല്ലാം വകുപ്പുകളുടെ ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും ഓരോ വകുപ്പും ഇതിനുവേണ്ടി എത്ര തുക വീതം ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ 654 പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കുവേണ്ടി കോതമംഗലം മണ്ഡലത്തിൽ ആകെ 64,44,621 രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ 10,53,720 രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡും 12,00,000 രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും 3,63,350 രൂപ എസ്.സി. ഡിപ്പാർട്ടുമെന്റിൽ നിന്നുമാണ് ചെലവഴിച്ചത്. ബാക്കി തുകയ്ക്കുള്ള പ്രവൃത്തികൾ ഡി.ഡി.യു.ജി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പൂർത്തീകരിച്ചത്.

## ഫിലമെന്റ് ബൾബ് രഹിത കേരളം

214(3944) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി ഓഫീസുകൾവഴി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഫിലമെന്റ് ബൾബ് രഹിത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിലൂടെ എത്ര വൈദ്യുതി ലാഭിക്കാം എന്നാണ് വൈദ്യുതി വകുപ്പ് കരുതുന്നത് ?

ഉത്തരം

(എ&ബി) കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പിക്കുന്നതിനായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ച ഊർജ്ജ കേരളം മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് 'ഫിലമെന്റ് രഹിത കേരളം' പദ്ധതി. കേരളത്തിലെ എല്ലാ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനാണ് പ്രസ്തുത പദ്ധതി വിഭാവന ചെയ്യുന്നത്. 17-6-2019 വരെ ലഭ്യമായ കണക്ക് പ്രകാരം 83 ലക്ഷം എൽ.ഇ.ഡി. ബൾബുകളുടെ ആവശ്യകതയാണ് ഉപഭോക്താക്കളുടെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്. ഇത് ഏകദേശം 1 കോടി കവിയുമെന്ന് പ്രതീക്ഷിക്കുന്നു. 40 വാട്ടിന്റെ ബൾബുകൾക്ക് പകരം 9 വാട്ടിന്റെ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ചാൽ ഒരു ദിവസം ഏകദേശം 1.24 മില്ല്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

215(3945) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ആദ്യഘട്ടമായി സോളാർ പാനലുകൾ സ്ഥാപിക്കുവാനുള്ള ഉപഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉപഭോക്താക്കളെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡ പ്രകാരമാണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നത് എന്നറിയിക്കാമോ;

(ഡി) സർക്കാർ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയുടെ മേൽക്കൂര ഇക്കാര്യത്തിനായി ഉപയോഗിക്കുവാൻ പദ്ധതിയുണ്ടോ; നിയമസഭാ മന്ദിരം, വികാസ് ഭവൻ, സെക്രട്ടേറിയേറ്റ്, പബ്ലിക് ഓഫീസ് തുടങ്ങിയ വലിയ കെട്ടിടങ്ങളുടെ മേൽക്കൂര ഇക്കാര്യത്തിനായി വിനിയോഗിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന് ആകെ എന്ത് ചിലവ് പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 2.78 ലക്ഷം ഉപഭോക്താക്കളെ നേരിൽ സന്ദർശിച്ച് ഉൽപ്പാദന നിലയം സ്ഥാപിക്കുന്നതിന് സാങ്കേതിക സാധ്യതാ പഠനം (ടെക്നിക്കൽ സർവ്വേ) നടത്തിവരികയാണ്. ഇതുവരെ 2.67 ലക്ഷം സർവ്വേ പൂർത്തീകരിച്ചു. സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ റൂഫ് ടോപ്പ് തെരഞ്ഞെടുക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. 2019 ആഗസ്റ്റ് മാസം 15-ഓടുകൂടി പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കാനുള്ള ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ്.

(ബി) ലഭ്യമായ പുരപ്പുറത്തിന്റെ വിസ്തൃതി, സൂര്യപ്രകാശത്തിന്റെ ലഭ്യത, കെട്ടിടത്തിന്റെ ഉറപ്പ്, സാങ്കേതിക സാധ്യത, 25 വർഷത്തേയ്ക്ക് പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുവാനുള്ള ഉടമസ്ഥന്റെ അനുവാദം തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(സി) ആദ്യഘട്ടമായി പുരപ്പുറ സൗരോർജ്ജ പദ്ധതി മുഖേന 200 മെഗാവാട്ട് വൈദ്യുതിയും 2021 ഓടുകൂടി 500 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതി ചുവടെ പറയുന്ന മേഖലകളിൽനിന്നും ഉൽപ്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്.

ഗാർഹിക /കാർഷിക ഉപഭോക്താക്കൾ -150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങൾ -100 മെഗാവാട്ട്

ഗാർഹികേതര/സർക്കാർ ഇതര സ്ഥാപനങ്ങൾ - 250 മെഗാവാട്ട്

(ഇ) പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽനിന്നും 500 മെഗാവാട്ട് വൈദ്യുതി 2020-2021 ഓടുകൂടി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പ്രോജക്ടിന് മൊത്തമായി 2500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ മുതൽമുടക്കിൽ താൽപ്പര്യമുള്ള ഉപഭോക്താക്കളെയും (സ്വന്തം ചെലവിൽ) സ്വകാര്യ സംരംഭകരെയും (ലെവലൈസ്ഡ് താരിഫ്) കൂടി ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## ഫ്ലോട്ടിംഗ് സോളാർ പാർക്കുകൾ

216(3946) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും വലിയ ഫ്ലോട്ടിംഗ് സോളാർ പാർക്ക് ഇടുക്കി റിസർവ്വോയറിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള സർവേ ഏത് ഘട്ടത്തിലാണ്;

(ബി) കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടുകൂടിയാണോ പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഫ്ലോട്ടിംഗ് സോളാർ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മറ്റ് റിസർവ്വോയറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എത്ര കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; ഇടുക്കിയിലെ സോളാർ പാർക്ക് നിർമ്മാണം എന്ന് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിലെ റിസർവോയറുകൾ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭ ദശയിലാണ്.

(ബി) കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി, കുണ്ടള, പൊന്മുടി എന്നീ റിസർവോയറുകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു.

(സി) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദശയിലാണ്.

(ഡി) പഠനം പൂർത്തിയാക്കിയതിനുശേഷം മാത്രമേ പ്ലാന്റുകളുടെ സ്ഥാപിതശേഷി നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

**അങ്കമാലി കെ.എസ്.ഇ.ബി. ഓഫീസിന് പുതിയ കെട്ടിടം**

217(3947) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി.യുടെ അങ്കമാലി ഡിവിഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് 28-11-2018-ൽ 97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി&സി) ഭരണാനുമതി ലഭിച്ചതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾക്കായി ദർഘാസ് ക്ഷണിക്കുകയും യോഗ്യതയുള്ള ദർഘാസ് ലഭിക്കാത്തതിനാൽ പുനർദർഘാസ് ക്ഷണിക്കേണ്ടിവരികയും ചെയ്തു. പുനർദർഘാസിൽ യോഗ്യത നേടിയ വ്യക്തിക്ക് 27-5-2019-ൽ വർക്ക് ഓർഡർ നൽകുകയുമുണ്ടായി. പുനർദർഘാസ് ലഭിച്ചശേഷം നടപടികൾ നടന്നുകൊണ്ടിരിക്കെ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണ് വർക്ക് ഓർഡർ നൽകുന്നതിന് കാലതാമസമുണ്ടായത്. പ്രസ്തുത കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി 7-6-2019-ന് ആരംഭിച്ചിട്ടുണ്ട്.

(ഡി) വർക്ക് ഓർഡർ പ്രകാരം 26-5-2020-ന് നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അങ്കമാലി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

218(3948) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രളയത്തിനുശേഷം പ്രസ്തുത മണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകളാണ് മാറ്റി സ്ഥാപിച്ചതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഈ മണ്ഡലത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) മണ്ഡലത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിലെ വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ബോർഡ് പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി ടൗണിൽ വോൾട്ടേജ് കുറവുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. പരാതിയെത്തുടർന്ന് ഫീൽഡ് ഓഫീസർമാർ പരിശോധന നടത്തുകയും താൽക്കാലിക പരിഹാരമെന്ന നിലയിൽ ത്രീഫേസ് ലൈൻ വലിക്കുകയും കപ്പാസിറ്റി കൂടിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വോൾട്ടേജ് ക്ഷാമം പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നതാണ്. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായാലുടൻതന്നെ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ പ്രളയത്തിനുശേഷം താഴെപ്പറയുന്ന 17 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| അങ്കമാലി സെക്ഷൻ | 2 എണ്ണം (പവിഴപ്പൊങ്ങ, കരയാംപറമ്പ്-100 KVA ട്രാൻസ്ഫോർമറുകൾ) |
| കാലടി സെക്ഷൻ | 1 എണ്ണം (പിരാരൂർ-250 KVA ട്രാൻസ്ഫോർമർ) |
| മലയാറ്റൂർ സെക്ഷൻ | 1 എണ്ണം (പറക്കാട്ട് -100 KVA ട്രാൻസ്ഫോർമർ) |
| മഞ്ഞപ്ര സെക്ഷൻ | 13 എണ്ണം (വള്ളിത്തോട്, പള്ളിക്കുന്ന്, ലക്കി |

ക്രഷർ, സ്റ്റാർ ഗ്രാനൈറ്റ് മരിയ ക്രഷർ, ലൈല റബ്ബേഴ്സ് -100 KVA ട്രാൻസ്ഫോർമറുകൾ അക്ഷയ, കരിങ്ങാലിക്കാട്, മേരിഗിരി, കല്യാൺ റൈസ്, A1 റബ്ബർ മൈക്കിൾ &മൈക്കിൾ-160 KVA ട്രാൻസ്ഫോർമറുകൾ, കുഴിയംപാടം -250 KVA ട്രാൻസ്ഫോർമർ)

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ തിരിച്ച് താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| അങ്കമാലി സെക്ഷൻ | - | 17,694 |
| കറുകുറ്റി സെക്ഷൻ | - | 10,378 |
| മൂക്കന്നൂർ സെക്ഷൻ | - | 8,103 |
| പാറക്കടവ് സെക്ഷൻ | - | 7.714 |
| കാലടി സെക്ഷൻ | - | 15,487 |
| മലയാറ്റൂർ സെക്ഷൻ | - | 8,783 |
| മഞ്ഞപ്ര സെക്ഷൻ | - | 10,701 |
| തുറവൂർ സെക്ഷൻ | - | 7,823 |

(ഡി) നിലവിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് കാണുന്നില്ല. കൂടാതെ പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും കൂടുതൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ ബോർഡിന്റെ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

## ചെങ്ങന്നൂരിൽ വൈദ്യുതി ബോർഡിന് പുതിയ കെട്ടിടം

219(3949) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെങ്ങന്നൂരിൽ വൈദ്യുതി ബോർഡിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഏതു വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

7-3-2019-ലെ ബോർഡ് ഉത്തരവ് പ്രകാരം ചെങ്ങന്നൂരിൽ വൈദ്യുതി ബോർഡിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്ലാൻ അംഗീകരിച്ച് 2.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടം പണിയുന്നതിനുള്ള വിശദമായ പ്ലാനും സ്ട്രക്ചറൽ ഡിസൈനും ഡ്രോയിംഗും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് എഞ്ചിനീയർ

220(3950) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ എന്നീ ഓരോ വിഭാഗത്തിലും നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം നൽകിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)വിഭാഗത്തിൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ എത്ര ഒഴിവുകളുണ്ടാകും;

(സി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ 9 ഒഴിവും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ 4 ഒഴിവുമുണ്ട്. കെ.എസ്.ഇ.ബി.-യിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 189 ഒഴിവുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

(ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം നൽകിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) വിഭാഗത്തിൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ കഴിയുന്ന ഒഴിവുകളുടെ എണ്ണം നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ പി.എസ്.സി. വഴി നിയമനം നടത്തുന്ന ക്വാട്ടയിൽ 4 ഒഴിവുകൾ മാത്രമാണുള്ളത്. ആകെയുള്ള 189 ഒഴിവുകളിൽ 185 എണ്ണം ഐ.റ്റി.ഐ. ക്വാട്ടയിലും ബാക്കി 4 ഒഴിവുകൾ കെ.പി.എസ്.സി.ക്ക് ഇതിനകംതന്നെ റിപ്പോർട്ട് ചെയ്ത 40 ശതമാനം ക്വാട്ടയിലുമാണ്. എന്നാൽ ഈ ഒഴിവുകൾ അംഗപരിമിതർക്കായി സംവരണം ചെയ്തതിനാൽ നിലവിൽ കെ.പി.എസ്.സി. പ്രസിദ്ധീകരിച്ചിരിക്കുന്ന ലിസ്റ്റിൽ അംഗപരിമിതർ ഇല്ലാത്തതിനാൽ നിയമന നിർദ്ദേശം ലഭിച്ചിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മുകളിലേക്ക് വരുന്ന സ്ഥാനക്കയറ്റത്തെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 40 ശതമാനം ക്വാട്ടയിൽ ഉണ്ടാകുന്ന ഒഴിവുകളാണ് കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

## കെ.എസ്.ഇ.ബി.യിൽ കായികതാരങ്ങളുടെ നിയമനം

221(3951) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ പുതിയതായി എത്ര കായിക താരങ്ങളെ 2016-നു ശേഷം ജോലിക്ക് എടുത്തിട്ടുണ്ട്; ഏതൊക്കെ ഇനങ്ങളിൽ എന്ന് വിശദമാക്കാമോ;

(ബി) 2016-നുശേഷം കെ.എസ്.ഇ.ബി. കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(സി) പുതിയതായി കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിലേക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സാധ്യതയുണ്ടോ; ഏതൊക്കെ കായിക ഇനങ്ങളിൽ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2016-നുശേഷം താഴെപ്പറയുന്ന കായിക ഇനങ്ങളിൽ 28 പേർക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | ബാസ്കറ്റ് ബോൾ (പുരുഷന്മാർ) | 5 |
| 2 | ബാസ്കറ്റ് ബോൾ (വനിതകൾ) | 4 |
| 3 | വോളിബോൾ (പുരുഷന്മാർ) | 5 |
| 4 | വേളിബോൾ (വനിതകൾ) | 5 |
| 5 | ഫുട്ബോൾ (പുരുഷന്മാർ) | 7 |
| 6 | ടെന്നീസ് (പുരുഷന്മാർ) | 1 |
| 7 | ബാഡ്മിന്റൺ- ഷട്ടിൽ (പുരുഷന്മാർ) | 1 |
| | ആകെ | 28 |

(ബി) 2016-നുശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് കായികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

വോളിബോൾ (വനിതാ വിഭാഗം)

1. 2017-ലെ ബ്രിക്സ് ഗെയിംസിൽ രണ്ടുപേർ ഇന്ത്യയെ പ്രതിനിധീകരിച്ചു.
2. 2018-ലെ ഏഷ്യൻ ഗെയിംസിൽ അഞ്ചുപേർ ഇന്ത്യയെ പ്രതിനിധീകരിച്ചു.
3. 2018-ലെ ബ്രിക്സ് ഗെയിംസിൽ രണ്ടുപേർ ഇന്ത്യയെ പ്രതിനിധീകരിച്ചു.
4. 2018-ലെ ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാന ടീമിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഏഴുപേർ അംഗങ്ങളായിരുന്നു.
5. 2019-ൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കേരള ടീമിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഒമ്പതുപേർ അംഗങ്ങളായിരുന്നു.
6. 2017-ൽ മൂന്ന് അഖിലേന്ത്യാ ടൂർണമെന്റുകളിലും മൂന്ന് അഖില കേരള ടൂർണമെന്റുകളിലും ജേതാക്കളായി.
7. 2019-ൽ രണ്ട് അഖിലേന്ത്യാ ടൂർണമെന്റുകളിലും ഒരു അഖില കേരള ടൂർണമെന്റിലും ജേതാക്കളായി.

<u>വോളിബോൾ പുരുഷവിഭാഗം</u>

1. 2017-ൽ ഒരു അഖില കേരള ടൂർണമെന്റിൽ ജേതാക്കളായി.
2. 2018-ൽ എട്ട് അഖില കേരള ടൂർണമെന്റുകളിൽ ജേതാക്കളായി. രണ്ട് അഖിലേന്ത്യാ ടൂർണമെന്റുകളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.
3. 2018-ലും 2019-ലും നടന്ന അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിൽ ജേതാക്കളായി.
4. 2019-ൽ മൂന്ന് അഖില കേരള ടൂർണമെന്റുകളിൽ ജേതാക്കളായി. ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.
5. 2018-ൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ സംസ്ഥാന ടീമിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ രണ്ടുപേർ അംഗങ്ങളായിരുന്നു.
6. 2019-ൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ മൂന്നുപേർ സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ചു.

<u>ബാസ്കറ്റ് ബോൾ (വനിതാ വിഭാഗം)</u>

1. 2017-ൽ മംഗോളിയയിൽ നടന്ന 3x3 ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ രണ്ടു പേർ ഇന്ത്യയെ പ്രതിനിധീകരിച്ചു.
2. 2017-ൽ ബംഗളൂരുവിൽ നടന്ന ഏഷ്യൻ ബി ഡിവിഷൻ ലീഗ് ജേതാക്കളായി ഇന്ത്യൻ ടീമിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മൂന്നുപേർ അംഗങ്ങളായിരുന്നു.
3. 2017-ൽ പുതുച്ചേരിയിൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ സംസ്ഥാന ടീമിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അഞ്ചുപേർ അംഗങ്ങളായിരുന്നു.
4. 2018-ൽ ആസ്ട്രേലിയയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ മൂന്നുപേർ ഇന്ത്യൻ ടീമിനെ പ്രതിനിധീകരിച്ചു.
5. 2018-ൽ ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാന ടീമിൽ ആറുപേരും 2019-ൽ നടന്ന ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാന ടീമിൽ എട്ടുപേരും അംഗങ്ങളായിരുന്നു.
6. 2017-ൽ തിരുനെൽവേലിയിൽ നടന്ന അഖിലേന്ത്യാ ടൂർണമെന്റിലും ആലപ്പുഴയിൽ നടന്ന ദക്ഷിണേന്ത്യാ ടൂർണമെന്റിലും ജേതാക്കളായി.

7. 2018-ൽ ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ ജേതാക്കളായി.

8. 2019-ൽ ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ ജേതാക്കളാവുകയും രണ്ട് അഖിലേന്ത്യാ ടൂർണമെന്റുകളിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

ബാസ്കറ്റ് ബോൾ പുരുഷവിഭാഗം

1. 2017-ൽ തിരുവനന്തപുരം ജില്ലാ ലീഗ് ജേതാക്കളാവുകയും ഒരു അഖില കേരള ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

2. 2018-ൽ രണ്ട് അഖില കേരള ടൂർണമെന്റുകളിൽ ജേതാക്കളായി.

3. 2018-ൽ അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിൽ ജേതാക്കളായി.

4. 2018-ൽ ടീമിലെ അഞ്ചുപേർ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു.

5. 2019-ൽ ടീമിലെ മൂന്നുപേർ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു.

ഫുട്ബോൾ (പുരുഷ വിഭാഗം)

1. 2017-ൽ നടന്ന കേരള പ്രീമിയർ ലീഗിൽ ജേതാക്കളായി

2. 2018-ൽ രണ്ട് അഖിലേന്ത്യാ ടൂർണമെന്റുകളിൽ ജേതാക്കളായി

3. 2019-ൽ കേരള ലീഗ് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായി

4. 2018-ലെ ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കേരള ടീമിൽ ഒരാൾ അംഗമായിരുന്നു.

5. 2019-ൽ ടീമിലെ മൂന്നുപേർ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു.

ടെന്നീസ് (പുരുഷ വിഭാഗം)

1. 2018-ൽ ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ ജേതാക്കളായി

2. 2018-ൽ അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി

3. 2018-ൽ രണ്ട് അന്തർദേശീയ സീനിയർ ടൂർണമെന്റുകളിൽ ജേതാക്കളാവുകയും ഒരു ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

4. 2018-ലെ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജേതാക്കളായി
5. 2019-ൽ നടന്ന ഒരു അഖില കേരള ടൂർണമെന്റിൽ ജേതാക്കളായി
6. 2019-ലെ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ ജേതാക്കളായി.

ബാഡ്മിന്റൺ-ഷട്ടിൽ (പുരുഷ വിഭാഗം)

1. 2017-ൽ നടന്ന മൂന്ന് അഖില കേരള ടൂർണമെന്റുകളിലും അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റുകളിലും ജേതാക്കളായി.
2. 2018-ൽ നടന്ന ഒരു അഖിലേന്ത്യാ ടൂർണമെന്റിലും അഖിലേന്ത്യാ ഇലക്ട്രിസിറ്റി ബോർഡ് ടൂർണമെന്റിലും ജേതാക്കളായി.
3. 2018-ൽ നടന്ന മൂന്ന് അഖില കേരള ടൂർണമെന്റുകളിൽ ജേതാക്കളാകുകയും നാല് ടൂർണമെന്റുകളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.
4. 2019-ൽ നടന്ന ഒരു അഖില കേരള ടൂർണമെന്റിൽ ജേതാക്കളാകുകയും ഒരു അഖിലേന്ത്യാ ടൂർണമെന്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.
5. 2019-ൽ നടന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ ടീമിലെ ഒരാൾ സംസ്ഥാനത്തെ പ്രതിനിധീകരിച്ചു.

(സി) 2018-ലെ സ്പോർട്സ് ക്വാട്ടയിൽ താഴെപ്പറയുന്ന കായിക ഇനങ്ങളിൽ പുതിയതായി കായികതാരങ്ങൾക്ക് നിയമനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്.

| | | |
|---|---|---|
| 1 | ബാസ്കറ്റ് ബോൾ (പുരുഷന്മാർ) | 2 |
| 2 | ബാസ്കറ്റ് ബോൾ (വനിതകൾ) | 1 |
| 3 | വോളിബോൾ (വനിതകൾ) | 1 |
| 4 | ഫുട്ബോൾ (പുരുഷന്മാർ) | 3 |
| 5 | ബാഡ്മിന്റൺ-ഷട്ടിൽ (പുരുഷന്മാർ) | 1 |
| | ആകെ | 8 |

## അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

222(3952) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിൽ കേന്ദ്ര വൈദ്യുത അതോറിറ്റി സുരക്ഷ ചട്ടം 2010-ൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്ത എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരാണ് ഇപ്പോൾ സർവ്വീസിൽ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്ക് ഏകദേശം ഇരുപത്തി അഞ്ച് ലക്ഷം രൂപ ചെലവഴിച്ച് ട്രെയിനിംഗ് നൽകി കേന്ദ്ര വൈദ്യുത അതോറിറ്റി സുരക്ഷ ചട്ടം 2010-ൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകുവാൻ മാനവവിഭവശേഷി നിർവ്വഹണ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഓ.പി 07/2016-ൽ 29-12-2016-ാം തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ ലൈൻമാൻ, ഓവർസീയർ, സബ് എഞ്ചിനീയർവരെയുള്ള തസ്തികയിൽ ഉള്ള ജീവനക്കാർക്കു മാത്രം പ്രസ്തുത ചട്ടം അനുശാസിക്കുന്ന ട്രെയിനിംഗ് നൽകി വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും അറ്റകുറ്റ പണികൾക്കുമായി നിയോഗിക്കുവാൻ പാടുള്ളൂ എന്നു പറയുന്നുണ്ടെങ്കിലും പ്രസ്തുത ചട്ടം അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ, ഡിപ്ലോമയോ ഇല്ലാത്ത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർക്ക് ഏകദേശം ഇരുപത്തി അഞ്ചു ലക്ഷം രൂപ ചെലവഴിച്ച് ഇപ്രകാരം ട്രെയിനിംഗ് നൽകുന്നത് കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന് വിരുദ്ധം അല്ലേ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം ട്രെയിനിംഗ് നൽകികൊണ്ട് മാത്രം നൽകുന്ന ഡിഗ്രി/ ഡിപ്ലോമ യോഗ്യത സർട്ടിഫിക്കറ്റ് സംസ്ഥാന സർവ്വകലാശാലകളോ സാങ്കേതിക വിദ്യാഭ്യാസ വകുപ്പോ നൽകുന്ന ഡിഗ്രി/ ഡിപ്ലോമ സർട്ടിഫിക്കറ്റിന് തുല്യമാണോ; അതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ കേന്ദ്ര വൈദ്യുതി അതോറിറ്റി സുരക്ഷ ചട്ടം 2010-ൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്ത എന്നാൽ ഐ.റ്റി.ഐ.യോ തത്തുല്യ യോഗ്യതയോ ഉള്ള 227 അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരാണ് സർവ്വീസിലുള്ളത്.

(ബി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർക്ക് കേന്ദ്ര വൈദ്യുത അതോറിറ്റി സുരക്ഷാചട്ടം 2010-ൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകുവാൻ ചീഫ് എഞ്ചിനീയർ (മാനവവിഭവശേഷി നിർവ്വഹണം) നെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) കേന്ദ്ര വൈദ്യുത അതോറിറ്റി റെഗുലേഷൻ 2010 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന പ്രത്യേക അധികാരമുപയോഗിച്ച് കെ.എസ്.ഇ.ബി.എൽ-ലെ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്ര വൈദ്യുത അതോറിറ്റി റെഗുലേഷൻ ബാധകമാക്കേണ്ടതില്ലെന്നും പുതുതായി നിയമിക്കുന്നവർക്ക് മാത്രം കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ റെഗുലേഷൻ ബാധകമാക്കിയാൽ മതിയെന്നും ജി.ഒ. (അച്ചടി) നമ്പർ 1/2019/ഊ.വ 13-2-2019 പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. (ബോർഡ് ഓർഡർ [FTD No. 219/2019 (Estt.II/6781/2017/) 7-3-2019]). (ടി ഗവൺമെന്റ് ഉത്തരവ് ബഹു.മാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.) കേന്ദ്ര വൈദ്യുത അതോറിറ്റി റെഗുലേഷൻ അനുശാസിക്കുന്ന ഡിഗ്രി/ഡിപ്ലോമ ഇല്ലാതെ സൂപ്പർവൈസറി തസ്തികകളിൽ ജോലി ചെയ്തുവരുന്ന കെ.എസ്.ഇ.ബി.എൽ-ലെ ജീവനക്കാർക്ക് കേന്ദ്ര വൈദ്യുത അതോറിറ്റി അനുശാസിക്കുന്ന പരിശീലനം നൽകുവാനും അവർ ഡിഗ്രി/ഡിപ്ലോമ കരസ്ഥമാക്കുന്ന മുറയ്ക്ക് നിർദ്ദിഷ്ട സർട്ടിഫിക്കേഷൻ നൽകാനുമാണ് കെ.എസ്.ഇ.ബി.എൽ ഉത്തരവായിട്ടുള്ളത്.

(ഡി) ഇപ്രകാരം ട്രെയിനിംഗ് നൽകികൊണ്ട് കെ.എസ്.ഇ.ബി.എൽ യാതൊരു ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റും നൽകുന്നില്ല.

## അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

223(3953) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ട് കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിയോ; അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010-ലെ സുരക്ഷാമാനദണ്ഡങ്ങൾ കെ.എസ്.ഇ.ബി.-യിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഐ.ഐ.എം പഠന റിപ്പോർട്ട് നടപ്പിലാക്കാത്തതുകൊണ്ടും കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010-ലെ സുരക്ഷാ മാനദണ്ഡങ്ങളുടെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ 20% ഐ.റ്റി.ഐ.

ക്വാട്ടയായി നീക്കിവയ്ക്കുന്ന കാര്യത്തിൽ തീരുമാനം ആകാത്തതുകൊണ്ടും ഈ നിയമനങ്ങൾ പി.എസ്.സിയുടെ ഓപ്പൺ ക്വാട്ടയ്ക്ക് കിട്ടേണ്ടതുകൊണ്ടും പ്രളയത്തെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താത്തതുംകൊണ്ടും ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുവാൻ ഉള്ള സാധ്യത ഉണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കാരണങ്ങളാൽ പി.എസ്.സി. ഓപ്പൺ ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ അവസരം നിഷേധിക്കപ്പെടുന്നതിനാൽ ഗവൺമെന്റ് തലത്തിൽ ഈ റാങ്ക് ലിസ്റ്റ് നീട്ടി ഉദ്യോഗാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010-ലെ സുരക്ഷ മാനദണ്ഡങ്ങളുടെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ)മാരുടെ 20% ഐ.റ്റി.ഐ. ക്വോട്ടയുടെ കാര്യത്തിൽ തീരുമാനം ഇനിയും വൈകുകയാണെങ്കിൽ 2021-2022 വർഷത്തിൽ ഡിഗ്രി ക്വോട്ടയിൽ ഉണ്ടാകുന്ന ഒഴിവുകൾ ആവശ്യം എങ്കിൽ പകരം കൊടുക്കാം എന്ന വ്യവസ്ഥയിൽ 20% ഐ.റ്റി.ഐ. ക്വാട്ടയിലെ നിലവിൽ ഉള്ള ഒഴിവുകളിൽ താല്കാലികമായി ഈ റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കുവാൻ സർക്കാർ നടപടി എടുക്കുമോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ട് ബോർഡ് നിയോഗിച്ച ഉന്നതതല കമ്മിറ്റി വിശദമായി പഠിക്കുകയും നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. സബ് കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ്, ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാല് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേന്ദ്ര വൈദ്യുതി അതോറിറ്റി നിശ്ചയിച്ച പ്രകാരമുള്ള യോഗ്യതകളും മറ്റ് മാനദണ്ഡങ്ങളും കെ.എസ്.ഇ.ബി.എൽ-ൽ നടപ്പിലാക്കുന്നത് പഠിക്കുവാൻ ബോർഡ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കൺവീനർ ആയിട്ടുള്ള പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനുശേഷം കേന്ദ്ര വൈദ്യുതി അതോറിറ്റി 6 &7 റെഗുലേഷനുകൾക്ക് അനുസൃതമായിട്ടുള്ള പുതിയ നിയമന-സ്ഥാനക്കയറ്റ പരിശീലന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശിപാർശ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ഫലപ്രദമായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തുന്നതിനായി മറ്റൊരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയും ഇതിനകം പ്രാഥമിക റിപ്പോർട്ട് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ.-ലെ വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് കെ.എസ്.ഇ.ബി.എൽ.-ലെ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ ബാധകമാക്കേണ്ടതില്ലെന്നും എന്നാൽ പുതിയ നിയമനങ്ങൾ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ പ്രകാരമായിരിക്കണമെന്നും ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ നമ്പർ (അച്ചടി) നമ്പർ 1/2019/ഊ.വ. 13-2-2019 പ്രകാരം തീരുമാനിച്ചു. (ബോർഡ് ഓർഡർ നമ്പർ ബി.ഒ. (എഫ്.റ്റി.ഡി.) നമ്പർ 219/2019 (എസ്റ്റാ II/6781/2017/7-3-2019). എന്നാൽ ടി ഉത്തരവുകൾ കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിലെ (WPC 6410/2019) ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നാൽ നിർദ്ദിഷ്ട യോഗ്യതയില്ലാത്ത ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകാനുള്ള സത്വര നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരികയാണ്.

(സി) ഐ.ഐ.എം. പഠന റിപ്പോർട്ട് നടപ്പിലാക്കാത്തതുകൊണ്ടോ പ്രളയത്തെത്തുടർന്നോ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് തടസ്സമുണ്ടായിട്ടില്ല. സർക്കാരിന്റെ 13-2-2019-ലെ ഉത്തരവ് പ്രകാരം കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ റെഗുലേഷൻ 2010-ലെ 6 & 7 ചട്ടങ്ങളിലെ നിബന്ധനകൾ പ്രാവർത്തികമാക്കുന്നതിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിലവിലെ ജീവനക്കാർക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 20 ശതമാനം ഐ.റ്റി.ഐ. ക്വാട്ടയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയില്ല. ടി ഗവൺമെന്റ് ഉത്തരവ് ഹൈക്കോടതി സ്റ്റേ

ചെയ്തിരിക്കുകയാണ്. ഒരു ക്വാട്ടയിലെ ഒഴിവുകൾ മറ്റൊരു ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവരെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നത് ബോർഡിന്റെ പരിധിയിൽ വരുന്ന വിഷയമല്ല.

(ഡി) ഐ.ഐ.എം. പഠന റിപ്പോർട്ട് നടപ്പിലാക്കാത്തതുകൊണ്ടോ പ്രളയത്തെത്തുടർന്നോ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ നിയമനം നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് തടസ്സം ഉണ്ടായിട്ടില്ല. നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ നയപരമായ തീരുമാനത്തിൽപ്പെട്ടതാണ്. ആയത് ഇപ്പോൾ പരിഗണനയിലില്ല.

(ഇ) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 20 ശതമാനം നിലവിലെ ജീവനക്കാരായ സബ് എഞ്ചിനീയർമാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്കായി നീക്കിവച്ചിരിക്കുന്നു. വൈദ്യുതി വകുപ്പുമന്ത്രി സി.ഇ.എ. റെഗുലേഷനെ സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ ബാധകമാക്കേണ്ടതില്ലെന്നും എന്നാൽ പുതിയ നിയമനങ്ങൾ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ നിബന്ധനകൾ പ്രകാരമായിരിക്കണമെന്നും ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ. (അച്ചടി) നമ്പർ 1/2019/ ഊ.വ. 13-2-2019 പ്രകാരം തീരുമാനിച്ചു. ഒരു ക്വാട്ടയിലെ ഒഴിവുകൾ മറ്റൊരു ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവരെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം

224(3954) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 1-2-2015 മുതൽ നാളിതുവരെ എത്ര ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി സ്ഥാനക്കയറ്റം നൽകിയതെന്നും പ്രസ്തുത കണക്കുകൾ ഏതു തീയതി പ്രകാരമുള്ളതാണെന്നും വെളിപ്പെടുത്താമോ;

(ബി) ഇവരിൽ എത്ര പേർ ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി പ്രൊമോഷൻ ലഭിക്കുന്നതിനുമുമ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഡിഗ്രീ ക്വാട്ടയിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഡിപ്ലോമ ക്വാട്ടയിലും ജോലി ചെയ്തിരുന്നവർ ആയിരുന്നെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 1-2-2015 മുതൽ നാളിതുവരെ എത്ര ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് സർവ്വീസിൽനിന്നും വിരമിച്ചതെന്നും പ്രസ്തുത കണക്കുകൾ ഏതു തീയതി പ്രകാരം ഉള്ളതാണെന്നും വെളിപ്പെടുത്തുമോ;

(ഡി) വിരമിച്ച ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ എത്രപേർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഡിഗ്രി ക്വാട്ടയിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഡിപ്ലോമ ക്വാട്ടയിലും ഉള്ളവർ ആയിരുന്നുവെന്ന വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ എത്രപേർ 13-2-2014 ലെ G.O. (MS) No. 4/2014/PD.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടെംപററി അപ്ഗ്രേഡ് ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും വിരമിച്ചവർ ആയിരുന്നു; അവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ ?

## ഉത്തരം

(എ & ബി) 1-2-2015 മുതൽ നാളിതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽനിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം ലഭിച്ചവരുടെ കണക്കുകൾ താഴെ ചേർക്കുന്നു :

| സ്ഥാനക്കയറ്റം ലഭിച്ചവരുടെ എണ്ണം | തീയതി |
|---|---|
| 24 | 17-6-2015 |
| 1 | 2-7-2015 |
| 3 | 25-9-2015 |
| 5 | 5-2-2016 |
| 4 | 4-3-2016 |
| 14 | 10-8-2016 |
| 2 | 3-9-2016 |

| | |
|---|---|
| 2 | 26-11-2016 |
| 1 | 19-1-2017 |
| 3 | 25-2-2017 |
| 5 | 20-7-2017 |
| 12 | 14-8-2017 |
| 1 | 22-9-2017 |
| 3 | 26-12-2017 |
| 26 | 5-9-2018 |
| 2 | 20-10-2018 |
| 5 | 25-1-2019 |
| 3 | 2-3-2019 |
| 1 | 5-3-2019 |
| 117 | |

1-2-2015 മുതൽ നാളിതുവരെ 117 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഇവരിൽ എല്ലാവരും ഡിഗ്രി ക്വാട്ടയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ജോലി ചെയ്തവരാണ്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 1-2-2015 മുതൽ നാളിതുവരെ (31-5-2019) 144 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരാണ് സർവ്വീസിൽ നിന്നും വിരമിച്ചത്.

(ഡി) വിരമിച്ച ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ 92 പേർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഡിഗ്രി ക്വാട്ടയിലും 52 പേർ ഡിപ്ലോമ ക്വാട്ടയിലും ഉള്ളവരാണ്.

(ഇ) പ്രസ്തുത ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ 19 പേർ 13-2-2014-ലെ G.O. (MS) No. 4/2014/PD സർക്കാർ ഉത്തരവ് പ്രകാരം ടെംപററി അപ്ഗ്രേഡ് ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും വിരമിച്ചവർ ആയിരുന്നു. അവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| 1 | തുളസീധരൻ പിള്ള. എം. കെ |
| 2 | രഘുനാഥ്. കെ |
| 3 | സെബാസ്റ്റ്യൻ പി. എ |
| 4 | ആന്റോ സി. എൽ |
| 5 | എമേർസൺ പി. എ |
| 6 | വിജയകുമാരി എൽ.സി |
| 7 | രാജുകുമാർ. ജി |
| 8 | മണി. കെ. എസ് |
| 9 | നസീർ. ഇ |
| 10 | രാധാകൃഷ്ണൻ. ബി |
| 11 | സുരേഷ് കുമാർ . പി. വി |
| 12 | ഗോപാലകൃഷ്ണൻ സി.എസ് |
| 13 | മുരളീധരൻ പിള്ള. കെ |
| 14 | രാജാജി. കെ |
| 15 | അബ്ദുൾ ഖാദർ സി. കെ |

| | |
|---|---|
| 16 | വിജയൻ പി. എ |
| 17 | കുട്ടപ്പൻ കാണി |
| 18 | അജയകുമാർ. ബി. എസ് |
| 19 | കരുണാകരൻ എ. എം. |

**കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർ തസ്തിക**

225(3955) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർ തസ്തിക വേണ്ടെന്ന് വയ്ക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ബി) ഇത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. എന്തെങ്കിലും പഠനം നടത്തിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ എന്തായിരുന്നു;

(സി) ഈ പഠനത്തിനായി ഐ.ഐ.എം. കോഴിക്കോടിന് എന്ത് തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ തസ്തിക വേണ്ടെന്ന് വയ്ക്കുന്നതുമായി ബന്ധപ്പെട്ട ആലോചനയൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ബി) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ച് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ മീറ്റർ റീഡർ തസ്തികയിലേയ്ക്കുള്ള നിയമനം നിർത്തിവയ്ക്കാനും നിലവിലുള്ള 876 ഒഴിവുകൾ നികത്തേണ്ടതില്ലെന്നും ഭാവിയിൽ പുതിയ നിയമനം ഈ തസ്തികയിൽ വേണ്ടെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

(സി) പഠനത്തിനായി ഐ.ഐ.എം. കോഴിക്കോടിന് എല്ലാവിധ ടാക്സുകളുമുൾപ്പെടെ 57,57,326 രൂപയാണ് പ്രതിഫലമായി നൽകിയത്.

## പള്ളുരുത്തി കെ.എസ്.ഇ.ബി. സെക്ഷനിൽ ജീവനക്കാരുടെ അപര്യാപ്തത

226 (3956) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി കെ.എസ്.ഇ.ബി. സെക്ഷന് കീഴിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കുമോ;

(ബി) ഈ സെക്ഷന് കീഴിൽ നിലവിലുള്ള മുപ്പതിനായിരത്തോളം ഉപഭോക്താക്കളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും സേവനങ്ങൾ നൽകുന്നതിനും നിലിവിലുള്ള ജീവനക്കാർ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ ഈ സെക്ഷന് കീഴിൽ ഒട്ടേറെ പരാതികൾ ഉയരുന്നതും ജീവനക്കാരുടെ അഭാവം, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള തർക്കങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഈ സെക്ഷൻ വിഭജിച്ച് ഇടക്കൊച്ചി സെക്ഷൻ രൂപീകരിക്കുന്നതുവരെ അധികമായി ജീവനക്കാരെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷനിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം 15-6-2019-ലെ ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലെ സ്ഥിതി വിവരകണക്കനുസരിച്ച് തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു :

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ (ഇല) | 3 |
| സീനിയർ അസിസ്റ്റന്റ് | 3 |
| ഓവർസീയർ | 6 |
| ക്യാഷ്യർ | 1 |
| മീറ്റർ റീഡർ | 1 |

| | |
|---|---|
| ലൈൻമാൻ | 12 |
| ഇലക്ട്രിസിറ്റി വർക്കർ | 5 |
| പി.റ്റി.സി സ്വീപ്പർ | 1 |
| ആകെ | 34 |

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ 2019-ലെ ജനറൽ ട്രാൻസ്ഫർ നടന്നു വരുന്നതിനാൽ മേൽപ്പറഞ്ഞ ചില തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ വ്യത്യാസം വരുവാൻ സാധ്യതയുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പള്ളുരുത്തി സെക്ഷനിൽ ഏകദേശം 30,000 ഉപഭോക്താക്കളുണ്ട്. വൈദ്യുതി വിതരണത്തിനായി 90 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. കഴിഞ്ഞ വേനലിൽ വൈദ്യുതി ഉപഭോഗം വളരെ കൂടിയതും അതിനു ശേഷമുണ്ടായ കാറ്റും മഴയുംമൂലവും തുടർച്ചയായ വൈദ്യുതി തടസ്സങ്ങൾ ഉണ്ടായപ്പോൾ വ്യാപകമായി പരാതികൾ ഉയർന്നുവന്നിരുന്നു.

(ഡി) 3-5-2019-ൽ ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെയും ശ്രീ. എം. സ്വരാജ് എം.എൽ.എ.-യുടെയും സാന്നിദ്ധ്യത്തിൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും പള്ളുരുത്തി സെക്ഷൻ പരിധിയിലെ കൗൺസിലർമാരും പങ്കെടുത്ത യോഗത്തിൽ ഇടക്കൊച്ചി സെക്ഷൻ ഓഫീസിന് സൗജന്യമായി കച്ചേരിപ്പടിയിലെ മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ കെട്ടിടം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത കെട്ടിടം ലഭ്യമാക്കി പുതിയ ഓഫീസ് രൂപീകൃതമാക്കുന്നത് പ്രശ്നങ്ങൾക്ക് പരിഹാരമാകും. നിലവിൽ മോഡൽ സെക്ഷൻ രൂപീകരണവുമായി ബന്ധപ്പെട്ട ബോർഡ് ഉത്തരവ് പ്രകാരമുള്ള ജീവനക്കാരെ മാത്രമേ പള്ളുരുത്തി സെക്ഷനിൽ നിയമിക്കുവാൻ നിർവ്വാഹമുള്ളൂ.

**ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വിലയിരുത്തി സ്ഥാനക്കയറ്റം**

227(3957) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വിലയിരുത്തി സ്ഥാനക്കയറ്റം നൽകുന്ന രീതി നടപ്പിലായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ രീതിയുടെ പ്രവർത്തനം വിശദമാക്കുമോ; ഏതൊക്കെ തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്കാണ് ഈ രീതി ബാധകമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഈ നടപടികൾ കൊണ്ടുമാത്രം സാധിക്കുമോ; വ്യക്തമാക്കുമോ; കാര്യക്ഷമത വർദ്ധിപ്പിക്കാൻ മറ്റ് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ കാര്യക്ഷമത വിലയിരുത്തി സ്ഥാനക്കയറ്റം നൽകുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്. 18-2-2012-ലെ ബോർഡ് ഉത്തരവ് പ്രകാരം 1-4-2012-നുശേഷമുള്ള മിനിസ്റ്റീരിയൽ/ സിവിൽ/ഇലക്ട്രിക്കൽ വിഭാഗങ്ങളിലെ ഓഫീസർ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് DPC (Lower)/ DPC (Higher) നിർബന്ധമാക്കിയിട്ടുണ്ട്. സീനിയർ സൂപ്രണ്ട്/ ഡിവിഷണൽ അക്കൗണ്ടന്റ്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിലേക്ക് DPC (Lower) അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരെയും അക്കൗണ്ട്സ് ഓഫീസർ/ഫിനാൻസ് ഓഫീസർ, സീനിയർ അക്കൗണ്ട്സ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ/ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ/ചീഫ് എഞ്ചിനീയർ എന്നീ തസ്തികകളിലേക്ക് DPC (Higher) അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമേ സ്ഥാനക്കയറ്റം നൽകുകയുള്ളൂ.

(സി) സാധിക്കുകയില്ല. 18-2-2012-ലെ ഉത്തരവിനുപുറമേ ഓഫീസർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ടി വിഭാഗത്തിലെ അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽക്കുള്ള തസ്തികകളിലെ ഓഫീസർമാർ Annual Performance Apprisal Report അവരുടെ Reviewing/Accepting Officer മുഖേന സമർപ്പിക്കണമെന്നും കെ.എസ്.ഇ.ബി. ലിമിറ്റഡ് 13-8-2014-ൽ പരിപത്രം ഇറക്കി ഉത്തരവായിട്ടുണ്ട്. 31-10-2018-ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ നിന്നുള്ള പ്രൊമോഷനുകൾക്ക് Bench Mark Grading System-വും നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

പ്രസ്തുത നടപടികൾക്കുപുറമേ കാര്യക്ഷമത വർദ്ധിപ്പിക്കാൻ മറ്റ് നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള ഐ.ഐ. എം.കെ.-യുടെ സഹായത്തോടെ ഒരു പഠനം നടത്തുകയുണ്ടായി.

1. ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാരസമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ടി കമ്മിറ്റിയെ സഹായിക്കുന്നതിലേയ്ക്കായി രണ്ട് ഉപസമിതികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതികളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

2. വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ കെ.എസ്.ഇ.ബി.എൽ-ന്റെ 6 ട്രെയിനിംഗ് സെന്ററുകൾ നിലവിൽ ജീവനക്കാർക്ക് വ്യത്യസ്ത രീതിയിലുള്ള ട്രെയിനിംഗുകൾ നൽകിവരുന്നു.

3. വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു.

## ഹൈഡൽ ടൂറിസം

228(3958) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഹൈഡൽ ടൂറിസം പദ്ധതി എവിടെയൊക്കെയാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യുടെ ഡാമുകളിൽ നിലവിൽ 12 ഹൈഡൽ ടൂറിസം സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി, മാട്ടുപ്പെട്ടി, ബാണാസുരസാഗർ, ലോവർ മീൻമുട്ടി, ചെങ്കുളം, ചെറുതോണി, എക്കോ പോയിന്റ്, ആനയിറങ്കൽ, മൂന്നാർ, കക്കയം, ആഢ്യൻപാറ, കണ്ടള എന്നീ ഡാമുകളിൽ ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ വർഷം പൊൻമുടി, ഇടമലയാർ, ഷോളയാർ, പെരുന്തേനരുവി എന്നീ സ്ഥലങ്ങളിൽക്കൂടി ഹൈഡൽ ടൂറിസം സെന്ററുകൾ ആരംഭിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത സ്ഥലങ്ങളിൽ സന്ദർശകർക്കായി പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഹൈഡൽ ടൂറിസം ഒരുക്കിയിട്ടുണ്ട്,

## സഹകരണ റിസ്ക് ഫണ്ടിൽനിന്നും ലഭിക്കുന്ന ആനുകൂല്യം

229(3959) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്നവർക്ക് സഹകരണ റിസ്ക് ഫണ്ടിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എത്ര രൂപയാണ് പരമാവധി റിസ്ക് ഫണ്ടായി നൽകുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; ഇനിയും തീർപ്പാക്കാതെ ബാക്കിനിൽക്കുന്ന എത്ര അപേക്ഷകൾ ഉണ്ട്;

(സി) അപേക്ഷകൾ തീർപ്പാക്കാൻ താമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) റിസ്ക് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി എന്തൊക്കെ നടപടി ക്രമങ്ങളാണ് ചെയ്യേണ്ടത്;

(ഇ) റിസ്ക് ഫണ്ടിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസംമൂലം പലിശയിനത്തിൽ ഉണ്ടാകുന്ന വർദ്ധനവ് ഈടാക്കാതിരിക്കാൻ പ്രത്യേക ഉത്തരവ് നൽകുമോ;

(എഫ്) റിസ്ക് ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ നടപടി എടുക്കുന്നതിനും സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) 1969-ലെ കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും സ്വർണ്ണപ്പണയ വായ്പ, നിക്ഷേപ വായ്പ എന്നിവ ഒഴികെയുള്ള വായ്പകൾ അനുവദിക്കുമ്പോൾത്തന്നെ റിസ്ക് ഫണ്ട് പദ്ധതിയിലേക്ക് വായ്പക്കാരിൽ നിന്നും വായ്പാത്തുകയുടെ 0.35 ശതമാനം നിരക്കിൽ പ്രീമിയം തുക ഈടാക്കുകയും (മിനിമം 100 രൂപയും പരമാവധി 525 രൂപയും) ടി തുക തൊട്ടടുത്തമാസം 15-ാം തീയതിക്കുമുമ്പ് തന്നെ ജില്ലാ സഹകരണ ബാങ്കിലുള്ള കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ അടയ്ക്കുകയും ചെയ്തുവരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളും റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുന്നു. വായ്പ എടുക്കുന്ന അംഗം വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. ഒന്നിൽ കൂടുതൽ പേർ എടുത്ത കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ

വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും അതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകും. വായ്പാക്കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ടുമുമ്പ് 6 മാസത്തിൽ അധികരിച്ചും വായ്പാക്കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും മുതൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

വായ്പയെടുത്തശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുകയും (ക്യാൻസർ ബാധിതർ, ഡയാലിസിസ് വിധേയരായവർ, ഹൃദയസംബന്ധമായി ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ടി.ബി. ബാധിച്ചവർ) വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ മാത്രം വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപ ആനുകൂല്യം ലഭിക്കുന്ന പദ്ധതിയും ഇതിൽപ്പെടുന്നു. മുകളിൽ പറഞ്ഞിട്ടുള്ള ആനുകൂല്യം ലഭിക്കുന്നതിന് മരണപ്പെട്ട/ മാരകരോഗം പിടിപെട്ട തീയതിയിൽ വായ്പാക്കാരന് 70 വയസ്സ് അധികരിക്കാൻ പാടില്ലാത്തതുമാണ്. 30-3-2012 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000 രൂപയിൽ നിന്നും 1,50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22,626 വായ്പകളിലായി 182.33 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. തീർപ്പാക്കാതെ ബാക്കി നിൽപ്പുള്ള 14,138 അപേക്ഷകളിൽ 2,553 എണ്ണത്തിൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. 4,087 അപേക്ഷകൾ ന്യൂനതകളുള്ളതും ന്യൂനത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുമുണ്ട്. 7,498 ഫയലുകൾ ഇനി നടപടി സ്വീകരിക്കുവാൻ ബാക്കി നിൽപ്പുണ്ട്.

(സി) സർവ്വീസ് സഹകരണ ബാങ്ക്/ സംഘങ്ങൾ റിസ്ക് ഫണ്ട് നിയമാവലി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളതും അർഹതയില്ലാത്തതും ന്യൂനതയുള്ളതുമായ ധാരാളം ഫയലുകൾ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി അയയ്ക്കുന്നുണ്ട്. അർഹതയില്ലാത്തതും ന്യൂനതകൾ ഉള്ളതുമായ ഫയലുകൾ പരിശോധിച്ച് ബന്ധപ്പെട്ട സംഘങ്ങളെ രേഖാമൂലം അറിയിക്കുന്നതിനും ന്യൂനത പരിഹരിച്ച് വാങ്ങുന്നതിനും സമയമെടുക്കുന്നതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. എന്നാൽ അർഹതയുള്ളവരുടെ ഫയലുകൾ അടിയന്തര പ്രാധാന്യത്തോടെ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) റിസ്ക് ഫണ്ടിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനായി ചുവടെ പറയുന്ന രേഖകൾ സഹിതം മരണപ്പെട്ട വായ്പാക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ശിപാർശയോടുകൂടി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്.

1. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് അംഗീകരിച്ച് നൽകിയ നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ചികിത്സാ ധനസഹായ അപേക്ഷ.
2. മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ
3. വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ്
4. വായ്പക്കാരന്റെ വയസ്സ് തെളിയിക്കുന്ന രേഖ
5. വായ്പക്കാരന്റെ വായ്പ ഏറടവ്
6. മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട വായ്പക്കാരന് പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്
7. ബാങ്ക് ഭരണസമിതി തീരുമാനം
8. വായ്പക്കാരന്റെ റിസ്ക് ഫണ്ട് വിഹിതം അടച്ച ഫോം എ സ്റ്റേറ്റുമെന്റ്
9. വായ്പക്കാരനിൽനിന്ന് ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ അക്കൗണ്ടിൽ അടച്ച ചെല്ലാൻ
10. വായ്പ അപേക്ഷ
11. വായ്പ അനുവദിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്
12. ജാമ്യകടപത്രത്തിന്റെ പകർപ്പ്
13. കൂട്ടുകക്ഷി വായ്പ സംബന്ധിച്ച്
14. ചികിത്സാ ധനസഹായ അപേക്ഷയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധ മെഡിക്കൽ രേഖകളും

(ഇ) നിലവിൽ പരിഗണനയിലില്ല.

(എഫ്) റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള അപേക്ഷകളിലെ ന്യൂനതയില്ലാത്ത അപേക്ഷകളിൽ അർഹതയ്ക്കനുസൃതമായ ആനുകൂല്യം കാലതാമസം കൂടാതെ ലഭ്യമാക്കിവരുന്നുണ്ട്.

**സ്ഥിരനിക്ഷേപം തിരികെ നൽകുവാൻ നടപടി**

230(3960) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ മൂത്തേടത്ത് വീട്ടിൽ എം. പി. സിദ്ധാർത്ഥൻ, യു.ബി.ബീന എന്നിവർ തൃശ്ശൂർ ജില്ലയിലെ കേച്ചേരി പ്രിയദർശിനി സഹകരണ ആശുപത്രി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ച സ്ഥിരനിക്ഷേപം കാലാവധിയ്ക്കുശേഷവും തിരികെ നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ശ്രീമതി യു. ബി. ബീനയും ശ്രീ. എം. പി. സിദ്ധാർത്ഥനും സമർപ്പിച്ച നിവേദനങ്ങൾ 5-6-2019-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ശ്രീമതി യു. ബി. ബീന, w/o എം.പി. സിദ്ധാർത്ഥൻ മുത്തേടത്ത് ഹൗസ് എന്നവർ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചിരുന്ന പ്രിയദർശിനി സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ 756 എന്ന സ്ഥാപനത്തിൽ 8-5-1995-ൽ 13 ശതമാനം പലിശ നിരക്കിൽ ഒരു ലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. പ്രസ്തുത നിക്ഷേപത്തിന്റെ കാലാവധി 2-11-1996-ന് ആയിരുന്നു. കാലാവധിക്കുശേഷം നിക്ഷേപതുക തിരികെ നൽകാത്തതിനാൽ ശ്രീമതി ബീന ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C)17487/2005 കേസിലെ വിധി പ്രകാരം 2005 സെപ്റ്റംബർ മാസത്തെ അവസാന തീയതിക്ക് മുമ്പ് 60,000 രൂപയും ബാക്കി തുകയും ആർജ്ജിച്ച പലിശയും 3 തുല്യ ഗഡുക്കളായി മൂന്നു മാസത്തെ ഇടവേളയിൽ കൊടുത്തു തീർക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 27-4-2012-ലെ സി.എസ് (1)10438/12 നമ്പർ ഉത്തരവ് പ്രകാരം പ്രിയദർശിനി സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ 756-ന്റെ പ്രവർത്തനങ്ങൾ നിലച്ചതിനെത്തുടർന്ന് രണ്ട് ഏക്കർ സ്ഥലവും കെട്ടിടവും ടി ആശുപത്രിയുടെ ബാധ്യതകളും കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്തിരുന്നു. നിക്ഷേപകർക്ക് തുക ലഭിച്ചില്ല എന്ന പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി 26-6-2013-ന് തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ഹിയറിംഗ് നടത്തുകയും ചെയ്തു. പ്രസ്തുത ഹിയറിംഗിൽ ഹർജിക്കാരായ ശ്രീമതി യു. ബി. ബീനയും ഭർത്താവ് സിദ്ധാർത്ഥനും ഒഴികെ ഹാജരായ മറ്റെല്ലാ നിക്ഷേപകരും ഫിക്സഡ് ഡെപ്പോസിറ്റിന്റെ കാലാവധി കഴിയുന്നതുവരെ നിക്ഷേപ രസീതിയിലെ പലിശയും ആയതിനുശേഷം മുതൽ സംഖ്യ തിരികെ നൽകുന്നതുവരെ

8 ശതമാനം പലിശയിൽ സ്വീകരിച്ച് കണക്ക് അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ടി ഹിയറിംഗിൽ മേൽ ഹർജിക്കാർക്കുവേണ്ടി ഹാജരായ വ്യക്തി മേൽപ്രകാരമുള്ള തുക കൈപ്പറ്റുന്നതിന് സമ്മതമല്ലെന്ന് അറിയിച്ചിരുന്നു. ആയതിനാൽ കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്ത ബാധ്യതയുടെ പട്ടികയിൽ ശ്രീമതി യു. ബി. ബീനയ്ക്ക് നൽകാനുള്ള തുക ഉൾപ്പെട്ടിരുന്നില്ല. ഹർജിക്കാരിയുടെ പ്രിയദർശിനി സഹകരണ ആശുപത്രിയിലെ നിക്ഷേപ ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നടപടി സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ കെയർ ഹോം പദ്ധതി

231(3961) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട എത്രപേർക്ക് കെയർ ഹോം പദ്ധതി പ്രകാരം വീട് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വീട് ലഭിച്ചവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് ഈ പദ്ധതിയിൽ വയനാട് ജില്ലയിൽ പങ്കാളികൾ ആയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര വീടുകളുടെ പണിയാണ് ഈ പദ്ധതി പ്രകാരം പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 84 പേർക്ക് കെയർ ഹോം പദ്ധതി പ്രകാരം വീട് നൽകിയിട്ടുണ്ട്.

(ബി)

| പഞ്ചായത്ത് | വീട് ലഭിച്ചവരുടെ എണ്ണം |
|---|---|
| (1) | (2) |
| എടവക | 2 |
| വെള്ളമുണ്ട | 8 |
| മാനന്തവാടി | 6 |
| തവിഞ്ഞാൽ | 11 |

| (1) | (2) |
|---|---|
| പനമരം | 9 |
| തിരുനെല്ലി | 7 |
| തൊണ്ടർനാട് | 1 |
| വെങ്ങപ്പള്ളി | 3 |
| തരിയോട് | 3 |
| പൊഴുതന | 4 |
| വൈത്തിരി | 6 |
| മേപ്പാടി | 2 |
| മൂപ്പൈനാട് | 4 |
| പൂതാടി | 2 |
| കണിയാമ്പറ്റ | 4 |
| കോട്ടത്തറ | 2 |
| മുട്ടിൽ | 4 |
| പുൽപ്പള്ളി | 1 |
| അമ്പലവയൽ | 2 |
| നെന്മേനി | 1 |
| കോട്ടപ്പടി | 1 |
| അഞ്ചുകുന്ന് | 1 |

(സി)

1. നല്ലൂർനാട് സർവ്വീസ് സഹകരണ ബാങ്ക്
2. മാനന്തവാടി ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം
3. മാനന്തവാടി അർബൻ സഹകരണ സംഘം
4. വയനാട് ജില്ലാ ഗവ. കോൺട്രാക്റ്റേഴ്സ് സഹകരണ സംഘം
5. വയനാട് പി.സി.എ.ആർ.ഡി.ബി.
6. അഞ്ചുകുന്ന് സർവ്വീസ് സഹകരണ ബാങ്ക്
7. ഏച്ചോം സർവ്വീസ് സഹകരണ ബാങ്ക്
8. പേര്യ സർവ്വീസ് സഹകരണ ബാങ്ക്
9. തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക്
10. തൊണ്ടർനാട് സർവ്വീസ് സഹകരണ ബാങ്ക്
11. വെള്ളമുണ്ട സർവ്വീസ് സഹകരണ ബാങ്ക്
12. മാനന്തവാടി മെർക്കന്റൈയിൽ സർവ്വീസ് സഹകരണ സംഘം
13. തരുവണ സർവ്വീസ് സഹകരണ ബാങ്ക്
14. പടിഞ്ഞാറെത്തറ സർവ്വീസ് സഹകരണ ബാങ്ക്
15. കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക്
16. തരിയോട് സർവ്വീസ് സഹകരണ ബാങ്ക്
17. വൈത്തിരി സർവ്വീസ് സഹകരണ ബാങ്ക്
18. തൃക്കൈപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക്
19. കണിയാമ്പറ്റ സർവ്വീസ് സഹകരണ ബാങ്ക്
20. വെങ്ങപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്
21. കോട്ടത്തറ സർവ്വീസ് സഹകരണ ബാങ്ക്
22. മടക്കിമല സർവ്വീസ് സഹകരണ ബാങ്ക്
23. വട്ടുവഞ്ചാൽ സർവ്വീസ് സഹകരണ ബാങ്ക്

24. കൽപ്പറ്റ അർബൻ സഹകരണ സംഘം

25. കൽപ്പറ്റ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം

26. വൈത്തിരി പി.സി.എ.ആർ.ഡി.ബി

27. വയനാട് എസ്.സി./എസ്.ടി. കൺസ്ട്രക്ഷൻ സഹകരണ സംഘം

28. വയനാട് ജില്ലാ പോലീസ് സഹകരണ സംഘം

29. പൂതാടി സർവ്വീസ് സഹകരണ ബാങ്ക്

30. വയനാട് വ്യാപാരി വ്യവസായി സഹകരണ സംഘം

31. അമ്പലവയൽ സർവ്വീസ് സഹകരണ ബാങ്ക്

32. മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക്

33. സുൽത്താൻബത്തേരി സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് സഹകരണ സംഘം

34. കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സഹകരണ സംഘം

(ഡി) 77 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 7 വീടുകളുടെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

**വീടുകൾ നഷ്ടപ്പെട്ടവർക്ക് സഹകരണ മേഖലയുടെ സംഭാവന**

232(3962) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ച് നൽകുന്നതിന് സഹകരണ മേഖല എന്ത് സംഭാവനയാണ് നൽകിയിട്ടുള്ളത്;

(ബി) സഹകരണ മേഖലയിലെ എത്ര എ ക്ലാസ് ബാങ്കുകൾ ഈ യജ്ഞത്തിൽ പങ്കാളികളായി; ഇതിൽ പങ്കാളികളാകാത്ത എ ക്ലാസ് ബാങ്കുകളുടെ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) മഹാപ്രളയത്തെത്തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകുന്നതിന് സഹകരണ വകുപ്പ് കെയർ ഹോം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ

ആദ്യഘട്ടത്തിൽ 2040 വീടുകളാണ് നിർമ്മിച്ച നൽകുന്നത്. 789 സഹകരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. തുക സംഭാവനയായി നൽകാൻ കഴിവുള്ള 3032 സഹകരണ സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച 44,98,12,052 രൂപയുടെ ചെക്കുകൾ സി.എം.ആർ.ഡി.എഫ്-ലേയ്ക്ക് നൽകുകയും പദ്ധതിയിൽ വിനിയോഗിക്കുന്നതിനായി ടി തുക സർക്കാർ തിരികെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നുള്ള 35 കോടി രൂപയും സംഘങ്ങളിലെ അംഗങ്ങൾക്ക് നൽകേണ്ട ലാഭവിഹിതവും ഇതിലേയ്ക്കായി സംഘങ്ങൾ നൽകിയത് പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ഇനിയും തുക നൽകാത്ത സംഘങ്ങൾ പൊതുയോഗം ചേർന്ന് ലാഭവിഹിതത്തിൽ നിന്നും ഡിവിഡന്റ് ഈ ഫണ്ടിലേക്ക് സംഭാവനയായി നൽകിവരുന്നു. കൂടാതെ സഹകാരികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സംഘം ജീവനക്കാർ, സുമനസ്സുകളായ വ്യക്തികൾ തുടങ്ങിയവരുടെ കായികാദ്ധ്വാനവും സാമ്പത്തിക സഹായവും പദ്ധതിയുടെ നിർവ്വഹണത്തിനായി ലഭിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**തൃക്കൈപ്പറ്റ പൈതൃക ഗ്രാമം പദ്ധതി**

233(3963) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റ മണ്ഡലത്തിൽ അനുവദിച്ച തൃക്കൈപ്പറ്റ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ കെയർ ഹോം പദ്ധതി**

234(3964) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം കരുനാഗപ്പള്ളി മണ്ഡലത്തിൽ വീട് നിർമ്മിച്ചുനൽകുന്നതിന് പദ്ധതിയുണ്ടോ;

(ബി) കരുനാഗപ്പള്ളിയിൽ ഈ പദ്ധതി പ്രകാരം വീട് നൽകുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളോ വിവിധ സ്ഥാപനങ്ങൾ ചേർന്നോ സന്നദ്ധത അറിയിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കരുനാഗപ്പള്ളി മണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം 3 വീടുകൾ നിർമ്മിക്കുന്നതിനാണ് അനുവാദം ലഭിച്ചിരുന്നത്. ആയതിലേയ്ക്കായി താഴെപ്പറയുന്ന സഹകരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിക്കുകയും പ്രസ്തുത സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ 3 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

1. കരുനാഗപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 1343
2. കുലശേഖരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 995
3. ആലപ്പാട്ട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം ക്യൂ. 268.

**കേരള ബാങ്ക് രൂപീകരണം**

235(3965) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ടുവച്ച വ്യവസ്ഥകളിൽ നാലാമത്തേതായി, ബാങ്കുകളുടെ ലയനത്തിന് പൊതുയോഗത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിബന്ധന ഉൾപ്പെടുത്തിയിരുന്നോ ;

(ബി) എങ്കിൽ ഇതു പാലിക്കാതെ മൂന്ന് ജില്ലാ ബാങ്കുകൾ ലയന പ്രമേയം അംഗീകരിക്കുക ഉണ്ടായോ ;

(സി) ഭേദഗതിക്കുമുമ്പുള്ള നിയമത്തിലെ വ്യവസ്ഥ അടിസ്ഥാനമാക്കിയാണോ റിസർവ് ബാങ്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷം എന്ന നിബന്ധന വച്ചത് ;

(ഡി) എങ്കിൽ പിന്നീട് വ്യവസ്ഥ ഭേദഗതി ചെയ്ത് കേവല ഭൂരിപക്ഷം എന്നാക്കി മാറ്റിയത് റിസർവ് ബാങ്ക് അംഗീകരിക്കുമെന്ന് സർക്കാരിന് ഉറപ്പുണ്ടോ ;

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലാ ബാങ്കുകളും ഇതിനകം ലയന പ്രമേയം പാസ്സാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉൾപ്പെടുത്തിയിരുന്നു.

(ബി) സഹകരണ നിയമ രൂപീകരണം സംസ്ഥാനത്തിന്റെ അധികാരത്തിൽപ്പെടുന്നു. 2019-ൽ സഹകരണ നിയമ ഭേദഗതി അംഗീകരിക്കപ്പെട്ടതോടെ ലയന പ്രമേയം പാസ്സാക്കുന്നതിന് കേവല ഭൂരിപക്ഷം മതിയാകും. നിലവിലെ സഹകരണ നിയമാനുസൃതം മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും ലയന പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

(സി) 2019-ൽ സഹകരണ നിയമത്തിൽ അംഗീകരിച്ച ഭേദഗതിക്ക് മുമ്പ് ലയന പ്രമേയം പാസ്സാക്കുന്നതിന് മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമായിരുന്നു. ആയതിനാലാകാം റിസർവ് ബാങ്ക് നിബന്ധനകളിൽ അത്തരത്തിൽ ഒരു നിർദ്ദേശം വന്നിട്ടുള്ളതെന്ന് കരുതുന്നു.

(ഡി) റിസർവ് ബാങ്ക് നിബന്ധനകളിൽ ഒന്നാമത്തെ ഇനം 'കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ചുവേണം ലയനം നടത്തേണ്ടത് ' എന്നതായിരുന്നു. അപ്രകാരം മാത്രമേ നടപടി സ്വീകരിച്ചിട്ടുള്ളൂ. ആയതിനാൽ തന്നെ ടി നടപടി റിസർവ് ബാങ്ക് അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) മലപ്പുറം ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിലവിലെ സഹകരണ നിയമപ്രകാരം ലയന പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

## കേരള ബാങ്ക് രൂപീകരണം

236(3966) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് രൂപീകരണനടപടികളുടെ ഭാഗമായി ആർ.ബി.ഐ. നബാർഡ് തുടങ്ങിയ നിയന്ത്രണ ഏജൻസികൾ നല്കിയ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പാലിച്ചിട്ടുണ്ടോയെന്നും ഇതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിരുന്ന അവസരത്തിൽ ലയനത്തിന് മുമ്പ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് അപേക്ഷ സമർപ്പിച്ചു.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പ പ്രോഡക്ടുകൾ 1-1-2019 തീയതി മുതൽ ഏകീകരിച്ചു. ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളുടെ സി.എ. ആഡിറ്റ്, മൈഗ്രേഷൻ ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി. എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും തനത് ഫണ്ടിൽനിന്നും നടത്തിയിട്ടുള്ള ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട കേരള ബാങ്കിന്റെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു. ടി. കമ്മിഷന്റെ പ്രവർത്തനം നടന്നുവരുന്നു. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

## പ്രാഥമിക സഹകരണ സംഘങ്ങളെ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിന് നടപടി

237(3967) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണത്തിനായി റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നബാർഡിന്റെയും റിസർവ് ബാങ്കിന്റെയും അനുമതി എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രാഥമിക സഹകരണസംഘങ്ങളെ ഭാവിയിൽ കേരളാ ബാങ്കിൽ ലയിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീറാം കമ്മിറ്റിയെ നിയമിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയമിച്ചു. ടാസ്ക്ഫോഴ്സിന്റെ മേൽനോട്ടത്തിൽ റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതിക്കായി അപേക്ഷിച്ചു. സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ റിസർവ് ബാങ്ക് തത്വത്തിലുള്ള

അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് അപേക്ഷ സമർപ്പിക്കുവാനാണ് റിസർവ് ബാങ്ക് നിർദ്ദേശിച്ചിരുന്നത്.

എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പ പ്രോഡക്ടുകൾ 1-1-2019 തീയതി മുതൽ ഏകീകരിച്ചു. ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളുടെ സി.എ. ആഡിറ്റ്, മൈഗ്രേഷൻ ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി. എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു. ടി കമ്മീഷന്റെ പ്രവർത്തനം നടന്നുവരുന്നു. അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ടുവച്ച നിബന്ധനകളിൽ ലയനത്തിന് മുമ്പ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ചു. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം പാസ്സാക്കിയിട്ടുണ്ട്. നബാർഡിന്റെയും റിസർവ് ബാങ്കിന്റെയും അനുമതി വൈകാതെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ സ്വീകരിച്ചിട്ടില്ല.

## സംസ്ഥാന സഹകരണ ബാങ്ക് നിയമനം-സ്പെഷ്യൽ റൂൾ

238(3968) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇതുസംബന്ധിച്ച് ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലും എത്ര ക്ലറിക്കൽ വേക്കൻസികളുണ്ടായിരുന്നു; ആയതിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലും നിയമന നിരോധനം നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്ക് നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിൽ ഗവൺമെന്റ് അംഗീകരിച്ച് നൽകിയിട്ടുള്ള റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നിയമനങ്ങൾ നടത്തുന്നത്. നിയമനങ്ങൾ നടത്തുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലും നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

**സഹകരണ ബാങ്ക് വഴി കെ.എസ്.ആർ.ടി.സി. പെൻഷൻ**

239(3969) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ സഹകരണ ബാങ്ക് വഴി വിതരണം ആരംഭിച്ച ശേഷം നാളിതുവരെയായി ഈ ഇനത്തിൽ എത്ര കോടി രൂപ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും കുടിശ്ശിക ഉൾപ്പെടെ 2018 ഫെബ്രുവരി മുതൽ 2019 ജൂൺ വരെ 11,76,51,64,659 രൂപ സഹകരണ സംഘങ്ങൾ വഴി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത ക്ഷേമപെൻഷൻ**

240(3970) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എത്ര കോടി രൂപയുടെ ക്ഷേമപെൻഷനുകൾ സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്;

(ബി) വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ആലത്തൂർ മണ്ഡലത്തിൽ 1,00,97,34,000 രൂപയുടെ ക്ഷേമ പെൻഷനുകൾ സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്.

(ബി)

| വർഷം | തുക |
|---|---|
| 2016 | 23,23,51,200 രൂപ |
| 2017 | 30,20,58,900 രൂപ |
| 2018 | 32,65,53,300 രൂപ |
| 2019 | 14,87,70,600 രൂപ |

**അശരണർക്ക് സഹായത്തിനായി റിസ്ക് ഫണ്ട്**

241(3971) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക പ്രതിബദ്ധത ഉയർത്തിപ്പിടിച്ചുകൊണ്ട് രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിലും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതിലും സഹകരണമേഖല മുൻപന്തിയിൽ നിൽക്കുന്നതിന്റെ നേർസാക്ഷ്യങ്ങളായ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കുമോ;

(ബി) റീസർജന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ്.) എന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തവരിൽ മരണപ്പെട്ടവരും മാരകരോഗം ബാധിച്ചവരുമായവരുടെ സഹായത്തിനായി രൂപീകരിച്ച റിസ്ക് ഫണ്ട് പദ്ധതി അശരണർക്ക് സഹായം നല്കുന്ന വലിയ നിധിയായി മാറിയത് സംബന്ധിച്ച വിശദ വിവരങ്ങൾ നൽകുമോ;

(ഡി) സാമൂഹ്യക്ഷേമ പെൻഷൻ വിതരണം, കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം എന്നിവയിലൂടെ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ആശ്വാസമായി മാറുന്നതിന് സഹകരണ മേഖലയ്ക്ക് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി. സഹകരണ മേഖലയുടെ കരുത്തും കാര്യക്ഷമതയും വിപുലമായ സ്വാധീനവും സാമൂഹ്യ പ്രതിബദ്ധതയും തെളിയിക്കുന്ന പ്രവർത്തനമായിരുന്നു സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം. സംസ്ഥാന സർക്കാരിന് ഓണം, വിഷു എന്നിവയോടനുബന്ധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നതിലേക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 4407.78 കോടി രൂപ വായ്പയായി സ്വരൂപിച്ച് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാർക്ക് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം നടത്തുന്നതിന് സഹകരണ വകുപ്പിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2018 ഫെബ്രുവരി മാസം മുതൽ 2019 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം സഹകരണ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്.

സാമ്പത്തിക സുസ്ഥിരതയിൽ വീഴ്ച വരുത്താതെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുക എന്ന ലക്ഷ്യത്തോടെ സഹകരണ റിസ്ക് ഫണ്ട് പദ്ധതി, സഹകരണ അംഗ സമാശ്വാസ നിധി സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു. വായ്പയെടുക്കുന്ന അംഗം വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽനിന്നും നൽകുന്നതാണ്.

<u>കേരള സഹകരണ അംഗ സമാശ്വാസ നിധി സ്കീം</u>

1969-ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ 22-6-2018-ലെ സ.ഉ.(കൈ)നമ്പർ 22/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.

<u>മുറ്റത്തെ മുല്ല</u>

ബ്ലേഡ് പലിശക്കാർ എന്ന മഹാ വിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തുന്നതിനും സാമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ്

പലിശക്കാരിൽനിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 1,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുന്നത്. പരമാവധി 52 ആഴ്ചകളായാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽനിന്നും ആശ്വാസം നൽകുന്നതിനുമായി നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി യിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശ രഹിത വായ്പയായി മാറ്റുന്നതിന് കേരള സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പയെടുത്ത് കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുള്ള കർഷകർക്ക് സമാശ്വാസ തുക അനുവദിച്ചു നൽകുന്നതിനുവേണ്ടി കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ കാർഷികോൽപ്പാദന ചെലവ് സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് കെയർ കേരള. ഈ പദ്ധതിയിൽ കെയർഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിങ്ങനെ 3 ഘടകങ്ങളാണുള്ളത്. പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യ ഘട്ടമായി 2040 വീടുകളാണ് സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചു നൽകുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. ഒരു ഗുണഭോക്തൃ സമിതി രൂപീകരിച്ചിട്ടുണ്ട്.

31-5-2019 വരെ സംസ്ഥാനത്തൊട്ടാകെ 1184 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 2019 ജൂൺ 30-നകം നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂരഹിതർക്ക് വീടുവച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിന്റെ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

കെയർ ലോൺ പദ്ധതി പ്രകാരം പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി റീസർജന്റ് കേരള ലോൺ സ്കീം എന്ന പദ്ധതി കുടുംബശ്രീ സംവിധാനത്തിലൂടെ സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയ ബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 10,000 രൂപ സമാശ്വാസം ലഭിച്ചിട്ടുള്ള കുടുംബ നാഥയ്ക്ക് 1 ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ടം മുഖാന്തരം നൽകുന്നു. 9 ശതമാനം പലിശ നിരക്കിലാണ് ബാങ്കുകൾ കുടുംബശ്രീകൾക്ക് വായ്പ നൽകുന്നത്.

(ബി) കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നു. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്.

ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000 രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപവരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മോറട്ടോറിയം അനുവദിക്കുന്നതാണ്. 10 മാസം മുതൽ തുല്യ മാസഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതാണ്. 31-3-2019 വരെ ഈ ഇനത്തിൽ നൽകിയ തുക 522.57 കോടി രൂപയാണ്.

(സി) കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ് അധികാരത്തിൽ വന്നതിനുശേഷം 22626 വായ്പകളിലായി 182.33 കോടി രൂപ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വായ്പക്കാരൻ എത്ര വായ്പകൾ എടുത്താലും ഓരോ വായ്പയ്ക്കും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കുന്നപക്ഷം മുതലിനത്തിൽ പരമാവധി 1,50,000 രൂപയും മരണ തീയതി വരെ മുതലിനത്തിൽ അനുവദിക്കുന്ന തുകയുടെ പലിശയും ബോർഡിൽനിന്നും അനുദിച്ചുവരുന്നു. കൂടാതെ വായ്പയെടുത്തശേഷം വായ്പാ കാലാവധിക്കുള്ളിൽ മാരക രോഗങ്ങളായ ക്യാൻസർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, റ്റി. ബി., ലിവർ സീറോസിസ് എന്നിവ ബാധിക്കുന്നവർക്ക് മുതലിനത്തിൽ പരമാവധി 75,000 രൂപ ചികിത്സാ ധനസഹായവും അനുവദിച്ചുവരുന്നു. ഇത്തരത്തിൽ മരണമടയുന്ന വായ്പക്കാരുടെ ബാധ്യതകൾ കുറയ്ക്കുകയോ, പൂർണ്ണമായും ഇല്ലാതാകുകയോ ചെയ്യുന്നതോടുകൂടി വായ്പക്കാരുടെ അനന്തരാവകാശികൾക്ക്/ജാമ്യക്കാർക്ക് ആശ്വാസം നൽകുന്നതുമൂലം കേരള റിസ്ക് ഫണ്ട് പദ്ധതി അശരണർക്ക് സഹായം നൽകുന്ന ഒരു വലിയ നിധിയായി മാറിയിട്ടുണ്ട്.

(ഡി) സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം, കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം എന്നിവയിലൂടെ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ആശ്വാസമായി മാറുന്നതിന് സഹകരണ മേഖലയ്ക്ക് കഴിയുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ വീട്ടിൽ നേരിട്ടെത്തിക്കുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. സർക്കാരിൽ നിന്നും ഫണ്ട് സഹകരണ സംഘങ്ങൾക്ക് ലഭിക്കുമ്പോൾ പ്രസ്തുത പെൻഷൻ തുക 15 ദിവസത്തിനുള്ളിൽ തന്നെ ഗുണഭോക്താവിന് സഹകരണ സംഘങ്ങളിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണ ചുമതലയുള്ള ഉദ്യോഗസ്ഥൻ നേരിട്ടെത്തിക്കുന്നു. 2018 സാമ്പത്തിക വർഷത്തിൽ ഓണത്തിനോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനു വേണ്ടി സർക്കാർ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച കൺസോർഷ്യത്തിലേക്ക് സഹകരണ മേഖലയിലെ 506 സംഘങ്ങളിൽ 1773.30 കോടി രൂപയും 2019 വിഷുവിനോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനുവേണ്ടി സർക്കാർ രൂപീകരിച്ച സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിലേയ്ക്ക് 1153 സംഘങ്ങൾ 2634.48 കോടി രൂപയും വായ്പയായി തുക നിക്ഷേപിച്ചിട്ടുണ്ട്.2018 ഫെബ്രുവരി മാസം മുതൽ 2019 ജൂൺ വരെ വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള പെൻഷൻ വിതരണം സഹകരണ വകുപ്പ് മുഖേന സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് വിതരണം നടത്തിയിട്ടുണ്ട്. പെൻഷൻ വിതരണം നടത്തുന്നതിലേയ്ക്കായി നാളിതുവരെ 11,76,57,18,000 രൂപ കൺസോർഷ്യത്തിലേക്ക് കളക്ട് ചെയ്യുകയും 11,76,51,64,659 രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 40000-ത്തോളം വിരമിച്ച കെ.എസ്. ആർ.ടി.സി. ജീവനക്കാർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്.

## ചെങ്ങന്നൂരിലെ ചെറുകിട സഹകരണ സംഘങ്ങളുടെ പ്രവർത്തനം

242(3972) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തോടനുബന്ധിച്ച് ദുരിതത്തിലായ ചെങ്ങന്നൂർ പ്രദേശങ്ങളിലെ ചെറുകിട സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഈ സംഘങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിക്കുമോ;

(ബി) ചെറുകിട സംഘങ്ങൾ പ്രാദേശിക സാദ്ധ്യതകൾക്ക് അനുസൃതമായി തയ്യാറാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകി സഹായിക്കുന്നതിനുള്ള നിർദ്ദേശം വകുപ്പ് തലത്തിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന 'സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണവും വികസനവും' എന്ന പദ്ധതി പ്രകാരം പ്രളയബാധിത ജില്ലകളിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മുൻഗണന നൽകി നടപ്പിലാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് സഹകരണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പ്രാദേശിക സാദ്ധ്യതകൾക്ക് അനുസൃതമായി തയ്യാറാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകി ധനസഹായം നൽകിവരുന്നു.

## സെക്രട്ടറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

243(3973) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സൊസൈറ്റിയിലെ നിലവിലെ ഭരണസമിതി (2014-2019) അംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) 2014-19 കാലഘട്ടത്തിലേക്ക് നടന്ന സൊസൈറ്റി തിരഞ്ഞെടുപ്പിൽ എത്ര ജീവനക്കാർ മത്സരിച്ചിരുന്നു; ഇവർക്ക് ഓരോരുത്തർക്കും ലഭിച്ച വോട്ടിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) 2019 ജൂൺ മാസം സൊസൈറ്റിയിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എത്ര അംഗങ്ങളുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംഘത്തിന്റെ ബൈലോയുടെ പകർപ്പും ഭേദഗതികളുടെ പകർപ്പും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഗവൺമെന്റ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ നിലവിലെ ഭരണ സമിതി അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2014-2019 കാലഘട്ടത്തിലേയ്ക്ക് നടന്ന സൊസൈറ്റി തിരഞ്ഞെടുപ്പിൽ 26 ജീവനക്കാർ മത്സരിച്ചിരുന്നു. ഇവർക്ക് ഓരോരുത്തർക്കും ലഭിച്ച വോട്ടിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2019 ജൂൺ മാസം സൊസൈറ്റിയിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ വോട്ടേഴ്സ് ലിസ്റ്റിൽ 6449 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ**

244(3974) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന്റെ എത്ര സ്ഥാപനങ്ങളുണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഓരോ സ്ഥാപനത്തിലും എത്ര ജീവനക്കാർ വീതമുണ്ടെന്ന് വിഭാഗം തിരിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 4 സ്ഥാപനങ്ങളുണ്ട്.

1. പിരപ്പൻകോട് ത്രിവേണി.
2. വെഞ്ഞാറമൂട് ത്രിവേണി.
3. വെഞ്ഞാറമൂട് ഗോഡൗൺ
4. വാമനപുരം മൊബൈൽ ത്രിവേണി.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി)1. പിരപ്പൻകോട് ത്രിവേണി - 2 ജീവനക്കാർ

കൺസോളിഡേറ്റ് - 1

ഡെയ്‌ലി വേജസ് - 1

2. വെഞ്ഞാറമൂട് ത്രിവേണി - 2 ജീവനക്കാർ

പെർമനന്റ് - 1

ഡെയ്‌ലി വേജസ് - 1

3. വെഞ്ഞാറമൂട് ഗോഡൗൺ- 18 ജീവനക്കാർ

പെർമനന്റ് - 4

കൺസോളിഡേറ്റ് - 2

ഡെയ്‌ലി വേജസ് - 4

പായ്ക്കിംഗ് ജീവനക്കാർ - 8

4. വാമനപുരം മൊബൈൽ ത്രിവേണി - 2 ജീവനക്കാർ

ഡെയ്‌ലി വേജസ് - 2

**മൊബൈൽ ത്രിവേണി സ്റ്റോറുകൾ**

245(3975) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ത്രിവേണി സ്റ്റോറുകൾ എവിടെയൊക്കെ പ്രവർത്തിച്ചു വരുന്നു എന്നതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(ബി) മൊബൈൽ ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം വിജയകരമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ)

| റീജിയൻ | എണ്ണം | സ്ഥലം |
|---|---|---|
| തിരുവനന്തപുരം | 12 | 1. തിരുവനന്തപുരം<br>2. വട്ടിയൂർക്കാവ് |

| | | |
|---|---|---|
| | | 3. നേമം<br>4. വാമനപുരം<br>5. കഴക്കൂട്ടം<br>6. ചിറയിൻകീഴ്<br>7. വർക്കല<br>8. നെയ്യാറ്റിൻകര<br>9. കോവളം<br>10. പാറശ്ശാല<br>11. കാട്ടാക്കട<br>12. നെടുമങ്ങാട് |
| കൊല്ലം | 9 | 1. ചവറ<br>2. കരുനാഗപ്പള്ളി<br>3. കൊല്ലം<br>4. കൊട്ടാരക്കര<br>5. ചടയമംഗലം<br>6. ചാത്തന്നൂർ<br>7. കുണ്ടറ<br>8. കുന്നത്തൂർ<br>9. പുനലൂർ |
| ആലപ്പുഴ | 4 | 1. അരൂർ<br>2. ആലപ്പുഴ<br>3. കുട്ടനാട്<br>4. കായംകുളം |

| | | |
|---|---|---|
| പത്തനംതിട്ട | 2 | 1. ആറന്മുള<br>2. തിരുവല്ല |
| കോട്ടയം | 9 | 1. പുതുപ്പള്ളി<br>2. പൂഞ്ഞാർ<br>3. ഏറ്റുമാന്നൂർ<br>4. ചങ്ങനാശ്ശേരി<br>5. കോട്ടയം<br>6. ഉടുംമ്പംചോല<br>7. തൊടുപുഴ<br>8. ഏലപ്പാറ<br>9. ദേവികുളം |
| തൃശ്ശൂർ | 2 | 1. കയ്പമംഗലം<br>2. വടക്കാഞ്ചേരി |
| മലപ്പുറം | 1 | 1. വേങ്ങര |
| പാലക്കാട് | 2 | 1. മലമ്പുഴ<br>2. ആലത്തൂർ |
| കോഴിക്കോട് | 4 | 1. കൊയിലാണ്ടി<br>2. കോഴിക്കോട്<br>3. കുന്നമംഗലം<br>4. വയനാട് |
| ആകെ | 45 | |

(ബി) കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളും കേന്ദ്രീകരിച്ച് മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇപ്പോൾ 45 മൊബൈൽ ത്രിവേണികൾ പ്രവർത്തിക്കുകയും ബാക്കി മൊബൈൽ ത്രിവേണികൾ കൺസ്യൂമർഫെഡ് വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രവർത്തിക്കുന്ന മൊബൈൽ ത്രിവേണികൾ ലാഭനഷ്ട കണക്കുകളുടെ അടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നത്. മലയോര മേഖലയിലും മത്സ്യബന്ധന മേഖലയിലുമാണ് കൂടുതൽ മൊബൈൽ ത്രിവേണികൾ പ്രവർത്തിക്കുന്നത്. അവശ്യ സാധനങ്ങളുടെ വിതരണം മൊബൈൽ ത്രിവേണികളിലൂടെ കാര്യക്ഷമമായി നടത്തുന്നുണ്ട്.

**കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികൾ**

246(3976) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകളെ സംബന്ധിച്ച് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ കെ.വി.പ്രശോഭൻ സർക്കാർ ഉത്തരവുപ്രകാരം അന്വേഷണം നടത്തി 28-9-2017-ന് സമർപ്പിച്ച വകുപ്പുതല അന്വേഷണ റിപ്പോർട്ടിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; ക്രമക്കേട് നടത്തിയവർക്കെതിരെ അടിയന്തരമായി വകുപ്പുതല നടപടികൾ സ്വീകരിക്കുമോ ;

(സി) കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകൾ തടയുന്നതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി 28-9-2017-ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. അന്വേഷണ കാലയളവിൽ വിവിധ ഘട്ടങ്ങളിലായി സർക്കാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. അന്വേഷണ കാലാവധി ദീർഘിപ്പിച്ചതിനെതിരെ കൺസ്യൂമർ ഫെഡറേഷന്റെ മുൻ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ഡോ. റിജി ജി.നായർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 39358/16 നമ്പർ കേസ് 6-3-2017-ലെ വിധി പ്രകാരം ഡിസ്മിസ് ചെയ്തിരുന്നു. ഈ വിധിക്കെതിരെ ടിയാൻ ഫയൽ ചെയ്ത റിട്ട് അപ്പീൽ നമ്പർ 1554/17-ലെ 1-8-2018-ലെ വിധി പ്രകാരം അന്വേഷണത്തിന്മേലുള്ള തുടർ നടപടികൾ താൽക്കാലികമായി സ്റ്റേ ചെയ്തിരുന്നു. ടി സ്റ്റേ നിലനിൽക്കുന്നതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) കൺസ്യൂമർ ഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം പൂർത്തിയായി സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ 1554/17 നമ്പർ കേസ്സിലെ 1-8-2018-ലെ വിധി പ്രകാരം താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. നിലവിൽ ടി കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി കേസ്സിലെ സ്റ്റേ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി കിട്ടുന്ന മുറയ്ക്ക് ക്രമക്കേട് നടത്തിയവർക്കെതിരെ സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

(സി) കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ തടയുന്നതിനായി ഭരണസമിതി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി റീജിയണൽ തലത്തിൽതന്നെ യൂണിറ്റുകളുടെയും ഗോഡൗണുകളുടെയും മോണിട്ടറിംഗ് ശക്തിപ്പെടുത്തി എല്ലാ മാസവും പരിശോധനയിന്മേലുള്ള അവലോകനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പുറമേ ഹെഡ് ആഫീസ് തലത്തിൽ മാനേജിംഗ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു ഇൻസ്പെക്ഷൻ ടീമിനെ നിയമിച്ചിട്ടുണ്ട്. ഈ ടീം പരാതികളുടെ അടിസ്ഥാനത്തിലും മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശത്തിന്മേലും പരിശോധനയും മിന്നൽ പരിശോധനയും നടത്തിവരുന്നു. ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായാൽ ഉടനെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## കൺസ്യൂമർഫെഡിന്റെ പുരോഗതി

247(3977) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) കൺസ്യൂമർ ഫെഡിന്റെ എത്ര പുതിയ സ്ഥാപനങ്ങൾ ഈ കാലയളവിൽ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിന്റെ പുരോഗതിക്കായി പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണ നിർവ്വഹണ ത്തിനായി 25-7-2016-ൽ നിയമിച്ചു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകി. ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. ലാഭകരമല്ലെന്ന് കണ്ടെത്തിയ നന്മ സ്റ്റോറുകൾ നിർത്തലാക്കി. അധികമായി നിയമിക്കപ്പെട്ട താല്ക്കാലിക ജീവനക്കാരെ

ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിച്ചു. പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയില്ലെന്ന് ബോധ്യപ്പെട്ട 33 ത്രിവേണി സൂപ്പർ മാർക്കറ്റുകളും 83 മൊബൈൽ ത്രിവേണികളും അനാവശ്യമായി വാടകയ്ക്കെടുത്തിരുന്ന 9 ഗോഡൗണുകളും നിർത്തലാക്കി. കെട്ടിക്കിടന്ന സാധനങ്ങൾ പരസ്യ ലേലം വഴി വിൽപ്പന നടത്തി ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്തു. വിതരണക്കാർക്ക് നൽകുവാനുണ്ടായിരുന്ന തുക നെഗോസിയേഷൻ വഴി വൺ ടൈം സെറ്റിൽമെന്റായി നൽകി. വിതരണക്കാരുടെ സഹകരണം ഉറപ്പുവരുത്തി ഫെഡറേഷന്റെ പ്രവർത്തനം പുരോഗതിയിലേക്ക് എത്തിക്കുന്നതിന് സാധിച്ചു. ഈ സർക്കാർ അധികാരമേറ്റ ശേഷം 154.9132 കോടി രൂപ 2018-19 സാമ്പത്തിക വർഷംവരെ അനുവദിച്ച് നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം രൂപ ഓഹരിയായും 5.80 ലക്ഷം രൂപ വായ്പയായും ഫെഡറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ റംസാൻ, ഓണം, ക്രിസ്തുമസ്/പുതുവത്സരം എന്നീ വിപണികൾക്കായി ഫൈനൽ ക്ലെയിം പ്രകാരം നൽകുവാനുള്ള 10,15,95,585 രൂപ നടപ്പുസാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് നിലവിലുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ കീഴിൽ 9 ത്രിവേണി സ്റ്റോറുകൾ, 1 ഗോഡൗൺ, 6 ഇ-ത്രിവേണി, 2 നീതി മെഡിക്കൽ സ്റ്റോർ, 5 നീതി മെഡിക്കൽ വെയർഹൗസ് എന്നിവ ഉൾപ്പെടെ 23 സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## തലശ്ശേരി കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

248(3978) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി കേപ്പ് എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേപ്പിന് കീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിലെ അക്കാദമിക് ബ്ലോക്ക് 4-ന്റെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 2.76 കോടി രൂപ ചെലവഴിച്ചു. കൂടാതെ കോളേജിന്റെ ആഡിറ്റോറിയം നിർമ്മിക്കാൻ വേണ്ടി ബഹു. തലശ്ശേരി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും രണ്ടു തവണകളായി 2.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തെ ഏൽപ്പിച്ചിരിക്കുകയാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സഹകരണ വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറി

249(3979) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറി, ഊർജ്ജക്ഷമതയുള്ള അടുപ്പ് എന്നിവ സ്ഥാപിക്കുന്ന പദ്ധതിയിലേക്ക് വർക്കല മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്മാർട്ട് ക്ലാസ്സ് മുറി നിർമ്മാണം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുവാൻ തീരുമാനിച്ച സാഹചര്യത്തിൽ സഹകരണ വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളിൽ മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പാണ് ഇപ്പോൾ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിക്കുന്നുവെങ്കിലും സന്നദ്ധരായ സഹകരണ സംഘങ്ങളും തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകിവരുന്നുണ്ട്. ആയതുപ്രകാരം വർക്കല മണ്ഡലത്തിൽ പാളയംകുന്ന് എച്ച്.എസ്.എസ്., കവലയൂർ ഹൈസ്കൂൾ, ഞെക്കാട് ഗവൺമെന്റ് ഹൈസ്കൂൾ, മടവൂർ എൻ.എസ്.എസ്. എച്ച്.എസ്., ഗവൺമെന്റ് എൽ.പി.എസ്. മടവൂർ എന്നീ സ്കൂളുകൾക്ക് യഥാക്രമം അയിരൂർ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്, മണമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്, ഒറ്റൂർ സർവ്വീസ് സഹകരണ ബാങ്ക്, മടവൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ. മാർ ലഭ്യമാക്കുന്ന ലിസ്റ്റും സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

(സി) സ്കൂളുകളിൽ മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ടി പദ്ധതി പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച് സഹകരണ വകുപ്പിൽ നിന്നും പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു നൽകുന്നുണ്ട്. പല സംഘങ്ങളും സ്മാർട്ട് ക്ലാസ് റൂമുകൾക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുമുണ്ട്.

**സഹകരണ ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി**

250(3980) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ ബോർഡുകളിലുള്ള ജീവനക്കാരെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് നിലവിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇല്ല. സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ ബോർഡുകളിലുള്ള ജീവനക്കാരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കാവുന്നതാണ്.

## സ്പിന്നിംഗ് മിൽ എം.ഡി.-മാരുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ്

251(3981) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്പിന്നിംഗ് മിൽ എം.ഡിമാരുടെ പേരിൽ വകുപ്പുതല അന്വേഷണം, വിജിലൻസ് അന്വേഷണം എന്നിവ നടക്കുന്നുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ സ്പിന്നിംഗ് മിൽ എം.ഡി. സ്ഥാനത്ത് 2016 ഒക്ടോബർ 16 ന് ശേഷം തുടരുന്നവർ ആരെല്ലാം; ഇവരെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) എം.ഡി, താത്ക്കാലിക ചുമതല, അധിക ചുമതല എന്നീ വ്യവസ്ഥകളിൽ നിയമിച്ചവരുടെ കാലയളവ് എത്രയാണ്; നിലവിൽ ഇതേ വ്യവസ്ഥയിൽ നിയമിച്ചവരുടെ കാലയളവ് എത്രവരെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-സി) സഹകരണ സ്പിന്നിംഗ് മില്ലുകളിലെ എം.ഡി.-മാരുടെ പേരിൽ വകുപ്പുതല അന്വേഷണം നടക്കുന്നില്ല. വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. 2016 ഒക്ടോബർ 16-ന് ശേഷം സ്പിന്നിംഗ് മില്ലുകളിൽ മാനേജിംഗ് ഡയറക്ടറുമാരുടെ ചാർജ് അറേഞ്ച്മെന്റ് മാത്രമാണ് നടത്തിയിട്ടുള്ളത്. എം.ഡി., അധിക ചുമതല വ്യവസ്ഥയിൽ സ്പിന്നിംഗ് മില്ലുകളിൽ ഈ കാലയളവിൽ നിയമിച്ചവരുടെ സേവന കാലയളവ് പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല.

## സഹകരണസംഘങ്ങളുടെ നിക്ഷേപം

252(3982) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും 2019 മാർച്ച് 31 അടിസ്ഥാനമാക്കി ഓരോ സർക്കിളുകളിലുമുള്ള സംഘങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ സംഘങ്ങളുടെ വിലാസം, ഫോൺ നമ്പർ, ക്ലാസിഫിക്കേഷൻ, പ്രവർത്തിക്കുന്നതിനെക്കുറിച്ചുള്ള പരാമർശം എന്നിവ സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിന് ശേഷം എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ വിഭാഗങ്ങളിലാണെന്നും സഹകരണസംഘങ്ങളിൽ നിന്ന് സർക്കാർ എത്ര രൂപ നിക്ഷേപമായും വായ്പയായും വാങ്ങിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിന് രൂപവത്കരിച്ച കമ്പനിയിൽ എത്ര സഹകരണ സംഘങ്ങൾ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം നിക്ഷേപിച്ച തുക അതിന്റെ കാലാവധി പലിശ എന്നിവയുടെ വിശദാംശവും സംഘങ്ങൾക്ക് തിരികെ ലഭിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ;

(ഇ) സഹകരണസംഘങ്ങളിൽനിന്നും കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിനായി എത്ര തുക നൽകിയിട്ടുണ്ടെന്നും ഇത്തരം നിക്ഷേപം/വായ്പയുടെ കാലാവധി എത്രയെന്നും ഇതിന്റെ പലിശ എത്രയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(എഫ്) മാർച്ചിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സഹകരണ സംഘങ്ങളോട് ട്രഷറികളിൽ നിക്ഷേപം നടത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിരുന്നോ; ഇപ്രകാരം നിക്ഷേപിച്ച സംഘങ്ങളുടെ വിശദാംശവും നിക്ഷേപ തുകയും കാലാവധിയും പലിശയും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2019 മാർച്ച് 31 അടിസ്ഥാനമാക്കി ഓരോ സർക്കിളുകളിലുമുള്ള സംഘങ്ങളുടെ കണക്കെടുപ്പ് ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയായിട്ടില്ല. സംസ്ഥാനത്ത് 2018 മാർച്ച് 31-ലെ കണക്ക് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 15624 സഹകരണ സംഘങ്ങളിൽ 11892 സംഘങ്ങൾ പ്രവർത്തിക്കുന്നവയും 3098 സംഘങ്ങൾ പ്രവർത്തനരഹിതവും 634 സംഘങ്ങൾ ലിക്വിഡേഷനിലുമാണ്. സഹകരണ സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം വർഷംതോറും സഹകരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. 2018 മാർച്ച് 31 വരെയുള്ള വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 665 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സഹകരണ സംഘങ്ങളുടെ വിഭാഗങ്ങൾ | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ | 16 |
| 2 | പ്രൈമറി കൺസ്യൂമർ സഹകരണ സംഘങ്ങൾ | 2 |

| (1) | (2) | (3) |
|---|---|---|
| 3 | പലവക സഹകരണ സംഘങ്ങൾ | 203 |
| 4 | പ്രാഥമിക ആശുപത്രി സഹകരണ സംഘങ്ങൾ | 10 |
| 5 | ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ | 67 |
| 6 | വനിതാ സഹകരണ സംഘങ്ങൾ | 99 |
| 7 | എസ്.സി./എസ്.റ്റി സഹകരണ സംഘങ്ങൾ | 4 |
| 8 | ടൂറിസം സഹകരണ സംഘങ്ങൾ | 24 |
| 9 | മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ | 2 |
| 10 | എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ | 22 |
| 11 | സാമൂഹിക ക്ഷേമ സഹകരണ സംഘങ്ങൾ | 170 |
| 12 | ഹൗസിംഗ് സഹകരണ സംഘങ്ങൾ | 2 |
| 13 | സ്കൂൾ സഹകരണ സംഘങ്ങൾ | 3 |
| 14 | മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | 2 |
| 15 | അർബൻ സൊസൈറ്റി സഹകരണ സംഘങ്ങൾ | 2 |
| 16 | റൂറൽ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ | 10 |
| 17 | റൂറൽ ബാങ്ക് സഹകരണ സംഘങ്ങൾ | 5 |
| 18 | മൾട്ടിപർപ്പസ് സഹകരണ സംഘങ്ങൾ | 6 |
| 19 | വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ | 5 |
| 20 | പ്രൈമറി മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | 5 |

| (1) | (2) | (3) |
|---|---|---|
| 21 | ഹൗസ് ബിൽഡിംഗ് സഹകരണ സംഘങ്ങൾ | 1 |
| 22 | സർവ്വീസ് സഹകരണ ബാങ്ക് | 2 |
| 23 | പ്രൊഡ്യൂസേഴ്സ് സഹകരണ സംഘങ്ങൾ | 2 |
| 24 | പ്രൈമറി അഗ്രികൾച്ചറൽ പ്രൊസസിംഗ് സഹകരണ സംഘങ്ങൾ | 1 |
| | ആകെ | 665 |

സഹകരണ സംഘങ്ങളിൽനിന്ന് സർക്കാരിന് ആകെ 260.58 കോടി രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. ഇതിൽ 81.85 കോടി രൂപ ജീവനക്കാരുടെ സഹകരണ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപമാണ്. സഹകരണ സംഘങ്ങളിൽനിന്ന് കെ.എസ്.ആർ.ടി.സി. പെൻഷൻ കൺസോർഷ്യത്തിനായി 1176.57 കോടി രൂപയും സാമൂഹ്യ സുരക്ഷ പെൻഷൻ കൺസോർഷ്യത്തിനായി 4,407.78 കോടി രൂപയും സർക്കാർ വായ്പയായി വാങ്ങിയിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി. പെൻഷൻ ആയി വാങ്ങിയ വായ്പയിൽ 744.89 കോടി രൂപ മടക്കി നൽകിയിട്ടുണ്ട്.

(സി) ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിന് രൂപവത്കരിച്ച കമ്പനിയിൽ സംഘങ്ങളൊന്നുംതന്നെ തുക നിക്ഷേപിച്ചിട്ടില്ല. ടി ആവശ്യത്തിനായി സംസ്ഥാന സഹകരണ ബാങ്കിൽ രൂപീകരിച്ച കൺസോർഷ്യം ഫണ്ട് അക്കൗണ്ടിലേയ്ക്കാണ് സംഘങ്ങൾ തുക നിക്ഷേപിച്ചിട്ടുള്ളത്. ടി അക്കൗണ്ടിലേയ്ക്ക് ഒന്നാം ഘട്ടത്തിൽ 506 സംഘങ്ങളും രണ്ടാം ഘട്ടത്തിൽ 1153 സംഘങ്ങളും വായ്പയായി തുക നൽകിയിട്ടുണ്ട്.

(ഡി) 2018 സാമ്പത്തിക വർഷത്തിൽ ഓണത്തിനോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി സർക്കാർ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും 506 സംഘങ്ങളിൽ നിന്നായി ആകെ 1,773.30 കോടി രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം 9.5% പലിശനിരക്കിൽ 14 മാസ കാലാവധിയിലാണ് ഇപ്രകാരം ധനസമാഹരണം നടത്തിയിട്ടുള്ളത്. 2019 ഒക്ടോബർ 15-നാണ് കൺസോർഷ്യത്തിന്റെ കാലാവധി പൂർത്തിയാകുന്നത്. സംഘങ്ങൾക്ക് എല്ലാ മാസവും കൃത്യമായി പലിശ നൽകി വരുന്നു. 2019 മേയ് മാസം വരെ 9 മാസത്തെ പലിശയായി ആകെ 128,24,97,382 (നൂറ്റി ഇരുപത്തിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി

തൊണ്ണൂറ്റി എഴായിരത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. 2019 വിഷുവിനോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനുവേണ്ടി സർക്കാർ രൂപീകരിച്ച സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിലേയ്ക്ക് 1153 സംഘങ്ങൾ പ്രതിമാസം 9.5% പലിശ നിരക്കിൽ 14 മാസകാലാവധിക്ക് ആകെ 2,634.48 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. ഒരു മാസത്തെ പലിശയായി 20,85,23,426 (ഇരുപത് കോടി എൺപത്തി അഞ്ച് ലക്ഷത്തി ഇരുപത്തി മൂവായിരത്തി നാന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) രൂപ ഇതിനകം സംഘങ്ങൾക്ക് പലിശ നൽകിയിട്ടുണ്ട്. ഒന്നാംഘട്ട വിതരണത്തിനായി 2018 ആഗസ്റ്റിൽ സ്വരൂപിച്ച വായ്പാതുകയുടെ കാലാവധി അവസാനിക്കുന്നത് ഒക്ടോബർ 2019-ലും 2019 ഏപ്രിലിൽ സ്വരൂപിച്ച വായ്പയുടെ കാലാവധി അവസാനിക്കുന്നത് 2020 ജൂൺ മാസത്തിലുമായതിനാൽ മുതൽ സംഖ്യ ഒരു സംഘങ്ങൾക്കും തിരിച്ചു നൽകിയിട്ടില്ല.

(ഇ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണത്തിൽ 2018 ഫെബ്രുവരി മാസംവരെ ഉണ്ടായിരുന്ന കുടിശ്ശികയും 2019 ജൂൺ വരെയുള്ള പെൻഷൻ വിതരണവും സഹകരണ വകുപ്പ് മുഖേന സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് വിതരണം നടത്തിയിട്ടുണ്ട്. പെൻഷൻ വിതരണം നടത്തുന്നതിലേക്കായി നാളിതുവരെ 11,76,57,18,000 രൂപ (ആയിരത്തി ഒരുനൂറ്റി എഴുപത്തിയാറു കോടി അൻപത്തിയേഴ ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം) കൺസോർഷ്യത്തിലേക്ക് കളക്ട് ചെയ്തിട്ടുണ്ട്. 6 മാസ കാലയളവിലേക്കാണ് തുക നിക്ഷേപിക്കുന്നത്. 6 മാസം പൂർത്തിയാകുന്ന മുറയ്ക്ക് 10% പലിശ സഹിതം സർക്കാർ തുക അനുവദിക്കുന്ന മുറയ്ക്ക് സംഘങ്ങൾക്ക് തിരികെ നൽകി വരുന്നു.

(എഫ്) മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി ട്രഷറിയിലെ ജീവനക്കാരുടെ പി.എഫ്., പൊതുമരാമത്ത് പ്രവൃത്തികളുടെ ഭാഗമായുള്ള നിക്ഷേപങ്ങൾ അടക്കമുള്ള പബ്ലിക് അക്കൗണ്ടിലെ വരവുകൾ വായ്പയായി കണക്കിലെടുത്ത് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കുറവ് വരുത്തിയതിനാൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ട്രഷറി നിക്ഷേപം സ്വരൂപിക്കുന്നതിനായി മൂന്ന് മാസം മുതൽ ഒരു വർഷം വരെയുള്ള കാലയളവിലേയ്ക്ക് നിക്ഷേപിക്കുന്നതിനും 9.2 ശതമാനം നിരക്കിൽ പലിശ നൽകുന്നതിനുമുള്ള തീരുമാനപ്രകാരം അത്യാവശ്യമാണെങ്കിൽ അത്തരം നിക്ഷേപങ്ങൾ ഏപ്രിൽ മൂന്നാം വാരം തിരികെ നൽകുന്നതാണെന്ന വ്യവസ്ഥയിൽ ട്രഷറി നിക്ഷേപം നടത്തുന്നതിന് 2019 മാർച്ച് മാസത്തിൽ എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയീസ് സഹകരണ സംഘങ്ങൾ ട്രഷറിയിൽ നടത്തിയ നിക്ഷേപങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ടൂറിസം റെഗുലേറ്ററി അതോറിറ്റി

253(3983) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റി എപ്പോൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ടൂറിസം മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സേവന ദാതാക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

## ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ

254(3984) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ടസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ)-യുടെ നിയന്ത്രണത്തിലുള്ള ആയിറ്റി ബോട്ട് ടെർമിനലും ഇടയിലക്കാട് ഫെസിലിറ്റി സെന്ററും ആർക്കാണ് നടത്തിപ്പിനായി നൽകിയിട്ടുള്ളതെന്നും ഇതിന്റെ വാർഷിക വാടക എത്രയാണെന്നും നടത്തിപ്പുകാരുടെ കാലാവധി എന്നവസാനിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ നിലവിൽ ആരാണ് ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ബി.ആർ.ഡി.സി.(ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ)-യുടെ നിയന്ത്രണത്തിലുള്ള ആയിറ്റി ബോട്ട് ടെർമിനൽ 1-12-2015 മുതൽ 5 വർഷത്തേയ്ക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്കാണ് നടത്തിപ്പിന് നൽകിയിട്ടുള്ളത്. വാർഷിക വാടക 1,02,000 രൂപ (നികുതികൾ കൂടാതെ) ആണ്. വാടക കാലാവധി 30-11-2020 നാണ് അവസാനിക്കുന്നത്. ഇടയിലക്കാട് ഫെസിലിറ്റി സെന്റർ 5-12-2013 മുതൽ വലിയപറമ്പ കായൽ

ടൂറിസം വികസന സമിതിക്കാണ് നടത്തിപ്പിന് നൽകിയിരുന്നത്. വാർഷിക വാടക 44,784 രൂപ (നികുതികൾ കൂടാതെ) ആണ്. ഇടയിലക്കാട് ഫെസിലിറ്റി സെന്ററിന്റെ വാടക കാലാവധി 4-12-2018-ന് അവസാനിച്ചു. ഇടയിലക്കാട് ഫെസിലിറ്റി സെന്ററിന്റെ ഇനിയുള്ള നടത്തിപ്പ് സംബന്ധിച്ച് ബി.ആർ.ഡി.സി. ബോർഡ് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നടത്തിപ്പ സംബന്ധമായി വരുന്ന അറ്റകുറ്റപ്പണികൾ നടത്തിപ്പുകാർ ചെയ്യുന്നു. പ്രധാന നിർമ്മാണ പ്രവൃത്തികൾ ബേക്കൽ റിസോർട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ് ചെയ്യുന്നത്.

## പ്രളയാനന്തരം ടൂറിസം മേഖല നേരിട്ട പ്രശ്നങ്ങൾ

255(3985) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ടൂറിസം മേഖല നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിന് സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രളയം കൂടുതൽ നാശനഷ്ടം വിതച്ച എറണാകുളം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ടൂറിസം മേഖലയെ തിരിച്ചുവരവിന്റെ പാതയിൽ എത്തിക്കുന്നതിന് ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) പ്രളയാനന്തരം ടൂറിസം മേഖല നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ പൂർണ്ണമായും ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ട്. പ്രളയാനന്തരം ടൂറിസം മേഖലയുടെ തിരിച്ചു വരവിനായി ടൂറിസം വകുപ്പ് മികച്ച നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 'Its Time for Kerala' എന്ന ക്യാമ്പയിൻ വഴി കേരളം പ്രളയത്തെ അതിജീവിച്ചു എന്ന സന്ദേശം നൽകാനായി. മികച്ച മാർക്കറ്റിംഗ് വിപണന തന്ത്രംവഴി രാജ്യത്തെ പ്രമുഖ എയർപോർട്ടുകൾ, പ്രിന്റ് മീഡിയകൾ, ടെലിവിഷൻ ചാനലുകൾ, റേഡിയോ, മാളുകൾ, സിനിമാ തീയേറ്ററുകൾ എന്നിവ

കേന്ദ്രീകരിച്ചാണ് 'Post Flood Campaign' എന്ന രീതിയിൽ പ്രചരണം നടത്തിയത്. ഡിജിറ്റൽ/സോഷ്യൽ മീഡിയ വഴിയും പ്രളയം സൃഷ്ടിച്ച ആഘാതം മറി കടക്കാൻ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2018 സെപ്റ്റംബർ മുതൽ ടൂറിസം വകുപ്പ് സംഘടിപ്പിച്ച നാഷണൽ/ഇന്റർനാഷണൽ B2B മീറ്റുകളിലും പ്രധാനപ്പെട്ട ട്രേഡ് ഫെയറുകളിലും മറ്റും വകുപ്പ് പങ്കെടുക്കുകയും പ്രളയം കേരള വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി എന്ന തരത്തിൽ പ്രചരണം നടത്തി ടൂറിസം സംരംഭകരേയും വിനോദസഞ്ചാരികളേയും ബോധ്യപ്പെടുത്തുകയുമുണ്ടായി. പ്രധാന വിനോദസഞ്ചാര മേഖലകളായ മൂന്നാർ, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ തകർന്ന റോഡുകളും മറ്റും യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസൃഷ്ടിച്ചും പ്രതിസന്ധി മറികടക്കുകയുണ്ടായി.

പ്രളയത്തിനുശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർ നിർമ്മാണം - 2,09,20,000 രൂപ
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000 രൂപ
3. മൺട്രോ തുരുത്ത്, അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446 രൂപ
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030 രൂപ
5. റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് റീറ്റെയിനിംഗ് വാൾ അറ്റ് മുതിരപ്പുഴ - 74,00,000 രൂപ
6. ആലുവ ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് - 46,00,000 രൂപ.
7. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ അടിയന്തര വൃത്തിയാക്കലിനും അറ്റകുറ്റപ്പ ണികൾ ചെയ്യുന്നതിനും - 4,00,000 രൂപ
8. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ ഫയർ എകസ്റ്റിംഗ്യൂഷൻ സ്ഥാപിക്കുന്നതിന് - 1,02,188 രൂപ
9. പത്തനംതിട്ട ഗസ്റ്റ് ഹൗസിൽ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് - 92,50,000 രൂപ

(ബി) ടൂറിസം മേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിന് 9 പദ്ധതികൾക്കായി 5.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രളയം സംഭവിച്ച 2018 ആഗസ്റ്റ് മുതൽ 2019 മാർച്ച് വരെയുള്ള സ്ഥിതിവിവരക്കണക്ക് പരിശോധിക്കുമ്പോൾ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മാസം മാത്രമാണ് വർദ്ധനവുണ്ടായിട്ടുള്ളത്. എന്നാൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതൽ തുടർച്ചയായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയായി കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി വരുന്നു. വിപുലമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

## അപകടത്തിൽപ്പെടുന്ന ടൂറിസ്റ്റുകൾക്ക് വൈദ്യസഹായം

256(3986) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദുർഘടമേഖലകളിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ അപകടത്തിൽപ്പെടുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുവാൻ വേണ്ടി ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

### ഉത്തരം

സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള നൂതന കർമ്മപദ്ധതിയായ ഗ്രീൻ കാർപ്പറ്റിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പു വരുത്തൽ, അടിയന്തരഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. സുരക്ഷിതത്വം ലക്ഷ്യമാക്കി കണ്ടിജൻസി റെസ്പോൺസ് സിസ്റ്റം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ലൈഫ് ഗാർഡുകളുടെ സേവനം, ടൂറിസം പോലീസ്, പോലീസ് എയ്ഡ് പോസ്റ്റ്, പോലീസ് പട്രോളിംഗ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ, ടൂറിസ്റ്റുകൾക്ക് എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ പ്രഥമ ശുശ്രൂഷ നൽകുന്നതിനും അവരെ ശ്രദ്ധിക്കുവാനുള്ള ക്രൈസിസ് മാനേജ്മെന്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

## മലയോര ടൂറിസം

257(3987) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയോരമേഖലയിലെ ടൂറിസം വികസനങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ എത്ര ഹോം സ്റ്റേകൾ ഉണ്ട്; ഇതിൽ രജിസ്റ്റർ ചെയ്ത ഹോം സ്റ്റേകൾ എത്രയെന്നും രജിസ്റ്റർ ചെയ്യാത്തവ എത്രയെന്നും കണക്കുകൾ ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ മലയോര മേഖലകളിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്:

1. തെന്മലയിലെ ഇക്കോടൂറിസം വികസന പദ്ധതി (ലൈറ്റ് ആൻഡ് സൗണ്ട് ഷോ സഹിതം)

2. സൈലന്റ് വാലി, റോഡോവാലി, മീശപ്പുലിമല (മൂന്നാർ) മേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ.

3. തേക്കടിയിൽ വിനോദസഞ്ചാരികൾക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തലും കഫെറ്റീരിയ കം എന്റർടെയ്ൻമെന്റ് സെന്റർ നിർമ്മാണവും.

4. സൈലന്റ് വാലി ദേശീയോദ്യാനത്തിൽ 2018-19-ൽ നടപ്പാക്കിയ നേച്ചർ അപ്രീസിയേഷൻ, ഇക്കോടൂറിസം ഇന്റർപ്രെട്ടേഷൻ പ്രവർത്തനങ്ങൾ

5. 2018-ലെ നീലക്കുറിഞ്ഞി സീസൺ പ്രമാണിച്ച് ഇരവികുളം ദേശീയോദ്യാനത്തിലെ വികസന പ്രവർത്തനങ്ങൾ

6. ഇരവികുളം ദേശീയോദ്യാനത്തിൽ 2018-19-ൽ നടപ്പാക്കിയ നവീകരണ പ്രവർത്തനങ്ങൾ

7. ചെറുചക്കിച്ചോല ഇക്കോ ടൂറിസം പദ്ധതി

   നെല്ലിയാമ്പതിയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് 1.47 കോടി രൂപയുടെ പദ്ധതി വർക്കിങ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്.

(ബി) വിനോദ സഞ്ചാര വകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച ഹോം സ്റ്റേകളുടെ എണ്ണം ഇപ്രകാരമാണ്.

| | | |
|---|---|---|
| കോട്ടയം ജില്ല | – | 30 |
| ഇടുക്കി ജില്ല | – | 65 |

ക്ലാസിഫിക്കേഷൻ ലഭിക്കാതെ ഹോം സ്റ്റേകളായി പ്രവർത്തിക്കുന്ന വീടുകളുടെ വിശദാംശം ലഭ്യമല്ല.

**കൊല്ലം ഡി.ടി.പി.സി.-ക്ക് പദ്ധതികൾക്ക് അനുവദിച്ച തുക**

258(3988) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ കൊല്ലം ഡി.ടി.പി.സി.-ക്ക് പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(സി) നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിവരവും ആയതിനുവേണ്ടി അനുവദിച്ച തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും നൽകുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 5,18,40,000 രൂപയും 2017-18 സാമ്പത്തിക വർഷം 6,38,84,335 രൂപയും അനുവദിച്ചു.

(ബി) (1) താന്നി ബീച്ച് വികസനം:

താന്നി ബീച്ച് വികസനത്തിന് 68.40 ലക്ഷം രൂപ അനുവദിച്ചു. വോക്ക് വേ, ഗ്യാലറി, പടിപ്പുര ഓപ്പൺ സ്റ്റേജ്, ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെട്ട പദ്ധതി പൂർത്തിയാക്കി.

(2) ആശ്രാമം നടപ്പാതയുടെ നവീകരണം, മൈതാനം സൗന്ദര്യവത്കരണം:

ആശ്രാമം നടപ്പാതയുടെ നവീകരണത്തിനും മൈതാനം സൗന്ദര്യവത്കരണത്തിനുമായി 1.50 കോടി രൂപ അനുവദിച്ചു. നടപ്പാത നവീകരണം, ഇരിപ്പിടങ്ങൾ, മരങ്ങൾ വച്ചു പിടിപ്പിക്കുക, ഇലക്ട്രിക്കൽ വർക്ക്, ലാന്റ് സ്കേപ്പിങ്, ശില്പങ്ങളുടെ പാർക്ക്, മറ്റ് സൗന്ദര്യവത്കരണം തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. 90% പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(3) മലമേൽപ്പാറ:

ഷോപ്പുകൾ, കഫറ്റേരിയ, സ്ട്രീറ്റ് ലൈറ്റ്, പ്ലംബിംഗ്, ഫെൻസിംഗ്, ലാൻഡ് സ്കേപ്പിംഗ്, ടെലിസ്കോപ്പ് വൈദ്യുതീകരണം എന്നിവയ്ക്കായി 3 കോടി രൂപ അനുവദിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(4) പരവൂർ പൊഴിക്കര ബീച്ച് വികസനം:

ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ഷെൽറ്റർ, ലാൻഡ് സ്കേപ്പിംഗ്, നിലവിലുള്ള കുട്ടികളുടെ പാർക്കിന്റെ നവീകരണം, സൈക്കിൾ ട്രാക്ക്, കനാൽ വികസനം, സൈൻ ബോർഡ് തുടങ്ങിയവയ്ക്കായി 2 കോടി രൂപ അനുവദിച്ചു.

(5) ഹാംഗർ പ്രോജക്ട്:

ആശ്രാമം മൈതാനത്തിനു സമീപത്തുള്ള ഹാംഗർ യൂണിറ്റിനായി നിർമ്മിച്ച, പണി പൂർത്തിയാകാത്ത കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് ലേസർ കം വീഡിയോ ഷോ നടത്താനും ചുറ്റുമതിൽകെട്ടി സംരക്ഷിക്കാനുമായി 80 ലക്ഷം രൂപ അനുവദിച്ചു. ടോയ്ലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, കോഫി ഷോപ്പ്, ഫെൻസിംഗ്, ലാൻഡ് സ്കേപ്പിംഗ്, വൈദ്യുതീകരണം, നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. 50% പണികൾ പൂർത്തീകരിച്ചു.

(6) സൈൻ ബോർഡ്:

കൊല്ലം ജില്ലയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ദിശാസൂചന ബോർഡ് സ്ഥാപിക്കാൻവേണ്ടി 13,98,300 രൂപ അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(7) മുട്ടറ മരുതുമല പ്രോജക്ട്:

മുട്ടറ മരുതുമല പദ്ധതിക്ക് 44,86,035 രൂപ അനുവദിച്ചു. പ്രവേശന കവാടം, നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, കൈവരി, ഫെൻസിംഗ്, കുഴൽക്കിണർ, പ്ലംബിംഗ്, വൈദ്യുതീകരണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(8) <u>പുനർജനി ക്വയിലോൺ ഇക്കോപാർക്ക് പദ്ധതി:</u>

അഷ്ടമുടിക്കായലിനും ആശ്രാമം മൈതാനത്തിനുമടുത്തുള്ള സ്ഥലത്തെ മാലിന്യ കേന്ദ്രം ഒഴിവാക്കി വിനോദ സഞ്ചാര കേന്ദ്രമാക്കാനുള്ള ഈ പദ്ധതിക്ക് 3 കോടി രൂപ അനുവദിച്ചു. ഷോപ്പുകൾ, ടോയ്‌ലറ്റ് ബ്ലോക്ക്, തിയേറ്റർ, ഇലക്ട്രിഫിക്കേഷൻ, പ്രതിമകൾ, കളി ഉപകരണങ്ങൾ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. നിർമ്മാണ ജോലികൾ പുരോഗമിച്ചു വരുന്നു.

(സി) നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഇല്ല.

## ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി സൈക്കിൾപാത

259(3989) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി സൈക്കിൾ പാത നിർമ്മിക്കുന്നതിന് ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി)നിലവിൽ പരിഗണനയിലില്ല.

## ഉത്തരവാദിത്ത ടൂറിസം മിഷൻ

260(3990) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

വിനോദ സഞ്ചാര രംഗത്തെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഉത്തവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുമായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി. മിഷൻ) രൂപീകരിച്ചു. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം, എന്നീ ഉത്തരവാദിത്വങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ടൂറിസം മേഖലയുടെ ഉത്തരവാദിത്വപൂർണ്ണമായ വളർച്ച ഉറപ്പാക്കുന്നതിനായി മിഷൻ വിവിധ പദ്ധതികൾ

ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. പ്രാദേശിക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനാവശ്യമായ വിവിധ തൊഴിൽപരിശീലനങ്ങളും അവബോധ ശിൽപ്പശാലകളും സംഘടിപ്പിക്കുകയും അവരെ ആർ.ടി.മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്നുള്ളതും പ്രധാന പ്രവർത്തനമാണ്. നിലവിൽ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയിൽ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന 15515 രജിസ്റ്റേർഡ് ആർ.ടി. മിഷൻ യൂണിറ്റുകൾ കേരളത്തിലൊട്ടാകെ പ്രവർത്തിക്കുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ തുടങ്ങിയ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളിലൂടെ തദ്ദേശീയരായ ജനസമൂഹത്തിന് മുടക്കമില്ലാതെ തങ്ങളുടെ പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിനും അധിക മുതൽ മുടക്കില്ലാതെ കൂടുതൽ വരുമാനം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു. ടൂറിസം വ്യവസായത്തിനാവശ്യമായ വിവിധ ഉൽപ്പന്നങ്ങൾ (ഹോട്ടൽ/റിസോർട്ടുകളിലേക്ക് ആവശ്യമായ പാൽ, മുട്ട, പച്ചക്കറി, പഴങ്ങൾ, വാഴയില, തേങ്ങ, കരിക്ക്, ഇറച്ചി, മീൻ എന്നിങ്ങനെയുള്ളവ), കരകൗശല വസ്തുക്കൾ, പേപ്പർ/തുണി സഞ്ചികൾ എന്നിങ്ങനെ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം തദ്ദേശീയർക്ക് നൽകുകയും യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു പ്രസ്തുത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാന ലഭ്യതയും ഉറപ്പുവരുത്തുന്നു. പ്രാദേശിക കലാപ്രവർത്തകരെ ആർ.ടി. മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഹോട്ടലുകളിലും റിസോർട്ടുകളിലും നേരിട്ട് പ്രോഗ്രാം ചെയ്യുന്നതിനും ടൂറിസ്റ്റുകൾക്ക് നേരിട്ട് പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനുമായി ആർ.ടി. ആർട്ട് ആന്റ് കൾച്ചറൽ ഫോറം, ടൂറിസം മേഖലയിൽ തദ്ദേശീയരായ ആളുകൾക്ക് ജോലി സാധ്യത ഉറപ്പു വരുത്തുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി എന്നിങ്ങനെ ഓൺ ലൈൻ നെറ്റ്‌വർക്കുകൾ ആർ.ടി. മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ഈ നെറ്റ് വർക്കുകൾ പ്രാദേശിക സമൂഹത്തെ നേരിട്ട് ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുന്നു. 2017 ജൂൺ മുതൽ 2019 മേയ് വരെ രജിസ്റ്റേർഡ് ആർ.ടി. മിഷൻ യൂണിറ്റുകൾക്ക് ലഭിച്ചിരിക്കുന്ന ആകെ വരുമാനം 9,15,03,783 രൂപയാണ്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രോജക്ടുകളിൽ ഒന്നായ 'പെപ്പർ' (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം) പദ്ധതിയിലൂടെ പുതിയ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നു. കോട്ടയം ജില്ലയിലെ വൈക്കം പ്രദേശമാണ് പ്രസ്തുത പദ്ധതിയിലൂടെ

ഉയർന്നുവന്ന ആദ്യ ഉത്തരവാദിത്ത ടൂറിസം കേന്ദ്രം. രണ്ടാം ഘട്ടത്തിൽ മലപ്പുറം ജില്ലയിലെ പൊന്നാനി പ്രദേശം ഉൾപ്പെടെ വിവിധ ജില്ലകളിലായി എട്ട് സ്ഥലങ്ങളിൽ പെപ്പർ പദ്ധതി പുരോഗമിച്ചുവരുന്നു. മൂന്നാംഘട്ടത്തിൽ 10 സ്ഥലങ്ങൾകൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിലെ സർക്കാർ നിയമമനുസരിച്ച് നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ന്യൂ ആർ.ടി. ഡെസ്റ്റിനേഷൻസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി അവബോധ ശിൽപ്പശാലകൾ, പരിശീലന പരിപാടികൾ, യൂണിറ്റ് രജിസ്ട്രേഷൻ, യൂണിറ്റുകളെ ആർ.ടി.മിഷന്റെ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് പാക്കേജുകളുടെ രൂപീകരണം, അവയുടെ പ്രൊമോഷൻ, പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നുവരുന്നു. ഇങ്ങനെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാകുകയും തദ്ദേശീയരായ സാധാരണക്കാർക്കുകൂടി ടൂറിസം രംഗത്ത് നിന്നും വരുമാനം ലഭ്യമാകുവാനും തുടങ്ങിയിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയുടെ വികസനം

261(3991) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളിൽ ബഹുഭൂരിഭാഗവും പ്രത്യേകിച്ച് വിദേശികൾ, എറണാകുളം, ആലപ്പുഴ, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ മാത്രം സന്ദർശിക്കുന്ന നിലവിലെ സ്ഥിതിക്ക് മാറ്റമുണ്ടാക്കാനായി വിനോദ സഞ്ചാരസാധ്യതയുള്ള കേന്ദ്രങ്ങളുടെ സന്തുലിതവികസനം ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഞ്ചാരികൾക്ക് കേരളത്തിന്റെ സാംസ്കാരികത്തനിമ അനുഭവവേദ്യ മാക്കുവാൻ ഉതകുന്ന പൈതൃക വിനോദസഞ്ചാരപദ്ധതികളും സ്പൈസ് ടൂറിസം പദ്ധതിയും പ്രാവർത്തികമാക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസന പദ്ധതികൾക്കുള്ള നടപടികളാണ് നിലവിൽ ആവിഷ്കരിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെയും (KIIFB) കേന്ദ്രസർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്ര ടൂറിസം വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളൊടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ടൂറിസം പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യ നിക്ഷേപത്തിനായി സാധ്യതയുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി 424 പദ്ധതികൾക്ക് ടൂറിസം വകുപ്പ് അനുമതി നൽകി നടപ്പിലാക്കി വരുന്നു.

(ബി) സഞ്ചാരികൾക്ക് കേരളത്തിന്റെ സാംസ്കാരികത്തനിമ അനുഭവവേദ്യമാക്കുവാൻ ഉതകുന്ന പൈതൃക വിനോദ സഞ്ചാര പദ്ധതികളും സ്പൈസ് റൂട്ട് ടൂറിസം പദ്ധതിയും പ്രാവർത്തികമാക്കുവാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മുസരിസ് പൈതൃക പദ്ധതി

കേരളത്തിലെ കല, സംസ്കാരം, മറ്റ് ലോകരാജ്യങ്ങളുമായുണ്ടായിരുന്ന വ്യാപാരത്തിന്റെയും ചരിത്രം വിളിച്ചോതുന്ന പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഇതിൽ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, സിനഗോഗ്, മറ്റ് ചരിത്ര സ്മാരകങ്ങൾ എന്നിവയെ ജലപാത വഴി ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്

നിലവിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിനോദസഞ്ചാര കേന്ദ്രമായ ആലപ്പുഴയുടെ സമഗ്ര വികസനമാണ് ഈ പ്രോജക്ട് വഴി വകുപ്പ് ലക്ഷ്യമിടുന്നത്. ആലപ്പുഴയുടെ തനത് ഉല്പന്നമായ കയറുമായി ബന്ധപ്പെട്ടുള്ള പൈതൃക നിർമ്മാണ ശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം ആരംഭിക്കുക, കനാലുകളും തോടുകളും കൂടുതൽ സഞ്ചാര യോഗ്യമാക്കി വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്.

<u>തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്</u>

തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ആദ്യഘട്ടത്തിലുൾപ്പെടുത്തി 4.68 കോടി രൂപയുടെ ഭരണാനുമതി നൽകിയ 3 പദ്ധതികളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

തലശ്ശേരി പൈതൃക ടൂറിസം പദ്ധതി തലശ്ശേരിയിൽ മാത്രം കേന്ദ്രീകരിക്കാതെ പൈതൃകവുമായി ബന്ധപ്പെടുന്ന മറ്റു പ്രദേശങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 4 വ്യത്യസ്ത സർക്യൂട്ടുകളിലായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ കരട്, അപ്രൂവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് കമ്മിറ്റി ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## റ്റി.ബി.ജി.ആർ.ഐ. ടൂറിസം പദ്ധതി

262(3992) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന റ്റി.ബി.ജി.ആർ.ഐ.യുമായി ബന്ധപ്പെടുത്തി ടൂറിസം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

ഉണ്ട്. പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്.

## കോവളം ടൂറിസം കേന്ദ്രത്തിന്റെ വികസനം

263(3993) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം അന്താരാഷ്ട്ര ടൂറിസം കേന്ദ്രത്തിന്റെ സമഗ്രവികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നത്;

(ബി) എത്ര കോടി രൂപയാണ് പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ളത്;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങളുടെ കരാർ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോവളം അന്താരാഷ്ട്ര ടൂറിസം കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിനായി രണ്ടു ഘട്ടങ്ങളിലായുള്ള വികസന പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഒന്നാംഘട്ട പദ്ധതിയിൽ സമുദ്ര ബീച്ച് പാർക്ക് ഏരിയായും ഗ്രോവ് ബീച്ച് ഏരിയായും ഉൾപ്പെടുന്ന വികസന പ്രവർത്തനങ്ങളും രണ്ടാംഘട്ട വികസന പദ്ധതിയിൽ ഈവ്സ് ബീച്ച്, സീ റോക്ക് ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവ ഉൾപ്പെടുന്ന വികസനവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഒന്നാംഘട്ട വികസനത്തിനായി 9.90 കോടി രൂപയും രണ്ടാംഘട്ട വികസനത്തിനായി 9.95 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ആസ്ഥാനമായുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**ബോട്ട് ക്ലബ്ബ് നേരിടുന്ന പ്രതിസന്ധി**

264(3994) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സഹകരണത്തോടെ ചിറയിൻകീഴ് പണ്ടകശാല പുളിമൂട്ടിൽക്കടവ് പാലത്തിന് സമീപം ആരംഭിച്ച ബോട്ട് ക്ലബ്ബ് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിസന്ധിയുടെ കാരണം എന്തൊക്കെയാണ് എന്നറിയിക്കാമോ;

(സി) കായൽ ടൂറിസത്തിന്റെ ഭാഗമായി ആരംഭിച്ച ബോട്ട് സർവ്വീസിൽ നിന്നും ടൂറിസ്റ്റുകളെ അകറ്റി നിർത്തുന്നത് നിലവിൽ ബോട്ട് യാത്രയ്ക്ക് ഈടാക്കുന്ന ഉയർന്ന നിരക്കാണെന്നതുകൊണ്ട് ആയത് കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആവശ്യത്തിന് വിനോദസഞ്ചാരികൾ എത്താത്തതാണ് ചിറയിൻകീഴ് ബോട്ട് ക്ലബ്ബിന്റെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കുന്നത്.

(സി) ചിറയിൻകീഴ് ബോട്ട് ക്ലബ്ബിലെ ടിക്കറ്റ് നിരക്ക് താരതമ്യേന കുറവാണ്. സ്പീഡ് ബോട്ട് (7 പേർ) 20 മിനിറ്റിന് 600 രൂപയും സഫാരി ബോട്ട് (4 പേർ) 20 മിനിറ്റിന് 600 രൂപയുമാണ് നിരക്ക്. നിരക്കിന്റെ കാരണം പറഞ്ഞ് ടൂറിസ്റ്റുകൾ ബോട്ട് യാത്ര ഒഴിവാക്കുന്നതായി കാണുന്നില്ല.

**ശംഖുംമുഖം ബീച്ച് നവീകരണ പദ്ധതി**

265(3995) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശംഖുമുഖം ബീച്ച് നവീകരണപദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ഇതുസംബന്ധിച്ച മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് ഇതിലൂടെ നടത്തുന്നത്;

(സി) ഇതിനായി എന്ത് തുകയാണ് ചെലവഴിക്കുക; പ്രസ്തുത നവീകരണ പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ശംഖുമുഖം ബീച്ച് നവീകരണം ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് താഴെപ്പറയുന്ന സമഗ്ര പദ്ധതികൾക്കുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(1) Sanghumugham Beach Front Development- Entry Improvement & Urban Plaza Development

4,62,96,597 (നാലു കോടി അറുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്റിതൊണ്ണൂറ്റി ഏഴ്) രൂപ

(2) Sanghumugham Beach Front Development - Parking Traffic & Recreational Hub

4,99,30,743 (നാലുകോടി തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി നാല്പത്തി മൂന്ന്) രൂപ

(3) Sanghumugham Beach Front Development- Entry Improvement & Cultural Development

4,99,36,506 (നാലു കോടി തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി മുപ്പത്തി ആറായിരത്തി അഞ്ഞൂറ്റി ആറ്) രൂപ മേൽ പ്രവൃത്തികളുടെ നടത്തിപ്പിന്റെ ഭാഗമായി സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ പ്രോജക്ട് നടപ്പാക്കുന്നത്.

(സി) മേൽ പ്രവൃത്തികൾക്കായി 14.62 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി പദ്ധതികളുടെ നിർവ്വഹണ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന ഏജൻസിക്കാണ് നൽകിയത്.

## കണ്ണൂർ പിൽഗ്രിം ടൂറിസം സർക്യൂട്ട്

266(3996) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ആരാധനാലയങ്ങളെ ഉൾപ്പെടുത്തി കണ്ണൂർ പിൽഗ്രിം ടൂറിസം സർക്യൂട്ട് എന്ന പദ്ധതിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ 12 പ്രധാനപ്പെട്ട ആരാധനാലയങ്ങളെ ഉൾപ്പെടുത്തി വകുപ്പ് തയ്യാറാക്കിയ 6362 ലക്ഷം രൂപയുടെ പദ്ധതിയുടെ ആശയക്കുറിപ്പ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി 28-6-2018-ൽ സമർപ്പിച്ചിരുന്നു. എന്നാൽ മേൽ പദ്ധതിക്ക് നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. കൂടാതെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ മറ്റൊരു പദ്ധതിയായ സ്വദേശ് ദർശനിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനായി 30-7-2018-ൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിനും അനുമതി ലഭ്യമായിട്ടില്ല.

## കോതമംഗലം മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

267(3997) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷിസങ്കേതം, ഇടമലയാർ ഡാം പ്രദേശം, പൂയംകുട്ടി അടക്കമുള്ള കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഭൂതത്താൻ കെട്ട്, തട്ടേക്കാട് പക്ഷിസങ്കേതം, ഇടമലയാർ ഡാം പ്രദേശം, പൂയംകുട്ടി മേഖലകളിലടക്കം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) സ്വദേശിയരും വിദേശിയരുമായ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിനും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും പുത്തൻ സഞ്ചാരാനുഭവങ്ങൾ നൽകുന്നതിനുമായി പ്രസ്തുത കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം നിരവധി പദ്ധതികൾക്ക് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം കേന്ദ്രങ്ങളിൽ കണക്ടിവിറ്റി, കഫറ്റേറിയ, ഭിന്നശേഷിക്കാർക്കായി പ്രത്യേക സൗകര്യമൊരുക്കൽ, സുരക്ഷാ സംവിധാനങ്ങൾ, ലൈറ്റ്, പാർക്കിംഗ് സൗകര്യങ്ങൾ, താമസ സൗകര്യം, ശുചീകരണ പ്രവർത്തനങ്ങൾ, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ ബോട്ടിംഗ് സൗകര്യങ്ങൾ, ആശയ വിനിമയത്തിനായി ആധുനിക സംവിധാനങ്ങൾ എന്നിവയ്ക്കായി വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യമൊരുക്കു ന്നതിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിൽ നൂതനമായ രീതിയിലുള്ള നിർമ്മാണ രീതികൾ പ്രാവർത്തികമാക്കുന്നതിനായി പുതിയ എംപാനൽഡ് ആർക്കിടെക്റ്റിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം രംഗത്തെ പുത്തൻ കാൽവെയ്പിനായി സജ്ജമാക്കുന്നതിനും എല്ലാ മേഖലയിലും സമഗ്രമായ മാറ്റത്തിനുമായി പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം രംഗം കൂടുതൽ സജീവമാക്കുകയും കേരള ടൂറിസത്തെ കൂടുതൽ ആകർഷകമാക്കാൻ കഴിയുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

(ബി) ടൂറിസം വകുപ്പ് നിലവിൽ 'Development of Bhoothathankettu as a Tourist Destination in Kerala' എന്ന പദ്ധതിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. അതിൽ Soft and Hard landscaping, View Tower, Tree House, Play Equipment, High Level Staying, Renovation of 2 Cottages, Electrical Yard lighting എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. കൂടാതെ, Land scaping of Bhoothathankettu എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. " Development of Bhoothathankettu" എന്ന മറ്റൊരു പദ്ധതി കെ.ടി.ഡി.സി. മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെട്ട ഭൂതത്താൻ കെട്ടിന്റെ വികസനത്തിന്റെ ഭാഗമായി നടന്നുവന്നിരുന്ന കേന്ദ്ര പദ്ധതിയുടെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിനായി 2,35,40,000 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി Balance work in connection with the development of Bhoothathankettu as a Tourist destination in Kerala എന്ന പദ്ധതിക്ക് വേണ്ടി 2,35,40,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

(ഡി) പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതയും അവ നടപ്പിലാക്കുന്നതിനുള്ള സ്ഥലവും ലഭിക്കുന്ന മുറയ്ക്ക് അവ പരിഗണിക്കാവുന്നതാണ്.

## വാമനപുരം മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി

268(3998) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്താണ്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2018-19 വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) വരും വർഷങ്ങളിൽ എന്തൊക്കെ പദ്ധതികളാണ് പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പുവരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. വിനോദ സഞ്ചാര രംഗത്തെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി.മിഷൻ) രൂപീകരിച്ചു. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം, എന്നീ ഉത്തരവാദിത്വങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ടൂറിസം മേഖലയുടെ ഉത്തരവാദിത്വ പൂർണ്ണമായ വളർച്ച ഉറപ്പാക്കുന്നതിനായി മിഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പ്രാദേശിക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനാവശ്യമായ വിവിധ തൊഴിൽ പരിശീലനങ്ങളും അവബോധ ശിൽപ്പശാലകളും സംഘടിപ്പിക്കുകയും അവരെ ആർ.ടി. മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്നുള്ളത് ആർ.ടി. മിഷന്റെ പ്രധാന പ്രവർത്തനമാണ്. നിലവിൽ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയിൽ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന 15515 രജിസ്റ്റേർഡ് ആർ.ടി.മിഷൻ യൂണിറ്റുകൾ കേരളത്തിലൊട്ടാകെ പ്രവർത്തിക്കുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ തുടങ്ങിയ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളിലൂടെ തദ്ദേശീയരായ ജനസമൂഹത്തിന്

മുടക്കമില്ലാതെ തങ്ങളുടെ പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിനും അധിക മുതൽമുടക്കില്ലാതെ കൂടുതൽ വരുമാനം ഉറപ്പു വരുത്തുന്നതിനും സാധിക്കുന്നു. ടൂറിസം വ്യവസായത്തിനാവശ്യമായ വിവിധ ഉൽപ്പന്നങ്ങൾ (ഹോട്ടൽ/ റിസോർട്ടു കളിലേക്ക് ആവശ്യമായ പാൽ, മുട്ട, പച്ചക്കറി, പഴങ്ങൾ, വാഴയില, തേങ്ങ, കരിക്ക്, ഇറച്ചി, മീൻ എന്നിങ്ങനെയുള്ളവ) കരകൗശല വസ്തുക്കൾ, പേപ്പർ/തുണി സഞ്ചികൾ എന്നിങ്ങനെ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം തദ്ദേശീയർക്ക് നൽകുകയും യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാന ലഭ്യതയും ഉറപ്പു വരുത്തുന്നു. പ്രാദേശിക കലാ പ്രവർത്തകരെ ആർ.ടി.മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഹോട്ടലുകളിലും റിസോർട്ടുകളിലും നേരിട്ട് പ്രോഗ്രാം ചെയ്യുന്നതിനും ടൂറിസ്റ്റുകൾക്ക് നേരിട്ട് പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനുമായി ആർ.ടി. ആർട്ട് ആന്റ് കൾച്ചറൽ ഫോറം, ടൂറിസം മേഖലയിൽ തദ്ദേശീയരായ ആളുകൾക്ക് ജോലി സാധ്യത ഉറപ്പു വരുത്തുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി എന്നീ മൂന്ന് ഓൺലൈൻ നെറ്റ് വർക്കുകൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ നെറ്റ് വർക്കുകൾ പ്രാദേശിക സമൂഹത്തെ നേരിട്ട് ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുന്നു.

ഒരു കാലത്ത് തദ്ദേശീയരായ ജനങ്ങൾക്ക് എടുത്തു പറയത്തക്ക യാതൊരു പങ്കുമില്ലായിരുന്ന ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പദ്ധതിയാണ് 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം'. ഈ പദ്ധതിയിലൂടെ ഒരു പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്ര ടൂറിസം വികസനത്തിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ആ പ്രദേശത്ത് വിശേഷാൽ ഗ്രാമസഭ സംഘടിപ്പിക്കുന്നു. ഗ്രാമസഭയെത്തുടർന്ന് പ്രദേശത്തെ ടൂറിസം സാധ്യതകൾ രേഖപ്പെടുത്തുന്നതിനായി ടൂറിസം റിസോഴ്സ് മാപ്പിംഗ് നടക്കുന്നു. ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നു; ടൂർ പാക്കേജുകൾ തയ്യാറാക്കുന്നു. പ്രദേശവാസി കൾക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ആ പ്രദേശത്ത് ടൂറിസം വികസനവുമായി ബന്ധപ്പെട്ടു ചെയ്യാവുന്ന വിവിധ പദ്ധതികൾ തയ്യാറാക്കി അവ നടപ്പാക്കുന്നു എന്നിങ്ങനെ വിവിധ തലങ്ങളിലൂടെ ടൂറിസം ആസൂത്രണം മുതൽ നിർവ്വഹണം വരെ പ്രാദേശിക പങ്കാളിത്തം ഉറപ്പു വരുത്തുന്ന പദ്ധതിയാണ് പെപ്പർ.

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിനെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'പെപ്പർ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 'പെപ്പർ' പദ്ധതി ആരംഭിക്കുന്നതിന്റെ

ആദ്യപടിയായ സ്പെഷ്യൽ ടൂറിസം ഗ്രാമസഭ സംഘടിപ്പിച്ചിരുന്നു. തുടർന്ന് പ്രദേശത്ത് ടൂറിസം റിസോഴ്സ് മാപ്പിംഗ് നടത്തി മലയാളത്തിലുള്ള ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി. ആയതിന്റെ ഇംഗ്ലീഷിലേക്കുള്ള തർജ്ജമ പൂർത്തിയായി വരുന്നു.

(സി) 2019-20 സാമ്പത്തിക വർഷം വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ തയ്യാറാക്കി മാർക്കറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിനാവശ്യമായ വിവിധ പരിശീലനങ്ങൾ നടത്തുകയും ആർ.ടി. മിഷൻ യൂണിറ്റ് രജിസ്ട്രേഷൻ തുടരുകയും രജിസ്റ്റർ ചെയ്ത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യം.

**മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതി**

269(3999) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിക്കാത്തതും തുടർനടപടികൾ വൈകുന്നതും എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. നേരത്തെ തന്നെ സമർപ്പിച്ചിട്ടും ഇപ്പോൾ നേരിടുന്ന കാലതാമസം പരിഹരിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചെറുകിട ജലസേചന വിഭാഗത്തിന്റെ അധീനതയിലുള്ളതാണ് മീൻകുഴി അണക്കെട്ട്. പ്രസ്തുത അണക്കെട്ടിന്റെ പരിധിയിൽപ്പെടുന്ന സ്ഥലത്താണ് എം. കുമാർ ആർക്കിടെക്ട് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി 'പയ്യന്നൂർ ഹെറിറ്റേജ് ടൂറിസം, റിക്രിയേഷൻ സെന്റർ അറ്റ് മീൻകുഴി, കണ്ണൂർ' എന്ന പേരിൽ 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ രൂപരേഖ സമർപ്പിക്കുമ്പോൾ ചെറുകിട ജലസേചന വകുപ്പിന്റെ സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് ആർക്കിടെക്ട് ലഭ്യമാക്കിയിരുന്നില്ല. പദ്ധതി റിപ്പോർട്ടിൽ സമർപ്പിച്ച ഭൂലഭ്യതാ സർട്ടിഫിക്കറ്റ് പയ്യന്നൂർ മുൻസിപ്പാലിറ്റിയുടേത് മാത്രമാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 3-10-2018-ന് കണ്ണൂർ ജില്ലാ കളക്ട്രേറ്റിൽ ചേർന്ന യോഗത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 7 സെന്റ് സ്ഥലത്ത് ടൂറിസം പദ്ധതി നടപ്പിലാക്ക

ന്നതിൽ ഇറിഗേഷൻ വകുപ്പിന് തടസ്സമില്ലെന്ന് അറിയിക്കുകയും ഉപയോഗാനുമതി നൽകാൻ യോഗത്തിൽ ധാരണയാവുകയും ചെയ്തിരുന്നു. എന്നാൽ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച കത്തിൽ "മീൻകുഴി അണക്കെട്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികളുമായി ഡിപ്പാർട്ട്മെന്റ് മുന്നോട്ട് പോവുകയാണെന്നും 2020-ൽ നിർമ്മാണം നടത്താൻ കഴിയുമെന്നും അറിയിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന് ആവശ്യമായി വരുന്ന ഘട്ടത്തിൽ ഈ സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നീക്കം ചെയ്ത് ഉപയോഗിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഇറിഗേഷൻ വകുപ്പും ജില്ലാ ടൂറിസം വകുപ്പും കരാർ ഒപ്പിട്ട് മാത്രമേ പ്രവൃത്തി തുടങ്ങാൻ അനുവാദം നൽകാവൂ എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ശിപാർശ ചെയ്യുന്നു." വിനോദസഞ്ചാര വകുപ്പ് പദ്ധതിയുടെ ഭാഗമായി മീൻകുഴിയിൽ നടപ്പാക്കുന്ന ടൂറിസം പ്രവൃത്തികൾ 2020-ഓടെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വ്യവസ്ഥയുള്ളതിനാലാണ് പദ്ധതി പ്രവൃത്തികളുമായി മുന്നോട്ടുപോകാൻ സാധിക്കാത്തത്.

## കൽപ്പറ്റ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ

270(4000) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ പ്രഖ്യാപിച്ചതും നടപ്പിൽ വരുത്തിയതുമായ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ പ്രഖ്യാപിച്ചതും നടപ്പിൽ വരുത്തിയതുമായ പദ്ധതികളും പ്രവർത്തനങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## മലമ്പുഴയിലെ പ്രവേശന ഫീസ് വർദ്ധിപ്പിക്കൽ

271(4001) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴയിലെത്തുന്ന വിനോദസഞ്ചാരികളിൽനിന്നും ഈടാക്കുന്ന പ്രവേശന ഫീസ് വർദ്ധിപ്പിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എന്ത് വർദ്ധനവാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മലമ്പുഴ ഗാർഡനുള്ളിൽ വച്ച് സന്ദർശകർക്കുണ്ടാകുന്ന അപകടങ്ങൾക്ക് പരിരക്ഷ നൽകുന്നതിന് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മലമ്പുഴ ഉദ്യാനത്തിലെ മുതിർന്നവരുടെ പ്രവേശന ടിക്കറ്റ് 1-8-2018 മുതൽ 25 രൂപയിൽ നിന്നും 30 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 5 രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

(ബി) മലമ്പുഴ ഡാം ഉദ്യാനം സന്ദർശിക്കുവാൻ എത്തുന്ന വിനോദ സഞ്ചാരികൾക്ക് നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## വർക്കലയിലെ ബീച്ച് ടൂറിസം വികസനം

272(4002) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കലയിലെ ബീച്ച് ടൂറിസ വികസനത്തിനായി 8.99 കോടി രൂപയ്ക്ക് നൽകിയിട്ടുള്ള ഭരണാനുമതിയിൽ സ്വീകരിച്ചിട്ടുള്ള അനന്തരനടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

വർക്കലയിലെ ബീച്ച് ടൂറിസം വികസനത്തിനായി 8.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുകയും ടി ഏജൻസിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിന് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പെരുന്തേനരുവി ടൂറിസം പദ്ധതി

273(4003) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിക്ക് വിവിധ ഘട്ടങ്ങളിലായി എത്ര രൂപയാണ് ആകെ അനുവദിച്ചത്; എന്തൊക്കെ നിർമ്മാണപ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഇവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിക്ക് വിവിധ ഘട്ടങ്ങളിലായി 5,49,50,374 (അഞ്ചു കോടി നാല്പത്തി ഒൻപതു ലക്ഷത്തി അൻപതിനായിരത്തി മുന്നൂറ്റി എഴുപത്തിനാല്) രൂപ നൽകിയിട്ടുണ്ട്. അതിൽ "ശബരി ഹെറിറ്റേജ് ടൂറിസം പ്രോജക്ട് അറ്റ് പെരുന്തേനരുവി" എന്ന 97,12,800 രൂപയുടെ ഒന്നാംഘട്ട പ്രവൃത്തിയും "ശബരി ഹേറിറ്റേജ് ടൂറിസം പ്രോജക്ട് അറ്റ് പെരുന്തേനരുവി" എന്ന 75,85,000 രൂപയുടെ രണ്ടാം ഘട്ട പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. അതിൽ ലാൻഡ് ഡെവലപ്മെന്റ് പാർക്കിംഗ് ഫെസിലിറ്റി, സ്റ്റെപ്, വാക്ക് വേ, കോട്ടേജുകൾ, സ്റ്റെപ്പിൽ ടൈൽ പാകൽ, ടോയ്ലറ്റ് ബ്ലോക്ക്, റസ്റ്റോറന്റ്, റസ്റ്റോറന്റ് റൂഫിൽ ട്രസ് വർക്ക്, ടോയ്ലറ്റ് ബ്ലോക്ക്, പാത്ത് വേയ്ക്ക് ഹാൻഡ് റെയിൽ മുതലായവ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) " ഇംപ്രൂവ്മെന്റ് ഓഫ് ബേസിക് ഫെസിലിറ്റീസ് അറ്റ് പെരുന്തേനരുവി" എന്ന പദ്ധതിക്ക് 43,15,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി 75% പൂർത്തീകരിച്ച അവസ്ഥയിലാണ്. അതിൽ കുറേ ഭാഗം പ്രളയത്തിൽ ഒഴുകിപ്പോയിട്ടുണ്ട്. ആയതിന് 54,00,000 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവന്തപുരം ജില്ലയിൽ കണ്ടക്ടഡ് ടൂർ**

274(4004) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരികൾക്കായി ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് കണ്ടക്ടഡ് ടൂർ സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് പ്രസ്തുത ടൂർ സംഘടിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനായി എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്; ഈ സർവ്വീസുകൾ ലാഭകരമാണോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കെ.ടി.ഡി.സി.-യുടെ സെൻട്രൽ റിസർവേഷൻ സെന്ററിൽ നിന്ന് 2 കണ്ടക്റ്റഡ് ടൂറുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. മസ്കറ്റ് ഹോട്ടലിൽ നിന്നും പുറപ്പെട്ട് ശ്രീപത്മനാഭ സ്വാമിക്ഷേത്രം, പുത്തൻ മാളിക/കുതിര മാളിക, മൃഗശാല, മ്യൂസിയം, ആർട്ട് ഗ്യാലറി, വള്ളക്കടവിലെ ജൈവ വൈവിധ്യ മ്യൂസിയം, കോവളം എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു ടൂറും പത്മനാഭപുരം പാലസ്, കന്യാകുമാരി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയുള്ള മറ്റൊരു ടൂറും നടത്തിവരുന്നു.

(സി) തിരുവനന്തപുരത്തെ മേൽപ്പറഞ്ഞ ടൂറുകൾക്കായി 2 ബസ്സുകളാണ് സജ്ജമാക്കിയിട്ടുള്ളത്; നിലവിൽ ലാഭകരമായല്ല പ്രവർത്തിച്ചുവരുന്നത്.

## നെയ്യാറ്റിൻകര മണ്ഡലത്തിൽ തീർത്ഥാടന ടൂറിസം

275(4005) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ടൂറിസം വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണപ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്.

## ഭൂതത്താൻകെട്ട് വിനോദസഞ്ചാരകേന്ദ്രം

276(4006) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ വാലി ജലസേചനപദ്ധതിയുടെ ഉപയോഗശൂന്യമായിട്ടുള്ള കെട്ടിടങ്ങൾ മുഴുവൻ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് വിനോദസഞ്ചാരികൾക്ക് താമസിക്കുന്നതിന് സൗകര്യമൊരുക്കിയാൽ കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട് വിനോദസഞ്ചാരകേന്ദ്രത്തിലേക്ക് കൂടുതൽപേരെ ആകർഷിക്കാൻ കഴിയുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത സ്ഥലം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ അത്തരമൊരു പരിശോധന വിനോദസഞ്ചാര വകുപ്പ് നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

**ക്ഷേത്രത്തിനുള്ളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുവാൻ അനുവാദം**

277(4007) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രത്തിനുള്ളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുവാൻ അനുവാദം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നാണ് ലഭിച്ചത് എന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലെ തന്ത്രിമാരുടെ അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ അവരുടെ അഭിപ്രായം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (1) ശ്രീ. പി. ജി. അഭിലാഷ്, പള്ളത്ത് ഹൗസ്, തൃശ്ശൂർ

(2) ശ്രീ. പറമ്പൽ രാജീവൻ, മാത്തോട്ടം, കണ്ണാടിപ്പറമ്പ്.

(3) ശ്രീ. വത്സലൻ കാട്ടുങ്ങൽ

(4) ശ്രീ. മണ്ണടി പുഷ്പാകരൻ, മുൻ പഞ്ചായത്ത് മെമ്പർ (കടമ്പനാട്) ചൈതന്യ, മണ്ണടി പി.ഒ. തുടങ്ങിയവരിൽ നിന്നും നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ ഉത്തരവുള്ളതിനാൽ തന്ത്രിമാരുടെ അഭിപ്രായം തേടിയിട്ടില്ല. കൊച്ചിൻ ദേവസ്വം ബോർഡ് തന്ത്രിമാരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. മലബാർ ദേവസ്വം ബോർഡ് തന്ത്രിമാരുടെ അഭിപ്രായം ആരാഞ്ഞതിൽ ക്ഷേത്രങ്ങളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുന്നത് അനുവദിക്കാൻ കഴിയില്ലെന്ന അഭിപ്രായമാണ് ചുരുക്കം ചില തന്ത്രിമാർ അറിയിച്ചിട്ടുള്ളത്.

## ശബരിമല വികസനത്തിന് പ്രത്യേക ഉദ്ദേശ്യ കമ്പനി

278(4008) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല, പമ്പ, നിലയ്ക്കൽ മറ്റ് ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ തീർത്ഥാടകർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ശബരിമല വികസനത്തിനായി കിഫ്ബിയിൽ ഈ വർഷം തുക വകയിരുത്തിയിട്ടുണ്ടോ;

(സി) 2019-20-ലെ ബഡ്ജറ്റിൽ ശബരിമലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്;

(ഡി) പ്രത്യേക കമ്പനി രൂപീകരണത്തിലൂടെ ശബരിമലയിലെ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ശബരിമല ഇടത്താവളം പദ്ധതിക്കായി 150 കോടി രൂപയുടെ പ്രവൃത്തികൾക്ക് KIIFB അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കായി ഈ വർഷം 28 കോടി രൂപയും ശബരിമലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 739 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്.

**ശബരിമലയിലെ ഭൂമി സംബന്ധിച്ച തർക്കം**

279(4009) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ ഭൂമിയെ സംബന്ധിച്ച് ദേവസ്വം ബോർഡും വനം വകുപ്പും തമ്മിൽ എന്തെങ്കിലും തർക്കമുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം സംയുക്ത സർവ്വേ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി സംയുക്ത സർവ്വേ നടത്താൻ ഹൈക്കോടതി അഡ്വക്കേറ്റ് കമ്മീഷ്ണറെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത അഡ്വക്കേറ്റ് കമ്മീഷ്ണറുടെ മേൽനോട്ടത്തിൽ ശബരിമലയിലും കാനനപാതയിലും സംയുക്ത സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതും ഇത് സംബന്ധിച്ച റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. നിലയ്ക്കലും പമ്പയിലും സംയുക്ത സർവ്വേ പുരോഗമിച്ച് വരുകയാണ്.

**ശബരിമലയുടെ വികസനത്തിന് കിഫ്ബി പദ്ധതികൾ**

280(4010) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ വികസനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും അവയ്ക്കായി അനുവദിച്ച തുകയുടെ വിവരവും അറിയിക്കാമോ;

(ബി) ഇവയുടെ വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ് തുക തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി-ക്ക് സമർപ്പിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തുന്ന നിർമ്മാണം

281(4011) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിക്കിടയിലും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിനും അംഗങ്ങൾക്കുമായി ബംഗ്ലാവുകൾ പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര ബംഗ്ലാവുകൾ ആർക്കൊക്കെ; ഇതിനായി എത്ര രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു; വ്യക്തമാക്കുമോ;

(സി) ക്ഷേത്രങ്ങളിൽ കാണിക്കയായി ലഭിച്ച സ്വർണ്ണവും വെള്ളിയും കാണാനില്ല എന്ന ദേവസ്വം ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ സത്യാവസ്ഥ എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അതിഥി മന്ദിരം നിർമ്മിക്കാൻ ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) മൂന്ന് അതിഥി മന്ദിരങ്ങൾക്ക് 19,80,000 രൂപ നിരക്കിൽ ആകെ 59,40,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ക്ഷേത്രങ്ങളിൽ കാണിക്കയായി ലഭിച്ച സ്വർണ്ണവും വെള്ളിയും കാണാനില്ല എന്ന് ആഡിറ്റ് പരാമർശം ഉണ്ടായിട്ടില്ല. ശബരിമല ദേവസ്വത്തിലെ സ്വർണ്ണം, വെള്ളി വകകൾ ആറന്മുള സ്ട്രോംങ് റൂമിൽ സൂക്ഷിച്ചിട്ടുള്ളത് ഭൗതിക പരിശോധന നടത്തണമെന്നാണ് സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് ശിപാർശ ചെയ്തത്. അതനുസരിച്ച് നടപടി സ്വീകരിക്കാൻ തിരുവാഭരണം കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്രമക്കേട് കാട്ടിയ ഉദ്യോഗസ്ഥർ

282(4012) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്രമക്കേട് കാട്ടിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സബ് ഗ്രൂപ്പ് ഓഫീസർ എന്നിവരെ തുടർന്നുള്ള അവരുടെ സേവന കാലത്ത് അതേ തസ്തികയിൽ നിയമിക്കരുത് എന്ന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സർക്കുലർ ഇറക്കിയത് ഏത് സാഹചര്യത്തിലാണ്; ഇത് സംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; വിശദാംശം നൽകുമോ;

(സി) ഈ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലമാറ്റ ഉത്തരവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ബോർഡിന്റെ നേരത്തെയുള്ള തീരുമാനത്തിന് വിരുദ്ധമായ നിലപാട് ഇപ്പോൾ സ്വീകരിക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ക്രമക്കേടുകൾ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാറുണ്ടെങ്കിലും തുടർന്നുള്ള കാലയളവിൽ ഈ ഉദ്യോഗസ്ഥർ ഇതേ തസ്തികകളിൽ നിയമിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് DBAR 01/2003 കേസിലെ 12-8-2010-ലെ ഹൈക്കോടതി വിധിയിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ തുക ഈടാക്കുന്നതിനും പോലീസ് കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെകൂടി അടിസ്ഥാനത്തിലാണ് ബോർഡ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലമാറ്റ ഉത്തരവ് നൽകുവാൻ ബോർഡ് തീരുമാനിച്ചിട്ടില്ല.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അന്യാധീനപ്പെട്ട ഭൂമി**

283(4013) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഭൂമി അന്യാധീനപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി അന്യാധീനപ്പെട്ടതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ വൈകുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 526 ദേവസ്വങ്ങളിലായി 494 ഏക്കർ ഭൂമി കൈയ്യേറ്റംമൂലം അന്യാധീനപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിന്റെ ഭൂസംരക്ഷണ വിഭാഗം ഭൂസംരക്ഷണ നിയമ പ്രകാരം 44 ഏക്കർ 15 സെന്റ് 224 സ്ക്വയർ ലിംഗ്സ് ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

(സി) ഹൈക്കോടതി നിർദ്ദേശപ്രകാരം ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അന്യാധീനപ്പെട്ട ഭൂമി**

284(4014) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എത്ര ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട് എന്നാണ് ബോർഡ് കണക്കാക്കുന്നത്; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 526 ദേവസ്വങ്ങളിലായി 494 ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഭൂസംരക്ഷണ നിയമപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിന് ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചു പിടിക്കുന്നതിനായി ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ വേതനം

285(4015) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് ലഭിക്കുന്ന വേതനം തുച്ഛമാണെന്നും പ്രസ്തുത ജിവനക്കാർക്ക് അവധി ആനുകൂല്യമൊന്നും ലഭിക്കുന്നില്ലായെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത ജിവനക്കാരെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിലെ സി, ഡി ഗ്രേഡിൽപ്പെട്ട ക്ഷേത്രത്തിലെ ജീവനക്കാരുടെ വേതനം താരതമ്യേന കുറവാണ്. പാരമ്പര്യ ജീവനക്കാരൊഴികെ യുള്ളവർക്ക് ആർജ്ജിതാവധി ഉൾപ്പെടെയുള്ള അവധികൾ ലഭിക്കുന്നുണ്ട്.

(ബി) മലബാർ ക്ഷേത്ര ജീവനക്കാർക്ക് സർക്കാർ ന്യായമായ വേതനം നിശ്ചയിച്ച് നൽകേണ്ടതാണെന്ന് ഒ.പി.214/1992 നമ്പർ കേസിൽ 21-7-1994-ന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ദേവസ്വം ബോർഡ് പ്രസിഡന്റ് അദ്ധ്യക്ഷനായി ഉപസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ശമ്പള പരിഷ്കരണ നടപടികളുടെ ഭാഗമായി ജീവനക്കാർക്ക് 1-6-2019 മുതൽ 2,000 രൂപ ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## ദേവസ്വം ബോർഡുകളുടെ പണമിടപാടുകൾ

286(4016) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ പണമിടപാടുകൾ സർക്കാർ അംഗീകരിച്ച ബാങ്കുകൾ മുഖേന മാത്രമേ നടത്താവൂ എന്ന നിർദ്ദേശം ബോർഡുകൾ പാലിക്കാറുണ്ടോ;

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന വിഹിതവും മറ്റ് നിക്ഷേപങ്ങളും ഏത് തരത്തിലുള്ള ബാങ്ക് നിക്ഷേപങ്ങളിലാണ് നിക്ഷേപിക്കുന്നത്;

(സി) അമിതമായ ലാഭവിഹിതവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുമെന്ന് അവകാശപ്പെടുന്ന മ്യൂച്ചൽ ഫണ്ട് നിക്ഷേപങ്ങളിൽ നിക്ഷേപിച്ച കാര്യം പരിശോധിക്കുമോ; എങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ നടപടി സ്വീകരിക്കുമോ;

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പി.എഫ്. വിഹിതം ഉൾപ്പെടെയുള്ള തുക ധനലക്ഷ്മി ബാങ്കിന്റെ ബോണ്ടിൽ നിക്ഷേപിച്ച കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അതതു ദേവസ്വം നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിലുള്ള ബാങ്കുകളിൽ മാത്രമേ നിക്ഷേപങ്ങൾ നടത്തുന്നുള്ളൂ.

(സി) ദേവസ്വം ബോർഡുകൾ മ്യൂച്ചൽ ഫണ്ടുകളിൽ പണം നിക്ഷേപിച്ചിട്ടില്ല.

(ഡി) ദേവസ്വം ബോർഡുകളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പെൻഷൻകാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകി വരുന്നുണ്ട്.

(ഇ) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ, നിക്ഷേപം തുടങ്ങിയവ സംബന്ധിച്ച് ബോർഡാണ് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടത്. ധനലക്ഷ്മി ബാങ്കിന്റെ ബോണ്ടിൽ നിക്ഷേപിച്ചതിലൂടെ അധിക സാമ്പത്തിക ലാഭം ലഭിക്കുന്നുണ്ടെന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്.

**അമ്പലക്കുളങ്ങളുടെ സംരക്ഷണം**

287(4017) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിൽ വരുന്ന അമ്പലങ്ങളിലെ കുളങ്ങൾ സംരക്ഷിക്കാനും നവീകരിക്കാനും ഫണ്ട് അനുവദിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവയുടെയും പുനരുദ്ധാരണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്**

288(4018) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്ന് നിലവിൽ വന്നു; പ്രസ്തുത ബോർഡ് സ്ഥാപിക്കുവാനുള്ള തീരുമാനം എടുത്തത് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കുമോ;

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; അന്യത്ര സേവനത്തിൽ ജോലി ചെയ്യുന്നവർ എത്ര; കരാർ/താത്കാലിക അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നു; വിശദമാക്കാമോ ;

(സി) പി.എസ്.സി.-യിൽ നിന്ന് എത്രപേർ പ്രസ്തുത സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു; പി.എസ്.സി.-യിൽ നിന്ന് വിരമിച്ച എത്രപേർ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നു; അവരുടെ തസ്തികയും ശമ്പളവും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹൈക്കോടതി നിയമിച്ച ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 2015 മാർച്ച് മാസം 13-ാം തീയതി നിലവിൽവന്നു.

(ബി) നിലവിൽ 9 അന്യത്ര സേവനത്തിലുള്ള ജീവനക്കാർ, 3 കരാർ ജീവനക്കാർ, 3 താൽക്കാലിക (ദിവസവേതന) ജീവനക്കാർ, 2 കോ-ടെർമിനസ് ജീവനക്കാർ, 3 സ്ഥിരം ജീവനക്കാർ എന്നിങ്ങനെ ആകെ 20 ജീവനക്കാർ ജോലി ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പി.എസ്.സി.-യിൽ നിന്നും ഡെപ്യൂട്ടേഷനിൽ ആരും ജോലി ചെയ്യുന്നില്ല. വിരമിച്ച 3 പേർ കരാർ വ്യവസ്ഥയിൽ പരീക്ഷാ കൺട്രോളർ, അസിസ്റ്റന്റ് സെക്രട്ടറി (പരീക്ഷാ വിഭാഗം), മാനേജർ (പരീക്ഷാ വിഭാഗം) എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്. പരീക്ഷാ കൺട്രോളർക്ക് പ്രതിമാസം 80,000 രൂപയും പരീക്ഷാ വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിക്ക് പ്രതിമാസം 50,000 രൂപയും പരീക്ഷാ വിഭാഗം മാനേജർക്ക് പ്രതിമാസം 30,000 രൂപയും വേതനം നൽകിവരുന്നു.

## കോളേജ് അദ്ധ്യാപികയ്ക്കെതിരെ കൊച്ചിൻ ദേവസ്വം ബോർഡിന് പരാതി

289(4019) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള കേരള വർമ്മ കോളേജിലെ അദ്ധ്യാപികയായ ദീപാ നിശാന്തിനെതിരെ കവിത മോഷ്ടിച്ച് പ്രസിദ്ധീകരിച്ചു വെന്നതിന്റെ പേരിൽ നടപടി ആവശ്യപ്പെട്ടുകൊണ്ട് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ദേവസ്വം ബോർഡിന് പരാതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ വിഷയത്തിൽ ശ്രീമതി ദീപാ നിശാന്തിനോട് കോളേജ് പ്രിൻസിപ്പൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വ്യക്തിപരമായ വിഷയത്തിൽ കോളേജിന് എന്തെങ്കിലും ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടെങ്കിൽ ആയതിന് ഖേദം രേഖപ്പെടുത്തുന്നുവെന്നും ഔദ്യോഗികമായി തന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ലെന്നും ശ്രീമതി ദീപാ നിശാന്ത് വിശദീകരണം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ദീപാ നിശാന്തിനെതിരെയുള്ള തുടർ നടപടി ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്നും കൊച്ചിൻ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രക്കുള നവീകരണം

290(4020) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രക്കുളം സംരക്ഷിക്കുന്നതിന് സർക്കാരും ദേവസ്വം ബോർഡും എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രക്കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രത്തിന് സർക്കാർ 1 കോടി 35 ലക്ഷം രൂപയും ദേവസ്വം ബോർഡ് 34 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കുളത്തിനകത്തുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വരുന്നു. ടൂറിസം വകുപ്പ് ഹിന്ദുസ്ഥാൻ പ്രീ ഫാബ് മുഖേന നടത്തിക്കൊണ്ടിരിക്കുന്ന കുളത്തിന് ചുറ്റാകെയുള്ള റീട്ടെയിനിംഗ് വാളിന്റെ തെക്ക്പടിഞ്ഞാറെമൂല ഒഴികെയുള്ള ഭാഗങ്ങളിലെ പണികൾ അവസാനഘട്ടത്തിലാണ്.

## റാന്നിയിൽ ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം

291(T* 4021) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കായി റാന്നിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾക്ക് എന്നാണ് കരാർ നൽകിയതെന്നും ഇതിന്റെ നിർമ്മാണം എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും, എത്ര ശതമാനം നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) നിർമ്മാണത്തിൽ തുടർച്ചയായി വീഴ്ച വരുത്തിയ കരാറുകാരനെ ഒഴിവാക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നിയിലെ ഇടത്താവള നിർമ്മാണം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചുമതലയിലല്ല നിർവ്വഹിക്കുന്നത്. ശബരിമല തീർത്ഥാടകർക്ക് റിന്നിയിൽ വാഹന പാർക്കിംഗ് സൗകര്യം ലഭ്യമാക്കുന്നതിനായി 5 കോടി രൂപയുടെ പ്രവൃത്തിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) റാന്നിയിലെ ഇടത്താവള നിർമ്മാണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**വൈക്കം ക്ഷേത്ര കലാപീഠം**

292(4022)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മഹാദേവ ക്ഷേത്രത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ക്ഷേത്ര കലാപീഠത്തിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണ് പഠിപ്പിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ അദ്ധ്യയന വർഷം അഭിരുചി പരീക്ഷ കഴിഞ്ഞ് എത്ര വിദ്യാർത്ഥികൾ പ്രവേശനം നേടിയെന്നും പ്രസ്തുത കലാപീഠത്തിൽ നിലവിൽ എത്ര അദ്ധ്യാപകരുണ്ടെന്നും അറിയിക്കാമോ;

(സി) പ്രസ്തുത കലാപീഠം വർക്കല സബ്ഗ്രൂപ്പിന് കീഴിലേക്ക് മാറ്റുന്നതിന് ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പഞ്ചവാദ്യം, നാദസ്വരം, തകിൽ

(ബി) പഞ്ചവാദ്യത്തിന് 40 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. 12 അദ്ധ്യാപകരുമുണ്ട്.

(സി) ഇല്ല.

**വർക്കല വില്ലേജിൽ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ഭൂമി**

293(4023) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല വില്ലേജിൽ തിരുവിതാംകൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ എത്ര സെന്റ് ഭൂമി കൈവശമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിക്ക് കരം ഒടുക്കേണ്ടതായിട്ടുണ്ടോ; ഉണ്ടെങ്കിൽ കരം ഒടുക്കുന്നുണ്ടോ;

(സി) തിരുവിതാംകൂർ ദേവസ്വത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ദേവസ്വത്തിന്റെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ആയത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 465 സെന്റ് 809 സ്ക്വയർ ലിങ്ക്സ് ഭൂമി കൈവശമുണ്ട്.

(ബി) ദേവസ്വം ഭൂമിക്ക് കരം ഒടുക്കേണ്ടതില്ല.

(സി) ദേവസ്വം ബോർഡിന്റെ ഭൂമിയിൽ പത്തനംതിട്ട ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിന് ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ കൊട്ടാരത്തിൽ ക്ഷേത്ര കലാപീഠം**

294(4024) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കൊട്ടാരത്തിൽ ക്ഷേത്ര കലാപീഠം പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് കലാപീഠത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

ആറ്റിങ്ങൽ ക്ഷേത്ര കലാപീഠം ഈ അധ്യയന വർഷം പുനരാരംഭിച്ചിട്ടുണ്ട്. തകിൽ, നാദസ്വരം എന്നീ കോഴ്സുകളാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമി**

295(4025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിയുടെ സുഗമമായ നടത്തിപ്പിനും അക്കാദമിക്ക് സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനത്തിന് ഈ സാമ്പത്തിക വർഷം ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അക്കാദമിക്ക് കൂടുതൽ തുക അനുവദിക്കുന്നതിനുള്ള മലബാർ ദേവസ്വം ബോർഡിന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3791, 3795 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)